# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2019 നവംബർ 13, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1034/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | :ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | :ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | :ഡോ.ടി.എം.തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I. ചോദ്യോത്തരങ്ങൾ**


1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..29

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..94


**II. അടിയന്തരപ്രമേയം**


**സുരക്ഷാവീഴ്ച**

—(അവതരണാനുമതി നിഷേധിച്ചു) ..444


**III ശ്രദ്ധ ക്ഷണിക്കൽ**


1. കഞ്ചിക്കോട് വ്യവസായ മേഖലയിലെ പ്രതിസന്ധി

—ശ്രീ. പി. കെ. ശശി ..463

2. മത്സ്യങ്ങളിൽ രാസവസ്തുക്കൾ ചേർക്കുന്നതിനെതിരെ നടപടി

—ശ്രീ. എൻ. ഷംസുദ്ദീൻ ..470


**IV സബ്മിഷൻ**


1. കിഫ്ബിയിലെ സി.& എ.ജി. ഓഡിറ്റ്

—പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല..476

2. പ്രളയ നഷ്ടപരിഹാരം

—ശ്രീ. സജി ചെറിയാൻ ..483

3. കോംട്രസ്റ്റ് വീവിംഗ് ഫാക്ടറി

— ഡോ. എം. കെ. മുനീർ

—-ശ്രീ. ഇ. കെ. വിജയൻ ..486

4. ഭൂപരിഷ്കരണ നിയമം

—ശ്രീ. പി. സി. ജോർജ് ..491

5. വാമനപുരം ഇറിഗേഷൻ പ്രോജക്ട്

—ശ്രീ. സി. ദിവാകരൻ ..496

പേജ്

6. മലയോരപ്രദേശങ്ങളിലെ യാത്രാക്ലേശം

—ശ്രീ. ഐ. ബി. സതീഷ് ..497

7. വിദ്യാഭ്യാസ വായ്പ

—ശ്രീ. ഐ. സി. ബാലകൃഷ്ണൻ ..499

8. അപ്രോച്ച് റോഡ് നവീകരണം

—ശ്രീ. സി. മമ്മൂട്ടി ..501

9. വാർഷിക പദ്ധതി നിർവ്വഹണം

—ശ്രീ. എസ്. രാജേന്ദ്രൻ ..503

10. കോഴി കർഷകരുടെ പ്രശ്നങ്ങൾ

—ശ്രീ. ജോർജ് എം. തോമസ് ..504

**V മേശപ്പുറത്തുവച്ചകടലാസുകൾ** ..506

**VI റിപ്പോർട്ടുകളുടെ സമർപ്പണം** ..519

**VII നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ..520

(i) 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി)ബിൽ ..520

**VIII ക്രമപ്രശ്നം**

വഖഫ് ബോർഡിന്റെ റെഗുലേഷനിൽ വരുത്തിയ ഭേദഗതി

-ശ്രീ. എൻ. ഷംസുദ്ദീൻ ..566

**റൂളിംഗ്** ..568

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(ii) 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ..570

(iii) 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ..638

**IX അറിയിപ്പ്**

ബോധവൽക്കരണ പരിപാടി. ..703

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

*2019 നവംബർ 13, ബുധൻ*

വാല്യം 177] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

നിയമസഭ 2019 നവംബർ മാസം 13-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ....ഓർഡർ.... ചോദ്യം നമ്പർ *361

### ഇ.എസ്.ഐ. പദ്ധതി വ്യാപിപ്പിക്കാൻ നടപടി

1 (*361) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എം. ഉമ്മർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. പദ്ധതി കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തോട്ടം മേഖലയിൽ ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇ.എസ്.ഐ. പദ്ധതി പ്രകാരം തൊഴിലാളികൾക്ക് സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യലിറ്റി ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ഇ.എസ്.ഐ. ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 9 ഇ.എസ്.ഐ. ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഫീഡിംഗ് ഡിസ്പെൻസറികളിൽനിന്നും ആശുപത്രി ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾക്ക് 5 ദിവസത്തേയ്ക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഇ.എസ്.ഐ. ആശുപത്രികളിൽ ഫാർമസി ഔട്ട്ലെറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ആശുപത്രികളിൽ അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ആട്ടോക്ലേവ് മെഷീൻ, ഓപ്പറേഷൻ ടേബിൾ ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടിപാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ സ്ഥാപിച്ചുവരുന്നുണ്ട്. ഫെറോക്ക് ഇ.എസ്.ഐ. ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലബോറട്ടറി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അതിനായി 3 ലബോറട്ടറി ടെക്നീഷ്യന്മാരുടെ തസ്തിക അനുവദിച്ചു. രോഗികൾക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിന് 4 ഇ.എസ്.ഐ. ആശുപത്രികളിൽ 'ഫുള്ളി ഓട്ടോമേറ്റഡ് ബയോകെമിസ്ട്രി അനലൈസറുകൾ സ്ഥാപിച്ചു. പേരൂർക്കട, ഫെറോക്ക് ഇ.എസ്.ഐ. ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. രണ്ട് ആശുപത്രികളിൽ ഹെമറ്റോളജി അനലൈസറുകൾ സ്ഥാപിച്ചു.

റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽനിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ റേറ്റ് കോൺട്രാക്ടിലുൾപ്പെട്ടതും എന്നാൽ മരുന്ന് കമ്പനികൾ സമയത്ത് വിതരണം നടത്താത്തതുമായ 103 ഇനം അവശ്യ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ്, നീതി മെഡിക്കൽ സ്റ്റോർ മുതലായ സ്ഥാപനങ്ങളിൽനിന്ന് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കാൻസർ, കിഡ്നി സംബന്ധമായ അസുഖമുള്ള രോഗികൾക്ക് സ്പെഷ്യൽ ഇന്റന്റ് സ്വീകരിച്ച് റേറ്റ് കോൺട്രാക്ട് മുഖേനയും ക്വട്ടേഷൻ വഴിയും മരുന്ന് വിതരണം ചെയ്യുന്നു. കൂടാതെ സ്പെഷ്യൽ ഇന്റന്റ് വഴി ഇംപ്ലാന്റുകൾ, അപ്ലയൻസുകൾ എന്നിവയും വാങ്ങി

വിതരണം ചെയ്യുന്നുണ്ട്. വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിയിൽ ഡ്രഗ് ടെസ്റ്റിംഗ് ലാബ് 2016-ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പത്ത് ജില്ലകളിലായി 14 നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.

2019-20 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഇ.എസ്.ഐ. ആശുപത്രികളിൽ ഐ.സി.യു., മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ 5 ബെഡ് ഡയാലിസിസ് യൂണിറ്റ്, ഒളരിക്കര ഇ.എസ്.ഐ. ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റ് എന്നിവ ഉൾപ്പെടെ 10,17,68,550 രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷനിൽനിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

സംസ്ഥാനത്തെ എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും ഒഴിവുണ്ടായിരുന്ന സ്പെഷ്യലിസ്റ്റ് തസ്തികകളിൽ സർവ്വീസ് ക്വാട്ടയിൽ പി.ജി. നേടിയ ഡോക്ടർമാരെ നിയമിക്കുകയും 3 ഒഴിവുകൾ ഒഴികെ എല്ലാം നികത്തുകയും ചെയ്തു.

എറണാകുളം ഇ.എസ്.ഐ. ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തോട്ടട ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ലഭ്യമായ ചികിത്സകൾ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് നൽകുന്നതിനും അവർക്ക് കുടുംബശ്രീ കാന്റീൻവഴി ഭക്ഷണം നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

ഇ.എസ്.ഐ. ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികൾ മുഖേനയാണ് നൽകിവരുന്നത്. അതിനായി 47 സ്വകാര്യ ആശുപത്രികളെയും രോഗനിർണ്ണയ സ്ഥാപനങ്ങളെയും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് എംപാനൽ ചെയ്തിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷൻ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി 9 സ്വകാര്യ ആശുപത്രികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മാത്രവുമല്ല ഇ.എസ്.ഐ. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കും ആശ്രിതരായ കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ അംഗമാകുന്ന ദിവസം മുതൽ tie-up ആശുപത്രികളിൽ റീസണബിൾ മെഡിക്കൽ കെയർ വിഭാഗത്തിൽ ഉൾപ്പെടുത്തിയ ഇ.എസ്.ഐ. ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇ.എസ്.ഐ. ആശുപത്രികളിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് സുഗമമാക്കുന്നതിനും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ കാലതാമസം കൂടാതെ കൈകാര്യം ചെയ്യുന്നതിനും ഒരു പ്രത്യേക സെൽ രൂപീകരിക്കുന്നതിന് ആശുപത്രി സൂപ്രണ്ടുമാർക്ക് അനുമതി നൽകിയിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള റഫറൻസ് ഓൺലൈൻവഴി നൽകുന്നുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി 42 ആശുപത്രികളെയും 8 ഡയഗ്നോസ്റ്റിക് സെന്ററുകളെയും എംപാനൽ ചെയ്തിട്ടുണ്ട്. കാൻസർ ചികിത്സയ്ക്കായി റീജിയണൽ കാൻസർ സെന്ററിലേയ്ക്ക് റഫറൻസ് നൽകുന്നുണ്ട്. മലബാർ കാൻസർ സെന്ററിനെ എംപാനൽ ചെയ്തിട്ടുണ്ട്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, നിലവിലുള്ള ആശുപത്രികളുടെ സൗകര്യം മെച്ചപ്പെടുത്തുന്ന കാര്യം അങ്ങ് മറുപടിയിൽ സൂചിപ്പിച്ചു. അത് വളരെ നല്ല കാര്യമാണ്. ഈ മേഖലയിലാകെ 12 ഇ.എസ്.ഐ. ആശുപത്രികളും 145 ഇ.എസ്.ഐ. ഡിസ്പെൻസറികളുമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യമുള്ള ഒരു ആശുപത്രിപോലും നമ്മുടെ സംസ്ഥാനത്തില്ല. ഈ മേഖലയിൽ കൂടുതൽ ആശുപത്രികളും ഡിസ്പെൻസറികളും ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, നിലവിലുള്ള ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും സൗകര്യം വർദ്ധിപ്പിച്ച് തൊഴിലാളികൾക്ക് മെച്ചപ്പെട്ട എല്ലാ ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇത് സ്റ്റേറ്റ് സർവ്വീസിന്റെ ഭാഗമായി മാത്രം ചെയ്യാൻ കഴിയുന്ന കാര്യമല്ല. ഇ.എസ്.ഐ. കോർപ്പറേഷന്റെകൂടി അംഗീകാരത്തോടെയും അവരുടെ സഹായത്തിന്റെയും ഭാഗമായിട്ടേ വിവിധ പദ്ധതികളിലേയ്ക്ക് പോകാൻ സാധിക്കൂ. ആ പരിമിതിയുണ്ടെങ്കിലും സംസ്ഥാന ഗവൺമെന്റ് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ സഹായത്തോടെ കൂടുതൽ ആശുപത്രികളും ഡിസ്പെൻസറികളും സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിലാണ് സംസ്ഥാന ഗവൺമെന്റ്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, പത്തോ ഇരുപതോ തൊഴിലാളികൾ മാത്രമുള്ള സ്ഥാപനങ്ങളിൽപ്പോലും ഇ.എസ്.ഐ. പദ്ധതി ആരംഭിക്കാൻ വ്യവസ്ഥയുണ്ട്. നമ്മുടെ സംസ്ഥാനത്ത് 11 ലക്ഷത്തോളം തൊഴിലാളികൾ മാത്രമാണ് ഇ.എസ്.ഐ. പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. യഥാർത്ഥത്തിൽ പദ്ധതിയിൽ അംഗങ്ങളാകാൻ അർഹതയുള്ളവർ ഇതിന്റെ എത്രയോ ഇരട്ടിയാണ്. ഇ.എസ്.ഐ. പദ്ധതി രാജ്യത്തെ തൊഴിലാളി വർഗ്ഗത്തിന്റെ അത്താണിയാണ്. സാമ്പത്തിക പ്രയാസങ്ങളനുഭവിക്കുന്ന തൊഴിലാളികൾക്ക് ആശ്രയിക്കാൻ

ഇതല്ലാതെ മറ്റ് സ്ഥാപനമില്ല. തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനത്തിന്റെയും ഈ സ്കീമിലെ നിബന്ധനകളുടെയും അടിസ്ഥാനത്തിൽ നല്ലൊരു ശതമാനം തൊഴിലാളികളും ഈ പദ്ധതിക്ക് പുറത്താണ്. ആയതിനാൽ വരുമാന പരിധി ബാധകമാക്കാതെ എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ. അംഗത്വം നൽകാനും ഫലപ്രദമായ ചികിത്സാ സൗകര്യം ലഭ്യമാക്കാനും നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തെ ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ചില പ്രശ്നങ്ങൾ ശരിയാണ്. പത്തോ അതിൽക്കൂടുതലോ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ ഉടമയും തൊഴിലാളികളും വിഹിതമടയ്ക്കാൻ സന്നദ്ധമാണെങ്കിൽ അവരെയെല്ലാം ഇ.എസ്.ഐ. പദ്ധതിയിൽ കൊണ്ടുവരുന്നതിന് നിലവിലുള്ള നിയമം അനുവദിക്കുന്നുണ്ട്. എന്നാൽ കോൺട്രിബ്യൂഷൻ അടയ്ക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾമൂലമാണ് പല സ്ഥലങ്ങളിലും ഇത് സാധ്യമാകാത്തത്. കേരളത്തിലെ മുഴുവൻ തൊഴിലാളികളെയും ഇ.എസ്.ഐ. സ്കീമിൽ കൊണ്ടുവരണമെന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട്. എന്നാൽ ഇ.എസ്.ഐ. കോർപ്പറേഷൻ നിശ്ചയിച്ചിരിക്കുന്ന വരുമാന പരിധിയായ 21,000 രൂപയ്ക്കുമേൽ വരുമാനമുള്ള തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ അംഗങ്ങളാക്കാൻ കഴിയില്ല. ഇ.എസ്.ഐ. കോർപ്പറേഷനുമായി ബന്ധപ്പെട്ട് മുഴുവൻ തൊഴിലാളികളെയും അംഗങ്ങളാക്കുന്നതിനുള്ള തുടർനടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇ.എസ്.ഐ. ആശുപത്രികൾക്കുകീഴിൽ എംപാനൽ ചെയ്തിട്ടുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും മറ്റ് ആശുപത്രികളുമൊക്കെ ഉള്ളതുകൊണ്ടാണ് ഇ.എസ്.ഐ. ആശുപത്രിയിലെ സൗകര്യം കുറവാണെങ്കിലും തൊഴിലാളികൾ അവിടെ ചികിത്സ നടത്തിക്കൊണ്ടിരിക്കുന്നത്. എംപാനൽ ചെയ്ത ആശുപത്രികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റിന് നടപടി സ്വീകരിക്കാവുന്നതാണെന്നാണ് എന്റെ അറിവ്. ഇത്ര എംപാനൽ ചെയ്ത ആശുപത്രികളേ ഉണ്ടാകാൻ പാടുള്ളൂവെന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ പറഞ്ഞിട്ടില്ലല്ലോ. അതുകൊണ്ട് എംപാനൽ ചെയ്ത ആശുപത്രികളുടെ എണ്ണം വർദ്ധിപ്പിക്കാനും മികച്ച നിലവാരമുള്ള, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യമെല്ലാമുള്ള ഒരു മെഡിക്കൽ കോളേജ് ഇ.എസ്.ഐ. ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ആരംഭിക്കാൻ സാധിക്കുമോയെന്നുള്ളത് എക്സ്പ്ലോർ ചെയ്യാനും അങ്ങ് തയ്യാറാകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ആശുപത്രികളെ എംപാനൽ ചെയ്യുന്നത് സംബന്ധിച്ച് ഗവൺമെന്റ് മാത്രം തീരുമാനമെടുത്താൽ നടക്കുന്ന കാര്യമല്ല. ആശുപത്രികൾകൂടി അതിന് സന്നദ്ധമാകണം. ഇപ്പോൾത്തന്നെ മുഴുവൻ ഗവൺമെന്റ് ആശുപത്രികളും എംപാനൽ ചെയ്തുകഴിഞ്ഞിട്ടില്ല. അതിനുള്ള ശ്രമം ഗവൺമെന്റ് നടത്തിവരികയാണ്. നല്ല പുരോഗതിയും അക്കാര്യത്തിലുണ്ട്. ചികിത്സാ സൗകര്യങ്ങൾ ലഭിക്കാത്ത പ്രദേശങ്ങളിൽ ആവശ്യത്തിനനുസരിച്ച് സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിനുള്ള ശ്രമം തുടർന്നും ഗവൺമെന്റ് നടത്തുന്നതായിരിക്കും. ഇപ്പോൾ കേരളത്തിൽ ആവശ്യമായ മെഡിക്കൽ കോളേജുകളുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷൻ നടത്തിയിരുന്ന മെഡിക്കൽ കോളേജുകൾതന്നെ സർക്കാരിന് വിട്ടുകൊടുക്കുന്ന നിലപാടാണ് നേരത്തെ ഇവിടെ സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ആ സൗകര്യം കേരളത്തിനിപ്പോൾ ആവശ്യത്തിനനുസരിച്ച് ലഭിക്കുന്നുണ്ട്. എന്നാൽ ഒരു നിർദ്ദേശമെന്ന നിലയ്ക്ക് എന്തെങ്കിലും സാധ്യതയുണ്ടോ എന്നുള്ളത് പരിശോധിക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്.

ശ്രീ. എം. ഉമ്മർ: സർ, മഞ്ചേരിയിൽ ഒരു ഇ.എസ്.ഐ. ഡിസ്പെൻസറിയുണ്ട്. തീരെ സൗകര്യമില്ലാത്ത ഒരു വാടകക്കെട്ടിടത്തിലാണ് അത് പ്രവർത്തിക്കുന്നത്. സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ ഡിസ്പെൻസറിക്ക് ആവശ്യമായ കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഈ നിർദ്ദേശം അംഗീകരിക്കുകയാണ്. സ്ഥലം ലഭ്യമാക്കിക്കഴിഞ്ഞാൽ ഡിസ്പെൻസറിക്കുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, എഴുപത് വർഷത്തോളം പഴക്കമുള്ളതാണ് എന്റെ നിയോജകമണ്ഡലത്തിലെ ഉദ്യോഗമണ്ഡൽ ഇ.എസ്.ഐ. ആശുപത്രിയും ഡിസ്പെൻസറിയും. ഡോക്ടേഴ്സിനും സ്റ്റാഫിനും താമസിക്കാനുള്ള 80 ക്വാർട്ടേഴ്സുകൾ അവിടെയുണ്ട്. അത് മുഴുവൻ തകർന്ന് കിടക്കുകയാണ്. അതുപോലെതന്നെ 100 കിടക്കകളുള്ള ആശുപത്രിയുണ്ട്. ആ ആശുപത്രി ഒരു വലിയ കെട്ടിട സമുച്ചയത്തിലാണ് പ്രവർത്തിക്കുന്നത്. കൂടിവന്നാൽ 5 വർഷത്തെ ലൈഫ് മാത്രമേ ഇനി അതിന് കാണുകയുള്ളൂ. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 300 കോടി രൂപയുടെ ഒരു പദ്ധതി പല ഘട്ടങ്ങളിലായി വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. പക്ഷേ അത് ഇംപ്ലിമെന്റ് ചെയ്യാനുള്ള ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. അതുപോലെതന്നെ 14 ഏക്കർ വിസ്തൃതിയുള്ള കോമ്പൗണ്ടാണ്

ഈ ഇ.എസ്.ഐ ആശുപത്രിയുടേത്. ഇ.എസ്.ഐ. ആശുപത്രിയും ഡിസ്പെൻസറിയും ഒരേ കോമ്പൗണ്ടിലാക്കാനുള്ള നടപടിയും സ്വീകരിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് അനുകൂല നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന് ഇ.എസ്.ഐ. ആശുപത്രികളെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുമെന്നാണ് ഞാൻ കരുതുന്നത്. ഉദ്യോഗ്മണ്ഡൽ ആശുപത്രി ഇ.എസ്.ഐ. കോർപ്പറേഷന്റെ പരിധിയിൽ വരുന്നതാണ്. അതാണ് അങ്ങയുടെ ആദ്യത്തെ ചോദ്യത്തിൽ ഉന്നയിച്ചത്. ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിലുള്ള ആശുപത്രികളുടെയെല്ലാം പൂർണ്ണ ഉത്തരവാദിത്തം ഇ.എസ്.ഐ. കോർപ്പറേഷനാണ്. അവിടെ പരിമിതികളോ മറ്റോ ഉണ്ടെങ്കിൽ സംസ്ഥാന സർക്കാർ ഇടപെട്ട് ഇ.എസ്.ഐ. കോർപ്പറേഷനുമായി സഹകരിച്ച് പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കാറുണ്ട്. കേരളത്തിലുള്ള ഒരനുഭവം ഈ സഭയുടെ മുമ്പാകെ ഞാൻ പറയാം. ഇ.എസ്.ഐ. കോർപ്പറേഷന്റെ പരിധിയിലുള്ള ആലപ്പുഴയിലെ ഇ.എസ്.ഐ. ആശുപത്രി കെട്ടിടം തകർച്ചയെ നേരിട്ടപ്പോൾ സംസ്ഥാന സർക്കാർ കെട്ടിടമുണ്ടാക്കാൻ സന്നദ്ധമായെങ്കിലും കോർപ്പറേഷൻ അനുവദിച്ചില്ല. ഇപ്പോൾ അതിന്റെ മെയിന്റനൻസ് പ്രവൃത്തികൾ നടത്തി മെച്ചപ്പെട്ട നിലയിലേയ്ക്ക് മാറുന്നുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷനെടുക്കുന്ന നിലപാടിനനുസൃതമായിട്ടേ നമുക്ക് പോകാൻ കഴിയുകയുള്ളൂ. എല്ലാ പോരായ്മകളും പരിശോധിച്ച് അവ തിരുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷനിലും സമ്മർദ്ദം ചെലുത്തുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ അനാസ്ഥയുടെ ഭാഗമായി ഒരു പ്രശ്നവും നിലനിൽക്കുന്നില്ലെന്നുള്ളതാണ് വസ്തുത.

ശ്രീ. എ. എൻ. ഷംസീർ: സർ, ഇ.എസ്.ഐ. പദ്ധതി വ്യാപിപ്പിക്കാനുള്ള താങ്കളുടെ നടപടിയെ ഞാൻ അഭിനന്ദിക്കുകയാണ്. കേരളത്തിൽ ഇ.എസ്.ഐ. എംപാനൽ ചെയ്ത ആശുപത്രികളുണ്ട്. അങ്ങനെയുള്ള പല ആശുപത്രികളിലും വലിയ രീതിയിൽ കുടിശ്ശിക കിടക്കുന്നുണ്ട്. ഫണ്ട് ലഭിക്കാത്തതുകൊണ്ട് എംപാനൽ ചെയ്ത ആശുപത്രികൾ ഇതിൽനിന്നും പിന്മാറുന്ന സാഹചര്യമാണ് ഇപ്പോൾ വന്നിട്ടുള്ളത്. ഈ പശ്ചാത്തലത്തിൽ എംപാനൽ ചെയ്ത ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക കൃത്യമായി നൽകി തുടർചികിത്സ വ്യാപിപ്പിക്കുന്നതിനുള്ള നടപടി താങ്കളുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, റീ-ഇമ്പേഴ്സ്മെന്റിന്റെ കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചതെന്നാണ് എനിക്ക് തോന്നുന്നത്. കുടിശ്ശിക ലഭ്യമാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. മുൻ കാലങ്ങളിൽനിന്ന്

വ്യത്യസ്തമായി ഇക്കാര്യത്തിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കുടിശ്ശിക താരതമ്യേന കുറവാണ്. ഇനി എവിടെയെങ്കിലും കുടിശ്ശികയുടെ പ്രശ്നമുണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ ഇ.എസ്.ഐ. കോർപ്പറേഷനുമായി ബന്ധപ്പെട്ട് പരിഹരിക്കാൻ കഴിയുന്നതാണ്. അതിനുള്ള ശ്രമവും സർക്കാർ നടത്തും.

ശ്രീ. അൻവർ സാദത്ത്: സർ, പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇ.എസ്.ഐ. ആശുപത്രികളിൽ ചികിത്സയ്ക്ക് മതിയായ സൗകര്യമില്ലെങ്കിൽ സ്വാഭാവികമായും മറ്റുള്ള ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യാറുണ്ട്. ഞാൻ ഇതുമായി ബന്ധപ്പെട്ട് ഇന്ന് രാവിലെ ഒരു രോഗിക്കുവേണ്ടി ഇടപെട്ടിരുന്നു. ആസ്റ്റർ മെഡിസിറ്റിയിലേയ്ക്ക് ബീരാൻ എന്ന ഒരു രോഗിയെ റഫർ ചെയ്തു. അദ്ദേഹം കിഡ്നി സംബന്ധമായ അസുഖത്തിനായിരുന്നു ആദ്യം അവിടെ ചെന്നത്. അതിന്റെ ഓപ്പറേഷനും കാര്യങ്ങളും വേണം. പിന്നീട് ന്യൂറോ വിഭാഗത്തിൽ കാണിക്കേണ്ട സാഹചര്യം വന്നു. അപ്പോൾ അവിടെയുള്ളവർ പറഞ്ഞത്, ഇ.എസ്.ഐ.-യുടെ നിർദ്ദേശമനുസരിച്ച് കിഡ്നി സംബന്ധമായ അസുഖത്തിന് മാത്രമേ ഈ ആശുപത്രിയിൽ ചികിത്സ സാധ്യമാകുകയുള്ളൂ, മറ്റ് ചികിത്സകൾക്ക്, ന്യൂറോ സർജറിക്കൊക്കെ നിങ്ങൾ വേറെ കാശ് കെട്ടിവയ്ക്കണം, എന്നാൽ മാത്രമേ ചികിത്സ നടക്കാൻ സാധ്യതയുള്ളൂ എന്നാണ്. ഞാൻ ഈ ആശുപത്രിയിലേയ്ക്ക് വിളിച്ച് അവരുടെ ബിൽ പെൻഡിംഗിൽ വയ്ക്കാൻ പറയുകയുണ്ടായി. ഞാൻ പറഞ്ഞുവന്നത്, ഒരു രോഗി ചികിത്സയ്ക്കെത്തുമ്പോൾ അയാൾക്കുവേണ്ട എല്ലാ ചികിത്സകളും ആ ആശുപത്രിയിൽത്തന്നെ ചെയ്യാനുള്ള സൗകര്യം ഒരുക്കേണ്ടതുണ്ട്. അല്ലെങ്കിൽ മറ്റ് രണ്ടുമൂന്ന് ആശുപത്രികളിൽ പോയി ചികിത്സ നടത്തേണ്ട സാഹചര്യമുണ്ടാകും. ഇത് വളരെ ഗുരുതരമായ വിഷയമാണ്. ഇന്ന് ഞാൻ ഇടപെട്ടൊരു വിഷയമാണ്. ഇന്നുതന്നെ ഇതുസംബന്ധിച്ച ചോദ്യം വന്നതിൽ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കും സർക്കാരിനും അത് മനസ്സിലാക്കാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു. അതുകൊണ്ട്, എല്ലാ ചികിത്സകളും ഒരു സ്ഥലത്തുതന്നെ ചെയ്യാനുള്ള സംവിധാനമൊരുക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പരാതി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിച്ചാൽ അത്തരം കാര്യങ്ങൾ തീർച്ചയായും പരിശോധിക്കും. (..ബഹളം..) പറയുന്നത് മുഴുവനായി കേൾക്കൂ. എന്നിട്ട് ബഹളമുണ്ടാക്കൂ. പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അതിന് പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നാണ് ഞാൻ പറഞ്ഞത്. ഇത് പൊതുവായ ഒരു

പ്രശ്നമായതുകൊണ്ടാണ് പരാതി ആ നിലയിൽത്തന്നെ തരണമെന്ന് പറയാൻ കാരണം. അങ്ങിവിടെ ഉന്നയിച്ച പ്രശ്നം പരാതിയായി സ്വീകരിക്കില്ല എന്നല്ല ആ പറഞ്ഞതിന്റെ അർത്ഥം. അത് മനസ്സിലാക്കിക്കൊണ്ടുതന്നെ അത് പരിശോധിക്കാനും നിലപാടുകൾ സ്വീകരിക്കാനും ബാധ്യസ്ഥമാണ്. ഇതുപോലുള്ള പ്രശ്നങ്ങളിൽ പരാതി ലഭിച്ചുകഴിഞ്ഞാൽ അത്തരം പരാതികൾ പരിശോധിച്ച് പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഒരു ആശുപത്രിയിൽത്തന്നെ ഏത് ചികിത്സയും ലഭിക്കണമെന്നാണല്ലോ അങ്ങ് ചൂണ്ടിക്കാണിച്ചത്; തീർച്ചയായും ആ വിഷയം പരിഗണിക്കുന്നതാണ്.

ശ്രീ. കെ. വി. വിജയദാസ്: സർ, വളരെയധികം തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടാണ് ഞാനിവിടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇ.എസ്.ഐ. പദ്ധതിയിൽ അംഗമാകുന്ന തൊഴിലാളിക്കോ കുടുംബത്തിനോ അംഗമാകുന്നതിന് മുമ്പുണ്ടായിരുന്ന രോഗം ഇപ്പോഴും തുടരുകയാണെങ്കിലും ചികിത്സ ലഭിക്കുമായിരുന്നു. പക്ഷേ, ഇപ്പോൾ അത് നിർത്തലാക്കിയിരിക്കുകയാണ്. അതുകൊണ്ട് വളരെയധികം വിഷമമാണ് തൊഴിലാളികൾക്കുള്ളത്. അത് പുനഃസ്ഥാപിക്കുമോ; മറ്റൊന്ന്, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് എത്ര രൂപ വരെ ചികിത്സാനുകൂല്യം ലഭ്യമാകും?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ചികിത്സയുടെ പൂർണ്ണ ബാധ്യത നിറവേറ്റുക എന്ന നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഏതെങ്കിലും പ്രശ്നത്തിൽ പരാതിയുണ്ടെങ്കിൽ ഉന്നയിച്ചാൽ അതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, 2,000 രൂപ വരെയുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ബില്ലുകൾപോലും ആറ് മാസത്തിലേറെയായി പെൻഡിംഗിലായിരിക്കുകയാണ്. പല ഡിസ്പെൻസറികളിലും ചാർജ്ജ് അടയ്ക്കാത്തതിനാൽ വൈദ്യുതി വിച്ഛേദിച്ചിരിക്കുകയാണ്. ടെലിഫോൺ ചാർജ്ജ് അടയ്ക്കാത്തതുകൊണ്ട് ടെലിഫോൺ വിച്ഛേദിച്ചിരിക്കുകയാണ്. നെറ്റ് കണക്ഷനില്ലാത്ത ഡിസ്പെൻസറികളുമുണ്ട്. പല ആശുപത്രികളിലും ആവശ്യത്തിന് മരുന്നുകൾ ലഭ്യമല്ലാത്തതിനാൽ പുറത്തുനിന്ന് വാങ്ങേണ്ട സ്ഥിതിയാണ്. ആ ബില്ലുപോലും പെൻഡിംഗിൽ നിൽക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മരുന്നുകൾ വിതരണം ചെയ്തുകൊണ്ടിരുന്നത് സർക്കാർ ഉടമസ്ഥതയിലുള്ള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. എന്നാൽ രണ്ട് വർഷമായി അത് നിർത്തലാക്കി കോൺട്രാക്ട് അടിസ്ഥാനത്തിൽ മരുന്ന് വിതരണം ചെയ്യുകയാണ്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഈ രംഗത്തുനിന്ന് മാറ്റി റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ മരുന്ന് വിതരണം ചെയ്യാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഇ.എസ്.ഐ. കോർപ്പറേഷന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ നടക്കുന്നത്. റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ ലഭ്യമാകാത്ത മരുന്നുകൾ മറ്റ് സംവിധാനം ഉപയോഗിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം കുറവുകൾ പരിഹരിക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ വിതരണത്തിൽ ഇപ്പോൾ ചെയ്തു കൊണ്ടിരിക്കുന്ന കാര്യങ്ങളെല്ലാം എന്റെ ഉത്തരത്തിൽ ആദ്യംതന്നെ വിശദീകരിച്ചിട്ടുണ്ട്. എനിക്ക് ആവർത്തിച്ച് പറയാനുള്ളത്, ഇതുപോലെയുള്ള, ഒറ്റപ്പെട്ട കേസ്സുകളിൽ എന്തെങ്കിലും പരാതികളുണ്ടെങ്കിൽ പരിഹരിക്കാവു ന്നതേയുള്ളു. അത്തരം പരാതികളൊന്നും ഇപ്പോഴിവിടെ വരാറില്ല. കമ്പ്യൂട്ടറൈസേഷനൊക്കെ വളരെ ഫലപ്രദമായി നടപ്പിലാക്കുന്ന നിലപാട് തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ എന്തെങ്കിലും പരാതി ലഭിച്ചാൽ അതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ പരിശോധിച്ച് ഡിസ്പെൻസറികളും ആശുപത്രികളും കുറ്റമറ്റ രീതിയിൽ നടത്തുന്നതിനുള്ള നിലപാട് സ്വീകരിക്കുന്നതാണ്.

<u>ശ്രീ. വി. ജോയി</u>: സർ, വർക്കല നിയോജകമണ്ഡലത്തിലെ നാവായിക്കുളം ഇ.എസ്.ഐ. ഡിസ്പെൻസറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ഇ.എസ്.ഐ. കോർപ്പറേഷൻ 2013-ൽ തറക്കല്ലിട്ടതാണ്. 6 വർഷം കഴിഞ്ഞിട്ടും യാതൊരു പുരോഗതിയുമുണ്ടായിട്ടില്ല. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവിടെ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ പരിശോധനയ്ക്കായി ഒരു മൊബൈൽ സർവ്വീസ് ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഇ.എസ്.ഐ.-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ ചികിത്സയാണ് ഡിസ്പെൻസറിവഴിയും ആശുപത്രിവഴിയും ലഭ്യമാക്കുന്നത്. എന്നാൽ പ്രളയം പോലെയുള്ള പ്രകൃതി ദുരന്തങ്ങളുണ്ടാകുന്ന സമയത്ത് ഈ നിബന്ധനകളെല്ലാം മാറ്റിവച്ച് കഴിയുന്നത്ര സേവനം നടത്തുന്നതിന് തയ്യാറാകുന്നുണ്ട്. ഇപ്പോൾ തൊഴിലാളികളുമായി ബന്ധപ്പെട്ട തൊഴിൽജന്യ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള പരിശ്രമത്തിൽ ഇ.എസ്.ഐ. ഡിപ്പാർട്ടുമെന്റിനെ പരമാവധി ഇടപെടുവിച്ചുകൊണ്ടിരിക്കുകയാണ്. ഇതാണ് ഇപ്പോഴുള്ള രീതി. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്, തൊഴിലാളികൾ കൂടുതലുള്ള സ്ഥലങ്ങളിൽ ഒരു മൊബൈൽ സർവ്വീസ് നടത്തി തൊഴിലാളികൾക്ക് ചികിത്സ ലഭ്യമാക്കാൻ കഴിയുമോ എന്നാണ്. ഇക്കാര്യം പരിശോധിച്ചതിനുശേഷം മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. ഇ.എസ്.ഐ.-യുടെ റീജിയണൽ ബോർഡും ഇ.എസ്.ഐ. കോർപ്പറേഷനുമായി ബന്ധപ്പെട്ട് ഇത്തരം സർവ്വീസ് നടത്താൻ സാധിക്കുമെങ്കിൽ അത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. ഡി. കെ. മുരളി: സർ, 2017-ൽ 18 ഏക ഡോക്ടർ ഡിസ്പെൻസറികൾ തുടങ്ങുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആ ഉത്തരവിന്റെ ഭാഗമായിത്തന്നെ വെഞ്ഞാറമൂട് ഉൾപ്പെടെ 12 കേന്ദ്രങ്ങളിൽ ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിച്ച് അതിന്റെ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ അലംഭാവംകൊണ്ട്, നെഗറ്റീവായ സമീപനംകൊണ്ട് അതിന്റെ തുടർനടപടികളിലേയ്ക്ക് പോകാനായില്ല. അതിന്മേൽ സമ്മർദ്ദം ചെലുത്തി, ഈ ഡിസ്പെൻസറികൾ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, 18 ഡിസ്പെൻസറികളാണ് കേരളത്തിന് അനുവദിച്ചത്. ഈ ഡിസ്പെൻസറികളിലേയ്ക്ക് ആവശ്യമായത്ര തസ്തികകൾ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. ഈ 18 ഡിസ്പെൻസറികളിൽ 6 ഡിസ്പെൻസറികൾക്കാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് അനുവാദം നൽകിയിട്ടുള്ളത്. അതിൽ കോഴിക്കോട് ജില്ലയിലെ മുക്കത്തും ഇടുക്കി ജില്ലയിലെ കട്ടപ്പനയിലും ആരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, മാനന്തവാടി, ഇടുക്കി ജില്ലയിലെ കണ്ണൻദേവൻ ഹിൽസ് (മൂന്നാർ), മന്നാംകണ്ടം (അടിമാലി) എന്നീ 4 ഡിസ്പെൻസറികൾകൂടി ആരംഭിക്കാൻ ബാക്കിയുണ്ട്. അതിന് സ്ഥലം ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. ഈ ഡിസ്പെൻസറികളുള്ള മണ്ഡലത്തിലെ എം.എൽ.എ.-മാരോട് വിഷയങ്ങൾ സംസാരിച്ചിട്ടുണ്ട്. കഴിയുന്നത്രവേഗം സ്ഥലം ലഭ്യമാക്കിയാൽ ഉടൻതന്നെ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. ബാക്കി 12 ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള അനുവാദം ഇ.എസ്.ഐ. കോർപ്പറേഷനിൽനിന്നും ലഭ്യമായിട്ടില്ല. പാലക്കാട് ജില്ലയിൽ ആലത്തൂർ, മണ്ണാർക്കാട്, കുറ്റനാട്, പത്തനംതിട്ട ജില്ലയിൽ റാന്നി, കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി, താമരശ്ശേരി, എറണാകുളം ജില്ലയിൽ കൂത്താട്ടുകുളം, ഇടുക്കി ജില്ലയിൽ കുമിളി, പീരുമേട്, തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട്, മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി, കൊല്ലം ജില്ലയിൽ കുളത്തുപ്പുഴ എന്നീ ഡിസ്പെൻസറികൾക്കുള്ള അനുവാദം കിട്ടാൻ ബാക്കിയാണ്. അനുവാദം കിട്ടിക്കഴിഞ്ഞാൽ ഏത് സമയത്തും ആരംഭിക്കാൻ സംസ്ഥാന ഗവൺമെന്റ് സന്നദ്ധമാണ്. അതിനുള്ള എല്ലാ ഒരുക്കങ്ങളും ഇക്കാര്യത്തിൽ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ വയനാട് ജില്ലയിലെ മാനന്തവാടിയിൽ ഒരു സ്ഥലത്തിന്റെ പ്രൊപ്പോസൽ വന്നിട്ടുണ്ട്. അത് പെട്ടെന്നുതന്നെ തുടങ്ങാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## നൂതന ജലസേചന മാർഗ്ഗങ്ങൾ

2 (*362) ശ്രീ. പി. കെ. ശശി:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നൂതന ജലസേചന മാർഗ്ഗങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജലസേചന സംവിധാനങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തുന്നതിനും അവയെ മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള ബഞ്ച് മാർക്കിംഗ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ;

(സി) ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകളുടെ പുനരുദ്ധാരണത്തിനും വികസനത്തിനും ഡ്രിപ് പദ്ധതി പ്രകാരം നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ കടുത്ത എതിർപ്പിനെത്തുടർന്ന് ഉപേക്ഷിച്ച മധ്യകേരളത്തെ ഊഷരമാക്കാനിടയുള്ള പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി കേന്ദ്രസർക്കാർ വീണ്ടും പരിഗണിക്കുന്നതായ വാർത്തയുടെ അടിസ്ഥാനത്തിൽ അതിന്റെ നിജസ്ഥിതിയെക്കുറിച്ച് പരിശോധിച്ചിരുന്നോയെന്ന് അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള വിവിധ സൂചകങ്ങൾ മാനദണ്ഡമാക്കി പൂർത്തീകരിച്ച ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ നിലവാര നിർണ്ണയ രീതിയായ ബഞ്ച് മാർക്കിംഗ് ഫണ്ടിന്റെ അപര്യാപ്തതമൂലം കാര്യക്ഷമമായി നടപ്പാക്കാൻ കഴിയുന്നില്ല.

(സി) ഡാമുകളുടെ പ്രധാന അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 2012-ൽ കേന്ദ്ര ജലകമ്മീഷന്റെ മേൽനോട്ടത്തിൽ ലോകബാങ്ക് സഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്. ഡാമുകളുടെ പുനരുദ്ധാരണ പണികൾ, Institutional Strengthening, Project Management എന്നീ 3 Components ആണ്

പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട്), മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി തുടങ്ങിയ 16 ഡാമുകൾ/ ബാരേജുകൾ/റെഗുലേറ്ററുകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഡാമുകളുടെ അടിസ്ഥാന സൗകര്യവികസനം, കാര്യക്ഷമത എന്നിവ പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നിർത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. ഇതിലേയ്ക്കായി 360 കോടി രൂപയുടെ ഭരണാനുമതി 29-1-2016-ലെ സ.ഉ.(കൈ)നമ്പർ 7/2016/ജ.വി.വ. പ്രകാരം നൽകുകയുണ്ടായി. 2018 ജൂണിൽ അവസാനിക്കേണ്ടിയിരുന്ന DRIP പദ്ധതി രണ്ടുവർഷംകൂടി നീട്ടി 2020 ജൂണിൽ പൂർത്തീകരിക്കേണ്ടതാണ്. ഇതിൽ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പണികളും എല്ലാ ഡാമുകളുടെയും സർവൈലൻസ്, ഇൻസ്ട്രുമെന്റേഷൻ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

Institutional Strengthening-ൽ തിരുവനന്തപുരത്തെ Dam Safety Head Quarters നിർമ്മാണവും കാര്യാലയത്തിന് ആവശ്യമായ ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനും ഉദ്യോഗസ്ഥർക്ക് ആവശ്യമായ ട്രെയിനിംഗുകൾ നടത്താനുള്ള അനുമതിയും ഉൾപ്പെടുന്നു.

Project Management-ൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തൽ (Physical and Financial) വാർഷിക പദ്ധതിയുടെ രൂപരേഖ നിർമ്മിക്കൽ, 3rd പാർട്ടി കൺസ്ട്രക്ഷൻ സൂപ്പർവിഷൻ, ഗുണമേന്മ ഉറപ്പുവരുത്തൽ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഡാമുകളുടെ Emergency Action Plan (EAP), Operation and Maintenance Manual ട്രെയിനിംഗുകൾ എന്നിവ CWC നൽകുന്നു. ഡാമുകളെ സംബന്ധിച്ച ഒരു ഡാറ്റാ ബാങ്ക് Dam Health And Rehabilitation Monitoring Application (DHARMA) എന്ന CWC-യുടെ പോർട്ടലിൽ പ്രസിദ്ധീകരിക്കാനായി തയ്യാറാക്കിവരുന്നു. ഇത് ഏകദേശം 80% പൂർത്തിയാക്കിയിട്ടുണ്ട്.

കൂടാതെ DRIP PHASE I-ൽ ഉൾക്കൊള്ളിക്കാൻ കഴിയാതിരുന്ന (പമ്പ, മംഗലം, കാരാപ്പുഴ) പ്രവൃത്തികളും ബാക്കി ഡാമുകളും ഉൾപ്പെടുത്തി 165.9 കോടി രൂപയുടെ പുനരുദ്ധാരണ പ്രൊപ്പോസൽ DRIP PHASE II-ൽ ഉൾക്കൊള്ളിക്കാൻ Central Water Commission-ന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് തത്വത്തിൽ അംഗീകാരം ലഭിക്കുകയുണ്ടായി. നിർദ്ദേശങ്ങൾ നൽകാനുള്ള വിദഗ്ദ്ധരുടെ ഒരു പാനൽ (Dam Safety Review Panel)-ന് സർക്കാരിൽനിന്ന് അനുമതി നൽകിയിട്ടുണ്ട്. ടി സംഘം ഡാമുകൾ സന്ദർശിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

(ഡി) ജലശക്തി മന്ത്രാലയത്തിന്റെ കീഴിലുള്ള ദേശീയ ജലവികസന ഏജൻസി (NWDA)യുടെ നദീജല സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയിൻ മേലുള്ള സംസ്ഥാനത്തിന്റെ ശക്തമായ എതിർപ്പ്, NWDA-യുടെ വിവിധ യോഗങ്ങളിൽ അറിയിച്ചിട്ടുണ്ട്. ഏറ്റവും അവസാനമായി 21-8-2019-ൽ കൂടിയ NWDA-യുടെ ആറാമത് സ്പെഷ്യൽ ജനറൽ മീറ്റിംഗിൽ NWDA-യുടെ തീരുമാനത്തെ കേരളം എതിർക്കുകയും ചെയ്തു. സംസ്ഥാനങ്ങളുടെ സമ്മതം ലഭിച്ചതിനുശേഷമേ DPR തയ്യാറാക്കുകയുള്ളൂവെന്നും മുപ്പതാമത് വാർഷിക ജനറൽ മീറ്റിംഗിലെടുത്ത തീരുമാനത്തെക്കുറിച്ച് NWDA അറിയിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ സമ്മതപ്രകാരമേ നദീജല സംയോജന പദ്ധതികൾ നടപ്പിലാക്കുകയുള്ളൂവെന്ന് ബഹുമാനപ്പെട്ട കേന്ദ്ര ജലമന്ത്രി പ്രസ്തുത ചർച്ചയിൽ ഉറപ്പുതന്നിട്ടുണ്ട്. ഇതിനുപുറമെ അന്തർ സംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ചചെയ്യാൻ 25-9-2019-ന് തിരുവനന്തപുരത്ത് ചേർന്ന കേരള-തമിഴ്നാട് മുഖ്യമന്ത്രിമാരുടെ യോഗത്തിൽ, തമിഴ്നാട് മുന്നോട്ടുവച്ച പമ്പ-അച്ചൻകോവിൽ പദ്ധതി അംഗീകരിക്കാൻ കഴിയില്ലെന്ന് തമിഴ്നാടിനെ അറിയിച്ചിരുന്നു. പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കാനുള്ള ശ്രമങ്ങൾ തടയാൻവേണ്ട സാദ്ധ്യമായ എല്ലാ മുൻകരുതലുകളും കേരളം സ്വീകരിച്ചു വരുന്നുണ്ട്.

ശ്രീ. പി. കെ. ശശി: സർ, ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ജീവൽ പ്രശ്നമാണ് വെള്ളത്തിന്റെ ലഭ്യത. ജനങ്ങൾക്ക് വെള്ളം ലഭ്യമാക്കാനായി കേരളത്തിലെ സർക്കാരും ജലവിഭവ വകുപ്പും വളരെ ഫലപ്രദമായി ഇടപെടുന്നുണ്ട്. ഷൊർണ്ണൂരിലെ ജനങ്ങളുടെ കഴിഞ്ഞ കാൽനൂറ്റാണ്ടുകാലത്തെ സ്വപ്നമായിരുന്ന ചെക്ക് ഡാമും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും നിർമ്മിക്കുന്നതിനുവേണ്ടി 35 കോടി രൂപ ചെലവഴിച്ചത് അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്. മാത്രമല്ല, ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിന്റെ ഭാഗമായി 20 കോടിയിലധികം രൂപ മുടക്കി പുതിയ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങളും നടന്നു കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതാണ്ട് നാലര ലക്ഷത്തോളം പുതിയ കുടിവെള്ള കണക്ഷനുകൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. ഗവൺമെന്റിന്റെ ഈ പ്രവർത്തനങ്ങളെ എല്ലാ നിലയിലും ഞാൻ അഭിനന്ദിക്കുകയാണ്. തുടർച്ചയായി കഴിഞ്ഞ രണ്ട് വർഷങ്ങളിലുണ്ടായ കനത്തമഴയിൽ നമ്മുടെ ഡാമുകൾക്ക് വലിയ പരിക്കുപറ്റിയിട്ടുണ്ട്. ചെളിയും മണലുമൊക്കെ അടിഞ്ഞുകൂടി പല ഡാമുകളുടെയും സംഭരണശേഷി കുറഞ്ഞുപോയിട്ടുണ്ട്. ഈ മണലും ചെളിയും നീക്കം ചെയ്താൽ അത് സ്വാഭാവികമായും ഗവൺമെന്റിന് വലിയ വരുമാന മാർഗ്ഗമായിരിക്കും. ഈ

വിഷയം മുമ്പ് ഒരു സബ്മിഷനായി ഞാൻ അവതരിപ്പിച്ചതാണ്. ചെളി ഉൾപ്പെടെയുള്ളവ കാർഷികമേഖലയുടെ വളർച്ചയ്ക്കും സംരക്ഷണത്തിനും വളരെ അത്യാവശ്യമായ കാര്യമാണ്. മണൽ ലേലം ചെയ്ത് കൊടുക്കാൻ സാധിക്കും, അതുവഴി ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കാനാകുമെന്നു മാത്രമല്ല, ഡാമുകളുടെ സംഭരണശേഷി 10 ശതമാനംവരെ വർദ്ധിപ്പിക്കാനും 800 ദശലക്ഷം ഘനമീറ്റർ വെള്ളം അധികമായി സംഭരിക്കാനും സാധിക്കും. ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, പുഴയിലാണെങ്കിലും അടിഞ്ഞുകിടക്കുന്ന മണലും മണ്ണും വാരുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. അത് അടിയന്തരമായി ചെയ്യുന്നതാണ്. മംഗലം ഡാമിന്റെ ചെളിയും മണലും വാരാനുള്ള ടെണ്ടർ നടപടി പുരോഗമിച്ചുവരികയാണ്. അതിനെത്തുടർന്ന് മറ്റെല്ലാ ഡാമുകളിലെയും ചെളിയും മണലും വാരാനുള്ള ശ്രമം നടത്തുന്നതാണ്.

<u>ശ്രീ. പി. കെ. ശശി:</u> സർ, ജലസേചനം നടത്തുമ്പോൾ ഒരു തുള്ളിവെള്ളംപോലും പാഴാക്കാതെ കൃഷിക്കാവശ്യമായ വെള്ളവും വളവും ഉപയോഗപ്പെടുത്താൻ കഴിയുന്ന രൂപത്തിലുള്ള DRIP fertigation -ഉം ഒരു വിളവിന് ഒരു നിശ്ചിത കാലഘട്ടത്തിലേയ്ക്ക് ആവശ്യമായ വെള്ളം എത്രയാണെന്ന് കണക്കാക്കി നടപ്പാക്കുന്ന precision farming-ഉം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി കൃഷി വകുപ്പുമായി യോജിച്ച് പരിപാടികൾ ആരംഭിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇറിഗേഷൻ, കൃഷിക്കുവേണ്ടിയുള്ളതാണെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഞാനും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും തമ്മിൽ രണ്ടുമൂന്ന് മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്. ഇനി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി മീറ്റിംഗ് നടത്തേണ്ടതുണ്ട്. നനയ്ക്കാത്ത കൃഷികളും നനയ്ക്കാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. നൂതന കൃഷിമാർഗ്ഗങ്ങൾ എന്ന നിലയ്ക്ക് ജലനഷ്ടം കുറച്ച് ജലസേചനം കാര്യക്ഷമമാക്കുക, കനാലുകളിൽ ഡിസ്ട്രിബ്യൂഷൻ പൈപ്പുവഴി ജലസേചനം നടത്തുക, മൈക്രോ ഇറിഗേഷൻ സംവിധാനം പ്രോൽസാഹിപ്പിക്കുക, ഫാർമേഴ്സ് അസോസിയേഷൻ രൂപീകരിക്കുക, ജനകീയ പങ്കാളിത്തത്തോടുകൂടി ജലവിതരണം മോണിറ്റർ ചെയ്യുക എന്നിവയാണ് നടപ്പിലാക്കേണ്ടത്. പ്രളയത്തിൽ തകർന്ന കനാലുകളുടെ പുനർനിർമ്മാണം നടത്തിവരികയാണ്. എസ്.ഡി.ആർ.എഫ്.-ൽ 537 കോടി രൂപ അനുവദിച്ചതിൽ 515 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. കൃഷി

വകുപ്പുമായി ചേർന്ന് ക്രോപ് കലണ്ടർ ഉപയോഗിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നു. പുതിയ സാങ്കേതിക വിദ്യയായ precision farming-നെ സംബന്ധിച്ച് കൃഷി വകുപ്പാണ് പറയേണ്ടത്, എന്നാലും ഞാൻ പറയാം. പരമ്പരാഗത കൃഷിരീതിയുമായി താരതമ്യം ചെയ്യുമ്പോൾ കൃത്യതാ കൃഷി അഥവാ precision farming എന്നുപറയുന്നത് ഓരോ കൃഷിക്കും ആവശ്യമായ വെള്ളം, വളം, വിത്തുകൾ, രാസവസ്തുക്കൾ, തുടങ്ങിയവ കൃത്യമായ അളവിൽ കൃത്യതയോടെ നൽകുകയെന്നതാണ്. ഇതുവഴി ശരാശരി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും. അതോടൊപ്പംതന്നെ സംയോജിത ക്രോപ് മാനേജ്മെന്റ് സാങ്കേതികവിദ്യ ഉപയോഗിച്ച് ഓരോ ഭൂപ്രകൃതിക്കുമനുസൃതമായി മണ്ണ്, വെള്ളം, രാസവസ്തുക്കൾ, പോഷക വസ്തുക്കൾ തുടങ്ങിയവ ആവശ്യത്തിനനുസരിച്ച് പരമാവധി പ്രയോജനപ്പെടുത്തുന്നു. Precision farming രീതികൾ നടപ്പിലാക്കുന്ന പ്രധാന ഉപകരണം കണിക ജലസേചന സംവിധാനമാണ്. ഇതുവഴി വെള്ളം, വളം എന്നിവയ്ക്ക് പുറമെ സൂക്ഷ്മമൂലകങ്ങൾ ഉൾപ്പെടെയുള്ള രാസവളങ്ങളും കൃത്യമായ അളവിൽ നൽകാൻ കഴിയും. ഇതുവഴി ഉൽപ്പന്നങ്ങളുടെ ഉൽപാദനവും ഗുണനിലവാരവും വർദ്ധിപ്പിക്കാൻ കഴിയും. Precision farming-ന്റെ നേട്ടങ്ങൾ - മണ്ണിലുണ്ടാകുന്ന മലിനീകരണം കുറച്ച് ധാന്യങ്ങളുടെ ഉൽപ്പാദനം കൂട്ടുക, സുസ്ഥിര കാർഷിക വികസനം സാധ്യമാക്കുക, വളങ്ങളുടെയും മറ്റ് രാസവസ്തുക്കളുടെയും അമിത ഉപയോഗം കുറയ്ക്കുക, ജലവിഭവം കാര്യക്ഷമമായി വിനിയോഗിക്കുക, നൈട്രേറ്റ് തുടങ്ങിയ രാസവസ്തുക്കൾ ഭൂമിക്കടിയിലേയ്ക്ക് ഒലിച്ചിറങ്ങുന്നതുവഴി ഭൂഗർഭജലം മലിനമാകുന്നതുൾപ്പെടെയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതോടൊപ്പം ഭൂമിക്കുണ്ടാകുന്ന മറ്റ് നഷ്ടങ്ങൾ കുറയ്ക്കാൻ സാധിക്കുക എന്നിവയാണ്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, നമ്മുടെ പൊതുസ്ഥലങ്ങളിൽ പലയിടത്തുമുള്ള ഉപയോഗശൂന്യമായതും വെള്ളം വറ്റാത്തതുമായ കുളങ്ങൾ, വെള്ളത്തിന്റെ വലിയ ഖനികളായ പാറമടകൾ എന്നിവ ഉപയോഗപ്പെടുത്തി പ്രാദേശികമായ ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കുന്നതിനായി സഹായം നൽകുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഹരിത കേരളം മിഷനുമായി സംയോജിപ്പിച്ചുകൊണ്ട് ഒരു വലിയ പദ്ധതിക്കുള്ള ആസൂത്രണം നടക്കുന്നുണ്ട്. അവർതന്നെ അത്തരത്തിലുള്ള ഒരു പ്രൊപ്പോസൽ വച്ചിട്ടുണ്ട്. ആവശ്യമായ സഹായങ്ങൾ പരമാവധി ചെയ്തുകൊടുക്കുന്നതാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, പമ്പാ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കാനുള്ള ശ്രമങ്ങൾ തടയുന്നതിനായി സാധ്യമായ എല്ലാ മുൻകരുതലുകളും കേരളം സ്വീകരിക്കുന്നതിനെ തീർച്ചയായും ഞങ്ങൾ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു. നിലവിൽ അച്ചൻകോവിലാർ വളരെയധികം ശോഷിച്ച അവസ്ഥയിലാണുള്ളത്. ഇപ്പോഴുള്ള വെള്ളംകൂടി ഊറ്റിയെടുക്കുന്നത് തടയുന്നതിനുള്ള ശ്രമത്തെ സ്വാഗതം ചെയ്യുകയാണ്. എന്റെ ചോദ്യം പമ്പ ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ടതാണ്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കോടിക്കണക്കിന് അസറ്റാണ് പമ്പാ ഇറിഗേഷൻ പ്രോജക്ടുമായി (PIP) ബന്ധപ്പെട്ടുള്ളത്. നെൽകൃഷി ചെയ്യുമ്പോൾ പലസ്ഥലത്തും ലീക്കേജ് ഉണ്ടാകുന്നതും പ്രളയത്തിൽ നാശനഷ്ടമുണ്ടാകുന്നതുമൊക്കെ കർഷകരുൾപ്പെടെ ഞങ്ങൾ നേരിടുന്ന പ്രശ്നമാണ്. അതുകൊണ്ട് അഡീഷണലായി ഓരോവർഷവും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ട സാഹചര്യമാണ്. ഫണ്ടിന്റെ അപര്യാപ്തതമൂലം അത് സാധിക്കുന്നുമില്ല. പമ്പാ ഇറിഗേഷൻ പ്രോജക്ടിനെ അതിന്റെ പൂർണ്ണലക്ഷ്യത്തിലെത്തിക്കുന്നതിനുള്ള ഒരു പ്രത്യേക പ്രോജക്ട് തയ്യാറാക്കുമോ; അതുപോലെ പി.ഐ.പി.-യുടെ ധാരാളം ഭൂമി അവിടെയുണ്ട്, സോളാറുമായി ബന്ധപ്പെട്ടുകൊണ്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ഒരു പ്രോജക്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതന്നെ സജസ്റ്റ് ചെയ്തിരുന്നു. അതുൾപ്പെടെയുള്ള കാര്യങ്ങൾക്കായി ഈ ഭൂമി ശരിയായ വിധത്തിൽ വിനിയോഗിക്കുന്നതിനുള്ള ഒരു പ്രോജക്ട് തയ്യാറാക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ആലോചിക്കാവുന്നതാണ്.

ശ്രീ. ആന്റണി ജോൺ: സർ, സംസ്ഥാനത്ത് ജലസേചനത്തിനായി സ്ഥാപിച്ചിട്ടുള്ള പല പദ്ധതികളും ഇന്ന് യന്ത്രത്തകരാറും മറ്റ് പിഴവുകൾമൂലവും നല്ല നിലയിൽ മുമ്പോട്ടുകൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയിലാണ്. എന്റെ മണ്ഡലത്തിലെ 'ആവോലിച്ചാൽ' ഉൾപ്പെടെയുള്ള ഇറിഗേഷൻ പദ്ധതികൾ ഈ നിലയിലാണുള്ളത്. സംസ്ഥാനത്ത് നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നല്ലനിലയിൽ മുമ്പോട്ടുകൊണ്ടുവരാനുള്ള പ്രത്യേക പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രളയവുമായി ബന്ധപ്പെട്ട് എസ്.ഡി.ആർ.എഫ്. (State Disaster Response Fund)-ലും പ്ലാൻഫണ്ടിലും ഉൾപ്പെടുത്തിക്കൊണ്ട് അവ നേരെയാക്കാനുള്ള നടപടികൾ ചെയ്തിട്ടുണ്ട്. എത്രയുംവേഗം ആ പദ്ധതികൾ പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണ്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, 7200 ലിറ്റർ ഉത്പാദനശേഷിയുള്ളതും സ്വകാര്യ കമ്പനികളെയെല്ലാം വെല്ലുന്ന സംവിധാനത്തോടുകൂടിയതും ഏതാണ്ട് 20 കോടി രൂപയോളം ചെലവഴിച്ച് വാട്ടർ അതോറിറ്റി അരുവിക്കരയിൽ നിർമ്മിച്ചുവരുന്നതുമായ കുപ്പിവെള്ള പദ്ധതി ഉടനെതന്നെ പ്രവർത്തനമാരംഭിക്കുമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ പ്രഖ്യാപിച്ചതാണ്. 90 ശതമാനത്തിലധികം നിർമ്മാണം പൂർത്തിയായ ഈ പദ്ധതി ഇനിയും യാഥാർത്ഥ്യമാകാത്തതിനുകാരണം ഉന്നത ഉദ്യോഗസ്ഥരുടെ തെറ്റായ ഇടപെടലുകളും സ്വകാര്യ കുപ്പിവെള്ള കമ്പനികളുടെ ചരടുവലികളുമാണെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ഈ പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും; മറ്റേതെങ്കിലും ഏജൻസിക്ക് ഈ ഘട്ടത്തിൽ പദ്ധതി കൈമാറാൻ ഉദ്ദേശ്യമുണ്ടോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, പ്രസ്തുത കമ്പനി സ്വകാര്യ വ്യക്തികൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടില്ല. പദ്ധതിക്ക് ചെറിയ സാങ്കേതിക പ്രശ്നങ്ങളുണ്ട്. ലൈസൻസ് കിട്ടിയാൽ അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, നഗരത്തിൽ കഴിഞ്ഞ ദിവസങ്ങളിലായി രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുകയാണ്. അരുവിക്കര ഡാമിനെ ആശ്രയിച്ചാണ് നമ്മൾ മുമ്പോട്ടുപോകുന്നത്. പ്രാദേശിക ജലസ്രോതസ്സുകളെക്കുറിച്ച് നേരത്തേ ഒരു ചോദ്യമുന്നയിച്ചത് ഒന്നുകൂടി സ്പഷ്ടമാക്കണം. അതുപോലെ പഴയ പൈപ്പുകൾ പുനഃസ്ഥാപിക്കുന്നതിനാവശ്യമായ എന്തെങ്കിലും പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അക്കാര്യം പരിശോധിക്കാം. കൊച്ചിയിലും തിരുവനന്തപുരത്തും ഇത്തരമൊരു പദ്ധതിയെക്കുറിച്ച് എ.ഡി.ബി.-യിൽ ചർച്ച നടക്കുകയാണ്. അതിനുശേഷം മാത്രമേ അഭിപ്രായം പറയാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, 2018-ലെ വെള്ളപ്പൊക്കത്തെത്തുടർന്നുണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലുമായി കണ്ണൂർ ജില്ലയിലെ വളപട്ടണം, ബാവലി എന്നീ പുഴകളുടെ ഇരുകരകളും തകർന്നിട്ടുണ്ട്. കർണ്ണാടക വനത്തിലുണ്ടായ ഉരുൾപൊട്ടലിൽ തടി, മണ്ണ്, വലിയ കല്ലുകൾ എന്നിവ ഈ പുഴകളിൽ നിറഞ്ഞിരിക്കുകയാണ്. മണൽ ശേഖരിക്കാത്തതുകൊണ്ട് പുഴ ഗതിമാറിയൊഴുകുന്ന സാഹചര്യവുമുണ്ടായിട്ടുണ്ട്. 2018-ലെ വെള്ളപ്പൊക്കത്തിന്റെ തനിയാവർത്തനം 2019-ൽ ഉണ്ടായെങ്കിലും ഇതുവരെയും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പുഴകൾ ശുദ്ധീകരിക്കുന്ന പ്രവൃത്തി സ്വകാര്യ ഏജൻസികൾക്ക് കൊടുത്തതായി പത്രങ്ങളിൽ

വാർത്ത വന്നിരുന്നു. അതിനുപകരം ഈ പ്രവൃത്തി ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുമോ? മണൽ അടിഞ്ഞുകിടക്കുന്നതുകൊണ്ട് മണൽ വാരൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കഴിഞ്ഞ ദിവസം എന്റെ മണ്ഡലത്തിൽ മണൽവാരിക്കൊണ്ടിരുന്ന ഒരുകൂട്ടം ആളുകളെ പോലീസ് തോക്കുമായി പിന്തുടർന്ന് ഓടിച്ചതിനാൽ, ഒരു ചെറുപ്പക്കാരൻ ഓടി രക്ഷപ്പെടുന്നതിനിടെ കുഴഞ്ഞുവീണ് മരിച്ച വാർത്ത പത്രങ്ങളിലെല്ലാം വന്നിരുന്നു. അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് മണൽ വാരി ലേലത്തിൽ വിൽക്കുന്നതിനും ആ പണമുപയോഗിച്ച് നദികളിലെ മാലിന്യ നിർമ്മാർജ്ജനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, നദികളിൽ അടിഞ്ഞുകൂടിയ മണൽ വാരി വിൽക്കുന്നതിന് കഴിഞ്ഞ ദിവസത്തെ ക്യാബിനറ്റ് യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ടിൽത്തന്നെ ഈ പ്രവൃത്തി ഉൾപ്പെടുത്തിയാൽ പുഴകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾക്കും ഡാമിന്റെ സുരക്ഷയ്ക്കും ഉപയോഗപ്പെടും. അതുകൊണ്ട് അത്തരത്തിലൊരു ആലോചന നടത്തുന്നുണ്ട്, അപ്പോൾ ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടും.

ശ്രീ. പി. ടി. എ. റഹീം: സർ, മൈനർ ഇറിഗേഷൻ പദ്ധതികളുടെ ലോ ടെൻഷൻ കണക്ഷനുകൾ വൈദ്യുതി ബോർഡ് സബ്സിഡി നിരക്കിലാണ് ഇപ്പോൾ നൽകുന്നത്. എന്നാൽ ഹൈ ടെൻഷൻ കണക്ഷനുകൾക്ക് സബ്സിഡി നിരക്കുകൾ ബാധകമാകുന്നില്ലെന്ന സ്ഥിതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങ് കഴിഞ്ഞയാഴ്ച ഉദ്ഘാടനം ചെയ്ത 'നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട് '-ന് മാസത്തിൽ ഒന്നരലക്ഷം രൂപ വൈദ്യുതിചാർജ്ജ് അടയ്ക്കേണ്ട സ്ഥിതിയാണുള്ളത്. വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ അങ്ങ് മുൻകയ്യെടുക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വൈദ്യുതിവകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഈ കാര്യത്തിൽ എങ്ങനെ പരിഹാരമുണ്ടാക്കാമെന്ന് ആലോചിക്കാവുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, Inter State River Water Disputes സംബന്ധിച്ച് കേരളവും തമിഴ്നാടുമായി ഈയിടെ ഒരു ചർച്ചയുണ്ടായി. കേരളവും തമിഴ്നാടുമായി അഞ്ച് Water Disputes പ്രധാനമായുമുണ്ടെന്നുള്ളത് അങ്ങേയ്ക്ക് അറിയാവുന്നതിനാൽ പ്രത്യേകിച്ച് പറയുന്നില്ല. മുല്ലപ്പെരിയാർ കരാർ, പി.ഐ.പി കരാർ (പമ്പ ഇറിഗേഷൻ പ്രോജക്ട്) ഇവയൊക്കെ കാലാവധികഴിഞ്ഞിട്ടും മുമ്പോട്ടു പോകുകയാണ്. എഗ്രിമെന്റിലെ വ്യവസ്ഥകളെല്ലാം അങ്ങേയ്ക്കറിയാം, ഞാൻ ആവർത്തിക്കുന്നില്ല. അങ്ങ്കൂടി പങ്കെടുത്ത, മുഖ്യമന്ത്രിമാരുടെ ഇക്കഴിഞ്ഞ

യോഗത്തിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും തീരുമാനമുണ്ടായിട്ടുണ്ടോ; പുതിയ കരാറിന്റെ കാലാവധി നിശ്ചയിച്ച് പുതുക്കുന്നതിനുള്ള നടപടികളുണ്ടാകുമെന്ന രീതിയിൽ മാധ്യമ റിപ്പോർട്ടുകൾ വന്നിരുന്നു. ആ വാർത്തകളിൽ വാസ്തവമുണ്ടോ; അങ്ങനെ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് പ്രാബല്യത്തിൽ വരുമെന്ന് അങ്ങ് സഭയെ അറിയിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പമ്പാ അച്ചൻകോവിൽ ഡൈവെർഷനും പറമ്പിക്കുളം ആനമലയാർ ഡൈവെർഷനും വേണമെന്ന് തമിഴ്നാട് ആവശ്യപ്പെട്ടിട്ടുണ്ട്. ആദ്യം ഉണ്ടായിരുന്ന കരാർപ്രകാരം പാണ്ടിയാർ പുന്നപ്പുഴയിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ചതിനുശേഷമുള്ള വെള്ളം തമിഴ്നാട് സർക്കാർ നമ്മുടെ പുഴയിലേയ്ക്ക് ഒഴുക്കുകയായിരുന്നു. അതിനുപകരം 7 ടി.എം.സി. വെള്ളം അങ്ങോട്ട് ഒഴുക്കണമെന്നാണ് അവർ ആവശ്യപ്പെട്ടിരിക്കുന്നത്. പറമ്പിക്കുളം കരാർ 60 വർഷമായിട്ടും പുതുക്കാത്ത സാഹചര്യത്തിൽ അത് പുതുക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. പാണ്ടിയാർ പുന്നപ്പുഴയുടെ കാര്യത്തിനും ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. പമ്പ-അച്ചൻകോവിൽ പദ്ധതി തരാൻ പറ്റില്ലെന്ന് മുഖ്യമന്ത്രി വളരെ ശക്തമായി പറഞ്ഞിട്ടുണ്ട്. നേരത്തെ പറഞ്ഞ രണ്ടു കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അടുത്തുതന്നെ ഇതുമായി ബന്ധപ്പെട്ട യോഗം കൂടി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊല്ലം ജില്ലയെ സംബന്ധിച്ചിടത്തോളം ഏറ്റവും ആശ്വാസകരമായ ഒരു പദ്ധതിയാണ് കല്ലട ഇറിഗേഷൻ പ്രോജക്ട്. ഈ പദ്ധതിയിൽ ഒരു പ്രശ്നമുള്ളത്, എന്റെ മണ്ഡലത്തിലെ കൊട്ടാരക്കര മുനിസിപ്പാലിറ്റി, മൈലം പഞ്ചായത്ത് തുടങ്ങിയ സ്ഥലങ്ങളിൽ കനാലുകളിൽ മാലിന്യങ്ങൾ നിക്ഷേപിച്ചിരിക്കുന്നതുമൂലം വെള്ളമൊഴുകാൻ കഴിയാത്ത ഒരു സ്ഥിതിയാണ്. അങ്ങേയറ്റം വരൾച്ചയുണ്ടാകുന്ന സമയത്തുപോലും വലിയ ഉപകാരമാകുന്ന ഈ പദ്ധതി തീർച്ചയായും പൂർണ്ണതോതിൽ ഉപയോഗപ്രദമാക്കി മാറ്റി പ്രസ്തുത കനാലുകളിൽക്കൂടി വെള്ളം സുഗമമായി കടത്തിവിടാനുള്ള ഒരു സംവിധാനമുണ്ടാക്കണമെന്നാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. അത് പ്രാവർത്തികമാകില്ലെങ്കിൽ അവ മൂടി മറ്റുകാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനുള്ള നടപടി സ്വീകരിക്കുമോ; അതുപോലെതന്നെ തെന്മല ഡാമിന്റെ സംഭരണശേഷി വളരെ കുറഞ്ഞിട്ടുണ്ടെന്നുള്ള വസ്തുത കണക്കിലെടുത്ത് കൂടുതൽ വെള്ളം ശേഖരിക്കത്തക്കവണ്ണം ഡാമിൽനിന്നും അടിയന്തരമായി മണലും ചെളിയും മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അത് ശരിയാണ്. 52,000 ഏക്കർ ഭൂമിക്ക് വേണ്ടിയാണ് കല്ലട ഇറിഗേഷൻ പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ അതിപ്പോൾ പതിനായിരം ഏക്കറിലേയ്ക്ക് കുറഞ്ഞിട്ടുണ്ട്. കനാലിനെ മാറ്റിയെടുക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. കൃഷി എത്രമാത്രം വർദ്ധിപ്പിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കനാൽ വൃത്തിയാക്കുന്നതുമായി ബന്ധപ്പെട്ട കുറച്ച് പ്രവൃത്തികൾ എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി ചെയ്തിട്ടുണ്ട്. ബാക്കിയുള്ള നവീകരണ പ്രവൃത്തികൾ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തുന്ന കാര്യം ആലോചനയിലുണ്ട്. ഇതിലൂടെ നമുക്ക് കൃഷി വർദ്ധിപ്പിക്കാൻ സാധിക്കുമെങ്കിൽ തീർച്ചയായിട്ടും കല്ലട കനാൽ വൃത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, നാഷണൽ റിവർ കൺസർവേഷൻ പ്ലാൻ നിലവിലുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന്റെ ഭാഗമായി, കഴിഞ്ഞ പ്രളയകാലത്തുണ്ടായ ദുരിതങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി ഫ്ലഡ് കൺട്രോൾ ഡിവൈസുകൾ കേരളത്തിലെ പല പുഴകളിലും നടപ്പിലാക്കാൻ ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടെന്ന് മനസ്സിലാക്കുന്നു. വേമ്പനാട് കായലിലേയ്ക്ക് അഞ്ച് നദികളാണ് വന്നുചേരുന്നത്. മണിമലയാറ്റിൽ അത്തരമൊരു റെഗുലേറ്ററി സംവിധാനമുണ്ടാക്കിയാൽ ഭാവിയിൽ വേമ്പനാട് കായലിനെയും കുട്ടനാട് പ്രദേശത്തെയും ബാധിക്കാൻ സാധ്യതയുള്ള പ്രളയത്തെ നിയന്ത്രിക്കാൻ സാധിക്കും. മണിമലയാറ്റിൽ ഇത്തരമൊരു ഡിവൈസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രീ-ഫീസിബിലിറ്റി റിപ്പോർട്ട് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് നൽകിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. മണിമലയാറ്റിൽ ഇത്തരമൊരു റെഗുലേറ്ററി സംവിധാനം നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, നാഷണൽ ഹൈഡ്രോളജി മിഷന്റെ ഭാഗമായി അത് ചെയ്യാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. നടപടി പുരോഗമിച്ചു വരുന്നുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, കഴിഞ്ഞ പ്രളയത്തിൽ ഏറ്റവും കൂടുതൽ തകർന്നുപോയത് ജലസേചന പദ്ധതികളാണ്. പ്രത്യേകിച്ച് കനാലുകളും തോടുകളും. എന്റെ മണ്ഡലത്തിലുള്ള വിളയൂർ തടയണയുടെയും തൃത്താല മണ്ഡലത്തിലുള്ള വെള്ളിയാങ്കല്ലിന്റെയും ഷട്ടർ ഓപ്പൺ ചെയ്യാൻ പറ്റാതെ പൊളിച്ചു കളയേണ്ടി വന്നു. ഇതുമായി ബന്ധപ്പെട്ട പുനർനിർമ്മാണ പ്രവൃത്തികൾ പലപ്പോഴും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാമെന്നൊക്കെ പറയാറുണ്ടെങ്കിലും അത് ഫീൽഡിലെത്തുമ്പോൾ പൂർണ്ണമായി നിർമ്മിക്കാൻ

കഴിയുന്നില്ല. അതുകൊണ്ട് ഇറിഗേഷൻ, കൃഷി എന്നീ വകുപ്പുകൾ സംയുക്തമായി സബ്കളക്ടറിൽ കുറയാത്ത ഒരാളെ ചുമതലപ്പെടുത്തിയും ജനപ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടും ഈ പ്രശ്നത്തിന് അടിയന്തര പരിഹാരം കണ്ടെത്തുമോ, ഫ്ലഡ് അഫക്റ്റഡ് ഏരിയകളിൽ വിവിധ ഫണ്ടുകൾ പൂൾ ചെയ്ത് സമയബന്ധിതമായി തകർന്നുപോയ ജലസേചന പദ്ധതികൾ നിർമ്മിക്കാനൊരു സംവിധാനം ഏർപ്പെടുത്തുമോ, അതോടൊപ്പം അടിയന്തരമായി വെള്ളിയാങ്കല്ല് ഷട്ടർ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ആദ്യം പറഞ്ഞ കാര്യം ആലോചിക്കാവുന്നതാണ്. രണ്ടാമത് പറഞ്ഞതിന്റെ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി ടെണ്ടർ വിളിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ജലസേചനത്തിനും കുടിവെള്ള ക്ഷാമത്തിനും ഏറ്റവും ഫലപ്രദമായ ഒരു പരിഹാരമാണ് തടയണ നിർമ്മാണം. അടുത്തകാലത്തായി തടയണകളുടെ നിർമ്മാണം വളരെ സാവധാനത്തിലാണ് പോകുന്നത്. അത് ത്വരിതഗതിയിലാക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; നമ്മുടെ എല്ലാ ജില്ലകളിലും പ്രത്യേകിച്ച്, മലപ്പുറം ജില്ലയിൽ ആർ.എം.എഫ്. (റിവർ മാനേജ്മെന്റ് ഫണ്ട്) ഉപയോഗിക്കാതിരിക്കുകയാണ്. ഈ ഫണ്ട് ഉപയോഗിച്ച് തടയണ നിർമ്മാണത്തിനായി സർക്കാർ മുന്നോട്ടുവരുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തടയണ നിർമ്മാണത്തിന് ഫണ്ടിന്റെ അപര്യാപ്തതയുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അത് ചെയ്യാൻ സാധിക്കും. റിവർ മാനേജ്മെന്റ് ഫണ്ടിന്റെ കാര്യത്തിൽ അതാത് ജില്ലയിലെ കളക്ടർമാരാണ് തീരുമാനം എടുക്കേണ്ടത്. അതാത് സ്ഥലത്തെ ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് എങ്ങനെ ചെയ്യാൻ സാധിക്കുമെന്നുള്ള കാര്യം ആലോചിക്കുന്നതാണ്.

## കായലുകളിലേയും നദികളിലേയും മാലിന്യ നിക്ഷേപം

3(*363) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ സാമഗ്രികളുടെ അവശിഷ്ടങ്ങളും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള പല മാലിന്യങ്ങളും നിക്ഷേപിക്കപ്പെട്ട് സംസ്ഥാനത്തെ മിക്ക കായലുകളുടെയും നദികളുടെയും ജലസംഭരണശേഷി കുറയുന്നതാണ് പ്രളയാഘാതം

വർദ്ധിപ്പിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ച് കർശന നടപടികൾ സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) വേമ്പനാട്ടുകായൽ രണ്ട് പതിറ്റാണ്ടിനുള്ളിൽ ചതുപ്പുനിലമാകുമെന്ന് കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേരളത്തിലെ മിക്ക കായലുകൾക്കും ഈ ഗതി ബാധകമാകുമെന്നുകണ്ട് സമഗ്രമായ ഒരു പുനരുദ്ധാരണ പ്ലാൻ തയ്യാറാക്കി ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുമോ; വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) നിർമ്മാണ സാമഗ്രികളുടെ അവശിഷ്ടങ്ങളും മറ്റ് മാലിന്യങ്ങളും ചെളിയും നിക്ഷേപിക്കപ്പെട്ട് സംസ്ഥാനത്തെ നദികളുടെ ജലസംഭരണശേഷി കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രളയത്തെത്തുടർന്ന് നടത്തിയ സെൻട്രൽ വാട്ടർ കമ്മീഷന്റെ പഠനപ്രകാരം വേമ്പനാട് കായലിന്റെ ജലവാഹകശേഷി കുറഞ്ഞത് കുട്ടനാട്ടിലെ പ്രളയത്തിന്റെ കാഠിന്യം വർദ്ധിപ്പിക്കാൻ കാരണമായതായി കണ്ടെത്തിയിട്ടുണ്ട്.

പ്രളയത്തിന്റെ പശ്ചാത്തലത്തിൽ നദികൾക്ക് കുറുകെ ജലസേചന വകുപ്പ് മുഖേന നിർമ്മിച്ചിട്ടുള്ള നിർമ്മിതികൾക്ക് സമീപം അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ/മണൽ/മറ്റ് വസ്തുക്കൾ എന്നിവ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ മാറ്റി നദികളുടെ വാഹകശേഷി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സമിതി 7-11-2019-ന് യോഗം ചേരുകയും തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവർക്കെതിരെയുള്ള ശിക്ഷാനടപടികൾ വർദ്ധിപ്പിച്ചുകൊണ്ട് ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ആക്ട് 2018 നിലവിലുണ്ട്. ഇതിൻപ്രകാരം ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്ക് കുറഞ്ഞത് ഒരു വർഷവും കൂടിയത് 3 വർഷംവരെ തടവും പരമാവധി 2 ലക്ഷം രൂപവരെ പിഴയും ചുമത്താവുന്നതാണ്. പ്രസ്തുത നിയമപ്രകാരം ജലമലിനീകരണം ശ്രദ്ധയിൽപ്പെട്ടാൽ പോലീസിൽ പരാതി നൽകുവാൻ ജലസേചന ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ജലമലിനീകരണം (നിയന്ത്രണവും നിവാരണവും) നിയമം 1974, വകുപ്പ് 43 പ്രകാരം ജലമലിനീകരണം തെളിയിക്കപ്പെട്ടാൽ ഒന്നരവർഷത്തിൽ കുറയാതെയും 6 വർഷംവരെ നീളാവുന്നതുമായ തടവും ശിക്ഷയായി നൽകാവുന്നതാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് 1994, കേരള മുൻസിപ്പാലിറ്റി ആക്ട് 1994 എന്നിവ പ്രകാരം ജലമലിനീകരണം നടത്തുന്നവർക്കെതിരെ ഗ്രാമ പഞ്ചായത്ത്/ നഗരസഭ സെക്രട്ടറിക്ക് 10,000 രൂപയിൽ കുറയാതെയും 25,000 രൂപയിൽ കവിയാതെയുമുള്ള പിഴയും ചുമത്താവുന്നതാണ്.

ഖരമാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലേയ്ക്കോ ജലസ്രോതസ്സുകളിലേയ്ക്കോ വലിച്ചെറിയുകയോ അനുവദനീയമല്ലാത്ത വിധം കുഴിച്ചു മൂടുകയോ ചെയ്താൽ പരിസ്ഥിതി സംരക്ഷണ നിയമം 1986 പ്രകാരം 5 വർഷം നീളാവുന്ന തടവോ, ഒരുലക്ഷം രൂപ വരെ പിഴയോ, രണ്ടും കൂടിയോ ശിക്ഷിക്കാവുന്നതാണ്.

(ബി) വേമ്പനാട്ടുകായലിന്റെ തെക്കൻപ്രദേശത്തെ ചില ഭാഗങ്ങൾ രണ്ട് പതിറ്റാണ്ടിനുള്ളിൽ അപ്രത്യക്ഷമാകാം എന്ന നിരീക്ഷണം കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസിന്റെ വേമ്പനാട് കായലിന്റെ തെക്കൻഭാഗവും (ആലപ്പുഴ മുതൽ തണ്ണീർമുക്കം വരെ) മധ്യഭാഗവും (തണ്ണീർമുക്കം മുതൽ കൊച്ചി ബാർ മൗത്ത് വരെ) ചേർത്ത് നടത്തിയ പഠനത്തിന്റെ ('Long term changes in Vembanadu Lake and its systems') പ്രാഥമിക നിരീക്ഷണമായി പുറത്തുവന്നിട്ടുണ്ട്. ദീർഘകാലമായുള്ള സിൽറ്റേഷനും (ചെളി അടിയൽ) അതോടൊപ്പം വൻതോതിൽ പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും വന്ന് അടിഞ്ഞുകൂടിയതും ഇതിന്റെ കാരണമായി നിരീക്ഷിക്കുന്നു. വേമ്പനാട് കായലിന്റെ ഉപരിതല വിസ്തീർണ്ണവും ആഴവും കുറയുന്നതാണ് കുട്ടനാട് പ്രദേശത്തിലെ വെള്ളപ്പൊക്കം രൂക്ഷമാകുന്നതിന്റെ പ്രധാനകാരണം.

സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കിയ 'Special Package for Post Flood Kuttanad - October 2019' എന്ന റിപ്പോർട്ടിൽ വേമ്പനാട് കായൽ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ഊന്നി പറഞ്ഞിട്ടുണ്ട്. ആയതിനുവേണ്ടി 'Room for Vembanad' എന്ന ആക്ഷൻ പ്ലാൻ തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വേമ്പനാട് തണ്ണീർത്തടത്തിന്റെ ചുറ്റളവിൽ Temporal satellite images, drone based images എന്നിവ ഉപയോഗിച്ച് ഒരു പ്രാഥമിക പഠനം നിർദ്ദേശിച്ചിട്ടുണ്ട്. ഇങ്ങനെ വേമ്പനാട് കായലിന്റെ അതിര് നിർണ്ണയിച്ചശേഷം ഭാവിയിൽ കയ്യേറ്റം തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് ആസൂത്രണ കമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്നു. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജലാശയങ്ങളുടെ സംരക്ഷണത്തിനായി ജലസേചനം, ഫിഷറീസ്, റവന്യൂ, ഇൻലാന്റ് നാവിഗേഷൻ, പരിസ്ഥിതി, തദ്ദേശസ്വയംഭരണം തുടങ്ങി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചാൽ മാത്രമേ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സാധ്യമാകുകയുള്ളൂ.

ഡോ. എം. കെ. മുനീർ: സർ, കായലുകളും നദികളും ജലവിഭവ വകുപ്പുമന്ത്രിയുടെ പരിധിയിലാണെങ്കിലും പരിസ്ഥിതി സംരക്ഷണം വരുന്നത് മുഖ്യമന്ത്രിയുടെ കീഴിലാണ്. മാലിന്യങ്ങൾ വന്ന് പരിസ്ഥിതി തകർക്കപ്പെടുന്ന സാഹചര്യമുണ്ടാകുമ്പോൾ ഈ രണ്ടുവകുപ്പുകളുടെയും ഏകീകരണമില്ലായ്മമൂലം പല ശിപാർശകളും പ്രാവർത്തികമാക്കാൻ സാധിക്കാത്തൊരു അവസ്ഥയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടി ഇതിലിടപെട്ട് മറുപടി നൽകേണ്ടതാണെന്ന് എനിക്ക് തോന്നുന്നു.

കേരളത്തിലെ റാംസർ സൈറ്റായി പ്രഖ്യാപിക്കപ്പെട്ട വേമ്പനാട്ടുകായലിനെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ പരിമിതമായ ഫണ്ട് തികയാതെ വരുന്ന സാഹചര്യത്തിൽ ഐക്യരാഷ്ട്ര സംഘടനയുൾപ്പെടെയുള്ള സംഘടനകളുടെ ധനസഹായം ലഭിക്കുന്നതിനുവേണ്ടി പ്രോജക്ടുകൾ തയ്യാറാക്കി നൽകുന്നതിന് ശ്രീ. മുല്ലക്കര രത്നാകരൻ ചെയർമാനായ, പരിസ്ഥിതി സംബന്ധിച്ച സമിതി 2018 ജൂൺ 21-ന് ശിപാർശ ചെയ്തിരുന്നു. ഇത്തരത്തിൽ കേന്ദ്രസർക്കാരിന്റെയോ ഐക്യരാഷ്ട്രസംഘടനയുടെ പരിസ്ഥിതി വിഭാഗത്തിന്റെയോ ധനപരമോ സാങ്കേതികമോ ആയ സഹായങ്ങൾക്ക് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എല്ലാ വകുപ്പുകളേയും വിളിച്ചുചേർത്ത് കോ-ഓർഡിനേഷൻ കമ്മിറ്റിയുണ്ടാക്കാനുള്ള ശ്രമം നടത്തുന്നതാണ്. അങ്ങനെ വരുമ്പോൾ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. ഇതിൽ രണ്ട് പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്. പിന്നീട് വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

ഡോ. എം. കെ. മുനീർ: സർ, ഭാരതപ്പുഴയുമായി ബന്ധപ്പെട്ട് 2017 ആഗസ്റ്റ് 23-ന് നിയമസഭാ പരിസ്ഥിതി സമിതി മറ്റൊരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിൽ, ഭാരതപ്പുഴയുടെ മലിനീകരണം തടയുന്നതിനും നദിയെ ശാസ്ത്രീയമായ രീതിയിൽ സംരക്ഷിക്കുന്നതിനും ജനപ്രതിനിധികളെയും ഈ മേഖലയിലെ വിദഗ്ദ്ധരെയും ഉൾപ്പെടുത്തി വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കി സോഷ്യൽ ആഡിറ്റ് സാധ്യമാക്കത്തക്കനിലയിൽ സവിശേഷമായ അധികാരത്തോടുകൂടി ഭാരതപ്പുഴ സംരക്ഷണ അതോറിറ്റി രൂപീകരിക്കണമെന്നും നാഷണൽ റിവർ നെറ്റ്‌വർക്കിലുൾപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്നും പറഞ്ഞിരുന്നു. ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരം പറയാൻ എഴുന്നേറ്റതായാണ് ഞാൻ കണ്ടത്. അദ്ദേഹത്തിന് ഇതിൽ കൃത്യമായ വികാരമുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു.

മി. സ്പീക്കർ: അദ്ദേഹത്തിന് മാറിപ്പോയതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഉദ്യോഗസ്ഥ തലത്തിൽ പ്രാഥമിക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നാഷണൽ ലെവലിലുള്ള നിയമവുമായി ബന്ധപ്പെടുത്തി ഇക്കാര്യം എങ്ങനെ ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, നേരത്തേ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ഐക്യരാഷ്ട്രസഭ റാംസർ സൈറ്റുകളായി പ്രഖ്യാപിച്ച സംരക്ഷിക്കപ്പെടേണ്ട ജലാശയങ്ങളിൽ, വേമ്പനാട്ടുകായലും ശാസ്താംകോട്ടക്കായലും അഷ്ടമുടിക്കായലുമാണ് കേരളത്തിലുള്ള പ്രധാന ജലസ്രോതസ്സുകൾ. ഇവയുടെ ആഴം കുറയുന്നു, വിസ്തൃതി കുറയുന്നു, മലിനമാകുന്നു എന്നീ മൂന്ന് ഇഷ്യൂസുണ്ട്. അതിനുകാരണം മാലിന്യം നിക്ഷേപിക്കുന്നതുമാത്രമല്ല, കയ്യേറ്റവും പ്രധാനപ്പെട്ട വിഷയമാണ്. കായൽ കയ്യേറി കൈവശപ്പെടുത്തുന്നതും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതും കെട്ടിടങ്ങൾ പൊളിച്ചതിന്റെ അവശിഷ്ടങ്ങൾ കൊണ്ടിടുന്നതും വലിയ പ്രശ്നമാണ്. പത്ത് നദികൾ വന്നുചേരുന്ന വേമ്പനാട്ടു കായൽ നശിച്ചുകൊണ്ടിരിക്കുകയാണെന്ന് എല്ലാവരും പറയുന്നു. വേമ്പനാട്ടുകായൽ നശിച്ചുപോയാൽ കേരളത്തിന്റെതന്നെ നാശമായിരിക്കും ഉണ്ടാകാൻ പോകുന്നത്. ഈ കായൽ സംരക്ഷിക്കാൻവേണ്ടി ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നറിയേണ്ടതുണ്ട്. അതുപോലെ ഒറ്റ വാക്കുകൂടി പറഞ്ഞിട്ട് ഞാൻ നിർത്താം. ഇത് അടുത്ത വർഷം ചോദിക്കേണ്ട ചോദ്യമാണ്. മരട് ഫ്ലാറ്റ് ഇപ്പോൾ പൊളിക്കാൻ പോകുകയാണ്. പൊളിച്ച അവശിഷ്ടങ്ങൾ എവിടെ നിക്ഷേപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അതും ശ്രീ. കെ. കൃഷ്ണൻകുട്ടി മിനിസ്റ്ററുടെ വകുപ്പിൽത്തന്നെ ഇടുമോ അതോ പുറത്തിടുമോയെന്നറിഞ്ഞുകൂടാ. അതിനുള്ള തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ വിവരം അറിയിക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കായലിന്റെ ചെളിയും മണ്ണും എടുക്കാൻ പരിസ്ഥിതി വകുപ്പിന്റെ അനുമതികൂടി കിട്ടിയാലേ സാധിക്കുകയുള്ളൂ. പുഴയിലും ഡാമിലുമുള്ള അവശിഷ്ടങ്ങൾ എടുക്കാനുള്ള തീരുമാനമായിട്ടുണ്ട്. കയ്യേറ്റങ്ങൾ തടയാൻവേണ്ടി നല്ലരീതിയിലുള്ള ഇടപെടൽ നടത്തുന്നുണ്ട്. കയ്യേറ്റങ്ങൾ എത്രയുംവേഗം ഒഴിപ്പിക്കാനുള്ള ശ്രമവും നടത്താം. അവസാനം ചോദിച്ചത് മരടിലെ ഫ്ലാറ്റുകളുടെ കാര്യമാണ്. അതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. തീർച്ചയായിട്ടും ജലാശയങ്ങളിൽ കൊണ്ടിടുന്ന പ്രശ്നമുണ്ടാകില്ല.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, നദികൾക്ക് കുറുകെ ജലസേചന വകുപ്പ് നിർമ്മിക്കുന്ന നിർമ്മിതികളുമായി ബന്ധപ്പെട്ട് അവിടെ അടിഞ്ഞുകൂടുന്ന മണലും എക്കലും മറ്റുവസ്തുക്കളും നീക്കം ചെയ്യുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. കഴിഞ്ഞ രണ്ട് പ്രളയത്തിലും എന്റെ

നിയോജകമണ്ഡലത്തിലെ നൃക്കട്ട് കനാലിൽ വലിയ മരങ്ങളും മറ്റ് സാധനങ്ങളും വന്നടിഞ്ഞ് നീരൊഴുക്ക് തടഞ്ഞതിന്റെ ഭാഗമായാണ് പ്രളയമുണ്ടായത്. പ്രളയമുണ്ടായപ്പോൾ അവിടത്തെ നാട്ടുകാരും മറ്റ് സന്നദ്ധ സംഘടനകളും കൂടിയാണ് മരങ്ങൾ മുറിച്ചുമാറ്റാനുള്ള നടപടികൾ സ്വീകരിച്ചത്. ഓരോ വർഷവും മൺസൂൺ ആരംഭിക്കുന്നതിന് മുമ്പുതന്നെ ഇങ്ങനെയുള്ള കാര്യങ്ങൾ നീക്കം ചെയ്യാൻവേണ്ടി വകുപ്പിന് മുൻകൂട്ടി നിർദ്ദേശങ്ങൾ നൽകുകയും അതോടൊപ്പം പ്രളയമുണ്ടാകുമ്പോൾ വെള്ളം കെട്ടി നിൽക്കുന്നുവെന്ന് ബോദ്ധ്യപ്പെട്ടാൽ അത് നീക്കംചെയ്യാനുള്ള നടപടികളും വകുപ്പ് സ്വീകരിക്കണം. ഇല്ലെങ്കിൽ പ്രളയത്തിനുശേഷം ധാരാളം വീടുകളും സ്വത്തുക്കളും നഷ്ടപ്പെട്ടതിനു ശേഷമായിരിക്കും ഈ കാര്യങ്ങൾ ചെയ്യുന്നത്. രണ്ടുവർഷവും എന്റെ നിയോജകമണ്ഡലത്തിൽ ഈ പ്രശ്നങ്ങളുണ്ടായതുകൊണ്ടാണ് ഞാൻ ഈ കാര്യം പ്രത്യേകമായി പറഞ്ഞത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രളയത്തിന്റെ അനുഭവംവച്ച് മുൻകരുതൽ നടപടികൾ സ്വീകരിക്കാനും പ്രളയശേഷം അടിഞ്ഞ മണ്ണും ചെളിയും നീക്കംചെയ്യാനുമുള്ള തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. രാജു എബ്രഹാം: സർ, പമ്പാ റിവർ ആക്ഷൻ പ്ലാൻ വേമ്പനാട് കായലിനെക്കൂടി രക്ഷപ്പെടുത്താൻവേണ്ടി ദീർഘവീക്ഷണത്തോടുകൂടി വിഭാവനം ചെയ്തതാണ്. പക്ഷേ പമ്പാ ആക്ഷൻ പ്ലാൻ ഇന്ന് മരണക്കിടക്കയിലാണ്. ഇത് പുനരുജ്ജീവിപ്പിക്കാനും കേരളത്തിന്റെ ആദ്യത്തെ റിവർ ആക്ഷൻ പ്ലാൻ എന്ന പേരും പ്രശസ്തിയും നേടിയെടുക്കാനും അങ്ങ് ഉന്നതതലയോഗം വിളിച്ചുകൂട്ടി അടിയന്തര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ,

1. പമ്പാനദിയുടെ മാലിന്യനിർമ്മാർജ്ജനത്തിനുള്ള കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതിയാണ് പമ്പാ ആക്ഷൻ പ്ലാൻ;
2. ആക്ഷൻ പ്ലാൻ ഒന്നാംഘട്ടത്തിനായി നാഷണൽ റിവർ കൺസർവേഷൻ ഡയറക്ടറേറ്റിൽനിന്നും 2003-ൽ 18.45 കോടി രൂപയുടെ അംഗീകാരം നൽകിയിരുന്നു;
3. പദ്ധതിയുടെ പ്രവൃത്തികളുടെ നിർവ്വഹണം ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവർക്കായിരുന്നതും കേരള വാട്ടർ അതോറിറ്റിയെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയതുമാണ്;

4. പദ്ധതികൾക്കായി നാളിതുവരെ കേന്ദ്രവിഹിതമായ 7.75 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്. 31-5-2017-വരെയുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആകെ 33.69 കോടി രൂപ ചെലവായിട്ടുണ്ട്. ഉന്നതതലയോഗം വിളിച്ചുകൂട്ടുന്ന കാര്യത്തെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കഴിഞ്ഞ സഭാ സമ്മേളനത്തിൽ ഞാനിവിടെ ഉന്നയിച്ച വിഷയമാണിത്. എന്റെ നിയോജകമണ്ഡലത്തിലെ കരുവാരക്കുണ്ട് പഞ്ചായത്തിലെ ഒലിപ്പുഴ മണ്ണും ചെളിയും നിറഞ്ഞ് പൂർണ്ണമായി മൂടിക്കഴിഞ്ഞു. ഗവൺമെന്റ് അമ്പത്തിയഞ്ച് ലക്ഷം രൂപയ്ക്കാണ് മണൽ നീക്കം ചെയ്യാൻ ടെണ്ടർ കൊടുത്തത്. അപ്പോൾ അത് എത്രമാത്രമായിരുന്നുവെന്ന് ആലോചിക്കണം. മണലിന്റെ വിലയല്ല; മണൽ നീക്കം ചെയ്യുന്നതിനാണ് അമ്പത്തിയഞ്ച് ലക്ഷം രൂപയ്ക്ക് ടെണ്ടർ കൊടുത്തത്. പക്ഷേ അതിന്റെ നടപടിക്രമങ്ങളെല്ലാം കഴിഞ്ഞപ്പോൾ പത്തുശതമാനംപോലും മണൽ നീക്കം ചെയ്തിട്ടില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. അതിനുമുമ്പ് വീണ്ടും മഴ പെയ്തു. മണൽ വീണ്ടും നിറഞ്ഞുകവിഞ്ഞു. ഇത് എത്രയും വേഗം ഒഴിവാക്കിയില്ലെങ്കിൽ ഒരു മഴ പെയ്തുകഴിഞ്ഞാൽ പുഴ കരകവിഞ്ഞ് ആ പ്രദേശത്തെ വീടുകളിലേയ്ക്ക് വെള്ളം കയറുന്ന സാഹചര്യമാണുണ്ടാകുന്നത്. മണൽ നീക്കം ചെയ്യുന്നതിന് കഴിഞ്ഞ കാലത്ത് റവന്യൂ വകുപ്പുമന്ത്രി നിർദ്ദേശം കൊടുത്തിരുന്നു. ഇപ്പോൾ ഏതാണ്ട് അമ്പതുകോടി രൂപ അതിനായി നീക്കിവച്ചിട്ടുണ്ടെന്ന് പറഞ്ഞു. ഇത് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അതിന് നിർദ്ദേശം നൽകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രളയത്തിൽ വന്നടിഞ്ഞ മണ്ണും ചെളിയും നീക്കം ചെയ്യാൻ ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ചീഫ് സെക്രട്ടറിയുടെ ചുമതലയിൽ രണ്ട് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പൊന്നാനി-ചാവക്കാട് കനോലി കനാൽ ഈ ഗവൺമെന്റ് വന്നശേഷം സിയാലിന്റെ നേതൃത്വത്തിൽ നല്ല രീതിയിൽ ക്ലീൻ ചെയ്തതുമൂലം ഇത്തവണത്തെ പ്രളയത്തിൽ പുഴയിലൂടെ വെള്ളം കടലിലേയ്ക്ക് നല്ല രീതിയിൽ ഒഴുകുന്നതിന് സഹായകരമായി. ഒരു പ്രശ്നം, ചേറ്റുവ അഴിമുഖത്ത് പ്രളയത്തിനുശേഷം ധാരാളം മണൽത്തിട്ടകൾ രൂപംകൊണ്ടിട്ടുണ്ടെന്നുള്ളതാണ്. അഴിമുഖങ്ങളിൽ രൂപംകൊള്ളുന്ന മണൽത്തിട്ടകൾ നീക്കം ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പദ്ധതികൾ ആവിഷ്കരിക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ........ ഓർഡർ........... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണം

4 (*364) ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനി ജന്മരക്ഷാ പദ്ധതി ഉൾപ്പെടെ പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണത്തിനായി നടത്തിവരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശിശു മാതൃ മരണ നിരക്ക് കുറയ്ക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) പ്രാക്തന ഗോത്രങ്ങളിൽപ്പെട്ടവരുടെ ജനസംഖ്യയിലുണ്ടാകുന്ന കുറവ് കണക്കിലെടുത്ത് ഇവരുടെ ഇടയിലെ രോഗാതുരതയും മരണനിരക്കും കുറച്ചുകൊണ്ടുവരുന്നതിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഉള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ;

(ഡി) പട്ടികവർഗ ആശ്വാസ നിധിയിൽ നിന്ന് എന്തെല്ലാം സഹായം നൽകിവരുന്നു എന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ)

- പട്ടികവർഗ്ഗക്കാരായ ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായാണ് "ജനനീ-ജന്മരക്ഷാ" പദ്ധതി നടപ്പിലാക്കുന്നത്. ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ കുഞ്ഞിന് ഒരു വയസ് തികയുംവരെ പ്രതിമാസ ധനസഹായം നൽകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിമാസ ധനസഹായം 1000 രൂപയിൽനിന്നും 2000 രൂപയായി വർദ്ധിപ്പിച്ചു. ഇതുവരെ 38140 പേർക്കായി 50.35 കോടി രൂപ ഈ പദ്ധതി പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്.

- സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി പ്രകാരം 95,000 പേർക്ക് 88.24 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 9.54 കോടി രൂപ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുമാണ് ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുള്ളത്.

- പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 5 അലോപ്പതി ഒ.പി.ക്ലിനിക്കുകളും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും 4 ANM (Auxiliary Nurse & Midwifery Centre) സെന്ററുകളും ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രിയും പ്രവർത്തിക്കുന്നു. വകുപ്പിനു കീഴിൽ 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും വകുപ്പിന്റെ ഫണ്ടുപയോഗിച്ച് KMSCL (Kerala Medical Services Corporation Ltd.) ന് കീഴിൽ വിവിധ ജില്ലകളിലായി 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനത്തിനായി നാളിതുവരെ 663.78 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

- മെഡിക്കൽ കോളേജുകളിലും ജില്ലാ-താലൂക്ക് ആശുപത്രികളിലുമായി 140 പട്ടികവർഗ്ഗ ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ വയനാട് ജില്ലയിൽ 6 ആംബുലൻസുകളുടെ സേവനം ലഭ്യമാക്കുന്നു.

- സിക്കിൾസെൽ അനീമിയ രോഗികൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനസഹായം 2000 രൂപയിൽനിന്നും 2500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2838 പേർക്ക് 6.88 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശിശു-മാതൃ മരണ നിരക്ക് കുറയ്ക്കുന്നതിനുമായി ജനനീ ജന്മരക്ഷ പദ്ധതി കൂടാതെ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- വർഷകാലത്തും പഞ്ഞ മാസങ്ങളിലും ഭക്ഷ്യ സഹായ പദ്ധതി, ഓണക്കാലത്ത് ഓണക്കിറ്റ് വിതരണം എന്നിവ നടപ്പിലാക്കുന്നു. ഈ സാമ്പത്തികവർഷം 25 കോടി രൂപ ഇതിനായി വകയിരുത്തി. ഭക്ഷ്യസഹായ പദ്ധതിയുടെ ആനുകൂല്യം 80,606 പേർക്ക് ലഭിച്ചു. 1,60,090 പേർക്ക് ഓണക്കിറ്റ് വിതരണം നടത്തി.

- അട്ടപ്പാടിയിലും വയനാട് ജില്ലയിലെ തിരുനെല്ലി, നൂൽപ്പുഴ, കണിയാമ്പറ്റ എന്നീ പഞ്ചായത്തുകളിലും 22.21 കോടി രൂപ ചെലവഴിച്ച് പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കുന്നു.

- അട്ടപ്പാടിമേഖലയിൽ പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി 3 NRC കൾ (Nutrition Rehabilitation Centre) പ്രവർത്തിക്കുന്നു.

- അട്ടപ്പാടിയിൽ കൃഷി വകുപ്പുമായി ചേർന്ന് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 6.87 കോടി രൂപ ചെലവഴിച്ച് മില്ലറ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കുന്നു.

- പട്ടികവർഗ്ഗക്കാരുടെയും വകുപ്പിനുകീഴിലെ വിവിധ ഫാമുകളുടെയും കൈവശമുള്ള ഭൂമിയിൽ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടിക വർഗ്ഗക്കാർക്കായുള്ള വരുമാന ദായക കാർഷിക ഉദ്യമം പദ്ധതി നടപ്പിലാക്കുന്നു. ആദ്യഘട്ടമായി അട്ടപ്പാടിയിൽ ധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിന് 1.56 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.

- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1.81 കോടി രൂപ അനുവദിച്ചു. കൂടാതെ ഈ ആശുപത്രിയിൽ പട്ടികവർഗ്ഗക്കാർക്ക് സൗജന്യചികിത്സ ലഭ്യമാക്കുന്നതിന് 4.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

- അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിനുകീഴിൽ പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുമായി ചേർന്ന് 12.50 കോടി രൂപ ചെലവിൽ സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ, ലബോറട്ടറി ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ എന്നിവ ഇ.എം.എസ്. സഹകരണ ആശുപത്രിയിൽനിന്നും ലഭ്യമാകുന്നു.

- സാമൂഹ്യനീതി വകുപ്പിനുകീഴിൽ അങ്കണവാടി മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. പ്രീസ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി സഫല കിറ്റുകൾ വിതരണം ചെയ്യുന്നു. പോഷകക്കുറവുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം നടത്തി വരുന്നു. കുട്ടികൾക്കായി 'അമൃതം' ന്യൂട്രീമിക്സ് വിതരണം നടത്തുന്നു. ആരോഗ്യ വകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യുന്നു.

- ശിശുമരണങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് വകുപ്പുകളുമായി ചേർന്നുള്ള യോജിച്ച പ്രവർത്തനത്തിലൂടെ ശിശുമരണം 2019-ൽ 5 ആയി കുറയ്ക്കാൻ കഴിഞ്ഞു. 2013-ൽ ശിശുമരണങ്ങൾ സംഭവിച്ചിട്ടുണ്ടായിരുന്നു. ഇത് ഗണനീയമായി ഓരോ വർഷവും കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. കൂടാതെ അബോർഷൻ കേസ്സുകൾ 77-ൽ നിന്ന് 16 ആയും ഗർഭസ്ഥ ശിശുമരണം 18-ൽനിന്ന് 2 ആയും ഹോം ഡെലിവറി 64-ൽ നിന്ന് ഒന്നായും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്

(സി)

- സംസ്ഥാനത്തെ ഇരുപത്തി ആറായിരത്തോളം വരുന്ന പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാരായ കാടർ, കുറുമ്പർ, കൊറഗർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ വിഭാഗങ്ങളുടെ ക്ഷേമത്തിനും സമഗ്ര പുരോഗതിക്കുംവേണ്ടി നടപ്പിലാക്കിയിട്ടുള്ള പി.വി.ടി.ജി. പദ്ധതിയിൽ ഈ വിഭാഗത്തിന്റെ ആരോഗ്യ, ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് മാത്രമായി 20,94,32,329 രൂപ ചെലവഴിച്ചിട്ടുണ്ട്. ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം, ഹെൽത്ത് വോളന്റിയർമാരുടെ സേവനം, മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ, ഫുഡ് സപ്പോർട്ട് പ്രോഗ്രാം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

- കൂടാതെ പ്രസ്തുത വിഭാഗത്തിന്റെ ജീവനോപാധി പദ്ധതി പ്രവർത്തനങ്ങൾ ഉൾപ്പെടെ നടത്തുന്നതിനായി 7 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

- പ്രത്യേക ദുർബ്ബല ഗോത്രവിഭാഗങ്ങളോടൊപ്പംതന്നെ പരിഗണിക്കപ്പെടേണ്ട അടിയർ, പണിയർ, അരനാടർ, മലപണ്ടാരം, ഹിൽപുലയൻ വിഭാഗങ്ങളുടെ പുരോഗതിക്കായി അടിയ, പണിയ പാക്കേജ് പദ്ധതി നടപ്പിലാക്കുന്നു.

ഇതിൽ വിദ്യാഭ്യാസ-ജീവനോപാധി പദ്ധതികൾക്ക് പ്രാമുഖ്യം നൽകുന്നു. പദ്ധതിയുടെ ആനുകൂല്യം പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങൾക്കുകൂടി ലഭ്യമാകുന്നു. നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

(ഡി) പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാനദായകനായ വ്യക്തി അപകടമരണത്തിന് ഇരയാകുക, അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുക, മാരക രോഗങ്ങളാൽ ചികിത്സയിൽ കഴിയുക, തീപിടുത്തം, പ്രകൃതിക്ഷോഭം എന്നിവമൂലം വസ്തുവകകൾക്ക് നാശനഷ്ടമുണ്ടാകുക തുടങ്ങിയവയ്ക്കാണ് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നത്. ഇപ്രകാരം കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവർക്ക് പരമാവധി ഒരു ലക്ഷം രൂപവരെ ധനസഹായമായി അനുവദിക്കുന്നു.

## ജലനയ പരിഷ്കരണം

5(*365) ശ്രീ. വി. കെ. സി. മമ്മത് കോയ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധമായ കുടിവെള്ളം സംസ്ഥാനത്തുള്ള എല്ലാവരുടെയും അവകാശമാക്കിത്തീർക്കുകയെന്ന ലക്ഷ്യത്തോടെ ജലനയം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ജൽജീവൻമിഷനിലൂടെ സംസ്ഥാനത്തിന് എന്തൊക്കെ പ്രയോജനങ്ങൾ ലഭിക്കാനിടയുണ്ടെന്ന് അറിയിക്കാമോ; ഇതിനുവേണ്ട പദ്ധതികൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; അവയുടെ വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്തെ വിവിധ നദികളുടെ സംരക്ഷണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനും പദ്ധതിയുണ്ടോ; പമ്പ ആക്ഷൻ പ്ലാൻ രണ്ടാംഘട്ടത്തിന്റെ പുരോഗതിയെക്കുറിച്ച് അറിയിക്കാമോ;

(ഡി) നദികൾ, തോടുകൾ, കുളങ്ങൾ, കിണറുകൾ തുടങ്ങിയവയുടെ പുനരുദ്ധാരണത്തിന് ഹരിത കേരളം മിഷന്റെ ഭാഗമായി നടത്തിവരുന്ന പ്രവർത്തനത്തെക്കുറിച്ച് അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) സംസ്ഥാനത്ത് ജലനയം നിലവിൽ വന്നത് 2008-ലാണ്. അതിനുശേഷം കേന്ദ്ര ഗവൺമെന്റ് 2012-ൽ ദേശീയ ജലനയം പ്രസിദ്ധീകരിക്കുകയും ഇത് നിലവിൽ വരുത്തുന്നതിനായി National Water Frame Work Law തയ്യാറാക്കുകയും ചെയ്തു. ദേശീയതലത്തിൽ ഇത്തരമൊരു മാറ്റം വന്നതുകാരണവും 2008-നുശേഷം ജലവിഭവശേഷി ആസൂത്രണത്തിലും വിനിയോഗത്തിലും സംസ്ഥാനത്തുണ്ടായ മാറ്റം കണക്കിലെടുത്തും 2008-ലെ സംസ്ഥാന ജലനയം പരിഷ്കരിക്കുവാൻ ഗവൺമെന്റ് തീരുമാനിക്കുകയും പുതിയ ജലനയം തയ്യാറാക്കുന്നതിലേയ്ക്കായി G.O.(Rt)No.922/2017/WRD എന്ന 14-11-2017-ലെ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്യുകയുണ്ടായി. ഇത്തരത്തിൽ ജലനയം രൂപീകരിക്കുവാനുള്ള നടപടികൾ പുരോഗമിക്കവെയാണ് 2018-ൽ ഉണ്ടായ മഹാപ്രളയം മറ്റെല്ലാ മേഖലകളെയുമെന്നപോലെ ജലവിഭവ മേഖലയെയും സാരമായി ബാധിച്ചത്. പ്രളയാനന്തര അവലോകനത്തിന്റെ അടിസ്ഥാനത്തിൽ പ്രളയത്തിന്റെ അനുഭവംകൂടി കണക്കിലെടുത്ത് ദുരന്ത പ്രതിരോധ ശേഷിയുള്ളതും കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ പ്രാപ്തമായതും ശുദ്ധജലവിതരണ രംഗത്തും ശുചിത്വ മേഖലയിലും സേവനത്തിന്റെ ഗുണനിലവാരവും കാര്യക്ഷമതയും സാമ്പത്തിക സുസ്ഥിരതയും സുതാര്യതയും ഉറപ്പുവരുത്തുവാൻപോന്നതുമായ ഒരു വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ പോളിസി തയ്യാറാക്കുന്നതിലേയ്ക്കായി ഒരു സംസ്ഥാനതല കമ്മിറ്റി 30-4-2019-ലെ G.O.(Rt)No.303/2019/WRD പ്രകാരം രൂപീകരിച്ചിട്ടുണ്ട്. 2019 ഡിസംബർ 31-നകം കമ്മിറ്റി അവരുടെ ശിപാർശകൾ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ ജലനയം പരിഷ്കരിക്കുന്ന അവസരത്തിൽ ശുദ്ധമായ കുടിവെള്ളം സംസ്ഥാനത്തുള്ള എല്ലാവരുടെയും അവകാശമാക്കുന്ന കാര്യവും പരിഗണിക്കുന്നുണ്ട്.

(ബി) ഭാരതത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും പൈപ്പിലൂടെ കുടിവെള്ളം എത്തിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ജൽജീവൻ മിഷൻ പദ്ധതി പൂർണ്ണ തോതിൽ നടപ്പാക്കുമ്പോൾ ഗ്രാമീണ മേഖലയിലെ ഭൂരിപക്ഷം ഭവനങ്ങൾക്കും പൈപ്പിലൂടെ കുടിവെള്ളം എത്തിക്കാൻ കഴിയും. പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ ഗ്രാമീണമേഖലയിൽ സുരക്ഷിതമായ കുടിവെള്ള സ്രോതസ്സുകൾ കണ്ടെത്തുക, ആവശ്യമായ സ്ഥലങ്ങളിൽ വിതരണശൃംഖല ദീർഘിപ്പിക്കുക, വിതരണശൃംഖല ഇല്ലാത്ത പ്രദേശങ്ങളിൽ പുതുതായി വിതരണശൃംഖല സ്ഥാപിക്കുക, നിലവിൽ പദ്ധതികളൊന്നും ഇല്ലാത്ത പ്രദേശങ്ങളിൽ പുതിയ പദ്ധതികൾ ആരംഭിക്കുക എന്നീ പ്രവൃത്തികൾ ഏറ്റെടുത്ത്

നടപ്പിലാക്കേണ്ടതുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് പ്രതീക്ഷിക്കുന്നു. ജൽജീവൻ മിഷനിലുൾപ്പെടുത്തി പുതിയ പദ്ധതികൾക്ക് അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച വിവരങ്ങൾ പദ്ധതിയുടെ മാർഗ്ഗരേഖ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചാൽ മാത്രമേ ലഭ്യമാക്കാൻ കഴിയൂ. മാർഗ്ഗരേഖ കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുവാൻ കഴിയും.

(സി) ഉണ്ട്. സംസ്ഥാനത്തെ നദികളും ജലസ്രോതസ്സുകളും പൊതുവിൽ പലവിധത്തിലുള്ള മലിനീകരണത്തിന് വിധേയമാണെന്ന് വിവിധ പഠനങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുള്ള കാര്യം പരിഗണിച്ചും ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലും കേരളത്തിലെ 21 നദികളിലെ 21 നദീഭാഗങ്ങൾ മാലിന്യമുക്തമാക്കുന്നതിനുള്ള പ്രത്യേക ആക്ഷൻ പ്ലാൻ വിവിധ ഏജൻസികൾ/ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടെ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡാണ് ഈ പ്രവർത്തനം കോ-ഓർഡിനേറ്റ് ചെയ്യുന്നത്.

പമ്പാ ആക്ഷൻ പ്ലാൻ രണ്ടാം ഘട്ട പ്രവൃത്തികളുടെ 1607 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഹരിത കേരളം മിഷന്റെ മേൽനോട്ടത്തിൽ ജലസംരക്ഷണവും ജലസുരക്ഷയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി പുഴകളുടെ പുനരുജ്ജീവനം, ജലത്തിന്റെ അളവ് നിശ്ചയിക്കാൻ സ്കെയിൽ സ്ഥാപിക്കൽ, ജലബജറ്റ് തയ്യാറാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. പ്രാദേശിക ജലസ്രോതസ്സുകളേയും കനാലുകളേയും പാറമടകളേയും ജലക്ഷാമം പരിഹരിക്കുന്നതിനായി ഉപയോഗിക്കുകയെന്ന ലക്ഷ്യത്തോടെ ജലസേചന ഫോക്കസ് ഗ്രൂപ്പ് സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുണ്ട്. റീചാർജ്ജിംഗ് നടത്തി വീണ്ടെടുക്കേണ്ട കിണറുകൾ കണ്ടെത്തി ഈ കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. ജലസ്രോതസ്സുകളെ കാര്യക്ഷമമാക്കി സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെ ഗ്രാമ പഞ്ചായത്ത് തലത്തിൽ ജലസേചന വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറായ സാങ്കേതിക സമിതികൾ രൂപീകരിച്ച് ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി നീർത്തട പ്ലാനുകൾ രൂപപ്പെടുത്തിയിട്ടുണ്ട്. 913 ഗ്രാമപഞ്ചായത്തുകളുടെ നീർത്തട പ്ലാൻ ഇതിനകം പൂർത്തിയായിട്ടുണ്ട്. റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി തയ്യാറാക്കിയിട്ടുള്ള പ്ലാനിൽ പുനരുദ്ധാരണം/സംരക്ഷണം ആവശ്യമുള്ള വിവിധ ജലസ്രോതസ്സുകൾ മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്.

## പട്ടിക വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ

6(*366) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി 2019-20 ൽ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പ്ലാൻ ഫണ്ടിൽ ഗണ്യമായ വെട്ടിക്കുറവ് വരുത്തേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) ഇത് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പദ്ധതി നിർവ്വഹണത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) 2018-19 സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ എന്ത് വെട്ടിക്കുറവാണ് വരുത്തിയത്; ഇതുമൂലം ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ സാധിക്കാതെ വന്നത്; വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടിക വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി 2019-20 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിന് കീഴിൽ കഴിഞ്ഞ 10 വർഷക്കാലത്തിനിടയിൽ വകുപ്പു മുഖേനയും വിവിധ ഏജൻസികൾവഴിയും സ്വന്തമായും ഭവന നിർമ്മാണം ഏറ്റെടുത്തിട്ട് പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് 1.50 ലക്ഷം രൂപവരെ നൽകി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

- എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഒരു വെബ്സൈറ്റിലൂടെ വിതരണം ചെയ്യുവാൻ പദ്ധതി ആരംഭിച്ചു.
- പുതിയ രണ്ട് എം.ആർ.എസുകൾ (പെരിങ്ങോം, മരുതോങ്കര) ആരംഭിക്കുന്നതിന് അനുമതി നൽകി.

- പാലക്കാട് വടക്കഞ്ചേരിയിൽ പുതിയ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു.
- കോഴിക്കോട് ജില്ലയിലെ തൂണേരിയിൽ ഐ.റ്റി.ഐ.-ക്ക് കെട്ടിടം പണിയുന്നതിന് സ്ഥലം വാങ്ങി.
- ഓരോ നിയമസഭാമണ്ഡലത്തിലും കുറഞ്ഞത് 30 പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന ഓരോ പട്ടികജാതി കോളനികളെ അംബേദ്കർ ഗ്രാമങ്ങളായി തെരഞ്ഞെടുക്കുവാൻ നടപടി സ്വീകരിച്ചു.

2019-20 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച് ചുവടെ ചേർക്കുന്നു.

- <u>പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം:-</u>

പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിലുള്ള പ്രദേശത്ത് കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുകയും ഇതിലൂടെ സുസ്ഥിരമായ വരുമാനദായക സാധ്യതകൾ സൃഷ്ടിക്കുകയും ചെയ്യുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

- <u>ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക:-</u>

ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ 2000 ഉദ്യോഗാർത്ഥികൾക്ക് പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്നു. കൂടാതെ വിവിധ മത്സരപരീക്ഷകൾ പാസ്സാകുന്നതിന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രത്യേകം പരിശീലനവും സംഘടിപ്പിക്കുന്നു.

- <u>കരിയർ ഗൈഡൻസ് ജോബ് ഫെയർ</u> :

2019-20 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനുള്ള തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു.

- <u>കേരള അക്കാഡമിക് ഫോർ സ്കിൽ എക്സലൻസുമായി (KASE)-:</u> ചേർന്നു കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും കേരളത്തിനു പുറത്തുമുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി 1725 വിദ്യാർത്ഥികൾക്ക് വിവിധ അംഗീകൃത സ്ഥാപനങ്ങളുമായി ചേർന്ന് തൊഴിൽ സാധ്യതയുള്ള വിവിധ മേഖലകളിൽ പരിശീലനം നൽകിവരുന്നു.

- അട്ടപ്പാടി ട്രൈബർ അപ്പാരൽ പാർക്ക് :

വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് ഒരു വസ്ത്രനിർമ്മാണ ഫാക്ടറി "അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് "എന്ന പേരിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി & സി) സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(ഡി) 2018-19 സാമ്പത്തിക വർഷം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതികളുടെ വിഹിതത്തിൽ 20% വെട്ടിക്കുറവാണ് വരുത്തിയത്. വെട്ടിക്കുറവുമൂലം വകുപ്പിന്റെ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് തടസ്സം നേരിട്ടിട്ടില്ല.

## കാർഷിക വിഭവങ്ങളിൽനിന്നും മദ്യം ഉല്പാദിപ്പിക്കുന്നതിന് അനുമതി

7(*367) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴങ്ങൾ, ധാന്യങ്ങൾ എന്നീ കാർഷിക വിഭവങ്ങളിൽ നിന്നും മദ്യം ഉല്പാദിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കാർഷിക ഉല്പന്നങ്ങളിൽ നിന്നുള്ള മദ്യ ഉല്പാദനവുമായി ബന്ധപ്പെട്ട് അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&ബി) നിയമസഭാ സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ) നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 26-10-2019-ലെ സ.ഉ.(കൈ)നം.58/2019/ നി.വ പ്രകാരം പഴവർഗ്ഗങ്ങളിൽനിന്നും ധാന്യങ്ങളിൽനിന്നും വീര്യം കുറഞ്ഞ മദ്യം, വൈൻ എന്നിവ ഉത്പാദിപ്പിക്കുന്നതിനും ഇത്തരത്തിൽ ഉത്പാദിപ്പിക്കുന്ന വീര്യം കുറഞ്ഞ മദ്യത്തിന്റെ വിപണനത്തിന് അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അബ്കാരി ചട്ടത്തിൽ ആവശ്യമായ ഭേദഗതികളുള്ള ശിപാർശ സമർപ്പിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഒ.ബി.സി. വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപടികൾ

8(*368) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. കെ. രാജൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ബി.സി. വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽവന്നശേഷം ഏതെങ്കിലും വിഭാഗങ്ങളെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ആന്ധ്രാപ്രദേശിൽ നിന്നും കേരളത്തിലേയ്ക്ക് കുടിയേറിപ്പാർത്ത നായിഡു സമുദായക്കാർക്ക് ഒ.ബി.സി. പദവി നൽകിയിട്ടുണ്ടോ; ഏതൊക്കെ സ്ഥലങ്ങളിലാണ് ഈ വിഭാഗത്തിൽപ്പെട്ടവർ ഉള്ളതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഒ.ബി.സി. വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യ വിതരണത്തിലെ മുൻ വർഷങ്ങളിലെ കുടിശ്ശിക തീർക്കുന്നതിനായി 2017-18, 2018-19 വർഷങ്ങളിലായി പദ്ധതിയിനത്തിൽ 300 കോടി രൂപ അധികമായി അനുവദിച്ചു.

2. 2018-19 സാമ്പത്തിക വർഷം പരമ്പരാഗത മൺപാത്ര നിർമ്മാണത്തിലേർപ്പെടുന്നവർ അധിവസിക്കുന്ന കോളനികളുടെ സമഗ്ര വികസനത്തിനായി കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി ആവിഷ്കരിച്ചു.

3. വയനാട് ജില്ലയിലെ പിന്നാക്ക സമുദായത്തിൽപ്പെട്ട അരിവാൾ രോഗം അഥവാ വിളർച്ച ബാധിതരായ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട രോഗികൾക്ക്/രോഗികളുടെ രക്ഷിതാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി.

4. സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ബിരുദ തലത്തിലുള്ള വിവിധ പ്രൊഫഷണൽ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ യുവജനങ്ങൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

5. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സ്വയംതൊഴിൽ ധനസഹായം എന്ന പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

6. പ്രളയബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളി സമുദായങ്ങൾക്ക് ജീവനോപാധി പുനഃസ്ഥാപന സഹായം എന്ന പദ്ധതിക്ക് ഒരു കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

7. നോൺ ക്രീമിലെയർ സാക്ഷ്യപത്രം അനുവദിക്കുന്ന ഉദ്യോഗസ്ഥർക്ക് റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തുടനീളം പരിശീലനം നൽകുകയും സമഗ്രമായ കൈപ്പുസ്തകം അച്ചടിച്ച് പുറത്തിറക്കുകയും ചെയ്തു.

8. ക്രീമിലെയർ വരുമാന പരിധി ആറ് ലക്ഷം രൂപയിൽനിന്ന് എട്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.

9. ക്രീമിലെയർ സാക്ഷ്യപത്രത്തിന് അപേക്ഷിക്കുന്നതും അനുവദിക്കുന്നതും ഇ-ഡിസ്ട്രിക്ടിൽ ഉൾപ്പെടുത്തി ഓൺലൈൻ ആക്കി.

10. പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ സമയബന്ധിതവും ഫലപ്രദവുമായ നിർവ്വഹണത്തിന് പിന്നാക്ക വിഭാഗ വികസന വകുപ്പിൽ 2018 ജൂലൈ മാസത്തിൽ സ്പെഷ്യൽ റൂൾസ് രൂപീകരിച്ച് ഉത്തരവായി.

11. പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ഒദ്യോഗിക വെബ്സൈറ്റ് മലയാളത്തിലും ഇംഗ്ലീഷിലും പരിഷ്കരിച്ചു.

(ബി) ഉണ്ട്. ഈ സർക്കാർ നിലവിൽ വന്നശേഷം ചുവടെ ചേർക്കുന്ന വിഭാഗങ്ങളെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

- മുഖാരി/മൂവാരി
- ബോയൻ - കേരള സംസ്ഥാനത്ത് മലബാർ ഡിസ്ട്രിക്ടിൽ മാത്രം ഉൾപ്പെട്ടിരുന്ന ബോയൻ വിഭാഗമാണ് സംസ്ഥാന ഒ.ബി.സി. പട്ടികയിൽ

ഉൾപ്പെട്ടിരുന്നത്. എന്നാൽ 07-3-2019-ലെ സ.ഉ.(കൈ)നം. 04/2019/ പി.വി.വി.വ. പ്രകാരം സംസ്ഥാനമൊട്ടാകെയുള്ള ബോയൻ സമുദായത്തെ സംസ്ഥാന ഒ.ബി.സി.പട്ടികയിൽ ഉൾപ്പെടുത്തി.

- നായിഡു
- കോടാങ്കി നായ്ക്കൻ
- കമ്മാറ – കേരള സംസ്ഥാനത്ത് മലബാർ ഡിസ്ട്രിക്ട് ഒഴികെ മറ്റെല്ലാ പ്രദേശങ്ങളിലെയും കമ്മാറ വിഭാഗം സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടിരുന്നു. 30-5-2019-ലെ സ.ഉ.(കൈ)നമ്പർ 10/2019/ പി.വി.വി.വ. ഉത്തരവ് പ്രകാരം മലബാർ ഡിസ്ട്രിക്ട് ഉൾപ്പെടെ സംസ്ഥാനമൊട്ടാകെയുള്ള കമ്മാറ സമുദായത്തെ സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തി.
- കടച്ചിക്കൊല്ലൻ - വിശ്വകർമ്മയുടെ ഉപജാതിയായി ഉൾപ്പെടുത്തി.

ടി സമുദായങ്ങളെ സംസ്ഥാന പിന്നാക്ക വിഭാഗത്തിലുൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ച് KS & SSR-ൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നായിഡു സമുദായത്തെ 7-3-2019-ലെ സ.ഉ.(കൈ)നമ്പർ 05/2019/പി.വി.വി.വ. പ്രകാരം സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി, പട്ടിപ്പറമ്പ് എന്നിവിടങ്ങളിലും പാലക്കാട്, തിരുവനന്തപുരം ജില്ലകളിലുമാണ് നായിഡു സമുദായത്തിൽപ്പെട്ടവർ അധിവസിക്കുന്നത്.

**പട്ടികഗോത്ര യുവാക്കൾക്ക് സ്വയംതൊഴിൽ പ്രോത്സാഹന പദ്ധതി**

9(*369) ശ്രീ. രാജു എബ്രഹാം:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിലോ പരിസരപ്രദേശങ്ങളിലോ താമസിക്കുന്ന പട്ടികഗോത്രങ്ങളിൽപ്പെട്ടവർക്ക് പ്രയോജനപ്രദമായ തൊഴിലുകൾ നൽകി ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ;

(ബി) പട്ടികഗോത്ര യുവാക്കളുടെ തൊഴിലില്ലായ്മ കണക്കിലെടുത്ത് നടപ്പാക്കുന്ന സ്വയംതൊഴിൽ പ്രോത്സാഹന പദ്ധതിയെക്കുറിച്ച് വിശദാംശം നൽകാമോ;

(സി) പ്രാക്തനഗോത്ര വിഭാഗങ്ങളിൽപ്പെട്ടവർക്കായുള്ള പ്രത്യേക പദ്ധതികളുടെ വിശദാംശം നൽകാമോ;

(ഡി) സംസ്ഥാനത്തെ ഏക ആദിവാസി പഞ്ചായത്തായ ഇടമലക്കുടിയുടെ വികസനത്തിനായി ചെയ്തു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ&ബി) പട്ടികഗോത്ര വിഭാഗത്തിന്റെ തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി വിവിധ വകുപ്പുകളുമായി ചേർന്ന് തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നൈപുണ്യ വികസനത്തിലൂടെയും പരമ്പരാഗത തൊഴിൽ പ്രോത്സാഹനത്തിലൂടെയും പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനാണ് പ്രധാനമായും ഊന്നൽ നൽകുന്നത്. ആയതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കേരളട്രൈബൽപ്ലസ് പദ്ധതി

എം.ജി.എൻ.ആർ.ഇ.ജി.എസ്. (Mahatma Gandhi National Rural Employment Guarantee Scheme) ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന കേരളട്രൈബൽപ്ലസ് പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവ സംയുക്തമായി നടപ്പാക്കിവരുന്നു.

2. മില്ലറ്റ് വില്ലേജ്

അട്ടപ്പാടിയിൽ ഭക്ഷ്യസുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് ഉപയോഗപ്പെടുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി മില്ലറ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കിവരുന്നു.

3. കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനായുള്ള "പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം" പദ്ധതിയിലൂടെ ഫാമുകളുടെ നവീകരണം ലക്ഷ്യം വയ്ക്കുന്നു.

4. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് മുഖേന ആരംഭിച്ച "കുടുംബശ്രീ സുസ്ഥിര വികസന പദ്ധതിയിൽ" അയൽക്കൂട്ടങ്ങൾവഴി കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

5. തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് നിർമ്മാണ മേഖലയിൽ പ്രത്യേകിച്ച് മേസ്തിരി, കാർപ്പെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ ഇനങ്ങളിൽ തൊഴിൽ നൈപുണ്യ പരിശീലനം നൽകുകയും ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്യുന്ന ഗോത്രജീവിക പദ്ധതി.

6. മിൽമയുടെ സഹകരണത്തോടെ മലപ്പുറം, എറണാകുളം, കാസർഗോഡ്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, വയനാട്, കോഴിക്കോട്, കോട്ടയം ജില്ലകളിൽ ക്ഷീര വികസന പദ്ധതി നടപ്പിലാക്കി വരുന്നു.

7. സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി പരിശീലനങ്ങൾ നടത്തിവരുന്നു.

8. എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചുകളിൽ തൊഴിൽരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് തൊഴിൽ വകുപ്പുമായി ചേർന്ന് സ്പെഷ്യൽ ഡ്രൈവ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

സംരംഭക രംഗത്തും തൊഴിൽ മേഖലയിലും പട്ടകവർഗ്ഗ യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള അനവധി നൈപുണ്യ വികസന പരിശീലന പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നു.

1. <u>ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ</u>

സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് സ്വയം തൊഴിൽ സാധ്യതയുള്ള കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലേസ്മെന്റ് ഉറപ്പുവരുത്തുന്നു.

2. <u>കരിയർ ഗൈഡൻസ് ജോബ് ഫെയർ</u>

വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കരിയർ ഗൈഡൻസ് ജോബ് ഫെയർ.

3. <u>അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്</u>

വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ച് 'വസ്ത്രനിർമ്മാണ ഫാക്ടറി അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്' എന്ന പേരിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

4. <u>സെന്റർ ഓഫ് സ്കിൽ എക്സലൻസ്</u>

ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ്‌വർക്കിംഗ്, മൾട്ടിമീഡിയ, ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നത് ലക്ഷ്യം വച്ചുകൊണ്ട് സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലന സ്ഥാപനം തിരുവനന്തപുരത്ത് ആരംഭിച്ചു.

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽ സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഏറ്റവും താഴെത്തട്ടിലുള്ള വിഭാഗമാണ് പ്രാക്തന ഗോത്രവിഭാഗക്കാർ (പി.വി.റ്റി.ജി). ടി വിഭാഗക്കാരുടെ പ്രധാന വരുമാന മാർഗ്ഗം വന വിഭവശേഖരണവും കൂലിപ്പണിയുമാണ്. മദ്യപാനാസക്തിയും ലഹരി വസ്തുക്കളുടെ ഉപയോഗവും വിദ്യാഭ്യാസത്തോടുള്ള വിമുഖതയും ടി വിഭാഗത്തിന്റെ ഉന്നമനത്തിന് പലപ്പോഴും വിലങ്ങുതടിയാകാറുണ്ട്. മുഖ്യധാരയിലേയ്ക്ക് വരാൻ വിമുഖത കാണിക്കുന്ന ടി വിഭാഗത്തിന്റെ ഉന്നമനത്തിനായി വകുപ്പുതലത്തിൽ ധാരാളം പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. വകുപ്പ് വിഭാവന ചെയ്യുന്ന എല്ലാ പദ്ധതികളിലും ടി വിഭാഗക്കാർക്ക് മുൻഗണന നൽകിവരുന്നുണ്ട്. ഇതുകൂടാതെ ടി വിഭാഗത്തിന്റെ ഉന്നമനം മാത്രം ലക്ഷ്യംവച്ച് അടിയൻ, പണിയൻ, പ്രാക്തന ഗോത്രവർഗ്ഗക്കാർ, വനത്തിനുള്ളിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുവേണ്ടി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് രണ്ട് ജോഡി യൂണിഫോം, ചെരുപ്പ്, ബാഗ്, കുട മുതലായ പഠനോപകരണങ്ങൾ സൗജന്യമായി നൽകി. സ്കൂളിൽ എത്താത്ത കുട്ടികളെ കോളനികളിൽ പ്രമോട്ടർമാരും കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സും നേരിട്ടെത്തി സ്കൂളിൽ എത്തിക്കാറുണ്ട്. കൂടാതെ ടിയാളുകളുടെ സാമൂഹിക ഉന്നമനത്തിനായി സ്വയംതൊഴിൽ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ആട്, കറവപശു എന്നിവ വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാർഷികവൃത്തികളിൽ ഏർപ്പെട്ട് വരുമാനമുണ്ടാക്കുന്നതിന് ധനസഹായവും അനുവദിച്ചുവരുന്നു.

മദ്യപാനം, ലഹരി ഉപയോഗം എന്നിവ ഒഴിവാക്കുന്നതിന് ശക്തമായ ബോധവൽക്കരണ ക്ലാസുകൾ നൽകി വരുന്നുണ്ട്. ഗോത്ര വിഭാഗങ്ങൾക്ക് ഗതാഗത സൗകര്യം, വന്യമൃഗ ജീവികളിൽനിന്നും സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനും വകുപ്പ് മുഖേനയും ടി.ആർ.ഡി.എം. മുഖേനയും പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഉൾക്കാടുകളിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള പുനരധിവാസ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതിക്കായി അഞ്ച് കോടി രൂപ വകയിരുത്തി മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതിയെന്ന നിലയിൽ ഭവനനിർമ്മാണം, ഭക്ഷ്യസുരക്ഷ, റോഡ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, മണ്ണ്-ജല സംരക്ഷണം, കോളനികളുടെ വൈദ്യുതീകരണം, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, പ്രത്യേക അങ്കണവാടികൾ, പെരിപ്പറ്ററ്റിക് സെന്ററുകൾ തുടങ്ങിയ പദ്ധതികൾ പി.വി.ടി.ജി. ഫണ്ടുപയോഗിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതോടൊപ്പം സി.സി.ഡി.പ്രോജക്ടിനുകീഴിൽ വീട് നിർമ്മാണം, ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ള പദ്ധതി, കാർഷിക ജീവനോപാധി തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പി.വി.ടി.ജി. പദ്ധതിയിലൂടെ ഏഴ് ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സേവനം, ഏകാദ്ധ്യാപക സ്കൂളുകളിലൂടെ പി.വി.ടി.ജി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ അടിസ്ഥാന വിദ്യാഭ്യാസം, ഹെൽത്ത് വോളണ്ടിയർമാർ മുഖേന അവശ്യമരുന്നുകളുടെ വിതരണം, പ്രൈമറി ഹെൽത്ത് സെന്ററുകളുടെ സഹായത്തോടെ 611 കോളനികളിൽ 2134 മെഡിക്കൽ ക്യാമ്പുകളുടെ സംഘാടനം തുടങ്ങിയവ ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ പ്രധാന പ്രവർത്തനങ്ങളാണ്. പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും നിശ്ചിത അളവിൽ ഭക്ഷ്യ ധാന്യങ്ങളും മറ്റും വിതരണം നടത്തിവരുന്നുണ്ട്. ഈ പദ്ധതികളിലൂടെ സംസ്ഥാനത്തെ പ്രാക്തന ഗോത്രവിഭാഗങ്ങളിൽപ്പെട്ട 8101 കുടുംബങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ഡി) ഇടമലക്കുടി സമഗ്ര വികസനത്തിനായി 10.35 കോടി രൂപയുടെ ഇടമലക്കുടി സ്പെഷ്യൽ പാക്കേജിന് ഭരണാനുമതി നൽകിയിരുന്നു. 10.35 കോടി രൂപയിൽ 4.33 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് വനം വകുപ്പിന് അനുവദിച്ചുനൽകിയിട്ടുണ്ട്. ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പാക്കേജിന്റെ രണ്ടാം ഘട്ടമായി പെട്ടിമുടിയിൽനിന്നും ഇഡ്ഢലിപ്പാറക്കുടി വരെയുള്ള 7.522 കിലോമീറ്റർ റോഡ് നിർമ്മാണത്തിനായി വനം വകുപ്പ് മുഖേന 3.37 കോടി രൂപയുള്ള എസ്റ്റിമേറ്റിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിക്കായി 1.87 കോടി രൂപ വനം വകുപ്പിന് അനുവദിച്ച് നൽകിയിരുന്നു. പെട്ടിമുടിമുതൽ ഇഡ്ഢലിപ്പാറക്കുടിവരെയുള്ള 7.522 കി.മീ. റോഡ് കല്ല് പാകിയതിൽ കല്ലിട്ടുപാകിയ ഭാഗങ്ങൾ രൂക്ഷമായ കാലവർഷത്തിൽ ഇളകി മാറി ഒലിച്ചുപോയതിനാൽ സഞ്ചാരയോഗ്യമല്ലാതായി തീർന്നിട്ടുണ്ട്. ടി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനായി PWD DSR 2016 പ്രകാരം 10.24 കോടി രൂപയുള്ള എസ്റ്റിമേറ്റ് വനം വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ടി എസ്റ്റിമേറ്റ് അംഗീകരിച്ച് പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചുവരുന്നു. റോഡ് നിർമ്മാണം പൂർത്തിയായെങ്കിൽ മാത്രമേ മറ്റ് വികസന പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

## ഐ.ടി.ഐ.-കളെ ലോകോത്തര നിലവാരത്തിലേയ്ക്കുയർത്തുവാൻ പദ്ധതി

10(*370) ശ്രീ. സജി ചെറിയാൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ പരിശീലനത്തിലൂടെ മാനവവിഭവശേഷി വികസനം സാധ്യമാക്കുന്നതിന് സംസ്ഥാനത്തെ ഐ.ടി.ഐ.കളെ ലോകോത്തര നിലവാരത്തിലേയ്ക്കുയർത്തുന്നതിനായുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രാദേശിക വ്യവസായങ്ങൾക്ക് ആവശ്യമായ വൈദഗ്ധ്യമുള്ളവരെ പരിശീലിപ്പിച്ചെടുക്കുകയെന്ന ഉദ്ദേശ്യത്തോടെയുള്ള മാതൃക ഐ.ടി.ഐ. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) നിശ്ചിത മാനദണ്ഡപ്രകാരമുള്ള ഉപകരണങ്ങളും യന്ത്രങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി ഐ.ടി.ഐ.കളിലെ ഓരോ ട്രേഡിനും എൻ.സി.വി.ടി. അംഗീകാരം നേടിയെടുക്കുന്നതിന് നടത്തുന്ന പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പുതുതായി എവിടെയൊക്കെ ഐ.ടി.ഐ.കൾ ആരംഭിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും അതിന്റെ പുരോഗതിയും അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) വ്യവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ധനുവച്ചപുരം, ചന്ദനത്തോപ്പ്, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 സർക്കാർ ഐ.ടി.ഐ.കളെ KIIFB യുടെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നെ സർക്കാർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

KIIFB-യുടെ മാനദണ്ഡപ്രകാരം പ്രോജക്ടിന് സാങ്കേതിക അനുമതി നൽകുന്നതിലേയ്ക്കായി ഒരു അഞ്ചംഗ ടെക്നിക്കൽ കമ്മിറ്റിയെ രൂപീകരിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിന് സ്ട്രക്ചറൽ ഡ്രോയിംഗിന്റെ വെറ്റിംഗ് (സൂക്ഷ്മ പരിശോധന) നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. ചന്ദനത്തോപ്പ്, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, കണ്ണൂർ, കയ്യൂർ എന്നീ ഏഴ് ഐ.ടി.ഐ.കളുടെ സ്ട്രക്ചറൽ ഡ്രോയിംഗിന്റെ വെറ്റിംഗ് (സൂക്ഷ്മ പരിശോധന) നടപടികൾ തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ധനുവച്ചപുരം ഐ.ടി.ഐ.-യുടെ പ്രോജക്ടിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൊയിലാണ്ടി ഐ.ടി.ഐ.യുടെ പ്രോജക്ട് ടെണ്ടർ ചെയ്തിട്ടുണ്ട്. മലമ്പുഴ ഐ.ടി.ഐ.-യുടെ പ്രോജക്ടിന് സാങ്കേതികാനുമതി ലഭ്യമാക്കി KIIFB പോർട്ടലിലേയ്ക്ക് അംഗീകാരത്തിനായി അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

ഇതിനുപുറമെ തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് ഐ.ടി.ഐ. ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് ഐ.ടി.ഐ. കോഴിക്കോട് എന്നീ ഐ.ടി.ഐ.കളെ ഇന്റർനാഷണൽ ഐ.ടി.ഐ.കളാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ട നിർമ്മാണ പ്രവൃത്തികൾക്കായുള്ള ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കളമശ്ശേരി ഐ.ടി.ഐ.-യെ മാതൃക ഐ.ടി.ഐ. ആയി തെരഞ്ഞെടുത്തിട്ടുണ്ട്. ടി പദ്ധതി മാർച്ച് 2020 -ന് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) എൻ.സി.വി.ടി.-യുടെ നിലവിലുള്ള അഫിലിയേഷൻ മാനദണ്ഡമനുസരിച്ച് ഓരോ ട്രേഡിനും ആവശ്യമായ ഭൗതിക സാഹചര്യങ്ങളായ യന്ത്രോപകരണങ്ങൾ, വൈദ്യുതി, വർക്ക്ഷോപ്പ്, തിയറി ക്ലാസ്സുകൾ എന്നിവയുടെ വിസ്തീർണ്ണം എന്നിവയെ NSQF സിലബസിൽ പ്രതിപാദിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ ഇതിനായി അനുവദിക്കുന്ന തുകയിൽ നിന്നുകൊണ്ട് ടി ഭൗതിക സാഹചര്യം ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) സംസ്ഥാനത്ത് യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി തൊഴിൽ നേടാൻ അവരെ പ്രാപ്തരാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ജില്ലകളിലായി 17 പുതിയ ഐ.ടി.ഐ.കൾ ആരംഭിച്ചിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഐ.ടി.ഐ.-യുടെ പേര് | ജില്ല |
|---|---|---|
| 1 | വാമനപുരം | തിരുവനന്തപുരം |
| 2 | പെരുമാട്ടി | പാലക്കാട് |
| 3 | പേരാമ്പ്ര | കോഴിക്കോട് |
| 4 | പടിയൂർ | കണ്ണൂർ |
| 5 | പിണറായി | കണ്ണൂർ |
| 6 | കൊട്ടാരക്കര | കൊല്ലം |
| 7 | കോടോംബേളൂർ | കാസർഗോഡ് |
| 8 | ചാത്തമംഗലം | കോഴിക്കോട് |
| 9 | വർക്കല | തിരുവനന്തപുരം |
| 10 | മയ്യനാട് | കൊല്ലം |
| 11 | ചിത്തിരപുരം | ഇടുക്കി |
| 12 | കുറ്റിക്കോൽ | കാസർഗോഡ് |
| 13 | ചടയമംഗലം | കൊല്ലം |
| 14 | പീലിക്കോട് | കാസർഗോഡ് |
| 15 | പന്ന്യന്നൂർ | കണ്ണൂർ |
| 16 | വെള്ളമുണ്ട | വയനാട് |
| 17 | തുറവൂർ | എറണാകുളം |

2020-21 സാമ്പത്തിക വർഷത്തിൽ വാഴക്കാട്, കുളത്തൂപ്പുഴ, പോരുവഴി, ഏലപ്പാറ, കരുണാപുരം എന്നിവിടങ്ങളിൽ പുതുതായി ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുള്ള ശിപാർശ പരിഗണിച്ചുവരികയാണ്.

## ക്ഷീരോല്പാദനവും ക്ഷീര സംഭരണവും പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

11(*371) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറി സോൺ രൂപീകരണം, ക്ഷീരഗ്രാമം തുടങ്ങി സംസ്ഥാനത്ത് ക്ഷീരോല്പാദനവും ക്ഷീര സംഭരണവും പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്നും അതിലൂടെ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ;

(ബി) കർഷകർക്ക്ഫാമിന്റെ വിപുലീകരണത്തിനും ആധുനികീകരണത്തിനും നൽകി വരുന്ന ധനസഹായങ്ങളെക്കുറിച്ച് അറിയിക്കാമോ;

(സി) കടക്കെണിയിലായ ക്ഷീരകർഷകർക്ക്എന്തെങ്കിലും സഹായം നൽകി വരുന്നുണ്ടോ;

(ഡി) ക്ഷീരമേഖലയിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ഡയറി സോൺ 2016-17, 2017-18 വർഷങ്ങളിലാണ് നടപ്പിലാക്കിയത്. സംസ്ഥാനത്തെ 50 ബ്ലോക്ക് പ്രദേശങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. 2016-17 -ൽ മൂന്ന് ഗ്രാമപഞ്ചായത്തുകളിലും 2017-18 -ൽ അഞ്ച് ഗ്രാമപഞ്ചായത്തുകളിലും 2018-19-ൽ പത്ത് ഗ്രാമപഞ്ചായത്തുകളിലുമാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയത്. 2019-20 വർഷത്തിലും 10 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇവകൂടാതെ തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, ഫാമുകളുടെ യന്ത്രവത്കരണം, അവശ്യാധിഷ്ഠിത സഹായം, കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം, ഹീഫർ പാർക്ക്, ക്ഷീരസംഘങ്ങൾക്കുള്ള സഹായം, സമഗ്ര ഇൻഷ്വറൻസ് എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. ക്ഷീരഗ്രാമം, ഡയറി സോൺ എന്നീ പദ്ധതികൾ നടപ്പിലാക്കിയ

പഞ്ചായത്തുകളിലും ബ്ലോക്കുകളിലും പാലുൽപ്പാദനത്തിൽ വർദ്ധനവു ണ്ടാവുകയും ഉൽപ്പാദനക്ഷമത കൂടിയതും ഉയർന്ന ജനിതക ഗുണമുള്ളതുമായ കറവ പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ക്ഷീരവൃത്തിയിൽ ഏർപ്പെട്ടിരുന്ന കർഷകർക്ക് ഈ മേഖലയിൽ കൂടുതൽ ആത്മവിശ്വാസത്തോടെ പ്രവർത്തിക്കുന്നതിനുള്ള സഹായങ്ങൾ നൽകിയതിന്റെയും ഭാഗമായി നിലവിലുള്ള കർഷകരെ ഈ മേഖലയിൽ പിടിച്ചുനിർത്തുന്നതിനും പുതുതായി കൂടുതൽ പേരെ ക്ഷീരമേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഡയറി സോൺ, ക്ഷീരഗ്രാമം എന്നീ പദ്ധതികൾ നടപ്പിലാക്കിയതുവഴി പുതിയതായി 6625 കറവ പശുക്കളെയും 1622 കിടാരികളെയും കൊണ്ടുവരുന്നതിനും 204 കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും/നവീകരിക്കുന്നതിനും സഹായം നൽകുന്നതിനും കൂടാതെ 984 കർഷകർക്ക് ഫാം ആധുനികവത്കരിക്കുന്നതിനും വേണ്ട സഹായം നൽകുന്നതുമുൾപ്പെടെ ആകെ 17090 കർഷകർക്ക് വിവിധ പദ്ധതികളിലൂടെ സഹായം നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ഈ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി ക്ഷീരസഹകരണ സംഘങ്ങളിലൂടെയുള്ള പാൽ സംഭരണം 2015-16-ൽ 5.57 ലക്ഷം ടൺ ആയിരുന്നത് 2016-17-ൽ 5.94 ലക്ഷം ടണ്ണും 2017-18 - ൽ 6.64 ലക്ഷം ടണ്ണും 2018-19 -ൽ 6.8 ലക്ഷം ടണ്ണുമായി വർദ്ധിച്ചിട്ടുണ്ട്.

(ബി) കർഷകർക്ക് ഫാമിന്റെ വിപുലീകരണത്തിനും ആധുനീകരണത്തിനും നൽകുന്ന പ്രധാന സഹായങ്ങൾ ചുവടെ ചേർക്കുന്നു.

a) കർഷകർക്ക് കൂടുതൽ മെച്ചപ്പെട്ട ആദായം ഉറപ്പാക്കുന്നതിന് 5 പശു യൂണിറ്റ്, 5 കിടാരി യൂണിറ്റ്, 10 പശു യൂണിറ്റ്, 10 കിടാരി യൂണിറ്റ് എന്നിവയ്ക്കുള്ള സഹായം.

b) ക്ഷീരകർഷകരുടെ ഫാം പ്രവർത്തനങ്ങൾക്ക് അവശ്യാധിഷ്ഠിത പദ്ധതി പ്രകാരം അവർ ചെലവഴിക്കുന്ന തുകയുടെ 50% നിരക്കിൽ പരമാവധി 50,000 രൂപ വരെ നൽകുന്നു.

c) കാലിത്തൊഴുത്ത് നവീകരിക്കുന്നതിനും കറവയന്ത്രങ്ങൾ വാങ്ങുന്നതിനും സഹായം.

d) ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിന് തീറ്റപ്പുൽകൃഷി നടത്തുന്നതിനുള്ള സഹായം.

e) ഫാമുകൾ ആധുനീകരിക്കുന്നതിനായി ഫാമിലെ യന്ത്രവൽക്കരണ ത്തിനുവേണ്ട സഹായങ്ങളും നൽകുന്നുണ്ട്.

ചാഫ് കട്ടർ, വീൽ ബാരോ, വാട്ടർ ബൗൾ സിസ്റ്റം, കറവയന്ത്രം, പ്രഷർ വാഷർ, ജനറേറ്റർ, ഫ്ലൈ ട്രാപ്പർ എന്നിവയും കന്നുകാലികൾക്ക് ബാഹ്യസമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും ഫാം മെക്കനൈസേഷന്റെ ഭാഗമായി സഹായം നൽകുന്നുണ്ട്.

(സി) കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിന് സംസ്ഥാനത്ത് ആദ്യമായി 2016-17-ൽ അഞ്ച് കോടി രൂപയുടെ ക്ഷീരകർഷക കടാശ്വാസ പദ്ധതി നടപ്പിലാക്കി. 2285 കർഷകർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചത്. ഈ പദ്ധതിയുടെ ഭാഗമായി ഒരു പശുവിന് 20,000 രൂപ പ്രകാരം പരമാവധി 1,00,000 രൂപവരെയാണ് ധനസഹായം നൽകിയത്. കടക്കെണിയിലായ ക്ഷീരകർഷകർക്ക് നിലവിൽ കടാശ്വാസ പദ്ധതികളില്ല.

(ഡി) ക്ഷീരമേഖലയിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് തിരുവനന്തപുരം, ഓച്ചിറ (കൊല്ലം), അമ്മക്കണ്ടക്കര (പത്തനംതിട്ട), കോട്ടയം, ആലത്തൂർ (പാലക്കാട്), കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ ക്ഷീരപരിശീലന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

ഈ പരിശീലനകേന്ദ്രങ്ങൾ മുഖേന ക്ഷീരവൃത്തിയുമായി ബന്ധപ്പെട്ട നൂതന സാങ്കേതിക വിദ്യകൾ കർഷകർക്ക് പകർന്നു നൽകുന്നതിനും പുതിയ കർഷകരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലന ക്ലാസ്സുകൾ തുടർച്ചയായി സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ തിരുവനന്തപുരത്ത് വലിയതുറയിൽ തീറ്റപ്പുൽകൃഷി സംസ്കരണം എന്നിവയ്ക്കായി പ്രത്യേക പരിശീലനം നൽകുന്നതിന് Fodder Training Centre-ഉം പ്രവർത്തിക്കുന്നുണ്ട്.

## മൃഗസംരക്ഷണ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ

12(*372) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> :
<u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിൽ ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) മൃഗസംരക്ഷണം ആദായകരമായ തൊഴിലാക്കിത്തീർക്കാനുള്ള പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ മൃഗചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്നതും അല്ലാത്തതുമായ മാംസം, പാൽ, പാലുല്പന്നങ്ങൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ)

1. 2018-ലെ പ്രളയാനന്തരവും 2019-ലെ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയ്ക്കൊടുവിലും ബാധിത മേഖലകളിൽ മൃഗസംരക്ഷണ വകുപ്പിന് കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കാനായി.

2. വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് 52 പുതിയ തസ്തികകൾ സൃഷ്ടിച്ചു.

3. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി:-

   സംസ്ഥാന സർക്കാരിന്റെ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ ഗോസമൃദ്ധി, കന്നുകാലികളുടെ മരണംമൂലവും ഉൽപാദനശേഷി നഷ്ടപ്പെടുന്നതുമൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവന ചെയ്തിരിക്കുന്നു.

4. രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം

   അടിയന്തര ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സ സേവനം ലഭ്യമാക്കുന്ന ഈ പദ്ധതി നിലവിൽ തെരഞ്ഞെടുത്ത 105 ബ്ലോക്കുകളിലെ മൃഗാശുപത്രികളിൽ നടപ്പിലാക്കിവരുന്നു.

5. കർഷകർക്ക് നഷ്ടപരിഹാരം

   ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതിക്കുള്ള വിഹിതം 40 ലക്ഷം രൂപയിൽനിന്ന് ഒരു കോടി രൂപയായി വർദ്ധിപ്പിച്ചു.

6. <u>കന്നുകുട്ടി പരിപാലന-ഗോവർദ്ധിനി പദ്ധതികൾ</u>

പശുക്കുട്ടികളെ ദത്തെടുത്ത് മൃഗസംരക്ഷണ വകുപ്പുവഴി നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന-ഗോവർദ്ധിനി പദ്ധതികളുടെ കീഴിൽ കൊണ്ടുവന്ന് സബ്സിഡി നിരക്കിൽ തീറ്റയും ഇൻഷ്വറൻസ് പരിരക്ഷയും ശാസ്ത്രീയ പരിപാലനവും ഉറപ്പാക്കുന്നു.

7. <u>മൃഗചികിത്സാ മരുന്നുകളുടെ ലഭ്യത</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ മൃഗചികിത്സാ സ്ഥാപനങ്ങൾക്കുള്ള മരുന്ന് ലഭ്യത ഉറപ്പാക്കാൻ ബഡ്ജറ്റ് വിഹിതം ഉയർത്തി.

8. <u>സ്കൂൾ പൗൾട്രി ക്ലബ്ബ് പദ്ധതി</u>

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 5 മുതൽ 9-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് 5 കോഴിക്കുഞ്ഞുങ്ങളും തീറ്റയും നൽകുന്ന പദ്ധതി.

9. <u>മാതൃകാ മൃഗസംരക്ഷണ ഗ്രാമം</u>

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ മൃഗസംരക്ഷണ മേഖലയിലുള്ള പദ്ധതികൾ നടപ്പിലാക്കി മാതൃകാ മൃഗസംരക്ഷണ ഗ്രാമമാക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതി.

10. <u>കൂട്ടുകളിൽ കോഴി വളർത്തൽ (നഗര പ്രദേശങ്ങളിൽ)</u>

കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ കൂട്ടുകളിൽ കോഴി വളർത്തൽ നടപ്പിലാക്കുന്ന പദ്ധതി. കൂട്, മുട്ടക്കോഴി (5 എണ്ണം) എന്നിവയുൾപ്പെടെ 5000 രൂപയുടെ ധനസഹായം ഒരു ഗുണഭോക്താവിന് ലഭിക്കും.

11. <u>ആടുവളർത്തൽ പദ്ധതി</u>

5 പെണ്ണാടും ഒരു മുട്ടനാടും നൽകുന്ന പദ്ധതി. ഒരു ഗുണഭോക്താവിന് 25000 രൂപ ധനസഹായം ലഭിക്കും.

12. <u>താറാവ് പദ്ധതി</u>

ഒരു ഗുണഭോക്താവിന് രണ്ട് മാസം പ്രായമുള്ള പത്ത് താറാവ് കുഞ്ഞുങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി. 1200 രൂപയുടെ ധനസഹായം ലഭ്യമാക്കും.

13. <u>കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി</u>

ക്ഷീര കർഷകർ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നമായ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് മുഖേന കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

14. <u>അനിമൽ റിസോഴ്സ് ഡെവലപ്മെന്റ്(എ.ആർ.ഡി.)</u>

13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തെ ആഭ്യന്തര പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ മൃഗസംരക്ഷണ വകുപ്പിന് അനുവദിച്ച പുതിയ പദ്ധതിയാണ് " അനിമൽ റിസോഴ്സ് ഡെവലപ്പ്മെന്റ്" (എ.ആർ.ഡി.) ഈ പദ്ധതിയുടെ കീഴിൽ താഴെ സൂചിപ്പിക്കുന്ന വിവിധ ഘടകങ്ങളുണ്ട്.

a.<u>ആട് വളർത്തൽ യൂണിറ്റുകൾ</u>

വ്യാവസായികാടിസ്ഥാനത്തിൽ 20 ആടുകൾ അടങ്ങുന്ന (19 പെണ്ണാടും ഒരു മുട്ടനാടും) യൂണിറ്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു.

b.<u>മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി</u>

മാംസാവശ്യത്തിനായി പോത്തുകുട്ടികളെ വളർത്തുന്ന പദ്ധതിയാണിത്.

c.<u>മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി</u>

മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന ലോണുകൾക്ക് പലിശ ഇനത്തിൽ 5,000 രൂപ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന പദ്ധതിയാണിത്.

d. <u>കിടാരി വളർത്തൽ പദ്ധതി</u>

2019-20-ൽ പുതിയതായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ മൃഗസംരക്ഷണ മേഖലയിൽ പ്രളയ ദുരന്തങ്ങൾക്കിരയായ പ്രദേശങ്ങളിൽ സഹായം നൽകുന്നു.

15. <u>കന്നുകാലി കാനേഷുമാരി</u>

    20-ാമത് ദേശീയ കന്നുകാലി സെൻസസ് പൂർത്തിയാക്കി ഇതിലൂടെയാണ് സംസ്ഥാനത്തെ പശു, എരുമ, ആട്, കോഴി, പന്നി മുതലായവയുടെ എണ്ണം തിട്ടപ്പെടുത്തുന്നത്.

16. SIAD -ൽ പുതുതായി വന്യജീവി പഠന കേന്ദ്രവും മൃഗങ്ങളിലെ ക്യാൻസർ നിർണ്ണയത്തിനുള്ള ഓങ്കോളജി വിഭാഗവും പ്രവർത്തനമാരംഭിച്ചു.

17. നിലവിൽ മൃഗസംരക്ഷണ വകുപ്പിന്റെ നാല് ലാബുകൾക്ക് NABL അക്രെഡിറ്റേഷൻ ലഭ്യമാക്കി. i) SIAD പാലോട്, ii) ADDL തിരുവല്ല, iii) SLMAP മരട്, എറണാകുളം, iv) ആർ.പി.ലാബ്, പാലക്കാട്.

18. കന്നുകാലി രോഗ നിയന്ത്രണ പദ്ധതിയുടെ ആസ്ഥാന മന്ദിരം തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തനമാരംഭിച്ചു.

19. ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് മുതൽ ഫീൽഡ്തല സ്ഥാപനങ്ങൾ വരെ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തി.

20. വകുപ്പിന്റെ വിവിധങ്ങളായ പദ്ധതികൾ അവലോകനം ചെയ്യുന്നതിനായി റിയൽ ടൈം ഓൺലൈൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയർ ഏർപ്പെടുത്തി.

21. 1248 കമ്പ്യൂട്ടർ ടാബ്ലെറ്റുകൾ കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലുള്ള ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് നൽകുക വഴി മൃഗസംരക്ഷണ രംഗത്ത് ഇ-ഗവേണൻസ് പ്രവർത്തനം ശക്തമാക്കി.

(ബി) a. ആട് വളർത്തൽ യൂണിറ്റുകൾ

b. മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി

c. മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി

d. കിടാരിവളർത്തൽ പദ്ധതി

e. കന്നുകുട്ടി പരിപാലന പദ്ധതി

(സി) സംസ്ഥാനത്തെ മൃഗാരോഗ്യ പരിപാലന സംവിധാനം 215 വെറ്ററിനറി ആശുപത്രികൾ, 885 വെറ്ററിനറി ഡിസ്പെൻസറികൾ, 14 ജില്ല വെറ്ററിനറി കേന്ദ്രങ്ങൾ, 50 വെറ്ററിനറി പോളിക്ലിനിക്കുകൾ, ജില്ലാ തലത്തിൽ 9 സഞ്ചരിക്കുന്ന ആശുപത്രികൾ, 14 ജില്ലാതല ക്ലിനിക്കുകൾ, 4 റീജിയണൽ രോഗ നിർണ്ണയ ലാബുകൾ, ഒരു സംസ്ഥാന വന്ധ്യതാ നിവാരണ ഓഫീസ്, ഒരു സാംക്രമിക രോഗ വിശകലന യൂണിറ്റ്, ഒരു കന്നുകാലി ഉല്പന്ന പരിശോധനാ ലാബ്, 18 ജില്ലാതല ചെക്ക് പോസ്റ്റുകൾ എന്നിവ ഉൾപ്പെടുന്നതാണ്. ജില്ലാ മൃഗ ചികിത്സാ കേന്ദ്രങ്ങൾ ജില്ലാതല റഫറൽ യൂണിറ്റുകളായും താലൂക്ക് തലത്തിൽ വെറ്ററിനറി പോളിക്ലിനിക്കുകളും പഞ്ചായത്തുതലത്തിൽ മൃഗാശുപത്രി/ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു.

(ഡി) സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്നതും അല്ലാത്തതുമായ പക്ഷി മൃഗാദികളെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 18 ചെക്ക് പോസ്റ്റുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നു.

ക്ഷീരവികസന വകുപ്പ് പാലിന്റെയും പാലുല്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അതിർത്തി ചെക്ക്പോസ്റ്റുകളായ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കി മാത്രമെ സംസ്ഥാനത്തേക്ക് പാൽ കടത്തിവിടുകയുള്ളൂ. കൂടാതെ സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനത്തും പ്രവർത്തിക്കുന്ന ജില്ലാ ലാബുകളിൽ വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതാണ്.

ഗുണനിലവാര പരിശോധനയിൽ നിശ്ചിത ഗുണനിലവാരമില്ലാത്തതോ മറ്റു മായങ്ങൾ കലർത്തിയതോ ആയ പാൽ സാമ്പിളുകൾ കണ്ടെത്തിയാൽ ടി വിവരം നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിനെ അറിയിക്കുകയാണ് ചെയ്യുന്നത്.

## പാർലമെന്ററി ജനാധിപത്യ പ്രക്രിയയെക്കുറിച്ച് അവബോധം

13(*373) ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. ആന്റണി ജോൺ:

പ്രൊഫ. കെ. യു. അരുണൻ:

ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പാർലമെന്ററി ജനാധിപത്യ പ്രക്രിയയെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെയും പാരമ്പര്യത്തെയും കുറിച്ചും അവബോധം നൽകുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികൾക്കായി പാർലമെന്ററി പ്രക്രിയ സംബന്ധിച്ച് എന്തെല്ലാം പരിശീലന പരിപാടികളാണ് സംഘടിപ്പിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പാർലമെന്ററി ജനാധിപത്യത്തെയും ജനാധിപത്യ പ്രകിയയെക്കുറിച്ചും അവബോധം നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ കീഴിൽ സ്കൂൾ/കോളേജുകളിൽ യൂത്ത് പാർലമെന്റ്, മോഡൽ പാർലമെന്റ് എന്നിവ സംഘടിപ്പിച്ചുവരുന്നു. സ്കൂളുകളിൽ പാർലമെന്ററി ലിറ്ററസി ക്ലബ്ബുകളും ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബുകളും അനുവദിക്കുകയും അവയിലൂടെ കുട്ടികൾക്കിടയിൽ പാർലമെന്ററി അവബോധം സൃഷ്ടിക്കുന്ന വിധത്തിൽ ക്വിസ്സ് മത്സരങ്ങൾ, ഉപന്യാസ മത്സരങ്ങൾ, പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. യുവജനങ്ങളെ ലക്ഷ്യമാക്കി കോളേജുകളിൽ മോഡൽ പാർലമെന്റിനുപുറമെ സെമിനാറുകൾ സംഘടിപ്പിക്കുന്നു. യൂത്ത് പാർലമെന്റ് മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളിൽ ജില്ലകളിൽനിന്നും തെരഞ്ഞെടുക്കുന്ന രണ്ട് കുട്ടികൾക്ക് വീതം ഇന്ത്യൻ പാർലമെന്റും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളും സന്ദർശിക്കുന്നതിനും ജനപ്രതിനിധികളുമായി

സംവദിക്കുന്നതിനും അവസരം നൽകുന്നു. ഇവർക്കായി സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

(ബി) ഉണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂളുകളിൽ സംഘടിപ്പിച്ചുവരുന്ന യൂത്ത് പാർലമെന്റിന് സമാനമായി കോളേജുകളിൽ മോഡൽ പാർലമെന്റ് ആരംഭിച്ചു. ദേശീയ പ്രാധാന്യമുള്ള വിഷയങ്ങളിൽ കോളേജുകൾ/യൂണിവേഴ്സിറ്റികൾ കേന്ദ്രീകരിച്ച് പാനൽ ഡിസ്കഷനുകളും ലെക്ചർ സീരീസും സംഘടിപ്പിക്കുന്നു. സ്കൂൾ കുട്ടികൾക്കായി സംഘടിപ്പിച്ചുവരുന്ന ദ്വിദിന സഹവാസ ക്യാമ്പുകൾ കോളേജുകളിലും സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.

(സി) **സ്കൂളുകളിലെ പരിപാടികൾ ചുവടെ ചേർക്കുന്നു**:

1. യൂത്ത് പാർലമെന്റ് മത്സരം
2. സ്കൂൾ സെമിനാർ
3. പാർലമെന്ററി ലിറ്ററസി ക്ലബ്ബ്
4. ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്
5. സഹവാസ ക്യാമ്പ്
6. സ്കൂൾ ജില്ലാ സംസ്ഥാന തലത്തിൽ ക്വിസ്സ്/ഉപന്യാസ/പ്രസംഗ മത്സരങ്ങൾ
7. ഡൽഹി പാർലമെന്റും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ സന്ദർശനവും
8. പഴയ അസംബ്ലി ഹാളിൽ വച്ച് റിപ്പീറ്റ് പെർഫോമൻസ്.

**കോളേജുകളിലെ പരിപാടികൾ ചുവടെ ചേർക്കുന്നു**:

1. മോഡൽ പാർലമെന്റ് മത്സരം
2. കോളേജ് സെമിനാർ
3. സഹവാസ ക്യാമ്പ്
4. സംസ്ഥാന തലത്തിൽ ക്വിസ്സ്/ഉപന്യാസ/പ്രസംഗ മത്സരങ്ങൾ
5. ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്കുള്ള പഠനയാത്ര
6. ബഡ്ജറ്റ് ഡിസ്കഷൻ
7. പ്രധാനപ്പെട്ട ദേശീയ ദിനങ്ങളുടെ അനുസ്മരണം.

## വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം

14(*374) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കിണർ വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെങ്കിലും സംവിധാനം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ശുദ്ധീകരിച്ച ജലത്തിന് വാട്ടർ അതോറിറ്റി ഈടാക്കുന്ന നിരക്കുകൾ ജലത്തിന്റെ സംഭരണ-ശുദ്ധീകരണ-വിതരണ-അനുബന്ധ ചെലവുകളുമായി താരതമ്യം ചെയ്ത് വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയശേഷമാണ് വിതരണം ചെയ്യുന്നത്. കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം IS 10500-2012 പ്രകാരം ഉറപ്പുവരുത്തുന്നതിന് എല്ലാ ജില്ലകളിലും ജല അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ജില്ലാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ കുടിവെള്ള പദ്ധതികൾ നിശ്ചിത ഇടവേളകളിൽ സന്ദർശിച്ച് സാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകളിൽ അവ പരിശോധിക്കുകയും ആവശ്യമായ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ NRDWP-യിൽ ഉൾപ്പെടുത്തി ഗ്രാമീണ ജനത കുടിവെള്ളത്തിനാശ്രയിക്കുന്ന കിണറുൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽ നിന്ന് സാമ്പിൾ ശേഖരിച്ച് പരിശോധിച്ച് ഗുണനിലവാരം നിരീക്ഷിക്കുന്ന സംവിധാനം നിലവിലുണ്ട്. പരിശോധനാ ഫലം കേന്ദ്ര സർക്കാർ വെബ് സൈറ്റിൽ (www.indiawater.gov.in) പ്രസിദ്ധീകരിക്കുന്നുണ്ട്.

(സി) സംഭരണ ശുദ്ധീകരണ വിതരണവുമായി ബന്ധപ്പെട്ട് ഒരു കിലോ ലിറ്റർ വെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് ഏകദേശം 24.00 രൂപ ചെലവ് വരുന്നു. കുടിവെള്ള വിതരണംവഴി കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്ന വരുമാനം ഒരു കിലോ ലിറ്ററിന് ഏകദേശം 9.50 രൂപയാണ്. മിനിമം ചാർജായി വാട്ടർ അതോറിറ്റി ഉപഭോക്താവിൽനിന്നും വാങ്ങുന്നത് ഒരു കിലോ ലിറ്ററിന് (1000 ലിറ്റർ) 4.00 രൂപയാണ് (ഏറ്റവും താഴ്ന്ന സ്ലാബ്).

**ക്ഷീരകർഷകരുടെ ഉന്നമനത്തിനായുള്ള നൂതന പദ്ധതികൾ**

15(*375) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകർഷകരുടെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കന്നുകാലികളെ ഇൻഷ്വറൻസ് പരിരക്ഷയിൽ കൊണ്ടുവരുന്നതിനായി ഗോസമൃദ്ധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷം നഷ്ടപരിഹാരമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നമായ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) കന്നുകുട്ടികളുടെ പരിപാലനത്തിനായി നടപ്പാക്കിവരുന്ന ഗോവർദ്ധിനി പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷീരകർഷകർക്ക് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്തെ ക്ഷീരകർഷകരുടെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- പരമ്പരാഗത മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിക്ക് പുറമെ തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ 2016-17, 2017-18 വർഷങ്ങളിൽ ഡെയറി സോൺ പദ്ധതിയും 2016-17 മുതൽ തുടർ വർഷങ്ങളിൽ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതിയും നടപ്പിലാക്കിവരുന്നു.

- തീറ്റപ്പുൽകൃഷിയുടെ പ്രയോജനം കൂടുതൽ കർഷകരിൽ എത്തിക്കുന്നതിനും തീറ്റപ്പുല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ വ്യക്തികൾവശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തി കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. ഡെയറിഫാമുകളുടെ യന്ത്രവൽക്കരണത്തിന് കൂടുതൽ പ്രാധാന്യം നൽകി ഫാം മെക്കനൈസേഷനുവേണ്ടി കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.
- ഉരുക്കളേയും കർഷകരേയും അവരുടെ കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും വകുപ്പിന്റെ പദ്ധതി വിഹിതവും വിനിയോഗിച്ച് ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് പരമാവധി നാല് രൂപ വരെ സഹായം നൽകുന്ന പദ്ധതി ബഹുഭൂരിഭാഗം പഞ്ചായത്തുകളിലും നടപ്പിലാക്കുന്നു.
- ഉൽപ്പാദനക്ഷമത കൂടിയതും ഉയർന്ന ജനിതക ഗുണവുമുള്ള കറവപശുക്കളെ തദ്ദേശീയമായി കർഷകർക്ക് ലഭ്യമാക്കുന്നതിനായി ക്ഷീരസംഘങ്ങൾ മുഖേന 100 കിടാരികൾ അടങ്ങിയ ഹീഫർ പാർക്ക് പദ്ധതി നടപ്പിലാക്കുന്നു.
- പ്രളയത്തിലും മറ്റ് പ്രകൃതി ക്ഷോഭത്തിലും കനത്ത നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 22 കോടി രൂപയുടെ 'ക്ഷീര നവോത്ഥാനം' എന്ന ഫ്ലഡ് റിലീഫ് പദ്ധതി നടപ്പിലാക്കുന്നു.
- കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി
- ക്ഷീരകർഷകർക്കുള്ള കടാശ്വാസ പദ്ധതി
- കോമ്പോസിറ്റ് ഡെയറി യൂണിറ്റ്,  എലിവേറ്റഡ് കാറ്റിൽ ഷെഡ്, സമഗ്ര സഹകരണ പ്രചാരണ പരിപാടി, വനിതാ ക്ഷീരകർഷക സർവ്വേ, ക്ഷീരസംഘങ്ങൾക്കായി യൂണിഫൈഡ് സോഫ്റ്റ്‌വെയർ തുടങ്ങിയ പദ്ധതികളും ഈ വർഷത്തെ നൂതന പദ്ധതികളിൽ ഉൾപ്പെടുന്നു. കൂടാതെ ക്ഷീരസംഘങ്ങളുടെ ആധുനീകരണത്തിനും യന്ത്രവൽക്കരണത്തിനും പാൽ പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) ഗോസമൃദ്ധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2019-20 വർഷം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഗോസമൃദ്ധി പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷം നഷ്ടപരിഹാരമായി 3,56,79,618 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി അഞ്ചിൽ കൂടുതൽ കറവപശുക്കൾ വളർത്തുന്ന കർഷകർക്ക് കറവയന്ത്രം വാങ്ങുന്നതിനായി വിലയുടെ 50% നിരക്കിൽ പരമാവധി 25,000 രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. മൃഗസംരക്ഷണ വകുപ്പ് മുഖേന കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

കൂടാതെ ക്ഷീരസംഘങ്ങൾ മുഖേന കറവ നടത്തുന്നതിന് താല്പര്യമുള്ളവരെ കണ്ടെത്തി പരിശീലനം നൽകി കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടിയും ആലോചനയിലുണ്ട്. മൊബൈൽ കറവയന്ത്രം ലഭ്യമാക്കി ക്ഷീരസംഘാടിസ്ഥാനത്തിൽ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

(ഇ) ഗോവർദ്ധിനി പദ്ധതിയിൽ ഉൾപ്പെട്ട കന്നുകുട്ടികൾക്ക് പദ്ധതി കാലയളവിൽ ആവശ്യാനുസരണം വിരമരുന്ന്, പ്രതിരോധ കുത്തിവയ്പുകൾ എന്നിവയും ആരോഗ്യപരിരക്ഷയും നൽകിവരുന്നു.

**ജലനയം**

16(*376) <u>ശ്രീ. വി. ഡി. സതീശൻ</u>:
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. പി. ടി. തോമസ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല ഉപഭോഗ രംഗത്ത് വന്ന മാറ്റങ്ങൾ പരിഗണിച്ച് പുതിയ ജലനയത്തിന് രൂപം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് ജലത്തിന്റെ ലഭ്യതയിൽ വന്നിട്ടുള്ള ഗണ്യമായ കുറവ് കണക്കിലെടുത്ത് നിലവിലുള്ള ജലാശയങ്ങളെ സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് റിവർ ബേസിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഉണ്ട്; സംസ്ഥാനത്ത് 2008-ൽ രൂപീകരിച്ച ഒരു ജലനയം നിലവിലുണ്ട്. എന്നാൽ കേന്ദ്ര ജലനയം 2012-ൽ പുതുക്കിയത് കണക്കിലെടുത്തും കഴിഞ്ഞ 11 വർഷങ്ങളിൽ സംസ്ഥാനത്തെ ജലവിഭവരംഗത്ത് വന്ന മാറ്റങ്ങൾ, സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ ആവശ്യകതകൾ എന്നിവ പരിഗണിച്ചുകൊണ്ടും കഴിഞ്ഞ കുറച്ച് വർഷങ്ങളിലെ ജലവിഭവ നിർവ്വഹണരംഗത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രസ്തുത ജലനയത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതിയ ജലനയം പുറപ്പെടുവിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. കഴിഞ്ഞ വർഷങ്ങളിലെ ജലത്തിന്റെ ലഭ്യതയിൽ വന്നിട്ടുള്ള കുറവും ജനസംഖ്യ, ജലത്തിന്റെ ദുരുപയോഗം എന്നിവയിലുണ്ടായ ഗണ്യമായ വർദ്ധനവ് എന്നിവ കണക്കിലെടുത്തും ജലസ്രോതസ്സുകളെ സംരക്ഷിച്ച് അവയുടെ മലിനീകരണം തടഞ്ഞും ജലലഭ്യത ഉറപ്പുവരുത്തി ശുദ്ധമായ ജലം എല്ലാവർക്കും നീതിപൂർവ്വം നൽകാമെന്നതാണ് ഈ നിർദ്ദിഷ്ട ജലനയത്തിന്റെ ഉദ്ദേശ്യം. ഇതിനായി ജലവിഭവ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു പത്തംഗ ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജലപരിപാലന രീതികളിൽ കഴിഞ്ഞ കുറെ വർഷങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങൾ ശാസ്ത്രീയമായി പഠിക്കുകയും 2018 ഓഗസ്റ്റിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് (PDNA), സംയോജിത ജലവിഭവ പരിപാലനം (Integrated Water Resources Management) എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കിയുമാണ് പുതിയ ജലനയത്തിന് രൂപം നൽകാൻ തീരുമാനിച്ചിരിക്കുന്നത്.

(ബി) സമീപകാലത്തായി കാലവർഷമഴ ജൂൺ-ജൂലൈ മാസങ്ങളിൽ കുറയുകയും സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ മഴ ലഭ്യത വർദ്ധിക്കുകയും ചെയ്യുന്നുവെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഇത് കണക്കിലെടുത്തും ആവർത്തിക്കുന്ന വരൾച്ച കണക്കിലെടുത്തും മഴക്കാലത്ത് ലഭ്യമാകുന്ന ജലം പരമാവധി സംഭരിച്ച് ഭൂജല പോഷണം സാധ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജലസമൃദ്ധി - ഉപമിഷന്റെ ഭാഗമായി രൂപം കൊടുത്തിട്ടുള്ള നീർത്തട പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/ചിറകൾ എന്നിവ ശുചീകരിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി 724 കുളങ്ങളുടെ ശുചീകരണ-സംഭരണശേഷി വർദ്ധനവിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ

ജലനിധി പദ്ധതി മുഖേന പഞ്ചായത്തുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിനായി സമഗ്ര ജല സുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. ജലസംരക്ഷണത്തിനായി കിണറുകളിൽ റീചാർജ്ജ് - (1479 എണ്ണം) തടയണകൾ - (185 എണ്ണം) (ചെറുതും വലുതും) ഭൂമിയുടെ അടിയിലുള്ള തടയണകൾ - (14 എണ്ണം), VCB (Vented Cross Bar)-(49 എണ്ണം), മണ്ണ് ഭിത്തി സംരക്ഷണം (Contour Bund)-32 എണ്ണം) എന്നിവ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇവയടക്കം 1777 ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഹരിത കേരള മിഷൻ മുഖേനയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലെ ജലാശയങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ നടത്തിവരുന്നു. മലിനീകരണ ഭീഷണി നേരിടുന്ന പുഴകളായ മീനച്ചിൽ, പെരിയാർ, പമ്പ, കല്ലായി, വളപട്ടണം എന്നിവയെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായുള്ള പ്രവൃത്തികൾ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഓരോ പുഴയിലെയും മലിനീകരണത്തിന്റെ തോതും അതിന്റെ ഉറവിടവും കൃത്യമായി മനസ്സിലാക്കുകയും അതിന്റെ സുസ്ഥിരതയ്ക്കും കൂടാതെ ജലത്തിന്റെ ഗുണനിലവാരം നിലനിർത്തുന്നതിനുമുള്ള പദ്ധതികൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) സംസ്ഥാനത്തിന്റെ ജലസ്രോതസ്സുകളായ നദികളെയും അണക്കെട്ടുകളേയും ശരിയായ വിധം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി സംയോജിത ജലവിഭവ പരിപാലനം (Integrated Water Resources Management) എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഒരു River Basin Conservation and Management Authority (RBCMA) രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ആദ്യപടിയായി RBCMA ആക്ടിന് രൂപം നൽകുന്നതിനായി 3-5-2019-ലെ സ.ഉ(സാ)നമ്പർ 306/2019/WRD പ്രകാരം സംസ്ഥാന തലത്തിൽ ഒരു സമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടാതെ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ. സുധീർ. കെ.പി. ചെയർമാനായും ജലവിഭവ വകുപ്പ് സെക്രട്ടറി കോ-ചെയർമാനായും ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി 10-6-2019-ലെ സാധാ.നമ്പർ 401/19/ജ.വി.വ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ആക്ട് രൂപീകരിക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കുവാൻ അനുമതി നൽകാനുള്ള തീരുമാനം

17(*377) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. എൻ. ഷംസുദ്ദീൻ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴവർഗ്ഗങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കുന്നതിന് ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അബ്കാരി ലൈസൻസ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പുറമേ നിരുപദ്രവകരമാണെന്ന് തോന്നാമെങ്കിലും വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കുന്നതും ഉപഭോഗം ചെയ്യുന്നതും മദ്യാസക്തി വർദ്ധിപ്പിക്കുവാനേ ഉപകരിക്കു എന്ന വസ്തുത ഗൗരവമായി ചിന്തിച്ചിട്ടുണ്ടോ;

(സി) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാനാണോ ഇപ്രകാരം ലൈസൻസ് നൽകുവാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ലഘുവായ മദ്യപാനത്തിന് മാന്യത നൽകുന്ന ഈ തീരുമാനം പുന:പരിശോധിക്കുമോ എന്നറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) നിയമസഭാ സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ) യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചക്ക, മാങ്ങ, കശുമാങ്ങ, വാഴപ്പഴം മുതലായ പഴവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള കാർഷിക ഉല്പന്നങ്ങളിൽനിന്നും മറ്റ് ധാന്യവർഗ്ഗങ്ങളിൽനിന്നും വീര്യം കുറഞ്ഞ മദ്യം, വൈൻ തുടങ്ങിയ പാനീയങ്ങൾ ഉല്പാദിപ്പിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാല സർക്കാരിൽ സമർപ്പിച്ചിരുന്ന സമഗ്ര റിപ്പോർട്ട് അംഗീകരിച്ച് ഇത്തരത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന വീര്യം കുറഞ്ഞ മദ്യം വിപണനം ചെയ്യുന്നതിന് ബന്ധപ്പെട്ട അബ്കാരി ചട്ടങ്ങളിൽ നിയമഭേദഗതി വരുത്തുന്നതിന് അനുമതി നൽകി 26-10-2019-ലെ ജി.ഒ(എം.എസ്)58/19/നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വീര്യം കുറഞ്ഞ മദ്യമായ ബിയർ, വൈൻ എന്നിവ സംസ്ഥാനത്ത് കെ.എസ്.ബി.സി. വഴി വിപണനം നടത്തുന്നുണ്ട്. ഇത് മദ്യാസക്തി വർദ്ധിപ്പിക്കുന്നതായി കണ്ടെത്തിയിട്ടില്ല. വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിലൂടെ വീര്യം കൂടിയ മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടുവരുവാൻ സാധിക്കുന്നതാണ്.

(സി&ഡി) മദ്യവിൽപ്പനയിലൂടെ സാമ്പത്തിക സ്രോതസ് കണ്ടെത്താമെന്നത് സർക്കാരിന്റെ നയമല്ല. കേരളത്തിൽ പാഴായി പോകുന്ന ചക്ക, കശുമാങ്ങ തുടങ്ങിയ പഴങ്ങളിൽനിന്നും വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കുന്നതിന് സാധ്യത വളരെ കൂടുതലാണെന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സബ്ജക്റ്റ് കമ്മിറ്റി VIII നിർദ്ദേശിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ കൃഷി വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ആയത് പ്രകാരം കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം നൽകിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് പഴങ്ങളിൽനിന്ന് വീര്യം കുറഞ്ഞ മദ്യം, വൈൻ എന്നിവ ഉല്പാദിപ്പിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ഈ തീരുമാനംവഴി പാഴായി പോകുന്ന ചക്ക, കശുമാങ്ങ, കൈതച്ചക്ക, വാഴപ്പഴം തുടങ്ങിയവ മൂല്യവർദ്ധിത ഉൽപ്പന്നമാക്കി മാറ്റാൻ കഴിയുകയും കർഷകർക്ക് ഇതുവഴി സാമ്പത്തിക നേട്ടം ഉണ്ടാവുകയും ചെയ്യുന്നു. ആയതിനാൽ ഈ തീരുമാനത്തിൽനിന്നും പിൻമാറേണ്ട സാഹചര്യമില്ല.

## ഇതരസംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ നിയമപ്രകാരമുള്ള സൗകര്യങ്ങൾ

18(*378) ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾക്കായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം ഏർപ്പെടുത്തുന്നതിന് അപ്നാഘർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിലിടങ്ങളിൽ വേണ്ടത്ര സുരക്ഷാ സംവിധാനങ്ങൾ ഇല്ലാതെ ഇവരെക്കൊണ്ട് ജോലിയെടുപ്പിക്കുന്നതുമൂലമുള്ള അപകടങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ എപ്രകാരമുള്ള ഇടപെടലാണ് വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ തൊഴിൽ നിയമപ്രകാരം ഇവർക്ക് ലഭ്യമാകേണ്ട വേതന വ്യവസ്ഥകൾ, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഇതരസംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം നൽകുന്ന പദ്ധതിയാണ് അപ്നാഘർ പദ്ധതി. നിലവിൽ അപ്നാഘർ പാലക്കാട് പദ്ധതി നിർമ്മാണം പൂർത്തിയാക്കി 620 അതിഥി തൊഴിലാളികൾ താമസിച്ചുവരികയും ചെയ്യുവരുന്നു. ഈ പദ്ധതിയുടെ മറ്റ് സ്കീമുകൾ നടപ്പിലാക്കുന്നതിന് എറണാകുളം ജില്ലയിൽ കളമശ്ശേരിയിലും കോഴിക്കോട് ജില്ലയിൽ കിനാലൂരിലും സ്ഥലം ഏറ്റെടുത്തിട്ടുള്ളതാണ്. പ്രസ്തുത സ്ഥലങ്ങളിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

(ബി) ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കാതെ സംസ്ഥാനത്ത് പല ഭാഗത്തും കെട്ടിട നിർമ്മാണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 18-6-2019-ന് സംസ്ഥാന വ്യാപകമായി തൊഴിൽവകുപ്പ് നടത്തിയ സ്പെഷ്യൽ സ്ക്വാഡ് പരിശോധനയിൽ സുരക്ഷാ സംവിധാനം ഒരുക്കാതെ 120 സ്ഥാപനങ്ങൾ നിർമ്മാണ പ്രവർത്തനം നടത്തിവന്നത് ശ്രദ്ധയിൽപ്പെടുകയും നിയമലംഘനങ്ങൾക്കെതിരെ 1979-ലെ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടിഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1970-ലെ കോൺട്രാക്ട് ലേബർ ആക്ട് (റെഗുലേഷൻ & അബോളിഷൻ) ആക്ട്, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫയർ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടിഷൻ ഓഫ് സർവ്വീസ്) നിയമം എന്നീ നിയമങ്ങൾ പ്രകാരമുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് 2 ലക്ഷം രൂപവരെയുള്ള അപകടമരണ ഇൻഷ്വറൻസും അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1 ലക്ഷം രൂപവരെയുള്ള ഇൻഷ്വറൻസ് പരിരക്ഷയും 25,000 രൂപ വരെയുള്ള ചികിത്സാ സഹായവും നൽകുന്ന 'ആവാസ്' പദ്ധതി തൊഴിൽ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

(സി) ഒരേ തൊഴിലിൽ ഏർപ്പെടുന്ന ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും തുല്യവേതനത്തിന് അർഹതയുണ്ട്. അർഹതപ്പെട്ട കൂലി ലഭിക്കുന്നില്ല എന്ന പരാതി ഇതര സംസ്ഥാന തൊഴിലാളികളിൽനിന്നും ലഭിച്ചിട്ടില്ല. എന്നാൽ കൂലി പിടിച്ചുവയ്ക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ

സമയോചിതമായി ഇടപെടുകയും പരിഹാരം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ജില്ലാ ലേബർ ഓഫീസർ(ഇ)മാരുടെ നേതൃത്വത്തിൽ 1979-ലെ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടിഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1970-ലെ കോൺട്രാക്ട് ലേബർ ആക്ട് (റഗുലേഷൻ & അബോളിഷൻ) ആക്ട്, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻ ഓഫ് സർവ്വീസ്) നിയമം എന്നിവ പ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ-സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നു. മിനിമം വേതനം ലഭ്യമാകുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ ലേബർ ഓഫീസർമാർ മുഖേന ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**വാട്ടർ അതോറിറ്റിയെ കാലോചിതമായി പരിഷ്കരിക്കുവാൻ നടപടി**

19(*379) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളിലെ അസാധാരണമായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതുമൂലം എസ്റ്റിമേറ്റ് തുകയിൽ വലിയ തോതിൽ വർദ്ധനയുണ്ടാവുകയും പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വരുകയും ചെയ്യുന്ന സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വാട്ടർ അതോറിറ്റിയെ കാലോചിതമായി പരിഷ്കരിക്കുകയും പദ്ധതികൾ നടപ്പിലാക്കുന്നതിൽ കുറ്റമറ്റ ഏജൻസിയാക്കി മാറ്റുകയും ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഉണ്ട്; റോഡ് കട്ടിംഗിനുള്ള അനുമതി സമയബന്ധിതമായി ലഭ്യമാകാത്തത്, ആവശ്യമായ ഭൂമി ലഭ്യമാകാത്തത് എന്നിവമൂലം ചില പദ്ധതികൾ

നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. കൂടാതെ കരാറുകാർക്ക് ബില്ലുകൾ യഥാസമയം കൊടുക്കാൻ സാധിക്കാത്തതുമൂലവും പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നുണ്ട്.

(ബി) സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് ചീഫ് സെക്രട്ടറി തലത്തിലും സെക്രട്ടറി തലത്തിലും റിവ്യൂ മീറ്റിംഗുകൾ നടത്തിവരുന്നു. കൂടാതെ കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ തലത്തിലും ടെക്നിക്കൽ മെമ്പർ, ചീഫ് എഞ്ചിനീയർ, ഫീൽഡ് ഓഫീസർ എന്നീ തലങ്ങളിലും വിവിധ പദ്ധതികളുടെ വിശദമായ മോണിട്ടറിംഗ് നടത്തിവരുന്നു. മന്ത്രിതല അവലോകന യോഗങ്ങളും നടത്തിവരുന്നുണ്ട്.

(സി) വാട്ടർ അതോറിറ്റിയെ കാലോചിതമായി പരിഷ്കരിക്കുകയും പദ്ധതികൾ നടപ്പിലാക്കുന്നതിൽ കുറ്റമറ്റ ഏജൻസിയാക്കി മാറ്റുകയും ചെയ്യുന്നതിന് കേരള ജല അതോറിറ്റി വിപുലമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും അവയുടെ പ്രവർത്തന പുരോഗതികൾ വിവിധ തലങ്ങളിൽ വിലയിരുത്തി ഓരോ തലങ്ങളിലും വ്യക്തമായ സമയക്രമം നിശ്ചയിച്ച് പ്രവർത്തിക്കുന്നതിനും നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അതോറിറ്റിയിലെ വിവരസാങ്കേതികവിദ്യാ വിഭാഗം കാര്യക്ഷമമാക്കുവാനും ശാക്തീകരിക്കുവാനും നടപടി ആരംഭിച്ചുകഴിഞ്ഞു.

## സാംസ്കാരിക രംഗത്ത് നടത്തുന്ന ഇടപെടലുകൾ

20(*380) ശ്രീ. പുരുഷൻ കടലുണ്ടി:

ശ്രീ. എം. മുകേഷ്:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ:

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസൂത്രിതമായി ചില ശക്തികൾ മത-ജാതി വിഭജനം ശക്തിപ്പെടുത്തി, സാമൂഹ്യ വികസനത്തിന്റെ ദിശ നിർണ്ണയിക്കുന്ന തെരഞ്ഞെടുപ്പുകളിൽ പോലും പരസ്യമായി ഇടപെടുന്നതായി ആക്ഷേപമുള്ള സാഹചര്യത്തിൽ ജനാധിപത്യത്തിലും മാനവികതയിലും അധിഷ്ഠിതമായ ഭരണഘടനാ മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് സാംസ്കാരിക രംഗത്ത് നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ സാംസ്കാരിക മേഖലയിലെ നയങ്ങളും പദ്ധതികളും രൂപീകരിക്കുകയെന്ന ലക്ഷ്യത്തോടെ സാംസ്കാരിക ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ടോ;

(സി) കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സാംസ്കാരിക പൈതൃകം ശക്തിപ്പെടുത്തുന്നതിനും നടപ്പാക്കുന്ന പരിപാടികളെക്കുറിച്ച് അറിയിക്കാമോ;

(ഡി) സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി തുടങ്ങി വിവിധ അക്കാദമികളുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിന് നടത്തിയ പ്രവർത്തനം അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ജനാധിപത്യത്തിലും മാനവികതയിലും അധിഷ്ഠിതമായ ഭരണഘടനാ മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് സാംസ്കാരിക രംഗത്ത് നിരവധിയായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കേരളത്തിലെ 14 ജില്ലകളിലും നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ, ഒരു സമുച്ചയത്തിന് ഏകദേശം 50 കോടി രൂപ ചെലവഴിച്ച് നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളം കൈവരിച്ചിട്ടുള്ള ഉന്നത നവോത്ഥാന മൂല്യങ്ങൾ പരിപോഷിപ്പിക്കാനും നിലനിർത്താനും ഈ സാംസ്കാരിക സമുച്ചയങ്ങൾ സഹായിക്കുന്നതാണ്. ശ്രീനാരായണ ഗുരുവിന്റെ നമുക്ക് ജാതിയില്ലാ വിളംബര വാർഷികവും സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികവും മഹാത്മാഗാന്ധിയുടെ 70-ാം രക്ഷതസാക്ഷിത്വവും 150-ാം ജന്മവാർഷികവും ആചരിച്ചതും മതജാതി ചിന്തകളുടെ ഉച്ചാടനവും നവോത്ഥാന മൂല്യങ്ങളുടെ പ്രചാരണവും ലക്ഷ്യമാക്കിയാണ്. മതജാതി വിഭജനം ശക്തമാകുന്ന സാഹചര്യത്തിൽ നവോത്ഥാന ആശയങ്ങൾ പ്രചരിപ്പിക്കുക എന്നതാണ് സർക്കാർ നടത്തിയ പ്രധാന പ്രവർത്തനം. നവോത്ഥാനത്തിന്റെ ഇന്ത്യയിലെ പ്രതീകമായ മഹാത്മാ ഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വ വാർഷികം 'രക്തസാക്ഷ്യം' എന്ന പേരിൽ പ്രധാന കേന്ദ്രങ്ങളിൽ ആചരിച്ചു.

സാഹിത്യ അക്കാദമി നവോത്ഥാനകാല സാഹിത്യത്തിന്റെ പുതിയ പതിപ്പുകൾ പ്രസിദ്ധീകരിച്ചും നവോത്ഥാന ആചാര്യൻമാരുടെ ജീവചരിത്രങ്ങൾ പ്രസിദ്ധീകരിച്ചും പ്രചരിപ്പിക്കുന്നു. ഗാന്ധിജിയുടെയും (150-ാം ജന്മവാർഷികം), വിവേകാനന്ദന്റെയും (കേരള സന്ദർശനത്തിന്റെ 125-ാം വാർഷികം), ശ്രീനാരാണയ ഗുരുവിന്റെയും (ജാതിയില്ലാ വിളംബരം) ചരിത്രപരമായ ജീവിത

സന്ദർഭങ്ങളെ മുൻനിർത്തിയുള്ള പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കി. ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് ഭരണഘടനാ മൂല്യങ്ങളെ ചർച്ചാ വിഷയമാക്കുന്ന സെമിനാറുകൾ നടത്തി.

(ബി) സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനവും സമന്വയവും സാധ്യമാക്കുവാനും അവയ്ക്കുള്ള ധനസഹായം നിശ്ചയിക്കുന്നതിൽ ഉപദേശിക്കുവാനും കലാ സാംസ്കാരിക മേഖലയിൽ നവീന സർഗ്ഗാത്മക സംരംഭങ്ങൾക്ക് ആശയാവിഷ്കാരം നടത്തുന്നതിനും സാംസ്കാരിക നയരൂപീകരണത്തിന് ഉപദേശം നൽകുന്നതിനും 21-12-2018-ലെ സ.ഉ. (കൈ)നമ്പർ 10/18/സാം.കാ.വ. നമ്പർ ഉത്തരവ് പ്രകാരം സാംസ്കാരിക ഉന്നത സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) കേരള സംസ്കാരം സംസ്ഥാനത്തിന് അകത്തും പുറത്തും പ്രചരിപ്പിക്കുന്നതിന് കേരള സംസ്കാരം വ്യാപനം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. വകുപ്പിന്റെ വെബ്സൈറ്റ് വഴിയും തെലങ്കാന, ന്യൂ-ഡൽഹി പൈതൃകോത്സവം പരിപാടികൾ പോലുള്ളവ മുഖേനയും വിവിധ സാംസ്കാരിക പ്രചരണ പരിപാടികൾ ഈ പദ്ധതിയിൻകീഴിൽ നടപ്പിലാക്കിവരുന്നുണ്ട്. കേരളത്തിലങ്ങോളമിങ്ങോളമുള്ള മ്യൂസിയങ്ങളെ കൂട്ടിയിണക്കി ഒരു കേരള സംസ്കാര മ്യൂസിയം സ്ഥാപിക്കുന്ന പദ്ധതി, കേരളത്തിലെ തെരഞ്ഞെടുത്ത 20 പൈതൃക ഗ്രാമങ്ങളെ അടിസ്ഥാനമാക്കി കലാകരകൗശല കലാകാരൻമാർക്ക് വിപണന, തൊഴിൽ സാധ്യതകൾ പരിപോഷിപ്പിക്കാവുന്ന കലാകാരൻമാരുടെ ഉപജീവനം/റൂറൽ ആർട്ട് ഹബ്ബ് എന്ന പദ്ധതി, ഗ്രാമങ്ങളിലും പട്ടണങ്ങളിലും സാംസ്കാരിക വിനിമയ പരിപാടികൾ നടത്തുന്നതിന് നാട്ടരങ്ങ് എന്ന പദ്ധതി, കേരളത്തിന്റെ സാംസ്കാരിക സമ്പന്നത പ്രയോജനപ്പെടുത്തുന്നതിനായി ഗെയിമിംഗ് ആനിമേഷൻ ഹാബിറ്റാറ്റ് സ്ഥാപിക്കുന്ന പദ്ധതി, ക്ലാസിക്കൽ, ലളിതകല, അഭിനയകല, നാടൻകല വിഭാഗങ്ങളിൽ 46-ൽപ്പരം വിവിധ കലാരൂപങ്ങളിലായി 1000 യുവകലാകാരൻമാർക്ക് വജ്രജൂബിലി ഫെലോഷിപ്പ് നൽകുന്ന പദ്ധതി തുടങ്ങിയ പദ്ധതികൾ കേരള കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സാംസ്കാരിക പൈതൃകം ശക്തിപ്പെടുത്തുന്നതിനും നടപ്പിലാക്കിവരുന്നു. വിവിധ അക്കാദമികളും മറ്റ് സാംസ്കാരിക സ്ഥാപനങ്ങളും വിവിധ കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. സാംസ്കാരിക പൈതൃക സംരക്ഷണത്തിന്റെ ഭാഗമായി സാഹിത്യ അക്കാദമിയുടെ ഡിജിറ്റലൈസേഷൻ പ്രോജക്ട് തുടരുന്നു. അപ്പൻ തമ്പുരാൻ സ്മാരകത്തിൽ സൂക്ഷിച്ചിട്ടുള്ള പഴയ ആനുകാലികങ്ങളും കേരള സാഹിത്യ അക്കാദമി ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള പ്രാചീനമായ ഗ്രന്ഥങ്ങളും ഡിജിറ്റൽ രൂപത്തിലാക്കിവരുന്നു.

(ഡി) അക്കാദമികളുടെ ഭരണസമിതികൾ പുനഃസംഘടിപ്പിച്ച് പ്രവർത്തനം കാര്യക്ഷമവും ജനകീയവുമാക്കി. അക്കാദമികളുടെ പദ്ധതി വിഹിതം ഗണ്യമായി വർദ്ധിപ്പിച്ചു. സാഹിത്യ അക്കാദമിയിൽ മലയാളം ഡിജിറ്റൽ റിസോഴ്സ് സെന്ററും സംസ്ഥാന ഡിജിറ്റൈസേഷൻ ഹബ്ബും സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ രണ്ട് കോടി രൂപ അനുവദിച്ചു. സാഹിത്യ അക്കാദമി സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരെയും പരിഗണിച്ച് ശില്പശാലകൾ, സെമിനാറുകൾ, പഠന സമ്മേളനങ്ങൾ, എഴുത്തരങ്ങ് തുടങ്ങിയ പരിപാടികളും സംഘടിപ്പിക്കുകയും സ്ഥാപനപരമായ വികസന പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു.

കേരള ലളിതകലാ അക്കാദമി കലാക്യാമ്പുകൾ, കലയുടെ ദർബാർ, ആർട്ട് @ഹോം പദ്ധതിയുടെ ഭാഗമായി കേരളീയ ഭവനങ്ങളിൽ ചിത്ര – ശില്പങ്ങൾ എത്തിക്കുന്ന കലാവിപണനം പദ്ധതി, മെഡിക്കൽ കോളേജുകളിലും ക്യാൻസർ സെന്ററുകളിലും ചിത്രഗ്യാലറികൾ, കുട്ടികൾക്ക് ശില്പനിർമ്മാണം നേരിൽ കാണാൻ ശില്പോദ്യാനം പദ്ധതി, കലാകാരൻമാർക്കുള്ള ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിച്ചു. അക്കാദമി ആസ്ഥാന മന്ദിര കെട്ടിടത്തിൽ നവോത്ഥാന ചിത്രമതിൽ രചിക്കുകയുണ്ടായി. ചിത്രകലാക്യാമ്പും സംഘടിപ്പിക്കുകയുണ്ടായി.

## മദ്യ ഉപഭോഗത്തിലുണ്ടായ വർദ്ധനവ്

21(*381) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ മദ്യശാലകൾ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് മദ്യ ഉപഭോഗം എത്ര ശതമാനം വർദ്ധിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയതും ഈ സർക്കാരിന്റെ കാലത്ത് തുറന്ന് പ്രവർത്തിക്കാൻ അനുമതി നൽകിയതുമായ ബാറുകൾ, പുതിയതായി അനുവദിച്ച ബാറുകൾ ബിവറേജസ് കോർപറേഷൻ വില്പനശാലകൾ ഇവ എത്രയെണ്ണം വീതമാണെന്ന് അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) വിദേശമദ്യചട്ടം 1953-ലെ ചട്ടം 13-ൽ അനുശാസിക്കുന്ന വ്യവസ്ഥകൾ പാലിച്ച് സർക്കാർ അതാത് കാലയളവിൽ നിശ്ചയിക്കുന്ന ഫീസ് ഈടാക്കിയാണ് മദ്യശാലകൾ അനുവദിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ബിയർ ഒഴികെയുള്ള ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ ഉപഭോഗം 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ തൊട്ടുമുൻപുള്ള വർഷത്തേക്കാൾ യഥാക്രമം 2%, 2%, 4% എന്നിങ്ങനെ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ ബിയറിന്റെ ഉപഭോഗം 2016-17, 2017-18 എന്നീ വർഷങ്ങളിൽ തൊട്ടുമുൻപിലെ വർഷത്തേക്കാൾ യഥാക്രമം -3%, -23% കുറവും 2018-19 വർഷത്തിൽ 5% വർദ്ധനവും ഉണ്ടായിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രവർത്തിച്ചുവന്ന ബാർ ലൈസൻസുകളിൽ ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് മാത്രം ബാർ ലൈസൻസ് അനുവദിച്ചതിനെ തുടർന്ന് ബിയർ പാർലറുകളായി മാറി 2016 മാർച്ച് മാസത്തിൽ പ്രവർത്തിച്ചിരുന്ന 383 സ്ഥാപനങ്ങൾക്ക് എഫ്.എൽ.3 ലൈസൻസ് 3 സ്റ്റാർ ക്ലാസിഫിക്കേഷൻ ലഭിച്ചതിനെ തുടർന്ന് ഈ സർക്കാർ പുതുക്കി നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 158 ബാർ ലൈസൻസുകളാണ് പുതുതായി അനുവദിച്ചിട്ടുള്ളത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി (എഫ്.എൽ.1) ചില്ലറ വിദേശമദ്യ വില്പനശാലകൾ അനുവദിച്ചിട്ടില്ല.

## ക്ഷീര കർഷകർക്ക് ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പദ്ധതി

22(*382) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി ഉണ്ടാകുന്ന പ്രകൃതി ക്ഷോഭം ക്ഷീരകർഷകരെ എപ്രകാരം ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) ക്ഷീര കർഷകർക്കായി പ്രത്യേക ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് മിൽമയും മേഖലാ യൂണിയനുകളും ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്;

(ഡി) ക്ഷീരകർഷക ക്ഷേമനിധി ബോർഡ് നൽകുന്ന കുടുംബ പെൻഷൻ തുലോം കുറവായതിനാൽ ക്ഷീരകർഷക പെൻഷന്റെ അൻപത് ശതമാനമായി അത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വിലയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷം തുടർച്ചയായി സംസ്ഥാനത്തുണ്ടായ പ്രളയം ക്ഷീരകർഷകർക്ക് കനത്ത ആഘാതമാണ് ഏൽപ്പിച്ചത്. 2018-ലെ പ്രളയംമൂലം ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 2.5 ലക്ഷം ലിറ്ററിന്റെ ഇടിവുണ്ടായി. 2019-ലെ പ്രളയവും മറ്റ് പ്രകൃതിക്ഷോഭവുംമൂലം ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ 1.26 ലക്ഷം ലിറ്ററിന്റെ കുറവുണ്ടായി.

പ്രളയക്കെടുതികൾ ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ ഡയറക്ടറേറ്റ് തലത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് സെൽ ആരംഭിക്കുകയും സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തി കർഷകർക്ക് സഹായം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

ക്ഷീരവികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, മിൽമ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവരുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. പ്രളയക്കെടുതിമൂലം നാശനഷ്ടം സംഭവിക്കുകയും ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന കർഷകരെ സാമ്പത്തികമായി സഹായിക്കുന്നതിന് ക്ഷീരസംഘങ്ങളുടെ പൊതുഫണ്ട് വിനിയോഗിക്കുന്നതിന് അനുവാദം നൽകുകയും ചെയ്തു.

ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് 2.8 കോടി രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി 117 ലക്ഷം രൂപയുടെ 450 മെട്രിക് ടൺ കാലിത്തീറ്റ വിതരണം ചെയ്യുകയും പാൽ വിപണനത്തിന് കഴിയാതെവന്ന സ്ഥലങ്ങളിൽ ക്ഷീരസംഘങ്ങളിൽ സംഭരിച്ച പാൽ, മേഖലാ യൂണിയന്റെ റൂട്ടുകളിലെത്തിക്കുന്നതിനും മൃഗങ്ങളെ മാറ്റി പാർപ്പിക്കുന്നതിനും കന്നുകാലികൾക്ക് മറ്റ് തീറ്റവസ്തുക്കൾ എത്തിക്കുന്നതിനും അനുബന്ധ തീറ്റകൾ ലഭ്യമാക്കുന്നതിനും 163 ലക്ഷം രൂപ ഉൾപ്പെടെ ആകെ 280 ലക്ഷം രൂപ അടിയന്തര സഹായമായി ലഭ്യമാക്കി. കൂടാതെ ജയിൽ വകുപ്പിന്റെ സഹായത്തോടെ പ്രളയം ബാധിച്ച പ്രദേശങ്ങളിൽ പച്ചപ്പുല്ല് വിതരണം നടത്തിയിട്ടുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ 2019-20 വാർഷിക പദ്ധതിയിൽ 2018, 2019 വർഷത്തിൽ പ്രളയവും പ്രകൃതിക്ഷോഭവും നടന്ന പ്രദേശങ്ങളിലെ കർഷകരെ സഹായിക്കുന്നതിനായി 22 കോടി രൂപയുടെ ഫ്ലഡ് റീഹാബിലിറ്റേഷൻ പ്രോഗ്രാമും നടപ്പിലാക്കുന്നുണ്ട്.

2018 പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാഥമിക ചികിത്സ, തീറ്റ വിതരണം എന്നിവ നടത്തുകയുണ്ടായി.

പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ്, തമിഴ്നാട്, തെലുങ്കാന, ആന്ധ്രാപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ മൃഗസംരക്ഷണ വകുപ്പ്, മിൽമ, കേരള ഫീഡ്സ്, മറ്റ് സ്വകാര്യ പൊതുമേഖല ഏജൻസികൾ എന്നിവ തീറ്റ, വൈക്കോൽ, ധാതുലവണ മിശ്രിതങ്ങൾ, മരുന്നുകൾ മുതലായവ വിതരണം ചെയ്യുകയുണ്ടായി. കൂടാതെ 1968.1 മെട്രിക് ടൺ കാലിത്തീറ്റ, 1603.2 മെട്രിക് ടൺ പച്ചപ്പുൽ, 63.48 മെട്രിക് ടൺ ടി.എം.ആർ. തീറ്റ, 28.44 മെട്രിക് ടൺ ധാതുലവണ മിശ്രിതം എന്നിവ വിതരണം ചെയ്തു. സംസ്ഥാന ശുചിത്വ മിഷന്റെ സഹായത്തോടെ മരണപ്പെട്ട ഉരുക്കളുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കുകയുണ്ടായി. മൃഗസംരക്ഷണ വകുപ്പ് വഴി നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ്, അമൂൽ എന്നിവിടങ്ങളിൽനിന്നും ലഭിച്ച 68848 ലിറ്റർ പാൽ, 7.45 മെട്രിക് ടൺ പാൽപ്പൊടി എന്നിവ പൊതുജനങ്ങൾക്ക് വിതരണം ചെയ്തു. കൂടാതെ 2018-ലെ പ്രളയത്തിൽ പക്ഷിമൃഗാദികൾ നഷ്ടപ്പെട്ടവർക്ക് ദുരന്തനിവാരണ മാനദണ്ഡ പ്രകാരം നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 21.99 കോടി രൂപ സംസ്ഥാനത്താകെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടർമാർ മുഖേന മൃഗസംരക്ഷണ മേഖലയിൽ 1.31 കോടി രൂപ ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. 2.68 കോടി രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിതമായ ഏഴ് ജില്ലകളിൽ 11 ആടുകൾ അടങ്ങുന്ന 1000 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 6.6 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. കർഷകന് ഇതുപ്രകാരം യൂണിറ്റ് ഒന്നിന് 59400 രൂപ പദ്ധതിയുടെ ധനസഹായമായി ലഭിക്കും.

2019 പ്രളയത്തിൽ അടിയന്തര മൃഗചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ 342 മൃഗചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതിനായി 22 ലക്ഷം രൂപ ചെലവഴിച്ച് പ്രളയബാധിത മേഖലയിൽ മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, TMR എന്നിവ വിതരണം ചെയ്തു. 2019-ലെ പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ധനസഹായം നൽകാൻ ദുരന്തനിവാരണ ഫണ്ട് നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ബി) ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ക്ഷീരസംഘങ്ങളിൽനിന്നും സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി മേഖലായൂണിയനുകൾ സംഘം തലത്തിലും ഡയറികളിലും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഡയറികളിൽ പാലിന്റെ ഗുണനിലവാരം കൂടുതൽ മെച്ചമായി കണ്ടുപിടിക്കുന്നതിനുവേണ്ടിയുള്ള മിൽക്കോ സ്കാനറുകൾ സ്ഥാപിക്കുന്ന പ്രക്രിയ നടന്നുവരികയാണ്.

പാലിന്റെ ഗുണനിലാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ പാലിന്റെ ഗുണനിലവാരമനുസരിച്ച് ക്ഷീരസംഘങ്ങൾക്ക് ഇൻസെന്റീവ് നൽകുന്നതിന് 30 ലക്ഷം രൂപ എറണാകുളം മേഖലാ യൂണിയൻ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം യൂണിയൻ സംഘം തലത്തിൽ പാലിന്റെ സൂക്ഷ്മാണുപരമായ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി പാൽ ശീതീകരണ ശൃംഖല രൂപീകൃതമായതോടെ മേഖലായൂണിയൻ സംഘങ്ങളിൽനിന്നും ഡയറിയിലേയ്ക്ക് നേരിട്ട് പാൽ സംഭരിക്കുന്നത് നിർത്തലാക്കുകയും പകരം സംഘങ്ങളുടെ ബൾക്ക് മിൽക്ക് ചില്ലിംഗ് സെന്ററുകളിൽ സംഭരിച്ച്, ശീതീകരിച്ച് ഡയറികളിലേയ്ക്ക് അയയ്ക്കുന്ന സംവിധാനം നിലവിൽ വരികയും ചെയ്തു. നിലവിൽ 76 ക്ഷീരസംഘങ്ങളിൽ ബൾക്ക് മിൽക്ക് ചില്ലിംഗ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ദേശീയ ക്ഷീരവികസന ബോർഡിന്റെ VBMPS പദ്ധതിയിൻപ്രകാരം 93 ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സബ്സിഡി നിരക്കിൽ തെരഞ്ഞെടുത്ത് സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ ലിറ്റർസെറ്റ്, ലാക്ടോമീറ്റർ, സാമ്പിൾ ബോട്ടിലുകൾ, സെൻട്രിഫ്യൂജ്, ടെസ്റ്റ്യൂബുകൾ, ഹീറ്റർ, ബ്യൂട്ടീറോമീറ്റർ, തെർമ്മോമീറ്റർ എന്നിവ ഉൾപ്പെടുന്ന പാൽ സംഭരണ ഉപാധികളും സൗജന്യമായി ടി പദ്ധതിയിൽ നൽകിയിട്ടുണ്ട്. ഇതുവരെ 376 സംഘങ്ങൾക്ക് ഇവ നൽകിയിട്ടുണ്ട്. കൂടാതെ നാഷണൽ പ്രോഗ്രാം ഫോർ ഡയറി ഡെവലപ്മെന്റ് പദ്ധതിയിൻകീഴിൽ 200 സ്മാർട്ട് എ.എം.സി.യു.-കൾ വാങ്ങുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. BMCC സംഘങ്ങൾക്ക് പാലിന്റെ ഗുണനിലവാര നിർണ്ണയത്തിന് ആവശ്യമായ പരിശോധന ഉപകരണങ്ങൾ (വാട്ടർബാത്ത്, രാസവസ്തുക്കൾ മുതലായവ) തിരുവനന്തപുരം യൂണിയൻ ഡയറികൾ മുഖാന്തരം സൗജന്യമായി വിതരണം ചെയ്യുന്നു.

മലബാർ മേഖലായൂണിയൻ അകിടുവീക്ക നിർണ്ണയത്തിനായി കർഷകർക്ക് സി.എം.റ്റി. ടെസ്റ്റ് മരുന്ന് വിതരണവും അകിടുവീക്കം കണ്ടുപിടിക്കുന്നവയ്ക്ക് ട്രൈസോഡിയം സിട്രേറ്റ് വിതരണവും ഉറപ്പുവരുത്തുന്നുണ്ട്. അന്താരാഷ്ട്ര ഭക്ഷ്യസുരക്ഷാ മാനദണ്ഡമായ ഐ.എസ്.ഒ. 22000 : 2005 തെരഞ്ഞെടുത്ത 37

സംഘങ്ങളിൽ നടപ്പിലാക്കി കർഷകർക്ക് പാലിന്റെ അണുനിലവാരത്തെക്കുറിച്ച് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. ഉയർന്ന രാസഗുണവും അണുഗുണവുമുള്ള പാൽസംഭരണം ഉറപ്പാക്കുന്നതിനായി ഐ.എസ്.ഒ. സർട്ടിഫൈഡ് സംഘങ്ങളിലെ ഏറ്റവും മികച്ച രാസ അണുഗുണനിലവാരമുള്ള പാൽ നൽകിയ കർഷകർക്ക് പ്രോത്സാഹനമായി 1000 രൂപ അധിക പാൽവില നൽകുന്നുണ്ട്.

(ഡി) നിലവിൽ 150 രൂപ നിരക്കിൽ നൽകിവരുന്ന ക്ഷീരകർഷക ക്ഷേമനിധി കുടുംബ പെൻഷൻ 300 രൂപയായി വർദ്ധിപ്പിക്കുന്നതിന് ക്ഷേമനിധി ബോർഡ് സമർപ്പിച്ച നിർദ്ദേശം പരിഗണനയിലാണ്.

## മയക്കുമരുന്ന് കേസ്സുകളിലെ പ്രതികൾക്ക് ശിക്ഷ ഉറപ്പ് വരുത്താൻ നടപടി

23(*383) ശ്രീ. കെ. ജെ. മാക്സി :

ശ്രീ. വി. ജോയി :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മയക്കുമരുന്ന് കേസിലെ പ്രതികളെ പിടികൂടുന്നതിലും നിയമ നടപടികൾ സ്വീകരിക്കുന്നതിലും കൈവരിച്ച പുരോഗതി അറിയിക്കാമോ;

(ബി) നിയമത്തിന്റെ പഴുതുകൾ പ്രയോജനപ്പെടുത്തി പ്രതികൾ രക്ഷപ്പെടുന്നതും കേസ്സുകൾ ദുർബലപ്പെടുന്നതും ഒഴിവാക്കുന്നതിനായി നിലവിലെ നിയമത്തിലെ ന്യൂനതകൾ പരിഹരിക്കുന്ന തരത്തിൽ നിയമ നിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മയക്കു മരുന്ന് കേസിലെ കുറ്റവാളികൾക്ക് കനത്ത ശിക്ഷ ഉറപ്പു വരുത്തണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, തൊഴിലിടങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിലെല്ലാം മയക്കുമരുന്ന് സംഘങ്ങളെ നിയന്ത്രിക്കുന്നതിന് കർശന നിയമം കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) മയക്കുമരുന്ന് കേസ്സുകളിൽ പിടിക്കപ്പെടുന്ന കുറ്റവാളികൾക്കെതിരെ എൻ.ഡി.പി.എസ്. നിയമം അനുശാസിക്കുന്ന വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും കാര്യക്ഷമമായ അന്വേഷണം നടത്തി ബഹു. കോടതിയിൽ ഹാജരാക്കുന്ന ടി കേസ്സുകളിൽ ബഹു. കോടതി വിചാരണ നടത്തി നിയമം അനുശാസിക്കുന്ന ശിക്ഷകൾ നൽകുകയും ചെയ്തുവരുന്നുണ്ട്. മയക്കുമരുന്നിന്റെ വിപണനങ്ങൾക്കെതിരെ അതിശക്തമായ നടപടികൾ ഈ സർക്കാർ സ്വീകരിച്ചതിനാലാണ് കൂടുതൽ കേസ്സുകൾ കണ്ടെടുക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും സാധിച്ചിട്ടുള്ളത്. കർശന നടപടികളുടെ ഫലമായാണ് കണ്ടെടുക്കുന്ന കേസ്സുകളുടെ എണ്ണത്തിലും പിടിച്ചെടുക്കുന്ന വസ്തുക്കളുടെ അളവിലും വർദ്ധനവുണ്ടായിട്ടുള്ളത്. ഇത്തരത്തിലുള്ള കേസ്സുകൾ ഫലപ്രദമായി അന്വേഷിക്കുന്നതിനും ഇതിന്റെ ഉറവിടം കണ്ടെത്തുന്നതിനുമായി എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി&സി) മയക്കുമരുന്ന് കേസ്സുകളിൽ പിടിക്കപ്പെടുന്നവർക്കെതിരെ എൻ.ഡി.പി.എസ്. ആക്റ്റ് പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് ശക്തമായ നടപടി സ്വീകരിച്ചുവരുന്നതും പ്രസ്തുത കേസ്സുകളിലെ അന്വേഷണം എത്രയുംവേഗം പൂർത്തിയാക്കി പ്രതികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിന് അന്തിമ റിപ്പോർട്ട് ബഹു. കോടതികളിൽ സമർപ്പിച്ച് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. എൻ.ഡി.പി.എസ്. ആക്ട് ഒരു കേന്ദ്ര നിയമമാണ്. ഒരു കിലോഗ്രാമിന് താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്തതുമൂലം ഒരു കിലോ ഗ്രാമിന് താഴെ കഞ്ചാവ് വിൽപ്പനയ്ക്കായോ ഉപയോഗത്തിനായോ കൈവശം വച്ച കുറ്റത്തിന് പിടിക്കപ്പെടുന്നവർ ഉടൻതന്നെ ജാമ്യത്തിലിറങ്ങി സമാന കുറ്റകൃത്യം ആവർത്തിക്കുന്നതിന് സാധ്യത കൂടുതലാണ്. മയക്കുമരുന്നുകൾ ചെറിയ അളവിൽപോലും കൈവശം വച്ച് കൈകാര്യം ചെയ്താൽ അത്തരം കുറ്റകൃത്യം ചെയ്യുന്നവർക്കും പരമാവധി ശിക്ഷ ഉറപ്പാക്കി മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് സഹായകരമാവുന്നവിധം കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ്. ആക്ട് ഈ ആവശ്യത്തിലേയ്ക്ക് പരിഷ്കരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് സംസ്ഥാന സർക്കാർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(ഡി) എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി

കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, റസിഡന്റ്സ് അസോസിയേഷനുകൾ,സ്കൂൾ കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവയുമായി സഹകരിച്ച് ലഹരിക്കെതിരെ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന സംഘടിപ്പിച്ചുവരുന്നു. വിപുലമായ ബോധവത്കരണ ക്ലാസ്സുകൾ, കലാ-സാഹിത്യ കായിക മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ എന്നിവ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് സംസ്ഥാനതലത്തിൽ ഇതിനകം സംഘടിപ്പിച്ചിട്ടുണ്ട്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്.

**കണ്ടൽ വനസംരക്ഷണത്തിന് പൊതു-സ്വകാര്യ പങ്കാളിത്തം**

24(*384) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. ദാസൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരസംരക്ഷണത്തിന് ഹരിതമതിലായി പ്രവർത്തിക്കുന്നതും മത്സ്യങ്ങളുടെയും ചെറുജീവികളുടെയും ആവാസ വ്യവസ്ഥയുമായ കണ്ടൽക്കാടുകളുടെ വിസ്തൃതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ശോഷണം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിവിധ സർക്കാർ വകുപ്പുകളുടെ അധീനതയിലുള്ള കണ്ടൽക്കാടുകൾ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനും സ്വകാര്യ വ്യക്തികളുടെ കൈവശമുള്ളവ പ്രതിഫലം നൽകി ഏറ്റെടുക്കുന്നതിനും 'മിഷൻ മാൻഗ്രോവ്' എന്ന പേരിൽ പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) കണ്ടൽ വനങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് കണ്ടൽ വനസംരക്ഷണത്തിന് പൊതു-സ്വകാര്യ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) കണ്ടൽക്കാടുകൾ സ്വകാര്യമേഖലയിലും ഉണ്ട്. അവയുടെ കൃത്യമായ കണക്ക് ലഭ്യമല്ല. ആയതിനാൽ കണ്ടൽക്കാടുകളുടെ വിസ്തൃതിയിലുണ്ടായ ശോഷണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാസർഗോഡ് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ 2019-20 വർഷത്തിൽ കണ്ടൽക്കാടുകൾ ഉൾപ്പെടുന്ന തണ്ണീർതടങ്ങളിൽ ദേശാടന പക്ഷികളും തദ്ദേശ ഇനത്തിലുള്ള പക്ഷികളും എത്തുന്നത് നിരീക്ഷിക്കുന്നതിനും തണ്ണീർതടങ്ങളുടെ മാറ്റം നിരീക്ഷിക്കുന്നതിനും എട്ടോളം പ്രദേശങ്ങളിൽ പഠനം നടത്തിവരുന്നുണ്ട്. മറ്റ് ശാസ്ത്രീയ പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല.

(ബി) കണ്ണൂർ ജില്ലയിൽ റവന്യൂ വകുപ്പുമായി ചേർന്ന് 'മിഷൻ മാൻഗ്രോവ് ' പദ്ധതി ആസൂത്രണം ചെയ്ത് വിവിധ വകുപ്പുകളുടെ കൈവശത്തിലുള്ള 237.92 ഹെക്ടർ കണ്ടൽ പ്രദേശം വനമായി നോട്ടിഫൈ ചെയ്ത് സംരക്ഷിച്ചുവരുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിയോടനുബന്ധിച്ച് എല്ലാ ജില്ലകളിലും 'കൺസോളിഡേഷൻ ഓഫ് മാൻഗ്രോവ്സ്' നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ വകുപ്പുകളുടെ അധീനതയിലുള്ള കണ്ടൽക്കാടുകൾ റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിനും സ്വകാര്യവ്യക്തികളുടെ കൈവശമുള്ളവ പ്രതിഫലം നൽകി ഏറ്റെടുത്ത് റിസർവ്വ് വനമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. എറണാകുളം ജില്ലയിൽ പുതുവൈപ്പിൽ 65.83 ഹെക്ടർ കണ്ടൽക്കാടുകൾ റിസർവ്വാക്കുന്നതിനും തൃശ്ശൂർ സോഷ്യൽഫോറസ്ട്രി ഡിവിഷന് കീഴിലുള്ള വെൺമനാട് വില്ലേജിലെ പാവറട്ടി പഞ്ചായത്തിന്റെ കൈവശമുള്ള 94.77 ഹെക്ടർ കണ്ടൽക്കാടുകൾ റിസർവ്വാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) കണ്ടൽ സംരക്ഷണത്തിനായി നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളെല്ലാംതന്നെ പൊതു സ്വകാര്യ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതാണ്. ഇതിന്റെ ഭാഗമായി സ്വകാര്യ വ്യക്തികൾക്ക് കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ഏക്കറിന് 4000 രൂപ എന്ന നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു. ടി പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകളും തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉൽപ്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും കൂടാതെ നട്ടുപിടിപ്പിക്കുന്നതിനായി പൊതുജനങ്ങൾക്ക് വിതരണവും ചെയ്തുവരുന്നു. കൂടാതെ കണ്ടൽ വളരുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വനാശ്രിതത്വം

കുറയ്ക്കുന്നതിനും വാട്ടർ ടാങ്കുകൾ, ഗ്യാസ് കണക്ഷൻ, ബയോഗ്യാസ് യൂണിറ്റ് എന്നിവ വിതരണം ചെയ്യുകയും ജലാശയങ്ങളിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വരുമാന വർദ്ധനവിന് സഹായം ചെയ്യുകയും ചെയ്തുവരുന്നു.

കൂടാതെ കണ്ടൽ സംരക്ഷണത്തിനായി ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി പ്രകാരം ആസൂത്രണം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങളെല്ലാംതന്നെ ജനകീയ പങ്കാളിത്തത്തോടെയുള്ള കണ്ടൽവന സംരക്ഷണ പ്രവർത്തനങ്ങളാണ്.

**ജലനിധി പദ്ധതിയുടെ പുരോഗതി**

25(*385) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. വി. ജോയി :
ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലനിധി പദ്ധതി പ്രകാരം ഏതെല്ലാം കുടിവെള്ള പദ്ധതികളാണ് പുനരുദ്ധാരണത്തിനായി ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജലനിധി ഒന്നും രണ്ടും ഘട്ടങ്ങൾ പ്രകാരം പൂർത്തീകരിച്ച കുടിവെള്ള പദ്ധതിയിലൂടെ എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ;

(സി) പ്രസ്തുത പദ്ധതിയിൽ മഴവെള്ളസംഭരണത്തിനും ഭൂജലപോഷണത്തിനുമായി എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ജലനിധി പദ്ധതികൾക്കായി എത്ര തുക വിനിയോഗിച്ചിട്ടുണ്ട്;

(ഇ) ജലനിധി മൂന്നാം ഘട്ടത്തിനായി സംസ്ഥാന സർക്കാർ കേന്ദ്രാനുമതിയ്ക്കായി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ജലനിധി ഒന്നാം ഘട്ടം, രണ്ടാം ഘട്ടം പദ്ധതികളിലായി കേരള വാട്ടർ അതോറിറ്റിയുടെ 348-ഉം ഗ്രാമപഞ്ചായത്തുകളുടെ 467-ഉം പദ്ധതികൾ ഏറ്റെടുത്ത് പുനരുദ്ധാരണം നടത്തി തുടർ നടത്തിപ്പിനായി ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചിട്ടുണ്ട്. കൂടാതെ 31-10-2019 വരെയുള്ള കാലയളവിൽ ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ ഭാഗീകമായോ പൂർണമായോ പ്രവർത്തനരഹിതമായ 504 പദ്ധതികൾ പുനരുദ്ധാരണ പ്രവർത്തനം നടത്തി പ്രവർത്തനക്ഷമമാക്കുവാനായി ഏറ്റെടുത്തിട്ടുണ്ട്.

(ബി) ജലനിധി ഒന്നും രണ്ടും ഘട്ട പദ്ധതികളിലൂടെ 4.52 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്.

(സി)

- ജലനിധി പദ്ധതികൾ നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ ജല ലഭ്യത ഉറപ്പാക്കുന്നതിനായി സമഗ്ര ജല സുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. ഈ രൂപരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള ജല സംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ട്.
- ജല സംരക്ഷണത്തിനായി ജലനിധി കിണറുകളിൽ റീചാർജ്ജ് - 1479 എണ്ണം, തടയണകൾ - 185 എണ്ണം (ചെറുതും വലുതും), ഭൂമിയുടെ അടിയിലുള്ള തടയണകൾ - 14 എണ്ണം, VCB (Vented cross Bar) – (49 എണ്ണം), മണ്ണ് ഭിത്തി സംരക്ഷണം (contour bund) – (32 എണ്ണം) എന്നിവ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇവയടക്കം 1777 ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
- KRWSA-യുടെ ഭാഗമായ മഴകേന്ദ്രം മുഖേന സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുരപ്പുറ മഴവെള്ള സംഭരണവും ഭൂജല സംരക്ഷണവും നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമ പഞ്ചായത്തുകളെ മുൻഗണനാ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയും വ്യക്തിഗത കുടുംബങ്ങൾക്ക് മഴവെള്ളം സംഭരിച്ച് ജല ദൗർലഭ്യം നേരിടുന്ന അവസരങ്ങളിൽ ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് സൗകര്യം ഒരുക്കിയും ഭൂജല പരിപോഷണത്തിലൂടെ കിണറുകളുടെ ഉറവ ദീർഘകാലം നിലനിർത്തി ജലക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്തുവാനും സാധിക്കുന്നു.
- വ്യക്തിഗത കുടുംബങ്ങളിൽ നിലവിലുള്ള തുറന്ന കിണറുകൾ പുരപ്പുറ മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുന്നതിനും മഴക്കുഴികൾ നിർമ്മിച്ച് ഭൂജല പരിപോഷണത്തിനാവശ്യമായ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.
- മഴകേന്ദ്രം വഴി 34 പഞ്ചായത്തുകളിലായി 7100 മഴവെള്ള സംഭരണികളും 840 സർക്കാർ വിദ്യാലയങ്ങളിലും (10000 ലിറ്റർ) മഴവെള്ള സംഭരണികളും നിർമ്മിച്ചുനൽകിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ജലനിധി പദ്ധതികൾക്കായി ആകെ 530.42 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

(ഇ)ജലനിധി മൂന്നാംഘട്ടത്തിനായി കേന്ദ്രാനുമതിക്കുവേണ്ടി നിർദ്ദേശം സമർപ്പിച്ചിട്ടില്ല. എന്നാൽ സാമൂഹിക ഉടമസ്ഥതയിലുള്ള കുടിവെള്ള പദ്ധതികൾക്കുള്ള വർദ്ധിച്ച ആവശ്യം പരിഗണിച്ച് ജലനിധി രണ്ടാംഘട്ടത്തിന് തുടർച്ചയായി അഡീഷണൽ ഫിനാൻസിനുവേണ്ടി ആയിരത്തി ഏഴ് കോടി രൂപയുടെ താഴെപ്പറയുന്ന പദ്ധതി നിർദ്ദേശങ്ങൾ ലോകബാങ്ക് സഹായം ലഭ്യമാകുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ അനുമതി ലഭ്യമായിട്ടില്ല.

<u>അഡീഷണൽ ഫിനാൻസിനുവേണ്ടിയുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ</u>

1. കേരളാ വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പദ്ധതി പുനരുദ്ധരിച്ച് നവീകരിച്ച് നിരവധി ഗ്രാമപഞ്ചായത്തുകളിൽ ജലവിതരണം നടത്തുന്നതിനുവേണ്ടിയുള്ള 2 മൾട്ടി ജി പി പദ്ധതികൾ
2. 50 ഗ്രാമപഞ്ചായത്തുകളിൽ ശുദ്ധീകരിച്ച കുടിവെള്ളം കേരളാ വാട്ടർ അതോറിറ്റിയിൽനിന്നും വാങ്ങി പൈപ്പുകളിലൂടെ വീടുകൾക്ക് നൽകുന്ന ബൾക്ക് വാട്ടർ സപ്ലൈ പദ്ധതികൾ
3. ശുചിത്വ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ
4. ഗ്രാമ പഞ്ചായത്തുകൾ, ഗുണഭോക്തൃ സമിതികൾ എന്നിവർക്കുള്ള കപ്പാസിറ്റി ബിൽഡിംഗ് പ്രവർത്തനങ്ങൾ
5. പൊതു സ്വകാര്യ സ്രോതസ്സുകളിലെ വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ
6. GIS പ്ലാറ്റ് ഫോമിൽ കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ ശേഖരിച്ച് അടയാളപ്പെടുത്തുന്ന പ്രവർത്തനങ്ങൾ
7. സാമൂഹ്യ ഉടമസ്ഥതയിലുള്ള പദ്ധതികളുടെ നടത്തിപ്പ് ശേഷി നിരന്തരം പരിശോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

## സംസ്ഥാന വ്യവഹാര നയം

26(*386) ശ്രീ. എം. ഉമ്മർ :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. കെ. എം. ഷാജി :

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാദിയായുള്ള കേസ്സുകൾ തീർപ്പാക്കുന്നതിനും അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനുമായി സംസ്ഥാന വ്യവഹാര നയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ സർക്കാർ കക്ഷിയായുള്ള കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള ശരാശരി കാലാവധി എത്ര വർഷമായാണ് നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇത് പ്രകാരമുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാന വ്യവഹാരനയം നടപ്പാക്കുന്നതിലേയ്ക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സർക്കാർ വാദിയായുള്ള കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനുമായി സംസ്ഥാന വ്യവഹാര നയം രൂപീകരിച്ചിട്ടുണ്ട്. കോടതികളിൽ സർക്കാർ വ്യവഹാരങ്ങൾ കുറയ്ക്കുന്നതിനും തീർപ്പാക്കാനുള്ള ശരാശരി സമയം പതിനഞ്ചുവർഷത്തിൽനിന്ന് മൂന്ന് വർഷമായി ചുരുക്കുന്നതിനും യോജിപ്പോടെയും ഏകോപനത്തോടെയും സമയബന്ധിതമായും വ്യവഹാരം നടത്തുന്നതിനും ഗുണകരമായ കേസ്സുകൾ ജയിക്കുന്നതിനും പ്രയോജന ശൂന്യമായ കേസ്സുകൾ അനാവശ്യമായി നിലനിർത്തുന്നില്ലായെന്ന് ഉറപ്പു വരുത്തുകയെന്ന ഉദ്ദേശ്യത്തോടെയും ഉത്തരവാദിത്വമുള്ള വ്യവഹാര നടത്തിപ്പ് ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയുമാണ് സർക്കാർ സംസ്ഥാന വ്യവഹാര നയം രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാന വ്യവഹാര നയം അംഗീകരിച്ചുകൊണ്ട് 3-12-2011-ലെ GO(P)No.12/2011/Law ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് 12-6-2012-ലെ GO(P)No.10/2012/Law ഉത്തരവു പ്രകാരവും 7-8-2019-ലെ GO(P)No.22/2019/Law ഉത്തരവ് പ്രകാരവും ഭേദഗതി വരുത്തിയിട്ടുള്ളതുമാണ്.

(ബി) സർക്കാർ കക്ഷിയായുള്ള കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള ശരാശരി സമയം പതിനഞ്ചുവർഷത്തിൽനിന്നും മൂന്നു വർഷമായി ചുരുക്കുന്നതിനാണ് സംസ്ഥാന വ്യവഹാര നയത്തിൽ ഉദ്ദേശിക്കുന്നത്.

(സി) സംസ്ഥാന വ്യവഹാര നയം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നിർണ്ണായകവും പ്രാധാന്യവുമുള്ള പങ്ക് അതാത് വകുപ്പിലെ ഉദ്യോഗസ്ഥരോടൊപ്പം നിയമവകുപ്പിൽനിന്നും ജില്ലാ കളക്ടറേറ്റുകളിലും വകുപ്പുതലവൻമാരുടെ ഓഫീസിലും പ്രവർത്തിക്കുന്ന നിയമ (നോഡൽ) ഓഫീസർ വഹിച്ചുവരുന്നു. നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടില്ലാത്ത വകുപ്പുകളിലേയ്ക്ക് നിയമ വകുപ്പിൽനിന്ന് നിയമ (നോഡൽ) ഓഫീസറെ നിയമിക്കുന്നതിന് നയത്തിൽ വ്യവസ്ഥ ചെയ്യുന്നു. അതിനുപ്രകാരം നിയമ(നോഡൽ) ഓഫീസറെ നിയമിക്കുന്നതിന് ആവശ്യകത പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത നയത്തിന്റെയും ചുമതലകളുടെയും നടപ്പാക്കൽ നിരീക്ഷിക്കുന്നതിനായി താലൂക്ക് തലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുള്ള എംപവേർഡ് കമ്മിറ്റികൾ യഥാസമയങ്ങളിൽ യോഗം ചേർന്ന് വിലയിരുത്തുകയും ആയത് നിയമ വകുപ്പ് നിരീക്ഷിച്ചുവരികയും ചെയ്യുന്നുണ്ട്.

(ഡി) സംസ്ഥാന വ്യവഹാരനയം നടപ്പാക്കുന്നതിലേയ്ക്കായി താലൂക്കുതലത്തിൽ തഹസിൽദാർ അദ്ധ്യക്ഷനായി താലൂക്ക് എംപവേർഡ് കമ്മിറ്റിയും ജില്ലാതലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാ എംപവേർഡ് കമ്മിറ്റിയും സംസ്ഥാന തലത്തിൽ അഡ്വ.ജനറൽ അദ്ധ്യക്ഷനായി സംസ്ഥാന എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ എംപവേർഡ് കമ്മിറ്റി മൂന്നുമാസത്തിലൊരിക്കലും താലൂക്ക് എംപവേർഡ് കമ്മിറ്റി മാസത്തിലൊരിക്കലും കേസ്സുകൾ നിരീക്ഷിച്ച് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. സംസ്ഥാനതല എംപവേർഡ് കമ്മിറ്റി അഡ്വക്കേറ്റ് ജനറലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. നിയമ വകുപ്പിൽനിന്നും നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടില്ലാത്ത വകുപ്പുകളിൽ ആവശ്യകത പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. Court Case Monitoring Solutions എന്ന database ഉണ്ടാക്കി സർക്കാർ കക്ഷിയായ കേസ്സുകൾ ജില്ലാ, സംസ്ഥാന തലത്തിൽ ഉദ്യോഗസ്ഥരെ നിയമിച്ച് നിരീക്ഷിച്ചു വരുന്നു.

## നദികളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനുമായി പദ്ധതി

27(*387) ശ്രീ. സി. കെ. ഹരീന്ദ്രൻ
ശ്രീ. സജി ചെറിയാൻ
ശ്രീമതി വീണാ ജോർജ്ജ്
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനുമായി ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നദികളുടെയും ജലാശയങ്ങളുടെയും സംരക്ഷണത്തിന്റെ ആവശ്യകത പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും നദീസംരക്ഷണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) വരട്ടാർ പുനരുജ്ജീവനത്തിന്റെ മാതൃകയിൽ മറ്റ് ഏതെല്ലാം ആറുകളുടെ പുനരുജ്ജീവനമാണ് ജനകീയമായി ഏറ്റെടുത്ത് നടപ്പിലാക്കിയത്;

(ഡി) വരട്ടാർ പുനരുജ്ജീവനം സ്ഥായിയാക്കുന്നതിനുള്ള രണ്ടാംഘട്ട പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് മുന്നോടിയായുള്ള പാരിസ്ഥിതിക ആഘാത പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ & ബി) വിവിധ കാരണങ്ങളാൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കേരളത്തിലെ നദികളെ ഗുണനിലവാരമുള്ള നീരൊഴുക്കുള്ള നദികളാക്കി/ ജലസ്രോതസ്സുകളാക്കി മാറ്റുന്നതിന് രണ്ട് വിധത്തിലുള്ള ഇടപെടലുകളാണ് നടത്തിവരുന്നത്. ഒന്ന്, പൊതുജനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ജനപ്രതിനിധികളുടെയും ഏകോപനത്തോടുകൂടി ജനകീയമായി പുഴകളും ജലസ്രോതസ്സുകളും പുനരുജ്ജീവിപ്പിക്കുകയും തുടർന്ന് അവ സംരക്ഷിച്ച് നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക. രണ്ട്, സർക്കാർ വകുപ്പുകൾ/ ഏജൻസികൾ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള വിവിധ ഇടപെടലുകളാണ്. ഇതിന്റെ ഭാഗമായി നദികളിലും മറ്റ് ജലസ്രോതസ്സുകളിലും ജലലഭ്യതയും നീരൊഴുക്കും വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി

നിലനിർത്തുന്നതിനുമുള്ള വിവിധ പ്രവൃത്തികൾ - റഗുലേറ്ററുകൾ, തടയണകൾ നിർമ്മിക്കുന്നു. ഇതിന് പുറമെ ശാസ്ത്രീയമായ ജലവിഭവസംരക്ഷണവും വിനിയോഗവും സാധ്യമാക്കുന്നതിന് നീർത്തടാടിസ്ഥാനത്തിലുള്ള ആസൂത്രണവും നടത്തിവരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും നീർത്തടപ്ലാനുകൾ തയ്യാറാക്കി അതിൻപ്രകാരമുള്ള പ്രവൃത്തികളും ഏറ്റെടുത്ത് നിർവ്വഹിക്കുന്നുണ്ട്. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുവേണ്ടി ജനകീയ ബോധവൽക്കരണവും ജലസേചന വകുപ്പ് മുഖാന്തരം നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി "ജലം ജീവാമൃതം" എന്ന ലഘുലേഖ തയ്യാറാക്കി ജലസംരക്ഷണത്തിന്റെ പ്രാധാന്യം നഗരഗ്രാമീണ മേഖലകളിൽ എത്തിക്കുകയും കുടുംബശ്രീ യൂണിറ്റുകൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവരുടെ സഹകരണത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

റിവർമാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നദീതീര സംരക്ഷണ പദ്ധതികൾ നിർവ്വഹിക്കുന്ന പ്രവർത്തനമാണ് ജലസേചന വകുപ്പുമുഖേന നടക്കുന്നത്. പൊതു ആവശ്യവും നിർദ്ദേശങ്ങളും മുൻനിർത്തിയാണ് പ്രസ്തുത ഫണ്ടുപയോഗിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതും നിർവ്വഹിക്കുന്നതും. നിലവിൽ നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികൾ പൊതുവിൽ പ്രയോജനകരമാണ്.

കേരളത്തിൽ മലിനീകരിക്കപ്പെട്ടതായി കണ്ടെത്തിയ 21 നദീഭാഗങ്ങളുടെ കർമ്മ പദ്ധതികൾ തയ്യാറാക്കുവാൻ O.A.No.673/2018-ൽ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിട്ടിരുന്നു. അപ്രകാരം തയ്യാറാക്കിയ 21 നദീഭാഗങ്ങളുടെയും കർമ്മ പദ്ധതികൾ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിലും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിലും സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കരമന നദിയുടെ കർമ്മ പദ്ധതി അംഗീകരിച്ചിട്ടുണ്ട്.

(സി) ഹരിതകേരളമിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾ ജനകീയ പങ്കാളിത്തത്തോടുകൂടി നിരവധി ജലസ്രോതസ്സുകളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

കുട്ടംപേരൂർ പുഴ, കിള്ളിയാർ, കോലറയാർ, പൂനൂർപുഴ, കടമ്പ്രയാർ, പാണ്ടിവയൽത്തോട് എന്നീ മലിനമായി കിടക്കുന്ന ജലസ്രോതസ്സുകൾ ശുചീകരിക്കുന്നതിന് നടപടി സ്വീകരിച്ചു. കോട്ടയം ജില്ലയിലെ മീനച്ചിലാർ, മീനന്തറയാർ, കൊടൂരാർ പുനഃസംയോജനം ജനകീയ പങ്കാളിത്തത്തോടുകൂടി സാധ്യമാക്കി.

(ഡി) നദികളുടെ സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കുന്ന പ്രവർത്തികൾക്ക് പാരിസ്ഥിതികാഘാതപഠനം ആവശ്യമില്ലെന്ന് 2016-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ Ministry of Environment forest and climate change നോട്ടിഫിക്കേഷൻ Appendix IX Clause VI-ൽ വ്യക്തമാക്കിയിട്ടുണ്ട്.

## തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനം

28(*388) ശ്രീമതി യു. പ്രതിഭ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. ദാസൻ:
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സംരംഭക സൗഹൃദ സ്ഥിതി പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലാളി-തൊഴിലുടമ ബന്ധം മെച്ചപ്പെടുത്തി തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിനും നടത്തുന്ന പ്രവർത്തനം അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ വിവിധ വ്യവസായബന്ധ സമിതികളുടെ പ്രവർത്തനം സംബന്ധിച്ച് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പുതുതായി എത്ര മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചെന്നും വേതനം പുതുക്കൽ കാലാവധി കഴിഞ്ഞ എത്ര മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചെന്നും അറിയിക്കാമോ; ഇനി എത്ര മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കാനുണ്ട്; അതിനായി ചെയ്തുവരുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) കേരളത്തെ സംരംഭക സൗഹൃദ-തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും അതോടൊപ്പം തൊഴിലാളികൾക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യവും പരിരക്ഷയും ഉറപ്പുവരുത്തുന്നതിനും ഉതകുന്ന തൊഴിൽനയം അംഗീകരിക്കുകയും ആയതിൻ പ്രകാരം പദ്ധതികൾ നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിലുടമകൾക്ക് തൊഴിൽ വകുപ്പിൽനിന്ന് നൽകിവരുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടുണ്ട്. (രജിസ്ട്രേഷൻ, ലൈസൻസ്, റിന്യൂവൽ, അമെന്റ്മെന്റ് തുടങ്ങിയവ ഉൾപ്പെടെ) സർട്ടിഫിക്കറ്റുകൾ തൊഴിലുടമകൾക്ക് ഓൺലൈനായി പ്രിന്റ് ചെയ്തെടുക്കുവാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. തൊഴിലാളികളുടെ വേതനം

ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്ത് യഥാസമയം മിനിമം വേതനം നൽകുന്നത് ഉറപ്പുവരുത്തുന്നതിനായി തൊഴിലുടമകൾക്ക് വേതനവിതരണം നടത്തുന്നതിനായി വേതന സുരക്ഷാ പദ്ധതി എന്ന പേരിൽ ഒരു പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യമേഖലയിലെ ഇരുപതോ അതിലേറെയോ തൊഴിലാളികളുള്ള സ്ഥാപനങ്ങളുടെ തൊഴിൽ നിയമങ്ങളുടെ പരിപാലനമുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നടത്തി സ്ഥാപനങ്ങൾക്ക് വജ്ര, സുവർണ്ണ, രജത എന്നിങ്ങനെ എക്സലൻസ് അവാർഡുകൾ കഴിഞ്ഞ വർഷം മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിന് വ്യത്യസ്ത വ്യവസായ മേഖലകളിലായി തൊഴിലാളി/ തൊഴിലുടമ പ്രതിനിധികളും സർക്കാർ പ്രതിനിധിയും അടങ്ങുന്ന വ്യവസായ ബന്ധസമിതികൾ പ്രവർത്തിച്ചുവരുന്നു. ഇപ്രകാരം സംസ്ഥാനത്ത് നിലവിൽ കയർ, കാഷ്യൂ, കള്ള്, ടെക്സ്റ്റൈൽ, പത്രപ്രവർത്തനം, സ്വകാര്യ ആശുപത്രി, തോട്ടം, സപ്ലൈകോ മോട്ടോർ, കുട്ടനാട് കാർഷികമേഖല, പാചകവാതക വിതരണം എന്നീ 11 മേഖലകളിൽ നിലവിൽ വ്യവസായ ബന്ധ സമിതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി വ്യവസായ ബന്ധസമിതിയിൽ ഉൾപ്പെട്ട തൊഴിൽ മേഖലകളെ സംബന്ധിച്ചും തൊഴിലാളികളുമായും ബന്ധപ്പെട്ട പൊതുവായ വിവിധ വിഷയങ്ങൾ സംബന്ധിച്ചും വ്യവസായ ബന്ധ സമിതിയിൽ ചർച്ച ചെയ്ത് പരിഹരിക്കപ്പെടുകയും പരിഹരിക്കാൻ സാധിക്കാത്ത വിഷയങ്ങളിൽ സർക്കാർ ഇടപെടൽ നടത്തുകയും ചെയ്തുവരുന്നു. ടെക്സ്റ്റൈൽ വ്യവസായ മേഖലയിലെ തൊഴിലാളികളുടെയും കാഷ്യൂ ഫാക്ടറിയിലെ തൊഴിലാളികൾ/ജീവനക്കാർ എന്നിവരുടെയും കയർ ഫാക്ടറി തൊഴിലാളികളുടെയും സ്വകാര്യ ആശുപത്രി ജീവനക്കാരുടെയും വേതന പരിഷ്കരണം അതത് വ്യവസായ ബന്ധസമിതിയിലുണ്ടാകുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കപ്പെടുന്നത്. കൂടാതെ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിജ്ഞാപനം ചെയ്തുവരുന്നു. കാഷ്യൂ, കയർ മേഖലകളിലെ തൊഴിലാളികളുടെ ബോണസ്, ടെക്സ്റ്റൈൽ വ്യവസായ മേഖലയിലെ അറ്റൻഡൻസ് ഇൻസെന്റീവ് എന്നിവയും വ്യവസായ ബന്ധ സമിതിയിലെ തീരുമാനത്തിൽ നിശ്ചയിക്കപ്പെടുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം പുതുതായി നാല് മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം ആയിട്ടുണ്ട്. കൂടാതെ കാലാവധി പൂർത്തിയായ 32 തൊഴിൽ മേഖലകളിലും മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇനി 40 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കാനുണ്ട്. ആയതിൽ പത്ത് മേഖലകളിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് മേഖലകളിൽ മിനിമം വേതനം പുതുക്കി

നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പുതുതായി മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയ നാല് മേഖലകളിൽക്കൂടി മിനിമം വേതനം നിശ്ചയിക്കാനുണ്ട്. നാല് മേഖലകളിൽ കാലാവധി പൂർത്തിയാവാത്തതിനാൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## തൊഴിൽ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിന് നടപടി

29(*389) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിനും തൊഴിലാളികൾക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങളും മറ്റും മുടക്കം കൂടാതെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) തൊഴിൽ മേഖലയിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് വ്യവസായബന്ധസമിതികൾ വഹിക്കുന്ന പങ്ക് വ്യക്തമാക്കാമോ;

(സി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടുണ്ടോ;

(ഡി) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാർ ഏതെങ്കിലും പുതിയ നിയമം കൊണ്ടുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തൊഴിൽ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിനും തൊഴിലാളികൾക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങളും മറ്റും മുടക്കം കൂടാതെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പിൽ ജില്ലാതലം മുതൽ അനുരഞ്ജന യോഗങ്ങൾക്കായി വ്യവസായ ബന്ധസമിതികളും പ്രവർത്തിച്ചു വരുന്നു. തൊഴിൽ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് തൊഴിൽ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന്റെയും തൊഴിലാളി സൗഹൃദ നിലപാടുകളുടെയും അടിസ്ഥാനത്തിൽ ഗ്രേഡിംഗ് സംവിധാനം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് തൊഴിൽ വകുപ്പ് നടപ്പിലാക്കിവരുന്ന Wage Protection System (WPS) തൊഴിലാളികളുടെ വേതനം നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്നുവെന്നത് ഉറപ്പുവരുത്തുകയും അതുവഴി തൊഴിലാളികളുടെ വേതന സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(ബി) വ്യവസായ മേഖലയിൽ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിനായിട്ടാണ് തൊഴിലാളി തൊഴിലുടമ പ്രതിനിധികളും സർക്കാർ പ്രതിനിധികളുമടങ്ങുന്ന വ്യവസായ ബന്ധസമിതികൾ പ്രവർത്തിച്ചുവരുന്നത്. ഇപ്രകാരം സംസ്ഥാനത്ത് നിലവിൽ 11 വ്യവസായ മേഖലകളിൽ (കയർ, കാഷ്യൂ, കള്ള്, ടെക്സ്റ്റൈൽ, പത്രപ്രവർത്തനം, സ്വകാര്യ ആശുപത്രി, തോട്ടം, സപ്ലൈകോ, മോട്ടോർ, കുട്ടനാട് കാർഷികമേഖല, പാചകവാതക വിതരണം) വ്യവസായ ബന്ധസമിതികൾ പ്രവർത്തിച്ചുവരുന്നു.

വ്യവസായ ബന്ധസമിതിയിൽ ഉൾപ്പെട്ട തൊഴിൽ മേഖലകളുമായും തൊഴിലാളികളുമായും ബന്ധപ്പെട്ട പൊതുവായ വിവിധ വിഷയങ്ങൾ വ്യവസായ ബന്ധസമിതിയിൽ ചർച്ചചെയ്ത് പരിഹരിക്കപ്പെടുകയും പരിഹരിക്കാൻ സാധിക്കാത്ത വിഷയങ്ങളിൽ സർക്കാർ ഇടപെടൽ നടത്തുകയും ചെയ്തുവരുന്നു. ടെക്സ്റ്റൈൽ വ്യവസായ മേഖലയിലെ തൊഴിലാളികളുടെയും കാഷ്യൂ ഫാക്ടറിയിലെ തൊഴിലാളികൾ, ജീവനക്കാർ എന്നിവരുടെയും കയർ മേഖലയിലെയും സ്വകാര്യ ആശുപത്രി മേഖലകളിലേയും തൊഴിലാളികളുടെയും വേതന പരിഷ്കരണം അതത് വ്യവസായ ബന്ധസമിതിയിലുണ്ടാക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കപ്പെടുന്നത്. കാഷ്യൂ, കയർ മേഖലകളിലെ തൊഴിലാളികളുടെ ബോണസ്, ടെക്സ്റ്റൈൽ വ്യവസായ മേഖലയിലെ അറ്റൻഡൻസ് ഇൻസെന്റീവ് എന്നിവ വ്യവസായ ബന്ധസമിതിയിലെ തീരുമാനത്തിൽ നിശ്ചയിക്കപ്പെടുന്നു.

(സി) ഉണ്ട്.

(ഡി) ഉണ്ട്. രാജ്യത്ത് വേതനവുമായി ബന്ധപ്പെട്ട് നിലവിലുള്ളതായ 1936-ലെ പേമെന്റ് ഓഫ് വേജസ് ആക്ട്, 1948-ലെ മിനിമം വേതന നിയമം, 1965-ലെ പേമെന്റ് ഓഫ് ബോണസ് ആക്ട്, 1976-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ട് എന്നീ നിയമങ്ങൾ റദ്ദാക്കികൊണ്ട് കോഡ് ഓൺ വേജസ് 2019 കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഔദ്യോഗിക ഗസറ്റിൽ പ്രത്യേകമായി പ്രഖ്യാപിക്കുന്ന തീയതി മുതൽ കോഡ് ഓൺ വേജസ്, 2019 പ്രാബല്യത്തിൽ വരും.

## ഇതരസംസ്ഥാന തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും

30(*390) ശ്രീ. പി. ഉണ്ണി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. നൗഷാദ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും കൂടുതൽ ഇതര സംസ്ഥാനക്കാർ തൊഴിലെടുക്കുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ അവരുടെ തൊഴിൽ, സാമൂഹ്യസുരക്ഷ, ഭവനം, ശിശു സംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം തുടങ്ങിയ മേഖലകളിൽ ഈ സർക്കാർ നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഇതര സംസ്ഥാന തൊഴിലാളികളോട് ഏറ്റവും സൗഹാർദ്ദപരമായി പെരുമാറുകയും നയപരമായ തീരുമാനങ്ങളിലൂടെ അവരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുകയും ചെയ്യുന്നതിൽ മുൻപന്തിയിലുള്ള നമ്മുടെ സംസ്ഥാനം ഇതിനായി എന്തെല്ലാം നിയമ നിർമ്മാണമാണ് നടത്തിയിട്ടുള്ളത്;

(സി) കേരളത്തിലെ എല്ലാ അതിഥി തൊഴിലാളികളെയും ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അതിനായി ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് 25,000 രൂപയായി ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സകൂടി ഉൾപ്പെടുത്തിക്കൊണ്ടും അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപവരെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിക്കൊണ്ടും തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതരസംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്ന 'അപ്നാഘർ' പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാക്കി താമസക്കാർക്കായി അനുവദിച്ചുനൽകിയിട്ടുണ്ട്. 620 ഇതരസംസ്ഥാന തൊഴിലാളികൾ ഇവിടെ താമസിച്ചുവരുന്നു. ഈ മാതൃകയിൽ പാർപ്പിടസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലും സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിലേയ്ക്കായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള മരണാനന്തര ആനുകൂല്യം, അപകടമരണ ധനസഹായം, ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള സഹായം, ചികിത്സാ ധനസഹായം, ടെർമിനൽ ബെനിഫിറ്റ് എന്നീ ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുമുണ്ട്. തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ "ശ്രമിക്ബന്ധു" എന്ന പേരിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് സെന്ററിന്റെ പ്രവർത്തനം ഈ മാസം ആരംഭിക്കുന്നതാണ്.

(ബി) കേരള സംസ്ഥാനത്തിനകത്ത് ജോലി ചെയ്തുവരുന്ന ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കുവേണ്ടി 29-3-2010-ലെ സ.ഉ.(എം.എസ്) 46/2010/തൊഴിൽ വിജ്ഞാപന പ്രകാരം കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് മുഖേന കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ 26-8-2010-ലെ സ.ഉ.(എം.എസ്)102/2010/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരവും 18-1-2019-ലെ സ.ഉ.(കൈ)4/2019/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരവും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) ഇതര സംസ്ഥാന തൊഴിലാളികളെ ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ 2017 നവംബർ മുതൽ രജിസ്ട്രേഷൻ നടത്തിവരുന്നുണ്ട്. 16.07.2019 മുതൽ ടി പദ്ധതിയിൽ അംഗങ്ങളായി ചേർക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടന്നുവരുന്നു. കേരളത്തിലുടനീളം നടന്നുവരുന്ന ഈ സ്പെഷ്യൽ ഡ്രൈവിലൂടെ മാത്രം 5-11-2019 വരെ 89922 പേരെ ടി പദ്ധതിയിൽ എൻറോൾ ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. 2017 നവംബർ മുതൽ 5-11-2019 വരെ ആകെ 467765 ഇതര സംസ്ഥാന തൊഴിലാളികൾ ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾവഴിയും രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികജാതി വനിതകൾക്ക് ഷീ സ്മാർട്ട് കഫേയിൽ തൊഴിലവസരം

1(4370) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വനിതകളുടെ ഉപജീവന മാർഗ്ഗത്തിനുവേണ്ടി സംസ്ഥാന സർക്കാർ 2017-18 സാമ്പത്തിക വർഷം ആരംഭിച്ച ഷീ സ്മാർട്ട് കഫേയിൽ എസ്.ആർ.സി ഡയറക്ടറേറ്റിൽ വച്ച് ട്രെയിനിംഗ് നൽകിയിട്ടുള്ള എത്ര പട്ടികജാതി വനിതകൾക്ക് തൊഴിലവസരം നൽകിയിട്ടുണ്ട്;

(ബി) അയ്യങ്കാളി ഭവനിലും സംസ്ഥാന പട്ടികജാതി ഡയറക്ടറേറ്റിൽ നിന്നും ആരംഭിച്ച ഷീ കോപ്പിയിൽ എസ്.ആർ.സി. ട്രെയിനിംഗ് പൂർത്തീകരിച്ച പട്ടികജാതി വനിതകളെ ഉൾപ്പെടുത്താതെ പുറമേ നിന്നുള്ളവരാണ് ജോലി ചെയ്യുന്നത് എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പരാതിയിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പട്ടികജാതി വനിതകൾക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എസ്.ആർ.സി. വഴി ട്രെയിനിംഗ് നൽകി പുറത്തിറങ്ങിയ എല്ലാ വനിതകൾക്കും ജോലി ഉറപ്പായും ലഭിക്കുന്നുണ്ടെന്നുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇങ്ങനെ അവസരം ലഭിക്കാത്തവർക്ക് ഷീ സ്മാർട്ട് കഫെ നടത്തുന്നതിനുള്ള അവസരം നൽകുമോ;

(ഡി) എസ്.ആർ.സി.-യിൽ ട്രെയിനിംഗ് പൂർത്തിയാക്കിയ പട്ടികജാതി വനിതകൾക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ട്രെയിനിംഗ് നൽകിയിട്ടുള്ള 20 പേരിൽ 11 പേർക്ക് ജോലി നൽകിയതായി എസ്.ആർ.സി. അറിയിച്ചിട്ടുണ്ട്.

(ബി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നന്ദാവനം പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് പരിസരത്ത് ആരംഭിച്ച ഷീ സ്മാർട്ട് കഫേയിൽ സ്റ്റേറ്റ് റിസോഴ്സ് സെന്ററിൽനിന്ന് പരിശീലനം ലഭിച്ച 6 വനിതകളാണ് നിലവിൽ ജോലി ചെയ്തുവരുന്നത്. ഇവിടെ പുറമെ നിന്നുള്ളവർ ജോലി ചെയ്യുന്നില്ല. ഷീ സ്മാർട്ട് കഫേ അയ്യങ്കാളി ഭവനിൽ ആരംഭിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ഏറ്റവും

കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ സമർപ്പിച്ച യൂണിറ്റിനെയാണ് കാന്റീൻ നടത്തുന്നതിന് തെരഞ്ഞെടുത്തത്. ടി കാന്റീൻ നടത്തിപ്പിന് പുറമെനിന്നുള്ളവരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും എസ്.ആർ.സി. പരിശീലനം ലഭിച്ചവരെ ഒഴിവാക്കിയെന്നും ആരോപിച്ച് ലഭിച്ച പരാതിയിൽ തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസറെ അന്വേഷണം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) പട്ടികജാതി വനിതകൾക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എസ്.ആർ.സി. വഴി ട്രെയിനിംഗ് നൽകി പുറത്തിറങ്ങിയ 20 വനിതകളിൽ 11 പേർക്ക് 2 കഫേകളിലായി ജോലി നൽകിയിട്ടുണ്ട്. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി പരിസരത്തും നെയ്യാറ്റിൻകര സർക്കാർ ആശുപത്രി പരിസരത്തും പുതുതായി രണ്ട് കഫേകൾ ആരംഭിക്കുവാൻ നടപടിയായിട്ടുണ്ട്. ടി കഫേകൾ പ്രവർത്തനമാരംഭിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള 9 പേർക്ക് ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം എസ്.ആർ.സി.-ക്ക് നൽകിയിട്ടുണ്ട്.

(ഡി) സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ആയത് എത്രയും വേഗം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ആനുകൂല്യം, റഫറൻസ് പുസ്തകങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് നടപടി

2(4371) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇല്ലാത്ത കോഴ്സുകൾക്ക് സംസ്ഥാനത്തിന് പുറത്ത് അംഗീകൃത സ്ഥാപനങ്ങളിൽ മെറിറ്റ്/റിസർവേഷൻ സീറ്റിൽ പ്രവേശനം നേടിയിട്ടുള്ള പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന എത്ര കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്രപേർക്ക് പുസ്തകങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ഇല്ലാത്ത കോഴ്സുകൾക്ക് സംസ്ഥാനത്തിന് പുറത്ത് അംഗീകൃത സ്ഥാപനങ്ങളിൽ മെറിറ്റ്/റിസർവ്വേഷൻ സീറ്റിൽ പ്രവേശനം നേടിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 18 വിദ്യാർത്ഥികൾക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 104 വിദ്യാർത്ഥികൾക്കും 2019-20 അദ്ധ്യയനവർഷത്തിൽ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള ബുക്ക്ബങ്ക് പദ്ധതിയിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് 233 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകൾ പരിശോധിച്ച് അർഹമായവയ്ക്ക് 2019-20-ൽ തുക അനുവദിക്കുന്നതാണ്. പ്രസ്തുത പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നില്ല.

**ഗോത്രവാത്സല്യനിധി പദ്ധതി**

3(4372) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രവാത്സല്യ നിധി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നുമുതലാണ് നടപ്പിലാക്കിയത്; പ്രസ്തുത പദ്ധതിയിൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഗോത്രവാത്സല്യനിധി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതിക്കും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് ഗോത്രവാത്സല്യനിധി. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ശരിയായ രീതിയിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക, ഇവരുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുക, കുട്ടികൾക്ക്

സംരക്ഷണം നൽകുക, വിദ്യാഭ്യാസ മേഖലയിൽനിന്ന് ഇവരുടെ കൊഴിഞ്ഞുപോക്ക് തടയുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുഖേന 1,38,000 രൂപ സർക്കാർ വിഹിതമായി അടച്ചാണ് പട്ടികവർഗ്ഗ പെൺകുട്ടികളെ ഇൻഷ്വർ ചെയ്യുന്നത്. ടി പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്ന പെൺകുട്ടിക്ക് 2 വയസ്സ് പൂർത്തിയായി പ്രതിരോധ കുത്തിവെയ്പ്പ് എടുക്കുമ്പോൾ മാതാപിതാക്കൾക്ക് 2000 രൂപയും 5 വയസ്സ് പൂർത്തിയായി സ്കൂളിൽ/അങ്കണവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 3000 രൂപയും പെൺകുട്ടിക്ക് 10 വയസ്സ് പൂർത്തിയായി നാലാം ക്ലാസിൽ പ്രവേശിക്കുമ്പോൾ 5000 രൂപയും പത്താംക്ലാസ് പഠനം പൂർത്തിയാക്കുമ്പോൾ 10,000 രൂപയും ധനസഹായമായി ലഭിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ ഇൻഷ്വറൻസ് തുക ലംപ്സം ആയി ടി കുട്ടിക്ക് ലഭിക്കുന്നു. കൂടാതെ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടാൽ ചുവടെ പറയുന്ന ആനുകൂല്യം ലഭിക്കുന്നു.

1) അപകടമരണം സംഭവിച്ചാൽ 4 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു.

2) സാധാരണ മരണമാണെങ്കിൽ 2 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു.

3) കൂടാതെ മാതാപിതാക്കളിൽ രണ്ടാമത്തെയാൾ മരണപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു.

ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് അപകടം സംഭവിച്ചാൽ ചുവടെ പറയുംപ്രകാരം ആനുകൂല്യം ലഭിക്കുന്നു.

1. അപകടംമൂലം പൂർണ്ണമായും ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു.
2. അപകടംമൂലം ഭാഗികമായി ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ 1 ലക്ഷം രൂപ ലഭിക്കുന്നു.

(ബി) 1-4-2017 മുതലാണ് പദ്ധതി നടപ്പിലാക്കിയത്. 4,20,00,000 രൂപ പദ്ധതി നടത്തിപ്പിനായി ഇതുവരെ ചെലവഴിച്ചു.

## 2019-20-ലെ പ്ലാൻ ഫണ്ട് വിഹിതം

4 (4373) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2019-20-ലെ പ്ലാൻ ഫണ്ട് വിഹിതം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) അനുവദിച്ച പ്ലാൻ ഫണ്ടിൽ നിന്നും എത്ര തുക ചെലവഴിക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2019-20-ലെ പട്ടികജാതി വികസന വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതമായി 1649 കോടി രൂപയും കേന്ദ്രസഹായ പദ്ധതികൾക്കായി 343.33 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതം 699.38 കോടി രൂപയാണ്. (സംസ്ഥാന വിഹിതം കേന്ദ്രാവിഷ്കൃതമായ 50%, 75%, 100%)

(ബി) പട്ടികജാതി വികസന വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും 424.40 കോടി രൂപയും കേന്ദ്രസഹായ പദ്ധതികൾക്ക് അനുവദിച്ചതിൽ 186.51 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത തുകയിൽ പ്ലാൻസ്പേസ് പ്രകാരം 176.67 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

## ചവറ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ

5(4374) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജക മണ്ഡലത്തിൽ ആകെയുള്ള പട്ടികജാതി കോളനികളുടെ പേരും ഓരോ കോളനികളിലും എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നുള്ള വിവരവും അറിയിക്കുമോ;

(ബി) 2016 ജൂൺ മാസം മുതൽ 2019 ഒക്ടോബർ വരെ ചവറ നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അനുവദിച്ച വിവിധ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; ഓരോ പദ്ധതിക്കും അനുവദിച്ച തുകയും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളും കുടുംബങ്ങളുടെ എണ്ണവും വിശദാംശങ്ങളും അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

## ദേശീയ മനുഷ്യാവകാശ കമ്മീഷൻ സന്ദർശനം

6 (4375) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഒക്ടോബർ 30, 31 തീയതികളിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടി തിരുവനന്തപുരം തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ വച്ച് സിറ്റിംഗ് നടത്തുന്നതിനെക്കുറിച്ച് ഏതൊക്കെ ദേശീയ ദിനപത്രങ്ങളിൽ അറിയിപ്പ് നൽകിയിരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഹിയറിംഗിൽ എത്ര കേസ്സുകളിൽ പരിഹാരം കണ്ടെത്തി; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 27-9-2019-ന് പ്രസിദ്ധീകരിച്ച മലയാള മനോരമ, മാധ്യമം, മംഗളം ദിനപ്പത്രങ്ങളിലും 2-10-2019-ലെ കേരള കൗമുദി, ജന്മഭൂമി, ദി ഹിന്ദു, ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ് ദിനപ്പത്രങ്ങളിലും 4-10-2019-ലെ മാതൃഭൂമി ദിനപ്പത്രത്തിലും 30-10-2019-ലെ ദി ഹിന്ദു, ദീപിക ദിനപ്പത്രങ്ങളിലും 31-10-2019-ലെ മലയാള മനോരമ, മാധ്യമം, ചന്ദ്രിക, കേരള കൗമുദി പത്രങ്ങളിലും വാർത്ത വന്നിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ കുടുംബത്തിൽ ഒരാൾക്കെങ്കിലുംജോലി

7 (4376) ശ്രീ. ആർ. രാജേഷ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ബാബു :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക തൊഴിൽ മേഖലയിലുള്ള തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിച്ച് പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ ഉന്നമനം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആരംഭിച്ചിട്ടുള്ള ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും ജോലി എന്ന പദ്ധതിയെക്കുറിച്ച് അറിയിക്കാമോ;

(ബി) പട്ടികജാതി-പട്ടികഗോത്ര വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസ ധനസഹായം ഈ സർക്കാർ അധികാരത്തിലെത്തിയശേഷം എത്ര വീതം വർദ്ധിപ്പിക്കുകയുണ്ടായി; നിലവിൽ നൽകി വരുന്ന ധനസഹായം എത്രയെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ വിവിധ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ സൗകര്യവും നിലവാരവും ഉയർത്തുന്നതിനായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. 2019-20 വർഷത്തിലെ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലും ഇത് പ്രതിപാദിച്ചിട്ടുണ്ട്. ഇതേത്തുടർന്ന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ്, ആഭ്യന്തര വകുപ്പ്, തൊഴിൽ വകുപ്പ്, വ്യവസായ വകുപ്പ്, വനം-വന്യജീവി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് മുതലായ വകുപ്പുകളുമായി ചർച്ച നടത്തുകയും സർക്കാർ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ വിവിധ വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുമുണ്ട്.

സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി. പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ, റയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്, തൊഴിൽ പരിശീലനങ്ങൾ എന്നിവ നടത്തിവരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിന് തൊഴിൽ വകുപ്പുമായി ചേർന്ന് സ്പെഷ്യൽ ഡ്രൈവ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

പോലീസിലും എക്സൈസിലും 100 പട്ടികവർഗ്ഗ യുവതീയുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയതിനുപുറമെ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ 2745 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് താത്കാലിക നിയമനം നൽകിയിട്ടുണ്ട്.

മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകളിൽ പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന തസ്തികകളിൽ മതിയായ യോഗ്യതയുണ്ടായിട്ടും

ഉദ്യോഗാർത്ഥികൾ മത്സര പരീക്ഷയിൽ വിജയിക്കാത്ത സാഹചര്യം മനസ്സിലാക്കുകയും ഗവ. ലോ കോളേജുമായി ചേർന്നുകൊണ്ട് എൽ.എൽ.ബി. പാസ്സായ 7 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കുകയും ചെയ്തു. ഇതിൽ 4 പേർ പ്രിലിമിനറി പരീക്ഷ പാസ്സായി മെയിൻ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നു.

നൈപുണ്യ വികസനത്തിനും പരമ്പരാഗത തൊഴിൽ പ്രോത്സാഹനത്തിനുമാണ് പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനായി പ്രധാനമായും ഊന്നൽ നൽകുന്നത്. സംരംഭക രംഗത്തും തൊഴിൽ മേഖലയിലും പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള അനവധി പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തുന്നു. ഇതിനോടകം 5431 പേർക്ക് പരിശീലനവും പ്ലെയ്സ്മെന്റും ഉറപ്പ് വരുത്തുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 1725 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് 2019-20 -ൽ പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ ഇറാം ടെക്നോളജീസ് എന്ന സ്വകാര്യ സ്ഥാപനം മുഖേന ടിഗ് & ആർക്ക് വെൽഡിംഗ് കോഴ്സ് കഴിഞ്ഞ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ 8 പട്ടികവർഗ്ഗ യുവാക്കൾക്ക് വിദേശത്ത് വിവിധ കമ്പനികളിൽ പ്ലെയ്സ്മെന്റ് നേടുവാൻ കഴിഞ്ഞു. ഇതിന്റെ യാത്രാ ചെലവിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി വകുപ്പ് സാമ്പത്തിക സഹായം നൽകുകയുണ്ടായി.

കരിയർ ഗൈഡൻസ് ജോബ് ഫെയർ

2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താത്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. കൂടാതെ 2019-20 ജൂലൈ മാസത്തിൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് ടു, ഐ.റ്റി.ഐ., നഴ്സിംഗ്, ബിരുദം തുടങ്ങിയവ നേടിയ 200-ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.

അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്

2018-19-ൽ വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് അട്ടപ്പാടിയിൽ 291 പട്ടികവർഗ്ഗ യുവതികൾക്ക് പരിശീലനം നൽകുകയും ഇവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ച് വസ്ത്രനിർമ്മാണത്തിനായി അപ്പാരൽ പാർക്ക് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ഗോത്രജീവിക

2016-17 വർഷം ടി പദ്ധതിപ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ പ്രധാനമായും 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനവും പ്രവർത്തന മൂലധനവും നൽകി 53 സ്വയം സഹായസംഘങ്ങൾ രൂപീകരിക്കുകയും പട്ടികവർഗ്ഗ മേഖലകളിലേതുൾപ്പെടെയുള്ള ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്.

സെന്റർ ഓഫ് സ്കിൽ എക്സലൻസ്

2017-18- ൽ വകുപ്പിന്റെ കീഴിൽ തിരുവനനതപുരത്ത് മണ്ണന്തലയിൽ സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലന സ്ഥാപനം ആരംഭിച്ചു. ടി സ്ഥാപനം മുഖേന ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ് വെയർ ആൻഡ് സോഫ്റ്റ്വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ലക്ഷ്യം വയ്ക്കുന്നു. ഇതിന്റെ ആദ്യബാച്ചിൽ 70 കുട്ടികൾ പരിശീലനം പൂർത്തിയാക്കിവരുന്നു.

പരമ്പരാഗത മേഖലയിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുക ഇതിനായി എം.ജി.എൻ.ആർ.ഇ.ജി.എസ്. സംസ്ഥാന മിഷന് 14.40 കോടി രൂപ അനുവദിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

കേരള ട്രൈബൽ പ്ലസ് എന്ന പദ്ധതിയിലൂടെ 23096 കുടുംബങ്ങൾക്ക് 100 ദിവസത്തിനു മുകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 2019-20-ൽ നാളിതുവരെ 100 ദിവസം തൊഴിൽ പൂർത്തീകരിച്ച 3944 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്.

കൂടാതെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്ര ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആഴ്ചയിലൊരിക്കൽ വേതനം നൽകുന്നതിന് ഒരു റിവോൾവിംഗ് ഫണ്ടായി പട്ടികവർഗ്ഗ വികസന വകുപ്പ് 11.13 കോടി രൂപ കുടുംബശ്രീക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇത് അട്ടപ്പാടി, വയനാട്, ആറളം (കണ്ണൂർ) എന്നീ പ്രദേശങ്ങളിൽ കുടുംബശ്രീ വഴി നടപ്പിലാക്കുന്നു.

<u>മില്ലറ്റ് വില്ലേജ്</u>

അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തികവർഷം വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവപാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മില്ലറ്റ് വില്ലേജ് എന്ന പദ്ധതി 6.87 കോടി രൂപയ്ക്ക് അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ട വിളവെടുപ്പ് കഴിഞ്ഞു. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ 70 ഊരുകളിലായി 760 ഹെക്ടർ കൃഷി ഇറക്കി രണ്ടാം വിളവ് നടപ്പിലാക്കി വരുന്നു. ചെറുധാന്യങ്ങൾ വിവിധ ഊരുകളിൽനിന്നും സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നമാക്കി വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു.

<u>പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം</u>

പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൽ ഗണ്യമായ കൃഷി ഭൂമി നിലവിലുണ്ട്. പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി അട്ടപ്പാടിയിൽ 1.56 കോടി രൂപ ചെലവഴിച്ച് 19 ഊരുകളിലായി 830 ഏക്കറിൽ ഹോംസ്റ്റെഡ് അഗ്രികൾച്ചറൽ പദ്ധതി 600 കുടുംബങ്ങൾക്കായി നടപ്പിലാക്കി വിളവെടുപ്പ് നടന്നുവരുന്നു. പട്ടികവർഗ്ഗക്കാർ കൂടുതൽ പണിയെടുക്കുന്ന ഫാമുകളുടെ നവീകരണം ടി പദ്ധതിയിലൂടെ ലക്ഷ്യംവയ്ക്കുന്നു.

കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സുസ്ഥിരവികസന പദ്ധതി

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് മുഖേന ആരംഭിച്ച കുടുംബശ്രീ സുസ്ഥിര വികസന പദ്ധതിയിൽ 5132 അയൽക്കൂട്ടങ്ങൾവഴി 87800 കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള, ശാക്തീകരണ ജീവനോപാധി പരിപാടികൾ നടപ്പിലാക്കി. ഇതിലൂടെ സ്വയംതൊഴിൽ കണ്ടെത്താൻ വേണ്ട സഹായം നൽകുക, പുതുതായി ആരംഭിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതം കോർപ്പസ് ഫണ്ട്, ജോയിന്റ് ലൈവ്‌ലിഹുഡ് ഗ്രൂപ്പുകൾക്ക് 2000 രൂപ വീതം കോർപ്പസ് ഫണ്ട് എന്നിവ നൽകുകയും 46 സ്വയം സഹായസംഘങ്ങളും 26 വ്യക്തിഗത സംരംഭങ്ങളും ആരംഭിക്കുവാനും കഴിഞ്ഞു.

മിൽമ മുഖേന നടപ്പിലാക്കിവരുന്ന ജീവനോപാധി പദ്ധതികൾ

2016-17 മുതൽ മലപ്പുറം, എറണാകുളം, കാസർഗോഡ്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, വയനാട്, കോഴിക്കോട്, കോട്ടയം എന്നീ ജില്ലകളിൽ മിൽമ മുഖേന ക്ഷീരവികസനവുമായി ബന്ധപ്പെട്ട് 500 പട്ടികവർഗ്ഗക്കാർക്ക് ജീവനോപാധി പ്രവർത്തനങ്ങൾ നൽകാൻ കഴിഞ്ഞു.

(ബി) 23-7-2016-ലെ സ.ഉ (പി) നമ്പർ 4/2016/പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം 25 ശതമാനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(സി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ സൗകര്യവും നിലവാരവും ഉയർത്തുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

- സ്മാർട്ട് ക്ലാസ്റൂം.
- കമ്പ്യൂട്ടർ ലാബ്.
- സയൻസ് ലാബ്.
- ലാംഗ്വേജ് ലാബ്
- സ്കൂൾ റേഡിയോ
- കരിയർ ഗൈഡൻസ് ആൻഡ് കൗൺസലിംഗ്
- എം.ആർ.എസ്. കളിലെ വിദ്യാർത്ഥികളുടെ സുരക്ഷിതത്വം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉറപ്പുവരുത്തുന്നതിനുവേണ്ടി സി.സി.ടി.വി. സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

- സോളാർ പവർപ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി.
- എം.ആർ.എസ്സുകളുടെ അടുക്കള നവീകരിക്കുന്നതിനുള്ള പദ്ധതി
- മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട്.
- മിനി മാസ്റ്റ് ലൈറ്റ്.
- മിന്നൽ രക്ഷാചാലകം.
- ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ.
- ജലശുദ്ധീകരണ പദ്ധതി.
- നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.
- സിന്തറ്റിക് ട്രാക്ക് നിർമ്മാണം.
- എം.ആർ.എസ്.-കളിൽ ഫയർ എക്സ്റ്റിംഗ്വിഷർ സിസ്റ്റം.
- എം.ആർ.എസ്സുകളിൽ നൂതന ജിം ഉപകരണങ്ങൾ ഉപയോഗിച്ച് വിദ്യാർത്ഥികളുടെ ശാരീരികക്ഷമത വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ട് ഔട്ട്ഡോർ ഫിറ്റ്നെസ് സെന്റർ.
- ഡിജിറ്റൽ ലൈബ്രറി.
- എം.ആർ.എസ്. കണിയാമ്പറ്റയിൽ ആർച്ചറി പരിശീലനകേന്ദ്രം സ്ഥാപിക്കൽ.

എം.ആർ.എസ്.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ഐ.എസ്.ഒ. സർക്കിഫിക്കേഷൻ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. പുന്നപ്ര എം.ആർ.എസ്.-ൽ നിലവിൽ ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിച്ചുകഴിഞ്ഞു. എം.ആർ.എസ്സുകളിൽ യൂണിസെഫ് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ലാസ് റൂമുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ഹൈടക് ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എസ്.പി.സി. എല്ലാ എം.ആർ.എസ്സുകളിലും നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി 50 വിദ്യാർത്ഥികൾക്ക് ഒരാൾ എന്ന ക്രമത്തിൽ എം.സി.ആർ.ടി. മാരെയും വിദ്യാർത്ഥികൾക്ക് കൗൺസലിംഗ് നൽകുന്നതിനായി കൗൺസിലർമാരെയും നിയമിക്കുന്നുണ്ട്.

എം.ആർ.എസ്സുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടങ്ങൾക്ക് ആവശ്യമായ മെയിന്റനൻസ്, പെയിന്റിംഗ് എന്നിവ നടത്തിവരുന്നു. ജില്ലാകളക്ടർ ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി യോഗം സംഘടിപ്പിക്കുകയും എം.ആർ.എസ്. പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യാറുണ്ട്. പ്രൊപ്പോസലുകൾ യഥാസമയം സമർപ്പിക്കുന്നപക്ഷം കൺസ്ട്രക്ഷൻ വർക്കുകൾക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് നൽകാറുണ്ട്.

**ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ**

8 (4377) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഭൂരഹിതരുടെയും ഭവനരഹിതരുടെയും വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ലതിരിച്ച് വിശദാംശം നൽകുമോ;

(ബി) ഏറനാട് മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ എത്ര കുടുംബങ്ങൾ ഉണ്ട്; അവരിൽ ആർക്കെല്ലമാണ് ഭൂമിയും വീടും നൽകിയിട്ടുള്ളത് വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത വിഭാഗങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിന് പുതിയ പദ്ധതികൾ എന്തെങ്കിലും സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് 2018-ൽ നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ 10944 ഭൂരഹിതരും സ്വന്തമായി ഭൂമി ഉള്ളതിൽ ഭവനരഹിതരായുള്ളവർ 9143 ആണ്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

ലൈഫ് മിഷന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽ 54553 ഭൂരഹിതരും 20948 ഭവനരഹിതരുമാണുള്ളത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഏറനാട് മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 89 ഭൂരഹിതരും 247 ഭവനരഹിതരുമാണുള്ളത്. ഭവനരഹിതർക്ക് ലൈഫ് മിഷൻ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതി മുഖേനയാണ് ഭവനം അനുവദിക്കുന്നത്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വകുപ്പിന്റെ ഭൂമി വാങ്ങി നൽകൽ പദ്ധതി മുഖേനയും നിക്ഷിപ്ത വനഭൂമിയിൽ പട്ടികവർഗ്ഗക്കാർക്ക് പതിച്ച് നൽകാൻ സുപ്രീംകോടതി ഉത്തരവുള്ള ഭൂമി റവന്യൂ വകുപ്പിന് കൈമാറി ആയത് പട്ടികവർഗ്ഗക്കാർക്ക് പതിച്ചു നൽകുന്ന പദ്ധതിയും മുഖേന അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

നിലവിൽ ലൈഫ് മിഷന്റെ കണക്കുപ്രകാരം 125 പട്ടികജാതി കുടുംബങ്ങളാണ് ഏറനാട് മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായിട്ടുള്ളത്. ഇതിൽ 14 പേർക്ക് ഈ സാമ്പത്തിക വർഷം ധനസഹായം അനുവദിച്ചു. 20 പേർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി മുഖേനയും നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിലൂടെയും ഭൂരാഹിത്യം പരിഹരിക്കുന്നതിനും ഭൂമി നൽകുന്നവർക്ക് ഭവന നിർമ്മാണ ധനസഹായം ലൈഫ് മിഷൻ പദ്ധതി പ്രകാരമോ ആദിവാസി പുനരധിവാസ വികസന മിഷൻ പദ്ധതിയുടെ ഭാഗമായോ നൽകുന്നതാണ്.

നിലവിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരമാണ് സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി കുടുംബത്തിന് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നത്. ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതർക്ക് വകുപ്പ് മുഖേന പഞ്ചായത്ത് പ്രദേശത്ത് 3.75 ലക്ഷം, മുനിസിപ്പൽ പ്രദേശത്ത് 4.50 ലക്ഷം, കോർപ്പറേഷൻ പ്രദേശത്ത് 6 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു.

## മാവേലിക്കര നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

9 (4378) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും അനുവദിച്ച പദ്ധതികളുടെയും വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇവയിൽ പൂർത്തിയാക്കിയവ, പൂർത്തീകരിക്കാത്തവ, ആരംഭിക്കാനുള്ളവ എന്നിങ്ങനെ ഇനം തിരിച്ച് വിശദമാക്കാമോ;

(സി) പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടേയും അനുവദിച്ച പദ്ധതികളുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

1. <u>അംബേദ്കർ ഗ്രാമം 2016-17</u>

ഐക്കത്ത് വിള കോളനി, ഐ.കെ.എസ് കോളനി

2. <u>കോർപ്പസ് ഫണ്ട് 2018-19</u>

ക്ലാത്തറ കോളനി- കെ.പി.എം.എസ്. പുഞ്ച റോഡ്

ക്ലാത്തറ കോളനി- കുഴിവിള ജംഗ്ഷൻ റോഡ്

പത്തിമൂല കോളനി റോഡ്.

പട്ടികവർഗ്ഗ വികസന വകുപ്പ് മാവേലിക്കര നിയോജകമണ്ഡലത്തിൽ 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകിയിട്ടുള്ള വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ ആറ് പട്ടികവർഗ്ഗ കുടുംബങ്ങൾക്കും പാലമേൽ പഞ്ചായത്തിലെ നാല് പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ചേർത്ത് പത്ത് കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ ആറ് കുടുംബങ്ങൾക്ക് കിണർ നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.

പിന്നാക്ക വിഭാഗ വികസന വകുപ്പ് നിലവിൽ മണ്ഡലം കേന്ദ്രീകരിച്ച് പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കിവരുന്നില്ല. സംസ്ഥാനമൊട്ടാകെ നടപ്പാക്കിവരുന്ന വികസന, വിദ്യാഭ്യാസ പദ്ധതികളുടെ ആനുകൂല്യം ടി മണ്ഡലത്തിലെ അർഹരായ ഗുണഭോക്താക്കൾക്കും ലഭ്യമാകുന്നുണ്ട്. നിലവിൽ നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി)

| പ്രവൃത്തി | നിലവിലെ അവസ്ഥ |
|---|---|
| 1. അംബേദ്കർ ഗ്രാമം പദ്ധതി 2016-17 | |
| ഐക്കത്ത് വിള കോളനി, | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| ഐ.കെ.എസ് കോളനി | ആരംഭിച്ചിട്ടില്ല. |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. കോർപ്പസ് ഫണ്ട് 2018-19

| പ്രവൃത്തി | നിലവിലെ അവസ്ഥ |
|---|---|
| ക്ലാത്തറ കോളനി- കെ.പി.എം.എസ്. പുഞ്ച റോഡ് | ആരംഭിച്ചിട്ടുണ്ട്. |
| ക്ലാത്തറ കോളനി- കുഴിവിള ജംഗ്ഷൻ റോഡ് | പൂർത്തീകരിച്ചു. |
| പത്തിമൂല കോളനി റോഡ്. | പൂർത്തീകരിച്ചു. |

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത പദ്ധതിയിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നാല് കുടുംബങ്ങൾക്കുള്ള കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് ഏജൻസികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി രണ്ട് തവണ അവലോകന യോഗങ്ങൾ സംഘടിപ്പിച്ചു. ജില്ലാതലത്തിലും ബ്ലോക്ക്തലത്തിലും ഏജൻസികളുമായി ബന്ധപ്പെട്ട് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 2019 ജൂൺ മാസമാണ് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചത്. ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പത്ത് കുടുംബങ്ങൾക്ക് അനുവദിച്ച ഭവന നിർമ്മാണത്തിൽ 6 കുടുംബങ്ങളുടെ ഭവന നിർമ്മാണം മൂന്നാം ഘട്ടത്തിലും 4 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം രണ്ടാംഘട്ടത്തിലുമാണ്.

## പട്ടികജാതി വിഭാഗം വിദ്യാർത്ഥികളെ ഉന്നതസ്ഥാനങ്ങളിൽ എത്തിക്കുന്നതിനായി പ്രാപ്തമാക്കുന്ന സ്ഥാപനങ്ങൾ

10 (4379) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ദേശീയ പ്രധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും, കോർപ്പറേറ്റ് മേഖലകളിൽ ജോലി ലഭിക്കുന്നതിനും പ്രാപ്തരാക്കുന്നതിന് ഏതെല്ലാം സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ നിലവിലില്ലാത്ത ജില്ലകളിൽ ആയവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ദേശീയപ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നൽകുന്നതിനും കോർപ്പറേറ്റ് മേഖലകളിൽ ജോലി ലഭിക്കുന്നതിനും പ്രാപ്തമാക്കുന്നതിന് വകുപ്പിനുകീഴിൽ പാലക്കാട് മെഡിക്കൽ കോളേജ്, പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS), സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫർമേഷൻ (CREST), അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കണ്ടറി സ്കൂൾ മുതലായ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (CREST), അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കണ്ടറി സ്കൂൾ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS), പാലക്കാട് മെഡിക്കൽ കോളേജ് എന്നീ സ്ഥാപനങ്ങൾ സംസ്ഥാനത്തൊട്ടാകെയുള്ള വിദ്യാർത്ഥികളെ പരിഗണിച്ച് പരിശീലനം നൽകുന്ന സ്ഥാപനങ്ങളായതിനാൽ മറ്റ് ജില്ലകളിൽ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**അട്ടപ്പാടി സംയോജിത ട്രൈബൽ വികസന ഫണ്ട് വിനിയോഗം**

11 (4380) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി സംയോജിത ട്രൈബൽ വികസന ഫണ്ട് മുഖേന നിലവിൽ നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഫണ്ട് വിനിയോഗത്തിൽ എന്തെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) കോടിക്കണക്കിന് രൂപ ഈ മേഖലയിൽ ചെലവഴിച്ചിട്ടും ആദിവാസികളുടെ ജീവിതം ദുരിതപൂർണ്ണമാണ് എന്നത് വസ്തുതയല്ലേ; എങ്കിൽ ഇതിനുള്ള കാരണം വെളിപ്പെടുത്താമോ;

(ഇ) സംയോജിത ട്രൈബൽ വികസന ഫണ്ട് വിനിയോഗത്തിലെ പോരായ്മകൾ കണ്ടെത്തി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭൂമി, ഭവനം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളാണ് വകുപ്പ് അട്ടപ്പാടിയിൽ നടപ്പിലാക്കിവരുന്നത്. അട്ടപ്പാടിയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഇല്ല.

(സി) ജില്ലാതലത്തിൽ കളക്ടർ, എം.എൽ.എ, പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ട മോണിറ്ററിംഗ് സമിതി സമയാസമയം യോഗം ചേർന്ന് പദ്ധതി പുരോഗമനം വിലയിരുത്തിവരുന്നു. പദ്ധതികൾ നടപ്പിലാക്കുന്നതിനായി ലഭ്യമാക്കുന്ന ഫണ്ട് DBT മുഖേനയാണ് ബന്ധപ്പെട്ടവർക്ക് അനുവദിച്ചുനൽകുന്നത്.

(ഡി) ദീർഘവീക്ഷണത്തോടുകൂടിയ വികസനപ്രവർത്തനങ്ങൾമൂലം ആദിവാസികളുടെ ജീവിത നിലവാരത്തിൽ പ്രകടമായ പുരോഗതി ഉണ്ടായിട്ടുണ്ട്. പ്രൊഫഷണൽ വിദ്യാഭ്യാസമുൾപ്പെടെയുള്ള വിദ്യാഭ്യാസ പുരോഗതി എടുത്ത് പറയാവുന്ന ഉദാഹരണമാണ്. പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി മില്ലറ്റ് വില്ലേജ്, അപ്പാരൽ പാർക്ക്, കാർഷിക ഉദ്യമ പരിപാടികൾ തുടങ്ങി സാമ്പത്തികോന്നമനം ലക്ഷ്യം വച്ചുള്ള പദ്ധതികൾ തുടങ്ങിയതിനെത്തുടർന്ന് മുമ്പുണ്ടായിരുന്ന അവസ്ഥയ്ക്ക് കാര്യമായ മാറ്റം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

(ഇ) ഫണ്ട് വിനിയോഗത്തിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികജാതി കോളനികളുടെ സമഗ്രവികസനം

12 (4381) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളിലൂടെ കോളനികൾക്ക് എത്ര മാത്രം നേട്ടമുണ്ടാക്കാനായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

ഉണ്ട്. കോളനികളിലെ അടിസ്ഥാന സൗകര്യ വികസനത്തിൽ ഗണ്യമായ പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. മാത്രവുമല്ല, ഭൗതിക സാഹചര്യങ്ങളുടെ ലഭ്യതയ്ക്കനുസരിച്ച് ഉപജീവനമാർഗ്ഗ പദ്ധതികൾ നടപ്പിലാക്കിയ കോളനികളിലെ ജനങ്ങളുടെ ജീവിത സാഹചര്യത്തിലും ആശാവഹമായ മെച്ചമുണ്ടായിട്ടുണ്ട്.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനം**

13 (4382) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവും സാമ്പത്തികപരവുമായ വികസനം ലക്ഷ്യമിട്ട് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്താണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വാത്സല്യനിധി എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയിലുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി. ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000 രൂപ നാല് ഇൻസ്റ്റാൾമെന്റുകളിലായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000 രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു. കൂടാതെ താഴെ ചേർത്ത പ്രകാരം പെൺകുട്ടിക്കും അച്ഛൻ/അമ്മ, സഹോദരൻ/സഹോദരിക്കും ആനുകൂല്യങ്ങൾ എൽ.ഐ.സി. വഴി ലഭിക്കുന്നു.

ആകസ്മിക മരണത്തിന്

| | | |
|---|---|---|
| വരുമാനദായകൻ | സാധാരണ മരണം | 2,00,000 രൂപ |
| | അപകട മരണം | 4,00,000 രൂപ |
| | അപകടം മൂലമുള്ള ഭാഗികമായ അംഗവൈകല്യം | 1,00,000 രൂപ |
| | അപകടം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം | 2,00,000 രൂപ |
| മറ്റ് രക്ഷകർത്താവ് | സാധാരണ മരണം | 30,000 രൂപ |
| | അപകട മരണം | 30,000 രൂപ |
| കുട്ടി | സാധാരണ മരണം<br>അപകട മരണം | 3,00,000 രൂപയിൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട് കുറച്ചതിന്റെ ബാക്കി തുക ഇൻഷ്വറൻസ് ആനുകൂല്യമായി എൽ.ഐ.സി. കൊടുക്കുന്നതായിരിക്കും (ആയത് 8 വയസ്സിന് ശേഷം മാത്രം ബാധകമായിരിക്കും. 8 വയസ്സിന്ശേഷമാണ് ഇൻഷ്വറൻസ് കവറേജ്) |
| വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ | | |
| സ്വീകർത്താവ് | പഠിക്കുന്ന സ്റ്റാൻഡേർഡ് | തുക |
| പെൺകുട്ടി | 9 ,10, 11, 12 | 1200 രൂപ ഓരോ വർഷവും |
| സഹോദരനോ/ സഹോദരിക്കോ | 9 ,10, 11, 12 | 1200 രൂപ ഓരോ വർഷവും |

(ബി)

| മാനദണ്ഡങ്ങൾ | നിക്ഷേപത്തുക | പ്രീമിയം |
|---|---|---|
| 1. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കണം.<br>2. ആദ്യ 90 ദിവസത്തിനുള്ളിൽ നവജാതശിശുവിന് വേണ്ട പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം. | 39000 | 1 |
| 1. പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം.<br>2. പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം. കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം. | 36,000 | II |
| അഞ്ചാം തരത്തിലേയ്ക്ക് പ്രവേശനം നേടുകയും 10 വയസ് പൂർത്തിയാകുകയും വേണം. പത്താംതരം പാസായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം. | 33,000 | III |
| പെൺകുട്ടി പത്താംതരം പാസ്സാകുകയും 15 വയസ് പൂർത്തിയാകുകയും വേണം. പത്താംതരം പാസായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം. | 30,000 | IV |

## പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ക്ഷേമം

14 (4383) ശ്രീ. ആർ. രാജേഷ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനും അവർക്ക് പഠനോപാധികൾ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇവർക്കായുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എത്ര ശതമാനം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്;

(സി) സർക്കാർ ഹോസ്റ്റലിൽ പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുവാൻ പ്രതിമാസം എത്ര രൂപയാണ് നൽകിവരുന്നത്;

(ഡി) വിദേശത്ത് ഉന്നതപഠനം നടത്തുന്നതിന് എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും പഠനോപാധികൾ ലഭ്യമാക്കുന്നതിനും താഴെപറയുന്ന പദ്ധതികൾ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്നു.

പട്ടികജാതി വികസന വകുപ്പ്

1. പ്രീ മെട്രിക് വിദ്യാഭ്യാസ ധനസഹായം (ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ് എന്നിവ).
2. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് (1 മുതൽ 8 വരെ ക്ലാസ്സുകൾ).
3. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100% CSS)
5. 9, 10 ക്ലാസ്സുകളിലെ പ്രീ മെട്രിക് സ്കോളർഷിപ്പ് (100% CSS)
6. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്

7. വൈദ്യ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം
8. ലാപ്ടോപ് വാങ്ങൽ ധനസഹായം
9. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം.
10. അനാരോഗ്യകരമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ്
11. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
12. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി.
13. പ്ലസ് ടു പഠനകാലത്തുതന്നെ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.
14. മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം.
15. ബുക്ക്ബാങ്ക് സ്കീം (100 % CSS)
16. മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/ എം.ആർ.എസ്.-കൾ
17. പ്രീ മെട്രിക് ഹോസ്റ്റൽ (6 വിഷയങ്ങൾക്ക് ട്യൂഷൻ )
18. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ
19. ഐ.റ്റി.ഐ. കൾ
20. പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ
21. CREST
22. നഴ്സറി സ്കൂളുകൾ
23. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം
24. മെഡിക്കൽ കോളേജ് (പാലക്കാട്)
25. നൃത്ത/സംഗീത വിദ്യാർത്ഥികൾക്ക് ആടയാഭരണങ്ങൾ
26. പഠനമുറി
27. സിവിൽ സർവ്വീസ് പരിശീലനം
28. ഇതര സംസ്ഥാന പഠനം
29. വിദേശ പഠന ധനസഹായം

30. ബി.ടെക് റമഡിയൽ കോച്ചിംഗ്

31. പ്ലസ് ടു പഠനം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനത്തിനായി 50,000 രൂപ വീതം അനുവദിക്കുന്ന പദ്ധതി.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

1. ഗോത്രഭാഷ അറിവുള്ള അദ്ധ്യാപകരെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി.

2. സാമൂഹ്യപഠന മുറി

3. സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി.

4. ലാപ്ടോപ് വിതരണം.

5. വിദേശപഠനത്തിനുള്ള ധനസഹായം.

6. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി.

7. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.

8. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം.

9. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം.

10. ഭാരത ദർശൻ അഥവാ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര.

11. നൈപുണ്യ വികസന പദ്ധതികൾ.

12. കരിയർ ഗൈഡൻസ് ജോബ് ഫെയർ.

13. അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്

14. സെന്റർ ഫോർ സ്കിൽ എക്സലൻസ്

15. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണവും നിർമ്മാണവും

16. ഹോസ്റ്റലുകളുടെ നവീകരണവും നിർമ്മാണവും

17. ആർ.എം.എസ്. കണിയാമ്പറ്റയിൽ ആർച്ചറി പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

18. വിദ്യാർത്ഥികളുടെ സ്വഭാവ വൈകാരിക മാനവിക പ്രശ്നങ്ങൾക്ക് വിദഗ്ധ പരിചരണം ഉറപ്പുവരുത്തുന്നതിലേയ്ക്ക് സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഔർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.) എന്ന പദ്ധതി.

19. സിവിൽ സർവ്വീസ് പരിശീലനം നൽകുന്ന പദ്ധതി.

20. ജൂഡീഷ്യൽ സർവ്വീസ് പരീക്ഷ പരിശീലന പദ്ധതി.

21. വിദൂര കോളനികളിൽ നിന്നുള്ള കുട്ടികളെ വാഹനത്തിൽ സ്കൂളുകളിൽ എത്തിക്കുന്നതിന് ' ഗോത്രസാരഥി' പദ്ധതി.

22. " ട്യൂട്ടോറിയൽ ഗ്രാന്റ്" പദ്ധതി.

23. ട്രൈബൽ സ്കൂളിലെ പ്രൈമറി ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് "വസ്ത്ര വിതരണ" പദ്ധതി.

24. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംഗീകാരമുള്ളതും സന്നദ്ധ സംഘടനകൾ നടത്തുന്നതുമായ ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് "ബോർഡിംഗ് ഗ്രാന്റ് " നൽകുന്ന പദ്ധതി.

25. മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റൽ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കായി സ്പോക്കൺ ഇംഗ്ലീഷ്, സ്പെഷ്യൽ ട്യൂഷൻ, യോഗ പരിശീലനം, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സർഗ്ഗോത്സവം, കളിക്കളം, സഹവാസ ക്യാമ്പ്, കൗൺസിലർമാരുടെ സേവനം, അഡീഷണർ സ്കിൽ അക്വിസിഷൻ, വിദ്യാവിസ്മയം, ശാസ്ത്ര ബോധിനി എന്നീ പദ്ധതികൾ.

26. പ്രീമെട്രിക് തലത്തിലെ വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ സ്കോളർഷിപ്പ്, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കേന്ദ്ര സർക്കാർ സ്കോളർഷിപ്പ്, സംസ്ഥാനത്തിനകത്തും പുറത്തും പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്നീ പദ്ധതികൾ.

27. പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് ഇൻസെന്റീവ് പദ്ധതി.

28. പോസ്റ്റ്മെട്രിക് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന വിനോദ യാത്രയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 23.07.2016-ലെ സ.ഉ.(പി) 4/2016/പജപവവിവ ഉത്തരവുപ്രകാരം പട്ടികവിഭാഗങ്ങൾക്കുള്ള പ്രീമെട്രിക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 25 ശതമാനം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) സർക്കാർ ഹോസ്റ്റലിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രതിമാസം 4500 രൂപയും പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് 3000 രൂപയും നൽകിവരുന്നു.

(ഡി) 2019-20-ൽ പട്ടികജാതി വികസന വകുപ്പ് മുഖേന 12 പേർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 5 പേർക്കും 31-10-2019 വരെ വിദേശത്ത് ഉന്നതപഠനം നടത്തുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

**കാവാരിക്കുളം കണ്ടൻ കുമാരന് സ്മാരക മന്ദിരം**

15 (4384) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ പ്രവർത്തകനും സാമൂഹിക പരിഷ്കർത്താവും നവോത്ഥാനനായകനും ശ്രീമൂലം പ്രജാസഭാംഗവും ആയിരുന്ന കാവാരിക്കുളം കണ്ടൻ കുമാരന്റെ സ്മരണയ്ക്കായി അദ്ദേഹത്തിന്റെ ജന്മനാട്ടിൽ ഏതെങ്കിലും തരത്തിലുള്ള സ്മാരകമന്ദിരം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കാവാരിക്കുളം കണ്ടൻ കുമാരനെക്കുറിച്ചുള്ള വിവരങ്ങൾ കേരള നവോത്ഥാന ചരിത്രത്തിന്റെ ഭാഗമായി സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ സാംസ്കാരിക വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ പ്രവർത്തിക്കുന്ന സാംബവ മഹാസഭയുടെ നേതൃത്വത്തിൽ കാവാരിക്കുളം കണ്ടൻ കുമാരന്റെ സ്മരണാർത്ഥം ഒരു സ്മാരകം നിർമ്മിക്കുന്നതിന് പ്രസ്തുത സംഘടനയ്ക്ക് 2014-15 സാമ്പത്തിക വർഷത്തിൽ 30-3-2015-ലെ സ.ഉ.(സാധാ) നമ്പർ 193/2015/സാം.കാ.വ. പ്രകാരം 2,00,000 രൂപ സർക്കാർ ധനസഹായം അനുവദിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സംഘടന അധികൃതർ സ്മാരകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ പ്രസ്തുത തുക അടിയന്തരമായി സർക്കാരിൽ തിരിച്ചടയ്ക്കുവാൻ സംഘടന ജനറൽ സെക്രട്ടറിയോട് 1-3-2017-ൽ ആവശ്യപ്പെടുകയുണ്ടായി. നിലവിൽ കാവാരിക്കുളം കണ്ടൻ കുമാരന്റെ സ്മാരകം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) സംസ്ഥാനത്ത് നിലവിലെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പിലെ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ (എസ്.സി.ഇ.ആർ.ടി.) നേതൃത്വത്തിൽ നടന്നുവരുന്നു. പാഠ്യപദ്ധതി പരിഷ്കരണ വേളയിൽ, സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമായാണ് പാഠങ്ങൾ ഉൾച്ചേർക്കുന്നത്. നിലവിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്ന വേളയിൽ കാവാരിക്കുളം കണ്ടൻ കുമാരനെക്കുറിച്ചുള്ള വിവരങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ നവോത്ഥാന ചരിത്രത്തിന്റെ ഭാഗമായി ഉൾച്ചേർക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി അറിയിച്ചിട്ടുണ്ട്.

## ആറളം ഫാമിലെ പട്ടികവിഭാഗങ്ങളുടെ പുരോഗതിക്കായി സമഗ്ര വികസന പദ്ധതി

16 (4385) <u>ശ്രീ. സി. ദിവാകരൻ:</u>
<u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീമതി ഗീതാ ഗോപി:</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം ഫാമിലെ പട്ടികവിഭാഗങ്ങളുടെ പുരോഗതിക്കായി സമഗ്ര വികസന പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ആറളത്തെ വികസന പദ്ധതിയിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആറളം നിവാസികൾക്ക് വാസഗൃഹങ്ങൾ നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ആറളം പ്രദേശത്തിന്റെ അടിസ്ഥാനസൗകര്യവികസനത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഇ) പുനരധിവാസ മേഖലയിലെ വന്യമൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ആറളം ആദിവാസി പുനരധിവാസ മേഖലയിലെ പട്ടികവർഗ്ഗക്കാരുടെ പുരോഗതിക്കായി നബാർഡ് ധനസഹായത്തോടെ സമഗ്രവികസനത്തിനായി വിവിധ പദ്ധതികൾ നടന്നുവരുന്നുണ്ട്. കൂടാതെ ടി.ആർ.ഡി.എം. ഫണ്ട് ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം, കിണർ നിർമ്മാണം തുടങ്ങിയ പദ്ധതികളും, എസ്.സി.എ. ടു ടി.എസ്.പി. പദ്ധതിയിൽ ജീവനോപാധികൾക്കുള്ള പദ്ധതികളും കോർപ്പസ് ഫണ്ട് ഉപയോഗിച്ച് വിവിധ വികസന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. കൂടതെ തദ്ദേശ ഭരണസ്ഥാപനങ്ങൾ മുഖാന്തരം വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) നബാർഡ് ഫണ്ട് ഉപയോഗിച്ച് ഹയർ സെക്കണ്ടറി കെട്ടിടം, ബോയ്സ് ഹോസ്റ്റൽ കെട്ടിടം, 5 കമ്മ്യൂണിറ്റി ഹാളുകൾ, 3 അങ്കണവാടികൾ, ഫെൻസിംഗ്, വൈദ്യുതി ശൃംഖല, 2 എൽ.പി. സ്കൂളുകൾ, 1 കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, 5 സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ, ഇന്റേണൽ റോഡുകൾ, പാർശ്വഭിത്തി, ഓടന്തോട്, വളയഞ്ചാൽ എന്നീ സ്ഥലങ്ങളിൽ 2 കോൺക്രീറ്റ് പാലങ്ങൾ, ഹോമിയോ ഡോക്ടർ ക്വാർട്ടേഴ്സ്, പാൽസംഭരണ വിതരണ കേന്ദ്രം, അധ്യാപകർക്കുള്ള ക്വാർട്ടേഴ്സുകൾ, ആയുർവേദ ഡിസ്പെൻസറി, കുടിവെള്ള വിതരണ ശൃംഖല, പമ്പ്, ടാങ്ക്, കൃഷി ഭവൻ, വെറ്ററിനറി ഡിസ്പെൻസറി, സ്റ്റേഡിയം, ക്ലാസ് മുറികൾ, ഓഡിറ്റോറിയം, കിണർ എന്നീ പദ്ധതികളും കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളും നിർമ്മിക്കുന്നുണ്ട്. കൂടാതെ ടി.ആർ.ഡി.എം. ഫണ്ടുപയോഗിച്ച് ഭവന നിർമ്മാണം, വ്യക്തിഗത കിണർ നിർമ്മാണം തുടങ്ങിയ പദ്ധതികളും നടപ്പാക്കിവരുന്നു.

(സി) സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന 361 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ മുഖേന നിർമ്മാണം ആരംഭിച്ച 1528 വീടുകളിൽ 1250 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

(ഡി) നബാർഡ് ഫണ്ട് ഉപയോഗിച്ച് 38.02 കോടി രൂപയ്ക്ക് ആറളം പ്രദേശത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നു. 1161 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതിനാവശ്യമായ മതിൽ കെട്ടുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ഇ) കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതിലേയ്ക്ക് നിലവിൽ 5 കിലോമീറ്റർ ദൂരം കരിങ്കൽ മതിലും 2.5

കിലോമീറ്റർ ടെഞ്ചും 3 കിലോമീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിംഗും നിലവിലുണ്ട്. നിലവിലുള്ള കരിങ്കൽ മതിൽ പൊളിച്ചും മറ്റും ആനകൾ അകത്തു കടന്ന് വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് കരിങ്കൽ ഭിത്തി മതിൽ നിർമ്മിക്കുന്നതിന് വനമേഖല അതിർത്തി പങ്കിടുന്ന 10.5 കിലോമീറ്റർ മതിലും പുഴയോരങ്ങളിൽ അതിരു പങ്കിടുന്ന മറ്റ് രണ്ട് ഭാഗത്തിൽ ഒരു ഭാഗം 3 കിലോമീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിംഗ് ചെയ്യുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ പുഴയോരത്തിന്റെ മറ്റൊരു ഭാഗം 3 കിലോമീറ്റർ ദൂരത്തിൽ നബാർഡ് ആർ. ഐ. ഡി. എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

**പഠനമുറി പദ്ധതി**

17 (4386) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നടപ്പിലാക്കുന്ന പഠനമുറി പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽ എത്ര ഗുണഭോക്താക്കൾക്ക് ധനസഹായം/പഠനമുറി അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പഠനമുറി പദ്ധതി പ്രകാരം ഏറനാട് നിയോജകമണ്ഡലത്തിൽ 72 പേർക്ക് പഠനമുറി പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് സാമൂഹ്യ പഠനമുറി എന്ന പദ്ധതി ഊരുകളിലെ കമ്മ്യൂണിറ്റി ഹാളുകളിൽ നടപ്പിലാക്കിവരുന്നു.

മലപ്പുറം ജില്ലയിൽ ഏറനാട് നിയോജകമണ്ഡലത്തിലെ പെരുപടവം കോളനിയിൽ സാമൂഹ്യപഠനമുറി അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വകുപ്പ് നടപ്പിലാക്കുന്ന പഠനമുറി പദ്ധതി പ്രകാരം സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ്/ടെക്നിക്കൽ/സ്പെഷ്യൽ സ്കൂളുകളിൽ

8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന ഒരുലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് നിലവിലുള്ള വീടിനോടൊപ്പം 120 ചതുരശ്ര അടി വലിപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ 15 %, 30% , 40%, 15% എന്ന നിരക്കിൽ 4 ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. തദ്ദേശ ഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാകാത്തയിടങ്ങളിൽ പത്രപരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ചും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. നിലവിലുള്ള വീടിന്റെ വലിപ്പം 800 ചതുരശ്ര അടി വരെയുള്ളവർക്കാണ് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നത്. മുമ്പ് ഇതേ ആവശ്യത്തിന് മറ്റ് ഏജൻസികളിൽനിന്ന് ധനസഹായം ലഭിക്കാത്തവർക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നത്. ടി പദ്ധതി പ്രകാരം 120 ചതുരശ്ര അടി വലിപ്പത്തിൽ റൂം നിർമ്മിക്കുന്നതിനും മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനും ചുവരുകൾ പ്ലാസ്റ്റർ ചെയ്യുന്നതിനും തറ ടൈൽ പാകുന്നതിനും വാതിലും ജനലുകളും പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി അലമാര സ്ഥാപിക്കുന്നതിനും വൈദ്യുതീകരിച്ച് ലൈറ്റ്, ഫാൻ എന്നിവ സ്ഥാപിക്കുന്നതിനുമാണ് തുക അനുവദിക്കുന്നത്. നിർമ്മാണത്തിന്റെ ഓരോ ഘട്ടവും ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ വിലയിരുത്തി ഗഡുക്കളായി തുക അനുവദിക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന സാമൂഹ്യ പഠനമുറി സ്ഥാപിക്കുവാൻ ചുരുങ്ങിയത് 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ എങ്കിലും ഊരുകളിൽ ഉണ്ടായിരിക്കണം.

## മഞ്ചേരി മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമപദ്ധതി

18 (4387) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമപദ്ധതിയുടെ ഭാഗമായി മഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; 2016 മുതലുള്ള പദ്ധതികളുടെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) നിലവിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; അതിന്റെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

| വർഷം | കോളനിയുടെ പേര് | നിലവിലുള്ള അവസ്ഥ |
|---|---|---|
| 2016-17 | ആമയൂർ ചക്കിങ്ങൽക്കണ്ടി കോളനി | കുടിവെള്ള പദ്ധതി പുരോഗമിക്കുന്നു. |
| 2016-17 | എറാഞ്ചേരി കോളനി | സൈഡ് പ്രൊട്ടക്ഷൻ വാൾ, ഭവന പുനരുദ്ധാരണം എന്നിവ പുരോഗമിക്കുന്നു. |
| 2019-20 | ആര്യംപാടം കുറുങ്കാട്ട് കുന്ന് | കോളനി തെരഞ്ഞെടുത്തു. ഭരണാനുമതി നൽകിയിട്ടുണ്ട്. |

(ബി) 2019-20-ൽ ആര്യംപാടം കുറുങ്കാട്ട്കുന്ന് കോളനിയെ അംബേദ്കർ ഗ്രാമം പദ്ധതി മാനദണ്ഡപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കുകയും നിർവ്വഹണ ഏജൻസിയായി മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്കായുള്ള പദ്ധതികൾ**

19(4388) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മണലൂർ മണ്ഡലത്തിലെ പട്ടികജാതി വിഭാഗങ്ങൾക്കായി ഇതുവരെയായി ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക അനുവദിച്ചു എന്ന് പഞ്ചായത്ത് / മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വർഷം തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) കോർപ്പസ് ഫണ്ട് ഇനത്തിൽ 2017-18, 2018-19 വർഷങ്ങളിൽ തുക വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; ഫണ്ട് വിനിയോഗിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) മണലൂർ നിയോജകമണ്ഡലത്തിൽ 2017-18, 2018-19 വർഷങ്ങളിൽ കോർപ്പസ് ഫണ്ട് ഇനത്തിൽ തുക ചെലവഴിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹരിപ്പാട് സൈബർശ്രീ പ്രോജക്റ്റ്

20 (4389) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് സൈബർശ്രീ പ്രോജക്ടിന്റെ പ്രവർത്തനം ഫണ്ടിന്റെ അപര്യാപ്തത കാരണം തടസ്സപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രോജക്ടിന് ഈ വർഷം ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പാവപ്പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനുള്ള ഈ പ്രോജക്ടിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) പ്രസ്തുത പ്രോജക്ടിന് 59,48,300 രൂപയുടെ ഭരണാനുമതി നൽകുകയും ഒന്നാം ഗഡുവായി 29,74,150 രൂപ സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## വിജ്ഞാൻ വാടികൾ

21 (4390) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ വിജ്ഞാൻ വാടികൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണം; പ്രസ്തുത വിജ്ഞാൻ വാടികൾക്ക് വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

ഉണ്ട്. 155 വിജ്ഞാൻവാടികൾ പ്രവർത്തനക്ഷമമാണ്. വിജ്ഞാൻ വാടികളുടെ സുഗമമായ പ്രവർത്തനത്തിന് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, വിജ്ഞാനപ്രദമായ പുസ്തകങ്ങൾ, ദിനപ്പത്രങ്ങൾ , തൊഴിൽ പ്രസിദ്ധീകരണങ്ങൾ, ഇലക്ട്രിസിറ്റി, ടെലഫോൺ, ഇന്റർനെറ്റ് ചാർജ്ജ് എന്നിവയുള്ള ആവർത്തന ചെലവുകളും മേൽനോട്ട ചുമതലയ്ക്കായി നിയമിതരായ സിസ്റ്റം ഓപ്പറേറ്റർമാർക്ക് ഓണറേറിയവും വകുപ്പിൽനിന്നും അനുവദിക്കുന്നുണ്ട്.

## പട്ടികജാതി കോളനികളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ പദ്ധതികൾ

22 (4391) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി. കോളനികളിലെ കുട്ടികൾ വിദ്യാഭ്യാസ നിലവാരത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതി കോളനികളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചു വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) എസ്.സി. കോളനികളിലെ കുട്ടികളുടെ അടിസ്ഥാന വിദ്യാഭ്യാസ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഉപരിപഠന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) എസ്.സി. കോളനികളിലെ സാമൂഹ്യ-സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ മെച്ചപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു*.

(സി) കോളനികളിലെ കുട്ടികൾക്കുമാത്രമായി പ്രത്യേക പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

(ഡി) കോളനികളുടെ സാമൂഹ്യസാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിനു അംബേദ്കർ ഗ്രാമം പദ്ധതിയും കോർപ്പസ് ഫണ്ടും ഉപയോഗിച്ച് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവനനിർമ്മാണം

23 (4392) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിലും കാലവർഷക്കെടുതിയിലും വീടുകൾ പൂർണ്ണമായും തകർന്ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വാസയോഗ്യമല്ലാതായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി എത്ര തുകയാണ് നൽകിവരുന്നത്; എത്ര ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ബി) ഗുണഭോക്താക്കൾക്ക് യഥാസമയം തുകവിതരണം ചെയ്യാത്ത സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര പേർക്കാണ് മുഴുവൻ തുകയും വിതരണം ചെയ്യാൻ കഴിഞ്ഞത്; നാളിതുവരെ ഒരു ഗഡു പോലും വിതരണം ചെയ്യാത്ത എത്ര ഗുണഭോക്താക്കൾ നിലിവിലുണ്ട്; എത്ര വീടുകൾ പൂർത്തിയായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രത്യേക പരിഗണന അർഹിയ്ക്കുന്ന വിഭാഗമായിട്ടുപോലും യഥാസമയം പദ്ധതി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണമെന്താണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കാലവർഷക്കെടുതിയിൽ പൂർണ്ണമായും തകർന്ന വീടുകൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 6 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. 2018-ലെ കാലവർഷക്കെടുതിയിൽ പൂർണ്ണമായും തകർന്ന 604 വീടുകളും 2019 വർഷം ഉണ്ടായ കാലവർഷക്കെടുതിയിൽ 448 വീടുകളും പൂർണ്ണമായും തകർന്നിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിൽ 2018 വർഷം സംസ്ഥാനത്തുണ്ടായ പ്രളയത്തിലും കാലവർഷക്കെടുതിയിലും 2733 വീടുകൾ പൂർണ്ണമായും തകർന്ന് വാസയോഗ്യമല്ലാതായി. പ്രസ്തുത വീടുകൾ പുനർനിർമ്മിക്കുന്നതിനായി 4 ലക്ഷം രൂപ ധനസഹായം നൽകുന്നു. പട്ടികജാതി വികസന വകുപ്പിൽ ആദ്യം അപേക്ഷ സമർപ്പിച്ച 245 പേർക്ക് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ 170 പേർ നിർമ്മാണം ആരംഭിക്കുകയും 97 പേർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ധനസഹായം കൈപ്പറ്റാത്ത 75 പേർ ഉൾപ്പെടെ മറ്റുള്ളവർക്ക് റവന്യൂ വകുപ്പ് മുഖേന ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പിൽ 2018-ലെ പ്രളയത്തിൽ പൂർണ്ണമായും തകർന്ന 604 ഗുണഭോക്താക്കളിൽ കരാറിൽ ഏർപ്പെട്ട 442 ഗുണഭോക്താക്കൾക്ക് വകുപ്പിന്റെ ഭവന നിർമ്മാണ ശീർഷകത്തിൽനിന്നും തുക അനുവദിക്കുന്നതിന് ജില്ലാതല ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആയതിനു പുറമെ റവന്യൂ വകുപ്പ്, സഹകരണ വകുപ്പ്, സന്നദ്ധ സംഘടനകൾ മുഖേനയും ധനസഹായം അനുവദിച്ചുവരുന്നു. ആയതിൽ 15 പേരുടെ ഭവന നിർമ്മാണം ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. കരാറിൽ ഏർപ്പെടാത്ത 162 ഗുണഭോക്താക്കളാണുള്ളത്. ടിയാളുകളെ കൂടി കരാറിൽ ഒപ്പുവച്ച് ഭവന നിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിൽനിന്ന് 97 പേർക്ക് മുഴുവൻ തുകയും വിതരണം ചെയ്തിട്ടുണ്ട്. അനുവദിച്ച 245-ൽ 75 പേർ നിലവിൽ ഒരു ഗഡു തുകയും കൈപ്പറ്റിയിട്ടില്ല. ഇവർക്ക് റവന്യൂ വകുപ്പിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്. 97 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 28 വീടുകൾ ഒന്നാം ഗഡുവിലും 19 വീടുകൾ രണ്ടാം ഗഡുവിലും 26 വീടുകൾ മൂന്നാം ഗഡുവിലും നിൽക്കുന്നു. ഇതിനായി 5,27,40,000 രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

(സി) ഗുണഭോക്താക്കൾ നേരിട്ടാണ് നിർമ്മാണം നടത്തുന്നത്. ആയതിനാൽ ഗുണഭോക്താക്കൾ നിശ്ചിത ഘട്ടം പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർന്നുള്ള ഗഡുക്കൾ വിതരണം ചെയ്യുന്നുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടും സാധനസാമഗ്രികളുടെ ലഭ്യതക്കുറവും പദ്ധതി പൂർത്തീകരണത്തിന് കാലതാമസം വരുത്തുന്നുണ്ട്.

**നെടുമങ്ങാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

24 (4393) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2016-17-ൽ കരിക്കകത്ത് കോളനി, 2019-20-ൽ മാതാവീട് കോളനി എന്നിവ പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. നിർവ്വഹണ ഏജൻസി തിരുവനന്തപുരം ജില്ലാ നിർമ്മിതി കേന്ദ്രമാണ്.

(സി) ഉണ്ട്. നിർമ്മാണപ്രവൃത്തികൾ സത്വരം പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തിരുവനന്തപുരം ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം**

25 (4394) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹധനസഹായം നൽകുന്ന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും എത്ര രൂപയുടെ ധനസഹായം നൽകിയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2019 ഒക്ടോബർ മാസം വരെ തിരുവനന്തപുരം ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5162 പെൺകുട്ടികൾക്കായി വിവാഹ ധനസഹായം ആകെ 33,06,61,000 രൂപ (മുപ്പത്തിമൂന്ന് കോടി ആറ് ലക്ഷത്തി അറുപത്തിയൊന്നായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

**നെയ്യാറ്റിൻകര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി**

26 (4395) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2019-20-ൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഏതു പട്ടികജാതി കോളനിയെയാണ് ഉൾപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ; എത്ര കോടി രൂപയുടെ ഭരണാനുമതി ആണ് നൽകുന്നതെന്ന് വിശദമാക്കാമോ ;

(ബി) അംബേദ്കർ ഗ്രാമം പദ്ധതി 2019-20 ൽ ഏത് ഏജൻസിയെയാണ് നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് ചുമതലപ്പെടുത്തുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) അംബേദ്കർ ഗ്രാമം പദ്ധതിയിൽ മുൻപ് പ്രവൃത്തികൾ ഏൽപ്പിച്ച ജില്ലാ നിർമ്മിതി കേന്ദ്രം പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ വിഴ്ചവരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ പ്രവൃത്തികൾക്ക് നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തുമോ എന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിക്കായി എം.എൽ.എ. നിർദ്ദേശിക്കുന്ന ഏജൻസിയെ ചുമതലപ്പെടുത്തുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2019-ൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽനിന്നുള്ള കോളനികളെ തെരഞ്ഞെടുത്തിട്ടില്ല.

(ബി) അതാത് ജില്ലാ നിർമ്മിതി കേന്ദ്രത്തിനാണ് തെരഞ്ഞെടുക്കപ്പെട്ട കോളനികളിലെ നിർവ്വഹണ ചുമതല.

(സി & ഡി) ഇല്ല. നിയോജകമണ്ഡലത്തിൽനിന്നും മുൻവർഷങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട കോളനികളുടെ എസ്റ്റിമേറ്റ് 28-11-2018-ൽ അംഗീകരിക്കുകയും പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു.

2019-20 ൽ ജില്ലകളിലെ നിർമ്മിതി കേന്ദ്രങ്ങൾക്കാണ് നിർവ്വഹണ ചുമതല നൽകിയിട്ടുള്ളതെങ്കിലും എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം, പട്ടികജാതി വികസന ഡയറക്ടർക്ക് അംഗീകാരമുള്ള മറ്റ് ഏജൻസികൾക്ക് നിർവ്വഹണ ചുമതല നൽകാവുന്നതാണ്.

**ആറളം ആദിവാസി പുനരധിവാസ പദ്ധതി**

27 (4396) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം എത്ര ഏക്കർ ഭൂമി ഇതിനകം വിതരണം ചെയ്തെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്കാണ് ഇതിനകം പ്രയോജനം ലഭിച്ചതെന്ന് വ്യക്തമാക്കാമോ; ഭൂമി ലഭ്യമായ എല്ലാ കുടുംബങ്ങളും അവിടെ താമസിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(സി) പട്ടയം നൽകിയിട്ടും താമസിക്കാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ഭൂമി തിരിച്ചെടുത്ത് അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്ന കാര്യം ആലോചിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആറളം ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം ടി മേഖലയിലെ 3367 ഏക്കർ ഭൂമി നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ആകെ 3375 കുടുംബങ്ങൾക്കാണ് ഭൂമി അനുവദിച്ചിട്ടുള്ളതെങ്കിലും ആയവരിൽ 1510 കുടുംബങ്ങൾ മാത്രമാണ് സ്ഥിരമായി താമസിക്കുന്നത്.

(സി) 1865 കുടുംബങ്ങൾ താമസമില്ല. താമസിക്കാത്ത കുടുംബങ്ങളുടെ പ്ലോട്ടുകൾ പരിശോധിച്ച് കൈവശരേഖ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പംതന്നെ ഇപ്രകാരം റദ്ദ് ചെയ്ത് ഒഴിവ് വരുന്ന പ്ലോട്ടുകൾ വിതരണം ചെയ്യുന്നതിനായി ഭൂരഹിതരായ ആദിവാസി കുടുംബങ്ങളിൽനിന്നും അപേക്ഷ സ്വീകരിക്കുകയും ആയത് ഊരുകൂട്ടം മുമ്പാകെ അവതരിപ്പിച്ച് അർഹത പരിശോധിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**ആനക്കയം പട്ടികവർഗ്ഗ കോളനിയിലെ ജനങ്ങളുടെ പുനരധിവാസം**

28(4397) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തോടനുബന്ധിച്ചുണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് അതിരപ്പിള്ളി പഞ്ചായത്തിലെ ആനക്കയം പട്ടികവർഗ്ഗ കോളനിയിലെ ജനങ്ങൾ കോളനി വിട്ടുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉരുൾപൊട്ടലിന്റെ ഭയംമൂലം തിരികെ കോളനിയിലേയ്ക്ക് മടങ്ങാതെ സമീപപ്രദേശത്തെ പാറയിൽ ഷെഡ് കെട്ടി താമസിച്ചുവരുന്ന ഇവർക്ക് പുതുതായി താമസസ്ഥലം അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) അംബേദ്കർ വികസന പദ്ധതിയിൽ ഉൾപ്പെട്ട് അനുമതി ലഭിച്ച ആനക്കയം കോളനിയിൽ പ്രസ്തുത വികസന പദ്ധതി നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ വാച്ചുമരം കാടർ കോളനിയിലേയ്ക്ക് പ്രസ്തുത പദ്ധതി മാറ്റി അനുവദിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാലവർഷക്കെടുതിയിൽ ഉരുൾപൊട്ടൽ ഭീഷണി നേരിട്ട ആനക്കയം കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാകളക്ടറുടെ 5-8-2019-ലെ കോളനി സന്ദർശന വേളയിലെടുത്ത തീരുമാനപ്രകാരം ആനക്കയം കോളനിയിലെ കുടുംബങ്ങൾക്ക് ഓരോരുത്തർക്കും അവിടെയുണ്ടായിരുന്ന ഭൂമിക്ക് തുല്യമായ അളവിൽത്തന്നെ പകരം ഭൂമി തവളക്കുഴിപ്പാറ കോളനിയിൽ പോകുന്ന വഴിയിൽ അനുവദിച്ച നൽകുന്നതിന് വനം വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരമുള്ള തുടർനടപടികൾ നടന്നുവരുന്നുണ്ട്.

(സി) 2017-18 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലുൾപ്പെടുത്തിയ ആനക്കയം കോളനിയിൽ പ്രസ്തുത വികസന പദ്ധതി നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ വാച്ചുമരം കാടർ കോളനിയിലേയ്ക്ക് പ്രസ്തുത പദ്ധതി മാറ്റി അനുവദിച്ച നൽകുവാൻ സാധിക്കുകയില്ല. എന്നാൽ വാച്ചുമരം കാടർ കോളനിയുടെ പിന്നോക്കാവസ്ഥ പരിശോധിച്ച് ആവശ്യമെങ്കിൽ, ടി കോളനിയെ 2019-20 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

**ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നിക്ഷിപ്ത വനഭൂമി വിതരണം**

29 (4398) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്;

(ബി) എത്ര ഏക്കർ വനഭൂമി വിതരണത്തിനായി കേന്ദ്ര സർക്കാരിന്റെയും സുപ്രീംകോടതിയുടെയും അനുമതി ലഭിച്ചു; അതിൽ ഇതിനകം എത്ര ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തു; എത്ര കുടുംബങ്ങൾക്ക് അതിന്റെ ആനുകൂല്യം ലഭിച്ചു;

(സി) ശേഷിക്കുന്ന ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമിയാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി ലഭിച്ച 7693 ഹെക്ടർ നിക്ഷിപ്ത വനഭൂമിയിൽ വാസയോഗ്യമായ ഭൂമി പൂർണ്ണമായും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വിതരണത്തിന് അവശേഷിക്കുന്നതിൽ വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി കണ്ടെത്തുന്നതിനുള്ള സംയുക്ത പരിശോധനയും സർവ്വേ നടപടികളും നടന്നുവരുന്നു. വാസയോഗ്യമെന്ന് കണ്ടെത്തിയ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്.

(ബി) 19002 ഏക്കർ നിക്ഷിപ്ത വനഭൂമിയാണ് വിതരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാരിന്റെയും സുപ്രീംകോടതിയുടെയും അനുമതി ലഭിച്ചത്. അതിൽ ഇതിനകം (കാസർഗോഡ് 75 ഏക്കർ, മലപ്പുറം 25 ഏക്കർ, വയനാട് ജില്ലയിൽ 5954.75 ഏക്കർ (സുഗന്ധഗിരി, പൂക്കോട് പ്രോജക്ട് ഭൂമി ഉൾപ്പെടെ), പാലക്കാട് ജില്ലയിൽ 2625.26 ഏക്കർ (പൊതു ആവശ്യങ്ങൾക്ക് നൽകിയതുൾപ്പെടെ) ആകെ 8680 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കാസർഗോഡ് 150 പേർക്കും മലപ്പുറത്ത് 34 പേർക്കും പാലക്കാട് ജില്ലയിൽ (1738 ഏക്കർ) 1625 പേർക്കും വയനാട് ജില്ലയിൽ (4298.54 ഏക്കർ) 1379 പേർക്കുമായി ആകെ 3301 പേർക്ക് ഭൂമി ലഭിച്ചിട്ടുണ്ട്.

(സി) അവശേഷിക്കുന്ന ഭൂമിയിൽ കാസർഗോഡ് (16.89 ഏക്കർ), കണ്ണൂർ 205 ഏക്കർ എന്നിവ വാസയോഗ്യമല്ല. മലപ്പുറം ജില്ലയിൽ 341.60 ഏക്കർ ഭൂമിയിൽ സംയുക്ത പരിശോധന പൂർത്തീകരിച്ചതിൽ 274.91 ഏക്കർ വാസയോഗ്യമെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി ഭൂമി വനം വകുപ്പ് റവന്യൂ വകുപ്പിന് കൈമാറുന്ന നടപടി നടന്നുവരികയാണ്. ടി നടപടി പൂർത്തീകരിച്ച് ഭൂമി വിതരണം ചെയ്യുന്നതാണ്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ 211 പേർക്ക് 169.12 ഏക്കർ ഭൂമി സബ് ഡിവിഷൻ പൂർത്തീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മറ്റുള്ള പ്രദേശങ്ങളിൽ സംയുക്ത പരിശോധന നടന്നുവരികയാണ്. വയനാട് ജില്ലയിൽ 249 ഏക്കറിൽ സംയുക്ത പരിശോധന പൂർത്തീകരിച്ച് സർവ്വേ പ്രവർത്തനം നടന്നുവരുന്നു.

(ഡി) വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമിയാണ് വിതരണം ചെയ്യുന്നതെന്ന് സംയുക്ത പരിശോധന നടത്തി ഉറപ്പുവരുത്തുന്നുണ്ട്. സർവ്വേ നടപടി നടക്കുന്ന അവസരത്തിൽ വാസയോഗ്യമല്ലാത്ത ഭൂമി ഒഴിവാക്കുന്നുണ്ട്.

## പ്രൊഫഷണൽ മേഖലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ

30 (4399) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾ പ്രൊഫഷണൽ മേഖലയിൽ വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരെ പ്രൊഫഷണൽ മേഖലയിലെ തൊഴിലുകളിൽ എത്തിക്കുന്നതിന് വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതികൾ വിജയപ്രദമാണോ; എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്രപേർക്ക് പ്രൊഫഷണൽ മേഖലയിൽ തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രൊഫഷണൽ മേഖലയിൽ യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട അഭ്യസ്തവിദ്യരായവർ ഉൾപ്പെടെയുള്ളവരുടെ സമഗ്രവിവര ശേഖരണം നിലവിൽ വകുപ്പ് നടത്തിവരുന്നു. പ്രസ്തുത സർവ്വേ പൂർത്തിയാകുന്നതോടുകൂടി പ്രൊഫഷണൽ മേഖലയിലെ ഉദ്യോഗാർത്ഥികളുടെ പ്രാതിനിധ്യം സംബന്ധിച്ച സമഗ്ര വിവരം ലഭ്യമാകുന്നതാണ്.

(ബി) ഉണ്ട്. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/ സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തുന്നു. ഇതിനോടകം 5431 പേർക്ക് പരിശീലനവും പ്ലെയ്സ്മെന്റും ഉറപ്പ് വരുത്തുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 1725 പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് 2019-20-ൽ പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്.

അങ്കമാലി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇറാം ടെക്നോളജിയുമായി സഹകരിച്ച് 2018-19, 2019-20 വർഷങ്ങളിലായി ടിഗ്ഗ് & ആർക്ക് വെൽഡിംഗ്, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, പൈപ്പ് ഫാബ്രിക്കേറ്റർ, ഫിറ്റർ എന്നീ 3 കോഴ്സുകളിലായി പരിശീലനം നൽകിവരുന്നു. ആദ്യബാച്ചിൽ പരിശീലനം നേടിയ

30 കുട്ടികളിൽ 8 പേർക്ക് വിദേശത്ത് ജോലി ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന കുട്ടികൾക്ക് സ്വദേശത്തോ വിദേശത്തോ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ യാത്രാചെലവിനും അനുബന്ധ ചെലവുകൾക്കുമായി വകുപ്പ് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കരിയർ ഗൈഡൻസ് ജോബ് ഫെയർ നടത്തിയിട്ടുണ്ട്.

ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലന സ്ഥാപനം തിരുവനന്തപുരത്ത് ആരംഭിച്ചു.

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആൾ ഇന്ത്യ സിവിൽ സർവ്വീസിൽ പ്രവേശനം ലഭിക്കാൻ ഒരു വർഷത്തെ ട്രെയിനിംഗ് നൽകുന്നുണ്ട്.

ജൂഡീഷ്യൽ സർവ്വീസിൽ പട്ടികവർഗ്ഗക്കാർക്ക് പ്രവേശനം ലഭ്യമാക്കുന്നത് ലക്ഷ്യം വച്ച് 2018-19 സാമ്പത്തികവർഷം മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് തിരുവനന്തപുരം ലോ കോളേജുമായി ചേർന്ന് ജൂഡീഷ്യൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തിവരുന്നു.

(സി) നൈപുണ്യ വികസന പരിശീലനത്തിലൂടെ പ്രൊഫഷണൽ മേഖലയിൽ 3428 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രൊമോട്ടർമാർക്ക് നൽകുന്ന ഓണറേറിയം, യാത്രാ ബത്ത

31(4400) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ സേവനം അനുഷ്ഠിക്കുന്ന പ്രമോട്ടർമാർക്ക് നിലവിൽ ലഭ്യമായി കൊണ്ടിരിക്കുന്ന ഓണറേറിയം, യാത്രാ ബത്ത എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലോ ധനാഭ്യർത്ഥനയിലോ ഏതെങ്കിലും തരത്തിലുള്ള പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അത് ഏത് നിരക്കിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ആയത് പ്രകാരം ഓണറേറിയം വർദ്ധിപ്പിച്ചത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഉത്തരവിറങ്ങാനുള്ള കാലതാമസ്സത്തിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) പ്രമോട്ടർമാരുടെ യാത്ര ബത്ത വർദ്ധിപ്പിച്ചത് സംബന്ധിച്ച് ഉത്തരവിറങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിച്ചത്; ഇതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രമോട്ടർമാരുടെ ഓണറേറിയം യാത്രാബത്ത എന്നിവ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-ഇ) പട്ടികവർഗ്ഗ വികസന വകുപ്പിൽ സേവനം അനുഷ്ഠിക്കുന്ന പ്രൊമോട്ടർമാരുടെ ഓണറേറിയം പ്രതിമാസം 9000 രൂപയായിരുന്നത് 2019 നവംബർ 1 പ്രാബല്യത്തിൽ 12,500 രൂപയായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്ക് നിലവിലുണ്ടായിരുന്ന യാത്രാബത്തയായ 625 രൂപ പരമാവധി 1,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എസ്.റ്റി പ്രൊമോട്ടർമാരുടെ യഥാർത്ഥ ബസ്/ട്രെയിൻ/ഓട്ടോറിക്ഷ യാത്രാചെലവ്, യാത്രകളുടെ ആധികാരികത ഉറപ്പുവരുത്തി യാത്രാബത്ത അനുവദിക്കുന്നതാണ്.

**കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി**

32(4401) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പോഷക സമ്പുഷ്ടമായ ആഹാരം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര ഊരുകളിലാണ് പദ്ധതി പ്രാവർത്തിക മാക്കിയിട്ടുള്ളത്; പ്രസ്തുത പദ്ധതി വിജയപ്രദമാണോ; ഇല്ലെങ്കിൽ പദ്ധതി നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയിരുന്നത്; അതിൽ എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(ഡി) 2019-20 സാമ്പത്തിക വർഷം ഈ പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പോഷക സമ്പുഷ്ടമായ ആഹാരം ലഭ്യമാക്കുന്നതിന് ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

<u>അട്ടപ്പാടി</u>

- അട്ടപ്പാടിയിൽ 2013 മുതൽ സാമൂഹ്യനീതി വകുപ്പ് ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ 2014 മുതൽ കുടുംബശ്രീ മുഖേന പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും (60%), വനിതാശിശുവികസന വകുപ്പിൽ നിന്നും (40%) ഫണ്ട് ലഭ്യമാക്കി പദ്ധതി നടപ്പിലാക്കി വരുന്നു.
- പ്രവർത്തനമാരംഭിച്ച 192 കമ്മ്യൂണിറ്റി കിച്ചനുകളിൽ 186 കമ്മ്യൂണിറ്റി കിച്ചനുകൾ അട്ടപ്പാടിയിൽ പ്രവർത്തിച്ചുവരുന്നു.

<u>വയനാട്</u>

- 2017-18-ൽ സർക്കാർ വയനാട് ജില്ലയിലെ തിരുനെല്ലി, കണിയാമ്പറ്റ, നൂൽപ്പുഴ ഗ്രാമ പഞ്ചായത്തുകളിലെ പാവപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിക്കായി 5.68 കോടി രൂപ അനുവദിച്ചു.
- 2017-ൽ പ്രവർത്തനം തിരുനെല്ലിയിൽ ആരംഭിക്കുകയും പിന്നീട് കണിയാമ്പറ്റ, നൂൽപ്പുഴ ഗ്രാമ പഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത 133 പട്ടികവർഗ്ഗ ഊരുകളിൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇതിലൂടെ 3553 ഗുണഭോക്താക്കൾക്ക് ഭക്ഷണവും നൽകിവരുന്നു.

(ബി) നിലവിൽ പദ്ധതി നടപ്പിലാക്കുന്ന ഊരുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നം. | ജില്ല | പദ്ധതി പ്രദേശം | കമ്മ്യൂണിറ്റി കിച്ചൻ നടപ്പിലാക്കുന്ന ഊരുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | പാലക്കാട് | അട്ടപ്പാടി ബ്ലോക്ക് | 186 | 11898 |
| 2 | വയനാട് | തിരുനെല്ലി, കണിയാമ്പറ്റ, നൂൽപ്പുഴ ഗ്രാമ പഞ്ചായത്തുകൾ | 133 | 3553 |
| **ആകെ** | | | **319** | **15451** |

കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി പൂർണ്ണമായും വിജയകരമായി നടന്നുവരുന്നുണ്ട്.

(സി) 2018-19-ലെ ചെലവുകൾ (കമ്മ്യൂണിറ്റി കിച്ചൻ)

| നം. | പദ്ധതി പ്രദേശം | ഗുണ ഭോക്താക്കൾ | വകുപ്പ് | വരവ് തുക (കോടിയിൽ) | ആകെ | ചിലവ് തുക (കോടിയിൽ) |
|---|---|---|---|---|---|---|
| 1. | അട്ടപ്പാടി | 13,232 | പട്ടികവർഗ്ഗ വികസന വകുപ്പ് | 4.35 | 10.35 | 12.68 |
| | | | സാമൂഹ്യനീതി വകുപ്പ് | 6.00 | | |
| 2. | വയനാട് (2017-18) | 3,553 | പട്ടികവർഗ്ഗ വികസന വകുപ്പ് | 5.68 | 5.68 | 4.32 |

(ഡി) 2019-20 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്കായി സമർപ്പിച്ച 12.30 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ പദ്ധതികൾ**

33(4402) ശ്രീ. സി. കെ. ശശീന്ദ്രൻ
ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീ. പി. വി. അൻവർ
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഇടയ്ക്ക് വച്ച് പഠനം നിർത്തി പോകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരമുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) വിദ്യാലയങ്ങളിൽ നിന്നും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി നടപ്പിലാക്കിയ ഗോത്രബന്ധു പദ്ധതി കൂടുതൽ പട്ടികവർഗ്ഗ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിയ്ക്കുന്നതിന് ആരംഭിച്ച ഗോത്രസാരഥി പദ്ധതിയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. കുടുംബ പ്രശ്നങ്ങൾ, രക്ഷിതാക്കളുടെ താത്പര്യമില്ലായ്മ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭാഷാപരവും സാമൂഹ്യപരവുമായ ഒറ്റപ്പെടൽ എന്നിവയാണ് പട്ടികവർഗ്ഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ സ്കൂളിൽനിന്നും ഇടയ്ക്ക് പഠനം നിർത്തിപ്പോകുന്നതിനുള്ള പ്രധാന കാരണങ്ങൾ.

പ്രധാനമായും വയനാട്, ഇടുക്കി ജില്ലകളിലാണ് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കണ്ടുവരുന്നത്. എന്നാൽ കൊഴിഞ്ഞുപോക്കിനെ സംബന്ധിക്കുന്ന ശാസ്ത്രീയ പഠനം വകുപ്പ് നടത്തിയിട്ടില്ല.

(ബി) കൊഴിഞ്ഞുപോയ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിനും കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കി വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം നല്ല രീതിയിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായും പട്ടികവർഗ്ഗ പ്രൊമോട്ടർമാർ വഴി വ്യാപകമായ ബോധവത്കരണം വകുപ്പ്

നടത്തിവരുന്നു. വിദൂര സ്ഥലങ്ങളിൽനിന്നും കുട്ടികളെ വാഹനങ്ങളിൽ സ്കൂളിൽ എത്തിക്കുന്നതിനായി "ഗോത്രസാരഥി" പദ്ധതി നടപ്പാക്കിവരുന്നു. മുടങ്ങാതെ സ്കൂളിൽ എത്തുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം നൽകിവരുന്നു. സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസുവരെ പഠിക്കുന്ന കുട്ടികളുടെ ഭാഷാപ്രശ്നം ലഘൂകരിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ഡി.എഡ് അല്ലെങ്കിൽ ബി.എഡ്. പാസ്സായ അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയായ "ഗോത്രബന്ധു പദ്ധതി" നടപ്പിലാക്കിയിട്ടുണ്ട്.

ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. 2016-17 വർഷം വയനാട് ജില്ലയിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്നു. എന്നാൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19 വർഷത്തിൽ 111 ആയും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

പട്ടികവർഗ്ഗ കുട്ടികൾക്ക് മികച്ച രീതിയിലുള്ള ട്യൂഷൻ നൽകി പഠന നിലവാരം ഉയർത്തുന്നതിലേയ്ക്ക് പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഫെസിലിറ്റേറ്റർമാരായി നിയമിക്കുന്ന സാമൂഹ്യപഠനമുറി പദ്ധതി നടപ്പിലാക്കി.

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആകെ 500 സാമൂഹ്യപഠന മുറികൾ സ്ഥാപിക്കുന്നതിനാണ് പട്ടികവർഗ്ഗ വികസന വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. അതിൽ 100 സാമൂഹ്യപഠനമുറികൾ 2017-18 സാമ്പത്തികവർഷം നടപ്പിലാക്കിയിട്ടുണ്ട്.

സാമൂഹ്യപഠനമുറി പദ്ധതി നടപ്പിലാക്കിയതിനുശേഷം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തെ സംബന്ധിച്ച് കൂടുതൽ അവബോധം ഉണ്ടാക്കുന്നതിനും ഹാജർ മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. സ്കൂളിൽ പഠിപ്പിച്ച പാഠ്യഭാഗങ്ങളിൽ ഉണ്ടാകുന്ന സംശയങ്ങൾ സാമൂഹ്യപഠനമുറികളിലെ ഫെസിലിറ്റേറ്റർമാർ മുഖേന പരിഹരിക്കുന്നത് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് സഹായകരമായിട്ടുണ്ട്.

(സി) പട്ടികവർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപക യോഗ്യതയുള്ള യുവതീയുവാക്കളെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു

പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 2017-18 അദ്ധ്യയന വർഷം മുതൽ 241 പേരെയും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 21 സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 2018-19 അദ്ധ്യയന വർഷം മുതൽ 26 മെന്റർ ടീച്ചർമാരെയും ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിച്ചിട്ടുണ്ട്.

പാലക്കാട് (അട്ടപ്പാടി ബ്ലോക്ക് ഒഴികെ), മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

സംസ്ഥാനത്തെ മറ്റ് ജില്ലകളിലെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ടി പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) വിദൂര കോളനികളിൽനിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനായി വാഹന സൗകര്യം ലഭ്യമാക്കുന്ന ഗോത്രസാരഥി പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്.

പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം 2019-20 വർഷം 478 സ്കൂളുകളിലായി 18,306 കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. ഈ സാമ്പത്തികവർഷം പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ എന്ന ശീർഷകത്തിൽ 26 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി 14,60,00,000 രൂപ പ്രോജക്ടോഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം

34(4403) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2019 സെപ്റ്റംബർ 30 വരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്; തുകയുടെ വിശദാംശം സഹിതം ലഭ്യമാക്കുമോ;

(ബി) നിലവിൽ നല്കിവരുന്ന ചികിത്സാ ധനസഹായത്തിന്റെ പരിധി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ; ഇപ്പോൾ നല്കിവരുന്ന ആനുകൂല്യങ്ങളുടെ വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2019 സെപ്റ്റംബർ 30 വരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 72015 പേർക്ക് ചികിത്സാ ധനസഹായമായി 127,67,73,376 രൂപ (നൂറ്റി ഇരുപത്തിയേഴ് കോടി അറുപത്തിയേഴ് ലക്ഷത്തി എഴുപത്തി മൂന്നായിരത്തി മുന്നൂറ്റി എഴുപത്തിയാറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) 1,00,000 രൂപയോ അതിന് താഴെയോ വരുമാനമുള്ളതും ഗുരുതരമായ രോഗം ബാധിച്ചതും ദീർഘകാല ചികിത്സ ആവശ്യമുള്ളതുമായ പട്ടികജാതി വിഭാഗക്കാർക്ക് ചികിത്സാ ധനസഹായമായി നിലവിൽ 50,000 രൂപ (അമ്പതിനായിരം രൂപ) വരെ അനുവദിച്ച് വരുന്നു. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ മുതലായ ഗുരുതരമായ രോഗം ബാധിച്ചവർക്ക് പരമാവധി 1,00,000 രൂപ (ഒരു ലക്ഷം രൂപ) വരെ അനുവദിക്കുന്നുണ്ട്. ഗുരുതരമായ രോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായത്തിന്റെ പരിധി ഉയർത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം**

35(4404) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് 2019 സെപ്റ്റംബർ 30 വരെ എത്ര തുക ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ചികിത്സാ ധനസഹായത്തിന്റെ പരിധി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2019 സെപ്തംബർ 30 വരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 45118 പേർക്ക് ആകെ 9,03,18,509 (ഒൻപത് കോടി മൂന്ന് ലക്ഷത്തി പതിനെട്ടായിരത്തി അഞ്ഞൂറ്റി ഒൻപത് രൂപ) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾ എന്നിവിടങ്ങളിലെ സൗജന്യ ചികിത്സയ്ക്ക് പരിധി ബാധകമാക്കിയിട്ടില്ല. എന്നാൽ ബഹു. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പരമാവധി ഒരു ലക്ഷം രൂപയാണ് ചികിത്സാ ധനസഹായമായി അനുവദിക്കുന്നത്. ടി പരിധി ഉയർത്തുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## പട്ടികജാതിക്കാരുടെ ചികിത്സാ സഹായത്തിന് ഓൺലൈൻ അപേക്ഷ

36(4405) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരായ വിഭാഗത്തിൽപെട്ടവരുടെ ചികിത്സാ സഹായധന അപേക്ഷകൾ അതത് ബ്ലോക്ക്/നഗരം പട്ടികജാതി ഓഫീസർമാരുടെ ശിപാർശയോടെ ജില്ലാ ഓഫീസുകൾ വഴിയാണോ മന്ത്രിയുടെ ഓഫീസിലേയ്ക്ക് അംഗീകാരത്തിനും അനുമതിക്കുമായി വരുന്നത്;

(ബി) ബ്ലോക്ക്/നഗര പട്ടികജാതി വികസന ഓഫീസുകളിൽ നിന്ന് നേരിട്ട് മന്ത്രിയുടെ ഓഫീസിലേയ്ക്ക് എത്തുന്നവിധം അപേക്ഷകൾ കൈകാര്യം ചെയ്യാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) മുഖ്യമന്ത്രിയുടെ ചികിത്സാനിധിയിലേയ്ക്ക് അപേക്ഷ ഓൺലൈനിൽ സമർപ്പിക്കുന്നത് പോലെ ആവശ്യമായരേഖകൾ സഹിതം ഓൺലൈനിൽ സമർപ്പിച്ചതിന് ശേഷം ഹാർഡ് കോപ്പി അതാത് ബ്ലോക്ക് ഓഫീസുകളിൽ സമർപ്പിക്കേണ്ടതുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സി.എം.ഡി.ആർ.എഫ്. പോലെ പൂർണ്ണമായും ഓൺലൈൻ രീതി അവലംബിക്കുന്നതിനു എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) അതെ.

(ബി) എം.പി./എം.എൽ.എ./ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർ/ നഗരസഭാ അദ്ധ്യക്ഷൻ എന്നിവരുടെ ശിപാർശയോടെ വരുന്ന അടിയന്തര പ്രാധാന്യമുള്ള അപേക്ഷകൾ ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ നേരിട്ട് ബഹു. വകുപ്പുമന്ത്രിയുടെ ഓഫീസിലേയ്ക്ക് അയയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. നിലവിലുള്ള ഉത്തരവ് പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിച്ചതിനുശേഷം ഹാർഡ് കോപ്പി ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

(ഡി) ചികിത്സാ ധനസഹായ പദ്ധതി പൂർണ്ണമായും ഓൺലൈൻ രീതിയിലാണ്. എന്നാൽ നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഹാർഡ് കോപ്പിയുമായി ഓൺലൈൻ സർട്ടിഫിക്കറ്റുകളുടെ വിശ്വാസ്യത പരിശോധിച്ച് ഉറപ്പാക്കേണ്ടതുണ്ട്. ആയതിനാലാണ് അപേക്ഷയുടെ ഹാർഡ് കോപ്പി ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസിൽ വാങ്ങി സൂക്ഷിക്കുന്നത്.

## ഹോസ്റ്റലുകളുടെ നിലവാരം

37(4406) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ വിവിധ ഹോസ്റ്റലുകളുടെ നിലവാരം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷം പ്രസ്തുത ഹോസ്റ്റലുകളിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയത്;

(സി) പ്രസ്തുത വിജിലൻസ് റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ യൂണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) വകുപ്പിനുകീഴിൽ 85 പ്രീ-മെട്രിക് ഹോസ്റ്റലുകളും 19 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുമാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. ടി ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സ്ഥലം എം.എൽ.എ. രക്ഷാധികാരിയായി ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ഓഫീസർമാർ നിശ്ചിത ഇടവേളകളിൽ ഹോസ്റ്റൽ സന്ദർശനം നടത്തുകയും പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരും ഭരണവകുപ്പിലെ ഉദ്യോഗസ്ഥരും ഹോസ്റ്റൽ സന്ദർശനം നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തി സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്യുന്നുണ്ട്.

(ബി) വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ ഹോസ്റ്റലുകളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ പല സ്ഥാപനങ്ങളിലും പല തരത്തിലുള്ള ക്രമക്കേടുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഹോസ്റ്റലുകളിൽ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല, അറ്റകുറ്റപ്പണികൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നു, കുട്ടികൾക്ക് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ടെങ്കിലും കൃത്യമായ

ഇടവേളകളിൽ ക്യാമ്പ് നടത്തുന്നില്ല, കേന്ദ്രീകൃത പർച്ചേയ്സിംഗ് സമ്പ്രദായത്തിലൂടെ ഹോസ്റ്റലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല, ജനറേറ്റർ, കമ്പ്യൂട്ടർ, ടി.വി. തുടങ്ങിയ ഉപകരണങ്ങൾ യഥാസമയം റിപ്പയർ ചെയ്യുന്നില്ല, സോളാർ പ്ലാന്റുകൾ പലതും പ്രവർത്തനരഹിതമാണ്, കുട്ടികൾക്ക് വിതരണം ചെയ്യുന്ന പോക്കറ്റ് മണിയിൽ അവശേഷിക്കുന്ന തുക യഥാസമയം തിരിച്ചടച്ചിട്ടില്ല, ബില്ലുകളും വൗച്ചറുകളും ശരിയായി സൂക്ഷിക്കുന്നില്ല, ഉപദേശക സമിതികൾ യഥാസമയം കൂടുന്നില്ല, ചില ഹോസ്റ്റലുകളുടെ അന്തരീക്ഷം വൃത്തിഹീനമാണ് തുടങ്ങിയ പോരായ്മകളാണ് സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത പോരായ്മകൾ പരിഹരിക്കുന്നതിനായി സർക്കാർ കർശന നിർദ്ദേശം നൽകുകയും ആയവ പരിഹരിച്ചുവരുകയും ചെയ്യുന്നുണ്ട്.

(സി) വിജിലൻസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനായി സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കുലർ നൽകിയിട്ടുണ്ട്. വകുപ്പുതല നടപടിക്ക് ശിപാർശ ചെയ്തിട്ടുള്ള ജീവനക്കാർക്ക് അവരിൽനിന്നും വിശദീകരണം വാങ്ങി തുടർനടപടി സ്വീകരിച്ചുവരുന്നു.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു. ഹോസ്റ്റലുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള നടപടികൾ ഓരോ വർഷവും ഫണ്ടിന്റെ ലഭ്യതകൂടി പരിഗണിച്ച് നടപ്പിലാക്കുന്നുണ്ട്. വരുന്ന 5 വർഷങ്ങൾക്കുള്ളിൽ ഹോസ്റ്റലുകളുടെ നിലവാരം യൂണിസെഫ് നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ ഉയർത്താൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

## എസ്.സി./എസ്.റ്റി. വിഭാഗത്തിലെ നിർധനരായ വിധവകൾ നേരിടുന്ന ജപ്തി ഭീഷണി

38(4407) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കീഴിലെ കെ.എസ്.എഫ്.ഇ., കെ.എഫ്.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാ കുടിശ്ശികയ്ക്ക് എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട നിർധനരായ വിധവകളുടെ കിടപ്പാടങ്ങൾ വരെ ജപ്തി ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിലെ അർഹരായവർക്ക് എസ്.സി./എസ്.റ്റി. ഫണ്ടിൽ നിന്നും തുക വകയിരുത്തി ജപ്തിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) നിലവിൽ പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപവരെ എഴുതിത്തള്ളുന്നതിന് 30-3-2015-ലെ സ.ഉ.(പി)നം. 24/2015/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1-10-2015-ലെ സ.ഉ.(അ) നമ്പർ 71/2015/പജപവവിവ പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാരുടെ 1-4-2006 മുതൽ 31-3-2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ പലിശയും പിഴപ്പലിശയും ഉൾപ്പെടെയുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ വിവിധ ധനകാര്യ സ്ഥാപനങ്ങളായ ദേശസാത്കൃത ബാങ്കുകൾ, കുടുംബശ്രീ, സർക്കാർ വകുപ്പുകൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും കാർഷിക, വിദ്യാഭ്യാസം, സ്വയംതൊഴിൽ എന്നീ ഇനങ്ങളിലുള്ള വായ്പകളാണ് എഴുതിത്തള്ളുന്നത്. അത്തരത്തിലുള്ള 3275 ഗുണഭോക്താക്കളുടെ 9,17,34,154 രൂപയുടെ വായ്പകൾ നാളിതുവരെ എഴുതിത്തള്ളിയിട്ടുണ്ട്.

## പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള വായ്പ എഴുതിത്തള്ളുന്നതിന് നടപടി

39(4408) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ട് അത് തിരിച്ചടക്കുന്നവരുടെ എണ്ണത്തിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; എത്ര ശതമാനമാണ് നിലവിലെ തിരിച്ചടവ്; വ്യക്തമാക്കുമോ;

(ബി) പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയിൽ നിന്നും എടുത്ത 31-3-2014-ന് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ള വായ്പകൾ എഴുതി തള്ളിയതിന്റെ ആനുകൂല്യം എത്രപേർക്ക് നൽകി;

(സി) ഇനി എത്ര അപേക്ഷകളിൽ തീരുമാനം എടുക്കുവാനുണ്ട്; പ്രസ്തുത അപേക്ഷകളിൽ തീരുമാനം വൈകുന്നത് എന്തുകൊണ്ടാണ്; വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽനിന്നുള്ള സ്ഥാപനങ്ങളിൽനിന്നും വായ്പകൾ അനുവദിക്കുന്നില്ല. ബാധകമല്ല.

(ബി) പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 01-4-2006 മുതൽ 31-3-2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ പലിശയും പിഴപ്പലിശയും ഉൾപ്പെടെയുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ട്. അത്തരത്തിൽ നാളിതുവരെ വായ്പകൾ എഴുതിത്തള്ളിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കൾ | അനുവദിച്ച തുക |
|---|---|---|
| 2015-16 | 806 | 28790813 |
| 2016-17 | 1353 | 34575612 |
| 2017-18 | 1029 | 26852630 |
| 2018-19 | 87 | 1515099 |
| ആകെ | 3275 | 91734154 |

(സി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

### പട്ടികജാതി വിഭാഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിന് നടപടി

40(4409) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാർ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ വായ്പ കുടിശ്ശികകൾ എത്രയെണ്ണം എഴുതി തള്ളിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ വായ്പ എടുത്ത് കുടിശ്ശിക വന്നിട്ടുള്ള ശാരീരികാവശതയിലായവരുടെയും വായ്പ എഴുതി തള്ളുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി പൂർത്തിയായ വായ്പകളിൽ എഴുതിത്തള്ളൽ പദ്ധതി പ്രകാരം 1,55,616 പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. സ്ഥാപനം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ | 16542 |
| കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ | 12 |
| കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 1834 |
| കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ | 8 |
| പട്ടികജാതി വികസന വകുപ്പ് | 687 |
| സഹകരണ സ്ഥാപനങ്ങൾ | 136533 |
| ആകെ | 155616 |

(ബി) ഇത്തരം അപേക്ഷയിലെ മെരിറ്റ് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കാറുണ്ട്.

**വീട് വയ്ക്കുന്നതിന് ധനസഹായം**

41 (4410) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉരുൾപൊട്ടൽമൂലം നിലവിലുള്ള സ്ഥലം വീട് വയ്ക്കുന്നതിന് അനുയോജ്യമല്ലാത്തതിനാൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ തോട്ടക്കാട് സ്വദേശി ശ്രീ. രാജന്റെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ടി വ്യക്തിക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് കുന്ദമംഗലം ബ്ലോക്കിൽ കാരശ്ശേരി ഗ്രാമപഞ്ചായത്തിൽ കൊള്ളാങ്ങോട്ട് ശ്രീ. രാജന്റെ മകൾ ആദിത്യ കെ. രാജ് സമർപ്പിച്ചിട്ടുള്ള നിവേദനം പരിശോധിച്ചുവരുന്നു.

## പന്തപ്ര ആദിവാസി കോളനിയിലെ ആദിവാസി കുടുംബങ്ങളുടെ പുനരധിവാസം

42 (4411) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ പന്തപ്ര ആദിവാസി കോളനിയിലെ അറുപത്തിയേഴ് കുടുംബങ്ങൾക്ക് പുനരധിവാസത്തിന് സ്ഥലം അനുവദിച്ചെങ്കിലും ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് വീട് നിർമ്മിക്കുവാൻ അനുവദിച്ച പതിനഞ്ച്സെന്റ് സ്ഥലത്തെ തേക്ക് മരങ്ങളും മറ്റ് മരങ്ങളും മുറിച്ച് മാറ്റാത്തത് മൂലം വീട് നിർമ്മാണം സാധ്യമാകാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവർക്ക് വീട് വയ്ക്കുവാനുള്ള ഭാഗത്തെ മരങ്ങൾ മുറിച്ച് നീക്കുന്ന പ്രവൃത്തി എന്നത്തേക്ക് തീരുമെന്ന് അറിയിക്കാമോ;

(ഡി) പന്തപ്ര കോളനിയിലെ കുടുംബങ്ങളുടെ ഭവന നിർമ്മാണം വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ടി കോളനിയിലെ വീട് നിർമ്മിക്കുന്ന സ്ഥലത്ത് നിൽക്കുന്ന തേക്ക്, ഘനമരങ്ങൾ എന്നിവ മുറിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മൃദുമരങ്ങൾ നിൽക്കുന്ന അവസ്ഥയിൽതന്നെ അടച്ചുമുറി നടത്തുന്നതിനുള്ള വിലനിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. വനം വകുപ്പ് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പന്തപ്ര കോളനിയിൽ ഭവന നിർമ്മാണത്തിനായി 67 കുടുംബങ്ങൾക്ക് 6 ലക്ഷം രൂപ നിരക്കിൽ ആകെ 4.02 കോടി രൂപ മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി നൽകുന്ന പദ്ധതി

43 (4412) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിത പട്ടികവർഗ വിഭാഗക്കാർക്കായി ഭൂമി വാങ്ങി നൽകുന്ന പദ്ധതി കാസർഗോഡ് ജില്ലയിൽ നടപ്പാക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ജില്ലയിൽ ഭൂമി വിട്ടു നൽകുന്നതിനായി ഏതെങ്കിലും സ്ഥലം ഉടമകൾ അപേക്ഷ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സ്വകാര്യ വ്യക്തികളിൽ നിന്ന് ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഭൂരഹിത പട്ടികവർഗ്ഗ വിഭാഗക്കാർക്കായി ഭൂമി വാങ്ങി നൽകുന്ന പദ്ധതി കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതിയിൽ വിൽപ്പനക്കാരിൽനിന്നും അപേക്ഷകൾ ക്ഷണിച്ച് കണ്ടെത്തിയ 242 പേരുടെ 621 ഏക്കർ ഭൂമിയിൽ പഞ്ചായത്ത്തല കമ്മിറ്റി, ഫീൽഡ്തല കമ്മിറ്റി, ജില്ലാതല കമ്മിറ്റി പരിശോധിച്ച് അനുയോജ്യമെന്ന് കണ്ടെത്തിയ 48 പേരുടെ ഭൂമിയുടെ വിലനിർണ്ണയ യോഗം ചേർന്നതിൽ നിശ്ചയിച്ച വിലയ്ക്ക് വിൽപ്പനയ്ക്ക് തയ്യാറായ എട്ട് പേരിൽനിന്നും 18.86 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാസർഗോഡ് ജില്ലയിൽ ഭൂമി വിട്ടു നൽകുന്നതിനായി 242 സ്ഥലം ഉടമകൾ അപേക്ഷ നൽകിയിരുന്നു. അനുയോജ്യമായ ഭൂമിയാണെന്ന് കണ്ടെത്തുന്നതിന് ഫീൽഡ്തല പരിശോധനാ നടപടികൾ സ്വീകരിച്ചശേഷം 48 പേരുടെ 124 ഏക്കർ ഭൂമി അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) പട്ടികവർഗ്ഗക്കാരുടെ ഭൂമി നൽകുന്നതിനായി ലാന്റ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി വിൽക്കുന്നതിന് പത്ര, ദൃശ്യ മാധ്യമങ്ങൾ വഴി ജില്ലാ കളക്ടർ അപേക്ഷ ക്ഷണിക്കുന്നു. ലഭിച്ച അപേക്ഷകൾ ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, വില്ലേജ് ഓഫീസർ, റേഞ്ച് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവരുൾപ്പെടുന്ന പഞ്ചായത്ത്തല, ഫീൽഡ്തല കമ്മിറ്റി പരിശോധന നടത്തി

അനുയോജ്യമെന്ന് കണ്ടെത്തുന്ന ഭൂമി ജില്ലാ കളക്ടർ ഉൾപ്പെടുന്ന ജില്ലാതല കമ്മിറ്റിക്ക് സമർപ്പിക്കുന്നു. ടി കമ്മിറ്റി ഒരിക്കൽക്കൂടി ഫീൽഡ് പരിശോധന നടത്തി അനുയോജ്യമായ സ്ഥലത്തിന്റെ വിലനിർണ്ണയം ജില്ലാകളക്ടർ ചെയർമാനായുള്ള കമ്മിറ്റി മുഖേന നടത്തുകയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ SLEC-യുടെ അംഗീകാരം വാങ്ങി ഭൂമി വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണ് ടി പദ്ധതിയിലെ നടപടിക്രമങ്ങൾ.

**പട്ടികജാതി വിഭാഗത്തിന് അനുവദിക്കുന്ന വീടുകൾ**

44 (4413) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിന് വിവിധ സ്കീമുകളിൽ അനുവദിക്കുന്ന വീടുകളിൽ നല്ലൊരു ശതമാനവും പണി പൂർത്തീകരിക്കാതെ പാതിവഴിയിൽ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ സൂചിപ്പിച്ച പ്രശ്നത്തിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പട്ടികജാതി വികസന വകുപ്പ് നിയോഗിച്ച ഉദ്യോഗസ്ഥന്മാരും സൂപ്പർവൈസർമാരും മറ്റ് ഉത്തരവാദിത്തപ്പെട്ടവരും ഭവന നിർമ്മാണ പുരോഗതിയിൽ കാണിക്കേണ്ട ജാഗ്രത പുലർത്തുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പട്ടികജാതി വിഭാഗത്തിന് ഭവന നിർമ്മാണത്തിന് അനുവദിച്ച തുക യഥാസമയം പ്രായോഗികമായി വിനിയോഗിച്ച് വീട് പണി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പട്ടികജാതി വികസന വകുപ്പു മുഖേന 2007-08 മുതൽ 2017-18 വരെ അനുവദിച്ച 98397 വീടുകളിൽ 85961 (87%) വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്നത് 12436 വീടുകളാണ്. ഇതിൽ പ്രവൃത്തി പൂർണ്ണമായി മുടങ്ങിയ 4376 വീടുകളുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ബാക്കിയുള്ള 8060 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഗുണഭോക്താക്കളുടെ മരണം, ലഭിച്ച ഭൂമിയുടെ ക്രയവിക്രയം, സാമ്പത്തിക ബുദ്ധിമുട്ട് എന്നീ കാരണങ്ങളാലാണ് അനുവദിച്ച ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാത്തത്.

(സി) ഇല്ല.

(ഡി) ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം അനുവദിച്ച വീടുകൾ പൂർത്തിയാക്കുന്നതിന് വകുപ്പ് പ്രഥമ പരിഗണനയാണ് നൽകുന്നത്. ഇതിനായി കൃത്യമായ ഇടവേളകളിൽ ജില്ല, ഡയറക്ടറേറ്റ്, സർക്കാർതലങ്ങളിൽ യോഗം ചേർന്ന് പുരോഗതികൾ വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

## പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ എല്ലാ കുടുംബങ്ങളെയും ലൈഫ് ഭവനനിർമ്മാണപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

45 (4414) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയിൽ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്നതും പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടതുമായ എല്ലാ അർഹരായവരെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് ബന്ധപ്പെട്ട് വകുപ്പുകൾ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) പദ്ധതിയിൽ ഉൾപ്പെടാതെപോയ പ്രസ്തുത മണ്ഡലത്തിലെ അർഹരായവരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഈ വകുപ്പുകൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഗുണഭോക്താക്കളുടെ അറിവില്ലായ്മ കൊണ്ട് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാതെ പോകുന്ന സ്ഥിതിവിശേഷം നിലവിലുള്ളതുകാരണം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഇത്തരം പദ്ധതികളുടെ ആനുകൂല്യം ബന്ധപ്പെട്ട വിഭാഗത്തിൽപ്പെട്ട എല്ലാ അർഹരായവർക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ലൈഫ് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ പട്ടികയിൽ 20948 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ടി പട്ടികയിൽ ഉൾപ്പെടാത്ത എന്നാൽ ഭവനനിർമ്മാണത്തിന് അർഹതയുള്ള പട്ടികജാതിക്കാരെക്കൂടി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി 39,902 കുടുംബങ്ങളെക്കൂടി ലൈഫ് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷൻ മാനദണ്ഡപ്രകാരം കുടുംബശ്രീ നടത്തിയ സർവ്വേയിൽ അർഹരായ 5488 പട്ടികവർഗ്ഗക്കാരെ ലൈഫ് മിഷൻ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈഫ് മിഷൻ മാനദണ്ഡങ്ങളിൽ ഇളവുവരുത്തിയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേയുടെയും ഊരുക്കൂട്ടത്തിന്റെ കണക്കുപ്രകാരവും ഭൂമിയുള്ള 9143 ഭവനരഹിതരെ കണ്ടെത്തിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ മുഖേന 2019-20, 2020-21 വർഷങ്ങളിലായി വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) പരിശോധിച്ചിട്ടുണ്ട്.

ലൈഫ് മിഷൻ മാനദണ്ഡപ്രകാരം അർഹരായ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കളെയും ലൈഫ് മിഷൻ ഡേറ്റാബേസിൽ ഉൾപ്പെടുത്തുന്നതിനായി ഫീൽഡ് തലത്തിൽ സർവ്വേ നടത്തുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ മതിൽമൂല കോളനിയിലെ ദുരിത ബാധിതർ**

46 (4415) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018- ലെ ഉരുൾ പൊട്ടലിൽ വീടും പുരയിടവും നഷ്ടപ്പെട്ട മലപ്പുറം ജില്ലയിലെ ചാലിയാർ പഞ്ചായത്തിലെ മതിൽമൂല കോളനിയിലെ ദുരിത ബാധിതരെ പുനരധിവസിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോളനിയിലെ എത്ര കുടുംബങ്ങളെ എവിടെയൊക്കെയാണ് ഇതിനകം പുനരധിവസിപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പട്ടികജാതി വകുപ്പിന്റെ കീഴിൽ നിലമ്പൂർ ജവഹർ കോളനിയിൽ മതിൽമൂല കോളനിയിലെ എത്ര കുടുംബങ്ങൾക്ക് പുതുതായി സ്ഥലം നൽകിയിട്ടുണ്ട്; ഈ സ്ഥലം കോളനിയിൽ ഏത് ഭാഗത്താണ് അനുവദിച്ചിട്ടുള്ളത്; അനുവദിച്ച സ്ഥലത്തിന്റെ നാല് അതിരുകൾ വ്യക്തമാക്കാമോ;

(ഡി) മതിൽമൂല കോളനിയിലെ എത്ര കുടുംബങ്ങളെയാണ് ചാലിയാർ പഞ്ചായത്തിലെ വനഭൂമിയിൽ പുനരധിവസിപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഇ) മതിൽമൂല കോളനിയിലെ വീടും പുരയിടവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഇനിയും പുനരധിവസിപ്പിക്കുവാനുണ്ടോ; ഉണ്ടെങ്കിൽ എണ്ണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ മതിൽമൂല കോളനിയിലെ 26 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ചാലിയാർ ഗ്രാമ പഞ്ചായത്തിലെ കണ്ണൻകുണ്ട് എന്ന സ്ഥലത്ത് 10 ഹെക്ടർ നിക്ഷിപ്ത വനഭൂമിയിൽനിന്നും 50 സെന്റ് സ്ഥലം വീതം അനുവദിക്കുകയും വീട് നിർമ്മാണം ആരംഭിക്കുന്നതിനായി 2.44 കോടി രൂപ അനുവദിക്കുകയും വീട് നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 23 പട്ടികജാതി കുടുംബങ്ങളാണ് പ്രളയബാധിതരായത്. അതിൽ 9 കുടുംബങ്ങൾക്ക് നിലമ്പൂർ നഗരസഭയിലെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ജവഹർ കോളനിയിൽ 5 സെന്റ് വീതം ഭൂമി അനുവദിച്ചിട്ടുണ്ട്. 14 കുടുംബങ്ങൾ ജവഹർ കോളനിയിൽ ഭൂമി ലഭിക്കുന്നതിൽ താൽപര്യമില്ല എന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പുനരധിവസിപ്പിക്കേണ്ട 26 കുടുംബങ്ങളിൽ താൽക്കാലിക പുനരധിവാസമെന്ന നിലയിൽ 7 കുടുംബങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് വീട് വാടകയ്ക്ക് എടുത്തുനൽകി. ബാക്കിയുള്ള കുടുംബങ്ങൾ ബന്ധുവീടുകളിലും മറ്റും താമസിക്കുന്നു.

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 9 കുടുംബങ്ങൾക്ക് നിലമ്പൂർ നഗരസഭയിലെ ജവഹർ കോളനിയിൽ ഭൂമി അനുവദിച്ചിട്ടുണ്ട്. നിലവിൽ ചാലിയാർ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ 15 കുടുംബങ്ങൾ വാടകയ്ക്ക് താമസിക്കുന്നുണ്ട്. 8 കുടുംബങ്ങൾ മതിൽമൂല കോളനിയിൽ സ്വന്തം വീട്ടിൽ താമസിക്കുന്നുണ്ട്.

(സി) 9 കുടുംബങ്ങൾക്കാണ് പട്ടികജാതി വികസന വകുപ്പ് ഭൂമി നൽകിയിരിക്കുന്നത്. ഈ സ്ഥലം ജവഹർ കോളനിയിൽ പുതുതായി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന മിനി സിവിൽ സ്റ്റേഷനടുത്താണ്. തെക്ക്-മിനി സിവിൽ സ്റ്റേഷൻ, പടിഞ്ഞാറ്-ജവഹർ കോളനി അതിര്, കിഴക്ക്- സി എൻ ജി റോഡ്, വടക്ക് - ജവഹർ കോളനി അതിര്.

(ഡി) പട്ടികവർഗ്ഗത്തിൽപ്പെട്ട, മതിൽമൂല കോളനിയിലെ 26 കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചിട്ടുള്ളത്.

(ഇ) പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും മതിൽമൂല കോളനിയിൽ വീടും പുരയിടവും നഷ്ടപ്പെട്ട എല്ലാ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് സ്ഥലം നൽകി വീട് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിൽനിന്നും 23 കുടുംബങ്ങളിൽ 9 പേർക്ക് ഭൂമി അനുവദിച്ചു. ഇനി 14 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിക്കുവാനുണ്ട്.

## വൈപ്പിൻ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണം

47(4416) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ നവീകരണ പദ്ധതിയുടെ ഭാഗമായി വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലെ നവീകരണത്തിനായാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) കോളനികളിലെ നിർമ്മാണ പ്രവർത്തനത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി ഏതെന്നും കരാർ കാലാവധി എത്രയെന്നും വ്യക്തമാക്കാമോ ;

(സി) ഓരോ കോളനികളിലെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ഡി) ഏതെങ്കിലും കോളനികളിൽ നിർമ്മാണം നടത്തുന്നതിന് തടസ്സങ്ങളുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽനിന്നും സ്വയം പര്യാപ്ത ഗ്രാമം, അംബേദ്കർ ഗ്രാമം, പ്രളയാനന്തര കോളനികളുടെ പുന:നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുള്ള കോളനികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കോളനിയുടെ പേര് | പദ്ധതി |
|---|---|---|
| 1 | പുലയാസ് കോളനി | സ്വയം പര്യാപ്ത ഗ്രാമം പദ്ധതി 2012-13 |
| 2 | സീഷോർ കോളനി | സ്വയം പര്യാപ്ത ഗ്രാമം പദ്ധതി 2013-14 |
| 3 | ഒ.എൽ. എച്ച് കോളനി | അംബേദ്കർ ഗ്രാമം പദ്ധതി- 2016-17 |
| 4 | ഐ.എച്ച്.ഡി.പി. കോളനി | അംബേദ്കർ ഗ്രാമം പദ്ധതി- 2016-17 |
| 5 | പല്ലംപള്ളി കോളനി | കോളനികളുടെ പ്രളയാനന്തര പുനഃനിർമ്മാണം (2018-19) |
| 6 | ഐ.എച്ച്.ഡി.പി. കോളനി ചരിയംകുന്നത്ത് | കോളനികളുടെ പ്രളയാനന്തര പുനഃനിർമ്മാണം (2018-19) |
| 7 | പുലവായ് കോളനി | കേളനികളുടെ പ്രളയാനന്തര പുനഃനിർമ്മാണം (2018-19) |
| 8 | വേട്ടുവ കോളനി | കോളനികളുടെ പ്രളയാനന്തര പുനഃനിർമ്മാണം (2018-19) |
| 9 | ഈസ്റ്റ് മഞ്ഞനിക്കാട് | കോളനികളുടെ പ്രളയാനന്തര പുനഃനിർമ്മാണം (2018-19) |

(ബി) സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള പുലയാസ്, സീഷോർ കോളനിയുടെ നിർമ്മാണച്ചുമതല എഫ്.ഐ.റ്റി.- ക്കും അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളുടെയും പ്രളയാനന്തര കോളനികളുടെ പുനഃനിർമ്മാണത്തിനുമായി തെരഞ്ഞെടുത്തിട്ടുള്ള കോളനികളുടെ നിർമ്മാണച്ചുമതല എറണാകുളം ജില്ലാ നിർമ്മിതി കേന്ദ്രത്തിനുമായാണ് നൽകിയിട്ടുള്ളത്.

(സി)

| ക്രമ നമ്പർ | കോളനിയുടെ പേര് | നിലവിലെ അവസ്ഥ |
|---|---|---|
| 1. | പുലയാസ് കോളനി | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. |
| 2. | സീഷോർ കോളനി | സാങ്കേതിക തടസ്സംമൂലം സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരമുള്ള പ്രവർത്തികൾ അവസാനിപ്പിക്കുകയും തുടർന്നുള്ള പ്രവൃത്തികൾ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തുവാനും നിർദ്ദേശംനൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| 3. | ഒ.എൽ.എച്ച് കോളനി | 90%പ്രവൃത്തി പൂർത്തീകരിച്ചു |
| 4. | ഐ.എച്ച്. ഡി.പി. കോളനി | 65% പ്രവൃത്തി പൂർത്തീകരിച്ചു. |
| 5. | പല്ലംപള്ളി കോളനി | എസ്റ്റിമേറ്റ് അംഗീകരിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |
| 6. | ഐ.എച്ച്.ഡി.പി. കോളനി ചരിയംകുന്നത്ത് | എസ്റ്റിമേറ്റ് അംഗീകരിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |
| 7. | പുലവായ് കോളനി | ഏജൻസി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ ന്യൂനത പരിഹരിക്കുന്നതിനായി മടക്കി നൽകിയിട്ടുണ്ട്. |
| 8. | വേട്ടുവ കോളനി | ഏജൻസി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ ന്യൂനത ഉള്ളതിനാൽ ന്യൂനത പരിഹരിക്കുന്നതിനായി മടക്കി നൽകിയിട്ടുണ്ട്. |
| 9. | ഈസ്റ്റ് മഞ്ഞനിക്കാട് | കോളനികളുടെ പ്രളയാനന്തര പുനഃനിർമ്മാണം (ഏജൻസി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ ന്യൂനത ഉള്ളതിനാൽ ന്യൂനത പരിഹരിക്കുന്നതിനായി മടക്കി നൽകിയിട്ടുണ്ട്.) |

(ഡി) അംബേദ്കർ ഗ്രാമം പദ്ധതി 2016-17 പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള ഐ.എച്ച്.ഡി.പി. കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി സ്ഥലം ലഭ്യമായിട്ടില്ല. ഒ.എൽ.എച്ച് കോളനിയിൽ സംരക്ഷണഭിത്തി നിർമ്മാണം പ്രാദേശിക തടസ്സംമൂലം പൂർത്തീകരിച്ചിട്ടില്ല. സീഷോർ കോളനിയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരമുള്ള പ്രവർത്തികളിൽ സാങ്കേതിക തടസ്സമില്ലാത്തവ പൂർത്തിയാക്കി. തുടർന്ന് ആവശ്യമുള്ള പ്രവൃത്തികൾ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി

48 (4417) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള കോളനികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള കോളനികളിലെ പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി ഇപ്രകാരമാണ്.

| ക്രമ നമ്പർ | കോളനി | നിലവിലെ അവസ്ഥ |
|---|---|---|
| 1. | നെടുങ്ങരൻ കാട് | റോഡ് നിർമ്മാണം, മണ്ണ് സംരക്ഷണ ഭിത്തി, ഭവന പുനരുദ്ധാരണം (26 എണ്ണം) എന്നിവ പൂർത്തീകരിച്ചു. |
| 2. | പനമ്പഴക്കാട് | റോഡ് നിർമ്മാണം, സ്കൂൾ ചുറ്റുമതിൽ, ഭവന പുനരുദ്ധാരണം (15 എണ്ണം) എന്നിവ പൂർത്തീകരിച്ചു. |
| 3. | പറക്കുന്നം കോളനി | എസ്റ്റിമേറ്റ് അംഗീകരിച്ചു. |
| 4. | കുട്ടാല കവറപ്പുര കോളനി | എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് അന്തിമ ഘട്ടത്തിലാണ്. |

(ബി) 2020 മാർച്ച് 31-ന് അകം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

## മാനന്തവാടി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിപ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾ

49(4418) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം മാനന്തവാടി മണ്ഡലത്തിലെ കോളനികളിൽ നടപ്പാക്കുന്ന പ്രവൃത്തികളിലൂടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി ഇപ്രകാരമാണ്.

| കോളനിയുടെ പേര് | നിർമ്മാണം പൂർത്തീകരിച്ചത് | നിർമ്മാണം പുരോഗമിക്കുന്നത് | നിർമ്മാണം ആരംഭിക്കാനുള്ളത് |
|---|---|---|---|
| കാവുംകുന്ന് കോളനി | ഊട്ടുപുര, സംരക്ഷണ ഭിത്തി നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ്, ഫുട്പാത്ത്, റോഡ് നിർമ്മാണം | കുളം, പമ്പ് ഹൗസ്, ടാങ്ക് | ഭവന പുനരുദ്ധാരണം |
| പുതിയിടം IHDP കോളനി | കുളം, പഴയകുളം നവീകരണം, ഫുട്പാത്ത്, റോഡ് റീ ടാറിംഗ് | സാംസ്കാരിക നിലയം | പമ്പ് ഹൗസ്, ടാങ്ക്, പൈപ്പ് ലൈൻ, സംരക്ഷണ ഭിത്തി, ഭവന പുനരുദ്ധാരണം |

(ബി) 2020 മാർച്ച് 31 നകം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

**അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രവൃത്തികളിൽ കാലതാമസം**

50(4419) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിലെ പ്രവൃത്തികളിൽ വരുത്തുന്ന കാലതാമസം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോളനികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ഇവയിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; ബാക്കി പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പദ്ധതിപ്രകാരം തെരഞ്ഞെടുത്തിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ സത്വരം പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) വെള്ളാമ്പുറം പട്ടികജാതി കോളനിയിൽ ഭവന പുനരുദ്ധാരണവും സാംസ്കാരികനിലയ നിർമ്മാണവും പുരോഗമിക്കുന്നു. പാറേക്കാട്, ഇടിവെണ്ണ പട്ടിക വർഗ്ഗ കോളനികളിലെ പ്രവൃത്തികളുള്ള മൊബിലൈസേഷൻ അഡ്വാൻസ് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അനുവദിച്ചു. 2020 മാർച്ച് 31 നകം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

**ബാലുശ്ശേരി മണ്ഡലത്തിലെ പട്ടികവർഗ്ഗ സങ്കേതങ്ങൾ**

51 (4420) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ നിലവിൽ എത്ര പട്ടികവർഗ്ഗ സങ്കേതങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ സങ്കേതങ്ങളിൽ ഏതൊക്കെ തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ബാലുശ്ശേരി മണ്ഡലത്തിലെ നിലവിൽ 31 പട്ടികവർഗ്ഗ സങ്കേതങ്ങൾ ഉണ്ട്.

(ബി) വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | പദ്ധതിയുടെ പേര് | വർഷം | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | ഉട്ടത്തിൻതാഴെ-കാപ്പുമ്മൽ എസ്.ടി കോളനി കോൺഗ്രീറ്റ് നടപ്പാത ഫുട്ട് സ്റ്റെപ് നിർമ്മാണം | 2016-17 | പൂർത്തീകരിച്ചു. |
| 2. | ചെകിടൻമല പട്ടിക വർഗ്ഗ കോളനി കോൺക്രീറ്റ് നടപ്പാത | 2016-17 | പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| 3. | ചെകിടൻമല പട്ടികവർഗ്ഗ കോളനി കുടിവെള്ള പദ്ധതി | 2017-18 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 4. | ചെങ്ങോട്ടുമല പ്രതിഭാ കോളേജ് കോൺക്രീറ്റ് നടപ്പാത നിർമ്മാണം | 2017-18 | പൂർത്തീകരിച്ചു. |
| 5. | കാപ്പുമ്മൽ കോളനി സാംസ്കാരിക നിലയം | 2018-19 | പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. |
| 6. | കക്കയം അമ്പലക്കുന്ന് കോളനി ഫുട്ട് സ്റ്റെപ്പ് | 2018-19 | പ്രവൃത്തി ആരംഭിച്ചു. |

(സി) ബാലുശ്ശേരി മണ്ഡലത്തിലെ അമ്പലക്കുന്ന് കോളനിയെ 2019-20 സാമ്പത്തിക വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**മഴവന്നൂർ വിട്ടൂർ കോളനിയിൽ സ്വയംപര്യാപ്ത ഗ്രാമം**

52(4421) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ മഴവന്നൂർ ഗ്രാമപഞ്ചായത്തിലെ വിട്ടൂർ കോളനിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിൽ വന്നിട്ടുള്ള കാലതാമസം വിശദമാക്കാമോ?

<u>ഉത്തരം</u>

വിട്ടൂർ കോളനിയെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. അമ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങളുള്ള കോളനികളെയാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിരുന്നത്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ അംബേദ്കർ ഗ്രാമപദ്ധതിയിൽ തെരഞ്ഞെടുക്കുവാൻ ചുരുങ്ങിയത് 30 പട്ടികജാതി കുടുംബങ്ങൾ മതി. അതിനാൽ 42 പട്ടികജാതി കുടുംബങ്ങളുള്ള വിട്ടൂർ കോളനിയെ 2019-20 ലെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്.

**വടകുന്നപ്പുഴ കോളനി നവീകരണം**

53 (4422) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ 2018-19 ലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ നിർദ്ദേശിച്ച കോളനിക്ക് പകരമായി നൽകിയ മുളക്കുളം പഞ്ചായത്തിലെ വടകുന്നപ്പുഴ കോളനി നവീകരണവുമായി ബന്ധപ്പെട്ട് ഉത്തരവ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനി നവീകരണവുമായി ബന്ധപ്പെട്ട് വകുപ്പുതല പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(സി) ഈ കോളനി നവീകരണവുമായി ബന്ധപ്പെട്ട് ഉത്തരവ് എത്രയും വേഗം ഇറക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വടുകുന്നപ്പുഴ ചതുപ്പ് കോളനിയെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്താൻ നിർവ്വാഹമില്ല.

**ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കോളനികളിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ**

54(4423) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കോളനികളിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ പേരും അവിടെ എത്ര കുടുംബങ്ങൾ താമസിക്കുന്നുവെന്ന വിവരവും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പ് മുഖാന്തരം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ കോളനികളിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>അംബേദ്കർ ഗ്രാമം പദ്ധതി 2016-17</u>

(a) മണ്ണാറത്തറ കോളനി - വീട് മെയിന്റനൻസ്, റോഡ്, പൈപ്പ് ലൈൻ

(b) ചെറുമിക്കാട് കോളനി - വീട് മെയിന്റനൻസ്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം

2. <u>കോർപ്പസ് ഫണ്ട് 2018-19:</u>

(a) വടക്കേചരുവിൽ കോളനി - പൈപ്പ് ലൈൻ

(b) മാലിത്തറ കോളനി - റോഡ് നിർമ്മാണം

(c) കുഴിവേലിത്തറ കോളനി - റോഡ് നിർമ്മാണം

(d) മുത്തുപ്പാട്ട് കരിപ്പുറം കോളനി - റോഡ് ടാറിംഗ്

3. <u>പ്രളയനാശം സംഭവിച്ച കോളനികളുടെ പുനരുദ്ധാരണ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ടവ (2018-19)</u>

(a) പ്രവട്ടകര കോളനി

(b) ചാത്തമേൽക്കുറ്റി

(c) ചെല്ലപുഞ്ചയിൽ

(d) പൂപ്പറത്തിൽ

(e) കിഴക്കേതുരുത്തി

(f) മാവേലിത്തറ

(g) പ്രാക്കാത്തറ

(h) പേരശ്ശേരി

(I) കൊല്ലംതറ

(j) ചിത്തരപുരം കാരിക്കുഴി

4. <u>സ്വയം പര്യാപ്ത ഗ്രാമം പദ്ധതി</u>:

പാണ്ഡവൻപാറ കോളനി - അങ്കണവാടി, ആയുർവ്വേദ ഡിസ്പെൻസറി എന്നിവയുടെ നിർമ്മാണം, കമ്മ്യൂണിറ്റി ഹാളിന്റെ പുനരുദ്ധാരണം, വീട് മെയിന്റനൻസ്.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികളൊന്നും തന്നെയില്ല. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്ന പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പട്ടികജാതി കോളനികളുടെ പേരും കുടുംബങ്ങളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു. *

## പെരിന്തൽമണ്ണയിലെ അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രവൃത്തികൾ

55(4424) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രകാരം ഈ സർക്കാർ ഏതെല്ലാം കോളനികളിൽ എന്തെല്ലാം തരത്തിലുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) മണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡപ്രകാരം അർഹതയുള്ള എത്ര കോളനികൾ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) 2018, 2019 വർഷങ്ങളിലെ പ്രളയാനന്തര പുനർ നിർമ്മാണത്തിനായി ഈ മണ്ഡലത്തിലെ ഏതെല്ലാം കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ഇ) മണ്ഡലത്തിലെ പട്ടികജാതി കോളനികൾ പ്രളയകാലത്ത് നേരിട്ട നാശനഷ്ടങ്ങൾക്ക് എന്തെല്ലാം സഹായം ലഭ്യമാക്കുവാൻ പട്ടികജാതി വികസന വകുപ്പിന് കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള പൂളക്കുഴി, നെല്ലിയാംകുന്ന് കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്രകാരമാണ്.

| | നിർമ്മാണ പ്രവർത്തനങ്ങൾ | |
|---|---|---|
| കോളനി | പൂർത്തീകരിച്ചത് | ശേഷിക്കുന്നത് |
| പൂളക്കുഴി | കുടിവെള്ള പദ്ധതിയിലെ കിണർ നിർമ്മാണം, ഡ്രെയിനേജ് നിർമ്മാണം, 61 വീടുകളിൽ സോക്കറ്റ് പിറ്റ് | കുടിവെള്ള പദ്ധതിയിലെ ടാങ്ക്, പൈപ്പ് ലൈൻ, നടപ്പാത, റോഡ് റീ ടാറിംഗ് |
| നെല്ലിയംകുന്ന് കോളനി | റീ ടെയിനിംഗ് വാൾ 80% | കോളനി റോഡ് & ഫുട്പാത്ത്, സോളാർ സ്ട്രീറ്റ് ലൈറ്റ്, സാനിട്ടേഷൻ, കമ്മ്യൂണിറ്റി ഹാൾ, ഭവന പുനരുദ്ധാരണം എന്നിവയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |

(സി)

| ക്രമ നമ്പർ | കോളനിയുടെ പേര് | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | ചോലപ്പറമ്പത്ത് എസ്.സി. കോളനി | പുലാമന്തോൾ |
| 2 | പട്ടൻമാർതൊടി കോളനി | |
| 3 | വടക്കേക്കര എസ്.സി. കോളനി | മേലാറ്റൂർ |
| 4 | പന്നിവീട് എസ്. സി. കോളനി | |
| 5 | കണ്ടംചിറ എസ്.സി. കോളനി | ആലിപ്പറമ്പ് |
| 6 | കണ്ണത്ത് എസ്.സി.കോളനി | |
| 7 | കണക്കൻഞ്ചേരി എസ്.സി. കോളനി | |

(ഡി) കോളനികളെ തെരഞ്ഞെടുത്തിട്ടില്ല.

(ഇ) 2018-ലെ പ്രളയകാലത്ത് നാശനഷ്ടം നേരിട്ട കോളനി നിവാസികളായ പട്ടികജാതി കുടുംബങ്ങൾക്ക് 5,000 രൂപ ക്രമത്തിൽ 82 കുടുംബങ്ങൾക്ക് 4,10,000 രൂപ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

## വാളയാർ പീഡനക്കേസ്സ്

56(4425) ശ്രീമതി ഷാനിമോൾ ഉസ്മാൻ :
ശ്രീ.എം. വിൻസെന്റ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് വാളയാറിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രണ്ട് പെൺകുട്ടികൾ ക്രൂരമായ പീഡനത്തെത്തുടർന്ന് ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ കേസിലെ പ്രതികൾക്ക് ജാമ്യം ലഭിച്ചത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേസിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് നടത്തിയ ഇടപെടൽ വിശദമാക്കാമോ;

(സി) കേസിന്റെ പുനരന്വേഷണത്തിനായി വകുപ്പ് ആഭ്യന്തര വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറും ജില്ലാ പട്ടികജാതി വികസന ഓഫീസറും നേരിട്ട് കുട്ടികളുടെ വീട് സന്ദർശിച്ചിരുന്നു. പ്രസ്തുത കേസ്സുകൾ 6-5-2017-ന് ബഹുമാനപ്പെട്ട പാലക്കാട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യപ്പെടുകയും എഫ്.ഐ.ആർ. സ്റ്റേജിൽ 2,50,000 രൂപ (രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) വീതവും ചാർജ്ജ് ഷീറ്റ് നൽകിയതിനുശേഷം 1,25,000 രൂപ (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) വീതവുമായി രണ്ടു കേസ്സുകളിലുംകൂടി ആകെ 7,50,000 രൂപ (എഴ് ലക്ഷത്തി അമ്പതിനായിരം മാത്രം) പീഡനത്തിനിരയായി മരണപ്പെട്ട കുട്ടികളുടെ പിതാവ് ശ്രീ. ഷാജി കൈപ്പറ്റിയിട്ടുണ്ട്.

(സി) ഇല്ല.

## പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങളുമായി ബന്ധപ്പെട്ട ക്രിമിനൽ കേസ്സുകൾ

57 (4426) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് എത്ര ക്രിമിനൽ കേസ്സുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ലൈംഗികാതിക്രമങ്ങളുമായി ബന്ധപ്പെട്ടവയുടെ കണക്ക് പ്രത്യേകം ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ UT (Under Trial)-ൽ ഉള്ള കേസ്സുകളുടെ എണ്ണം 690 ഉം PT (Pending Trial) -ൽ ഉള്ള കേസ്സുകളുടെ എണ്ണം 3155 ആണ്.

(ബി) ലൈംഗികാതിക്രമങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ UT(Under Trial)-ൽ ഉള്ള കേസ്സുകളുടെ എണ്ണം 223 ഉം PT (Pending Trial)-ൽ ഉള്ള കേസ്സുകളുടെ എണ്ണം 1117 -ഉം ആണ്.

## ഐ.റ്റി. അനുബന്ധ മേഖലയിൽ പരിശീലനം

58(4427) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഐ.റ്റി. അനുബന്ധ മേഖലയിൽ പരിശീലനം നൽകുന്ന സെന്റർ ഓഫ് എക്സലൻസ് ആരംഭിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ കോഴ്സുകളാണ് പ്രസ്തുത സ്ഥാപനങ്ങളിൽ നടത്തുന്നത്; നിലവിൽ എത്ര വിദ്യാർത്ഥികൾക്ക് അവിടെ പ്രവേശനം നൽകിയിട്ടുണ്ട്?

ഉത്തരം

(എ) തൊഴിൽ നൈപുണ്യ വികസന പരിശീലനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരം മണ്ണന്തലയിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) ഡെസ്ക്ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടിമീഡിയ, ഹാർഡ് വെയർ&സോഫ്റ്റ് വെയർ മെയിന്റനൻസ് തുടങ്ങിയ ഐ.റ്റി. മേഖലയിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനാണ് ടി സ്ഥാപനം ആരംഭിച്ചിട്ടുള്ളത്. നിലവിൽ ആദ്യ ബാച്ചിലെ 70 കുട്ടികൾക്ക് ടി സ്ഥാപനത്തിൽ പരിശീലനം നൽകിവരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് സഹായം

59(4428) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിന് സാമ്പത്തിക സഹായം നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സർക്കാർ വന്നതിനുശേഷം എത്ര വിദ്യാർത്ഥികൾക്ക് സഹായം ലഭ്യമായിട്ടുണ്ട്; വിശദമാക്കാമോ?

### ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശത്തെ ഉന്നതനിലവാരം പുലർത്തുന്ന സ്ഥാപനങ്ങളിൽ ഇന്ത്യയിൽ ലഭ്യമല്ലാത്ത ബിരുദാനന്തര ബിരുദ കോഴ്സുകൾ പഠിക്കുന്നതിനായി 4-10-2017-ലെ ജി.ഒ.(എം.എസ്) 81/17/പജപവവിവ., 19-3-2019-ലെ ജി.ഒ.(എം.എസ്)22/19/പജപവവിവ എന്നീ ഉത്തരവുകൾ പ്രകാരം 25 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന ലഭ്യമാക്കിയ വിദേശ പഠന ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടികജാതി വികസന വകുപ്പ്**

| വർഷം | കുട്ടികളുടെ എണ്ണം |
|---|---|
| 2016-17 | 3 |
| 2017-18 | 9 |
| 2018-19 | 12 |
| 2019-20 (as on 31-10-2019) | 12 |
| **ആകെ** | **36** |

| പട്ടികവർഗ്ഗ വികസന വകുപ്പ് | |
|---|---|
| 2016-17 | 1 |
| 2017-18 | 1 |
| 2018-19 | 1 |
| 2019-20 | 2 |
| **ആകെ** | **5** |

## പട്ടികജാതി-പട്ടികവർഗ്ഗ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്

60(4429) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകൾ പഠിച്ചുവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് യഥാസമയം സ്റ്റൈപ്പന്റ് ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അതത് അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽത്തന്നെ സ്റ്റൈപ്പന്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പ്രോഫഷണൽ കോഴ്സുകൾ പഠിച്ചുവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് യഥാസമയം സ്റ്റൈപ്പന്റ് ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട (മത്സ്യത്തൊഴിലാളി) വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം യഥാസമയം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട (മത്സ്യത്തൊഴിലാളി) വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യ വിതരണത്തിലെ കുടിശ്ശിക തീർക്കുന്നതിനായി 2017-18, 2018-19 വർഷങ്ങളിലായി പദ്ധതിയിനത്തിൽ 300 കോടി രൂപ അധിക ധനസഹായം അനുവദിക്കുകയും കുടിശ്ശിക തുക പൂർണ്ണമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽതന്നെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. സ്റ്റൈപ്പന്റ് ഓരോ മാസവും കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് ഇ-ഗ്രാന്റ്സ് സംവിധാനം കാര്യക്ഷമമാക്കിയിട്ടുണ്ട്.

## നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഐ.ടി.ഐ.-യുടെ വികസനം

61(4430) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-യുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-യുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് തുക അനുവദിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഐ.ടി.ഐ.- യിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പേരുമല ഐ.ടി.ഐ. കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ മെയിന്റനൻസ് 81,500 രൂപ ചെലവിൽ പി.ഡബ്ല്യൂ.ഡി. പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പേരുമല ഐ.ടി.ഐ.-ക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടി പുതിയ ഓഫീസ് റൂം, കമ്പ്യൂട്ടർ റൂം, കമ്പ്യൂട്ടർ ലാബ് എന്നിവയുടെ നിർമ്മാണത്തിനായി പി.ഡബ്ല്യൂ.ഡി.-ക്ക് 28 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഈ ഐ.ടി.ഐ.-യിൽ പരിശീലനം നൽകുന്നത് പ്ലംബർ ട്രേഡിലാണ്. ഇവിടെ കൂടുതൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് പുതിയ കെട്ടിട നിർമ്മാണത്തിനുള്ള പ്രാരംഭ നടപടിയായി മണ്ണ് പരിശോധനയും ടോട്ടൽ സ്റ്റേഷൻ സർവ്വെയും നടത്തുന്നതിലേയ്ക്കായി 5 ലക്ഷം രൂപ പി.ഡബ്യൂ.ഡി ക്ക് അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു *.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പേരുമല ഐ.ടി.-യിൽ നിലവിലുള്ള കെട്ടിട സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നിലവിൽ പരിശീലനം നൽകുന്ന പ്ലംബർ ട്രേഡിന്റെ ഒരു അഡീഷണൽ യൂണിറ്റ് (ബാച്ച്) കൂടി ആരംഭിക്കുന്നതിനും വെൽഡർ ട്രേഡിന്റെ പുതിയ കോഴ്സ് ആരംഭിക്കുന്നതിനുമുള്ള അനുമതിക്കായി സർക്കാരിൽ ശിപാർശ ലഭിച്ചിട്ടുണ്ട്. എന്നാൽ പുതിയ കെട്ടിടം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പുതിയ ട്രേഡുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

## ഞാറനീലിയിൽ ട്രൈബൽ ഐ.ടി.ഐ.

62(4431) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിൽ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ ഞാറനീലിയിൽ ട്രൈബൽ ഐ.ടി.ഐ. ആരംഭിക്കുന്നതിന്റെ നടപടികൾ ഏതുവരെയായി എന്നറിയിക്കാമോ?

<u>ഉത്തരം</u>

വാമനപുരം നിയോജകമണ്ഡലത്തിൽ പെരിങ്ങമ്മല ഗ്രാമ പഞ്ചായത്തിലെ ഞാറനീലയിൽ ട്രൈബൽ ഐ.ടി.ഐ. ആരംഭിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചിട്ടില്ല.

## വാമനപുരം മണ്ഡലത്തിലെ പ്രീ മെട്രിക് ഹോസ്റ്റലുകൾ

63 (4432) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിനു കീഴിൽ വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ എത്ര പ്രീ-മെട്രിക് ഹോസ്റ്റലുകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(സി) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുണ്ടെങ്കിൽ അവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) ഓരോ ഹോസ്റ്റലിലെയും നിലവിലെ കുട്ടികളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വകുപ്പിന് കീഴിൽ വാമനപുരം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ആൺകുട്ടികൾക്കായി 'വെഞ്ഞാറമൂട് പ്രീ-മെട്രിക് ഹോസ്റ്റൽ' പ്രവർത്തിച്ചുവരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) വെഞ്ഞാറമൂട് പ്രീമെട്രിക് ഹോസ്റ്റലിൽ നിലവിൽ 14 അന്തേവാസികൾ താമസിക്കുന്നുണ്ട്.

**കോർപ്പസ് ഫണ്ടിൽനിന്ന് കൊല്ലം ജില്ലയ്ക്ക് അനുവദിച്ച തുക**

64 (4433) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ട് ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയ്ക്ക് അനുവദിച്ച തുക വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഈ കാലയളവിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ പ്രവൃത്തികളുടെയും അവയുടെ നിലവിലെ സ്ഥിതിയുടെയും പ്രസ്തുത പ്രവൃത്തികൾക്ക് അനുമതി നൽകിയത് ആരുടെയെങ്കിലും ശിപാർശപ്രകാരമാണെങ്കിൽ ആയതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(സി) ജില്ലയിൽ കോർപ്പസ് ഫണ്ട് പ്രകാരമുള്ള പദ്ധതി രൂപീകരണം സംബന്ധിച്ച വിവരങ്ങൾ യഥാസമയം നിയമസഭാ സാമാജികരെ കൃത്യമായി അറിയിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് 2016-17 വർഷം 7,99,40,886 രൂപ അനുവദിച്ചിട്ടുണ്ട്. 2017-18 വർഷം പുതിയ പദ്ധതികൾക്ക് തുക അനുവദിച്ചിട്ടില്ല. സ്പിൽ ഓവർ ഇനത്തിൽ 3,91,05,110 രൂപ അനുവദിച്ചിരുന്നു. 2018-19 വർഷം 3,56,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കോർപ്പസ് ഫണ്ട് ഇനത്തിൽ കൊല്ലം ജില്ലയ്ക്ക് അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2016 -17 | - | 42,45,775 |
| 2017 -18 | - | 39,97,309 |
| 2018 -19 | - | 74,01,902 |
| 2019 -20 | - | 39,43,562 |

(ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത തുക ഉപയോഗിച്ച് ഈ കാലയളവിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(സി) നടപടി സ്വീകരിക്കുന്നുണ്ട്.

## കോളനികളുടെ നവീകരണത്തിനുള്ള ഫണ്ട് വിനിയോഗം

65(4434) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവകർഗ്ഗ കോളനികളുടെ നവീകരണത്തിന് അനുവദിക്കുന്ന ഫണ്ട് പൂർണ്ണമായും ഉപയോഗപ്രദമാകുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താൻ സർക്കാർ എന്തെല്ലാം നപടപടിക്രമങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി കോളനികളുടെ നവീകരണത്തിന് അനുവദിക്കുന്ന ഫണ്ട് പൂർണ്ണമായും കോളനിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഡയറക്ടറേറ്റ് തലത്തിലും ജില്ലാ ഓഫീസ് വഴിയും അവലോകന യോഗങ്ങൾ നടത്തുന്നു. കൂടാതെ ജില്ലാ പട്ടികജാതി വികസന ഓഫീസർ, പട്ടികജാതി വികസന ഓഫീസർ എന്നിവർ നിശ്ചിത ഇടവേളകളിൽ കോളനി സന്ദർശനം നടത്തി പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്വയം പര്യാപ്ത ഗ്രാമം അംബേദ്കർ ഗ്രാമം, പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ എം.എൽ.എ.യും കൺവീനർ പട്ടികജാതി വികസന ഓഫീസറുമാണ്.

തദ്ദേശ സ്ഥാപനതലത്തിൽ വർക്കിംഗ് ഗ്രൂപ്പുകളാണ് പദ്ധതി നിർദ്ദേശിക്കുന്നത്. ജില്ലാ/ബ്ലോക്കുതല ഓഫീസർമാർ സാമൂഹ്യഭ്രപടവും ഗുണഭോക്തൃ ലിസ്റ്റും തയ്യാറാക്കുന്നു.

പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതികൾക്ക് മുൻഗണന നൽകിയാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗ കോളനികളുടെ നവീകരണത്തിന് അനുവദിക്കുന്ന ഫണ്ട് പൂർണ്ണമായും ഉപയോഗപ്രദമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ ചുവടെ പറഞ്ഞിരിക്കുന്ന നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാന ആസൂത്രണ ബോർഡ് മുഖേന രൂപീകരിക്കുന്ന പഞ്ചവത്സര പദ്ധതി, വാർഷിക പദ്ധതി എന്നിവയുടെ രൂപീകരണവേളയിൽ പട്ടികവർഗ്ഗ വിഭാഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് ചേരുകയും പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിൽ പട്ടികവർഗ്ഗ വിഭാഗവുമായി ബന്ധപ്പെട്ട പദ്ധതികൾ വിശദമായി ചർച്ച ചെയ്തശേഷമാണ് സംസ്ഥാനത്തെ വാർഷിക പദ്ധതികൾ സർക്കാർ അംഗീകരിക്കുന്നത്.

പട്ടികവർഗ്ഗക്കാർക്ക് ഉപയോഗപ്രദമായ പദ്ധതികൾ സർക്കാർ മാനദണ്ഡപ്രകാരം തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പും വകുപ്പിന്റെ ജില്ലാ ഓഫീസുകൾ വഴിയാണ് നടപ്പിലാക്കുന്നത്.

- പട്ടികവർഗ്ഗ വിഭാഗത്തിനായി ജില്ലകളിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെക്കൂടി ഉൾപ്പെടുത്തിയാണ് ജില്ലാ പദ്ധതികൾ രൂപീകരിക്കുന്നത്.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പും വഴി നടപ്പിലാക്കുന്ന നവീകരണ പദ്ധതികൾ ഊരുകൂട്ടങ്ങളുടെ തീരുമാനപ്രകാരമാണ് നടപ്പിലാക്കുന്നത്.

- അടിസ്ഥാന സൗകര്യവികസനത്തിനുള്ള പദ്ധതികളിൽ സോഷ്യൽമാപ്പ് അത്യാവശ്യ ഘടകമാണ്. സോഷ്യൽമാപ്പിൽ വ്യക്തമായി പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരം ആ പ്രദേശത്ത് ഉള്ളതെന്ന് സൂചിപ്പിച്ചിരിക്കണം. സോഷ്യൽമാപ്പും ഊരുക്കൂട്ടം വഴി ചർച്ച ചെയ്ത് അംഗീകരിക്കണം.

- കൂടാതെ ഊരുക്കൂട്ടം അംഗീകരിക്കുന്ന പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ജില്ലാ കളക്ടറും ജില്ലാ പ്ലാനിംഗ് ഓഫീസറും പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, പട്ടികവർഗ്ഗ സമിതിയിലെ മൂന്ന് അംഗങ്ങളും ഉൾപ്പെട്ട സമിതി അംഗീകരിച്ചിരിക്കണം.

- സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ അർഹതപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് ഉപയോഗപ്രദമാകുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി ജില്ലാതലത്തിൽ പട്ടികവർഗ്ഗ മേഖലയിൽ ഏറ്റവും താഴെ തട്ടിൽ പ്രവർത്തിച്ചുവരുന്ന പ്രമോട്ടർമാർ മുതൽ ജില്ലാ ഓഫീസർമാർ വരെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിച്ചുവരുന്നു. സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നൽകിവരുന്നത്.

- പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാനതലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്.

- പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാവികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്.

### ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യം ഉറപ്പാക്കൽ

66(4435) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികളെ സംബന്ധിച്ച് സ്ഥിതി വിവരറിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആദിവാസി ഊരുകൂട്ടങ്ങൾ എടുക്കുന്ന തീരുമാനങ്ങൾ അംഗീകരിക്കുവാൻ സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് 2013-ൽ പ്രസിദ്ധപ്പെടുത്തിയ സാമൂഹ്യ സ്ഥിതി വിവരക്കണക്കുകൾ അനുസരിച്ചാണ് വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. 2013-ൽ പ്രസിദ്ധീകരിച്ച സാമൂഹിക സാമ്പത്തിക സർവ്വേ ഡാറ്റാ കാലഹരണപ്പെട്ടതിനാലും പദ്ധതി ആസൂത്രണത്തിന് നിലവിലെ സ്ഥിതി വിവരങ്ങൾ അനിവാര്യമായതിനാലും GIS അടിസ്ഥാനമാക്കി ആൻഡ്രോയിഡ് സാങ്കേതികവിദ്യയുടെ സഹായത്തോടെ പട്ടിക വർഗ്ഗക്കാരുടെ വിവരശേഖരണം നടത്തി അതിന്റെ ഡാറ്റാ വാലിഡേഷൻ നടപടികൾ പുരോഗമിക്കുകയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി ആരംഭിച്ച പദ്ധതിയാണ് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ 101 കോളനികൾ തെരഞ്ഞെടുത്തിരുന്നു. ആയതിൽ ഫീസിബിളായ 97 കോളനികളുടെ ഡി.പി.ആർ. ലഭ്യമായിരുന്നു. വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയ 85 കോളനികളിൽ 84 കോളനികളിൽ പ്രവർത്തനങ്ങളാരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകി. 55 കോളനികളിൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഊരുക്കൂട്ടങ്ങൾ എടുക്കുന്ന തീരുമാനങ്ങൾക്കനുസൃതമായിട്ടാണ് നിലവിൽ പദ്ധതി രൂപീകരിച്ചുവരുന്നത്. ഊരുക്കൂട്ടങ്ങൾ എടുക്കുന്ന തീരുമാനങ്ങൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പും പരിശോധിച്ചാണ് പദ്ധതികൾ അംഗീകരിക്കുന്നത്. പട്ടികവർഗ്ഗ ഉപപദ്ധതി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുള്ള ഊരുക്കൂട്ടങ്ങളുടെ രൂപീകരണവും പരിശീലനവും സംബന്ധിച്ച മാർഗ്ഗരേഖ 3-9-2003-ലെ ജി.ഒ.(എം.എസ്)നം.750/03 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കോതമംഗലം കുട്ടമ്പുഴയിലെ ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ രേഖ

67(4436) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ആദിവാസി കോളനികളിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾക്ക് വനാവകാശ രേഖ

ലഭ്യമാക്കിയിട്ടുണ്ടെന്നും ഇനി എത്ര കുടുംബങ്ങൾക്ക് വനാവകാശ രേഖ ലഭ്യമാക്കുവാനുണ്ടെന്നും കോളനി തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് വനാവകാശ രേഖ കൈമാറുന്നതിന് തടസ്സമെന്താണെന്നും വനാവകാശ രേഖകൾ കൈമാറുവാൻ എന്ന് സാധിക്കും എന്നും വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിലെ മുഴുവൻ ആദിവാസികുടുംബങ്ങൾക്കും വനാവകാശരേഖ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ആദിവാസി കോളനികളിൽ ജില്ലാ സമിതി പാസ്സാക്കിയ 1105 അപേക്ഷകളിൽ 1061 പേർക്ക് വനാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 44 പേരുടെ വനാവകാശ രേഖകൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇനി വനാവകാശ രേഖ ലഭ്യമാക്കുവാനുള്ള കുടുംബങ്ങളുടെ കോളനി തിരിച്ചുള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) ജില്ലാ സമിതി പാസാക്കിയതിൽ വിതരണം ചെയ്യാനുള്ള 44 പേർക്ക് വനാവകാശ രേഖ ഉടൻ വിതരണം ചെയ്യുന്നതിനുള്ള നടപടി നടന്നുവരുന്നു. കൈവശാവകാശ രേഖ തയ്യാറാക്കുന്ന വെബ് സൈറ്റ് തകരാറിലായതിനാൽ മാന്വലായി കൈവശരേഖ തയ്യാറാക്കി നൽകുന്നതിനുള്ള നിർദ്ദേശം നൽകുകയും തുടർനടപടി സ്വീകരിച്ചുവരികയുമാണ്.

(സി) കോതമംഗലം മണ്ഡലത്തിലെ അർഹരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും വനാവകാശരേഖ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്. 2005 ഡിസംബർ 13-ന് മുമ്പ് വനഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് നിയമാനുസൃതം വനാവകാശരേഖ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾക്ക് കീഴിൽ പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങൾ

68(4437) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾക്ക് കീഴിൽ പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങൾ എതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രസിദ്ധീകരണങ്ങൾക്കും 2018-19 സാമ്പത്തിക വർഷത്തെ ചെലവ് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ പ്രസിദ്ധീകരണങ്ങളിലെ പരസ്യ ഇനത്തിൽ ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രസിദ്ധീകരണങ്ങൾ ആർക്കെല്ലാമാണ് നൽകുന്നതെന്നും സൗജന്യമായിട്ടാണോ നൽകുന്നതെന്നും വ്യക്തമാക്കാമോ;

(ഇ) അല്ലെങ്കിൽ ഓരോന്നിനും ഈടാക്കുന്ന തുക, അതിലൂടെ ആകെ ലഭിച്ച വരുമാനം എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ 'പടവുകൾ' ദ്വൈമാസിക പ്രസിദ്ധീകരിക്കുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ വികസന പദ്ധതികൾ സംബന്ധിക്കുന്ന കൈപുസ്തകം, ബ്രോഷറുകൾ എന്നിവയും പ്രസിദ്ധീകരിക്കുന്നുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു *.

(സി) പരസ്യ ഇനത്തിൽ വരുമാനമൊന്നും ലഭ്യമാകുന്നില്ല.

(ഡി) 'പടവുകൾ' ദ്വൈമാസിക ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹു.എം.എൽ.എ.മാർ, പട്ടികജാതി പട്ടികവർഗ്ഗ ഡയറക്ടറേറ്റുകൾ, കിർത്താഡ്സ്, ജില്ലാ പട്ടികജാതി വികസന ആഫീസുകൾ, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ബ്ലോക്ക് പട്ടികജാതി വികസന ആഫീസുകൾ, ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസുകൾ എന്നിവിടങ്ങളിലെത്തിക്കുന്നു. കൈപ്പറ്റുന്ന മാഗസിനുകൾ ഒരു പ്രൊമോട്ടർ നാലെണ്ണമെന്ന തോതിൽ പത്തുരൂപ നിരക്കിൽ വിൽക്കുകയും ശേഷിക്കുന്ന മാഗസിനുകൾ ജനപ്രതിനിധികളായ സാമൂഹിക പ്രവർത്തകർ മറ്റുദ്യോഗസ്ഥർ എന്നിവർക്ക് സൗജന്യമായി വിതരണം നടത്തുകയും ചെയ്യുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ സർക്കാരിനും തദ്ദേശസ്വയംഭരണ വകുപ്പ് പ്രതിനിധികൾക്കും വകുപ്പിന്റെ ജില്ലാതല ഓഫീസുകൾക്കും പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്കും മറ്റ് സാമൂഹിക പ്രവർത്തകർക്കും നൽകുന്നുണ്ട്. ടി പ്രസിദ്ധീകരണങ്ങളെല്ലാം വകുപ്പ് സൗജന്യമായിട്ടാണ് നൽകുന്നത്.

(ഇ) പത്ത് രൂപ നിരക്കിലാണ് പടവുകൾ നൽകിവരുന്നത്. ടി കാലയളവിൽ വിറ്റുവരവ് ഇനത്തിൽ 93,270 രൂപ കിട്ടിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായം

69(4438) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര പേർക്ക് ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കാൻ എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-9-2019 വരെ വകുപ്പിൽനിന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 72015 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 46316 പേർക്കും ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്

(ബി) ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭ്യമാക്കാൻ അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ചികിത്സാ സഹായം അനുവദിക്കുന്നതിനുള്ള വരുമാന പരിധി നിലവിൽ 1,00,000(ഒരു ലക്ഷം രൂപ) രൂപയാണ്.

മാരകമായ രോഗം ബാധിച്ചവരും ദീർഘകാല ചികിത്സ ആവശ്യമുള്ളവരുമായ പട്ടികജാതി വിഭാഗക്കാർക്ക് അടിയന്തര ചികിത്സാ ധനസഹായമായി 50,000 (അമ്പതിനായിരം രൂപ) അനുവദിച്ചുവരുന്നു. അപകടത്തെത്തുടർന്ന് ചികിത്സയിൽ കഴിയുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 25,000 (ഇരുപത്തി അയ്യായിരം രൂപ) രൂപയും മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ ഗുരുതര രോഗങ്ങളുടെ ചികിത്സയ്ക്കായി പരമാവധി 1,00,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

## കുറ്റ, പള്ളിമുകൾ കോളനികളിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

70 (4439) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതും കെൽ നിർവ്വഹണം നടത്തുന്നതുമായ കുറ്റ പള്ളിമുകൾ എന്നീ കോളനികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) കുറ്റ കോളനിയിലെ കുടിവെള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള കുറ്റ, പള്ളിമുകൾ കോളനികളിലെ നിർമ്മാണ പുരോഗതി ഇപ്രകാരമാണ്.

(1) കുറ്റ കോളനി-കുടിവെള്ള പദ്ധതിയുടെ 70% പൂർത്തീകരിച്ചിട്ടുണ്ട്. ഓവർഹെഡ് വാട്ടർടാങ്ക്, തൊണ്ടങ്ങൽ മൂല റോഡ് റീ ടാറിംഗ്, സാംസ്കാരിക സമിതി കെട്ടിടം, ടി.വി., അലമാര വിതരണം, ഭവന പുനരുദ്ധാരണം, ചിറ നവീകരണം, സോളാർ ലൈറ്റ് സ്ഥാപിക്കൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്.

(2) പള്ളിമുകൾ കോളനി - കുടിവെള്ള പദ്ധതിയുടെ 95% പൂർത്തിയായിട്ടുണ്ട്. റോഡ് സൈഡ് കെട്ടി കട്ട വിരിക്കൽ, റോഡ് റീ ടാറിംഗ്, വാട്ടർടാങ്ക് നിർമ്മാണം, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, പമ്പ് സെറ്റ്, പൈപ്പ് ലൈൻ സ്ഥാപിക്കൽ, കമ്മ്യൂണിറ്റി ഹാൾ എന്നിവ വിവിധ ഘട്ടങ്ങളിലാണ്.

(ബി) 31-3-2020 -ന് മുമ്പ് പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

(സി&ഡി) കുടിവെള്ള പദ്ധതിയിലുൾപ്പെട്ട നിലവിലുള്ള വാട്ടർ ടാങ്ക് കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലാണ്. നിർവ്വഹണ ഏജൻസിയായ KEL-ഉം കേരള വാട്ടർ അതോറിറ്റിയും ചേർന്നാണ് ടി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. ഇതിൽ ജല അതോറിറ്റിയുടെ പരിധിയിൽ വരുന്ന ശുദ്ധജല

വിതരണ സംവിധാനത്തിൽ വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള പ്രഷർ ഫിൽട്ടർകൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് ഭേദഗതി ചെയ്യേണ്ടിവന്നതിനാലാണ് കാലതാമസം നേരിട്ടത്. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### താനൂർ മണ്ഡലത്തിലെ അംബേദ്കർ കോളനികളുടെ നവീകരണം

71(4440) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിൽ ഏതൊക്കെ അംബേദ്കർ കോളനികൾക്കാണ് പ്രത്യേക ഫണ്ട് വകയിരുത്തി പദ്ധതി അനുവദിച്ചിട്ടുള്ളതെന്നും ഇവയുടെ നിർമ്മാണപുരോഗതിയും അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത സർക്കാർ അംഗീകൃത ഏജൻസികൾ അനന്തമായി പണികൾ വൈകിപ്പിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത നവീകരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) നിയോജകമണ്ഡലത്തിൽനിന്നും 2016-17-ൽ കോരങ്ങത്ത്, പൂരപ്പുഴ കോളനികളും 2019-20-ൽ മണലിപ്പുഴ IHDP കോളനിയെയും തെരഞ്ഞെടുത്തിട്ടുണ്ട്. നിർമ്മാണ പുരോഗതി ഇപ്രകാരമാണ്.

| ക്രമ നമ്പർ | കോളനിയുടെ പേര് | നിർമ്മാണ പുരോഗതി |
|---|---|---|
| 1. | പൂരപ്പുഴ കോളനി | കുടിവെള്ള പദ്ധതി, സംരക്ഷണ ഭിത്തിനിർമ്മാണം പൂർത്തീകരിച്ചു.ഭവന പുനരുദ്ധാരണം60% പൂർത്തിയായി |
| 2 | കോരങ്ങത്ത് കോളനി | ഡ്രെയിനേജ് പൂർത്തിയായി. ലൈബ്രറി ഹാൾ & അങ്കണവാടി-15% പൂർത്തീകരിച്ചു. സംരക്ഷണഭിത്തി-90% പൂർത്തിയായി.ഭവന പുനരുദ്ധാരണം60% പൂർത്തിയായി. |

മണലിപ്പുഴ IHDP കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

((ബി) പൂരപ്പുഴ കോളനിയിൽ സ്ഥലവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ ഉണ്ടായിരുന്നതിനാലും കോരങ്ങത്ത് കോളനി വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലമായിരുന്നതിനാലുമാണ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കാലതാമസം ഉണ്ടായത്.

(സി)31-3-2020 മുൻപ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വർക്കല മണ്ഡലത്തിൽ പട്ടികജാതി ക്ഷേമ മന്ത്രിയുടെ ദുരിതാശ്വാസനിധി സഹായം

72(4441) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വർക്കല മണ്ഡലത്തിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഈ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുള്ള ആകെ തുക എത്രയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വർക്കല മണ്ഡലത്തിൽ 2025 പേർക്ക് ചികിത്സാ ധനസഹായവും 80 പേർക്ക് പ്രളയ ദുരിതാശ്വാസവും ചേർത്ത് ആകെ 2105 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഈ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായത്തിനായി 2,44,94,500 രൂപയും പ്രളയ ദുരിതാശ്വാസത്തിനായി 4,00,000 രൂപയും ചേർത്ത് ആകെ 2,48,94,500 രൂപ അനുവദിച്ചിട്ടുണ്ട്.

## മുണ്ടേരി വനത്തിനുള്ളിലെ കോളനി നിവാസികളുടെ പുനരധിവാസം

73(4442) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടേരി വനത്തിനുള്ളിലെ കോളനി നിവാസികളുടെ പുനരധിവാസത്തിന് ഭൂമി ലഭ്യമാക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഭൂമി എന്നത്തേയ്ക്ക് ലഭ്യമാകുമെന്നാണ് സർക്കാർ കരുതുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കുമ്പളപ്പാറ, തരിപ്പ്പൊട്ടി, വാണിയംപുഴ, തണ്ടൻകല്ല് എന്നീ നാല് കോളനികളിലെ പുനരധിവാസം സാധ്യമാകണമെങ്കിൽ വനഭൂമി വിട്ടുകിട്ടേണ്ടതായിട്ടുണ്ടോ;

(സി) ഇതിന് സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതി ആവശ്യമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രളയം ബാധിച്ച ഈ കോളനി നിവാസികളിൽ ആർക്കും അടിയന്തര സഹായധനമായ പതിനായിരം രൂപ ലഭിച്ചില്ലെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ 16-10-2019-ന് ചേർന്ന ഊരുകൂട്ടയോഗത്തിൽ ടി വനത്തിനുള്ളിലുള്ള കോളനി നിവാസികൾ നിലവിലെ കോളനിക്കു സമീപത്തുള്ള വനപ്രദേശത്ത് പുനരധിവസിപ്പിക്കുന്നതിന് താൽപര്യം അറിയിച്ചതിനാൽ ആയത് സംബന്ധിച്ച് തുടർനടപടി സ്വീകരിക്കാൻ വനം വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) വനത്തിൽനിന്നും പുറത്ത് വന്ന് താമസിക്കാൻ ഇവർ താൽപര്യം കാണിക്കാത്തതിനാൽ ടി കുടുംബങ്ങളെ വനത്തിനുള്ളിൽ ടിയാളുകൾ താൽപര്യപ്പെടുന്ന സ്ഥലത്ത് പുനരധിവസിപ്പിക്കുന്നതിന് വനഭൂമി വിട്ടുകിട്ടേണ്ടതുണ്ട്.

(സി) വനാവകാശ നിയമപ്രകാരം നൽകാമോ എന്നത് സംബന്ധിച്ച് ഡി.എൽ.സി. തലത്തിൽ തീരുമാനം എടുത്തിട്ടില്ല. വനത്തിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് വനസംരക്ഷണ നിയമപ്രകാരം കേന്ദ്രാനുമതി ആവശ്യമാണ്.

(ഡി) പ്രളയം ബാധിച്ച കോളനി നിവാസികളിൽ ആർക്കും അടിയന്തര സഹായധനമായ പതിനായിരം രൂപ ലഭിച്ചില്ലെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായി. റവന്യൂ വകുപ്പിൽനിന്നും അടിയന്തര സഹായമായ പതിനായിരം രൂപ ലഭിച്ചില്ലെന്ന പരാതി ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെട്ടുത്തിയിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ പട്ടികജാതി വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി

74(4443) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിലെ പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിലെ എത്ര പേർക്ക്ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര അപേക്ഷ ഈ വിഭാഗക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഫണ്ട് ലഭിക്കുന്നതിന് ചെയ്യേണ്ടതെന്തെല്ലാമാണെന്നും അതിന്റെ നിബന്ധനകൾ എന്തൊക്കെയാണെന്നും വിവരിക്കാമോ?

ഉത്തരം

(എ-സി) നിലവിൽ പട്ടികജാതിയിലെ "പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള ദുർബല വിഭാഗം പദ്ധതി" വകുപ്പിൽ നിലവിലില്ല.

## കോർപ്പസ് ഫണ്ട് ഉപയോഗിച്ച് മലപ്പുറം ജില്ലയിലെ പ്രവൃത്തികൾ

75(4444) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19- ൽ എസ്.സി. /എസ്.റ്റി. കോർപ്പസ് ഫണ്ടിൽ നിന്ന് മലപ്പുറം ജില്ലയ്ക്ക് എത്ര തുക അനുവദിച്ചിരുന്നു; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഏറനാട് മണ്ഡലത്തിൽ ഭരണാനുമതി നല്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം മലപ്പുറം ജില്ലയ്ക്ക് എസ്.സി. കോർപ്പസ് ഫണ്ടിൽനിന്നും 335 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

2018-19 സാമ്പത്തിക വർഷം എസ്.ടി. കോർപ്പസ് ഫണ്ടിൽനിന്നും മലപ്പുറം ജില്ലയ്ക്ക് 80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു.* പട്ടിക വർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു *

പട്ടികവർഗ്ഗ വികസന വകുപ്പിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഏറനാട് മണ്ഡലത്തിൽ 2018-19 വർഷത്തിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

## നെടുമങ്ങാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വികസനം

76(4445) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത കോളനികളുടെ വികസനത്തിന് എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 95 പട്ടികജാതി കോളനികളും 5 പട്ടികവർഗ്ഗ കോളനികളും ഉണ്ട്. പട്ടികജാതി കോളനികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

<u>പട്ടികവർഗ്ഗ കോളനികൾ</u>

1. പന്തലക്കോട്
2. കൊഞ്ചിറ
3. വട്ടക്കരിക്കകം
4. ഇരിഞ്ചയം
5. വെള്ളാണിക്കൽ

(ബി&സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി തുക അനുവദിച്ചിട്ടില്ല. പട്ടികജാതി കോളനികളുടെ വികസനത്തിനായി വിവിധ പദ്ധതികളിലായി താഴെപറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| പദ്ധതി | അനുവദിച്ച തുക |
|---|---|
| കോർപ്പസ് ഫണ്ട് (2016-17) | 32,00,034 രൂപ |
| കോർപ്പസ് ഫണ്ട് (2018-19) | 30,20,274 രൂപ |
| കോർപ്പസ് ഫണ്ട്(2019-20) | 1,42,83,000 രൂപ |
| അംബേദ്കർ സ്വായശ്ര ഗ്രാമം പദ്ധതി (2016-17) | 1,00,00,000 രൂപ |

1. 2016-17 വർഷം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ച എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

2. 2018-19 വർഷം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ചതിൽ തുക മുഴവൻ നിർവ്വഹണ ഏജൻസിക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു.

3. കോർപ്പസ് ഫണ്ട് 2019-20-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

4. അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി (2016-17)-ൽ ഉൾപ്പെടുത്തി തുക ഡെപ്പോസിറ്റ് ചെയ്തതിൽ പ്രവൃത്തി പുരോഗമിക്കുന്നു.

## കോട്ടയ്ക്കൽ മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി

77 (4446) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പൊൻവള തെക്കേക്കര കോളനി, എടയൂർ പെറ്റേക്കളം കോളനി എന്നിവയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ജില്ലാ ഓഫീസ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 22/07/2019-ന് പദ്ധതിയുമായി ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് നിർവ്വഹണ പുരോഗതി വിലയിരുത്തുകയും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) 31/03/2020 -ന് മുമ്പ് പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

## ജോലിയും ജീവനോപാധിയും നഷ്ടപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ കണക്ക്

78(4447) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2019 ലുണ്ടായ പ്രളയം മൂലം ജോലിയും ജീവനോപാധിയും നഷ്ടപ്പെട്ട പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗക്കാരുടെ കണക്ക് ലഭ്യമാക്കുമോ;

(ബി) 2018 ലെ മഹാ പ്രളയത്തിൽ ജോലിയും ജീവനോപാധിയും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2019-ലുണ്ടായ പ്രളയംമൂലം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 515 പേർക്ക് ജീവനോപാധികൾ നഷ്ടപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തുടനീളമുള്ള പട്ടികവർഗ്ഗ മേഖലയിൽ വ്യാപകമായ കൃഷി നാശമോ, തൊഴിൽ നഷ്ടങ്ങളോ ഉണ്ടായിട്ടില്ല. എന്നിരുന്നാലും വയനാട് ജില്ലയിലെ 3 പേർക്ക് ജീവനോപാധി നഷ്ടപ്പെട്ടിട്ടുണ്ട്.

(ബി) 2018-ലെ പ്രളയത്തിൽ ദുരിതബാധിതരായ പട്ടികജാതി കുടുംബങ്ങൾക്ക് 5,000 രൂപ വീതം ആശ്വാസധനഹായം നൽകി. പൂർണ്ണമായും വീട് തകർന്നവർക്ക് ഭവന നിർമ്മാണ ധനസഹായം നൽകി വരുന്നു. പ്രളയാനന്തരം ഭൂമി വാസയോഗ്യമല്ലാതായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. പ്രളയത്തിൽ തകർന്ന 90 കോളനികൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. എറണാകുളം ജില്ലയിൽ 43 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അവരുടെ ജീവനോപാധികളായിരുന്ന മരംവെട്ട് യന്ത്രം, ചെണ്ട, തയ്യൽ മെഷീനുകൾ, കളിമൺ നിർമ്മാണ യൂണിറ്റ്, തട്ടുകട, ഓട്ടോറിക്ഷ, വള്ളം പണിയുന്ന ഉപകരണങ്ങൾ, സ്വയം തൊഴിലിനുള്ള പണിയായുധങ്ങൾ എന്നിവ നഷ്ടപ്പെട്ടിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽപ്പെടുത്തി നഷ്ടത്തിന്റെ തോതനുസരിച്ചുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ മാനന്തവാടിയിൽ ജീവനോപാധി നഷ്ടപ്പെട്ട 19 പേർക്ക് വകുപ്പിന്റെ പ്രത്യേക കേന്ദ്ര സഹായ പദ്ധതിപ്രകാരം ആട്ടു വളർത്തൽ, പോത്തുകുട്ടി വളർത്തൽ, പശുക്കുട്ടി വളർത്തൽ എന്നിവയ്ക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ജീവനോപാധികൾക്ക് പുറമെ പട്ടികവർഗ്ഗ വികസന വകുപ്പ് ഓരോ കുടുംബത്തിനും ആശ്വാസധനസഹായമായി 10,000 രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

### നിയമവകുപ്പിൽ പുതുതായി സൃഷ്ടിച്ച തസ്തികകൾ

79(4448) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമ വകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമവകുപ്പിൽ 15-12-2017 -ലെ സ.ഉ.(എം.എസ്) നമ്പർ 150/2017/നിയമം നമ്പർ ഉത്തരവു

പ്രകാരം നിയമപരിഷ്കാര കമ്മീഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു ജോയിന്റ് സെക്രട്ടറി തസ്തികയും 28-9-2019-ലെ സ.ഉ. (കൈ)നമ്പർ 77/2019/നിയമം നമ്പർ സർക്കാർ ഉത്തരവുപ്രകാരം തൃശ്ശൂർ, കണ്ണൂർ, മലപ്പുറം ജില്ലാ കളക്ടറേറ്റുകളിലായി ജില്ലാ ലാ ഓഫീസർമാരുടെ മൂന്ന് ഡെപ്യൂട്ടി സെക്രട്ടറി തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

ഈ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ 24-11-2017-ലെ സ.ഉ. (എം.എസ്)നമ്പർ 145/17/നിയമം നമ്പർ ഉത്തരവുപ്രകാരം ഒരു ട്രാൻസ്ലേറ്റർ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.

## പട്ടിക വിഭാഗങ്ങൾക്കെതിരായ കേസ്സുകളിലെ ഇടപെടൽ

80(4449) <u>ശ്രീ. ടി. ജെ. വിനോദ്</u> :താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാറിൽ രണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾ പീഡനത്തെത്തുടർന്ന് മരണമടഞ്ഞ കേസിൽ ഗുരുതരമായ വീഴ്ച വരുത്തിയെന്ന് ആക്ഷേപമുള്ള പ്രോസിക്യൂഷന് എതിരെ അന്വേഷണത്തിന് ഉത്തരവിടാൻ നിയമ വകുപ്പ് ആവശ്യപ്പെടുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ കേസ്സുകളിൽ പ്രതികൾക്കുവേണ്ടി ഹാജരായ അഭിഭാഷകൻ പിന്നീട് സർക്കാരിന്റെ തന്നെ ഉന്നത സ്ഥാനത്ത് തുടരുന്നത് തടയാൻ വകുപ്പ് മുൻകൈയെടുക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ബിസിനസ് റൂൾസ് പ്രകാരം സിവിലും ക്രിമിനലും നീതിന്യായ ഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് ആഭ്യന്തര വകുപ്പായതിനാൽ ക്രിമിനൽ കേസ്സുകളിൽ പ്രോസിക്യൂഷൻ നടത്തുന്നതും പോക്സോ കേസ്സുകളിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നതും ആഭ്യന്തര വകുപ്പാണ്. ആയതിനാൽ അന്വേഷണത്തിന് ഉത്തരവിടാൻ നിയമവകുപ്പിന് അധികാരമില്ല.

(ബി) പാലക്കാട് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർ പേഴ്സൺ അഡ്വ. എൻ. രാജേഷ്, മെമ്പർ അഡ്വ. അപർണ എന്നിവർ കേരള മഹിളാ സമഖ്യ സൊസൈറ്റി മുഖേന പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന വുമൺ & ചിൽഡ്രൻസ് ഹോമിൽ 13-3-2019-ൽ സന്ദർശനം നടത്തവേ ഒരു കേസിലെ

കുട്ടിയെപ്പറ്റി അന്വേഷിക്കുകയും ആ കേസിൽ പ്രതികൾക്ക് അനുകൂലമായി സംസാരിക്കുകയും ചെയ്തുവെന്നും പിന്നീട് അന്വേഷണത്തിൽ കേസിൽ പ്രതികൾക്കുവേണ്ടി ഹാജരായത് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സന്റെ ഓഫീസാണെന്നും അറിയാൻ സാധിച്ചതായും ഇത്തരം അംഗങ്ങളെ സർക്കാർ സംവിധാനത്തിന്റെ ഭാഗമാക്കുന്നത് അപകടകരമാണെന്നും സർക്കാരിന് പരാതി നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന ശിശു വികസന വകുപ്പ് ഡയറക്ടറേയും സാമൂഹ്യ നീതി വകുപ്പിലെ ജോയിന്റ് സെക്രട്ടറിയേയും ചുമതലപ്പെടുത്തി ഉത്തരവായി. പാലക്കാട് ജില്ലയിലെ വാളയാറിലെ 2 പെൺകുട്ടികൾ പീഡനത്തെത്തുടർന്ന് തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ട കേസിൽ പ്രതികൾക്കുവേണ്ടി പാലക്കാട് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ അഡ്വ. എൻ രാജേഷ് ഹാജരായി എന്ന മാധ്യമ വാർത്തയെത്തുടർന്ന് ടി വിഷയവും അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുകയുണ്ടായി. ഈ അന്വേഷണ സംഘത്തിന്റെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഡ്വ. എൻ. രാജേഷിനെ പാലക്കാട് ചെൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ, മെമ്പർ എന്നീ നിലകളിലുള്ള അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിൽനിന്നും ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ വിലക്കേർപ്പെടുത്തി 28-10-2019 -ലെ G.O (Rt)No.678/2019/SJD പ്രകാരം ഉത്തരവായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*) ഇപ്പോൾ ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർ പേഴ്സൺ/മെമ്പർ സ്ഥാനങ്ങളിൽനിന്നും ടിയാൻ രാജി വച്ചതായി 6-11-2019 -ലെ കത്തിലൂടെ അറിയിച്ചിട്ടുണ്ട്.

## നിയമധ്വനി പ്രസിദ്ധീകരണം

81 (4450) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമവകുപ്പിന്റെ കീഴിൽ നിയമധ്വനി എന്ന പ്രസിദ്ധീകരണം നിലവിലുണ്ടോ;

(ബി) ഇത് വർഷത്തിൽ എത്ര ലക്കങ്ങൾ ആണ് പ്രസിദ്ധീകരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഇതിന്റെ ഉള്ളടക്കം കൂടുതൽ ഫലപ്രദമാക്കാനും പകർപ്പുകൾ ലൈബ്രറികൾക്ക് നൽകാനും നടപടി സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പുതുതായി നിലവിൽ വരുന്ന നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഉള്ളടക്കം സംഗ്രഹ രൂപത്തിൽ ലളിതമായ ഭാഷയിൽ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുന്നതിന് നിയമവകുപ്പ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) ഓരോ വർഷവും മൂന്ന് ലക്കങ്ങൾ വീതമാണ് പ്രസിദ്ധീകരിച്ചുവരുന്നത്.

(സി) നിയമധ്വനിയുടെ ഉള്ളടക്കം കൂടുതൽ ഫലപ്രദമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. പകർപ്പുകൾ നിയമസഭാ ലൈബ്രറിക്ക് നൽകി വരുന്നുണ്ട്. മറ്റ് ലൈബ്രറികൾക്ക് നിയമധ്വനിയുടെ പ്രതി ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) നിലവിൽ പ്രസിദ്ധീകരിക്കുന്ന നിയമധ്വനിയുടെ ഏതാനും പേജുകൾ ഇതിനായി നീക്കിവയ്ക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

## സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി

82 (4451) ശ്രീ. എം. സ്വരാജ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവോത്ഥാന നായകന്മാരുടെ സ്മാരകമായി എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) സാംസ്കാരിക സ്ഥാപനങ്ങളുടെയും വകുപ്പിന് കീഴിലുള്ള അക്കാദമികളുടെയും വാർഷിക ഗ്രാന്റുകൾ ഈ സർക്കാർ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(സി) കലാകാരന്മാർക്ക് സാംസ്കാരിക വകുപ്പ് മുഖേനയും സാംസ്കാരിക ക്ഷേമനിധി ബോർഡ് മുഖേനയും നൽകിവരുന്ന പെൻഷൻ തുകയിൽ ഈ സർക്കാർ എത്ര വർദ്ധനവാണ് വരുത്തിയിട്ടുള്ളത് ; വിശദാംശം നൽകുമോ ?

## ഉത്തരം

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ, പ്രമുഖ നവോത്ഥാന സാംസ്കാരിക നായകരുടെ പേരിൽ എല്ലാ ജില്ലകളിലും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുക എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. പാലക്കാട്, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. ഇടുക്കി ജില്ലയിൽ പ്രസ്തുത സമുച്ചയ നിർമ്മാണത്തിന് ഭൂമി കൈമാറി ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആറ് ജില്ലകളിൽ (ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കോട്ടയം, തൃശ്ശൂർ) അനുയോജ്യമായ ഭൂമി കണ്ടെത്തുകയും ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലുമാണ്. ബാക്കിയുള്ള നാല് ജില്ലകളിൽ (തിരുവനന്തപുരം, പത്തനം തിട്ട, എറണാകുളം, വയനാട്) അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനായി ജില്ലാ ഭരണകൂടങ്ങളുമായി ബന്ധപ്പെട്ടുവരുന്നു.

(ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും സാംസ്കാരിക വകുപ്പ് മുഖാന്തരം നൽകിവരുന്ന കലാകാര പെൻഷൻ 24-10-2016-ല സ.ഉ.(എം.എസ്) നമ്പർ.19/2016/സാം.കാ.വ പ്രകാരം 750 രൂപയിൽനിന്നും 1500 രൂപയായി വർദ്ധിപ്പിച്ചിരുന്നു. കൂടാതെ സാംസ്കാരിക ക്ഷേമനിധി ബോർഡ് മുഖേന കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും നൽകിവരുന്ന കലാകാര പെൻഷൻ 3-12-2016-ലെ സ.ഉ.(എം.എസ്)നമ്പർ 22/2016 സാം.കാ.വ പ്രകാരം ആയിരം രൂപയിൽനിന്നും രണ്ടായിരം രൂപയായും 16-8-2017-ലെ സ.ഉ.(എം.എസ്) നമ്പർ 24/2017/സാം.കാ.വ പ്രകാരം 2000 രൂപയിൽനിന്നും 3000 രൂപയായും വർദ്ധിപ്പിച്ചിരുന്നു.

## പൊതു ലൈബ്രറികളുടെ ഉന്നമനം

83(4452) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായനാശീലം പൊതുവെ കുറയുന്നു എന്ന് പറയുമ്പോഴും സംസ്ഥാനത്ത് പൊതുലൈബ്രറികളുടെ എണ്ണം കൂടുന്നതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) രാജ്യത്ത് ഏറ്റവും കൂടുതൽ പൊതുലൈബ്രറികളുള്ള സംസ്ഥാനങ്ങളിൽ രണ്ടാം സ്ഥാനം കേരളത്തിനാണോയെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് പത്തുവർഷം മുമ്പ് 4889 ലൈബ്രറികളായിരുന്നെങ്കിൽ ഇപ്പോഴത് 8415 എണ്ണമായി ഉയരുകയുണ്ടായോ; എങ്കിൽ പൊതുലൈബ്രറികളുടെ ഉന്നമനത്തിനായി ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രാജാറാം മോഹൻ റോയ് ഫൗണ്ടേഷന്റെ ഔദ്യോഗിക വെബ് സൈറ്റിലെ പബ്ലിക് ലൈബ്രറീസ് സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം പൊതു ലൈബ്രറികളുള്ള സംസ്ഥാനങ്ങളിൽ രണ്ടാംസ്ഥാനം കേരളത്തിനാണ്.

(സി) 5-11-2019 വരെ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ 8636 ഗ്രന്ഥശാലകൾ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.

ഗ്രന്ഥശാലകളെ സാമൂഹിക വികസനത്തിന്റെ കേന്ദ്ര സ്ഥാനമാക്കുകയെന്നതാണ് പ്രഖ്യാപിത ലക്ഷ്യം. അതിനായി വികസന പ്രവർത്തനങ്ങളുടെ വിവര വിതരണ കേന്ദ്രമായും സേവനങ്ങൾ ലഭ്യമാക്കുന്ന കേന്ദ്രമായും വർത്തിക്കുന്ന ഇൗ-വിജ്ഞാന സേവന കേന്ദ്രങ്ങൾ ഗ്രന്ഥശാലകളിൽ പ്രവർത്തിക്കുന്നുണ്ട്. ബാലവേദികൾ, യുവജനവേദികൾ, വനിതാ വേദികൾ, ഗുരുസംഗമ വേദികൾ എന്നിവയുടെ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗത്തിനേയും ഗ്രന്ഥശാലാ പ്രവർത്തനത്തിൽ പങ്കാളികളാക്കുവാൻ കഴിയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഗ്രന്ഥശാലകളെ ആധുനികവൽക്കരിച്ച് സമഗ്ര സംവേദന കേന്ദ്രങ്ങളായും പ്രാദേശിക വികസന പ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനമായും മാറ്റാൻ കഴിയുന്നതാണ്.

**അവശകലാകരന്മാർക്കുള്ള പെൻഷൻ**

84(4453) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അവശകലാകാരന്മാർക്ക് പെൻഷൻ നൽകുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) ഏതു വകുപ്പിൽ നിന്നുമാണ് പെൻഷൻ ലഭിക്കുന്നത് എന്നും ഇതിന് അപേക്ഷ സമർപ്പിക്കേണ്ടതെവിടെയാണെന്നും വിശദീകരിക്കുമോ;

(സി) 2018-19 കാലയളവിൽ എത്ര പേർക്ക് പ്രസ്തുത പെൻഷൻ അനുവദിച്ചുവെന്ന് വിശദീകരിക്കുമോ;

(ഡി) കരുനാഗപ്പള്ളി നിവാസികളായ തൊടിയൂർ വസന്തകുമാരി,ധർമ്മജൻ എന്നിവർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടോ ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പ്രതിമാസം ധനസഹായം നൽകുന്ന പദ്ധതിപ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന അർഹതയുള്ള ഓരോ കലാകാരന്മാർക്കും 1500 രൂപ നിരക്കിൽ പെൻഷൻ നൽകുന്നുണ്ട്.

(ബി) സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം വഴിയാണ് പ്രസ്തുത പെൻഷൻ നൽകുന്നത്. കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള ഫോക്‌ലോർ അക്കാദമി, മഹാകവി മോയിൻകുട്ടിവൈദ്യർ മാപ്പിളകലാ അക്കാദമി എന്നീ അക്കാദമികൾ മുഖേനയും സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ നേരിട്ടും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(സി) 2018-19 കാലയളവിൽ 2019 മാർച്ച് മാസം വരെ 2822 പേർക്ക് പ്രസ്തുത പെൻഷൻ നൽകിയിട്ടുണ്ട്.

(ഡി) കരുനാഗപ്പള്ളി നിവാസിയായ ശ്രീമതി തൊടിയൂർ വസന്ത കുമാരിക്ക് പെൻഷൻ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പെൻഷൻ അനുവദിക്കുന്നതിനായി ശ്രീ. ധർമ്മജൻ എന്ന പേരിലുള്ള അപേക്ഷ ലഭിച്ചതായി കാണുന്നില്ല.

**തൃശ്ശൂർ സാഹിത്യ അക്കാദമിയുടെ പുസ്തകങ്ങൾ**

85(4454) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സാഹിത്യ അക്കാദമിയിൽ സൂക്ഷിച്ചിട്ടുള്ള പുസ്തകങ്ങളുടെ എണ്ണം വെളിപ്പെടുത്തുമോ;

(ബി) കാലപ്പഴക്കംമൂലവും ചിതലരിച്ചും മറ്റും എത്ര പുസ്തകങ്ങൾ നശിച്ചു പോയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഒരു വർഷം ശരാശരി എത്ര പുസ്തകങ്ങൾ സാഹിത്യ അക്കാദമിയിൽ അച്ചടിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ഡി) പുസ്തകങ്ങൾ ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; എത്ര പുസ്തകങ്ങൾ ഡിജിറ്റൽ ലൈബ്രറിയിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേരള സാഹിത്യ അക്കാദമിയിൽ 519 ടൈറ്റിലുകളിലായി 2,87,000 -ത്തിൽപ്പരം പുസ്തകങ്ങൾ സൂക്ഷിച്ചിട്ടുണ്ട്.

(ബി) കണക്കാക്കിയിട്ടില്ല. എന്നാൽ അത്തരത്തിൽ വലിയ നാശനഷ്ടങ്ങളൊന്നും നാളിതുവരെ ഉണ്ടായിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കഴിഞ്ഞ പത്തു വർഷമായി ഏകദേശം 40 പുസ്തകങ്ങൾ വച്ച് അച്ചടിക്കുന്നു.

(ഡി) കേരള സാഹിത്യ അക്കാദമയിൽ പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 1,000 പുസ്തകങ്ങൾ പൂർത്തീകരിച്ചു. പകർപ്പവകാശത്തിന്റെ പരിധിയിൽപ്പെടാത്ത 1,200 ഓളം പുസ്തകങ്ങൾ www.keralasahithyaakademi.org/onlinelibrary എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ഇതുവരെ 11,717 പുസ്തകങ്ങൾ സ്കാൻ ചെയ്ത് പി.ഡി.എഫ്. രൂപത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിലെ ഇൻഡോ-ഷാർജ പ്രോജക്ട്

86(4455) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡോ- ഷാർജ പ്രോജക്ട് സ്ഥാപിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പദ്ധതിക്കായി എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കുന്നതെന്നും പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിൽ ഒളവണ്ണ വില്ലേജിൽ ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ, അന്താരാഷ്ട്ര നിലവാരമുള്ള കൺവെൻഷൻ സെന്റർ, സാംസ്കാരിക സമുച്ചയം എന്നിവ സ്ഥാപിക്കുന്നതിന് 30 ഏക്കർ 40 സെന്റ് സ്ഥലം ഡയറക്ട്/നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി സാംസ്കാരിക വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള അർത്ഥനാ പത്രം കോഴിക്കോട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി ഭൂമിയുടെ പെഗ് മാർക്കിംഗും ജോയിന്റ് ഇൻസ്പെക്ഷനും പൂർത്തിയാക്കിയിട്ടുണ്ട്. സാമൂഹികാഘാത പഠനം നടത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ നടന്നുവരുന്നു.

ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ, അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സ്മാരക സാംസ്കാരിക സമുച്ചയം എന്നിവയാണ് പദ്ധതിയിൻകീഴിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

**ഇരിങ്ങാലക്കുട മണ്ഡലത്തിലെ സാംസ്കാരിക വകുപ്പിന്റെ പദ്ധതികൾ**

87(4456) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാംസ്കാരിക വകുപ്പിനുകീഴിൽ ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

സംസ്ഥാന സാംസ്കാരിക വകുപ്പ് ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ പ്രത്യേകം പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ സംസ്ഥാന വ്യാപകമായി വകുപ്പ് നടപ്പിലാക്കിവരുന്ന വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതിയിൻകീഴിൽ ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ഇരിങ്ങാലക്കുട വെള്ളാങ്കല്ലൂർ, മാള, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി എന്നീ നാലു ക്ലസ്റ്ററുകളിലായി നിയോഗിക്കപ്പെട്ട 15 കലാകാരന്മാർ നിരവധി പഠിതാക്കൾക്ക് ക്ലാസിക്കൽ, ലളിതകല, അഭിനയകല, ഫോക്‌ലോർ എന്നീ വിഭാഗങ്ങളിൽ പരിശീലനം നൽകിവരുന്നു.

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിൽ പ്രവർത്തിക്കുന്ന വാദ്യകുലപതി പല്ലാവൂർ അപ്പുമാരാർ സ്മാരക വാദ്യ ആസ്വാദക സമിതിയുടെ നേതൃത്വത്തിൽ

താളവാദ്യ മഹോത്സവം എന്ന പരിപാടി സംഘടിപ്പിക്കുന്നതിന് പ്രോത്സാഹനമായി 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലായി സാംസ്കാരിക വകുപ്പിന്റെ അനാവർത്തന ഗ്രാന്റായി 50,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പിന്റെ അനാവർത്തന ഗ്രാന്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കുടയിൽ പ്രവർത്തിക്കുന്ന ഉണ്ണായി വാര്യർ സ്മാരക കലാനിലയത്തിന്റെ പ്രവർത്തനങ്ങൾക്കായി 23-11-2016-ലെ സ.ഉ.(സാ.ധാ) നമ്പർ 391/2016/സാം.കാ.വ. ഉത്തരവ് പ്രകാരം വാർഷിക/ ആവർത്തന ഗ്രാന്റായി 50 ലക്ഷം രൂപ വീതം അനുവദിച്ചുപോരുന്നു.

## വിദ്യാർത്ഥികളിൽ പാർലമെന്ററി അവബോധം വർദ്ധിപ്പിക്കുന്നതിന് നടപടി

88(4457) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ പാർലമെന്ററി അവബോധം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ പാർലമെന്ററി അവബോധം വർദ്ധിപ്പിക്കുന്നതിനായി ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂൾ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, സ്കൂൾ സെമിനാറുകൾ എന്നിവയും കോളേജ് തലത്തിൽ മോഡൽ പാർലമെന്റ്, സെമിനാറുകൾ എന്നിവയും സംഘടിപ്പിച്ചുവരുന്നു. കൂടാതെ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി പാർലമെന്ററി ഡെമോക്രസിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഉപന്യാസം/ക്വിസ്/പ്രസംഗ മത്സരങ്ങളും സംഘടിപ്പിക്കുന്നു.

## സാംസ്കാരിക പ്രവർത്തന ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

89 (4458) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തന ക്ഷേമനിധി ബോർഡിൽനിന്ന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ബോർഡിൽ അംഗത്വം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ ഈ ബോർഡിൽനിന്ന് എത്രപേർക്ക് ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്നും എന്താണ് ആനുകൂല്യങ്ങളെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനരീതി എന്താണെന്നും ബോർഡിന് എല്ലാ ജില്ലകളിലും ഓഫീസുകൾ ഉണ്ടോ എന്നും അറിയിക്കാമോ?

ഉത്തരം

(എ) ചികിത്സാ സഹായം, വിവാഹ ആനുകൂല്യം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തര ചെലവ്/സഹായം, പെൻഷൻ, ഫാമിലി പെൻഷൻ എന്നീ ആനുകൂല്യങ്ങൾ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽനിന്നും നൽകിവരുന്നു.

(ബി) പതിനെട്ടുവയസ്സ് പൂർത്തിയായിട്ടുള്ളവരും എന്നാൽ അറുപത് വയസ്സ് പൂർത്തിയായിട്ടില്ലാത്തവരുമായ ഓരോ സാംസ്കാരിക പ്രവർത്തകനും ക്ഷേമനിധിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹതയുണ്ടാ യിരിക്കുന്നതാണ്. സാംസ്കാരിക പ്രവർത്തകൻ, അയാൾ ആക്ടിന്റെ അർത്ഥ വ്യാപ്തിയിൽപ്പെടുന്ന ഒരു സാംസ്കാരിക പ്രവർത്തകനാണെന്നുള്ളതിന് ബന്ധപ്പെട്ട അക്കാദമിയിൽനിന്നോ ട്രേഡ് ബോഡിയിൽനിന്നോ സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും നികായത്തിൽനിന്നോ സമാജത്തിൽനിന്നോ ഉള്ള ഒരു ശിപാർശ സർട്ടിഫിക്കറ്റ് ആക്ടിനുകീഴിലുള്ള നിധിയിൽ അംഗത്വം ലഭിക്കുന്നതിനുള്ള ഒരാവശ്യകത എന്ന നിലയിൽ ഹാജരാക്കേണ്ടതാണ്. ആക്ടിൽ നിർവചിച്ചിരിക്കുന്ന ഒന്നിലധികം സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സാംസ്കാരിക പ്രവർത്തകൻ ഫണ്ടിലേയ്ക്കുള്ള അംഗത്വത്തിനായി ബന്ധപ്പെട്ട ഒരു അക്കാദമിയോ ട്രേഡ് ബോഡിയോ അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച ഏതെങ്കിലും നികായമോ സമാജമോ തിരഞ്ഞെടുക്കേണ്ടതും അത്തരം തെരഞ്ഞെടുപ്പ് ഒരിക്കൽ വിനിയോഗിച്ചാൽ അത് അന്തിമമായിരിക്കുന്നതുമാണ്.

1-ാം ഉപവകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്യാൻ അർഹതയുള്ള ഓരോ സാംസ്കാരിക പ്രവർത്തകനും അദ്ദേഹം അപ്രകാരം ചെയ്യുന്നതിന് ആഗ്രഹിക്കുന്ന പക്ഷം അദ്ദേഹത്തിന്റെ പേര് പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നിധിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

ആക്ടിലേയും അതിൻകീഴിലുണ്ടാക്കിയ പദ്ധതികളുടെയും പ്രാരംഭത്തിനു മുൻപ് അറുപത് വയസ്സ് പൂർത്തിയായിട്ടുള്ള ഒരു സാംസ്കാരിക പ്രവർത്തകൻ പദ്ധതിയിൽ നിർദ്ദേശിക്കുന്ന രീതിയിലും കാലയളവിനുള്ളിലും ഏറ്റവും കുറഞ്ഞ പെൻഷൻ ലഭിക്കുന്നതിനായി അയാളുടെ പേര് നിധിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

അപേക്ഷകന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിപ്രകാരം ക്ഷേമനിധിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയോടൊപ്പം ഓരോ അംഗവും അപേക്ഷാ ഫീസ് നൽകേണ്ടതാണ്. അപേക്ഷാ ഫീസ് നേരിട്ട് പണമായോ സെക്രട്ടറിയുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായോ അടയ്ക്കാവുന്നതാണ്. ചലച്ചിത്ര മേഖലയിലെ നിർമ്മാതാവ്, സംവിധായകൻ, ചിത്ര സംയോജകൻ, ഗാനരചയിതാവ്, ക്യാമറാ സംവിധായകൻ, വിതരണക്കാരൻ, അഭിനേതാവ്, ടെലിവിഷൻ സീരിയലുകളിലെ അഭിനേതാവ്, സ്റ്റുഡിയോകളുടെയും ലാബുകളുടെയും ഉടമകൾ, തീയേറ്റർ ഉടമകൾ എന്നിവർക്ക് 200 രൂപയും മറ്റ് കലാ-സാംസ്കാരിക സാഹിത്യ രംഗങ്ങളിലുള്ളവർക്ക് 50 രൂപയുമാണ് അപേക്ഷാ ഫീസും പ്രതിമാസ അംശദായവും.

(സി) നിലവിൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽനിന്നും 2792 പേർക്ക് പെൻഷനും 107 പേർക്ക് ഫാമിലി പെൻഷനും നൽകിവരുന്നു. പെൻഷൻ നൽകുന്നവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | പെൻഷൻ നൽകുന്നവരുടെ എണ്ണം | ഫാമിലി പെൻഷൻ നൽകുന്നവരുടെ എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | 477 | 27 |
| 2 | കൊല്ലം | 378 | 6 |
| 3 | പത്തനംതിട്ട | 49 | 1 |
| 4 | ആലപ്പുഴ | 260 | 2 |
| 5 | കോട്ടയം | 117 | 4 |
| 6 | ഇടുക്കി | 6 | Nil |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | എറണാകുളം | 323 | 10 |
| 8 | തൃശ്ശൂർ | 215 | 10 |
| 9 | പാലക്കാട് | 161 | 8 |
| 10 | മലപ്പുറം | 40 | 3 |
| 11 | കോഴിക്കോട് | 274 | 15 |
| 12 | വയനാട് | 10 | 1 |
| 13 | കണ്ണൂർ | 297 | 13 |
| 14 | കാസർഗോഡ് | 185 | 7 |

(ഡി) കേരള സംസ്ഥാനത്ത് വിവിധ കലാ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിരുന്നവരോ ആയ സാംസ്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ, ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി രൂപീകരിച്ച സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയുടെ നടത്തിപ്പിനും നിധിയിൽനിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും വേണ്ടിയാണ് കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിപ്രകാരം രൂപീകരിച്ച ക്ഷേമനിധിയിൽ നിക്ഷിപ്തമായിരിക്കുന്ന കാര്യങ്ങളുടെ ഭരണ നിർവ്വഹണം നടത്തുക, പദ്ധതി പ്രകാരം കല, സാഹിത്യം, സാംസ്കാരികം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ആവശ്യമായ പ്രചോദനവും പിൻബലവും പ്രോത്സാഹനവും നൽകുക, ഉപജീവനത്തിനായി കല, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിൽ വിഭിന്നമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സാംസ്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനും ക്ഷേമത്തിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുക, ഇവയുടെ കണക്കുകളും രജിസ്റ്ററുകളും ശരിയായി സൂക്ഷിക്കുക, കല, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന പ്രവർത്തകരുടെ ക്ഷേമത്തിന് ആവശ്യമായ പൊതു മാർഗ്ഗരേഖകൾ തയ്യാറാക്കുക, സാംസ്കാരിക പ്രവർത്തകക്ഷേമനിധി ആക്ടിന്റെ ഭരണ നിർവ്വഹണത്തിന് ആവശ്യമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുക, ബോർഡിന്റെ ആഡിറ്റ് ചെയ്ത വാർഷിക സാമ്പത്തികകാര്യ സ്റ്റേറ്റ്മെന്റ് സർക്കാരിന് സമർപ്പിക്കുക, സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന ചുമതലകൾ ഏറ്റെടുക്കുക എന്നിവയാണ് ബോർഡിന്റെ പ്രവർത്തനങ്ങൾ.

തിരുവനന്തപുരം ആസ്ഥാനമായ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന് മറ്റ് ജില്ലകളിൽ ഓഫീസുകളില്ല.

## സീനിയറേജ് തുക ഒഴിവാക്കിയത് സംബന്ധിച്ച്

90 (4459) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പാട്ടം നൽകിയ തോട്ടങ്ങളിലെ റബ്ബർ മരം മുറിയ്ക്കുമ്പോൾ ഒരു ക്യൂബിക് മീറ്റർ തടിക്ക് വനം വകുപ്പിൽ ഒടുക്കേണ്ടിയിരുന്ന സീനിയറേജ് തുക എത്രയായിരുന്നു ;

(ബി) പ്രസ്തുത സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് റിട്ട.ജസ്റ്റിസ് കൃഷ്ണൻ നായർ സമർപ്പിച്ച റിപ്പോർട്ടിൽ ഈ സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കുന്നതിന് ശിപാർശ ചെയ്തിരുന്നുവോ; വ്യക്തമാക്കുമോ;

(ഡി) കേരള ഗ്രാന്റ്സ് ആൻഡ് ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ് ) ആക്ട് 1980 -ലെ ചട്ടങ്ങൾ പ്രകാരം വനം വകുപ്പ് കൃഷിക്കായി പാട്ടത്തിനു നൽകിയ ഭൂമിയിൽ നിന്നും സീനിയറേജ് തുക ഈടാക്കുവാൻ വ്യവസ്ഥയുള്ളപ്പോൾ പ്രസ്തുത തുക പൂർണ്ണമായും ഒഴിവാക്കി ആയിരക്കണക്കിന് ഏക്കർ സർക്കാർ ഭൂമി കൈവശം വച്ചിരിയ്ക്കുന്ന ഹാരിസൺ മലയാളം ലിമിറ്റഡിൽ നിന്നും മറ്റു വൻകിട കമ്പനികളിൽ നിന്നും ഖജനാവിൽ ലഭ്യമാകേണ്ടിയിരുന്ന കോടിക്കണക്കിന് രൂപ നഷ്ടപ്പെടുത്താനുള്ള കാരണമെന്താണ് ;

(ഇ) സീനിയറേജ് തുക പൂർണമായും ഒഴിവാക്കിയ നടപടിയുടെ യഥാർത്ഥ ഗുണഭോക്താക്കൾ ചെറുകിട, ഇടത്തരം റബ്ബർ കർഷകരല്ല മറിച്ച് വൻകിട കുത്തക കമ്പനികളാണെന്നുള്ളതിനാൽ സീനിയറേജ് തുക ഒഴിവാക്കിയ നടപടി റദ്ദ് ചെയ്യുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) റബ്ബർ മരത്തടിക്ക് ക്യൂബിക് മീറ്ററിന് 2500 രൂപയും വിറക് ഒരു മെട്രിക് ടണ്ണിന് 900 രൂപയും ആയിരുന്നു.

(ബി) 27-6-2018 -ലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ 24/2018/വനം പ്രകാരം സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*).

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ശിപാർശ നൽകിയിരുന്നു. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ നിയോഗിച്ച റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ, തോട്ടം മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള പരിഹാര നിർദ്ദേശങ്ങൾ ടി റിപ്പോർട്ടിന്റെ അദ്ധ്യായം 7-ൽ നൽകിയിട്ടുണ്ട്. അതിൽ സൂചിക-5 -ൽ "തോട്ടങ്ങളിൽ നിന്നും റബ്ബർ മരങ്ങൾ റീപ്ലാന്റേഷനുവേണ്ടി മുറിച്ചു മാറ്റുന്ന സന്ദർഭങ്ങളിൽ വനംവകുപ്പ് സീനിയറേജ് നിരക്ക് ഈടാക്കുന്നത് നിർത്തലാക്കണം" എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ നിയോഗിച്ച റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ, തോട്ടം മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള പരിഹാര നിർദ്ദേശങ്ങൾ ടി റിപ്പോർട്ടിന്റെ അദ്ധ്യായം 7-ൽ നൽകിയിട്ടുണ്ട്. അതിൽ സൂചിക-5-ൽ "തോട്ടങ്ങളിൽനിന്നും റബ്ബർ മരങ്ങൾ റീപ്ലാന്റേഷനുവേണ്ടി മുറിച്ചു മാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് നിരക്ക് ഈടാക്കുന്നത് നിർത്തലാക്കണം" എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിക്കുകയും മേൽ കമ്മിറ്റിയുടെ 27-9-2017-ന കൂടിയ യോഗത്തിൽ റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് നിലവിലുണ്ടായിരുന്ന ഒരു ക്യൂബിക് മീറ്ററിന് 2500 രൂപ എന്ന നിരക്കിൽനിന്നും 1000 രൂപയായി കുറയ്ക്കുവാൻ ശിപാർശ ചെയ്യുകയുമുണ്ടായി. അതിനുശേഷം 26.02.2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൊഴിൽ വകുപ്പുമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെയും തൊഴിലാളി യൂണിയൻ നേതാക്കളുടെയും യോഗം ചേരുകയും ടി യോഗത്തിൽ "റബ്ബർ മരങ്ങൾ മുറിച്ച് മാറ്റാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്ന സാഹചര്യത്തിൽ റീ പ്ലാന്റിംഗിന് അവസരം സൃഷ്ടിക്കുന്നതിനായി സീനിയറേജ് ഒഴിവാക്കുന്നത് പരിഗണിക്കുന്നതാണ്." എന്ന് തീരുമാനിച്ചിട്ടുണ്ട്. റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ നിർദ്ദേശത്തിന്റെയും 26.02.2018-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന തൊഴിലാളി യൂണിയൻ നേതാക്കളുടെയും ഉന്നത ഉദ്യോഗസ്ഥന്മാരുടെയും യോഗത്തിലെ തീരുമാനത്തിന്റെയും വെളിച്ചത്തിൽ, റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിലാണ് റബ്ബറിന്റെ സീനിയറേജ് ഒഴിവാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത്.

(ഇ) സീനിയറേജ് തുക ഒഴിവാക്കിയ ഉത്തരവിൽ ചെറുകിട, ഇടത്തരം, വൻകിട റബ്ബർ കർഷകർ എന്ന് വേർതിരിച്ചിട്ടില്ലാത്തതാകുന്നു.

## വനഭ്രമിക്ക് തുല്യമായ ഇടങ്ങളെ കൽപ്പിത വനങ്ങളായി പ്രഖ്യാപിക്കാൻ നടപടി

91(4460) ശ്രീ. കെ. എൻ. എ. ഖാദർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമെന്ന് രേഖപ്പെടുത്താത്തതും എന്നാൽ വനഭ്രമിക്ക് തുല്യമായി കണക്കാക്കാവുന്നതുമായ ഇടങ്ങളെ കല്പിതവനങ്ങളായി പ്രഖ്യാപിക്കണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രത്യേക സമിതിയെ നിയോഗിച്ച് സംസ്ഥാനത്ത് ഇത്തരത്തിലുള്ള ഭ്രമികൾ കണ്ടെത്തുന്നതിനും ഇവയെ കല്പിതവനങ്ങളായി വിജ്ഞാപനം ചെയ്യുന്നതിനും ഉള്ള പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 12-12-1996-ലെ WP(C) നമ്പർ 202/95-ലെ വിധി പ്രകാരം റിസർവ് വനങ്ങളും വനമായി സർക്കാർ റിക്കാർഡുകളിൽ പ്രതിപാദിച്ചിരിക്കുന്ന വനങ്ങളുമല്ലാത്ത dictionary meaning-ൽ ഉള്ള വനഭ്രമിയും വനമായി കണക്കാക്കേണ്ടതുണ്ട്. ടി സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 10-1-1997-ലെ G.O(Rt) 15/97-F&WLD, 24-1-1997-ലെ G.O(Rt)30/97-F&WLD പ്രകാരമുള്ള ഉത്തരവുകളിലൂടെ ഇപ്രകാരമുള്ള വനഭ്രമികൾ കണ്ടെത്തുന്നതിന് ഒരു വിദഗ്ദ്ധ സമിതിക്ക് രൂപം നൽകി. ടി വിദഗ്ദ്ധ സമിതി കേരളത്തിലെ സുപ്രീംകോടതി വിധി പ്രകാരമുള്ള വിവിധ തരത്തിലുള്ള വനഭ്രമികൾ കണ്ടെത്തി 1997 -ൽ റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി.

(ബി) വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടാണ് സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ സത്യവാങ്മൂലത്തിനൊപ്പം ഫയൽ ചെയ്തിട്ടുള്ളത്. ടി വിദഗ്ദ്ധ സമിതി റിപ്പോർട്ടിന്റെ സംക്ഷിപ്തം അനുബന്ധമായി ചേർക്കുന്നു+

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രത്യേക സമിതിയെ 1997-ൽ തന്നെ നിയോഗിച്ചിട്ടുള്ളതും സമിതിയുടെ റിപ്പോർട്ട് 1997-ൽ തന്നെ തയ്യാറാക്കി സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. സമിതി റിപ്പോർട്ടിനുശേഷം 2000 വർഷത്തിൽ Eclogically Fragile Land Ordinance-ഉം തുടർന്ന് EFL Act 2003 -ഉം നിലവിൽ വന്നിട്ടുള്ളതാണ്. ടി EFL ആക്ടിന്റെ സെക്ഷൻ 3 -ന്റെ കീഴിൽ റിസർവ് വനത്തിനോടും വെസ്റ്റഡ് ഫോറസ്റ്റിനോടും തുടർച്ചയായി കിടക്കുന്ന 13,912.1452 ഹെക്ടർ വനഭൂമി EFL ആയി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം വിജ്ഞാപനം ചെയ്തിരിക്കുന്ന EFL-ന് 1961-ലെ കേരള വനനിയമത്തിലെ കൽപ്പിത റിസർവ് വനത്തിന്റെ legal status ഉള്ളതാണ്. 2003 -ൽ കോഴിക്കോട് ജില്ലയിൽപ്പെടുന്ന 20.78 ഹെക്ടർ വള്ളിക്കുന്ന് കണ്ടൽ റിസർവ് വനമായി കേരള വനനിയമത്തിലെ സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2006-ൽ 3200 ഹെക്ടർ സ്ഥലം കുറിഞ്ഞിമല സാങ്ച്വറിയായി 1972-ലെ വന്യജീവി (സംരക്ഷണ) നിയമപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. 2006-ൽ 440.06 ഹെക്ടർ വാഗമൺ പ്രൊപ്പോസ്ഡ് റിസർവ് ആയി 1961-ല കേരള വനനിയമം സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. 2007 വർഷത്തിൽ 9005.72 ഹെക്ടർ സ്ഥലം മാങ്കുളം പ്രൊപ്പോസ്ഡ് റിസർവ്വായി 1961-ലെ കേരള വന നിയമം സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്.

2010 വർഷത്തിൽ 17066.49 ഏക്കർ കണ്ണൻ ദേവൻ റിസർവ് ആയി കേരള വന നിയമം സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ടി സംഗതിയിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് മേൽ പ്രസ്താവിച്ച കാര്യങ്ങളിൽനിന്നും വ്യക്തമാണ്. കൂടാതെ, കേരള വനനിയമപ്രകാരം "Land at the disposal of Government" മാത്രമേ റിസർവ് വനമാക്കാൻ സാധിക്കുകയുള്ളൂ. ആകയാൽ കാവുകൾപോലുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള വനങ്ങളെ കേരള വനനിയമപ്രകാരം റിസർവ് വനങ്ങളാക്കാവുന്നതല്ല.

## ആനക്കാംപൊയിലിൽ ഇൻസ്പെക്ഷൻ ബംഗ്ലാവ് നിർമ്മാണം

92 (4461) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ ആനക്കാംപൊയിലിൽ വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് ഇൻസ്പെക്ഷൻ ബംഗ്ലാവും വിശ്രമ മന്ദിരവും നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ആനക്കാംപൊയിലിൽ ഇൻസ്പെക്ഷൻ ബംഗ്ലാവും വിശ്രമ മന്ദിരവും നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ആനക്കാംപൊയിലിൽ വിശ്രമ മന്ദിരമോ ഇൻസ്പെക്ഷൻ ബംഗ്ലാവോ സ്ഥാപിക്കേണ്ട ആവശ്യമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കാർബൺ ന്യൂട്രൽ**

93 (4462) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർബൺ ന്യൂട്രൽ എന്ന ആശയം ലോകവ്യാപകമായി സജീവമാകുന്നതിനാൽ അന്തരീക്ഷ മലിനീകരണം തടയുന്നതിനും ഓക്സിജന്റെ അളവ് വർദ്ധിപ്പിക്കുന്നതിനും മുള വ്യാപകമായി നട്ടുപിടിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിയ്ക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഹരിതകേരളം പദ്ധതിയോടനുബന്ധിച്ച് മുളം തൈകൾ തയ്യാറാക്കി വിതരണം ചെയ്യുകയും വകുപ്പ് നേരിട്ടും സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ എന്നിവയുമായി സംയുക്തമായും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനായി 2019 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 1,74,900 വിവിധയിനം തൈകൾ ഉൽപ്പാദിപ്പിച്ച് വനംവകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. വരും വർഷങ്ങളിലും വിവിധയിനം തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതാണ്.

**വനമേഖലയിലെ ഖനനത്തിന് ദൂരപരിധി**

94(4463) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങളുടെ പത്ത് കിലോമീറ്റർ ദൂരപരിധിയിൽ ഖനനം പാടില്ല എന്ന നിയമത്തിന് മാറ്റം വരുത്തി ഒരു കിലോമീറ്റർ ദൂരപരിധിയാക്കി മാറ്റുന്ന വിഷയം സർക്കാർ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള തീരുമാനത്തിലൂടെ പരിസ്ഥിതിക്ക് എന്തെല്ലാം പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നാണ് വകുപ്പ് വിലയിരുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) ഇത്തരത്തിലുള്ള തീരുമാനം കൊണ്ട് എന്തെല്ലാം പ്രയോജനങ്ങൾ ഉണ്ടാവുമെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും അതിർത്തിയിൽനിന്ന് 10 കി.മീറ്റർ ദൂരപരിധിയിൽ ദേശീയ വന്യജീവി ബോർഡിന്റെ അനുമതിയോടെ മാത്രമെ ഖനനം പാടുള്ളൂവെന്ന കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും ചുറ്റും പരിസ്ഥിതി സംവേദക മേഖലകൾ പ്രഖ്യാപിച്ച് വിജ്ഞാപനം പ്രാബല്യത്തിൽ വരുന്നതുവരെ മാത്രമാണ്.

31-10-2019-ലെ സർക്കാർ ഉത്തരവ് (കൈ)നം.29/2019/വനം (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+) പ്രകാരം സംരക്ഷിത പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള 0 മുതൽ 1 കി.മീറ്റർ വരെ പരിസ്ഥിതി സംവേദക മേഖലയായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടി കരട് വിജ്ഞാപനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവും സുപ്രീം കോടതിയും നിശ്ചയിച്ച മാനദണ്ഡങ്ങളുടെയും വിവിധ സമിതികൾ നടത്തിയ പഠനത്തിലെ ഡാറ്റാ, NCESS നൽകിയ ഡാറ്റാ എന്നിവ അടിസ്ഥാനമാക്കി തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി&സി) പരിസ്ഥിതി സംവേദക മേഖലകളുടെ ദൂരപരിധി, പരിസ്ഥിതി സംവേദക മേഖലകളുടെ പരിപാലനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, പരിസ്ഥിതി സംവേദക മേഖലകൾകൊണ്ട് സംരക്ഷിത വനങ്ങൾക്കുണ്ടാകുന്ന ഗുണകരമായ കാര്യങ്ങൾ, കൂടാതെ പരിസ്ഥിതിക്കുണ്ടാകുന്ന പ്രയോജനങ്ങളും പ്രത്യാഘാതങ്ങളും തുടങ്ങിയവ വിലയിരുത്തിയാണ് കരട് വിജ്ഞാപനം തയ്യാറാക്കുന്നതിന് ഉദ്ദേശിക്കുന്നത്.

## നഗര കേന്ദ്രീകൃത വനവൽക്കരണ പദ്ധതികൾ

95 (4464) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന വായു മലിനീകരണം തടയാൻ ഊർജ്ജിത നഗര കേന്ദ്രീകൃത വനവൽക്കരണ പദ്ധതികൾ ആവശ്യമാണെന്ന് കരുതുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(ബി) നഗര പ്രദേശങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിൽ മരങ്ങൾ വളർത്തി ചെറുവനങ്ങൾ ഉണ്ടാക്കുവാൻ ഉതകുന്ന നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കരുതുന്നുണ്ട്. വായുമലിനീകരണം തടയാൻ ഊർജ്ജിത നഗര കേന്ദ്രീകൃത വനവൽക്കരണ പദ്ധതികൾ ആവശ്യമാണ്. സംസ്ഥാനത്ത് സോഷ്യൽ ഫോറസ്ട്രി വിഭാഗം അർബൻ ഫോറസ്ട്രി എന്ന പദ്ധതിയിലൂടെ വിവിധ ഏജൻസികളുടെ സഹായത്തോടെ തലസ്ഥാന നഗരത്തെ ഹരിതനഗര മാക്കുന്നതിനുള്ള പദ്ധതി 2014-ൽ ആരംഭിച്ചിരുന്നു. നഗരങ്ങളിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനും മലിനീകരണം കുറയ്ക്കുന്നതിനും ഹരിതാഭമാക്കുന്നതിനു മായിട്ടാണ് അർബൻ ഫോറസ്ട്രി പദ്ധതി രൂപീകരിച്ചത്. ഇതുപ്രകാരം വിവിധ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(ബി) നഗരപ്രദേശങ്ങളിൽ ചെറുവനങ്ങൾ ഉണ്ടാക്കുവാനുള്ള നടപടികൾ വനം വകുപ്പിന്റെ പരിഗണനയിലുണ്ട്. നിലവിൽ വനം വകുപ്പ് നേരിട്ടും വിവിധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പദ്ധതി എന്നിവയുമായി സംയുക്തമായും പൊതു സ്ഥലങ്ങളിൽ തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഈ വർഷം ഇപ്രകാരം നട്ടുപിടിപ്പിക്കുന്നതിനായി 3,00,000 വലിയ കൂടത്തൈകൾ വനം വകുപ്പ് ഉപയോഗിച്ചിട്ടുണ്ട്.

**വിവിധ സാമൂഹ്യവൽക്കരണ പരിപാടികൾ**

96 (4465) ശ്രീ. എം. രാജഗോപാലൻ
ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. പി. ഉണ്ണി
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എന്റെ മരം പദ്ധതി വഴി സ്കൂൾ കുട്ടികൾക്കും ഹരിത കേരളം മിഷന്റെ ഭാഗമായി പഞ്ചായത്തുകൾക്കും വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) വിവിധ സാമൂഹ്യവനവത്ക്കരണ പരിപാടികളിലൂടെ സംസ്ഥാനത്തുടനീളം വിതരണം ചെയ്ത് നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളുടെ അതിജീവന കണക്കെടുപ്പ് നടത്തുന്നതിന് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കണക്കെടുപ്പിൽ അതിജീവന നിരക്ക് എത്ര ശതമാനമെന്നാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം നട്ടുപിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെ പരിപാലനം റസിഡന്റ്സ് അസോസിയേഷനുകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ മുതലായവയെ ഏൽപ്പിച്ച് അതിജീവന നിരക്ക് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എന്റെ മരം പദ്ധതി പ്രകാരം സംസ്ഥാനമൊട്ടാകെ 8832 സ്കൂളുകൾക്ക് 33.71 ലക്ഷം തൈകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 8.78 ലക്ഷം തൈകളും വിതരണം ചെയ്തിട്ടുണ്ട്.

(ബി) പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ച തൈകളുടെ അതിജീവനം ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ, വനം വകുപ്പ്, മറ്റ് വിവിധ വകുപ്പുകളെയും ഏകോപിപ്പിച്ച് നടത്തിവരുന്നുണ്ട്. ഇതിനായി പൊതു വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും എല്ലാക്കൊല്ലവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ. പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ എന്നിവരുൾപ്പെട്ട കമ്മിറ്റിയും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും വളർച്ചയും വിലയിരുത്തുന്നതിനും അതിജീവന ശതമാനം കണക്കാക്കുന്നതിനും നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത് തലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാ വിധേയമാക്കി തുടർ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. 2016, 2017 വർഷങ്ങളിൽ സംസ്ഥാനത്ത് വിതരണം ചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ 2016-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ടെന്ന് സർവ്വെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(സി) കേരളത്തിൽ 2016-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ടെന്ന് സർവ്വെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്. 2018-ൽ വിതരണം ചെയ്ത തൈകളുടെ അതിജീവന നിരക്ക് കണക്കാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഈ വിഷയം നിലവിൽ പരിഗണനയിൽ ഇല്ല.

**അക്കേഷ്യ, മാഞ്ചിയം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനെതിരെ പ്രതിഷേധം**

97(4466) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കേഷ്യ, മാഞ്ചിയം പോലെയുള്ള വൃക്ഷങ്ങൾ വ്യാപകമായി വച്ച് പിടിപ്പിക്കുന്നതിനെതിരെ ജനങ്ങളുടെ പ്രതിഷേധം ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം മരങ്ങൾ കാരണമുണ്ടാകുന്ന പാരിസ്ഥിതിക സാമൂഹ്യ ആഘാതങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) അക്കേഷ്യ, മാഞ്ചിയം പോലെയുള്ള വൃക്ഷങ്ങൾ വ്യാപകമായി വച്ചു പിടിപ്പിക്കുന്നതിനെതിരെ ജനങ്ങളുടെ പ്രതിഷേധം ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പഠനം നടത്തിയിട്ടില്ല.

**ഓപ്പറേഷൻ ജന്മഭൂമി പദ്ധതി**

98(4467) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയമായ വൃക്ഷങ്ങൾ വച്ച്പിടിപ്പിക്കുന്ന ഓപ്പറേഷൻ ജന്മഭൂമി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽ ഏതൊക്കെ മരങ്ങളാണ് വച്ചുപിടിപ്പിക്കുന്നതെന്ന് അറിയിക്കുമോ;

(സി) വഴിവക്കുകളിൽ വച്ചുപിടിപ്പിക്കുന്ന വൃക്ഷതൈകൾ സംരക്ഷിക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപടി സ്വീകരിക്കാത്തതുമൂലം ഭൂരിഭാഗവും നശിച്ചുപോകുന്നുവെന്നത് വസ്തുതയല്ലേ; എങ്കിൽ ഒരു നിശ്ചിത കാലയളവിലേയ്ക്ക് അവ സംരക്ഷിക്കുന്നതിന് ശ്രദ്ധ പതിപ്പിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അങ്ങനെയൊരു പദ്ധതി സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നാൽ പൊതുസ്ഥലങ്ങളിലും സർക്കാർ സ്ഥാപനങ്ങളുടെ അധീനതയിലുമുള്ള സ്ഥലങ്ങളിൽ വനം വകുപ്പ് വച്ച് പിടിപ്പിച്ചതും റൊട്ടേഷൻ പ്രായം കഴിഞ്ഞതുമായ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയമായ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിനായി 'ഓപ്പറേഷൻ ജന്മഭൂമി' എന്ന പേരിൽ പദ്ധതി നടപ്പാക്കാൻ ആലോചിക്കുന്നുണ്ട്.

(ബി) തദ്ദേശീയ വൃക്ഷങ്ങളായ ഞാവൽ, മാവ്, പ്ലാവ്, ആഞ്ഞിലി, പേര, അത്തി, പുളി, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങളും കണിക്കൊന്ന, മരുത്, മണിമരുത്, ചമത, മന്ദാരം, ചെമ്പകം തുടങ്ങിയ പുഷ്പിക്കുന്ന വൃക്ഷങ്ങളും തടിയ്ക്കുപയോജ്യമായ തേക്ക്, ഈട്ടി, പൂവരശ്, കമ്പകം, കരിമരുത് തുടങ്ങിയവയും ഔഷധ ഇനത്തിൽപ്പെട്ട കാഞ്ഞിരം, കുമ്പിൾ, വേപ്പ്, കുടംപുളി, ചന്ദനം, ഉങ്ങ്, ആൽ, രക്തചന്ദനം, കൂവളം, താന്നി, അശോകം പതിമുഖം തുടങ്ങിയവയും നട്ടുപിടിപ്പിക്കാനാണ് ആലോചിക്കുന്നത്.

(സി) വഴിവക്കുകളിൽ വൃക്ഷത്തൈകൾ നടുന്നതോടൊപ്പംതന്നെ അവ സംരക്ഷിക്കുന്നതിനായി ട്രീ ഗാർഡുകൾ സ്ഥാപിക്കുന്നുണ്ട്. ഇപ്രകാരം നടുന്ന തൈകളുടെ പരിചരണം ഫണ്ട് ലഭ്യതയനുസരിച്ച് പരമാവധി 3 വർഷം വരെ വനം വകുപ്പ് നടത്തുന്നു. തുടർന്ന് മരങ്ങളുടെ സംരക്ഷണ ചുമതല വൃക്ഷത്തൈകൾ നട്ടിരിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പുകൾക്കാണ്.

**ചെങ്ങന്നൂർ മണ്ഡലത്തിലെ വനവൽക്കരണ പ്രവർത്തനങ്ങൾ**

99(4468) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെങ്ങന്നൂർ മണ്ഡലത്തിൽ വനവൽക്കരണ പ്രവർത്തനങ്ങൾക്കായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് അറിയിക്കുമോ; ആയതിനായി എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) മണ്ഡലത്തിലൂടെ ഒഴുകുന്ന പമ്പ, അച്ചൻകോവിൽ, വരട്ടാർ തുടങ്ങിയ ജലാശയങ്ങളുടെ തീരങ്ങളിൽ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ സോഷ്യൽ ഫോറസ്റ്റി ഡിവിഷനിലെ പരിധിയിൽ വരുന്ന ചെങ്ങന്നൂർ മണ്ഡലത്തിൽ വനവൽക്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് മണ്ഡലത്തിലെ വിവിധ സ്കൂളുകളിലും കോളേജുകളിലും മറ്റും ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി എന്റെ മരം, നമ്മുടെ മരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വെൺമണി സെന്റ് തോമസ് കോളേജ്, ആല എസ്.എൻ. ഹൈസ്കൂൾ, തിരുവൻവണ്ടൂർ ഹൈസ്കൂൾ എന്നിവിടങ്ങളിൽ ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് പദ്ധതി മുഖേന തൈകൾ നട്ടുപടിപ്പിക്കുകയുണ്ടായിട്ടുണ്ട്. മേൽ പ്രവൃത്തികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 17,35,152 രൂപ ആകെ ചെലവഴിച്ചിട്ടുള്ളതാണ്.

(ബി) 2019-ൽ പത്തനംതിട്ട ജില്ലയിൽ പമ്പാനദിയുടെയും അതിന്റെ കൈവഴികളുടെയും തീരത്ത് സോഷ്യൽ ഫോറസ്ട്രിയും ജില്ലാ ഭരണകൂടവും പഞ്ചായത്തുകളും സംയുക്തമായി 25000 മുളത്തൈകൾ നട്ടുപിടിപ്പിച്ച് പരിപാലിച്ചുവരുന്നുണ്ട്.

**സാമൂഹ്യവനവത്കരണം**

100(4469) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യവനവത്കരണവുമായി ബന്ധപ്പെട്ട് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിൽ 2016-17, 2018-19 കാലയളവിൽ പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയാണെന്നും, എന്തെല്ലാം പ്രവൃത്തികളാണ് പദ്ധതിയിലുൾപ്പെടുത്തി ഇക്കാലയളവിൽ ചെയ്തതെന്നും ജില്ലതിരിച്ചുള്ള വിശദാംശം നൽകാമോ;

(സി) 2018-19 വർഷത്തിൽ സാമൂഹ്യവനവത്കരണത്തിനായി എത്ര ലക്ഷം തൈകളാണ് ഉത്പാദിപ്പിച്ചതെന്നും ആയതിന് എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ;

(ഡി) സാമൂഹ്യവനവത്കരണത്തിന്റെ ഭാഗമായി എന്തെല്ലാം പുതിയ പദ്ധതികൾ എവിടെയെല്ലാം നടപ്പിലാക്കാനാണ് വനം വകുപ്പ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യവനവത്കരണവുമായി ബന്ധപ്പെട്ട് അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതി വിഹിതം (ലക്ഷത്തിൽ) |
|---|---|
| 2016-2017 | 1400.00 |
| 2017-2018 | 1400.00 |
| 2018-2019 | 1115.10 |
| 2019-2020 | 1400.00 |
| **ആകെ** | **5315.10** |

വനേതര പ്രദേശങ്ങളിലുള്ള വൃക്ഷവത്കരണത്തിനായാണ് പ്രസ്തുത തുക ചെലവഴിക്കുന്നത്. ഇതിനായി ഹരിതകേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, Institutional Plantation, കണ്ടൽ വനവൽക്കരണം, സ്വകാര്യ ഭൂമികളിൽ തടി ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ നിലവിലുണ്ട്. മേൽ പദ്ധതികളെല്ലാംതന്നെ ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ്, ജലസംരക്ഷണം ഉറപ്പാക്കുക, ഗാർഹിക വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കി തന്മൂലം വനാശ്രിതത്വം കുറച്ച് കാടിന്റെ സന്തുലിതമായ ആവാസ വ്യവസ്ഥ നിലനിർത്തുക എന്ന ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികൾക്കായി 2016-17, 2018-19 കാലയളവിൽ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | ചെലവഴിച്ച തുക (ലക്ഷത്തിൽ) | |
|---|---|---|
| | 2016-2017 | 2018-19 |
| തിരുവനന്തപുരം | 108.48 | 84.99 |
| കൊല്ലം | 120.95 | 74.97 |
| പത്തനംതിട്ട | 104.97 | 75.00 |
| ആലപ്പുഴ | 126.37 | 79.97 |

| | | |
|---|---|---|
| കോട്ടയം | 108.00 | 128.61 |
| എറണാകുളം (എൻ.എസ്.സി. കാലടി ഉൾപ്പെടെ) | 132.5 | 104.1 |
| തൃശ്ശൂർ | 89.93 | 75.00 |
| പാലക്കാട് | 87.50 | 97.00 |
| ഇടുക്കി | 90.00 | 75.00 |
| മലപ്പുറം | 41.62 | 71.41 |
| കോഴിക്കോട് | 47.27 | 60.53 |
| വയനാട് | 18.50 | 22.50 |
| കണ്ണൂർ | 49.45 | 64.06 |
| കാസർഗോഡ് | 85.25 | 86.89 |
| **ആകെ** | **1210.79** | **1100.03** |

(സി) 2018-19 വർഷത്തിൽ സാമൂഹ്യ വനവത്കരണത്തിനായി 78.15 ലക്ഷം തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തു. ഇതിനായി 961.94 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) സാമൂഹ്യ വനവത്കരണ വിഭാഗം വനേതര പ്രദേശങ്ങളിലുള്ള വൃക്ഷവത്കരണമാണ് നടത്തിവരുന്നത്. ഇതിനായി ഹരിതകേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, Institutional Plantation, കണ്ടൽ വനവത്ക്കരണം, സ്വകാര്യ ഭൂമികളിൽ തടി ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ നിലവിലുണ്ട്. മേൽ പദ്ധതികളെല്ലാംതന്നെ ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ്, ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതികളെല്ലാം തന്നെ ഫലപ്രദമായതിനാൽ വൃക്ഷ സമ്പത്ത് വർദ്ധിക്കാനിടയായിട്ടുണ്ട്. 2015-ലെ Forest Survey of India യുടെ ദ്വൈവാർഷിക റിപ്പോർട്ടിൽ കേരള സംസ്ഥാനത്തിൽ വനത്തിന് പുറത്ത് 28.49% വൃക്ഷാവരണം ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരളത്തിന്റെ വൃക്ഷാവരണത്തിൽ 1043 sqkm. വർദ്ധനവ്

ഉണ്ടായിയെന്ന് ഫോറസ്റ്റ് സർവെ ഓഫ് ഇൻഡ്യയുടെ 2017-ലെ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി പുതിയ പദ്ധതികളൊന്നും നടപ്പിലാക്കുന്ന കാര്യം പരിഗണനയിലില്ല.

## സാമൂഹ്യവനവത്കരണത്തിന്റെ ഭാഗമായ കണ്ടൽ കാടുകൾ

101(4470) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവനവത്കരണത്തിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി കണ്ടൽ വനങ്ങൾ വച്ചുപിടിപ്പിക്കുന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി സർക്കാർ ഉടമസ്ഥതയിലുള്ള ചതുപ്പ് പ്രദേശങ്ങളിൽ എൻ.എസ്.എസ്. വോളന്റിയർമാരെ ഉപയോഗിച്ച് കണ്ടൽ കാടുകൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; വിശദീകരിക്കുമോ;

(ഡി) ആലപ്പാട്, ക്ലാപ്പന ഗ്രാമപഞ്ചായത്തുകളിലെ കണ്ടൽ വനങ്ങൾ സംരക്ഷിക്കുന്നതിനും വിപുലീകരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യവനവത്കരണത്തിന്റെ ഭാഗമായി വനത്തിനുപുറത്തുള്ള വനവത്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിലേയ്ക്കായി സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, Institutional Plantation തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ലോക പരിസ്ഥിതി ദിനമായ ജൂൺ 5 നോടനുബന്ധിച്ച് ഹരിതകേരളം പദ്ധതി പ്രകാരം വിവിധയിനം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ തുടങ്ങിയവയ്ക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. കൂടാതെ പാതയോരങ്ങളിലും വനത്തിന് പുറത്തുള്ള പൊതുസ്ഥലങ്ങളിലും സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, നദീതീരങ്ങൾ എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾ, ക്ലബ്ബുകൾ,

റസിഡൻസ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായ സഹകരണത്തോടെ ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ, മുളം തൈകൾ എന്നിവ വച്ചുപിടിപ്പിച്ച് പരിപാലിച്ചുപോരുന്നു. സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനും കാവുകളുടെയും കണ്ടലുകളുടെയും സംരക്ഷണത്തിനുമുള്ള പദ്ധതികൾ നടത്തുന്നുണ്ട്. ഇതിനുപുറമെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി പരിസ്ഥിതി അവബോധ ക്ലാസുകൾ, ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ നടത്തി വരുന്നുണ്ട്. കൂടാതെ വനമിത്ര, പ്രകൃതിമിത്ര അവാർഡുകൾ, സ്കൂൾ, കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ച് പരിസ്ഥിതി, വനശാസ്ത്രം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ബോധവത്കരണ ക്ലാസുകൾ, പരിസ്ഥിതി ദിനാഘോഷം, വന്യജീവി വാരാഘോഷം എന്നിങ്ങനെ പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ബഹുമുഖ പ്രവർത്തനങ്ങൾ സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി നടത്തിവരുന്നു. വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിതസമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണ സന്ദേശങ്ങൾ ആകാശവാണിയിലൂടെ സംപ്രേക്ഷണം നടത്താറുണ്ട്. കൂടാതെ പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും പരിസ്ഥിതി സംരക്ഷണം, വനം വന്യജീവി സംരക്ഷണം എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരിക്കുന്നതിനായി ആരണ്യം മാസിക പ്രസിദ്ധീകരിച്ചുവരുന്നു.

(ബി) കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്വകാര്യ വ്യക്തികൾക്ക് കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ഏക്കറിന് 4000 രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves(60% css) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു. ടി പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകളും തീരപ്രദേശങ്ങളിൽ നട്ടുപടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും കൂടാതെ നട്ടുപിടിപ്പിക്കുന്നതിനായി പൊതുജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. കൂടാതെ കണ്ടൽ വളരുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വനാശ്രിതത്വം കുറയ്ക്കുന്നതിനുമായി വാട്ടർ ടാങ്കുകൾ, ബയോഗ്യാസ് യൂണിറ്റ്, പാചക വാതക കണക്ഷൻ എന്നിവ വിതരണം ചെയ്യുകയും ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് വരുമാന വർദ്ധനവിന് സഹായം ചെയ്യുകയും ചെയ്തുവരുന്നു.

(സി) സാമൂഹ്യ വനവത്കരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികളെല്ലാം തന്നെ വിദ്യാർത്ഥികൾ, എൻ.എസ്.എസ്., എൻ.സി.സി., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷൻ, സർക്കാർ ഇതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായ സഹകരണത്തോടെയാണ് നടപ്പിലാക്കി വരുന്നത്. ആയതിനാൽ എൻ.എസ്.എസ്. വോളന്റിയർമാരെ ഉപയോഗിച്ച് കണ്ടൽക്കാടുകൾ നിർമ്മിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നില്ല.

(ഡി) കണ്ടൽ സംരക്ഷിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കണ്ടൽ വനങ്ങളുടെ സ്ഥായിയായ സംരക്ഷണത്തിനും വിപുലീകരണത്തിനുമായി സർക്കാർ ഭൂമിയിലുള്ള കണ്ടൽ വനങ്ങൾ റിസർവ്വാക്കുന്നതിനും സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ വനങ്ങൾ ഏറ്റെടുത്ത് റിസർവ്വാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി വച്ചുപിടിപ്പിച്ചിട്ടുള്ള മരങ്ങൾ മുറിക്കുന്നതിന് അനുമതി

102 (4471) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി സർക്കാർ സ്ഥാപനങ്ങളുടെ ഭൂമിയിൽ വച്ച് പിടിപ്പിച്ചിട്ടുള്ള മരങ്ങൾ സ്ഥാപനങ്ങളുടെ വികസനത്തിന്റെ ഭാഗമായി മുറിച്ച് മാറ്റേണ്ടിവരുമ്പോൾ വനം വകുപ്പ് മരങ്ങൾക്ക് ഉയർന്നനിരക്കിൽ വില നിശ്ചയിക്കുന്നതുമൂലം മുറിച്ച് മാറ്റാൻ കഴിയാതെ വരികയും അത് വഴി സ്ഥാപനങ്ങളുടെ വികസനം തടസ്സപ്പെടുകയും ചെയ്യുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചവറ നിയോജകമണ്ഡലത്തിലെ നീണ്ടകര താലൂക്ക് ആശുപത്രി കോമ്പൗണ്ടിലെ മരങ്ങൾ മുറിച്ച് മാറ്റാൻ കഴിയാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സോഷ്യൽ ഫോറസ്ട്രി വിഭാഗം എൻ.ആർ. നായർ വോളിയം ടേബിൾ പ്രകാരമാണ് നിൽപ്പുമരത്തിന്റെ വോളിയം കണ്ടെത്തുന്നത്. മരങ്ങളുടെ വില നിശ്ചയിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ അംഗീകരിച്ച് നൽകുന്ന

സീനിയറേജ് റേറ്റുകൾ പ്രകാരമാണ്. വനം വകുപ്പ് നിശ്ചയിച്ച തുകയ്ക്ക് ലേലം നടന്നില്ലെങ്കിൽ തുടർ ലേലം നടത്താവുന്നതും വനം വകുപ്പ് നിർണ്ണയിച്ച വില ലഭിക്കാത്തപക്ഷം ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ആയതിനുള്ള കാരണം വ്യക്തമാക്കി ലേലം സ്ഥിരപ്പെടുത്താവുന്നതുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതി**

103(4472) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ വനം വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട വികസന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ വനം വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട വികസന പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

ടി ഇക്കോ ടൂറിസം കേന്ദ്രത്തിൽ താഴെ പറയുന്ന വികസന പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ഇക്കോ ടൂറിസം പ്രവൃത്തികൾ പരിശോധിക്കുവാനായി നിയോഗിച്ചിട്ടുള്ള കമ്മിറ്റി പരിശോധിച്ച് അനുവദനീയമായ പ്രവൃത്തികൾക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ചെയ്യുന്നതാണ്.

| | | |
|---|---|---|
| 1 | ടിക്കറ്റ് കൗണ്ടർ പുതുക്കി പണിയൽ | 10 ലക്ഷം |
| 2. | പാർക്കിംഗ് ഏരിയ വികസനം | 5 ലക്ഷം |
| 3. | സുരക്ഷാ ഹാന്റ് റെയിൽ സഹിതം നടവഴി നിർമ്മാണം | 10 ലക്ഷം |
| 4. | വിശ്രമ സ്ഥല നവീകരണം | 5 ലക്ഷം |
| 5. | അമിനിറ്റി സെന്റർ/കാന്റീൻ നവീകരണം | 1 ലക്ഷം |
| 6. | ശുചീകരണവും മാലിന്യ നിർമ്മാർജ്ജനവും | 3 ലക്ഷം |

| | | |
|---|---|---|
| 7. | കുട്ടികളുടെ കളിസ്ഥലം നിർമ്മിക്കൽ | 2 ലക്ഷം |
| 8. | പബ്ലിസിറ്റി, ലഘുരേഖ, ബ്രോഷർ മുതലായവ | 1 ലക്ഷം |
| 9. | ലാന്റ് സ്കേപ്പിംഗ്, ഗാർഡനിംഗ്, സൈൻബോർഡ് മുതലായവ | 3 ലക്ഷം |
| | ആകെ | 40 ലക്ഷം |

## മുത്തപ്പൻപുഴയിലെ റിസോർട്ട്

104 (4473) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തിയിൽ നിന്നും വനംവകുപ്പ് ഒഴിപ്പിച്ചെടുത്ത മുത്തപ്പൻ പുഴയിലെ റിസോർട്ട് ഇപ്പോൾ എന്തു കാര്യങ്ങൾക്കായാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാരികൾക്ക് വിശ്രമിക്കുന്നതിനും താമസിക്കുന്നതിനും ഈ റിസോർട്ട് പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ;

(സി) ആയതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സ്വകാര്യ വ്യക്തിയിൽനിന്നും 30-4-2018-ൽ ഒഴിപ്പിച്ചെടുത്ത മുത്തപ്പൻ പുഴയിലെ റിസോർട്ട് വനം വകുപ്പിന്റെ കസ്റ്റഡിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 1-10-2019-ലെ WP(C)16945/2018(P)കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ അതേ അവസ്ഥയിൽ സുരക്ഷിത സൂക്ഷിപ്പിലാണ്. ആയത് വി.എഫ്.സി ഐറ്റം നമ്പർ 133 പ്രകാരം സർക്കാർ 25-7-1980-ലെ ഡി.5272/77 ആയി നോട്ടിഫൈ ചെയ്ത നിക്ഷിപ്ത വനത്തിൽപ്പെട്ട സ്ഥലമാണ്.

(ബി&സി) വിനോദസഞ്ചാരികൾക്ക് വിശ്രമിക്കുന്നതിനും താമസിക്കുന്നതിനും ഈ റിസോർട്ട് പ്രയോജനപ്പെടുത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ലാത്തതാണ്. ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

## വനം സർവ്വീസ് റൂളുകളിലെ പരിഷ്കരണം

105(4474) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപാലകരുടെ ജോലി സമയം എട്ട് മണിക്കൂറായി നിജപ്പെടുത്തുന്നത് സംബന്ധിച്ച് വനം വകുപ്പിൽ ശിപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനം എടുക്കുന്നതിന് സർക്കാർ തലത്തിൽ ആലോചനയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) വനം സർവ്വീസ് റൂളുകളിൽ പരിഷ്കരണ നടപടികൾ ആലോചിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശിപാർശ ലഭ്യമായിട്ടില്ല. എന്നാൽ വനം വകുപ്പ് ജീവനക്കാരുടെ നിരവധി ആവശ്യങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വനംവകുപ്പ് സർവ്വീസ് സംഘടനകൾ ലഭ്യമാക്കുന്ന നിവേദനങ്ങളിൽ ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്തുന്നത് സംബന്ധിച്ച ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് സർക്കാർതലത്തിൽ ആലോചനയൊന്നും നിലവിലില്ല.

(സി) വനംവകുപ്പിലെ സർവ്വീസ് റൂൾ പരിഷ്കരണം വകുപ്പാസ്ഥാനത്ത് പരിശോധിച്ചുവരുന്നു.

**കാവും കുളവും പദ്ധതി**

106(4475) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പ് നടപ്പിലാക്കുന്ന കാവും കുളവും പദ്ധതിയിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2016 ജൂൺ മുതൽ 2019 ഒക്ടോബർ വരെ എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് അപേക്ഷകളുടെ സ്ഥലവും വില്ലേജും തിരിച്ച് വിശദമാക്കുമോ;

(ബി) അവയിൽ ഏതൊക്കെ സ്ഥലത്താണ് ഫണ്ട് നൽകിയതെന്ന് സ്ഥലവും അനുവദിച്ച തുകയും സഹിതം വിശദമാക്കുമോ;

(സി) കാവും കുളവും പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഏതൊക്കെയെന്നും എന്തൊക്കെ രേഖകൾ ആണ് വേണ്ടതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാവും കുളവും എന്നപേരിൽ വനംവകുപ്പിൽ പദ്ധതികളൊന്നും തന്നെ നടപ്പാക്കുന്നില്ല. എന്നാൽ 24-12-2016-ലെ ജി.ഒ.(ആർ.റ്റി) 485/16 പ്രകാരം കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കാവിനുള്ളിൽ ഉൾപ്പെടുന്ന കുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയാണ് ധനസഹായം നൽകിവരുന്നത്.

2016 ജൂൺ മുതൽ 2019 ഒക്ടോബർ വരെയുള്ള കാലയളവിൽ നെയ്യാറ്റിൻകര നിയോജകമണ്ഡല പരിധിയിൽനിന്നും ലഭിച്ച അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. 2016-17 കാലയളവിൽ ഒരു അപേക്ഷ-പുന്നറത്തല കാവ്, അതിയന്നൂർ ആറാലുംമൂട്, നെയ്യാറ്റിൻകര

2. 2017-18 കാലയളവിൽ ഒരു അപേക്ഷ-കല്ലിയൂർ ശ്രീ നാഗരമ്മൻ-കാവ്, കാരോട്, കാക്കവിള പി.ഒ, നെയ്യാറ്റിൻകര

3. 2018-19 കാലയളവിൽ രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

a) കൊട്ടമം ശ്രീനാഗർ ഭഗവതിക്കാവ്, അമരവിള, നെയ്യാറ്റിൻകര

b) ചെമ്പക്കളം നാഗര് ക്ഷേത്രം, കൊടങ്ങാവിള, കമുകിൻകോട്, അതിയന്നൂർ, നെയ്യാറ്റിൻകര

4. 2019-20 കാലയളവിൽ രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

a) ചാത്തിന്നൂർ ശ്രീ ദുർഗ്ഗാദേവി ക്ഷേത്രം, പഴയകട, തിരുപുറം (പി.ഒ.)

b) ചിലയറന്തല കുടുംബം ശ്രീ ചാമുണ്ഡേശ്വരി ദേവീക്ഷേത്രം, കുളത്താമൽ, നെയ്യാറ്റിൻകര

(ബി) 2016 ജൂൺ മുതൽ 2019 ഒക്ടോബർ വരെയുള്ള കാലയളവിൽ ലഭിച്ച അപേക്ഷകളിൽ രണ്ട് കാവുകൾക്കാണ് ഫണ്ട് അനുവദിച്ചത്.

a) കല്ലിയൂർ ശ്രീ നാഗരമ്മൻ-കാവ് കാരോട്, കാക്കവിള പി.ഒ, നെയ്യാറ്റിൻകര-1,30,000 രൂപ

b) കൊട്ടമം ശ്രീനാഗർ ഭഗവതിക്കാവ്, അമരവിള, നെയ്യാറ്റിൻകര-1,00,000 രൂപ

(സി) കാവും കുളവും എന്നപേരിൽ വനം വകുപ്പിൽ പദ്ധതികളൊന്നുംതന്നെ നടപ്പാക്കുന്നില്ല. എന്നാൽ 24-12-2016-ലെ ജി.ഒ.(ആർ.റ്റി.) 485/16 പ്രകാരം കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കാവിനുള്ളിൽ ഉൾപ്പെടുന്ന കുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയാണ് ധനസഹായം നൽകിവരുന്നത്.

ടി ഉത്തരവ് പ്രകാരം ഓരോ ജില്ലയിലും പരമാവധി 5 കാവുകൾ ഓരോ വർഷവും തെരഞ്ഞെടുക്കാറുണ്ട്. ജില്ലാടിസ്ഥാനത്തിൽ വർഷംതോറും

അപേക്ഷകൾ ക്ഷണിക്കുകയും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സോഷ്യൽ ഫോറസ്ട്രി ചെയർപേഴ്സണായ ഒൻപത് അംഗ സംസ്ഥാനതല വിദഗ്ദ്ധ കമ്മിറ്റിയുടെ തീരുമാനപ്രകാരം അർഹമായ കാവുകൾ തെരഞ്ഞെടുത്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം നൽകിവരുന്നു. സംരക്ഷിക്കപ്പെടേണ്ട സ്ഥലം വൃക്ഷങ്ങളാലും ജൈവ വൈവിധ്യങ്ങളാലും സമ്പന്നമായിരിക്കണം. മുഖ്യമായും കാവുകളുടെ വിസ്തൃതിയുടേയും ജൈവവൈവിധ്യത്തിന്റേയും അടിസ്ഥാനത്തിൽ 24-12-2016-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർ.റ്റി.) 485/2016/വനം-ൽ പ്രതിപാദിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും തുടർന്നുള്ള നിർദ്ദേശങ്ങൾ പ്രകാരവും അപേക്ഷകൻ/അപേക്ഷകയുടെ തിരിച്ചറിയൽ രേഖ, വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഉൾപ്പെടെ നിശ്ചിത ഫോറത്തിൽ കാവ് സംരക്ഷണ പദ്ധതിയിൽ ധനസഹായം ലഭിക്കുന്നതിനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

അപേക്ഷകൻ അടുത്ത അഞ്ച് വർഷത്തെ പ്രവർത്തന വിവരങ്ങൾ അടങ്ങിയ സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കി ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് സമർപ്പിക്കേണ്ടതും ആയത് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പുമായി ധാരണാ പത്രം ഒപ്പുവയ്ക്കുകയും തുടർന്ന് അംഗീകരിച്ച സൂക്ഷ്മാസൂത്രണ രേഖയുടെ പ്രോജക്ട് കോസ്റ്റിന്റെ 10% (പരമാവധി 25,000 രൂപ) തുക ആദ്യഗഡുവായി നൽകുകയും ടി തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് ബാക്കി തുകയുടെ 25% തുക വീതം തുടർന്നുള്ള വർഷങ്ങളിൽ തുടർന്നുള്ള ഗഡുക്കളായി വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്.

## വനേതര പ്രവൃത്തികൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള അകലം

107(4476) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തികളിൽനിന്ന് വനേതര പ്രവർത്തനങ്ങൾ നടത്തുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള അകലം എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത അകലം കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച് ഈ സർക്കാർ കേന്ദ്ര സർക്കാരിന് എന്തെങ്കിലും കത്ത് നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തടി മില്ലുകൾ സ്ഥാപിക്കുന്നതിന് വനാതിർത്തിയിൽനിന്നും 5 കിലോമീറ്ററിന്റെ ദൂരപരിധി നിശ്ചയിച്ചിട്ടുള്ളതാണ്. ഇപ്രകാരം ദൂരപരിധി കണക്കാക്കുന്നതിൽ 40 ഹെക്ടറിൽ (100 ഏക്കറിൽ) കുറവ് വിസ്തീർണ്ണമുള്ള വനങ്ങളെ ഒഴിവാക്കിയിട്ടുള്ളതാണ്. അതുപോലെതന്നെ 14-1-2019-ലെ State Environment Impact Assessment Authority (SEIAA)യുടെ 87-ാം മീറ്റിംഗിലെ തീരുമാന പ്രകാരം ക്വാറികൾക്ക് വനാതിർത്തിയിൽനിന്നും കുറഞ്ഞ ദൂരപരിധിയായി 50 മീറ്റർ നിശ്ചയിച്ചിട്ടുള്ളതാണ്,

കൂടാതെ 31-10-2019-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 29/2019/വനം പ്രകാരം സംരക്ഷിത പ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള 0 മുതൽ 1 കിലോമീറ്റർ വരെ പരിസ്ഥിതി സംവേദക മേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള കരട് വിജ്ഞാപനം തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തത്വത്തിൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി കരട് വിജ്ഞാപനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവും സുപ്രീംകോടതിയും നിശ്ചയിച്ച മാനദണ്ഡങ്ങളുടെയും വിവിധ സമിതികൾ നടത്തിയ പഠനത്തിലെ ഡാറ്റാ, NCESS നൽകിയ ഡാറ്റ എന്നിവകൂടി അടിസ്ഥാനമാക്കിയാണ് തയ്യാറാക്കേണ്ടത്.

(സി) ഇല്ല. മേൽ പ്രസ്താവിച്ച പ്രകാരം തയ്യാറാക്കപ്പെടുന്ന കരട് വിജ്ഞാപനം പരിശോധിച്ചശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് ശിപാർശ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

**ഈർച്ച മില്ലുകളോടനുബന്ധിച്ച് ഫർണിച്ചർ യൂണിറ്റുകൾ**

108(4477) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈർച്ച മില്ലുകളോട് അനുബന്ധിച്ച് ഫർണിച്ചർ യൂണിറ്റുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോ ;

(ബി) ചെറുകിട സംരംഭമായി ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ലഘൂകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) The Kerala Forest (Regulation of Sawmills and Other Wood-based Industrial Units) Amendment Rules, 2015-ലെ Rule 9 Category 2(vi) പ്രകാരം 30-10-2002-ന് മുമ്പ് തടിമില്ലിനോടനുബന്ധിച്ച് ഒരേ സ്ഥലത്ത് പ്രവർത്തിച്ചു വരുന്ന ഫർണിച്ചർ യൂണിറ്റുകളെ അതേസ്ഥലത്തുതന്നെ പ്രവർത്തിക്കുവാൻ അനുവദിച്ചിട്ടുള്ളതാണ്. 30-10-2002-ന് ശേഷം ആരംഭിച്ച ഫർണിച്ചർ യൂണിറ്റുകൾക്ക് തടിമില്ലിനോട് ചേർന്ന് ഒരേസ്ഥലത്ത് പ്രവർത്തിക്കുന്നതിന് നിലവിൽ അനുവാദമില്ല.

(ബി) ആയതുകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള The Kerala Forest (Regulation of Sawmills and Other Wood-based Industrial Units) Amendment Rules, 2019-ന്റെ കരട് പരിഗണനയിലാണ്.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വനം വകുപ്പ് പദ്ധതികൾ**

109 (4478) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിവരുന്ന ഇക്കോ-ടൂറിസം പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിയോജക മണ്ഡലത്തിൽ വനംവകുപ്പ് നടപ്പിലാക്കി വരുന്ന മറ്റ് പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിയോജക മണ്ഡലത്തിൽ വനംവകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വനം വകുപ്പിലെ ഹൈറേഞ്ച് സർക്കിളിന് കീഴിൽവരുന്ന പൂഞ്ഞാർ നിയോജകമണ്ഡലത്തിൽപ്പെടുന്ന സ്ഥലങ്ങളിൽ ഇക്കോ-ടൂറിസം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

(ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വരുന്ന കോട്ടയം ഡിവിഷനിൽ എരുമേലി റെയ്ഞ്ചിലെ വണ്ടൻപതാൽ ഫോറസ്റ്റ് സ്റ്റേഷനിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ സ്റ്റാഫ് ബാരക്ക്, ഫോറസ്റ്റ് സ്റ്റേഷൻ കെട്ടിടം എന്നിവയുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ, പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന കോയിക്കക്കാവ് മുതൽ അഴുതക്കടവ് വരെയുള്ള കാനനപാതയുടെ ഇരുവശങ്ങളിലും കാട് വെട്ടിത്തെളിക്കുക, പാത അറ്റകുറ്റപ്പണി നടത്തി സഞ്ചാരയോഗ്യമാക്കുക എന്നീ ജോലികൾ പുരോഗമിച്ചുവരുന്നു.

(സി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വരുന്ന കോട്ടയം ഡിവിഷനിലെ എരുമേലി റെയ്ഞ്ചിലെ വണ്ടൻപതാൽ ഫോറസ്റ്റ് സ്റ്റേഷന് കീഴിലുള്ള കോരുത്തോട് ഭാഗത്ത് പട്ടാളക്കുന്ന്-മൈനാക്കുളം വനഭാഗങ്ങളിൽ വന്യമൃഗശല്യം ഉണ്ടാകുന്നത് തടയുന്നതിനായി 5 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജവേലി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## നിലമ്പൂർ, വയനാട്, അട്ടപ്പാടി മേഖലകളിലെ വനങ്ങളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം

110(4479) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ, വയനാട്, അട്ടപ്പാടി മേഖലകളിലെ വനങ്ങളിൽ മാവോയിസ്റ്റ് സാന്നിധ്യം സംബന്ധിച്ച് വനം വകുപ്പിന് വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത മേഖലകളിൽ പോലീസ് തിരച്ചിൽ നടത്തുമ്പോൾ വനം വകുപ്പ് അധികൃതർക്ക് മുൻകൂട്ടി വിവരം നൽകാറുണ്ടോ; പോലീസിന്റെ തിരച്ചിലിൽ വനംവകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുക്കാറുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ?

### ഉത്തരം

(എ) നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ 2016 വർഷത്തിൽ മൂന്നുതവണയും 2017-ൽ രണ്ട് തവണയും 2018-ൽ 2 തവണയും 2019 -ൽ 3 തവണയും മാവോയിസ്റ്റ് സാന്നിദ്ധ്യം ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലമ്പൂർ സൗത്ത് ഡിവിഷനുകീഴിലുള്ള വനമേഖലയിൽ 2018 വർഷത്തിൽ 6 തവണയും 2019-ൽ 4 തവണയും മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്.

നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയ്ഞ്ചിലെ മക്കിമല, തിരുനെല്ലി ഏരിയകളിലും പേര്യ റെയ്ഞ്ചിലെ ചാപ്പ, കുഞ്ഞോം ഏരിയകളിലും മാനന്തവാടി റെയ്ഞ്ചിലെ വാളാരംകുന്ന് മക്കിയാട് ഏരിയകളിലും സൗത്ത് വയനാട് ഡിവിഷനിൽ മേപ്പാടി റെയ്ഞ്ചിലെ മുണ്ടക്കൈ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലുള്ള പുഞ്ചിരിമറ്റം പണിയ കോളനിക്ക് സമീപവും മാവോയിസ്റ്റ് സാന്നിദ്ധ്യം ഉണ്ടായതായി വനം വകുപ്പിന് വിവരം ലഭിച്ചിട്ടുണ്ട്.

സൗത്ത് വയനാട് ഡിവിഷനിൽ മേപ്പാടി റെയ്ഞ്ചിലെ മുണ്ടക്കൈ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലുള്ള പുഞ്ചിരിമറ്റം പണിയ കോളനിക്ക് സമീപം 29-8-2019-ന് രാത്രി 10.30-ന് യൂണിഫോം ധരിച്ച ആയുധധാരികളായ ഒരു സ്ത്രീ ഉൾപ്പെടെയുള്ള 4 അംഗ സംഘം എത്തുകയും അരിയും സാധനങ്ങളും ശേഖരിച്ച് തിരിച്ച പോവുകയുമാണ് ഉണ്ടായത്. മേപ്പാടി റെയ്ഞ്ചിലെതന്നെ മുണ്ടക്കൈ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലുള്ള എറാട്ടുകുണ്ട് കോളനിയിൽ 13-9-2019-ന് യൂണിഫോം ധാരികളായ ഒരു സ്ത്രീ ഉൾപ്പെടെയുള്ള 4 അംഗ മാവോയിസ്റ്റ് സംഘത്തിന്റെ സാന്നിദ്ധ്യം വൈകിട്ട് 7 മണിയോടുകൂടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സംഘം പിന്നീട് അരിയും സാധനങ്ങളും ശേഖരിച്ച് തിരിച്ചുപോവുകയുമാണ് ചെയ്തിട്ടുള്ളത്. മേപ്പാടി റെയ്ഞ്ചിലെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന എ.വി.ടി. ചുളുക്ക എസ്റ്റേറ്റ് ചോലമല ഡിവിഷനിൽ 22-10-2019-ന് മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈകുന്നേരം 6 മണിയോടുകൂടി എസ്റ്റേറ്റ് പാടികളിൽ യൂണിഫോം ധരിച്ച് തോക്കേന്തിയ 3 പുരുഷൻമാർ അടങ്ങിയ സംഘം എത്തുകയും " കനൽപാത" എന്ന ബുള്ളറ്റിൻ വിതരണം ചെയ്യുകയും കൂലി വർദ്ധനവിനായി പോരാടാൻ തൊഴിലാളികളോട് ആഹ്വാനം ചെയ്യുകയും പാടികളിൽനിന്ന് അരിയും മറ്റ് സാധനങ്ങളും ശേഖരിക്കുകയും ചെയ്യുകയുണ്ടായി. കൽപ്പറ്റ റെയ്ഞ്ചിലെ പടിഞ്ഞാറെത്തറ സെക്ഷൻ പരിധിയിൽ വരുന്നതും മീൻമുട്ടി ഇക്കോ ടൂറിസം സെന്ററിനോട് ചേർന്നതുമായ ഭാഗത്ത് റാത്തപ്പള്ളി ജോണി, ബേബി കാരക്കൊഴുപ്പിൽ എന്നിവരുടെ വീടുകളിൽ 19-9-2019-ന് രാത്രി 7 മണിയോടുകൂടി യൂണിഫോം ധാരികളായ 3 സ്ത്രീകൾ ഉൾപ്പെടെ 5 അംഗ സംഘം എത്തുകയും ഭക്ഷണ സാധനങ്ങൾ വാങ്ങിപ്പോവുകയും ചെയ്തിട്ടുണ്ട്.

മണ്ണാർക്കാട് ഡിവിഷനിലെ അട്ടപ്പാടി വനമേഖല, സൈലന്റ്‌വാലി, നിലമ്പൂർ എന്നീ വനമേഖലകളുടെ തുടർച്ചയായി കിടക്കുന്ന വനപ്രദേശമാണ്. ഇത് തമിഴ്നാട് നീലഗിരി ജില്ലയിലെ വനമേഖലയുമായും അതിർത്തി പങ്കിടുന്നുണ്ട്. 2014-ൽ മുക്കാലിയിൽ സൈലന്റ്‌വാലി നാഷണൽ പാർക്ക് റെയ്ഞ്ച് കെട്ടിടവും ഹാവ്‌ലോക്ക് ക്യാമ്പും മാവോയിസ്റ്റുകൾ കത്തിച്ചിരുന്നു. ഇക്കാലത്ത് ഉൾവന പരിശോധന നടത്തിയിരുന്ന വനം വകുപ്പ് ജീവനക്കാരും മാവോയിസ്റ്റ് പ്രവർത്തകരും നിരവധി തവണ മുഖാമുഖം കാണുകയുമുണ്ടായിട്ടുണ്ട്. എന്നാലും വനം വകുപ്പ് ജീവനക്കാർക്കെതിരെ എന്തെങ്കിലും അക്രമങ്ങൾ മാവോയിസ്റ്റുകളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. നിലമ്പൂരിലെ 2016-ലെ വെടിവയ്പ്പിൽ രണ്ടുപേർ കൊല്ലപ്പെട്ടതിനുശേഷം വനപ്രദേശങ്ങളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം ഉണ്ടെങ്കിലും ഊരു കേന്ദ്രീകരിച്ചുള്ള യോഗങ്ങളും പ്രവർത്തനങ്ങളും കുറവായിരുന്നു. ഇവർ ഊരുകളിൽ എത്തുന്നത് വളരെ കുറഞ്ഞിരുന്നു. ഇക്കാലത്ത് തണ്ടർ ബോൾട്ടിന്റെ

പരിശോധന ശക്തിപ്പെടുത്തിയതിനാലാകാം ഇത്. എങ്കിലും മണ്ണാർക്കാട് ഡിവിഷൻ പരിധിയിൽ കിണറ്റിൻകര, മുരുഗള, ഗൊട്ടിയാർകണ്ടി, കുറുക്കത്തിക്കല്ല്, ഇടവാണി, ഭ്രതയാർ, സ്വർണ്ണഗദ്ദ തുടങ്ങിയ പ്രദേശങ്ങളിൽ ഇടയ്ക്കൊക്കെ മാവോയിസ്റ്റ് പ്രവർത്തകർ എത്തുന്ന വിവരം ലഭ്യമായിരുന്നു.

(ബി) മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള മേഖലകളിൽ പോലീസ് തിരച്ചിൽ നടത്തുമ്പോൾ വനം വകുപ്പ് അധികൃതർക്ക് മുൻകൂട്ടി വിവരം നൽകാറില്ല. പോലീസ് തിരിച്ചിലിൽ വനം ഉദ്യോഗസ്ഥർ പങ്കെടുക്കുന്നുമില്ല.

**കുട്ടമ്പുഴ, പിണ്ടിമന, കോട്ടപ്പടി പഞ്ചായത്തുകളിൽ ആനശല്യം തടയുന്നതിന് നടപടി**

111(4480) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ, പിണ്ടിമന, കോട്ടപ്പടി പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ ആനശല്യം രൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനവാസ മേഖലകളിൽ ഉൾപ്പെടെ ആനകൾ നിരന്തരമായി ഇറങ്ങി വ്യാപക കൃഷിനാശം വരുത്തുന്നത് തടയാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ ;

(സി) ആനശല്യം തടയുന്നതിന് ശാശ്വതപരിഹാരം കാണുവാൻ ഈ പ്രദേശങ്ങളിൽ ഫെൻസിങ്ങും, ട്രെഞ്ചും അടക്കം കാര്യക്ഷമമായ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ആനശല്യം മൂലമുണ്ടായ വ്യാപക കൃഷിനാശങ്ങൾക്ക് കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ കാലതാമസം ഒഴിവാക്കി നഷ്ടപരിഹാരം വേഗത്തിൽ നല്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(എഫ്) 2018, 2019 വർഷങ്ങളിൽ പ്രസ്തുത പഞ്ചായത്തുകളിലെ എത്ര കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കിയെന്നും, എത്ര തുകയാണ് ഓരോവർഷവും അപ്രകാരം നല്കിയിട്ടുള്ളതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. വനമേഖലയോട് ചേർന്നുള്ള ജനവാസ മേഖലകളിൽ വന്യജീവി ആക്രമണം തടയുന്നതിനായി സൗരോർജ്ജവേലികൾ നിർമ്മിച്ചു വരുന്നുണ്ട്. കോട്ടപ്പടി, പിണ്ടിമന പഞ്ചായത്തുകളിലായി വാവേലി മുതൽ അയിനിച്ചാൽ വരെ 5.50 കി.മീറ്ററും വാവേലി മുതൽ കണ്ണക്കട വരെ 5.20 കി.മീറ്ററും കുട്ടമ്പുഴ പഞ്ചായത്തിൽ 57.40 കി.മീറ്ററും നിലവിൽ സൗരോർജ്ജ വേലിയുണ്ട്. കൂടാതെ പ്രസ്തുത പ്രദേശങ്ങളിൽ ജനവാസ മേഖലകളിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ തിരികെ കാട്ടിലേയ്ക്ക് കയറ്റി വിടുന്നതിനും മറ്റ് അടിയന്തര സേവനം ലഭ്യമാക്കുന്നതിനുമായി സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിനെയും വനം വകുപ്പ് ജീവനക്കാരെയും താല്ക്കാലിക വാച്ചർമാരെയും ഉൾപ്പെടുത്തി എലിഫന്റ് ഡിപ്രഡേഷൻ സ്ക്വാഡുകളെയും സജ്ജമാക്കിയിട്ടുണ്ട്.

(സി) നിലവിൽ പ്രസ്തുത പ്രദേശങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ സാമ്പത്തിക വർഷത്തിൽത്തന്നെ കോട്ടപ്പടി, കുട്ടമ്പുഴ പഞ്ചായത്തുകളിലായി 2.7 കി.മീ. സൗരോർജ്ജ വേലികൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) കൃഷി നാശത്തിന് ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഷ്ടപരിഹാരം നൽകിവരുന്നു.

(ഇ) നിലവിൽ ഓൺലൈനായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയ ബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുകയും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാരം നൽകുകയും ചെയ്തുവരുന്നു.

(എഫ്) 2018, 2019 വർഷങ്ങളിൽ പ്രസ്തുത പഞ്ചായത്തുകളിൽ കർഷകർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | 2018-19 | | 2019-20 | |
|---|---|---|---|---|
| | കർഷകരുടെ എണ്ണം | നൽകിയ തുക (രൂപയിൽ) | കർഷകരുടെ എണ്ണം | നൽകിയ തുക (രൂപയിൽ) |
| കുട്ടമ്പുഴ | 26 | 1,93,325 | 28 | 1,52,559 |
| പിണ്ടിമന | 28 | 2,35,840 | 23 | 2,28,640 |
| കോട്ടപ്പടി | 68 | 8,40,120 | 42 | 7,22,860 |
| **ആകെ** | **122** | **12,69,285** | **93** | **11,04,059** |

## ഇതരസംസ്ഥാനങ്ങളിൽനിന്നും ആനകളെ കൊണ്ടുവരുന്നതിനുള്ള നിബന്ധനകൾ

112(4481) ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനകളെ എഴുന്നള്ളിപ്പിനും മറ്റുമായി ഇതരസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നുണ്ടോ; അതിനുള്ള നിബന്ധനകൾ വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ നിന്നും ഇതരസംസ്ഥാനങ്ങളിലേയ്ക്ക് ആനകളെ ഇത്തരത്തിൽ കൊണ്ടുപോകുന്നതിന് അനുമതി നൽകുന്നുണ്ടോ; ഇതുസംബന്ധിച്ച നിബന്ധനകൾ വ്യക്തമാക്കുമോ;

(സി) നാട്ടാനകളെ സംസ്ഥാനത്തിന് പുറത്തുനിന്ന് കേരളത്തിലേയ്ക്ക് വിലകൊടുത്ത് വാങ്ങിക്കൊണ്ടുവരുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊണ്ടുവരാറില്ല.

(ബി) അനുമതി നൽകാറുണ്ട്, 2012-ലെ കേരള നാട്ടാന പരിപാലന ചട്ടത്തിലെ ചട്ടം 9-ൽ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി വരുന്നുണ്ട്. (പ്രസക്ത ഭാഗം അനുബന്ധമായി ചേർക്കുന്നു. * )

(സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 18-8-2007-ലെ W.P.(C)30959/2007 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 20-6-2008-ലെ സർക്കാർ ഉത്തരവ് 38/2008/വനം പ്രകാരം പുറപ്പെടുവിച്ച നാട്ടാനകളുടെ വിൽപ്പന കൈമാറ്റം, മറ്റ് ഇടപാടുകൾ എന്നിവയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ 3-ാം നിർദ്ദേശപ്രകാരം 18-8-2007-ന് ശേഷം സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്ന ആനകളുടെ കൈമാറ്റം, വിൽപ്പന എന്നിവ അനുവദിക്കുകയില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം (2)* ആയി ചേർക്കുന്നു.) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ W.P.(C)743/2014 നമ്പർ കേസിലെ IA 25 & 27-ൽ 4-5-2016-ലെ ഇടക്കാല ഉത്തരവ് പ്രകാരം നാട്ടാനകളുടെ എല്ലാരീതിയിലുമുള്ള കൈമാറ്റങ്ങളും തടഞ്ഞുകൊണ്ട് ഉത്തരവായിട്ടുണ്ട്. (പകർപ്പ് അനുബന്ധംമായി ചേർക്കുന്നു.)*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വന്യമൃഗങ്ങൾ മുഖേനയുള്ള കൃഷിനാശം തടയുന്നതിനുള്ള പദ്ധതികൾ

113(4482) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ വന്യമൃഗങ്ങൾ മുഖേനയുള്ള കൃഷി നാശം തടയുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എത്ര തുകയാണ് അനുവദിച്ചതെന്നും, എത്ര പദ്ധതികളാണ് പൂർത്തീകരിച്ചതെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനായി നെന്മാറ നിയോജകമണ്ഡലം പരിധിയിൽ 27.3 കി.മീറ്റർ സോളാർ ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, വാച്ചർമാരെ നിയോഗിച്ചും വനസംരക്ഷണ സമിതി പ്രവർത്തകർ, ജനജാഗ്രതാ സമിതി പ്രവർത്തകർ എന്നിവരുടെ സഹായവും വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയുന്നതിന് ഉപയോഗപ്പെടുത്താറുണ്ട്.

(ബി) സോളാർ ഫെൻസിംഗ് നിർമ്മാണത്തിനും പരിപാലനത്തിനുമായി 44.24 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സോളാർ ഫെൻസിംഗ് പരിപാലനത്തിനും നാട്ടിലിറങ്ങുന്ന വന്യജീവികളെ തുരത്തുന്നതിനുമായി വാച്ചർമാരെ നിയോഗിക്കുന്നതിനായി 28.28 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നാട്ടിലിറങ്ങുന്ന കാട്ടാനകളെ തുരത്തുന്നതിനുള്ള മറ്റ് ചെലവുകൾക്കായി 1.23 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്, ഈ സർക്കാരിന്റെ കാലത്ത് 11 പുതിയ സോളാർ ഫെൻസിംഗ് ആണ് പൂർത്തീകരിച്ചിട്ടുള്ളത്.

## ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്ന വന്യജീവികളെ തിരികെ വനമേഖലയിൽ എത്തിക്കുന്നതിന് ശാസ്ത്രീയ പരിശീലനം

114(4483) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങി ജനങ്ങൾക്ക് ശല്യമുണ്ടാക്കുന്ന പാമ്പ്, പന്നി, മുള്ളൻപന്നി തുടങ്ങിയ വന്യജീവികളെ പിടിച്ച് വനമേഖലയിൽ കൊണ്ടുപോയി വിടുന്നതിന് ബീറ്റ് ഫോറസ്റ്റ് ആഫീസർമാർക്ക് ഏതെങ്കിലും തരത്തിൽ ശാസ്ത്രീയമായി പരിശീലനം നൽകുന്നുണ്ടോ;

(ബി) ഓരോ വന്യജീവികളെയും കുറിച്ച് പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും ബീറ്റ് ഫോറസ്റ്റ് ആഫീസർമാർക്ക് ട്രെയിനിങ് സമയത്ത് ഈ രംഗത്തെ വിദഗ്ധരെ വെച്ച് ക്ലാസ്സുകൾ നൽകാറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങി ജനങ്ങൾക്ക് ശല്യമുണ്ടാക്കുന്ന വന്യജീവികളെ പിടിച്ച് വനമേഖലയിൽ കൊണ്ടുപോയി വിടുന്നതിന് ബീറ്റ് ഫോറസ്റ്റ് ആഫീസർമാർക്ക് ശാസ്ത്രീയമായി പരിശീലനം നൽകുന്നില്ല. എന്നാൽ, ഇത്തരത്തിലുള്ള ശാസ്ത്രീയ പരിശീലനം നൽകുന്നത് ആലോചനയിലുണ്ട്.

(ബി&സി) ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ ട്രെയിനിങ് സമയത്ത് വന്യജീവികളെക്കുറിച്ച് പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും ഈ രംഗത്തെ വിദഗ്ധരെ വച്ച് ക്ലാസുകൾ നൽകാറുണ്ട്.

ഇത്തരത്തിൽ പാമ്പുകളെ പിടിക്കുന്നതിനും അതിന്റെ ആവാസ വ്യവസ്ഥയിൽ തുറന്നുവിടുന്നതിനുമുള്ള സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) തയ്യാറാക്കിയിട്ടുണ്ട്. ഇത് അംഗീകരിച്ച് താമസംവിനാ നടപ്പിലാക്കുന്നതാണ്.

സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ നടപ്പിലാക്കുന്നതിനോടൊപ്പം ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കും മറ്റ് ജീവനക്കാർക്കും ജനവാസ കേന്ദ്രങ്ങളിലിറങ്ങി ജനങ്ങൾക്ക് ശല്യം ഉണ്ടാക്കുന്ന വന്യമൃഗങ്ങളെ വനമേഖലയിൽ കൊണ്ടുപോയി തുറന്നുവിടുന്നതിന് ശാസ്ത്രീയ പരിശീലനം നൽകുന്നതാണ്.

**വന്യജീവി ആക്രമണങ്ങൾ**

115(4484) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നടന്ന വന്യജീവി ആക്രമണങ്ങൾക്ക് നഷ്ടപരിഹാരമായി നൽകിയ തുകയെത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ;

(ബി) വന്യമൃഗങ്ങൾ സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങി നാശനഷ്ടമുണ്ടാക്കുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്നും ആയതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ ലഘൂകരിക്കാൻ സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) കൃഷിഭൂമിയിലേയ്ക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയാൻ ശാശ്വതമായ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(ഇ) വന്യജീവി ആക്രമണങ്ങൾ തടയുന്നതിനായി പരമ്പരാഗത മാർഗ്ഗങ്ങളിൽ നിന്ന് വ്യത്യസ്തമായി എന്തെങ്കിലും പുതിയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യ മൃഗാക്രമണത്തിൽ കർഷകർക്കും പൊതുജനങ്ങൾക്കും ഉണ്ടായിട്ടുള്ള നഷ്ടം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വന്യജീവി ആക്രമണം മൂലം മരണപ്പെട്ടവർ (വനത്തിനു പുറത്തു വച്ച് പാമ്പ് കടിയേറ്റുള്ള മരണം ഉൾപ്പെടെ) | | വന്യജീവി ആക്രമണം മൂലം പരിക്ക് പറ്റിയവർ | | വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ചത് | | |
|---|---|---|---|---|---|---|
| എണ്ണം | നഷ്ടപരിഹാരം (ലക്ഷത്തിൽ) | എണ്ണം | നഷ്ട പരിഹാരം (ലക്ഷത്തിൽ) | എണ്ണം | വിസ്തീർ ണ്ണം (ഹെക്ടർ) | നഷ്ട പരിഹാരം (ലക്ഷത്തി ൽ) |
| 402 | 768.35 | 2961 | 820.39 | 21428 | 10223.10 | 1446.88 |

(ബി) കാട്ടുകളിലെ ആവാസ വ്യവസ്ഥയ്ക്കുണ്ടാക്കുന്ന നാശംമൂലം വനത്തിനോട് ചേർന്ന് കിടക്കുന്ന ജനവാസ കേന്ദ്രങ്ങളിൽ വന്യജീവികൾ കൂടുതലായി ഇറങ്ങാറുണ്ട്.

(സി) സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ,

178.133 കി.മീ ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി.മീ. ജൈവ വേലി, 248 കി. മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

(ഡി) കൃഷിഭൂമിയിലേയ്ക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് നിയന്ത്രിക്കുന്നതിനായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

1. വനത്തിനുപുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.

2. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

3. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കു വെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്കോ റീഹാബിലിറ്റേഷൻ സെന്ററിലേയ്ക്കോ റീ-ലൊക്കേറ്റ് ചെയ്യൽ.

4. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

5. വന്യജീവികളെ ആകർഷിക്കുന്ന കൃഷി രീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

6. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

7. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

8. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ഇ) പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുകയും പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

മാങ്കുളം ഡിവിഷനുകീഴിൽ 1.2 കി.മീ. നീളത്തിൽ ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, ആറളം വൈൽഡ് ലൈഫ് ഡിവിഷനുകീഴിൽ നൂതന പദ്ധതിയായി കരിമ്പന ഉപയോഗിച്ച് ബയോഫെൻസിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

## വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടവർ

116(4485) <u>ശ്രീ. യു. ആർ. പ്രദീപ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയമായി എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും എത്രപേർക്ക് മാരകമായി പരിക്കുപറ്റിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്കും,മാരകമായി പരിക്കുപറ്റിയവർക്കുമായി ആകെ എത്ര രൂപ ആശ്വാസ ധനസഹായം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഓരോന്നും പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(സി) ആശ്വാസ ധനസഹായം അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണെന്ന് അറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയമായി (വനത്തിന് പുറത്തുവച്ചുള്ള പാമ്പുകടി ഉൾപ്പെടെ) 402 പേർക്ക് ജീവഹാനി സംഭവിക്കുകയും 2961 പേർക്ക് വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്ക് പറ്റുകയും ചെയ്തിട്ടുണ്ട്.

(ബി) ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് 768.35 ലക്ഷം രൂപയും പരിക്കുപറ്റിയവർക്ക് 820.39 ലക്ഷം രൂപയും ആശ്വാസ ധനസഹായം നൽകിയിട്ടുണ്ട്.

(സി) വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 5-4-2018-ലെ സർക്കാർ ഉത്തരവ്(കൈ) നം.17/2018/വനം പ്രകാരം വന്യജീവി ആക്രമണംമൂലമുള്ള മരണത്തിന് അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള മരണത്തിന് 2 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്.

മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് 1 ലക്ഷം രൂപയും പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചെലവായ മുഴുവൻ തുകയും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) നഷ്ടപരിഹാരമായി അനുവദിക്കാവുന്നതാണ്.

## ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി മലയോര മേഖലയിൽ വന്യജീവികളുടെ ആക്രമണം

117(4486) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ, ആലത്തൂർ നിയോജക മണ്ഡലത്തിലെ കിഴക്കഞ്ചേരി മലയോര മേഖലയിലെ കൃഷിയിടങ്ങളിൽ വർദ്ധിച്ചുവരുന്ന വന്യജീവികളുടെ ആക്രമണം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയാനായി ആലത്തൂർ നിയോജക മണ്ഡലം പരിധിയിൽ 4.5 കി.മീറ്റർ സോളാർ ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, വാച്ചർമാരെ നിയോഗിച്ചും വനസംരക്ഷണ സമിതി പ്രവർത്തകർ, ജനജാഗ്രതാ സമിതി പ്രവർത്തകർ എന്നിവരുടെ സഹായത്താലും വന്യജീവികൾ നാട്ടിലിറങ്ങുന്നത് ഒരു പരിധി വരെ തടഞ്ഞുവരുന്നു. കൂടാതെ, നെൻമാറ ഡിവിഷൻ പരിധിയിൽ ഒരു ആർ.ആർ.ടി. യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൽപ്പറ്റ മണ്ഡലത്തിലെ വന്യമൃഗശല്യം

118(4487) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിലെ വന്യമൃഗശല്യം നേരിടുന്നതിന് ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗിനായി എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്; ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഏതെല്ലാം പ്രദേശങ്ങളിലാണ് ഇത്തരത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നടത്തുന്നതെന്നും ആയത് എത്ര കിലോമീറ്റർ ദൂരത്തിലാണെന്നും അറിയിക്കാമോ;

(ബി) ഭരണാനുമതി ലഭ്യമായ പ്രസ്തുത പദ്ധതിയ്ക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്നും സാങ്കേതികാനുമതി ലഭ്യമാക്കി എപ്പോൾ പ്രവൃത്തി തുടങ്ങാനാവുമെന്നും വിശദമാക്കാമോ;

(സി) കൽപ്പറ്റ മണ്ഡലത്തിൽ വന്യമൃഗ ശല്യം നേരിടുന്ന കൂടുതൽ പ്രദേശങ്ങളിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് സൗത്ത് വയനാട് ഡി.എഫ്.ഒ., പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫീസർക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്മേൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) കൽപ്പറ്റ മണ്ഡലത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നടപ്പിലാക്കുന്നതിന് പുതിയ പ്രൊപ്പോസൽ പി.സി.സി.എഫ്. ഓഫീസിൽ തയ്യാറാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ എത്ര കിലോമീറ്റർ ദൂരത്തിൽ ഫെൻസിംഗ് സ്ഥാപിക്കുന്നതിനായുള്ള എത്ര കോടി രൂപയുടെ പ്രൊപ്പോസൽ ആണ് തയ്യാറാക്കുന്നതെന്ന് വിശദമാക്കാമോ;

(എഫ്) ഇത്തരത്തിൽ തയ്യാറാക്കുന്ന പ്രൊപ്പോസലിൽ ഉൾപ്പെടാത്തതും എന്നാൽ സൗത്ത് വയനാട് ഡി.എഫ്.ഒ. അയച്ചുതന്നിട്ടുള്ള പ്രൊപ്പോസലിൽ ഉൾപ്പെട്ടതുമായ അവശേഷിക്കുന്ന പ്രദേശങ്ങളിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നടപ്പിലാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 12-11-2018-ലെ സ.ഉ.(കൈ)46/18/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മൊത്തം 42 കി.മീറ്റർ നീളത്തിൽ ക്രാഷ് ഗാർഡ് ഫെൻസിംഗ് നടത്തുന്നതിന് 21 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു. ഇതിൽ സൗത്ത് വയനാട് ഡിവിഷൻ പരിധിയിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ മേപ്പാടി റെയ്ഞ്ചിലെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന വെങ്ങക്കോട് മുതൽ ചെമ്പ്ര വരെ 5 കി.മീറ്ററും കൽപ്പറ്റ റെയ്ഞ്ചിലെ കുന്നംപുറം മുതൽ 10-ാം മൈൽ വരെ 3 കി.മീറ്ററും ഉൾപ്പെടുന്നു. കൂടാതെ, ചെതലയം റെയ്ഞ്ചിൽ ദാസനക്കര, പാതിരിയമ്പലം, പാത്രമൂല, കക്കോടൻ ബ്ലോക്ക് ഏരിയായിൽ 14.5 കി.മീറ്ററും കൊമ്മഞ്ചേരി മുതൽ സുബ്രഹ്മണ്യൻകൊല്ലി വരെ 3.2 കി.മീറ്റർ ദൂരവും ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നടത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) കിഫ്ബിയിൽനിന്നുള്ള സാങ്കേതികാനുമതി മേൽപ്രവൃത്തികൾക്ക് ലഭിച്ചിട്ടില്ല. അനുമതി ലഭ്യമായാൽ ഉടൻ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(സി) റിപ്പോർട്ട് പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(ഡി) പ്രസ്തുത റിപ്പോർട്ട് പരിശോധനയിലാണ്.

(ഇ) കല്പറ്റ മണ്ഡലം ഉൾപ്പെട്ട വയനാട് സൗത്ത് ഡിവിഷനിലെ നാല് സ്ഥലങ്ങളിൽ KIIFB മുഖാന്തരം 26.5 കി.മീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിനാൽ KIIFB യുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ള കരട് പദ്ധതി രേഖയ്ക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ ജോലികൾ ആരംഭിക്കുന്നതാണ്.

| ക്രമ നമ്പർ | പദ്ധതി പ്രദേശം | റെയിഞ്ച് | ദൂരം (കി.മീ.) | പദ്ധതി (തുക) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ദാസനക്കര-പാതിരിയമ്പലം, പാത്രമൂല & കാക്കോടൻ ബ്ലോക്ക്-പുൽപ്പള്ളി ഫോറസ്റ്റ് സ്റ്റേഷൻ | ചെതലത്ത് | 15 | 750 ലക്ഷം |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | കോമഞ്ചേരി & സുബ്രഹ്മണ്യൻ കുടി-ഇരുളം ഫോറസ്റ്റ് സ്റ്റേഷൻ | ചെതലത്ത് | 3.5 | 175 ലക്ഷം |
| 3 | വേങ്ങോട് മുതൽ ചെമ്പ്ര വൈത്തിരി സ്റ്റേഷൻ | മേപ്പാടി | 5 | 250 ലക്ഷം |
| 4 | കുന്നംപുറം മുതൽ പത്താം മൈൽ-സുഗന്ധഗിരി സെക്ഷൻ | കൽപ്പറ്റ | 3 | 150 ലക്ഷം |
| | ആകെ | | 26.5 | 1325 ലക്ഷം |

ടി പദ്ധതിക്കായി 13.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(എഫ്) സൗത്ത് വയനാട് ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ അയച്ചു തന്നിട്ടുള്ള പ്രൊപ്പോസലിൽ ഉൾപ്പെട്ടതായ അവശേഷിക്കുന്ന പ്രദേശങ്ങളിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നടപ്പിലാക്കുന്നത് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്.

**തിരുവമ്പാടി നിയോജകമണ്ഡലത്തിൽ വന്യമൃഗശല്യം തടയുന്നതിനായി പദ്ധതികൾ**

119(4488) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവമ്പാടി നിയോജക മണ്ഡലത്തിൽ വന്യമൃഗശല്യം തടയുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം അടിയന്തര നടപടികളാണ് നിലവിൽ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവമ്പാടി നിയോജകമണ്ഡലത്തിൽ മൊത്തം 16.8 കി.മീറ്റർ സോളാർ ഫെൻസിംഗ്

സ്ഥാപിച്ചിട്ടുണ്ട്. (തുഷാരഗിരി, മൈലള്ളാംപാറ-നിലമ്പൂർ, വട്ടച്ചിറ-മരുതിലാവ്, കഷ്ടകാലം തോട്-പൂമതരത്തുംകൊല്ലി എന്നീ ഭാഗങ്ങളിലാണ് സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുള്ളത്.). ദിവസവേതനാടിസ്ഥാനത്തിൽ പ്രദേശ വാസികളെ നിയോഗിച്ച് കൃഷിയിടങ്ങളിലിറങ്ങുന്ന കാട്ടാനകളെ കാട്ടിലേയ്ക്ക് തിരിച്ച് ഓടിക്കാറുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷി നാശം സംഭവിക്കുന്നവർക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. തിരുവമ്പാടി നിയോജകമണ്ഡലത്തിൽ ജനജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം സംബന്ധിച്ച പരിഹാര മാർഗ്ഗങ്ങളും ഉപാധികളും ജനപ്രതിനിധികളുടെ സഹകരണത്തോടെ ചർച്ച ചെയ്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ജനജാഗ്രതാ സമിതിയിൽ തീരുമാനിച്ച് നടപ്പിലാക്കുന്നതാണ്. വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങുന്നത് തടയാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഇവരുടെ സഹകരണത്തിലാണ് നടത്തിവരുന്നത്.

## വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്ന് സംരക്ഷണം

120(4489) <u>ശ്രീ. ഒ. ആർ. കേളു</u>:
<u>ശ്രീ. കെ. ബാബു</u>:
<u>ശ്രീ. ജോർജ് എം. തോമസ്</u>:
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയോടനുബന്ധിച്ചുള്ള ജനവാസ കേന്ദ്രങ്ങളിൽ അധിവസിക്കുന്നവർക്ക് വന്യമൃഗങ്ങളിൽ നിന്ന് നേരിടേണ്ടിവരുന്ന ഭീഷണിയും ജീവഹാനിയും കൃഷിനാശവും സംബന്ധിച്ച് നിരന്തരം ഉയർന്നുവരുന്ന പരാതികൾ ഗൗരവമായിക്കാണുമോ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; അവ പര്യാപ്തമാണോ; ഇല്ലെങ്കിൽ കൂടുതൽ മെച്ചപ്പെട്ട മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ;

(സി) തുടർച്ചയായുണ്ടാകുന്ന പ്രളയവും കനത്തമഴയും വനപ്രദേശങ്ങളടങ്ങുന്ന സമീപപ്രദേശങ്ങളിലെ കൃഷിയ്ക്ക് ഭീഷണിയായിരിക്കുന്ന സാഹചര്യത്തിൽ വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശം പ്രസ്തുത മേഖലയിലെ കാർഷിക വൃത്തിയേയും ജനജീവിതത്തെയും കൂടുതൽ ദുരിതത്തിലാക്കിയിരിക്കുന്ന വസ്തുത സർക്കാർ പ്രത്യേകമായി പരിശോധിക്കുമോ;

(ഡി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ ആശ്രിതർക്കും നൽകിവരുന്ന നഷ്ടപരിഹാരത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പരാതികൾ ഗൗരവമായി കാണുകയും അതിൽ ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) വന്യജീവികളുടെ ആക്രമണത്തിൽനിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു:-

1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നു. സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി,631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി.മീ. ജൈവ വേലി, 248 കി. മീ. കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്.

2. വനത്തിന് പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസകേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കു വെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്കോ റീഹാബിലിറ്റേഷൻ സെന്ററിലേയ്ക്കോ റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷി രീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

കൂടാതെ, ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ്, കരിമ്പന ഉപയോഗിച്ചുള്ള ബയോഫെൻസിംഗ് എന്നിവ വനം വകുപ്പ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഈ വസ്തുത പ്രത്യേകം പരിഗണനയ്ക്കെടുത്തുകൊണ്ടുതന്നെ വന്യജീവികളുടെ ആക്രമണംമൂലം കാർഷിക മേഖലകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം വനം വകുപ്പ് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നു. വന്യജീവി ആക്രമണം മൂലം കാർഷിക മേഖലയിൽ ഉണ്ടാകുന്ന നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) നഷ്ടപരിഹാരമായി നൽകുന്നുണ്ട്. കൂടാതെ 8-1-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ 02/2015/വനം പ്രകാരം കൃഷിനാശം സംഭവിച്ച ഓരോ വിളയ്ക്കുമുള്ള നഷ്ടപരിഹാരം നൽകുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

(ഡി) വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നു. നിലവിലെ നിരക്ക് ചുവടെ ചേർക്കുന്നു:

| കഷ്ട നഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാര തുക |
|---|---|
| വന്യജീവി ആക്രമണംമൂലമുള്ള മരണം | 10 ലക്ഷം രൂപ |
| വനത്തിനു പുറത്തുവച്ചുള്ള പാമ്പ് കടി മൂലമുള്ള മരണം | 2 ലക്ഷം രൂപ |
| വന്യജീവി ആക്രമണംമൂലമുള്ള സ്ഥായിയായ അംഗഭംഗം | 2 ലക്ഷം രൂപ |
| വന്യജീവി ആക്രമണംമൂലം മനുഷ്യർക്ക് ഉണ്ടാകുന്ന പരിക്ക് | 1 ലക്ഷം രൂപ പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) |
| വന്യജീവി ആക്രമണംമൂലമുള്ള വീടുനഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) |
| വന്യജീവി ആക്രമണംമൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) |

## ചെങ്ങന്നൂർ ഉരുത്തിമേൽ വെറ്ററിനറി ഡിസ്പെൻസറി പോളിക്ലിനിക് ആക്കുന്നതിനുള്ള നടപടി

121(4490) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പിൽ എത്ര ഡിസ്പെൻസറികളാണ് പോളിക്ലിനിക്കുകളാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ ഉരുത്തിമേൽ ഡിസ്പെൻസറി പോളിക്ലിനിക് ആക്കുന്നതിനുള്ള ശിപാർശയിൽ നടപടി വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത ഡിസ്പെൻസറി പോളിക്ലിനിക് ആക്കി ഉയർത്തുന്നതിനുള്ള നടപടി വേഗത്തിലാക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പിൽ വെറ്ററിനറി ഡിസ്പെൻസറികൾ വെറ്ററിനറി പോളിക്ലിനിക്കുകളായി ഉയർത്തിയിട്ടില്ല.

(ബി&സി) അധിക ബാധ്യത വരുത്തുന്ന ശിപാർശ ആയതിനാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ടി ശിപാർശ പരിഗണിക്കുകയുണ്ടായില്ല.

**ചാലക്കുടി കാഞ്ഞിരപ്പിള്ളിയിൽ ഹൈ-ടെക് സ്ലോട്ടർ ഹൗസ്**

122(4491) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ചെന്നൈയിലെ വിർജിൻ ഫുഡ് സർവ്വീസ് എന്ന കമ്പനിയുമായി ചേർന്ന് ചാലക്കുടി മണ്ഡലത്തിലെ പരിയാരം വില്ലേജിലെ കാഞ്ഞിരപ്പിള്ളിയിലുള്ള 16 ഏക്കർ സ്ഥലത്ത് ഒരു ഹൈ-ടെക് സ്ലോട്ടർ ഹൗസ് സ്ഥാപിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവിടെ മറ്റെന്തെങ്കിലും പ്രോജക്ട് നടപ്പാക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) 500 പേർക്കെങ്കിലും തൊഴിൽ ലഭിക്കുന്ന തരത്തിൽ ഏതെങ്കിലും ഒരു പദ്ധതി പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) പ്രസ്തുത സ്ഥലത്ത് "കാള/പോത്ത് കിടാരി വളർത്തൽ" എന്ന പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. പരമാവധി ആളുകൾക്ക് തൊഴിൽ ലഭിക്കുന്ന തരത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

**കോഴി വളർത്തൽ**

123(4492) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോഴി വളർത്തൽ വ്യവസായമായാണോ കാർഷിക വൃത്തിയായാണോ കണക്കാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) വ്യവസായമായിട്ടാണെങ്കിൽ കോഴി വളർത്തൽ കാർഷിക വൃത്തിയായി കണക്കാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 100 കോഴികളിൽ കൂടുതൽ വളർത്തുകയാണെങ്കിൽ ആയത് വ്യവസായമായാണ് കണക്കാക്കുന്നത്. കോഴി വളർത്തൽ കാർഷികവൃത്തിയായി അംഗീകരിച്ചിട്ടില്ല.

(ബി) 2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിൽ കൃഷിയുടെ നിർവ്വചനത്തിൽ കോഴി വളർത്തൽ കാർഷിക വൃത്തിയായി കണക്കാക്കിയിരുന്നു. ടി ബിൽ ഇപ്പോൾ നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിയുടെ സജീവ പരിഗണനയിലാണ്.

**കോഴിഗ്രാമം പദ്ധതി**

124(4493) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിഗ്രാമം പദ്ധതി എന്താണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സർക്കാരിന്റെ ഏത് ഏജൻസി മുഖേനയാണെന്ന് വ്യക്തമാക്കാമോ;

(ബി) കന്നുകാലികൾക്ക് സമഗ്ര ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) കന്നുകാലികൾക്ക് ഹെൽത്ത് കാർഡ് നടപ്പിലാക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കോഴിഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ 500 വനിതാ ഗുണഭോക്താക്കൾക്ക് 8 കോഴി, 5 കിലോ തീറ്റ, മരുന്ന് എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നു. 2016 മുതൽ നാളിതുവരെ 17456 വനിതാ ഗുണഭോക്താക്കൾക്ക് ഇവയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(ബി) • കേരളത്തിലെ കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുവാനായി 2017-18 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ എൻ.എൽ.എം. എന്ന പദ്ധതിയും സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഗോസമൃദ്ധി 2017-18 എന്ന പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കി. ടി പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിച്ചു. ടി പദ്ധതികളിൽ ഉരുവിന്റെ പ്രീമിയം നിരക്ക് 1 വർഷത്തേക്ക് ഉരുവിന്റെ മതിപ്പുവിലയുടെ 3% ആയിരുന്നു.

- 2018-19 സാമ്പത്തിക വർഷം ഉരുവിനും ഉരുവിന്റെ ഉടമയായ കർഷകനും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതികൾ നിലവിൽ വന്നു. കേരള സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയായ ഗോസമൃദ്ധി പ്ലസ് 2018-19, കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കിയ പദ്ധതിയായ എൻ.എൽ.എം. പ്ലസ് 2017-18 എന്നിവയാണ് പ്രസ്തുത പദ്ധതികൾ.

- 2018-19-ലെ പദ്ധതികൾ പ്രകാരം ഉരുക്കളുടെ മരണം/ഉത്പാദന പ്രത്യുത്പാദന ക്ഷമതാനഷ്ടം എന്നിവ സംഭവിച്ചാൽ ഇൻഷ്വർ ചെയ്യുന്ന മതിപ്പുവില ക്ലെയിമായി കർഷകന് ലഭിക്കുന്നു. പദ്ധതിയിൽ അംഗമായ കർഷകന് അപകട മരണമോ പൂർണ്ണമോ/ഭാഗികമോ ആയ അംഗവൈകല്യമോ സംഭവിച്ചാൽ പരമാവധി 2 ലക്ഷം രൂപ വരെ ക്ലെയിം നൽകുന്നു.

- ഒരു വർഷത്തേയ്ക്ക് ഉരുവിന്റെ മതിപ്പുവിലയുടെ 2.8% ഉം മൂന്ന് വർഷത്തേയ്ക്ക് 6.54% ഉം ആയിരുന്നു പ്രീമിയം നിരക്ക്. ജനറൽ വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 50%-വും എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 70% വും സർക്കാർ സബ്സിഡിയായി നൽകുന്നു. 50,000 രൂപ വരെ മതിപ്പുവിലയുള്ള ഉരുക്കളുടെ പ്രീമിയത്തിന് സർക്കാർ സബ്സിഡി നൽകുന്നതാണ്. .50,000 രൂപയ്ക്ക് മുകളിൽ മതിപ്പുവിലയ്ക്ക് ഉരുക്കളെ ഇൻഷ്വർ ചെയ്യേണ്ടവർക്ക് അഡീഷണൽ പോളിസി എടുക്കുവാനുള്ള സൗകര്യവും ഏർപ്പെടുത്തിയിരുന്നു. 1 വർഷത്തേയ്ക്ക് 4%-വും 3 വർഷത്തേയ്ക്ക് 9%-വുമായിരുന്നു ഇതിനുള്ള പ്രീമിയം നിരക്ക്. ആയത് പൂർണ്ണമായും ഗുണഭോക്തൃ വിഹിതമായിരുന്നു.

- 2019-20 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടെ 'ഗോസമൃദ്ധി-എൻ.എൽ.എം.-2019-20' എന്ന പേരിലുള്ള പുതിയ പദ്ധതി നിർവ്വഹണം തുടങ്ങുന്നു.

- സബ്സിഡി നിരക്കിൽ ഇൻഷ്വർ ചെയ്യുവാനുള്ള പരമാവധി മതിപ്പുവില 65000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഒരു

വർഷത്തേയ്ക്ക് ഉരുവിന്റെ മതിപ്പുവിലയുടെ 2.15%-ഉം മൂന്ന് വർഷത്തേയ്ക്ക് 5.419%-വും ആണ് പ്രീമിയം നിരക്ക്. ഇതിൽ ജനറൽ വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 50%- വും എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 70%-വും സർക്കാർ സബ്സിഡിയായി നൽകുന്നു. 65,000 രൂപ വരെ മതിപ്പുവിലയുള്ള ഉരുക്കളുടെ പ്രീമിയത്തിന് സർക്കാർ സബ്സിഡി നൽകുന്നതാണ്. 1 ലക്ഷം രൂപ വരെ മതിപ്പുവിലയുള്ള ഉരുവിനെ ഇതേ പ്രീമിയം നിരക്കിൽ ഇൻഷ്വർ ചെയ്യാമെന്നുള്ളത് ഈ പദ്ധതിയുടെ നേട്ടമാണ്. 65,000 രൂപയ്ക്ക് മുകളിലുള്ള ഉരുവിന്റെ പ്രീമിയം പൂർണ്ണമായും ഗുണഭോക്താവ് വഹിക്കേണ്ടതാണ്.

- ഈ പദ്ധതികൾ പ്രകാരം ഇൻഷ്വർ ചെയ്യുന്ന ഉരുവിന് മരണം/ഉത്പാദന പ്രത്യുത്പാദന ക്ഷമതാനഷ്ടം എന്നിവ സംഭവിച്ചാൽ കർഷകന് ക്ലെയിം ലഭിക്കുന്നു. പദ്ധതിയിൽ അംഗമായ കർഷകന് അപകടമരണമോ, പൂർണ്ണമോ/ഭാഗികമോ ആയ അംഗവൈകല്യമോ സംഭവിച്ചാൽ പരമാവധി 2 ലക്ഷംരൂപ വരെ ക്ലെയിം ആയി നൽകുന്നു.
- 2017-18 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച പദ്ധതി തികച്ചും സുതാര്യമായി വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴി നടപ്പിലാക്കുന്നു. ഇതുമൂലം പദ്ധതിയുടെ പ്രീമിയം ഗണ്യമായി കുറയുകയും കർഷകരുടെയിടയിൽ സ്വീകാര്യത വളരെയേറെ കൂട്ടുകയും ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ആരംഭിക്കുന്ന പദ്ധതിയുടെ നിർവ്വഹണം, ക്ലെയിം ലഭ്യമാക്കൽ എന്നിവ പൂർണ്ണമായും വകുപ്പിന്റെ പോർട്ടലിലൂടെ ഓൺലൈനായി നടത്തപ്പെടും.

(സി) കേന്ദ്ര പദ്ധതിയായ "പശുസഞ്ജീവനി" പദ്ധതിയിൻകീഴിൽ (60% കേന്ദ്ര വിഹിതം:40% സംസ്ഥാന വിഹിതം) 6.99 ലക്ഷം അനിമൽ ഹെൽത്ത് കാർഡുകൾ (ഓരോ ജനുസ്സിനും പ്രത്യേകം നിറത്തിൽ) പ്രിന്റ് ചെയ്ത് എല്ലാ ജില്ലയിലേയും ജില്ലാ മൃഗസംരക്ഷണ ഓഫീസുകളിൽ കെ.എൽ.ഡി. ബോർഡ് മുഖാന്തരം നൽകിയിരുന്നു. പ്രസ്തുത കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ടി കാർഡിൽ പശുക്കളുടെ പ്രജനന സംബന്ധവും ആരോഗ്യ സംബന്ധവുമായ വിശദവിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ മൃഗാശുപത്രി**

125(4494) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജക മണ്ഡലത്തിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന മൃഗാശുപത്രി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**പുതുപ്പാടിയിൽ വെറ്ററിനറി പോളിക്ലിനിക്ക്**

126(4495) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വെറ്റിനറി പോളിക്ലിനിക്കിൽ ലഭിക്കുന്ന സേവനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) തിരുവമ്പാടി മണ്ഡലത്തിൽ എവിടെയെങ്കിലും വെറ്റിനറി പോളിക്ലിനിക്കിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(സി) പുതുപ്പാടിയിൽ വെറ്റിനറി പോളിക്ലിനിക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1. വളർത്തുപക്ഷികൾക്കും മൃഗങ്ങൾക്കും ചികിത്സയും വാക്സിനേഷനും നൽകുക.

2. കൃത്രിമ ബീജദാനം നടത്തുക.

3. ഇൻഷ്വറൻസ് സൗകര്യങ്ങളും ക്ലെയിമുകളും സംബന്ധിച്ച നടപടികൾ.

4. മൃഗജന്യ രോഗങ്ങൾ പടരുന്നത് തടയുക. ഇത്തരം രോഗങ്ങൾക്കെതിരെ ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുക. മൃഗാരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കുക.

5. തദ്ദേശവാസികൾക്ക് മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങളെക്കുറിച്ചും സ്വയം തൊഴിൽ സാധ്യതകളെക്കുറിച്ചും സാങ്കേതിക ഉപദേശം നൽകുക.

6. മേഖലയിലെ വെറ്ററിനറി ഡിസ്പെൻസറികളുടെയും വെറ്ററിനറി സബ്സെന്ററിന്റെയും സാങ്കേതികമായ നിയന്ത്രണം

7. ക്ലിനിക്കൽ ലാബോറട്ടറികളുടെ ഫലപ്രദമായ പ്രവർത്തനം ഉറപ്പുവരുത്തുക

8. മേഖലയിൽ മൃഗസംരക്ഷണ പദ്ധതികളുടെ നടപ്പിലാക്കൽ

(ബി&സി) 2017-ൽ ഇതുസംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിരുന്നുവെങ്കിലും സംസ്ഥാനത്തെ അന്നത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ആയത് പരിഗണിക്കുവാൻ കഴിഞ്ഞില്ല. പുതിയ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കെപ്കോ നഗരപ്രിയ പദ്ധതി**

127(4496) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെപ്കോ നഗരപ്രിയ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; പ്രസ്തുത പദ്ധതി നഗരവാസികൾ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിനും പദ്ധതിയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഗുണഭോക്താക്കൾ നിശ്ചിത തുക അടച്ചുകൊണ്ട് സമാനമായ പദ്ധതി ഗ്രാമങ്ങളിൽ വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നഗരവാസികൾ ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നുണ്ട്. 2016 മുതൽ നാളിതുവരെ 10994 ഗുണഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പത്രപ്പരസ്യം, മറ്റ് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ എന്നിവ വഴിയും വിവിധ കോർപ്പറേഷൻ-മുനിസിപ്പൽ ചെയർമാൻമാർക്ക് മുൻകൂട്ടി രേഖാമൂലം അറിയിപ്പുകൾ നൽകിയും ഈ പദ്ധതി കൂടുതൽ ജനകീയമാക്കാനുതകുന്ന തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി) ഗുണഭോക്താക്കൾ നിശ്ചിത തുക അടച്ചുകൊണ്ട് ഗ്രാമങ്ങളിൽ നിലവിൽ 'വനിതാ മിത്രം' എന്ന പേരിൽ കോഴി, മരുന്ന് എന്നിവ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

## കോഴിക്കോട് ജില്ലയിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ്

128(4497) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിലവിലുള്ള ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇനി എത്ര ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2019 ജൂലൈ മാസത്തിൽ കോഴിക്കോട് ജില്ലയിൽ നിന്ന് ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ ആയി ജയിസൺ തിരുവനന്തപുരത്തേയ്ക്ക് പോയ ഒഴിവ് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഒഴിവ് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) 2019 സെപ്റ്റംബർ 26-ന് റിലീവ് ചെയ്ത് ബാച്ചിലർ ഓഫ് വെറ്ററിനറി സയൻസ് (ബി.വി.എസ്.ഇ.) കോഴ്സിന് പോയ ഹരികേശിന്റെ ഒഴിവ് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നാണ്; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) വിമുക്തഭടൻമാരുടെ അഭാവത്തിൽ അവർക്കായി മാറ്റിവച്ച നാല് ഒഴിവുകൾ ജനറൽ ലിസ്റ്റിൽ നിന്ന് താല്ക്കാലികമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) നാളിതുവരെ 26 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) നിലവിൽ റിപ്പോർട്ട് ചെയ്യാൻ ഒഴിവുകളൊന്നും ബാക്കിയില്ല.

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. നിലവിൽ ജവാൻമാരുടെ ആശ്രിതർക്കും വിമുക്തഭടൻമാർക്കും 3 ഒഴിവുകളായിരുന്നു മാറ്റിവച്ചിരുന്നത്. ഈ വിഷയത്തിലുണ്ടായിരുന്ന അവ്യക്തതയ്ക്ക് സ്പഷ്ടീകരണത്തിനുവേണ്ടി പി.എസ്.സി.-യോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജവാൻമാരുടെ ആശ്രിതർക്കും വിമുക്തഭടൻമാർക്കും വേണ്ടി 4 ഒഴിവുകൾ കോഴിക്കോട് ജില്ലയിൽ മാറ്റി വയ്ക്കണമെന്ന് പി.എസ്.സി.യിൽനിന്ന് നിർദ്ദേശിച്ചതനുസരിച്ച് ശ്രീ. ജയ്സൺ കെ. എ., ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർക്ക് കോഴിക്കോട്

ജില്ലയിൽനിന്ന് തിരുവനന്തപുരം ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകിയതുമൂലമുണ്ടായ ഒഴിവ് ജവാൻമാരുടെ ആശ്രിതർക്കും വിമുക്ത ഭടൻമാർക്കുമായി നീക്കി വച്ചിരിക്കുകയാണ്.

(ഡി) മേൽ ഒഴിവ് 7-11-2019-ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം വരുത്തിയിട്ടില്ല.

(ഇ) KS&SSR Part II Rule 5 Note 3 പ്രകാരം വിമുക്തഭടന്മാരുടെ അഭാവത്തിൽ ആ ഒഴിവ് സ്ഥിരമായി പൊതു റാങ്ക് ലിസ്റ്റിൽനിന്നും മറ്റ് ഉദ്യോഗാർത്ഥികളിൽനിന്നും നികത്താൻ കഴിയുകയില്ല.

## കർഷക ഭവനങ്ങളിൽ ജിയോ മാപ്പിംഗ് പദ്ധതി

129(4498) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ജീവനോപാധികൾ നൽകാൻ ഉതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കർഷകർക്ക് ഉപകാരപ്രദമായ എന്തെല്ലാം പരിശീലന പരിപാടികളാണ് നടപ്പിലാക്കുന്നത് എന്നറിയിക്കുമോ;

(സി) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക ഭവനങ്ങളിൽ ജിയോ മാപ്പിംഗ് പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) കർഷക ഭവനങ്ങളിൽ ജിയോ മാപ്പിംഗ് നടത്തുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

1. ആട് വളർത്തൽ യൂണിറ്റുകൾ

വ്യാവസായിക അടിസ്ഥാനത്തിൽ 20 ആടുകൾ അടങ്ങുന്ന (19 പെണ്ണാടും ഒരു മുട്ടനാടും) യൂണിറ്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഒരു യൂണിറ്റിൽ ഒരു ലക്ഷം രൂപയുടെ ധനസഹായം ലഭിക്കും. ഇത്തരത്തിൽ സംസ്ഥാനമൊട്ടാകെ 150 യൂണിറ്റുകൾ സ്ഥാപിക്കും.

2. മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി

മാംസാവശ്യത്തിനായി പോത്തുകുട്ടികളെ വളർത്തുന്ന സ്കീമാണിത്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു യൂണിറ്റിന് 10,000 രൂപ ധനസഹായം ലഭിക്കും.

3. മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകരെടുത്തിട്ടുള്ള ലോണുകൾക്ക് പലിശ സബ്സിഡി പദ്ധതി.

മൃഗസംരക്ഷണ മേഖലയിൽ കർഷകരെടുത്തിട്ടുള്ള ലോണുകൾക്ക് പലിശ ഇനത്തിൽ 5,000 രൂപ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന പദ്ധതിയാണിത്. സംസ്ഥാനമൊട്ടാകെ ചുരുങ്ങിയത് 5000 പേർക്കെങ്കിലും പദ്ധതി കൊണ്ട് ആശ്വാസം ലഭിക്കും.

4. കിടാരി വളർത്തൽ പദ്ധതി

മൃഗസംരക്ഷണ മേഖലയിൽ പ്രളയ ദുരന്തങ്ങൾക്കിരയായ പ്രദേശങ്ങളിൽ സഹായം നൽകുന്ന പദ്ധതി. 2019-2020-ൽ പുതുതായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഒരു യൂണിറ്റിന് 25,000 രൂപ വീതം 1120 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

5. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്

അഞ്ച് പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നു. ഒരു യൂണിറ്റിന് കർഷകന് 25,000 രൂപയാണ് ധനസഹായം.

6. NLM ഗോട്ട് സ്കീം

കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷന് കീഴിൽ 10 പെണ്ണാടും ഒരാണാടും ഉൾപ്പെടുന്ന യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നു.

(ബി)

| പരിശീലന പരിപാടി | | കാലയളവ് |
|---|---|---|
| 1. | കറവപ്പശു പരിപാലനം | 3 ദിവസം |
| 2 | എരുമ വളർത്തൽ | 2 ദിവസം |
| 3. | ആട് വളർത്തൽ | 2 ദിവസം |
| 4. | പന്നി വളർത്തൽ | 2 ദിവസം |
| 5. | മുയൽ വളർത്തൽ | 2 ദിവസം |

| | | |
|---|---|---|
| 6. | മുട്ടക്കോഴി വളർത്തൽ | 3 ദിവസം |
| 7. | ഇറച്ചിക്കോഴി വളർത്തൽ | 3 ദിവസം |
| 8. | വീട്ടുവളപ്പിലെ കോഴിവളർത്തൽ | 2 ദിവസം |
| 9. | താറാവ് വളർത്തൽ | 2 ദിവസം |
| 10. | ടർക്കിക്കോഴി വളർത്തൽ | 1 ദിവസം |
| 11. | തീറ്റപ്പുൽക്കൃഷി | 1 ദിവസം |
| 12. | എമു വളർത്തൽ | 2 ദിവസം |
| 13. | വ്യാവസായികാടിസ്ഥാത്തിൽ പശുവളർത്തൽ | 5 ദിവസം |
| 14 | കാടക്കോഴി വളർത്തൽ | 1 ദിവസം |
| 15 | നായ വളർത്തൽ | 3 ദിവസം |
| 16 | പോത്തുക്കുട്ടി പരിപാലനം | 2 ദിവസം |
| 17 | ഓമനപ്പക്ഷികളുടെ പരിപാലനം | 2 ദിവസം |

(സി) ഉണ്ട്. വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ വിവിധ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുന്ന അവസരത്തിൽ ഭൂമിക എന്ന ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷൻ വഴി കർഷകരുടെ വീടിന്റെ ജിയോഗ്രഫിക്കൽ ലൊക്കേഷൻ ശേഖരിക്കുന്ന പദ്ധതിയാണിത്.

(ഡി) ജിയോ മാപ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതോടുകൂടി വിവിധ പകർച്ചവ്യാധികളുടെ വ്യാപനം കൃത്യമായി നിരീക്ഷിക്കാനും പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും സാധിക്കുന്നതാണ്. കൂടാതെ പ്രകൃതി ദുരന്തങ്ങൾ പോലുള്ള അവസരങ്ങളിൽ അടിയന്തര രക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിലെ ഏതൊരു വകുപ്പിനും ഈ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

**കോതമംഗലം പിണ്ടിമന മൃഗാശുപത്രിയുടെ പ്രവർത്തനം**

130(4499) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ മൃഗാശുപത്രിയുടെ പ്രവർത്തനം ഏറെ നാളുകളായി കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെയുള്ള ഡോക്ടർ കൃത്യമായി ജോലിക്ക് ഹാജരാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡോക്ടർ കൃത്യമായി എത്താത്തതിനാൽ ഇവിടുത്തെ ക്ഷീരകർഷകർ അടക്കമുള്ളവർ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി കൃത്യമായി ജോലിക്ക് ഹാജരാകുന്ന ഡോക്ടറെ നിയമിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിലുള്ള ഡോക്ടറെ മാറ്റി കൃത്യമായി ജോലിക്ക് ഹാജരാകുന്ന ഡോക്ടറെ നിയമിക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണ്.

## മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം

131(4500) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി. കല്ലറ കേന്ദ്രമാക്കി നിർമ്മിക്കാനുദ്ദേശിക്കുന്ന സബ് സ്റ്റേഷന് മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

ഉത്തരം

ഇത് സംബന്ധിച്ച പ്രൊപ്പോസൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## അരിയല്ലൂർ-പരപ്പാൽ ബീച്ച് കടലാമ പ്രജനന കേന്ദ്രമാണെന്ന റിപ്പോർട്ട്

132(4501) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ അരിയല്ലൂർ-പരപ്പാൽ ബീച്ച് കടലാമ പ്രജനന കേന്ദ്രമാണെന്ന് വനം വകുപ്പോ വനം വകുപ്പിന്റെ ഏതെങ്കിലും ഏജൻസിയോ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നാണ് പഠനം നടത്തിയത്; പഠന സംഘത്തിലെ വിദഗ്ധർ ആരൊക്കെയായിരുന്നു; എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശം കടലാമ പ്രജനന കേന്ദ്രം ആണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പ് അവിടെ കടൽഭിത്തി നിർമ്മാണം നിരോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ കടൽഭിത്തി നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നതും ഇത് തീരദേശവാസികളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്പോൾ അവിടം കടലാമ പ്രജനന കേന്ദ്രമാണെന്ന് വനം വകുപ്പ് കരുതുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) ജലവിഭവ വകുപ്പിൽ നിന്ന് 2-9-2019 ലെ IR2/330/2019/WRD നമ്പർ പ്രകാരം വനം ചീഫ് കൺസർവേറ്റർക്ക് അയച്ച കത്തിന് മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ മറുപടി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വള്ളിക്കുന്ന് മണ്ഡലത്തിലെ അരിയല്ലൂർ-പരപ്പാൽ ബീച്ച് കടലാമ പ്രജനന കേന്ദ്രമാണെന്നത് സംബന്ധിച്ച് വനംവകുപ്പ് അടുത്ത കാലങ്ങളിലൊന്നും പഠനം നടത്തിയിട്ടില്ല. മറ്റേതെങ്കിലും ഏജൻസികൾ ഇപ്രകാരം പഠനം നടത്തിയ വിവരങ്ങളൊന്നും വനം വകുപ്പിൽ ഇതേവരെ ലഭ്യമായിട്ടില്ല.

6-6-2009-ലെ സർക്കാർ ഉത്തരവ് (സാധാ) 592/09/WRD പ്രകാരം ടി സ്ഥലത്ത് കടൽഭിത്തി നിർമ്മാണം നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത പ്രദേശത്ത് കടൽഭിത്തി നിർമ്മിക്കാൻ അധികൃതർ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് രണ്ട് പേർ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ W.P.(C)No.29370/19 നമ്പർ ആയി കേസ്സ് ഫയൽ ചെയ്തിട്ടുണ്ട്. ആയതിന്മേലുള്ള തീർപ്പ് പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

20-9-2019-ലെ IR2/330/2019/WRD നമ്പർ കത്ത് പരിശോധനയിലാണ്.

## ക്ഷീരമേഖലയെ ആർ.സി.ഇ.പി. കരാറിൽനിന്ന് ഒഴിവാക്കുന്നതിന് നടപടി

133(4502) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലിന്റേയും പാലുൽപ്പന്നങ്ങളുടേയും ഇറക്കുമതി തീരുവ ഇല്ലാതാക്കുന്ന തരത്തിൽ നമ്മുടെ രാജ്യം ആർ സി ഇ പി കരാറിന്റെ ഭാഗമായാൽ അത് വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സംസ്ഥാനത്തെ ക്ഷീരമേഖലയെ തകർക്കുന്നതിന് കാരണമാവുകയില്ലേ;

(ബി) ക്ഷീരമേഖലയെ കരാറിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിന് ആവശ്യമായ സമ്മർദ്ദങ്ങളും ഇടപെടലുകളും കേന്ദ്രസർക്കാരിൽ ചെലുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇറക്കുമതി തീരുവ ഇല്ലാതാക്കുന്നത് വൻതോതിൽ പാലും പാലുൽപ്പന്നങ്ങളും ഇറക്കുമതി നടത്തുന്നതിന് ഇടയാവുകയും അത് സംസ്ഥാനത്തെ ക്ഷീരമേഖലയെ തകർക്കുന്നതിന് കാരണമാവുകയും ചെയ്യും.

(ബി) ക്ഷീര മേഖലയെ ആർ.സി.ഇ.പി. കരാറിൽനിന്നും ഒഴിവാക്കുന്നതിന് ആവശ്യമായ സമ്മർദ്ദങ്ങളും ഇടപെടലുകളും കേന്ദ്ര സർക്കാരിൽ ചെലുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാർ ആർ.സി.ഇ.പി. കരാറിൽനിന്നും തല്ക്കാലം പിന്മാറിയിട്ടുമുണ്ട്.

**ക്ഷീരമേഖലയ്ക്കായി പ്രളയ പുനരധിവാസ പദ്ധതി**

134(4503) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിന്റെയും 2019-ലെ പ്രളയത്തിന്റെയും ഉരുൾപൊട്ടലിന്റെയും പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ക്ഷീരമേഖലയുടെ പുനരുദ്ധാരണത്തിനായി ക്ഷീര നവോത്ഥാനം എന്ന പ്രളയ പുനരധിവാസ പദ്ധതി വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ക്ഷീരകർഷകർക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതി പ്രകാരം എത്ര ക്ഷീരകർഷക കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്ന് അറിയിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2018, 2019 വർഷങ്ങളിലെ പ്രളയത്തിന്റെയും മറ്റ് പ്രകൃതി ക്ഷോഭത്തിന്റെയും പശ്ചാത്തലത്തിൽ ക്ഷീരമേഖലയുടെ പുനരുദ്ധാരണത്തിനായി 22 കോടി രൂപയുടെ 'ക്ഷീര നവോത്ഥാനം' എന്ന പ്രളയപുനരധിവാസ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി) പ്രളയദുരിതാശ്വാസത്തിനായി നടപ്പാക്കുന്ന ക്ഷീര നവോത്ഥാനം പദ്ധതിയിൽ പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നമ്പർ | പദ്ധതി | ധനസഹായം (രൂപ) |
|---|---|---|
| 1. | ഒരു പശു യൂണിറ്റ് | 41,000 |
| 2. | 2 പശു യൂണിറ്റ് | 82,000 |
| 3. | 5 പശു യൂണിറ്റ് | 2,15,000 |
| 4. | കോമ്പോസിറ്റ് ഡയറി യൂണിറ്റ് | |
| | എ) 1 പശു + 1 കിടാരി | 60,000 |
| | ബി) 3 പശു + 2 കിടാരി | 1,70,000 |
| 5. | അവശ്യാധിഷ്ഠിത സഹായം | 60,000 |
| 6. | കാലിത്തൊഴുത്ത് നിർമ്മാണം | 60,000 |
| 7. | കണ്ടിജൻസി ഫണ്ട് | 15,000 |
| 8. | ധാതുലവണ മിശ്രിതം | 100 /kg |

(സി) ഈ പദ്ധതി പ്രകാരം ഏകദേശം 28000 ക്ഷീര കർഷകർക്ക് പ്രയോജനം ലഭിക്കുന്നതാണ്.

## ഗോസമൃദ്ധി പ്ലസ് പദ്ധതി

135(4504) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര കർഷകർക്കും കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ഗോസമൃദ്ധി പ്ലസ് എന്ന പദ്ധതിയിൽ ഇതുവരെ എത്ര കർഷകർ അംഗങ്ങളായിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) ഈ പദ്ധതിയുടെ മാനദണ്ഡങ്ങളും അപേക്ഷിക്കേണ്ട രീതിയും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ക്ഷീരകർഷകർക്കും കന്നുകാലികൾക്കും മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പാക്കിയ ഗോസമൃദ്ധി പ്ലസ് 2018-19 പദ്ധതിയിലൂടെ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ നൽകി.

ഇൻഷ്വർ ചെയ്ത ഉരുക്കളുടെ എണ്ണം

1 വർഷം -20176

3 വർഷം-19836

ആകെ-40012

ഇൻഷ്വർ ചെയ്ത ക്ഷീരകർഷകരുടെ എണ്ണം

1 വർഷം -12485

3 വർഷം-13587

ആകെ 26072

(ബി) ഗോമസമൃദ്ധി പ്ലസ് 2018-19 പദ്ധതിക്ക് അപേക്ഷിക്കേണ്ട വിധം

- അപേക്ഷകൻ പഞ്ചായത്തിലെ സർക്കാർ മൃഗാശുപത്രിയിലെ വെറ്ററിനറി സർജനെ സമീപിക്കുക.
- സർക്കാർ വെറ്ററിനറി സർജൻ കർഷകന്റെ ഭവനം സന്ദർശിച്ച്, ഉരുവിനെ പരിശോധിച്ച്, ഉരുവിനെ Ear tag ചെയ്യുന്നു.
- വകുപ്പിന്റെ ഭൂമിക ആപ്പ് മുഖേന കർഷകനെയും ഭവനത്തെയും ജിയോമാപ്പ് (Geo mapping) ചെയ്യുന്നു.
- ഉരുവിന്റെയും കർഷകന്റെയും വിവരങ്ങൾ വകുപ്പിന്റെ insurance management portal മുഖേന വെറ്ററിനറി സർജൻ enter ചെയ്യുകയും പ്രീമിയം തുക ബാങ്ക്/ഇൻഷ്വറൻസ് കമ്പനി മുഖേന അടയ്ക്കുകയും ചെയ്യുന്നു.
- പ്രീമിയം തുക അടച്ച വിവരങ്ങൾ വകുപ്പിന്റെ പോർട്ടലിൽ വെറ്ററിനറി സർജൻ അപ്‌ലോഡ് ചെയ്യുന്നു. തൽസമയം ടി അപേക്ഷ കമ്പനിക്ക് ഓൺലൈനായി ലഭ്യമാകുന്നു. ആയത് കമ്പനി പോളിസിയാക്കി വകുപ്പിന്റെ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും വെറ്ററിനറി സർജൻ ഈ പോളിസിയുടെ പ്രിന്റ് എടുത്ത് കർഷകന് നൽകുകയും ചെയ്യുന്നു.

<u>ഗോസമൃദ്ധി പ്ലസ് 2018-19 പദ്ധതിയുടെ മാനദണ്ഡങ്ങൾ</u>

- കേരള സംസ്ഥാനത്തുള്ള കർഷകനായിരിക്കണം.
- മൃഗസംരക്ഷണ വകുപ്പിന്റെ ഫാർമേഴ്സ് രജിസ്ട്രേഷൻ നടത്തിയിരിക്കണം.

- BPL, എസ്.സി./എസ്.ടി., വിധവകളായ സ്ത്രീകൾ എന്നിവർക്ക് പദ്ധതിയിൽ അംഗങ്ങളാകുവാൻ മുൻഗണന നൽകുന്നതാണ്.
- കറവയുള്ള പശുക്കൾ/എരുമകൾ, 7 മാസത്തിന് മുകളിൽ ഗർഭമുള്ള കിടാരികൾ/ എരുമക്കുട്ടികൾ എന്നിവയെ ഇൻഷ്വർ ചെയ്യാം
- സങ്കരയിനം പശുക്കളെ 50,000 രൂപ വരെയും നാടൻ പശുക്കളെ 25,000 രൂപ വരെയുമുള്ള മതിപ്പുവിലയ്ക്കാണ് ഇൻഷ്വർ ചെയ്യാവുന്നത്.
- 1 വർഷം/3 വർഷം എന്ന നിലയിൽ കർഷകർക്ക് ഇൻഷ്വർ ചെയ്യുവാൻ കഴിയും.
- 50,000 രൂപ വരെ മതിപ്പുവിലയുള്ള ഉരുവിന് ജനറൽ വിഭാഗത്തിന് പ്രീമിയം തുകയുടെ 50%-ഉം, എസ്.സി./എസ്.ടി. വിഭാഗത്തിന് 70%-ഉം സർക്കാർ സബ്സിഡി നൽകുന്നതാണ്.
- ഇൻഷ്വർ ചെയ്യുന്ന ഉരുവിന്റെ ഉടമയായ കർഷകന് പൂർണ്ണമോ ഭാഗികമോ ആയ അംഗവൈകല്യത്തിനും അപകടമരണത്തിനും പരമാവധി 2 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണ്.
- വിൽക്കുമ്പോഴും ഉരുവിന്റെ പോളിസി കൈമാറാൻ കഴിയും.
- പ്രതിരോധ കുത്തിവയ്പുകൾ നിർബന്ധമായും എടുത്തിരിക്കണം.

ഗോസമൃദ്ധി പ്ലസ് 2019-20

നടപ്പുസാമ്പത്തിക വർഷം നിർവ്വഹണം ആരംഭിക്കുന്ന ഗോസമൃദ്ധി പ്ലസ് 2019-20, എൻ.എൽ.എം. 2018-19 എന്നീ പദ്ധതികൾ മുഖാന്തരം ഉരുക്കൾക്കും കർഷകനും ഒരേ സമയം ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നു.

ടി പദ്ധതിയിൽ അംഗമാകുവാൻ അതാത് പഞ്ചായത്തിലെ മൃഗാശുപത്രികളെ സമീപിക്കേണ്ടതാണ്.

- കറവയുള്ള പശുക്കൾ/എരുമകൾ, 7 മാസത്തിനുമുകളിൽ ഗർഭമുള്ള കിടാരികൾ/ എരുമക്കുട്ടികൾ എന്നിവയെ ഇൻഷ്വർ ചെയ്യാവുന്നതാണ്. ഒരു വർഷം, മൂന്നു വർഷം എന്നീ കാലയളവുകളിലേയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ.
- ഉരുക്കളുടെ മരണം(death), ഉത്പാദന പ്രത്യുത്പാദന ക്ഷമതനഷ്ടം (PTD) എന്നിവയ്ക്ക് പരിരക്ഷ.

- മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി ഡോക്ടർമാർ ഉരുവിനെ തിരിച്ചറിയുവാനായി Ear tag ചെയ്യുന്നു. തുടർന്ന് വകുപ്പിന്റെ " ഭൂമിക" ആപ് മുഖേന ക്ഷീരകർഷകരെ പൂർണ്ണമായും " ജിയോ മാപ്പിംഗ്" ചെയ്ത് അവർക്ക് തിരിച്ചറിയൽ നമ്പർ (Farmer ID) നൽകുന്നു.

- പൂർണ്ണമായും വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴിയാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്.

- സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ online platform ആയ " SBI collect" മുഖാന്തരമാണ് കർഷകവിഹിതം സമാഹരിക്കുന്നത്. Credit card/debit card/online payment/ direct remittance തുടങ്ങി വിവിധ രീതിയിൽ കർഷകർക്ക് ആയാസരഹിതമായി പ്രീമിയം അടയ്ക്കാവുന്നതാണ്. ഇതിനായി കർഷകർ ഇൻഷ്വറൻസ് കമ്പനിയിൽ നേരിട്ട് പോകേണ്ടതില്ല.

- സങ്കരയിനം പശുക്കൾക്ക് 65,000 രൂപ വരെ വിലയുള്ള ജനറൽ വിഭാഗത്തിന് പ്രീമിയം തുകയുടെ 50%-വും എസ്.സി./എസ്.ടി. വിഭാഗത്തിന് 70%- വും സബ്സിഡി നൽകുന്നതാണ്.

- 65,000 രൂപയ്ക്ക് മുകളിലുള്ള ഉരുവിന്റെ വിലയുടെ പ്രീമിയം പൂർണ്ണമായും ഗുണഭോക്താവ് വഹിക്കേണ്ടതാണ്. നാടൻ പശുക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതാണ്. പ്രീമിയം നിരക്ക് ഒരു വർഷത്തേയ്ക്ക് ഉരുവിന്റെ വിലയുടെ 2.15%, 3 വർഷത്തേയ്ക്ക് 5.419%.

- ഒരു ലക്ഷം രൂപ വരെ വിലയുള്ള ഉരുവിന്റെ ഇതേ പ്രീമിയം നിരക്കിൽ ഇൻഷ്വർ ചെയ്യാമെന്നുള്ളത് ഈ പദ്ധതിയുടെ അധിക നേട്ടമാണ്.

- കർഷകന് പൂർണ്ണമായോ ഭാഗികമായോ ആയ അംഗവൈകല്യത്തിനും അപകടമരണത്തിനും പരമാവധി 2 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ.

- സമയബന്ധിതമായ നഷ്ടപരിഹാര തുക (claim amount)കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നു.

- തിരിച്ചറിയുവാനായി ഉരുവിന്റെ കാതിലിടുന്ന കമ്മൽ (ear tag) ക്ലെയിം ലഭിക്കുവാൻ അനിവാര്യമാണ്.

- കമ്മൽ (ear tag) നഷ്ടപ്പെടുന്ന സാഹചര്യത്തിൽ വെറ്ററിനറി ഡോക്ടർമാരുടെ സഹായത്തോടെ വീണ്ടും കമ്മലടിച്ച് (re-tagging) ഇൻഷ്വറൻസ് കമ്പനിയെ അറിയിക്കേണ്ടതാണ്.
- ഉരുവിന് മരണം സംഭവിച്ചാൽ നഷ്ടപരിഹാരത്തിനായി മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി ഡോക്ടറുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് സഹിതം ക്ലെയിമിനുള്ള അപേക്ഷ രണ്ടാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.
- ഗോസമൃദ്ധി പദ്ധതിപ്രകാരം അത്യുത്പാദന ശേഷിയുള്ള 50000 ഉരുക്കളെ ഇൻഷ്വർ ചെയ്യുന്നു.
- പദ്ധതി സംസ്ഥാനത്തെ എല്ലാ മൃഗാശുപത്രികൾ വഴിയും നടപ്പിലാക്കുന്നു.
- 5 കോടി രൂപയാണ് പദ്ധതിക്കായി കേരള സർക്കാർ വകയിരുത്തിയിട്ടുള്ളത്.

**കൊട്ടാരക്കര മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി**

136(4505) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷീരഗ്രാമം പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെട്ട കുളക്കട ഗ്രാമപഞ്ചായത്തിനെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) ക്ഷീരോല്പാദനത്തിന് അനുയോജ്യമായതും കൂടുതൽ സാധ്യതയുള്ളതുമായ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയിലെത്തിക്കുന്നതിനും കൂടുതൽ കർഷകരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും ക്ഷീരമേഖലയുടെ പൊതുവായ ഉന്നമനത്തിനുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**പയ്യന്നൂർ മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി**

137(4506) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി അനുവദിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം മണ്ഡലത്തിലാണ് പ്രസ്തുത പദ്ധതി അനുവദിച്ചതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(ബി) ഈ സർക്കാരിന്റെ കാലത്ത് ക്ഷീരഗ്രാമം പദ്ധതി അനുവദിച്ച പഞ്ചായത്തുകൾ ഉൾപ്പെടുന്ന നിയമസഭാ മണ്ഡലങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് | നിയമസഭാ മണ്ഡലം | വർഷം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഏരൂർ | പുനലൂർ | 2016-17 |
| 2. | ഉദയനാപുരം | വൈക്കം | 2016-17 |
| 3. | വെള്ളാങ്കല്ലൂർ | കൊടുങ്ങല്ലൂർ | 2016-17 |
| 4. | ചിറയിൻകീഴ് | ചിറയിൻകീഴ് | 2017-18 |
| 5. | ഇടമുളയ്ക്കൽ | പുനലൂർ | 2017-18 |
| 6. | മണ്ണഞ്ചേരി | ആലപ്പുഴ | 2017-18 |
| 7. | ചാഴൂർ | നാട്ടിക | 2017-18 |
| 8. | പറളി | കോങ്ങാട് | 2017-18 |
| 9. | വെമ്പായം | നെടുമങ്ങാട് | 2018-19 |
| 10. | മേലില | പത്തനാപുരം | 2018-19 |

| (1) | (2) | (3) | (4) |
|---|---|---|---|
| 11. | തൊടിയൂർ | കരുനാഗപ്പള്ളി | 2018-19 |
| 12. | വയലാർ | ചേർത്തല | 2018-19 |
| 13. | കോലഴി | വടക്കാഞ്ചേരി | 2018-19 |
| 14. | കണ്ണമംഗലം | വേങ്ങര | 2018-19 |
| 15. | വട്ടംകുളം | പൊന്നാനി | 2018-19 |
| 16. | ചെറുവണ്ണൂർ | പേരാമ്പ്ര | 2018-19 |
| 17. | തില്ലങ്കേരി | മട്ടന്നൂർ | 2018-19 |
| 18. | പനത്തടി | കാഞ്ഞങ്ങാട് | 2018-19 |
| 19. | വിളപ്പിൽ | കാട്ടാക്കട | 2019-20 |
| 20. | കുളക്കട | കൊട്ടാരക്കര | 2019-20 |
| 21. | ശൂരനാട് വടക്ക് | കുന്നത്തൂർ | 2019-20 |
| 22. | മെഴുവേലി | പത്തനംതിട്ട | 2019-20 |
| 23. | പട്ടണക്കാട് | ചേർത്തല | 2019-20 |
| 24. | കല്ലൂർക്കാട് | മൂവാറ്റുപുഴ | 2019-20 |
| 25. | ആനക്കയം | മലപ്പുറം | 2019-20 |
| 26. | പെരിങ്ങോട്ട് കുറിശ്ശി | തരൂർ | 2019-20 |
| 27. | ഇടച്ചേരി | നാദാപുരം | 2019-20 |
| 28. | ചൊക്ലി | തലശ്ശേരി | 2019-20 |

### ഷൊർണ്ണൂർ മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി

138(4507) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തുകളെ പുതിയതായി ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളെ 2019-20 വർഷത്തിൽ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) പരിശോധിച്ചുവരികയാണ്.

**ക്ഷീരകർഷകർക്ക് വരുമാനം ഉറപ്പാക്കുന്നതിന് പദ്ധതി**

139(4508) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാൽ ഉല്പാദനം വർദ്ധിപ്പിയ്ക്കാനും ക്ഷീരകർഷകർക്ക് വരുമാനം ഉയർത്താനും ഉതകുന്ന തരത്തിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഉത്തരം

പാൽ ഉല്പാദനം വർദ്ധിപ്പിക്കാനും ക്ഷീരകർഷകർക്ക് വരുമാനം ഉയർത്തുവാനുംവേണ്ടി സംസ്ഥാന സർക്കാർ 2019-20 വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തീറ്റപ്പുൽകൃഷി വികസന പദ്ധതി
2. കാലിത്തീറ്റ സബ്സിഡി
3. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം
   (a) ക്ഷീരഗ്രാമം പദ്ധതി
   (b) അവശ്യാധിഷ്ഠിത സഹായം
   (c) ഡയറി ഫാമുകൾക്ക് യന്ത്രവത്കരണം
   (d) കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം
   (e) ഹീഫർ പാർക്ക്
4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
5. സമഗ്ര ഇൻഷുറൻസ് പദ്ധതി

ക്ഷീരകർഷകരുടെ പ്രധാനപ്രശ്നമായ വർദ്ധിച്ച തീറ്റ ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ,

അർദ്ധസർക്കാർ, സ്വകാര്യ വ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തി കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ/ മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്കാവശ്യമായ പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പാക്കി വരുന്നുണ്ട്. കോമ്പോസിറ്റ് ഡയറി യൂണിറ്റ്, എലിവേറ്റഡ് കാറ്റിൽ ഷെഡ്, പ്രളയദുരിതാശ്വാസ പദ്ധതിയായി ക്ഷീര നവോത്ഥാനം, സമഗ്ര സഹകരണ പ്രചരണ പരിപാടി, വനിതാ ക്ഷീരകർഷക സർവ്വേ, ക്ഷീര സംഘങ്ങൾക്കായി യൂണിഫൈഡ് സോഫ്റ്റ്വെയർ എന്നീ പദ്ധതികളും നടപ്പിലാക്കുന്നു. കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകട മരണത്തിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.

## മലപ്പുറം ജില്ലയിൽ ക്ഷീരഗ്രാമം പദ്ധതി

140 (4509) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ക്ഷീരഗ്രാമംപദ്ധതിയിൽ ഉൾപ്പെട്ട ഗ്രാമങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഗുണമേന്മയില്ലാത്തതിന്റെ പേരിൽ സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള പാൽ കമ്പനികൾ എതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) നിരോധിച്ച കമ്പനികൾ പാൽ വിതരണം ചെയ്യുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) 2019-20-ൽ മലപ്പുറം ജില്ലയിലെ ആനക്കല്ല് ഗ്രാമപഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2018-19-ൽ കണ്ണമംഗലം, വട്ടംകുളം എന്നീ പഞ്ചായത്തുകളിലും ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പ് കഴിഞ്ഞ രണ്ട് വർഷമായി ഗുണമേന്മയില്ലാത്തതിന്റെ പേരിൽ പാൽ ബ്രാൻഡുകൾ/കമ്പനികൾ ഒന്നുംതന്നെ നിരോധിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്നപക്ഷം ഭക്ഷ്യസുരക്ഷാ നിയമം 2006 പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

## പാലുല്പാദനത്തിൽ ഗുണമേന്മ ഉറപ്പാക്കാൻ നടപടി

141(4510) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമായ പാൽ ഉൽപാദിപ്പിക്കാൻ കഴിയുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന വിശദമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) ക്ഷീരോല്പാദനമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

- മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി
- തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ
- ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം
- ഹീഫർ പാർക്ക്
- ക്ഷീരഗ്രാമം
- ക്ഷീരസംഘങ്ങൾക്കുള്ള സഹായപദ്ധതികൾ
- പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
- ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ
- സമഗ്ര ഇൻഷ്വറൻസ് പദ്ധതി

ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ സഹായം, അപകടമരണ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീരകർഷക അവാർഡുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

## ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള പാൽ

142(4511) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതരസംസ്ഥാനങ്ങളിൽ നിന്നും ദൈനംദിനം എത്ര ലിറ്റർ പാലാണ് സംസ്ഥാനത്ത് എത്തുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

ഇതരസംസ്ഥാനങ്ങളിൽനിന്നും മേഖലാ യൂണിയനുകൾ ശരാശരി 1.5 ലക്ഷം ലിറ്റർ പാൽ പ്രതിദിനം സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നുണ്ട്.

## പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ

143(4512) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ക്ഷീരവികസന പരിപാടികൾ വിശദമാക്കാമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാൽ അതിർത്തികളിൽ പരിശോധിക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും അതിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന വസ്തുത ഗൗരവമായി കണ്ടിട്ടുണ്ടോ;

(സി) ഗുണമേന്മയില്ലാത്തതിന്റെ പേരിൽ സംസ്ഥാനത്ത് നിരോധനം ഏർപ്പെടുത്തിയിട്ടുള്ള പാൽ കമ്പനികൾ ഏതെല്ലാമാണ്;

(ഡി) നിരോധിക്കപ്പെട്ട പാൽ കമ്പനികൾ അടുത്ത ദിവസം തന്നെ പുതിയ നാമത്തിലും നിറത്തിലും മാർക്കറ്റിലെത്തുന്നതായ വിവരം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന ക്ഷീരവികസന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

- മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി

- തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ
- ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം
- ഹീഫർ പാർക്ക്
- ക്ഷീരഗ്രാമം
- ക്ഷീരസംഘങ്ങൾക്കുള്ള സഹായ പദ്ധതികൾ
- പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
- ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ
- സമഗ്ര ഇൻഷ്വറൻസ് പദ്ധതി

ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ സഹായം, അപകടമരണ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീരകർഷക അവാർഡുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിച്ച് ഭൂരിഭാഗം പഞ്ചായത്തുകളിലും ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് ഒരു ലിറ്റർ പാലിന് വകുപ്പിന്റെ സബ്സിഡി ഉൾപ്പെടെ നാല് രൂപ വരെ സഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ ആര്യങ്കാവ്, മീനാക്ഷിപുരം എന്നീ രണ്ട് അതിർത്തി ചെക്ക് പോസ്റ്റുകളിൽ മാത്രമാണ് സ്ഥിരം പാൽ പരിശോധനാ സംവിധാനമുള്ളത്. ഭക്ഷ്യസുരക്ഷാ വകുപ്പിന് ചെക്ക്പോസ്റ്റുകളിൽ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ ഉണ്ടെങ്കിലും സ്ഥിരം പരിശോധനാ സംവിധാനം ഇല്ല. മറ്റ് അതിർത്തി ചെക്ക് പോസ്റ്റുകൾ മുഖേന കൊണ്ടുവരുന്ന പാൽ പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനം നിലവിലില്ലാത്തതിനാലാണ് കാര്യക്ഷമമായ പരിശോധന നടത്തുവാൻ കഴിയാത്തത്. ഈ വസ്തുത ഗൗരവമായി കാണുന്നു.

(സി) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പ് കഴിഞ്ഞ രണ്ട് വർഷമായി ഗുണമേന്മയില്ലാത്തതിന്റെ പേരിൽ പാൽ ബ്രാൻഡുകൾ ഒന്നുംതന്നെ നിരോധിച്ചിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്നപക്ഷം ഭക്ഷ്യസുരക്ഷാ നിയമം 2006 പ്രകാരമുള്ള നിയമനടപടികൾ ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിക്കുന്നതാണ്.

## ഇതരസംസ്ഥാനങ്ങളിൽ നിന്നുമുള്ള മായം ചേർത്ത പാൽ തടയുന്നതിന് നടപടി

144(4513) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനങ്ങളിൽ നിന്നും മായം കലർന്ന പാൽ സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നതായുള്ള വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതരസംസ്ഥാനങ്ങളിൽ നിന്നും ഗുണനിലവാരം കുറഞ്ഞതും മായം ചേർത്തതുമായ പാൽ കൊണ്ടുവരുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആര്യങ്കാവ്(കൊല്ലം), മീനാക്ഷിപുരം (പാലക്കാട്) അതിർത്തി ചെക്ക് പോസ്റ്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധനാ സംവിധാനം സജ്ജമാണ്. പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തി മാത്രമേ പാൽ സംസ്ഥാനത്തിനുള്ളിലേയ്ക്ക് കടത്തി വിടുകയുള്ളൂ.

കൂടാതെ സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ജില്ലാ ഗുണനിയന്ത്രണ ലാബുകൾ മുഖേന വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്.

നിശ്ചിത ഗുണനിലവാരം പുലർത്താത്തതോ, മായം കലർത്തിയതോ ആയ പാൽ സാമ്പിളുകൾ കണ്ടെത്തിയാൽ വിവരം നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പിനെ അറിയിക്കുകയാണ് ചെയ്യുന്നത്.

കൂടാതെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് അനലറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും ചെക്ക് പോസ്റ്റുകളിൽ പരിശോധനകൾ നടത്തുന്നുണ്ട്.

## കറവപ്പശുക്കളെ അന്യസംസ്ഥാനങ്ങളിൽനിന്നും എത്തിക്കുവാൻ നടപടി

145(4514) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കറവപ്പശുക്കളുടെ എണ്ണം കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉൽപാദനക്ഷമതയുള്ള കറവപ്പശുക്കളെ അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുവാൻ ക്ഷീരവികസന വകുപ്പിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(സി) കൂടുതൽ ആളുകളെ ക്ഷീരോത്പാദന മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കറവപ്പശുക്കളുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2007-ലെ 18-ാം കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്തെ കറവപ്പശുക്കളുടെ എണ്ണം 610615 ആയിരുന്നു. 2012-ലെ 19-ാം കന്നുകാലി സെൻസസിൽ ഇത് 494443 ആയി കുറഞ്ഞു. 2019- ലെ 20-ാം സെൻസസ് പൂർത്തിയായിട്ടുണ്ടെങ്കിലും കണക്കുകൾ അന്തിമമായിട്ടില്ല.

(ബി) ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി വാങ്ങുന്ന കറവപ്പശുക്കൾ സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങണമെന്ന നിബന്ധനയുണ്ട്. ഇതിന്റെ ഭാഗമായി 2018-19-ൽ 5960 കറവപ്പശുക്കളെയും 1645 കിടാരികളേയും സംസ്ഥാനത്തിന് പുറത്തുനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ട്.

(സി) ക്ഷീരകർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും ക്ഷീര കർഷകരെ സഹായിക്കുന്നതിനുമായി 2019-20 വർഷത്തിൽ 108.53 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. 2019-20-ൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തീറ്റപ്പുൽകൃഷി വികസന പദ്ധതി
2. കാലിത്തീറ്റ സബ്സിഡി
3. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം

a) ക്ഷീരഗ്രാമം

b) അവശ്യാധിഷ്ഠിത സഹായം

c) യന്ത്രവത്കരണം

d) കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം

e) ഹീഫർ പാർക്ക്

4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം

5. സമഗ്ര ഇൻഷ്വറൻസ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ/മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്കാവശ്യമായ പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പാക്കി വരുന്നുണ്ട്.

കൂടാതെ കോമ്പോസിറ്റ് ഡയറി യൂണിറ്റ്, എലിവേറ്റഡ് കാറ്റിൽ ഷെഡ്, ക്ഷീര നവോത്ഥാനം, സമഗ്ര സഹകരണ പ്രചരണ പരിപാടി, വനിതാ ക്ഷീരകർഷക സർവ്വെ, ക്ഷീരസംഘങ്ങൾക്കായി യൂണിഫൈഡ് സോഫ്റ്റ്‌വെയർ എന്നീ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

**ക്ഷീരകർഷകർക്കുള്ള സബ്സിഡി വർദ്ധിപ്പിക്കൽ**

146(4515) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയുടെ ക്രമാതീതമായ വില വർദ്ധനവ് ക്ഷീരകർഷകരെ ദുരിതത്തിലാക്കിയത് പരിഗണിച്ച് സർക്കാർ കർഷകർക്ക് ഇപ്പോൾ എത്ര രൂപയാണ് സബ്സിഡി നൽകുന്നതെന്ന് വിശദമാക്കുമോ;

(ബി) പാലിന്റെ വിലയും കാലിത്തീറ്റയുടെ വിലയും തമ്മിൽ വലിയ അന്തരമുള്ളതിനാൽ നിലവിൽ കൊടുക്കുന്ന സബ്സിഡി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കാലിത്തീറ്റ സബ്സിഡിയായി ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ക്ഷീരവികസന വകുപ്പ് ഒരു ലിറ്റർ പാലിന് 1 രൂപ കാലിത്തീറ്റ സബ്സിഡി നൽകുന്നുണ്ട്. കൂടാതെ ബഹുഭൂരിഭാഗം പഞ്ചായത്തുകളിലും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം വിനിയോഗിച്ച് വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെ ആകെ 4 രൂപ വരെ ഒരു ലിറ്റർ പാലിന് കാലിത്തീറ്റ സബ്സിഡി/മിൽക്ക് ഇൻസെന്റീവായി നൽകുന്നുണ്ട്.

(ബി) ക്ഷീര വികസന വകുപ്പ് നൽകുന്ന സബ്സിഡികളും മറ്റ് സഹായങ്ങളും കാലാനുസൃതമായി പരിഷ്കരിക്കുന്നുണ്ട്. സബ്സിഡി തുകകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനം എടുത്തിട്ടില്ല.

**ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണം**

147(4516) ശ്രീ. എം. സ്വരാജ്:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകർഷകർക്കായുള്ള ക്ഷേമ നടപടികളുടെ ഭാഗമായി ക്ഷീര സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ക്ഷീരസഹകരണ സംഘങ്ങളിലൂടെയുള്ള പാൽസംഭരണത്തിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സാമ്പത്തിക ഭദ്രത ഇല്ലാതെ അടച്ച്പൂട്ടൽ ഭീഷണി നേരിടുന്ന ക്ഷീരസഹകരണ സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ക്ഷീര സഹകരണ സംഘങ്ങൾക്ക് മിൽമയിൽ അഫിലിയേഷൻ ലഭ്യമാക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിന് 2019-20 വർഷത്തിൽ 1550 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | പാൽ സംഭരണ മുറി സ്ഥാപിക്കുന്നതിന് | 3,75,000 രൂപ |
| 2. | ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള സഹായം | 3,75,000 രൂപ |
| 3. | AMC യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം | 1,10,000 രൂപ |
| 4. | ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള സഹായം | 5,25,000 രൂപ |
| 5. | മിൽക്ക് ട്രാൻസ്പോർട്ടേഷൻ നടത്തുന്നതിനുള്ള സഹായം | 35,000 രൂപ |
| 6. | ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി | 35,000 രൂപ |
| 7. | ക്ഷീര സംഘങ്ങൾ വഴി പച്ചപ്പുല്ല്/വയ്ക്കോൽ വിതരണം ചെയ്യുന്നതിനുള്ള സഹായം | 1,00,000 രൂപ |
| 8. | ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം | 1,20,000 രൂപ |
| 9. | ക്ഷീരസംഘങ്ങൾക്ക് FSSA നടപ്പിലാക്കുന്നതിനുള്ള സഹായം | 45,000 രൂപ |
| 10. | പുതിയ ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള സഹായം | 61,500 രൂപ |
| 11. | പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള സഹായം | 61,500 രൂപ |

ക്ഷീരസഹകരണ സംഘങ്ങൾക്ക് മഴവെള്ള സംഭരണി, സൗരോർജ്ജ സംവിധാനം എന്നിവ സ്ഥാപിക്കുന്നതിന് പ്രത്യേക പദ്ധതികളും ഈ വർഷം നടപ്പിലാക്കുന്നുണ്ട്.

കൂടാതെ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നതിനുമായി ഏകീകൃത സോഫ്റ്റ്വെയർ സംവിധാനം സജ്ജമാക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ക്ഷീരസംഘങ്ങൾക്ക് ശീതീകരണ സംവിധാനവും കാലിത്തീറ്റ ഉൽപ്പാദനത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമായി കോർപ്പസ് ഫണ്ടും നൽകുന്നുണ്ട്.

സംസ്ഥാനത്തെ ക്ഷീര സഹകരണ മേഖലയെ ശക്തിപ്പെടുത്തി കൂടുതൽപേരെ സഹകരണ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നത് ഉദ്ദേശിച്ചുകൊണ്ടുള്ള സമഗ്ര സഹകരണ പ്രചരണ പരിപാടിയും ഈ വർഷം നടപ്പിലാക്കുന്നുണ്ട്.

(ബി) പാൽ സംഭരണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ക്ഷീര സംഘങ്ങളിലൂടെയുള്ള പ്രതിദിന പാൽ സംഭരണം 2016-17-ൽ 16.27 ലക്ഷം ലിറ്ററായിരുന്നത് 2018-19 ആയപ്പോഴേക്കും 18.64 ലക്ഷം ലിറ്ററായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) പാൽ സംഭരണം കുറവായതിനാൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം പ്രവർത്തിക്കുവാൻ കഴിയാതിരുന്ന ക്ഷീര സംഘങ്ങളെ സഹായിക്കുന്നതിനായി ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി മാനേജീരിയൽ സബ്സിഡി 2017-18 വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. 150 ലിറ്ററിൽ കുറവ് പ്രതിദിനം സംഭരിക്കുന്ന സംഘങ്ങൾക്ക് ഒരു മാസം 2000 രൂപ സെക്രട്ടറിക്കും 1500 രൂപ പ്രൊക്യൂർമെന്റ് അസിസ്റ്റന്റിനും എന്ന നിരക്കിൽ പരമാവധി ഒരു വർഷം 35,000 രൂപ വരെ സഹായം നൽകുന്നു.

(ഡി) നിശ്ചിത യോഗ്യതയുള്ള എല്ലാ പ്രാഥമിക ക്ഷീര സംഘങ്ങൾക്കും മേഖലാ യൂണിയനിൽ അഫിലിയേഷൻ നൽകുന്നതിനായി ഡയറി രജിസ്ട്രാർ/ഡയറി ഡയറക്ടർ മേഖലാ യൂണിയൻ മാനേജിംഗ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അഫിലിയേഷൻ ലഭിക്കുന്നതിന് തടസ്സം നേരിടുന്ന പ്രാഥമിക ക്ഷീരസംഘങ്ങളിൽനിന്നും രജിസ്ട്രാർക്ക് ലഭിച്ച അപ്പീലുകൾ പരിശോധിച്ച് അഫിലിയേഷൻ നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

## ക്ഷീര സഹകരണ സ്ഥാപനങ്ങൾ

148(4517) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ക്ഷീര സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്ഷീര സഹകരണ സ്ഥാപനങ്ങൾ മുഴുവൻ ലാഭത്തിൽ പ്രവർത്തിക്കുന്നവയാണോ എന്ന് വ്യക്തമാക്കാമോ; ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സ്ഥാപനങ്ങളുടെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ക്ഷീര സഹകരണ സ്ഥാപനങ്ങളുടെ നിലനിൽപ്പിനും സുഖമമായ പ്രവർത്തനത്തിനും സർക്കാർ ചെയ്തു വരുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് ക്ഷീര സഹകരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും അവർക്ക് ലഭിക്കുന്ന വേതനങ്ങളും എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ 3673 ക്ഷീരസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ആപ് കോസ് | നോൺ ആപ്കോസ് | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 344 | 78 | 422 |
| 2 | കൊല്ലം | 283 | 62 | 345 |
| 3 | പത്തനംതിട്ട | 188 | 16 | 204 |
| 4 | ആലപ്പുഴ | 248 | 21 | 269 |
| 5 | കോട്ടയം | 256 | 26 | 282 |
| 6 | ഇടുക്കി | 195 | 15 | 210 |
| 7 | എറണാകുളം | 326 | 14 | 340 |
| 8 | തൃശ്ശൂർ | 232 | 59 | 291 |
| 9 | പാലക്കാട് | 329 | 21 | 350 |
| 10 | മലപ്പുറം | 259 | 27 | 286 |
| 11 | കോഴിക്കോട് | 237 | 15 | 252 |
| 12 | വയനാട് | 54 | 2 | 56 |
| 13 | കണ്ണൂർ | 169 | 54 | 223 |
| 14 | കാസർഗോഡ് | 136 | 7 | 143 |
| | **ആകെ** | **3256** | **417** | **3673** |

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിന് 2019-20 വർഷത്തിൽ 2050 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പാൽ സംഭരണ മുറി സ്ഥാപിക്കുന്നതിന് | 3,75,000 |
| 2 | ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള സഹായം | 3,75,000 |
| 3 | AMC യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം | 1,10,000 |
| 4 | ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള സഹായം | 5,25,000 |
| 5 | മിൽക്ക് ട്രാൻസ്പോർട്ടേഷൻ നടത്തുന്നതിനുള്ള സഹായം | 35,000 |
| 6 | ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി | 35,000 |
| 7 | ക്ഷീര സംഘങ്ങൾ വഴി പച്ചപ്പുല്ല്/വയ്ക്കോൽ വിതരണം ചെയ്യുന്നതിനുള്ള സഹായം | 1,00,000 |
| 8 | ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം | 1,20,000 |
| 9 | ക്ഷീരസംഘങ്ങൾക്ക് FSSA നടപ്പിലാക്കുന്നതിനുള്ള സഹായം | 45,000 |
| 10 | പുതിയ ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള സഹായം | 61,500 |
| 11 | പ്രവർത്തനരഹിതമായ ക്ഷീര സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള സഹായം | 61,500 |

ക്ഷീര സഹകരണ സംഘങ്ങൾക്ക് മഴവെള്ള സംഭരണി സൗരോർജ്ജ സംവിധാനം, എഫ്ലുവെന്റ് ട്രീറ്റ്മെന്റ് സംവിധാനം എന്നിവ സ്ഥാപിക്കുന്നതിന് പ്രത്യേക പദ്ധതികളും ഈ വർഷം നടപ്പിലാക്കുന്നുണ്ട്. കൂടാതെ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നതിനുമായി ഏകീകൃത സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കുന്ന പദ്ധതിയും പൂർത്തിയായി വരുന്നു. ക്ഷീരസംഘങ്ങൾക്ക് ശീതീകരണ സംവിധാനവും കാലിത്തീറ്റ ഉൽപ്പാദനത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമായി കോർപ്പസ് ഫണ്ടും നൽകുന്നുണ്ട്.

സംസ്ഥാനത്തെ ക്ഷീര സഹകരണ മേഖലയെ ശക്തിപ്പെടുത്തി കൂടുതൽ പേരെ സഹകരണ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നത് ഉദ്ദേശിച്ച് സമഗ്ര സഹകരണ പ്രചരണ പരിപാടിയും ഈ വർഷം നടപ്പിലാക്കുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## വയനാട് ജില്ലയിലെ ക്ഷീര സഹകരണ സംഘങ്ങൾ

149(4518) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ആകെ എത്ര ക്ഷീര സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) വയനാട് ജില്ലയിൽ ഒരു ദിവസം ശരാശരി ഉദ്പാദിപ്പിക്കുന്ന പാലിന്റെ കണക്ക് വ്യക്തമാക്കാമോ;

(സി) വയനാട് ജില്ലയിൽ ക്ഷീര കർഷക മേഖലയിൽ തൊഴിലെടുത്ത് ആകെ എത്രപേർ ജീവിക്കുന്നു എന്ന കണക്ക് വകുപ്പിന്റെ കൈവശം ഉണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) വയനാട് ജില്ലയിൽ ആകെ 56 ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

(ബി) വയനാട് ജില്ലയിലെ ക്ഷീരസഹകരണ സംഘങ്ങൾ മുഖേന പ്രതിദിനം 2.28 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. സ്വകാര്യ ഡയറികൾ വഴിയുള്ള ഉൽപ്പാദനത്തിന്റെയും സംഘങ്ങളിൽ പാൽ നൽകാത്ത കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാലിന്റെയും കണക്ക് ലഭ്യമല്ല.

(സി) ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന 30,768 കർഷകർ വയനാട് ജില്ലയിൽ ഉണ്ട്. ക്ഷീരകർഷക മേഖലയിൽ ആകെ 57,041 ക്ഷീരകർഷകർ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

## തിരുവനന്തപുരം മൃഗശാലയിലെ മൃഗപരിപാലന ന്യൂനതകൾ

150(4519) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ പക്ഷിമൃഗാദികൾ ചത്തുവീഴുന്നതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) മൃഗപരിപാലനത്തിലെ ന്യൂനതകളും മൃഗങ്ങളുടെ അശാസ്ത്രീയവാസവും ഇതിന് കാരണമായിട്ടുണ്ടോയെന്ന്പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മൃഗശാലയിൽ പക്ഷിമൃഗാദികൾ അസ്വാഭാവിക കാരണങ്ങളാൽ ചത്തുവീഴുന്ന സംഭവങ്ങൾ ഉണ്ടായിട്ടില്ല. പ്രായാധിക്യവും, തമ്മിലുള്ള അക്രമണം കാരണവും മരണങ്ങൾ സംഭവിക്കുന്നുണ്ട്.

(ബി&സി) തിരുവനന്തപുരം മൃഗശാലയിലെ മൃഗങ്ങളെ കേന്ദ്ര മൃഗശാലാ അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡപ്രകാരമുള്ള വാസസ്ഥലങ്ങളിലാണ് പാർപ്പിച്ചിരിക്കുന്നത്. വാസസ്ഥലങ്ങളുടെ നിർമ്മാണത്തിന് കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ചിട്ടുള്ള മാസ്റ്റർ പ്ലാൻ പ്രകാരമാണ് നിർമ്മാണ പ്രവർത്തികൾ നടത്തുന്നത്. മൃഗപരിപാലനത്തിൽ പരിശീലനം ലഭിച്ചിട്ടുള്ള ജീവനക്കാരാണ് പരിപാലനം നടത്തുന്നത്.

## മൃഗശാലകളുടെ നവീകരണം

151(4520) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ മൃഗശാലകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം മൃഗശാല ആധുനികവത്ക്കരിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര മൃഗശാല അതോറിറ്റിയുടെ 62-ാം ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം 24-1-2013-ൽ ലഭ്യമാകുകയും മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവൃത്തികൾ നടത്തിവരികയും ചെയ്യുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരം ജലപക്ഷികൾക്ക് വേണ്ടിയുള്ള വാസസ്ഥലം, കാട്ടുപോത്തുകൾക്ക് വേണ്ടിയുള്ള വാസസ്ഥലം, അക്വേറിയത്തിന്റെ നവീകരണം, സ്ത്രീ സൗഹാർദ്ദപരമായ, വിശ്രമമുറിയും ചേർന്ന ടോയിലറ്റ് എന്നിവ പൂർത്തീകരിച്ചു. മൃഗശാലാ ഓഫീസിനും, സ്റ്റോറിനുമായി കെട്ടിട സമുച്ചയം, വിദേശ

പക്ഷികളെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം, ചിത്രശലഭ പാർക്കിന്റെ നിർമ്മാണം, ഇന്റർപ്രട്ടേഷൻ സെന്ററിന്റെ നിർമ്മാണം, ജിറാഫ്, സീബ്ര എന്നിവയെ പാർപ്പിക്കുന്ന കൂടുകളുടെ നവീകരണം, കടുവകളെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം, കുരങ്ങ് വർഗ്ഗത്തിൽപ്പെട്ടവയെ പാർപ്പിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം, കൃഷ്ണമൃഗം, പന്നിമാൻ, സിംഹം, ഒട്ടകപക്ഷി എന്നിവയെ പാർപ്പിക്കുന്ന പരിബന്ധനങ്ങളുടെ നവീകരണം എന്നിവ പുരോഗമിച്ചു വരുന്നു.

തൃശ്ശൂർ മൃഗശാലയിൽ ഉരഗങ്ങളുടെ പരിബന്ധനത്തിന്റെ നവീകരണം പൂർത്തീകരിച്ചു. അനാക്കോണ്ട പാമ്പിനുള്ള പരിബന്ധനം, അക്വേറിയത്തിന്റെ നിർമ്മാണം, സിംഹം, കടുവ, പുള്ളിപ്പുലി, പന്നിമാൻ, ഒട്ടകപക്ഷി, എമു, മയിൽ എന്നിവയെ പാർപ്പിക്കുന്ന കൂടുകളുടെ നവീകരണം എന്നിവ പുരോഗമിച്ചുവരുന്നു.

തിരുവനന്തപുരം മൃഗശാലയിലേയ്ക്ക് വണ്ടല്ലൂർ മൃഗശാലയിൽനിന്നും രണ്ട് ജോഡി വെള്ളമയിലുകൾ, രണ്ട് ജോഡി റെറ്റിക്കുലേറ്റഡ് പൈത്തൻ, ഒരു ജോഡി കഴുതപ്പുലികൾ, ഒരു ജോഡി ഒട്ടകപ്പക്ഷി, അഞ്ച് ജോഡി വർണ്ണക്കൊക്കുകൾ എന്നിവയെയും ലഭ്യമാക്കിയിട്ടുണ്ട്.

### തൃശ്ശൂരിലെ സുവോളജിക്കൽ പാർക്ക്

152(4521) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ പുത്തൂരിൽ സ്ഥാപിക്കുന്ന സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണം നിലവിൽ ഏതുഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ;

(ബി) നിലവിൽ പൂർത്തീകരിച്ച മൃഗങ്ങളുടെ ആവാസയിടങ്ങൾ ഏതെല്ലാം; വിശദാംശങ്ങൾ നൽകുമോ;

(സി) 2019 മാർച്ചിൽ ഉദ്ഘാടനം ചെയ്ത രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ ഏതുഘട്ടത്തിലാണ്;

(ഡി) പുത്തൂർ പാർക്കിലേയ്ക്കുള്ള ജലവിതരണ പദ്ധതി പരിസ്ഥിതി ആഘാതമുണ്ടാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിലെ വിശദാംശങ്ങൾ എന്തെല്ലാം; അറിയിക്കുമോ;

(ഇ) തൃശ്ശൂർ നഗരത്തിലെ മൃഗശാലയ്ക്ക് നിലവിൽ കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം ഉണ്ടോ; ഇവിടേയ്ക്ക് പുതിയ മൃഗങ്ങളെ കൊണ്ടുവരുന്നതിന് പദ്ധതിയുണ്ടോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) തൃശൂരിലെ പുത്തൂരിൽ സ്ഥാപിക്കുന്ന സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണം മൂന്ന് ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. മൃഗങ്ങളെ പാർപ്പിക്കുവാനുള്ള നാല് ആവാസയിടങ്ങൾ, ഹെഡ് ഓഫീസ്, ക്വാർട്ടേഴ്സുകൾ, സൂ, ആശുപത്രി സമുച്ചയം എന്നിവയാണ് ഒന്നാം ഘട്ടത്തിലുള്ളത്. ക്വാർട്ടേഴ്സുകളുടെ രണ്ട് ബ്ലോക്കുകളുടെ പണി കഴിഞ്ഞു. നാല് ആവാസയിടങ്ങളുടെ പണി ഡിസംബറിൽ പൂർത്തിയാകും. ഹെഡ് ഓഫീസിന്റെ സ്ട്രക്ചർ പൂർത്തിയായി. ആശുപത്രി സമുച്ചയത്തിന്റെ ഫൗണ്ടേഷൻ പണി നടക്കുന്നു. പാർക്കിംഗ് ഏരിയ, മൃഗങ്ങളുടെ എട്ട് ആവാസയിടങ്ങൾ, സന്ദർശക പാത, റോഡുകൾ എന്നിവ ഉൾപ്പെടുന്ന രണ്ടാം ഘട്ടത്തിലെ എല്ലാ ജോലികളും നടന്നുവരുന്നു. മൃഗങ്ങൾക്കുള്ള പതിനൊന്ന് ആവാസയിടങ്ങൾ, ചുറ്റുമതിൽ, ജലവിതരണം, മാലിന്യ സംസ്കരണം, മഴവെള്ള സംഭരണം, വൈദ്യുതിവത്ക്കരണം എന്നിവ ഉൾപ്പെടുന്നതാണ് മൂന്നാംഘട്ടം. ഇതിൽ ആവാസയിടങ്ങൾ, ചുറ്റുമതിൽ, ജലവിതരണം എന്നിവയുടെ നിർമ്മാണ കരാർ നൽകി കഴിഞ്ഞു. പണി ആരംഭിച്ചു. മറ്റ് ജോലികൾക്കുള്ള ടെന്റർ നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) നിലവിൽ മൃഗങ്ങളുടെ ആവാസയിടങ്ങൾ പൂർത്തീകരിച്ചിട്ടില്ല. പക്ഷികൾക്കുള്ള ഏവിയറിയുടെയും കരിങ്കുരങ്ങ്, സിംഹവാലൻ കുരങ്ങ്, കാട്ടുപോത്ത് എന്നിവയുടെ ആവാസയിടങ്ങളുടെയും പണി അവസാന ഘട്ടത്തിലാണ്.

(സി) 2019 മാർച്ചിൽ ഉദ്ഘാടനം ചെയ്ത രണ്ടാം ഘട്ടത്തിലെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ഏപ്രിലിൽ ആരംഭിച്ചു. പണികൾ പുരോഗമിക്കുന്നു.

(ഡി) പുത്തൂർ പാർക്കിലേയ്ക്കുള്ള ജലവിതരണ പദ്ധതി പരിസ്ഥിതി ആഘാതമുണ്ടാക്കുമെന്ന് പരിസ്ഥിതി അനുമതി രേഖയിൽ പറയുന്നില്ല. മണലിപ്പുഴയിൽ നിന്നുള്ള വെള്ളമാണ് പ്രധാന സ്രോതസ്സ്. പദ്ധതി പ്രദേശത്തുനിന്നും ഭൂഗർഭജലം ഒട്ടുംതന്നെ പദ്ധതി നടത്തിപ്പ് ഘട്ടത്തിൽ ഉപയോഗിക്കുന്നില്ല. പദ്ധതി പ്രദേശത്തുനിന്നുള്ള മഴവെള്ളം സംഭരിക്കുന്നതിന് പദ്ധതി പ്രദേശത്ത് മഴവെള്ള സംഭരണ കുളങ്ങൾ നിർമ്മിച്ചും പദ്ധതി പ്രദേശത്തിന് ചുറ്റുമുള്ള പാറ ഖനനം ഉപേക്ഷിച്ച 4 പാറമടകൾ ഏറ്റെടുത്ത് മഴവെള്ളം സംഭരിച്ചും ജലലഭ്യത ഉറപ്പുവരുത്തുക വഴി പദ്ധതി പ്രദേശത്തിന് ചുറ്റുമുള്ള സ്ഥലങ്ങളിൽ ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിക്കുകയും അതുവഴി ജലവിതരണ പദ്ധതി പരിസ്ഥിതിക്ക് ഗുണകരമാകുമെന്നുമാണ് പഠന റിപ്പോർട്ട് വെളിപ്പെടുത്തുന്നത്.

(ഇ) കേന്ദ്ര മൃഗശാല അതോറിറ്റിയുടെ 31-1-2019-ലെ ഉത്തരവ് പ്രകാരം തൃശ്ശൂർ നഗരത്തിലെ മൃഗശാലയുടെ അംഗീകാരം ഒരു വർഷത്തേക്ക് റദ്ദാക്കിയിട്ടുണ്ട്. ഇവിടേയ്ക്ക് പുതിയ മൃഗങ്ങളെ കൊണ്ടുവരുന്നതിന് ഇപ്പോൾ പദ്ധതിയില്ല.

## ജലവിഭവ വകുപ്പിന്റെ കൊച്ചി മണ്ഡലത്തിലെ പദ്ധതികൾ

153(4522) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ജലവിഭവ വകുപ്പ് കൊച്ചി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വാട്ടർ അതോറിറ്റി, മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ എന്നിങ്ങനെ തിരിച്ച് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പൂർത്തികരിച്ചു, പൂർത്തികരിക്കാനുള്ളവ, ആരംഭിക്കാനുള്ളവ എന്നിങ്ങനെ ഇനം തിരിച്ച് വിശദമാക്കാമോ ;

(ഡി) ഈ സർക്കാർ അനുവദിച്ച ഏതെങ്കിലും പ്രവൃത്തികൾ ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കൊച്ചി മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വിഭാഗത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഈ സർക്കാർ അധികാരമേറ്റശേഷം കൊച്ചി മണ്ഡലത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പ്രവൃത്തികൾക്കായി അനുവദിച്ച തുക, പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവ, പൂർത്തീകരിക്കാനുള്ളവ, ആരംഭിക്കാനുള്ളവ എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. കൂടാതെ കൊച്ചി നഗരത്തിനും 5 സമീപ മുനിസിപ്പാലിറ്റികൾക്കും 13 സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്കായി 143 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും നിർമ്മിക്കുന്നതിനായി 216.60 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി നിലവിൽ പ്രസ്തുത സ്ഥലത്തുകൂടി കടന്നുപോകുന്ന ശുദ്ധജലവിതരണ പൈപ്പുകൾ മാറ്റി 1400 എം.എം.- എം.എസ്. പൈപ്പ് സ്ഥാപിക്കുന്നതിനും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ നിർമ്മാണത്തിനായി 2019-20 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 50 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) 2018-19-ൽ ചെല്ലാനം, ചക്കരച്ചാൽ, കപ്പിത്താൻകരി, പടന്നകരി എന്നിവിടങ്ങളിലെ താല്ക്കാലിക ബണ്ട് നിർമ്മിക്കുന്ന പ്രവൃത്തി പല പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ആരും കരാർ ഏറ്റെടുക്കാത്തതു കൊണ്ട് പ്രവൃത്തി ചെയ്യാൻ സാധിച്ചില്ല. മറ്റ് പ്രവൃത്തികൾ ആരംഭിക്കുന്നതിന് തടസ്സങ്ങളൊന്നും ഉണ്ടായിട്ടില്ല.

കേരള ജല അതോറിറ്റിയിൽ ഈ സർക്കാർ അനുവദിച്ച ചില പദ്ധതികളിൽ റോഡ് കട്ടിങ്ങുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിലേയ്ക്കായി പദ്ധതികളുടെ പ്രത്യേക മീറ്റിംഗും ഡിപ്പാർട്ട്മെന്റ് തലത്തിലും സർക്കാർ തലത്തിലും നടത്തി പദ്ധതിയുടെ പുരോഗതി ഉറപ്പാക്കാറുണ്ട്. PWD-യിൽ നിന്നും അനുവാദം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി റോഡ് കട്ടിംഗ് വിഷയം നേരിടുന്ന പ്രതിസന്ധികൾ സംബന്ധിച്ച് തീരുമാനം എടുക്കുവാനായി ജില്ലാ തലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റോഡ് കട്ടിംഗ് വിഷയത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ തീരുമാനമുണ്ടാകാത്ത വിഷയങ്ങൾ സെക്രട്ടറിതല കമ്മിറ്റിയിൽ ഉന്നയിക്കുവാനും ഉചിതമായ തീരുമാനം കൈക്കൊള്ളാനും, ആയതിൻ പ്രകാരം 11-4-2019-ൽ അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി, ACS (LSGD)-യും, Principal Secretary (PWD) ഉൾപ്പെടുന്ന ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

കൂടാതെ ചില പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിച്ചപ്പോൾ ആരും പങ്കെടുക്കാതിരിക്കുകയും വീണ്ടും പല തവണ ടെണ്ടർ ചെയ്യേണ്ടതായും വന്നു. ഇതുമൂലം പ്രവൃത്തികൾ ആരംഭിക്കുന്നതിന് തടസ്സങ്ങൾ നേരിട്ടിട്ടുണ്ട്.

## വൻകിട ഇടത്തരം ജലസേചന പദ്ധതികൾ അവലോകനം ചെയ്യുന്നതിന് പ്രത്യേക സമിതി

154(4523) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നടപ്പിലാക്കിവരുന്ന വൻകിട ഇടത്തരം ജലസേചന പദ്ധതികൾ അവലോകനം ചെയ്യുന്നതിന് പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ജല അതോറിറ്റിയുടെ ശാക്തീകരണത്തിനുള്ള ശിപാർശകൾ പ്രസ്തുത റിപ്പോർട്ടിലുണ്ടോ;

(സി) പ്രസ്തുത സമിതി അതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് പ്രധാന ശിപാർശകൾ; വിശദമാക്കാമോ;

(ഡി) പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുവാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് അഞ്ചംഗങ്ങളുള്ള ഒരു സാങ്കേതിക സമിതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി&ഡി) ഉണ്ട്. കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശത്തിൽ രൂപവൽകരിച്ച ടെക്നിക്കൽ കമ്മിറ്റി മൂവാറ്റുപുഴ, ഇടമലയാർ, കാരാപ്പുഴ, ബാണാസുര സാഗർ എന്നീ പദ്ധതികൾ സന്ദർശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ പദ്ധതി 2020 മാർച്ചിൽ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇടമലയാർ പദ്ധതിയിൽ ഉൾപ്പെട്ട ലിങ്ക് കനാലിന്റെ ശേഷിക്കുന്ന ഭാഗം (2 കി. മീറ്ററിനു ശേഷം) നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിലാണ്.

കാരാപ്പുഴ പദ്ധതിയിൽ ഘട്ടങ്ങളായി തിരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശത്തിന് അനുസൃതമായി ചെയ്യേണ്ട പ്രവൃത്തികളുൾപ്പെടുത്തിയ ആദ്യഘട്ടം 31-5-2021-ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

ബാണാസുരസാഗർ പദ്ധതി 2022 വർഷത്തിൽ ഭാഗികമായി കമ്മീഷൻ ചെയ്യാൻ ഉദ്ദേശിച്ച് പ്രവൃത്തികൾ നടന്നുവരുന്നു.

### നബാർഡ് മുഖാന്തരം നടപ്പാക്കിയ പ്രവൃത്തികൾ

155(4524) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 -ൽ ഇറിഗേഷൻ വകുപ്പ് നബാർഡ് മുഖാന്തരം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന് അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2018-19-ൽ (നബാർഡ്, ആർ.ഐ.ഡി.എഫ് 24) ഇറിഗേഷൻ വകുപ്പിന് നബാർഡ് മുഖാന്തിരം ഒരു പ്രവൃത്തിക്കും അനുമതി ലഭിച്ചിട്ടില്ല.

## പാലക്കാട് മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പ്രവൃത്തികൾ

156(4525) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് നിയോജകമണ്ഡലത്തിൽ റീ ബിൽഡ് കേരള മുഖേന ജലവിഭവ വകുപ്പ് എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഒന്നാം ഗഡുവിൽ ഗുരുതരമായ പ്രളയബാധിതമായ '7' ജില്ലകളിലെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയത്. ആയതിനാൽ പാലക്കാട് ജില്ലയിലെ പ്രവൃത്തികൾ ഒന്നുംതന്നെ ഉൾപ്പെടുത്തിയിട്ടില്ല.

## ഇറിഗേഷൻ വകുപ്പിന്റെ പദ്ധതികൾ

157(4526) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇറിഗേഷൻ വകുപ്പ് എത്ര കോടി രൂപയുടെ ഏതെല്ലാം പ്രവൃത്തികളും പ്രവർത്തനങ്ങളും നടപ്പാക്കിയെന്ന് വിശദമാക്കാമോ; വർഷം തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു; ഏതെല്ലാം പ്രവൃത്തികൾ നിർമ്മാണാവസ്ഥയിലാണ്; ഏതെല്ലാം പ്രവൃത്തികൾ ഇനിയും ആരംഭിക്കാനുണ്ട്;

(സി) 2019-20 വർഷത്തിൽ എത്ര രൂപയുടെ ഏതെല്ലാം പ്രവൃത്തികളും പദ്ധതികളുമാണ് നിർദ്ദേശിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ; അവയുടെ നിലവിലെ അവസ്ഥ വിവരിക്കാമോ;

(ഡി) വൈത്തിരി പുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയറുടെ കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെയും പ്രവർത്തനങ്ങളുടെയും പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയരുടെ കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു* .

മെക്കാനിക്കൽ വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ കുട്ടനാട് പാക്കേജിലെ SWB തണ്ണീർമുക്കം ബാരേജിലെ 40 അടി ലോക്ക് ഗേറ്റിന്റെ Rs. 2,62,30,964 (രണ്ട് കോടി അറുപത്തി രണ്ട് ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരത്തി അറുപത്തി നാല് രൂപ മാത്രം) രൂപയുടെ പുനർ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

മേൽ പ്രവൃത്തി നിർമ്മാണ അവസ്ഥയിലാണ്.

1) തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണം

Rs. 4,48,00,000 രൂപ (നാല് കോടി നാല്പത്തി എട്ട് ലക്ഷം രൂപ മാത്രം)

2) തൃക്കുന്നപ്പുഴ ലോക്ക് ഗേറ്റിന്റെ പുനർ നിർമ്മാണം

Rs. 3,42,60,000 രൂപ (മൂന്ന് കോടി നാല്പത്തി രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം)

3) കരിയർ ബാരേജിന്റെ നവീകരണ പ്രവർത്തികൾ

Rs. 99,90,000 രൂപ (തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം)

4) ചമ്രവട്ടം റെഗുലേറ്ററിന്റെ അറ്റകുറ്റപ്പണികൾ

Rs. 1,16,25,000 രൂപ (ഒരു കോടി പതിനാറ് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം)

5) വണ്ടിത്തോട് കനാൽ ഷട്ടറുകളുടെ നിർമ്മാണം

Rs. 28,00,000 രൂപ (ഇരുപത്തി എട്ട് ലക്ഷം രൂപ മാത്രം)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കുട്ടനാട് പാക്കേജ് വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. <u>കെ.ഇ.എൽ - 1</u>

നെടുമുടി പഞ്ചായത്തിൽ ഉൾപ്പെട്ട 14 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണവും അനുബന്ധ പ്രവൃത്തികളും ഉൾപ്പെടുന്ന ഈ പദ്ധതിക്ക് 2010-ൽ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചു. ഈ പ്രവൃത്തിക്ക് ഇതുവരെ 19.92 കോടി രൂപ ചെലവായി.

2. <u>കെ.ഇ.എൽ - 2</u>

കുട്ടനാട് മേഖലയിലെ കായൽഭാഗത്തെ 4 പാടശേഖരങ്ങളുടെയും ഗ്രൂപ്പ് -9-ൽ പെട്ട 5 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ. ഈ പ്രവൃത്തിക്ക് നാളിതുവരെ 126.03 കോടി രൂപ ചെലവായി.

3. <u>കെ.ഇ.എൽ - 3</u>

കുട്ടനാട് മേഖലയിലെ ഫേസ് -1 -ൽപ്പെട്ട 231 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ. നാളിതുവരെ ചെലവായ തുക – 87.93 കോടി രൂപ

4. <u>കെ.ഇ.എൽ - 4</u>

ഓണാട്ടുകര മേഖലയിലെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ. ഈ പ്രവൃത്തിക്ക് നാളിതുവരെ 58.65 കോടി രൂപ ചെലവായിട്ടുണ്ട്.

5. കുട്ടനാട് നിയോജകമണ്ഡലത്തിൽപ്പെടുന്ന കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളുടെയും വീയപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി. നാളിതുവരെ ചെലവായ തുക – 158.395 കോടി രൂപ.

6. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണം 1975-ൽ കമ്മീഷൻ ചെയ്ത തണ്ണീർമുക്കം ബണ്ട് കുട്ടനാടൻ പാടശേഖരങ്ങളിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കുവാനാണ് നിർമ്മിച്ചത്. ഈ പദ്ധതിക്ക് നാളിതുവരെ 199.92 കോടി രൂപ ചെലവായി.

7. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കൽ മഴക്കാലങ്ങളിൽ കുട്ടനാട്ടിലെ പ്രളയജലം കടലിലേയ്ക്ക് ഒഴുക്കി വിടുന്നതിനാണ് തോട്ടപ്പള്ളി സ്പിൽവേ രൂപകൽപ്പന ചെയ്തത്. നാളിതുവരെ 8.25 കോടി രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

8. 13-ാം ധനകാര്യകമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ.

1. ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ നാശോൻമുഖമായ റെഗുലേറ്ററിന്റെ പുനരുദ്ധാരണം.
2. എ.സി. കനാൽ നിർമ്മാണം.
3. തലയാഴം പഞ്ചായത്തിലെ കരിയാർ നദിക്ക് കുറുകെയുള്ള ബ്രിഡ്ജ് കം റെഗുലേറ്ററിന്റെ നിർമ്മാണം.

ഇവയ്ക്കെല്ലാംകൂടി നാളിതുവരെ 39.08 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>പൂർത്തീകരിച്ച പദ്ധതികൾ</u>

ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതികളായ കെ.ഇ.എൽ.1, കെ.ഇ.എൽ.2, തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കൽ, 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചു. 2018-ൽ ആരംഭിച്ച ഡി - പുത്തനാറായിരം പാടശേഖരത്തിന്റെ പ്രവൃത്തികളും പൂർത്തീകരിച്ചു. 57 പ്രവൃത്തികൾ ഉള്ള കെ.ഇ.എൽ-3 സ്കീമിൽ 48 പ്രവൃത്തികൾ പൂർത്തീകരിച്ചു. 7 പ്രവൃത്തികൾ ടെർമിനേറ്റ് ചെയ്യുകയും 2 പ്രവൃത്തികൾ പൂർത്തീകരണാവസ്ഥയിലുമാണ്.

<u>കെ.ഇ.എൽ-4</u>

21 പ്രവൃത്തികളിൽ 16 പ്രവൃത്തികൾ പൂർത്തീകരിച്ചു. 2 പ്രവൃത്തികൾ ടെർമിനേറ്റ് ചെയ്യുകയും ഒരു പ്രവൃത്തി ഫോർക്ലോസ് ചെയ്യുകയും ചെയ്തു. 2 പ്രവൃത്തികൾ പൂർത്തീകരണാവസ്ഥയിലാണ്.

<u>കുട്ടനാട് താലൂക്ക്</u>

54 പ്രവൃത്തികളിൽ 52 പ്രവൃത്തികൾ പൂർത്തീകരിച്ചു. ഒരു പ്രവൃത്തി ടെർമിനേറ്റ് ചെയ്യുകയും ഒരു പ്രവൃത്തി പൂർത്തീകരണാവസ്ഥയിലുമാണ്.

<u>തണ്ണീർമുക്കം ബണ്ട്</u>

95% സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ബാരേജിന്റെ തെക്കുവശത്തുള്ള മൺചിറ നീക്കം ചെയ്യുന്ന പ്രവൃത്തി ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിക്കഴിഞ്ഞു. കോടതിയിൽ കേസ്സ് നടക്കുന്നതിനാൽ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കീഴിൽ നടപ്പിലാക്കിയ പ്രവർത്തികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി) ചീഫ് എൻജിനീയർ (ജലസേചനവും ഭരണവും) കാര്യാലയത്തിന് കീഴിൽ 2019-20 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്ലാൻ പദ്ധതികളുടെ നിലവിലെ അവസ്ഥയും പ്രവൃത്തികളുടെ പട്ടികയും അനുബന്ധമായി* ചേർത്തിരിക്കുന്നു.

2019-20 വർഷത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തുന്നതിലേയ്ക്ക് താഴെപ്പറയുന്ന 12 പ്രവർത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കിയിട്ടുണ്ട്.

1. കാട്ടാംപള്ളി റെഗുലേറ്റർ - 300 ലക്ഷം രൂപ
2. കുട്ടായി റെഗുലേറ്റർ - 694 ലക്ഷം രൂപ
3. ഇടിയൻചിറ റെഗുലേറ്റർ - 216 ലക്ഷം രൂപ
4. ഏനമാക്കൽ റെഗുലേറ്റർ - 430 ലക്ഷം രൂപ
5. ഇല്ലിക്കൽ റെഗുലേറ്റർ - 284 ലക്ഷം രൂപ
6. ചീരക്കുഴി റെഗുലേറ്റർ - 353 ലക്ഷം രൂപ
7. മാഞ്ഞാംകുഴി റെഗുലേറ്റർ - 359 ലക്ഷം രൂപ
8. തൃക്കൂർ റെഗുലേറ്റർ - 108 ലക്ഷം രൂപ
9. കുത്തമാക്കൽ റെഗുലേറ്റർ - 31 ലക്ഷം രൂപ
10. കോട്ടൻ കോട്ടുവളവ് റെഗുലേറ്റർ - 286 ലക്ഷം രൂപ
11. പൊഴിക്കര റെഗുലേറ്റർ കം ബ്രിഡ്ജ് - 185 ലക്ഷം രൂപ
12. തുത്താല റെഗുലേറ്റർ കം ബ്രിഡ്ജ് - 135 ലക്ഷം രൂപ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2019-20 വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

2019-20 ബഡ്ജറ്റിൽ പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണത്തിനായി 32 കോടി രൂപയും NABARD - RIDF -ൽ ഉൾപ്പെടുത്തി 38.80 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

കുട്ടനാട് പാക്കേജ് ഒന്നാംഘട്ടത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പെൻഡിംഗ് ബിൽ മാറുന്നതിനായി 51.06 കോടി രൂപയും ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.

32 കോടി രൂപയുടെ 14 പ്രവൃത്തികളും ടെൻഡർ ചെയ്യുകയും 3 പ്രവൃത്തികൾക്ക് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

NABARD-RIDF-ൽ ഉൾപ്പെട്ട 7 പ്രവൃത്തികളുടെ DPR ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

പദ്ധതിവിഭാഗം 2 ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

നെയ്യാർ ജലസേചന പദ്ധതിയിൽ 430 ലക്ഷം രൂപയും കല്ലട ജലസേചന പദ്ധതിയിൽ ആക്ഷൻ പ്ലാനിൽ 173 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ MLA-ADF-ൽ 2 പ്രവൃത്തികൾക്കായി 70 ലക്ഷം രൂപയും ചിറക്കരത്താഴം ലിഫ്റ്റ് ഇറിഗേഷന് 300 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി - 177.70 ലക്ഷം രൂപ

ഇടമലയാർ ജലസേചന പദ്ധതി - 678 ലക്ഷം രൂപ രൂപ

പെരിയാർ വാലി ജലസേചന പദ്ധതി - 715 ലക്ഷം രൂപ

ചാലക്കുടി റിവർ ഡൈവർഷൻ സ്കീം - 186.10 ലക്ഷം രൂപ

പമ്പാ ജലസേചന പദ്ധതി - 400 ലക്ഷം രൂപ

വടക്കാഞ്ചേരി പദ്ധതിയിൽ 150 ലക്ഷം രൂപയുടേയും പീച്ചി പദ്ധതിയിൽ 650 ലക്ഷം രൂപയുടേയും ചിമ്മിനി പദ്ധതിയിൽ 100 ലക്ഷം രൂപയുടേയും ചീരക്കുഴി പദ്ധതിയിൽ 90 ലക്ഷം രൂപയുടേയും, തൃശ്ശൂർ കോൾ നിലങ്ങളിൽ 262.50 ലക്ഷം രൂപയുടേയും പ്രവൃത്തികളാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഈ പ്രവൃത്തികളെല്ലാംതന്നെ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ഡി) വൈത്തിരി പുഴയ്ക്ക് കുറുകെ പഴയ വൈത്തിരിയിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനായി 45 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാവേലിക്കര മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പ്രവൃത്തികൾ**

158(4527) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ ജലവിഭവവകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇവയിൽ പൂർത്തിയായവ ഏതൊക്കെയെന്നും പൂർത്തിയാകാനുള്ളവ ഏതൊക്കെയെന്നും പുതുതായി അനുവദിച്ചവ ഏതൊക്കെയെന്നും വിശദമാക്കുമോ;

(സി) പൂർത്തിയാകാനുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ ആക്ഷൻ പ്ലാൻ S.D.R.F. എന്നീ ശീർഷകങ്ങളിൽ കനാൽ വാർഷിക അറ്റകുറ്റപ്പണികളും പുനരുദ്ധാരണ പ്രവൃത്തികളും ഉൾപ്പെടെ പമ്പ ജലസേചന പദ്ധതിയിലൂടെ 60 പ്രവൃത്തികളും (രൂപ 230 ലക്ഷം) കല്ലട ജലസേചന പദ്ധതിയിലൂടെ 44 പ്രവൃത്തികളും (രൂപ 282.5 ലക്ഷം) പ്രോജക്ട് 2 ചീഫ് എഞ്ചിനീയറുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടനാട് പദ്ധതിയിലുൾപ്പെടുത്തി എസ്.ഡി.ആർ.എഫ്. ഫണ്ടുപയോഗിച്ച് 27.53 ലക്ഷം രൂപയുടെ റിപ്പയർ വർക്കുകൾ നടപ്പിലാക്കി വരുന്നു. മാവേലിക്കര മണ്ഡലത്തിൽ ജലവിഭവ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഇറിഗേഷൻ ചീഫ് എഞ്ചിനീയർ, ഭൂജല വകുപ്പ്, കേരള ജല അതോറിറ്റി എന്നിവരുടെ കീഴിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പമ്പ ജലസേചന പദ്ധതിയിലെ 27 പ്രവൃത്തികളും (രൂപ 36 ലക്ഷം) കല്ലട ജലസേചന പദ്ധതിയിലെ 19 പ്രവൃത്തികളും (രൂപ 150.61 ലക്ഷം) പൂർത്തീകരിച്ചു. കല്ലട ജലസേചന പദ്ധതിയിൽ 5 പ്രവൃത്തികളും (രൂപ 47.59 ലക്ഷം) പമ്പ പദ്ധതിയിൽ 33 പ്രവൃത്തികളും (രൂപ 194 ലക്ഷം) നടന്നുവരുന്നു. കല്ലട പദ്ധതിയിൽ 20 പുതിയ പ്രവൃത്തികൾ (രൂപ 84.3 ലക്ഷം) ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഓണാട്ടുകര സ്കീമിന്റെ ഭാഗമായി 4 പദ്ധതികൾക്ക് താഴെ പറയുന്ന തുക ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. പുതിച്ചിറ - 5.97 കോടി രൂപ

2. റ്റി.എ. കനാൽ - 11.84 കോടി രൂപ

3. പെരുവേലിച്ചാൽ - 2.60 കോടി രൂപ

4. കരിങ്ങാലിൽച്ചാൽ - 1.15 കോടി രൂപ

ഇറിഗേഷൻ ഭൂജലവിഭാഗം, ജല അതോറിറ്റി തുടങ്ങിയ വിഭാഗങ്ങളിലെ പദ്ധതികളുടെ വിശദാംശം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.*

(സി) പൂർത്തിയാകുവാനുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട മൂന്ന് പദ്ധതികൾ പൂർത്തീകരിച്ചു. പെരുവേലിച്ചാൽ പദ്ധതി കരാറുകാരന്റെ ഉദാസീനതമൂലം കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ റദ്ദാക്കി. ജല അതോറിറ്റിയിൽ ടെണ്ടർ ചെയ്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി ഈ പ്രവൃത്തികൾക്കാവശ്യമായ പൈപ്പുകൾ നൽകിയും റോഡ് കട്ടിംഗിനുള്ള അനുമതി ലഭിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. ടെണ്ടർ ചെയ്തിട്ടില്ലാത്ത പ്രവൃത്തികൾ അടിയന്തരമായി എസ്റ്റിമേറ്റുകൾ തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

## ദീർഘകാലമായി പണി പൂർത്തീകരിക്കാത്ത വൻകിട ജലസേചന പദ്ധതികൾ

159(4528) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാലമായി പണിപൂർത്തീകരിക്കാത്ത വൻകിട ജലസേചന പദ്ധതികൾ ഏതെല്ലാം ; എപ്പോഴാണ് ഇവ ഓരോന്നിന്റെയും പ്രവൃത്തിക്ക് തുടക്കം കുറിച്ചതെന്നും നാളിതുവരെ എത്ര തുക ഓരോന്നിനും ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഈ സർക്കാർ ഇതിനകം പൂർത്തീകരിച്ചവ ഏതെല്ലാമെന്നും, ശേഷിച്ചവയിൽ പ്രവൃത്തി നടന്നുവരുന്നത് ഏതൊക്കെയെന്നും, ഇവ ഓരോന്നും, എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നതെന്നും, ഇതിലേയ്ക്കായി ഈ സർക്കാർ ഇതിനകം എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിൽ വീഴ്ച വരുത്തിയ എത്ര ഉദ്യോഗസ്ഥരെ ഈ സർക്കാർ ഇതിനകം നടപടിക്ക് വിധേയമാക്കിയെന്നും, അവർ ആരെല്ലാമെന്നും, എപ്രകാരമുള്ള നടപടിയാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ)

| പദ്ധതി | തുടങ്ങിയ വർഷം | ചെലവഴിച്ച തുക |
|---|---|---|
| മൂവാറ്റുപുഴ ജലസേചന പദ്ധതി | 1974 | 1054.78 കോടി |
| ഇടമലയാർ ജലസേചന പദ്ധതി | 1981 | 488.80 കോടി |
| കാരാപ്പുഴ ജലസേചന പദ്ധതി | 1978 | 331.38 കോടി |
| ബാണാസുരസാഗർ ജലസേചന പദ്ധതി | 1999 | 62.67 കോടി |

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ സാങ്കേതിക സമിതിയുടെ റിപ്പോർട്ടിൽ പദ്ധതിയുടെ പണി പൂർത്തിയാക്കുന്നതിന് വകുപ്പ് കാലതാമസം വരുത്തിയതായി പരാമർശിക്കുന്നുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

### മണ്ണാർക്കാട് മണ്ഡലത്തിലെ വാട്ടർ അതോറിറ്റി പദ്ധതികൾ

160(4529) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 കാലഘട്ടത്തിൽ മണ്ണാർക്കാട് മണ്ഡലത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക എത്രയാണെന്നും ഭരണാനുമതി ലഭിച്ച് പണി പൂർത്തിയാക്കിയ പദ്ധതികളുടെ വിശദവിവരവും നൽകാമോ?

ഉത്തരം

(എ&ബി) 2016-17, 2017-18, 2018-19 കാലഘട്ടത്തിൽ മണ്ണാർക്കാട്-തെങ്കര ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി ഒരു സമഗ്ര കുടിവെള്ള പദ്ധതി ഒന്നാം ഘട്ടത്തിന് അനുമതി നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. 7 ദശലക്ഷം ജലശുദ്ധീകരണശാല, കിണർ, പമ്പ് ഹൗസ്, റോ വാട്ടർ പമ്പിങ് മെയിൻ എന്നീ ഘടകങ്ങളാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രവൃത്തി 8-3-2018-ന് പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തിക്ക് 571.30 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മേൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയ 240 ലക്ഷം രൂപയുടെ പ്രവൃത്തിയിൽ ക്ലിയർ പമ്പിങ് മെയിൻ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിച്ചു. വൈദ്യുതി ബോർഡിന്റെ അനുമതി ലഭ്യമാക്കി കണക്ഷൻ എടുത്ത് ഈ വർഷം അവസാനം പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്.

നീതി ആയോഗിൽ ഉൾപ്പെടുത്തി അട്ടപ്പാടി നരസിമുക്കിൽ ഫ്ലൂറൈഡ് ബാധിത പ്രദേശത്ത് കുടിവെള്ള വിതരണത്തിനായി 117 ലക്ഷം രൂപ മുടക്കിയ പ്രവൃത്തി പൂർത്തീകരിച്ചു.

നബാർഡിൽ ഉൾപ്പെടുത്തി അഗളിക്കും സമീപ പഞ്ചായത്തുകൾക്കുമായുള്ള കുടിവെള്ള വിതരണത്തിനായി 2500 ലക്ഷം രൂപയുടെ ഇൻടേക്ക് വെൽ പമ്പ് ഹൗസ്, 12 എം.എൽ.ഡി. ശുദ്ധീകരണശാല, 5 എൽ.എൽ. പമ്പ് ഹൗസ്, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ മെയിൻ, പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ തുടങ്ങിയവ ഉൾപ്പെടുത്തിയ പ്രവൃത്തി 05/2020-ൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

## മഞ്ഞപ്പുഴ സംരക്ഷണം

161(4530) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ പ്രധാന ജലസ്രോതസ്സായ മഞ്ഞപ്പുഴ സംരക്ഷിക്കുന്നതിനായി എന്തെങ്കിലും കർമ്മ പദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മഞ്ഞപ്പുഴ സംരക്ഷണത്തിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) 2018-19 വർഷത്തിൽ മഞ്ഞപ്പുഴ സംരക്ഷണത്തിനായി നാല്പതു ലക്ഷം രൂപ അനുവദിച്ചതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; ഈ പ്രവൃത്തികളുടെ ഡി.പി.ആർ. സർക്കാരിൽ ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) പനങ്ങാട്, ബാലുശ്ശേരി, കോട്ടൂർ, നടുവണ്ണൂർ, ഉള്ളിയേരി പഞ്ചായത്തുകളിലൂടെ ഒഴുകുന്ന മഞ്ഞപ്പുഴ-രാമൻപുഴ സംരക്ഷിക്കുന്നതിനായി വിശദമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. മഞ്ഞപ്പുഴയുടെ സംരക്ഷണത്തിനായി 200 ലക്ഷം രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ ചില തിരുത്തലുകൾ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത തിരുത്തലുകൾ വരുത്തി ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന രീതിയിൽ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് പുനർ സമർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പുതുക്കി സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ടിൽ ഒരു പുതിയ ചെക്ക് ഡാമിന്റെ നിർമ്മാണവും നിലവിലെ മൂന്ന് ചെക്ക്ഡാമുകളുടെ പുനരുദ്ധാരണവും തോടിൽ അടിഞ്ഞുകൂടിയ എക്കൽ നീക്കി സംഭരണശേഷി കൂട്ടുന്ന പ്രവർത്തികളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ഞപ്പുഴ സംരക്ഷണത്തിന്റെ ഭാഗമായി പനങ്ങാട് പഞ്ചായത്തിലെ മഞ്ഞപ്പുഴയ്ക്ക് കുറുകെയുള്ള കോട്ടനട വി.സി.ബി.-യുടെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചു.

(ഡി) പനങ്ങാട്, ബാലുശ്ശേരി, കോട്ടൂർ, നടുവണ്ണൂർ, ഉള്ളിയേരി പഞ്ചായത്തുകളിലൂടെ ഒഴുകുന്ന മഞ്ഞപ്പുഴ-രാമൻപുഴ സംരക്ഷിക്കുന്നതിനായി ഹരിതകേരള നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൽപ്പാത്തിപ്പുഴ സംരക്ഷണം

162(4531) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കൽപ്പാത്തിപ്പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പ് പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച മന്ത്രിതല യോഗം നടന്നിട്ടുണ്ടോ; എങ്കിൽ യോഗത്തിലുണ്ടായ തീരുമാനങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത യോഗത്തിൽ ഇറിഗേഷൻ വകുപ്പിനോട് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. പദ്ധതി നടത്തിപ്പിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ ചെറുകിട ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകാനും റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച്

പദ്ധതി നടത്തിപ്പിനെക്കുറിച്ച് പരിശോധിക്കുവാനും ജില്ലാ കളക്ടറുടെ പ്രസ്തുത ശീർഷകത്തിൽ ഫണ്ട് ലഭ്യത ഉറപ്പുവരുത്താനും തീരുമാനമായി.

(സി) ഉണ്ട്. കല്പാത്തിപ്പുഴയുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കായി കല്പാത്തിപ്പുഴയുടെ അതിർത്തി നിർണ്ണയം നടത്തേണ്ടതായിട്ടുണ്ട്. അതിർത്തി നിർണ്ണയിക്കുന്നതിനായി പാലക്കാട് ജില്ലാ സർവ്വേ സൂപ്രണ്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ചേലക്കര മണ്ഡലത്തിലെ കുളങ്ങൾ സംരക്ഷിക്കുവാൻ നടപടികൾ**

163(4532) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ ചേലക്കര, വടക്കാഞ്ചേരി എന്നീ മൈനർ ഇറിഗേഷൻ സെക്ഷനുകളുടെ പരിധി പ്രദേശത്ത് എത്ര കുളങ്ങൾ ഉള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഈ സർക്കാർ വന്നതിനുശേഷം ഇതിൽ എത്ര കുളങ്ങൾ നവീകരിച്ച് സംരക്ഷിച്ചിട്ടുണ്ട്; ബാക്കിയുള്ള കുളങ്ങളിൽ വേനൽക്കാലത്ത് ജലലഭ്യതയുള്ള കുളങ്ങൾ മുൻഗണനാക്രമത്തിൽ നവീകരിച്ച് സംരക്ഷിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ ചേലക്കര, വടക്കാഞ്ചേരി എന്നീ മൈനർ ഇറിഗേഷൻ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ പഞ്ചായത്തുകളുടെ അധീനതയിൽ വരുന്ന പൊതുകുളങ്ങളും അമ്പലക്കുളങ്ങളുമാണ് പ്രധാനമായിട്ടുള്ളത്. മൈനർ ഇറിഗേഷൻ സെൻസസ് പ്രകാരം പൊതുകുളങ്ങൾ 142 എണ്ണവും അമ്പലക്കുളങ്ങൾ 51 എണ്ണവും എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിൽ 6 കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 10 കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ബാക്കിയുള്ള കുളങ്ങളുടെ നവീകരണത്തി നാവശ്യമായ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും നിർദ്ദേശമനുസരിച്ച് കൈക്കൊള്ളുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അങ്കമാലി മണ്ഡലത്തിലെ ചുള്ളി കനാൽ നിർമ്മാണ പദ്ധതി

164(4533) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ പഞ്ചായത്തിലെ പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് വാർഡുകളിൽ ആയിരത്തിലധികം കുടുംബങ്ങൾക്ക് കുടിവെള്ളത്തിനും ജലസേചനത്തിനും ഉതകുന്ന ചുള്ളി കനാൽ നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും വിഭാവനം ചെയ്ത രീതിയിൽ ഇത് പൂർത്തീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കനാൽ പൂർണതോതിൽ പൂർത്തീകരിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കനാൽ നിർമ്മാണം പൂർത്തീകരിക്കുന്നത് സംബന്ധിച്ച് നിയമസഭ അംഗത്തിന്റെ നേതൃത്വത്തിൽ പദ്ധതി പ്രദേശത്ത് യോഗം ചേർന്നിരുന്നോ; എങ്കിൽ എന്നാണെന്നും ആരൊക്കെ യോഗത്തിൽ പങ്കെടുത്തുവെന്നും യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ആവശ്യകത കണക്കിലെടുത്ത് ഇത് എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ&ബി) ചുള്ളി കനാലിന്റെ നിർമ്മാണം 1982-ലാണ് ആരംഭിച്ചത്. എടലക്കാട് ചുള്ളി ബ്രാഞ്ച് കനാൽ 3.668 കി.മീറ്റർ വരെ പൂർത്തീകരിക്കുകയും അതുവരെ ജലം എത്തിക്കുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിൽനിന്നും ഭൂമി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

(സി) അങ്കമാലി എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ 6-9-2019-ൽ യോഗം ചേർന്നിട്ടുണ്ട്. ഉദ്യോഗസ്ഥതലത്തിൽനിന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഐ.ഐ.പി.ഡിവിഷൻ നമ്പർ 2 ചാലക്കുടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഐ.ഐ.പി.സബ് ഡിവിഷൻ നമ്പർ 3, മലയാറ്റൂർ, അസിസ്റ്റന്റ് എഞ്ചിനീയർ ഐ.ഐ.പി. സെക്ഷൻ 2/3, മലയാറ്റൂർ എന്നിവരാണ് പങ്കെടുത്തത്. പ്രളയാനന്തരം കനാലിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്ത് ജലവിതരണം സുഗമമാക്കുന്നതിനും കനാലിന്റെ വാലറ്റം വരെ വെള്ളം എത്തിക്കുന്നതിനും തീരുമാനിച്ചു.

(ഡി) ഹരിതകേരളം മിഷന്റെ അയ്യമ്പുഴ പഞ്ചായത്തിന്റെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഹരിപ്പാട് കരുവാറ്റ ലീഡിംഗ് ചാനൽ പുനർനിർമ്മാണം

165(4534) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കരുവാറ്റ ലീഡിംഗ് ചാനൽ കഴിഞ്ഞ പ്രളയത്തിൽ തകർന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം എത്ര ഏക്കർ പ്രദേശത്തെ കൃഷിയാണ് പ്രതിസന്ധിയിലായിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഇതുമൂലം ദുരിതം അനുഭവിക്കുന്ന കുടുംബങ്ങളെ രക്ഷിക്കുവാനായി ലീഡിംഗ് ചാനലിൽ തകർന്ന ഭാഗം അടിയന്തരമായി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പ്രളയത്തിൽ കാര്യമായ തകർച്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുമായി ബന്ധപ്പെട്ട് കൃഷി നാശമുണ്ടായതായ വിവരങ്ങൾ ലഭ്യമായിട്ടില്ല.

(സി) ലീഡിംഗ് ചാനലിലൂടെ പ്രളയജലം കൂടുതൽ ഫലപ്രദമായ രീതിയിൽ പൊഴി മുഖേന ഒഴുകിപ്പോകുന്നതിനുള്ള പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## പാലക്കാട് ജില്ലയിൽ ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതി

166(4535) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഓരോ കുളത്തിന്റെയും നവീകരണത്തിന് എത്ര രൂപ വീതം ചെലവാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി)

| ക്രമ നം. | പഞ്ചായത്ത് | കുളങ്ങളുടെ പേര് | ചെലവഴിച്ച തുക |
|---|---|---|---|
| 1 | കൊപ്പം പഞ്ചായത്ത് | അരക്കുളം | 11,44,734 |
| 2 | നാഗലശ്ശേരി പഞ്ചായത്ത് | നെല്ലിക്കുളം | 11,96,027 |
| 3 | കുമരംപുത്തൂർ പഞ്ചായത്ത് | പറമ്പുളിക്കുളം | 12,26,832 |
| 4 | പാലക്കാട് മുനിസിപ്പാലിറ്റി | ശേഖരീപുരം കുളം | 31,72,273 |
| 5 | അകത്തേത്തറ പഞ്ചായത്ത് | കോതർ കുളം | 16,80,086 |
| 6 | കപ്പൂർ പഞ്ചായത്ത് | അയ്യൻകുളം | 2,82,047 |

**കുളത്തൂർ പഞ്ചായത്തിലെ വലിയതോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം**

167(4536) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ വലിയതോടിന്റെ സംരക്ഷണ ഭിത്തി തകർന്നതുമായി ബന്ധപ്പെട്ട് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 7-3-2018-ലെ W1/LA/11969 പ്രകാരം ഉള്ള ചീഫ് എഞ്ചിനീയറിന്റെ കത്തിന്മേൽ എന്തു നടപടി എടുത്തുവെന്ന് വിശദമാക്കാമോ;

(ബി) വലിയതോടിന്റെ സംരക്ഷണഭിത്തി പുനർ നിർമ്മിക്കാൻ ചെറുകിട ജലസേചന വിഭാഗം എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എത്ര തുകയുടെ എസ്റ്റിമേറ്റ് ആണ് എടുത്തത് എന്ന് അറിയിക്കാമോ;

(സി) വലിയതോടിന്റെ സംരക്ഷണഭിത്തി നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംരക്ഷണ ഭിത്തി തകർന്നതുമായി ബന്ധപ്പെട്ട നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 7-3-2018-ലെ കത്തിന്മേൽ തുടർനടപടികൾ റിപ്പോർട്ട് ചെയ്യുന്നതിന് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) യോട് നിർദ്ദേശിച്ചിരുന്നു. കഴിഞ്ഞ പ്രളയം മൂലമുണ്ടായ നാശനഷ്ടങ്ങൾകൂടി പരിഗണിച്ച് പുതിയ പഠന റിപ്പോർട്ടും എസ്റ്റിമേറ്റും സമർപ്പിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് എസ്റ്റിമേറ്റ് പരിശോധനകൾ പൂർത്തിയാക്കിയശേഷം പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

## വൈപ്പിൻ നിയോജകമണ്ഡലത്തിലെ വിവിധ തോടുകളിലെ ചെളി നീക്കം ചെയ്യുന്നതിന് നടപടികൾ

168(4537) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയവും തുടർച്ചയായ മഴയും ദുരിതം വിതയ്ക്കുന്ന വൈപ്പിൻ നിയോജകമണ്ഡലത്തിലെ, വിവിധ തോടുകളിലെ ചെളി നീക്കം ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

വൈപ്പിൻ നിയോജകമണ്ഡലത്തിലെ, വിവിധ തോടുകളിലെ ചെളി നീക്കം ചെയ്യുന്നതിന് എസ്.ഡി.ആർ.എഫിൽ ഉൾപ്പെടുത്തി 152 പ്രവൃത്തികൾക്കായി 248.98 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നായരമ്പലം മുളവുകാട്, കടമക്കുടി, ഞാറയ്ക്കൽ, പള്ളിപ്പുറം, എടവനക്കാട്, എളങ്കുന്നപ്പുഴ, കിഴപ്പിള്ളി എന്നീ പഞ്ചായത്തുകളിലെ തോടുകളിലെ ചെളി നീക്കം ചെയ്യുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളത്. ഇതിൽ 91 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 61 പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

കൂടാതെ, വൈപ്പിൻ നിയോജകമണ്ഡലത്തിലെ വാടയിൽതോടിന്റെ ചെളി നീക്കം ചെയ്യുന്നതിന് 2 പ്രവൃത്തികൾക്കായി 30 ലക്ഷം രൂപയുടെയും, ആർ.എം.പി.തോടിന്റെ ചെളി നീക്കം ചെയ്യുന്നതിന് 4 പ്രവൃത്തികൾക്കായി 93 ലക്ഷം രൂപയുടെയും വേലൻ തോടിന്റെ ചെളി നീക്കം ചെയ്യുന്നതിന് ഒരു പ്രവൃത്തിയ്ക്കായി 25 ലക്ഷം രൂപയുടെയും കരിതല തോടിന്റെ ചെളി നീക്കം ചെയ്യുന്നതിന് 2 പ്രവൃത്തികൾക്കായി 28.30 ലക്ഷം രൂപയുടെയും, തേക്കേക്കാട്-തുണ്ടുചിറ തോടിന്റെ ചെളി നീക്കം ചെയ്യുന്നതിന് 2 പ്രവൃത്തികൾക്കായി 27.20 ലക്ഷം രൂപയുടെയും പ്രവൃത്തികൾ എസ്.ഡി.ആർ.എഫ്. മുഖേന ഏർപ്പാട് ചെയ്തിട്ടുണ്ട്.

## ഇരിമ്പിളിയം വെണ്ടല്ലൂർ പാടശേഖരത്തിൽ വെള്ളമെത്തിക്കുന്നതിന് പദ്ധതി

169(4538) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിമ്പിളിയം പഞ്ചായത്തിലെ വെണ്ടല്ലൂർ പാടശേഖരത്തിലേയ്ക്ക് ഇരിമ്പിളിയം ലിഫ്റ്റ് ഇറിഗേഷനിൽ നിന്ന് വെള്ളമെത്തിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോ;

(ബി) വെണ്ടല്ലൂർ പാടശേഖരത്തിലേയ്ക്ക് വെള്ളമെത്തിക്കുന്നതിനുള്ള കനാലുകളുടെ നവീകരണം/പുനർനിർമ്മാണം എന്നിവയ്ക്ക് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തിൽ ചീഫ് എഞ്ചിനീയർ( ഇറിഗേഷൻ), മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; ഫയൽ കോപ്പികൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഇരിമ്പിളിയം പഞ്ചായത്തിലെ വെണ്ടല്ലൂർ പാടശേഖരത്തിലേയ്ക്ക് ഇരിമ്പിളിയം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽനിന്നും വെള്ളമെത്തിക്കുന്നതിനുള്ള പദ്ധതികളൊന്നുംതന്നെ ഇപ്പോൾ നിലവിലില്ല.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ ചീഫ് എഞ്ചിനീയർ ഇറിഗേഷന്റെ കീഴിൽ ഫയലുകൾ ഒന്നുംതന്നെയില്ല.

## പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം

170(4539) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ എത്ര കുളങ്ങൾ നവീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങൾ നവീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; പ്രവൃത്തികളുടെ നിലവിലത്തെ സ്ഥിതി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽപ്പെട്ട താഴേക്കോട് പഞ്ചായത്തിലെ 8-ാം വാർഡിൽ പൂളർ എന്ന സ്ഥലത്ത് അത്തിക്കപ്പള്ളിയാലിൽ കുളം നവീകരിച്ചിട്ടുണ്ട്. (25.00 ലക്ഷം)- പ്രവൃത്തി പൂർത്തിയായി.

(ബി) ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്ന കുളങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക(ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ഹരിതകേരളം- ടാങ്കുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം- ആലിപ്പറമ്പ് പഞ്ചായത്തിലെ കുരിയാടികുളം പുനരുദ്ധാരണം | 5.00 | സാങ്കേതികാനുമതിക്കുള്ള നടപടികളിലാണ്. |
| 2 | ഹരിതകേരളം ടാങ്കുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം ഏലംകുളം പഞ്ചായത്തിലെ വാർക്കുളത്തിന്റെ പുനരുദ്ധാരണം | 5.00 | സാങ്കേതികാനുമതിക്കുള്ള നടപടികളിലാണ്. |
| 3 | ഹരിതകേരളം- എം.ഐ. ക്ലാസ്-1, പുലാമന്തോൾ പഞ്ചായത്തിലെ മങ്ങാട്ടുകുളത്തിന്റെ പുരോഗമനം | 65.00 | സാങ്കേതികാനുമതിക്കുള്ള നടപടികളിലാണ് |

## കോട്ടയം ജില്ലയിൽ പ്രളയക്കെടുതികൾ നിയന്ത്രിക്കാൻ അണക്കെട്ടുകൾ

171 (4540) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ ഭാവിയിൽ പ്രളയക്കെടുതി നിയന്ത്രിക്കുവാൻ മണിമല, മീനച്ചിൽ, പമ്പ-അച്ചൻകോവിൽ നദികളിൽ അണക്കെട്ടുകൾ നിർമ്മിക്കുവാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) മീനച്ചിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മണിമല പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പമ്പാവാലി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ലെങ്കിലും പ്രളയ നിയന്ത്രണ ഡാമുകളുടെ ആവശ്യകത മുൻനിർത്തിക്കൊണ്ട് വെള്ളപ്പൊക്ക നിയന്ത്രണ അണക്കെട്ടുകളുടെ പര്യവേഷണ പ്രവൃത്തികൾ ധനലഭ്യതയനുസരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കോട്ടയം ജില്ലയിലെ മണിമല, മീനച്ചിൽ എന്നീ നദികൾ ഉൾപ്പെട്ട 5 നദികളിലാണ് വെള്ളപ്പൊക്ക നിയന്ത്രണ ഡാമുകളുടെ പര്യവേഷണ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത്.

(ബി) മീനച്ചിൽ നദീതട പദ്ധതിയിൽ അരുണാപുരത്ത് മീനച്ചിൽ ആറിനുകുറുകെ ഒരു റെഗുലേറ്റർ കം ബ്രിഡ്ജും ചെമ്പിലാവ്, പള്ളിക്കുന്ന്, പാറപ്പുഴ, ചില്ലച്ചി കുറ്റനാൽക്കടവ്, ചേരിപ്പാട് എന്നിവിടങ്ങളിൽ ചെക്ക് ഡാമുകളും വിഭാവനം ചെയ്തിട്ടുണ്ട്. ഇവയ്ക്ക് അടങ്കൽ തുക 62.34 കോടി രൂപയാണ്. കൂടാതെ പഴുക്കക്കാനം, അടുക്കം എന്നീ ഡാമുകളും വിഭാവനം ചെയ്തിട്ടുണ്ട്. ഇതുമൂലം മീനച്ചിൽ, മണിമല എന്നീ പുഴകളിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനും പാല, കോട്ടയം എന്നീ ടൗണുകളിലെ വെള്ളക്കെട്ട് നിയന്ത്രിക്കുന്നതിനും സഹായകമാകും. ഈ പദ്ധതികളെല്ലാം 2018 പ്രളയത്തിന് മുമ്പ് വിഭാവനം ചെയ്തതാണ്.

(സി) ശാസ്ത്രീയ പഠനം നടത്തി ഈ പദ്ധതി പ്രായോഗികമാണോ എന്ന് വിലയിരുത്തേണ്ടതുണ്ട്.

(ഡി) പമ്പ ജലസേചന പദ്ധതിയിൽ പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലായി പമ്പാനദിയുടെ ഇരുകരകളിലുമായി 21135 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഗവി, കുള്ളാർ, മീനാർ-1, മീനാർ-2, കൊച്ചുപമ്പ, ആനത്തോട് എന്നീ ഡാമുകൾ ഉൾപ്പെടുന്ന ശബരിഗിരി ജലവൈദ്യുത പദ്ധതിയിൽനിന്ന് വൈദ്യുതോൽപ്പാദനത്തിനുശേഷം പുറന്തള്ളുന്ന ജലം മൂഴിയാർ, കക്കാട് എന്നീ കെ.എസ്.ഇ.ബി. ജലവൈദ്യുത പദ്ധതിയിലൂടെയും അള്ളുങ്കൽ, കാരിക്കയം എന്നീ ചെറുകിട സ്വകാര്യ പദ്ധതികളിലൂടെയും പുനരുപയോഗിച്ചതിനുശേഷം കക്കാട് ആറ്റിൽ മണിയാർ തടയണയിൽ സംഭരിക്കപ്പെട്ട് ജലസേചനത്തിനായി ഉപയുക്തമാക്കുന്ന പദ്ധതിയാണ് പമ്പാ ജലസേചന പദ്ധതി (പി.ഐ.പി).

## സംസ്ഥാനത്തെ ജലസംഭരണികളുടെ ശേഷി

172(4541) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ജലസംഭരണികൾക്കും വേണ്ട ജലസംഭരണശേഷി നിർദ്ദേശിക്കപ്പെട്ടതിൽ ഗണ്യമായി കുറവ് വന്നവ ഏതൊക്കെ എന്നും ആയവയുടെ ശേഷി വർദ്ധിപ്പിക്കാനായി എന്തു നടപടികൾ സ്വീകരിച്ചു എന്നും ആയതു പ്രകാരം ശേഷി വർദ്ധിപ്പിച്ചവ ഏതൊക്കെ എന്നും ഇതിലേയ്ക്കായി ഈ സർക്കാർ ഇതിനകം എന്തു തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) കാലാവസ്ഥ വ്യതിയാനവും അതിവൃഷ്ടിയും സംസ്ഥാനത്തെ അണക്കെട്ടുകൾ ഉൾപ്പെടെയുള്ള ജലസംഭരണികളെ എത്തരത്തിൽ ബാധിച്ചുവെന്നും എത്ര തുകയുടെ നാശനഷ്ടം വന്നുവെന്നും അറിയിക്കുമോ;

(സി) ആയത് കണക്കിലെടുത്ത് പുതിയ എന്തൊക്കെ നടപടികൾ ഈ മേഖലയിൽ സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ജലസേചന വകുപ്പിന് കീഴിലുള്ള ജലസംഭരണികളിൽ കാലാകാലങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മണലും ചെറിയ തോതിൽ സംഭരണശേഷിയുടെ കുറവിന് കാരണമായിട്ടുണ്ട്. 8-11-2019-ലെ സ.ഉ. (കൈ)നമ്പർ 49/2019/ജവിവ. പ്രകാരം പാലക്കാട് ജില്ലയിലെ മംഗലം റിസർവ്വോയറിൽ Turn Key Method-ൽ ചെളിയും മണലും നീക്കം ചെയ്യാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ജലസേചന വകുപ്പിലെ ശേഷിക്കുന്ന ഡാമുകളിലും ഡീസിൽറ്റിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ബി&സി) കാലാവസ്ഥാ വ്യതിയാനവും അതിവൃഷ്ടിയും സംസ്ഥാനത്തെ അണക്കെട്ടുകളെ കാര്യമായി ബാധിച്ചിട്ടില്ല. ഡാമുകളുടെ പുനരുദ്ധാരണത്തിനായി ലോക ബാങ്ക് സഹായത്തോടെയുള്ള Dam Rehabilitation and Improvement Project (DRIP) കേരളത്തിലെ ഡാമുകളിൽ നടത്തിയിരുന്നു. ഡാമുകളുടെ അത്യാവശ്യ അറ്റകുറ്റപ്പണികളും ഇലക്ട്രിക്കൽ, മെക്കാനിക്കൽ പണികളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

**ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ**

173(4542) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും അപ്രതീക്ഷിതമായി ലഭിക്കുന്ന പെരുമഴയും പ്രളയ ദുരിതങ്ങളും കേരളത്തിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന സാഹചര്യത്തിൽ ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനും പ്രളയ നിയന്ത്രണത്തിനും എന്തെങ്കിലും പ്രായോഗിക മാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഡാമുകളിൽ കാലങ്ങളായി അടിഞ്ഞുകിടക്കുന്ന ചെളിയും മണലും യഥാസമയം നീക്കം ചെയ്യുവാൻ നടപടികളില്ലാതിരുന്നത് ദുരന്തങ്ങളുടെ വ്യാപ്തി വർദ്ധിക്കുവാൻ കാരണമായിട്ടുണ്ടെന്ന്കരുതുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. മണിമല, പെരിയാർ, ചാലിയാർ, ചാലക്കുടി, മീനച്ചിൽ, അട്ടപ്പാടി വാലി ജലസേചന പദ്ധതി, കടമാൻതോട് പദ്ധതി, പമ്പാ-അച്ചൻകോവിൽ തുടങ്ങിയ വെള്ളപ്പൊക്ക നിയന്ത്രണ അണക്കെട്ടുകൾ നിർമ്മിക്കാൻ ആലോചിക്കുന്നുണ്ട്.

(ബി&സി) ഇല്ല. 8-11-2019-ലെ സ.ഉ.(കൈ)നം.49/2019/ജവിവ. പ്രകാരം പാലക്കാട് ജില്ലയിലെ മംഗലം റിസർവ്വോയറിൽ Turn Key Method-ൽ ചെളിയും മണലും നീക്കം ചെയ്യാനുള്ള ഭരണാനുമതി ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ജലസേചന വകുപ്പിലെ ശേഷിക്കുന്ന ഡാമുകളിലും ഡീസിൽറ്റിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

## അണക്കെട്ടുകളിലെ ഉയർന്ന ജലനിരപ്പും ഭൂചലന സാധ്യതയും

174(4543) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ 21 അണക്കെട്ടുകളിലെ ഉയർന്ന ജലനിരപ്പ് ഭൂചലന സാധ്യത കൂട്ടുന്നതാണെന്ന പഠന റിപ്പോർട്ട് പരിശോധിക്കുകയുണ്ടായോ;

(ബി) വലിയ ഉയരത്തിൽ വെള്ളം കെട്ടി നിൽക്കുന്നതുമൂലം ഭൂമിയുടെ ഉപരിതലത്തിലുണ്ടാകുന്ന മർദ്ദമാണ് ഭൂചലന സാധ്യത കൂട്ടുന്നതെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ടോ;

(സി) നാല്പത്തിമൂന്നിലധികം അണക്കെട്ടുകളും ജലസംഭരണികളുമുള്ള കേരളത്തിൽ, ആയതിൽ പലതും പരിസ്ഥിതി ദുർബലപ്രദേശമായ പശ്ചിമഘട്ടമേഖലയിലാണ് സ്ഥിതി ചെയ്യുന്നതെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ടോ;

(ഡി) അതിനാൽ അണക്കെട്ടുകളിലെ ജലശക്തിയുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തി ജലനിരപ്പ് ക്രമീകരിച്ച് അണക്കെട്ട് പരിപാലന നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കണമെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെ എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-ഇ) പഠന റിപ്പോർട്ട് നാളിതുവരെ സർക്കാരിൽ ലഭിച്ചിട്ടില്ല.

## ഭാരതപ്പുഴയുടെ ചെറുകാട് പ്രദേശത്ത് തീരം കെട്ടി സംരക്ഷിക്കാൻ നടപടി

175(4544) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ലെ പ്രളയത്തിൽ ചേലക്കര നിയോജക മണ്ഡലത്തിൽ തൃശ്ശൂർ ജില്ല അഡീഷണൽ ഇറിഗേഷൻ കുന്നംകുളം സെക്ഷന്റെ കീഴിൽ വരുന്ന ദേശമംഗലം ചെറുകാട് പ്രദേശത്ത് ഭാരതപ്പുഴയുടെ തീരം തകർന്ന് കൃഷി നശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭാരതപ്പുഴയുടെ ചെറുകാട് പ്രദേശത്തെ തകർന്ന തീരം സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭാരതപ്പുഴയുടെ ചെറുകാട് പ്രദേശത്തെ തകർന്ന തീരം ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി പ്രസ്തുത സ്ഥലം സന്ദർശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയും ചെയ്യുന്നു. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ ആവശ്യകതയും സ്വഭാവവും മുൻഗണനയും പരിഗണിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോട്ടയ്ക്കൽ മണ്ഡലത്തിൽ സംരക്ഷണഭിത്തി നിർമ്മാണം**

176(4545) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കൊടങ്ങഴിക്കൽ, കാങ്കക്കടവ് പ്രദേശങ്ങളിൽ ഭാരതപ്പുഴയ്ക്ക് സംരക്ഷണഭിത്തി നിർമ്മിയ്ക്കണമെന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കൊടങ്ങഴിക്കൽ, കാങ്കക്കടവ് പ്രദേശങ്ങളിൽ ഭാരതപ്പുഴയ്ക്ക് സംരക്ഷണഭിത്തി നിർമ്മിക്കണമെന്ന നിവേദന പ്രകാരം പ്രസ്തുത സ്ഥലം റിവർ മാനേജ്മെന്റ് ഫണ്ട് (ആർ.എം.എഫ്) ജില്ലാ വിദഗ്ധ സമിതി 30-10-2019-ന് സന്ദർശിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൊടങ്ങഴിക്കൽ കാങ്കക്കടവ് പ്രദേശത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണഭിത്തി കെട്ടുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത നിവേദനം ലഭ്യമായതു പ്രകാരം കുറ്റിപ്പുറം ഇറിഗേഷൻ സെക്ഷൻ കാര്യാലയത്തിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മേൽ പ്രവൃത്തി ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല.

## കൊല്ലം ജില്ലയിലെ മൈനർ ഇറിഗേഷൻ വകുപ്പ് പദ്ധതികൾ

177(4546) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2019 വരെ കൊല്ലം ജില്ലയിൽ മൈനർ ഇറിഗേഷൻ വകുപ്പ് എത്ര പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) അവയുടെ ആകെ തുക എത്ര; നിർമ്മാണ പുരോഗതി എന്നിവ മണ്ഡലം തിരിച്ച് അറിയിക്കുമോ?

ഉത്തരം

(എ&ബി) കൊല്ലം ജില്ലയിൽ മൈനർ ഇറിഗേഷൻ വകുപ്പ് 2016 മുതൽ 2019 വരെ ആകെ 2822.218 ലക്ഷം രൂപയുടെ 381 പ്രവൃത്തികൾ വിവിധ പദ്ധതികളിലായി ഏറ്റെടുത്തിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ നിയോജകമണ്ഡലം തിരിച്ച് അനുബന്ധമായി* ചേർത്തിരിക്കുന്നു.

## വാരപ്പെട്ടി കുളിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് ടാറിംഗ്

178(4547) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിലെ കണിയാംകുടി കുളിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് ടാറിങ് നടത്തിയിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ടാറിങ്ങുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നല്കുമോ;

(സി) നിരവധി ആളുകൾ ആശ്രയിക്കുന്ന പ്രസ്തുത അപ്രോച്ച് റോഡ് ടാറിങ് ചെയ്യുന്നതിനു വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കി ടാറിങ്ങിന് അംഗീകാരം നല്കുന്നതിനുവേണ്ട തുടർനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് ടാറിംഗ് പ്രവൃത്തികൾ ജലസേചന വകുപ്പിന്റെ മുൻഗണനാക്രമത്തിൽ പ്രഥമ പരിഗണന അർഹിക്കുന്നവയല്ല. എങ്കിലും പ്രസ്തുത പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ ആവശ്യകതയും പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ കനാലുകളുടെ നീളം വർദ്ധിപ്പിക്കൽ

179 (4548) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ധനസഹായത്തോടെ പ്രവൃത്തി പൂർത്തീകരിച്ച കോഴിക്കോട് മൈനർ ഇറിഗേഷൻ ഡിവിഷന് കീഴിലെ നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കനാലുകളുടെ നീളം വർദ്ധിപ്പിക്കേണ്ടതുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എത്ര രൂപയുടെ ചെലവ് ഇതിനു വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വിപുലീകരണ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുമോ?

### ഉത്തരം

(എ) നിലവിൽ 127.12 ഹെക്ടറിലേയ്ക്ക് ജലസേചനം നടത്തുന്നതിനാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കൂടുതൽ സ്ഥലത്തേക്കുകൂടി ജലസേചനം വ്യാപിപ്പിക്കുന്നതിനായി കനാലുകളുടെ നീളം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തേണ്ടതുണ്ട്. സാധ്യതാ പഠനം പൂർത്തീകരിച്ചാൽ മാത്രമേ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ തുക കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ബി) സാധ്യതാ പഠനം പൂർത്തീകരിച്ച ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ഏനാമാക്കൽ - ഇടിയഞ്ചിറ റെഗുലേറ്റർ അറ്റകുറ്റപ്പണി

180 (4549) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകൾ കാലപ്പഴക്കംമൂലം ചോർച്ചയുണ്ടാകുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റഗുലേറ്ററുകളുടെ അറ്റകുറ്റപ്പണികൾ തീർത്ത് പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) ഈ റെഗുലേറ്ററുകളുടെ സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾ സംബന്ധിച്ച എസ്റ്റിമേറ്റ് അടക്കമുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഏനാമാക്കൽ റെഗുലേറ്ററിന്റെ സിവിൽ പ്രവർത്തികൾക്കായി 302 ലക്ഷം രൂപയുടെയും മെക്കാനിക്കൽ പ്രവർത്തികൾക്കായി 430 ലക്ഷം രൂപയുടെയും ഇടിയഞ്ചിറ റെഗുലേറ്ററിന്റെ സിവിൽ പ്രവർത്തികൾക്കായി 230 ലക്ഷം രൂപയുടെയും മെക്കാനിക്കൽ പ്രവർത്തികൾക്കായി 216 ലക്ഷം രൂപയുടേയും എസ്റ്റിമേറ്റുകൾ റീബിൾഡ് കേരള ഇനീഷ്യേറ്റീവ് (RKI) -യിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## താത്ക്കാലിക പമ്പ് ഓപ്പറേറ്റർമാരുടെ വേതനം

181 (4550) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിൽ ജോലി ചെയ്യുന്ന താൽക്കാലിക പമ്പ് ഓപ്പറേറ്റർമാരുടെ ദിവസ വേതനം എത്ര രൂപയാണ്; ഇവർക്ക് എത്ര മണിക്കൂറാണ് ഒരു ദിവസം ജോലി ചെയ്യേണ്ടത്; ഇവരുടെ ശമ്പളത്തിൽ നിന്നും ഏതെങ്കിലും തരത്തിൽ നികുതി ഇനത്തിൽ തുക പിടിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) താത്ക്കാലിക പമ്പ് ഓപ്പറേറ്റർമാർക്ക് കൂലി കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണ് ഇവർക്ക് നൽകാനുള്ളത്; ഇത് നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) താത്ക്കാലിക പമ്പ് ഓപ്പറേറ്റർമാർ കരാറുകാരുടെ ചൂഷണം നേരിടേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് ശമ്പളം നേരിട്ട് ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള ജല അതോറിറ്റിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസക്കൂലി അടിസ്ഥാനത്തിൽ പമ്പ് ഓപറേറ്റർമാരായി നിയമിക്കപ്പെടുന്നവർക്ക് 400 രൂപയാണ് നൽകിവരുന്നത്. ഓപ്പറേറ്റർമാർ നിലവിലില്ലാത്ത പമ്പ് ഹൗസുകളിൽ കരാറുകാർ മുഖേന പമ്പിംഗ് നടത്തിവരുന്നുണ്ട്. ഇതിന് കരാറുകാർക്ക് 8 മണിക്കൂറിന് 396 രൂപ നിരക്കിൽ നൽകിവരുന്നുണ്ട്. കരാറുകാർക്ക് തുക നൽകുമ്പോൾ 1% ആദായ നികുതിയും 1% KCWWF ലേക്കുള്ള

വിഹിതവും പിടിക്കാറുണ്ട്. ജലസേചന വകുപ്പിൽ പമ്പ് ഓപ്പറേറ്റർമാർക്ക് (എച്ച്.ആർ/സി.എൽ.ആർ) 09-7-2019-ലെ സർക്കാർ ഉത്തരവ് നമ്പർ 81/2019/ധന പ്രകാരം അൺസ്കിൽഡിന് 660 രൂപ സ്കിൽഡിന് 715 രൂപ എന്നീ നിരക്കുകളിൽ ദിവസവേതനം നൽകുന്നു. ഇവർ സീസൺ അനുസരിച്ച് ശരാശരി 8 മുതൽ 10 മണിക്കൂർ വരെയാണ് ഒരു ദിവസം പമ്പിംഗ് ജോലി ചെയ്യുന്നത്. ഇതിൽ നിന്ന് ഒരു തരത്തിലുള്ള നികുതിയും ഈടാക്കുന്നില്ല.

(ബി) കേരള ജല അതോറിറ്റിയിൽ കരാർ ജീവനക്കാരുടെ വേതന വിതരണം സുതാര്യമാക്കുവാൻ 2014 ഏപ്രിൽ മാസത്തിൽ "MARCH" (Monitoring Accounting & Reporting by Centralized HR System) എന്ന സോഫ്റ്റ്‌വെയർ നടപ്പിൽ വരുത്തി. അതിനുശേഷം ഓരോ മാസത്തെയും കൂലി അടുത്ത മാസംതന്നെ നൽകുന്നുണ്ട്. 2014 ഏപ്രിൽ മാസത്തിന് മുന്നേ ഒരു മാസത്തെ കുടിശ്ശികയിട്ടാണ് ഫണ്ട് അനുവദിച്ചിരുന്നത്. ചില ഡിവിഷനുകളിലുണ്ടായ കുടിശ്ശിക തുക നൽകുന്നതിനുവേണ്ടി ഇന്റേണൽ ഓഡിറ്റ് വിഭാഗം പരിശോധന നടത്തുകയും അതുവഴി കൊടുത്തുതീർക്കേണ്ട തുകയിൽ വ്യക്തത വരുത്തുകയും ചെയ്തു. ഈ കുടിശ്ശിക തുക ഗഡുക്കളായി കൊടുത്തു തീർത്തുവരുന്നു. ജലസേചന വകുപ്പിൽ 2019 മാർച്ച് മുതൽ ഒക്ടോബർ വരെ കൂലി കുടിശ്ശിക നൽകാനുണ്ട്.

(സി) കേരള ജല അതോറിറ്റിയിൽ താൽക്കാലിക പമ്പ് ഓപ്പറേറ്റർമാർ കരാറുകാരുടെ ചൂഷണം നേരിടേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇവർക്ക് ശമ്പളം നേരിട്ട് ലഭ്യമാക്കുവാൻ നിലവിലെ സേവന വേതന വ്യവസ്ഥകൾ അനുവദിക്കുന്നില്ല. ജലസേചന വകുപ്പിൽ വേതനം നേരിട്ട് ബാങ്കുവഴി അവരവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാൽ പമ്പ് ഓപ്പറേറ്റർമാരായി ജോലി ചെയ്യുന്ന എച്ച്.ആർ/എസ്.എൽ.ആർ. വർക്കർമാർ കരാറുകാരുടെ ചൂഷണം നേരിടേണ്ടി വരുന്നില്ല.

### 'മിനിസ്റ്റീരിയൽ ജീവനക്കാരുടെ യോഗ്യതയിൽ ക്രമക്കേട്'

182 (4551) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ യോഗ്യതയിലും സ്ഥാനക്കയറ്റത്തിലും ഗുരുതരമായ ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ക്രമക്കേടുകൾ കണ്ടെത്താൻ നിയോഗിച്ച സമിതിയുടെ പ്രവർത്തനം മരവിപ്പിക്കാൻ ശ്രമിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ജലസേചന വകുപ്പിൽ ജീവനക്കാരുടെ സീനിയോറിറ്റിയിലേയും പ്രമോഷനിലേയും അനോമലി കണ്ടെത്തുന്നതിനായി ഒരു അനോമിലി സെൽ രൂപീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) റിപ്പോർട്ട് അനോമലി കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**മങ്കട നിയോജകമണ്ഡലത്തിലെ കേളിയാർകുളം നവീകരണം**

183 (4552) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ അഞ്ചാം വാർഡിലെ കേളിയാർകുളം നവീകരണത്തിന് ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഫയൽ വകുപ്പ് തലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ;

(സി) ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകുമോ;വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) മങ്കട നിയോജകമണ്ഡലത്തിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ അഞ്ചാം വാർഡിലെ കേളിയാർകുളം നവീകരണത്തിന് ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിക്കുള്ള 190 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൈസ് മുഖാന്തിരം ലഭ്യമായിട്ടുണ്ട്. പ്രവൃത്തിയുടെ ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## മേജർ ഇറിഗേഷൻ വകുപ്പ് മുഖേന കൊല്ലം ജില്ലയിൽ അനുവദിക്കപ്പെട്ട തുക

184 (4553) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മേജർ ഇറിഗേഷൻ വകുപ്പ് മുഖേന കൊല്ലം ജില്ലയിൽ അനുവദിക്കപ്പെട്ട തുക സാമ്പത്തിക വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തുക വിനിയോഗിച്ച് ഈ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി എന്നതിന്റെ വിശദാംശങ്ങളും പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതിയും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊല്ലം ജില്ലയ്ക്ക് അനുവദിക്കപ്പെട്ട തുക സാമ്പത്തിക വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-2017 | 2,22,40,000 രൂപ |
| 2017-2018 | 2,57,78,389 രൂപ |
| 2018-2019 | 4,17,80,000 രൂപ |
| 2019-2020 | 12,25,03,453 രൂപ |

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## നെന്മാറ മണ്ഡലത്തിലെ ഡാമുകളിലെ ചെളിയും മണലും

185 (4554) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വിവിധ ഡാമുകളിൽ അടിഞ്ഞു കൂടിയ ചെളിയും മണലും നീക്കം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇത് പ്രകാരം ഏതെല്ലാം ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ പ്രവൃത്തികൾ എന്നുമുതൽ ആരംഭിക്കുമെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ-സി) ഇല്ല. 08/11/2019-ലെ സ.ഉ(കൈ)നം.49/2019/ജവിവ പ്രകാരം പാലക്കാട് ജില്ലയിലെ മംഗലം റിസർവ്വോയറിൽ Turn Key Method-ൽ ചെളിയും മണലും നീക്കം ചെയ്യാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നെന്മാറ നിയോജകമണ്ഡലത്തിലെ പോത്തുണ്ടി, ചുള്ളിയാർ റിസർവ്വോയറുകളിൽ ഉചിതമായ മാതൃകയിൽ ചെളിയും മണലും നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മഞ്ചേരി നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

186 (4555) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേരി നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റി, മേജർ/മൈനർ ഇറിഗേഷൻ ഡിവിഷനുകൾ എന്നീ മൂന്ന് വിഭാഗങ്ങൾ നടപ്പിലാക്കിയതും പരിഗണനയിലുള്ളതുമായ പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) ഇതിൽ നടപ്പ് സാമ്പത്തിക വർഷം മേൽ സൂചിപ്പിച്ച മൂന്ന് വകുപ്പുകളിലെയും പ്ലാൻ /നോൺ പ്ലാൻ ഹെഡിൽ നിന്നും എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകി എന്നറിയിക്കാമോ; വിശദാംശം നൽകുമോ;

(സി) ചെക്ക് ഡാമിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) മഞ്ചേരി നിയോജകമണ്ഡലത്തിൽ മേജർ മൈനർ ഡിവിഷനുകൾ നടപ്പിലാക്കിയതും പരിഗണനയിലുള്ളതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം * ആയി ചേർത്തിരിക്കുന്നു.

മഞ്ചേരി നിയോജകമണ്ഡലത്തിൽ പുഴങ്കാവിൽ കടലുണ്ടിപ്പുഴയ്ക്ക് കുറുകെ ഒരു ആർ.സി.ബി. നിർമ്മിക്കുവാൻ അംഗീകാരം നൽകുകയും സാങ്കേതികാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സമയബന്ധിതമായി പണികൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള ജല അതോറിറ്റിയിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു* . കിഫ്ബിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 72.58 കോടി രൂപയുടെ മഞ്ചേരി കുടിവെള്ള പദ്ധതിയുടെ വിപുലീകരണവും പയ്യനാട്, തടിപ്പറമ്പ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഭാഗങ്ങളിലേയ്ക്ക് പുതിയ വിതരണ ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും. ഈ പദ്ധതിയുടെ ഒന്നാം ഘട്ടം ടെൻഡറിന് അംഗീകാരം നൽകുന്നതിനുള്ള നടപടിയും രണ്ടാം ഘട്ടത്തിന്റെ സാങ്കേതികാനുമതിയും നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. മഞ്ചേരി മുനിസിപ്പാലിറ്റിയിലെ കാലപ്പഴക്കം ചെന്ന എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ.കെ 9 പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതിക്കായി പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ്.

ജല അതോറിറ്റിയിൽ സ്റ്റേറ്റ് പ്ലാൻ 2019-2020 മഞ്ചേരി നഗര ശുദ്ധജല വിതരണ പദ്ധതി - 16.00 ലക്ഷം രൂപയുടെ 500mm പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ആർ.സി.ബി.യുടെ പണി പൂർത്തിയാകുമ്പോൾ ശേഖരിക്കപ്പെടുന്ന ജലം ഉപയോഗിച്ച് കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്താനും മത്സ്യകൃഷി തുടങ്ങിയവ നടത്താനും കഴിയും. കൂടാതെ സമീപത്തുള്ള കുളങ്ങളും കിണറുകളും ജല സമൃദ്ധമാകുകയും കുടിവെള്ള ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമാകുകയും ചെയ്യും. ചെക്കുഡാമിന്റെ നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് അനുബന്ധ ആയക്കെട്ടിൽ കൃഷിക്ക് വെള്ളം ലഭ്യമാക്കുന്നതോടൊപ്പം പരിസരത്തെ ജലവിതാനം ഉയരുന്നതുമൂലം കുടിവെള്ള ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമാകുന്നതാണ്.

**വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം കൈമാറൽ**

187 (4556) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം ടൂറിസം വകുപ്പിന് മോട്ടൽ നിർമ്മിക്കുന്നതിനായി കൈമാറാൻ സർക്കാർ തലത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ മന്ത്രിതലത്തിൽ എത്ര മീറ്റിംഗുകൾ നടന്നിട്ടുണ്ടെന്നും എടുത്ത തീരുമാനങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(സി) വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ എത്ര ഭൂമിയാണ് ടൂറിസം വകുപ്പിന് കൈമാറാൻ തീരുമാനം എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭൂമിയുടെ ഉപയോഗാനുമതി ലഭ്യമാക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കി ഉപയോഗാനുമതി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) 24-7-2019-ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട ടൂറിസവും സഹകരണവും ദേവസ്വവും വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗ തീരുമാനപ്രകാരം ഉടമസ്ഥാവകാശം ജലവിഭവ വകുപ്പിൽത്തന്നെ നിലനിർത്തി ടൂറിസം പദ്ധതിയുടെ ലാഭവിഹിതം ഇറിഗേഷൻ വകുപ്പിനുംകൂടി ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ നെടുമങ്ങാട്, വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ അധീനതയിലുള്ള സ്ഥലത്ത് ടൂറിസം പ്രോജക്ടിന് ഭൂമിയുടെ ഉപയോഗാനുമതി നൽകാൻ തീരുമാനിച്ചു. 1.53 ഏക്കർ ഭൂമിയാണ് പ്രസ്തുത പദ്ധതിക്കായി ടൂറിസം വകുപ്പിന് കൈമാറാൻ തീരുമാനിച്ചത്. ലാഭം എങ്ങനെ വീതിക്കണമെന്നത് സംബന്ധിച്ച പദ്ധതി വിഭാഗം-2, ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസലിൽ എഗ്രിമെന്റ് കണ്ടീഷൻസിൽ വ്യക്തത വരുത്തി ആവശ്യമായ ഭേദഗതിയോടുകൂടി സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം-2 ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കി അടിയന്തര നടപടി സ്വീകരിക്കാവുന്നതാണ്.

**ചിറയ്ക്കൽ-ചെറുപുഴ പദ്ധതിയുടെ നിർമ്മാണം**

188 (4557) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)എടത്തിരുത്തി, കയ്പമംഗലം ഗ്രാമപഞ്ചായത്തുകളിലെ കൃഷിയിടങ്ങളിലേയ്ക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നതിനും ഈ പഞ്ചായത്തുകളിലേയ്ക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനും വേണ്ടി 2015 ലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് മുഖേന അനുവദിച്ച ചിറക്കൽ - ചെറുപുഴ പദ്ധതിയുടെ നിർമ്മാണം അതിന്റെ ആദ്യഘട്ടത്തിൽത്തന്നെ നിലച്ചുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആദ്യ കരാറുകാരനെ ഒഴിവാക്കിയെങ്കിലും പുതിയ കരാറുകാരൻ ഇതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന്റെ നിർമ്മാണം ദ്രുതഗതിയിലാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. പുതിയ കരാറുകാരനെ കണ്ടെ<u>ത്തു</u>ന്നതിനായി ശേഷിക്കുന്ന പണികളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനിടയിൽ ആദ്യ കരാറുകാരൻ ബഹു<u>മാ</u>നപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും 25-9-2019-ലെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 27-9-2019 -ൽ 3.53 കോടി രൂപയുടെ ബാക്കി പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. എന്നാൽ ആരും പങ്കെടുക്കാത്തതിനാൽ 28-10-2019 വരെ ടെണ്ടർ നീട്ടി നൽകിയിട്ടും കരാറുകാരുടെ പങ്കാളിത്തമുണ്ടാകാത്തതിനാൽ വീണ്ടും പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തൃപ്പങ്കയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

189(4558) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ വിളയൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന തൃപ്പങ്കയം ലിഫ്ററ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(ബി) പദ്ധതി എന്ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; ഇതിനു എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) തൃപ്പങ്കയം പദ്ധതിയുടെ വിശദ പര്യവേഷണം പൂർത്തിയായി. മെക്കാനിക്കൽ ഡിസൈൻ ലഭിക്കുന്നതിനുവേണ്ടി വിശദമായ പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)യുടെ കാര്യാലയത്തിൽനിന്നും ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ) വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയർ മെക്കാനിക്കൽ വിഭാഗത്തിൽനിന്നും പ്രസ്തുത ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ഭരണാനുമതി ലഭിച്ച് ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആയതിന് ഒരു കോടി രൂപ ബഡ്ജറ്റിൽ (Work Appendix - Vol II) വകയിരുത്തിയിട്ടുണ്ട്.

## ബാലുശ്ശേരി മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

190 (4559) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ മുഖേന എത്ര പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇപ്പോൾ ഭരണാനുമതി ലഭിച്ചതും, പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നതുമായ എത്ര പദ്ധതികളാണ് ബാലുശ്ശേരി മണ്ഡലത്തിലുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3 പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

1. പനങ്ങാട് പഞ്ചായത്തിലെ കോട്ടനട വി.സി.ബി. നിർമ്മാണം - 10.00 ലക്ഷം രൂപ
2. കോട്ടൂർ പഞ്ചായത്തിലെ പാവുകണ്ടി വി.സി.ബി.-യുടെ നിർമ്മാണം - 22.00 ലക്ഷം രൂപ
3. കോഴിക്കോട് ജില്ല ബാലുശ്ശേരി മണ്ഡലം കായണ്ണ പഞ്ചായത്തിലെ കൊളോറപ്പാറ വി.സി.ബി. കം ബ്രിഡ്ജിന്റെ വാർഷിക അറ്റകുറ്റപ്പണികൾ - 0.45 ലക്ഷം രൂപ

(ബി) വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

## മൂവാറ്റുപുഴ മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പ്രവൃത്തികൾ

191 (4560) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ അനുവദിച്ച കുടിവെള്ള പദ്ധതികൾ, ജലസേചന പദ്ധതികൾ, മൈനർ ഇറിഗേഷൻ/മേജർ ഇറിഗേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയുടെ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂജല വകുപ്പ് എറണാകുളം ജില്ലാ ഓഫീസ് മുഖേന നടപ്പിലാക്കുന്നതിനായി മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ 38 കൈപമ്പ് പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കും ഒരു കൈപമ്പ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്കും അനുമതി നൽകിയിട്ടുണ്ട്.

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയിൽ 2016-2017-ൽ (എം.വി.ഐ.പി)-യുടെ ആക്ഷൻ പ്ലാനിൽ ഈ പദ്ധതിയിലെ ആനിക്കാട് ഡിസ്ട്രിബ്യൂട്ടറിയുടെ നിർമ്മാണത്തിനായി 495 ലക്ഷം രൂപ ഉൾപ്പെടെ കനാലിലെ ജലവിതരണം സുഗമമാക്കുന്നതിനായി കനാലുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനും വാർഷിക അറ്റകുറ്റപണികൾക്കുമായി ആകെ 521.75 ലക്ഷം രൂപയും 2017-18 -സാമ്പത്തിക വർഷം 109 ലക്ഷം രൂപയും 2018-2019 -സാമ്പത്തിക വർഷം 132.25 ലക്ഷം രൂപയും 2019-2020 -സാമ്പത്തിക വർഷം 159.10 ലക്ഷം രൂപയും അനുവദിച്ചു. കനാലുകളുടെ അറ്റകുറ്റപ്പണികൾ എല്ലാം നടപ്പുവർഷത്തെ ജലവിതരണത്തിന് മുൻപായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2016-2017 മുതൽ 2019-2020 കാലഘട്ടത്തിൽ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ എം.വി.ഐ.പി.-യിൽ പുതിയ പദ്ധതികളൊന്നും പ്രഖ്യാപിച്ചിട്ടില്ല.

കേരള ജല അതോറിറ്റി മുഖേന മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതിവിവരം അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിൽ അനുവദിച്ച ജലസേചന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതി വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഭൂജല വകുപ്പ് എറണാകുളം ജില്ലാ ഓഫീസ് മുഖേന നടപ്പിലാക്കുന്നതിനായി മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ 38 കൈപമ്പ് പദ്ധതികളുടെ അറ്റകുറ്റപണികൾക്കും ഒരു കൈപമ്പ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.

2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ കനാലുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനും വാർഷിക അറ്റകുറ്റപണികൾക്കുമായുള്ള വേലകൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. 2019-20 -സാമ്പത്തിക വർഷത്തിലെ കനാലുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനും വാർഷിക അറ്റകുറ്റപ്പണികൾക്കുമായുള്ള വേലകൾ ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലെ ആനിക്കാട് ഡിസ്ട്രിബ്യൂട്ടറികളുടെ നിർമ്മാണം 66% പൂർത്തീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മീനച്ചിലാറിന് കുറുകെ കിടങ്ങൂർ കാവാലിപ്പുഴ തൂക്കുപാലം

192 (4561) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടങ്ങൂർ കാവാലിപ്പുഴ തൂക്കുപാലം മീനച്ചിലാറിനു കുറുകെ നിർമ്മിക്കുന്നതിന് കെൽ തയ്യാറാക്കി നൽകിയ പ്രോജക്ടിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) 2019-20 ബഡ്ജറ്റിൽ വാല്യം II പേജ് നം.33-ൽ 697-ാം വർക്കായി ഈ പദ്ധതിക്ക് നാൽപ്പത് ലക്ഷം രൂപ വകയിരുത്തിയെങ്കിലും സർക്കാർ അനുമതി വൈകുന്നതിനുള്ള കാരണം അറിയിക്കാമോ;

(സി) ഈ വിഷയം സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ; ചീഫ് എഞ്ചിനീയർ പ്രോജക്ട് II-ന് സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; അക്കാര്യം സൂചിപ്പിച്ച് സ്ഥലം എം.എൽ.എ .നൽകിയ കത്തിന് മറുപടി നൽകിയിട്ടുണ്ടോ;

(ഡി) പദ്ധതിക്ക് എത്രയും വേഗം അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിൽ മീനച്ചിലാറിന് കുറുകെ കിടങ്ങൂർ - കാവാലിപ്പുഴ തൂക്കുപാലത്തിന് 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ശീർഷകത്തിലൊന്നുംതന്നെ ഉൾപ്പെടുത്തിക്കാണുന്നില്ല. പൊതുമരാമത്ത് വകുപ്പിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ ജലാശയങ്ങൾ മാലിന്യ മുക്തമാക്കാൻ പദ്ധതി

193 (4562) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ജലസ്രോതസ്സുകളും ജലാശയങ്ങളും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ; ഇവയുടെ വിശദാംശം അറിയിക്കുമോ;

(ബി) ജലസ്രോതസ്സുകളും ജലാശയങ്ങളും മാലിന്യമുക്തമാക്കി സ്ഥിരമായി സംരക്ഷിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ/ പൊതുജനങ്ങൾ എന്നിവരുടെ സഹായത്തോടെ ബൃഹത്തായ പദ്ധതിക്ക് രൂപം നൽകുമോ;

(സി) ഇവയുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ജലസ്രോതസ്സുകളും ജലാശയങ്ങളും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനായി എസ്.ഡി.ആർ.എഫ്. ഫണ്ട്, ഹരിതകേരളം, കിഫ്ബി, എം.എൽ.എ ഫണ്ട് എന്നീ ശീർഷകങ്ങളിൽ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. മണ്ഡലത്തിലെ വിവിധ തോടുകൾ ചെളിനീക്കി ഒഴുക്ക് സുഗമമാക്കുന്നതിന് എസ്.ഡി.ആർ.എഫ്. ഫണ്ടിന് കീഴിൽ 88 പ്രവൃത്തികൾക്ക് (214 ലക്ഷം) അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ 5 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കിയുള്ളവ നടപ്പിലാക്കി വരുന്നു. ഹരിതകേരളം ശീർഷകത്തിൽ 22.85 ലക്ഷം രൂപയുടെ പ്രവർത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇവ നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 10 കോടി രൂപയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ പരീക്കാട് തോടിന്റെ തീരസംരക്ഷണത്തിനായി എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള 13.75 ലക്ഷം രൂപയുടെ പ്രവൃത്തി നടന്നുവരുന്നു.

(ബി) ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഇത്തരത്തിൽ ഒരു പ്രവർത്തനത്തിന് രൂപം കൊടുത്തിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 01.08.2019-ന് ചേർന്ന ഹരിതകേരളം സംസ്ഥാന മിഷൻ യോഗത്തിലെ തീരുമാനപ്രകാരം ജലസ്രോതസ്സുകളും ജലാശയങ്ങളും മാലിന്യമുക്തമാക്കി സ്ഥിരമായി സംരക്ഷിക്കുന്നതിനായി വിപുലമായ പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു പ്രധാന നീർച്ചാലും അതിന്റെ കൈവഴികളും ഹരിതകേരളം മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി 2019 ഡിസംബറിൽ ജനകീയമായി ശുചിയാക്കി പുനരുജ്ജീവിപ്പിക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഓരോ ജില്ലയിലേയും ഒരു ബ്ലോക്ക് പഞ്ചായത്തിലെങ്കിലും ജലബഡ്ജറ്റ് നടത്തുന്നതിനും പ്രധാനപ്പെട്ട മുഴവൻ ജലാശയങ്ങളിലും ജലലഭ്യതാ നിർണയ സംവിധാനം ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഉപേക്ഷിക്കപ്പെട്ട പാറക്വാറികളിൽ ശേഖരിക്കപ്പെട്ടിട്ടുള്ള ജലം ഉപയോഗിച്ച് കുളങ്ങളും കിണറുകളും തോടുകളുമൊക്കെ റീച്ചാർജ്ജ് ചെയ്ത് ഭൂജല ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും രൂപം നൽകിയിട്ടുണ്ട്. ജലത്തിന്റെ ഗുണനിലവാരം നിർണയിക്കുന്നതിനായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരു ഹയർ സെക്കണ്ടറി സ്കൂളിൽ ജലഗുണനിലവാര നിർണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനവും പുരോഗതിയിലാണ്.

## നെയ്യാറ്റിൻകര മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ചെറുകിട ജലസേചന പ്രവൃത്തികൾ

194 (4563) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2016 ജൂൺ മാസം മുതൽ 2019 ഒക്ടോബർ മാസം വരെ കുളത്തൂർ, കാരോട്, ചെങ്കൽ, തിരുപുറം, അതിയന്നൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലും നെയ്യാറ്റിൻകര നഗരസഭ പ്രദേശത്തുമായി ചെറുകിട ജലസേചന വിഭാഗം എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയ്ക്കും നൽകിയ അടങ്കൽ തുക പഞ്ചായത്ത് തിരിച്ച് വിശദീകരിക്കുമോ;

(ബി) എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം എത്ര പ്രവൃത്തികൾക്കു ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; പ്രവൃത്തികളുടെ പേരും സ്ഥലവും, നൽകിയ തുകയും വിശദമാക്കുമോ?

ഉത്തരം

(എ) ചെറുകിട ജലസേചന വകുപ്പിന് കീഴിൽ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ വിവിധ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിലായി 2016 ജൂൺ മാസം മുതൽ 2019 ഒക്ടോബർ മാസം വരെ ആകെ 1,87,50,000.00 രൂപയ്ക്ക് (ഒരു കോടി എൺപത്തിയേഴ് ലക്ഷത്തി അൻപതിനായിരം രൂപയ്ക്ക്) ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം 8 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ പുല്ലാമല വാർഡിലെ പുത്തൻ കുളത്തിന്റെ നവീകരണം.- 9.44 ലക്ഷം
2. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ കൂട്ടപ്പന വാർഡിലെ മരുതൂർ തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം - 10.35 ലക്ഷം
3. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി വഴുതൂർ വാർഡിൽ ഏലാക്കര ഭാഗത്ത് കവറിംഗ് സ്ലാബോടുകൂടിയ ഓട നിർമ്മാണം.- 3.39 ലക്ഷം
4. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ കുഞ്ചുകുളങ്ങര കുളത്തിന്റെ നിർമ്മാണം - 1.57 ലക്ഷം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ കാട്ടുകുളത്തിന്റെ നവീകരണം - 5.00 ലക്ഷം

6. ശ്രീ ബാലമണ്ഡല ബാല സുബ്രഹ്മണ്യ ക്ഷേത്രത്തിനു മുന്നിലുള്ള തോടിന് കുറുകെ സൈഡ് കെട്ടി സ്ലാബ് നിർമ്മാണം - 9.00 ലക്ഷം

7. അലയ്ക്കോണം ഏലായിൽ വണ്ടിച്ചിറ തോടിന്റെ ലീഡിംഗ് കനാലിന്റെ നിർമ്മാണം - 40.00 ലക്ഷം

8. ഞാറക്കാല – ഊരരയ്ക്കാൽ വിളാകം ചെറിയതോട് - ട്രാക്ടർ ബ്രിഡ്ജ് നിർമ്മാണം - 11.50 ലക്ഷം

## കൽപ്പറ്റയിൽ കെ.റ്റി.ഡി.സി. ഗസ്റ്റ് ഹൗസിനായി സ്ഥലം

195(4564) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൽപ്പറ്റയിൽ കെ.റ്റി.ഡി.സി. ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന് കീഴിൽ ഉള്ള സ്ഥലം ലഭ്യമാക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

കൽപ്പറ്റയിൽ കെ.റ്റി.ഡി.സി. ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള സ്ഥലം ലഭ്യമാക്കണമെന്ന ആവശ്യം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് (പദ്ധതി വിഭാഗം-1) നിർദ്ദേശം നൽകുകയും തുടർനടപടിയെടുത്ത് വരികയുമാണ്.

## വള്ളുവൻകടവിൽ ബോട്ടുജെട്ടി പുതുക്കി പണിയുന്നതിന് നടപടി

196 (4565) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, ചിറയ്ക്കൽ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ വള്ളുവൻകടവിൽ ബോട്ടുജട്ടി പുതുക്കി പണിയുന്നതിനായി കണ്ണൂർ ഓഫീസിലെ ബന്ധപ്പെട്ട ഫയലിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബോട്ടുജട്ടി പുതുക്കുന്നതിന് എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഏറ്റവും അടിയന്തര പ്രാധാന്യത്തോടെ ഈ ബോട്ട് ജട്ടി പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കണ്ണൂർ ചിറക്കൽ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിലെ വള്ളുവൻ കടവിലെ നിലവിലുള്ള ബോട്ടുജെട്ടി കാലപ്പഴക്കംകൊണ്ട് ജീർണ്ണിച്ച അവസ്ഥയിലാണ്. ഇവിടെ പുതിയ ബോട്ട്ജെട്ടി പണിയുന്നതിന് മണ്ണ് പരിശോധന പ്രവൃത്തി നടത്തിയിട്ടുണ്ട്. ബോട്ട്ജെട്ടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**കോഴിക്കോട് ജില്ലയിൽ ജലവിഭവ വകുപ്പിന് കീഴിലുള്ള ഭൂമി**

197 (4566) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പിന് കീഴിലുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിന്റെ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ വകുപ്പിന്റെ കീഴിലുള്ള ഭൂമിയിൽ പുതിയ സർവ്വേകൾ നടത്തി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) പലസ്ഥലങ്ങളിലും കൃത്യമായ അളവുകളില്ലാതെ കിടക്കുന്ന വകുപ്പിന്റെ ഭൂമികൾ ക്രമീകരിച്ച് കൊണ്ടുവരുവാൻ എന്തെങ്കിലും തരത്തിലുള്ള ശ്രമം നടത്തുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും സർവ്വേ ചെയ്ത് ടി സ്ഥലങ്ങൾ ക്രമീകരിക്കുന്നതിനും കൃത്യമായ അതിർത്തികളില്ലാത്ത സ്ഥലങ്ങളിൽ അതിർത്തി പുനർനിർണ്ണയിക്കുന്നതിനും സർവ്വേ കല്ലുകൾ സ്ഥാപിക്കുന്നതിനും റവന്യൂവകുപ്പിന്റെ സഹായം തേടിയിട്ടുണ്ട്.

**റീ ബിൽഡ് കേരള വഴിയുള്ള ജലവിഭവ മേഖലയിലെ പ്രവൃത്തികൾ**

198(4567) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ മേഖലയിൽ എന്തെല്ലാം പ്രവൃത്തികളാണ് റീ ബിൽഡ് കേരള വഴി ലക്ഷ്യമിടുന്നത്;

(ബി) ഇതിൽ ജലസംരക്ഷണത്തിനും ജലവിഭവ പരിപാലനത്തിനും പ്രാമുഖ്യം നൽകുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ജലവിഭവ മേഖലയിൽ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ലക്ഷ്യമിടുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1) ജലസേചന നിർമ്മിതികളുടെ പ്രളയാനന്തര അറ്റകുറ്റപ്പണികൾ

2) ചിറ്റൂർ താലൂക്കിലെ നിലവിലുള്ള 3 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളായ മുംഗിൽമട, തരകൻചള്ള, വലിയേരി, പുതുതായി പ്രൊപ്പോസ് ചെയ്തിട്ടുള്ള ഇലവൻചേരി, ഞാറയ്ക്കൽ മട, നവിതൻകുളം എന്നീ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ കീഴിൽ മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കൽ

3) കേരളത്തിലെ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ റിവർ ട്രെയിനിംഗ്, റൂം ഫോർ റിവർ എന്നീ ആശയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കുട്ടനാട് പ്രദേശത്ത് പ്രാഥമിക പഠനത്തിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതും മറ്റ് പഠനങ്ങൾ നടത്തുന്നതിനുമുള്ള പദ്ധതി.

4) റിവർ ബെയ്സിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റിയുടെ രൂപീകരണത്തിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ.

5) ജലവിഭവ സംബന്ധ വിവരങ്ങൾ ലഭ്യമാക്കുന്ന കേരള വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ (K-WRIS) രൂപീകരണത്തിന് ആവശ്യമായ വിവിധ വിവര സാങ്കേതികവിദ്യ പ്രവർത്തനങ്ങളായ കമ്പ്യൂട്ടർ പ്രോഗ്രാമിംഗ്, ഡാറ്റാബെയ്സ് മാനേജ്മെന്റ്, വെബ്സൈറ്റ് ഡിസൈനിംഗ് എന്നിവയിൽ പ്രാവീണ്യം നേടിയ ബാഹ്യ ഏജൻസികളുടെ സഹായം തേടുന്നത് സംബന്ധിച്ച പദ്ധതിയുടെ നിർദ്ദേശം.

മേൽ പ്രതിപാദിച്ചിട്ടുള്ള പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ വിശദമായ പദ്ധതിരേഖ (DPR) പരിഗണനയിലാണ്.

കേരളാ ജല അതോറിറ്റിയിൽ പ്രളയം ഗുരുതരമായി ബാധിച്ച ജില്ലകളിൽപ്പെട്ട ആറ് സ്കീമുകളുടെ പൂർത്തീകരണത്തിനായി 182.6 കോടി രൂപയും കൊച്ചി പോലുള്ള നഗരങ്ങൾക്ക് വേണ്ടിയുള്ള സെപ്റ്റേജ് & സ്വീവേജ് മാനേജ്മെന്റിനായുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 17.00 കോടി രൂപയുടെയും, എനർജി ഒപ്റ്റിമൈസേഷന് 7.00 കോടി രൂപയുള്ള പ്രൊപ്പോസലും ചേർത്ത് 206.60 കോടി രൂപയുടെ പദ്ധതികൾക്ക് ആർ.കെ.ഐ.-യിൽ HLEC-യുടെ അംഗീകാരം ലഭിച്ചു.

(ബി) ജലസംരക്ഷണത്തിനും ജലവിഭവ പരിപാലനത്തിനും പ്രാമുഖ്യം നൽകുന്ന പ്രവർത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തടയണകൾ, കനാലുകൾ, കുളങ്ങൾ, നദികൾ എന്നിവയുടെ പ്രളയാനന്തര അറ്റകുറ്റപ്പണികൾ, മൈക്രോ ഇറിഗേഷൻ പദ്ധതികൾ തുടങ്ങി മുകളിൽ പരാമർശിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും ജലസംരക്ഷണത്തിനും ജലവിഭവ പരിപാലനത്തിനും പ്രാമുഖ്യം നൽകുന്നവയാണ്.

**ഹരിതദൃഷ്ടി എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ**

199(4568) <u>ശ്രീ. പി. ഉബൈദുള്ള:</u>

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളിലെ ജലവിതാനവും ജലലഭ്യതയും അറിയാൻ ഹരിതദൃഷ്ടി എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ പ്രധാന സവിശേഷതകൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്താകെ ആപ്ലിക്കേഷന്റെ സേവനം ഉപയോഗപ്പെടുത്തുവാൻ ഇതുവഴി സാധിക്കുമോ;

(സി) പ്രസ്തുത ആപ്പ് വഴി ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണ് വിശദീകരിക്കാമോ;

(ഡി) പുഴകളിലേയും കായലുകളിലേയും ജലത്തിന്റെ അളവ്, ജലസ്രോതസ്സുകളുടെ ജലവിതാനം, ലഭ്യത എന്നിവ വിലയിരുത്തുന്നതിന് ഈ ആപ്പ് മുഖേന സാധിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഹരിതകേരളം മിഷന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നതിനായി ഹരിതദൃഷ്ടി എന്ന പേരിൽ ഒരു സോഫ്റ്റ് വെയറും ഒരു മൊബൈൽ ആപ്ലിക്കേഷനും ഹരിതകേരളം മിഷൻ രൂപം കൊടുത്തിട്ടുണ്ട്. IIITMK-യുടെ സഹായത്തോടെയാണ് പ്രസ്തുത സോഫ്റ്റ് വെയർ തയ്യാറാക്കിയത്. ഹരിതകേരളവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ നേതൃത്വത്തിലാണ് നിർവ്വഹിക്കപ്പെടുന്നത്. ഇത്തരത്തിൽ നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തികൾ നിർവ്വഹണ ഉദ്യോഗസ്ഥർ മൊബൈൽ ആപ്ലിക്കേഷനിൽ അപ്‌ലോഡ് ചെയ്യും. ഇതിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വേണ്ട പരിശീലനം പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ ജലസ്രോതസ്സിലും എത്ര അളവിൽ ജലം ശേഖരിക്കപ്പെട്ടിട്ടുണ്ടെന്ന വിവരവും രേഖപ്പെടുത്തുന്നുണ്ട്. ഈ വിവരങ്ങൾ വിവിധ തലങ്ങളിൽ ക്രോഡീകരിച്ച് ആസൂത്രണാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും.

(ബി) കഴിയും.

(സി) പ്രസ്തുത ആപ്ലിക്കേഷനിലൂടെ ഹരിതകേരളം മിഷന്റെ ഭാഗമായി മാലിന്യസംസ്കരണം, കൃഷി, ജലസംരക്ഷണം എന്നീ മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും മറ്റ് വകുപ്പുകളുടേയും നേതൃത്വത്തിൽ നിർവ്വഹിക്കപ്പെട്ട പദ്ധതികളെക്കുറിച്ചും അവയുടെ പുരോഗതിയെ സംബന്ധിച്ചുമുള്ള തൽസമയ വിവരങ്ങൾ ലഭ്യമാകും.

(ഡി) പുഴകളും കായലുകളും ഒഴികെ മറ്റ് ജലസ്രോതസ്സുകളിൽ എത്ര അളവിൽ ജലം ശേഖരിക്കപ്പെട്ടിട്ടുണ്ടെന്ന വിവരം രേഖപ്പെടുത്തുന്നതിന് ഈ ആപ്ലിക്കേഷൻ വഴി സാധിക്കും. ഇതിനായി പ്രാദേശിക ജലസ്രോതസ്സുകളിൽ സ്കെയിൽ സ്ഥാപിക്കേണ്ടതുണ്ട്.

**'മാവേലിക്കര മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ ഓഫീസ് കെട്ടിടം'**

200 (4569) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരമണ്ഡലത്തിലെ മൈനർ ഇറിഗേഷൻ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം അതീവ ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഓഫീസ് മുമ്പ് പമ്പ ഇറിഗേഷൻ പ്രോജക്ട് അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസായി പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള നടപടി**

201 (4570) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതി ഏതെല്ലാം പഞ്ചായത്തുകളിലാണ് നടപ്പിലാക്കിയത് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് ഈ പ്രവർത്തനം വ്യാപിപ്പിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഭൂജലവകുപ്പ് 'ഭൂജല സംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതിയിൻ കീഴിൽ കിണർ റീചാർജ്ജിംഗ് ഉൾപ്പെടെയുള്ള വിവിധ ഭൂജലസംപോഷണ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 2019-20 സാമ്പത്തിക വർഷം ഭൂജലവകുപ്പിന് 450 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വിവിധ റീചാർജ്ജ് പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. 125 റീചാർജ്ജ് പിറ്റ് പദ്ധതി, 19 തുറന്ന കിണർ റീചാർജ്ജ് പദ്ധതികൾക്കും 10 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികൾക്കുമുള്ള 261 ലക്ഷം രൂപയുടെ സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ആയതിൽ 30 റീചാർജ്ജ് പിറ്റ്/തുറന്ന കിണർ റീചാർജ്ജ് പദ്ധതികളും 2 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികളും ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ ജില്ലകളിൽ പുരോഗമിച്ച് വരുന്നു. ജില്ലകളിൽനിന്ന് ലഭിച്ച 12 തടയണ, 18 റീചാർജ്ജ് പിറ്റ് പദ്ധതി, 44 തുറന്ന കിണർ റീചാർജ്ജ്, 23 കുഴൽക്കിണർ റീചാർജ്ജ്, 2 അടിയണകളുടെ നിർമ്മാണം, 6 കുളങ്ങളുടെ പുനരുദ്ധാരണം എന്നീ പ്രവർത്തികളുടെ പ്രൊപ്പോസലുകളിന്മേൽ സൂക്ഷ്മ പരിശോധന വകുപ്പിൽ പുരോഗമിച്ചുവരുന്നു. ആയതിന് സാങ്കേതികാനുമതി ഉടൻതന്നെ ജില്ലകൾക്ക് ലഭ്യമാക്കാവുന്നതാണ്.

കെ.ആർ.ഡബ്യു.എസ്.എ.-യുടെ ഭാഗമായ 'മഴകേന്ദ്രം' പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മഴവെള്ള സംഭരണം-ഭൂജല പരിപോഷണം പരിപാടി വഴിയും കിണർ റീചാർജ്ജ് ചെയ്യുന്നുണ്ട്. 2019-20 സാമ്പത്തിക വർഷം സംസ്ഥാനത്തെ ആറ് ജില്ലകളിലെ 10 ഗ്രാമ പഞ്ചായത്തുകളിൽ മഴവെള്ളം സംഭരിച്ചുള്ള കിണർ റീചാർജ്ജിംഗ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പഞ്ചായത്തുകളിലെ 8500 കുടുംബങ്ങളിലെ തുറന്ന കിണറുകൾക്കാണ് കിണർ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തുന്നത്.

(ബി) ഭൂജലസംരക്ഷണവും സംപോഷണവും പദ്ധതിയിൻ കീഴിൽ ഭൂജലവകുപ്പ് 2018-19 സാമ്പത്തിക വർഷത്തിലും, 2019-20 സാമ്പത്തിക വർഷത്തിലും (ഒക്ടോബർ 31 വരെ) നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം)*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2019-20 സാമ്പത്തിക വർഷം മഴകേന്ദ്രം പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി കിണർ റീചാർജ്ജിംഗിന് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ജില്ല തിരിച്ച് താഴെ ചേർക്കുന്നു:

പത്തനംതിട്ട-കോയിപ്രം

കോട്ടയം-അകലക്കുന്നം, അയർക്കുന്നം

എറണാകുളം-ആമ്പല്ലൂർ

തൃശ്ശൂർ-കൊടകര

പാലക്കാട്-തേങ്കുറിശ്ശി, ആലത്തൂർ, എലപ്പുള്ളി, മേലാർക്കോട്

കോഴിക്കോട്-അഴിയൂർ

(സി) ഭൂജലവകുപ്പ് ശാസ്ത്രീയ പഠനങ്ങൾ നടത്തി ഓരോ പ്രദേശങ്ങൾക്കും അനുയോജ്യമായ രീതിയിലുള്ള റീചാർജ്ജിംഗ് പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. റീചാർജ്ജിംഗിന് അനുയോജ്യമായ കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് പ്രവൃത്തികൾ ഭാവിയിൽ വ്യാപിപ്പിക്കുന്നതാണ്.

**ഭൂജലവകുപ്പിന്റെ പ്രവർത്തനങ്ങൾ**

202 (4571) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജലവകുപ്പിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ജനങ്ങൾക്ക് വെള്ളം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് നടത്തുന്നത് എന്നറിയിക്കാമോ;

(ഡി) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുഴൽക്കിണറുകൾ കുഴിക്കാറുണ്ടോ; എങ്കിൽ കഴിഞ്ഞ മൂന്ന് വർഷം എത്ര കുഴൽക്കിണറുകൾ കുഴിച്ചിട്ടുണ്ടെന്നും അതിന് ചെലവായ തുക എത്രയാണെന്നും കുഴിച്ച സ്ഥലങ്ങളുടെ പേര് സഹിതം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. വിവിധതരം ഭൂജലനിർമ്മിതികൾക്കുള്ള ഭൂജല പര്യവേഷണം.
2. കുഴൽക്കിണർ/ട്യൂബ് വെൽ/ഫിൽറ്റർ പോയിന്റ് വെൽ എന്നിവയുടെ നിർമ്മാണം.
3. പമ്പിംഗ് ടെസ്റ്റിലൂടെ കിണറുകളുടെ ജലക്ഷമത പരിശോധന.
4. ഭൂജലവിഭവത്തിന്റെ ശേഷിയും ഉപയോഗവും തിട്ടപ്പെടുത്തുക.
5. കുഴൽക്കിണർ വൃത്തിയാക്കൽ, ലോഗിംഗ്.
6. ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കുക.
7. ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതി നടപ്പിലാക്കുക.
8. ഹാൻഡ് പമ്പ് സ്കീം നടപ്പിലാക്കുക.
9. കുഴൽക്കിണറിലെ ഹാൻഡ് പമ്പ് അറ്റകുറ്റ പണികൾ നടത്തുക.
10. ചെറുകിട കുടിവെള്ള പദ്ധതി പുനരുദ്ധാരണം നടപ്പിലാക്കുക.
11. ക്വാറികൾക്കുള്ള പാരിസ്ഥിതികാനുമതി നൽകുന്നതിനുള്ള ഹൈഡ്രോജിയോളജിക്കൽ പഠനം നടത്തുക.
12. ഭൂജല സംരക്ഷണവുമായി ബന്ധപ്പെട്ട് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
13. ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നടപ്പിലാക്കുക.
    1. പമ്പ് ചെയ്യുന്ന കിണറുകളുടെ രജിസ്ട്രേഷൻ.
    2. കുഴൽക്കിണർ/ട്യൂബ് വെൽ നിർമ്മാണത്തിനുള്ള പെർമിറ്റ് നൽകുക.
    3. കിണർ പരിവർത്തന പെർമിറ്റ് നൽകുക.
    4. വ്യാവസായികം/അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് എൻ.ഒ.സി. നൽകുക.
    5. ഭൂജല ചൂഷണവുമായി ബന്ധപ്പെട്ട പരാതികൾ തീർപ്പ് കൽപ്പിക്കുക.
    6. ഭൂജല ഉപയോഗത്തിനുള്ള തർക്കങ്ങൾ പരിഹരിക്കുക.
    7. കുഴൽക്കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട റിഗ്ഗ്, സ്ഥാപനം, ഏജൻസി എന്നിവയുടെ രജിസ്ട്രേഷൻ നടപ്പിലാക്കുക.

14. ജീവനക്കാർക്കുള്ള സാങ്കേതിക പരിശീലനം നടപ്പിലാക്കുക.

15. പഞ്ചായത്ത്, സർക്കാർ/അർദ്ധസർക്കാർ, സ്ഥാപനങ്ങൾ എന്നിവർക്കായി കിണറിന്റെ സ്ഥാന നിർണ്ണയം നടത്തി കുടിവെള്ള പദ്ധതി നടപ്പിലാക്കുക.

16. ജില്ലാകളക്ടർ/എം.പി ലാഡ്/എം.എൽ.എ. എസ്.ഡി.എഫ്/ എ.ആർ. ഡബ്ല്യൂ.എസ്.എസ്./വരൾച്ച/എസ്.സി. കോർപ്പസ് ഫണ്ട് എന്നീ ഡെപ്പോസിറ്റ് പദ്ധതികളിൽ ഉൾപ്പെടുന്ന കുടിവെള്ള പദ്ധതി നടപ്പിലാക്കുക.

17. ജലത്തിന്റെ ഗുണനിലവാര പരിശോധന.

18. നാഷണൽ ഹൈഡ്രോളജി പ്രോജക്ട് നടപ്പിലാക്കുക.

   1. തുറന്ന കിണർ, കുഴൽക്കിണർ എന്നിവയിലെ മാസംതോറുമുള്ള ജല വിതാന ഡാറ്റ ശേഖരിക്കുക.

   2. നീർത്തടാടിസ്ഥാനത്തിൽ വാട്ടർ ബഡ്ജറ്റിംഗ് സിസ്റ്റം വികസിപ്പിക്കുക.

   3. ഭൂജല മേഖലയുമായി ബന്ധപ്പെട്ട പ്രത്യേക പഠനങ്ങൾ - പർപ്പസ് ഡ്രിവൺ സ്റ്റഡി നടത്തുക.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂജലവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം - 1* ആയി ചേർത്തിരിക്കുന്നു.

(സി) ഭൂജലവകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ചും, ഡെപ്പോസിറ്റ് ഫണ്ട് (LSGD, MLASDF, MPLAD, Collector's Drought Relief Fund) ഉപയോഗിച്ചും ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ജനങ്ങൾക്ക് വെള്ളം ലഭ്യമാക്കുവാൻ ചെറുകിട കുടിവെള്ള പദ്ധതികൾ, ഹാന്റ് പമ്പ് പദ്ധതി, ചെറുകിട കുടിവെള്ള പദ്ധതി പുനരുദ്ധാരണം, കുഴൽക്കിണർ കൈപമ്പ് അറ്റകുറ്റപ്പണികൾ തുടങ്ങിയ പ്രവൃത്തികൾ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിനായി ഭൂജല സംപോഷണ പദ്ധതികളും വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) ഉണ്ട്. കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ ഭൂജലപര്യവേഷണം നടത്തി കുഴൽക്കിണറുകൾ നിർമ്മിച്ച് ഭൂജല ലഭ്യതയ്ക്കനുസരിച്ച് ചെറുകിട കുടിവെള്ള പദ്ധതികളും കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളും വകുപ്പ് നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

### ഭൂജല വകുപ്പ് കൊല്ലം ജില്ലയ്ക്ക് നൽകിയ തുകയും വിനിയോഗവും

203 (4572) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഭൂജല വകുപ്പ് കൊല്ലം ജില്ലയിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തുക വിനിയോഗിച്ച് ഈ കാലയളവിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി എന്നതിന്റെ വിശദാംശങ്ങളും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ കാലയളവിൽ ഭൂജല വകുപ്പ് കൊല്ലം ജില്ലാ ഓഫീസിന് വിവിധ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ച തുകയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 2016-17 സാമ്പത്തിക വർഷം-71,23,836 രൂപ
2. 2017-18 സാമ്പത്തിക വർഷം-83,67,197 രൂപ
3. 2018-19 സാമ്പത്തിക വർഷം-68,98,857 രൂപ
4. 2019-20 സാമ്പത്തിക വർഷം-59,87,500 രൂപ

(ബി) വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം )*

### കേരള ജല അതോറിറ്റി പുനഃസംഘടന

204 (4573) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റി പുനഃസംഘടന നടത്തുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച പഠനങ്ങൾക്കായി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ പുന:സംഘടനയെക്കുറിച്ച് പഠിക്കുന്നതിനായി 2011-ൽ ബംഗ്ലൂരുവിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ നിയോഗിച്ചിരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി പ്രോസസ്സ് റീ-എഞ്ചിനീയറിംഗ് സംബന്ധിച്ചും ഫിനാൻഷ്യൽ റീ-എഞ്ചിനീയറിംഗ് സംബന്ധിച്ചും റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുന്നതിനായിട്ടാണ് നിയോഗിച്ചിരുന്നത്.

ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് തയ്യാറാക്കിയ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ പറയുന്നു.

1. പദ്ധതികൾ നടപ്പാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കുക.
2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിക്കുക.
3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറക്കുക.
4. ഉപഭോക്തൃസേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുക.
5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ് ഡിവിഷനുകളിലും ഹെൽപ് ഡെസ്കുകൾ തുടങ്ങുക.
6. അറ്റകുറ്റപ്പണികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കുക.
7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലെയും ആസ്തികൾ തിട്ടപ്പെടുത്തുക.
8. എല്ലാ ജല അതോറിറ്റി ഓഫീസുകളും കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുക.
9. കേരള വാട്ടർ അതോറിറ്റിയുടെ ഘടനാപരമായ ക്രമീകരണം, നയങ്ങളിലും നടപടി ക്രമങ്ങളിലും വരുത്തേണ്ട മാറ്റങ്ങൾ, ധനകാര്യ സുസ്ഥിരത എന്നീ വിഷയങ്ങളാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

പ്രസ്തുത നിർദ്ദേശങ്ങളിൽ കേരള വാട്ടർ അതോറിറ്റി ഇതിനകം നടപ്പിലാക്കിയിട്ടുള്ളവ ചുവടെ പറയുന്നു.

1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനായി 16 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ മേജർ പദ്ധതികളും ഈ 16 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.

2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.

3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.

4. ഉപഭോക്തൃസേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.

5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ് ഡിവിഷനുകളിലും ഹെൽപ് ഡെസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

6. അറ്റകുറ്റപ്പണികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലെയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

8. ജല അതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിച്ചു. കേന്ദ്രീകൃത ബില്ലിംഗ് (ഇ-അബാക്കസ്), ഇ-പേമെന്റ് സംവിധാനം, കംപ്ലൈന്റ് റിഡ്രെസൽ സിസ്റ്റം, ഇ-ടെണ്ടറിംഗ് എന്നിവ നടപ്പിലാക്കി.

**അമൃത് പദ്ധതി**

205 (4574) <u>ശ്രീമതി യു. പ്രതിഭ:</u>

<u>ശ്രീ. രാജു എബ്രഹാം:</u>

<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u>

<u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേന്ദ്ര സംസ്ഥാന

സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃതിന്റെ കീഴിൽ ശുദ്ധജല വിതരണത്തിനായും സ്വീവറേജ് സംവിധാനങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനായും ആവിഷ്കരിച്ച് വരുന്ന പ്രവൃത്തികൾ എന്തൊക്കെയാണ്;

(ബി) പദ്ധതിക്കായുള്ള കേന്ദ്ര സംസ്ഥാന വിഹിതം എപ്രകാരമാണെന്ന് അറിയിക്കാമോ;

(സി) ജലവിതരണത്തിനായും സ്വീവറേജ് സംവിധാനങ്ങൾക്കായും നിലവിൽ എത്ര തുകയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്;

(ഡി) അമൃത് പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച എല്ലാ പ്രവൃത്തികളും എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അമൃത് നഗരങ്ങളായി തെരഞ്ഞെടുത്തിട്ടുള്ള കേരളത്തിലെ

6 കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളിലും താഴെപ്പറയുന്ന പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1. <u>ശുദ്ധജല വിതരണ മേഖല</u>

- 1069.53 കോടി രൂപയുടെ 176 പദ്ധതികൾക്ക് ഭരണാനുമതി നൽകി.
- 1067.12 കോടി രൂപയുടെ 174 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകി.
- 1060.74 കോടി രൂപയുടെ 174 പദ്ധതികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.
- 978.72 കോടി രൂപയുടെ 163 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഇതിൽ 33 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2. <u>ദ്രവ മാലിന്യ സംസ്കരണം (Sewerage & Septage sector)</u>

- 543.24 കോടി രൂപയുടെ 136 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.
- 480.58 കോടി രൂപയുടെ 134 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

- സാങ്കേതികാനുമതി ലഭിച്ച 476.18 കോടി രൂപയുടെ 133 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്.
- 109.66 കോടി രൂപയുടെ 94 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഇതിൽ 38 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ആകെ പദ്ധതി തുകയുടെ 50% കേന്ദ്ര വിഹിതമായും 30% സംസ്ഥാന വിഹിതമായും 20% തദ്ദേശ സ്ഥാപന വിഹിതവുമായാണ് പദ്ധതിയുടെ ധന വിനിയോഗം.

(സി) ഈ രണ്ട് സെക്ടറുകളിലുമായി 1612.77 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്.

(ഡി) അമൃത് പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ സെക്ടറുകളിലെ എല്ലാ പദ്ധതികളും 2020 മാർച്ച് 31-നകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ ശുദ്ധജല വിതരണം, സെപ്റ്റേജ് ആന്റ് സ്വിവറേജ് മാനേജ്മെന്റ് എന്നീ സെക്ടറുകളിലെ പദ്ധതികൾ പൂർത്തീകരിക്കാൻ കൂടുതൽ സമയം ആവശ്യമാണ്.

## കാരപ്പാറ-കുരിയാർകുറ്റി പദ്ധതി

206 (4575) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ജനങ്ങൾ അനുഭവിക്കുന്ന രൂക്ഷമായ ജലക്ഷാമത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി വിഭാവനം ചെയ്യുന്ന കാരപ്പാറ-കുരിയാർകുറ്റി പദ്ധതിക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

കുരിയാർകുറ്റി- കാരപ്പാറ (SAKKIP) പദ്ധതിക്കായുള്ള പ്രാരംഭ സ്ഥല പരിശോധന, സാധ്യതാപഠനം എന്നിവ പാലക്കാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സംയുക്ത ജലക്രമീകരണവിഭാഗം തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്കായുള്ള DPR തയ്യാറാക്കുന്നതിനുള്ള താല്പര്യപത്രം (Expression of Interest) ക്ഷണിക്കുകയും ആയത് നിജപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

## പിറവം മണ്ഡലത്തിലെ ജലവിതരണ പൈപ്പുകൾ മാറ്റുന്നതിന് നടപടികൾ

207 (4576) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ കാലപ്പഴക്കം ചെന്നതും ഉപയോഗശൂന്യമായതും നിരന്തരം തകരുന്നതുമായ ജലവിതരണ പൈപ്പുകൾ എത്ര കിലോമീറ്റർ ദൂരത്തിലുണ്ട് എന്ന വിവരം സെക്ഷൻ അടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) ഇപ്രകാരമുള്ള പൈപ്പുകൾ മുൻഗണന ക്രമത്തിൽ മാറ്റുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പിറവം നിയോജകമണ്ഡലത്തിൽ കാലപ്പഴക്കം ചെന്നതും ഉപയോഗശൂന്യമായതും നിരന്തരം പൊട്ടുന്നതുമായ ജലവിതരണ പൈപ്പുകളുടെ നീളം സെക്ഷൻ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| സെക്ഷൻ | എ.സി. പൈപ്പുകൾ (കിലോമീറ്റർ) | ജി. ഐ. പൈപ്പുകൾ (കിലോമീറ്റർ) |
|---|---|---|
| പിറവം | 33.50 | 15.30 |
| മുളന്തുരുത്തി | 21.10 | 8.40 |
| ഇലഞ്ഞി | 9.65 | 12.30 |
| **ആകെ** | 64.25 | 36 |

പൈപ്പുകൾ മാറ്റുന്ന പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഉണ്ട്; കാലപ്പഴക്കംചെന്ന കേടായ എ.സി. പൈപ്പുകൾ മാറ്റുന്നതിനാണ് മുൻഗണന നൽകിയിട്ടുള്ളത്. പിറവം മണ്ഡലം ഉൾപ്പെടെ കേരളമൊട്ടാകെ 6652.54 ലക്ഷം രൂപയ്ക്ക് പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി 2019-20 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കിഫ്ബി അമൃത് പദ്ധതിയിൽപ്പെടുത്തിയും കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റുന്ന പണികൾ നടന്നുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്വകാര്യ ടാങ്കറുകളിൽ വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം

208 (4577) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ടാങ്കറുകളിൽ വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ നടപടി സ്വീകരിച്ചു വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) കേരള ജല അതോറിറ്റി സ്വകാര്യ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് അതോറിറ്റിയുടെ ഗുണനിലവാരം പരിശോധനാ സംവിധാനം നിലവിലുണ്ട്. മറ്റു സ്രോതസ്സുകളിൽനിന്ന് സ്വകാര്യ ടാങ്കറുകളിൽ വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്ന ചുമതല നിലവിൽ ജല അതോറിറ്റിയിൽ നിക്ഷിപ്തമല്ല.

(ബി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം IS10500-2012 പ്രകാരം ഉറപ്പുവരുത്തുന്നതിന് എല്ലാ ജില്ലകളിലും ജല അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ജില്ലാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ കുടിവെള്ള പദ്ധതികൾ നിശ്ചിത ഇടവേളകളിൽ സന്ദർശിച്ച് സാമ്പിളുകൾ ശേഖരിച്ചു ജില്ലാ ലാബുകളിൽ അവ പരിശോധിക്കുകയും ആവശ്യമായ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു.

(സി) പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേരള ജല അതോറിറ്റിയുടെ ജില്ലാ ലാബുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി NABL അംഗീകാരം നേടിയെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**കുടിവെള്ള പദ്ധതികൾ**

209 (4578) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. വി.കെ.പ്രശാന്ത്:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ് ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കുടിവെള്ള മേഖലയിൽ ഇതുവരെ കിഫ്ബിയിൽ നിന്നും എത്ര പദ്ധതികൾക്ക് അനുമതി ലഭ്യമായിട്ടുണ്ട്;

(സി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പ്രകാരം ഗ്രാമപ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതികൾ പ്രകാരം എത്ര അളവ് വെള്ളം അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും എത്ര വാട്ടർ കണക്ഷനുകൾ പുതുതായി നൽകിയിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ് ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) കുടിവെള്ള മേഖലയിൽ കിഫ്ബിയിൽനിന്നും ഇതുവരെ 59 വൻകിട കുടിവെള്ള പദ്ധതികൾക്ക് 3968.913 കോടി രൂപയുടെയും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) പ്രവൃത്തികൾക്ക് 382.64 കോടി രൂപയുടെയും കിഫ്ബി ധനസഹായ അനുമതി ലഭ്യമായിട്ടുണ്ട്.

(സി) ഗ്രാമീണ മേഖലയിൽ കുടിവെള്ള ലഭ്യത കുറഞ്ഞ പ്രദേശങ്ങൾക്കും കുടിവെള്ള ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങൾക്കും മുൻഗണന നൽകിയാണ് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഗ്രാമീണ മേഖലയിൽ ജലശുദ്ധീകരണശാലകൾ ഉൾപ്പെടെയുള്ള ഉൽപ്പാദന ഘടകങ്ങൾ സ്ഥാപിക്കൽ, ശുദ്ധജല ലഭ്യതയുള്ള പ്രദേശങ്ങളിൽ ആവശ്യമായ ജലസംഭരണ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, വിതരണ ശൃംഖലയില്ലാത്ത പ്രദേശങ്ങളിൽ വിതരണ ശൃംഖല സ്ഥാപിക്കൽ മുതലായ പ്രവൃത്തികളാണ് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. 2024-ഓടുകൂടി രാജ്യത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി ജൽജീവൻ മിഷൻ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പരിഷ്കരിച്ചാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിലായി 416 ദശലക്ഷം ലിറ്ററോളം കുടിവെള്ളം അധികമായി ഉൽപ്പാദിപ്പിക്കുകയും 606880 പുതിയ വാട്ടർ കണക്ഷനുകൾ നല്കുകയും ചെയ്തിട്ടുണ്ട്. ആകെ 2539959 കുടിവെള്ള കണക്ഷനുകൾ നിലവിൽ കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്.

**വെള്ളക്കരം**

210 (4579) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണയാണ് വെള്ളക്കരം വർദ്ധിപ്പിച്ചത്; വിശദാംശം നൽകുമോ;

(ബി) കുടിവെള്ളചാർജിന്റെ ഗാർഹിക നിരക്ക് കണക്കാക്കുന്നതിന് നിലവിൽ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത നിരക്ക് സംബന്ധിച്ച് പൊതുജനങ്ങളെ അറിയിക്കുന്നതിനായി വകുപ്പുതലത്തിൽ സ്വീകരിച്ചിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളക്കരം വർദ്ധിപ്പിച്ചിട്ടില്ല.

(ബി) ഒരു വ്യക്തിക്ക് പ്രതിദിനം 100 മുതൽ 135 ലിറ്റർ വരെ ജലം ആവശ്യമുണ്ടെന്ന് കണക്കാക്കി 4 പേരുള്ള ഒരു കുടുംബത്തിന് 15000 ലിറ്റർ

ശരാശരി പ്രതിമാസ ഉപഭോഗം ഉണ്ടാകുമെന്ന അടിസ്ഥാനത്തിലാണ് കേരള ജല അതോറിറ്റി ഗാർഹിക ഉപഭോക്താക്കളുടെ വെള്ളക്കരം കണക്കാക്കുന്നത്. പ്രതിമാസം 15000 ലിറ്ററിനും താഴെ ഉപഭോഗം വരുന്ന ഉപഭോക്താക്കൾക്ക് നാമമാത്രമായ വെള്ളക്കരവും ഉയർന്ന ഉപഭോഗമുള്ളവർക്ക് ആനുപാതികമായ ഉയർന്ന നിരക്കും ഈടാക്കി വരുന്നു.

(സി) നിരക്കുകൾ സംബന്ധിച്ച വിവരം ഗസറ്റ് വിജ്ഞാപനം ചെയ്തും നിരക്കുകളുടെ ചാർട്ട് വെള്ളക്കരം സ്വീകരിക്കുന്ന ഓഫീസിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചും ദൃശ്യ-ശ്രവ്യ പത്രമാധ്യമങ്ങളിലൂടെയും ഔദ്യോഗിക വെബ്സൈറ്റിലൂടെയും പൊതുജനങ്ങളെ അറിയിക്കാറുണ്ട്.

**കുപ്പിവെള്ള പദ്ധതി**

211 (4580) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൻപത്തിയൊന്ന്ശതമാനം സർക്കാർ വിഹിതവും നാൽപ്പത്തിയൊൻപത് ശതമാനം സ്വകാര്യ പങ്കാളിത്തത്തോടെയുമുള്ള ഇറിഗേഷൻ വകുപ്പിന്റെ കുപ്പിവെള്ള പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ബി) തൊണ്ണൂറ്റി ഒൻപത് ശതമാനം ജോലികൾ പൂർത്തിയായെങ്കിലും പദ്ധതി യാഥാർത്ഥ്യമാകാതെ വഴിമുട്ടി നിൽക്കുന്നതിന്റെ സാഹചര്യം വ്യക്തമാക്കുമോ;

(സി) വിപണി നിരക്കിനേക്കാൾ കുറഞ്ഞ വിലയിലും ഗുണമേന്മയിലും കുപ്പിവെള്ളമെത്തിക്കുന്ന വാട്ടർ അതോറിറ്റിയുടെ പ്രസ്തുത പദ്ധതി ഈ രംഗത്ത് വൻ ലാഭം കൊയ്യുന്ന സ്വകാര്യ കമ്പനികൾക്ക് തിരിച്ചടിയാകുമെന്ന് കരുതുന്നുണ്ടോ;

(ഡി) ഈ രംഗത്തെ സ്വകാര്യ കമ്പനികൾ നടത്തുന്ന ചരടുവലികളാണ് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമാകുന്നതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉത്തരം

(എ) സർക്കാരിന്റെ കീഴിൽ KIIDC-യുടെ ഉടമസ്ഥതയിൽ 4 വർഷം മുമ്പ് തൊടുപുഴയിൽ പ്രവർത്തനമാരംഭിച്ച കുപ്പിവെള്ള ഫാക്ടറി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ അരുവിക്കരയിൽ സ്ഥാപിക്കുന്ന കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള പ്ലാന്റിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സിൽനിന്ന് അംഗീകാരം കിട്ടുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ അപേക്ഷയെ തുടർന്ന് 2019 മെയ് മാസം ബി.ഐ.എസ്. ഉദ്യോഗസ്ഥർ പ്ലാന്റ് സന്ദർശിച്ച് വെള്ളത്തിന്റെയും കുപ്പികളുടെയും സാമ്പിളുകൾ പരിശോധനയ്ക്കായി കൊണ്ടുപോയിരുന്നു. ബി.ഐ.എസ്. പരാമർശിച്ച ചില ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനും അതിനുശേഷമുള്ള ഉൽപ്പാദനവും വിപണനവും അടക്കമുള്ള നടത്തിപ്പ് കൈകാര്യം ചെയ്യുന്നതിന് കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലും ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ KIIDC-യെ ഏൽപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) കരുതുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കുടിവെള്ള കണക്ഷൻ വിച്ഛേദിക്കാതിരിക്കാൻ നടപടി

212 (4581) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്കരം അടയ്ക്കാത്ത ഉപഭോക്താക്കളുടെ വാട്ടർ കണക്ഷൻ വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കുടിശികയാകുന്ന തുക ഉപഭോക്താക്കളിൽ നിന്ന് തവണകളായി പിരിക്കുന്നതിനും അദാലത്തുകളിലൂടെ കുടിശിക സെറ്റിൽ ചെയ്യുന്നതിനും പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(സി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം, ആലപ്പാട്ട് പ്രദേശങ്ങളിൽ വെള്ളക്കരം അടയ്ക്കാത്തതിന്റെ പേരിൽ കുടിവെള്ള കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) കുടിവെള്ളം വിച്ഛേദിക്കാതെ വാട്ടർ ചാർജ് പിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ ഓഫീസുകളുമായി ബന്ധപ്പെട്ട് ചേരുന്ന റവന്യൂ അവലോകന യോഗത്തിൽ വേണ്ട തീരുമാനങ്ങളും നിർദ്ദേശങ്ങളും നൽകാറുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കൊല്ലം സർക്കിളിൽനിന്നും ഇപ്രകാരം നൽകിയ നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കേരള വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസ് തലം മുതൽ ഉപഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ച് ആവശ്യമെങ്കിൽ തവണ അനുവദിച്ച് നൽകാറുണ്ട്. കൂടാതെ അദാലത്തുകൾ നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരാതികൾ പരിശോധിച്ച് നിയമാനുസൃതം ഇളവ് വരുത്തുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്; കുലശേഖരപുരം പഞ്ചായത്തിൽ 20-ഉം ആലപ്പാട് പഞ്ചായത്തിൽ 9-ഉം കണക്ഷനുകൾ വെള്ളക്കരം അടയ്ക്കാത്തതിന്റെ പേരിൽ വിച്ഛേദിച്ചിട്ടുണ്ട്.

(ഡി) ഉപഭോക്താക്കൾക്ക് കൃത്യമായി ബിൽ നൽകിയും വെള്ളക്കരം കൂടുതലുള്ള ഉപഭോക്താക്കൾക്ക് തവണകൾ അനുവദിച്ചും കണക്ഷൻ വിച്ഛേദിക്കാതെ തന്നെ കുടിശ്ശിക പിരിച്ചെടുക്കാൻ കേരള വാട്ടർ അതോറിറ്റി പരമാവധി ശ്രമിക്കുന്നുണ്ട്.

**കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ**

213 (4582) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കഴിഞ്ഞ കുറെ വർഷങ്ങളായി വേനൽക്കാലത്ത് കടുത്ത വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്ന പശ്ചാത്തലത്തിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) തീരപ്രദേശത്ത് മഴക്കാലത്ത് ഉൾപ്പെടെ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിന് ഭാവിയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

ഉത്തരം

(എ) ആവർത്തിച്ചുണ്ടാകുന്ന ജലദൗർലഭ്യം കണക്കിലെടുത്ത് ലഭ്യമായ ജലം വേണ്ട രീതിയിൽ സംഭരിക്കുവാൻ ആവശ്യമായ മുൻകരുതലുകളെടുക്കുവാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റുന്നതിനും, ആവശ്യമുള്ളപക്ഷം പൈപ്പുലൈനുകൾ നീട്ടിയും

വരൾച്ചാ ദുരിതാശ്വാസ നിധി ഉൾപ്പെടെ വിവിധ പദ്ധതികൾ നടപ്പിലാക്കിയും വിതരണ ശൃംഖലയിൽ ഉണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിച്ചും പമ്പിംഗ് സമയം വർദ്ധിപ്പിച്ചും പമ്പ് ഹൗസുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ചും കിണർ, ഗ്യാലറി, ലീഡിങ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും യഥാസമയം നീക്കം ചെയ്തും ജലചൂഷണം, ജലദുരുപയോഗം എന്നിവ തടയുന്നതിനുവേണ്ട ബോധവത്കരണം നടത്തിയും ആവശ്യമുള്ള സ്ഥലങ്ങളിൽ താത്കാലിക തടയണകൾ നിർമ്മിച്ചും കേരള ജല അതോറിറ്റി കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്.

(ബി) തീരപ്രദേശത്ത് മഴക്കാലത്തുൾപ്പെടെ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. കാലപ്പഴക്കം ചെന്ന CI, GI, AC പൈപ്പുകൾ മാറ്റി സ്ഥാപിച്ചും ആവശ്യമായ മർദ്ദം ഇല്ലാത്ത സ്ഥലങ്ങളിൽ കാര്യക്ഷമത പമ്പ്/മോട്ടോറുകൾ സ്ഥാപിച്ച് ടാങ്കുകളിൽ ജലത്തിന്റെ അളവ് വർദ്ധിപ്പിച്ചും സ്രോതസ്സിൽ ജലലഭ്യത കുറവായ സ്ഥലങ്ങളിൽ മറ്റു സ്കീമുകളിൽനിന്ന് സാങ്കേതിക അനുമതിക്കനുസരിച്ച് ഇന്റർകണക്ഷൻ വർക്കുകൾ ചെയ്തും പമ്പിംഗ് സമയവും വാൽവ് ക്രമീകരണങ്ങളും നടത്തി ആവശ്യമുള്ള മർദ്ദത്തിൽ ജലം എത്തിച്ചും തീരപ്രദേശത്ത് കാര്യക്ഷമമായി കുടിവെള്ള വിതരണം നടത്തി വരുന്നു. ഇതുകൂടാതെ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ചും അമൃത്, കിഫ്ബി, സ്റ്റേറ്റ് പ്ലാൻ, മത്സ്യ ഗ്രാമപദ്ധതി തുടങ്ങിയവയിൽ ഉൾപ്പെടുത്തിയും തീരപ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി വിവിധ പദ്ധതികൾ പൂർത്തീകരിക്കുകയും നടപ്പിലാക്കി വരികയും ചെയ്യുന്നു.

(സി) ജല വിതരണ രംഗത്തെ പുനരുദ്ധരിക്കുക, വിപുലീകരിക്കുക, പുനർനിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ കേരള വാട്ടർ അതോറിറ്റി 25,832 കോടി രൂപയുടെ 189 പ്രൊപ്പോസലുകൾ ഉൾപ്പെട്ട ഒരു പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ജല വിതരണ രംഗത്തെ പുനരുദ്ധാരണത്തിനും നവീകരണത്തിനും വിപുലീകരണത്തിനുമായി നഗര മേഖലയിലായി 2769 കോടി രൂപയുടെ 36 പ്രൊപ്പോസലുകളും ഗ്രാമീണ മേഖലയിൽ 9958 കോടി രൂപയുടെ 144 പ്രൊപ്പോസലുകളുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ ഉത്പാദന ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയായതും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതും വിതരണ ശൃംഖല ഇല്ലാത്തതുമായ 128 പദ്ധതികൾക്ക് മുഖ്യ പ്രാധാന്യം നൽകി വിതരണ ശൃംഖല സ്ഥാപിച്ച് നിലവിലുള്ള ശുദ്ധീകരണശാലകളിൽനിന്നും

ജനങ്ങൾക്ക് ജലമെത്തിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേയ്ക്കായി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്കായി ഏകദേശം 11,340 കോടി രൂപ ആവശ്യമാണ്. ഇത് RKI (റീ ബിൽഡ് കേരള ഇൻഷ്യേറ്റീവ്), കിഫ്ബി, സ്റ്റേറ്റ് പ്ലാൻ, എൻ.ആർ.ഡി.ഡബ്ല്യൂ.പി., നബാർഡ് മുതലായവയുടെ ധനസഹായത്തോടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത 128 പദ്ധതികൾ നടപ്പാക്കുന്നതുവഴി നിലവിൽ ജനങ്ങൾക്ക് പൈപ്പ് മുഖേന കുടിവെള്ളം വിതരണം ചെയ്യുന്നത് ഏകദേശം 50 ശതമാനത്തിൽനിന്നും 75 ശതമാനമായി ഉയർത്താൻ കഴിയുന്നതാണ്.

ഇതുകൂടാതെ ജല ജീവൻ മിഷൻ എന്ന പേരിൽ രാജ്യത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും 2024 -ഓടുകൂടി പ്രവർത്തനക്ഷമമായ ഗാർഹിക കുടിവെള്ള കണക്ഷനുകൾ പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന കണക്കിൽ ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയുടെ മാർഗ്ഗരേഖ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതോടെ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ പുനരവലോകനം

214 (4583) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം- ആളിയാർ നദീജലക്കരാർ പുനരവലോകനം ചെയ്യുവാൻ വേണ്ടി കേരള-തമിഴ്നാട് മുഖ്യമന്ത്രിമാർ നടത്തിയ സംയുക്ത യോഗത്തിൽ അന്തർസംസ്ഥാന നദീജലവിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് രൂപീകരിക്കുന്ന ഉദ്യോഗസ്ഥ സമിതിയിൽ പരിഗണിക്കുന്ന വിഷയങ്ങൾ മുഖ്യമന്ത്രിമാരുടെ ചർച്ചയിൽ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കേരള സർക്കാർ ഉദ്യോഗസ്ഥ സമിതിയിലേയ്ക്ക് നിശ്ചയിച്ചിരിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ; സർക്കാർ വിശദമായി ചർച്ച ചെയ്തശേഷം വിഷയങ്ങൾ തീരുമാനിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. അന്തർ സംസ്ഥാന നദീജല വിഷയങ്ങളുമായി ബന്ധപ്പെട്ട് കേരളവും തമിഴ്നാട്ടും തമ്മിൽ 25-09-2019-ൽ തിരുവനന്തപുരത്ത് നടന്ന മുഖ്യമന്ത്രിതല ചർച്ചയിലെ, തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ പറമ്പിക്കുളം ആളിയാർ കരാർ പുനരവലോകനം ചെയ്യുന്നതിനായി ഇരു സംസ്ഥാനങ്ങളിലേയും വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സാങ്കേതിക അംഗങ്ങൾ ഉൾപ്പെടെ, ഓരോ സംസ്ഥാനത്തിലേയും അഞ്ച് അംഗങ്ങൾ വീതമുള്ള ഒരു പത്തംഗ കമ്മിറ്റി രൂപീകരിക്കാനും പ്രസ്തുത കമ്മിറ്റി താഴെപ്പറയുന്ന കാര്യങ്ങൾകൂടി പരിഗണിക്കുന്നതാണെന്നും തീരുമാനിക്കുകയുണ്ടായി.

i. ആനമലയാർ വഴി 2.5 ടി.എം.സി വെള്ളം നൽകണമെന്ന തമിഴ്നാടിന്റെ ആവശ്യം;

ii. പറമ്പിക്കുളം-ആളിയാർ വ്യൂഹത്തിലെ നീരാർ-നല്ലാർ ഡൈവേർഷൻ;

iii. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട വെള്ളം ലഭിക്കാത്തത് സംബന്ധിച്ച കാര്യങ്ങൾ

ഇതിനുപുറമെ ചാലിയാർ പുഴയുടെ രണ്ട് കൈവഴികൾ ഉൾപ്പെടുന്ന പാണ്ടിയാർ-പുന്നപ്പുഴ പ്രൊപ്പോസലിനെക്കുറിച്ച് പഠിക്കുന്നതിന് കേരളത്തിന്റെ KSEBL, തമിഴ്നാടിന്റെ TANGEDCO എന്നിവയിൽ നിന്നുള്ള വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു പ്രത്യേക അഞ്ചംഗ കമ്മിറ്റി രൂപീകരിക്കാനും തീരുമാനിക്കുകയുണ്ടായി.

(സി) ജലവിഭവ വകുപ്പ് സെക്രട്ടറി ഡോ. ബി. അശോക്, ഐ.എ.എസ്, ജലസേചന വകുപ്പിലെ ഐ.എസ്.ഡബ്ല്യൂ. വിഭാഗം ചീഫ് എഞ്ചിനീയർ ശ്രീ. കെ.എച്ച്. ഷംസുദ്ദീൻ, ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ ശ്രീ. കെ. എ. ജോഷി, ജെ.ഡബ്ല്യൂ.ആർ. ഡിവിഷൻ ജോയിന്റ് ഡയറക്ടർ ശ്രീ. സുധീർ പി., ജലസേചന വകുപ്പിലെ മുൻ ചീഫ് എഞ്ചിനീയർ ശ്രീ. വി. കെ. മഹാനുദേവൻ എന്നിവരെയാണ് പ്രസ്തുത സമിതിയിലേയ്ക്ക് കേരളത്തിന്റെ ഭാഗത്തുനിന്നും നാമനിർദ്ദേശം ചെയ്തിട്ടുള്ളത്. തമിഴ്നാടുമായി വിശദമായ ചർച്ച ചെയ്തതിനുശേഷമാണ് പരിഗണനാ വിഷയങ്ങൾ തീരുമാനിച്ചത്. കൂടുതൽ വിഷയങ്ങൾ ഇതിൽ ഉൾക്കൊള്ളിക്കണമെന്ന് കരുതുന്നപക്ഷം ഇതുസംബന്ധിച്ച് രൂപീകരിക്കുന്ന സംയുക്ത കമ്മിറ്റിക്ക് ആയത് പരിശോധിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

## തണ്ണീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ

215 (4584) ശ്രീ. എം. ഉമ്മർ:
ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തണ്ണീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി പൊതുകുളങ്ങളെ സംബന്ധിച്ച സ്ഥിതിവിവരണ കണക്ക് ശേഖരണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സി.ഡബ്ല്യൂ.ആർ.ഡി.എം. തയ്യാറാക്കിയിട്ടുള്ള മാനേജ്മെന്റ് ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തണ്ണീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ 2017 പ്രകാരം വിജ്ഞാപനം ചെയ്യപ്പെടേണ്ട 2.25 ഹെക്ടറിനു മുകളിലുള്ള തണ്ണീർത്തടങ്ങളുടെയും മുഴുവൻ തണ്ണീർത്തടങ്ങളുടെയും കരട് പട്ടിക കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററിന്റെ സഹായത്തോടെ തയ്യാറാക്കി.

2. റാംസാർ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ അംഗീകരിച്ച കർമ്മ പരിപ്രേഷ്യത്തിന്റെ ആദ്യ വർഷ പദ്ധതികൾ നടപ്പാക്കാനാരംഭിച്ചു.

3. തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായുള്ള അവബോധ പദ്ധതികളുടെ ഭാഗമായി കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള സ്ഥാപനങ്ങൾ മുഖാന്തരം അവബോധ പരിപാടികളും കാര്യപരിപാടികളും പഠനങ്ങളും നടത്തിവരുന്നു.

4. അഷ്ടമുടിക്കായൽ, ശാസ്താംകോട്ട ശുദ്ധജലതടാകം എന്നിവയുടെ റാംസാർ സൈറ്റ് ഇൻഫർമേഷൻ ഷീറ്റ് (RSIS) പരിഷ്കരിച്ച് കേന്ദ്രത്തിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

5. തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ 2017 പ്രകാരം തണ്ണീർത്തടങ്ങളിൽ നിരോധിക്കപ്പെട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച ഒരു സർക്കുലർ കേരളത്തിലെ റാംസാർ തടാകങ്ങൾക്ക് ചുറ്റുമുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്.

6. തണ്ണീർത്തടങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ കർശന നടപടികൾ കൈക്കൊള്ളുന്നതിനായി റാംസാർ തണ്ണീർത്തടങ്ങളുമായി ബന്ധപ്പെട്ട കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

7. കേന്ദ്ര സർക്കാരിന്റെ 100 ദിനപരിപാടികളുടെ ഭാഗമായി കേരളത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 4 തണ്ണീർത്തടങ്ങളായ വെള്ളയാണി, അഷ്ടമുടി, ശാസ്താംകോട്ട, വേമ്പനാട് എന്നിവയുടെ പുനരുജ്ജീവനത്തിനായി നാല് നോഡൽ ഓഫീസർമാരെ തെരഞ്ഞെടുത്ത് നാല് തണ്ണീർത്തടങ്ങളുടെയും brief document, wetland ecosystem health card എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി ഓരോ തണ്ണീർത്തടത്തിലും Wetland Mitra രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു.

8. റാംസാർ തണ്ണീർത്തടങ്ങൾ കൂടാതെ തണ്ണീർത്തടങ്ങളുടെ പുനരുജ്ജീവനത്തിനും സംരക്ഷണത്തിനുമായി 9 തണ്ണീർത്തടങ്ങളുടെ ഡി.പി.ആർ .(DPR) തയ്യാറാക്കിയിട്ടുണ്ട്.

9. മൺറോ തുരുത്തിന്റെ പുനരുജ്ജീവനത്തിനായുള്ള പല പദ്ധതികൾക്കായി സാമ്പത്തിക സഹായം അനുവദിച്ചു. ആദ്യ ഗഡുവായി 74.8 ലക്ഷം രൂപ മൺറോ തുരുത്ത് ഗ്രാമപഞ്ചായത്തിന് കൈമാറി.

10. നീർത്തടങ്ങളാണ് പ്രകൃതിദത്ത ജലസംരക്ഷണ യൂണിറ്റ്. അത് പരിഗണിച്ച് ഗ്രാമപഞ്ചായത്ത് തലത്തിൽ നീർത്തടപ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കുകയും ഇതിനകം 913 ഗ്രാമപഞ്ചായത്ത് നീർത്തടപ്ലാനുകൾ പൂർത്തിയാക്കുകയും ചെയ്തു.

11. നീർത്തടപ്ലാനിൽ റിഡ്ജ്-ടു-വാലി അടിസ്ഥാനത്തിൽ മുൻഗണനപ്പെടുത്തിയിട്ടുള്ള ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം വിവിധ ഏജൻസികൾ മുഖേന നിർവ്വഹിച്ചുവരുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി (2019-20 ഉൾപ്പെടെ) 726 കുളങ്ങളുടെ ശുചീകരണ-സംഭരണശേഷി വർദ്ധിപ്പിക്കൽ പ്രവൃത്തി ജലസേചനവകുപ്പ് മുഖേന നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

12. 21 നദികളുടെ 21 നദീഭാഗങ്ങൾ മാലിന്യമുക്തമാക്കുന്നതിനുള്ള പദ്ധതിരേഖ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ തയ്യാറാക്കിയിട്ടുണ്ട്. ഇത് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡാണ് അംഗീകരിക്കേണ്ടത്.

13. ജനപങ്കാളിത്തത്തോടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തത്തോടെയും പുഴകൾ, തണ്ണീർത്തടങ്ങൾ എന്നിവ ശുചിയാക്കുന്ന പ്രവർത്തനം ഹരിതകേരളം മിഷന്റെ ജലസമൃദ്ധി-ഉപമിഷന്റെ ഭാഗമായി ഏറ്റെടുത്ത് നിർവ്വഹിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പൊതുകുളങ്ങൾ സംബന്ധിച്ച പ്രാഥമിക വിവര ശേഖരണം ജലസേചനവകുപ്പിൻ കീഴിലെ ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ് ചീഫ് എഞ്ചിനീയർ മുഖേന ശേഖരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 41035 കുളങ്ങളാണുള്ളത്.

(സി) സി.ഡബ്ല്യു.ആർ.ഡി.എം.-ഉം വെറ്റ്ലാന്റ് ഇന്റർനാഷണൽ സൗത്ത് ഏഷ്യയും ചേർന്ന് മൂന്ന് റാംസാർ തണ്ണീർത്തടങ്ങൾക്കായി തയ്യാറാക്കിയ സമഗ്ര പരിപാലന കർമ്മ പരിപ്രേഷ്യത്തിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ പദ്ധതികളായ സംയോജിത വസ്തുതാ വിവരണം തയ്യാറാക്കൽ, തണ്ണീർത്തട നിരീക്ഷണ/വിലയിരുത്തൽ സംവിധാനം സ്ഥാപിക്കൽ, നീർമറി പ്രദേശ സംരക്ഷണ പരിപാലന കമ്മിറ്റി രൂപീകരണവും നീർമറി പ്രദേശ സംരക്ഷണ പരിപാലന പദ്ധതികൾ നടപ്പാക്കുക, കിണറുകളുടെ പുനരുദ്ധാരണം, ശുദ്ധജല മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥ വിലയിരുത്തൽ, അധിനിവേശം നടത്തുന്ന വിദേശ ജനുസുകളിലുള്ള കളസസ്യങ്ങളുടെ വ്യാപനം നിയന്ത്രിക്കൽ, പരിസ്ഥിതി സൗഹാർദ്ദ ടൂറിസം പദ്ധതികൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, കൂടുതൽ ഉപജീവന മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, മുളയുടെയും കൈതയുടെയും ഉത്പന്നങ്ങളുടെ വ്യവസായ സംരംഭങ്ങൾ, മണ്ണിര കമ്പോസ്റ്റിംഗ് എന്നിവ നടപ്പാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കേരള വാട്ടർ അതോറിറ്റി വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം

216 (4585) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള വാട്ടർ അതോറിറ്റി വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയശേഷമാണ് വിതരണം ചെയ്യുന്നത്. കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം IS 10500-2012 പ്രകാരം ഉറപ്പുവരുത്തുന്നതിന് എല്ലാ ജില്ലകളിലും ജല അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ജില്ലാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ കുടിവെള്ള പദ്ധതികൾ നിശ്ചിത ഇടവേളകളിൽ സന്ദർശിച്ച് സാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകളിൽ അവ പരിശോധിക്കുകയും ആവശ്യമായ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു.

## കേരള വാട്ടർ അതോറിറ്റിയുടെ ശാക്തീകരണം

217 (4586) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി.-ക്ക് നല്കുന്ന തുക കുറയ്ക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകാത്ത സാഹചര്യത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജടക്കം ഉണ്ടായ വർദ്ധനവ് കണക്കിലെടുത്ത് കേരളാ വാട്ടർ അതോറിറ്റിയുടെ നോൺ പ്ലാൻ ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകേണ്ട നോൺപ്ലാൻ ഗ്രാന്റ് കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ ആയത് നൽകുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കെ.എസ്.ഇ.ബി. മാതൃകയിൽ സബ് സെക്ഷൻ രൂപീകരിക്കുന്നതിനും ഇലക്ട്രിക്കൽ വിംഗ് രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി ചാർജ്ജ് ഇനത്തിൽ പവർ ഫാക്ടർ പെനാൽറ്റി ഒഴിവാക്കുന്നതിനായി അനുയോജ്യമായ പവർ കപ്പാസിറ്ററുകൾ പമ്പുഹൗസുകളിൽ സ്ഥാപിക്കുന്നതിനായി ബന്ധപ്പെട്ട കാര്യാലയങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 24 മണിക്കൂർ പമ്പിംഗ് ഇല്ലാത്ത പമ്പ് ഹൗസുകളിൽ ഓഫ് പീക്ക് സമയങ്ങളിൽ (10Pm-6am) കൂടുതൽ പമ്പ് ചെയ്യുവാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഉണ്ടാകുന്ന ചെലവ് ചുരുക്കുന്നതിനും പുനരുപയോഗിക്കാവുന്ന ഊർജ്ജസ്രോതസ്സ് ഉപയോഗിക്കുകയെന്ന ലക്ഷ്യത്തോടെയും സൗരോർജ്ജം പരമാവധി പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയും കേരള വാട്ടർ അതോറിറ്റിയുടെ സ്ഥലങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ബി) ഇലക്ട്രിസിറ്റി ചാർജ്ജും പെൻഷൻ റിവിഷൻ കുടിശ്ശികയും അറ്റകുറ്റപ്പണികളുടെ ബില്ലുകളും കൊടുത്തുതീർക്കാൻ വേണ്ടി 478.88 കോടി രൂപയ്ക്ക് നോൺ പ്ലാൻ ഗ്രാന്റിനുള്ള ഉപധനാഭ്യർത്ഥന (SDG) സക്കാരിന്റെ പരിഗണനയിലാണ്.

(സി) സാധാരണ ഒരു വർഷത്തെ നോൺപ്ലാൻ ഗ്രാന്റ് 10 ഗഡുക്കളായാണ് സർക്കാർ വാട്ടർ അതോറിറ്റിക്ക് നൽകുന്നത്. 2019-20 സാമ്പത്തിക വർഷം ഇതുവരെ 6 ഗഡുക്കളിലായി 214.03 കോടി രൂപ നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ വിടുതൽ അഭ്യർത്ഥിച്ചപ്പോൾ സർക്കാർ 153.10 കോടി രൂപ നൽകി. ഇനി നൽകുവാനുള്ള 60.93 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് സെക്ഷൻ ഓഫീസുകൾ ശാക്തീകരിക്കുന്നതിനും ഇലക്ട്രിക്കൽ വിംഗ് രൂപീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മലമ്പുഴ ഡാമിൽനിന്നുള്ള ശുദ്ധജല ഗുണനിലവാരം

218 (4587) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായ മഴ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ മലമ്പുഴ ഡാമിൽ നിന്നും കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ശുദ്ധജലത്തിൽ ചെളിയും മാലിന്യങ്ങളും ഉണ്ടാവുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മഴക്കാലത്ത് വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ വേണ്ടി പ്രത്യേക മുൻകരുതലുകൾ സ്വീകരിക്കുവാൻ തയ്യാറാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മലമ്പുഴ ജല ശുദ്ധീകരണശാലയോടനുബന്ധിച്ചുള്ള പരിശോധനാ ലാബിലും ജില്ലാ ഗുണനിലവാര പരിശോധനാകേന്ദ്രത്തിലും ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനങ്ങളുണ്ട്. നിശ്ചിത ഇടവേളകളിൽ ശേഖരിക്കുന്ന സാമ്പിളുകൾ ഇവിടെ പരിശോധിക്കുകയും പരിശോധനയുടെ അടിസ്ഥാനത്തിൽ ഗുണനിലവാരം ഉറപ്പുവരുത്താൻ വേണ്ട മുൻകരുതലുകൾ ശുദ്ധീകരണ ശാലയിൽ എടുക്കുകയും ചെയ്യുന്നു. മഴക്കാലത്ത് ഇത്തരം പരിശോധനകളുടെ ആവൃത്തി കൂട്ടി പരിശോധനയും തുടർനടപടികളും കൂടുതൽ കാര്യക്ഷമമാക്കാറുണ്ട്. ഇതിനുപുറമെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് ഫ്ലഡ് 2019-ൽ ഉൾപ്പെടുത്തി മലമ്പുഴ ജല ശുദ്ധീകരണശാലയിൽ 12.5 എം.എൽ.ഡി. പ്ലാന്റിലും പുതുശ്ശേരിയിൽ 3.5 എം.എൽ.ഡി. പ്ലാന്റിലും പഴയ ഫിൽറ്റർ ബെഡ് മാറ്റി ആധുനിക സാങ്കേതിക വിദ്യയായ ആന്ത്രാസൈറ്റ് ഉപയോഗിച്ച് ഫിൽറ്റർ മീഡിയ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

## ഗാർഹിക കുടിവെള്ള കണക്ഷൻകാർക്ക് ഓൺലൈൻ പേമെന്റ്

219 (4588) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗാർഹിക കുടിവെള്ള കണക്ഷൻകാർക്ക് അവരുടെ വെള്ളക്കരം ഓൺലൈൻ പേമെന്റായി നടത്താൻ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(ബി) ഓൺലൈൻ പേമെന്റ് സംവിധാനം സെർവർ പ്രശ്നങ്ങളാൽ പലപ്പോഴും ഫലപ്രദമാകാത്തതിനാൽ പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് വൈദ്യുതി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള തരത്തിലുള്ള സംവിധാനമൊരുക്കാൻ നിലവിൽ എന്തു തടസ്സമാണുള്ളത്; വിശദമാക്കുമോ;

(സി) ഈ സേവനം പ്രയോജനപ്പെടുത്തുന്നവർക്ക് കൂടുതൽ സൗജന്യങ്ങൾ അനുവദിക്കുന്നതിനു പകരം സർവ്വീസ് ചാർജ്ജിനത്തിൽ കൂടുതൽ തുക ഈടാക്കുന്നതു വഴി ഓൺലൈൻ പേമെന്റ് സംവിധാനത്തെ നിരുത്സാഹപ്പെടുത്തുന്ന നടപടി പുനഃപരിശോധിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഗാർഹിക കുടിവെള്ള കണക്ഷൻകാർക്ക് അവരുടെ വെള്ളക്കരം ഓൺലൈൻ പേമെന്റായി നടത്താൻ കേരള വാട്ടർ അതോറിറ്റി ക്വിക്ക് പേ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) തടസ്സങ്ങളൊന്നുമില്ല.

(സി) സർവ്വീസ് ചാർജ്ജ് ഈടാക്കാതെയുള്ള പേമെന്റ് സംവിധാനങ്ങൾ ഏർപ്പെടുത്താൻ വേണ്ടിയുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

## അങ്കമാലി, ഇറവൂർ, മഞ്ഞപ്ര, മലയാറ്റൂർ-അയ്യമ്പുഴ എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമം

220(4589) <u>ശ്രീ. ജോൺ ഫെർണാണ്ടസ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 22-3-2018-ന് ജലവിഭവ വകുപ്പ് ഭരണാനുമതിയും 12-11-2018-ന് കിഫ്ബിയുടെ അംഗീകാരവും ലഭിച്ച അങ്കമാലി മുനിസിപാലിറ്റി, ഇറവൂർ, മഞ്ഞപ്ര തുടങ്ങിയ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാനായി ആവിഷ്കരിച്ച 73.35 കോടിയുടെയും മലയാറ്റൂർ, അയ്യംമ്പുഴ പഞ്ചായത്തുകൾക്കായി ആവിഷ്കരിച്ച 42.58 കോടിയുടെയും പദ്ധതികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ഭരണാനുമതിയും കിഫ്ബിയുടെ അംഗീകാരവും ലഭിച്ചിട്ടും പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) മലയാറ്റൂർ-അയ്യംമ്പുഴ പഞ്ചായത്തുകളിലെ പദ്ധതി നടപ്പിലാക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത അപേക്ഷയിൽ അനുമതി ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ഇ) മലയോര പഞ്ചായത്തുകളായ അയ്യംമ്പുഴ, മലയാറ്റൂർ തുടങ്ങിയ പ്രദേശങ്ങളിൽ നേരിടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം കണക്കിലെടുത്ത് പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(എഫ്) അയ്യംമ്പുഴ പഞ്ചായത്തിന്റെ അധിനതയിലുള്ള 10 സെന്റ് സ്ഥലം വാട്ടർ അതോറിറ്റിക്ക് കൈമാറി കിട്ടിയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അങ്കമാലി മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകളായ മഞ്ഞപ്ര, തുറവൂർ പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി ഭാഗം 1 ആയ പദ്ധതിക്ക് 73.35 കോടി രൂപ അനുവദിച്ചിട്ടുള്ളതും അയ്യമ്പുഴ, മലയാറ്റൂർ നീലേശ്വരം എന്നീ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതി ഭാഗം II ആയ പദ്ധതിക്ക് 42.58 കോടി രൂപ അനുവദിച്ചിട്ടുള്ളതുമാണ്. ഈ പദ്ധതി 2 പാക്കേജുകളായിട്ടാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. പാക്കേജ് 1-ൽ അങ്കമാലി മുനിസിപ്പാലിറ്റിക്കും തുറവൂർ, മഞ്ഞപ്ര പഞ്ചായത്തുകൾക്കുമായി വെൽ കം പമ്പ് ഹൗസ്, റോ വാട്ടർ പമ്പിംഗ് മെയിൻ, 17 എം.എൽ.ഡി. ട്രീറ്റ്മെന്റ് പ്ലാന്റ്, ഉന്നതതല ജല സംഭരണികൾ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, റോ വാട്ടർ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നീ ഘടകങ്ങളും പാക്കേജ് 2-ൽ മലയാറ്റൂർ, അയ്യമ്പുഴ പഞ്ചായത്തുകൾക്കായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, റോ വാട്ടർ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ, ജല സംഭരണികൾ എന്നിവ ഉൾപ്പെടുത്തിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ടി പദ്ധതിക്ക് സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ജോലി പുരോഗമിച്ചുവരുന്നു. പദ്ധതിക്കാവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുന്ന ജലസംഭരണികൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകാത്തതിനാലും പദ്ധതിയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി പി.ഡബ്ല്യു.ഡി., വനം എന്നീ വകുപ്പുകളിൽനിന്നും അനുമതി

ലഭിക്കാത്തതിനാലുമാണ് പദ്ധതി തുടങ്ങാൻ താമസം നേരിടുന്നത്. പദ്ധതിയുടെ ഉറവിടം സംബന്ധിച്ച് സ്ഥലം എം.എൽ.എ. (അങ്കമാലി), കാഞ്ഞൂർ മേഖല ഉൾപ്പെടുന്ന ആലുവ നിയോജക മണ്ഡലം എം.എൽ.എ എന്നിവരുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനമെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

(സി) ഉണ്ട്. മലയാറ്റൂർ-അയ്യമ്പുഴ പഞ്ചായത്തുകളിലെ പദ്ധതി നടപ്പിലാക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ട്. പദ്ധതിയുടെ പ്രധാന പൈപ്പ് ലൈനുകൾ കടന്നുപോകുന്നത് വനഭൂമിയിലെ റോഡിലൂടെ ആയതിനാൽ ഈ ആവശ്യത്തിനുവേണ്ടി വനഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. വനഭൂമിയിൽ നിർമ്മാണം നടത്തുന്നതിനുള്ള അനുമതി ലഭ്യമായെങ്കിൽ മാത്രമേ നിർമ്മാണം ആരംഭിക്കാൻ കഴിയുകയുള്ളൂ. അതിനായി 28-10-2019-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോജക്ട് ഡിവിഷൻ, പെരുമ്പാവൂർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത അനുമതിക്കുള്ള അപേക്ഷ 28-10-2019-ൽ ഓൺലൈനിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ പകർപ്പ് കളക്ടറേറ്റിലേയ്ക്കും വനം വകുപ്പ് ഓഫീസുകളിലേയ്ക്കും എത്തിച്ചിട്ടുള്ളതാണ്.

(ഇ) അയ്യമ്പുഴ, മലയാറ്റൂർ നീലേശ്വരം തുടങ്ങിയ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. സ്ഥലങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സാങ്കേതികാനുമതി നല്കി ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

പദ്ധതിയുടെ പ്രധാന പൈപ്പ് ലൈനുകൾ കടന്നുപോകുന്നത് വനഭൂമിയിലായതിനാൽ ഈ ആവശ്യത്തിനുവേണ്ടി വനഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. വനഭൂമിയിൽ നിർമ്മാണം നടത്തുന്നതിനുള്ള അനുമതി ലഭ്യമായെങ്കിൽ മാത്രമേ നിർമ്മാണം ആരംഭിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ വനഭൂമിയിൽ നിർമ്മാണം നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനായി ഇന്റർ ഡിപ്പാർട്ടുമെന്റ് തലത്തിൽ യോഗം നടത്തുന്നതാണ്.

(എഫ്) അയ്യമ്പുഴ പഞ്ചായത്തിന്റെ അധീനതയിലുള്ള 10 സെന്റ് സ്ഥലം വാട്ടർ അതോറിറ്റിക്ക് കൈമാറി കിട്ടിയിട്ടില്ല. അയ്യമ്പുഴ പഞ്ചായത്തിലെ ഉപരിതല സംഭരണിക്കായുള്ള പ്രസ്തുത സ്ഥലം റവന്യൂ അധികൃതർ പരിശോധിച്ച് സർവ്വേ നടത്തി അളന്നുതിട്ടപ്പെടുത്തി നൽകേണ്ടതാണ്. സർവേ നടപടികൾ പൂർത്തീകരിച്ചുവെങ്കിലും സ്ഥലം കൈമാറിയിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

## വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി

221 (4590) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിണർ വെള്ളത്തിന്റെ നിലവാരം ഉറപ്പാക്കാൻ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനുവേണ്ട സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

കേന്ദ്രാവിഷ്കൃത പദ്ധതിയായ NRDWP-യിൽ ഉൾപ്പെടുത്തി ഗ്രാമീണ ജനത കുടിവെള്ളത്തിനാശ്രയിക്കുന്ന കിണറുൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽനിന്ന് സാമ്പിൾ ശേഖരിച്ച് പരിശോധിച്ച് ഗുണനിലവാരം നിരീക്ഷിക്കുന്ന സംവിധാനം നിലവിലുണ്ട്. പരിശോധനാഫലം കേന്ദ്ര സർക്കാർ വെബ് സൈറ്റിൽ (www.indiawater.gov.in) പ്രസിദ്ധീകരിക്കുന്നുണ്ട്.

## വികാസ് ഭവൻ പോലീസ് ക്വാർട്ടേഴ്സിലെ കുടിവെള്ളക്ഷാമം

222 (4591) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികാസ് ഭവൻ പോലീസ് ക്വാർട്ടേഴ്സിൽ കുടിവെള്ളം ആവശ്യത്തിന് ലഭ്യമല്ലാത്തതുമൂലം ഉളവായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇരുന്നൂറ്റി ഇരുപത്തിനാല് ക്വാർട്ടേഴ്സുകളിലായി ഏകദേശം ആയിരത്തിൽപ്പരം പേർ താമസിക്കുന്ന പ്രസ്തുത ക്വാർട്ടേഴ്സിലേയ്ക്ക് പൈപ്പ് വെള്ളം ലഭ്യമാക്കാത്തതിന്റെ കാരണം എന്താണ്; വ്യക്തമാക്കുമോ;

(സി) ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ ജോലി നോക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് പ്രാഥമികാവശ്യത്തിന് പോലും ജലം ലഭിക്കാതെ ബുദ്ധിമുട്ടുന്നത് ശാശ്വതമായി പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇതുസംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ക്വാർട്ടേഴ്സിലേയ്ക്കുള്ള വാട്ടർ കണക്ഷനിൽ ജലദൗർലഭ്യം

ഉണ്ടെന്നുള്ള പരാതി പരിശോധിച്ചതിൽനിന്നും കവടിയാർ, പേരൂർക്കട എന്നീ ഉയർന്ന ഭാഗങ്ങളിലെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി വാൽവുകൾ ക്രമീകരിച്ചത് മൂലമാണ് ക്വാർട്ടേഴ്സിൽ മുൻകാലങ്ങളിൽ ലഭിച്ച കുടിവെള്ളത്തിന്റെ അളവിൽ കുറവുവന്നിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് വാൽവ് ക്രമീകരണത്തിൽ മാറ്റം വരുത്തി നിലവിൽ പ്രതിദിനം 132 കിലോ ലിറ്ററോളം ജലം ക്വാർട്ടേഴ്സിലെ ജലസംഭരണിയിൽ ലഭ്യമാക്കുന്നുണ്ട്. ഇതനുസരിച്ച് ഒരു ക്വാർട്ടേഴ്സിന് ശരാശരി 600 ലിറ്ററോളം ജലം പ്രതിദിനം ലഭ്യമാക്കുന്നുണ്ട്.

(സി) തിരുവനന്തപുരം നഗരത്തിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമത്തിന് പരിഹാരമായി അരുവിക്കരയിൽ 75 MLD ശേഷിയുള്ള ജല ശുദ്ധീകരണശാല പണി പുരോഗമിച്ചുവരുന്നു. ടി ശുദ്ധീകരണശാല അടുത്ത വർഷം പൂർത്തിയാകുന്നതോടെ ജലക്ഷാമത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കുന്നതാണ്. എന്നാലും അടിയന്തര നടപടി എന്ന നിലയ്ക്ക് ക്വാർട്ടേഴ്സിൽ ടാങ്കർ ലോറിവഴി ശുദ്ധജലം എത്തിക്കുന്നുണ്ട്.

## മൂർക്കനാട് കുടിവെള്ള പദ്ധതി

223 (4592) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരളാ പദ്ധതിയിൽ ഉൾപ്പെടുത്തി മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സർവ്വേ നടപടികൾക്കായി തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമോയെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രാവർത്തികമാകുന്ന മുറയ്ക്ക് ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) റീ-ബിൽഡ് കേരളയുടെ ഒന്നാം ഗഡുവിൽ ഗുരുതരമായ പ്രളയം ബാധിച്ച ഏഴ് ജില്ലകളിലെ പദ്ധതികൾ മാത്രമാണ് പരിഗണിച്ചത്. ആയതിനാൽ മലപ്പുറം ജില്ലയിലെ മൂർക്കനാട് കുടിവെള്ള പദ്ധതിയെ ഉൾപ്പെടുത്തിയില്ല.

(ബി&സി) മൂർക്കനാടിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിതരണ ശൃംഖല വിപുലീകരിക്കുന്ന പ്രവൃത്തിക്ക് വേണ്ടിയുള്ള സർവ്വേ നടത്തുന്നതിനുവേണ്ടി 2019-20 സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 22.4 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സർവ്വേ നടത്തുന്നതിനുവേണ്ടിയുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കിവരുന്നു. സർവ്വേ പൂർത്തിയാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടുകൂടി മൂർക്കനാട് പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങളായ മൂർക്കനാട്, കുറുവ, കൂട്ടിലങ്ങാടി, പുഴക്കാട്ടിരി, വടക്കേക്കര, മങ്കട എന്നീ വില്ലേജുകളിലെ നിലവിലുള്ള വിതരണ ലൈനുകളിലും പുതുതായി സ്ഥാപിക്കുന്ന വിതരണ ശൃംഖലകളിലും നിലവിലുള്ള പ്രതിദിന വിതരണ തോതായ ആളോഹരി 40 ലിറ്റർ എന്നത് ആളോഹരി 100 ലിറ്റർ എന്ന തോതിൽ ജലം ലഭ്യമാകുന്നതാണ്.

## വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റിംഗ് ജീവനക്കാരുടെ ഓവർടൈം വേജസ്

224 (4593) <u>ശ്രീ. വി. ആർ. സുനിൽ കുമാർ :</u> താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അവധി ദിവസങ്ങളിലും ജോലി ചെയ്യേണ്ടിവരുന്ന കേരള വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് നൽകി വന്നിരുന്ന ഓവർടൈം വേജസ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

### <u>ഉത്തരം</u>

കേരള വാട്ടർ അതോറിറ്റിയിലെ അധിക ജോലി ചെയ്യേണ്ടിവരുന്ന ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് നൽകി വന്നിരുന്ന അധിക വേതനത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 03-11-2017-ലെ കെ.ഡബ്ല്യു.എ/ജെ.ബി/ഇ 1-9625/2013 എന്ന ഉത്തരവുപ്രകാരം ജലശുദ്ധീകരണശാലകളിൽ അധികജോലി ചെയ്യുന്ന ജീവനക്കാർക്ക് പ്രതിമാസം പരമാവധി എടുക്കാവുന്നത് 4 ഡ്യൂട്ടിയാണ് എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. ആയത് പഴയതുപോലെ പുനഃസ്ഥാപിക്കണമെന്ന അതോറിറ്റിയിലെ ചില അംഗീകൃത സംഘടനകളുടെ അഭിപ്രായങ്ങൾ കേരള വാട്ടർ അതോറിറ്റി മാനേജ്മെന്റ് പരിശോധിച്ചുവരുന്നു.

## കണ്ണൂർ ജില്ലയിലെ മുട്ടിൽകാപ്പ് റെഗുലേറ്റർ കം ബ്രിഡ്ജ്, ബാപ്പക്കൽ ബണ്ട് എന്നിവയുടെ നിർമ്മാണം

225 (4594) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മുട്ടിൽകാപ്പിൽ റെഗുലേറ്റർ -കം- ബ്രിഡ്ജ് പുനർ നിർമ്മിക്കുന്നതിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ചെറുകുന്ന് പഞ്ചായത്തിലെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായ ബാപ്പക്കൽ ബണ്ടിന്റെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽ കാപ്പ് റെഗുലേറ്റർ കം ബ്രിഡ്ജ് പുനർനിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി കരാർ ഉടമ്പടി വച്ച് സ്ഥലം കൈമാറിയിരുന്നെങ്കിലും മഴ തുടരുന്നതിനാൽ പുഴയിൽ ഒഴുക്ക് കൂടുതലായതുകൊണ്ടും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ പ്രധാനഭാഗം പുഴയിൽ നടത്തേണ്ടതായതിനാലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. കാലാവസ്ഥ അനുകൂലമായാൽ പ്രവൃത്തി ആരംഭിക്കുന്നതാണ്. കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി 4-3-2020 വരെയാണ്.

(ബി) കണ്ണൂർ ജില്ലയിലെ ചെറുകുന്ന് പഞ്ചായത്തിലെ ബാപ്പക്കൽ തോടിന് കുറുകെ പാലത്തോടുകൂടിയ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കുന്നതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ചെറുകുന്ന് പഞ്ചായത്തിലെ കൃഷി ഓഫീസറുടെ കാര്യാലയത്തിൽനിന്നും ഈ പദ്ധതി കൊണ്ട് പ്രയോജനം ലഭിക്കുന്ന കൃഷി സ്ഥലങ്ങളുടെ ആയക്കെട്ട് വിസ്തൃതി ലഭ്യമാകുന്നതനുസരിച്ച് വിശദമായ പദ്ധതിരേഖ തയ്യാറാക്കി ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## മംഗലം ഡാം കുടിവെള്ള പദ്ധതി

226 (4595) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലംഡാം കുടിവെള്ളപദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) പദ്ധതിയുടെ ഭാഗമായി ഏതെല്ലാം മേഖലകൾക്ക് അതിന്റെ ഗുണം ലഭ്യമാകുമെന്ന് പറയാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ ആലത്തൂർ, തരൂർ നിയോജകമണ്ഡലത്തിൽപ്പെട്ട വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി, കണ്ടമ്പ്ര എന്നീ ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഒന്നാം പാക്കേജിന് 17.95 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ മംഗലം ഡാം നക്ഷത്ര ബംഗ്ലാവിന് സമീപം 24.50 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണശാലയും അനുബന്ധഘടകങ്ങളും 24.50 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പുസെറ്റ്, ട്രാൻസ്ഫോർമർ, സബ്സ്റ്റേഷൻ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു. ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിന്റെ ഘടകങ്ങളായ ഫിൽട്ടർ ഹൗസ്, ക്ലാരിഫയർ (1) സമ്പ്, കെമിക്കൽ ഹൗസ് എന്നിവയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

രണ്ടാം പാക്കേജിന് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 2 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ റോ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, കൺട്രോൾ റൂം എന്നീ ഘടകങ്ങൾക്ക് സാങ്കേതികാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിച്ചെങ്കിലും കരാറുകാർ ആരും പങ്കെടുക്കാത്തതിനാൽ റദ്ദ് ചെയ്തു.

മേൽ പദ്ധതിയുടെ രണ്ടാം ഘട്ടമായി ഓരോ പഞ്ചായത്തിലേയ്ക്കുമുള്ള ജല സംഭരണികൾ, പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ, പമ്പ് സെറ്റുകൾ എന്നിവ ഉൾപ്പെടുന്നു. ആയതിന് 69.54 കോടി രൂപയ്ക്ക് കിഫ്ബി 2017-18-ൽ അംഗീകാരം ലഭിക്കുകയും സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു.

(ബി) മംഗലം ഡാം കുടിവെള്ള പദ്ധതിയുടെ ഭാഗമായി വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകൾക്ക് ഗുണം ലഭ്യമാകുന്നതാണ്.

(സി) ഒന്നാംഘട്ട പദ്ധതി 2020 ജൂൺ മാസത്തിൽ പൂർത്തീകരിക്കുന്നതും രണ്ടാം ഘട്ടം (69.54 കോടി രൂപയുടെ പ്രവൃത്തി) ജൂൺ 2021-ൽ പൂർത്തീകരിക്കുന്നതുമാണ്.

## റാന്നി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

227 (4596) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി-നാരങ്ങാനം, കോട്ടാങ്ങൽ-ആനിക്കാട്, എഴുമറ്റൂർ കുടിവെള്ള പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും എത്ര രൂപയുടെ എസ്റ്റിമേറ്റ് വീതമാണ് തയ്യാറാക്കിയിരിക്കുന്നതെന്നും പ്രസ്തുത എസ്റ്റിമേറ്റുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അംഗീകാരം ലഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും വിശദമാക്കാമോ?

### ഉത്തരം

(എ&ബി) ചെറുകോൽ, നാരങ്ങാനം, റാന്നി (ഭാഗികം) എന്നീ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ ജലശുദ്ധീകരണശാലയ്ക്കായി ബഹുമാനപ്പെട്ട എം.എൽ.എ. പുതുതായി കണ്ടെത്തി നൽകിയ ഭൂമിയിൽ സ്ഥലപരിശോധന നടത്തി സർവ്വേ നടപടികൾ പൂർത്തീകരിച്ച് ഉൽപ്പാദക ഘടകങ്ങളുടെ രൂപരേഖ തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചുവരുന്നു. വിതരണ ശൃംഖലയ്ക്കുവേണ്ടിയുള്ള സർവ്വേ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മല്ലപ്പള്ളി, ആനിക്കാട്, കോട്ടാങ്ങൽ (ഭാഗികം) ഒന്നാം ഘട്ടം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള പദ്ധതിയുടെ (798 ലക്ഷം രൂപയുടെ ഭരണാനുമതി) നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ട്രാൻസ്മിഷൻ ഘടകങ്ങൾ ഉൾപ്പെടുത്തി രണ്ടാം ഘട്ടം (2400 ലക്ഷം രൂപയുടെ ഭരണാനുമതി) നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഈ പദ്ധതിയുടെ വിതരണ ശൃംഖല മൂന്ന് ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ടി പഞ്ചായത്തിലെ സർവ്വേ നടപടികൾ അവസാനഘട്ടത്തിലാണ്.

എഴുമറ്റൂർ കുടിവെള്ള പദ്ധതിക്ക് NRDWP-യിൽ ഉൾപ്പെടുത്തി 591 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിരുന്നു. ഇതിൽ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 2.5 MLD ശേഷിയുള്ള ശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് നിരവധി തവണ ദർഘാസ് ക്ഷണിച്ചുവെങ്കിലും കരാറുകാർ ആരും പങ്കെടുക്കാത്തതിനാൽ ടി പഞ്ചായത്തുകൂടി

പുറമറ്റവും അനുബന്ധ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തുകയും പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടമായി 42.35 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഉത്പാദക ഘടകങ്ങളാണ് പ്രസ്തുത ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ശുദ്ധീകരണശാലയുടെ സ്ഥലം ഏറ്റെടുത്തതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ഒന്നാം ഗഡു വഴി 87.71 ലക്ഷം രൂപ അടച്ചിട്ടുണ്ട്. എന്നാൽ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലമുടമ ഹൈക്കോടതിയിൽ കേസ്സ് സമർപ്പിച്ചതിനാൽ സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തിയും തുടർ പ്രവർത്തനങ്ങളും ആരംഭിക്കാൻ സാധിച്ചിട്ടില്ല.

## കൊലമുള, ഇടകടത്തി, അറയാഞ്ഞിലിമൺ, കരുമ്പൻമൂഴി കുടിവെള്ള പദ്ധതികൾ

228 (4597) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ നാശനഷ്ടം നേരിട്ട കൊലമുള, ഇടകടത്തി, അറയാഞ്ഞിലിമൺ, കുരുമ്പൻ മൂഴി കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഓരോന്നിനും എത്ര രൂപയുടെ, എന്തൊക്കെ പുനരുദ്ധാരണം വേണം എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രളയം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും ഇവ പുനഃസ്ഥാപിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദമാക്കാമോ; ആരുടെ വീഴ്ച മൂലമാണ് പ്രസ്തുത പദ്ധതി പുനസ്ഥാപിക്കാൻ കഴിയാതിരുന്നത് എന്ന് അറിയിക്കാമോ;

(സി) വേനൽ വരുന്ന സാഹചര്യത്തിൽ പദ്ധതികളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി തീർത്ത് ജലവിതരണം സുഗമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ-സി) 2018-ലെ പ്രളയത്തിൽ നാശനഷ്ടം നേരിട്ടതും പുനരുദ്ധാരണം നടത്തുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കൊലമുള കുടിവെള്ള പദ്ധതി:- 2018-ലെ പ്രളയംമൂലം പദ്ധതിയുടെ ഇൻടേക്ക് പമ്പ്ഹൗസിൽ അടിഞ്ഞുകൂടിയ ചെളിയും മണലും നീക്കം ചെയ്ത് ഒരു മാസത്തിനകം പദ്ധതി പുനഃസ്ഥാപിച്ച് ജലവിതരണം സാധ്യമാക്കി. ഇതിനുവേണ്ടി 1.91 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

2. കരുമ്പൻമൂഴി കുടിവെള്ള പദ്ധതി:- പ്രളയത്തിൽ ഒഴുകിപ്പോയ പമ്പിംഗ് ലൈൻ പുനഃസ്ഥാപിക്കുന്നതിന് പ്രളയ ദുരിതാശ്വാസ ഫണ്ടിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തിക്ക് കരാറായിട്ടുണ്ട്. ഇതിനായി 25.6 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

3. ഇടകടത്തി കുടിവെള്ള പദ്ധതി:- പ്രസ്തുത കുടിവെള്ള പദ്ധതി അരയാഞ്ഞിലിമൺ പദ്ധതിയുടെ ഭാഗമായിരുന്നു. അരയാഞ്ഞിലിമൺ പദ്ധതി 2018 -ലെ പ്രളയത്തിൽ പൂർണ്ണമായും നശിച്ചുപോയിട്ടുള്ളതിനാൽ ഈ പദ്ധതിക്ക് നിലവിൽ പൈപ്പുലൈനുകളില്ല.

4. അരയാഞ്ഞിലിമൺ കുടിവെള്ള പദ്ധതി:- 2018-ലെ പ്രളയത്തിൽ പൂർണ്ണമായും നശിച്ചുപോയ പ്രസ്തുത പദ്ധതി പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി അഞ്ചുകോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

അരയാഞ്ഞിലിമൺ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചെങ്കിലും കൊലമുള പദ്ധതിയുടെ മൂന്നാം ഘട്ടം (വിതരണ ശൃംഖല) രൂപകല്പന പി.പി.ഡി. വിഭാഗം മുഖേന ചെയ്തപ്പോൾ ടി പദ്ധതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിനുവേണ്ടി ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട ഘടകങ്ങളുടെ (ട്രാൻസ്മിഷൻ ഘടകങ്ങൾ) രൂപകല്പനയിൽ മാറ്റം വരുത്തുകയുണ്ടായി. അതിനനുസരിച്ച് എസ്റ്റിമേറ്റ് മാറ്റങ്ങൾ വരുത്തി തയ്യാറാക്കി കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് വീഴ്ച സംഭവിച്ചിട്ടില്ല.

കരുമ്പൻമൂഴി പദ്ധതിയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചയുടൻ പ്രവൃത്തിക്ക് കരാർ നൽകി. എന്നാൽ ഈ വർഷത്തെ പ്രളയത്തിലും ടി പൈപ്പ് ലൈൻ കടന്നുപോകുന്ന ക്രോസ് വേ വെള്ളത്തിൽ മുങ്ങിയതിനാൽ മാത്രമാണ് തടസ്സം നേരിട്ടത്.

കരുമ്പൻമൂഴി പദ്ധതിയിൽ ജലവിതരണം ഈ വേനലിനുമുമ്പ് പുനഃസ്ഥാപിക്കുവാൻ സാധിക്കും.

**ഞാങ്കടവ് കുടിവെള്ള പദ്ധതി**

229 (4598) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പിലാക്കി വരുന്ന ഞാങ്കടവ് പദ്ധതിയുടെ പ്രവർത്തനങ്ങൾ എപ്രകാരമാണ് പുരോഗമിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മൺട്രോതുരുത്ത്, പെരിനാട്, തൃക്കരുവ, പനയം പഞ്ചായത്തുകൾക്കുകൂടി പ്രയോജനപ്രദമാകുന്ന വിധത്തിൽ നടപ്പാക്കണമെന്നതിനെ സംബന്ധിച്ച ആവശ്യത്തിൻമേൽ പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കൊല്ലം നഗരത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കൊല്ലം കോർപ്പറേഷൻ കുടിവെള്ള പദ്ധതി വിപുലീകരണം - ഒന്നാം ഘട്ടത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും കൊല്ലം കോർപ്പറേഷന്റെയും സംയുക്ത ധനസഹായത്തോടുകൂടിയുള്ള അമൃത് പദ്ധതിക്ക് 78.35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെട്ട ഘടകങ്ങളും അവയുടെ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു *

കൂടാതെ, കൊല്ലം കോർപ്പറേഷൻ കുടിവെള്ള പദ്ധതി വിപുലീകരണം - രണ്ടാം ഘട്ടത്തിനായി കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തി കിഫ്ബിയിൽനിന്നും 235 കോടി രൂപയുടെ ധനസഹായ അനുമതി ലഭ്യമായിട്ടുണ്ട്. മേൽ പദ്ധതി 5 പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. പദ്ധതി ഘടകങ്ങളും അവയുടെ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.*

(ബി) കൊല്ലം കോർപ്പറേഷൻ കുടിവെള്ള വിപുലീകരണ പദ്ധതിയുടെ ഭാഗമായി കൊറ്റംകര പഞ്ചായത്തിലേയ്ക്കുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിക്കുവേണ്ടി കേരള വാട്ടർ അതൊറിറ്റി തയ്യാറാക്കിയ 41.8 കോടി രൂപയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ടിൽ പെരിനാട് പഞ്ചായത്തിന് വേണ്ടിവരുന്ന ജലത്തിന്റെ ആവശ്യകതയും ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത മൺട്രോതുരുത്ത്, തൃക്കരുവ, പനയം എന്നീ പഞ്ചായത്തുകൾക്ക് പ്രയോജനകരമാംവിധം പുതിയ പദ്ധതി വിഭാവനം ചെയ്യുന്നതിനുള്ള പ്രാരംഭ സർവ്വേ നടത്തുവാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**മലപ്പുറം മണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതി**

230 (4599) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ പൂക്കോട്ടൂർ, പുൽപ്പറ്റ, മുറയൂർ പഞ്ചായത്തിൽ നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ സർവ്വേ നടപടികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൂർത്തീകരിച്ചിട്ടുണ്ടോ; ഇപ്പോൾ ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചുവെങ്കിലും പദ്ധതിക്ക് നാളിതുവരെയും ഭരണാനുമതി നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജനങ്ങളുടെ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ മുന്തിയ പരിഗണന നൽകി പ്രസ്തുത പദ്ധതി നടപ്പാക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം മണ്ഡലത്തിലെ പൂക്കോട്ടൂർ, പുൽപ്പറ്റ, മുറയൂർ പഞ്ചായത്തിൽ നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ പ്രാഥമിക ഡിസൈൻ തയ്യാറാക്കിവരുന്നു.

(ബി&സി) പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയശേഷം ഫണ്ടിന്റെ ലഭ്യതയും പദ്ധതിയുടെ മുൻഗണനാക്രമവും അനുസരിച്ച് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വാഴപ്പള്ളി പഞ്ചായത്തിൽ തുരുത്തി പ്രദേശത്തെ കുടിവെള്ളക്ഷാമം**

231 (4600) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ വാഴപ്പള്ളി പഞ്ചായത്തിൽ തുരുത്തി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതിയുടെ നിർമ്മാണ ജോലികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതിയുടെ നിർമ്മാണച്ചെലവ് എത്രയാണ്;

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ഡി) സമയബന്ധിതമായി ഈ പദ്ധതി പൂർത്തികരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വാഴപ്പള്ളി പഞ്ചായത്തിൽ തുരുത്തി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള (തുരുത്തിക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള പദ്ധതിയുടെ വിപുലീകരണം-രണ്ടാം ഘട്ടം)

പദ്ധതിയുടെ നിർമ്മാണ ജോലികൾ പുരോഗമിച്ചുവരുന്നു. സമ്പിന്റെയും ഉന്നതതല ജലസംഭരണിയുടെയും പമ്പ് ഹൗസിന്റെയും പ്രവൃത്തിയുടെ 85% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 350 mm DI K9 പൈപ്പ് 2300 മീറ്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 1396 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി റെയിൽവെയുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച തുക-360 ലക്ഷം രൂപ

പ്രവൃത്തിക്ക് കരാറുറപ്പിച്ച തുക - 314 ലക്ഷം രൂപ

(സി&ഡി) ഈ പദ്ധതി 2020 ഏപ്രിൽ മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് റെയിൽവെയുടെ അനുമതി ആവശ്യമുണ്ട്. റെയിൽവെയുടെ അനുമതിക്കായി കേരള വാട്ടർ അതോറിറ്റി അപേക്ഷ സമർപ്പിക്കുകയും അനുമതി ലഭ്യമാക്കുന്നതിന് ത്വരിത ഗതിയിലുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## ചാത്തമംഗലം, മാവൂർ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണം

232 (4601) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്ത ചാത്തമംഗലം, മാവൂർ ഗ്രാമപഞ്ചായത്തുകളിൽ പ്രത്യേക കുടിവെള്ള വിതരണ സംവിധാനം ഏർപ്പെടുത്താൻ സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവൂർ ഗ്രാമപഞ്ചായത്തിൽ പൈപ്പ് ലൈനുകളുടെ നീളം കൂട്ടുന്നതിനായി എത്ര രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; ഓരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ വിശദമാക്കാമോ?

### ഉത്തരം

(എ) മാവൂർ പഞ്ചായത്തിനുവേണ്ടി കുളമാട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും ചാത്തമംഗലം പഞ്ചായത്തിനുവേണ്ടി നിലവിലുള്ള ചാത്തമംഗലം സ്കീമിൽനിന്നും ജലവിതരണം നടത്തിവരുന്നു. ഈ രണ്ടു പഞ്ചായത്തുകളിലെയും പൈപ്പ് ലൈൻ വിതരണശൃംഖല മെച്ചപ്പെടുത്തുന്ന പ്രവൃത്തികൂടി പുതുതായി വിഭാവനം

ചെയ്തിരിക്കുന്ന മുക്കം കൊടുവള്ളി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സ്റ്റേറ്റ് പ്ലാൻ 2019-20 പദ്ധതികളിൽ ഉൾപ്പെടുത്തി മാവൂർ തേജിലക്കടവ് പൈപ്പ് ലൈൻ റോഡിൽ പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തിക്ക് 50 ലക്ഷം രൂപയുടെ അംഗീകാരം നൽകി. ഈ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. സ്റ്റേറ്റ് പ്ലാൻ 2018-19 പദ്ധതികളിൽ ഉൾപ്പെടുത്തി കുളമാട്നിന്നും മാവൂർ ജി ഐ ടാങ്കിലേയ്ക്കുള്ള പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തിക്ക് 103 ലക്ഷം രൂപയുടെ അംഗീകാരം നൽകി. ഈ പ്രവൃത്തി പൂർത്തീകരിച്ചു.

## നെടുമങ്ങാട് മണ്ഡലത്തിലെ കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ

233 (4602) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ മാണിക്കൽ, വെമ്പായം, കരകുളം എന്നീ പഞ്ചായത്തുകളിലെ പട്ടികജാതി കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കോർപ്പസ് ഫണ്ടിൽനിന്ന് എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രസ്തുത പദ്ധതിക്കായി കോർപ്പസ് ഫണ്ടിൽനിന്നും മാണിക്കൽ, വെമ്പായം, കരകുളം പഞ്ചായത്തുകൾക്ക് മൊത്തം 142.83 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ബി)

- വെമ്പായം ഗ്രാമപഞ്ചായത്തിലെ 11 പട്ടികജാതി കോളനികൾക്കുള്ള പദ്ധതിയിൽ ഉൾപ്പെട്ട 6 കോളനികളിലേയ്ക്കും ഒരു കോളനിയിലെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഭാഗികമായ പ്രദേശങ്ങളിലേയ്ക്കും കരകുളം ഗ്രാമ പഞ്ചായത്തിലെ നെടുമം-മഞ്ഞക്കോട് കോളനി, ചെഞ്ഞുപ്പൂർ ഹരിജൻ കോളനിയിലേയ്ക്കും പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള ദർഘാസ് നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.

- വെമ്പായം ഗ്രാമ പഞ്ചായത്തിലെ രണ്ട് കോളനികളിലേയ്ക്ക് ഇതിനകംതന്നെ പൈപ്പ് ലൈൻ ദീർഘിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള രണ്ട് കോളനികളുടേയും (വല്ലകത്തിൻമൂട് കോളനി, മൊട്ടമൂട് കോളനി) ഒരു കോളനിയുടെ കുറച്ച് പ്രദേശങ്ങളും (അരവാളക്കുന്ന് കോളനി) താരതമ്യേന ഉയർന്നതായതിനാൽ നിലവിലെ പദ്ധതിയിൽനിന്നും സുലഭമായി കുടിവെള്ളം എത്തിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ടെക്നിക്കൽ സാങ്ഷനുവേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.
- മാണിക്കൽ പഞ്ചായത്തിലെ 4 കോളനികളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. പനവൂർ, പുല്ലമ്പാറ, വെമ്പായം പദ്ധതിയിൽനിന്നും കുടിവെള്ളമെത്തിക്കാൻ സാധിക്കുന്ന 100 ഏക്കർ, വേടത്തിക്കുന്ന് കോളനിയിലേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പദ്ധതിക്കുവേണ്ടിയുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ബാക്കി വരുന്ന മൂന്ന് കോളനികൾ ഉയർന്ന പ്രദേശമായതിനാൽ സുലഭമായി കുടിവെള്ളം എത്തിക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

ഈ പദ്ധതി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് മാർച്ച് 2020-ഓടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

### ചെങ്ങന്നൂർ മണ്ഡലത്തിലെ കുടിവെള്ള വിതരണ പദ്ധതികൾ

234 (4603) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ പൂർത്തീകരിക്കാത്തതും പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടും ആരംഭിക്കാത്തതുമായ എത്ര കുടിവെള്ള വിതരണ പദ്ധതികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) മുടങ്ങിക്കിടക്കുന്ന പദ്ധതികളുടെ കാരണം വിശദമാക്കാമോ ;

(സി) മണ്ഡലത്തിൽ എത്ര വീടുകൾക്കാണ് ജല അതോറിറ്റിയുടെ കുടിവെള്ളം ലഭിക്കുന്നതെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലുള്ള ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകൾക്കും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകി. കിഫ്ബിയിൽനിന്നും 199.13 കോടി രൂപയുടെ ധനസഹായത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിന് വേണ്ട എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

പമ്പാനദി സ്രോതസ്സ് ആയിട്ടുള്ള ടി പദ്ധതിയിൽ പ്രതിദിനം 35 ദശലക്ഷം ലിറ്റർ വെള്ളം സംസ്കരിക്കാൻ (Treat) ശേഷിയുള്ള ജലശുദ്ധീകരണ ശാല, 31 കി.മീ. ട്രാൻസ്മിഷൻ മെയിൻ, 90 എം.എം. മുതൽ 800 എം.എം. വരെയുള്ള 910 കി.മീ. വിതരണ ശൃംഖല, മുനിസിപ്പാലിറ്റിക്കും 7 പഞ്ചായത്തുകൾക്കുമുള്ള ഉന്നതതല സംഭരണികൾ, ഇപ്പോൾ നിലവിലുള്ള കിണറിന്റെ വിപുലീകരണം, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, പമ്പ് ഹൗസ്, ഭൂതല സംഭരണി, ട്രാൻസ്ഫോർമർ, സബ്സ്റ്റേഷൻ & പവർ ലൈൻ എക്സ്റ്റൻഷൻ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

പദ്ധതിക്കാവശ്യമായ 9 സ്ഥലങ്ങളിൽ 8 സ്ഥലവും ലഭ്യമായിട്ടുണ്ട്. മുളക്കുഴ പഞ്ചായത്തിലെ ഉന്നതതല സംഭരണിക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഈ ഘടകങ്ങളുടെ നിർമ്മാണത്തിന്റെ ഭാഗമായുള്ള സോയിൽ ഇൻവെസ്റ്റിഗേഷൻ എല്ലാംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി., കെ.എസ്.റ്റി.പി. എന്നീ റോഡുകളുടെ പുനർസ്ഥാപനത്തിന് ആവശ്യമായിട്ടുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല.

ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നാല് പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. ഇതിൽ പാക്കേജ് 1-ൽ ഉൾപ്പെട്ട ജല ശുദ്ധീകരണശാല, നിലവിലുള്ള കിണറിന്റെ വിപുലീകരണം, റോ വാട്ടർ പമ്പ് സെറ്റ്, പമ്പിംഗ് മെയിൻ, ട്രാൻസ്ഫോർമർ, ജലശുദ്ധീകരണശാലയിലുള്ള ഉന്നതതല ജല സംഭരണി എന്നിവയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധനയിലാണ്. ബാക്കി 3 പാക്കേജുകൾക്കുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

ഇതിനുപുറമേ, 2016-17 വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച തിരുവല്ല, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിപുലീകരണ പദ്ധതിയുടെ ഭാഗമായി ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ തിരുവൻവണ്ടൂർ പഞ്ചായത്തിൽ 15 ലക്ഷം

ലിറ്റർ ശേഷിയുള്ള ഒരു ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, വിതരണ ശൃംഖല എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായുള്ള റോഡ് പുനഃസ്ഥാപനത്തിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാകാത്തതുകാരണം പദ്ധതി നടത്തിപ്പിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

(സി) 6,510 വീടുകൾ.

## പായിപ്പാട്ട് പഞ്ചായത്തിലെ മച്ചിപ്പള്ളി പ്രദേശത്തെ കുടിവെള്ള ക്ഷാമം

235 (4604) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ പായിപ്പാട്ട് പഞ്ചായത്തിലെ മച്ചിപള്ളി പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നിർമ്മാണ ജോലികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതിയുടെ ആകെ ചെലവ് എത്രയാണ്;

(സി) ചങ്ങനാശ്ശേരി ടൗണിലുള്ള ചെറുകരകുന്നിലെ ടാങ്കിൽ നിന്നും ചങ്ങനാശ്ശേരി ടൗണിലും തൃക്കൊടിത്താനം പഞ്ചായത്തിലും പായിപ്പാട്ട് പഞ്ചായത്തിലും പുതുതായി പൈപ്പുകൾ ഇട്ട് പായിപ്പാട്ട് കൊച്ചുപള്ളി ഓവർ ഹെഡ് ടാങ്കിൽ ജലം എത്തിക്കുന്നതിനുള്ള ജോലി സ്തംഭനാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എത്രയും വേഗം ഈ ജോലി നടത്തുന്നതിന് നടപടികൾ സ്വീകരിക്കാമോ;

(ഇ) ഈ പദ്ധതിയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പായിപ്പാട് പഞ്ചായത്തിലെ മച്ചിപ്പള്ളി പ്രദേശത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 2017-18 സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പായിപ്പാട് ബൂസ്റ്റർ പമ്പ് ഹൗസ് മുതൽ കൊച്ചുപള്ളി ഉന്നതതല ജലസംഭരണി വരെ 2880 മീറ്റർ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനായി 84.60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തിക്ക് കരാർ ഉറപ്പിക്കുകയും ഇതിൽ 50% പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. തൃക്കൊടിത്താനം പഞ്ചായത്ത് പടി മുതൽ കൊക്കോട്ടുചിറ വരെ 880 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്.

(ബി) I) പദ്ധതിക്ക് ഭരണാനുമതി ലഭിച്ച തുക:- 84.60 ലക്ഷം രൂപ

II) പദ്ധതിയുടെ കരാർ തുക - 63.09 ലക്ഷം രൂപ

III) പി.ഡബ്ല്യു.ഡി.-ക്ക് ഒടുക്കിയ തുക- 10.99 ലക്ഷം രൂപ

(സി) ചങ്ങനാശ്ശേരി ടൗണിലുള്ള ചെറുകരകുന്നിലെ ടാങ്കിൽനിന്നും ചങ്ങനാശ്ശേരി ടൗണിലും തൃക്കൊടിത്താനം പഞ്ചായത്തിലും പായിപ്പാട്ട് പഞ്ചായത്തിലും പുതുതായി പൈപ്പുകൾ ഇട്ട് പായിപ്പാട്ട് കൊച്ചുപള്ളി ഓവർ ഹെഡ് ടാങ്കിൽ ജലം എത്തിക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിക്ക് 189 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചുവെങ്കിലും ആയതിന്റെ റോഡ് റിസ്റ്റോറേഷൻ എസ്റ്റിമേറ്റ് ലഭിക്കുവാൻ താമസം വന്നിരുന്നു. എന്നാൽ ഇപ്പോൾ പി.ഡബ്ല്യു.ഡി.-യിൽ നിന്ന് റോഡ് റെസ്റ്റോറേഷൻ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. തുടർന്ന് പത്തനംതിട്ട PWD റോഡ്സ് ഡിവിഷന്റെ ഭാഗമായി വരുന്ന ഫാത്തിമാപുരം മുതൽ മുക്കാട്ടുപടി വരെയും കോട്ടയം PWD റോഡ്സ് ഡിവിഷന്റെ ഭാഗമായി വരുന്ന മുക്കാട്ടുപടി മുതൽ തൃക്കൊടിത്താനം വരെയുമുള്ള എസ്റ്റിമേറ്റുകൾ ഉൾപ്പെടുത്തി വിശദമായി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പായിപ്പാട് പഞ്ചായത്തിലെ മച്ചിപ്പള്ളി പ്രദേശത്തെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയുള്ള നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെയും പി.ഡബ്ല്യു.ഡി.യുടെയും റോഡ് കട്ടിംഗ് അനുമതിക്കായി പ്രസ്തുത പ്രവൃത്തിയുടെ 14-10-2019-ൽ പി.ഡബ്ല്യു.ഡി.ക്ക് തുക ഒടുക്കിയെങ്കിലും ഇതുവരെയും റോഡ് കട്ടിംഗിന് അനുമതി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്ത് റോഡിന്റെ ഭാഗം കുഴിക്കുന്നതിന് തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് അനുമതിക്കുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

ചങ്ങനാശ്ശേരി ടൗണിലെ ചെറുകരക്കുന്ന് ടാങ്കിൽനിന്നും ചങ്ങനാശ്ശേരി ടൗണിലും തൃക്കൊടിത്താനം പഞ്ചായത്തിലും പായിപ്പാട് പഞ്ചായത്തിലും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ റോഡ് റിസ്റ്റോറേഷൻ എസ്റ്റിമേറ്റുകൾ ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് ഓഫീസുകളിൽനിന്നും ലഭിച്ചിട്ടുണ്ട്. ഇത് ഉൾപ്പെടുത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഈ പദ്ധതി 2020 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## കോങ്ങാട് മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

236 (4605) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പ് മുഖേന കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദവിവരം നൽകുമോ?

ഉത്തരം

ഈ സർക്കാർ വന്നതിനുശേഷം 2016-17 മുതൽ 2019-20 വരെ അതാത് വർഷങ്ങളിൽ കോങ്ങാട് മണ്ഡലത്തിലുൾപ്പെടുന്ന മലമ്പുഴ ജലസേചന പദ്ധതിയുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി നോൺ പ്ലാൻ ശീർഷകത്തിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി കനാലുകളിൽ അറ്റകുറ്റ പ്രവൃത്തികൾ നടത്തിവരുന്നു. കൂടാതെ പ്രളയത്തിൽ തകർന്ന കനാലുകളുടെ നിർമ്മാണ പ്രവൃത്തികൾ SDRF-ൽ (State Disaster Response Fund) ഉൾപ്പെടുത്തി ഏറ്റെടുത്തു നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പ്ലാൻ ശീർഷകത്തിൽ കാഡാ ചാനലുകളുടെ നവീകരണത്തിനായി പ്രവൃത്തികൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരളാ ജല അതോറിറ്റി മുഖേന കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) കിഫ്ബി 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട്-കരിമ്പ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കായി (ഒന്നാംഘട്ടം) 12-11-2018-ൽ 2,830 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഒന്നാം ഘട്ട പ്രവൃത്തികളിൽ പാക്കേജ് 1, പാക്കേജ് 2 എന്നിങ്ങനെ രണ്ടായി തരം തിരിച്ചാണ് പ്രവൃത്തികൾ നടത്തുന്നത്. പാക്കേജ് 1-ൽ ഈ പദ്ധതിയുടെ സ്രോതസ്സായ കാഞ്ഞിരപ്പുഴ ഡാമിനടുത്ത് 12 എം.എൽ.ഡി. ജലശുദ്ധീകരണശാലയും റോ വാട്ടർ പമ്പ് ഹൗസ്, 450 എം.എം. വ്യാസമുള്ള റോ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ദർഘാസ് ക്ഷണിച്ച് കരാറുകാരനുമായി കരാർ ഒപ്പുവച്ചു. പാക്കേജ് 2-ൽ കരിമ്പ പഞ്ചായത്തിനുവേണ്ടി ഉന്നതതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയാണ് ഉൾപ്പെടുന്നത്. ഉന്നതതല ജലസംഭരണിക്കുള്ള പാറക്കലിലുള്ള സ്ഥലം റവന്യൂ വകുപ്പിൽനിന്നും ഇതുവരെ വിട്ടുകിട്ടിയിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ദർഘാസ് നടപടികൾ ആരംഭിക്കുന്നതാണ്.

2) മണ്ണൂർ, കേരളശ്ശേരി, മങ്കര കുടിവെള്ള പദ്ധതിക്കുവേണ്ടി നബാർഡിൽ ഉൾപ്പെടുത്തി 2,530 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. 10 എം.എൽ.ഡി. ജലശുദ്ധീകരണശാല, 11 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി (മണ്ണൂർ), 8 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി (കേരളശ്ശേരി), 2.60 ലക്ഷം ലിറ്റർ ക്ലിയർ വാട്ടർ സമ്പ്, റോ വാട്ടർ പമ്പ്സെറ്റ്, ട്രാൻസ്ഫോർമർ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തി നടന്നുവരുന്നു. 30% പൂർത്തീകരിച്ചിട്ടുണ്ട്.

ജലനിധി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി മങ്കര, പറളി എന്നീ ഗ്രാമപഞ്ചായത്തുകളിൽ വിവിധ കുടിവെള്ള വിതരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | ഗ്രാമ പഞ്ചായത്ത് | പദ്ധതികളുടെ എണ്ണം | ഗുണഭോക്തൃ കുടുംബങ്ങൾ | തുക (കോടി) |
|---|---|---|---|---|
| 1 | മങ്കര | 1 | 1,001 | 4.475 |
| 2 | പറളി | 27 | 3,452 | 17.480 |

ഇതുകൂടാതെ ജലനിധി വഴി നടപ്പാക്കിയ സാമൂഹ്യ ഉടമസ്ഥതയിലുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള പദ്ധതിക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം കോങ്ങാട് ഗ്രാമപഞ്ചായത്തിലെ 9 സ്കീമുകളുടെ പുനരുദ്ധാരണ നടപടികൾ നടന്നുവരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | ജലനിധി സ്കീമിന്റെ പേര് | തുക | പ്രവൃത്തി സംബന്ധിച്ച് നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ആറ്റക്കാട് | 3,66,275 | പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകി ആദ്യ ഗഡു തുക പഞ്ചായത്തുകൾക്ക് നൽകി. ദർഘാസ് നടപടി ആരംഭിച്ചു. |
| 2 | ജലപ്രിയ | 3,46,725 | |
| 3 | കസ്തൂർബ | 5,65,000 | |
| 4 | യുവജന | 4,62,875 | |
| 5 | മഹാത്മാഗാന്ധി | 11,00,000 | |
| 6 | അക്ഷയ | 6,62,000 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. |
| 7 | അമൃത | 6,73,000 | |
| 8 | ജനപ്രിയ | 7,13,000 | |
| 9 | പെരിങ്ങോട് സൗപർണ്ണിക | 6,33,000 | |
| ജലസേചന വകുപ്പിന്റെ അധീനതയിലുള്ള മറ്റ് പ്രവൃത്തികളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു* | | | |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ഉപയോഗരഹിതമായ കുഴൽ കിണറുകൾ**

237 (4606) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗരഹിതമായ കുഴൽ കിണറുകൾ മുഖേനയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇത്തരം കിണറുകൾ മൂടുന്നതിനായി ജില്ലാതലത്തിൽ സുരക്ഷാക്രമീകരണങ്ങൾ നടപ്പിലാക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 11-02-2010-ലെ WP(C) No. 36/2009 ഉത്തരവുപ്രകാരം ഉപയോഗരഹിതമായ കുഴൽകിണറുകൾ മുഖേനയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് ഭൂജല വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും 15-9-2012-ന് ഭൂജല വകുപ്പ് ഡയറക്ടറേറ്റിൽനിന്നും നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് 28-5-2014-ന് നിർമ്മാണത്തിനിടെ ഉപേക്ഷിക്കപ്പെട്ട കുഴൽക്കിണറുകൾ മൂടുന്നതിനുള്ള മാർഗ്ഗരേഖ ഭൂജലവകുപ്പ് പൊതുജന ശ്രദ്ധയ്ക്കായി പത്രമാധ്യമങ്ങൾ വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ദേശീയ ദുരന്തനിവാരണ പ്രതികരണ സേന (NDRF) -യുടെ 2019-ലെ കുഴൽക്കിണർ മുഖാന്തരമുള്ള അപകടങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള Standard Operating Procedures 31-8-2019-ന് ഭൂജലവകുപ്പിൽ തുടർ നടപടികൾക്കായി ലഭ്യമാക്കിയിരുന്നു. പ്രസ്തുത മാർഗ്ഗരേഖയുടെ പരിഭാഷപ്പെടുത്തിയ പകർപ്പ് 05-11-2019-ന് ഭൂജലവകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളിലേയ്ക്കും തുടർനടപടികൾക്കായി നൽകിയിട്ടുണ്ട്. കൂടാതെ പബ്ലിക് റിലേഷൻസ് വകുപ്പിനും പത്രമാധ്യമങ്ങൾ വഴി പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി മാർഗ്ഗരേഖയുടെ പകർപ്പ് നൽകിയിട്ടുണ്ട്.

(ബി) നടപ്പിലാക്കിയിട്ടുണ്ട്. ഭൂജലവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ അതാത് ജില്ലകളിലെ ഭൂജലവകുപ്പും റവന്യൂ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി മോണിറ്ററിംഗ് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പൊതുജന താൽപര്യാർത്ഥം മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പൊതുജനശ്രദ്ധയിൽപ്പെടുത്തുവാനായി പത്രക്കുറിപ്പും നൽകിയിട്ടുണ്ട്.

## നെയ്യാറ്റിൻകരയിൽ എം.പി. ഫണ്ടുപയോഗിച്ച് കുടിവെള്ളം എത്തിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി

238 (4607) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്തെ പ്ലാവിളയിൽ രാജ്യസഭാ എം.പി. എളമരം കരീമിന്റെ ഫണ്ട് ഉപയോഗിച്ച് കുടിവെള്ളം എത്തിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; ഡി.പി.ആർ. പ്രകാരം എത്ര ലക്ഷം രൂപയാണ് ഇതിന് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) അടങ്കൽ തുക ഉപയോഗിച്ച് എത്ര കിലോമീറ്റർ ആണ് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് എന്ന് വിശദമാക്കുമോ; പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; പ്രവൃത്തി പൂർത്തീകരിക്കുന്നതിന്റെ കാലാവധി എത്ര മാസമാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട എം.പി. ശ്രീ. എളമരം കരീമിന്റെ ഫണ്ടു പയോഗിച്ച് നെയ്യാറ്റിൻകര ഡിവിഷനുകീഴിൽ ചെയ്യുന്ന പ്രവൃത്തിയുടെ ദർഘാസ് സാങ്കേതിക കാരണങ്ങളാൽ ക്യാൻസൽ ചെയ്യേണ്ടി വന്നതിനാൽ പുനർ ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. 24,99,100 രൂപയാണ് ഈ പ്രവൃത്തിക്കുവേണ്ടി എം.പി. ഫണ്ടിൽനിന്ന് അനുവദിച്ചിട്ടുള്ളത്.

(ബി) പെരുമ്പഴുതൂർ മുതൽ മലഞ്ചാണി വരെയാണ് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നത്. അടങ്കൽ തുക ഉപയോഗിച്ച് 2.78 കി.മീ. കുടിവെള്ള പൈപ്പ് ലൈൻ ആണ് സ്ഥാപിക്കുന്നത്. ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്നതിന്റെ കാലാവധി 3 മാസമാണ്.

## വാമനപുരം മണ്ഡലത്തിലെ തെങ്ങുംകോട് ജലശുദ്ധീകരണ ശാല

239 (4608) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ കല്ലറ ഗ്രാമപഞ്ചായത്തിൽ ആധുനിക രീതിയിൽ നിർമ്മിച്ച തെങ്ങുംകോട് ജലശുദ്ധീകരണ ശാലയിൽ ബ്ലീച്ചിംഗ് പൗഡറിന് പകരമായി വാതക ക്ലോറിൻ (ക്ലോറിനേറ്റർ & ക്ലോറിൻ ടണ്ണർ)ഉപയോഗിച്ച് ജലശുദ്ധീകരണം നടത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അടക്കമുള്ള വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) ഉണ്ട്; പ്രസ്തുത പദ്ധതിക്ക് സ്റ്റേറ്റ് പ്ലാൻ 2018-19-ൽ ഉൾപ്പെടുത്തി 6.52 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി പദ്ധതിക്കായുള്ള സാങ്കേതികാനുമതി ലഭ്യമാക്കി 16-7-2019-ന് ദർഘാസ് ക്ഷണിക്കുകയും 01-11-2019-ൽ ദർഘാസ് അംഗീകരിച്ച് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ത്വരിത നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

**കുടിവെള്ള പദ്ധതികളുടെ വിപുലീകരണം**

240 (4609) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ വിദേശ ഏജൻസികളുടെ സഹായത്തോടെ വിപുലീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ നഗരങ്ങളിൽ ഏത് ഏജൻസി വഴിയാണെന്നും എത്ര തുക ലഭിക്കുമെന്നും അതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണെന്നും അറിയിക്കാമോ ;

(ബി) കൊച്ചി നഗരത്തിലെ കുടിവെള്ള സ്വീവേജ് പദ്ധതികൾക്ക് ലഭിച്ച തുക നഷ്ടപ്പെടുത്തിയതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ലോൺ ഉപയോഗിച്ച് തിരുവനന്തപുരം, എറണാകുളം നഗരങ്ങളിലെ കുടിവെള്ള പദ്ധതികൾ വിപുലീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. ജലവിഭവ വകുപ്പ് എക്സിക്യൂട്ടിംഗ് ഏജൻസിയായും കേരള വാട്ടർ അതോറിറ്റി ഇംപ്ലിമെന്റിംഗ് ഏജൻസിയായുമാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി ചെലവിന്റെ 70% ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ലോണായും 30% കേരള സംസ്ഥാനത്തിന്റെ വിഹിതമായുമാണ് വകയിരുത്തിയിരിക്കുന്നത്. ADB-യുടെ സഹായമായി 1750 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 750 കോടി രൂപയുമാണ് മൊത്തമായി ഉദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ എ.ഡി.ബി. ധനസഹായമായി 875 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 375 കോടി രൂപയുമാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) കൊച്ചി നഗരത്തിൽ ജെ.എൻ.എൻ.യു.ആർ.എം/ കെ.എസ്.യു.ഡി.പി. പദ്ധതി പ്രകാരം നടപ്പാക്കിയ കുടിവെള്ള വിതരണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

എ.ഡി.ബി ധനസഹായത്തോടെ കെ.എസ്.യു.ഡി.പി. മുഖേന നടപ്പാക്കിയ 16,519 ലക്ഷം രൂപയുടെ സ്വീവേജ് പദ്ധതികൾ സ്ഥലം ലഭ്യമല്ലാത്ത കാരണവും പൊതുജന പ്രക്ഷോഭത്താലും ഉപേക്ഷിക്കേണ്ടിവന്നു (പ്രസ്തുത പദ്ധതികൾക്ക് 3839 ലക്ഷം രൂപ ചെലവഴിച്ചു). ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി പ്രകാരം 7481 ലക്ഷം രൂപയുടെ പദ്ധതിയും സ്ഥലം ലഭ്യമല്ലാത്തതു കാരണം നടപ്പാക്കാൻ സാധിച്ചിട്ടില്ല.

## കേന്ദ്ര വേജ് കോഡ് ബിൽ

241 (4610) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പാസ്സാക്കിയ വേജ് കോഡ് ബിൽ രാജ്യത്തെ മഹാഭൂരിപക്ഷം തൊഴിലാളികൾക്കും നിലവിൽ ലഭിക്കുന്ന വേതനം വെട്ടിക്കുറയ്ക്കുന്ന സാഹചര്യം ഉണ്ടാക്കിയിട്ടുണ്ടെന്ന് സംസ്ഥാന സർക്കാർ കരുതുന്നുണ്ടോ;

(ബി) പ്രസ്തുത ബില്ലിലെ ഭൂരിപക്ഷം നിർദ്ദേശങ്ങളും തൊഴിലാളി വിരുദ്ധമാണെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) വേജ് കോഡിന്റെ കരടുചട്ടങ്ങൾ കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പരിശോധന നടത്തി സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ

242 (4611) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. കെ. രാജൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യുവതിയുവാക്കൾക്ക് ആഗോളതലത്തിൽ മികച്ച ജോലികൾ ആർജ്ജിക്കാൻ കഴിയുന്ന തരത്തിലുള്ള സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് നിലവിലുണ്ടോ;

(ബി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (ഐ.ഐ.ഐ.സി.) ലോകനിലവാരത്തിലുള്ള കോഴ്സുകൾ പ്രദാനം ചെയ്യുന്നുണ്ടോ;

(സി) ദേശീയ തലത്തിലെ വ്യവസായ സ്ഥാപനങ്ങളുമായുള്ള സഹകരണം, അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്ഥാപനങ്ങളുമായുള്ള സഹകരണം, മികച്ച ഭൗതിക സാഹചര്യം എന്നിവ ഐ.ഐ.ഐ.സി. യിൽ ലഭ്യമാണോ;

(ഡി) ഏതൊക്കെ മേഖലകളിലുള്ള സ്കിൽ ഡെവലപ്മെന്റ് കോഴ്സുകളാണ് ഐ.ഐ.ഐ.സി. യിൽ നിലവിൽ നല്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്ന തരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തൊഴിലധിഷ്ഠിത നൈപുണ്യവികസന പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. KASE-നു കീഴിൽ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്കിൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിച്ചുവരുന്നു.

(ബി-ഡി) കൊല്ലം ജില്ലയിലെ ചവറയിൽ 1,92,000 ചതുരശ്രയടിയുള്ള അക്കാഡമിക്ക് ബ്ലോക്കും 240 പേരെ ഉൾക്കൊള്ളിക്കാൻ കഴിയുന്ന ഹോസ്റ്റൽ ബ്ലോക്കും ഉൾപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിലെ സജ്ജീകരണങ്ങളുമായിട്ടാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) പ്രവർത്തനസജ്ജമാക്കിയിട്ടുള്ളത്. കൺസ്ട്രക്ഷൻ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ മേഖലകളിൽ മാനേജീരിയൽ ലെവൽ, സൂപ്പർവൈസറി ലെവൽ, ടെക്നിക്കൽ ലെവൽ എന്നീ മൂന്നു കാറ്റഗറികളിലായി നിലവിൽ 18 കോഴ്സുകളാണ് ഐ.ഐ.ഐ.സി.-യിൽ നടന്നുവരുന്നത്. ഉന്നത നിലവാരമുള്ള കോഴ്സുകൾ ഉൾപ്പെടുത്തിക്കൊണ്ട് ദേശീയ തലത്തിൽ അറിയപ്പെടുന്ന ഒരു പരിശീലന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി തൊഴിൽ സാധ്യതയേറിയ മേഖലകളും ജോബ് റോളുകളും തിരിച്ചറിഞ്ഞു പുത്തൻ കോഴ്സുകൾ വിഭാവനം ചെയ്യുന്നതിനായി വ്യാവസായിക പ്രമുഖരെയും

വിദ്യാഭ്യാസ വിചക്ഷണരെയും ഉൾപ്പെടുത്തി PLACEX'18 എന്ന ഒരു കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ പരിശീലനം നേടുന്നവർക്ക് ഇംഗ്ലീഷ് ഭാഷ പ്രാവീണ്യത്തിനായി കേംബ്രിഡ്ജ് ഇംഗ്ലീഷുമായി ചേർന്ന് സർട്ടിഫിക്കറ്റ് കോഴ്സുകൾ ലഭ്യമാക്കുന്നുണ്ട്. സ്കോട്ട്ലാന്റ് ആസ്ഥാനമായുള്ള ഗ്ലാസ്ഗോ കെൽവിൻ കോളേജ് പോലുള്ള അന്താരാഷ്ട്ര പരിശീലന സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് വിവിധ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ധാരണയിൽ ഒപ്പുവച്ചിട്ടുണ്ട്.

## നോക്കുകൂലി നിരോധനം

243 (4612) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോക്കുകൂലി നിരോധിച്ച് 18 മാസം കഴിഞ്ഞ സാഹചര്യത്തിൽ ആയത് പൂർവ്വാധികം ശക്തമായി പല മേഖലകളിലും തിരിച്ചുവരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അമിത കൂലി വാങ്ങിയാൽ ജാമ്യമില്ലാകുറ്റം ചുമത്തി കേസെടുക്കുമെന്നും തൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദാക്കുമെന്നുമുള്ള പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അമിത കൂലിയുമായി ബന്ധപ്പെട്ട പരാതികൾ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ഇടപെട്ട് രമ്യമായി പരിഹരിച്ചുവരുന്ന സാഹചര്യത്തിൽ തൊഴിലാളികൾക്ക് എതിരെ ജാമ്യമില്ലാ കുറ്റം ചുമത്തി കേസെടുക്കേണ്ടതായോ തൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യേണ്ടതായോ വന്നിട്ടില്ല.

## തൊഴിലില്ലായ്മ പരിഹരിക്കുവാൻ നടപടികൾ

244 (4613) ശ്രീ. എം. വിൻസെന്റ് :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് വർദ്ധിച്ചുവരുന്ന എന്നത്

പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വ്യവസായ ശാലകൾ, വാണിജ്യ കേന്ദ്രങ്ങൾ എന്നിവയുമായി സഹകരിച്ച് അവരുടെ ആവശ്യങ്ങൾക്ക് അനുസൃതമായി തൊഴിലാളികളെ പ്രദാനം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സ്വകാര്യ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിന് സംഘടിപ്പിക്കുന്ന നിയുക്തി പദ്ധതി വിജയപ്രദമാണോ; ഈ വർഷം ഇതിനകം ഈ പദ്ധതിയിലൂടെ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കിയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് കുറഞ്ഞു വരുന്നതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. തൊഴിലന്വേഷകർക്ക് ആവശ്യമായ കരിയർ/നൈപുണ്യ പരിശീലനങ്ങൾ നൽകി പൊതു/സ്വകാര്യ മേഖലയിലെ വിവിധ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പിലാക്കി വരുന്ന കെസ്റു, ശരണ്യ, മൾട്ടി പർപ്പസ് ജോബ് ക്ലബ്/ സർവ്വീസ് സെന്റേഴ്സ്, കൈവല്യ തുടങ്ങിയ സ്വയം തൊഴിൽ പദ്ധതികളിലൂടെ തൊഴിൽരഹിതരായ ധാരാളം ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് അവസരം ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ തൊഴിൽ നേടാൻ പ്രാപ്തരാക്കുന്നതിലൂടെയും വിവിധ സ്വയം തൊഴിൽ പദ്ധതികളിലൂടെയും തൊഴിലില്ലായ്മാ നിരക്ക് കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വ്യവസായശാലകൾ, വാണിജ്യകേന്ദ്രങ്ങൾ എന്നിവയുമായി സഹകരിച്ച് അവരുടെ ആവശ്യങ്ങൾക്കനുസൃതമായി തൊഴിലാളികളെ പ്രദാനം ചെയ്യുന്നതിനായി ഉചിതമായ നൈപുണ്യ വികസന പദ്ധതികൾ കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE) മുഖേന നടപ്പിലാക്കി വരുന്നു.

സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരേ വേദിയിൽ കൊണ്ടുവന്ന് പരമാവധി തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുകയെന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന മേഖലാടിസ്ഥാനത്തിൽ 'നിയുക്തി' എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ നടത്തി വരുന്നുണ്ട്.

(സി) സ്വകാര്യ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിന് സംഘടിപ്പിക്കുന്ന നിയുക്തി പദ്ധതി വിജയപ്രദമാണ്. ഈ വർഷം ഇതിനകം സംഘടിപ്പിച്ച നിയുക്തി തൊഴിൽ മേളയിലൂടെ 1551 പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.

## തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം

245 (4614) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറുന്ന കാലത്തിന് അനുസൃതമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിന് തൊഴിൽവകുപ്പിന് സാധിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) തൊഴിൽവകുപ്പിന് കീഴിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം വിശദമാക്കുമോ;

(സി) തൊഴിലാളികളുടെ അവകാശങ്ങൾ ലഭ്യമാക്കുന്നുവെന്നത് ഉറപ്പിക്കുന്നതിന് ഇവരുടെ പ്രവർത്തനം എത്ര മാത്രം സഹായകമാണ്;

(ഡി) തൊഴിൽവകുപ്പ് പുനസംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

### ഉത്തരം

(എ) സാധിക്കുന്നുണ്ട്.

കേരളത്തിലെ സംരംഭക സൗഹൃദാന്തരീക്ഷം പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലാളി-തൊഴിലുടമ ബന്ധം മെച്ചപ്പെടുത്തി തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിനുമായി തൊഴിൽ നിയമങ്ങളുടെ പതിവായുള്ള നടത്തിപ്പിനുപുറമേ താഴെ പറയുന്ന പദ്ധതികൾകൂടി ലേബർ കമ്മീഷണറേറ്റ് മുഖേന നടത്തി വരുന്നു.

വിവിധ തൊഴിൽ നിയമങ്ങൾപ്രകാരം തൊഴിലുടമകൾക്ക് തൊഴിൽ വകുപ്പിൽനിന്ന് നൽകിവരുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടുണ്ട്. (രജിസ്ട്രേഷൻ, ലൈസൻസ്, റിന്യൂവൽ, ഭേദഗതി തുടങ്ങിയവ ഉൾപ്പെടെ) സർട്ടിഫിക്കറ്റുകൾ തൊഴിലുടമകൾക്ക് ഓൺലൈനായി പ്രിന്റ് ചെയ്തെടുക്കുവാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

തൊഴിലുടമകൾക്ക് വേതനവിതരണം നടത്തുന്നതിനായി വേതന സുരക്ഷാ പദ്ധതി എന്ന പേരിൽ ഒരു പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ തൊഴിലാളികളുടെ വേതനം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്.

ഗ്രേഡിംഗ്:- 2018 വർഷം മുതൽ സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ ഇരുപതോ അതിലേറെയോ തൊഴിലാളികളുള്ള സ്ഥാപനങ്ങളുടെ തൊഴിൽ നിയമങ്ങളുടെ പരിപാലനമുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിലെ തൊട്ടുമുൻവർഷത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നടത്തി സ്ഥാപനങ്ങൾക്ക് വജ്ര, സുവർണ്ണ, രജത എന്നിങ്ങനെ എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തുവരുന്നുണ്ട്. തൊഴിലുടമകൾ ഓൺലൈനായി പൂരിപ്പിച്ച സമർപ്പിക്കുന്ന ചോദ്യാവലി, അസിസ്റ്റന്റ് ലേബർ ഓഫീസർ പരിശോധിച്ച് ജില്ലാ കമ്മിറ്റിക്ക് സമർപ്പിക്കുകയും തുടർന്ന് ജില്ലാ കമ്മിറ്റി, സംസ്ഥാന കമ്മിറ്റി എന്നിങ്ങനെ രണ്ട് കമ്മിറ്റികൾ പരിശോധന നടത്തി അവാർഡ് നിശ്ചയിക്കുകയും ചെയ്യുന്നു. 2017 വർഷത്തെ പ്രവർത്തന മികവിനുള്ള അവാർഡുകൾ 2018 ഒക്ടോബർ മാസത്തിൽ വിതരണം ചെയ്തു. 2018 വർഷത്തെ പ്രവർത്തന മികവ് അസസ്സ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2018-ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി ഓർഡിനൻസ് വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന

പരാതികൾ തൽസമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയംതന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി&സി) തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ വകുപ്പിലെ 14 എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. ഈ പ്രവർത്തനങ്ങൾ റീജിയണൽ തലത്തിൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരും സംസ്ഥാന തലത്തിൽ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്) -ഉം ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ നിരീക്ഷിച്ച് നടപ്പിലാക്കി വരുന്നു.

കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തൽസമയം രജിസ്റ്റർ ചെയ്യപ്പെടുകയും അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II മാരുടെ സി.യു.ജി. നമ്പരിൽ മെസേജായി ലഭിക്കുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയംതന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, ഇരിപ്പിടാവകാശം, മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാതലത്തിൽ എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപന പരിശോധനകളും നടത്തിവരുന്നു.

1976-ലെ ഈക്വൽ റമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകുക, ലിംഗ സമത്വം ഉറപ്പുവരുത്തി സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി, മികച്ച തൊഴിലന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷാ പദ്ധതി നടപ്പാക്കുക, സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പു വരുത്തുക തുടങ്ങിയ നടപടികളും സ്വീകരിക്കുന്നുണ്ട്.

വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, ഇരിപ്പിടാവകാശം, മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനും വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ കാര്യക്ഷമമായ പ്രവർത്തനം സഹായകമാകുന്നുണ്ട്.

(ഡി) വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

## വേജ് കോഡ് നിയമത്തിലെ വ്യവസ്ഥകൾമൂലമുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ നടപടി

246 (4615) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേജസ് ആക്ട്, പേമെന്റ് ഓഫ് വേജസ് ആക്ട്, പേമെന്റ് ഓഫ് ബോണസ് ആക്ട്, ഈക്വൽ റമുനെറേഷൻ ആക്ട് എന്നിവ കൂട്ടിച്ചേർത്ത് കേന്ദ്ര സർക്കാർ പാസ്സാക്കിയ വേജ് കോഡ് നിയമം തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) തൊഴിലാളികൾ ഒരു ദിവസം പണിമുടക്കിയാൽ 8 ദിവസത്തെ വേതനം നൽകാതിരിക്കൽ ഉൾപ്പെടെ തൊഴിലാളി വിരുദ്ധ വ്യവസ്ഥകൾ പുതിയ നിയമത്തിലുണ്ടോ; വേജ് കോഡ് നിയമത്തിലെ ഇത്തരം വ്യവസ്ഥകൾ ഒഴിവാക്കി നിയമത്തെ കൂടുതൽ തൊഴിലാളി സൗഹൃദമാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ;

(സി) വേജ് കോഡ് നിയമത്തിലെ വ്യവസ്ഥകൾമൂലം തൊഴിലാളികൾക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പാർലമെന്റ് പാസ്സാക്കിയ നിയമത്തിനനുസൃതമായി പ്രസിദ്ധീകരിച്ചിട്ടുള്ള കരട് ചട്ടങ്ങൾ സംസ്ഥാന സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു.

(ബി) ഉണ്ട്. പത്തോ അതിലധികമോ തൊഴിലാളികൾ ക്രമപ്രകാരം കരാർ പ്രകാരമുള്ള നോട്ടീസ് നൽകാതെയോ അകാരണമായോ ജോലിയിൽനിന്നും മാറി നിന്നാൽ എട്ട് ദിവസം വരെയുള്ള വേതനം ആകെ വേതനത്തിൽ കുറയ്ക്കാവുന്നതാണെന്ന് നിയമത്തിന്റെ സെക്ഷൻ 20(2)-ലെ പ്രൊവിസോയിൽ വ്യക്തമാക്കിയിട്ടുണ്ട്. ജോലിസ്ഥലത്ത് ഹാജരാകുകയും പണിമുടക്കുമായി ബന്ധപ്പെട്ടോ മറ്റ് കാരണങ്ങളാലോ ജോലിയിൽ പ്രവേശിക്കുന്നതിന് വിസമ്മതം പ്രകടിപ്പിക്കുകയും ചെയ്താൽ ടി തൊഴിലാളി ജോലിയിൽനിന്ന് മാറിനിന്നതായി കണക്കാക്കാവുന്നതാണെന്നും നിയമത്തിൽ വിശദീകരിക്കുന്നു. നിയമം തൊഴിലാളി സൗഹൃദമാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതാണ്.

(സി) 1936-ലെ പേമെന്റ് ഓഫ് വേജസ് ആക്ട്, 1948-ലെ മിനിമം വേജസ് ആക്ട്, 1965-ലെ പേമെന്റ് ഓഫ് ബോണസ് ആക്ട്, 1976-ലെ ഈക്വൽ റമ്യൂണറേഷൻ ആക്ട് എന്നിവയെ സംയോജിപ്പിച്ച് കോഡ് ഓൺ വേജസ് ഇതിനോടകം പാർലമെന്റ് പാസ്സാക്കി അവതരിപ്പിച്ചിട്ടുണ്ട്.

ഇപ്പോൾ നിലവിൽ വന്നിട്ടുള്ള കോഡ് ഓൺ വേജസ് സംസ്ഥാന സർക്കാർ പരിശോധിച്ചുവരികയാണ്. ടി നിയമത്തിന്റെ കരട് ചട്ടങ്ങൾ, അഭിപ്രായം/ ആക്ഷേപങ്ങൾ അറിയിക്കുന്നതിലേയ്ക്കായി കേന്ദ്ര ഗവൺമെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമങ്ങളിൽ സംസ്ഥാന സർക്കാരുകൾക്ക് ചട്ടങ്ങൾ രൂപീകരിക്കാൻ നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ച് സംസ്ഥാന താൽപ്പര്യങ്ങൾക്കനുയോജ്യമായ രീതിയിൽ ചട്ടങ്ങൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

**പ്ലാന്റേഷൻ നയം**

247 (4616) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് പ്ലാന്റേഷൻ നയം ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നയം നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. തോട്ടം മേഖലയുടെ സമഗ്ര പുരോഗതിക്കായി പ്ലാന്റേഷൻ നയം രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കരട് പ്ലാന്റേഷൻ നയം സർക്കാരിന്റെ പരിഗണനയിലാണ്.

**ക്ഷേമനിധി ബോർഡുകളുടെ സംയോജനം**

248(4617) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ അംഗത്വത്തിന്റെയും സാമ്പത്തിക സ്ഥിതിയുടെയും അടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ശാക്തീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളുടെ വിവരങ്ങൾ സമ്പൂർണ്ണമായി ഡിജിറ്റൈസ് ചെയ്ത് അംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(സി) വിവിധ ക്ഷേമനിധി പദ്ധതികളിലെ അംശദായം അടയ്ക്കുന്നതിനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും ഏകജാലക സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്. സമാനസ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ഏകീകരിച്ച് ശാക്തീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

(ബി) ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളുടെ വിവരങ്ങൾ സമ്പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്ത് അംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യാനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ക്ഷേമനിധി ബോർഡുകളിലെ അംശദായം ഒടുക്കലും ആനുകൂല്യ വിതരണവും ഏകീകൃത സോഫ്റ്റ്വെയർ സംവിധാനത്തിലാക്കി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിനുമുന്നോടിയായി - അംഗത്വം ഇരട്ടിപ്പിക്കൽ ഒഴിവാക്കി രജിസ്ട്രേഷൻ നടപടികൾ സുതാര്യമാക്കുന്നതിന് AIIS സോഫ്റ്റ്വെയർ മുഖേന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ

249 (T4618) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുവാൻ സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം നിയോഗിച്ച പ്രൊഫ. ജഗദീപ് പ്രസാദ് കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ നവീകരിക്കുന്നതിന് സംസ്ഥാന സർക്കാർ മാർഗ്ഗരേഖയോ നിയമനിർമ്മാണമോ നടത്തണമെന്ന് പ്രസ്തുത കമ്മിറ്റി ശിപാർശ നൽകിയിരുന്നോ; എങ്കിൽ ഇത് പ്രകാരം സംസ്ഥാനത്ത് സ്വീകരിച്ച നടപടി എന്താണ്;

(സി) അൻപതിൽ താഴെ കിടക്കകളുള്ള ആശുപത്രികളിലെ നഴ്സുമാർക്ക് പ്രതിമാസം ഇരുപതിനായിരം രൂപയെങ്കിലും ശമ്പളം നൽകണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുവാൻ സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം നിയോഗിച്ച പ്രൊഫ. ജഗദീപ് പ്രസാദ് കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ താഴെപ്പറയുന്നു.

1. 200 കിടക്കകളിൽ കൂടുതലുള്ള സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് സർക്കാർ നഴ്സുമാരുടെ വേതനത്തിന് തുല്യമായ തുക കൂലിയായി നൽകണം.
2. 100 മുതൽ 200 വരെ കിടക്കകളുള്ള സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് സർക്കാർ നഴ്സുമാരുടെ വേതനത്തിന്റെ 10% കുറച്ച തുക നൽകണം.
3. 200 മുതൽ 300 വരെ കിടക്കകളുള്ള സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് സർക്കാർ നഴ്സുമാരുടെ വേതനത്തിന്റെ 25% കുറച്ച തുക നൽകണം.
4. 50 കിടക്കകളിൽ കുറഞ്ഞ ആശുപത്രികളിലെ നഴ്സ്മാർക്ക് 20,000 രൂപ മിനിമം വേതനം നൽകണം.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) നൽകിയിരുന്നു. 1960-ലെ കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമം, 1948-ലെ മിനിമം വേതന നിയമം, 1936-ലെ പേമെന്റ് ഓഫ് വേജസ് നിയമം, മെറ്റേണിറ്റി ബെനിഫിറ്റ് നിയമം തുടങ്ങി എല്ലാ തൊഴിൽ നിയമങ്ങളും നഴ്സിംഗ് ജീവനക്കാർക്കും ബാധകമാകയാൽ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ നവീകരിക്കുന്നതിന് മാത്രമായി സംസ്ഥാന ഗവൺമെന്റ് നിയമ നിർമ്മാണമോ മാർഗ്ഗരേഖയോ പുറപ്പെടുവിച്ചിട്ടില്ല.

(സി) അൻപതിൽ താഴെ കിടക്കകളുള്ള ആശുപത്രികളിലെ നഴ്സുമാർക്ക് പ്രതിമാസം ഇരുപതിനായിരം രൂപ ശമ്പളം നൽകണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് അലവൻസുകളടക്കം ഏറ്റവും കുറഞ്ഞ കൂലി ഇരുപതിനായിരം രൂപയായി നിജപ്പെടുത്തിക്കൊണ്ട് 2018 ഏപ്രിൽ 23-ലെ സ.ഉ. (അച്ചടി) നമ്പർ 33/2018/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം സർക്കാർ മിനിമം വേതന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**കലാമിറ്റി റിലീഫ് തുക വിതരണം വേഗത്തിലാക്കാൻ നടപടി**

250 (4619) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അംഗങ്ങൾക്ക് നൽകുന്ന കലാമിറ്റി റിലീഫ് തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം 31-10-2019 വരെ വർദ്ധിപ്പിച്ച തുക എത്ര പേർക്ക് വിതരണം ചെയ്തു; ഇനി എത്ര പേർക്ക് തുക നൽകുവാനുണ്ട്; അറിയിക്കുമോ;

(സി) ഇക്കാര്യത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കി അപേക്ഷിച്ച എല്ലാവർക്കും വർദ്ധിപ്പിച്ച തുക അടിയന്തരമായി അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്, കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് അൺ അറ്റാച്ഡ് വിഭാഗം തൊഴിലാളികൾക്ക് 31-1-2018 പ്രാബല്യത്തിൽ 10,000 രൂപയിൽനിന്ന് 20,000 രൂപയായി കലാമിറ്റി റിലീഫ് തുക വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രകൃതി ദുരന്തംമൂലം വാസസ്ഥലത്തിന് നഷ്ടം സംഭവിച്ചാൽ ശരാശരി മാസവേതനത്തിന്റെ 3 ഇരട്ടിയോ വില്ലേജ് ഓഫീസർ തയ്യാറാക്കിയ നാശനഷ്ടത്തിന്റെ തുകയോ 20,000 രൂപയോ

ഏതാണോ കുറവ്, ആ തുക ആശ്വാസ ധനസഹായമായി നൽകാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയത് ലഭിക്കേണ്ട അർഹതാ മാനദണ്ഡം 3 വർഷത്തെ സേവനദൈർഘ്യവും 1 വർഷം 160 ദിവസത്തെ ഹാജരും ജനറൽ വെൽഫയർ ഫണ്ട് മുടക്കം കൂടാതെ അടച്ചിരിക്കുകയും വേണം എന്നതാണ്.

(ബി) 2018-ലെ മഹാ പ്രളയത്തിന്റെ ഗൗരവം കണക്കിലെടുത്ത് മേൽ വ്യവസ്ഥകൾ നോക്കാതെ വീടിനകത്ത് വെള്ളം കയറി എന്നുള്ള വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം ആകെ ലഭിച്ച 986 അപേക്ഷയിൽ 983 പേർക്ക് 10,000 രൂപ വീതവും 2 പേർക്ക് 20,000 രൂപ വീതവും ഒരാൾക്ക് 17,300 രൂപയും വിതരണം ചെയ്തിട്ടുണ്ട്. ആകെ ലഭിച്ച 986 അപേക്ഷയിൽ മൊത്തം 98,87,300 രൂപ വിതരണം പൂർത്തിയാക്കിയിട്ടുള്ളതാണ്.

(സി) കലാമിറ്റി റിലീഫ് തുക വിതരണത്തിൽ കാലതാമസമുണ്ടായിട്ടില്ല.

## ഖാദി തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ

251 (4620) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഭേദഗതി നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. പ്രസ്തുത ഭേദഗതി നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

## ബോണ്ടഡ് ലേബർ സിസ്റ്റം അബോളിഷൻ ആക്ട്

252 (4621) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1976 -ലെ ബോണ്ടട് ലേബർ സിസ്റ്റം അബോളിഷൻ ആക്ട് പ്രകാരം രാജ്യത്ത് അടിമവേലയും നിർബന്ധിത ജോലിയും നിരോധിച്ചുവെങ്കിലും പുതിയ രീതിയിൽ അടിമ വേലക്ക് സമാനമായ തൊഴിൽ സാഹചര്യങ്ങൾ സംസ്ഥാനത്ത് നിലനിൽക്കുന്നുവെന്നത് വസ്തുതയാണോ;

(ബി) ഇതുസംബന്ധിച്ച് തൊഴിൽ വകുപ്പ് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത സർവ്വേ നടത്തിയത്;

(സി) സംസ്ഥാനത്ത് ബോണ്ടട് ലേബർ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നില്ലായെന്നത് അടിമപ്പണിയില്ലായെന്നതിന്റെ തെളിവല്ലായെന്നതും ഇക്കാര്യത്തിൽ പരിശോധന നടത്തണമെന്നുമുള്ള ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് ബോണ്ടഡ് ലേബറേഴ്സിനെ കണ്ടെത്തുന്നതിനായി സർവ്വേ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന് Kerala Institute of Labour and Employment (KILE) എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) ഉണ്ട്. കേരളത്തിൽ 2016-17 കാലയളവിൽ വയനാട്, കണ്ണൂർ ജില്ലകളിൽനിന്നും കണ്ടെത്തിയ 16 ബോണ്ടഡ് ലേബറേഴ്സിനെ മോചിപ്പിക്കുകയും അടിയന്തര ധനസഹായം എന്ന നിലയിൽ 20,000 രൂപ വീതം ഓരോരുത്തർക്കും നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശാനുസരണം ജില്ലകളിൽ കളക്ടർമാർ ചെയർമാൻമാരായും ജില്ലാ ലേബർ ഓഫീസർമാർ കൺവീനർമാരായും വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി അടിമവേല സംബന്ധിച്ച് പരിശോധനകൾ നടത്തുകയും ആയത് കണ്ടെത്തുന്ന പക്ഷം നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

**തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ**

253 (4622) <u>ശ്രീ. പി. ടി. തോമസ്</u>:
<u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നിയമങ്ങളിൽ കേന്ദ്ര സർക്കാർ കാതലായ മാറ്റങ്ങൾ കൊണ്ടുവരുമ്പോൾ സംസ്ഥാനത്ത് തൊഴിലാളികളുടെ അവകാശം

സംരക്ഷിക്കുന്നതിനും തൊഴിലാളികളും തൊഴിലുടമകളുമായുള്ള പ്രശ്നങ്ങൾ രമ്യതയിൽ പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഈ സർക്കാർ കൊണ്ടുവന്ന നടപടികൾ വിശദമാക്കുമോ;

(സി) തൊഴിൽ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയതുമൂലം തൊഴിൽ ദിനങ്ങൾ നഷ്ടമായതിന്റെ വിശദാംശം വ്യക്തമാക്കുമോ; 2018-ൽ 2017-നെ അപേക്ഷിച്ച് തൊഴിൽ ദിനങ്ങൾ ഇപ്രകാരം നഷ്ടമായത് കുറഞ്ഞിട്ടുണ്ടോ;

(ഡി) വ്യവസായശാലകളിലെ അപകടങ്ങൾ കുറച്ചുകൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1936-ലെ പേമെന്റ് ഓഫ് വേജസ് ആക്ട്, 1948-ലെ മിനിമം വേതന നിയമം, 1965-ലെ പേമെന്റ് ഓഫ് ബോണസ് നിയമം, 1976-ലെ ഈക്വൽ റമ്യൂണറേഷൻ നിയമം എന്നീ നാല് നിയമങ്ങൾ കോഡ് ഓൺ വേജസ് നിലവിൽ വരുമ്പോൾ റദ്ദാക്കപ്പെടുന്നുണ്ട്. എന്നാൽ ഇപ്രകാരം റദ്ദാക്കപ്പെട്ട നിയമങ്ങൾ പ്രകാരമുള്ള നോട്ടിഫിക്കേഷനുകൾ, നോമിനേഷനുകൾ, നിയമനം, ഉത്തരവുകൾ, നിർദ്ദേശങ്ങൾ, പ്രസ്തുത നിയമങ്ങൾ പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വേതനം എന്നിവ കോഡ് ഓൺ വേജസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്തിടത്തോളം ഈ നിയമത്തിലെ സമാന വ്യവസ്ഥകൾക്കുവേണ്ടി രൂപീകരിക്കപ്പെട്ടതായി തന്നെ തുടരുന്നതാണ്. പാർലമെന്റ് പാസ്സാക്കുന്ന തൊഴിൽ നിയമങ്ങൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് ബാദ്ധ്യതയുണ്ട്. എന്നാൽ ടി നിയമങ്ങളിൽ സംസ്ഥാന സർക്കാരുകൾക്ക് ചട്ടങ്ങൾ രൂപീകരിക്കാൻ നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ച് സംസ്ഥാന താല്പര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ചട്ടങ്ങൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് വ്യവസായ മേഖലയിൽ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിന് വ്യത്യസ്ത വ്യവസായ മേഖലകളിലായി തൊഴിലാളി/ തൊഴിലുടമാ പ്രതിനിധികളും സർക്കാർ പ്രതിനിധിയും അടങ്ങുന്ന വ്യവസായബന്ധ സമിതികൾ പ്രവർത്തിച്ചുവരുന്നു. ഇപ്രകാരം സംസ്ഥാനത്ത് കയർ, കാഷ്യു, കള്ള്, ടെക്സ്റ്റൈൽ, പത്രപ്രവർത്തനം, സ്വകാര്യ ആശുപത്രി, തോട്ടം, സപ്ലൈകോ, മോട്ടോർ, കുട്ടനാട്-കാർഷികമേഖല, പാചകവാതക വിതരണം എന്നീ

മേഖലകളിൽ നിലവിൽ 11 വ്യവസായ ബന്ധസമിതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി വ്യവസായ ബന്ധസമിതിയിൽ ഉൾപ്പെട്ട തൊഴിൽ മേഖലകളെ സംബന്ധിച്ചും തൊഴിലാളികളുമായും ബന്ധപ്പെട്ട പൊതുവായ വിവിധ വിഷയങ്ങൾ സംബന്ധിച്ചും വ്യവസായ ബന്ധസമിതിയിൽ ചർച്ച ചെയ്ത് പരിഹരിക്കപ്പെടുകയും പരിഹരിക്കാൻ സാധിക്കാത്ത വിഷയങ്ങൾ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നു. ടെക്സ്റ്റൈൽ വ്യവസായ മേഖലയിലെ തൊഴിലാളികളുടെയും കാഷ്യൂ ഫാക്ടറിയിലെ തൊഴിലാളികൾ/ജീവനക്കാർ എന്നിവരുടെയും കയർ ഫാക്ടറി തൊഴിലാളികളുടെയും വേതന പരിഷ്കരണം അതത് വ്യവസായ ബന്ധസമിതിയിലുണ്ടാകുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കപ്പെടുന്നത്. കൂടാതെ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിജ്ഞാപനം ചെയ്തുവരുന്നു. കാഷ്യൂ, കയർ മേഖലകളിലെ തൊഴിലാളികളുടെ ബോണസ്സ്, ടെക്സ്റ്റൈൽ വ്യവസായ മേഖലയിലെ അറ്റൻഡൻസ് ഇൻസെന്റീവ് എന്നിവയും വ്യവസായ ബന്ധസമിതിയിലെ തീരുമാനത്തിൽ നിശ്ചയിക്കപ്പെടുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പിനുകീഴിലെ ക്ഷേമനിധി ബോർഡുകൾവഴി നൽകിവരുന്ന ക്ഷേമ പെൻഷൻ 600 രൂപയിൽനിന്ന് 1200 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് ആനുകൂല്യ ഇനത്തിൽ നൽകി വരുന്ന ധനസഹായത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷയും ജീവിത സുരക്ഷയും ഉറപ്പു വരുത്തുന്നതിന് ആവാസ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിൽ അംഗങ്ങളായ ഇതര സംസ്ഥാന തൊഴിലാളികൾക്ക് ചികിത്സാ ചെലവ് 25,000 രൂപ (പ്രതിവർഷം) അപകട മരണം 2,00,000 രൂപ, അപകടത്തിൽ സംഭവിക്കുന്ന അംഗവൈകല്യം-1,00,000 രൂപ എന്നിങ്ങനെ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. അപകടത്തിൽ മരിച്ച ഇതര സംസ്ഥാന തൊഴിലാളിയുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാർക്ക് അനുവദിച്ചിട്ടുള്ള റിവോൾവിംഗ് ഫണ്ടിൽനിന്ന് പരമാവധി 50,000 രൂപ വരെ ധനസഹായം നൽകിവരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമാക്കി തൊഴിൽ വകുപ്പ് മുഖേന മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്യാമ്പും സംഘടിപ്പിക്കുന്നതിന് പ്രതിവർഷം 50 ലക്ഷം രൂപ വിനിയോഗിക്കുന്നുണ്ട്.

(സി)

| | നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ | |
|---|---|---|
| | 2017 | 2018 |
| സ്ട്രൈക്ക് | 1,41,120 | 1,46,696 |
| ലോക്ക്ഔട്ട് | 6,08,789 | 5,93,546 |
| ലേ-ഓഫ് | 5,28,930 | 4,73,044 |

സ്ട്രൈക്ക് മുഖേന 2017-നെക്കാൾ 5,576 തൊഴിൽ ദിനങ്ങൾ 2018-ൽ കൂടുതൽ നഷ്ടപ്പെട്ടിട്ടുണ്ട്. ലോക്ക്ഔട്ട് മൂലം 2017-നെ അപേക്ഷിച്ച് 2018-ൽ 15,243 തൊഴിൽ ദിനങ്ങളും ലേ-ഓഫ് മുഖേന 2017-നെ അപേക്ഷിച്ച് 2018-ൽ 55,886 തൊഴിൽ ദിനങ്ങളും കുറച്ച് മാത്രമേ നഷ്ടപ്പെട്ടിട്ടുള്ളൂ.

(ഡി) ഉണ്ട്. സംസ്ഥാനത്ത് തൊഴിൽ ശാലകളിലുണ്ടായ അപകടങ്ങൾമൂലം 2017-ൽ 16 പേർക്കും 2018-ൽ 24 പേർക്കും 2019-ൽ (നാളിതുവരെ) 20 പേർക്കും ജീവൻ ഷ്ടപ്പെട്ടിട്ടുണ്ട്. 2017-ൽ അപകടങ്ങൾമൂലം 236 പേർക്കും 2018-ൽ 145 പേർക്കും 2019-ൽ (നാളിതുവരെ) 128 പേർക്കും ഗുരുതരമായതോ അല്ലാത്തതോ ആയ പരിക്കുകൾ പറ്റിയിട്ടുണ്ട്. തൊഴിൽശാലകളിലെ അപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനായി സംസ്ഥാനമൊട്ടാകെ 2017 വർഷത്തിൽ 2550 തൊഴിലാളികൾക്കും 2018-ൽ 3750 തൊഴിലാളികൾക്കും തൊഴിൽ സുരക്ഷിതത്വ ബോധവൽക്കരണ പരിശീലനം സുരക്ഷാരഥം എന്ന മൊബൈൽ പരിശീലന വാഹനം ഉപയോഗിച്ച് നൽകിയിട്ടുണ്ട്. കൂടാതെ മേഖലാ പരിശീലന കേന്ദ്രങ്ങൾ വഴി തൊഴിലാളികൾക്ക് അവർ ചെയ്യുന്ന ജോലിയുമായി ബന്ധപ്പെട്ട സുരക്ഷിതത്വ പരിശീലനം 2017-ൽ 1743 തൊഴിലാളികൾക്കും 2018-ൽ 2499 തൊഴിലാളികൾക്കും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ തൊഴിൽശാലകളിലെ വർഷംതോറുമുള്ള പരിശോധന കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വെബ് എനേബിൾഡ് റിസ്ക് വെയിറ്റഡ് ഇൻസ്പെക്ഷൻ സ്കീം (WERIS) മുഖേന ഇൻസ്പെക്ടർമാർ പരിശോധന നടത്തുകയും നിയമ ലംഘനം കണ്ടെത്തുന്ന തൊഴിൽ ശാഖകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വെബ് എനേബിൾഡ് റിസ്ക്വെയിറ്റഡ് ഇൻസ്പെക്ഷൻ സ്കീം എന്ന സംവിധാനം ഉപയോഗിച്ച് അപകട സാധ്യത കൂടിയ തൊഴിൽശാലകളിൽ വർഷത്തിൽ ഒരു തവണയെങ്കിലും ഇൻസ്പെക്ടർമാർ കർശനമായും പരിശോധന നടത്തിവരുന്നു. തൊഴിലാളികൾക്ക് നൽകിയ പരിശീലന പരിപാടികളിലൂടെയും അപകട സാധ്യത കൂടിയ തൊഴിൽശാലകളിൽ വർഷംതോറും നടത്തുന്ന കർശനമായ പരിശോധനകളുടെയും ഫലമായും കേരളത്തിൽ തൊഴിൽ അപകട നിരക്ക് കുറച്ചുകൊണ്ടു വരാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്.

## ടെക്സ്റ്റയിൽസ് ജീവനക്കാർക്ക് ഇരിപ്പിട സൗകര്യം

254 (4623) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെക്സ്റ്റയിൽസ് ജീവനക്കാർക്ക് ഇരിപ്പിടം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന നിയമം നിലവിൽ വന്നുവെങ്കിലും പല സ്ഥാപനങ്ങളിലും ഇപ്പോഴും തൊഴിലാളികൾക്ക് ഈ അവകാശം നിഷേധിക്കുന്ന സാഹചര്യമുണ്ടോ;

(ബി) ഈ വർഷം തൊഴിൽ വകുപ്പ് സംസ്ഥാന വ്യാപകമായി ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര നിയമലംഘനങ്ങളാണ് കണ്ടെത്തിയതെന്ന് അറിയിക്കുമോ;

(സി) അവർക്കെതിരെ എന്ത് നിയമ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇരിപ്പിട സൗകര്യം ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) തിരുവനന്തപുരം, പാലക്കാട്, ഇടുക്കി ജില്ലകളിൽ വിവിധ സ്ഥാപനങ്ങളിൽ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ നിയമ ലംഘനങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. കൊല്ലം ജില്ലയിൽ 87 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ 6 എണ്ണത്തിലും ആലപ്പുഴ ജില്ലയിൽ 80 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ 8 എണ്ണത്തിലും പത്തനംതിട്ട ജില്ലയിൽ 2 സ്ഥാപനങ്ങളിലും നിയമ ലംഘനം കണ്ടെത്തുകയുണ്ടായി. നിയമ ലംഘനം ശ്രദ്ധയിൽപ്പെട്ട കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി അപാകത പരിഹരിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിൽ വസ്ത്രവ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ 13 സ്ഥാപനങ്ങളിലും എറണാകുളം ജില്ലയിൽ 75 സ്ഥാപനങ്ങളിലും തൃശ്ശൂർ ജില്ലയിൽ 19 സ്ഥാപനങ്ങളിലും നിയമ ലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ നിയമലംഘനം കണ്ടെത്തിയ 13 സ്ഥാപനങ്ങൾക്ക് പരിശോധനാ കുറിപ്പും കാരണം കാണിക്കൽ നോട്ടീസും നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. എറണാകുളം ജില്ലയിൽ നിയമ ലംഘനങ്ങൾ കണ്ടെത്തിയ 75 സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖാന്തരം കർശന നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 72 സ്ഥാപനങ്ങൾ നിയമലംഘനങ്ങൾ

പരിഹരിച്ചിട്ടുള്ളതും പരിഹരിക്കാത്ത 3 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ നിയമ ലംഘനങ്ങൾ കണ്ടെത്തിയ 19 സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖാന്തരം കർശന നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 16 സ്ഥാപനങ്ങൾ നിയമ ലംഘനങ്ങൾ പരിഹരിച്ചിട്ടുള്ളതും ആയത് പരിഹരിക്കാത്ത 3 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

2019-ൽ നാളിതുവരെ കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ അധികാര പരിധിയിൽ ഇരിപ്പിട സൗകര്യം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നടത്തിയ സ്ക്വാഡ് പരിശോധനയിൽ കോഴിക്കോട് ജില്ലയിൽ 66 സ്ഥാപനങ്ങൾ പരിശോധിച്ചതിൽ 19 സ്ഥാപനങ്ങളിലും മലപ്പുറം ജില്ലയിൽ 29 സ്ഥാപനങ്ങൾ പരിശോധിച്ചതിൽ 7 സ്ഥാപനങ്ങളിലും കണ്ണൂർ ജില്ലയിൽ 11 സ്ഥാപനങ്ങൾ പരിശോധിച്ചതിൽ 3 സ്ഥാപനങ്ങളിലും കാസർഗോഡ് ജില്ലയിൽ 51 സ്ഥാപനങ്ങൾ പരിശോധിച്ചതിൽ 32 സ്ഥാപനങ്ങളിലും വയനാട്ടിൽ 17 സ്ഥാപനങ്ങളിലും നിയമലംഘനം കണ്ടെത്തിയിട്ടുണ്ട്. നിയമലംഘനം കണ്ടെത്തിയ 78 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ആയത് പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

## തൊഴിലാളികൾക്കുള്ള മിനിമം വേതനം

255 (4624) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിലാളികൾക്കു വേണ്ടി മിനിമം വേതനം നടപ്പാക്കി വരുന്നത് എല്ലാ മേഖലകളിലും പൂർത്തീകരിച്ചോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാലാവധി പൂർത്തിയായ 32 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയതായി 4 മേഖലകളിലും മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കാലാവധി പൂർത്തിയായ മറ്റ് 40 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പുതുതായി മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയ 4 മേഖലകളിൽകൂടി മിനിമം വേതനം നിശ്ചയിക്കാനുണ്ട്. 4 മേഖലകളിൽ കാലാവധി പൂർത്തിയാവാത്തതിനാൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള സഹായങ്ങൾ

256 (4625) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ/സഹായങ്ങൾ സർക്കാർ നൽകുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് വെച്ച് മരണപ്പെടുന്ന പ്രസ്തുത തൊഴിലാളികളുടെ മൃതദേഹം നാട്ടിലെത്തിക്കാൻ സർക്കാർ സാമ്പത്തിക സഹായമോ വാഹന സൗകര്യമോ നൽകുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളാകുന്ന കേസ്സുകളുടെ എണ്ണം പെരുകിവരുന്ന സാഹചര്യത്തിൽ അവർക്കിടയിൽ ഏതെങ്കിലും തരത്തിലുള്ള ബോധവൽക്കരണ പരിപാടി നടത്തുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം നിലവിലുണ്ടായിരുന്ന 15000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് 25000 രൂപയായി ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സകൂടി ഉൾപ്പെടുത്തിക്കൊണ്ടും അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റൊരാനുകൂല്യം.

ഇതര സംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്ന 'അപ്നാഘർ' പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഹോസ്റ്റൽ മാതൃകയിലുള്ള പാർപ്പിട സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കി താമസക്കാർക്കായി അനുവദിച്ചുനൽകിയിട്ടുണ്ട്. 620 തൊഴിലാളികൾ നിലവിൽ ഇവിടെ താമസിച്ചുവരുന്നു. ഈ മാതൃകയിൽ പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലും സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

ഇതര സംസ്ഥാനങ്ങളിൽനിന്ന് വന്ന് പ്രവൃത്തിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേയ്ക്കായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം മരണാനന്തര ആനുകൂല്യം, അപകടമരണ ധനസഹായം, ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള സഹായം, ചികിത്സാ ധനസഹായം, ടെർമിനൽ ബെനിഫിറ്റ്, പ്രസവ ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം തുടങ്ങിയ ആനുകൂല്യങ്ങളും നൽകിവരുന്നു.

സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുമുണ്ട്. തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ 'ശ്രമിക് ബന്ധു' എന്ന പേരിൽ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഫെസിലിറ്റേഷൻ സെന്റർ ഈ മാസം പ്രവർത്തനമാരംഭിക്കും.

(ബി) സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന എല്ലാ ഇതര സംസ്ഥാന തൊഴിലാളികളുടെയും ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിന് വേണ്ടിവരുന്ന ചെലവിലേയ്ക്ക് അംഗത്തിന്റെ അവകാശികൾക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ അല്ലെങ്കിൽ പരമാവധി 50,000 രൂപയോ ഏതാണ് കുറവ് അത് നൽകിവരുന്നുണ്ട്. തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർ മുഖേനയാണ് നടപ്പിലാക്കുന്നത്. ആയതിനുള്ള ചെലവ് വഹിക്കുന്നതിനായി കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽനിന്ന് റിവോൾവിംഗ് ഫണ്ട് രൂപീകരിച്ച് എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാർക്ക് അനുവദിച്ചിട്ടുണ്ട്.

(സി) തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ആരോഗ്യ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. ടി ക്ലാസ്സുകളിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിന് ഉതകുന്ന ബോധവത്കരണവും നടത്താറുണ്ട്.

## ആവാസ് പദ്ധതി

257 (4626) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവാസ് പദ്ധതിയിൽ ഇതിനകം എത്ര പേർ രജിസ്റ്റർ ചെയ്തു; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ മുപ്പത് ലക്ഷത്തിലധികം ഇതരസംസ്ഥാന തൊഴിലാളികൾ ഉണ്ടെങ്കിലും ആവാസ് പദ്ധതിയിലെ രജിസ്ട്രേഷൻ തദനുസൃതമായി വർദ്ധിക്കാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(സി) ആവാസ് പദ്ധതി നിർബന്ധമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് നിർബന്ധമാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 2017 നവംബർ മുതൽ 7-11-2019 വരെ 4,68,053 പേർ ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 4,43,870 പുരുഷൻമാരും 24,098 സ്ത്രീകളും ട്രാൻസ്ജെൻഡർ 85 പേരുമാണുള്ളത്.

(ബി) ഇതര സംസ്ഥാന തൊഴിലാളികൾ നിർബന്ധപൂർവ്വം അംഗമാകേണ്ട പദ്ധതിയായിട്ടല്ല നിലവിൽ ആവാസ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ അംഗീകരിച്ച ആധാർ, പാസ്പോർട്ട്, ഇലക്ഷൻ ഐ.ഡി., ഡ്രൈവിംഗ് ലൈസൻസ് തുടങ്ങിയ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിലാണ് രജിസ്ട്രേഷൻ നടന്നുവരുന്നത്. എല്ലാ ജില്ലകളിലും ആവാസിൽ എൻറോൾ ചെയ്യുന്നതിനായി വിപുലമായ പ്രചാരണവും എൻറോൾമെന്റ് ക്യാമ്പയിനുകളും സംഘടിപ്പിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വമനസ്സാലെയാണ് തൊഴിലാളികൾ മേൽപ്പറഞ്ഞ തിരിച്ചറിയൽ രേഖകളുമായി വന്ന് രജിസ്റ്റർ ചെയ്യുന്നത്. കൂടാതെ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ പ്രവർത്തിക്കുന്ന ഫെസിലിറ്റേഷൻ സെന്റർ മുഖേനയും രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നുണ്ട്. രജിസ്ട്രേഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് 16-7-2019 മുതൽ സംസ്ഥാനത്താകെ സ്പെഷ്യൽ ഡ്രൈവ് നടന്നുവരികയാണ്.

(സി) നിർബന്ധമാക്കിയിട്ടില്ല. നിർബന്ധമാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## മറുനാടൻ തൊഴിലാളികൾക്കുള്ള മരണാനന്തര ആനുകൂല്യം

258 (4627) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്തേയ്ക്ക് കൊണ്ടുപോകാൻ നടപ്പിലാക്കിയ പദ്ധതി പ്രകാരമുള്ള സഹായം ലഭിക്കാനായി പ്രത്യേക അപേക്ഷ നൽകേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ആർക്കാണ് നൽകേണ്ടത്; അറിയിക്കാമോ;

(ബി) കേരളത്തിന് പുറത്ത് വിവിധ സംസ്ഥാനങ്ങളിൽ തൊഴിൽ എടുത്തുവരുന്ന മലയാളികൾക്ക് ഏതെങ്കിലും സംസ്ഥാനത്ത് നിന്ന് ഇത്തരത്തിലുള്ള ആനുകൂല്യം ലഭ്യമാകുന്നതായി അറിവുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ ഫണ്ടിൽ നിന്നും റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ടി പദ്ധതിയിൽനിന്നും ധനസഹായം അനുവദിക്കുന്നതിന് ജില്ലാ ലേബർ ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. പ്രത്യേക അപേക്ഷ കൂടാതെ സ്വമേധയാതന്നെ ഇതര സംസ്ഥാന തൊഴിലാളികളുടെ മരണ വിവരം ലഭ്യമാകുമ്പോൾ ജില്ലാ ലേബർ ഓഫീസർമാർ ഭൗതിക ശരീരം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്.

(ബി) ഏതെങ്കിലും തരത്തിലുള്ള പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികൾ

259 (4628) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളിൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളായവർ എത്ര എന്നറിയിക്കാമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾ ഒരു വിഭാഗം വിവിധ രോഗങ്ങൾക്ക് അടിമകളും, രോഗം പരത്തുന്നവരുമാണ് എന്ന യാഥാർത്ഥ്യം പരിശോധിച്ചുവോ; എങ്കിൽ ഇവർക്ക് ആവശ്യമായ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്താനായി എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) ഇതര സംസ്ഥാന തൊഴിലാളികളിൽ പലരും മോഷണം ഉൾപ്പെടെയുള്ള ക്രിമിനൽ പ്രവൃത്തികൾക്ക് നേതൃത്വം നൽകൽ, ഭാഗമാകൽ എന്നിവയിൽ വ്യാപൃതരാകുന്നതും ആയത് വർദ്ധിച്ചുവരുന്നതുമായ വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതു തടയുവാൻ എന്ത് നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ 30-9-2019 വരെ 55517 പേർ അംഗങ്ങളായിട്ടുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി തൊഴിൽ വകുപ്പ് നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിൽ ഇവരുടെ പരിശോധനയും രോഗനിർണ്ണയവും നടത്തിവരുന്നുണ്ട്. രോഗനിർണ്ണയം നടത്തി തുടർ ചികിത്സ ആവശ്യമായ സാഹചര്യത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ആയത് ലഭ്യമാക്കുന്നുണ്ട്. ടി തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പുകൾക്കു പുറമേ ബോധവൽക്കരണ ക്ലാസ്സും തൊഴിലിടങ്ങളിലും വാസസ്ഥലങ്ങളിലും ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധനയും ആരോഗ്യ അവബോധം സൃഷ്ടിക്കുന്നതിന് പ്രചരണ ക്ലാസ്സും സംഘടിപ്പിച്ചുവരുന്നുണ്ട്. ടി തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷയും ജീവിത സുരക്ഷയും ഉറപ്പുവരുത്തുന്നതിന് സംസ്ഥാന സർക്കാർ ആവാസ് അഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലാളിക്ക് പ്രതിവർഷം 25,000 രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാകുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരം ആഭ്യന്തര വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

**തൊഴിൽ നിയമങ്ങൾ ഏകീകരിക്കുവാനുള്ള നീക്കം**

260 (4629) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദശാബ്ദങ്ങൾ നീണ്ട ത്യാഗപൂർണ്ണമായ പ്രവർത്തനത്തിലൂടെയും ശക്തമായ പ്രക്ഷോഭത്തിലൂടെയും തൊഴിലാളികൾ നേടിയെടുത്ത നിരവധി തൊഴിൽ നിയമങ്ങൾ ഏകീകരിക്കുവാനുള്ള കേന്ദ്ര നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വേതനം, സാമൂഹിക സുരക്ഷ, വ്യാവസായിക സുരക്ഷ, ക്ഷേമം തുടങ്ങിയ വിഭാഗങ്ങളിലായി നാൽപ്പത്തിനാല് നിയമങ്ങൾ ഏകോപിപ്പിച്ച് പുതിയ നിയമങ്ങൾ രൂപീകരിക്കുവാനുള്ള കേന്ദ്ര നീക്കം സംസ്ഥാനത്തെ തൊഴിലാളികളെയും തൊഴിൽ മേഖലയെയും എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതുസംബന്ധിച്ച സംസ്ഥാന സർക്കാർ നിലപാട് വ്യക്തമാക്കുമോ; പ്രസ്തുത നിലപാട് കേന്ദ്രത്തെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശിപാർശകൾക്കനുസൃതമായി രാജ്യത്തെ തൊഴിൽ നിയമങ്ങൾ നാല് ബൃഹത് നിയമ സംഹിതകളായി സമാഹരിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ട്. ലേബർ കോഡ് ഓൺ വേജസ്, ലേബർ കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ്, കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി &വെൽഫെയർ, കോഡ് ഓൺ ഒക്കുപ്പേഷണൽ സേഫ്റ്റി, ഹെൽത്ത് & വർക്കിംഗ് കണ്ടീഷൻസ് എന്നിവയാണ് പ്രസ്തുത നാല് നിയമങ്ങൾ. 1936-ലെ പേമെന്റ് ഓഫ് വേജസ് ആക്ട്, 1945-ലെ മിനിമം വേജസ് ആക്ട്, 1965-ലെ പേമെന്റ് ഓഫ് ബോണസ് ആക്ട്, 1976-ലെ ഈക്വൽ റമ്യൂണറേഷൻ ആക്ട് എന്നിവയെ സംയോജിപ്പിച്ച് കോഡ് ഓൺ വേജസ് ഇതിനോടകം പാർലമെന്റ് പാസ്സാക്കി അവതരിപ്പിച്ചിട്ടുണ്ട്. നിയമം നടപ്പിലാകുമ്പോൾ നിലവിലുള്ള തൊഴിൽ നിയമങ്ങളിലെ ഒട്ടുമിക്ക വ്യവസ്ഥകളും പുതിയ നിയമത്തിലും ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കാതലായ മാറ്റം/ വ്യത്യാസം ചില വ്യവസ്ഥകളിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം പേയ്മെന്റ് ഓഫ് ബോണസ് ആക്ട്, ബാധകത്വം ഇരുപതിൽ കൂടുതൽ തൊഴിലാളികൾ ഉള്ള സ്ഥാപനങ്ങൾക്ക് മാത്രമായി ചുരുങ്ങുമെന്നതാണ്. നിലവിലുണ്ടായിരുന്ന നിയമത്തിലും ഇത്തരത്തിലുള്ള ഒരു വ്യവസ്ഥ ഉണ്ടായിരുന്നെങ്കിലും ആയതിൽ ഭേദഗതി വരുത്തുവാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ടായിരുന്നു. സംസ്ഥാനത്ത് ഈ അധികാരം ഉപയോഗിച്ച് ഇതിൽ നിലവിൽ 10-ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. എന്നാൽ പുതിയ നിയമത്തിൽ സംസ്ഥാനങ്ങൾക്ക് ഈ വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിന് അധികാരം നൽകിയിട്ടില്ല. സംസ്ഥാന മിനിമം വേതന ഉപദേശക സമിതിയുടെ ഘടനയിലും പ്രവർത്തനത്തിലും കാര്യമായ വ്യത്യാസം പുതിയ നിയമത്തിന്റെ രൂപീകരണം അനിവാര്യമാക്കി തീർത്തിട്ടുണ്ട്.

പുതിയ നിയമപ്രകാരം തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന്റെ ചുമതല കൂടി ടി നിയമപ്രകാരം രൂപീകരിക്കുന്ന ഉപദേശക സമിതിയുടെ ചുമതലയാണ്. ഉപദേശക സമിതിയിലും കമ്മിറ്റികളിലും മൂന്നിലൊന്ന് സ്ത്രീ പ്രാതിനിധ്യം ടി നിയമം നിഷ്കർഷിക്കുന്നുണ്ട്. അതുപോലെ തൊഴിൽ നിയമ ലംഘനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള പിഴ ശിക്ഷ പ്രത്യേക ഉദ്യോഗസ്ഥരെ നിശ്ചയിച്ച് ഇളവുകൾ നൽകി തീർപ്പാക്കുന്നതിനുള്ള കോമ്പൗണ്ടിംഗ് അധികാരം സംബന്ധിച്ചും വ്യവസ്ഥയുണ്ട്. നിലവിലുള്ള ഇൻസ്പെക്ടർമാർക്ക് ഫെസിലിറ്റേറ്റർ എന്ന രീതിയിലുള്ള ചുമതല കൂടി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശിക്ഷകളിലും കാലാനുസൃതമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക് നിയോഗിച്ചിട്ടുള്ള അഞ്ചിൽ കൂടുതൽ എണ്ണം ഇല്ലാത്ത തൊഴിലാളികളെ സംബന്ധിക്കുന്ന രേഖകൾ തൊഴിലുടമ സൂക്ഷിക്കേണ്ടതില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ നിയമപ്രകാരമുള്ള ക്ലെയിം കേസ്സുകൾ തുക തൊഴിലാളിക്ക് നൽകിയിട്ടുണ്ട് എന്ന് തെളിയിക്കാനുള്ള ബാദ്ധ്യത തൊഴിലുടമയ്ക്കാണ്.

(സി) പാർലമെന്റ് പാസ്സാക്കിയ കോഡ് ഓൺ വേജസ് നിയമത്തിന്റെ കരട് ചട്ടങ്ങളും കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം ടി നിയമങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്ര ഗവൺമെന്റിനെ വിവിധ ഘട്ടങ്ങളിൽ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള ചട്ടങ്ങളെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി വരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്.

## കേന്ദ്രസർക്കാരിന്റെ തൊഴിൽ നിയമ പരിഷ്കാരങ്ങൾക്കെതിരെ നടപടി

261 (4630) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കുന്ന കേന്ദ്രസർക്കാരിന്റെ പുതിയ തൊഴിൽ നിയമ പരിഷ്കാരങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സംസ്ഥാനം കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുത്തുകയാണെങ്കിൽ അത് ഏതെല്ലാം രീതിയിലാണ് സംസ്ഥാനത്തെ ബാധിക്കുകയെന്ന് വിശദമാക്കാമോ;

(സി) കേന്ദ്രസർക്കാരിന്റെ തൊഴിൽ നിയമങ്ങൾക്ക് വിഭിന്നമായി തൊഴിലാളി സൗഹൃദ തൊഴിൽ നിയമങ്ങൾക്ക് സ്വതന്ത്രമായി രൂപം നൽകാൻ സംസ്ഥാന സർക്കാരുകൾക്ക് അധികാരമുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശിപാർശകൾക്കനുസൃതമായി രാജ്യത്തെ തൊഴിൽ നിയമങ്ങൾ നാല് ബൃഹത് നിയമ സംഹിതകളായി സമാഹരിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ട്. ലേബർ കോഡ് ഓൺ വേജസ്, ലേബർ കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ്, കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി &വെൽഫെയർ, കോഡ് ഓൺ ഒക്കുപ്പേഷണൽ സേഫ്റ്റി, ഹെൽത്ത് & വർക്കിംഗ് കണ്ടീഷൻസ് എന്നിവയാണ് പ്രസ്തുത നാല് നിയമങ്ങൾ. 1936-ലെ പേയ്മെന്റ് ഓഫ് വേജസ് ആക്ട്, 1945-ലെ മിനിമം വേജസ് ആക്ട്, 1965-ലെ പേയ്മെന്റ് ഓഫ് ബോണസ് ആക്ട്, 1976-ലെ ഈക്വൽ റമ്യൂണറേഷൻ ആക്ട് എന്നിവയെ സംയോജിപ്പിച്ച് കോഡ് ഓൺ വേജസ് ഇതിനോടകം പാർലമെന്റ് പാസ്സാക്കി അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിയമത്തിന്റെ കരട് ചട്ടങ്ങൾ അഭിപ്രായങ്ങളും ആക്ഷേപങ്ങളും അറിയിക്കുന്നതിനായി കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം ടി നിയമങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്ര ഗവൺമെന്റിനെ വിവിധ ഘട്ടങ്ങളിൽ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിൽ വന്നിട്ടുള്ള കോഡ് ഓൺ വേജസ് സംസ്ഥാന സർക്കാർ പരിശോധിച്ചു വരികയാണ്. കേന്ദ്ര ഗവൺമെന്റ് പാസ്സാക്കുന്ന നിയമങ്ങൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് ബാദ്ധ്യതയുണ്ട്. എന്നാൽ ടി നിയമങ്ങളിൽ സംസ്ഥാന സർക്കാരുകൾക്ക് ചട്ടങ്ങൾ രൂപീകരിക്കാൻ നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ച് സംസ്ഥാന താൽപ്പര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ചട്ടങ്ങൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിയമം നടപ്പിലാകുമ്പോൾ നിലവിലുള്ള തൊഴിൽ നിയമങ്ങളിലെ ഒട്ടുമിക്ക വ്യവസ്ഥകളും പുതിയ നിയമത്തിലും ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കാതലായ മാറ്റം/വ്യത്യാസം ചില വ്യവസ്ഥകളിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം പേയ്മെന്റ് ഓഫ് ബോണസ് ആക്ട്, ബാധകമാകുന്നത് ഇരുപതിൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങൾക്ക് മാത്രമായി ചുരുങ്ങുമെന്നതാണ്. നിലവിലുണ്ടായിരുന്ന നിയമത്തിലും ഇത്തരത്തിലുള്ള ഒരു വ്യവസ്ഥ ഉണ്ടായിരുന്നെങ്കിലും ആയതിൽ ഭേദഗതി വരുത്തുവാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ടായിരുന്നു. സംസ്ഥാനത്ത് ഈ അധികാരം ഉപയോഗിച്ച് ഇതിൽ നിലവിൽ 10-ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. എന്നാൽ പുതിയ നിയമത്തിൽ സംസ്ഥാനങ്ങൾക്ക് ഈ വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിന് അധികാരം നൽകിയിട്ടില്ല.

സംസ്ഥാന മിനിമം വേതന ഉപദേശക സമിതിയുടെ ഘടനയിലും പ്രവർത്തനത്തിലും കാര്യമായ വ്യത്യാസം പുതിയ നിയമത്തിന്റെ രൂപീകരണം അനിവാര്യമാക്കി തീർത്തിട്ടുണ്ട്. പുതിയ നിയമപ്രകാരം തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന്റെ ചുമതലകൂടി ടി നിയമപ്രകാരം രൂപീകരിക്കുന്ന ഉപദേശക സമിതിയുടെ ചുമതലയാണ്. ഉപദേശക സമിതിയിലും കമ്മിറ്റികളിലും മൂന്നിലൊന്ന് സ്ത്രീ പ്രാതിനിധ്യം ടി നിയമം നിഷ്കർഷിക്കുന്നുണ്ട്. അതുപോലെ തൊഴിൽ നിയമ ലംഘനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള പിഴ ശിക്ഷ പ്രത്യേക ഉദ്യോഗസ്ഥരെ നിയമിച്ച് ഇളവുകൾ നൽകി തീർപ്പാക്കുന്നതിനുള്ള കോമ്പൗണ്ടിംഗ് അധികാരം സംബന്ധിച്ചും വ്യവസ്ഥയുണ്ട്. നിലവിലുള്ള ഇൻസ്പെക്ടർമാർക്ക് ഫെസിലിറ്റേറ്റർ എന്ന രീതിയിലുള്ള ചുമതലകൂടി വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമലംഘനങ്ങൾക്കുള്ള ശിക്ഷകളിലും മാറ്റം വരുത്തിയിട്ടുണ്ട്. കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക് നിയോഗിച്ചിട്ടുള്ള അഞ്ചിൽ കൂടുതൽ എണ്ണം ഇല്ലാത്ത തൊഴിലാളികളെ സംബന്ധിക്കുന്ന രേഖകൾ തൊഴിലുടമ സൂക്ഷിക്കേണ്ടതില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ നിയമപ്രകാരമുള്ള ക്ലെയിം കേസ്സുകൾ തുക തൊഴിലാളിക്ക് നൽകിയിട്ടുണ്ടെന്ന് തെളിയിക്കാനുള്ള ബാദ്ധ്യത തൊഴിലുടമയ്ക്കാണ്.

(സി) കേന്ദ്ര ഗവൺമെന്റ് പാസ്സാക്കുന്ന നിയമങ്ങൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് ബാദ്ധ്യതയുണ്ട്. എന്നാൽ ടി നിയമങ്ങളിൽ സംസ്ഥാന സർക്കാരുകൾക്ക് ചട്ടങ്ങൾ രൂപീകരിക്കാൻ നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ച് സംസ്ഥാന താൽപ്പര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ചട്ടങ്ങൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

### ഇ.എസ്.ഐ.സംവിധാനം ശക്തിപ്പെടുത്താൻ നടപടി

262 (4631) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. സേവനം ഇതരമേഖലകളിലേയ്ക്ക് വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇ.എസ്.ഐ. സംവിധാനം ശക്തിപ്പെടുത്താനും ഫലപ്രദമായി നടപ്പാക്കാനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമിച്ച മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനെ ശാക്തീകരിക്കുവാൻ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഓരോ ഇ.എസ്.ഐ ആശുപത്രികളിലും ഡിസ്പെൻസറികളിലും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റി പുതുതായി രൂപീകരിച്ചിട്ടുണ്ട്.

ഇ.എസ്.ഐ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളിക്കും ആശ്രിതരായ കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ അംഗമാകുന്ന ദിവസം മുതൽ tie-up ആശുപത്രികളിൽ റീസണബിൾ മെഡിക്കൽ കെയർ വിഭാഗത്തിൽ ഉൾപ്പെടുത്തിയ സ്പെഷ്യാലിറ്റി ചികിത്സ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇ.എസ്.ഐ. ആശുപത്രികളിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് സുഗമമാക്കുന്നതിനും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമുകൾ കാലതാമസം കൂടാതെ കൈകാര്യം ചെയ്യുന്നതിനും ഒരു പ്രത്യേക സെൽ രൂപീകരിക്കുന്നതിന് ആശുപത്രി സൂപ്രണ്ടുമാർക്ക് അനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ 9 ഇ.എസ്.ഐ. ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഫീഡിംഗ് ഡിസ്പെൻസറികളിൽ നിന്നും ആശുപത്രി ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾക്ക് 5 ദിവസത്തേയ്ക്ക് ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഇ.എസ്.ഐ. ആശുപത്രികളിൽ ഫാർമസി ഔട്ട്ലെറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ആശുപത്രികളിൽ അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ഓട്ടോക്ലേവ് മെഷീൻ, ഓപ്പറേഷൻ ടേബിൾ ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടിപാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ സ്ഥാപിച്ചുവരുന്നുണ്ട്. 40 ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ ഇ.സി.ജി മെഷീൻ നൽകിയിട്ടുണ്ട്. ഫെറോക്ക് ഇ.എസ്.ഐ ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലബോറട്ടറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതിനായി 3 ലബോറട്ടറി ടെക്നീഷ്യൻമാരുടെ തസ്തിക അനുവദിച്ചു. എറണാകുളം ഇ.എസ്.ഐ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സൂപ്പർ

സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള റഫറൻസ് ഓൺലൈൻ വഴി നൽകുന്നുണ്ട്. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽനിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ഇ.എസ്.എ കോർപ്പറേഷന്റെ റേറ്റ് കോൺട്രാക്ടിലുൾപ്പെട്ടതും എന്നാൽ മരുന്ന് കമ്പനികൾ സമയത്ത് വിതരണം നടത്താത്തതുമായ 103 ഇനം അവശ്യ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ , കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ്, നീതി മെഡിക്കൽ സ്റ്റോർ മുതലായ സ്ഥാപനങ്ങളിൽനിന്ന് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കാൻസർ, കിഡ്നി സംബന്ധമായ അസുഖമുള്ള രോഗികൾക്ക് സ്പെഷ്യൽ ഇന്റന്റ് സ്വീകരിച്ച് റേറ്റ് കോൺട്രാക്ട് മുഖേനയും ക്വട്ടേഷൻ വഴിയും മരുന്ന് വിതരണം ചെയ്യുന്നു. കൂടാതെ സ്പെഷ്യൽ ഇന്റന്റ് വഴി ഇംപ്ലാന്റുകൾ, അപ്ലയൻസുകൾ എന്നിവയും വാങ്ങി വിതരണം ചെയ്യുന്നുണ്ട്. വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിയിൽ ഡ്രഗ് ടെസ്റ്റിംഗ് ലാബ് 2016-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പത്തു ജില്ലകളിലായി 14 നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ഭക്ഷണത്തിനുവേണ്ടി ഹരിത മിഷനുമായി ചേർന്ന് ആശുപത്രികളിൽ ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു. രോഗികൾക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിന് 4 ഇ.എസ്.ഐ. ആശുപത്രികളിൽ ഫുള്ളി ഓട്ടോമേറ്റഡ് ബയോകെമിസ്ട്രി അനലൈസറുകൾ സ്ഥാപിച്ചു. പേരൂർക്കട, ഫെറോക്ക് ഇ.എസ്.ഐ ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ടി ആശുപത്രികളിൽ പവർ ലോൻട്രി സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. രണ്ട് ആശുപത്രികളിൽ ഹെമറ്റോളജി അനലൈസറുകൾ സ്ഥാപിച്ചു.

2019-20 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഇ.എസ്.ഐ ആശുപത്രികളിൽ ഐ.സി.യു, മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ 5 ബെഡ് ഡയാലിസിസ് യൂണിറ്റ്, ഒളരിക്കര ഇ.എസ്.ഐ. ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റ് എന്നിവ ഉൾപ്പെടെ 10,17,68,550 രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. തോട്ടട ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സ നൽകുന്നതിന് 47 സ്വകാര്യ ആശുപത്രികളെയും രോഗനിർണ്ണയ സ്ഥാപനങ്ങളെയും എംപാനൽ ചെയ്തിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി 42 ആശുപത്രികളെയും 8 ഡയഗ്നോസ്റ്റിക് സെന്ററുകളെയും എംപാനൽ ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും ആയതിന്റെ പ്രവർത്തനത്തിന് 162 തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 6 ഡിസ്പെൻസറികൾക്കുള്ള പ്രവർത്തനാനുമതി മാത്രമേ ഇ.എസ്.ഐ കോർപ്പറേഷൻ നൽകിയിട്ടുള്ളൂ. ആയതിൽ കട്ടപ്പന, മുക്കം ഇ.എസ്.ഐ ഡിസ്പെൻസറികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇ.എസ്.ഐ ആശുപത്രികളിൽ ഒഴിവുണ്ടായിരുന്ന സ്പെഷ്യലിസ്റ്റ് തസ്തികകളിൽ സർവ്വീസ് ക്വാട്ടയിൽ പി.ജി. നേടിയ ഡോക്ടർമാരെ നിയമിക്കുകയും 3 ഒഴിവുകൾ ഒഴികെ എല്ലാം നികത്തുകയും ചെയ്തു. പി.എസ്.സി. വഴി നിയമനം ലഭിച്ച 94 പേർ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ആഫീസർമാരായി ജോലിയിൽ പ്രവേശിച്ചു.

### തോട്ടട ഇ.എസ്.ഐ. ആശുപത്രി വികസനം

263 (4632) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റിയായി ഉയർത്തുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാന സർക്കാരുമായി നിലവിലുള്ള കരാർ പ്രകാരം ഇ.എസ്.ഐ. കോർപ്പറേഷനാണ് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യം നൽകേണ്ടത്. തോട്ടട ഇ.എസ്.ഐ. ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തി കോർപ്പറേഷൻ നേരിട്ട് നടത്തണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കോർപ്പറേഷൻ പരിഗണിക്കുകയുണ്ടായില്ല. കേരളത്തിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ഉൾപ്പെടെ 3 ആശുപത്രികൾ കോർപ്പറേഷൻ നേരിട്ട് നടത്തുന്നുണ്ടെന്നും സംസ്ഥാന സർക്കാരിന് തോട്ടട ഇ.എസ്.ഐ. ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിന് താത്പര്യമുണ്ടെങ്കിൽ അങ്ങനെ ചെയ്യാവുന്നതാണെന്നും അറിയിക്കുകയുണ്ടായി. അതിനെ തുടർന്ന്

തോട്ടട ഇ.എസ്.ഐ. ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റിയായി ഉയർത്തുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കാർഡിയോളജി, നെഫ്രോളജി, ഓങ്കോളജി, ന്യൂറോളജി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാരുമായും 2-11-2019-ൽ സർക്കാർ തലത്തിൽ ചർച്ച നടത്തുകയും മൂന്നുമാസത്തിനകം വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) സമർപ്പിക്കുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## തോട്ടം തൊഴിലാളികളുടെ മിനിമം വേതനം

264(4633) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പരിഷ്കരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മേഖലയിലെ മിനിമം വേതനം അവസാനമായി പുതുക്കിയത് എന്നാണെന്ന് വെളിപ്പെടുത്താമോ;

(സി) മിനിമം വേതനം പുതുക്കി നിശ്ചയിക്കുവാൻ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടോ; എങ്കിൽ എന്ന് ചേർന്നുവെന്നും പ്രസ്തുത യോഗത്തിലെടുത്ത തീരുമാനം എന്തെന്നും വ്യക്തമാക്കുമോ;

(ഡി) തോട്ടം മേഖലയിൽ നിലനിൽക്കുന്ന അരക്ഷിതാവസ്ഥയുടെ സാഹചര്യത്തിൽ മിനിമം വേതനം അടിയന്തരമായി പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) 17-5-2016- ലെ സ.ഉ. (അച്ചടി) നമ്പർ 76/2016/തൊഴിൽ പ്രകാരം തോട്ടം മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം 1-7-2015 മുതൽ മുൻകാല പ്രാബല്യത്തോടെ പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. മേൽ പ്രകാരം നിശ്ചയിച്ച മിനിമം വേതനം പുതുക്കി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൊഴിലാളി യൂണിയനുകൾ

ലഭ്യമാക്കിയ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി നിരവധി യോഗങ്ങൾ ക്രമീകരിച്ച് ടി വിഷയം ചർച്ച ചെയ്തുവെങ്കിലും മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായുള്ള ധാരണയിലെത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല.

(സി) തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി തൊഴിലാളി യൂണിയനുകൾ ലഭ്യമാക്കിയ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ 7-2-2018-ലെ പ്ലാന്റേഷൻ ലേബർ കമ്മിറ്റി മിനിമം വേതന പരിഷ്കരണം സംബന്ധിച്ച വിഷയം ചർച്ച ചെയ്യുകയും തുടർന്ന് തൊഴിലാളി യൂണിയനുകളുടെ സംയുക്ത ഫെഡറേഷൻ ലഭ്യമാക്കിയ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ 7-3-2018-ലെ യോഗം ആയത് ചർച്ച ചെയ്ത് തൊഴിലുടമാ പ്രതിനിധികളുടെ അഭിപ്രായം അറിയിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ടി ഡിമാന്റിൻമേൽ തൊഴിലുടമാ പ്രതിനിധികൾ ലഭ്യമാക്കിയ അഭിപ്രായത്തിന്റെകൂടി അടിസ്ഥാനത്തിൽ ടി വിഷയത്തിന്മേൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ഇതിനകം 10 യോഗങ്ങൾ ചേർന്ന് ചർച്ച ചെയ്തുവെങ്കിലും വേതന പരിഷ്കരണം സംബന്ധിച്ച് ഒരു സമവായത്തിലെത്തിച്ചേരാൻ കഴിഞ്ഞില്ല. എന്നിരുന്നാലും സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് 27-2-2019-ൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ പ്രതിദിനം 50 രൂപ ഇടക്കാലാശ്വാസം നൽകുവാൻ തീരുമാനിച്ച് കരാർ ഉണ്ടാക്കിയിട്ടുണ്ട്. തോട്ടം മേഖലയിലെ മിനിമം വേതന പരിഷ്കരണം ചർച്ച ചെയ്യുന്നതിനായി പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ അടുത്ത യോഗം 14-11-2019-ൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വീണ്ടും ചേരുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പുതുക്കി നിശ്ചയിച്ച മിനിമം കൂലി

265 (4634) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം മിനിമം കൂലി പുതുക്കി നിശ്ചയിച്ച വിവിധ തൊഴിൽ മേഖലകളെപ്പറ്റിയുള്ള വിവരങ്ങൾ, തൊഴിൽ മേഖലയുടെ പേര്, നേരത്തേയുണ്ടായിരുന്ന കൂലി, പുതുക്കിയ ഇപ്പോഴത്തെ മിനിമം കൂലി, നിലവിൽ വന്ന തീയതി എന്നീ ക്രമത്തിൽ പട്ടികപ്പെടുത്തി ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 32 തൊഴിൽ മേഖലകളിൽ മിനിമം കൂലി പുതുക്കി നിശ്ചയിക്കുകയും 4 മേഖലകളിൽ പുതുതായി കൂലി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. വിവിധ തൊഴിൽ മേഖലകളിൽ വിവിധയിനം തൊഴിലുകളിൽ വിവിധയിനം കൂലി നിരക്കുകളുമാണ് നിശ്ചയിച്ചിട്ടുള്ളത്. ഓരോ തൊഴിൽ മേഖലയിലേയും പ്രത്യേകത അനുസരിച്ച് വ്യത്യസ്തമായ കൂലിയാണ് നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ ഓരോ മേഖലയിലും നേരത്തെ ഉണ്ടായിരുന്നതും പുതിയതുമായ മിനിമം കൂലിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് പ്രായോഗികമല്ല. എങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിനിമം കൂലി പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കയറ്റിറക്ക് കൂലിയുടെ നിരക്കുകൾ**

266 (4635) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കയറ്റിറക്ക് കൂലിയുടെ നിരക്കുകൾ ലഭ്യമാക്കാമോ;

(ബി) കയറ്റിറക്ക് കൂലി സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടെങ്കിൽ ഏത് ഉദ്യോഗസ്ഥനോട് അല്ലെങ്കിൽ ഏത് ഓഫീസിൽ ആണ് പരാതികൾ സമർപ്പിക്കേണ്ടത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചുമട്ടുതൊഴിൽ മേഖലയിൽ ഓരോ വിഭാഗത്തിനുമുള്ള ഏകീകരിച്ച കയറ്റിറക്കുകൂലി നിരക്ക് ജില്ലതിരിച്ച് അനുബന്ധമായി ചേർക്കുന്നു*. കൂടാതെ www.ic.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

(ബി) കയറ്റിറക്ക് കൂലി സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടായാൽ അതാത് പരിധിയിലെ അസിസ്റ്റന്റ് ലേബർ ഓഫീസറെയോ ജില്ലാ ലേബർ ഓഫീസറെയോ വിവരം അറിയിക്കുകയോ ടി ഓഫീസുകളിൽ പരാതി നൽകുകയോ ചെയ്യാവുന്നതാണ്. കൂടാതെ പ്രശ്ന പരിഹാരത്തിനായി 155214/1800042555214 എന്ന നമ്പരിൽ തൊഴിൽ വകുപ്പ് ആരംഭിച്ച കോൾ സെന്റർ മുഖേനയും പരാതി നൽകാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേരള അക്കാഡമി ഫോർ സ്കില്‍സ് എക്സലൻസിലെ ഒഴിവുകൾ

267 (4636) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള അക്കാഡമി ഫോർ സ്കില്‍സ് എക്സലൻസിൽ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, കമ്പനി സെക്രട്ടറി എന്നീ തസ്തികകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികകൾക്ക് സർക്കാർ നിശ്ചയിച്ച ശമ്പളം എത്രയാണ്; അപേക്ഷ ക്ഷണിച്ചപ്പോൾ സർക്കാർ നിശ്ചയിച്ചതിനെക്കാൾ ഉയർന്ന ശമ്പള നിരക്ക് വിജ്ഞാപനത്തിൽ കാണിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) സർക്കാർ ഗ്രാന്റ് നൽകുന്ന സ്ഥാപനങ്ങളിൽ കരാർ കാലാവധി ഒരു വർഷമാക്കി ധനവകുപ്പ് ഉത്തരവ് നിലവിലുള്ളപ്പോൾ മൂന്ന് വർഷത്തേയ്ക്ക് കരാർ നിയമനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ കേരള അക്കാഡമി ഫോർ സ്കില്‍സ് എക്സലൻസ് തീരുമാനിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള അക്കാഡമി ഫോർ സ്കില്‍സ് എക്സലൻസ് (KASE) അപേക്ഷ ക്ഷണിച്ചിരുന്നു.

(ബി) ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, കമ്പനി സെക്രട്ടറി എന്നീ തസ്തികകളിൽ യഥാക്രമം 70,000 രൂപയും 25,000 രൂപയുമാണ് സർക്കാർ ശമ്പളമായി നിശ്ചയിച്ചിട്ടുള്ളത്.

വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ ആരംഭിച്ച സ്ഥാപനമാണ് കേരള അക്കാഡമി ഫോർ സ്കില്‍സ് എക്സലൻസ് (KASE). KASE നെ സംസ്ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ നൈപുണ്യ വികസന ഉദ്യമങ്ങളെയും ഏകീകരിച്ച് സുദൃഢമായ വ്യാവസായിക ബന്ധം ഉറപ്പുവരുത്തി കേന്ദ്ര സംസ്ഥാന സർക്കാരുമായി നൈപുണ്യ പരിശീലന പദ്ധതികൾ പ്രാവർത്തികമാക്കുന്ന വിവിധ ഏജൻസികളുമായി ബന്ധം സ്ഥാപിച്ച് അവർക്കിടയിൽ ഒരു ഏകജാലകമായി നിലകൊള്ളുന്നതിനായി സംസ്ഥാന നൈപുണ്യ വികസന മിഷനെ ഒരു സ്കിൽ

സെക്രട്ടേറിയറ്റായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ KASE-ന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കപ്പെട്ട സാഹചര്യത്തിൽ മികച്ച നേതൃത്വ പാടവവും അനുബന്ധ മേഖലകളിലെ പ്രവൃത്തി പരിചയവുമുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതിനായി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, കമ്പനി സെക്രട്ടറി എന്നീ തസ്തികകളിലേയ്ക്ക് പരമാവധി അനുവദിക്കാവുന്ന ശമ്പളം യഥാക്രമം 1,20,000 രൂപ, 50,000 രൂപ എന്ന് കാണിച്ചുകൊണ്ട് KASE പരസ്യ വിജ്ഞാപനം നൽകിയിരുന്നു. എന്നാൽ തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥിയുടെ യോഗ്യതകൾ അനുസരിച്ച് സർക്കാർ നിശ്ചയിച്ച ശമ്പളത്തേക്കാൾ ഉയർന്നത് നൽകേണ്ടതായി വരികയാണെങ്കിൽ സർക്കാർ അനുമതി തേടിയതിനുശേഷം മാത്രമേ ശമ്പളം നിശ്ചയിക്കൂ എന്നാണ് KASE തീരുമാനിച്ചിരുന്നത്. ലഭിക്കാവുന്ന ഏറ്റവും ഉയർന്ന ശമ്പള പരിധിയാണ് വിജ്ഞാപനത്തിൽ കാണിച്ചിരുന്നത്.

(സി) സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നടപ്പിലാക്കുന്ന നൈപുണ്യ വികസന പദ്ധതികൾ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതും നിരന്തരമായ ഇടപെടലുകൾ ആവശ്യമായതുമായ പ്രോജക്ടുകളാണ്. ആയതിനാൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ നിയമനം നടത്തി ഇടയ്ക്കിടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മാറിവരുന്നത് പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിനെ സാരമായി ബാധിക്കും. ആയതിനാൽ സെക്ഷൻ 25 കമ്പനി ആയി രജിസ്റ്റർ ചെയ്തിട്ടുള്ള KASE-ന്റെ ബോർഡ് അംഗീകരിച്ച പ്രകാരം കരാർ കാലാവധി മൂന്നുവർഷമായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വാർഷിക പ്രവർത്തന അവലോകനം നടത്തിയ ശേഷം മാത്രമേ ഉദ്യോഗസ്ഥർക്ക് തുടർച്ചാനുമതി നൽകുകയുള്ളൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**എക്സൈസ് വകുപ്പിലെ ഡ്രൈവർ ഒഴിവുകൾ നികത്താൻ നടപടി**

268 (4637) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ ഡ്രൈവർ ഒഴിവുകളിലേയ്ക്ക് നിലവിലുള്ള പി.എസ്.സി എക്സൈസ് ഡ്രൈവർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടുണ്ടോ ; എങ്കിൽ നാളിതുവരെ എത്രപേർക്ക് നിയമനം നടത്തിയിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) എക്സൈസ് വകുപ്പിലെ ഡ്രൈവർമാരുടെ ഒഴിവുകളിലേയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം വേഗത്തിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 11 പേർക്ക്. പത്തനംതിട്ട-1, ആലപ്പുഴ - 5, പാലക്കാട്-2, കോഴിക്കോട് -2, വയനാട്-1

(ബി) എക്സൈസ് വകുപ്പിലെ ഡ്രൈവർമാരുടെ ഒഴിവുകളിലേയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനായി നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

**തൊഴിൽ വകുപ്പിന് കീഴിലുള്ള ബോർഡുകളിലെ നിയമനം**

269 (4638) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിനു കീഴിലുള്ള ഏതൊക്കെ ബോർഡുകളിലാണ് നിലവിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതെന്ന് അറിയിക്കാമോ ;

(ബി) പി.എസ്.സി. വഴി നിയമനം നടത്താത്ത ബോർഡുകൾ ഏതൊക്കെയാണെന്നും ഓരോ ബോർഡിലും നിലവിൽ എത്ര ജീവനക്കാർ വീതമുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) പി.എസ്.സി. വഴി നിയമനം നടത്താത്ത ബോർഡുകളിലെ ജീവനക്കാരുടെ നിയമനം എപ്രകാരമാണ്; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താറുണ്ടോയെന്ന് അറിയിക്കാമോ ;

(ഡി) എല്ലാ ബോർഡുകളിലും സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) എല്ലാ ബോർഡുകളിലും സ്പെഷ്യൽ റൂൾസ് അടിയന്തരമായി രൂപീകരിച്ച് നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകളുണ്ട്. അവയിൽ കേരള കള്ളുചെത്ത് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് എന്നീ ബോർഡുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്നു.

(ബി) പി.എസ്.സി. വഴി നിയമനം നടത്താത്ത ബോർഡുകളുടെ പേരും നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും അനുബന്ധമായി* ചേർക്കുന്നു.

(സി) പി.എസ്.സി. വഴി നിയമനം നടത്താത്ത ബോർഡുകളിൽ ഭൂരിഭാഗം ജീവനക്കാരെയും അന്യത്ര സേവന വ്യവസ്ഥയിലാണ് നിയമിക്കുന്നത്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും ദിവസവേതനാടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും നിയമനം നടത്തുന്നു.

(ഡി&ഇ) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ബോർഡുകൾ ഒഴികെ മറ്റെല്ലാ ബോർഡുകളിലും സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ബോർഡുകളിൽ സ്പെഷ്യൽ റൂൾ രൂപീകരിച്ച് സ്ഥിരം നിയമനം നടത്തിയാൽ ഭരണച്ചെലവ് അധികരിക്കുകയും ബോർഡിന് നിലനിൽക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയും ചെയ്യും. അത്തരം ബോർഡുകളിൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് സ്പെഷ്യൽ റൂൾ രൂപീകരിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

### പത്തനാപുരത്ത് ലേബർ ഓഫീസ് തുടങ്ങാൻ നടപടി

270 (4639) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആസ്ഥാനമായ പത്തനാപുരത്ത് ലേബർ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) കശുവണ്ടി, പ്ലാന്റേഷൻ, ഫോറസ്റ്റ് മേഖലകളടങ്ങുന്ന വിപുലമായ തൊഴിൽ മേഖലയായ പത്തനാപുരം താലൂക്കിൽ ഒരു ലേബർ ഓഫീസ് സ്ഥാപിക്കേണ്ടതിന്റെ പ്രധാന്യം പരിഗണിച്ച് ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഇരിങ്ങാലക്കുട മണ്ഡലത്തിൽ എംപ്ലോയബിലിറ്റി സെന്റർ

271 (4640) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട മണ്ഡലത്തിൽ എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇരിങ്ങാലക്കുട മണ്ഡലം ഉൾപ്പെടുന്ന തൃശ്ശൂർ ജില്ലയിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്റർ പ്രവർത്തിച്ചു വരുന്നുണ്ട്. ഇരിങ്ങാലക്കുട മണ്ഡലത്തിലെ ഉദ്യോഗാർത്ഥികൾ ഉൾപ്പെടെ തൃശ്ശൂർ ജില്ലയിലെ മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നൈപുണ്യ വികസനം സാധ്യമാക്കുന്നതിനായിട്ടാണ് പ്രസ്തുത എംപ്ലോയബിലിറ്റി സെന്റർ ആരംഭിച്ചിട്ടുള്ളത്. ആയതിനാൽ ഇരിങ്ങാലക്കുട മണ്ഡലത്തിൽ എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഐ.ടി.ഐ.-കളിലെ പ്രവേശനത്തിനായി ഓൺലൈൻ സംവിധാനം

272 (4641) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഐ.ടി.ഐ.കളിലെ പ്രവേശനത്തിനായി നടപ്പാക്കിയ ഓൺലൈൻ സംവിധാനത്തിന്റെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2019 വർഷം മുതൽ ഓൺലൈൻ പ്രവേശനം നടപ്പാക്കിയതിനെത്തുടർന്ന് വയനാട് ജില്ലയിലെ ഐ.ടി.ഐ.കളിലുള്ള നാല്പത് ശതമാനത്തോളം സീറ്റുകളിൽ പ്രവേശനം ലഭിച്ചത് മറ്റ് ജില്ലകളിലെ അപേക്ഷകർക്കാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പിന്നാക്ക ജില്ലയായ വയനാട്ടിലെ വിദ്യാർത്ഥികളുടെ ഉപരിപഠന അവസരങ്ങളിൽ ഇതുമൂലം ഉണ്ടാകുന്ന നഷ്ടം എങ്ങനെ നികത്താനാണ് ആലോചിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

ഓൺലൈൻ സംവിധാനം വഴി ഒരു അപേക്ഷകന് ഒറ്റ ഫീസിൽ 14 ജില്ലകളിലെയും ഐ.ടി.ഐ.കളിലേയ്ക്ക് ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കും. ആയത് അപേക്ഷകന്റെ ഐ.ടി.ഐ. പ്രവേശനത്തിനുള്ള സാധ്യത വർദ്ധിപ്പിച്ചു. കൂടാതെ മതിയായ അപേക്ഷകൾ ലഭിക്കാറില്ലാത്ത ജില്ലകളിലെ ഐ.ടി.ഐ.കളിലേയ്ക്കും വേണ്ടത്ര അപേക്ഷകൾ ലഭ്യമാകുകയും എല്ലാ ഐ.ടി.ഐ.കളിലേയും മുഴുവൻ സീറ്റുകളിലേയ്ക്കും പ്രവേശനം സാധ്യമാകുകയും ചെയ്തു. അപേക്ഷകന് കുറഞ്ഞ ഫീസിൽ എല്ലാ ഐ.ടി.ഐ.കളിലേയ്ക്കും അപേക്ഷിക്കുന്നതിനുള്ള അവസരമുണ്ടായി. അപേക്ഷാ ഫീസ് ഓൺലൈൻ വഴി സ്വീകരിക്കുന്ന സമ്പ്രദായം ഏർപ്പെടുത്തുകവഴി അപേക്ഷകന് അപേക്ഷാ വിവരങ്ങൾ രേഖപ്പെടുത്തുന്നിടത്തുനിന്നുതന്നെ ഫീസ് ഒടുക്കുന്നതിനുള്ള സൗകര്യം ലഭിച്ചു. കൂടാതെ ഭരണപരമായ ജോലികൾ കുറയ്ക്കാനും സാധിച്ചു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപേക്ഷകന് സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ.-കളിലേയ്ക്കും അപേക്ഷിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നതിനാൽ മറ്റു ജില്ലകളിൽനിന്നും വളരെയധികം അപേക്ഷകൾ വയനാട് ജില്ലയിലെ ഐ.ടി.ഐ.കളിൽ ലഭിച്ചിരുന്നു. ഇൻഡക്സ് മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം ഏർപ്പെടുത്തിയിരുന്നതെന്നതിനാൽ ഇതര ജില്ലകളിലുള്ളവരും ധാരാളമായി പ്രവേശനത്തിന് പരിഗണിക്കപ്പെട്ടു. വരും വർഷങ്ങളിൽ വയനാട് ജില്ലയിലെ അപേക്ഷകർക്ക് ടി ജില്ലയിൽ കൂടുതൽ പരിഗണന നൽകുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നുണ്ട്.

## മണലൂർ ഐ.ടി.ഐ. കെട്ടിട നിർമ്മാണം

273 (4642) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ ഐ.ടി.ഐ.യുടെ കെട്ടിടനിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) മണലൂർ ഐ.ടി.ഐ. യിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) മണലൂർ ഐ.ടി.ഐ.-യുടെ ഒന്നാംഘട്ട കെട്ടിടനിർമ്മാണത്തിനായി 2013-14 സാമ്പത്തിക വർഷം 13 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ച് നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. തുടർന്ന് 2018-19 സാമ്പത്തിക വർഷം രണ്ടാം ഘട്ട കെട്ടിട നിർമ്മാണത്തിനായി 1.1 കോടി രൂപ അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഘട്ട കെട്ടിടനിർമ്മാണം പുരോഗമിക്കുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## പുതുതായി അനുവദിച്ച ഐ.ടി.ഐ.കൾ

274 (4643) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി അനുവദിച്ച ഐ.ടി.ഐ.-കൾ ഏതൊക്കെയാണെന്നും ഇവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം, വർക്കല, കൊട്ടാരക്കര, ചടയമംഗലം, മയ്യനാട്, ചിത്തിരപുരം, അങ്കമാലി-തുറവൂർ, പെരുമാട്ടി, പേരാമ്പ്ര, ചാത്തമംഗലം, വെള്ളമുണ്ട, പിണറായി, പന്ന്യന്നൂർ, പടിയൂർ, കോടോം-ബേളൂർ, കുറ്റിക്കോൽ, പീലിക്കോട് എന്നിവിടങ്ങളിലായി 17 ഐ.ടി.ഐ.കൾ പുതിയതായി അനുവദിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞവയിൽ പെരുമാട്ടി, പേരാമ്പ്ര, പന്ന്യന്നൂർ, വെള്ളമുണ്ട എന്നീ ഐ.ടി.ഐ.കൾ ഒഴികെയുള്ളവയ്ക്ക് സ്വന്തമായി ഭൂമി ലഭ്യമാക്കുന്നതിലേയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമായ ഐ.ടി.ഐ.കളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ച നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.

i) പെരുമാട്ടി - കെട്ടിട നിർമ്മാണത്തിനായി 6.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ii) പേരാമ്പ്ര, പന്ന്യന്നൂർ, വെള്ളമുണ്ട ഐ.ടി.ഐ.കളുടെ കെട്ടിടനിർമ്മാണത്തിനുള്ള മാസ്റ്റർ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## മലയിൻകീഴ് വ്യാവസായിക പരിശീലന കേന്ദ്രത്തിൽ പുതിയ ട്രേഡുകൾ

275 (4644) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് വ്യാവസായിക പരിശീലന കേന്ദ്രത്തിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ട്രേഡുകൾ എന്ന് വ്യക്തമാക്കാമോ; ഇതിനായുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനായി സാധ്യതാ പഠനത്തോടെയുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്.

## _ചെങ്ങന്നൂർ ഗവ. ഐ.ടി.ഐ. അന്താരാഷ്ട്ര നിലവാരത്തിലാക്കാൻ നടപടി

276 (4645) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ഗവൺമെന്റ് ഐ.റ്റി.ഐ. യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഐ.റ്റി.ഐ.-യുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലവിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) അക്കാഡമിക് നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കിഫ്ബിയുടെ ധനസഹായത്തോടുകൂടി ചെങ്ങന്നൂർ ഐ.ടി.ഐ. യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 19.758 കോടി രൂപ കിഫ്ബി മുഖേന അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ചെങ്ങന്നൂർ ഐ.ടി.ഐ.യിലെ വിവിധ വർക്ക്ഷോപ്പുകളിലെ ചോർന്നൊലിക്കുന്ന മേൽക്കൂരകൾ മാറ്റുന്നതിന് 84,82,000 രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.
2. ആവശ്യത്തിന് കെട്ടിടങ്ങൾ ഇല്ലാത്തതിനാൽ സ്ഥലപരിമിതി മൂലമുള്ള പ്രശ്നങ്ങൾ നിരന്തരം അഭിമുഖീകരിക്കുന്നു. KIIFB യുടെ സഹായത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതോടെ ആയത് പരിഹരിക്കപ്പെടുന്നതായിരിക്കും

3. ഹോസ്റ്റൽ സൗകര്യമില്ലാത്തത് ദൂരെയുള്ള കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. KIIFB യുടെ സഹായത്തോടെ പുതിയ ഹോസ്റ്റൽ നിർമ്മിക്കപ്പെടുന്നതോടെ ആയത് പരിഹരിക്കപ്പെടുന്നതായിരിക്കും.

(സി) ഐ.ടി.ഐ.-കളിൽ പഠിപ്പിക്കുന്ന സിലബസുകൾ കാലാനുസൃതമായി പരിഷ്കരിച്ചുവരുന്നത് ന്യൂഡൽഹി ആസ്ഥാനമായുള്ള ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് ആണ്. 2018 വർഷം മുതൽ സിലബസുകൾ NSQF പ്രകാരം പരിഷ്കരിച്ച് ചെങ്ങന്നൂർ ഐ.ടി.ഐ. ഉൾപ്പെടെ സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ അക്കാദമിക് നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചാത്തന്നൂർ ഗവ. ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ**

277 (4646) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ ഗവഃഐ.ടി.ഐ.-യിൽ ഏതെങ്കിലും പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ചാത്തന്നൂർ ഗവഃ ഐ.ടി.ഐ.യിലെ ഏതെല്ലാം ട്രേഡുകൾക്ക് എൻ.സി.വി.ടി.-യുടെ അംഗീകാരം ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ചാത്തന്നൂർ ഗവഃ ഐ.ടി.ഐ.യിൽ നിലവിൽ ഏതെല്ലാം ട്രേഡുകൾ ഉണ്ടെന്നും അവയിൽ രണ്ട് യൂണിറ്റുകൾ ഉള്ള ട്രേഡുകൾ ഏതെല്ലാമെന്നും വിശദമാക്കാമോ;

(ഡി) ചാത്തന്നൂർ ഗവഃ ഐ.ടി.ഐ ഒരു ഫസ്റ്റ് ഗ്രേഡ് ഐ.ടി.ഐ. ആയി ഉയർത്തുന്നതിന് ഇതിനകം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ചാത്തന്നൂർ ഗവ. ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല.

(ബി&സി) ചാത്തന്നൂർ ഗവ. ഐ.ടി.ഐ.-യിൽ ഇലക്ട്രീഷ്യൻ, വെൽഡർ, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, സർവ്വേയർ, ഫിറ്റർ എന്നീ ട്രേഡുകളുടെ 2 യൂണിറ്റുകൾ വീതവും ഡ്രസ്സ് മേക്കിംഗ്, പെയിന്റർ ജനറൽ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ ട്രേഡുകളുടെ ഓരോ യൂണിറ്റ് വീതവും നിലവിലുണ്ട്. പ്രസ്തുത ട്രേഡുകൾക്കെല്ലാംതന്നെ എൻ.സി.വി.റ്റി യുടെ അംഗീകാരമുണ്ട്.

(ഡി) വിഷയം നിലവിൽ പരിഗണനയിലില്ല.

## പുഴക്കാട്ടിരി ഐ.ടി.ഐ. കെട്ടിട നിർമ്മാണം

278 (4647) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കടയിലെ പുഴക്കാട്ടിരി ഐ.ടി.ഐ.ക്ക് ഭൂമി കൈമാറി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഭൂമി കൈമാറ്റം ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് ഐ.ടി.ഐ.ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് അംഗികാരം നൽകിയിട്ടുണ്ടോ;

(സി) കെട്ടിട നിർമ്മാണത്തിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പുഴക്കാട്ടിരി ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പിന് സ്ഥലം കൈമാറി ലഭിക്കേണ്ടതുണ്ട്. ആയതിന് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. നിലവിൽ ഇക്കാര്യം റവന്യൂ വകുപ്പ് പരിശോധിച്ചുവരികയാണ്.

(ബി&സി) ഐ.ടി.ഐ.യുടെ പേരിൽ സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## എംപ്ലോയബിലിറ്റി സെന്റർ

279 (4648) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾക്കും ഉദ്യോഗാർത്ഥികൾക്ക് സഹായം നൽകുന്നതിനും വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ എല്ലാ ജില്ലകളിലും നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഇല്ല. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടുകൂടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന

പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. സംസ്ഥാനത്തെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്റർ പ്രവർത്തിച്ചുവരുന്നു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ഘടന പുനഃപരിശോധിക്കാൻ നടപടി

280 (4649) ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യാപക നിയമനം ഉൾപ്പെടെയുള്ള മേഖലകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഇപ്പോൾ താൽക്കാലിക നിയമനങ്ങൾ നടക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) ഈ അക്കാദമിക വർഷത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്ര സ്കൂൾ അധ്യാപകരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനം കഴിഞ്ഞ കുറേ വർഷങ്ങളായി കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സ്റ്റാഫ് ഘടനയും ധർമ്മങ്ങളും പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഈ അദ്ധ്യയന വർഷത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഹൈസ്കൂളുകളിൽ 20 അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. LPST-1(തമിഴ്) അദ്ധ്യാപക നിയമനവും നടത്തിയിട്ടുണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങളിൽ കുറവ് വരുന്നതായി കാണുന്നില്ല. ഉദ്യോഗാർത്ഥികൾക്ക് വകുപ്പുവഴി സ്ഥിര/ താൽക്കാലിക/ദിവസവേതനാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നുണ്ട്.

ഇതിനു പുറമേ എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ, നിയുക്തി പോലെയുള്ള മെഗാ ജോബ് ഫെയർ വഴിയും ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിൽ വകുപ്പുമുഖേന ധാരാളം നിയമനങ്ങൾ നടത്തുന്നുണ്ട്. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കുവേണ്ടി കൈവല്യ പദ്ധതിയും അതിജീവനം എന്ന തൊഴിൽ മേള വഴിയും വകുപ്പ് തൊഴിലവസരങ്ങൾ നൽകുന്നുണ്ട്.

നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സ്റ്റാഫ് ഘടനയും കർത്തവ്യങ്ങളും പുനഃപരിശോധിക്കുന്നതിന് നിർദ്ദേശങ്ങളൊന്നും പരിശോധനയിലില്ല.

**സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക്**

281 (4650) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18, 2018-19 വർഷങ്ങളിലെ സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് ശതമാന കണക്കിൽ എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് സൂചികയിൽ സംസ്ഥാനത്തിന്റെ സ്ഥാനം എത്രയായിരുന്നു;

(സി) നിലവിൽ സംസ്ഥാനത്ത് തൊഴിൽ രഹിതരായവരുടെ ആകെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 വർഷങ്ങളിലെ സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് 10.1 ശതമാനവും 2018-19 വർഷങ്ങളിലെ സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് 10.3 ശതമാനവുമാണ്.

(ബി) നിലവിലെ കണക്ക് പ്രകാരം 2017-18 വർഷത്തെ രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് സൂചികയിൽ സംസ്ഥാനത്തിന്റെ സ്ഥാനം 5 ആണ്. 2018-19 ലെ തൊഴിലില്ലായ്മ നിരക്ക് സൂചിക പൂർത്തിയായിട്ടില്ല.

(സി) നിലവിൽ (9/2019) സംസ്ഥാനത്തെ തൊഴിൽ രഹിതരായവരുടെ ആകെ എണ്ണം എംപ്ലോയ്മെന്റ് വകുപ്പിന്റെ കണക്കുകൾ പ്രകാരം 34,84,044 (മുപ്പത്തിനാല് ലക്ഷത്തി എൺപത്തിനാലായിരത്തി നാല്പത്തിനാല്) ആണ്.

## ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

282 (4651) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംസ്ഥാന സർക്കാരിന്റെ മാത്രം സ്കീമാണോ അതോ കേന്ദ്രാവിഷ്കൃത പദ്ധതിയാണോ എന്ന് വ്യക്തമാക്കാമോ;

(സി) ജനങ്ങൾക്ക് പ്രസ്തുത സർവ്വീസ് കൊണ്ടുള്ള ആനുകൂല്യങ്ങളും ഗുണങ്ങളും എന്താണെന്നും അവ ലഭ്യമാകാൻ അവർ ചെയ്യേണ്ട കാര്യങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സമയോചിതമായി നടത്തുന്ന പദ്ധതിയാണ് ഇ.എസ്.ഐ. പദ്ധതി. പത്തോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലി ചെയ്യുന്ന ഫാക്ടറികൾ, കച്ചവട സ്ഥാപനങ്ങൾ, ഹോട്ടൽ, റസ്റ്റോറന്റ്, സിനിമ തിയേറ്ററുകൾ, മോട്ടോർ ട്രാൻസ്പോർട്ട് സ്ഥാപനങ്ങൾ, പത്ര മാധ്യമ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ പ്രതിമാസം 21,000 രൂപ വരെ (ഓവർ ടൈം അലവൻസ് വേതനം ഒഴികെ) വേതനം കൈപ്പറ്റുന്ന ജീവനക്കാർക്ക് ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുന്നതാണ്. തൊഴിലാളികളുടെയും അവരുടെ ആശ്രിതരായ കുടുംബാംഗങ്ങളുടെയും ആരോഗ്യപരമായ സുരക്ഷ ഉറപ്പുവരുത്തുക, തൊഴിൽ ചെയ്ത് പണം സമ്പാദിക്കുന്നതിന് കഴിയാതെ വരുന്ന സാഹചര്യങ്ങളിൽ തൊഴിലാളിക്ക് സംരക്ഷണം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച ഒരു സമഗ്ര സാമൂഹ്യ സുരക്ഷാ പദ്ധതിയാണ് ഇ.എസ്.ഐ. പദ്ധതി. തൊഴിൽ സ്ഥലത്തുണ്ടാകുന്ന അപകടങ്ങൾ, തൊഴിൽജന്യരോഗങ്ങൾ എന്നിവമൂലം ശാരീരിക വൈകല്യമുണ്ടാകുന്നവരുടെയും മരണപ്പെടുന്നവരുടെയും ആശ്രിതർക്ക് സാമ്പത്തിക സഹായം ഉറപ്പുവരുത്തുന്നതിനും ഈ പദ്ധതിയിലൂടെ കഴിയുന്നു.

സംസ്ഥാനത്ത് 9 ഇ.എസ്.ഐ. ആശുപത്രികൾ, 145 ഇ.എസ്.ഐ. ഡിസ്പെൻസറികൾ, പുലയനാർകോട്ട ഗവൺമെന്റ് ചെസ്റ്റ് ഡിസീസ് സാനിട്ടോറിയത്തിൽ പ്രവർത്തിക്കുന്ന പ്രത്യേക യൂണിറ്റ് എന്നിവ വഴിയാണ് ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ഇവ കൂടാതെ ഇ.എസ്.ഐ. കോർപ്പറേഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മൂന്ന് ആശുപത്രികൾ മുഖേനയും ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഇ.എസ്.ഐ. ഗുണഭോക്താക്കൾക്കായി അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നീ വിഭാഗങ്ങളിലുള്ള ചികിത്സാസൗകര്യങ്ങൾ ലഭ്യമാണ്. എല്ലാ ഇ.എസ്.ഐ. ഗുണഭോക്താക്കളുടെയും സമഗ്രമായ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുക എന്നതാണ് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ ലക്ഷ്യം.

ഒരു സ്ഥാപനത്തെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തണമെങ്കിൽ ടി സ്ഥാപനത്തിൽ തൊഴിലാളികളും തൊഴിലുടമയും ഉണ്ടായിരിക്കേണ്ടതുണ്ട്. ഇ.എസ്.ഐ. പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷയും കൂടാതെ പണമായും വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാണ്. അവയിൽ പ്രധാനമായിട്ടുള്ള ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- രോഗാനുകൂല്യം (sickness benefit)
- വർദ്ധിപ്പിച്ച രോഗാനുകൂല്യം (Enhanced sickness benefit)
- ദീർഘിപ്പിച്ച രോഗാനുകൂല്യം (Extended Sickness Benefit)
- അവശത ആനുകൂല്യം (Temporary Disablement& Permanent Disablement Benefit)
- ആശ്രിത ആനുകൂല്യം (Dependents benefit)
- പ്രസവ ആനുകൂല്യം (Maternity benefit)
- ചികിത്സ ആനുകൂല്യം (Medical Benefit-Primary,Secondary& Tertiary Care)
- പ്രസവ സംബന്ധമായ ചെലവുകൾ ( Confinement Expences)
- മൃതശരീര സംസ്കാര ചെലവുകൾ (Funeral Expenses)
- തൊഴിലില്ലായ്മ വേതനം (RGSKY& ABVKY)
- തൊഴിൽ പുനരധിവാസ ആനുകൂല്യം (Skill up-gradation allowance)
- ശാരീരിക പുനരധിവാസ ആനുകൂല്യം (Rehabilitation Allowance)
- മെഡിക്കൽ കോളേജിൽ അഡ്മിഷനുള്ള സംവരണം (MBBS&BDS seat).

ഇ.എസ്.ഐ. പദ്ധതിയിൽ അംഗമായ തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും ഇ.എസ്.ഐ. ഡിസ്പെൻസറി/ഇ.എസ്.ഐ ആശുപത്രി മുഖേനയാണ് ചികിത്സാനുകൂല്യങ്ങൾ ലഭിക്കുന്നത്. വിദഗ്ദ്ധ ചികിത്സ ആവശ്യമായ സാഹചര്യത്തിൽ ഡിസ്പെൻസറി മുഖാന്തരം tie-up ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യുന്നതായിരിക്കും. പണമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഇ.എസ്.ഐ. ബ്രാഞ്ച് ഓഫീസ് മുഖേനയാണ് ലഭിക്കുക. അത്തരം ആനുകൂല്യങ്ങൾ ഐ.പി.യുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതായിരിക്കും.

## എക്സൈസ് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്താൻ നടപടി

283 (4652) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി മരുന്ന് കേസ്സുകൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ എക്സൈസ് ഉദ്യോഗസ്ഥർക്ക് കൂടുതൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ക്വാഡിന്റെ പ്രവർത്തന മേഖല എവിടെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) എക്സൈസ് ഉദ്യോഗസ്ഥർക്ക് വെടിവയ്പിൽ തുടർപരിശീലനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരിശീലനം നൽകുന്നത് എവിടെവച്ചാണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി സംസ്ഥാനത്ത് ലഹരി മരുന്ന് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിൽ വർദ്ധനവുണ്ടായിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ കാര്യക്ഷമ മാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി എക്സൈസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നു. അതിന്റെ ഭാഗമായി മയക്കുമരുന്ന് കേസ്സുകൾ കൂടുതൽ

കണ്ടെത്തി തുടർ നടപടി സ്വീകരിക്കുന്നതിനായി 5 ദിവസത്തെ പരിശീലനം കേരള സ്റ്റേറ്റ് എക്സൈസ് അക്കാദമി ആന്റ് റിസർച്ച് സെന്ററിൽ തുടർച്ചയായി നൽകി വരുന്നു. പുറമേ എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിൽ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് കേരള പോലീസ് അക്കാദമിയിൽ ഫയറിംഗ് പരിശീലനവും നൽകി വരുന്നുണ്ട്.

(ബി) ലഹരി വസ്തുക്കളുടെ ഉത്പാദനവും വിപണനവും വിനിയോഗവും അവസാനിപ്പിക്കാൻ ഉതകുന്ന വിധത്തിൽ എക്സൈസ് വകുപ്പിനെ ശാക്തീകരിക്കുന്നതിന്റെയും ആധുനീകരിക്കുന്നതിന്റെയും ഭാഗമായി എക്സൈസ് വകുപ്പിൽ രണ്ട് ജില്ലകളിൽ വയർലസ് സംവിധാനം ഏർപ്പെടുത്തുകയും ആയത് മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. മയക്കുമരുന്നുകൾ വേഗം തിരിച്ചറിഞ്ഞ് കേസ്സെടുക്കുന്നതിനായി എക്സൈസ് വകുപ്പ് നർക്കോട്ടിക് ഡ്രഗ്സ് ഡിറ്റക്ഷൻ കിറ്റുകൾ കേരളത്തിലെ 14 ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്. എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ട് റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് റിവോൾവർ/പിസ്റ്റൾ ലഭ്യമാക്കി ഫയറിംഗ് പരിശീലനം നൽകിവരുന്നു. കൂടാതെ വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും അടിസ്ഥാന പരിശീലനം നൽകുകയും തുടർ പരിശീലനത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് ടീമിന് കൂടുതൽ പ്രവർത്തിക്കുന്നതിനായി 14 വാഹനം അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.

(സി) എൻഫോഴ്സ്മെന്റ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ സംസ്ഥാനത്ത് മൂന്ന് മേഖലകളിലായി മൂന്ന് സ്ക്വാഡുകൾ രൂപീകരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തി വരുന്നു. പുറമേ, സംസ്ഥാന തലത്തിൽ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ എൻഫോഴ്സമെന്റ് സ്ക്വാഡും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(ഡി) എക്സൈസ് വകുപ്പിൽ സ്മോൾ ആംസിൽ (പിസ്റ്റൾ/റിവോൾവർ) പരിശീലനം ലഭിക്കാത്ത എക്സൈസ് ഇൻസ്പെക്ടർ മുതൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ വരെയുള്ള ഉദ്യോഗസ്ഥർക്ക് രണ്ട് ദിവസം വീതം അഞ്ച് ബാച്ചുകളിലായി 92 പേർക്ക് കേരള പോലീസ് അക്കാദമിയിൽ വച്ച് പരിശീലനം നൽകിയിട്ടുണ്ട്.

## ബിവറേജസ് കോർപ്പറേഷനിലെ നിയമനം

284 (4653) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചാരായം നിരോധിച്ചതുമൂലം ജോലി നഷ്ടപ്പെട്ട തൊഴിലാളി മരണമടഞ്ഞാൽ അവരുടെ മക്കൾക്ക് ബിവറേജസ് കോർപ്പറേഷനിൽ തൊഴിൽ നൽകുന്നതിന് തീരുമാനിച്ചിരുന്നോ; ഇതിനകം എത്രപേർക്ക് ഇത്തരത്തിൽ നിയമനം നൽകിയെന്ന് അറിയിക്കുമോ;

(ബി) ബിവറേജസ് കോർപ്പറേഷനിൽ ഭാവിയിൽ ഉണ്ടാകുന്ന ദിവസവേതന ജോലിയുടെ 25 ശതമാനം ഇത്തരത്തിൽ നിയമിക്കപ്പെടുന്നവർക്ക് നൽകണമെന്ന് ഉത്തരവുണ്ടോ;

(സി) പ്രസ്തുത ഉത്തരവ് സുപ്രീംകോടതി റദ്ദാക്കിയിട്ടുണ്ടോ; ആയത് സംബന്ധിച്ച് ബിവറേജസ് കോർപ്പറേഷൻ സുപ്രീം കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ചാരായം നിരോധിച്ചതുമൂലം ജോലി നഷ്ടപ്പെട്ട തൊഴിലാളി മരണമടഞ്ഞാൽ അവരുടെ ആശ്രിതരായ ആൺമക്കൾക്ക് ബിവറേജസ് കോർപ്പറേഷനിൽ ഭാവിയിൽ ഉണ്ടാകുന്ന ദിവസവേതന ഒഴിവുകളിൽ 25 ശതമാനം നിയമനം നൽകുവാൻ 7-8-2004-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 567/2004/നിവ പ്രകാരം ഉത്തരവിട്ടിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് തയ്യാറാക്കിയ ലിസ്റ്റ് പ്രകാരം 266 പേർക്കും കോടതി വിധിയുടെ അടിസ്ഥാനത്തിൽ 3 പേർക്കും ലേബർ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 2 പേർക്കും ഉൾപ്പെടെ ആകെ 271 പേർക്ക് ഇത്തരത്തിൽ നിയമനം നൽകിയിട്ടുണ്ട്.

(സി) ഈ ഉത്തരവ് കോടതി റദ്ദ് ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ നിലവിൽ കേസ്സുകൾ ഇല്ല. എന്നാൽ G.O.(Rt) 81/2002/TD dt .20-2-2002 പ്രകാരം തൊഴിൽ നഷ്ടപ്പെട്ട ചാരായ തൊഴിലാളികൾ ടി പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹർജികൾ ഫയൽ ചെയ്യുകയും ആയത് ഹൈക്കോടതി അനുവദിച്ചിട്ടുള്ളതുമാകുന്നു. ഈ വിധിക്കെതിരെ കോർപ്പറേഷനും സർക്കാരും സുപ്രീംകോടതിയിൽ ഹർജികൾ ഫയൽ ചെയ്യുകയും ആയത് അനുവദിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിട്ടതുമാകുന്നു. ടി അപ്പീലുകളിൽ കോർപ്പറേഷൻ ഫയൽ ചെയ്ത സത്യവാങ്മൂലത്തിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കള്ള് വ്യവസായത്തെ തകർച്ചയിൽനിന്നും സംരക്ഷിക്കുന്നതിന് നടപടി

285 (4654) ശ്രീ. അനിൽ അക്കര :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ പുതിയ മദ്യ നയത്തിന്റെ ഭാഗമായി വിദേശ മദ്യത്തെ പ്രോത്സാഹിപ്പിക്കുന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലം പരമ്പരാഗത കള്ളുചെത്ത് വ്യവസായം പ്രതിസന്ധിയിലാണെന്നത് വസ്തുതയല്ലേ;

(സി) സംസ്ഥാനത്ത് നിലവിൽ എത്ര കള്ള് ഷോപ്പുകൾ ഉണ്ട്; 2019 ഏപ്രിലിന് ശേഷം കള്ള് ഷോപ്പുകൾ ഏറ്റെടുക്കുവാൻ ലൈസൻസികൾ വിസമ്മതിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കള്ള് വ്യവസായത്തെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) റ്റോഡി ബോർഡ് രൂപീകരിക്കുമെന്ന പ്രഖ്യാപനം നീണ്ടു പോകുന്നതിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) സ്വീകരിച്ചിട്ടില്ല.

(ബി) പരമ്പരാഗത കള്ളുചെത്ത് വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് അനുവദിക്കപ്പെട്ടിട്ടുള്ള കള്ളുഷാപ്പുകൾ 5171 എണ്ണമാണ്. ഇതിൽ 4247 കള്ളുഷാപ്പുകളാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. 2019 ഏപ്രിലിനുശേഷം സംസ്ഥാനത്ത് 14 ഗ്രൂപ്പുകളിലായി 76 കള്ളുഷാപ്പുകൾ പുതുക്കുവാൻ ലൈസൻസികൾ തയ്യാറായിട്ടില്ല.

(ഡി) കള്ളുവ്യവസായത്തെ തകർച്ചയിൽനിന്നും സംരക്ഷിക്കുന്നതിന്റെ ഭാഗമായി 2016-17 കാലയളവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന എല്ലാ ഷാപ്പുകളും അതാത് സ്ഥലത്തുതന്നെ ദൂരപരിധി ബാധകമല്ലാതെ പ്രവർത്തിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഒരു ഗ്രൂപ്പിലെ തന്നെ കള്ളുഷാപ്പുകൾ വിവിധ ലൈസൻസികൾക്ക് ഉടമ്പടിയിന്മേൽ വെവ്വേറെ ലൈസൻസ് ചെയ്യുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. തദ്വാര ഏതെങ്കിലും ഒരു ഷാപ്പിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ ആ ഗ്രൂപ്പിലെ എല്ലാ ഷാപ്പുകളും അടപ്പിക്കുന്ന സ്ഥിതി ഒഴിവാക്കാനായിട്ടുണ്ട്.

2019-20 വർഷങ്ങളിൽ ലൈസൻസ് പുതുക്കി നൽകിയിട്ടില്ലാത്ത കള്ളുഷാപ്പുകൾ തുടർന്നും വില്പന നടത്തുന്നതിനും വില്പനയിൽ പോകാത്ത ഷാപ്പുകൾ 10 ശതമാനം വീതം റെന്റൽ തുകയിൽ കുറവ് വരുത്തി 50 ശതമാനം വരെ റെന്റൽ തുക ഒഴിവാക്കി വില്പന നടത്തുവാനും അങ്ങനെയും വില്പനയിൽ പോകാത്ത ഷാപ്പുകൾ ഒന്നിന് 500 രൂപ മാത്രം ഈടാക്കി തൊഴിലാളി കമ്മിറ്റികളെ ഏല്പിക്കുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഇ) കള്ളുവ്യവസായവുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ തൊഴിലും ജീവിത സുരക്ഷിതത്വവും സംരക്ഷിക്കുന്നതിനും ശുദ്ധമായ കള്ള് ചെത്തിയെടുക്കുന്നതിനുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതും ലക്ഷ്യമിട്ട് ടോഡി ബോർഡ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

## ബിവറേജസ് കോർപ്പറേഷൻ എൽ.ഡി. ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ

286 (4655) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബിവറേജസ് കോർപ്പറേഷനിൽ 2017 ജനുവരി മുതൽ 2019 ആഗസ്റ്റ് വരെ യു.ഡി. ക്ലാർക്കായി 26 പേർക്ക് പ്രൊമോഷൻ നൽകിയപ്പോൾ ഒഴിവുവന്ന 26 എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

2017 ജനുവരി മുതൽ 2019 ആഗസ്റ്റ് വരെ എൽ.ഡി.സി. ജീവനക്കാർക്ക് യു.ഡി.സി. തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയതുമൂലം ഉണ്ടായ 22 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ബോട്ടിലിംഗ് തൊഴിലാളികളുടെ നിയമനം

287 (4656) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിവറേജസ് കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ബോട്ടിലിംഗ് തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഇതിൽ എത്ര തൊഴിലാളികളെയാണ് ഇപ്രകാരം സ്ഥിരപ്പെടുത്തിയതെന്നും അവരുടെ ശമ്പള സ്കെയിൽ എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ബിവറേജസ് കോർപ്പറേഷനിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ടോ; ഇപ്പോൾ സ്ഥിരപ്പെടുത്തിയ തസ്തിക പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ബോട്ടിലിംഗ് തൊഴിലാളികൾ ജോലി ചെയ്യുന്നില്ല.

(ബി) ബാധകമല്ല

(സി) ബിവറേജസ് കോർപ്പറേഷനിലെ എല്ലാ നിയമനങ്ങളും പി.എസ്.സി. മുഖേനയാണ് നടത്തുന്നത്. കെ.എസ്.ബി.സി.യിൽ ബോട്ടിലിംഗ് തൊഴിലാളികളുടെ തസ്തിക നിലവിലില്ല.

## ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകളിൽ ലഹരി മാഫിയയുടെ സാന്നിദ്ധ്യം

288 (4657) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളിൽ ലഹരി മാഫിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ക്യാമ്പുകളിൽ സംസ്ഥാനത്ത് നിരോധിച്ച പാൻപരാഗ്, ഹാൻസ് ഉൾപ്പെടെയുള്ളവ സുലഭമാണെന്നത് ഇക്കാര്യത്തിൽ വകുപ്പ് വേണ്ടത്ര ജാഗ്രത പുലർത്താത്തത് കാരണമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ലഹരിയുടെ ഉറവിടം അന്വേഷിച്ച് കണ്ടെത്തുന്നതിനും അന്യസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകളിൽ നിരന്തര നിരീക്ഷണം നടത്തി നിയമവിരുദ്ധ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കണ്ടെത്തിയിട്ടില്ല.

(ബി&സി) നിരോധിത പുകയില ഉത്പന്നങ്ങൾ ഉപയോഗിക്കുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളിൽ രഹസ്യ പരിശോധനകൾ നടത്തുകയും ലഹരിയുടെ സാന്നിദ്ധ്യം ഇല്ലാതാക്കുന്നതിനും നിയമവിരുദ്ധ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനുമായി രഹസ്യ നിരീക്ഷണങ്ങളും പരിശോധനകളും നടത്തുകയും ചെയ്യുന്നുണ്ട്.

ലഹരിയുടെ ഉറവിടം കണ്ടെത്തി അവ നശിപ്പിക്കുന്നതിനായി ടി ക്യാമ്പുകളിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്. ഇതിന്റെ ഭാഗമായാണ് 2018-2019 കാലഘട്ടങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകളിൽ പരിശോധന നടത്തിയതിൽ 27 എൻ.ഡി.പി.എസ്. കേസ്സുകളിലായി 31 പ്രതികളെ അറസ്റ്റ് ചെയ്യുകയും 5.060 കി.ഗ്രാം കഞ്ചാവ് കണ്ടെടുത്തിട്ടുള്ളതും 1608 കോട്പാ കേസ്സുകളിലായി 1492.480 കി.ഗ്രാം പുകയില ഉത്പന്നങ്ങളും92 പായ്ക്കറ്റ് ഹാൻസും പിടികൂടിയിട്ടുള്ളതുമാണ്.

**ലഹരി മരുന്ന് കടത്ത്**

289(4658) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. ടി. ജെ. വിനോദ്</u> :
<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ സേവനങ്ങളുടെ മറവിൽ സംസ്ഥാനത്ത് ലഹരി മരുന്ന് കടത്ത് വ്യാപകമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന ബസ്സുകളിൽ നിരോധിത പുകയില ഉല്പന്നങ്ങളും ലഹരി മരുന്നും കടത്തുന്നതായ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ചെക്ക് പോസ്റ്റുകളിൽ പരിശോധന ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) പാർസൽ കൊറിയർ സർവ്വീസിലൂടെ വൻതോതിൽ ലഹരി മരുന്ന് കടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; കൊച്ചിയിൽ ഇത്തരത്തിൽ എത്ര ലക്ഷം രൂപയുടെ ലഹരി ഉല്പന്നങ്ങളാണ് പിടിച്ചെടുത്തത്; പ്രസ്തുത കേസിൽ എത്ര പേരെ അറസ്റ്റ് ചെയ്തു; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഓൺലൈൻ സേവനങ്ങളുടെ മറവിൽ സംസ്ഥാനത്ത് ലഹരി മരുന്ന് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ മയക്കുമരുന്ന് ശൃംഖല കേരളത്തിൽ വ്യാപകമോ ശക്തമോ അല്ല. ഓൺലൈൻ സംവിധാനം വഴി സംസ്ഥാനത്തെ കൊറിയർ പാർസൽ സർവ്വീസ് സ്ഥാപനങ്ങളിലൂടെ മയക്കുമരുന്ന് എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കൊറിയർ സർവ്വീസ് ശാഖകളിൽ എക്സൈസ് വകുപ്പ് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ എറണാകുളം, പത്തനംതിട്ട ജില്ലകളിൽ കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) ലഹരി വസ്തുക്കൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കടത്തിക്കൊണ്ടു വരുന്നത് നിയന്ത്രിക്കുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റുകളിൽ വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുവാൻ 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.റ്റി.വി ക്യാമറ സംവിധാനം ഏർപ്പെടുത്തുകയും പ്രധാനപ്പെട്ട പത്ത് എക്സൈസ് ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവത്ക്കരിക്കുകയും എക്സൈസ് ചെക്ക്പോസ്റ്റുകളിലെ ഉപയോഗത്തിനായി 27 മോട്ടോർ ബൈക്കുകൾ അനുവദിക്കുകയും ചെയ്തു. കൂടാതെ റിഫ്ലക്റ്റീവ് ജാക്കറ്റ്, ട്രാഫിക് കോൺ, ഡസ്റ്റ് മാസ്ക്, കുട എന്നിവ വിതരണം ചെയ്യുകയും ചെക്ക്പോസ്റ്റുകളിൽ എൽ.ഇ.ഡി. സൈൻ ബോർഡുകളും 25 ചെക്ക് പോസ്റ്റുകളിൽ സോളാർ എൽ.ഇ.ഡി. ഹൈമാസ്റ്റ് ലാമ്പുകളും മുത്തങ്ങ, ചിന്നാർ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് ഫെസിലിറ്റി സ്ഥാപിക്കുകയും ചെയ്തു.

(സി) പാർസൽ കൊറിയർ സർവ്വീസിലൂടെ ലഹരി മരുന്ന് കടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൊച്ചിയിൽ ഇത്തരത്തിൽ 200 കോടി രൂപ വിലവരുന്ന 26.082 കിലോഗ്രാം എം.ഡി.എം.എ. പിടിച്ചെടുത്തിട്ടുണ്ട്. പ്രസ്തുത കേസിൽ കണ്ണൂർ ജില്ലയിൽ കടമ്പൂർ പി.ഒ., കുമ്പളം കണ്ടത്തിൽ ഉത്തമൻ മകൻ പ്രശാന്ത് കുമാർ എന്നയാളെയും തമിഴ്നാട് സംസ്ഥാനത്തെ ശിവഗംഗ ജില്ലയിൽ ഇളയാഗുഡി പി.ഒ., ഷൗക്കത്ത് അലി സ്ട്രീറ്റ്, കജ മൊഹയ്യ്ദ്ദീൻ മകൻ അബ്ദുൾ റഹിം എന്നയാളെയും അറസ്റ്റ് ചെയ്തിട്ടുള്ളതാണ്.

**മദ്യവും മയക്കുമരുന്നുവില്പന നടത്തുന്നതുമായി ബന്ധപ്പെട്ട കേസ്സുകൾ**

290 (4659) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് മദ്യവും മയക്കുമരുന്നുകളും വിൽപന നടത്തുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന് 2019 സെപ്റ്റംബർ മാസം വരെ ഇതുമായി ബന്ധപ്പെട്ട് 79942 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ജില്ല | കേസ്സുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 6487 |
| 2 | കൊല്ലം | 7054 |
| 3 | പത്തനംതിട്ട | 5243 |
| 4 | ആലപ്പുഴ | 8317 |
| 5 | കോട്ടയം | 5534 |
| 6 | ഇടുക്കി | 3663 |
| 7 | എറണാകുളം | 6319 |
| 8 | തൃശ്ശൂർ | 6439 |
| 9 | പാലക്കാട് | 6663 |
| 10 | മലപ്പുറം | 5585 |
| 11 | കോഴിക്കോട് | 4975 |
| 12 | വയനാട് | 3621 |
| 13 | കണ്ണൂർ | 5988 |
| 14 | കാസർഗോഡ് | 4054 |
| | ആകെ | 79942 |

## മലപ്പുറം ജില്ലയിൽ വർദ്ധിച്ചുവരുന്ന ലഹരി മാഫിയകളുടെ പ്രവർത്തനങ്ങൾ

291(4660) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വർദ്ധിച്ചുവരുന്ന ലഹരി മാഫിയകളുടെ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) വിദ്യാലയങ്ങളും പൊതുസ്ഥലങ്ങളും കേന്ദ്രീകരിച്ച് ഇത്തരം മാഫിയകളുടെ പ്രവർത്തനത്തിനെതിരെ ശക്തമായ ബോധവല്ക്കരണ നടപടികൾ താമസംവിനാ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മലപ്പുറം ജില്ലയിൽ എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ സംസ്ഥാനത്ത് മൂന്ന് മേഖലകളിലായി മൂന്ന് സ്ക്വാഡുകൾ രൂപീകരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിവരുന്നു. പുറമെ സംസ്ഥാന തലത്തിലും ഒരു സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്നും ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകൾ നടത്തിവരുന്നു.

(സി) വിദ്യാലയങ്ങളും പൊതുസ്ഥലങ്ങളും കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം എന്നിവ തടയുന്നതിന് നിലവിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

## വൈപ്പിൻ നിയോജകമണ്ഡലത്തിൽ രജിസ്റ്റർ ചെയ്ത കഞ്ചാവ് മയക്കുമരുന്ന് കേസ്സുകൾ

292 (4661) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നും 2019 ജനുവരിക്കുശേഷം നാളിതുവരെ രജിസ്റ്റർ ചെയ്ത കഞ്ചാവു -മയക്കുമരുന്ന് കേസ്സുകൾ എത്രയെന്ന് വിശദമാക്കാമോ;

(ബി) കാളമുക്ക് ജങ്ഷൻ മുതൽ പുതുവൈപ്പ് ബീച്ച് വരെയുള്ള പ്രദേശത്ത് പകൽ-രാത്രി വ്യത്യാസമില്ലാതെ കഞ്ചാവ് - മയക്കമരുന്ന് ഉപയോഗവും വിൽപ്പനയും വർദ്ധിച്ചുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശത്ത് പട്രോളിങ് ശക്തമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 36 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ പ്രദേശത്തെ കഞ്ചാവ്-മയക്കമരുന്ന് വില്പനയും ഉപയോഗവും തടയുന്നതുമായി ബന്ധപ്പെട്ട് അതിശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രദേശത്ത് നിലവിൽ ശക്തമായ പരിശോധനകൾ നടത്തി വരുന്നുണ്ട്. ആയത് തുടരുകയാണ്.

**ബാറുകളിൽ വ്യാജമായി നിർമ്മിക്കുന്ന വിദേശമദ്യക്കച്ചവടം**

293 (4662) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാറുകളിൽ വ്യാജമായി നിർമ്മിക്കുന്ന വിദേശമദ്യം കച്ചവടം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള പ്രവൃത്തിയുടെ പേരിൽ എത്ര കേസെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ബാറുകളിലും ബിയർപാർലറുകളിലും അവയുടെ ഗോഡൗണുകളിലും പരിശോധനയും നിരീക്ഷണവും നടത്തുന്നതിന് വകുപ്പ്തലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) ബാറുകളിലും ബിയർ പാർലറുകളിലും അവയുടെ ഗോഡൗഡുകളിലും എക്സൈസ് വകുപ്പിന്റെ വിവിധ എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ നിരന്തരം നിരീക്ഷണങ്ങളും പരിശോധനകളും നടത്തിവരുന്നുണ്ട്. നിലവിലുള്ള അബ്കാരി നിയമത്തിന്റെ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ബാറുകളിലും ബിയർ പാർലറുകളിലും മറ്റും വില്പന നടത്തുന്ന മദ്യത്തിന്റെ ഗുണനിലവാരം പരിശോധിച്ച് തിട്ടപ്പെടുത്തുന്നതിനും വ്യാജ വിദേശമദ്യം വില്പന നടത്തുന്നുണ്ടോയെന്നറിയുന്നതിനും നിരന്തരം സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയച്ചുവരുന്നു.

## മാവേലിക്കര മണ്ഡലത്തിൽ ലഹരി മരുന്നുകളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ

294 (4663) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യം, കഞ്ചാവ്, പുതിയ തരത്തിലുള്ള മയക്കമരുന്നുകൾ തുടങ്ങി വിവിധ ലഹരിമരുന്നുകളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് 2016 മുതൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരം എത്ര കേസ്സുകൾ മാവേലിക്കര മണ്ഡലത്തിലെ എക്സൈസ് ഓഫീസുകൾ മുഖാന്തിരം രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)2016 ജൂൺ മുതൽ 2019 സെപ്റ്റംബർ വരെ മദ്യം, കഞ്ചാവ് പുതിയ തരത്തിലുള്ള മയക്കമരുന്നുകൾ തുടങ്ങിയ വിവിധ ലഹരി മരുന്നുകളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് ആകെ 79942 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ജില്ല | കേസ്സുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 6487 |
| 2 | കൊല്ലം | 7054 |
| 3 | പത്തനംതിട്ട | 5243 |
| 4 | ആലപ്പുഴ | 8317 |
| 5 | കോട്ടയം | 5534 |
| 6 | ഇടുക്കി | 3663 |
| 7 | എറണാകുളം | 6319 |
| 8 | തൃശ്ശൂർ | 6439 |
| 9 | പാലക്കാട് | 6663 |
| 10 | മലപ്പുറം | 5585 |
| 11 | കോഴിക്കോട് | 4975 |
| 12 | വയനാട് | 3621 |
| 13 | കണ്ണൂർ | 5988 |
| 14 | കാസർഗോഡ് | 4054 |
| | ആകെ | 79942 |

(ബി) മാവേലിക്കര മണ്ഡലത്തിലെ വിവിധ എക്സൈസ് ഓഫീസുകളിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഫീസ് | രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | | | |
|---|---|---|---|---|
| | 2016 | 2017 | 2018 | 2019 |
| എക്സൈസ് സർക്കിൾ ഓഫീസ് മാവേലിക്കര | 8 | 8 | 7 | 11 |
| എക്സൈസ് റേഞ്ച് ഓഫീസ്,മാവേലിക്കര | 347 | 262 | 129 | 118 |
| എക്സൈസ് റേഞ്ച് ഓഫീസ്, നൂറനാട് | 375 | 290 | 121 | 129 |
| ആകെ | 730 | 560 | 257 | 258 |

**കൊല്ലം ജില്ലയിലെ എക്സൈസ് റേഞ്ച് ഓഫീസുകൾ_**

295 (4664) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എത്ര എക്സൈസ് റേഞ്ച് ഓഫീസുകളും സർക്കിൾ ഓഫീസുകളുമുണ്ടെന്ന് വിശദമാക്കുമോ;

(ബി) എക്സൈസ് വകുപ്പിന്റെ ചുമതലയിൽ എത്ര വാഹനങ്ങൾ ഈ ജില്ലയിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഒരു വാഹനത്തിന് എത്ര ഡ്രൈവർമാർ എന്ന നിരക്കിലാണ് പ്രവർത്തിക്കുന്നതെന്നും ഇത് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(ഡി) കൊല്ലം ജില്ലയിൽ നിലവിൽ എക്സൈസ് ഡ്രൈവർമാരുടെ എത്ര ഒഴിവുകളുണ്ടെന്നും എത്രയെണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ 9 റേഞ്ച് ഓഫീസുകളും 6 സർക്കിൾ ഓഫീസുകളുമുണ്ട്.

(ബി) നാല് ചക്രവാഹനങ്ങൾ-19 എണ്ണം, ഇരുചക്ര വാഹനങ്ങൾ -27 എണ്ണം

(സി) നിലവിൽ ഒരു വാഹനത്തിന് ഒരു ഡ്രൈവർ എന്ന നിരക്കിലാണ് പ്രവർത്തിക്കുന്നത്. എക്സൈസ് ഡ്രൈവർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) കൊല്ലം ജില്ലയിൽ നിലവിലുള്ള 7 ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ**

296 (4665) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് പ്രവർത്തനം ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് അനുവദിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) അതിരപ്പിള്ളി ടൂറിസം,വനം മേഖലകൾ ഉൾപ്പടെയുള്ള ചാലക്കുടിയിൽ ഒരു സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അതിരപ്പിള്ളിയിലെ വെറ്റിലപ്പാറയിൽ എക്സൈസ് ചെക്ക്പോസ്റ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല

(സി) നിലവിൽ, അതിരപ്പിള്ളിയിലെ വെറ്റിലപ്പാറയിൽ എക്സൈസ് ചെക്ക് പോസ്റ്റ് പ്രവർത്തിച്ചുവരുന്നുണ്ട്.

**ചങ്ങനാശ്ശേരിയിലെ എക്സൈസ് ഓഫീസ് കെട്ടിട നിർമ്മാണം**

297 (4666) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിലെ എക്സൈസ് ഓഫീസ് കെട്ടിടങ്ങൾ തകർന്ന നിലയിലാണുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ചുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**വിമുക്തി മിഷൻ പ്രവർത്തനങ്ങൾ**

298 (4667) <u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ലഹരിവർജ്ജന മിഷനായ വിമുക്തിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ലഹരിയുടെ വലയിലേയ്ക്ക് സ്കൂൾ കുട്ടികളെ കൊണ്ടുവരുവാൻ ഡ്രഗ്ഗ് മാഫിയകൾ ശ്രമിക്കുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് വിമുക്തി മിഷന്റെ പ്രവർത്തനം സജീവമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വിമുക്തി സേന എന്ന പേരിൽ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; അതിന്റെ പ്രവർത്തനം സംസ്ഥാന തലത്തിൽ വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിദ്യാർത്ഥികളിൽ ലഹരിക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ കോളേജ് തലത്തിൽ 507 ഉം സ്കൂൾ തലത്തിൽ 3438 ഉം ലഹരി വിരുദ്ധ ക്ലബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ലഹരി വിരുദ്ധ ക്ലബുകൾക്കായി വിമുക്തി മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. സ്കൂളുകളിൽ ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പി.റ്റി.എ., സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവയുമായി നിരന്തര ആശയ വിനിമയം നടത്തിവരുന്നു. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്. എൻ.എസ്.എസ്., എസ്.പി.സി., എൻ.സി.സി. എന്നിവയുമായി സഹകരിച്ചു കൊണ്ട് വിദ്യാർത്ഥികൾക്കിടയിലും യുവജനങ്ങൾക്കിടയിലും ബോധവൽക്കരണ പ്രവർത്തനം നടത്തിവരുന്നു.

വിദ്യാർത്ഥികളിൽ ലഹരി വിരുദ്ധ ചിന്ത പകരുന്നതായ വിഷയങ്ങൾ ഉൾപ്പെടുത്തി ഉപന്യാസരചന, ചിത്രരചന, കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന, പ്രസംഗം എന്നിവ നടത്തിവരുന്നുണ്ട്. ലഹരി വിരുദ്ധ ആശയങ്ങൾ ഉൾക്കൊണ്ട ഹ്രസ്വചിത്ര മത്സരം സംഘടിപ്പിച്ചിട്ടുണ്ട്. ' നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന പ്രത്യേക പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും അതിശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) കൊല്ലം ജില്ലയിൽ വിമുക്തി മിഷൻ സംഘടിപ്പിച്ച ചടങ്ങിനോടനുബന്ധിച്ച് താൽക്കാലികമായി വിമുക്തി സേന രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എക്സൈസ് വകുപ്പിലെ തസ്തികകൾ

299 (4668) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ് വകുപ്പിൽ പുതിയതായി എത്ര തസ്തികകൾ സൃഷ്ടിച്ചു; വിശദമാക്കാമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ (2016, 2017,2018 വർഷങ്ങളിൽ) ഡ്യൂട്ടി സമയത്ത് എക്സൈസ് ജീവനക്കാർക്ക് എതിരെ എത്ര ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്; വിശദമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ് വകുപ്പിൽ പുതിയതായി 260 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ലഹരി വർജ്ജന പദ്ധതിയായ വിമുക്തിയിലേയ്ക്കായി 3 റിസർച്ച് ഓഫീസർ, 14 മിഷൻ കോ-ഓർഡിനേറ്റർ, 14 ജില്ലാ മാനേജർമാർ എന്നീ തസ്തികകളും താൽക്കാലികമായി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഡ്യൂട്ടി സമയത്ത് എക്സൈസ് ജീവനക്കാർക്കെതിരെ 72 ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

300 (4669) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; സ്ഥിരം/താല്ക്കാലിക ജീവനക്കാരുടെ എണ്ണം ഇനം തിരിച്ച് നൽകുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് 2018-ൽ ശമ്പളയിനത്തിലും മറ്റും എന്ത് തുക ചെലവഴിച്ചു; അറിയിക്കുമോ;

(സി) റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന് 2018-ൽ വരുമാനമായി വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിച്ച തുക എത്രയാണ് എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) കേരള കള്ള് വ്യവസായതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ 283 ജീവനക്കാർ ജോലി നോക്കുന്നുണ്ട്. (4 സൂപ്പർ ന്യൂമററി തസ്തിക ഉൾപ്പെടെ) ഇതിൽ 245 പേർ സ്ഥിരജീവനക്കാരും 38 പേർ താൽക്കാലിക ജീവനക്കാരുമാണ്.

(ബി) 2018-ൽ ശമ്പളയിനത്തിനും മറ്റും ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | ഇനം | തുക (രൂപ) |
|---|---|---|
| 1 | ശമ്പളം | 10,46,39,956 |
| 2 | ബോണസ് | 8,04,670 |
| 3 | പെൻഷൻ വിഹിതം(എൻ.പി.എസ്) | 28,79,634 |
| 4 | യാത്രാപ്പടി | 3,34,911 |
| 5 | മെഡിക്കൽ അലവൻസുകൾ | 2,11,864 |
| 6 | ജീവനക്കാരുടെ പെൻഷൻ | 5,65,40,255 |
| 7 | കണ്ടിജൻസി ശമ്പളം | 19,22,003 |
| 8 | ജീവനക്കാരുടെ ഭവനവായ്പക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി റീ-ഇമ്പേഴ്സ്മെന്റ് | 3,67,125 |
| | ആകെ | 16,77,00,418 |

(സി) 2018-ൽ വിവിധ സ്രോതസ്സുകളിൽ നിന്നും ബോർഡിന് ലഭിച്ച വരുമാനങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | ഇനം | തുക (രൂപ) |
|---|---|---|
| 1 | സ്ഥിര നിക്ഷേപങ്ങളിൽനിന്നുള്ള പലിശ | 1,87,50,43,930 |
| 2 | എസ്.ബി. നിക്ഷേപങ്ങളിൽനിന്നുള്ള പലിശ | 4,71,49,592 |
| 3 | മറ്റിനങ്ങൾ | 13,30,529 |
| | ആകെ | 1,92,35,24,051 |

## എക്സൈസ് വകുപ്പിലെ ആശ്രിത നിയമനം

301 (4670) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി എക്സൈസ് സർക്കിൾ ഓഫീസിൽ പാർട്ട് ടൈം സ്വീപ്പറായിരിക്കെ 4-8-2018-ന് മരണപ്പെട്ട സി.കെ. ബിന്ദുവിന്റെ മകൾ എം.എ.അമ്പിളി ആശ്രിത നിയമനം ലഭിക്കുവാനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച ഫയൽ നമ്പർ വെളിപ്പെടുത്താമോ?

### ഉത്തരം

(എ) കുമാരി എം.എ. അമ്പിളി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിനായി സമർപ്പിച്ച അപേക്ഷ എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്ത് സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. ടി അപേക്ഷയിൻമേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി 24-10-2019-ന് എറണാകുളം ജില്ലാ കളക്ടർക്ക് അറിയിച്ചിട്ടുള്ളതാണ്.

(ബി) നികുതി - എഫ്2/146/2019/നി.വ.

## കണ്ണൂർ ജില്ലയിൽ എക്സൈസ് വകുപ്പിലെ ഡ്രൈവർ തസ്തിക

302 (4671) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എക്സൈസ് വകുപ്പിന് എത്ര വാഹനങ്ങൾ നിലവിലുണ്ട്; എത്ര ഡ്രൈവർ തസ്തികയാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ബി) വാഹനങ്ങൾക്ക് ആനുപാതികമായി ഡ്രൈവർ തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ കൂടുതൽ ഡ്രൈവർ തസ്തികയ്ക്ക് പ്രൊപ്പോസൽ നല്കിയിട്ടുണ്ടോ; അറിയിക്കുമോ;

(സി) എക്സൈസ് ഡ്രൈവർ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ്; ഈ ലിസ്റ്റിൽ നിന്നും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ എക്സൈസ് വകുപ്പിന് 20 നാലുചക്ര വാഹനങ്ങളും 28 ഇരുചക്ര വാഹനങ്ങളും അടക്കം 48 വാഹനങ്ങളുണ്ട്. 20 ഡ്രൈവർ തസ്തിക നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. മൂന്ന് പേരുടെ നിയമന ശിപാർശ കത്ത് ലഭ്യമായിട്ടുണ്ട്. നിയമന നടപടികൾ നടന്നുവരുന്നു.

(ഡി) 3-9-2022 വരെ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

**എക്സൈസ് ഉദ്യോഗസ്ഥരുടെ മനോവീര്യം ഉയർത്തുന്നതിന് നടപടി**

303 (4672) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിനെ സേനാവിഭാഗത്തിൽ ഉൾപ്പെടുത്തിയാണോ രൂപീകരിച്ചിട്ടുള്ളത്; ആണെങ്കിൽ ഏത് വർഷം മുതലാണ് ഇത് പ്രാബല്യത്തിൽ വന്നത്;

(ബി) പ്രസ്തുത വകുപ്പിൽ ആഴ്ചയിൽ ഒരിക്കൽ പരേഡ് നിർബന്ധമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ചുള്ള ഉത്തരവുകൾ നൽകാമോ;

(സി) സിവിൽ എക്സൈസ് ഓഫീസർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ, പ്രിവന്റീവ് ഓഫീസർ, ഡ്രൈവർ എന്നിവരുടെ ഒരു ദിവസത്തെ ഡ്യൂട്ടി സമയം എത്ര മണിക്കൂർ ആണ്; ഈ ഉദ്യോഗസ്ഥർ 8 മണിക്കൂറിൽ കൂടുതൽ ജോലി നോക്കേണ്ട സാഹചര്യമുണ്ടായാൽ ആനുപാതികമായ വിശ്രമം നൽകാറുണ്ടോ; ഇവർ 24 മണിക്കൂറിൽ കൂടുതൽ ജോലി നോക്കുന്ന ഓഫീസുകളിൽ ഡ്യൂട്ടിക്കായി ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത വകുപ്പിലെ ജീവനക്കാരുടെ സർവ്വീസ് നിയമങ്ങൾ കേരള സർവ്വീസ് ചട്ടങ്ങൾക്ക് വിധേയമായിട്ടാണോ നിശ്ചയിച്ചിട്ടുള്ളത്; ആണെങ്കിൽ കേരള സർവ്വീസ് ചട്ടങ്ങൾക്ക് വിധേയമായിട്ടുള്ള പരിഗണനകൾ ജീവനക്കാർക്ക് നൽകാറുണ്ടോ;

(ഇ) തിരുവനന്തപുരം എക്സൈസ് ഡിവിഷനിലെ ഫീൽഡ് ഓഫീസുകളിലും ചെക്ക് പോസ്റ്റുകളിലും സിവിൽ എക്സൈസ് ഓഫിസർ, പ്രിവന്റീവ് ഓഫീസർ എന്നിവർക്ക് 24 മണിക്കൂർ ഡ്യൂട്ടി നൽകുകയും ഇതിന് ആനുപാതികമായുള്ള വിശ്രമവും വീക്കിലി ഓഫ് മറ്റ് അവധികളും അനുവദിക്കാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് കടുത്ത മനുഷ്യാവകാശ ലംഘനമാണെന്ന കാര്യം ഗൗരവമായി കാണുമോ;

(എഫ്) പ്രസ്തുത വകുപ്പിലെ താഴെത്തട്ടിലെ ജീവനക്കാർക്ക് കടുത്ത ഡ്യൂട്ടി സമ്പ്രദായങ്ങൾ ഏർപ്പെടുത്തുകയും ഇതിന് ആനുപാതികമായി വിശ്രമവും അവധിയും അനുവദിക്കാതിരിക്കുകയും ചെയ്യുന്ന മേലുദ്യോഗസ്ഥരുടെ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർ ഇക്കാരണങ്ങളാൽ അനുഭവിക്കുന്ന കടുത്ത മാനസിക ബുദ്ധിമുട്ടുകളും ശിക്ഷണ നടപടികളും മൂലം അവർ നൽകിയിട്ടുള്ള പരാതികളുടെ നിജസ്ഥിതി പരിശോധിച്ച് പരിഹരിച്ചിട്ടുണ്ടോ; ഇത്തരം സാഹചര്യങ്ങൾ വകുപ്പിലെ ഫീൽഡ് ഉദ്യോഗസ്ഥരുടെ മനോവീര്യം തകർക്കും എന്നുള്ള കാര്യം ഗൗരവമായി കാണുമോ?

<u>ഉത്തരം</u>

(എ) എക്സൈസ് വകുപ്പ് യൂണിഫോംഡ് ഫോഴ്സിൽ ഉൾപ്പെടുന്നു.

(ബി) ഉണ്ട്. ഇത് സംബന്ധിച്ചുള്ള സർക്കുലറുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) സിവിൽ എക്സൈസ് ഓഫീസർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ, പ്രിവന്റീവ് ഓഫീസർ, ഡ്രൈവർ എന്നിവരുടെ ഡ്യൂട്ടി സമയം നിജപ്പെടുത്തിയിട്ടില്ല. ടി ഉദ്യോഗസ്ഥർ 8 മണിക്കൂറിൽ കൂടുതൽ ജോലി നോക്കേണ്ട സാഹചര്യമുണ്ടായാൽ ആനുപാതിക വിശ്രമം അനുവദിച്ചു വരുന്നു. ഡ്യൂട്ടിക്കായി ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ സർവ്വീസ് നിയമങ്ങൾ കേരള സർവ്വീസ് ചട്ടങ്ങളും സ്റ്റേറ്റ് എക്സൈസ് & പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് റൂൾസും പാലിച്ചാണ് നിശ്ചയിച്ചിട്ടുള്ളത്. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് അനുസരിച്ചുള്ള പരിഗണനകൾ ഉദ്യോഗസ്ഥർക്ക് നൽകാറുണ്ട്.

(ഇ&എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ

304 (4673) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി എക്സൈസ് സർക്കിൾ ഓഫീസിൽ പാർട്ട് ടൈം സ്വീപ്പറായിരിക്കെ 4-8-2018-ന് മരണപ്പെട്ട സി. കെ. ബിന്ദുവിന്റെ ഭർത്താവ് എം. സി. അരവിന്ദാക്ഷന് ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ടിയാന് ഫാമിലി പെൻഷൻ എന്നത്തേയ്ക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കൊച്ചി എക്സൈസ് സർക്കിൾ ഓഫീസിൽ പാർട്ട് ടൈം സ്വീപ്പറായിരിക്കെ 4-8-2018-ന് മരണപ്പെട്ട സി.കെ.ഭാനുവിന്റെ ഭർത്താവ് ശ്രീ. എം. സി. അരവിന്ദാക്ഷന് ഫാമിലി പെൻഷൻ അനുവദിച്ച് ഉത്തരവ് നൽകിയിട്ടുള്ളതാണ്.

(ബി) ശ്രീ. എം. സി. അരവിന്ദാക്ഷന് ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി മരണപ്പെട്ട സി. കെ. ബിന്ദുവിന്റെ അവസാന വേതന സാക്ഷ്യപത്രവും ബാധ്യത രഹിത സാക്ഷ്യപത്രവും പള്ളുരുത്തി സബ് ട്രഷറി ഓഫീസർക്ക് 29-10-2019-ന് രജിസ്റ്റേർഡ് തപാലിൽ എറണാകുളം എക്സൈസ് ഡിവിഷൻ ഓഫീസിൽനിന്നും അയച്ചിട്ടുള്ളതും ഫാമിലി പെൻഷൻ ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

## കള്ളിലെ മായം കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ

305 (4674) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളിലെ മായം കണ്ടെത്തുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള പരിശോധനകൾ ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ കൂടുതൽ ഫലപ്രദമായ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ;

(സി) ടോഡി ബോർഡിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) കള്ളിലെ മായം കണ്ടെത്തുന്നതിന് എക്സൈസ് ഉദ്യോഗസ്ഥർ കള്ളിന്റെ സാമ്പിൾ എടുത്ത് രാസപരിശോധനയ്ക്ക് അയയ്ക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ദക്ഷിണ, ഉത്തര, മദ്ധ്യ മേഖലകളിൽ അനുവദിച്ചിട്ടുള്ള മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബ് വഴിയും കള്ളിന്റെ ഗുണനിലവാര പരിശോധന നടത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) കള്ളിലെ മായം കണ്ടെത്തുന്നതിന് നിലവിലുള്ള പരിശോധനകൾ ഫലപ്രദമാണ്.

(സി) കള്ളുവ്യവസായവുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ തൊഴിലും ജീവിത സുരക്ഷിതത്വവും സംരക്ഷിക്കുന്നതിനും ശുദ്ധമായ കള്ള് ചെത്തിയെടുക്കുന്നതിനുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതും ലക്ഷ്യമിട്ട് ടോഡി ബോർഡ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

## എക്സൈസ് വകുപ്പിലെ സ്പെഷ്യൽ ഡ്യൂട്ടി സമ്പ്രദായം

306 (4675) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഋഷിരാജ് സിംഗ് എക്സൈസ് കമ്മീഷണറായിരുന്നപ്പോൾ എക്സൈസ് ഡിപ്പാർട്ടുമെന്റിൽ സ്പെഷ്യൽ ഡ്യൂട്ടി സമ്പ്രദായം നിർത്തലാക്കിയിരുന്നോ;

(ബി) പ്രസ്തുത സ്പെഷ്യൽ ഡ്യൂട്ടി സമ്പ്രദായം പുനഃസ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ കാരണമറിയിക്കാമോ;

(സി) ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം വർദ്ധിക്കുന്ന സാഹചര്യത്തിൽ സ്പെഷ്യൽ ഡ്യൂട്ടി സമ്പ്രദായം പുനഃസ്ഥാപിച്ചത് പുനഃപരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 a.m.]

## II അടിയന്തരപ്രമേയം

### സുരക്ഷാവീഴ്ച

മി. സ്പീക്കർ: പോലീസിൽ മൊബൈൽ ആപ്ലിക്കേഷൻ കൊണ്ടു വരുന്നതിനുവേണ്ടി സംസ്ഥാനത്തെ ജനങ്ങളുടെ കേസുകളുമായി ബന്ധപ്പെട്ട അതീവ രഹസ്യ സ്വഭാവമുള്ള വിവരങ്ങൾ കൈകാര്യം ചെയ്യുന്ന ഡാറ്റാബേസിൽ സ്വകാര്യ കമ്പനിയായ ഊരാളുങ്കൽ സൊസൈറ്റിക്ക് സമ്പൂർണ്ണ സ്വാതന്ത്ര്യം അനുവദിച്ചതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സുരക്ഷാവീഴ്ച സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. എസ്. ശബരീനാഥൻ, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സാധാരണ ജനങ്ങൾക്ക് വിവിധ സേവനങ്ങൾ സുതാര്യമായും സമയബന്ധിതമായും എത്തിക്കുകയെന്നതിനാണ് സർക്കാർ പൊതുവെ ഊന്നൽ നൽകുന്നത്. ഇത്തരത്തിൽ സാങ്കേതികവിദ്യ ഫലപ്രദമായി വിന്യസിച്ചാൽ അഴിമതി നല്ല രീതിയിൽ തടയാനാകുമെന്നതും ഒരു പ്രത്യേകതയാണ്. ഇക്കാര്യത്തിൽ ഫലപ്രദമായി ഇടപെടേണ്ട ഒരു മേഖലയായാണ് പാസ്പോർട്ട് സംബന്ധമായ പോലീസ് വെരിഫിക്കേഷൻ സംബന്ധിച്ച് പോലീസ് കണ്ടെത്തിയത്. അതിന്റെ ഭാഗമായി സ്വീകരിച്ച ഒരു നടപടിയാണിത്. കേന്ദ്ര സർക്കാർ പാസ്പോർട്ട് സേവനങ്ങൾ പാസ്പോർട്ട് ഓഫീസുകൾവഴിയാണ് നൽകിവരുന്നത്. അത് ഇപ്പോൾ സ്വകാര്യ പങ്കാളിത്തത്തോടുകൂടി പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ വഴിയാണ് നൽകുന്നത്. പാസ്പോർട്ട് സേവാ കേന്ദ്രങ്ങളിലെ സോഫ്റ്റ്‌വെയറും അതിലെ ജീവനക്കാരെയുമെല്ലാം സ്വകാര്യ സംരംഭകരാണ് ലഭ്യമാക്കിയിരിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിലാണ് പാസ്പോർട്ട് പോലീസ് വെരിഫിക്കേഷൻ പൂർണ്ണമായും സാങ്കേതികവിദ്യാധിഷ്ഠിത സംവിധാനത്തിലേയ്ക്ക് മാറ്റുന്ന കാര്യം ഗൗരവമായി പരിഗണിച്ചുവരുന്നത്. നിലവിലുള്ള ഡാറ്റാബേസുകളിൽനിന്ന് Application Programming Interface (API) ഉപയോഗിച്ച് ഇത്തരത്തിൽ വിവരം ശേഖരിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ ലഭ്യമാകുന്ന വിവരം സോഫ്റ്റ്‌വെയർ വിശകലനം ചെയ്ത് ആവശ്യമായ രീതിയിൽ അവതരിപ്പിക്കാൻ കഴിയുന്ന പ്രകാരമാണ് സംവിധാനം ചെയ്തിരിക്കുന്നത്. ഇതിൽ ഒരു ഡാറ്റാബേസിന്റെയും ഉടമസ്ഥത ഇത്തരത്തിലുള്ള മിഡിൽവെയർ സോഫ്റ്റ്‌വെയർ നിർമ്മിക്കുന്ന സ്ഥാപനത്തിന് ആവശ്യമുള്ളതല്ല. ആ ഡാറ്റാബേസിൽ എന്തൊക്കെയാണുള്ളത്

എന്നതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതില്ല. അതുകൊണ്ടുതന്നെ യാതൊരു രീതിയിലുള്ള സുരക്ഷാ പ്രശ്നങ്ങളും ഇതിൽ ഉൾപ്പെടുന്നില്ല. എന്നാൽ ഇത്തരത്തിലുള്ള ഒരു API വിന്യസിക്കുമ്പോൾ നിലവിലുള്ള ഡാറ്റാബേസിന്റെ സുരക്ഷയെ ബാധിക്കുന്നില്ലെന്നും API വഴി വിവരങ്ങൾ ചോരുന്നില്ലെന്നും ഉറപ്പാക്കുകതന്നെ ചെയ്യും. ഇതിനുവേണ്ടത് സമഗ്രമായ സെക്യൂരിറ്റി ആഡിറ്റിംഗ് സംവിധാനമാണ്. അത്തരത്തിലുള്ള ഒരു സൈബർ സെക്യൂരിറ്റി ആഡിറ്റിംഗ് കൂടി പൂർത്തിയായാൽ മാത്രമെ ഈ സോഫ്റ്റ്‌വെയർ വിന്യസിക്കാനോ സർക്കാർ ഡാറ്റാ സെന്റർ ലഭ്യമാക്കാനോ അനുമതി നൽകുകയുള്ളൂ. ഈ ഘട്ടത്തിൽ ഒരാശങ്കയും ഇതുമായി ബന്ധപ്പെട്ട് ഉയരേണ്ട കാര്യമില്ല.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ലോകത്തിലെ ഏറ്റവും അമൂല്യമായ വസ്തു എന്താണെന്നുള്ള ചോദ്യങ്ങൾക്ക് അന്താരാഷ്ട്ര മാധ്യമങ്ങൾ നൽകിയ മറുപടിയാണ് "Data is the new oil" എന്നത്. പത്തൊൻപതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിലും ലോകത്തെ ഭരിച്ചുകൊണ്ടിരുന്നത് എണ്ണക്കമ്പനികളാണ്. പക്ഷെ പതിനെട്ടാം നൂറ്റാണ്ടിൽനിന്ന് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെത്തുമ്പോൾ ലോകരാഷ്ട്രങ്ങളുടെ രക്ഷാകവചവും ആയുധവുമെല്ലാം ഡാറ്റയാണ്. ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട കമ്പനികളുടെ എണ്ണം നോക്കുകയാണെങ്കിൽ മുൻപന്തിയിലുള്ളതെല്ലാം technological giants ആണ്. ഇന്ന് എണ്ണക്കമ്പനികളെ മാറ്റിനിർത്തി Facebook അടക്കമുള്ള വലിയ കമ്പനികളാണ് ലോകത്ത് ഒന്നാമതായി നിൽക്കുന്നത്. 2018-ൽ ലോകത്തെ വിറപ്പിച്ച ഏറ്റവും വലിയൊരു വിവാദമായിരുന്നു അമേരിക്കയിലുണ്ടായ Facebook-ന്റെയും Cambridge Analytica -യുടെയും വിവാദം. ഫേസ്ബുക്ക് ഉപഭോക്താക്കളുടെ സ്വകാര്യ രേഖകൾ രാഷ്ട്രീയ ആവശ്യങ്ങൾക്കായി Cambridge Analytica -യ്ക്കും മറ്റ് ഏജൻസികൾക്കും നൽകിയത് ഒരു വലിയ വിവാദമായിരുന്നു. അവസാനം അമേരിക്കയിലെ പരമോന്നത ജനപ്രതിനിധി സഭയായ യു.എസ്. കോൺഗ്രസിൽ ഫേസ്ബുക്ക് C.E.O.ആയ Mark Zuckerberg വന്ന് യു.എസ്. കോൺഗ്രസ് അംഗങ്ങളുടെ ചോദ്യങ്ങൾക്കുമുൻപിൽ സാഷ്ടാംഗം മാപ്പ് പറയേണ്ടിവന്നു. അവിടെനിന്ന് ഇന്ത്യയിലേയ്ക്ക് വന്നാൽ, ഇന്ത്യയിലെ പ്രധാനപ്പെട്ട രാഷ്ട്രീയ, സാമൂഹിക പശ്ചാത്തലത്തിലുള്ള നൂറ്റിഇരുപതോളം വ്യക്തികളുടെ വാട്ട്സാപ്പ് രേഖകൾ ഇസ്രായേലി സൈബർവെയർ കമ്പനിയായ Pegasus ചോർത്തുന്നു എന്ന വിവാദം ഇപ്പോഴും ആളിക്കത്തിക്കൊണ്ടിരിക്കുകയാണ്. അമേരിക്കയിലും ഇന്ത്യയിലുമൊക്കെ ഇത്തരത്തിലുള്ള വിവാദങ്ങൾ ആളിക്കത്തുമ്പോഴാണ്, ഇന്ത്യയിൽത്തന്നെ ഏറ്റവും കൂടുതൽ ഡിജിറ്റൽ സാക്ഷരതയുള്ള നമ്മുടെ കൊച്ചുകേരളത്തിൽ, പോലീസിന്റെ പക്കലുള്ള കേസുകളുമായി ബന്ധപ്പെട്ട അതീവ

രഹസ്യ സ്വഭാവമുള്ള രേഖകൾ കൈകാര്യം ചെയ്യുന്ന ഡാറ്റാബേസിൽ, ഇടതുപക്ഷ സർക്കാരിന്റെയും എൽ.ഡി.എഫ്.-ന്റെയും സി.പി.ഐ.(എം.)-ന്റെയും വിശ്വസ്ത സഹോദര സ്ഥാപനമായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സമ്പൂർണ്ണ സ്വാതന്ത്ര്യം അനുവദിച്ചത്. നമ്മൾ പഠിക്കേണ്ട കാര്യങ്ങളുണ്ട്. കേരള പോലീസിന്റെ പാസ്പോർട്ട് വെരിഫിക്കേഷൻ ഡാറ്റ അപ്ഗ്രേഡ് ചെയ്യുവെന്നുള്ള ഒരു മറ സൃഷ്ടിച്ചുകൊണ്ടാണ് ഈയൊരു പ്രോജക്ട് അപ്രൂവ് ചെയ്തിരിക്കുന്നത്. മലപ്പുറത്ത് തുടങ്ങിയ, കേരള പോലീസിലെതന്നെ മിടുക്കരായ ആളുകൾ ഡെവലപ് ചെയ്ത e-VIP ആപ്പ് ഉപയോഗിച്ചാണ് ഇന്ന് പാസ്പോർട്ട് വെരിഫിക്കേഷൻ നടക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, ഇരുപത്തിയൊന്ന് ദിവസത്തെ പാസ്പോർട്ട് വെരിഫിക്കേഷന്റെ സമയം ചുരുക്കാനായി, ഇന്ന് 'e-VIP ആപ്പ് ഉപയോഗിച്ച് വെറും ഏഴ് ദിവസംകൊണ്ട് കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും നമ്മുടെ അഭിമാന പദ്ധതിയായി പാസ്പോർട്ട് വെരിഫിക്കേഷൻ നടക്കുന്നുണ്ട്. ഇങ്ങനെയുള്ള ഒരു പദ്ധതി നൂറ് ശതമാനം നല്ല രീതിയിൽ പ്രവർത്തിക്കുമ്പോൾ, ഊരാളുങ്കൽ സൊസൈറ്റിക്ക് താൽപ്പര്യമുള്ള blockchain technology- കൊണ്ട് പുതിയ ഒരു സിസ്റ്റം ഇത്രയും പണമുണ്ടാക്കി ടെണ്ടർ ഇല്ലാതെ നിർമ്മിക്കുന്നതെന്നുള്ള കാര്യത്തിൽ ധാരാളം അപാകതകളുണ്ട്. അതിന്റെ കൃത്യമായ കണക്കുകളിലേയ്ക്ക് വരാം. കേരളത്തിൽ ബ്ലോക്ക് ചെയിൻ അക്കാഡമി ടെക്നോപാർക്കിൽ സർക്കാരിന്റെ കീഴിൽത്തന്നെയുണ്ട്. ബ്ലോക്ക് ചെയിൻ അക്കാഡമിയോട് ഈ കാര്യത്തിൽ ഒരു വിശദീകരണം പോലീസ് ചോദിച്ചു. അപ്പോൾ, ബ്ലോക്ക്ചെയിൻ സാങ്കേതിക സംവിധാനം distributed network അല്ലെങ്കിൽ വികേന്ദ്രീകൃത സംവിധാനത്തിൽ പ്രവർത്തിക്കുന്നതാണെന്നും ഒരു കാരണവശാലും വളരെ central repository ആയിട്ടുള്ള ഈയൊരു പാസ്പോർട്ട് ആക്സസിൽ ബ്ലോക്ക്ചെയിനിന്റെ ആവശ്യമില്ല എന്നുമുള്ള ഒരു റിപ്പോർട്ടാണ് അവർ കേരളാ പോലീസിന് നൽകിയിട്ടുള്ളത്. അതുപോലെതന്നെ, കേരളാ പോലീസിലുള്ള യുവ ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ ടീമിനോട് ബ്ലോക്ക്ചെയിനിന്റെ ഈയൊരു ടെക്നോളജി കേരളത്തിലെ പാസ്പോർട്ടിന് വേണമോ എന്ന് ചോദിച്ചപ്പോൾ, ശ്രീ. സഞ്ജയ്കുമാർ ഗൗർ, ശ്രീ. ജയനാഥ്, ശ്രീ. മഞ്ജുനാഥ്, ശ്രീമതി ദിവ്യാ ഗോപിനാഥ്, എന്നിവർ നൽകിയ റിപ്പോർട്ടിൽ ഊരാളുങ്കൽ സൊസൈറ്റിയുടെ ബ്ലോക്ക്ചെയിൻ പോലുള്ള പ്രൊപ്പോസൽ വേണ്ട എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത്രയും നല്ല രീതിയിൽ വർക്ക് ചെയ്യുന്ന e-VIP പ്രോജക്ട് ഉള്ളപ്പോഴാണ് ഇവിടെ നിക്ഷിപ്ത താൽപ്പര്യമുള്ള ആളുകൾ ബഹുമാനപ്പെട്ട ഡി.ജി.പി.-യുടെയുംമറ്റും നിർദ്ദേശത്തോടുകൂടി എറണാകുളം ജില്ലയിൽ, കൊച്ചി സിറ്റിയിലേയ്ക്ക് ഒരു പൈലറ്റ് പദ്ധതി ആവിഷ്കരിക്കുന്നത്. ഊരാളുങ്കൽ സൊസൈറ്റി 2019 ജനുവരിയിൽ കൊടുത്ത ഒരു

കത്തിന്റെ ആധാരമായി, പാസ്സ്പോർട്ട് വെരിഫിക്കേഷനുവേണ്ടി ഒരു പുതിയ പ്രോജക്ട് അവർ തയ്യാറാക്കുന്നുണ്ട്, അതിന്റെ പൈലറ്റിനുവേണ്ടി 35 ലക്ഷം രൂപ അനുവദിച്ചുകൊണ്ടുള്ള ഒരു കുറിപ്പ് 2-11-2019-ന് അനുവദിച്ചിരിക്കുകയാണ്. അതിലെ വേറൊരു വിഷയത്തിലേയ്ക്ക് ഞാൻ വരാം. ഈ POC (Proof of Concept) പഠിക്കുന്നതിനുവേണ്ടിയുള്ള ഒരു ഇവാല്യുവേഷൻ കമ്മിറ്റിയിൽ കൊച്ചി അഡീഷണൽ കമ്മീഷണർ ഓഫ് പോലീസ്, അദ്ദേഹത്തിന്റെ പേര് ഞാൻ എടുത്ത് പറയുന്നില്ല, പക്ഷെ ആളുകളോട് ചോദിച്ചാൽ അറിയാം, സ്വന്തം ഇ-ഫയലുകൾപോലും ഉപയോഗിക്കാൻ അറിയാത്തതിനാൽ കൂടെയുള്ള പി.സി.-യെക്കൊണ്ട് ഇ-ഫയൽ പ്രിന്റെടുത്ത് അപ്രൂവ് ചെയ്യുന്ന ആളാണ്. അങ്ങനെയുള്ള ഒരാളിനെയാണ് ഈ ടെക്നിക്കൽ കമ്മിറ്റിയുടെ ചെയർമാനാക്കിയിരിക്കുന്നത്. 2-11-2019-ൽ 35 ലക്ഷം രൂപ ആയിരം പാസ്സ്പോർട്ട് ആപ്ലിക്കേഷനുള്ള പൈലറ്റ് നടത്തിയതിന് ഊരാളുങ്കൽ സൊസൈറ്റിക്ക് കൊടുക്കുകയാണ്. അതുമാത്രമല്ല, ഈ ഒക്ടോബർ മാസം അവസാനവും നവംബർ മാസം ആദ്യവും കേരളാ പോലീസിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ആക്ടിവിറ്റി നടന്ന ഒരു സമയമാണ്. മാവോയിസ്റ്റ് വേട്ട, വാളയാർ കേസ്, യു.എ.പി.എ. തുടങ്ങിയ വിഷയങ്ങൾ നടക്കുന്ന ഈ കാലഘട്ടത്തിൽ എല്ലാ ഉദ്യോഗസ്ഥരും പ്രത്യേകിച്ച്, മലബാറിൽ കേന്ദ്രീകരിച്ച് നിൽക്കുമ്പോൾ നവംബർ 2-ന് ഊരാളുങ്കൽ സൊസൈറ്റിക്ക് വെറും പൈലറ്റിനുള്ള 35 ലക്ഷം രൂപ കൊടുക്കുന്നതോടൊപ്പംതന്നെ, ഈ പദ്ധതി കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും വ്യാപിപ്പിക്കാൻ കഴിയുമോ എന്ന് അന്വേഷിച്ചുകൊണ്ട് 2-11-2019-ന് ഇറക്കിയ സർക്കാർ ഓർഡറിനോടൊപ്പംതന്നെ ഒരു ടെക്നിക്കൽ കമ്മിറ്റിയെ വയ്ക്കുകയുമാണ്. നാല് ഉദ്യോഗസ്ഥർ അടക്കമുള്ള ടെക്നിക്കൽ കമ്മിറ്റിയോട് കേരളത്തിലെ എല്ലാ പാസ്സ്പോർട്ട് വെരിഫിക്കേഷനുവേണ്ടിയും ഈ പ്രോജക്ട് ചെയ്യാൻ പറ്റുമോ എന്നുള്ള ഒരു ചോദ്യം ചോദിച്ചിരിക്കുകയാണ്. ആ കമ്മിറ്റി ഇതുവരെ യോഗം ചേർന്നിട്ടില്ല. അടുത്ത ആഴ്ച ആ കമ്മിറ്റി റിപ്പോർട്ട് കൊടുക്കേണ്ടതാണ്. കമ്മിറ്റി ഇതുവരെ ഒരു കാര്യവും ചെയ്തിട്ടില്ല. ഇവിടെയാണ് ഏറ്റവും അപകടകരമായിട്ടുള്ള കാര്യങ്ങൾ വന്നിട്ടുള്ളത്. നമ്മൾ ടെക്നോളജി വിദഗ്ദ്ധർ അല്ലാത്തതുകൊണ്ട് ഒരു മിനിറ്റ് അതിന്റെ ടെക്നോളജിയെക്കുറിച്ച് പറയേണ്ടതിന്റെ ആവശ്യമുണ്ട്.

ഇന്ത്യയിലെ എല്ലാ പോലീസ് സംവിധാനങ്ങൾക്കും ഉപയോഗിക്കുന്ന ഒരു സിസ്റ്റമാണ് Crime and Criminal Tracking Network & Systems. കേന്ദ്ര ഗവൺമെന്റിന്റെ ഇ-ഗവേണൻസ് പദ്ധതിയായ e-project-ൽ CCTNS ആണ് ഇന്ത്യയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഉപയോഗിക്കുന്നത്. കേരള പോലീസിന്റെ ഏറ്റവും ആധികാരികമായിട്ടുള്ള രേഖകളും ഡാറ്റാബേസുമെല്ലാം ഈ

CCTNS-ൽ ആണ്. Government Committee on CCTNS-ൽ കേരളത്തിന്റെ സ്റ്റേറ്റ് അപെക്സ് കമ്മിറ്റിയുടെ തലവൻ കേരളത്തിന്റെ ചീഫ് സെക്രട്ടറിയാണ്. എംപവേർഡ് കമ്മിറ്റിക്ക് നേതൃത്വം കൊടുക്കുന്നത് പോലീസ് ചീഫാണ്. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയും എല്ലാ ആളുകൾക്കും CCTNS-ന്റെ സമ്പൂർണ്ണമായിട്ടുള്ള നിയന്ത്രണമില്ല. മൂന്നോ നാലോ ഡിപ്പാർട്ടുമെന്റുകൾക്ക് മാത്രമാണ് CCTNS-ന്റെ പൂർണ്ണ അധികാരവും രേഖകളുമുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിപോലും CCTNS-ന് ആക്സസ് വേണമെന്ന് ആവശ്യപ്പെടുകയാണെങ്കിൽ ഈ സംവിധാനത്തിൽ കൊടുക്കാൻ നിർവ്വാഹമില്ല. അങ്ങനെയുള്ള CCTNS-ലെ ഡാറ്റ ഇന്ന് പോലീസിന്റെ തലപ്പത്തുള്ള ഉയർന്ന ആളുകൾ മാത്രം കാണുന്ന അവസ്ഥയിലിരിക്കെ, അതിനുള്ള പ്രോജക്ട് ഡെലിവറിക്കുള്ള കമ്പനിയായി Accenture-ഉം Tata Consultancy Services-ഉം സിസ്റ്റംസ് ഇന്റഗ്രേറ്റർ ആയി ഇരിക്കുന്ന സമയത്ത് അവർക്കാർക്കും CCTNS-ലെ ഡാറ്റായ്ക്ക് ആക്സസ് ഇല്ല. അവർക്കാർക്കും ഡാറ്റാ ബേസിൽ ആക്സസോ ഫയർവാളിന് അപ്പുറം കടക്കാനോ സാധിക്കില്ല. ഗ്ലോബൽ ടെണ്ടറിലൂടെയാണ് അവരെയെല്ലാം നിശ്ചയിച്ചിരിക്കുന്നത്. ഇവിടെയാണ് എല്ലാവരും ശ്രദ്ധിച്ച് കേൾക്കേണ്ടത്. ഞാൻ നവംബർ 2 എന്നുള്ള തീയതി രണ്ടോ മൂന്നോ പ്രാവശ്യം ആവർത്തിച്ച് പറഞ്ഞതിന്റെ കാരണം, നവംബർ 2-നാണ് കേരളം മൊത്തം ഇത് ചെയ്യാൻ പറ്റുമോ എന്നതുസംബന്ധിച്ച സാങ്കേതിക സാമ്പത്തിക വശങ്ങൾ പഠിക്കുവാൻ ഒരു ഉന്നതതല ഇവാല്യുവേഷൻ കമ്മിറ്റിയെ സർക്കാർ നിയോഗിച്ചത്. പക്ഷെ ആ നവംബർ 2-ന് 5 ദിവസം മുൻപ് മാവോയിസ്റ്റ് വേട്ടയും യു.എ.പി.എ.യും വാളയാർ കേസുമൊക്കെ കത്തിനിന്നുകൊണ്ട് നമ്മളൊക്കെ നിയമസഭ കൂടുന്ന സമയത്ത്, ഞാൻ പറയുകയാണ് ഒക്ടോബർ 29-ാം തീയതി CCTNS-ന്റെ മുഴുവൻ രേഖകളും ആപ്ലിക്കേഷനും ഡാറ്റാബേസും ഊരാളുങ്കൽകാർക്ക് കൊടുക്കാനുള്ള ഉത്തരവ് സർക്കാർ ഇറക്കിയിരുന്നു. അതാണ് എന്റെ കയ്യിലുള്ളത്. നമ്പർ ഉൾപ്പെടെ ഞാൻ വായിക്കാം. Order No.S2127788/2018/PHQ dated 29-10-2019 അതിൽ 2-ാം നമ്പർ പോയിന്റ് 'Accordingly ULCCS team is hereby permitted to access the CCTNS application in production....' ഇവിടെ ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും അതുപോലെ സിറ്റിയിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥർക്കുപോലും ആക്സസ് ഇല്ലാത്ത CCTNS-ന്റെ എല്ലാ വാതിലുകളും ഊരാളുങ്കൽകാർക്ക് തുറന്നുകൊടുത്ത് 29-ാം തീയതി മുതൽ അവർ അതിലെ ഡാറ്റ ചോർത്തിക്കൊണ്ടിരിക്കുകയാണ്. എന്നുമാത്രമല്ല, 'The DIG, APBN and Nodal Officer, CCTNS will take necessary action to provide access for the team to CCTNS production API, CCTNS Master data,

Firewall access to CCTNS Production API required for the said purpose at the earliest.....' ഇതെല്ലാം എത്രയും പെട്ടെന്ന് ഊരാളുങ്കൽ ടീമിന് കൊടുക്കണമെന്നുള്ള ഒരു തീരുമാനം കേരള പോലീസ് എടുത്തിട്ട് അതിന്റെയുംകൂടി ചാർജ്ജുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയാണ് ഡാറ്റാ ബേസിലേയ്ക്ക് ഇവർക്ക് ആക്സസ് ഇല്ലെന്ന്. നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തെറ്റ് രേഖപ്പെടുത്തുന്നത് ശരിയായ കീഴ്വഴക്കമല്ല എന്നുള്ള കാര്യം നമ്മൾ മനസ്സിലാക്കണം. അതോടൊപ്പംതന്നെ ഇതിൽ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു വിഷയമുണ്ട്. ഇത് എന്ത് ഡാറ്റയാണെന്നാണ് നമ്മുടെയൊക്കെ വിചാരം? ഇവിടത്തെ വാദികളുടെയും പ്രതികളുടെയും സാക്ഷികളുടെയും വിവരങ്ങൾ അവരുടെ ഫോൺ നമ്പർ, അഡ്രസ്സ്, കേസ് വിവരങ്ങൾ എന്നിവയാണ്. എല്ലാ ഇടതുപക്ഷ എം.എൽ.എ.-മാരും അഭിമാനത്തോടെ പറയുന്നതാണ് ഊരാളുങ്കൽ അവരുടെ കമ്പനിയാണെന്ന്. നാളെ കേരളത്തിലെ, ഒരുപക്ഷെ ലക്ഷക്കണക്കിനാളുകളുടെ രേഖകൾ സി.പി.ഐ.(എം.)ന്റെ ബ്രാഞ്ച് കമ്മിറ്റി ഓഫീസുകളിലൊക്കെ പോകുകയാണെങ്കിൽ Facebook Cambridge Analytica-യുടെ ഒരു കേരള പതിപ്പായിട്ട് ഇത് മാറും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. മാത്രമല്ല, ഊരാളുങ്കലിന്റെ കാര്യം പറയുമ്പോൾ കഴിഞ്ഞ നിയമസഭയിൽ ഒരു ചർച്ചയിൽ ബഹുമാനപ്പെട്ട സി. കെ. നാണു ഈ വിഷയവുമായി ബന്ധപ്പെട്ട് വളരെ വൈകാരികമായി സംസാരിച്ചപ്പോൾ ഞാൻ ആ കാര്യം മനസ്സിലാക്കിയതാണ്. ഊരാളുങ്കലിനെ വളരെ ആശ്ചര്യത്തോടെ, അത്ഭുതത്തോടെ കാണുന്ന ഒരാളാണ് ഞാൻ. ഊരാളുങ്കൽ കമ്പനിയെക്കുറിച്ച് ഞാൻ കൂടുതൽ പഠിച്ചത് നമ്മുടെ പ്രിയപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് 2017-ൽ എഴുതിയ " Building Alternatives: The Story of India's Oldest Construction Workers' Co-operative" എന്നുള്ള പുസ്തകത്തിൽനിന്നാണ്. ആ പുസ്തകത്തിൽ പറയുന്നുണ്ട്, 2001-ൽ വെറും 20 കോടി രൂപ turn over ഉണ്ടായിരുന്ന ഊരാളുങ്കൽ കമ്പനി ഇന്ന് ഏകദേശം 800 കോടി രൂപ turn over ഉള്ള കമ്പനിയാണെന്നാണ്. അതിന്റെ മറ്റ് കാര്യങ്ങൾ വിഷയത്തിൽ തൊടാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. പക്ഷെ നമ്മൾ മനസ്സിലാക്കേണ്ടത് കേരളത്തിൽ ഊരാളുങ്കൽ കമ്പനിക്ക് ടെണ്ടർ ഇല്ലാതെ പ്രോജക്ട് കൊടുക്കാൻ പറ്റുന്ന നിയമവ്യവസ്ഥയുള്ളത് കൺസ്ട്രക്ഷൻ പർപ്പസിന് മാത്രമാണ്. ഊരാളുങ്കൽ കമ്പനിയുടെ കീഴിൽ subsidiary ആയി പ്രവർത്തിക്കുന്ന ULTS (Uralungal Technology Solutions) എന്നുള്ള കമ്പനി വെറുമൊരു പേപ്പർ കമ്പനിയാണ്. ബ്ലാക്ക് ലിസ്റ്റ് ചെയ്യേണ്ട കമ്പനിയാണത്. എന്റെ പക്കൽ രേഖകളുണ്ട്. അവർ കേരള സർക്കാരിനുവേണ്ടി ചെയ്ത് പ്രശ്നമായ പ്രോജക്ടുകളുടെ എണ്ണം ഞാൻ തരാം. അവർ ചെയ്ത ട്രാവൻകൂർ ദേവസ്വം ബോർഡിന്റെ ഓൺലൈൻ റിസർവേഷൻ ആൻഡ് കൗണ്ടർ ബുക്കിംഗിന്റെ ഒരു

മോഡ്യൂൾ മാത്രമാണ് ഇതുവരെ കഴിഞ്ഞിട്ടുള്ളത്. കോഴിക്കോട് ഡിസ്ട്രിക്ട് ഹോസ്പിറ്റലിന്റെ ഇ.ആർ.പി. ഇംപ്ലിമെന്റേഷൻ എന്ന പ്രോജക്ടുതന്നെ ഇല്ലാതാക്കിയിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. യുടെ പത്ത് കോടി രൂപയുടെ ഇ-ടിക്കറ്റിംഗ് പദ്ധതി അവർ തന്നെ ഔട്ട്സോഴ്സ് ചെയ്തിരിക്കുകയാണ്. കേരള നിയമസഭയുടെ പേപ്പർലെസ് ഡിജിറ്റൽ അസംബ്ലി എന്നുപറഞ്ഞിട്ടും ദാ, ഇപ്പോഴും നമ്മുടെയൊക്കെ വീട്ടിലും ടേബിളിലുമൊക്കെ കെട്ടുകണക്കിന് പേപ്പറുകൾ വന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഇതുവരെ കൊടുത്ത പ്രോജക്ടുകളൊന്നും സമയബന്ധിതമായി ചെയ്യാൻ കഴിയാത്ത ULCCS-ന്റെ വെറുമൊരു subsidiary കമ്പനിയായ ഊരാളുങ്കൽ ടെക്നിക്കൽ സൊല്യൂഷൻസിന്, ടെണ്ടറില്ലാതെ കൺസ്ട്രക്ഷൻ വർക്ക് കൊടുക്കാൻ പറ്റുന്ന നിയമവ്യവസ്ഥ ഉപയോഗിച്ച് ഈ പ്രോജക്ട് കൊടുത്തിരിക്കുന്നത് അഴിമതി തന്നെയാണ് എന്നുള്ളത് ആവർത്തിച്ച് ഈ വേദിയിൽ ഞാൻ പറയുകയാണ്. അതോടൊപ്പം പ്രധാനപ്പെട്ടൊരു കാര്യമുണ്ട്, TCS-ഉം Accenture-ഉം അടക്കമുള്ള കമ്പനികൾക്ക് ഈ CCTNS-ന്റെ രേഖകൾ കിട്ടിയത് ഗ്ലോബൽ ടെണ്ടറിലൂടെയാണ്. ഇവിടെ ഒരു ടെണ്ടറും ഉണ്ടായിട്ടില്ല. അതുമല്ല, ISO 27001 എന്നുള്ള ഒരു നിഷ്കർഷ ഉണ്ടെങ്കിൽ മാത്രമെ ഡാറ്റാ സെക്യൂരിറ്റിയുള്ള പ്രോജക്ട് ചെയ്യാൻ കഴിയുകയുള്ളൂ. നിർഭാഗ്യവശാൽ ഈ ISO 27001 എന്നുള്ള ഒരു സർട്ടിഫിക്കേഷനും ഊരാളുങ്കൽ കമ്പനിക്കില്ല. ഊരാളുങ്കൽ കമ്പനിയിലെ സാധാരണക്കാരായ ജീവനക്കാരുടെയും തൊഴിലാളികളുടെയും പേര് പറഞ്ഞാണ് നമ്മൾ ഇന്ന് ടെണ്ടർ ഇല്ലാതെ പ്രോജക്ട് കൊടുക്കുന്നത്. പക്ഷെ ഊരാളുങ്കൽ ടെക്നിക്കൽ സൊല്യൂഷൻസിൽ നാണുവേട്ടാ, ഒരു വടകരക്കാരനുമില്ല ഒരു നാദാപുരംകാരനുമില്ല എന്നുള്ളത് മനസ്സിലാക്കണം. 8 ലക്ഷം രൂപയും 10 ലക്ഷം രൂപയും മാസശമ്പളം വാങ്ങുന്ന കോർപ്പറേറ്റ് ഭീമന്മാരുള്ള ULTS കമ്പനിക്ക് ക്രമത്തിലല്ലാതെതന്നെയാണ് ഈ പ്രോജക്ട് കൊടുത്തിരിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. കെ. എസ്. ശബരീനാഥൻ, പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കേന്ദ്ര സർക്കാരിന് എങ്ങനെയാണോ അംബാനി അതുപോലെയാണ് കേരള സർക്കാരിന് ഊരാളുങ്കൽ കമ്പനി എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കേരള നിയമസഭയുടെ പ്രോജക്ട് ഊരാളുങ്കലിന് കൊടുത്തിരിക്കുകയാണ്. കെ.എസ്.എഫ്.ഇ.-യുടെ ബിൽഡിംഗ് ടെണ്ടറുകളെല്ലാം ഊരാളുങ്കലിന് കൊടുത്തിരിക്കുകയാണ്. സെക്രട്ടേറിയറ്റിന്റെ വർക്ക് ഊരാളുങ്കലിന് കൊടുക്കാൻ പോകുകയാണ്. ഇനി ഊരാളുങ്കലിന് ഇടതുപക്ഷ സർക്കാർ കൊടുക്കാൻ ബാക്കിയുള്ളത് മുഖ്യമന്ത്രിക്കസേര മാത്രമാണ്. ഈ ഒരു വിഷയം

മനസ്സിലാക്കിക്കൊണ്ട് ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. കേരളത്തിലെ ജനങ്ങളുടെ രേഖകൾ ചോർത്തിയ ഈ വിഷയത്തെക്കുറിച്ച് സർക്കാർ അന്വേഷിക്കണം; എന്നുമാത്രമല്ല, ഇതുവരെ ഏതൊക്കെ രേഖകൾ ചോർത്തിയിട്ടുണ്ട് എന്നുള്ള കാര്യത്തെക്കുറിച്ചുള്ള വ്യക്തമായ രേഖകൾ വേണം. ഇപ്പോൾത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് കേരള പോലീസിന്റെ CCTNS-ൽ ഊരാളുങ്കലിന് ആക്സസ് കൊടുത്ത നടപടി പിൻവലിക്കണം. അതൊടൊപ്പംതന്നെ ഏതൊക്കെ രേഖകൾ ഊരാളുങ്കലിലൂടെ താഴേക്കെത്തി എന്നുള്ള കാര്യങ്ങൾ അന്വേഷിച്ചുകൊണ്ട് ഊരാളുങ്കൽ ടെക്നോളജിക്കൽ സൊല്യൂഷൻസിന്റെയും ഊരാളുങ്കൽ കമ്പനിയുടെയും ഡാറ്റാബേസും ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറുമെല്ലാം സർക്കാർ സീസ് ചെയ്യണം എന്നാവശ്യപ്പെട്ടുകൊണ്ട് സഭാ നടപടികൾ നിർത്തിവച്ച് അടിയന്തരമായി ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച രീതിയിലുള്ള ഒരാശങ്കയും ഈ രേഖകൾ ചോർന്നുപോകുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകേണ്ടതില്ല. അനാവശ്യമായൊരു ഭീതി പരത്താനാണ് ശ്രമിക്കുന്നത്. ബ്ലോക്ക്ചെയിൻ സാങ്കേതിക വിദ്യയിൽ Proof of Concept (POC) ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് CCTNS പ്രോജക്ടിന്റെ പ്രൊഡക്ഷൻ എൻവയോൺമെന്റിൽ പ്രവേശനാനുമതി ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നൽകിയിട്ടില്ല. പാസ്‌പോർട്ട് വെരിഫിക്കേഷന്റെ ഭാഗമായി പാസ്‌പോർട്ട് അപേക്ഷകന്റെ പേര്, തിരിച്ചറിയൽ കാർഡ് നമ്പർ, പോലീസ് സ്റ്റേഷൻ എന്നിവ രേഖപ്പെടുത്തുമ്പോൾ പ്രസ്തുത വ്യക്തി ഏതെങ്കിലും കേസ്സിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് മനസ്സിലാക്കാനുള്ള സൗകര്യം മാത്രമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകാനുദ്ദേശിക്കുന്നത്. 1000 പാസ്‌പോർട്ട് അപേക്ഷകളുടെ വെരിഫിക്കേഷനു വേണ്ടി മാത്രമാണ് പ്രവേശനാനുമതി നൽകിയിരിക്കുന്നത്. ഇത് കേരളാ പോലീസിന് അനുയോജ്യമാണോ എന്ന് പരിശോധിക്കാനുള്ള വ്യവസ്ഥയുടെ ഭാഗമായി മാത്രമാണ് പ്രവേശനാനുമതി നൽകാൻ പോലീസ് ഉദ്ദേശിക്കുന്നത്. ഈ ആപ്ലിക്കേഷനിലേയ്ക്ക് പ്രവേശിക്കാനും ഉപയോഗിക്കാനുമുള്ള അധികാരം പോലീസ് ഉദ്യോഗസ്ഥർക്ക് മാത്രമെ ലഭ്യമാക്കിയിട്ടുള്ളൂ.

4-11-2019-ന് നൽകിയ നിർദ്ദേശങ്ങളിൽ കേരള പോലീസ് ഒഴികെ അറിഞ്ഞോ അറിയാതെയോ ദേശീയമോ അന്തർദേശീയമോ ആയ മൂന്നാമത്തെ കക്ഷിയുമായി CCTNS ഡാറ്റാ പങ്കുവച്ചാൽ അത് ഗുരുതരമായി കണക്കാക്കുമെന്നും

നിയമ നടപടിക്ക് കാരണമാകുമെന്നും അറിയിച്ചിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് ഇതുവരെ പ്രതിഫലമൊന്നും നൽകിയിട്ടില്ല. ഈ ആപ്ലിക്കേഷൻ പൂർണ്ണമായി വികസിപ്പിച്ചശേഷം കേരള പോലീസിന് കൈമാറുന്നതും തുടർന്നുള്ള പ്രവർത്തനം കേരള പോലീസിന്റെ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ നേരിട്ട് കൈകാര്യം ചെയ്യുന്നതുമായിരിക്കും. പാസ്പോർട്ട് വെരിഫിക്കേഷൻ ഫലപ്രദമായും പെട്ടെന്നും അഴിമതിരഹിതമായും നടത്താൻ ആധുനിക സാങ്കേതിക വിദ്യയായ ബ്ലോക്ക്ചെയിൻ ഉപയോഗിക്കാൻ ഒരു proof of concept നടപ്പിലാക്കാനാണ് തീരുമാനിച്ചത്. ഇതിന് സർക്കാർ അംഗീകൃത Total Solution Provider എന്ന നിലയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയാണുണ്ടായത്. ഇവിടെ സോഫ്റ്റ്‌വെയർ വാങ്ങുന്ന ഘട്ടം എത്തിയിട്ടില്ല. ഇക്കാര്യത്തിൽ എല്ലാ സുരക്ഷയും ഉറപ്പുവരുത്തുന്ന നിബന്ധനകളോടെ നടപ്പിലാക്കാനുള്ള ഇടപെടലായിരിക്കും സർക്കാർ നടത്തുക. വകുപ്പദ്ധ്യക്ഷൻ ഇക്കാര്യത്തിൽ നൽകുന്ന പദ്ധതി നിർദ്ദേശം നിലവിലുള്ള നിബന്ധനങ്ങൾക്ക് വിധേയമായി സർക്കാർ പരിശോധിക്കുന്നതാണ്. പോലീസിന്റെ രഹസ്യങ്ങൾ ആ രീതിയിൽത്തന്നെ സംരക്ഷിക്കപ്പെടണം എന്നതാണ് സർക്കാരിന്റെ നിലപാട്. ആവശ്യമായ വിവരങ്ങൾ data access വഴി ഉപയോഗിക്കാൻ ഒരു സംവിധാനം ഒരുക്കുക എന്ന രീതിയിൽ ഡാറ്റാ സഞ്ചയത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കും. നിലവിൽ പാസ്പോർട്ട് സംബന്ധമായ കാര്യങ്ങളൊക്കെ Tata Consultancy Service (TCS) എന്ന സ്വകാര്യ കമ്പനിയാണ് ചെയ്യുന്നത്. പാസ്പോർട്ടുമായി ബന്ധപ്പെട്ട ഡാറ്റാബേസ് ഇവരുടെ കയ്യിൽ നിലവിലുണ്ട്. ഇത് പുറത്തുപോകാതിരിക്കാൻ കേന്ദ്ര സർക്കാർ അവരുമായി Non-Disclosure Agreement വച്ചിട്ടുണ്ട്. അത്തരം മാതൃകതന്നെ ഇവിടെയും പിന്തുടരും. ഡാറ്റാ സുരക്ഷ ഉറപ്പാക്കുന്നതിനായി Computer Emergency Response Team India (CERT) എന്ന കേന്ദ്ര സ്ഥാപനം ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അത് ഫോളോ ചെയ്യാനും പോലീസിനോട് നിർദ്ദേശിക്കും. ഇത്തരം നടപടികൾ ഡാറ്റാ സുരക്ഷ ഉറപ്പാക്കുന്നതിനായി ഒരു സംവിധാനം രൂപപ്പെടുന്നതിന് ഇടയാക്കുമെന്നു തന്നെയാണ് കണക്കാക്കുന്നത്. അതുകൊണ്ടുതന്നെ ഡാറ്റാ വിവരങ്ങൾ ഏതെങ്കിലും തരത്തിൽ പുറത്തുപോകുമെന്ന ഒരാശങ്കയും ഉണ്ടാകേണ്ടതില്ല. അത് ഭദ്രമായിരിക്കാനുള്ള എല്ലാ മുൻകരുതൽ നടപടികളും സർക്കാർ സ്വീകരിക്കുന്നതായിരിക്കും. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെപ്പറ്റി പറഞ്ഞ കാര്യം, കേരളത്തിൽ അധികാരത്തിലിരുന്ന ഗവൺമെന്റുകളെല്ലാം ആ സൊസൈറ്റിയെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഞങ്ങൾ ഒരു കൈക്കുഞ്ഞായി കൊണ്ടുനടക്കുന്നതാണെന്ന് ബഹുമാന്യനായ അംഗം കാര്യങ്ങൾ മനസ്സിലാക്കാതെ പറഞ്ഞതാണെന്നാണ് തോന്നുന്നത്. നേരത്തെ അധികാരത്തിലുണ്ടായിരുന്ന യു.ഡി.എഫ്. സർക്കാരിന് ഊരാളുങ്കലിനോട്

ശത്രുതാ മനോഭാവം ഉണ്ടായിരുന്നോ? വിവിധ ഡിപ്പാർട്ടുമെന്റുകൾക്ക് ഊരാളുങ്കലിനോട് മമതയുണ്ടാകാൻ കാരണം അവരുടെ കാര്യക്ഷമതയാണ്. ഒരു തൊഴിലാളി സംഘമെന്ന നിലയ്ക്ക് ആ സംഘത്തിന് കാര്യക്ഷമതയോടെ കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുമെന്നതുകൊണ്ടാണ് മാറി മാറി വന്ന ഗവൺമെന്റുകളും കേരളത്തിലെ വകുപ്പുകളും അവരെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുള്ളത്. അതെല്ലാവർക്കും അറിയാവുന്ന ഒരു വസ്തുതയാണ്. ഇവിടെ നാം കാണേണ്ടത്, നല്ലൊരു സ്ഥാപനത്തെ അനാവശ്യമായി അപകീർത്തിപ്പെടുത്തുന്ന തരത്തിൽ സംസാരിക്കാൻ പാടുണ്ടോ? ഊരാളുങ്കലിനോട് സ്വാഭാവികമായും അസൂയയുള്ള ചില വിഭാഗങ്ങളുണ്ടാകാം. ആ മേഖലയിൽ പ്രവർത്തിക്കുന്ന ചില ആളുകൾക്കോ സ്ഥാപനങ്ങൾക്കോ സ്വാഭാവികമായും ചില നീരസമുണ്ടാകാം. ആ നീരസത്തിന്റെ വക്താവായി നമ്മൾ മാറാൻ പാടുണ്ടോ? അത്തരത്തിലുള്ള സംവിധാനത്തിന്റെ വക്താവായി മാറാൻ പാടുണ്ടോ? (.....ബഹളം....)

മി. സ്പീക്കർ: ഇവിടെ ശ്രീ. കെ. എസ്. ശബരീനാഥൻ സംസാരിച്ചപ്പോൾ എല്ലാവരും നിശബ്ദമായി കേട്ടില്ലേ. അദ്ദേഹം ദീർഘമായി കാര്യങ്ങളെല്ലാം പറഞ്ഞു. ഇത് ദയവായി കേൾക്കൂ.

ശ്രീ. പിണറായി വിജയൻ: സർ, സർക്കാർ അംഗീകൃത Total Solution Provider എന്ന നിലയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയെന്നൊരു വാചകം ഞാൻ നേരത്തെ പറഞ്ഞു. ഏത് കാലത്താണ് ഈ Total Solution Provider എന്ന പദവി ഊരാളുങ്കൽ സൊസൈറ്റിക്ക് നൽകിയത്. അതും ഒന്ന് പരിശോധിക്കുന്നത് നല്ലതാണ്. ഒരു സ്ഥാപനത്തെ അവരുടെ മികവിന്റെ ഭാഗമായി അംഗീകരിക്കുന്നതിൽ ഒരു തെറ്റുമില്ല, അത് പഴയ ഗവൺമെന്റ് ചെയ്തിട്ടുണ്ടെങ്കിൽ അത് അവരുടെ മികവ് അംഗീകരിച്ചുവെന്നുമാത്രമെയുള്ളൂ. നമ്മുടെ രാജ്യത്ത് ഉന്നതമായ സ്ഥാപനങ്ങളുണ്ട്. ആ ഉന്നതമായ സ്ഥാപനങ്ങളിൽ ചിലതിന് ചിലപ്പോൾ ഇവരുടെ വളർച്ചയിൽ അസൂയയുണ്ടാകാം. അതിന്റെയും വക്താവിന്റെ ശബ്ദം ഇവിടെ കേൾക്കാൻ പാടുണ്ടോ. അതാണോ ചെയ്യേണ്ടത്. അതാണോ സ്വീകരിക്കേണ്ടത്. (.....ബഹളം....)

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്...

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ പറഞ്ഞാൽ എനിക്കത് മനസ്സിലാകും. ഈ പറയുന്ന ഡാറ്റാ വിവരങ്ങൾ പുറത്തുപോകാൻ പാടില്ലായെന്ന വികാരം ഏറ്റവും ശരിയായിട്ടുള്ളതാണ്. അതിന്റെകൂടെ സർക്കാർ നിൽക്കുന്നു. അത് പുറത്തുപോകാതിരിക്കാനുള്ള എല്ലാ കരുതൽ നടപടികളും സർക്കാർ സ്വീകരിക്കും. അതിലൊന്നും ഒരു സംശയവുമില്ല. അത് ഊരാളുങ്കൽ ആയാലും ഏതൊരാളായാലും ഈ വിവരങ്ങൾ പുറത്തു

പോകരുത് എന്നുള്ളതുതന്നെയാണ് സർക്കാരിന്റെ നിലപാട്. പക്ഷെ അതിന്റെ മറവിൽ മറ്റ് ചിലതുകൂടി വന്നതുകൊണ്ടാണ് ഇത്രയും പറയേണ്ടിവന്നത്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു ആവശ്യകതയും ഇല്ലെന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ സർ, ഇന്ന് ലോകത്തിലെ ഏറ്റവും വലിയ കരുത്തനായ വ്യക്തി ആരാണ്? ധനികനായ ഒരു വ്യക്തിയാണോ? അല്ല. അധികാരമുള്ള ഒരു വ്യക്തിയാണോ? അല്ല. ഏറ്റവും കൂടുതൽ ഡാറ്റാ കയ്യിലുള്ളവനാണ് ലോകത്തിലെ ഏറ്റവും ശക്തിമാനായ മനുഷ്യൻ. പുതിയ കാലഘട്ടത്തിന്റെ പ്രത്യേകതയാണിത്. ഡാറ്റകൾ സൂക്ഷിക്കേണ്ടതും അതിന്റെ രഹസ്യ സ്വഭാവങ്ങൾ നിലനിർത്തേണ്ടതും ഓരോ സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും കടമയും കർത്തവ്യവുമാണ്. നമ്മളെ ഞെട്ടിപ്പിക്കുന്ന ഒരു വാർത്തയാണ് പുറത്തുവന്നത്. അതീവ ഗുരുതരമായ ക്രൈമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്തിന്റെയും സംസ്ഥാനത്തെ ജനങ്ങളുടെയും സുരക്ഷ ഒരു സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുന്നത് എത്രമാത്രം അഭികാമ്യമാണെന്നത് ഗവൺമെന്റ് പരിശോധിക്കേണ്ട കാര്യമാണ്. ഇവിടെ അതീവ രഹസ്യ സ്വഭാവത്തിലുള്ള സംസ്ഥാന പോലീസിന്റെ database ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ടെക്നോളജിക്കൽ വിഭാഗത്തിന് തുറന്നുകൊടുത്തിരിക്കുന്നു എന്നത് നമുക്ക് വിശ്വസിക്കാൻ കഴിയുന്ന കാര്യമല്ല. കേരളത്തിലെ Crime and Criminal Tracking Network & Systems (CCTNS)-ലേയ്ക്ക് യഥേഷ്ടം കടന്നുകയറി ഏത് വിവരവും കൈവശപ്പെടുത്താനുള്ള നീക്കത്തിന്റെ ഭാഗമായി ഇത് ദുരുപയോഗപ്പെടുത്തുമോയെന്നുള്ള ആശങ്കയാണ് ഞങ്ങൾ ഗവൺമെന്റിന്റെ മുമ്പാകെ അങ്ങയിലൂടെ പങ്കുവയ്ക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ ക്രൈം റിക്കോർഡുകളുടെയും കുറ്റകൃത്യങ്ങളുടെയും കുറ്റവാളികളുടെയും വിവരങ്ങൾ, വിരലടയാളങ്ങൾ ഉൾപ്പെടെയുള്ള തെളിവുകൾ ശേഖരിച്ച് വച്ചിരിക്കുന്നത് CCTNS-ആണ്. സംസ്ഥാനത്തിന്റെ ക്രമസമാധാനത്തിന്റെ ചുമതല വഹിക്കുന്ന ഡി.ജി.പി.-ക്കോ വകുപ്പ് ഭരിക്കുന്ന മുഖ്യമന്ത്രിക്കോ ഈ നെറ്റ്‌വർക്കിലേയ്ക്ക് പ്രവേശിക്കാൻ കഴിയില്ല. അതാണ് ഇന്ന് ഈ സ്ഥാപനത്തിന് കൊടുക്കുന്നതെന്ന്

വ്യക്തമായിരിക്കുന്നു. അങ്ങനെ അവർക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. എന്റെ കയ്യിലുള്ളത്, Proceedings of the State Police Chief, Police Head Quarters, Thiruvananthapuram. Present: Loknath Behera (IPS). Order No.S2-127788/2018/PHO dated 29-10-2019, It has been reported....... അതിന്റെ ഡീറ്റെയിൽസ് ഞാൻ വായിക്കുന്നില്ല. DIG, APBn and Nodal Officer CCTNS will take necessary action to provide access for the Team to CCTNS production API, CCTNS master data, firewall access to CCTNS production, API etc. required for the said purpose at the earliest. ഡാറ്റയുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളുടെയും അക്സസ് ഊരാളുങ്കൽ സൊസൈറ്റിക്ക് കൊടുക്കുന്നത് എന്ത് അർത്ഥത്തിലാണെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം; ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങയുടെ DGP ഇറക്കിയ ഉത്തരവാണിത്. ഇതുമായി ബന്ധപ്പെട്ട മൂന്ന് ഉത്തരവുകൾ DGP ഇറക്കിയിട്ടുണ്ട്. ആ മൂന്ന് ഉത്തരവുകളുടെയും കോപ്പി എന്റെ കയ്യിലുണ്ട്. ഊരാളുങ്കൽ ആപ്പ്-ന്റെ സാമ്പത്തിക സാങ്കേതിക വശങ്ങൾ പരിശോധിക്കാനുള്ള വിദഗ്ദ്ധ കമ്മിറ്റിയെ തീരുമാനിച്ചുകൊണ്ടുള്ള ഉത്തരവാണിത്. ഇവർക്ക് കോൺട്രാക്ട് കൊടുക്കാൻ തീരുമാനിച്ച ശേഷമാണ് ഇത് പഠിക്കുവാൻവേണ്ടിയുള്ള expert കമ്മിറ്റിയെ നിയമിച്ചിരിക്കുന്നത്. ഇത് എന്ത് നടപടിയാണ്; ഊരാളുങ്കൽ സൊസൈറ്റിയുടെ കീഴിലുള്ള അവരുടെ ടെക്നോളജിക്കൽ ഡിവിഷന് ഇത് നേരത്തെതന്നെ കൊടുക്കാൻ തീരുമാനിച്ചുകഴിഞ്ഞു. തീരുമാനിച്ചു കഴിഞ്ഞിട്ടാണോ ഇത് സംബന്ധിച്ച് പഠിക്കാൻ ടെക്നിക്കൽ കമ്മിറ്റിയെ നിയമിക്കുന്നത്; മറ്റൊന്നുകൂടി ഇവിടെ സൂചിപ്പിച്ചു. ഞാൻ ആരുടേയും പേര് എടുത്ത് പറയുന്നില്ല. കാരണം, എന്റെ കീഴിൽ അല്ലെങ്കിൽ എന്നോടൊപ്പം ജോലി ചെയ്ത പോലീസ് ഉദ്യോഗസ്ഥരാണ്. ടെക്നിക്കൽ കമ്മിറ്റിയെ നിയമിച്ചിരിക്കുന്നത് പോലീസിൽതന്നെയുള്ള ആളുകൾക്ക് വലിയ തമാശയായി മാറിയിട്ടുള്ള കാര്യമാണ്. ഇതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന് ടെക്നോളജിയുടെ ബാലപാഠംപോലും അറിയില്ലെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ മൂന്ന് ഉത്തരവുകളും കാണിക്കുന്നത്, പരിശോധനയില്ലാതെ, ടെക്നിക്കൽ ഫീസിബിലിറ്റി സ്റ്റഡി നടത്താതെ ഇവർക്ക് അതിനുള്ള അധികാരം കൊടുത്തുവെന്നുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ഒരു രൂപ പോലും കൊടുത്തിട്ടില്ലായെന്ന്. ഇവർക്ക് ഇതിനാവശ്യമായ പണം കൊടുത്തു. പണം കൊടുക്കാനുള്ള ഡി.ജി.പി. -യുടെ ഉത്തരവ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയാതെയാണോ; Accordingly sanction is hereby accorded to IGP and Commissioner of Police Kochi city to draw and disburse an amount of Rs.20 lakhs to ULCC..... ബഹുമാനപ്പെട്ട

മുഖ്യമന്ത്രി പറഞ്ഞു, പണം കൊടുത്തിട്ടില്ലായെന്ന്. അവർക്ക് എത്രയും പെട്ടെന്ന് 20 ലക്ഷം രൂപ കൊടുക്കണമെന്നുള്ള DGP-യുടെ ഉത്തരവാണിത്. അതിന്റെ കോപ്പിയാണ് ഞാൻ അങ്ങയുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നത്. അതിനാൽ അവർക്ക് പണം നൽകിയിട്ടില്ലായെന്ന് മുഖ്യമന്ത്രി പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്; അവർക്ക് പണം നൽകാനുള്ള ഉത്തരവ് കൊടുത്തു. എന്നാൽ സാങ്കേതിക പരിജ്ഞാനം ഇവർക്കുണ്ടോ; മുൻ പരിചയമുണ്ടോ; ഇന്ത്യയിലെ ഏതെങ്കിലും സംസ്ഥാനങ്ങളിൽ ഇവർ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടോ; മുൻകാലങ്ങളിൽ ഇവർ ഏറ്റെടുത്ത പ്രോജക്ടുകൾ വിജയകരമായിരുന്നോയെന്നുള്ള ഒരു പരിശോധനയും നടത്താതെ എങ്ങനെ ഇവർക്ക് അധികാരം കൊടുത്തുവെന്നുള്ള പ്രസക്തമായ ചോദ്യം ഇവിടെ നിൽക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് CCTNS-ന്റെ firewall system-ലേയ്ക്ക് ഈ സൊസൈറ്റിക്ക് അക്സസ് നൽകിയിരിക്കുകയാണ്. അതായത്, സംസ്ഥാന പോലീസിന്റെ സൈബർ സുരക്ഷാ മുൻകരുതൽപോലും മറികടന്ന് ഡാറ്റാബേസിൽ കയറി വിവരങ്ങൾ ചോർത്താനോ ലഭ്യമാക്കാനോ കഴിയുന്ന തരത്തിലേയ്ക്ക് ഇത് മാറുന്നുവെന്ന് പറയുന്നത് സംസ്ഥാനത്തിന്റെ സുരക്ഷിതത്വത്തെ ബാധിക്കുന്ന ഗൗരവമുള്ളൊരു കാര്യമാണെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ..... (ബഹളം).....

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്, ശ്രീ. എ. എൻ. ഷംസീർ പ്ലീസ്......

ശ്രീ. രമേശ് ചെന്നിത്തല: സർ, ഊരാളുങ്കൽ സൊസൈറ്റിയുടെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഞങ്ങളാരും ഊരാളുങ്കൽ സൊസൈറ്റിക്ക് എതിരായിട്ടുള്ള ആളുകളുടെ വക്താക്കളല്ല. ഊരാളുങ്കൽ സൊസൈറ്റിയുടെ യഥാർത്ഥ വക്താവ് കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണെന്ന് ഞങ്ങൾക്ക് വ്യക്തമായി. സാധാരണ കോൺട്രാക്ട് വർക്കുകൾ ചെയ്യുന്നവരാണവർ. യു.ഡി.എഫ്-ന്റെ കാലത്ത് റോഡുകളുടെയും പാലങ്ങളുടെയും വർക്കുകൾ അവർക്ക് നൽകിയിട്ടുണ്ട്. പക്ഷെ ഇങ്ങനെയൊരു നൂതന സാങ്കേതിക രംഗത്തേയ്ക്ക് കടന്നുവരാനുള്ള ഇവരുടെ ക്രെഡിബിലിറ്റി എന്താണ്?... (ബഹളം).....

ശ്രീ. സി. കെ. നാണു: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ പരിചയ സമ്പന്നനായ, പ്രശ്നങ്ങളൊക്കെ മനസ്സിലാക്കുന്ന ആളാണ്. പാവപ്പെട്ട തൊഴിലാളികൾ സംഘടിപ്പിച്ചുണ്ടാക്കിയതാണ് ഊരാളുങ്കൽ ലേബർ സൊസൈറ്റി. ഇവർ മലബാർ ഭാഗത്ത് വർഷങ്ങളായി ഐ.ടി. സ്ഥാപനം നടത്തുകയാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി എന്നുപറഞ്ഞാൽ പത്ത് തൊഴിലാളികൾ മഴുവുമായി നടന്ന് വർക്ക് ചെയ്യുന്നവരാണെന്ന ധാരണയിൽ

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എത്തരുത്. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേതൊന്നുമല്ല. എം. വി. രാഘവൻ മന്ത്രിയായിരുന്നപ്പോൾ ഈ സ്ഥാപനം വളർത്താൻവേണ്ടി നൽകിയ സഹായങ്ങൾ ഞാൻ ഇന്നും ഓർക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ്... ദയവായി അങ്ങ് ഇരിക്കു.... പ്ലീസ്...

ശ്രീ. സി. കെ. നാണു: സർ, ഈ സ്ഥാപനം കേരളത്തിന്റെ ഇന്നത്തെ മുഖ്യമന്ത്രിയുടെതോ ഇന്നലത്തെ മുഖ്യമന്ത്രിയുടെതോ അല്ല. ഇന്ത്യയിലും ലോകത്തുമുള്ള സാങ്കേതിക അറിവുകളെല്ലാം നേടിയിട്ടുള്ള ഒരു പ്രസ്ഥാനമാണിത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ULTS എന്ന ഊരാളുങ്കൽ ഐ.ടി. കമ്പനി ഒരു തൊഴിലാളി പ്രസ്ഥാനമല്ലെന്ന് ബഹുമാനപ്പെട്ട വടകര അംഗത്തിന്റെ അറിവിലേയ്ക്ക് ഞാൻ പറയുകയാണ്. അവിടത്തെ സി.ഇ.ഒ.യുടെ ശമ്പളം 7 ലക്ഷം രൂപയാണ്. ഇതാണോ തൊഴിലാളികളുടെ സ്ഥാപനം. അതിന്റെ മറ്റു കാര്യങ്ങൾ ഞാൻ വിശദീകരിക്കുന്നില്ല. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ വർക്കുകളെ പറ്റിയല്ലല്ലോ ഇവിടത്തെ ചർച്ച.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഇന്ന് ഐ.ടി. രംഗത്ത് 7 ലക്ഷം രൂപയെന്നുപറയുന്നത് വളരെ ചെറിയ ശമ്പളമാണ്. ഐ.ടി. രംഗത്തെ കാര്യങ്ങളെക്കുറിച്ച് നിങ്ങൾ വസ്തുനിഷ്ഠമായി ആദ്യം മനസ്സിലാക്കൂ. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയിൽ ലേബർ എന്ന പേരുള്ളതുകൊണ്ട് നിങ്ങൾക്ക് സഹിക്കുന്നില്ല അല്ലേ? ഇന്ത്യയിൽ ഐ.ടി. രംഗത്ത് അറിയപ്പെടുന്ന ഒരു ലേബർ സൊസൈറ്റിയാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

ശ്രീ. രമേശ് ചെന്നിത്തല: സർ, എനിക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് പറയാനുള്ളത്, 7 ലക്ഷം രൂപ ശമ്പളം വാങ്ങുന്ന ഒരാളും ഇന്ന് കേരളത്തിലെ ഐ.ടി. രംഗത്ത് ജോലി ചെയ്യുന്നില്ലായെന്നുള്ളതാണ്. ലേബർ എന്നുപറയുമ്പോൾ ഞങ്ങൾക്കാർക്കും ബുദ്ധിമുട്ടൊന്നുമില്ല, സംശയമൊന്നും വേണ്ട. പക്ഷെ ഇത് ലേബറിനുവേണ്ടിയുള്ളതല്ല. ഈ സ്ഥാപനത്തിന്റെ ക്രെഡിബിലിറ്റിയെപ്പറ്റി ബഹുമാന്യനായ മെമ്പർ കെ. എസ്. ശബരീനാഥൻ ഇവിടെ ചൂണ്ടിക്കാണിച്ചു. അവർ ഏറ്റെടുത്ത വർക്കുകളെപ്പറ്റി പറഞ്ഞു. ആ വർക്കുകൾ വിജയകരമായി പൂർത്തീകരിക്കാൻ സാധിക്കാത്തതും ഇവിടെ പറഞ്ഞു. എനിക്ക് ഗവൺമെന്റിനുമുമ്പാകെ ഉന്നയിക്കാനുള്ള കാര്യം, അതീവ രഹസ്യ സ്വഭാവമുള്ള ഡാറ്റകളിലേയ്ക്ക് കടന്നുകയറാനുള്ള അവസരം നൽകുന്ന ഈ നടപടി

പുനഃപരിശോധിക്കണമെന്നാണ്. പാസ്പോർട്ട് ഉൾപ്പെടെയുള്ള കാര്യങ്ങളുടെ വെരിഫിക്കേഷനുവേണ്ടി, കേരളാ പോലീസിലെ ശ്രീരാജ് എന്ന സി.പി.ഒ. ആണ് ഇത് ഡെവലപ് ചെയ്തെടുത്തത്. അതിന് ദേശീയതലത്തിൽ അംഗീകാരം ലഭിച്ചു. ശ്രീരാജ് എന്ന പോലീസുകാരനെ അഭിനന്ദിക്കാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്. പോലീസ് അക്കാഡമിയിലെ ശ്രീരാജ് എന്ന പോലീസുകാരൻ വികസിപ്പിച്ചെടുത്ത ഈ സംവിധാനത്തിന് ദേശീയ തലത്തിൽപ്പോലും അംഗീകാരം കിട്ടിക്കഴിഞ്ഞു. അതാണ് ഇന്ന് കേരളത്തിൽ ഉപയോഗിക്കുന്നത്. ഈ സൊസൈറ്റിയെക്കുറിച്ച് വ്യാപകമായി പരാതികൾ ഉയർന്നുവരികയാണ്. ഈ വസ്തുതയിലേയ്ക്ക് വിരൽ ചൂണ്ടാൻ വേണ്ടിയാണ് ഞങ്ങൾ ഈ വിഷയം അവതരിപ്പിക്കുന്നത്. എല്ലാ വർക്കുകളുടെയും ഉത്തരവാദിത്തം ഊരാളുങ്കൽ സൊസൈറ്റയെ ഏൽപ്പിക്കുന്ന തരത്തിലേയ്ക്ക് പോകരുത്. എല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സ കാളൻ നെല്ലായി എന്നു പറഞ്ഞതുപോലെ, എല്ലാ വർക്കുകളും ഊരാളുങ്കലിനെ മാത്രം ഏൽപ്പിക്കുന്ന നടപടിയുണ്ടാകുന്നത് ശരിയാണോയെന്ന് ആലോചിക്കേണ്ട കാര്യമാണ്. ഇവിടെ കേരളാ പോലീസ് നടത്തുന്ന പോലീസ് വെരിഫിക്കേഷൻ അതീവ സുരക്ഷിതത്വബോധത്തോടുകൂടി ചെയ്യേണ്ട പ്രവൃത്തിയാണ്. അത് ചെയ്യുന്നില്ലെന്നതാണ് പരാതി. എല്ലാ സുരക്ഷിതത്വവും ഞങ്ങൾ ഉറപ്പുവരുത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഡി.ജി.പി.-യുടെ സർക്കുലറാണ് ഞങ്ങളുടെ കയ്യിലുള്ളത്. അത് അങ്ങ് പറയുന്നതുമായി പൊരുത്തപ്പെടുന്നില്ലായെന്നതാണ് ഇവിടത്തെ പ്രശ്നം. ... access to all networks, production.... everything... they will be entrusted. അങ്ങനെ വന്നുകഴിഞ്ഞാൽ ഇത് ദുരുപയോഗം ചെയ്യാനുള്ള സാധ്യത വളരെ കൂടുതലാണെന്നുള്ളതാണ് ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആ കാര്യം ഗവൺമെന്റ് പരിശോധിക്കണം. അത് എന്താണ് ഗവൺമെന്റ് പരിശോധിക്കാത്തത്; ഞങ്ങൾക്ക് ഊരാളുങ്കൽ സൊസൈറ്റിയോട് വിരോധമൊന്നുമില്ല. പക്ഷെ അവർ അർഹിക്കാത്ത അല്ലെങ്കിൽ അവർക്ക് എടുക്കാൻ കഴിയാത്ത വർക്കുകൾ വഴിവിട്ട നിലയിൽ അവരെ ഏൽപ്പിക്കുന്നതിനോട് ഞങ്ങൾക്ക് എതിർപ്പുണ്ട്. കേരളത്തിന്റെ സുരക്ഷിതത്വത്തെ ബാധിക്കുന്ന കാര്യമായതുകൊണ്ടാണ് ഇതിനെ ശക്തമായി ഞങ്ങൾക്ക് എതിർക്കേണ്ടി വരുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ക്രൈം ആയി കണക്കാക്കപ്പെടുന്നത് ഒരാളുടെ ഐഡന്റിറ്റി മോഷണം പോകുന്നതാണ്. ഒരു വണ്ടിയിൽ പാസ്പോർട്ടും 5000 ഡോളറുമുണ്ടെങ്കിൽ 5000 ഡോളർ എടുക്കാതെ പാസ്പോർട്ട് മോഷ്ടിക്കുന്ന ഒരു കാലമാണിത്. പാസ്പോർട്ട് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട, ആർക്കും കിട്ടാത്ത, ആക്സസ്സ് ഈ സ്ഥാപനത്തിന് കൊടുത്താൽ വ്യാപകമായ ഐഡന്റിറ്റി തെഫ്റ്റിനുള്ള സാധ്യതകൾക്കല്ലേ വഴിതുറക്കുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായും ഐഡന്റിറ്റി തെഫ്റ്റാണ് ലോകത്തിലെ ഏറ്റവും വലിയ പ്രശ്നമായി മാറിയിരിക്കുന്നത്. സംസ്ഥാന സർക്കാരിനുതന്നെ ഒരു ബ്ലോക്ക് ചെയിൻ അക്കാദമി ഉണ്ട്. പോലീസുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഇവരുടെ ടെക്നോളജി ഉപയോഗിക്കാൻ കഴിയില്ലെന്നാണ് പോലീസുകാരുടെ ഉപദേശം. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിലെ യുവ ഐ.പി.എസ്.-കാർ ഇതിനെ എതിർക്കുകയാണ്. കാരണം ഇങ്ങനെ ഒരുകാര്യം സ്വകാര്യ സംരംഭകർക്ക് നൽകുന്നതിന്റെ അപകടം അവർ ചൂണ്ടിക്കാണിക്കുകയും അതിലുള്ള എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആ എതിർപ്പുകളെ മുഴുവൻ മറികടന്ന് ഡി.ജി.പി.-ക്ക് ഇത്ര വലിയ താൽപ്പര്യം ഉണ്ടാകണമെങ്കിൽ മുഖ്യമന്ത്രിയുടെയും അദ്ദേഹത്തിന്റെ ഓഫീസിന്റെയും അനുവാദം ഇക്കാര്യത്തിലുണ്ടെന്നുള്ളത് വളരെ വ്യക്തമല്ലേ; അല്ലാതെ എങ്ങനെയാണ് ഡി.ജി.പി.ക്ക് ഉത്തരവിറക്കാൻ കഴിയുക? അതുകൊണ്ട് എനിക്ക് ബഹുമാന്യനായ മുഖ്യമന്ത്രിയോട് പറയാനുള്ളത്, ഇക്കാര്യത്തിൽ ഗൗരവതരമായ സമീപനം സ്വീകരിക്കണമെന്നാണ്. സംസ്ഥാനത്തിന്റെ സുരക്ഷയെ ബാധിക്കുന്ന കാര്യമാണ്. ഇത് നാളെ ആർക്കുവേണമെങ്കിലും ലീക്ക് ചെയ്തെടുക്കാനും തെഫ്റ്റിന് വഴിതെളിക്കാവുന്നതുമായ കാര്യമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സുരക്ഷിതത്വത്തെ ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് ഈ കാര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ' Yuval Noah Harari' എന്ന പ്രഗൽഭനായ ചിന്തകൻ ഫ്യൂച്ചറോളജിയെക്കുറിച്ച് എഴുതിയിരിക്കുന്ന മനോഹരമായ പുസ്തകമാണ് "Homo Deus." അതിൽ പറയുന്ന പ്രധാനപ്പെട്ട കാര്യം, ഇനിയുള്ള കാലത്ത് കൊള്ള ചെയ്യപ്പെടുന്നത് ഡാറ്റയാണ്. ഏറ്റവും കൂടുതൽ ഡാറ്റ കയ്യിലുള്ളവൻ ഈ രാജ്യത്തെ ഭരിക്കുമെന്നാണ്. അതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് എല്ലാവരുടെയും ഡാറ്റ സ്വകാര്യ മേഖലയിലൂടെ കൈവശപ്പെടുത്തുന്നതിനുള്ള പ്രക്രിയ ആരംഭിച്ചിരിക്കുന്നത്. ഏറ്റവും കൂടുതൽ ഡാറ്റ ആരാണ് കയ്യിൽവയ്ക്കുന്നതെന്നുള്ള മത്സരമാണ് ഇപ്പോഴുള്ളത്. ആ മത്സരത്തിലേയ്ക്കാണ് നമ്മുടെ പ്രധാനപ്പെട്ട ഡാറ്റകൾ കൊടുക്കുന്നതിനുവേണ്ടി സർക്കാർ ഉത്തരവിറക്കിയിട്ടുള്ളത്.

" Crime and Criminal Tracking Network & Systems" (CCTNS) ഇതിൽ പ്രധാനപ്പെട്ട മാർഗ്ഗം ബ്ലോക്ക് ചെയിനാണെന്ന് പറഞ്ഞു. "These digitally recorded " blocks " of data are stored in a linear chain. Each block in the chain contains data is cryptographically hashed and time stamped. The blocks of the hashed data draw upon the previous block in the chain, ensuring all data in the overall " block chain" has not been tampered with and has not been altered" .

ബ്ലോക്ക് ചെയിൻ എന്നുപറയുന്നത് ഡാറ്റ കൊടുക്കുക എന്നുള്ള ഒരു പരിപാടിയാണ്. അടിസ്ഥാന സൗകര്യത്തിനുവേണ്ടി റോഡും പാലവും ഉണ്ടാക്കുന്ന ഒരു കൺസ്ട്രക്ഷൻ കമ്പനി എന്നുള്ള നിലയ്ക്ക് അവരുടെ പോരായ്മകൾ ഞങ്ങളിവിടെ ചൂണ്ടിക്കാണിച്ചിട്ടില്ല. ബ്ലോക്ക് ചെയിൻ കൈകാര്യം ചെയ്യുന്നതിന് ഇവർ പ്രാപ്തരാണോ; ULCCS has no relevant experience in block chain എന്നുള്ളത് വ്യക്തമായ കാര്യമാണ്. No projects implemented by ULCCS in block chain earlier. ഇത്രയും കാര്യങ്ങളാണ് ഇതിൽ സുപ്രധാനമായിട്ടുള്ള വിഷയം. യാതൊരു പ്രാവീണ്യവുമില്ലാത്ത ആളുകളുടെ കയ്യിലേയ്ക്ക് പൂർണ്ണമായും ഡാറ്റ കൊടുക്കുകയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ നമ്മൾ മനസ്സിലാക്കേണ്ടത്, എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ പോകാൻ പോകുന്നത്. The records of crimes and criminals available at one police station will be accessible to any other police officer. ഒരു പോലീസ് സ്റ്റേഷനിൽനിന്നുള്ള ഡാറ്റ ഇനി ബ്ലോക്ക് ചെയിൻവഴി പാസ്സ് ചെയ്യുന്ന സമയത്ത് അത് പൂർണ്ണമായും ULCCS എന്ന സ്ഥാപനത്തിന്റെ കയ്യിലേയ്ക്ക് എത്തുകയാണ്. അത്തരത്തിൽ ഡാറ്റ കൊടുക്കുന്നതിന് ഈ ഗവൺമെന്റിന് ഏത് അർത്ഥത്തിലാണ് അധികാരമുള്ളത് എന്നുള്ളതാണ് നമ്മൾ പരിശോധിക്കേണ്ടത്. പോലീസ് ഉണ്ടാക്കിയിട്ടുള്ള e-VIP എന്ന ആപ്പ് ലോക പ്രശസ്തമായ ആപ്പാണ്. അതിന് കേന്ദ്രത്തിന്റെ അംഗീകാരം കിട്ടിയതാണ്. ആ ആപ്പ് നിശ്ചലമായിക്കഴിഞ്ഞു. ഇനിമുതൽ ULCCS യുടെ ആപ്പിലേയ്ക്ക് പോവുകയാണ്. എന്ത് കാരണത്താലാണ് പോലീസ് ആപ്പ് ഉപേക്ഷിക്കപ്പെട്ടതെന്നറിയാൻ ഈ സഭയ്ക്ക് അധികാരമില്ലേ; വേറൊരു വലിയ ഇഷ്യൂകൂടി വരുന്നുണ്ട്. അത് വെറും ULCCS അല്ല Central Intrusion Monitoring System (CIMS) at the Police Head Quarters. എല്ലാ CCTV ക്യാമറകളും നിയന്ത്രിക്കുന്ന മറ്റൊരു മോണിറ്ററിംഗ് സിസ്റ്റം വേറെ ഒരു പ്രൈവറ്റ് സ്ഥാപനമായ Galaxon International Pvt.Ltd.- ന് കൊടുത്തിട്ടുണ്ടെന്നുള്ള മറ്റൊരു വലിയ ആരോപണംകൂടി വരാനിരിക്കുന്നു. സംസ്ഥാനത്തിന്റെ ഡാറ്റകൾ മുഴുവൻ പ്രൈവറ്റ് ഏജൻസികളിലേയ്ക്ക് പോകുന്ന, അല്ലെങ്കിൽ ഗവൺമെന്റുമായി യാതൊരു

തരത്തിലും ഒന്നിച്ചുനിൽക്കാത്ത സിസ്റ്റത്തിലേയ്ക്ക് പോകുന്നത് സർക്കാരിന് ഭൂഷണമാണോ; അത് ചർച്ച ചെയ്യപ്പെടേണ്ടതല്ലേ; ഇത്തരത്തിലുള്ള രഹസ്യങ്ങൾ ചോർന്നുപോകുന്നത് വളരെ ഭയപ്പാടോടുകൂടിയാണ് ഞങ്ങൾ കാണുന്നത്. ULCCS എന്ന സ്ഥാപനത്തെ അല്ല, അത് കൈകാര്യം ചെയ്യുന്നത് ആരാണെന്ന് ആർക്കും അറിയില്ല. ആരുടെ കയ്യിലേയ്ക്കാണ് ഡാറ്റ പോകാൻ പോകുന്നത്; മാത്രമല്ല, മറ്റൊരു പ്രധാനപ്പെട്ട വിഷയം, ബ്ലോക്ക് ചെയിനിന് ധാരാളം പരിമിതികളുണ്ടെന്നും പറയപ്പെടുന്നു. ഈ ഒരു കാര്യംകൂടി പറഞ്ഞ് നിർത്താം. ബ്ലോക്ക്ചെയിനിന്റെ അപകടത്തെക്കുറിച്ചും പറയുന്നുണ്ട്.

Block chain despite having several advantages has some challenges. In a block chain, it would be possible for criminals to protect their identities with high levels of encryption. ഐഡന്റിറ്റി തടസ്സപ്പെടുത്താൻ ഈ ബ്ലോക്ക്ചെയിനാണ് ഉപയോഗിക്കുന്നതെങ്കിൽ ക്രിമിനലുകൾക്ക് അവരുടെ ഐഡന്റിറ്റി പ്രൊട്ടക്റ്റ് ചെയ്യാൻ സാധിക്കും. There is also the danger of building a more decentralised internet like blockchain earth which would make it extremely difficult to monitor and remove content such as child pornography and material provoking terrorism. ടെററിസത്തിലേയ്ക്കുള്ള മെറ്റീരിയൽസും ചൈൽഡ് പോണോഗ്രാഫിയുമായി ബന്ധപ്പെട്ടുള്ള കണ്ടന്റ് റിമൂവ് ചെയ്യുന്നതിനുപോലും സാധിക്കുന്ന ഒന്നാണ് ഈ ബ്ലോക്ക് ചെയിൻ. എന്തിനാണ് ഇത്തരത്തിൽ അപകടകരമായിട്ടുള്ള ബ്ലോക്ക്ചെയിൻ എന്ന സിസ്റ്റത്തെ പരിപൂർണ്ണമായും ULCCS എന്ന കമ്പനിക്ക് നൽകിയത്. ഈ മേഖലയിൽ അവർ പരിജ്ഞാനമുള്ളവരല്ല എന്ന് തെളിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഈ ഡാറ്റകൾ അവരുടെ കയ്യിൽ വന്നാൽ അത് രാജ്യത്തിന് ഏതൊക്കെ രീതിയിലുള്ള അപകടം ഉണ്ടാക്കുമെന്നത് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഡാറ്റയുമായി ബന്ധപ്പെട്ടുള്ള എല്ലാ കാര്യങ്ങളും ഊരാളുങ്കൽ സൊസൈറ്റി എന്ന സ്വകാര്യ കമ്പനിക്ക് കൈവശപ്പെടുത്താൻ കഴിയുന്ന വിധത്തിലുള്ള സർക്കാർ നീക്കം ആർക്കും അംഗീകരിക്കാൻ കഴിയുന്നതല്ല. ഡാറ്റാ ബേസിൽ കയറി വിവരങ്ങൾ ചോർത്തിയെടുക്കാൻ ഇടയാക്കുന്ന സാഹചര്യം സംജാതമാകുമെന്നുള്ള ആശങ്കാജനകമായ സാഹചര്യം ഉയർന്നുവന്നിരിക്കുന്നത് സർക്കാർ ഗൗരവമായി

കണക്കിലെടുക്കാത്തത് പ്രതിഷേധാർഹമാണ്. നിർമ്മാണ രംഗത്ത് ഊരാളുങ്കൽ സൊസൈറ്റിയുടെ സാന്നിദ്ധ്യവും അവരുടെ പങ്കും പ്രവർത്തനങ്ങളും എല്ലാവരും പൊതുവെ അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ ഐ.റ്റി. രംഗത്തും പോലീസിന്റെ ഡാറ്റയുമായി ബന്ധപ്പെട്ട കാര്യങ്ങളിലും പരിചയ സമ്പന്നരല്ലാത്ത, ആ രംഗത്ത് വിശ്വാസ്യതയില്ലാത്ത ഊരാളുങ്കൽ സൊസൈറ്റി കടന്നുവരുന്നതിന്റെ ആശങ്കയാണ് ഉയർന്നുവന്നിട്ടുള്ളത്. ഇത് ഗൗരവമായി കണക്കിലെടുത്ത് സർക്കാർ ഇറക്കിയ ഉത്തരവ് റദ്ദ് ചെയ്യുവാനും ഈ രംഗത്ത് മാറ്റങ്ങൾ വരുത്തുവാനും ഗവൺമെന്റ് തയ്യാറാകേണ്ടതായിരുന്നു. അതിന് തയ്യാറാകാതെ അവരെ സംരക്ഷിക്കുന്ന നിലപാടെടുത്തത് വളരെ ഗുരുതരമായ വീഴ്ചയായി ഉയർന്നുവന്നിരിക്കുകയാണ്. ഇക്കാര്യങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, നിലവിലുള്ള സോഫ്റ്റ്‌വെയറിനെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പരാതി ഉയർന്നിട്ടുണ്ടോയെന്നത് ഗവൺമെന്റ് വ്യക്തമാക്കേണ്ട വിഷയമാണ്. ഇപ്പോൾ പാസ്പോർട്ട് വെരിഫിക്കേഷൻ അടക്കമുള്ള കാര്യങ്ങൾ കാര്യക്ഷമമായി നടക്കുകയും അതുമായി ബന്ധപ്പെട്ട നടപടികൾ മുന്നോട്ട് പോകുകയുമാണ്. നിലവിലുള്ള സോഫ്റ്റ്‌വെയറിനെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങളോ തടസ്സങ്ങളോ ഇല്ലാത്ത സന്ദർഭത്തിലാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് ഈ പദ്ധതി നൽകാൻ ഗവൺമെന്റ് തയ്യാറായിരിക്കുന്നത്. ഇവിടെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് എതിരായിട്ടല്ല ഞങ്ങൾ സംസാരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ടുള്ള പോയിന്റുകളിൽ ഒന്നാമതായി, 4 കോടി രൂപയുടെ പദ്ധതി ടെണ്ടർ ഇല്ലാതെയാണ് നിങ്ങൾ നൽകിയത്. ഇവിടെ നിങ്ങൾതന്നെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനായി ഡെവലപ് ചെയ്തിരിക്കുന്ന ആപ്പ് പോലീസിന്റെ ഐ.ടി. വിദഗ്ദ്ധർ വികസിപ്പിച്ച ആപ്പിന്റെ മറ്റൊരു പരിഷ്കൃതരൂപം മാത്രമാണ്. 35 ലക്ഷം രൂപയാണ് ഇതിനുവേണ്ടി ടെണ്ടർ ഇല്ലാതെ വീണ്ടും നൽകിയിരിക്കുന്നത്. ഇനി കൊടുക്കാൻ പോകുന്ന ഡാറ്റാസ് ക്രൈം ഡാറ്റാസാണ്. അത് ഏത് ഡാറ്റകളാണെന്നുള്ളതിനെ ക്കുറിച്ചാണ് ഇവിടെ ചർച്ചകൾ ഉയർന്നുവന്നത്. ഡാറ്റകൾ കൈമാറുമ്പോൾ സ്വാഭാവികമായും അതിന്റെ വിശ്വാസ്യത സംബന്ധിച്ചുള്ള ചോദ്യങ്ങൾ ഉയരും. ക്രൈം ഡാറ്റകൾ കൈമാറുമ്പോൾ കൂടുതൽ അപകടകരമായ അവസ്ഥകൾ

സംജാതമാകും. ഇതിന്റെ ടെക്നോളജി ബാക്ക്ഗ്രൗണ്ടിനെക്കുറിച്ചും ഗവൺമെന്റ് പരിശോധിച്ചിട്ടില്ല. ഇത്തരത്തിലുള്ള ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കി ഇവർ വിജയിച്ചിട്ടുണ്ട്? കൺസ്ട്രക്ഷൻ മേഖലയെ സംബന്ധിച്ച് ആക്ഷേപങ്ങളില്ലായെന്ന് ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചു. ഈ മേഖലയിൽ എന്താണ് ഇവർ ചെയ്തിട്ടുള്ളതെന്നും ഇവരുടെ ട്രാക്ക് റിക്കാർഡ് എന്താണെന്നുള്ളതിനെ സംബന്ധിച്ചും ഗവൺമെന്റ് പരിശോധിച്ചിട്ടില്ല. അതുകൊണ്ടാണ് ഇത് കൊടുക്കുന്നതിൽ ഒരു പ്രത്യേക താത്പര്യമുണ്ടെന്ന് ഞങ്ങൾ പറയുന്നത്. ഇതിനെ സംബന്ധിച്ചുള്ള അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ വിഷയങ്ങൾ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി)

ശ്രീ. ഒ. രാജഗോപാൽ: സർ, ഇവിടെ നടന്ന ചർച്ചകൾ സാധാരണക്കാർക്ക് എളുപ്പത്തിൽ മനസ്സിലാകുന്നവയല്ല. പക്ഷെ പുറത്തുവന്നിട്ടുള്ള വസ്തുതകൾ വെളിപ്പെടുത്തുന്നത് ഈ രാജ്യത്തിന്റെ സുരക്ഷിതത്വത്തിനെതിരായിട്ടുള്ള നീക്കങ്ങൾ കേരളത്തിൽത്തന്നെ നടക്കുന്നു, പോലീസ് വകുപ്പിൽ ഒരു വിഭാഗം ഇതിനെ എതിർക്കുന്നു എന്നൊക്കെയുള്ള കാര്യങ്ങളാണ്. ഇത് വളരെ സീരിയസായിട്ടുള്ള ഇഷ്യൂ ആണ്. ഇക്കാര്യം നിയമസഭയിൽ വിശദമായി ചർച്ച ചെയ്ത് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ട ആവശ്യമുണ്ട്. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) കഞ്ചിക്കോട് വ്യവസായ മേഖലയിലെ പ്രതിസന്ധി

ശ്രീ. പി. കെ. ശശി: സർ, കേരളത്തിന്റെ രണ്ടാമത്തെ വ്യവസായ മേഖലയാണ് പാലക്കാട് കഞ്ചിക്കോട് വ്യവസായ മേഖല. ഏതാണ്ട് എഴുന്നൂറോളം ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്ന മേഖലയാണത്. ചെറുകിട വ്യവസായങ്ങളെന്ന് പറയുമ്പോൾ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ജോലി ലഭ്യമാക്കുന്ന മേഖലയാണ്. നോട്ട് നിരോധനത്തിന്റെ ഭാഗമായി നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട അനുബന്ധ വ്യവസായങ്ങളായ സ്റ്റീൽ, സിമന്റ്, പ്ലമ്പിംഗ് മെറ്റീരിയൽസ്, സാനിട്ടറി ഐറ്റംസ് തുടങ്ങിയവയെല്ലാം വലിയ തകർച്ചയിലേയ്ക്ക് പോയി. അതിന്റെ പുറമേയാണ് ജി.എസ്.ടി. വന്നത്. വൺ ടാക്സ് എന്ന തീരുമാനം

വന്നതോടെ കേരളത്തിൽ ചെറുകിട വ്യവസായങ്ങൾക്കുണ്ടായിരുന്ന പ്രത്യേകമായ ഇളവ് പരിപൂർണ്ണമായും അവസാനിച്ചുവെന്നുള്ളതാണ് യാഥാർത്ഥ്യം. ഒന്നരക്കോടി രൂപയ്ക്ക് താഴെ വിറ്റുവരവുള്ള ചെറുകിട വ്യവസായങ്ങൾക്ക് കേരളത്തിൽ നികുതിയുണ്ടായിരുന്നില്ല. നാമമാത്രമായ നികുതി ഉണ്ടായിരുന്നെങ്കിൽപ്പോലും അത് രണ്ട് ശതമാനത്തിലൊക്കെ ഒതുങ്ങുമായിരുന്നു. അപ്പോൾ സ്വാഭാവികമായും പ്രൊഡക്ഷൻ കോസ്റ്റ് കുറയും. അങ്ങനെവരുമ്പോൾ മറ്റു സംസ്ഥാനങ്ങളിൽനിന്ന് നമ്മുടെ സംസ്ഥാനത്തേയ്ക്ക് ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നങ്ങളോട് കോംപീറ്റ് ചെയ്യാൻ നമ്മുടെ സംസ്ഥാനത്തുണ്ടാകുന്ന ആഭ്യന്തര ഉത്പന്നങ്ങൾക്ക് കഴിയുമായിരുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. എന്നാൽ നികുതിയില്ലാത്ത അവസ്ഥ മാറി ജി.എസ്.ടി. വന്നപ്പോൾ 12 ശതമാനം മുതൽ 18 ശതമാനം വരെ ചെറുകിട വ്യവസായങ്ങൾക്ക് നികുതി കൊടുക്കേണ്ടി വന്നു. ഇതിന്റെ ഭാഗമായി കഞ്ചിക്കോട് വ്യവസായ മേഖലയിൽ മാത്രം ചെറുകിട വ്യവസായ യൂണിറ്റുകളുടെ 35 ശതമാനത്തോളം ഫാക്ടറികൾ അടച്ചുപൂട്ടി. ബാക്കി നിലനിൽക്കുന്ന സ്ഥാപനങ്ങൾപോലും മാനുഫാക്ചറിംഗ് അവസാനിപ്പിച്ച് ട്രേഡിംഗിലേയ്ക്ക് മാറി. ട്രേഡിംഗ് മാത്രമായി നടത്തുമ്പോൾ സ്വാഭാവികമായും തൊഴിലാളികളുടെ ആവശ്യമില്ല. ഓരോ സ്ഥാപനത്തിലും രണ്ടോമൂന്നോ ആളുകൾ മതി. നൂറുകണക്കിന് തൊഴിലാളികളാണ് തൊഴിൽരഹിതരായി മാറിയത്. നിരവധിയാളുകൾക്ക് തൊഴിലും ജീവിതവും കൊടുത്തിരുന്ന ഈ ഉത്പാദന മേഖലയിൽ ഇപ്പോൾ നിശബ്ദ മരണം നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 10 വർഷക്കാലമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ASEAN (Association of Southeast Asian Nations) കരാർ ടെക്സ്റ്റൈൽ മേഖലയെ പരിപൂർണ്ണമായും തകർത്തു. ASEAN കരാർ അനുസരിച്ച് തീരുവയില്ലാതെ, ഒരു പൈസപോലും നികുതി കൊടുക്കാതെ ഇറക്കുമതി ചെയ്യാൻ കഴിയുന്ന 48 ഉത്പന്നങ്ങളുണ്ട്. ഈ 48 ഉത്പന്നങ്ങളിൽ നൂലും ഗാർമെന്റ്സും ഉൾപ്പെടും. ഏറ്റവും കൂടുതൽ ചീപ്പ് ലേബർ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇതുണ്ടാകുന്ന ബംഗ്ലാദേശ്, നേപ്പാൾ തുടങ്ങിയ രാജ്യങ്ങളിൽനിന്നും ധാരാളം ഉത്പന്നങ്ങൾ നമ്മുടെ നാട്ടിലെത്തുന്നു. ഇവിടെ പ്രൊഡക്ഷൻ കോസ്റ്റ് കൂടുതലാകുമ്പോൾ ഇവിടെയുണ്ടാകുന്ന തുണിത്തരങ്ങൾക്ക് അതുമായി കോംപീറ്റ് ചെയ്യാൻ കഴിയില്ല. ഇതിന്റെ ഭാഗമായി അയൽസംസ്ഥാനമായ തമിഴ്നാട്ടിൽപ്പോലും 166 ടെക്സ്റ്റൈൽ മില്ലുകൾ അടച്ചുപൂട്ടി. കേരളത്തിലാകെ ഉണ്ടായിരുന്ന 36 സ്വകാര്യ ടെക്സ്റ്റൈൽ മില്ലുകളിൽ 4 എണ്ണം മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അതിൽ 3 ടെക്സ്റ്റൈൽ മില്ലുകളും സ്ഥിതിചെയ്യുന്നത് പാലക്കാട് ജില്ലയിലാണ്. ടെക്സ്റ്റൈൽ മുതലാളിമാർ ഈ മേഖലയിൽനിന്ന് പോയിട്ടില്ല. അവരെല്ലാം ഈ മേഖലയിൽ തന്നെയുണ്ട്. ഏറ്റവും സവിശേഷമായി നമ്മൾ കാണേണ്ട കാര്യം, മുതലാളിമാർ ഇവിടെ ഉത്പാദനം നിർത്തി ബംഗ്ലാദേശിലേയ്ക്ക് പോകുകയാണെന്നുള്ളതാണ്. ഇതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് കിട്ടുന്ന തുണിയും അനുബന്ധ ഉപകരണങ്ങളും നമ്മുടെ സംസ്ഥാനത്തേയ്ക്ക് തീരുവയില്ലാതെ ഇറക്കുമതി ചെയ്ത് അതിവിടെ ഡമ്പ് ചെയ്യുകയാണ്.

മി. സ്പീക്കർ: അങ്ങ് പ്രസംഗം കൺക്ലൂഡ് ചെയ്യുക.

ശ്രീ. പി. കെ. ശശി: സർ, ഇത് നമ്മുടെ ടെക്സ്റ്റൈൽ വ്യവസായത്തെ പരിപൂർണ്ണമായ തകർച്ചയിലേയ്ക്കെത്തിക്കുകയാണ്. ഉദാഹരണമായി, കഴിഞ്ഞ ദിവസം പാലക്കാട് പ്രവർത്തിക്കുന്ന പട്ടോഡി ഗ്രൂപ്പിന്റെ മാനേജ്മെന്റ് നടത്തുന്ന പാറ്റ്സ്പിൻ കമ്പനിയുടെ മുതലാളിമാർ ട്രേഡ് യൂണിയൻ നേതാക്കൻമാരുമായി നടത്തിയ ചർച്ചയിൽ മുഴുവൻ തൊഴിലാളികളും പിരിഞ്ഞു പോകണമെന്ന ഡിമാന്റ് വച്ചിരിക്കുകയാണ്.

മി. സ്പീക്കർ: യെസ്... യെസ്...

ശ്രീ. പി. കെ. ശശി: സർ, സ്ഥിരം തൊഴിലാളികളെയെല്ലാം പിരിച്ചുവിട്ട് വേണമെങ്കിൽ കരാർ അടിസ്ഥാനത്തിൽ ജോലി നൽകാമെന്ന നിലപാടാണ് സ്വീകരിക്കുന്നത്. നിർമ്മാണ മേഖലയിലെ പ്രതിസന്ധി ഒരു പ്രധാനപ്പെട്ട വിഷയമായതിനാലാണ് പറയുന്നത്. എനിക്ക് രണ്ട് മിനിട്ടുകൂടി അനുവദിക്കണം.

മി. സ്പീക്കർ: കാളിംഗ് അറ്റൻഷന് നിശ്ചിത സമയമുണ്ട്. പ്രധാനപ്പെട്ട കാര്യങ്ങൾ ചുരുക്കിപ്പറയണം. ഒരു മിനിട്ട് കൂടി നൽകാം.

ശ്രീ. പി. കെ. ശശി: സർ, നിർമ്മാണ മേഖലയിലെ പ്രതിസന്ധിയും ജി.എസ്.ടി. യും സ്റ്റീൽ, സിമന്റ് വ്യവസായങ്ങളെയാകെ വലിയ തോതിൽ തകർത്തിരിക്കുകയാണ്. പ്രധാനപ്പെട്ട വിഷയം, സ്റ്റീലിന്റെ റാ മെറ്റീരിയലായ സ്ക്രാപ്പ് വാങ്ങാൻ മുമ്പ് ടാക്സ് ഉണ്ടായിരുന്നില്ല. എന്നാലിപ്പോൾ അതിനും ജി.എസ്.ടി. ബാധകമായതിനാൽ സ്വാഭാവികമായി സ്റ്റീൽ ഉത്പാദനത്തിൽ വലിയ പ്രതിസന്ധി ഉണ്ടായിരിക്കുകയാണ്. സിമന്റ് നിർമ്മാണ രംഗത്ത് ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് മലബാർ സിമന്റ്സ്. ഈ ഗവൺമെന്റ് വന്ന ശേഷം നല്ല രീതിയിലുള്ള ഇടപെടലുകൾ വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായി നഷ്ടത്തിലായിരുന്ന ഈ സ്ഥാപനം ഇപ്പോൾ ലാഭത്തിലേയ്ക്ക് വന്നിട്ടുണ്ട്. നല്ലതുപോലെ കോംപീറ്റ് ചെയ്യാൻ കഴിയുന്ന നിലയിലേയ്ക്ക് മലബാർ സിമന്റ്സിനെ മാറ്റിയെടുക്കാൻ ഒരു നിർദ്ദേശം ഞാൻ മുന്നോട്ട് വയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിനാവശ്യമായ മുഴുവൻ സിമന്റും ഈ പൊതുമേഖലാ സ്ഥാപനത്തിൽനിന്നുതന്നെ വാങ്ങുമെന്ന തീരുമാനം മുമ്പുണ്ടായിരുന്നു. 2013-ൽ യു.ഡി.എഫ്. ഗവൺമെന്റ് ആ തീരുമാനം പരിപൂർണ്ണമായും നിർത്തലാക്കി. എവിടെനിന്നുവേണമെങ്കിലും സിമന്റ് വാങ്ങാമെന്നാക്കി.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്...

ശ്രീ. പി. കെ. ശശി: സർ, സ്വകാര്യ കമ്പനികളെ സഹായിക്കാനായുള്ള യു.ഡി.എഫ്.-ന്റെ സമീപനമായിരുന്നു അത്. ഈ ഗവൺമെന്റ് അത് തിരുത്തണമെന്നും നിയമംമൂലം അത് പുനഃസ്ഥാപിക്കണമെന്നുമാണ് ഞാൻ ആവശ്യപ്പെടുന്നത്.

മി. സ്പീക്കർ: പ്രസംഗം കൺക്ലൂഡ് ചെയ്യുക.

ശ്രീ. പി. കെ. ശശി: സർ, സംസ്ഥാനത്തിനാവശ്യമായ സിമന്റ് മലബാർ സിമന്റ്സിൽനിന്ന് വാങ്ങണം. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, റാ മെറ്റീരിയലിന്റെ കാര്യത്തിലാണെങ്കിലും പ്രോഡക്ടുകളുടെ കാര്യത്തിലാണെങ്കിലും സമാന സ്വഭാവമുള്ള വ്യവസായ സ്ഥാപനങ്ങളുണ്ട്. ഇത്തരം സമാന സ്വഭാവമുള്ള സ്ഥാപനങ്ങൾക്ക് ഒറ്റയ്ക്ക് ഈ സാഹചര്യത്തെ മറികടക്കാനാകില്ല. സമാന സ്വഭാവമുള്ള വ്യവസായങ്ങളുടെ ക്ലസ്റ്ററുകൾ രൂപീകരിച്ചാൽ ഈ പ്രതിസന്ധി മറികടക്കാൻ സാധിക്കും. ക്ലസ്റ്ററുകൾ രൂപീകരിക്കുവാനാവശ്യമായിട്ടുള്ള നിർദ്ദേശവും അതിനാവശ്യമായ പ്രോത്സാഹനവും കേരള ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ടെന്ന് സൂചിപ്പിക്കുകയാണ്. ഞാൻ അധികം കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും വ്യവസായങ്ങളുമെല്ലാം തകർന്നുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്...

ശ്രീ. പി. കെ. ശശി: സർ, ഭാര്യയെ സന്തോഷിപ്പിക്കാൻ സ്വന്തം പെറ്റമ്മയുടെ കരൾ തുരന്നെടുത്ത് ഭാര്യക്ക് കാഴ്ചവച്ച ഒരു ദുഷ്ട കഥാപാത്രമുണ്ട് പുരാണത്തിൽ. ആ ദുഷ്ട കഥാപാത്രത്തെ അനുസ്മരിപ്പിക്കുന്ന ഏറ്റവും രാജ്യദ്രോഹപരമായ നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുമ്പോൾ, ഈ നാടിന്റെ വ്യവസായിക മേഖലയെ പരിപൂർണ്ണമായും തകർക്കുന്ന നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുമ്പോൾ സംസ്ഥാനത്തെ ജനങ്ങളെയാകെ യോജിപ്പിച്ച് അണിനിരത്തി ഇതിനെ ചെറുത്ത് പരാജയപ്പെടുത്താനും ബദൽ സംവിധാനങ്ങൾ ആവിഷ്കരിക്കാനും വ്യവസായ വകുപ്പ് തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

11.00 a.m.]

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാന്യനായ എം.എൽ.എ. ഇവിടെ വിശദീകരിച്ച കാര്യങ്ങളെല്ലാം വസ്തുതാപരമാണ്. കേരളത്തിലെ വ്യവസായ മേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധിക്ക് കാരണം ഇന്ത്യാ ഗവൺമെന്റിന്റെ സാമ്പത്തിക-രാഷ്ട്രീയ നയങ്ങളാണ്. ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം എന്നിവ കേരളത്തിലെ വ്യവസായ മേഖലയെ വലിയ തോതിലാണ്

ബാധിച്ചിട്ടുള്ളത്. ഉദാരവൽക്കരണ നയത്തിന്റെ ഫലമായി വലിയ തോതിലുള്ള ഇറക്കുമതിയാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള, ടെക്സ്റ്റൈൽ മേഖല നേരിടുന്ന പ്രധാന പ്രശ്നവും ഇറക്കുമതിയുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. അതിന്റെ ഫലമായി ടെക്സ്റ്റൈൽ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് അതിന്റെ ഉൽപ്പാദന ചെലവെല്ലാം കണക്കുകൂട്ടിയാലുണ്ടാകുന്ന വിലയനുസരിച്ച് കയറ്റുമതി ചെയ്യാനോ ആഭ്യന്തര മാർക്കറ്റിൽ വിപണനം നടത്താനോ കഴിയാതെ വരുന്നു. കാരണം ഇവിടെ ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ വിലക്കുറവിന്റെ ഫലമായി അതിനോട് മത്സരിക്കാനുള്ള സാധ്യതയില്ലാത്തതുകൊണ്ട് നമ്മുടെ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നു, വ്യവസായശാലകൾ അടഞ്ഞുകിടക്കേണ്ടിവരുന്നു. അതാണ് ഇന്ന് ടെക്സ്റ്റൈൽ മേഖല നേരിടുന്ന പ്രശ്നം. കേരളത്തിലെ ടെക്സ്റ്റൈൽ രംഗത്തെ ഉദ്ധരിക്കുന്നതിനുവേണ്ടി ഫലപ്രദമായ ഇടപെടലാണ് വ്യവസായവകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാ വ്യവസായങ്ങളെയും പുനരുജ്ജീവിപ്പിച്ച് കൂടുതൽ സാധ്യതകൾ ഉപയോഗപ്പെടുത്തി വിപുലീകരിക്കാനുള്ള നടപടികളും തുടർന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രധാനമായും ചൂണ്ടിക്കാണിച്ചിട്ടുള്ള മറ്റൊരു കാര്യം, സ്റ്റീൽ വ്യവസായങ്ങളെ സംബന്ധിച്ചുള്ളതാണ്. കോഴിക്കോടുള്ള സ്റ്റീൽ കമ്പനിയിൽ ഉൽപ്പാദിപ്പിക്കുന്ന സ്റ്റീലിന്റെ വില നമ്മുടെ മാർക്കറ്റിലുള്ള സ്റ്റീലിന്റെ വിലയുമായി മത്സരിക്കാൻ കഴിയാത്തതാണ്. നമ്മുടെ ഉൽപ്പാദന ചെലവ് കൂടുതലാണ്. അതുകൊണ്ടുതന്നെ മറ്റ് സ്വകാര്യ മേഖലയിൽ നിർമ്മിച്ച് വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്ന ഉൽപ്പന്നങ്ങളേക്കാൾ മുപ്പത് ശതമാനത്തിലധികം വില വർദ്ധിച്ചുവരുന്നു. ക്വാളിറ്റിയുണ്ട്, പക്ഷെ, വില വർദ്ധിക്കുന്നു. അത് സ്റ്റീൽ വ്യവസായം പ്രത്യേകിച്ച് പൊതുമേഖലാ സ്റ്റീൽ വ്യവസായം നേരിടുന്ന പ്രശ്നമാണ്. അതുകൊണ്ട് ഗവൺമെന്റിന്റെ നിർമ്മാണ പ്രവൃത്തികളിൽ പബ്ലിക് സെക്ടറിൽ ഉണ്ടാക്കുന്ന സ്റ്റീൽ ഉൽപ്പന്നങ്ങൾ വാങ്ങുക. റ്റി.എം.റ്റി (Thermo Mechanically Treated) പോലുള്ള സ്റ്റീൽ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിൽ തത്വത്തിൽ അംഗീകരിക്കാൻ കഴിയാത്ത നിയമപ്രശ്നങ്ങൾ ഇവിടെയുണ്ട്. അതുകൊണ്ട് സ്റ്റീൽ വ്യവസായം പൊതുമേഖലയിൽ തകർച്ച നേരിടുകയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രധാനപ്പെട്ട പ്രശ്നങ്ങൾ കഞ്ചിക്കോട് വ്യവസായ മേഖലയുമായി ബന്ധപ്പെട്ടതാണ്. വ്യവസായ വകുപ്പിനുകീഴിൽ പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം വക 667 ഏക്കർ ഭൂമിയിൽ പൊതുമേഖലാ സ്ഥാപനങ്ങളായ കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) എന്നിവയുടെ കീഴിൽ 376 ഏക്കർ വ്യവസായ ഭൂമിയുണ്ട്. ഇവിടെ ന്യൂ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയ, പുതുശ്ശേരി ഇൻഡസ്ട്രിയൽ

ഡെവലപ്മെന്റ് ഏരിയ എന്നിങ്ങനെ രണ്ടായി വിഭജിച്ച് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തതിന്റെ ഫലമായി പ്രസ്തുത മേഖലയിൽ ഏതാണ്ട് 411 വ്യവസായങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 16,250 തൊഴിലാളികൾ കഞ്ചിക്കോട് വ്യവസായ മേഖലയിൽ പണിയെടുക്കുന്നുണ്ട്. അടിസ്ഥാന സൗകര്യത്തിന്റെ കാര്യത്തിലും ഇവിടെ ചില പോരായ്മകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഞ്ചിക്കോട് തമിഴ്നാടിനോട് ചേർന്ന് കിടക്കുന്ന പ്രദേശമാണ്. തമിഴ്നാട് മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെയുള്ള ചില പ്രശ്നങ്ങളെത്തുടർന്ന് ചില സ്വകാര്യ സ്ഥാപനങ്ങൾ തമിഴ്നാട്ടിലേയ്ക്ക് പോകാനുള്ളൊരു പ്രവണത പ്രകടിപ്പിച്ചു. അതിന് ചില തൊഴിൽ സമരങ്ങളും തൊഴിലാളി യൂണിയനുകളുടെ നിലപാടുകളും കാരണമായി. അത്തരം ഘട്ടത്തിൽത്തന്നെ ഫലപ്രദമായി ഇടപെടാനും ഇവിടത്തെ വ്യവസായങ്ങളെ പരിരക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഞ്ചിക്കോട് വ്യവസായ മേഖലയിലെ എല്ലാ സ്ഥാപനങ്ങൾക്കും പ്രയോജനകരമായ രീതിയിൽ വൈദ്യുതി വിതരണ സംവിധാനം ഈ പ്രദേശത്ത് ലഭ്യമാക്കേണ്ടതുണ്ട്. അതിനുവേണ്ടി ഒരു പുതിയ സബ്സ്റ്റേഷൻ നിലവിൽ വരേണ്ടത് ആവശ്യമാണ്. അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന്, റോഡ് നവീകരണത്തിനായി 2016-17 കാലയളവിൽ 23 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്, അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കേണ്ടതായിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ പൊതുവിപണിയിലെ കിടമത്സരത്തിനനുസരിച്ച് കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഉൽപ്പാദന പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നില്ലെന്നുള്ളതും അതിനാൽ നഷ്ടത്തിലായ യൂണിറ്റുകളുടെ പ്രവർത്തനം നിലച്ചുപോകുന്നതായും ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവർത്തനരഹിതമായ വ്യവസായ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരുന്ന ഭൂമി തിരികെയെടുത്ത് പുതിയ സംരംഭകർക്ക് നൽകാൻ നടപടി തുടങ്ങിയെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി ഇടപെട്ട് അത് തടഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ആ കാര്യങ്ങളെ സംബന്ധിച്ചും പരിശോധിക്കേണ്ടതുണ്ട്. കഞ്ചിക്കോട് മേഖലയിലെ വ്യവസായങ്ങളെ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് ആകർഷിക്കത്തക്ക സാഹചര്യം നിലനിൽക്കുന്നതുകൊണ്ട് നമ്മുടെ വ്യവസായ മേഖലകൾക്ക് പ്രത്യേക പരിഗണന നൽകി നിലനിർത്താൻ കഴിയുമോയെന്നും പരിശോധിക്കേണ്ടതായിട്ടുണ്ട്. സ്പെഷ്യൽ ഇക്കണോമിക് സോൺപോലുള്ള സംവിധാനങ്ങൾ എത്രമാത്രം ഉപയോഗിക്കാൻ കഴിയുമെന്നതും വിശദമായ പഠനത്തിന് വിധേയമാക്കേണ്ടതുണ്ട്. മറ്റൊരു കാര്യം, നേപ്പാളിൽനിന്നും ഉൽപ്പന്നങ്ങൾ ഇങ്ങോട്ട് കടന്നുവരുന്നുവെന്ന് പറയുന്നത് ശരിയല്ല. തൊട്ടടുത്ത് കിടക്കുന്ന ചൈനയിൽ നിന്നൊക്കെയാണ് അവിടേയ്ക്ക് ഉൽപ്പന്നങ്ങൾ വരുന്നത്. അത്രമാത്രം അഭിവൃദ്ധിപ്പെട്ടിട്ടുള്ള നാടല്ല നേപ്പാൾ.

മറ്റൊരു കാര്യം ചൂണ്ടിക്കാണിച്ചിട്ടുള്ളത്, മലബാർ സിമന്റ്സിനെ സംബന്ധിച്ചാണ്. മലബാർ സിമന്റ്സ് വളരെ നഷ്ടത്തിലായി, തകർന്നു കൊണ്ടിരിക്കുന്ന ഒരു സ്ഥാപനമായിരുന്നു. എന്നാൽ അവരുടെ പ്രവർത്തനങ്ങളെ നേർവഴിയിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനും മെച്ചപ്പെടുത്താനും സാധിച്ചതിന്റെ ഫലമായി ഇപ്പോൾ ലാഭകരമായിട്ടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കൂടുതൽ മെച്ചപ്പെട്ട നിലയിൽ മലബാർ സിമന്റ്സിന്റെ പ്രവർത്തനം വിപുലീകരിക്കാനും ഉൽപ്പാദനം വർദ്ധിപ്പിക്കാനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. കേരളത്തിലെ നിർമ്മാണരംഗത്ത് ഉപയോഗിക്കുന്ന സിമന്റിൽ 8 ശതമാനം മാത്രമാണ് മലബാർ സിമന്റ്സിനുള്ളത്. ബാക്കി 92 ശതമാനവും ഇതര സംസ്ഥാനങ്ങളിലുള്ള വ്യവസായശാലകളിൽനിന്നുമാണ് വരുന്നത്. കേരളത്തിന്റെ മാർക്കറ്റ് മുഴുവൻ മറ്റ് സിമന്റ് കമ്പനികൾ കയ്യടക്കിയിരിക്കുകയാണ്. എന്നാൽ ക്വാളിറ്റി ഏറ്റവും മെച്ചപ്പെട്ട മലബാർ സിമന്റ്സിന് വിപുലമായ സാധ്യതകളുണ്ട്. അതുകൊണ്ടുതന്നെ കെട്ടിടനിർമ്മാണ രംഗത്ത് ഒരു നിശ്ചിത ശതമാനമെങ്കിലും മലബാർ സിമന്റ് ഉപയോഗിക്കുമെന്ന നിലപാട് സ്വീകരിക്കണം. ട്രാവൻകൂർ സിമന്റ്സിൽ കക്ക വാരിയാണ് സിമന്റ് നിർമ്മിച്ചിരുന്നത്. ഇപ്പോൾ കക്കയൊന്നുമില്ല. അതുകൊണ്ട് ക്ലിങ്കർ ഇറക്കുമതി ചെയ്ത് ഗ്രൈന്റ് ചെയ്ത് സിമന്റ് നിർമ്മിക്കുന്നതിനുവേണ്ടി ഉപയോഗിക്കുകയാണ്. ഏറ്റവും ക്വാളിറ്റിയുള്ള വൈറ്റ് സിമന്റും ഗ്രേ സിമന്റും നിർമ്മിക്കുന്ന സ്ഥാപനമാണത്. ഗവൺമെന്റ് സ്ഥാപനങ്ങൾക്കും കെട്ടിടങ്ങൾക്കും വിദ്യാലയങ്ങൾക്കുമൊക്കെ മലബാർ സിമന്റ്സിന്റെയും ട്രാവൻകൂർ സിമന്റ്സിന്റെയും സിമന്റ് ഉപയോഗിക്കാൻ കഴിഞ്ഞാൽ ഇന്നുള്ളതിനേക്കാളും ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ട് കൂടുതൽ പേർക്ക് തൊഴിൽ നൽകി വലിയൊരു സിമന്റ് വ്യാപാര രംഗം നമുക്ക് സൃഷ്ടിച്ചെടുക്കാൻ കഴിയും. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ പൊതുമരാമത്ത് വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഞാനും ചേർന്ന് ഇക്കാര്യം ചർച്ച ചെയ്തിരുന്നു. പക്ഷെ, ചില നിയമപ്രശ്നങ്ങൾ ഇവിടെ തടസ്സമായി നിൽക്കുന്നുവെന്നുള്ളതുകൊണ്ട് ആ ചർച്ച പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ഇനിയും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. പി. കെ. ശശി: സർ, ഈ പറഞ്ഞത് തന്നെയാണ് വിഷയം. ഇങ്ങനെയൊരു തീരുമാനം നമ്മൾ എടുത്താൽ സ്വകാര്യ വ്യവസായികൾ സ്വാഭാവികമായും അത് ചലഞ്ച് ചെയ്യും. അവർ കോടതിയിൽ പോകും. അതിനെ മറികടക്കാൻ സാധിക്കണമെങ്കിൽ നിയമപരമായിത്തന്നെ തീരുമാനം ഇൻസിസ്റ്റ് ചെയ്യാൻ ഗവൺമെന്റിന് സാധിക്കേണ്ടതുണ്ട്. രണ്ടാമത്തെ വിഷയം, ഷൊർണ്ണൂരിലുള്ള ഇരുമ്പ് വ്യവസായ കേന്ദ്രത്തെയുംകൂടി ഉൾപ്പെടുത്തി ക്ലസ്റ്റർ രൂപീകരിക്കണമെന്നുള്ളതാണ്. അതിനാവശ്യമായ സഹായം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകണം.

ശ്രീ. ഇ. പി. ജയരാജൻ: സർ, വാണിജ്യ മിഷൻ അതിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. കുറേക്കൂടി ഫലപ്രദമായി വാണിജ്യ മിഷന്റെ പ്രവർത്തനം ഉപയോഗിക്കാൻ സാധിക്കും. വ്യവസായ മേഖലയിൽ ഏറ്റവും പ്രായോഗികമായി നോക്കേണ്ട കാര്യം, ഇവിടെയുള്ള വ്യവസായങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകാതിരിക്കാൻ പ്രത്യേകമായ ചില പരിഗണനകളും ആനുകൂല്യങ്ങളും നൽകി പ്രൊട്ടക്ട് ചെയ്ത് ഇവിടെ നിർത്തണം എന്നതാണ്. അതിനുവേണ്ടി സ്പെഷ്യൽ ഇക്കണോമിക് സോൺ ആയി പ്രഖ്യാപിച്ചാൽ കുറേക്കൂടി ആകർഷിക്കപ്പെടാൻ സാധ്യതയുണ്ട്. അത് വിശദമായൊരു പഠനത്തിന് വിധേയമാക്കുന്നുണ്ട്.

## (2) മത്സ്യങ്ങളിൽ രാസവസ്തുക്കൾ ചേർക്കുന്നതിനെതിരെ നടപടി

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ആരോഗ്യരംഗത്ത് നിലനിൽക്കുന്ന വളരെ ഗുരുതരമായ പ്രശ്നം സംബന്ധിച്ചാണ് ഞാൻ സഭയുടെയും സർക്കാരിന്റെയും ശ്രദ്ധ ക്ഷണിക്കുന്നത്. മലയാളികളായ നമ്മൾ മത്സ്യം ഏറെ ഇഷ്ടപ്പെടുന്നവരാണ്. മത്സ്യം കഴിക്കാൻ നമുക്കെല്ലാവർക്കും നല്ല താൽപ്പര്യവുമാണ്. ആ താൽപ്പര്യം ചൂഷണം ചെയ്തുകൊണ്ട് ഇന്ന് മത്സ്യവിപണന രംഗത്ത് നടക്കുന്ന, മലയാളികളുടെ ആരോഗ്യം കാർന്നു തിന്നുന്ന മാരകമായ അസുഖങ്ങൾ അവർക്ക് സമ്മാനിക്കാവുന്ന സ്ഥിതി വിശേഷത്തെയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടേയും സഭയുടേയും മുൻപിൽ കൊണ്ടുവരുന്നത്. വളരെ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന ഫോർമാലിൻ, അമോണിയം, അമോണിയം സിലിക്കേറ്റ് എന്നിവ വ്യാപകമായ തോതിൽ കലർത്തിയ മത്സ്യങ്ങളാണ് കേരളത്തിന്റെ മത്സ്യമാർക്കറ്റുകളിൽ കഴിഞ്ഞ കുറച്ചുകാലമായി വളരെ സജീവമായി ഉണ്ടായിരുന്നത്. മാസങ്ങൾ പഴക്കമുള്ള മത്സ്യം ഫോർമാലിൻ കലർത്തി വിൽപ്പന നടത്തുന്നതിന്റെയും അതിന്റെ ദൂഷ്യവശങ്ങളെയും സംബന്ധിച്ച് പത്ര മാധ്യമങ്ങൾ ഒരു വർഷം മുൻപ് റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് ആരോഗ്യവകുപ്പും ഭക്ഷ്യ സുരക്ഷാ വകുപ്പും നിയമസഭയും പത്രമാധ്യമങ്ങളുമൊക്കെ വലിയ ചർച്ച നടത്തുകയും വളരെ പെട്ടെന്നുള്ള ചില നടപടികൾ കുറച്ചുകാലത്തേയ്ക്ക് ഇക്കാര്യത്തിലുണ്ടാകുകയും ചെയ്തു. എന്നാൽ ഇപ്പോഴത് ആകെ അവതാളത്തിലായിരിക്കുകയാണ്. പ്രളയം, തെരഞ്ഞെടുപ്പ് എന്നിവയെത്തുടർന്ന് ഈ രംഗത്ത് നൽകിയിരുന്ന ശ്രദ്ധ കുറഞ്ഞതിനാൽ കാര്യങ്ങൾ വീണ്ടും പഴയ അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ്. സമീപ ദിവസങ്ങളിൽ ഫോർമാലിനും അമോണിയയും കലർന്ന 60-ഉം 70-ഉം ലോഡ് മത്സ്യമാണ് മാർക്കറ്റിൽനിന്ന് പിടിച്ചിരിക്കുന്നത്. ഇത് വളരെ ഗുരുതരമായ വിഷയമാണ്. തമിഴ്നാട്, കർണ്ണാടക, ഗോവ, മഹാരാഷ്ട്ര, തെലങ്കാന എന്നീ പ്രദേശങ്ങളിൽനിന്ന് ചെക്ക് പോസ്റ്റുകളിലൂടെ യാതൊരു പരിശോധനയുമില്ലാതെ ഇത്തരം മത്സ്യം നിർബാധം നമ്മുടെ മാർക്കറ്റിലേയ്ക്ക് ഒഴുകുകയാണ്. മത്സ്യങ്ങൾ വരുന്ന മറ്റൊരുവഴി

ചെന്നൈയിൽനിന്ന് ട്രെയിൻ മാർഗ്ഗമാണ്. കൊല്ലം, ആലപ്പുഴ റെയിൽവേ സ്റ്റേഷനുകൾ ഇതിന്റെ പ്രധാനപ്പെട്ട കേന്ദ്രങ്ങളാണ്. രാത്രികാലങ്ങളിൽ തൂത്തുക്കുടിപോലുള്ള പ്രദേശങ്ങളിൽനിന്ന് മാസങ്ങൾ പഴക്കമുള്ള നൂറ് കണക്കിന് ലോഡ് മത്സ്യം വരികയാണ്. നേരിട്ട് ഫോർമാലിനും അമോണിയയും മത്സ്യത്തിൽ പ്രയോഗിക്കുന്നതുകൂടാതെ ഐസ് വഴിയും പ്രയോഗിക്കുന്നുണ്ട്. ഐസിൽ മാരക രാസപദാർത്ഥങ്ങൾ ചേർത്ത് മത്സ്യത്തിൽ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ചെക്ക് പോസ്റ്റുകളിലൊന്നും ഒരു വിധത്തിലുള്ള പരിശോധനയും ഇപ്പോഴില്ല. ഇതിൽ ഉദ്യോഗസ്ഥരുടെ മൗനാനുവാദവും നല്ല രീതിയിലുണ്ട്. അതിന് ചില ലിങ്കുകളും പ്രവർത്തിക്കുന്നുണ്ട്. ഉദ്യോഗസ്ഥരുൾപ്പെടെയുള്ളവർ ആരോഗ്യത്തെവച്ചാണ് കളിക്കുന്നതെന്ന് നമ്മൾ മനസ്സിലാക്കണം. ഇവിടെ ഞാൻ നേരത്തെ സൂചിപ്പിച്ചു, ഒരു വർഷം മുൻപുണ്ടായിരുന്ന നടപടികളിൽ പ്രധാനമായും പ്രഖ്യാപിച്ചിരുന്നത് "ഓപ്പറേഷൻ സാഗർ റാണി"യാണ്. വളരെ ഖേദകരമെന്ന് പറയട്ടെ; ഓപ്പറേഷൻ സാഗർ റാണി അകാലചരമം പ്രാപിച്ചിരിക്കുന്നു. മൂന്ന് സ്റ്റെപ്പായി നടത്തുമെന്ന് പറഞ്ഞിരുന്ന കാര്യങ്ങളിൽ ഒരു നടപടിയും ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് നടക്കുന്നില്ല. അതുപോലെ, പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുമെന്നാണ് പറഞ്ഞത്. മത്സ്യത്തിൽ ഫോർമാലിനും അമോണിയയും മറ്റ് രാസപദാർത്ഥങ്ങളും ഉണ്ടോയെന്ന് കണ്ടുപിടിക്കാൻ ഒരു പേപ്പർ ഉപയോഗിച്ച് നടത്തുന്ന പരിശോധനയാണ് പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ. അതിപ്പോൾ നമ്മുടെ സംസ്ഥാനത്തില്ല. അതിൽ ഏറ്റവും പ്രധാനപ്പെട്ടൊരു വിഷയം, നമ്മുടെ സംസ്ഥാനത്ത് പേപ്പർ സ്ട്രിപ്പുകൾ ഉൽപ്പാദിപ്പിക്കുന്നില്ല എന്നുള്ളതാണ്; കൂടാതെ ഇന്നത് കിട്ടാനുമില്ല. അത് ഉൽപ്പാദിപ്പിക്കാൻ കഴിയണം. പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ ഉപയോഗിച്ച് ഏത് സാധാരണക്കാരനും ഏത് മാർക്കറ്റിലും എപ്പോൾ വേണമെങ്കിലും മത്സ്യം പരിശോധിക്കാൻ സാധിക്കും. പക്ഷെ, അതിനും നമുക്ക് സൗകര്യങ്ങളില്ല. 31-10-2019-ൽ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി നൽകിയ ഒരു ഉത്തരത്തിൽ ഫോർമാലിൻ ഡിറ്റക്ഷൻ കിറ്റ് ഉപയോഗിച്ച് പരിശോധന നടക്കുന്നുണ്ടെന്നാണ് പറഞ്ഞത്. എന്നാൽ അത് ശരിയല്ല. അങ്ങനെയൊരു ഫോർമാലിൻ ഡിറ്റക്ഷൻ കിറ്റ് വിതരണം ചെയ്യുന്നില്ല. പക്ഷെ, അത് ഇവിടെ ഉൽപ്പാദിപ്പിക്കുന്നില്ല. ഇത്തരം സംഗതികൾ താഴെത്തട്ടിലേയ്ക്ക് വിതരണം ചെയ്യാത്തതും അതുമായി ബന്ധപ്പെട്ട പരിശോധനകൾ നടക്കാത്തതും നമ്മൾ ശ്രദ്ധിക്കേണ്ട കാര്യമാണ്. ട്രോളിംഗ് നിരോധന സമയത്താണ് ഇത്തരം മത്സ്യങ്ങൾ വ്യാപകമായി നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരുന്നതെന്നത് നമ്മൾ കാണേണ്ടതുണ്ട്. മറ്റുള്ള വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. മത്സ്യം കഴിച്ചാൽ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളൊന്നും ഞാനിവിടെ പറയുന്നില്ല. കാരണം അതൊക്കെ ബഹുമാനപ്പെട്ട മന്ത്രിക്കും സഭയ്ക്കും എല്ലാവർക്കും അറിയാവുന്നതാണ്.

നമ്മുടെ സംസ്ഥാനത്ത് വളരെയേറെ വ്യാപിച്ചുകൊണ്ടിരിക്കുന്ന രോഗമാണ് അർബുദം. ഒരു ലേഖനത്തിൽ സൂചിപ്പിച്ചതുപോലെ, കേരളത്തിൽ 'ഒരു വീട്ടിൽ ഒരു ക്യാൻസർ രോഗി' എന്ന രീതിയിലേയ്ക്ക് മലയാളി ലോകം പോകുന്നു. അതായത്, ഒരു വീട്ടിൽ ഒരു പോസ്റ്റ് ഗ്രാജുവേഷൻ എന്നൊക്കെ വളരെ അഭിമാനപൂർവ്വം പറയുന്നതുപോലെ ഒരു വീട്ടിൽ ഒരു അർബുദരോഗി എന്ന വിധത്തിലേയ്ക്ക് കേരളീയ സമൂഹം മാറിക്കൊണ്ടിരിക്കുമ്പോൾ ഇത്തരം വിഷയങ്ങളെ നമുക്ക് കാണാതിരിക്കാൻ കഴിയില്ല. വിഷമത്സ്യം കഴിക്കുന്നത് അർബുദം, കരൾ, കിഡ്നി തുടങ്ങിയ രോഗങ്ങൾക്ക് കാരണമാകുന്നുവെന്നുള്ളതുകൊണ്ട് വളരെ ജാഗ്രതയോടു കൂടിയ നടപടി ഇക്കാര്യത്തിൽ ഉണ്ടായില്ലെങ്കിൽ അത് വരുംതലമുറയ്ക്ക് വലിയ ദുരന്തം വരുത്തിവയ്ക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ശക്തമായി ഇതിൽ ഇടപെടണം. എൻഡോസൾഫാൻ തലമുറകളിലേയ്ക്ക് നൽകിയ ദുരന്തം നമ്മുടെ മുമ്പിലുണ്ട്. അതിന്റെ മറ്റൊരു പതിപ്പായി ഈ ഫോർമാലിൻ ദുരന്തം മാറാതിരിക്കാൻ ജാഗ്രതയോടുകൂടിയുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണിത്. അനേക വർഷക്കാലമായി ഭക്ഷ്യവസ്തുക്കളിലൂടെ മാരകമായ വിഷാംശങ്ങൾ നമ്മൾ കഴിച്ചുകൊണ്ടിരിക്കുകയാണ്. അത് പരിഹരിക്കാൻ പ്രത്യേകമായ ഇടപെടൽ വളരെ കുറവായിരുന്നുവെന്നതാണ് വസ്തുത. എന്നാൽ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ അതിശക്തമായ, വ്യത്യസ്തമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ, നമ്മുടെ ഭക്ഷണ ക്രമത്തിന്റെയും ജീവിതശൈലിയുടേയുമെല്ലാം ഭാഗമായി വരുന്ന ക്യാൻസർ, പ്രമേഹം തുടങ്ങിയ രോഗങ്ങളെ നേരിടാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചത് ഇപ്പോഴാണ്. അതുകൊണ്ടുതന്നെയാണ് ആരോഗ്യരംഗത്ത് അടിസ്ഥാനപരമായ മാറ്റമുണ്ടാക്കാൻ നമ്മൾ തീരുമാനിച്ചത്. വിവിധ സമയത്തുള്ള നിയമസഭാ സമ്മേളനങ്ങളിൽ അത്തരം കാര്യങ്ങൾ പറഞ്ഞതാണ്. ക്യാൻസർ കെയർ ഗ്രിഡും ക്യാൻസർ ഡിറ്റക്ഷനും ക്യാൻസർ ഇല്ലാതാക്കുന്നതിനുള്ള പുതിയ പദ്ധതികളുമെല്ലാം ഇതിന്റെ ഭാഗമായി വരികയും ഇത് നാട്ടിൻപുറങ്ങളിൽ നടപ്പാക്കാൻ തുടങ്ങിയിരിക്കുകയുമാണ്. ആരോഗ്യവകുപ്പിന്റെ ഭാഗമായിട്ടാണ് ഫുഡ് സേഫ്റ്റി വിഭാഗം പ്രവർത്തിക്കുന്നത്. എന്നാൽ, എപ്പോഴെങ്കിലുമൊരു പരിപാടി നടത്തി പ്രവർത്തനം അവസാനിപ്പിക്കുന്നതല്ലാതെ നിരന്തരമായ പ്രവർത്തനത്തിലേയ്ക്ക് പോകാൻ ആ ഡിപ്പാർട്ടുമെന്റിന് കഴിഞ്ഞിരുന്നില്ല. വളരെ സജീവമായുള്ള

പ്രവർത്തനമാണ് ഇപ്പോൾ ഫുഡ് സേഫ്റ്റി ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, ഫോർമാലിൻ കലർന്ന മത്സ്യം വരുന്നുവെന്ന വാർത്ത പത്രത്തിൽ കണ്ടയുടൻതന്നെ ഫുഡ് സേഫ്റ്റി വിഭാഗവും ആരോഗ്യവകുപ്പും ഉണർന്ന് പ്രവർത്തിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ലഭ്യമാകുന്ന മത്സ്യങ്ങളിൽ ഫോർമാലിൻ, അമോണിയ, സോഡിയം ബെൻസോയേറ്റ് തുടങ്ങിയ പ്രിസർവേറ്റീവ്സ് ചേർക്കുന്നു എന്ന വാർത്തയെ തുടർന്ന് ആരോഗ്യവകുപ്പിന്റെ നിർദ്ദേശപ്രകാരം മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെയും Central Institute of Fisheries Technology (CIFT), Central Marine Fisheries Research Institute (CMFRI) എന്നിവയുടെയും ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരുടെയും ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥരുടെയും യോഗം ഭക്ഷ്യസുരക്ഷാ കമ്മീഷണർ വിളിച്ചു ചേർക്കുകയുണ്ടായി. അതിനുശേഷം മായമില്ലാത്ത മത്സ്യം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 2016 ഡിസംബർ 22-ന് "ഓപ്പറേഷൻ സാഗർ റാണി" എന്ന ഒരു പ്രത്യേക നടപടി ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രഖ്യാപിച്ചത്. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ എല്ലാ മത്സ്യവിപണന കേന്ദ്രങ്ങളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിലും സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജീസിന്റെ കൊച്ചിയിലെ ലാബിലും പരിശോധനയ്ക്ക് അയയ്ക്കുകയും CIFT പരിശോധിച്ച 55 സാമ്പിളുകളിൽ അഞ്ച് എണ്ണത്തിൽ സോഡിയം ബെൻസോയേറ്റിന്റെ സാന്നിദ്ധ്യവും ഭക്ഷ്യ സുരക്ഷാ ലാബിൽ പരിശോധിച്ച 152 സാമ്പിളുകളിൽ 21 എണ്ണത്തിൽ ഫോർമാലിന്റെ സാന്നിദ്ധ്യവും 2016-ൽ കണ്ടെത്തുകയുമുണ്ടായി. ഈ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ മത്സ്യബന്ധന മേഖലകളിലും മത്സ്യ മൊത്തവിപണന മേഖലകളിലും മത്സ്യ മാർക്കറ്റുകളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിക്കുകയും പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതത്ര എളുപ്പമുള്ള കാര്യമല്ല, മത്സ്യ വിപണന മേഖലയിലെല്ലാം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധിക്കുമ്പോൾ ഇതിന്റെ കാര്യം പൂർണ്ണമായും മനസ്സിലാകാതെ, അവരുടെ മത്സ്യവിപണനം നിന്നുപോകും എന്ന ഉത്കണ്ഠയിൽ വലിയ പ്രതിഷേധമുണ്ടായിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾതന്നെ പരിശോധനാ ഉദ്യോഗസ്ഥർക്കെതിരെ ശക്തമായി പ്രതിഷേധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഓപ്പറേഷൻസ് മൂന്ന് ഘട്ടങ്ങളിലായി നടത്തണം.

ബഹുമാനപ്പെട്ട മെമ്പർ വിഷയത്തെപ്പറ്റി ചോദിച്ചശേഷം സംസാരിച്ചാൽ ഉത്തരം ഞാൻ ആരോടാണ് പറയുന്നത്? ടീച്ചറോട് ചോദ്യം ചോദിക്കുകയും ഉത്തരം പറയുമ്പോൾ അവർ വർത്തമാനം പറഞ്ഞിരിക്കുകയും ചെയ്യുക.

മി. സ്പീക്കർ: അദ്ദേഹം ഇയർഫോൺ വച്ചിട്ടുണ്ട്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സഭയ്ക്കാകെ വേണ്ടിയാണ് ഞാൻ പറയുന്നത്. എന്നാലും ബഹുമാനപ്പെട്ട അംഗംകൂടി കേൾക്കണ്ടെ?

ബോധവത്കരണം നടത്തുക, സാമ്പിളുകൾ പിടിച്ചെടുത്ത് പരിശോധിക്കുക, രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന ഇടനിലക്കാരടക്കമുള്ളവരെ കണ്ടെത്തുക, പുറത്തുനിന്നുവരുന്ന സാമ്പിളുകൾ ചെക്ക്പോസ്റ്റുകളിൽ പരിശോധന നടത്തുക എന്നിവയാണ് ഓപ്പറേഷൻ സാഗർ റാണിയുടെ പ്രധാനപ്പെട്ട മൂന്ന് വശങ്ങൾ. ഇതെല്ലാം ഇപ്പോഴും നടത്തുന്നുണ്ട്. ബോധവത്കരണം നടത്തുന്നതിന്റെ ഭാഗമായി ആളുകളുടെ ഇടയിൽനിന്നുതന്നെ പ്രതികരണം ഉണ്ടാകാൻ തുടങ്ങിയിട്ടുണ്ട്. മത്സ്യം വാങ്ങുമ്പോൾത്തന്നെ ചീഞ്ഞതാണ് അല്ലെങ്കിൽ അതിൽ ഫോർമാലിൻ ഉണ്ടെന്ന് തോന്നുകയോ ചെയ്താൽ ഉടൻതന്നെ ഭക്ഷ്യസുരക്ഷാ വിഭാഗത്തെ അറിയിക്കുന്ന തരത്തിലുള്ള നല്ല ഒരു മാറ്റം ബോധവത്കരണത്തിന്റെ ഭാഗമായി ഉണ്ടായതാണ്. ഇത്രയുംകാലം നമ്മളും ഇതുവാങ്ങി കഴിക്കുകയായിരുന്നല്ലോ. നമുക്കും നല്ല അവയർനെസ്സ് ഉണ്ടായിട്ടുണ്ട്. അത് ഇനിയും തുടരും.

ഇതര സംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്ന മത്സ്യം ചെക്ക് പോസ്റ്റുകൾ, മത്സ്യ ലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വിൽപ്പന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥിരമായി ഇപ്പോഴും പരിശോധന നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനയിൽ രാസവസ്തുക്കൾ കലർന്നതോ കേടായതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്കുതന്നെ തിരിച്ചയച്ച് നശിപ്പിക്കുകയാണ്. അത് നശിപ്പിക്കുന്നുണ്ടോയെന്നും തിരിച്ച് ഇങ്ങോട്ട് അയയ്ക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനുംവേണ്ടി തിരിച്ചയയ്ക്കുന്ന മത്സ്യ ലോഡിനൊപ്പം നമ്മുടെ ഒരു ഫുഡ് സേഫ്റ്റി ഓഫീസറും പോകുന്നുണ്ട്. ഫിഷറീസ് വകുപ്പുമായി സഹകരിച്ച് സംയുക്ത പരിശോധനയും നടത്തുന്നുണ്ട്. അങ്ങനെ 388 പരിശോധനകൾ നടത്തി 300 സാമ്പിളുകൾ ശേഖരിച്ച് കൂടുതൽ പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഫോർമാലിന്റെ അളവ് എത്രയെന്ന് കണ്ടുപിടിക്കുന്നതിന് ഹൈ പെർഫോമൻസ് ലിക്വിഡ് ക്രൊമാറ്റോഗ്രാഫി (HPLC) എന്ന ഉപകരണം ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മൂന്ന് ലാബുകളിലും ഇപ്പോൾ സന്നിവേശിപ്പിച്ചിട്ടുണ്ട്. അസോസിയേഷൻ ഓഫ് ഒഫിഷ്യൽ അനലിറ്റിക്കൽ കെമിസ്റ്റ്സ് മെത്തേഡ് പ്രകാരം പ്രവർത്തിക്കുന്ന ലബോറട്ടറിയിൽ പരിശോധനയ്ക്ക്

കാലതാമസം നേരിടുന്നതിനാൽ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (FSSAI) അംഗീകാരമുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി എന്ന സ്ഥാപനവുമായി ബന്ധപ്പെട്ടും പ്രവർത്തിക്കുകയാണ്. CIFT-നോട് ഭക്ഷ്യ സുരക്ഷാ വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ചാണ് മത്സ്യത്തിലെ മാലിന്യം കണ്ടെത്താനുള്ള ഒരുപകരണം വികസിപ്പിച്ചെടുത്തത്. അതിന്റെ ഭാഗമായി CIFT ഒരു സ്ട്രിപ്പ് വികസിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ അത് ഉത്പാദിപ്പിക്കുന്നില്ലെന്ന് പറഞ്ഞത് തെറ്റാണ്. സ്ട്രിപ്പ് ഉരസുമ്പോഴുണ്ടാകുന്ന നിറംമാറ്റത്തിന്റെ അടിസ്ഥാനത്തിൽ ഫോർമാലിന്റെ അംശം കണ്ടെത്താനാകും. ആദ്യമായാണ് ഇത്തരമൊരു സ്ട്രിപ്പ് കേരളത്തിൽ നിർമ്മിക്കുന്നത്. അതടങ്ങിയ കിറ്റ് എല്ലായിടത്തും വിതരണം ചെയ്യുന്നുണ്ട്. 25 ദിവസമേ സ്ട്രിപ്പിന് ഉപയോഗ കാലാവധിയുള്ളൂ. അതുകൊണ്ട് തുടർന്നും ഉത്പാദിപ്പിച്ചുകൊണ്ടിരിക്കണം. അത് കേരളത്തിൽ ഉത്പാദിപ്പിക്കുന്നുണ്ട്, അതുപയോഗിച്ചാണ് പരിശോധിക്കുന്നത്. അതിനായി ഈ മേഖലയിലുള്ളവർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുന്നുണ്ട്. ഓപ്പറേഷൻ സാഗർ റാണിയുമായി ബന്ധപ്പെട്ട് 1,320 സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പും 1,432 സാമ്പിളുകൾ CIFT-ഉം പരിശോധിച്ചിട്ടുണ്ട്. അതിൽ അപകടകാരിയായി കണ്ടെത്തിയിട്ടുള്ള സാമ്പിളുകളുടെ ഉടമസ്ഥർക്കെതിരെ കേസെടുക്കുകയും ചെയ്തിട്ടുണ്ട്. 984 കിലോഗ്രാം മത്സ്യം നശിപ്പിക്കുകയും 96,000 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്, കേസും നിലനിൽക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശക്തിപ്പെടുത്താൻ 95 ഫുഡ് സേഫ്റ്റി ഓഫീസർമാരെ പി.എസ്.സി. മുഖേന നിയമിച്ചു. 114 പേർക്ക് ട്രെയിനിംഗ് നൽകി നിയോജകമണ്ഡലാടിസ്ഥാനത്തിലും വിന്യസിച്ചിട്ടുണ്ട്. നമ്മുടെ മൂന്ന് ലാബുകൾക്കും NABL അക്രഡിറ്റേഷൻ കിട്ടി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ് 3 ലാബുകളും സ്ഥാപിച്ചത്. മലബാറിൽ ഒരു ലാബുകൂടി സ്ഥാപിക്കാനുള്ള പരിശ്രമത്തിലാണ്. ഇങ്ങനെ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തുന്നു. നമുക്ക് ഓപ്പറേഷൻ സാഗർ റാണി കൂടുതൽ ശക്തമാക്കാം. അത് കൂടുതൽ ശക്തമാക്കുമെന്ന് ഉത്തരമായി സഭയിൽ പറയുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ആദ്യം ഒരുകാര്യം വ്യക്തമാക്കുകയാണ്, ഞാൻ വളരെ ശ്രദ്ധാപൂർവ്വം ഇരിക്കുകയായിരുന്നു. നമ്മുടെ ചുറ്റുവട്ടത്തുള്ള കാര്യങ്ങൾ നമുക്ക് നിയന്ത്രിക്കാൻ കഴിയില്ലല്ലോ.

മി. സ്പീക്കർ: അങ്ങേയ്ക്ക് ഇയർഫോൺ ഉണ്ടായിരുന്നുവെന്ന് ഞാൻ പറഞ്ഞു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കുറേ കേസുകളെടുത്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ വിഷയത്തിൽ കേസുകളെടുക്കാനും പ്രതികളെ കണ്ടെത്താനും ശിക്ഷ നൽകാനുമുള്ള സ്ഥിരം സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ; പേപ്പർ സ്ലിപ്പിന്റെ കാലാവധി ഒരുമാസമേയുള്ളൂവെന്ന് അങ്ങ് പറഞ്ഞു. അത് മാസത്തിലൊരിക്കൽ കൃത്യമായി വിതരണം ചെയ്യാനും അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്താനുമുള്ള ഒരു മെക്കാനിസം രൂപപ്പെടുത്തുമോ; ആഴ്ചയിലൊരിക്കൽ പ്രധാന മാർക്കറ്റുകളിൽ ഫുഡ് സേഫ്റ്റി വിഭാഗം പരിശോധന നടത്തുന്നതിന് നിർദ്ദേശം കൊടുക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പേപ്പർ സ്ലിപ്പ് കൂടുതൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാം. അതുപോലെതന്നെ പരിശോധനയും കൂടുതൽ ഊർജ്ജിതമാക്കാം.

## IV സബ്മിഷൻ

### (1) കിഫ്ബിയിലെ സി.& എ.ജി. ഓഡിറ്റ്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ ഇന്നലെ ഉന്നയിക്കാൻ ആഗ്രഹിച്ച വിഷയമായിരുന്ന കിഫ്ബിയുടെ ഓഡിറ്റുമായി ബന്ധപ്പെട്ടത്. ഇന്നലെ അത് ഉന്നയിക്കാൻ കഴിഞ്ഞില്ല. അതിനുശേഷമാണ് പുതിയ ഒരു വിവരം പുറത്തുവന്നിട്ടുള്ളത്. സി. ആൻഡ് എ.ജി. വീണ്ടുമൊരു കത്ത് ചീഫ് സെക്രട്ടറിക്ക് അയച്ചിരിക്കുകയാണ്. ഇന്നലെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചപ്പോൾ ഞങ്ങൾക്ക് ഇതൊന്നും അറിയില്ല, ഞങ്ങൾ ആളുകളെ തെറ്റിദ്ധരിപ്പിക്കുകയാണ്, പുകമറ ഉണ്ടാക്കുകയാണ് എന്നൊക്കെ പറഞ്ഞു. അതിനുശേഷമാണ് സി. ആൻഡ് എ. ജി.-യുടെ കത്ത് പുറത്തു വന്നിട്ടുള്ളത്. അങ്ങുതന്നെ ഈ ചെയറിൽ ഇരുന്നുകൊണ്ട് ഒരു കാര്യം പറഞ്ഞത് ഞാനിവിടെ ഓർക്കുകയാണ്. ശ്രീ. എം. ഉമ്മറിന്റെ സബ്മിഷന് മറുപടിയായി അങ്ങ് പറഞ്ഞത്, കിഫ്ബിയിലൂടെ ചെലവഴിക്കുന്ന പണം എങ്ങനെ വിനിയോഗിക്കുന്നുവെന്നുള്ളത് പരിശോധിക്കാൻ നിയമസഭാ കമ്മിറ്റികൾക്ക് ഇപ്പോൾ അധികാരമില്ല എന്നാണ്. ക്യാബിനറ്റിന് അധികാരമില്ല, നിയമസഭയ്ക്ക് അധികാരമില്ല, നിയമസഭാ സമിതികൾക്ക് അധികാരമില്ല, ഇപ്പോൾ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് ഓഡിറ്റും വേണ്ട എന്നാണ്. ഇങ്ങനെയൊരു സംവിധാനം പാർലമെന്ററി ജനാധിപത്യത്തിൽ ഏതെങ്കിലുമൊരു സംസ്ഥാനത്തോ രാജ്യത്തോ ഇതിനുമുമ്പോ പിൻപോ ഉണ്ടായിട്ടുണ്ടോ? കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് ഒരു രൂപയെങ്കിലും ചെലവഴിക്കുകയാണെങ്കിൽ അത് ഓഡിറ്റിന് വിധേയമാകണം. നിയമസഭാ

സമിതികളായ പി.എ.സി., പി.യു.സി. എന്നിവയുടെ സ്കൂട്ടിണിക്ക് വിധേയമാകുന്നതാണ് സഭാനടപടി ചട്ടങ്ങളുടെ പ്രത്യേകത. ഇവിടെ കിഫ്ബിയിലൂടെ ചെലവഴിക്കുന്ന പണം, പദ്ധതി എന്നിവ തീരുമാനിക്കുന്നത് കിഫ്ബിയാണ്. ക്യാബിനറ്റിലോ നിയമസഭയിലോ വരുന്നില്ല. നിയമസഭാ സമിതികൾ ചർച്ച ചെയ്യുന്നുമില്ല. അതുകൊണ്ട് യാതൊരു അക്കൗണ്ട ബിലിറ്റിയുമില്ലാതെ നിയമസഭയോടോ അതോടൊപ്പംതന്നെ ആഡിറ്റർ ജനറലിനോടോ ആരോടും ഉത്തരവാദിത്തമില്ലാതെ സർവ്വസ്വതന്ത്രമായ ഒരു സ്ഥാപനത്തിന് ഭരണഘടനാപരമായി പ്രവർത്തിക്കാൻ കഴിയുമോ; ഇതൊരു പ്രധാനപ്പെട്ട ചോദ്യമല്ലേ? ഞങ്ങൾ ഒരു പുകമറയും ഉണ്ടാക്കാൻ ശ്രമിക്കുന്നില്ല. വികസനം വേണ്ടെന്നും ഞങ്ങൾ പറയുന്നില്ല. പക്ഷെ, ഗവൺമെന്റിന്റെ പേരിൽ ഒരു സോവറിൻ ഗ്യാരണ്ടി നൽകുന്നതുകൊണ്ടാണ് ആളുകൾ മസാല ബോണ്ട് വാങ്ങുന്നതും ലോൺ കിട്ടുന്നതും. കിട്ടുന്ന പണം എങ്ങനെ വിനിയോഗിക്കുന്നുവെന്നത് സഭയും ജനങ്ങളും സമൂഹവും അറിയണം. അത് പ്രാഥമികമായ ഡെമോക്രാറ്റിക് പ്രാക്ടീസിന്റെ ഭാഗമാണ്. ഇവിടെ എന്താണ് സംഭവിച്ചിരിക്കുന്നത്; 14(1) അനുസരിച്ചുള്ള ഓഡിറ്റാകാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നു. 14(1)-ന്റെ പ്രത്യേകത എന്താണ്; എന്റെ കയ്യിൽ സി. ആൻഡ് എ. ജി. ഡി.പി.സി. ആക്ടിന്റെ പ്രസക്തമായ ഭാഗമുണ്ട്. ഞാനത് വായിക്കുന്നില്ല. ഒരു വർഷം ചെലവാക്കുന്ന തുകയുടെ 75 ശതമാനം സർക്കാർ ഇൻവെസ്റ്റ്മെന്റ് ഇല്ലായെങ്കിൽ ഓഡിറ്റിന്റെ പെർവ്യൂവിൽനിന്ന് കിഫ്ബി പുറത്തുപോകും. ഇതാണ് ഡോ. ടി. എം. തോമസ് ഐസക് ഇതുവരെ പറയാതെ മറച്ചുവച്ച കാര്യം. കിഫ്ബി ഇത്തവണ 2,000 കോടി രൂപയാണ് ചെലവഴിച്ചതെങ്കിൽ അടുത്ത തവണ 3,000 കോടി രൂപ വരും. അതിന്റെ 75 ശതമാനം സർക്കാർ ഇൻവെസ്റ്റ്മെന്റ് ഇല്ലെങ്കിൽ സി. ആൻഡ് എ. ജി.-യുടെ ഓഡിറ്റിന്റെ പരിധിയിൽനിന്ന് കിഫ്ബി പുറത്തുപോകുകയാണ്. 1700 കോടി രൂപയാണ് സർക്കാരിന്റെ പണം ഇപ്പോഴുള്ളത്. അതിന്റെ അർത്ഥമെന്താണ്; 14(1) അനുസരിച്ചാണെങ്കിൽ കിഫ്ബി എ. ജി.-യുടെ ഓഡിറ്റിൽനിന്ന് പുറത്തുപോകുന്നു. 14(1) അനുസരിച്ച് ഓഡിറ്റ് ചെയ്താൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകേണ്ടതില്ല. അതേസമയം 20(2) അനുസരിച്ചാണെങ്കിൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകണം. ഒരു ഇൻവെസ്റ്റർ വരുമ്പോൾ ആദ്യം അയാൾ നോക്കുന്നത് ഓഡിറ്റ് സർട്ടിഫിക്കറ്റാണ്. അപ്പോൾ ആ സ്ഥാപനത്തിന് ക്രെഡിബിലിറ്റി ഉണ്ടാകുന്നു. ഞങ്ങൾ നിങ്ങളെ സഹായിക്കുന്നതിനുംകൂടിയാണ് പറയുന്നത്, ഒരു ഇൻവെസ്റ്റർ വരുമ്പോൾ അതിന്റെ ക്രെഡിബിലിറ്റി പരിശോധിക്കുന്നതിനുവേണ്ടി ഓഡിറ്റ് സർട്ടിഫിക്കറ്റ് കൂടിയുണ്ടെങ്കിൽ അത് കിഫ്ബിക്ക് ഗുണകരമായി മാറുന്ന ഒന്നാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. എന്തുകൊണ്ട് ഇത് ഓഡിറ്റിന് വിധേയമാകുന്നില്ല

എന്നുള്ളതാണ് ഞങ്ങളുടെ ചോദ്യം. നിങ്ങൾ പറയുന്ന 14(1) പ്രകാരം കിഫ്ബി ഓഡിറ്റിൽനിന്ന് പുറത്തുപോകുന്ന കാര്യമാണ് ഞാൻ പറഞ്ഞത്. 20(2) അനുസരിച്ചുള്ള ഓഡിറ്റിന് നാലുതവണയായി ഭരണഘടനാ സ്ഥാപനമായ എ.ജി. ആവശ്യപ്പെട്ടിട്ടും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി എന്തുകൊണ്ടാണ് ഇത് സമ്മതിക്കാത്തത്; അതിന്റെ അർത്ഥം അങ്ങേയ്ക്ക് എന്തോ മറച്ചുവയ്ക്കാനുണ്ട് എന്നതല്ലേ? ഇതിൽ നടക്കുന്ന അഴിമതിയും സ്വജനപക്ഷപാതവും എ.ജി. കണ്ടുപിടിച്ച് അത് ഓഡിറ്റ് ഖണ്ഡികയായി നമ്മുടെ മുമ്പിൽ വരുമെന്നതുകൊണ്ടല്ലേ അങ്ങ് ഇതിനെ എതിർക്കുന്നത്; അല്ലെങ്കിൽ എന്തു കാരണം കൊണ്ടാണ് ഇതിനെ എതിർക്കുന്നത്? ഏത് ഓഡിറ്റിനും ഞങ്ങൾ തയ്യാറാണെന്ന് അങ്ങേയ്ക്ക് സ്വതന്ത്രമായി പറയാമല്ലോ; 14(1) അനുസരിച്ചോ 20(2) അനുസരിച്ചോ ആയിക്കോട്ടെ എന്നുപറയാതെ അങ്ങ് സൗകര്യപൂർവ്വം പലതും മറച്ചുവയ്ക്കാൻ ശ്രമിക്കുകയാണ്. കിഫ്ബിയിൽ നടക്കുന്ന അനധികൃത നിയമനങ്ങൾ ആര് നടത്തുന്നു, എങ്ങനെ നടത്തുന്നു, പുറംവാതിൽ നിയമനങ്ങൾ, വലിയ തോതിൽ ശമ്പളം നൽകുന്ന നടപടികൾ ഉൾപ്പെടെയുള്ള ധാരാളം ക്രമക്കേടുകൾ അവിടെ നടക്കുന്നു. ഇതു സംബന്ധിച്ചുള്ള വസ്തുതകൾ പുറത്തുവരുമെന്നുള്ള ഭയം കൊണ്ടല്ലേ 20(2) അനുസരിച്ചുള്ള.... A.G. is asking repeatedly for audit on section 20(2). I don't understand why the Finance Minister is hesitating to accept his demand and do the proper audit in this case. എന്തുകൊണ്ടാണ് സമ്മതിക്കാത്തത്? അതിൽനിന്ന് വളരെ വ്യക്തമാണ്, നമ്മുടെ നാട്ടിൽ കിഫ്ബിയിലൂടെ നടക്കുന്ന അഴിമതികളും ക്രമക്കേടുകളും മൂടിവയ്ക്കാൻ ഡോ. ടി. എം. തോമസ് ഐസക് ശ്രമിക്കുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇന്നത്തെ ഈ സബ്മിഷന്റെയും അതിനോടുള്ള എന്റെ പ്രതികരണത്തിന്റെയും അടിസ്ഥാനത്തിൽ ഏതാണ്ട് ഒരു മാസത്തിലേറെയായി നടക്കുന്ന ഈ ഓഡിറ്റ് വിവാദത്തിന് വിരാമമിടാൻ സാധിക്കുമെന്നാണ് കരുതുന്നത്. തീരുമാനമെടുക്കേണ്ടത് അങ്ങ് തന്നെയാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ 24-10-2019-ന് എ.ജി. അയച്ച കത്ത് 25-ാം തീയതി ചീഫ് സെക്രട്ടറിക്ക് കിട്ടി. അത് ധനകാര്യ (എക്സ്പെൻഡിച്ചർ) വിഭാഗത്തിന് മാർക്ക് ചെയ്ത് ഇന്നുരാവിലെ ആ ഫയൽ എന്റെയടുത്ത് വന്നു. ആ കത്ത് വായിച്ചതോടുകൂടി ഒരുപാട് സമാശ്വാസമുണ്ടായിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ സി.ആൻഡ് എ.ജി. ആദ്യം ആവശ്യപ്പെട്ടത് 20(2) പ്രകാരം ഓഡിറ്റ് നടത്തുന്നതിന് അനുവാദം തരണമെന്നാണ്. എന്നാൽ 14(1) ആണ് പ്രസക്തമായിട്ടുള്ളതെന്നും അതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നടത്തണമെന്നും

അത് എപ്പോൾ വേണമെങ്കിലും നടത്താമെന്നും കിഫ്ബിയിൽനിന്ന് മറുപടി നൽകി. നിങ്ങൾ പറഞ്ഞതുപോലെ അവർ അയച്ച രണ്ടാമത്തെ കത്തിൽ, 14(1) സമഗ്രമല്ലെന്നും സർക്കാർ നൽകുന്ന രസീതുകളും അതിൽനിന്നുള്ള എക്സ്പെൻഡിച്ചറുമാണ് പരിശോധനയ്ക്ക് വിധേയമാക്കാൻ സാധിക്കുന്നതെന്നുമാണ് പറഞ്ഞിരിക്കുന്നത്. ഇതിന്റെയൊക്കെ പശ്ചാത്തലത്തിലാണ് വളരെ ദീർഘമായിട്ടുള്ള വിശദീകരണം കിഫ്ബി സി.ഇ.ഒ. കഴിഞ്ഞ മാസം ആദ്യം നൽകിയത്. ആ വിശദീകരണത്തിൽ 14(1) ലെ സി.ആൻഡ് എ.ജി.-യുടെ അവകാശം absolute ആണ്. അത് ഫിനാൻഷ്യൽ അക്കൗണ്ട്സ് പരിശോധന മാത്രമല്ല, അതിന് ഒരു പരിധിയില്ല. അതാണ് സമഗ്രം. സി.ആൻഡ് എ.ജി.-യുടെ റിപ്പോർട്ട് ഇവിടെ വരുമ്പോൾ അതിന്റെ മോട്ടീവ്സ്, പ്രൊസീഡ്യുവറൊക്കെ ചർച്ച ചെയ്യുന്നതുപോലെ ഇത് പരിശോധിക്കാം. അങ്ങനെ എത്ര വേണമെങ്കിലും പരിശോധിച്ചോളൂ. എല്ലാ രേഖകളും ലഭ്യമാക്കും. 20(2) എന്നു പറയുന്നത്, ഇത്തരത്തിൽ 14(1) പ്രകാരം ഓഡിറ്റിന് വിധേയമല്ലാത്ത സ്ഥാപനങ്ങൾക്ക് ഓഡിറ്റ് ചെയ്യാനുള്ള അനുവാദം നൽകുന്നത് സംബന്ധിച്ചാണ്. 14(1) പ്രകാരം കിഫ്ബി സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് വിധേയമാക്കുമെന്നാണ് പറഞ്ഞിട്ടുള്ളത് - shall പരിശോധിക്കുമെന്നാണ് നിയമത്തിൽ പറയുന്നത്. All receipts and expenditures – സമഗ്രമെന്നുള്ളതാണ്. അതുകൊണ്ട് 20(2) പ്രസക്തമല്ല എന്നുപറഞ്ഞ് വളരെ വിശദമായുള്ള മറുപടി നൽകി. ഇപ്പോൾ സി.ആൻഡ് എ.ജി. പറഞ്ഞിരിക്കുന്നത് ഈ കത്തിൽത്തന്നെ അഡ്മിറ്റ് ചെയ്തിട്ടുള്ള ഒരു കാര്യമാണ്. 14(1)-ൽ സബ്സ്റ്റാൻഷ്യൽ സഹായത്തെ നിർണ്ണയിച്ചിട്ടുണ്ട്. അതിൽ ഒരു സബ്ക്ലോസ് കൂടിയുണ്ട്; 25 ലക്ഷത്തിൽ കൂടുതൽ, അത് മൊത്തം ചെലവിന്റെ 75 ശതമാനത്തിൽ കൂടുതലായിരിക്കണം. 75 ശതമാനത്തിൽ കൂടുതലായാൽ എന്തുസംഭവിക്കും? അതിനും വകുപ്പ് 14-ൽ പറഞ്ഞിട്ടുണ്ട്- C.&A.G. notwithstanding anything said above. സി. ആൻഡ് എ.ജി.-ക്ക് സർക്കാരിന്റെ അനുവാദത്തോടുകൂടി 14(1) പ്രകാരമുള്ള ഓഡിറ്റ് തുടരാം. The undertaking and giving in the Assembly, the position above all is adopted. അപ്പോൾ 14(1) പ്രകാരമുള്ള സമഗ്രമായിട്ടുള്ള ഓഡിറ്റ് തുടരണം. പരിധിയായ 75 ശതമാനത്തിന് പുറത്തുപോയാൽപ്പോലും സി.ആൻഡ് എ.ജി. യുടെ സമഗ്ര പരിശോധന കിഫ്ബിയിൽ തുടരണമെന്നുള്ളത് തന്നെയാണ് ഗവൺമെന്റിന്റെ പൊസിഷൻ. ആ കത്തിനുള്ള മറുപടിയായി സി. ആൻഡ് എ.ജി. യെ ഇത് ഔപചാരികമായിത്തന്നെ അറിയിക്കുകയും ചെയ്യും. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റെന്ന് കേട്ടാൽ അതാണ് സമഗ്രമെന്നാണ് നമ്മുടെ മാധ്യമ സുഹൃത്തുക്കളുടെ ചിന്ത. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സമഗ്രമല്ല. 14(1) ആണ് സമഗ്രം. അതിൽ ആർക്കെങ്കിലും

സംശയമുണ്ടെങ്കിൽ ഡയറി ബോർഡ്സ് ഓഫ് ഇന്ത്യയും സി.ആൻഡ് എ.ജി. യും തമ്മിൽ ഡൽഹി ഹൈക്കോടതിയിൽ നടന്ന പ്രമാദമായ കേസിന്റെ തീർപ്പ് വായിക്കാം. 20(2) പ്രകാരം സ്റ്റാറ്റ്യൂട്ടറി ഫിനാൻഷ്യൽ ഓഡിറ്റ് ചെയ്യാനുള്ള അവകാശമാണ്. 14(1) നൽകുന്നത് ഫിനാൻഷ്യൽ പരിശോധന മാത്രമല്ല, നേരത്തെ പറഞ്ഞതുപോലെ 14(1) ആണ് സമഗ്രമായിട്ടുള്ള പരിശോധന. ഏതെങ്കിലും കാരണവശാൽ അത് 14(1) ന്റെ പരിധിക്ക് പുറത്തുപോയാൽ, അങ്ങ് പറഞ്ഞതുപോലെ സി. ആൻഡ് എ.ജി. ഓഡിറ്റ് തുടരുക തന്നെ വേണമെന്ന കാര്യത്തിൽ സർക്കാരിന് യാതൊരു സംശയവുമില്ല,

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഡി.പി.സി. ആക്ടിനെ മിസ്ഇന്റർപ്രെട്ട് ചെയ്യുകയാണ്. 14(1) സാധിക്കാത്ത സ്ഥലങ്ങളിലാണ് 20(2) ഉപയോഗിക്കുന്നതെന്നാണ് അങ്ങ് പറഞ്ഞത്. അങ്ങനെയാണെങ്കിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 14(1) ഉം 20(2)ഉം ഓഡിറ്റ് ചെയ്യുന്നതിനുവേണ്ടി ഉപയോഗിക്കുന്നുണ്ട്. സി. ആൻഡ് എ.ജി. പറഞ്ഞത്, 14(1) പ്രകാരം കിഫ്ബിയുടെ സ്ട്രക്ചർ പരിശോധിച്ച് ഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻ നോക്കി ഓരോ വർഷത്തെയും എക്സ്പെൻഡിച്ചർ നോക്കിയപ്പോൾ 20(2) ആണ് അഭികാമ്യമെന്നാണ്. ആ തീരുമാനമെടുക്കേണ്ടത് സി. ആൻഡ് എ.ജി. യാണ്. കാരണം അവരാണ് ഓഡിറ്റ് ചെയ്യുന്നത്. അതുകൊണ്ട് 20(2) അനുസരിച്ച് എൻട്രസ്റ്റ് ചെയ്യാൻ അവർ പറഞ്ഞു. അങ്ങ് കരുതുന്നത് 20(2) എന്നത് 'a snake in the grass' എന്നാണ്. അതായത് പുല്ലിന്റെ ഇടയിൽ ഏതോ സർപ്പം ഒളിഞ്ഞിരിക്കുന്നുണ്ടെന്നാണ്. അങ്ങ് ഭയപ്പെടുന്ന 20(2) യിലെ സർപ്പമേതാണെന്ന് അങ്ങ് വ്യക്തമാക്കാമോ; എന്തുകൊണ്ടാണ് അങ്ങ് 20(2) നെ ഭയപ്പെടുന്നത്? അവിടെയാണ് ക്ലാരിഫിക്കേഷൻ വേണ്ടത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ അവസാനത്തെ കത്തിൽ പറഞ്ഞിരിക്കുന്ന ഏക പോയിന്റ് ശ്രീ. വി. ഡി. സതീശൻ പറഞ്ഞതൊന്നുമല്ല. ഏക പോയിന്റ് അങ്ങ് പറഞ്ഞതുപോലെ ഒന്നോ രണ്ടോ വർഷം കഴിഞ്ഞ് ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകൃതമാകുമ്പോൾ സെക്ഷൻ 14-ൽ നിർവ്വചിച്ചിട്ടുള്ള പരിധിക്ക് പുറത്തുപോകും, അതുകൊണ്ട് 20(2) എന്നാണ്. ഞാൻ പറഞ്ഞത്, സർക്കാർ സി. ആൻഡ് എ.ജി. ക്ക് കൊടുക്കാൻ പോകുന്ന വിശദീകരണത്തെക്കുറിച്ചാണ്. ആ വിശദീകരണത്തിൽ പറയാൻ പോകുന്നത്......,

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ചോദിച്ച ചോദ്യത്തിനല്ല അങ്ങ് മറുപടി പറയുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങേയ്ക്ക് വഴങ്ങിത്തന്നതല്ലേ. ഞാൻ മറുപടി പറയട്ടെ.......(ബഹളം).....No, I am on my feet. പറയാൻ പോകുന്നത് വകുപ്പ് 14 - ൽ പറഞ്ഞിട്ടുണ്ട് - notwithstanding anything said above. പരിധിക്ക് പുറത്തുപോയാലും സർക്കാരിന്റെ അനുവാദത്തോടുകൂടി സമഗ്രമായിട്ടുള്ള ഓഡിറ്റിംഗ് തുടരാം. അതിന് യാതൊരു വിരോധവുമില്ലെന്ന് സർക്കാർ ഈ സഭയിൽ അണ്ടർടേക്കിംഗ് കൊടുക്കുകയാണ്. ഓഡിറ്റ് വേണമെന്നുള്ളതാണ്. ഈ വിശദീകരണം കൃത്യമായി നൽകുന്നതോടുകൂടി ഈ വിവാദത്തിന് വിരാമമാകുമെന്നാണ് ഞാൻ കരുതുന്നത്. ഇല്ല എന്നുണ്ടെങ്കിൽ നിങ്ങൾ കയറി തീരുമാനിക്കല്ലേ, സി. ആൻഡ് എ.ജി. പറയട്ടെ, അപ്പോൾ നമുക്ക് നോക്കാം. അങ്ങ് ആമുഖമായി, ഖജനാവിന്റെ പണം നൽകി, ഗ്യാരന്റി നൽകി ഇത്രയേറെ ചെലവാക്കുന്നത് എവിടെയെങ്കിലും പരിശോധിക്കപ്പെടണ്ടേയെന്ന് ചോദിച്ചു. നമ്മൾ ഒരുമിച്ചല്ലേ ഇതിന്റെ നിയമം പാസ്സാക്കിയത്. കിഫ്ബിയിൽ എടുക്കുന്ന മുഴുവൻ പ്രോജക്ടുകളും ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞതല്ലാതെ വേറെ എന്തെങ്കിലും ഉണ്ടോ? മറ്റ് പ്രോജക്ടുകൾ വന്നുകഴിഞ്ഞാൽ ക്യാബിനറ്റിന്റെ അംഗീകാരമില്ലാതെ കിഫ്ബിക്ക് പോകുമോ? ഇതിന് പുറത്തുനിന്ന് ഒരു പ്രോജക്ടും എടുക്കാൻ കിഫ്ബിക്ക് അവകാശമില്ല. സാങ്കേതികമായിട്ടോ അല്ലെങ്കിൽ സോഷ്യൽ ഇംപാക്ടിന്റെ അടിസ്ഥാനത്തിലോ ചെയ്യാൻ പറ്റാത്ത കാര്യങ്ങൾ മാറ്റാൻ മാത്രമെ കിഫ്ബിക്ക് അധികാരമുള്ളൂ. ഇതാണ് പ്രോജക്ട് തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് പറയാനുള്ളത്. ഇതിന്റെ സ്റ്റാറ്റ്യൂട്ടറി ആക്ടിലുള്ള ഓഡിറ്റ് റിപ്പോർട്ട് ക്വാർട്ടർലി അടിസ്ഥാനത്തിൽ കിട്ടുന്നതാണ്. അതൊരു international peer review നടത്തിയതിനുശേഷം Fund Trust Advisory Commission പരിശോധിച്ച് അവരുടെ ഇതുസംബന്ധിച്ചുള്ള പ്രതികരണ മടക്കമാണ് നിയമസഭയിൽ വയ്ക്കുന്നത്. ആ റിപ്പോർട്ട് നിയമസഭയിൽ ചർച്ച ചെയ്യപ്പെടുന്നു. ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയത് എന്താണ്? ബഡ്ജറ്റ് പ്രസംഗത്തിലൊക്കെ ഉണ്ടെങ്കിലും കിഫ്ബിക്കുള്ള അലോക്കേഷൻ പ്രത്യേകമായ ഹെഡ്ഡിൽ വയ്ക്കാത്തതുമൂലം അത് ഇവിടെ ചർച്ച ചെയ്യുന്നതിന് തടസ്സമുണ്ടാകുന്നു, ശ്രദ്ധയിൽപ്പെടുന്നില്ലായെന്ന് ബഹുമാനപ്പെട്ട എം. ഉമ്മർ ഉന്നയിച്ചപ്പോൾ പ്രത്യേക ഹെഡ് വേണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ റൂൾ ചെയ്തത്, നിയമസഭയിലൊന്നും ചർച്ച ചെയ്യാതെ ഒളിച്ചുവച്ച് നടത്താൻ പറ്റുന്ന കാര്യമല്ലല്ലോ; എന്തിനാണ് അങ്ങനെ ഇന്റർപ്രെട്ട് ചെയ്യുന്നത്? ഈ നിയമസഭയിൽ ഏറ്റവുമധികം സമയം ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത് കിഫ്ബിയെ സംബന്ധിച്ചല്ലേ? 14 (1) പ്രകാരം സി.&എ.ജി. റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞാൽ മറ്റെല്ലാ സി.&എ.ജി. റിപ്പോർട്ടുംപോലെ അത് പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി പരിശോധിക്കും. ആ പരിശോധനയുടെ അടിസ്ഥാനത്തിൽ ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഉണ്ടാകും. അതെല്ലാം ചേർത്തുള്ള സമഗ്രമായ റിവ്യൂ റിപ്പോർട്ടാണ് നിയമസഭയിൽ വയ്ക്കുന്നത്. ഇത്രയുമൊക്കെ ഉണ്ടായിട്ടും അങ്ങേയ്ക്ക് ഇത് തോന്നിയതുപോലെ ചെലവാക്കുന്നതാണെന്ന് പറയാൻ പറ്റുന്നത് എങ്ങനെയാണ്?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, 14(1) അങ്ങ് അംഗീകരിക്കുകയാണെങ്കിൽ 20(2) അംഗീകരിക്കാത്തത് എന്തുകൊണ്ടാണ്? മാത്രവുമല്ല, 14 (1) അനുസരിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉണ്ടാവുകയില്ല. 20 (2) അനുസരിച്ചാണെങ്കിൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉണ്ടാകും. Any invester who is coming to invest in KIIFB will have a better say if there is an audit certificate. ഇതൊക്കെ അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. അങ്ങ് ആളുകളെ കബളിപ്പിക്കുവാൻ ശ്രമിക്കരുത്. 20 (2) എന്തുകൊണ്ട് അംഗീകരിക്കുന്നില്ലായെന്നുള്ളത് അങ്ങ് പറയണം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, രണ്ട് കാരണങ്ങൾ കൊണ്ടാണ്. സെക്ഷൻ 14(1) ബാധകമല്ലാത്ത കമ്പനികൾക്ക്/സ്ഥാപനങ്ങൾക്ക് വേണ്ടിയാണ് സെക്ഷൻ 20 (2) ഉള്ളത്. ആ നിയമം അങ്ങ് വായിച്ചാൽ കൃത്യമായി മനസ്സിലാകും. ഡൽഹി ഹൈക്കോടതി പറഞ്ഞതുപോലെ 20 (2) സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് വയ്ക്കുന്നതിനുവേണ്ടിയുള്ളതാണ്. ഈ നിയമസഭ പാസ്സാക്കിയ നിയമത്തിൽ ഇങ്ങനെയൊരു ധനകാര്യ സ്ഥാപനം ഫലപ്രദമായി പ്രവർത്തിക്കണമെങ്കിൽ അതിന്റെ കാലാകാലത്തുള്ള റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യുന്നതിന് പ്രൊസീഡ്യുവർ ഉണ്ടാക്കിയിട്ടുണ്ട്. ആ പ്രൊസീഡ്യുവർ പ്രകാരമാണ് വയ്ക്കുന്നത്. ആ പ്രൊസീഡ്യുവറൊന്നും എ.ജി.-യുടെ ഓഡിറ്റിന് വിരുദ്ധമല്ല. സമാന്തരമായി 14 (1) പ്രകാരം എത്ര ആഴത്തിൽ വേണമെങ്കിലും പരിശോധിക്കാൻ സർക്കാരിന് തടസ്സമില്ല. 14 (1)-ന്റെ പരിധിക്ക് പുറത്ത് കിഫ്ബി പോകുന്നതിന്റെ അപകടം ചിന്തിച്ച് ആരും വിഷമിക്കണ്ട. അങ്ങനെ വന്നാലും എ.ജി.-യുടെ ഓഡിറ്റ് തുടരുമെന്ന് സഭയിൽ ഞാൻ വ്യക്തമാക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ സബ്മിഷനിലൂടെ ഉന്നയിച്ച കാര്യങ്ങൾക്കല്ല മന്ത്രി മറുപടി പറഞ്ഞത്. അങ്ങ് പറഞ്ഞതുപോലെ ഇപ്പോഴും അവ്യക്തത നിലനിൽക്കുകയാണ്. ഇന്ത്യൻ പ്രസിഡന്റിനാൽ നിയോഗിക്കപ്പെടുന്ന അക്കൗണ്ടന്റ് ജനറൽ എന്ന ഭരണഘടനാ സ്ഥാപനം ആവശ്യപ്പെട്ടിട്ടും 20 (2) അനുസരിച്ചുള്ള ഓഡിറ്റിന് തയ്യാറാകാത്തതിൽ ദുരൂഹതയുണ്ട്. അതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. ഇക്കാര്യത്തിൽ പ്രതിപക്ഷം ഒറ്റക്കെട്ടായി വാക്കൗട്ട് ചെയ്യുകയാണ്.

(ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിക്കുകയും ചെയ്തു)

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(2) പ്രളയ നഷ്ടപരിഹാരം

ശ്രീ. സജി ചെറിയാൻ: സർ, പ്രളയാനന്തര കേരളത്തിന്റെ പുനരുജ്ജീവനത്തിനുവേണ്ടി ഒട്ടേറെ പ്രവർത്തനങ്ങൾ രാജ്യത്തിന് മാതൃകയായ നിലയിൽ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ ചെയ്തിരിക്കുകയാണ്. എന്നാൽ ഒരു കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഉദ്ദേശിക്കുന്നത്.

2018 ആഗസ്റ്റ് മാസത്തിൽ കേരളത്തിലുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട് ചെറുകിട കച്ചവട സ്ഥാപനങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും പ്രതിസന്ധിയു ണ്ടാവുകയുണ്ടായി. പലരും പലവിധ ബാങ്ക് വായ്പകളിലും വ്യക്തിപരമായ വായ്പകളിലും തുടങ്ങിയ സ്ഥാപനങ്ങളാണ് പ്രളയത്തിൽ തകർന്നത്. ഏകദേശം 15 കോടി രൂപയിലധികം നാശനഷ്ടങ്ങൾ എന്റെ മണ്ഡലത്തിൽ മാത്രം വ്യാവസായിക-വ്യാപാര മേഖലയിലുണ്ടായിട്ടുണ്ട്. പ്രളയത്തിനിരയായ വ്യാവസായിക സ്ഥാപനങ്ങൾക്കും ചെറുകിട കച്ചവടക്കാർക്കും സർക്കാരിന്റെ ഉജ്ജീവൻ പദ്ധതി പ്രകാരം ബാങ്ക് വായ്പയ്ക്ക് അപേക്ഷകൾ നൽകിയിട്ടുണ്ടെങ്കിലും നിലവിലുള്ള പഴയ വായ്പകൾ കാരണവും മറ്റുചില ന്യായവാദങ്ങൾ ഉന്നയിച്ചും ബാങ്കുകൾ വായ്പ നിഷേധിക്കുകയും തടസ്സപ്പെടുത്തുകയും

ചെയ്യുന്നു. പ്രളയത്തിന് ഇരയായ ചെറുകിട കച്ചവടക്കാർ ഉൾപ്പെടെയുള്ളവർ വൻ സാമ്പത്തിക ബാധ്യതയിലും ബുദ്ധിമുട്ടിലുമാണ്. ആയതിനാൽ പ്രളയ ബാധിതരായ ചെറുകിട കച്ചവടക്കാർക്കും വ്യവസായ സ്ഥാപനങ്ങൾക്കും നിലവിലുള്ള ബാധ്യതകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ച് ഉജ്ജീവന പദ്ധതിപ്രകാരം വായ്പ അനുവദിക്കുന്നതിനും മതിയായ നഷ്ടപരിഹാരം നൽകുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ? ഇതുമായി ബന്ധപ്പെട്ട് എന്റെ മണ്ഡലത്തിൽ ബാങ്ക് മാനേജർമാരുടെ രണ്ട് യോഗങ്ങൾ ഞാൻ വിളിച്ചുചേർത്തു. ഗവൺമെന്റിന്റെ 25 ശതമാനം സപ്പോർട്ടിന്റെ കാര്യം അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. പക്ഷെ, പല ബാങ്ക് മാനേജർമാരും ബാങ്കുകളും  ലോൺ കൊടുക്കാൻ തയ്യാറല്ലാത്ത ഒരു മാനസികാവസ്ഥയിലാണ് നിൽക്കുന്നത്. അതുകൊണ്ട് അടിയന്തരമായി പ്രസ്തുത ബാങ്കുകളുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ സഹായമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, 2018-ലെ പ്രളയ ദുരന്തത്തിന് ഇരയായ വ്യവസായ വാണിജ്യ സംരംഭങ്ങളെ കണ്ടെത്തുന്നതിനുവേണ്ടി വ്യവസായ വാണിജ്യ വകുപ്പ് ചെങ്ങന്നൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ നടത്തിയ സർവ്വേയിൽ 278 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളും 749 കടകളും ഉൾപ്പെടെ 1027 സംരംഭങ്ങൾ പ്രളയക്കെടുതിക്ക് ഇരയായതായി കണ്ടെത്തിയിരുന്നു. റവന്യൂ വകുപ്പ് മുഖേന സർക്കാർ നടപ്പിലാക്കുന്ന ഉജ്ജീവന പദ്ധതിപ്രകാരം വായ്പയെടുക്കുന്നതിനായി 213 അപേക്ഷകൾ ബാങ്കിലേയ്ക്ക് ശിപാർശ ചെയ്തിരുന്നു. ഇവയിൽ 121 സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളും 92 കടകളും ഉൾപ്പെടുന്നു. എന്നാൽ ഉജ്ജീവന പദ്ധതിപ്രകാരം വായ്പ അനുവദിച്ചു നൽകുന്നതിന് ബാങ്കുകൾ തയ്യാറാകാത്തതു കാരണം താലൂക്ക് തലത്തിൽ ബാങ്ക് മാനേജർമാരുടെയും സംരംഭകരുടെയും യോഗം 19-6-2019-ന് വിളിച്ചു ചേർക്കുകയും വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ ഉണ്ടാകണമെന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു. പിന്നീട് ജില്ലാ തലത്തിൽ കളക്ടറുടെയും എ.ഡി.എം.-ന്റെയും സാന്നിദ്ധ്യത്തിൽ ബാങ്കുകളുടെ യോഗം ചേരുകയും വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിന്

ബാങ്കുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ബാങ്കുകളുമായി വ്യവസായ വകുപ്പ് നിരന്തരം ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഉജ്ജീവന പദ്ധതി പ്രകാരമുള്ള 213 അപേക്ഷകളിൽ 88 അപേക്ഷകൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. ഇവയിൽ 54 സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്കും 34 കടകൾക്കുമായി യഥാക്രമം 195.11 ലക്ഷം രൂപയും 106.16 ലക്ഷം രൂപയും അനുവദിച്ചുനൽകി. ഇതിൻപ്രകാരം ആകെ 88 സ്ഥാപനങ്ങൾക്കായി 301.27 ലക്ഷം രൂപ ബാങ്കുകളിൽനിന്ന് വായ്പയായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം സമർപ്പിച്ച അപേക്ഷകളിൽ 97 എണ്ണം തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്. 28 എണ്ണം വിവിധ ബാങ്കുകൾ തള്ളിക്കളയുകയും ചെയ്തു. ഉജ്ജീവന പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ, പ്രളയംമൂലം തിരിച്ചടവിന് വീഴ്ച പറ്റിയതിനാൽ CIBIL score തൃപ്തികരമല്ലെന്ന കാരണത്താൽ ബാങ്കുകൾ വായ്പ നിഷേധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേസുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 17-12-2018-ലെ സർക്കാർ ഉത്തരവുപ്രകാരം അർഹരായ പ്രളയ ദുരിതബാധിതരായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്കും കടകൾക്കും ഉജ്ജീവന പദ്ധതി പ്രകാരമുള്ള അപേക്ഷകൾ വാണിജ്യ ബാങ്കുകൾ അതാത് ബാങ്കുകളുടെ നിബന്ധനകൾക്ക് അനുസൃതമായി അനുവദിക്കണമെന്നായിരുന്നു സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ നിർദ്ദേശം. എന്നാൽ 2019 സെപ്റ്റംബർ 3-ാം തീയതി കൂടിയ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ പ്രത്യേക യോഗം സംസ്ഥാനത്തെ ഷെഡ്യൂൾഡ് ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്യുകയും റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി സംസ്ഥാന സർക്കാർ പ്രളയ ബാധിത മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള വില്ലേജുകളിൽ അർഹരായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ വായ്പകൾക്ക് മൊറട്ടോറിയം അനുവദിക്കാനും തീരുമാനമെടുക്കുകയുണ്ടായി.

ബാങ്ക് ലെവൽ കമ്മിറ്റികളിൽ എടുക്കുന്ന തീരുമാനം അതീവ താൽപ്പര്യത്തോടുകൂടി ബാങ്കുകൾ നടപ്പിലാക്കുന്നില്ലെന്നുള്ള വിമർശനം ശക്തമായിത്തന്നെ വ്യാപാരികളിൽ നിലനിൽക്കുന്നുണ്ട്. കൂടാതെ, 24-8-2019 -ലെ ഉത്തരവുപ്രകാരം 27 യൂണിറ്റുകൾക്ക് സബ്സിഡിയും അനുവദിച്ചിട്ടുണ്ട്.

(3) കോം ട്രസ്റ്റ് വീവിംഗ് ഫാക്ടറി

ഡോ. എം. കെ. മുനീർ: സർ, Basel German Evangelical Missionary Society 1842 കാലഘട്ടത്തിൽ ആരംഭിച്ച നെയ്ത്തുശാലയാണ് കോം ട്രസ്റ്റ് വീവിംഗ് ഫാക്ടറി. ഇത് ചരിത്രത്തിന്റെ ഭാഗമാണ്. അതോടൊപ്പം 2012-ലെ The Commonwealth Trust, Kozhikode (Acquisition and Transfer of Undertaking) Act-ന് ബഹുമാനപ്പെട്ട രാഷ്ട്രപതി അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ഇതിനുപുറമെ ചരിത്രപരവും പുരാവസ്തു പ്രാധാന്യവും 180 വർഷത്തിലധികം പഴക്കവുമുള്ള ഈ വീവിംഗ് ഫാക്ടറി പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കേണ്ടതാണെന്ന് പുരാവസ്തു വകുപ്പ് ഡയറക്ടർ സർക്കാരിന് ശിപാർശ നൽകിയിട്ടുള്ളതാണ്. റവന്യൂ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കരട് പ്രാഥമിക വിജ്ഞാപനവും സമർപ്പിച്ചിട്ടുണ്ട്. ഇതെല്ലാമുണ്ടായിട്ടും അതിന്റെ ഏറ്റെടുക്കൽ നടപടികളിലേയ്ക്ക് ഇപ്പോഴും പോയിട്ടില്ല. അവിടെ 107 തൊഴിലാളികളുണ്ട്. അവരിൽ പലർക്കും 50 വയസ്സിനുമുകളിൽ പ്രായമുണ്ട്. നാല് ആളുകൾ മരണപ്പെട്ടു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അനുവദിച്ചിട്ടുള്ള 5000 രൂപ മാത്രം വാങ്ങിയാണ് അവർ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നത്. അവർ സമരത്തിലുമാണ്. ഇക്കാര്യം പുരാവസ്തു വകുപ്പുമായി ചർച്ച ചെയ്തിട്ടുള്ളതാണ്. അത് ഏറ്റെടുത്ത് സ്മാരകമാക്കി മാറ്റണം. പ്രസ്തുത സ്ഥാപനത്തിനുവേണ്ടി കാലാകാലങ്ങളായി പ്രയത്നിച്ച തൊഴിലാളികൾക്ക് ജോലിയും വേതനവും കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം. എന്റെ മണ്ഡലത്തിലെ കാര്യമായതുകൊണ്ട് എം.എൽ.എ. എന്ന നിലയ്ക്ക് എന്നെയും പുരാവസ്തു വകുപ്പുമന്ത്രിയെയും പ്രതിപക്ഷനേതാവിനെയും ഉൾപ്പെടുത്തി അടിയന്തരമായി ഒരു യോഗം വിളിച്ചുചേർത്ത് ഇതിന് തീരുമാനമുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ വിഷയം സംബന്ധിച്ച് ശ്രദ്ധക്ഷണിക്കൽ നോട്ടീസ് നൽകിയ ശ്രീ. ഇ. കെ. വിജയന് സംസാരിക്കാവുന്നതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ലോകപ്രശസ്തമായ മേൽത്തരം തുണിത്തരങ്ങൾ ഉൽപ്പാദിപ്പിച്ചിരുന്ന കോഴിക്കോട് ജില്ലയിലെ കോം ട്രസ്റ്റ് ഇന്ത്യാ ലിമിറ്റഡ് ഹാൻഡ്‌ലൂം വീവിംഗ് ഫാക്ടറി, മിസ് മാനേജ്മെന്റിന്റെ ഫലമായി 2009 ഫെബ്രുവരി 1 മുതൽ അടച്ചിരിക്കുകയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. സർക്കാരിലെ വ്യവസായ വകുപ്പു മന്ത്രിയായിരുന്ന ശ്രീ. എളമരം കരീം അവിടത്തെ പൊതുരാഷ്ട്രീയ ധാരണയുടെ അടിസ്ഥാനത്തിൽ ഓർഡിനൻസ് കൊണ്ടുവന്നിരുന്നു. അതിനുശേഷം അതിന്റെ

നടപടികൾ മുന്നോട്ട് പോകാത്ത സാഹചര്യത്തിൽ 2012 ജൂലൈ 25-ന് ഇതുസംബന്ധിച്ച ബിൽ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി. പ്രസിഡന്റിന്റെ അനുമതിക്കുവേണ്ടി ഏറെ കാത്തിരുന്ന ആ ബിൽ 2018 ഫെബ്രുവരി 1-നാണ് രാഷ്ട്രപതി ഒപ്പിട്ടുനൽകിയത്. അതിന്റെ ഭാഗമായി ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ, അടച്ചുപൂട്ടിയ കാലംമുതലുള്ള എല്ലാ ആനുകൂല്യങ്ങളും നൽകാനുള്ള വിധി 2017 മാർച്ച് 31-ന് പുറപ്പെടുവിച്ചെങ്കിലും നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ല. അതിന്റെ ഭാഗമായി ഈ ആനുകൂല്യങ്ങൾ ലഭിക്കേണ്ടതുണ്ട്. ഈ ആക്ട് നടപ്പിലാക്കാനായി മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ, റിപ്പോർട്ട് തയ്യാറാക്കാനായി കെ.എസ്.ഐ.ഡി.സി.-യുടെ ഉന്നതതല സംഘത്തെ കോഴിക്കോട്ടേയ്ക്ക് അയയ്ക്കുകയും അവർ ഈ സ്ഥാപനം ലാഭകരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. നിയമത്തിൽ ഉറപ്പുവരുത്തിയതുപ്രകാരം കഴിഞ്ഞ 12 വർഷമായി സമരത്തിലുള്ള തൊഴിലാളികൾക്ക് ഫാക്ടറി തുറക്കുന്നതുവരെയുള്ള ആനുകൂല്യങ്ങൾ നൽകാനുള്ള സമീപനമുണ്ടാകണം. ആ സ്ഥാപനം ഇപ്പോൾ കെ.എസ്.ഐ.ഡി.സി.-യെ ഏല്പിച്ച സാഹചര്യത്തിൽ, 12 വർഷത്തെ സമരത്തിന്റെ തുടർച്ചയെന്ന നിലയ്ക്ക് കഴിഞ്ഞ 24 ദിവസമായി കെ.എസ്.ഐ.ഡി.സി.-യുടെ ഹെഡ് ഓഫീസിനുമുന്നിൽ തൊഴിലാളികൾ സമരം നടത്തുകയുമാണ്. അതുകൊണ്ട് അവരുടെ ആനുകൂല്യങ്ങൾ നൽകാനും ഈ സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കാനും മാനാഞ്ചിറ മൈതാനവും കോംപ്ലക്സും കോഴിക്കോട് ടൗൺ ഹാളും ഉൾപ്പെടുന്ന കോഴിക്കോടിന്റെ പ്രൗഢി നിലനിർത്താനുമുള്ള സമീപനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാവശ്യപ്പെട്ട് ഡോ. എം. കെ. മുനീറിന്റെ സബ്മിഷനോടൊപ്പം എന്റെ ശ്രദ്ധക്ഷണിക്കലും അവതരിപ്പിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി(<u>ശ്രീ. ഇ. പി. ജയരാജൻ):</u> സർ, പുരാവസ്തുമൂല്യമുള്ള കോഴിക്കോട്ടെ കോമൺവെൽത്ത് ട്രസ്റ്റ് പുരാതന സ്മാരകമായി നിലനിർത്തുന്നതിനും ആ സ്ഥാപനം ഏറ്റെടുക്കുന്നതിനുമായി The Commonwealth Trust, Kozhikode (Acquisition and Transfer of Undertaking) Act, 2012 കേരള നിയമസഭ പാസ്സാക്കുകയുണ്ടായി. 2012-ലാണ് ഈ നിയമം പാസ്സാക്കിയത്. 2018-ലാണ് ബഹുമാനപ്പെട്ട രാഷ്ട്രപതി അംഗീകാരം നൽകിയത്. പ്രസ്തുത നിയമപ്രകാരം കോഴിക്കോട്ടുള്ള കോമൺവെൽത്ത് ട്രസ്റ്റും കോഴിക്കോട് ടൗണിലുള്ള നെയ്ത്ത് ഫാക്ടറിയും അതിനോടനുബന്ധിച്ചുള്ള വസ്തുവകകളും സർക്കാരിലേയ്ക്ക് മുതൽക്കൂട്ടേണ്ടതും ഒപ്പം കെ.എസ്.ഐ.ഡി.സി.-ക്ക് കൈമാറ്റം

ചെയ്യപ്പെടേണ്ടതുമാണ്. എന്നാൽ ഭൂമി കൈമാറ്റം ചെയ്യുന്നതിനെതിരെ കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന ഹർജികൾ ബഹുമാനപ്പെട്ട കോടതി ഇടക്കാല ഉത്തരവുമൂലം സ്റ്റേ ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത ആക്ട് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ ആക്ട് നിലവിൽ വന്നെങ്കിലും ആക്ടിൽ അനുവർത്തിച്ചിരിക്കുന്ന നടപടികളുമായി മുന്നോട്ടുപോകാൻ സർക്കാരിനോ കെ.എസ്.ഐ.ഡി.സി.-ക്കോ സാധിച്ചിട്ടില്ല. ഈ ആക്ട് കേരള നിയമസഭ പാസ്സാക്കിയത് 2012-ലാണ്. 2009 ജനുവരി മാസം വരെ പ്രവർത്തിച്ചുവന്നിരുന്ന സ്ഥാപനത്തിൽ 254 തൊഴിലാളികളുണ്ടായിരുന്നു. എന്നാൽ പലവിധ കാരണങ്ങളാൽ സ്ഥാപനം നഷ്ടത്തിലായതിനെത്തുടർന്ന് മുന്നോട്ടുപോകാൻ സാധിച്ചില്ല. തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ വോളന്ററി റിട്ടയർമെന്റ് സ്കീം (വി.ആർ.എസ്.) നടപ്പിലാക്കാൻ തീരുമാനിക്കുകയും പ്രസ്തുത സ്കീമിൽ ഒരു വർഷത്തെ സർവ്വീസിന് 45 ദിവസത്തെ വേതനം എന്ന ആകർഷകമായ നിരക്കിലുമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. എല്ലാ യൂണിയനുകളുമായി ചേർന്ന് അത്തരമൊരു തീരുമാനത്തിലെത്തി. വോളന്ററി റിട്ടയർമെന്റ് സ്കീം പ്രകാരം ഭൂരിപക്ഷം തൊഴിലാളികളും ആനുകൂല്യം കൈപ്പറ്റി പിരിഞ്ഞുപോവുകയും താരതമ്യേന സർവ്വീസ് ദൈർഘ്യം കുറഞ്ഞ കുറച്ച് തൊഴിലാളികൾ പിരിഞ്ഞുപോകാതെ സ്ഥാപനത്തിൽ തുടരുകയും ചെയ്തു. പൊതുവായി എടുത്തിട്ടുള്ള തീരുമാനത്തിൽനിന്നും വ്യത്യസ്തമായ നിലപാടാണ് സ്വീകരിച്ചത്. ആക്ട് നിലവിൽ വരുന്നതിനുമുമ്പ്, 01-03-2014-ലെ സർക്കാർ ഉത്തരവുപ്രകാരം പ്രതിമാസം 5000 രൂപ വീതം സമാശ്വാസ വേതനമെന്ന നിലയിൽ കെ.എസ്.ഐ.ഡി.സി. അവിടെയുള്ള തൊഴിലാളികൾക്ക് നൽകി വരുന്നുണ്ട്. 2016 ആഗസ്റ്റ് മാസം മുതൽ ഇപ്രകാരം സമാശ്വാസ വേതനമായി 5000 രൂപ വിതരണം ചെയ്യുന്നത് നിർത്തിവച്ചു. തുടർന്ന് തൊഴിലാളികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും സമാശ്വാസ വേതനം തുടർന്നും നൽകണമെന്ന് ഉത്തരവാകുകയും ചെയ്തു. അതിനുശേഷമാണ് ബഹുമാനപ്പെട്ട രാഷ്ട്രപതി ഒപ്പിട്ട നിയമ ബിൽ ഇവിടെ എത്തുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ സമാശ്വാസമായി 5000 രൂപ വീതം നൽകിവരുന്നത്. ഓരോ മാസവും ഏതാണ്ട് അഞ്ചര ലക്ഷത്തോളം രൂപ കെ.എസ്.ഐ.ഡി.സി., ഒരു ജോലിയും ചെയ്യാത്ത തൊഴിലാളികൾക്ക് നൽകിക്കൊണ്ടിരിക്കുകയാണ്. ആ സ്ഥാപനം പ്രവർത്തിപ്പിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. ആക്ട് സംബന്ധിച്ച വിജ്ഞാപനം വന്നതിനുശേഷം കോമൺവെൽത്ത് ട്രസ്റ്റിന്റെ വസ്തുവകകൾ ഏറ്റെടുക്കാൻ കെ.എസ്.ഐ.ഡി.സി.-ക്ക്

സാധിച്ചില്ലെങ്കിലും കെ.എസ്.ഐ.ഡി.സി. ആ സ്ഥലം സന്ദർശിക്കുകയും ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുമ്പോഴുണ്ടായേക്കാവുന്ന ബാദ്ധ്യതകൾ സംബന്ധിച്ച് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 50 കോടി രൂപ കെ.എസ്.ഐ.ഡി.സി.-യുടെ ബാദ്ധ്യതയാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ആക്ടിൽ പറഞ്ഞിട്ടുള്ള സർവ്വേ നമ്പരുകൾ പ്രകാരമുള്ള ഭൂമി സർവ്വേ ചെയ്ത് വസ്തുവകകൾ തിട്ടപ്പെടുത്തിയിട്ടുണ്ട്. ആക്ടിൽ പറയുന്ന പ്രകാരം നെയ്ത്തുശാല പുനരുജ്ജീവിപ്പിക്കുന്നതിനും മ്യൂസിയം, ഉല്പാദന കേന്ദ്രം എന്നിവ നടപ്പിൽ വരുത്തുന്നതിനും പ്രാഥമികമായി നടത്തിയ വിലയിരുത്തലുകളെ അടിസ്ഥാനപ്പെടുത്തി കണക്കെടുത്തപ്പോൾ ഏകദേശം 25 കോടി രൂപയെങ്കിലും ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. പ്രസ്തുത നിയമത്തിന്റെ 35-ാം വകുപ്പ് പ്രകാരം നൽകുന്ന അധികാരം ഉപയോഗിച്ച് ഈ നിയമം നടപ്പിലാക്കുന്നതിനുള്ള കരട് ചട്ടങ്ങൾ രൂപീകരിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. 2012-ൽ നിയമസഭ, ബിൽ പാസ്സാക്കുന്നതിനുമുമ്പ് ആകെയുണ്ടായിരുന്ന 3.84 ഏക്കറോളം ഭൂമിയിൽ 2.08 ഏക്കറോളം ഭൂമി ട്രസ്റ്റ് വിൽക്കുകയുണ്ടായി. ബാക്കി മാത്രമെ ഇപ്പോൾ ട്രസ്റ്റിന്റെ കൈവശമുള്ളൂ. ഇതിനെത്തുടർന്നാണ് 2018-ൽ ബില്ലിന് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അനുമതി ലഭിക്കുകയും ആക്ട് നിലവിൽ വരികയും ചെയ്തത്. ഈ ഭൂമി വിൽപ്പന നടത്തിയാണ് തൊഴിലാളികളുടെ ആനുകൂല്യങ്ങളും മറ്റ് കടബാദ്ധ്യതകളും നിർവ്വഹിച്ചത്. അതനുസരിച്ചാണ് ഒരു സെറ്റിൽമെന്റിൽ എത്തിയത്. ആ സെറ്റിൽമെന്റ് പാലിച്ചില്ലെന്നുള്ളതാണ് അവിടത്തെ പ്രശ്നം. ഇപ്പോഴും ബാദ്ധ്യതകളുണ്ട്. കുറച്ച് ഭൂമി മാത്രമെയുള്ളൂ. വീണ്ടും ആ സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയുന്ന സാഹചര്യമല്ല അവിടെ നിലനിൽക്കുന്നത്. ഇപ്പോൾ നാല് എക്സിക്യൂട്ടീവ് ഡയറക്ടർമാർ ഉൾപ്പെടുന്ന ഒരു ട്രസ്റ്റ് അവിടെ നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നില നിൽക്കുകയാണ്. കോംട്രസ്റ്റ് ഫാക്ടറിയിലെ നിലവിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുവേണ്ടി തൊഴിലാളി സംഘടനകളെ ഉൾപ്പെടുത്തി ചർച്ച ചെയ്യാം. ഇപ്പോൾ കെ.എസ്.ഐ.ഡി.സി.-ക്ക് മുമ്പിൽ നടക്കുന്ന സമരം അവസാനിപ്പിച്ച് നേരത്തെയുണ്ടാക്കിയിട്ടുള്ള എഗ്രിമെന്റ് അനുസരിച്ച് ആ തൊഴിലാളികൾക്കുകൂടി ആനുകൂല്യം കൊടുക്കാനായി അവശേഷിക്കുന്ന ഭൂമി വിൽപ്പന നടത്തി കിട്ടുന്ന പണമുപയോഗിച്ച് സെറ്റിൽമെന്റ് നടത്താനുള്ള സാഹചര്യമാണ് സൃഷ്ടിക്കേണ്ടത്. ഭൂമി കൊടുത്ത പണം ഉപയോഗിച്ച് ആനുകൂല്യം നൽകി വി.ആർ.എസ്. കൊടുത്ത് തൊഴിലാളികളെല്ലാം പിരിഞ്ഞുപോയി. പക്ഷെ

ആ സ്ഥലം ഏറ്റെടുത്തവർക്ക് സ്ഥലം കിട്ടിയിട്ടില്ല. അവർ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. 2012 കാലഘട്ടത്തിൽ ഭൂമി ഏറ്റെടുത്ത് പണം കൊടുത്തിട്ടുള്ളവർ ഇപ്പോൾ നിസ്സഹായരായിരിക്കുകയാണ്. ഇങ്ങനെയുള്ള സങ്കീർണ്ണമായ പ്രശ്നമാണ് അവിടെയുള്ളത്. അതുകൊണ്ട് നേരത്തെയുണ്ടായിരുന്ന സെറ്റിൽമെന്റിലേയ്ക്ക് പോകുകയാണെങ്കിൽ കഴിയുന്നതുംവേഗം ആ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. കെ.എസ്.ഐ.ഡി.സി.-യുടെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനാണ് നടത്തുന്നത്. കെ.എസ്.ഐ.ഡി.സി. എന്ത് ജോലിയാണ് കൊടുക്കുക? അവരെ എങ്ങനെയാണ് സംരക്ഷിക്കാൻ സാധിക്കുക. അതുകൊണ്ട് ശരിയായൊരു നിലപാട് സ്വീകരിക്കാൻ അവിടത്തെ തൊഴിലാളികളെ പ്രേരിപ്പിക്കുകയാണ് വേണ്ടത്.

[12.00 Noon]

ഡോ. എം. കെ. മുനീർ: സർ, ഇതുസംബന്ധിച്ച് ഒരു യോഗം വിളിക്കുന്നതിനെക്കുറിച്ച് ....... (മൈക്ക് ഓഫ്)......

ശ്രീ. ഇ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീറിന്റെ മണ്ഡലത്തിലാണിത്. പ്രതിപക്ഷനേതാവും ഇക്കാര്യങ്ങൾ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ബഹുമാനപ്പെട്ട അംഗം ശ്രീ. ഇ. കെ. വിജയൻ ഇക്കാര്യങ്ങളിൽ തല്പരനാണ്. അദ്ദേഹവും ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഞങ്ങൾക്ക് പരിഹരിക്കാൻ കഴിയുന്നതരത്തിലല്ല ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി. അതാണ് ഇങ്ങനെ നീണ്ടുപോകുന്നത്. ആകെ 107 പേരുണ്ട്. ഇവരെയെല്ലാം KSIDC-യിൽ ജീവനക്കാരാക്കണം. പിന്നെ KSIDC നിലനിൽക്കുമോ? ഇവർക്ക് പ്രതിമാസം 5000 രൂപ ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കുകയാണ്. അതാണ് ഇന്നത്തെ അവസ്ഥ. ഇത് മനസ്സിലാക്കി എത്രയും പെട്ടെന്ന് ഇതിനൊരു പരിഹാരമുണ്ടാക്കാൻ ഒരു യോഗം വിളിക്കാൻ നിശ്ചയിച്ചിരുന്നതാണ്. ആ ദിവസം മറ്റുചില കാരണങ്ങൾ വന്നുപെട്ടതുകൊണ്ട് യോഗം ചേരാൻ സാധിച്ചില്ല. അടിയന്തരമായി യോഗം വിളിച്ച് കാര്യങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാൻ ശ്രമിക്കാം.

ശ്രീ. ഇ. കെ. വിജയൻ: സർ, സമരം അവസാനിക്കുന്നതിന് മുമ്പ് മിസ്മാനേജ്മെന്റിന്റെ അടിസ്ഥാനത്തിൽ ഭൂമാഫിയയുടെ കൈകളിലേയ്ക്ക് ഭൂമി എത്തിയതാണ്. നമ്മൾ അതിന്റെ ഭാഗമായി ചരിത്രസ്മാരകമായി നിലനിർത്തുന്നതിന്....... (മൈക്ക് ഓഫ്)........

ശ്രീ. ഇ. പി. ജയരാജൻ: സർ, 2012 കാലഘട്ടത്തിലാണ് ഭൂമി വില്പന നടത്തിയിട്ടുള്ളത്. 2009-ൽ VRS നടപ്പിലാക്കിയതിനെത്തുടർന്ന് തൊഴിലാളികൾക്ക് പണിയില്ലാതെ കമ്പനി പൂട്ടുകയും ടെക്സ്റ്റൈൽ മേഖല മുഴുവൻ തകരുകയും ചെയ്തു. അത്തരമൊരു ഘട്ടത്തിൽ എല്ലാവരുംകൂടി ഈ സ്ഥാപനം എങ്ങനെ രക്ഷപ്പെടുത്തിയെടുക്കാമെന്ന് ചിന്തിച്ചു. അന്നത്തെ ട്രേഡ് യൂണിയനുകളെല്ലാം ചേർന്നുകൊണ്ട് ഒരു ധാരണയിലെത്തി. അതനുസരിച്ചാണ് കാര്യങ്ങൾ നടന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഭൂമി അന്ന് വില്പന നടത്തി. അവർ ട്രസ്റ്റിന് കാശ് കൊടുത്തു, ആ കാശ് വാങ്ങി VRS കൊടുത്തു. ഏത് ഭൂമാഫിയയാണെന്ന് ഞങ്ങൾ പരിശോധിച്ചിട്ടില്ല. ഞാൻ മനസ്സിലാക്കിയിട്ടുള്ളത്, ചില സംഘടനകളാണ് ഈ ഭൂമിയൊക്കെ വാങ്ങിയിട്ടുള്ളതെന്നാണ്. ഇത് ആരാണ് വാങ്ങിയതെന്ന് പരിശോധിച്ചിട്ടില്ല. കാശ് കൊടുത്ത് 200-ഓളം തൊഴിലാളികളെ സെറ്റിൽ ചെയ്തു. അവർ ഈ തീരുമാനം അംഗീകരിച്ചു. ഇനി അവർ തിരിച്ചുവന്നാൽ ഞങ്ങൾ എന്തുചെയ്യുമെന്നുള്ള പ്രശ്നങ്ങളൊക്കെയുണ്ട്. അതുകൊണ്ട് ഇത് ചർച്ച ചെയ്ത് പരിഹരിക്കാവുന്നതാണ്.

(4) ഭൂപരിഷ്കരണ നിയമം

ശ്രീ. പി. സി. ജോർജ്: സർ, 56 കൊല്ലം മുമ്പ് രൂപം കൊടുത്ത വിപ്ലവകരമായ ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഈ സംസ്ഥാനത്ത് കയറിക്കിടക്കാൻ ഒരു സെന്റ് ഭൂമി പോലുമില്ലാതിരുന്ന പാവപ്പെട്ടവരും പിന്നോക്കക്കാരും ആദിവാസികളും പട്ടികജാതിക്കാരുമൊക്കെ ഭൂപരിഷ്കരണ നിയമത്തിലൂടെ സ്വന്തം ഭൂമിയുടെ ഉടമയായി മാറി. വൻകിട ഭൂവുടമകൾ കൈവശം വച്ചിരുന്ന ആയിരക്കണക്കിന് ഏക്കർ ഭൂമിയിൽനിന്നും ഈ പാവപ്പെട്ടവനുകൂടി ഭൂമി കൊടുക്കുന്ന വലിയൊരു നിയമത്തിനാണ് 56 കൊല്ലം മുമ്പ് രൂപം കൊടുത്തത്. ആ നിയമത്തെപ്പറ്റി പറയുമ്പോൾ, പി. ടി. ചാക്കോയെയും ശ്രീമതി കെ. ആർ. ഗൗരിയമ്മയെയും സ്മരിച്ചിട്ടേ മുന്നോട്ടുപോകാനാവൂ. അതുപോലെ സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെയും മറക്കാൻ പാടില്ല. അത്ര സമഗ്രമായ ഒരു നിയമമാണത്. ആ നിയമം വന്നപ്പോൾ ഇപ്പോഴുണ്ടായിരിക്കുന്ന ഒരു പ്രശ്നം, ഞാൻ സഭയിൽ പലരീതിയിൽ പലപ്രാവശ്യം പറഞ്ഞിട്ടുണ്ടെങ്കിലും വളരെ വിശദമായി പറയേണ്ട

ഒരു കാര്യമുള്ളതുകൊണ്ടാണ് പറയുന്നത്, തോട്ടം-പുരയിടം പ്രശ്നമാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നീണ്ട മറുപടി എഴുതിവച്ചിട്ടുണ്ടെന്ന് എനിക്കറിയാം. എനിക്ക് ആ മറുപടിയല്ല വേണ്ടത്; ഇവിടത്തെ പ്രശ്നം ഞാൻ നിസ്സാരമായി പറയാം.

ഒരു വ്യക്തിക്ക് 50 ഏക്കർ ഭൂമിയിൽ 35 ഏക്കർ തോട്ടവും 15 ഏക്കർ പുരയിടവുമാണ്. ആ വ്യക്തിക്ക് നാല് മക്കളുണ്ടെങ്കിൽ ആ നാല് മക്കൾക്കും വീതം കൊടുക്കാതിരിക്കാൻ കഴിയുമോ? അപ്പോൾ 15 ഏക്കർ പുരയിടമെന്നത് ഒരു മകന് 4 ഏക്കർ പുരയിടം വീതവും 35 ഏക്കർ തോട്ടമെന്നുള്ളത് 9 ഏക്കറിനോടടുത്ത് തോട്ടവുമെന്നുള്ള രീതിയിലായി. ആ നാല് മക്കൾക്ക് നന്നാല് മക്കളുണ്ടെങ്കിൽ 16 പേർക്കായി ഇത് വീതം വയ്ക്കപ്പെടുകയാണ്. അങ്ങനെ വീതം വയ്ക്കുമ്പോൾ ഇപ്പോൾ വന്നിരിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യം, ജീവിക്കാൻ മാർഗ്ഗമില്ലാത്തവർക്ക് 5 സെന്റ് റബ്ബർ തോട്ടംകൊണ്ട് ജീവിക്കാൻ പറ്റില്ല. ഒരേക്കർ റബ്ബറിൽനിന്ന് 1000 രൂപപോലും ഒരു മാസം കിട്ടുന്നില്ല. ഇന്ന് കൃഷിക്കാർ ആത്മഹത്യയുടെ വക്കിലാണ്. ഈയൊരു സാഹചര്യത്തിൽ ഏറ്റവും വലിയ പ്രശ്നം, തോട്ടം എന്ന് ബി. ടി. ആർ-ൽ എഴുതിയിരിക്കുന്നതാണ്. കരമടയ്ക്കാൻ ചെല്ലുമ്പോൾ, കമ്പ്യൂട്ടറൈസ് ചെയ്തതോടുകൂടി ബി. ടി. ആർ- ൽ തോട്ടം എന്നേ വരൂ. അവിടെ വീട് വയ്ക്കാൻ സാധിക്കില്ല, വീട് വച്ചാൽ വീട്ട് നമ്പരും വൈദ്യുതി കണക്ഷനും കിട്ടില്ല. അതുതന്നെയാണ് ഏറ്റവും വലിയ ഗതികേട്. അത് വച്ച് ലോണെടുക്കാനും കഴിയില്ല. ഇതുകൊണ്ട് ഏറ്റവും ബുദ്ധിമുട്ടുന്നത് പൂഞ്ഞാറിലെ ജനം മാത്രമല്ല. എന്റെയടുത്ത് ഡോ. എൻ. ജയരാജ് ഇരിപ്പുണ്ട്; കാഞ്ഞിരപ്പള്ളിക്കാരനാണ്, അദ്ദേഹത്തിന്റെ ഗതികേട് എന്താണെന്ന് ചോദിച്ചാൽ അദ്ദേഹം പറയും. പാലാ നിയോജകമണ്ഡലത്തിലെ ശ്രീ. മാണി. സി. കാപ്പനെ ഇവിടെ കാണുന്നില്ല. പാലാ നിയോജകമണ്ഡലത്തിലും ഇതേ പ്രശ്നമാണുള്ളത്. ഇവിടെ ഇരിക്കുന്ന ദേവികുളം എം.എൽ.എ.-യും ഇതേകാര്യംതന്നെ പറയും. വയനാട്ടിലും ഈ പ്രശ്നമുണ്ട്. കേരളത്തിൽ ഇത് വ്യാപകമാണ്. അതിലൊരു പ്രത്യേകതയുള്ളത്, കോട്ടയം ജില്ലയിൽ ഈ പ്രശ്നം ഇത്രമാത്രം ഇഫക്ട് ചെയ്യാൻ കാരണം ഒരു വിവരദോഷിയായ എ.ഡി.എം. അവിടെയുണ്ടായിരുന്നു. അയാൾ വൈരാഗ്യം തീർത്തതാണ്. ഞാൻ ഇത്രയുംകൂടി പറഞ്ഞ് നിർത്തുന്നു. മന്ത്രി അതിന് ഉത്തരവാദിയല്ല. ബാക്കിയുള്ള സ്ഥലങ്ങളിലെ ഉദ്യോഗസ്ഥർ അല്പം

മന:സാക്ഷിയും നീതിബോധവുമുള്ളവരായതുകൊണ്ട് ഈ പ്രശ്നം അവിടെ വ്യാപകമായിട്ടില്ല. ഇത് വളരെ സങ്കീർണ്ണമായ ഒരു പ്രശ്നമാണ്. ഈ ഭൂപരിഷ്കരണ നിയമത്തിന് എത്രയോ പ്രാവശ്യം അമെന്റ്മെന്റ് കൊണ്ടുവന്നു. അങ്ങ് ഇപ്പോൾ 'എ' വകുപ്പ് കൊണ്ടുവന്നല്ലോ, അങ്ങ് കൊണ്ടുവന്ന നിയമപ്രകാരം 'തോട്ടം' എന്ന സ്ഥലത്ത് ഒരു കെട്ടിടം പണിതിട്ടുണ്ടെങ്കിൽ അത് മുഴുവൻ ഏറ്റെടുക്കാൻ ഗവൺമെന്റിന് അധികാരം തരുന്നുണ്ട്. അങ്ങേയ്ക്ക് അത് ചെയ്യാൻ കഴിയുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്..... പ്ലീസ്..... 4 മിനിറ്റായി.

ശ്രീ. പി. സി. ജോർജ്: സർ, നിർത്താം. ഇത് അത്രയ്ക്ക് പ്രധാനപ്പെട്ട കാര്യമാണ്. ഇല്ലെങ്കിൽ ഞാൻ നിർബന്ധിക്കുകയില്ലായിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പറയുന്നു, കേരളത്തിലെ പ്രമുഖമായ പല കോളേജുകളും ബി. ടി. ആർ. അനുസരിച്ചുള്ള തോട്ടങ്ങളിലാണിരിക്കുന്നത്. അതെല്ലാം ഇപ്പോൾ ഏറ്റെടുക്കുമോ; നടക്കാത്ത കാര്യമാണ്. അങ്ങേയ്ക്ക് ചെയ്യാൻ കഴിയുന്ന കാര്യം, ഈ ഭൂപരിഷ്കരണ നിയമത്തിൽ ഒരു ചെറിയ അമെന്റ്മെന്റ് വരുത്തിക്കൊണ്ട് ഇതുപോലെയുള്ള ചെറിയ ഹോൾഡിംഗ്സിന് പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കുകയും അവരെ 'തോട്ടം' എന്ന നിലയിൽനിന്ന് മാറ്റി 'പുരയിട'മാക്കുകയും ചെയ്യണം. അതുപോലെ സെറ്റിൽമെന്റ് രജിസ്റ്റർ ഇപ്പോൾ കിട്ടാനില്ല. അങ്ങയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ 15-ാം തീയതി അദാലത്ത് വച്ചിരിക്കുകയാണ്. ആ അദാലത്തിൽ എന്ത് ചെയ്യാനാണ്; ഒരു മാർഗ്ഗവുമില്ല. അദാലത്ത് ഒരു വിഷയമായി മാറിയില്ല. അതുകൊണ്ട് ഈ രീതിയിലുള്ള ആളുകളുടെ ഹോൾഡിംഗിന് പട്ടയം കൊടുക്കാനും അല്ലെങ്കിൽ പട്ടയം കൊടുക്കുന്നത് പുരയിടമാക്കി മാറ്റാനുമുള്ള പരിഷ്കരണം ഭൂപരിഷ്കരണ നിയമത്തിലുണ്ടാക്കണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പി. സി. ജോർജ് ഉന്നയിച്ച വിഷയം ഇതിനുമുമ്പും സഭയിൽ ഉയർന്നുവന്നിട്ടുള്ളതാണ്. അതുസംബന്ധിച്ച് ഞാൻ അന്നും മറുപടി നൽകിയിട്ടുള്ളതാണ്. തോട്ടം എന്ന് രേഖപ്പെടുത്തിയത് ഒരാളിന്/കുടുംബത്തിന് കൈവശം വയ്ക്കാവുന്ന 15 ഏക്കറിനകത്ത് വരുന്ന ഭൂമി അവർ വീതംവച്ച് കൊടുക്കുകയോ അതിന്റെ അവകാശികളായി വന്നവർക്ക് തോട്ടം എന്ന് രേഖപ്പെടുത്തിയതുകൊണ്ടുമാത്രം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയും ചെയ്യുന്നുണ്ടെങ്കിൽ അത് പരിശോധിക്കാമെന്ന് പറഞ്ഞിരുന്നു. അതുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലാ കളക്ടർക്ക് നൽകിയ

നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആ വിഷയങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അദാലത്ത് ഉൾപ്പെടെ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ബഹുമാനപ്പെട്ട പാലാ മെമ്പർ കഴിഞ്ഞ ദിവസം ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിനെത്തുടർന്ന് ഞാൻ അക്കാര്യം ചൂണ്ടിക്കാണിച്ചതുമാണ്. ബഹുമാനപ്പെട്ട പി. സി. ജോർജ് പറയുന്നതനുസരിച്ച് എങ്ങനെയാണ് നടപ്പാക്കാൻ സാധിക്കുക; അങ്ങനെയൊരു ഭേദഗതികൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വളരെ വ്യക്തമാണ്. 15 ഏക്കറിൽ കവിഞ്ഞ ഭൂമി കൈവശമുള്ളവർക്ക് ആ 15 ഏക്കറിന് മുകളിലുള്ള ഭൂമി തോട്ടം എന്നതിന്റെ പരിധിയിൽനിന്ന് ഒഴിവാക്കപ്പെടുന്നതാണ്. അങ്ങനെ ലഭിച്ചിട്ടുള്ള ഭൂമി ഉൾപ്പെടെ മക്കൾക്കും മക്കളുടെ മക്കൾക്കുമെല്ലാം വീതംവച്ച് നൽകുമ്പോഴുണ്ടാകുന്ന ഓഹരിയുടെ അടിസ്ഥാനത്തിൽ അത് ഒരേക്കറോ അര ഏക്കറോ ഒക്കെയാകുമ്പോൾ അതിനെ റെഗുലറൈസ് ചെയ്ത് അല്ലെങ്കിൽ അതിനെക്കൂടി നിയമവിധേയമാക്കി നൽകുന്നതിനെക്കുറിച്ചാണ് ശ്രീ. പി. സി. ജോർജ് പറയുന്നത്. അങ്ങനെയാണെങ്കിൽ നമ്മുടെ സംസ്ഥാനത്ത് തോട്ടം ഉണ്ടാകുകയില്ല, തോട്ടം/പ്ലാന്റേഷൻ എന്ന കാഴ്ചപ്പാടുതന്നെ അവസാനിച്ചുപോകും. പ്ലാന്റേഷനുവേണ്ടിയാണ് ആ എക്സംപ്ഷൻ നൽകിയത്. ശ്രീമതി കെ. ആർ. ഗൗരിയമ്മയും പി. ടി. ചാക്കോയും കെ. ചന്ദ്രശേഖരനുമൊക്കെ 1957-ലും 1963-ലും ഭൂപരിഷ്കരണ ബിൽ പാസ്സാക്കുമ്പോൾ ഉണ്ടായിരുന്നവരാണ്. തോട്ടങ്ങൾ നിലനിർത്തുന്നതിലൂടെ നമ്മുടെ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ കണക്കിലെടുത്തും ആ മേഖലകളിൽ ജോലി ചെയ്യുന്ന ലക്ഷക്കണക്കായ തോട്ടം തൊഴിലാളികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുംവേണ്ടിയാണ് തോട്ടങ്ങൾ നിലനിർത്തണമെന്ന് തീരുമാനിച്ചതെന്ന് എല്ലാവർക്കുമറിയാം. പ്ലാന്റേഷൻ പൂർണ്ണമായും ഇല്ലാതാക്കാനുള്ള ഒരു നടപടിക്ക് തുടക്കംകുറിക്കുന്ന തരത്തിലാണ് ബഹുമാന്യനായ പി.സി. ജോർജ് ഇപ്പറഞ്ഞ രീതിയിലൊരു ഭേദഗതി വേണമെന്ന് പറയുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, അല്ല. അങ്ങ് തെറ്റിദ്ധരിച്ച് പറയുന്നതാണ്. തോട്ടം തോട്ടമായി നിലനിൽക്കണമെന്ന് ആഗ്രഹമുണ്ട്. പക്ഷെ ഭൂമിയെല്ലാം രണ്ട് ഏക്കറോ അഞ്ച് ഏക്കറോ അര ഏക്കറോ ആയി വിഭജിക്കപ്പെട്ടുപോയി. അവിടെ റബ്ബർ ഇല്ല, മറ്റ് കൃഷികളാണ് ചെയ്യുന്നത്. അങ്ങനെയുള്ള സ്ഥലങ്ങളിൽ അവർക്ക് സംരക്ഷണം നൽകുന്ന രീതിയിൽ നിയമമാറ്റമുണ്ടാകണമെന്നാണ് ഞാൻ പറഞ്ഞത്. അല്ലാതെ ഈ രാജ്യത്തുള്ള മുഴുവൻ റബ്ബർത്തോട്ടങ്ങളും തകർത്ത് തൊഴിലാളികളെ ഇല്ലാതാക്കണമെന്ന് പറയുന്നില്ല. അങ്ങ് അത് മനസ്സിലാക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ആവർത്തിച്ച് പറഞ്ഞപ്പോൾ ഒരു കാര്യം വ്യക്തമായി. അത്തരമൊരു ഭേദഗതിയിലൂടെ അവശേഷിക്കുന്നതെല്ലാം ഇല്ലാതാക്കാനുള്ള സാഹചര്യംകൂടി സൃഷ്ടിക്കപ്പെടുമെന്നതാണ് ചുരുക്കം. കേരള ഭൂപരിഷ്കരണ ആക്ട് കാലോചിതമായി പരിഷ്കരിക്കുന്നതിനെക്കുറിച്ചാണ് അദ്ദേഹത്തിന്റെ സബ്മിഷനിൽ പറഞ്ഞിരുന്നത്. കേരള ഭൂപരിഷ്കരണ ആക്ട് പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത ആക്ടിലെ 7 (ഇ), 81 എന്നീ വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 1963-ലെ കേരള ഭൂപരിഷ്കരണ ആക്ടിന്റെ പ്രാരംഭ തീയതിയായ 01-04-1964-നും 2005-ലെ കേരള ഭൂപരിഷ്കരണ ഭേദഗതി ആക്ടിന്റെ പ്രാരംഭ തീയതിയായ 18-10-2006-നും ഇടയിൽ നിയമപ്രകാരം അനുവദനീയമായ ഭൂപരിധിയിലും കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്ന ഒരാളിൽനിന്നും ഒരു വ്യക്തിയോ അല്ലെങ്കിൽ അവകാശബന്ധമുള്ള അയാളുടെ മുൻഗാമിയോ പ്രതിഫലം നൽകി നാല് ഏക്കർ വരെയുള്ള ഭൂമി കൈവശം വയ്ക്കുന്നവരെ കൽപ്പിത കുടിയാനായി പരിഗണിച്ച് അവർക്ക് 7 (ഇ) വകുപ്പ് പ്രകാരമുള്ള സർട്ടിഫിക്കറ്റ് ഓഫ് ടൈറ്റിൽ നൽകുന്നുണ്ട്. എന്നാൽ അങ്ങനെ ടൈറ്റിൽ നൽകുന്ന ഭൂമി അർഹതയില്ലാത്ത ഒരാളിനാണ് ലഭിക്കുന്നതെങ്കിൽ ആയതിന് അപ്പീൽ നൽകുന്നതിന് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. ഈ സാഹചര്യത്തിലാണ് 7 (ഇ) വകുപ്പിനെക്കൂടി ആക്ടിന്റെ അപ്പീൽ വ്യവസ്ഥകൾ പ്രതിപാദിച്ചിട്ടുള്ള 102-ാം വകുപ്പിൽ ഉൾപ്പെടുത്തി ആക്ട് ഭേദഗതി ചെയ്യാൻ തീരുമാനിച്ചത്. 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 81-ാം വകുപ്പിലാണ് ഭൂപരിധി വ്യവസ്ഥകളിൽനിന്നും ഒഴിവ് നൽകുന്നതുസംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം ഒഴിവ് അനുവദിച്ച് നൽകുന്ന ഭൂമി തുണ്ടുകളാക്കി വിൽപ്പന നടത്തുകയോ അല്ലാതെയോ കൈമാറ്റം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ കൈമാറ്റം ചെയ്യുന്ന ഭൂമി ഒഴിവ് അനുവദിച്ച ആവശ്യങ്ങൾക്കല്ലാതെ ഉപയോഗിക്കുകയാണെങ്കിൽ അത്രയും വിസ്തീർണ്ണം ഭൂമി കൈമാറ്റം ചെയ്ത് നൽകിയ ആളുടെ അക്കൗണ്ടിൽപ്പെടുത്തി പരിധിയിലധികം ഭൂമിയുണ്ടെങ്കിൽ ആയത് ഏറ്റെടുക്കുന്ന വ്യവസ്ഥയാണ് നിലവിലുള്ള നിയമത്തിലുള്ളത്. എന്നാൽ അപ്രകാരം ഏറ്റെടുക്കുന്നതി നാവശ്യമായത്ര ഭൂമി വിൽപ്പന നടത്തിയ ആളിന്റെ കൈവശം ഇല്ലാതിരിക്കുന്നതുകാരണവും നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം കാരണവും അപ്രകാരമുള്ള നടപടിക്കൾക്കെതിരെയുള്ള ബഹുമാനപ്പെട്ട കോടതികളുടെ സ്റ്റേ ഉത്തരവുകൾ കാരണവും ഭൂമി ഏറ്റെടുക്കുന്നതിന് കഴിയാതിരിക്കുകയോ വലിയ കാലതാമസമുണ്ടാകുകയോ

ചെയ്യുന്നു. ആയതിനാൽ പ്രത്യേക ആവശ്യങ്ങൾക്കായി ഒഴിവ് നൽകുന്ന ഭൂമി തുണ്ടുകളാക്കി കൈമാറ്റം ചെയ്യുന്നതും കൈമാറ്റത്തിലൂടെ ഭൂമി ആർജ്ജിക്കുന്നയാൾ പ്രസ്തുത ഭൂമി മറ്റ് ആവശ്യത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നത് വർദ്ധിച്ചുവരുന്നതിനാൽ പ്ലാന്റേഷനുവേണ്ടി ഒഴിവ് നൽകിയ ഭൂമി കുറഞ്ഞുവരുന്ന അവസ്ഥയുണ്ട്. അതിനൊരു പരിഹാരമെന്ന നിലയിലാണ് ഒഴിവ് നൽകിയ ഭൂമി തുണ്ടുകളായി വിൽപ്പന നടത്തുമ്പോൾ പ്രസ്തുത ഭൂമി അതേ ആവശ്യത്തിനുതന്നെ ഉപയോഗിക്കാതിരിക്കുകയാണെങ്കിൽ ആയത് സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്ന തരത്തിലുള്ള വ്യവസ്ഥ ഭൂപരിഷ്കരണ ആക്ടിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. അതിനുള്ള നടപടികളാണ് നടന്നുവരുന്നത്.

## (5) വാമനപുരം ഇറിഗേഷൻ പ്രോജക്ട്

ശ്രീ. സി. ദിവാകരൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വളരെ ചെറിയൊരു പ്രശ്നമാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു വർഷമായി ഈ മന്ത്രിസഭയുടെ രണ്ട് മന്ത്രിമാർ വിളിച്ച എല്ലാ സ്ഥലത്തും ഞാൻ പോയി. ചെറിയ ഒരു പേപ്പർ വർക്ക് മാത്രമാണുള്ളത്. ഒരു കൊല്ലമായി അതിന് കഴിഞ്ഞിട്ടില്ല. നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ദീർഘനാളുകളായി ഉപയോഗശൂന്യമായി കിടക്കുന്ന വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ ഭൂമിയിൽ ടൂറിസം വകുപ്പ് മുഖാന്തരം ഒരു tourism motal സ്ഥാപിക്കുന്നതിന് 06-12-2018-ന് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും കൂടിയ യോഗത്തിൽ തീരുമാനിച്ചു. ഇതുസംബന്ധിച്ച് 24-07-2019-ൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം വകുപ്പിൽത്തന്നെ നിലനിർത്തി ടൂറിസം പദ്ധതിയുടെ ലാഭവിഹിതം ഇറിഗേഷൻ വകുപ്പിനുകൂടി ലഭ്യമാകുന്ന തരത്തിൽ ഉപയോഗാനുമതി ലഭ്യമാക്കാൻ തീരുമാനിച്ചു. ഇത്രയുംകാലം കഴിഞ്ഞിട്ടും സാങ്കേതിക കാരണങ്ങൾ പറഞ്ഞ് നടപടികൾ പൂർത്തിയായിട്ടില്ല. ഇനിയും ഉപയോഗാനുമതി നൽകുന്നതിൽ കാലതാമസം നേരിട്ടാൽ പദ്ധതിയുടെ ഒന്നാംഘട്ടംപോലും ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തിയാക്കാൻ സാധിക്കാതെ വരും. ഈ സാഹചര്യത്തിൽ തീരുമാനിച്ച പ്രകാരമുള്ള നടപടി സ്വീകരിച്ച് പദ്ധതി പൂർത്തിയാക്കുക അല്ലെങ്കിൽ നിഷേധിക്കുക. ഇത് രണ്ടിൽ ഏതെങ്കിലുമൊന്ന് ചെയ്യണം. ഞാൻ ഇനി ഈ വിഷയം സഭയിൽ പറയാൻ ഉദ്ദേശിക്കുന്നില്ല.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ കൈവശമുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയിൽ ടൂറിസം വകുപ്പ് മുഖാന്തരം ഒരു tourism motel സ്ഥാപിക്കുന്ന വിഷയത്തിൽ 24-7-2019-ന് എന്റെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും യോഗം ചേരുകയുണ്ടായി. അതിൻപ്രകാരം 1.53 ഏക്കർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജലവിഭവ വകുപ്പിൽത്തന്നെ നിലനിർത്തി ടൂറിസം പദ്ധതിയുടെ ലാഭവിഹിതം ഇറിഗേഷൻ വകുപ്പിനുംകൂടി ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ നെടുമങ്ങാട് വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ അധീനതയിലുള്ള സ്ഥലത്ത് ടൂറിസം പ്രോജക്ട് ആരംഭിക്കുന്നതിന് ഭൂമി നൽകാൻ തീരുമാനിക്കുകയുണ്ടായി. ലാഭം എങ്ങനെ വീതിക്കണമെന്നത് സംബന്ധിച്ച് പദ്ധതി വിഭാഗം (II), ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസലിൽ എഗ്രിമെന്റ് കണ്ടീഷനിൽ വ്യക്തത വരുത്തി ആവശ്യമായ ഭേദഗതിയോടുകൂടി സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം (II)-ന് നിർദ്ദേശം നൽകുകയുണ്ടായി. ആയത് ലഭ്യമാക്കി അടിയന്തരനടപടി സ്വീകരിക്കുന്നതാണ്. ഇപ്പോഴല്ല, കൃത്യമായ ഡേറ്റ് ആലോചിച്ച് പറയാം.

## (6) മലയോര പ്രദേശങ്ങളിലെ യാത്രാക്ലേശം

ശ്രീ. ഐ. ബി. സതീഷ്: സർ, മലയോര പ്രദേശമായ കാട്ടാക്കട താലൂക്ക് ഉൾപ്പെടുന്ന എന്റെ മണ്ഡലത്തിൽ രൂക്ഷമായ യാത്രാക്ലേശമാണ് നിലനിൽക്കുന്നത്. വരുമാനക്കുറവ് കാരണം ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതാണ് യാത്രാക്ലേശം രൂക്ഷമാക്കുന്നത്. താലൂക്ക് ആസ്ഥാനമായ കാട്ടാക്കട ഡിപ്പോയിൽ 84 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്ന സ്ഥാനത്ത് ഇപ്പോൾ 68 ഷെഡ്യൂളുകൾ മാത്രമാണ് ഓപ്പറേറ്റ് ചെയ്യുന്നത്. കിഴക്കേക്കോട്ട, പാപ്പനംകോട് ഡിപ്പോയിലെ സർവ്വീസുകളും വെട്ടിക്കുറച്ചിട്ടുണ്ട്. പല റൂട്ടുകളിലും വരുമാനം കുറയുന്നത് ഓഫീസ്/സ്കൂൾ സമയത്ത് കൃത്യമായി ബസുകൾ എത്തിച്ചേരാത്തതും സ്ഥിരമായി ട്രിപ്പുകൾ മുടങ്ങുന്നതും കാരണമാണ്. സ്വകാര്യ ബസ് സർവ്വീസുകളില്ലാത്ത, അന്തർ സംസ്ഥാന സർവ്വീസുകളില്ലാത്ത പ്രദേശങ്ങളിൽ യാത്രക്കാരില്ല, വരുമാനം കുറവാണെന്ന തരത്തിൽ യാന്ത്രികമായി വെട്ടിക്കുറച്ച ഷെഡ്യൂളുകൾ പുനരാരംഭിക്കുകയും യാത്രക്കാർ ഏറെയുള്ള പ്രദേശങ്ങളിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുകയും ചെയ്യണം. തമിഴ്നാട് വിജയകരമായി നടപ്പാക്കിയ ഒരു മാതൃകയുണ്ട്, വലിയ ബസുകൾക്ക് എത്താൻ പറ്റാത്ത ഇടറോഡുകളിൽ മിനി ബസ് സർവ്വീസുകൾ ആരംഭിച്ച് യാത്രക്കാരെ പ്രധാന കേന്ദ്രങ്ങളിലെത്തിക്കുന്ന സംവിധാനം ആരംഭിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ഐ. ബി. സതീഷിന്റെ മണ്ഡലവുമായി ബന്ധപ്പെട്ട ഡിപ്പോകളിൽ ബസ് സർവ്വീസുകൾ കാര്യക്ഷമമായി നടക്കുന്നില്ലെന്ന പരാതിയാണ് ഉന്നയിച്ചിരിക്കുന്നത്. കാട്ടാക്കട ഡിപ്പോയിൽ 68 സർവ്വീസുകൾ നടത്താനാണ് അനുമതി നൽകിയിട്ടുള്ളത്. അതിനായി 75 ബസുകൾ ലഭ്യമാക്കിയിട്ടുണ്ട്. കാട്ടാക്കട ഡിപ്പോയിൽനിന്ന് ഒരു സർവ്വീസും നിർത്തലാക്കിയിട്ടില്ല. എന്നാൽ അവിടെ മുമ്പ് നിർത്തലാക്കിയിരുന്ന കൊറ്റംപള്ളി, കാട്ടാക്കട, കീഴാറൂർ എന്നീ സർവ്വീസുകൾ ബഹുമാനപ്പെട്ട എം.എൽ.എ. ഇടപെട്ടതിന്റെ ഫലമായി പുനരാരംഭിച്ച് സർവ്വീസ് നടത്തിവരുന്നുണ്ട്. അതുപോലെ കാട്ടാക്കട-കുരുതംകോട് സർവ്വീസ് മൂന്നാറ്റുമുക്ക്-ഒറ്റശേഖരമംഗലം വരെയും കാട്ടാക്കട-മെഡിക്കൽ കോളേജ് ഫാസ്റ്റ് പാസഞ്ചർ ആറ്റിങ്ങൽ വരെയും നീട്ടുകയുണ്ടായി. കാട്ടാക്കട-ചെമ്പൂര്-ചെമ്പകപ്പാറ റൂട്ടിൽ 12 ട്രിപ്പുകളുൾപ്പെടുത്തി ഒരു ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് പുതിയതായി ആരംഭിച്ചിട്ടുണ്ട്. മറ്റ് ഷെഡ്യൂളുകളൊന്നുംതന്നെ റദ്ദാക്കിയിട്ടില്ല. കാട്ടാക്കട ഡിപ്പോയ്ക്കുപുറമെ സമീപ ഡിപ്പോകളിൽനിന്നും കാട്ടാക്കട നിയോജകമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് സർവ്വീസുകൾ ക്രമീകരിച്ച് നടത്തിക്കൊണ്ടിരിക്കുകയാണ്. നെയ്യാറ്റിൻകര, ആര്യനാട്, വിഴിഞ്ഞം, വെള്ളറട, പൂവാർ, വെള്ളനാട് എന്നീ ഡിപ്പോകളിൽനിന്നും കാട്ടാക്കട ഡിപ്പോകളിൽ കൃത്യമായ ഇടവേളകളിൽ യാത്രക്കാരുടെ ആവശ്യാനുസരണം ചെയിൻ സർവ്വീസും നടത്തിവരുന്നുണ്ട്. പാപ്പനംകോട് ഡിപ്പോയിൽനിന്നും കാട്ടാക്കട നിയോജക മണ്ഡലമുൾപ്പെടുന്ന പ്രദേശങ്ങളിൽ മുമ്പ് സർവ്വീസ് നടത്തിയിരുന്നതും എന്നാൽ പിന്നീട് നിർത്തിവച്ചിരുന്നതുമായ ഭഗവതിനട, മൂക്കുന്നിമല, വെള്ളാപ്പള്ളി, എരുത്താവൂർ, ചെറുകോട്, കാട്ടാക്കട എന്നീ സർവ്വീസുകൾ എം.എൽ.എ.യുടെ ആവശ്യപ്രകാരം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ യാത്രക്കാർ തീരെക്കുറവായ മുക്കമ്പാലമൂട്, കാട്ടുവിള, ചെറുകോട്, വിളപ്പിൽശാല, കരുവിലാഞ്ചി, പേയാട്, അരുവിപ്പുറം, പുളിയറക്കോണം എന്നീ സർവ്വീസുകൾ വളരെ നാളുകൾക്കുമുമ്പുതന്നെ നിർത്തിവച്ചതാണ്. തിരുവനന്തപുരം സിറ്റി ഡിപ്പോയിൽനിന്നും കാട്ടാക്കട മണ്ഡലവുമായി ബന്ധപ്പെട്ട് ഓപ്പറേറ്റ് ചെയ്തുവരുന്ന ഏതാനും സർവ്വീസുകൾ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. സാമ്പത്തിക പ്രയാസത്തിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി., പ്രവർത്തനച്ചെലവിനു പോലും വരുമാനം ലഭിക്കാത്തവിധത്തിലുള്ള സർവ്വീസുകൾ ഈ സർക്കാർ

വന്നതിനുശേഷം പുനഃക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം സർവ്വീസുകളിലെ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമായ ട്രിപ്പുകൾ നിലനിർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതാണ്. പുതിയതായി സർവ്വീസുകൾ വേണമെന്ന ആവശ്യം സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം പരിഗണിക്കുന്നതാണ്.

(7) വിദ്യാഭ്യാസ വായ്പ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വിദ്യാഭ്യാസ ലോണിന്റെ തിരിച്ചടവുമായി ബന്ധപ്പെട്ട പ്രതിസന്ധിയാണ് ഞാൻ സഭയിൽ സബ്മിഷനായി ഉന്നയിക്കുന്നത്. പഠനാവശ്യത്തിനായി നിരവധി വിദ്യാർത്ഥികൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വിദ്യാഭ്യാസ ലോൺ പല കാരണങ്ങളാൽ തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. 2017-ൽ ഇക്കാര്യം ഗവൺമെന്റ് വിലയിരുത്തിയതാണ്. നോട്ട് നിരോധനം, കാർഷിക മേഖലയിലെ പ്രതിസന്ധി, പ്രളയം, മാരക രോഗങ്ങൾ എന്നീ കാരണങ്ങൾകൊണ്ടും പഠനം കഴിഞ്ഞിട്ടും തൊഴിൽ ലഭിക്കാത്ത സാഹചര്യമുള്ളതുകൊണ്ടും അവർക്ക് ലോൺ തിരിച്ചടയ്ക്കാൻ സാധിക്കുന്നില്ല. 2017-ൽ 900 കോടി രൂപയുടെ പദ്ധതി ഇതിനുവേണ്ടി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. 40 ശതമാനം തുക വിദ്യാർത്ഥികൾ അടച്ചാൽ 60 ശതമാനം തുക ഗവൺമെന്റ് ഏറ്റെടുത്ത് ആ ബാധ്യതയിൽനിന്നും അവരെ ഒഴിവാക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. 40 ശതമാനം തുക അടച്ച് കാത്തിരിക്കുന്ന നിരവധി വിദ്യാർത്ഥികളുണ്ട്. ഗവൺമെന്റ് കൊടുക്കേണ്ട 60 ശതമാനം തുക കൊടുത്തിട്ടില്ല. അതുകൊണ്ട് ഇന്ന് വിവിധ ധനകാര്യ സ്ഥാപനങ്ങൾ ഈ വിദ്യാർത്ഥികളുടെ പേരിൽ ജപ്തി നടപടി സ്വീകരിക്കുകയാണ്; അതോടൊപ്പം അവർ കോടതിയിൽ കേസ്സാക്കുകയുമാണ്. തൊഴിലില്ലാത്തതുകൊണ്ടും കാലവർഷക്കെടുതിയിൽ കുടുംബത്തിലെ കൃഷി നശിച്ചതുകൊണ്ടും പാവപ്പെട്ട വിദ്യാർത്ഥികൾ നേരിടുന്ന വിവിധ പ്രതിസന്ധികൾ ഗവൺമെന്റ് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളണം. എല്ലാ ലോണുകളുമല്ല, പഠനാനന്തരം ജോലി ലഭിച്ച വിദ്യാർത്ഥികളുണ്ട്. അവർ ലോണടയ്ക്കുന്നില്ല. ഇപ്പോൾ ബാങ്കുകൾ വിദ്യാഭ്യാസ ലോൺ കൊടുക്കാറില്ല. എടുത്ത ലോൺ വിദ്യാർത്ഥികൾ അടയ്ക്കുന്നില്ലെന്നാണ് ബാങ്കുകൾ പറയുന്നത്. ഓരോ കുടുംബത്തിന്റെയും പശ്ചാത്തലം പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ലോൺ തിരിച്ചടയ്ക്കാൻ കഴിയുന്ന കുടുംബത്തിലെ വിദ്യാർത്ഥികളെക്കൊണ്ട് ലോൺ അടപ്പിച്ച് പ്രതിസന്ധി നേരിടുന്ന കുടുംബത്തിലെ വിദ്യാർത്ഥികളെ ഇതിൽനിന്നും ഒഴിവാക്കുന്നതിനുവേണ്ട നടപടി ഗവൺമെന്റ് കൈക്കൊള്ളണമെന്നാണ് ഈ സബ്മിഷനിൽക്കൂടി ഞാൻ

ആവശ്യപ്പെടുന്നത്. മറ്റൊരു വിഷയം, നഴ്സിംഗ് കൂടാതെ മറ്റ് കോഴ്സുകൾ പഠിക്കുന്നതിനും ലോണെടുത്തിട്ടുണ്ട്. അതും ഈ 900 കോടി രൂപയുടെ പരിധിയിൽ കൊണ്ടുവന്ന് 40 ശതമാനം തുക വിദ്യാർത്ഥികൾ അടയ്ക്കുമ്പോൾ 60 ശതമാനം ഗവൺമെന്റ് അടച്ചുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. വയനാട്ടിൽ നൂറുകണക്കിന് കുട്ടികളുണ്ട്. അവിടെ വലിയ പ്രതിസന്ധിയാണ് നിലനിൽക്കുന്നത്. കാൻസർ, കിഡ്നി, ഹാർട്ട് സംബന്ധമായ അസുഖങ്ങൾ എന്നിവ പിടിപെട്ട പല കുടുംബങ്ങളിലെയും കുട്ടികൾക്കും കാലവർഷക്കെടുതിയിൽ മണ്ണിടിച്ചിൽമൂലം കൃഷിനാശം സംഭവിച്ച കുടുംബങ്ങളിലെ കുട്ടികൾക്കും ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഗവൺമെന്റ് ഇക്കാര്യം പരിശോധിച്ച് ഇവരുടെ ലോൺ ഏറ്റെടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഈ സർക്കാരിന്റെ ആദ്യത്തെ ബഡ്ജറ്റിൽ മറ്റൊരു സംസ്ഥാനത്തുമില്ലാത്ത ഒരു വിദ്യാഭ്യാസ വായ്പാ സഹായ പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. അതുപ്രകാരം 2012 മുതൽ 2016 വരെയുള്ള കാലയളവിൽ തിരിച്ചടവ് വരുന്ന നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പകളിൽ 2016 മുതൽ 2020 വരെയുള്ള നാല് വർഷക്കാലയളവിൽ വാർഷിക തിരിച്ചടവ് തുകയുടെ 90, 75, 50, 25 എന്നീ നിരക്കുകളിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം നൽകുന്നുണ്ട്. നിഷ്ക്രിയ ആസ്തിയാകാതിരിക്കാൻവേണ്ടി സർക്കാർ നൽകുന്ന സഹായമാണത്. 2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി മാറിയിട്ടുള്ളതും 2016-ന് ശേഷം നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്യുന്ന 4 ലക്ഷം രൂപവരെയുള്ള വിദ്യാഭ്യാസ വായ്പകളുടെ 60 ശതമാനം തുക സർക്കാർ നൽകുന്നു. പലിശയും ബാങ്ക് ഇളവും നൽകിക്കൊണ്ട് ബാങ്ക് വായ്പ അക്കൗണ്ട് ക്ലോസ് ചെയ്യാൻ സഹായിക്കുന്നു. 2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി മാറിയിട്ടുള്ളതും 2016-ന് നിഷ്ക്രിയ ആസ്തിയായി തുടരുന്നതുമായ കുടിശ്ശിക മുതലിന്റെ 50 ശതമാനം പരമാവധി 2,40,000 രൂപ വരെ തിരിച്ചടവ് സർക്കാർ നൽകുന്നു. വായ്പയുടെ മേലുള്ള മുഴുവൻ പലിശയും പിഴപ്പലിശയും ഇളവ് ചെയ്യുന്നതിന് ബാങ്കുകൾ തയ്യാറാകുന്ന പക്ഷം പഠനകാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടംമൂലമോ അസുഖംമൂലമോ മരണപ്പെട്ടുപോയ വിദ്യാർത്ഥികളുടെ 31-03-2016-നകം എടുത്ത വിദ്യാഭ്യാസ വായ്പയുടെ മുഴുവൻ തുകയും തിരിച്ചടവ് തീയതി, അനുവദിച്ച ലോൺ തുക,

ലോൺ അക്കൗണ്ടിന്റെ തരം എന്നിവ പരിഗണിക്കാതെ സർക്കാർ വഹിക്കുന്നു. പ്രസ്തുത പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം നഴ്സിംഗ് ഇതര കോഴ്സുകളിൽ മെരിറ്റ് അടിസ്ഥാനത്തിൽ കുറഞ്ഞ ഫീസിൽ അഡ്മിഷൻ ലഭിച്ചവർക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. നഴ്സിംഗ് കോഴ്സുകളിൽ മെരിറ്റിന് പുറമെ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ചവർക്കും പദ്ധതിയുടെ ആനുകൂല്യം നൽകും. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിന്മേലുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി സജ്ജീകരിച്ചിട്ടുള്ള പോർട്ടൽ വഴി 2018 വരെ അപേക്ഷ സ്വീകരിച്ചിരുന്നു. ഇതനുസരിച്ച് 78,062 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 5512 എണ്ണം യോഗ്യമല്ലാത്തതിനാൽ നിരസിക്കപ്പെട്ടിരുന്നു. കൂടാതെ 30,041 അപേക്ഷകൾ വിവിധ അപാകതകളാൽ താൽക്കാലികമായി നിരസിക്കപ്പെട്ടിരുന്നു. ബാക്കിയുള്ള 42,509 അപേക്ഷകളിൽ പദ്ധതി മാനദണ്ഡങ്ങളനുസരിച്ച് ബാങ്ക് പരിശോധിച്ച് എസ്.എൽ.ബി.സി.-യുടെ ശിപാർശയോടെ സർക്കാരിന് സമർപ്പിച്ച 19,091 അപേക്ഷകളിൽ 195.57 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതികൾ സമർപ്പിച്ചിട്ടുള്ള ബാക്കി അപേക്ഷകൾ വിവിധ തലങ്ങളിൽ പരിശോധനയിലാണ്. ടി അപേക്ഷകൾ ബാങ്കുകൾ പരിശോധിച്ച് എസ്.എൽ.ബി.സി. ശിപാർശയോടെ സർക്കാരിന് ലഭ്യമാകുന്ന മുറയ്ക്കാണ് സർക്കാർ വിഹിതം അനുവദിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നത്. 2017-18-ൽ 2.9 കോടി രൂപയും 2018-19-ൽ 153.8 കോടി രൂപയും 2019-20 പതിനൊന്നാം മാസം വരെ 38.8 കോടി രൂപയും ചേർത്ത് ഇതുവരെ ആകെ 195.6 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കാലതാമസം വരുന്നുണ്ട്. അത് ബാങ്ക് അധികൃതരുമായി ചർച്ച ചെയ്ത് സ്പീഡ്അപ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(8) അപ്രോച്ച് റോഡ് നവീകരണം

ശ്രീ. സി. മമ്മൂട്ടി: സർ, തിരൂരിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് തീർക്കുന്നതിനുവേണ്ടി നിലവിലുള്ള ആർ.ഒ.ബി.-ക്ക് സമാന്തരമായി ഒരു ആർ.ഒ.ബി. നിർമ്മിക്കാനായി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനിക്കുകയും അതനുസരിച്ച് നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. മൂന്ന് വർഷമായി റെയിൽവേ ആ പണി പൂർത്തിയാക്കി ഏൽപ്പിച്ചതിനുശേഷം അതിന്റെ

അപ്രോച്ച് റോഡിന് ഏതാണ്ട് 2.90 കോടി രൂപ ആവശ്യമായി വരുമെന്ന് കണ്ടതിനെത്തുടർന്ന് രണ്ടരവർഷം മുമ്പ് പ്രൊപ്പോസൽ ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. അതിനെത്തുടർന്ന് ഞാൻ ഈ വിഷയം അങ്ങയോട് നേരിട്ടും അല്ലാതെയും സബ്മിഷനിലൂടെയും ശക്തമായി ഉന്നയിച്ചിരുന്നു. സാമ്പത്തിക പ്രയാസങ്ങളാൽ ഇതുവരെ പണം അനുവദിക്കാത്തതുകൊണ്ടും അപ്രോച്ച് റോഡ് നിർമ്മാണത്തിന് നടപടി സ്വീകരിക്കാത്തതുകൊണ്ടും അവിടെ ഗതാഗതക്കുരുക്ക് രൂക്ഷമായിരിക്കുകയാണ്. അവിടെ നാലുവരി പാതയുടെ അത്രയും വീതിയുണ്ട്. രണ്ടുഭാഗത്തുനിന്നും വാഹനങ്ങൾ വന്ന് പാലത്തിന്റെ അടുത്ത് എത്തുമ്പോഴേയ്ക്കും അത് രണ്ടുവരിയായി ചുരുങ്ങുന്നതുകൊണ്ട് വലിയ ഗതാഗതക്കുരുക്കാണ് അനുഭവപ്പെടുന്നത്. ചമ്രവട്ടം പാലം ഉദ്ഘാടനം ചെയ്തശേഷം വാഹന ഗതാഗതം പത്തിരട്ടിയായി വർദ്ധിച്ചതിനെത്തുടർന്ന് നിരന്തരം വാഹനക്കുരുക്ക് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിനൊരു പരിഹാരമെന്ന നിലയ്ക്ക് അപ്രോച്ച് റോഡിനായി 2.90 കോടി രൂപ അനുവദിക്കുകയാണെങ്കിൽ ആ പണി എളുപ്പത്തിൽ പൂർത്തിയാക്കാനും ഗതാഗതക്കുരുക്ക് പൂർണ്ണമായും തീർക്കാനും കഴിയും. ഈ സാഹചര്യത്തിൽ അങ്ങ് ആവശ്യമായ ഫണ്ട് അനുവദിച്ചുകൊണ്ട് പ്രശ്നം പരിഹരിക്കുന്നതിന് സഹായിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ വളരെ ഗൗരവമായിട്ടുള്ള ഒരു വിഷയമാണ് ഉന്നയിച്ചിരിക്കുന്നത്. അതിൽ അനുകൂലമായ നിലപാട് സർക്കാർ സ്വീകരിക്കുന്നതാണെന്ന് ഞാൻ വ്യക്തമാക്കുകയാണ്. അതിൽ 50 കോടി രൂപയുടെ ഫ്ലൈ ഓവറിനുള്ള പണം കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ അപ്രോച്ച് റോഡ് നിർമ്മാണത്തിനുള്ള 2.9 കോടി രൂപയുടെ പദ്ധതി ഉൾപ്പെടെ 14 റോഡുകളുടെ നവീകരണത്തിനുള്ള അനുമതി നൽകണമെന്ന് ബഹുമാനപ്പെട്ട അംഗം സി. മമ്മൂട്ടി നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഭരണവകുപ്പ് ശിപാർശ ലഭ്യമാക്കുകയുണ്ടായി. വെള്ളപ്പൊക്കത്തെത്തുടർന്നാണ് പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ ചെയ്യുന്നതിന് ശിപാർശ ലഭ്യമാക്കിയത്. ശിപാർശയിൽ പ്രസ്തുത റോഡുകൾ സംബന്ധിച്ച് പൊതുമരാമത്ത് (നിരത്ത്)

വിഭാഗം ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടില്ലാത്തതിനാൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് മുമ്പായി പ്രസ്തുത പ്രവൃത്തികൾ വെള്ളപ്പൊക്ക പാക്കേജിൽ ഇതിനോടകം തന്നെ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തിരൂർ സമാന്തര ആർ.ഒ.ബി. അപ്രോച്ച് റോഡിനാവശ്യമായ തുക അനുവദിക്കുന്നതാണ്.

## (9) വാർഷിക പദ്ധതി നിർവ്വഹണം

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ മണ്ഡലത്തിലെ ദേവികുളം ബ്ലോക്ക് പഞ്ചായത്ത് വളരെ പിന്നോക്ക മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. തോട്ടം മേഖലയും കാർഷിക മേഖലയുമാണ്. പഞ്ചായത്ത് പ്രസിഡന്റ് സീറ്റ് പട്ടികവർഗ്ഗ സംവരണ സീറ്റാണ്. ആ മേഖലകളിൽ പദ്ധതികൾ പ്രായോഗികമായി നടപ്പിലാക്കുന്ന കാര്യത്തിൽ വളരെയേറെ വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് പരിശോധിച്ചാൽ അറിയാൻ സാധിക്കും. കാര്യങ്ങൾ നല്ലതുപോലെ പരിശോധിക്കുകയും പഠിക്കുകയും ചെയ്യുന്ന ഒരാളാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി. അദ്ദേഹം ഇത് പഠിച്ചിട്ടുണ്ടാകും. കോകിലവാണി എന്ന വാർഡ് മെമ്പറുടെ വാർഡിൽ മൂന്ന് വർഷംകൊണ്ട് ഏതാണ്ട് 70 ലക്ഷം രൂപയാണ് ലാപ്സായത്. ഓരോ ബ്ലോക്ക് പഞ്ചായത്ത് വാർഡിലും ഒരംഗത്തിന് 70 ലക്ഷം രൂപ നഷ്ടപ്പെടുക എന്നുപറയുന്നത് അവിടത്തെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കും. ഒരു കാര്യം മാത്രമെ പറയുന്നുള്ളൂ. അവിടെ ഓവർസിയറും എ.ഇ.-യും എ.എക്സ്.ഇ.-യും ഉണ്ട്. എന്നാൽ എസ്.ഡി.എഫ്., എ.ഡി.എഫ്, നബാർഡ് തുടങ്ങിയ പദ്ധതികളുമായി ബന്ധപ്പെട്ട് റിവ്യൂ മീറ്റിംഗിന് വിളിച്ചാൽ അവർ വരാത്ത സ്ഥിതിയാണ്. താലൂക്ക് സഭയിലേയ്ക്ക് വരില്ല. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ബ്ലോക്ക് പഞ്ചായത്തുകളിലും മറയൂർ, കാന്തല്ലൂർ, മൂന്നാർ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലുമില്ല. റിവ്യൂ മീറ്റിംഗിന് ഹാജരാകാൻ കത്ത് കൊടുത്താൽപ്പോലും അവർ വരാറില്ല. ഈ മേഖലകളിലേയ്ക്ക് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ എത്തുന്നില്ല എന്നുള്ളൊരു പ്രശ്നമുണ്ട്. അത് പരിഹരിക്കുന്നതിന് അങ്ങ് ഇടപെട്ട് പ്രത്യേക യോഗം വിളിച്ചുചേർക്കുകയോ അല്ലെങ്കിൽ അവരെ ശിക്ഷാ നടപടികൾക്ക് വിധേയരാക്കി മറ്റാരെയെങ്കിലും അവിടെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ദേവികുളം ബ്ലോക്ക് പഞ്ചായത്ത് മുൻവർഷങ്ങളിൽ മികച്ച പ്രവർത്തനം നടത്തിയിരുന്ന ബ്ലോക്ക് പഞ്ചായത്താണ്. 2018-19 സാമ്പത്തിക വർഷം 98 ശതമാനം പദ്ധതി ചെലവ് ദേവികുളം പഞ്ചായത്ത് കൈവരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റ് അലോക്കേഷൻ 1239.44 ലക്ഷം രൂപയാണ്. പദ്ധതി ചെലവിൽ ഈ വർഷം വളരെ പുറകിൽ പോയിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. ഇതിനെത്തുടർന്ന് വകുപ്പുതലത്തിൽ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ 17-9-2019-നും 22-10-2019-നും വീഴ്ചകൾ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ 2.64 ലക്ഷം രൂപയുടെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്. ബഡ്ജറ്റ് അലോക്കേഷന് മോണിറ്ററി ക്ലിയറൻസ് സിസ്റ്റം വേണ്ടിവരുന്നതിനാൽ അത് ചെലവിനത്തിൽ വന്നിട്ടില്ല. ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ള ബില്ലുകൾ മാറുന്ന പക്ഷം 36 ശതമാനമായി അത് ഉയരുന്നതാണ്. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതുപോലെ, നിർവ്വഹണ ഉദ്യോഗസ്ഥർ വീഴ്ചവരുത്തിയി ട്ടുണ്ടെങ്കിൽ അത് ഗൗരവപൂർവ്വം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (10) കോഴി കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. ജോർജ് എം. തോമസ്: സർ, പുതിയ വരുമാന മാർഗ്ഗമാണ് കോഴികൃഷി. കോഴികൃഷിക്കാർ ഇന്ന് ഒരുപാട് പ്രശ്നങ്ങൾ നേരിടുകയാണ്. അതിലൊന്ന്, ലൈസൻസ് സമ്പ്രദായം തന്നെയാണ്. മറ്റ് പല സംസ്ഥാനങ്ങളിലും ഒരു ലക്ഷം കോഴികളെവരെ വളർത്താൻ പ്രത്യേക ലൈസൻസിന്റെ ആവശ്യമില്ലെന്നാണ് മനസ്സിലാകുന്നത്. സംസ്ഥാനത്ത്, സമീപകാലത്ത് ലൈസൻസ് സമ്പ്രദായത്തിൽ ചെറിയ ഇളവുകൾ വരുത്തി. പക്ഷെ നൂറ് കോഴികൾ മാത്രമെ ലൈസൻസ് ഇളവിന്റെ പരിധിയിൽ വരുന്നുള്ളൂ. പല ചെറുകിട-ഇടത്തരം കൃഷിക്കാരും 5000 കോഴികളെവരെ വളർത്തുന്നവരാണ്. അത്തരം കൃഷിക്കാർക്കുകൂടി ലൈസൻസ് സമ്പ്രദായത്തിൽ ഇളവ് അനുവദിക്കാനും വൈദ്യുതി സബ്സിഡി ഉൾപ്പെടെയുള്ള കാര്യങ്ങൾ അനുവദിച്ചുനൽകാനും നടപടി

സ്വീകരിക്കണം. അതുപോലെതന്നെ ഇപ്പോൾ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ്, എക്സ്പ്ലോസീവ് ലൈസൻസ് എന്നിങ്ങനെ ഒട്ടേറെ ലൈസൻസുകളാണ് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. അതെല്ലാം യഥാർത്ഥത്തിൽ അനാവശ്യമായ കാര്യങ്ങൾ തന്നെയാണ്. അതെല്ലാം ഒഴിവാക്കിക്കൊണ്ട് ലൈസൻസ് സമ്പ്രദായം ലളിതവത്കരിക്കണം. കഴിഞ്ഞ പ്രളയകാലത്ത് ഞങ്ങളുടെയെല്ലാം നാട്ടിൽ ആയിരക്കണക്കിന് കോഴികളാണ് വെള്ളത്തിൽ മുങ്ങിച്ചത്തുപോയത്. ആ കോഴി ഫാമുകളെല്ലാം ഉദ്യോഗസ്ഥർ വന്ന് പരിശോധിച്ച് കണക്കെടുപ്പ് നടത്തിയതാണ്. പക്ഷെ നഷ്ടപരിഹാരത്തെക്കുറിച്ച് ഒരു വ്യക്തതയും വ്യവസ്ഥയും ഇപ്പോൾ ഉണ്ടായിട്ടില്ല. അതുകൊണ്ട് പ്രളയകാലത്ത് നഷ്ടപ്പെട്ടുപോയ, ചത്തുപോയ കോഴികൾക്ക് നഷ്ടപരിഹാരം നൽകാനും ലൈസൻസ് സമ്പ്രദായത്തിൽ ആവശ്യമായ ഇളവ് വരുത്താനും ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് എന്റെ സബ്മിഷൻ.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, 2018-ലെ പ്രളയത്തിൽ 11.43 ലക്ഷം കോഴികളും 4.6 ലക്ഷം താറാവുകളും നഷ്ടപ്പെട്ടിട്ടുണ്ട്. എന്നാൽ ദുരന്തനിവാരണ മാനദണ്ഡപ്രകാരം കോഴികൾ നഷ്ടപ്പെട്ട കർഷകന് കോഴി ഒന്നിന് 50 രൂപ നിരക്കിൽ പരമാവധി നൽകാവുന്ന തുക 5,000 രൂപ മാത്രമാണ്. പ്രസ്തുത തുക കോഴികൾ നഷ്ടപ്പെട്ട മുഴുവൻ കോഴി കർഷകർക്കും വിതരണം ചെയ്തിട്ടുണ്ട്. 2012-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ ഫാമുകൾക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ടുള്ള ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്തെ ഫാമുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നിബന്ധനകൾ പുറപ്പെടുവിക്കുകയുണ്ടായി. അതുപ്രകാരം 100-ൽ കൂടുതൽ കോഴികളെ വളർത്തുന്നതിന് അതാത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് അനിവാര്യമാണ്. മേൽപ്പറഞ്ഞതിൽ കൂടുതൽ കോഴികളെ വളർത്തുന്നതിന് മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട മാലിന്യ ശേഖരണ ടാങ്ക്, കമ്പോസ്റ്റ് കുഴി എന്നിവയും നിർബന്ധമാണ്. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് നിശ്ചിത ഫീസ് അടച്ച് അപേക്ഷ നൽകണം. ലൈസൻസ് നൽകുന്നതി

നുമുമ്പായി മലിനീകരണ നിയന്ത്രണ ബോർഡിൽ നിശ്ചിത ഫീസ് അടച്ച് എൻ.ഒ.സി.-യും വാങ്ങി നൽകണം. ഒരു വർഷത്തേയ്ക്കാണ് ലൈസൻസ് നൽകുന്നത്. മലിനീകരണ പ്രശ്നമുണ്ടായാൽ നൽകിയ ലൈസൻസ് റദ്ദുചെയ്യുന്നതിനും പഞ്ചായത്തിന് അധികാരമുണ്ട്. ഫാമുകളിൽനിന്നുള്ള മലിനീകരണ നിയന്ത്രണം ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ വകുപ്പാണ് ഫാമുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള ചട്ടങ്ങൾ നടപ്പിലാക്കുന്നത്. കർഷകർക്ക് ഇതിൽ ചില നിബന്ധനകൾ ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് യാഥാർത്ഥ്യമാണ്. അത് സുതാര്യമാക്കി ലൈസൻസ് ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നാണ് ഉണ്ടാകേണ്ടത്. തദ്ദേശസ്വയംഭരണ വകുപ്പിന് ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഞാൻ കത്ത് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്. മലിനീകരണ നിയന്ത്രണം ഉറപ്പാക്കാനും കർഷകർക്ക് വളക്കുഴി നിർമ്മാണം, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കേണ്ടതുണ്ട്. വളക്കുഴി നിർമ്മാണത്തിന് 12,500 രൂപ സബ്സിഡി നൽകുന്ന പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും കർഷകർക്ക് അനുകൂലമായ തീരുമാനം ഉണ്ടാകുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## V മേശപ്പുറത്തുവച്ച കടലാസുകൾ

1. ലിസ്റ്റ്-1 പ്രകാരം (ചട്ടം 236(5) അനുസരിച്ചുള്ളത്)

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIV-ആഭ്യന്തര കാര്യങ്ങൾ | 2015-16 | 5 | 67-74 |
| | 2017-18 | 2 | 98-100, 114 |
| | 2018-19 | 3 | 11, 14, 127-132, 142-149 |

II. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV-വ്യവസായവും ധാതുക്കളും | 2018-19 | 3 | 3, 4, 6, 31, 44, 55-57, 61 |
| VI-വിദ്യാഭ്യാസം | 2018-19 | 3 | 136-139 |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II-ഭൂനികുതിയും ദേവസ്വവും | 2016-17 | 1 | 18, 28-30 |
| | 2017-18 | 2 | 25 |
| | 2018-19 | 3 | 1, 4, 5 |

IV. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| III-ജലവിഭവം | 2018-19 | 3 | 1-12, 28, 32, 39, 43-47, 60 |

V. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| V-മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2016-17 | 1 | 112 |

VI. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2010-11 | 5 | 6, 14 |
| | 2018-19 | 3 | 8 |

VII. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIV-ആഭ്യന്തര കാര്യങ്ങൾ | 2018-19 | 3 | 26-34, 125 |

VIII. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XII-ആരോഗ്യവും കുടുംബക്ഷേമവും | 2018-19 | 3 | 1-10, 34-36, 39, 43, 70 |

IX. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX-തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2015-16 | 5 | 48 |
| XIV-ആഭ്യന്തര കാര്യങ്ങൾ | 2018-19 | 3 | 36, 39 |

X. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2018-19 | 3 | 73, 89 |

XI. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI-വിദ്യാഭ്യാസം | 2017-18 | 2 | 35, 36, 38, 43-47, 74-77 |
| | 2018-19 | 3 | 53-56, 62, 67, 70, 71, 93-99, 101 |

XII.വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII-വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2016-17 | 1 | 91, 92, 100 |

2. ലിസ്റ്റ്-2 പ്രകാരം (ചട്ടം 236(6) അനുസരിച്ചുള്ളത്)

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| 1 | 2 | 3 |
| XII-പോലീസ് | 2011-12 | പോലീസ് വകുപ്പ് (2055) രാസപദാർത്ഥ പരിശോധന ശാല (2210-06-107-97) |
| XII-പോലീസ് | 2012-13 | പോലീസ് വകുപ്പ് (2055) രാസപദാർത്ഥ പരിശോധന ശാല (2210-06-107-97) |
| XII-പോലീസ് | 2013-14 | പോലീസ് വകുപ്പ് (2055) രാസപദാർത്ഥ പരിശോധന ശാല (2210-06-107-97) |
| XII-പോലീസ് | 2014-15 | പോലീസ് വകുപ്പ് (2055) രാസപദാർത്ഥ പരിശോധന ശാല (2210-06-107-97) |
| XXIX-കൃഷി | 2014-15 | സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് |
| XII-പോലീസ് | 2015-16 | പോലീസ് വകുപ്പ് (2055) രാസപദാർത്ഥ പരിശോധന ശാല (2210-06-107-97) |
| XII-പോലീസ് | 2016-17 | പോലീസ് വകുപ്പ് (2055) രാസപദാർത്ഥ പരിശോധന ശാല (2210-06-107-97) |
| XXI-ഭവനനിർമ്മാണം | 2016-17 | സൈനികക്ഷേമ വകുപ്പ് |

| 1 | 2 | 3 |
|---|---|---|
| II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2017-18 | കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ |
| XII-പോലീസ് | 2017-18 | പോലീസ് വകുപ്പ് (2055) രാസപദാർത്ഥ പരിശോധന ശാല (2210-06-107-97) |
| XXI-ഭവനനിർമ്മാണം | 2017-18 | ആഭ്യന്തര വകുപ്പ് (കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ) |
| II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2018-19 | ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് |
| XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2018-19 | ഫയർ & റെസ്ക്യൂ സർവ്വീസസ് |
| | | ഐ.എം.ജി. |
| | | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് |
| XVI-പെൻഷനും പലവകയും | 2018-19 | പൊതുഭരണ (പൊളിറ്റിക്കൽ) |
| | | പൊതുഭരണ (രഹസ്യവിഭാഗം) |
| XVII-വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2018-19 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്) |
| XVII-വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2018-19 | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (3425) |
| XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2018-19 | കേരളീയ പ്രവാസികാര്യ വകുപ്പ് |

| 1 | 2 | 3 |
|---|---|---|
| XXXVII-വ്യവസായങ്ങൾ | 2018-19 | ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് (പ്ലാൻ) |
| XVII-വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം XX-ശുദ്ധജല വിതരണവും ശുചീകരണവും | 2018-19 (കാലതാമസ പത്രിക സഹിതം) | പരിസ്ഥിതി വകുപ്പ് |
| XXIX-കൃഷി | 2018-19 (കാലതാമസ പത്രിക സഹിതം) | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (കാസർഗോഡ് വികസന പാക്കേജ്) |
| XLVI-സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | 2018-19 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ (ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ-ബി) വകുപ്പ് |

II. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| 1 | 2 | 3 |
| XXXVII-വ്യവസായങ്ങൾ | 2010-11 | ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് |
| XXXVII-വ്യവസായങ്ങൾ | 2010-11 | കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് |
| XXXVII-വ്യവസായങ്ങൾ | 2011-12 | ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് |

| 1 | 2 | 3 |
|---|---|---|
| XXXVII-വ്യവസായങ്ങൾ | 2011-12 | കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് |
| XXXVII-വ്യവസായങ്ങൾ | 2012-13 | ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് |
| XXXVII-വ്യവസായങ്ങൾ | 2012-13 | കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് |
| XXXVII-വ്യവസായങ്ങൾ | 2013-14 | ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് |
| XXXVII-വ്യവസായങ്ങൾ | 2013-14 | കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് |
| XXXVII-വ്യവസായങ്ങൾ | 2013-14 | സിഡ്കോ |
| XXXVII-വ്യവസായങ്ങൾ | 2014-15 | ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് |
| XXXVII-വ്യവസായങ്ങൾ | 2014-15 | കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് |
| XXXVII-വ്യവസായങ്ങൾ | 2015-16 | ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് |
| XXXVII-വ്യവസായങ്ങൾ | 2015-16 | കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് |
| XXXVII-വ്യവസായങ്ങൾ | 2015-16 | സിഡ്കോ |
| XXXVII-വ്യവസായങ്ങൾ | 2016-17 | ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് |

| 1 | 2 | 3 |
|---|---|---|
| XXXVII-വ്യവസായങ്ങൾ | 2016-17 | കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് |
| XXXVII-വ്യവസായങ്ങൾ | 2016-17 | സിഡ്കോ |
| XXXVII-വ്യവസായങ്ങൾ | 2017-18 | ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് |
| XXXVII-വ്യവസായങ്ങൾ | 2017-18 | കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് |
| XXXVII-വ്യവസായങ്ങൾ | 2017-18 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് |
| XXXVII-വ്യവസായങ്ങൾ | 2017-18 | സിഡ്കോ |
| XXXVII-വ്യവസായങ്ങൾ | 2018-19 | സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| VI-ഭൂനികുതി XI-ജില്ലാഭരണവും പലവകയും | 2017-18 | ലാൻഡ് റവന്യൂ, സർവ്വേയും ഭൂരേഖയും വകുപ്പ് |
| VI-ഭൂനികുതി XI-ജില്ലാഭരണവും പലവകയും | 2018-19 (കാലതാമസ പത്രിക സഹിതം) | ലാൻഡ് റവന്യൂ വകുപ്പ് |
| XI-ജില്ലാഭരണവും പലവകയും XVI-പെൻഷനും പലവകയും | 2018-19 (കാലതാമസ പത്രിക സഹിതം) | റവന്യൂ വകുപ്പ് (ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്) |

IV.ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX-കൃഷി | 2016-17 | കേരള സംസ്ഥാന ഭൂജല വകുപ്പ് |

V. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII-വ്യവസായങ്ങൾ | 2014-15 | കയർ വികസന വകുപ്പ് |
| XVI-പെൻഷനും പലവകയും | 2018-19 (കാലതാമസ പത്രിക സഹിതം) | ധനകാര്യ വകുപ്പ് |

VI. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| 1 | 2 | 3 |
| XXIX-കൃഷി | 2018-19 | മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് |

VII. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2018-19 | പാർലമെന്ററികാര്യ വകുപ്പ് |
| II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2018-19 (കാലതാമസ പത്രിക സഹിതം) | നിയമ വകുപ്പ് |

VIII. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2011-12 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്) |
| XXIV-തൊഴിലും തൊഴിലാളിക്ഷേമവും | 2017-18 | തൊഴിലും നൈപുണ്യവും വകുപ്പ് (ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ, |

| | | |
|---|---|---|
| പ്രവാസിക്ഷേമവും | | തൊഴിൽ കോടതികൾ, കിലെ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പ്, ഓവർസീസ് ഡെവലപ്മെന്റ് എംപ്ലോയ്മെന്റ് കൺസൾട്ടന്റ് ലിമിറ്റഡ്) |
| XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2018-19 (കാലതാമസ പത്രിക സഹിതം) | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്) |

IX. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XLII-വിനോദ സഞ്ചാരം | 2018-19 (കാലതാമസ പത്രിക സഹിതം) | വിനോദ സഞ്ചാര വകുപ്പ് |

X. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXIV-ഗ്രാമവികസനം | 2017-18 | നഗര-ഗ്രാമാസൂത്രണ വകുപ്പ് |

XI. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXIV-വനം | 2018-19 | വനം വന്യജീവി വകുപ്പ് |
| XXXI-മൃഗസംരക്ഷണം | 2018-19 (കാലതാമസ പത്രിക സഹിതം) | മൃഗസംരക്ഷണ വകുപ്പ് |

XII. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII-വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2017-18 | ഉന്നതവിദ്യാഭ്യാസം |
| XVI-പെൻഷനും പലവകയും | 2018-19 | ആഭ്യന്തരം |
| XXV-പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2018-19 | പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്) |

XIII. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXIX-വൈദ്യുത പദ്ധതികൾ | 2011-12 | അനെർട്ട് |

## VI റിപ്പോർട്ടുകളുടെ സമർപ്പണം

### 1. 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

### 2. 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ, 20 19-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ റിപ്പോർട്ട്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ, 2019-ലെ കേരള വ്യവസായ ഏകജാലക ക്ലീയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

### 3. 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട്

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

4. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ തൊണ്ണൂറ്റി എട്ട് മുതൽ നൂറ്റി മൂന്നുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. ദിവാകരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ തൊണ്ണൂറ്റി എട്ട് മുതൽ നൂറ്റി മൂന്നുവരെയുള്ള റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

## VII നിയമനിർമ്മാണകാര്യം

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

(i) 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള ഡോ. എം. കെ. മുനീറിന് സംസാരിക്കാവുന്നതാണ്. ഇന്ന് മൂന്ന് ബില്ലുകൾ പരിഗണിക്കാനുണ്ട്, പതിനാല് അംഗങ്ങൾ സംസാരിക്കാനുമുണ്ട്. അതിനാൽ ബില്ലിന്റെ ഉള്ളടക്കത്തിൽനിന്നുകൊണ്ട് ചുരുക്കി സംസാരിക്കേണ്ടതാണ്.

ഡോ. എം. കെ. മുനീർ: സർ, 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ സംബന്ധിച്ച വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു. പ്രവാസി കേരളീയരിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനും ആയത് സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരം വിനിയോഗിച്ചതിന്റെ ഫലമായി കിട്ടുന്ന തുകയും സർക്കാർ വിഹിതവും ചേർത്തുകൊണ്ട് നിക്ഷേപകന് പ്രതിമാസ ഡിവിഡന്റ് കൊടുക്കുന്ന പദ്ധതിയാണിത്. ഓരോ അംഗവും നിക്ഷേപിച്ച തുകയ്ക്ക് ആദ്യത്തെ മൂന്ന് വർഷങ്ങൾകൊണ്ട് അതിനോട് ചേരുന്ന ഡിവിഡന്റ് ഉൾപ്പെടെ തുകയുടെ പത്ത് ശതമാനം വാർഷിക നിരക്കിലുള്ള ഡിവിഡന്റ്, അംഗത്തിന്റെ ജീവിതകാലം മുഴുവൻ പ്രതിമാസം നൽകുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

നിക്ഷേപം സ്വീകരിക്കുന്ന കിഫ്ബി, മറ്റ് സർക്കാർ നിക്ഷേപിക്കുന്ന സ്ഥാപനങ്ങൾ എന്നിവയ്ക്ക് എത്ര ശതമാനം ഡിവിഡന്റ് നൽകാൻ കഴിയുമെന്ന് ഉറപ്പ് നൽകാതിരിക്കുകയും എന്നാൽ സർക്കാർ വിഹിതം ഒരു ശതമാനത്തിൽത്തന്നെ പരിമിതപ്പെടുത്തുകയും ചെയ്യുന്നത് പ്രവാസികൾക്ക് ഭാവിയിൽ ദോഷകരമാകാൻ സാധ്യതയുണ്ട്. ഭാവിയിൽ കിഫ്ബി നൽകുന്ന ഡിവിഡന്റിൽ കുറവുവന്നാൽ പ്രസ്തുത കുറവ് പൂർണ്ണമായും സർക്കാർ നികത്തുമെന്ന ഉറപ്പ് ബില്ലിൽ നൽകിയിട്ടില്ല. പ്രസ്തുത നിബന്ധന ബില്ലിൽത്തന്നെ ഉൾക്കൊള്ളിക്കാത്തതിനാലാണ് ഈ ഭേദഗതി നിർദ്ദേശത്തോട് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. സർക്കാർ വിഹിതം ഒന്നിൽ പരിമിതപ്പെടുത്തുമ്പോൾ കിഫ്ബിയിൽ കുറഞ്ഞുകഴിഞ്ഞാൽ, ആ കുറവ് എങ്ങനെ നികത്തുമെന്ന് പറയുന്നില്ല. കിഫ്ബിയിൽ വരുന്ന കുറവ് സർക്കാർ നികത്തുമെന്ന് പറയുന്ന ഒരു ഭാഗംകൂടി ഇതിൽ വന്നില്ലെങ്കിൽ ഇത് പൂർണ്ണമാകില്ല. 8(എ) വകുപ്പുപ്രകാരം രൂപീകരിക്കുന്ന പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപം നടത്തുന്നവർക്ക് ഏറ്റവും കുറഞ്ഞത് പത്ത് ശതമാനം വാർഷിക നിരക്കിൽ ലാഭവിഹിതം നൽകുമെന്ന് സർക്കാർ ഉറപ്പാക്കേണ്ടതുണ്ട്. ഒരു പ്രവാസി നിക്ഷേപിക്കുന്ന തുക അയാൾക്ക് നിശ്ചിത കാലയളവിൽ, നിക്ഷേപ തുക പൂർണ്ണമായോ ഭാഗികമായോ പിൻവലിക്കാൻ അവസരമുണ്ടാകേണ്ടതാണ്. ഇതിൽ മറ്റൊരു പ്രശ്നമുള്ളത്, നിക്ഷേപം നടത്തുന്ന പ്രവാസി മരണപ്പെട്ടാൽ നിക്ഷേപിച്ച തുക അവകാശിക്ക് നൽകാൻ നിയമത്തിൽ വ്യവസ്ഥയില്ല. അവകാശിക്ക് ഡിവിഡന്റ് നൽകുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്, പക്ഷെ അവകാശി മരണപ്പെട്ടാൽ മാത്രമെ അനന്തരാവകാശിക്ക് നിക്ഷേപിച്ച തുക ലഭ്യമാക്കാൻ ബില്ലിൽ വ്യവസ്ഥയുള്ളൂ. അപ്പോൾ ഒരാൾ മരിച്ചുകഴിഞ്ഞാൽ അദ്ദേഹത്തിന്റെ അവകാശിക്കും നിക്ഷേപത്തുക പൂർണ്ണമായും ലഭിക്കുന്നില്ല, പകരം അനന്തരാവകാശിക്കാണ് ഈ നിക്ഷേപത്തുക കിട്ടുന്നത്.

നമ്മൾ പ്രവാസികളുടെ വിഷയത്തെ സംബന്ധിച്ച് സംസാരിക്കുന്നുണ്ടെങ്കിലും ഇപ്പോഴും പ്രവാസികളുടെ അവസ്ഥ 'ആട് ജീവിതം' എന്ന പുസ്തകത്തിൽ പറയുന്നതുപോലെ ദയനീയമാണ്. നജീബ് എന്ന കഥാപാത്രം പച്ചപ്പ് തേടി മരുഭൂമിയിൽ എത്തുമ്പോൾ ശമ്പളമില്ലാതെയും താമസ സൗകര്യമില്ലാതെയും ഭക്ഷണവും കുടിവെള്ളവുമില്ലാതെയും അദ്ദേഹത്തിന്റെ അർബാബ് ഒരു അടിമയെപ്പോലെ കൊണ്ടുനടക്കുന്നു. അവിടെ ഒരുകൂട്ടം ആട്ടിൻപറ്റത്തിന്റെ കൂടെ ഒരു ആട് ജീവിതമായി നജീബിന്റെ ജീവിതം മാറുന്നതും അവസാനം സ്വന്തം ചോരയിൽ പിറന്ന കുഞ്ഞിനെ കാണാൻ കഴിയാത്തതിന്റെ പേരിൽ ഒരു ആട്ടിൻകുട്ടിയെ എടുത്ത് തന്റെ മകനെപ്പോലെ വളർത്തുന്നതും ആ

ആട്ടിൻകൂട്ടിയിലും ആയുധം വീഴുമ്പോൾ തന്റെ എല്ലാ പ്രതീക്ഷയും നഷ്ടപ്പെടുന്നതും അവിടെനിന്നും വേറൊരു ജോലിക്കാരൻ രക്ഷപ്പെടാൻ ശ്രമിക്കുമ്പോൾ അർബാബ് വെടി വച്ച് കൊല്ലുന്നതുമൊക്കെ ആട് ജീവിതത്തിൽ നമ്മൾ വായിച്ചിട്ടുണ്ട്. അതുപോലെ എത്രയോ ആട് ജീവിതങ്ങൾ, നമ്മൾ വിചാരിക്കുന്നത് പ്രവാസമെന്ന് പറഞ്ഞാൽ വളരെ സുഖസൗകര്യമുള്ള ഒരു ജീവിതമാണെന്നാണ്. സത്യത്തിൽ പ്രവാസിയെന്ന പദത്തിന്റെ അർത്ഥംതന്നെ എനിക്ക് തോന്നുന്നത് 'ത്യാഗി'-എന്നാണ്. ഒരു കുടുംബത്തിൽ പട്ടിണിയുണ്ടാകുമ്പോൾ മറ്റുള്ളവർക്ക് ഭക്ഷണമുണ്ടാക്കി കൊടുക്കുന്നതിനുവേണ്ടി അപ്പുറത്തുനിന്നോ ഇപ്പുറത്തുനിന്നോ ഒരു കഷണം തേങ്ങയ്ക്കോ അല്ലെങ്കിൽ ഒരു കഷണം ഉള്ളിക്കോ വേണ്ടി കടം വാങ്ങുന്ന അവസ്ഥയുണ്ടാകുമ്പോഴാണ് കുടിയേറ്റമാരംഭിക്കുന്നത്. അങ്ങനെ കുടുംബത്തിലെ മറ്റുള്ളവർക്കുവേണ്ടി ഞാൻ എന്റെ ജീവിതത്തെ ഇതാ ഉഴിഞ്ഞുവയ്ക്കാൻ പോകുന്നുവെന്ന് പറഞ്ഞുകൊണ്ട് ത്യാഗോജ്ജ്വലമായ ഒരു ജീവിതം നയിക്കുന്നതിനുവേണ്ടിയാണ് ഒരാൾ പ്രവാസ ജീവിതത്തിലേയ്ക്ക് പോകുന്നത്. സത്യത്തിൽ ഒരു വർഷംകൊണ്ട് തന്റെ കുടുംബത്തെ നല്ല നിലയിൽ എത്തിച്ചതിനുശേഷം മടങ്ങിവരാമെന്ന് വിചാരിച്ചാണ് അയാൾ പോകുന്നതെങ്കിലും അവിടെയെത്തി കുടുംബത്തിന്റെ കാര്യം നോക്കിക്കഴിയുമ്പോൾ അയൽവാസിയുടെയോ അനുജന്റെ മക്കളുടെയോ കാര്യങ്ങൾ നോക്കേണ്ടിവരും. അങ്ങനെ ജീവിതകാലം മുഴുവനും അയാൾ പ്രവാസിയായി മാറുകയാണ്. തിരികെ അയാൾ മടങ്ങിയെത്തുന്നത് ക്യാൻസർ, പ്രമേഹം അല്ലെങ്കിൽ കിഡ്നി സംബന്ധമായ അസുഖങ്ങൾ പിടിപെട്ട് ജീവിതംതന്നെ നഷ്ടപ്പെടുന്ന അവസ്ഥയിലായിരിക്കും. അങ്ങനെയുള്ള എത്രയോ പ്രവാസികളുണ്ട്. പ്രവാസമെന്ന് പറയുമ്പോൾ മുകൾപ്പരപ്പിൽകാണുന്ന കുറച്ച് ആളുകളല്ല, അതിനപ്പുറം ലേബർ ക്യാമ്പുകളിൽ ജീവിക്കുന്ന ആളുകളെപ്പറ്റി, പ്രത്യേകിച്ച് അവിടങ്ങളിൽ സന്ദർശനം നടത്തിയിട്ടുള്ള ബഹുമാനപ്പെട്ട സ്പീക്കർക്ക് അവരുടെയെല്ലാം ജീവിത സാഹചര്യങ്ങളെപ്പറ്റി ബോധ്യമുള്ളതാണ്. അവരോട് നമ്മൾ കുറച്ചുകൂടി നീതിപൂർവ്വം പ്രവർത്തിക്കേണ്ടതുണ്ടെന്ന് ഞാൻ സ്വയം വിമർശനത്തോടുകൂടി പറയുകയാണ്. നമ്മളെല്ലാവരും അവിടങ്ങളിൽ പോയി, അവരുടെ ഗംഭീരമായ ആതിഥേയത്വം സ്വീകരിച്ച് അവർ നൽകുന്ന ഭക്ഷണമെല്ലാം കഴിച്ച്, തിരികെയെത്തിയാലുടൻതന്നെ നമ്മൾ അവരെ വിസ്മരിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ ധാരാളം കാര്യങ്ങളുണ്ട്. നമ്മൾ ഇവിടെ പല കാര്യങ്ങളും അവർക്കുവേണ്ടി ചെയ്യുന്നുണ്ടെന്ന് പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ അവരുടെ വിഷയത്തിൽ ഇപ്പോഴും ഒരു പരിഹാരവും ഉണ്ടായിട്ടില്ല. ഈ ബില്ലിലൂടെ അത് പൂർണ്ണമായും പരിഹരിക്കപ്പെടുമെന്ന് ഞാൻ വിശ്വസിക്കുന്നുമില്ല. ഇപ്പോൾ പ്രവാസികളുടെ ക്ഷേമത്തിനായി ഒരു കമ്മീഷൻ ഉണ്ടാക്കിയിട്ടുണ്ട്. ആ കമ്മീഷന്റെ

പ്രധാന ഓഫീസ് സ്ഥിതി ചെയ്യുന്നത് തിരുവനന്തപുരത്താണ്. അതിനൊരു സബ്ഓഫീസ് എറണാകുളത്തും പ്രവർത്തിക്കുന്നുണ്ട്. ഇതൊരു ക്വാസി ജുഡീഷ്യറി ബോഡി കൂടിയാണ്. പക്ഷെ ആ കമ്മീഷന് ആവശ്യമായ സ്റ്റാഫിനെ നൽകാൻ കഴിഞ്ഞിട്ടില്ല. മലബാർ മേഖലയിൽനിന്നും ധാരാളം ആളുകൾ പ്രവാസ ജീവിതം നയിക്കുന്നുണ്ട്. നമുക്ക് എന്തുകൊണ്ട് പ്രവാസി കമ്മീഷനുവേണ്ടി ഒരു മേഖലാ ഓഫീസ് മലബാർ മേഖലയിൽ സ്ഥാപിക്കുന്നതിനെപ്പറ്റി ആലോചിച്ചുകൂടാ? അതുപോലെതന്നെ....

ശ്രീ. വി. പി. സജീന്ദ്രൻ: സർ, പ്രവാസികളുടെ വിഷയങ്ങൾ വളരെ നന്നായി ഇവിടെ അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പ്രവാസികളായ ഒട്ടനവധി ആളുകൾ എല്ലാം ഉപേക്ഷിച്ചിട്ടാണ് മണലാരണ്യത്തിൽ പോയി പണിയെടുക്കുന്നത്. അവിടെനിന്നും അവസാനം കിട്ടുന്ന കുറച്ച് സമ്പാദ്യവുമായി തിരികെ നാട്ടിലേയ്ക്ക് വരുമ്പോൾ, ഏതെങ്കിലും ചെറുകിട വ്യവസായമോ അല്ലെങ്കിൽ ഏതെങ്കിലുമൊരു വ്യവസായ സംരംഭമോ ആരംഭിച്ച് അതിൽനിന്നും കിട്ടുന്ന വരുമാനംകൊണ്ട് പിന്നീടുള്ള ജീവിതം നയിക്കാം എന്ന ചിന്തയാണ് പലർക്കുമുണ്ടാകാറുള്ളത്. പക്ഷെ ഇവിടെ വരുമ്പോൾ അവർ ഉദ്ദേശിക്കുന്ന രീതിയിൽ കാര്യങ്ങൾ എത്തുന്നില്ല. പലരും ആത്മഹത്യ ചെയ്യേണ്ട ഒരു സാഹചര്യം കേരളത്തിൽ പല ഘട്ടങ്ങളിലുമുണ്ടായിട്ടുണ്ട്. ആത്മഹത്യ ചെയ്യുമ്പോൾ നമ്മൾ അവരുടെ വിഷയങ്ങൾ ഉന്നയിക്കുകയും പത്രമാധ്യമങ്ങളിലൂടെ വാർത്തകൾ വരികയും ചെയ്യുന്നതല്ലാതെ ഇപ്പോൾ ഏതൊരു പ്രവാസി തിരികെ വന്നാലും ഇതൊക്കെത്തന്നെയാണ് സ്ഥിതി. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് എന്തെല്ലാം പരിഹാരങ്ങളാണ് അങ്ങയുടെ മുന്നിലുള്ളത്?

ഡോ. എം. കെ. മുനീർ: സർ, പ്രവാസി പുനരധിവാസ പദ്ധതിപ്രകാരം രണ്ട് വർഷം അവിടെ സേവനം ചെയ്ത് തിരിച്ചുവരുന്ന വ്യക്തികൾക്കോ സംഘടനകൾക്കോ 30 ലക്ഷം രൂപ വരെ വായ്പയായി നൽകുമെന്നും ആ 30 ലക്ഷം രൂപയിൽ മൂന്ന് ലക്ഷം രൂപ സർക്കാർ സബ്സിഡൈസ് ചെയ്യുമെന്നും കൃത്യമായി തിരിച്ചടവ് നടത്തുകയാണെങ്കിൽ പലിശയിനത്തിലും മൂന്ന് ശതമാനം ആനുകൂല്യം നൽകുമെന്നൊക്കെ പറയുന്നുണ്ടെങ്കിലും നോർക്ക റൂട്ട്സുമായി കരാറിൽ ഒപ്പിടുന്ന ധനകാര്യ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് ബാങ്കുകൾ വല്ലാത്ത രീതിയിൽ ഇവരുമായി നിസ്സഹകരിക്കുകയാണ് ചെയ്യുന്നത്. പ്രവാസികളോട് യാതൊരു തരത്തിലുള്ള ദയാദാക്ഷിണ്യവും കാണിക്കുന്നില്ല. നമ്മൾ ആദ്യം മനസ്സിലാക്കേണ്ടത്, 1990-കളിൽ കേരളത്തിലേയ്ക്ക് വന്നിട്ടുള്ള വിദേശ നിക്ഷേപങ്ങൾ അല്ലെങ്കിൽ പ്രവാസികൾ അയച്ചുതന്ന പണം കേരളത്തിലെ ബഡ്ജറ്റ് വിഹിതത്തിന്റെ രണ്ടിരട്ടിയായിരുന്നു. നമ്മുടെ ബഡ്ജറ്റ് വിഹിതത്തിന്റെ രണ്ടിരട്ടി വിദേശ നാണ്യം

നേടിത്തന്ന്, നമ്മുടെ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കിയവരാണ് പ്രവാസികൾ. ബാങ്കുകളിൽ വന്നുനിറഞ്ഞ പണം, ബാങ്കുകളെല്ലാം നിലനിന്നതുപോലും പ്രവാസികൾ അയച്ചുകൊടുത്ത പണംകൊണ്ടാണ്. അവസാനം അവർ തിരിച്ചുവന്ന് എല്ലാ അർത്ഥത്തിലും എല്ലും തോലുമായി ബാങ്കിന്റെ മുന്നിൽ കൈനീട്ടി നിൽക്കുന്ന സമയത്ത് എന്ത് പുച്ഛത്തോടെയാണ് അവരെ കാണുന്നത്. എന്തെല്ലാം വ്യവസ്ഥകളാണ് ഇവർ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇത്രയും കർക്കശ വ്യവസ്ഥകൾ പ്രത്യേകിച്ചും പ്രവാസികളോട് ചെയ്യാൻ പാടില്ല. ഇവിടെ പറഞ്ഞ ആന്തൂർ സംഭവവും പുനലൂർ സംഭവവുമൊന്നും ഇനി ആവർത്തിക്കാൻ പാടില്ല. പ്രവാസികൾ തിരികെ വന്ന് ഒരു ബിസിനസ് തുടങ്ങാൻപോലും പറ്റാത്ത അവസ്ഥയിൽ, പല കാര്യങ്ങളിലും ഏകജാലക സംവിധാനമെന്നൊക്കെ അവരോട് വാഗ്ദാനം ചെയ്തിട്ട് അവസാനം അതൊന്നും നൽകാൻ കഴിയുന്നില്ലെന്ന് മാത്രമല്ല എല്ലാ രീതിയിലും മാനസികമായി പീഡിപ്പിച്ച് അവരുടെ ജീവിതംതന്നെ അവസാനിപ്പിക്കേണ്ട അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. ഇങ്ങനെ പ്രവാസികളുടെ കുറെ വിഷയങ്ങളുണ്ട്, സമയ പരിമിതിമൂലം അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. എങ്കിലും ഇവരുടെ വിമാന യാത്രയുമായി ബന്ധപ്പെട്ട്, ആകാശദൂരമാണ് കണക്കാക്കേണ്ടതെന്നത് അന്താരാഷ്ട്ര നിയമമാണ്. എന്നാൽ പ്രവാസികളുടെ വിഷയത്തിൽ മാത്രം ഇവരുടെ വിമാന യാത്രാ ചാർജ്ജുമായി ബന്ധപ്പെട്ടുവരുമ്പോൾ ആകാശദൂരമല്ല കണക്കാക്കുന്നത്. ഇപ്പോൾ അവധിക്കാലം വരാൻ പോകുകയാണ്. ഈ വെക്കേഷൻ സമയത്ത് ഏത് രീതിയിലാണ് ഈ വിമാനക്കമ്പനികൾ അവരുടെ ചാർജ്ജ് വർദ്ധിപ്പിക്കാൻ പോകുന്നതെന്ന് നമുക്ക് ഇപ്പോൾ പറയാൻ കഴിയില്ല. സാധാരണ രീതിയിൽ ലാഭകരമായ സെക്ടറുകളിലെങ്കിലും ഇവർ കുറച്ച് വിട്ടുവീഴ്ച ചെയ്യേണ്ടതല്ലേ?

1.00 pm]

ഇന്ത്യയിൽത്തന്നെ ഏറ്റവും ലാഭകരമായിരുന്ന സെക്ടറാണ് കോഴിക്കോട്-ഗൾഫ് സെക്ടർ. ഒരു വലിയ വിമാനംപോലും ഇറങ്ങാത്ത രീതിയിലേയ്ക്ക് കോഴിക്കോട് വിമാനത്താവളത്തെ തകർത്ത് തരിപ്പണമാക്കിക്കളഞ്ഞു.

പ്രവാസികളുടെ സമ്പത്ത് സ്വീകരിക്കുന്ന നമ്മൾ അവർക്കുവേണ്ടി ശക്തമായൊരു നയം കൊണ്ടുവരേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽനിന്ന് തുക വാങ്ങി നിധിയുണ്ടാക്കാമെന്ന് ഈ ബില്ലിൽ പറയുന്നുണ്ട്. ഞാൻ പറയുന്നത്, പട്ടികജാതി, പട്ടികവർഗ്ഗം, പ്രായമുള്ള ആളുകൾ എന്നിവർക്കുവേണ്ടി പഞ്ചായത്തുകളിൽനിന്ന് ഇത്രയിത്ര വിഹിതം മാറ്റിവയ്ക്കണമെന്ന് പറയുന്നതുപോലെതന്നെ ഗ്രാമപഞ്ചായത്തിലെ ഒരു വിഹിതം പ്രവാസികളുടെ ക്ഷേമനിധിയുമായി

ബന്ധപ്പെട്ട് മാറ്റി വയ്ക്കണമെന്ന തീരുമാനം കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് എടുക്കാവുന്നതാണ്. കോ-ഓർഡിനേഷൻ കമ്മിറ്റിയിലൂടെ തദ്ദേശ സ്വയംഭരണ വകുപ്പ് അങ്ങനെയൊരു തീരുമാനമെടുത്ത് പ്രവാസികൾക്കും നിശ്ചിത ശതമാനം തുക പഞ്ചായത്ത് വിഹിതത്തിൽനിന്നും മാറ്റി വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ള ഒരു അഭ്യർത്ഥന എനിക്കുണ്ട്.

പ്രവാസി പുനരധിവാസ പദ്ധതി, കുടുംബശ്രീ, അക്ഷയ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയപ്പോൾ പൈലറ്റ് പ്രോജക്ട് എന്നുള്ള നിലയിൽ ഒരു ജില്ലയെ നമ്മൾ തെരഞ്ഞെടുത്തിരുന്നു. അതുപോലെതന്നെ, ആദ്യം ഏതെങ്കിലുമൊരു ജില്ലയെ പൈലറ്റായി തെരഞ്ഞെടുത്തുകൊണ്ട് പ്രവാസി പുനരധിവാസ പദ്ധതി സമ്പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള തീരുമാനംകൂടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നതാണ് എന്റെ അഭ്യർത്ഥന.

തിരിച്ചുവരുന്ന പ്രവാസികളുടെ ആരോഗ്യ പ്രശ്നങ്ങൾ  വലിയ പ്രശ്നമാണ്. നമുക്ക് പല സ്കീമുകളുമുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം ഇപ്പോൾ ഇൻഷ്വറൻസ് സ്കീമായി മാറിക്കൊണ്ടിരിക്കുന്നു. പ്രവാസ ജീവിതം നയിച്ച് തിരിച്ചെത്തുന്നവർക്കുവേണ്ടി പ്രത്യേകമായ ഒരു ആരോഗ്യ പദ്ധതി നടപ്പിലാക്കണം. കാരണം, അവർ വ്യത്യസ്ത രോഗങ്ങളുമായി തിരിച്ച് വരുന്നവരാണ്. ഞാൻ ധാരാളം ആളുകളെ പോയിക്കണ്ടു. അവരുടെ വീടുകൾ വല്ലാത്തൊരു അനാഥാവസ്ഥയിൽ കിടക്കുകയാണ്. അവർ പോകുമ്പോൾ വളരെ മനോഹരമായ രീതിയിൽ നമ്മൾ അവരെ പറഞ്ഞയയ്ക്കും. തിരിച്ചു വരുമ്പോൾ അവരെ തിരിഞ്ഞു നോക്കാൻ ആളുണ്ടാവില്ല. സാമ്പത്തികമായി എന്തെങ്കിലും സഹായം കിട്ടുന്നതുവരെ മാത്രമെ ഇവരെയൊക്കെ ആവശ്യമുള്ളൂ. നമ്മളൊക്കെ അതിൽ കുറ്റക്കാരാണ്. കാരണം, പണം ചെലവഴിക്കേണ്ടത് സംബന്ധിച്ച് നമ്മളാദ്യം അവർക്ക് പറഞ്ഞു കൊടുക്കേണ്ടതായിരുന്നു. രമ്യ ഹർമ്മങ്ങൾ ഉണ്ടാക്കി, പല വഴിക്കും ധാരാളം പണം ചെലവഴിച്ചു, ധൂർത്തിലേയ്ക്ക് പോയി എന്നതൊക്കെ സത്യമാണ്. അവരുടെ പണം നേരെ ചൊവ്വേ വിനിയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കിക്കൊടുക്കാൻ നമുക്ക് സാധിക്കാതിരുന്നതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. ഇനിയെങ്കിലും അവരുടെ പണം നേരെ ചൊവ്വേ വിനിയോഗിക്കുന്നതിനാവശ്യമായ മനോഹരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നമുക്ക് സാധിക്കണം. ഇപ്പോൾ നമ്മളങ്ങനെ പറയുന്നില്ല. ഇപ്പോഴും അവർ ഇവിടെ വന്ന് ഇഷ്ടമുള്ള രീതിയിൽ കാര്യങ്ങൾ ചെയ്യുന്നതുകൊണ്ട് പലർക്കും നഷ്ടങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. സർക്കാർതന്നെ ഇവർക്കുവേണ്ടി 'tailor-made' ആയുള്ള പ്രോജക്ടുകൾ ഉണ്ടാക്കി നടപ്പിലാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കണം. ഞാൻ ദീർഘിപ്പിക്കുന്നില്ല. പ്രവാസികളുടെ വിഷയം നമ്മളെ സംബന്ധിച്ചിടത്തോളം പരമപ്രധാനമായ കാര്യമാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, പ്രോക്സി വോട്ടുമായി ബന്ധപ്പെട്ട് 2018 ആഗസ്റ്റിൽ ലോക്സഭ ഒരു ബിൽ പാസ്സാക്കിയിരുന്നു. ആ സർക്കാരിന്റെ കാലാവധി കഴിഞ്ഞു. ഇപ്പോൾ അതെവിടെയുമില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ വീണ്ടും പോയപ്പോൾ മൂന്ന് മാസത്തിനകം കേന്ദ്ര സർക്കാർ അങ്ങനെയൊരു നിയമം കൊണ്ടുവരുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത് എന്നൊക്കെ പറഞ്ഞു. പക്ഷെ അതിപ്പോൾ എവിടെയും ചർച്ച ചെയ്യുന്നില്ല. ഇതിനൊരു രാഷ്ട്രീയ പരിഹാരമെന്ന നിലയിൽ, പ്രോക്സി വോട്ട് വിദേശ മലയാളികൾക്ക് ലഭ്യമാകാൻ ഈ നിയമസഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ?

ഡോ. എം. കെ. മുനീർ: സർ, ഞാൻ ഒരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നിരുന്നു. നമുക്ക് ഈ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ അത് പ്രയോഗിച്ചുകൂടെയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ചോദിച്ചിരുന്നു. അദ്ദേഹം അക്കാര്യം പരിശോധിക്കാമെന്ന അനുകൂലമായ മറുപടിയാണ് തന്നത്. അത് ഇനിയും വൈകിയിട്ടില്ല. കുറച്ച് സമയം കൂടിയേയുള്ളൂ. എത്രയും പെട്ടെന്ന് അവർക്ക് പ്രോക്സി വോട്ട് ചെയ്യുന്നതിനു വേണ്ടിയുള്ള സംവിധാനം തദ്ദേശ സ്ഥാപനങ്ങളിൽ ചെയ്യുകയാണെങ്കിൽ ഇന്ത്യക്കുതന്നെ മാതൃകയാകും. ഇന്ത്യയിൽ ആദ്യമായി പ്രവാസികൾക്ക് വോട്ട് നൽകുന്ന സംസ്ഥാനം കേരളം തന്നെയാണ്, ആ കാര്യത്തിലും ഞങ്ങൾ മുമ്പേ പറക്കുന്ന പക്ഷികളാണെന്ന് ബോധ്യപ്പെടുത്താനുള്ള ആർജ്ജവം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാണിക്കണമെന്നുള്ളതാണ് അതുസംബന്ധിച്ച് പറയാനുള്ളത്.

ഈ വിഷയത്തിൽ എന്റെ ഈ നിരാകരണം എന്തിനുവേണ്ടിയാണെന്ന് അങ്ങേയ്ക്ക് മനസ്സിലായിട്ടുണ്ടാകും. ഈ വിയോജിപ്പ് ഉൾക്കൊണ്ടുകൊണ്ട് അങ്ങയുടെ മറുപടിയിൽ ഈ ബില്ലിൽ വേണ്ട മാറ്റം ഉണ്ടാക്കുമെന്ന വിശ്വാസത്തിൽ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ജോർജ് എം. തോമസിനുവേണ്ടി ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പ്രവാസത്തെ സംബന്ധിച്ചും പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും ചില കാര്യങ്ങൾ ഡോ. എം. കെ. മുനീർ പറയുകയുണ്ടായി. അത് വളരെ കൃത്യമായി മനസ്സിലാക്കിയ സർക്കാരാണ് നമ്മുടെ സംസ്ഥാനത്ത് ഇന്ന് അധികാരത്തിലുള്ളത്.

പ്രവാസികളുടെ മുഴുവൻ പരാധീനതകളും പ്രശ്നങ്ങളും ഒരു സംസ്ഥാന സർക്കാരിന് മാത്രം പരിഹരിക്കാൻ കഴിയില്ലെന്നുള്ളത് നമുക്കറിയാം. പക്ഷെ ഒരു സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ നിന്നുകൊണ്ടുതന്നെ, ഈ സംസ്ഥാനത്തുനിന്ന് വിദേശ രാജ്യങ്ങളിൽ പോയി തൊഴിലെടുത്ത് നാടിനും നമ്മുടെ സമ്പദ്ഘടനയ്ക്കും വലിയ സംഭാവന നൽകിയവരുടെയും അവിടെനിന്ന് തിരിച്ചുവരുന്ന പ്രവാസികളുടെയും ക്ഷേമത്തിനുവേണ്ടി നിരവധി പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നുണ്ട്. അക്കാര്യത്തിൽ കേരളത്തിലുണ്ടായിട്ടുള്ള മറ്റെല്ലാ സർക്കാരിനേക്കാളും ഒരുപടി മുന്നിൽ ശ്രീ. പിണറായി വിജയൻ നയിക്കുന്ന സർക്കാരിന് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട് എന്നതാണ് വസ്തുതകൾ വച്ചുകൊണ്ട് പറയാൻ കഴിയുന്നത്. ഈ പദ്ധതി തന്നെ മൂന്ന് തലമുറയിലെ പ്രവാസികളുടെ ജീവിത സുരക്ഷ ഉറപ്പാക്കുന്ന ഒന്നാണ്. പ്രവാസി ഡിവിഡന്റ് പദ്ധതി, ഇടത്തരം പ്രവാസികളെ സംബന്ധിച്ചിടത്തോളം മൂന്ന് ലക്ഷം മുതൽ അമ്പത്തിയൊന്ന് ലക്ഷം രൂപ വരെ ഒരു വ്യക്തിക്ക് ഈ പദ്ധതിയിൽ നിക്ഷേപിക്കാൻ കഴിയും. അഞ്ചുലക്ഷം രൂപ വരെ നിക്ഷേപിച്ചാൽ മൂന്നുവർഷത്തിനുശേഷം പ്രതിമാസം ഡിവിഡന്റായി 5,500 രൂപ ലഭിക്കുന്ന പദ്ധതിയാണിത്. ഈ ബില്ലിലെ പ്രസക്തമായ വിഷയമാണിത്. നിക്ഷേപകന്റെ മരണശേഷം ജീവിത പങ്കാളിക്ക് അത് നൽകും. ജീവിത പങ്കാളിയുടെ മരണശേഷം മക്കൾക്കോ നിയമാനുസൃത അവകാശികൾക്കോ നിക്ഷേപിച്ച സംഖ്യയും മൂന്ന് വർഷത്തെ ഡിവിഡന്റായ സംഖ്യയും തിരിച്ചുകിട്ടുന്ന ഒരു പദ്ധതിയാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ഇത് വളരെ രചനാത്മകമായൊരു പദ്ധതിയാണ്. ബാങ്കുകളിലെ നിക്ഷേപം ഇന്ന് സുരക്ഷിതമല്ലാത്ത അവസ്ഥയിലേയ്ക്ക് വരികയാണെന്ന് പ്രവാസികളുടെ ബാങ്ക് നിക്ഷേപത്തെക്കുറിച്ച് ഡോ. എം. കെ. മുനീർ പറയുകയുണ്ടായി. ഇന്ത്യൻ ബാങ്കുകൾ അരക്ഷിതമെന്ന റിപ്പോർട്ടുകൾ ഗൾഫ് രാജ്യങ്ങളിൽ, പ്രത്യേകിച്ച് വിദേശ രാജ്യങ്ങളിൽ ജീവിക്കുന്ന ആളുകളെ ആശങ്കാകുലരാക്കിയിട്ടുണ്ട്. ഗൾഫിലെ ചില മാധ്യമങ്ങളും ധനകാര്യ സ്ഥാപനങ്ങളും നടത്തിയ പഠനത്തിലാണ് ഇന്ത്യൻ ബാങ്കുകളിലെ നിക്ഷേപങ്ങളാണ് ലോകത്ത് ഏറ്റവും ഭദ്രമല്ലാത്തത് എന്ന വിവരം കണ്ടെത്തിയിട്ടുള്ളത്. നീരവ് മോദിയും ലളിത് മോദിയും വിജയ് മല്യയുമടക്കമുള്ള വൻകിട തട്ടിപ്പുകാർ ബാങ്ക് നിക്ഷേപങ്ങൾ കൊള്ളയടിച്ച് വിദേശരാജ്യങ്ങളിലേയ്ക്ക് മുങ്ങുകയാണ്. അവരിൽനിന്നും കൊള്ളമുതൽ ഈടാക്കുന്നതിൽ കുറ്റകരമായ അനാസ്ഥയാണ് കേന്ദ്ര സർക്കാർ കാണിക്കുന്നത്. പ്രവാസി ഇന്ത്യാക്കാർ മൂന്നും നാലും പതിറ്റാണ്ടുകൾ വിദേശത്ത് പണിയെടുത്ത് ബാങ്കുകളിൽ നിക്ഷേപിച്ച സമ്പാദ്യങ്ങൾക്ക് ഒരു സുരക്ഷിതത്വവും കേന്ദ്ര ഗവൺമെന്റ് നൽകുന്നില്ല. നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഇല്ലെന്നുള്ളതാണ് ആശങ്കാജനകമായിട്ടുള്ള വസ്തുത. ഒരു ലക്ഷം രൂപയ്ക്ക്

മാത്രമാണ് സർക്കാർ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. അതുകൊണ്ട് ബാങ്കുകൾ വളരെ സുരക്ഷിതമാണെന്ന് പറയാൻ സാധിക്കുകയില്ല. അത്തരമൊരു സാഹചര്യത്തിൽ പ്രവാസി ഡിവിഡന്റ് പദ്ധതി പ്രവാസികൾക്ക് സുരക്ഷിതമായിട്ടുള്ള നിക്ഷേപമെന്നുള്ള നിലയിൽക്കൂടി കാണാൻ കഴിയും. അവരുടെ ജീവിതകാലത്തുണ്ടാക്കിയ സമ്പാദ്യത്തിൽനിന്ന് കുറച്ച് കാശ് നിക്ഷേപിക്കുമ്പോൾ അത് വളരെ ഫലപ്രദമായി ജീവിതത്തിന്റെ സായന്തനങ്ങളിൽ തിരികെ ലഭിക്കുന്ന തരത്തിലുള്ളൊരു പദ്ധതി ആവിഷ്കരിച്ചുവെന്നുള്ളതാണ് ഈ സർക്കാരിന്റെ ഏറ്റവും പ്രധാന സംഭാവന. ലോകത്ത് ഇപ്പോഴും പ്രവാസി പണം ഏറ്റവും കൂടുതൽ വരുന്ന രാജ്യം ഇന്ത്യയാണ്. 2019-ലെ മൈഗ്രന്റ് സ്റ്റോക്ക് റിപ്പോർട്ടനുസരിച്ച് ലോകത്ത് പ്രവാസികളായി ജോലി ചെയ്യുന്നവരിൽ ഏറ്റവും കൂടുതൽ ഇന്ത്യാക്കാരാണ്. കഴിഞ്ഞ വർഷം ഇന്ത്യയിലേയ്ക്ക് അവർ അയച്ച പണം 80 ബില്യൺ ഡോളറാണ്. അതായത് ഏകദേശം 5.69 ലക്ഷം കോടി രൂപ. ഇത്ര വലിയൊരു സംഖ്യ അയയ്ക്കുന്നത് നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയ്ക്ക് വലിയ സുരക്ഷിതത്വമാണ് നൽകുന്നത്. പ്രവാസികളുടെ ക്ഷേമത്തിനോ അവരുടെ ജീവിത ഭദ്രതയ്ക്കോവേണ്ടിയുള്ള ഒരു നടപടിയും കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടില്ലെന്ന് പറയുമ്പോൾ, ഞാൻ അൽപ്പം രാഷ്ട്രീയം പറയുമ്പോൾ എന്നെ ബഹുമാനപ്പെട്ട യു.ഡി.എഫ്. അംഗങ്ങൾ കുറ്റപ്പെടുത്തുമോയെന്ന് അറിയില്ല.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, യൂറോപ്യൻ നാടുകളിലേയ്ക്ക് ഏജൻസികൾ മുഖേന വിസ സമ്പാദിച്ച് ജോലിക്ക് പോകുന്നവർ പലപ്പോഴും കബളിപ്പിക്കപ്പെടുന്നു. ഈ ഏജൻസികളുടെ വിശ്വാസ്യത തിരിച്ചറിയാനാവശ്യമായ സംവിധാനങ്ങളൊന്നും സംസ്ഥാനത്തില്ല. അതിനുള്ള എന്തെങ്കിലും സംവിധാനമുള്ളതായി താങ്കൾക്ക് അറിയാമോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ജോലി തട്ടിപ്പിന്റെ ഒരുപാട് പ്രശ്നങ്ങൾ നടക്കുന്നുണ്ട്. ഞാൻ പറഞ്ഞു വരുന്നത്, കേന്ദ്ര സർക്കാർ പ്രവാസികൾക്ക് നേരെ സ്വീകരിക്കുന്ന നിലപാടുമായി ബന്ധപ്പെട്ടാണ്. വിമാനക്കൂലിയുടെ കാര്യത്തിൽ പ്രവാസി മലയാളികളെ ചൂഷണം ചെയ്യുന്നുവെന്ന് ഇവിടെ ബഹുമാനപ്പെട്ട അംഗം സംസാരിക്കുമ്പോൾ പറഞ്ഞു. അത്തരമൊരു അനുമതി ആരാണ് വിമാനക്കമ്പനികൾക്ക് നൽകിയതെന്ന കാര്യം അങ്ങ് മറന്നിട്ടുണ്ടോയെന്ന് എനിക്കറിയില്ല. കോൺഗ്രസ്സ് ഗവൺമെന്റിന്റെ കാലത്ത് സിവിൽ ഏവിയേഷൻ മന്ത്രാലയമാണ് എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാന കമ്പനികൾക്ക് ഉൽസവകാലങ്ങളിൽ ഫ്ലെക്സിബിളായിട്ടുള്ള ചാർജ്ജ് ഈടാക്കാൻ അനുമതി നൽകിയത്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സത്യത്തിൽ ഇപ്പോഴും

ഓണവും പെരുന്നാളും ക്രിസ്തുമസ്സും ഒക്കെ വരുന്ന സമയത്ത് കേരളത്തിൽ മാത്രം ഈ ചാർജ്ജ് വർദ്ധിപ്പിക്കുന്നത്. ഇന്ത്യയിലാകെ അത്തരമൊരു സ്ഥിതിയുണ്ടെന്ന് അദ്ദേഹം തെറ്റിദ്ധരിച്ചിരിക്കുന്നു. അങ്ങനെയല്ല, ഏറ്റവും കൂടുതൽ യാത്രക്കാർ സഞ്ചരിക്കുന്ന റൂട്ടെന്ന നിലയിലാണ് അവർ ഈ ചൂഷണം നടത്തുന്നത്. അമേരിക്കയിലേയ്ക്കും ബ്രിട്ടനിലേയ്ക്കും പോകുമ്പോൾ ഈടാക്കുന്നതിനേക്കാൾ വലിയ സംഖ്യയാണ് ഗൾഫ് രാജ്യങ്ങളിലേയ്ക്ക് പോകുമ്പോൾ ഈടാക്കുന്നത്. ഇതിൽ ഒരു ന്യായവുമില്ല. പക്ഷെ ഞാൻ പറയട്ടെ, ഇത് ആരംഭിച്ചത് കോൺഗ്രസ്സ് ഗവൺമെന്റിന്റെ കാലത്താണ്. ഇപ്പോൾ ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി എല്ലാ ഗൾഫ് രാജ്യങ്ങളിലും പോകുകയാണ്. അവിടെപ്പോയി പ്രവാസികളോട് അദ്ദേഹം നല്ലരീതിയിൽ സംസാരിക്കുന്നു. പക്ഷെ അദ്ദേഹത്തിന്റെ ഗവൺമെന്റും ആ ചൂഷണം തുടരുകയാണെന്നുള്ള കാര്യമാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, നേരത്തെ ബഹുമാനപ്പെട്ട എം. കെ. മുനീർ സംസാരിച്ചപ്പോൾ പ്രവാസികളുടെ വോട്ടവകാശത്തെ സംബന്ധിച്ച് പറഞ്ഞു. എങ്ങനെയാണ് സ്ഥലത്തില്ലാത്ത ആളുകൾക്ക് ഈ വോട്ട് ചെയ്യാൻ സാധിക്കുന്നത്? അതുസംബന്ധിച്ച് എന്തെങ്കിലും ധാരണ അങ്ങയുടെ മനസ്സിലുണ്ടോ?

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u> സർ, ഇതു സംബന്ധിച്ച് ചില വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്...

<u>മി. സ്പീക്കർ</u>: പ്ലീസ്....ശ്രീ. വി. പി. സജീന്ദ്രൻ, പ്ലീസ്....പ്ലീസ്... അധികം ഇടപെട്ട് ഇത് നീട്ടിക്കൊണ്ടു പോകരുത്..

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, അതിന്റെ തുടർച്ചയായിട്ടുള്ള ചോദ്യമാണ് എനിക്ക് ചോദിക്കാനുള്ളത്, 2002-ൽ ശ്രീ. എ. കെ. ആന്റണി കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന സമയത്ത്, അന്ന് നിയമസഭയിൽ രണ്ടു വെള്ളിയാഴ്ചകളിൽ ചർച്ച ചെയ്ത ഒരു അനൗദ്യോഗിക പ്രമേയമുണ്ട്. ആ പ്രമേയം പ്രവാസികൾക്ക് വോട്ടവകാശം കൊടുക്കണമെന്നുള്ളതാണ്. ബഹുമാനപ്പെട്ട കെ. എൻ. എ. ഖാദർ ആണ് ആ അനൗദ്യോഗിക പ്രമേയം ഇവിടെ അവതരിപ്പിച്ചത്. 2002-ൽ അവതരിപ്പിച്ച അനൗദ്യോഗിക പ്രമേയമാണെങ്കിലും അന്ന് ഐകകണ്ഠ്യേന അക്കാര്യത്തിൽ തീരുമാനമെടുത്തെങ്കിലും ഇന്നും അതു സംബന്ധിച്ച് ഒരു തീരുമാനമായിട്ടില്ല, അത് അർഹതപ്പെട്ടതാണല്ലോ; അതിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഇതു സംബന്ധിച്ച് എന്റെ അഭിപ്രായം കൂടുതൽ ചർച്ച ചെയ്യേണ്ടതുണ്ട്. കാരണം പ്രോക്സി വോട്ടാണോ ഓൺലൈൻ വോട്ടാണോ എന്നുള്ള കാര്യത്തിൽ പാർലമെന്റിന് വ്യക്തമായിട്ടുള്ള ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞിട്ടില്ല. ആ പ്രശ്നം നിലനിൽക്കുകയാണ്. ഞാൻ പറഞ്ഞുവന്നത് കേന്ദ്ര ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള സമീപനത്തെ സംബന്ധിച്ചാണ്. ഇത്രമാത്രം പണം വരുന്ന, അതിന്റെ മുഖ്യഉപഭോക്താക്കളായിട്ടുള്ള കേന്ദ്ര ഗവൺമെന്റ് ഒരു പദ്ധതിയും പ്രവാസികൾക്കുവേണ്ടി നടപ്പിലാക്കുന്നില്ലെന്നുള്ള വസ്തുത നമ്മൾ കാണേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനം അതിൽനിന്നും വ്യത്യസ്തമാണ്. തിരിച്ചുവരുന്ന ആളുകളുടെ എണ്ണം ഇപ്പോൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 1998-ൽ 7.3 ലക്ഷം പേരാണ് തിരിച്ചെത്തിയത്. 2008-ൽ 11.5 ലക്ഷം പ്രവാസികൾ തിരിച്ചെത്തിയപ്പോൾ 2018-ൽ അത് 12.94 ലക്ഷമായി വർദ്ധിച്ചു. മദ്ധ്യേഷ്യയിലെ സ്വദേശി വൽക്കരണം, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലക്കുറവ്, സാമ്പത്തിക മാന്ദ്യം എന്നിവയൊക്കെയാണ് മടങ്ങിവരവിനുള്ള വിവിധ കാരണങ്ങൾ. വിവിധ പ്രദേശങ്ങളിൽനിന്ന് വലിയ തോതിൽ പ്രവാസികൾ തിരിച്ചുവന്നു കൊണ്ടിരിക്കുകയാണ്. ഏറ്റവും കൂടുതൽ പ്രവാസികൾ തിരിച്ചുവരുന്നത് മലപ്പുറം ജില്ലയിലാണ്. മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ പ്രവാസികളുള്ളതും. തിരുവനന്തപുരം, കോട്ടയം എന്നീ ജില്ലകളിലും പ്രവാസികൾ ഏറ്റവും കൂടുതലായി തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. മറ്റു ജില്ലകളിലും ഈ പ്രവണതയുണ്ട്. തിരിച്ചു വരുന്ന ആളുകളെ സഹായിക്കാനുള്ള പദ്ധതിയെ സംബന്ധിച്ച് ഇവിടെ നേരത്തെ ഡോ. എം. കെ. മുനീർ സംസാരിച്ചപ്പോൾ പറയുകയുണ്ടായി. ഈ ഗവൺമെന്റ് ആരംഭിച്ച പദ്ധതിയല്ല എൻ.ഡി.പി.ആർ.ഇ.എം. (നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്). നേരത്തെയുള്ള ഗവൺമെന്റ് ആരംഭിച്ച പദ്ധതിയാണ്. ആ സർക്കാരിന്റെ കാലത്ത് വളരെച്ചുരുക്കം ആളുകൾക്ക് മാത്രമാണ് ഈ പദ്ധതിവഴി സഹായം ലഭിച്ചത്. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് വിവിധ ബാങ്കുകളെ കോ-ഓർഡിനേറ്റ് ചെയ്യാൻ ശ്രമിക്കുന്നു. ചില ബാങ്കുകൾ, ഡോ. എം. കെ. മുനീർ പറഞ്ഞതുപോലെ നിഷേധാത്മകവും ഈ പദ്ധതിയോട് താൽപ്പര്യമില്ലാത്തതുമായ നിലപാട് സ്വീകരിക്കുന്നുണ്ട്. പക്ഷെ മുഖ്യമന്ത്രി ഇടപെട്ടതിനെത്തുടർന്ന് വിവിധ ധനകാര്യ സ്ഥാപനങ്ങളും അതുപോലെ പിന്നോക്ക വികസന കോർപ്പറേഷനും എസ്.സി./എസ്.ടി. കോർപ്പറേഷൻ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. തിരിച്ചുവരുന്ന ആളുകൾക്ക് വിവിധ

പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫലപ്രദമായ നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഈടില്ലാതെ 10 ലക്ഷം രൂപവരെ ബാങ്ക് ഓഫ് ഇന്ത്യ നൽകുമെന്ന് പ്രഖ്യാപിക്കുകയും അത് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. ആ തരത്തിൽ വിവിധ പദ്ധതികൾ സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുന്നു. ഇവിടെ പലരും പറഞ്ഞ കാര്യമാണെങ്കിലും ആവർത്തിക്കാതിരിക്കാൻ നിർവ്വാഹമില്ല. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പ്രവാസി ക്ഷേമനിധി അന്ന് 500 രൂപയാണ് പെൻഷൻ നൽകിയിരുന്നത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത് മൂന്നിരട്ടിയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഒരു ക്ഷേമനിധിയെന്നുള്ള നിലയിൽ വളരെ ഫലപ്രദമായി അത് മുന്നോട്ട് കൊണ്ടുപോകുകയാണ്. ഞാൻ ചെയർമാനായ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി ഈ വിഷയം ചർച്ച ചെയ്തിരുന്നു. പ്രവാസി ക്ഷേമനിധിയുടെ വരുമാന സ്രോതസ്സെന്ന് പറയുന്നത് പ്രവാസികൾ അടയ്ക്കുന്ന അംശദായവും സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്ന ബഡ്ജറ്റ് ഗ്രാന്റും മാത്രമാണ്. അതുകൊണ്ടുമാത്രം നമുക്ക് പിടിച്ചുനിൽക്കാൻ കഴിയില്ല. ഒരു നിർദ്ദേശമെന്നുള്ള നിലയിൽ എനിക്ക് പറയാനുള്ളത്, പ്രവാസികൾക്കുവേണ്ടി ഒരു ലോട്ടറി വർഷത്തിൽ ഒന്നോരണ്ടോ തവണയെങ്കിലും നടത്താൻ കഴിഞ്ഞാൽ ആ ഫണ്ട് ക്ഷേമനിധിക്ക് നൽകാനാകുമെന്നുള്ളതാണ്. പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്നാണ് പ്രവാസികൾക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അതുകൊണ്ട്, പ്രവാസി ക്ഷേമനിധി ബോർഡിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെന്റ് ഒരു പ്രവാസി ലോട്ടറി ആരംഭിക്കണമെന്ന നിർദ്ദേശം ഞങ്ങൾ മുന്നോട്ട് വയ്ക്കുകയാണ്. ഡിവിഡന്റ് പദ്ധതി, വളരെ വിശ്വാസ്യതയുള്ള പദ്ധതിയായി സംസ്ഥാന ഗവൺമെന്റിന്റെ പിന്തുണയോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയാണ്. അത് ക്ഷേമനിധി ബോർഡു വഴി നടപ്പിലാക്കുമ്പോൾ ഒട്ടേറെ ആളുകൾ ഈ പദ്ധതിയിൽ ചേരാൻ താല്പര്യത്തോടെ വരികയാണ്. ഇത് പ്രവാസികൾക്കുള്ള ഒരു ക്ഷേമപദ്ധതി എന്നതിനോടൊപ്പം, രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിന് ഉതകുന്ന പദ്ധതിയുംകൂടിയാണ്. ഫലപ്രദമായ ഏത് പദ്ധതിയിലാണ് നിക്ഷേപിക്കേണ്ടതെന്നുള്ളതിനെക്കുറിച്ച് പലർക്കും സംശയങ്ങളുണ്ട്. ഒട്ടേറെ മറ്റു പ്രതിസന്ധികളും ഇന്ത്യയിൽ ഇന്നുണ്ട്. അത്തരമൊരു സാഹചര്യത്തിൽ നമ്മുടെ രാജ്യത്തിന്റെ, സംസ്ഥാനത്തിന്റെ വികസനത്തിന് ഉതകുന്ന തരത്തിലുള്ള ഒരു നിക്ഷേപമായി ഇത് മാറുകയാണ്. വിദേശത്ത് ജോലി ചെയ്യുന്ന ആളുകളുടെ വരുമാനവും സമ്പാദ്യവും ഉപയോഗിച്ച് ഈ നാടിന്റെ സമ്പദ്ഘടനയ്ക്ക് സുരക്ഷ നൽകുന്നതിനുള്ള ഒരു പദ്ധതിയായി ഇത് മാറുകയാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഈ പറയുന്ന നിക്ഷേപം പ്രവാസിയുടെ സുരക്ഷിതത്വത്തിനുവേണ്ടിയാണല്ലോ? പ്രവാസി ഒരിക്കൽ പണം നിക്ഷേപിച്ചാൽ അയാൾ ജീവിച്ചിരിക്കുന്ന കാലത്ത് ഈ പണം മെച്യൂരിറ്റിയായി ലഭിക്കുന്നതിനോ അതല്ലെങ്കിൽ അദ്ദേഹത്തിന് പണം പിൻവലിക്കാനോ ഈ ആക്ടിൽ വകുപ്പില്ല എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: ഇതിലൊരു പ്രശ്നമുണ്ട്. ഗൾഫിലൊക്കെ ജോലി ചെയ്യുന്ന സമയത്ത് ഉണ്ടാക്കുന്ന പണം പലപ്പോഴും സുരക്ഷിതമായി നിക്ഷേപിക്കാതെ നാട്ടിൽ തിരിച്ചെത്തും. നാട്ടിലെ ജീവിതച്ചെലവും പ്രശ്നങ്ങളുമൊക്കെയായി അത് വേഗം തീർന്നുപോകുന്നു. പിന്നീട് മരുന്നുവാങ്ങാൻപോലും നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്ന അവസ്ഥ പ്രവാസിക്ക് ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ഗൾഫിലൊക്കെ ജോലി ചെയ്ത് വരുമാനമുണ്ടാകുന്ന സമയത്ത് 5 ലക്ഷം രൂപ അല്ലെങ്കിൽ 3 ലക്ഷം രൂപ നിക്ഷേപിക്കുന്ന ഒരാൾക്ക് അയാളുടെ ജീവിതകാലത്തേയ്ക്ക് മുഴുവനും അതിൽ നിന്നുള്ള ഡിവിഡന്റ് ലഭിക്കുന്നു. അയാളുടെ മരണശേഷം അയാളുടെ ഭാര്യയ്ക്ക് ലഭിക്കുന്നു. അതിനുശേഷം അയാളുടെ മക്കൾക്കോ കുടുംബാംഗങ്ങൾക്കോ ആ നിക്ഷേപം പിൻവലിക്കാവുന്നതാണ്. പ്രവാസിയുടെ കുടുംബത്തെ സുരക്ഷിതമായ അവസ്ഥയിൽ നിലനിർത്താൻ കഴിയുന്ന വ്യത്യസ്തമായ ഒരു പദ്ധതിയാണിത്. വിദേശത്ത് ജോലി ചെയ്തുണ്ടാക്കിയ സമ്പാദ്യത്തിന്റെ ഒരു വിഹിതം ഇവിടെ നിക്ഷേപിച്ചുകഴിഞ്ഞാൽ അയാളുടെ മക്കൾക്കോ കുടുംബത്തിലെ ഏറ്റവും ദരിദ്രരായിട്ടുള്ള ആളുകൾക്കോ വരുമാനം കിട്ടുന്ന വിധത്തിൽ വളരെ ശ്രദ്ധേയമായ പദ്ധതിയാണ് സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത്. ഡിവിഡന്റ് പദ്ധതി വലിയ വിജയമായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഈ പദ്ധതി ആവിഷ്കരിച്ച സംസ്ഥാന ഗവൺമെന്റിനെ പ്രത്യേകിച്ച്, അതിനായി നേതൃത്വം നൽകിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പ്രത്യേകം അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ എല്ലാവരും സംസാരിച്ചതുപോലെ പ്രവാസി ക്ഷേമം എല്ലാ ഗവൺമെന്റുകളുടെയും കേരളീയ സമൂഹത്തിന്റെയും ഉത്തരവാദിത്തവും ബാധ്യതയുമാണ്. കാരണം നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ല് എന്നുപറയുന്നത് വിദേശത്തുനിന്നുള്ള remittance ആണ്. മാത്രമല്ല, നമ്മുടെ സംസ്ഥാനത്തെ

ആറിലൊന്ന് മലയാളികൾ കേരളത്തിന് പുറത്ത് ജീവിക്കുന്നവരാണ്. കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്ത് ജീവിക്കുന്നതിനേക്കാൾ കൂടുതൽ മലയാളികൾ മഹാരാഷ്ട്രയുടെ തലസ്ഥാനമായ മുംബൈയിലുണ്ട്. ലോകത്തിന്റെ എല്ലാ സ്ഥലങ്ങളിലും മലയാളികൾ diaspora ആയുണ്ട്. അവർ അവിടെയുള്ള പ്രധാനപ്പെട്ട കാര്യങ്ങളിൽ ഇടപെടുകയും വലിയ പങ്കാളിത്തം വഹിക്കുകയും ചെയ്യുകയാണ്. നാട്ടിൽ ജോലിചെയ്യാൻ ആഗ്രഹമുണ്ടായിട്ടും തൊഴിലില്ലായ്മ ഉൾപ്പെടെയുള്ള പല കാരണങ്ങൾകൊണ്ട് കൂടുതൽ സുരക്ഷിതമായ ഒരു ജോലി പ്രതീക്ഷിച്ച് വിദേശങ്ങളിലേയ്ക്ക് പോയവരാണ് കൂടുതൽ പേരും. കഷ്ടപ്പെട്ട് എത്തിയവരിൽ കുറേയാളുകൾ വർഷങ്ങളോളം നീണ്ടുനിന്ന കഠിനാദ്ധ്വാനത്തിന്റെ ഫലമായി വലിയ സാമ്രാജ്യങ്ങൾ കെട്ടിപ്പൊക്കിയവരുമാണ്. പക്ഷെ ഇവിടെനിന്നും പോയിരിക്കുന്നവരിൽ വലിയൊരു ശതമാനം ആളുകൾ ഇപ്പോഴും ലേബർ ക്യാമ്പുകളിൽ ദുരിതപൂർണ്ണമായ ജീവിതം നയിച്ചു കൊണ്ടുപോകുന്നവരാണ്. ഗൾഫ് നാടുകളിൽ പ്രത്യേകിച്ച് ഏറ്റവും കൂടുതൽ മലയാളികളുള്ള സ്ഥലങ്ങളിലെ മഹാസൗധങ്ങളും രമ്യഹർമ്യങ്ങളും കാണുകയും അവിടെയുള്ള സൗകര്യങ്ങളെക്കുറിച്ച് വാചാലരാകുകയും ഇവിടെ വന്ന് അത്തരം സൗകര്യങ്ങളൊന്നും നമ്മുടെ സംസ്ഥാനത്ത് ഇല്ലല്ലോയെന്ന് വിലപിക്കുകയും ചെയ്യുന്നവരാണ് നമ്മളിൽ കൂടുതൽ പേരും. പക്ഷെ ഈ മഹാസൗധങ്ങളെല്ലാം കെട്ടിപ്പൊക്കിയതിന് പിന്നിലുള്ള കഠിനാദ്ധ്വാനവും ആ കൊടുംവെയിലത്ത് കുടുംബം പോറ്റുന്നതിനുവേണ്ടി അവർ നടത്തിയ ശ്രമകരമായ അദ്ധ്വാനവും അറിയാറില്ല. ഇപ്പോഴാണ് ലേബർ ക്യാമ്പുകൾ കുറേക്കൂടിയെങ്കിലും മെച്ചപ്പെട്ടത്. പല കമ്പനികളും നടത്തുന്ന ലേബർ ക്യാമ്പുകളിൽ കൊടിയ ദുരിതമാണ് അനുഭവപ്പെടുന്നത്. നമ്മൾ അവിടെയെത്തി അവരുടെ ദുഃഖങ്ങളും പ്രയാസങ്ങളും നേരിൽ കണ്ട് മനസ്സിലാക്കിയാൽ മാത്രമെ യഥാർത്ഥ പ്രവാസി എന്താണെന്ന് നമുക്ക് ബോധ്യമാവുകയുള്ളൂ. നമ്മൾ കാണുന്നത് അവിടെ പോയി സാമ്പത്തികമായി വിജയിച്ച വലിയ ആളുകളെയാണ്. മിക്കവാറും നമ്മളെല്ലാവരും അവിടെ പോയിക്കഴിഞ്ഞാൽ കാണുന്നതും സന്ദർശിക്കുന്നതും നമ്മളെ സന്ദർശിക്കുന്നതും അവിടെച്ചെന്ന് വിജയിച്ച കുറേയാളുകളെയാണ്. എന്നാൽ മഹാഭൂരിപക്ഷം പേരും ജോലിയിൽ സുരക്ഷിതത്വമില്ലാതെ അരക്ഷിതാവസ്ഥയിൽ കഴിയുന്നവരാണ്. അവരിൽ ചിലർ ചെറിയ ബിസിനസ് തുടങ്ങാൻ ശ്രമിക്കുകയും എന്നാൽ recession സമയത്ത് പല കാരണങ്ങൾകൊണ്ട് ചെക്ക് bounce ആയതിനാൽ ജയിലിൽ പോകാൻ വിധിക്കപ്പെട്ടവരുമാണ്. ധാരാളം പേർ ഗൾഫ് നാടുകളിലെ ജയിലുകളിൽ കിടക്കുന്നുണ്ടെന്ന് നമുക്കറിയാം. അവരുടെ സങ്കടങ്ങളും വളരെ പ്രധാനപ്പെട്ടതാണ്. കുറ്റകൃത്യം ചെയ്തോ കൊലപാതകം ചെയ്തോ മയക്കുമരുന്ന് കടത്ത് കേസിലുൾപ്പെട്ടോ ജയിലിൽ പോയ ആളുകളെക്കുറിച്ചല്ല

പറയുന്നത്. തൊഴിൽ പ്രശ്നങ്ങളിൽപ്പെട്ട് ജയിലിൽ കിടക്കുന്ന ഒരു സമൂഹവും നമുക്കുണ്ട്. ഒരു ഡിപ്ലോമാറ്റിക് ലെവലിൽ കേരള ഗവൺമെന്റ്തന്നെ മുൻകയ്യെടുത്ത് കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി ഒരു വലിയ നീക്കം നടത്തിയാൽ അവരിൽ വലിയൊരു വിഭാഗത്തെ നാട്ടിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനെങ്കിലും കഴിയും. ജയിലിൽ കിടക്കുന്ന അവസ്ഥയിൽനിന്നും അവരെ മോചിപ്പിക്കാൻ കഴിയുന്ന സ്ഥിതിയുണ്ടാകും. ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത് ഡിവിഡന്റ് പദ്ധതിയെക്കുറിച്ചാണ്. എന്റെ സ്നേഹിതൻ ശ്രീ. കെ. വി. അബ്ദുൾ ഖാദർ ഇവിടെ സംസാരിച്ചപ്പോൾ വലിയ സഹായമാണ് അവർക്ക് കൊടുക്കുന്നതെന്ന് പറഞ്ഞു. ബാങ്കിൽ ഒരു ഫിക്സഡ് ഡെപ്പോസിറ്റിട്ടാൽ പലിശ കിട്ടുന്നതുപോലെയുള്ള ഒരു സംവിധാനത്തിൽ പണം നിക്ഷേപിക്കുന്നു. അതുമാത്രമാണ് ഈ പദ്ധതി. ഇതിൽ നമുക്കുള്ള ഗുണം ഇവിടെയുള്ള കാര്യങ്ങൾക്ക് ആ പണം ഉപയോഗിക്കാമെന്നതാണ്. കിഫ്ബി പോലുള്ള സംരംഭങ്ങളിൽ ആ പണം ഉപയോഗിക്കാം. ഡിവിഡന്റ് പദ്ധതിയെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. പക്ഷെ ഡിവിഡന്റ് പദ്ധതി ആവിഷ്കരിച്ചതിനുശേഷം എവിടെവരെയെത്തി, എത്രരൂപ അവിടെ കിട്ടിയെന്നല്ല, ഗവൺമെന്റ് പറഞ്ഞാൽ, മുഖ്യമന്ത്രിയെപ്പോലുള്ളവർ സൂചിപ്പിച്ചാൽ ധാരാളം ആളുകൾ പണം നിക്ഷേപിക്കും. ആര് പറഞ്ഞാലും എന്തു സംരംഭം തുടങ്ങിയാലും പണം നിക്ഷേപിക്കാൻ തയ്യാറായി കുറേയേറെയാളുകൾ മുന്നോട്ടുവരും. മറിച്ച് ഈ ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപം നടത്തിയിട്ടുള്ള സാധാരണക്കാരായ പ്രവാസികളുടെ നമ്പർ എത്രയാണ്; അവർക്ക് അവിടെയൊരു നിക്ഷേപം നടത്തുന്നതുമായോ സംസ്ഥാനത്തെ ബാങ്കുകളിൽ നിക്ഷേപം നടത്തുന്നതുമായോ താരതമ്യം ചെയ്യുമ്പോഴുള്ള അട്രാക്ഷൻ എന്താണ്? നമുക്ക് അട്രാക്ഷനുണ്ട്, ഈ പണം നമ്മുടേതായ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാം. ഇപ്പോഴത്തെ സ്ഥിതിയിൽ ശമ്പളം കൊടുക്കാനും പെൻഷൻ കൊടുക്കാനും നമ്മുടെ ബാധ്യതകൾ തീർക്കാനും അത്യാവശ്യം നമ്മുടെ നാട്ടിൽ ധൂർത്ത് നടത്താനും തോന്നിയതുപോലെയൊക്കെ ചെലവാക്കാനും ഈ പണം നമുക്ക് ഉപയോഗിക്കാൻ പറ്റും. പക്ഷെ ഇതിൽ നിക്ഷേപിക്കുന്നയാളുകൾക്ക് മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതിൽനിന്നും വ്യത്യസ്തമായ എന്ത് ആകർഷണമാണുള്ളതെന്നാണ് എന്റെ പ്രധാന ചോദ്യം.

ശ്രീ. എം. ഉമ്മർ: സർ, അത്യാവശ്യ കാര്യമായതുകൊണ്ട് ചോദിക്കുകയാണ്. ലൈഫ് ഇൻഷ്വറൻസ് പദ്ധതിയാണെങ്കിൽപ്പോലും നിക്ഷേപിച്ച തുകയിൽനിന്നും വായ്പയെടുക്കാനുള്ള വ്യവസ്ഥയുണ്ട്. അതല്ലെങ്കിൽ ആ പണംതന്നെ മുഴുവനായും തിരിച്ചെടുക്കാനുള്ള വ്യവസ്ഥയുമുണ്ട്. പ്രവാസിയുടെ ക്ഷേമത്തിനായി പദ്ധതി കൊണ്ടുവരുമ്പോൾ പ്രവാസി ജീവിച്ചിരിക്കുമ്പോൾത്തന്നെ, ഒന്നുകിൽ 30 വർഷം

കഴിയുമ്പോൾ മെച്യൂരിറ്റിയാകുമെന്നോ, അതല്ലെങ്കിൽ അത്യാവശ്യമായി 30 ശതമാനമോ 40 ശതമാനമോ തുക അതിൽനിന്നും വായ്പയെടുക്കാൻ സാധിക്കുമെന്നോ പറയുന്നില്ല. ഇതിൽ വരുന്നത് മുഴുവനും വൻകിടക്കാരല്ല. 5 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ ഡെപ്പോസിറ്റ് ചെയ്യാമെന്ന് പറയുമ്പോൾ ചെറുകിടക്കാരും സാധാരണക്കാരും ഡെപ്പോസിറ്റ് ചെയ്യുന്നതാണ്. അവരുടെ സ്കീമിൽനിന്നും അത്യാവശ്യഘട്ടത്തിൽ 5 ലക്ഷമോ 10 ലക്ഷമോ രൂപ ചികിത്സയ്ക്കുവേണ്ടി വായ്പയെടുക്കാൻപോലും ഇതിൽ വകുപ്പില്ല. ജീവിച്ചിരിക്കുന്ന കാലത്ത് ഈ പ്രവാസിക്ക് ഒരുപൈസ പോലും പിൻവലിക്കാൻ സാധിക്കില്ലെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കിയിട്ടുണ്ടോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: തീർച്ചയായും അങ്ങ് പറയുന്ന കാര്യം ശരിയാണ്. ഞാനും അതാണ് പറയുന്നത്. ഇതൊരു വിമർശനമായി ഉന്നയിക്കുന്നതല്ല. അവരെ സംബന്ധിച്ചിടത്തോളം കുറേക്കൂടി ആകർഷണീയമായ രീതിയിൽ ഈ ഡിവിഡന്റ് പദ്ധതിയെ പുനരാവിഷ്കരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് എന്റെ നിർദ്ദേശം. അതുപോലെ 14-ാം വകുപ്പിൽ ഒരു ഭേദഗതിയുണ്ട്, ഈ വകുപ്പ് യഥാർത്ഥത്തിൽ പറയുന്നത്, '....കമ്പനികളെയും സഹകരണ സംഘങ്ങളെയും മറ്റ് സംഘങ്ങളെയും മറ്റ് സ്ഥാപനങ്ങളെയും ഈ ക്ഷേമനിധി ബോർഡ് പ്രൊമോട്ട് ചെയ്യണം... ' എന്നൊരു വ്യവസ്ഥ 2009-ലെ ആക്റ്റിൽ ഉണ്ട്. അതിന്റെ കൂടെ " 1955-ലെ തിരുവിതാംകൂർ - കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റിൽ (1955-ലെ XII-ാം ആക്റ്റ്) കീഴിലുള്ള സംഘങ്ങളുടെയും" എന്ന വാക്കുകളും അക്ഷരങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്. അതിനർത്ഥം ചാരിറ്റബിൾ സൊസൈറ്റി ആക്റ്റ് അനുസരിച്ച് രൂപീകരിക്കപ്പെട്ട സ്ഥാപനങ്ങളെയുംകൂടി അതിൽ ഉൾപ്പെടുത്താമെന്നാണ്. എന്താണ് അതിന്റെ ലക്ഷ്യമെന്നുള്ളത് ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിലൊന്നും വ്യക്തമാക്കിയിട്ടില്ല. സത്യത്തിൽ ഒരു ബിൽ പുറത്തിറക്കുമ്പോൾ, ആ ബില്ലിലെ ഉദ്ദേശ്യകാരണങ്ങൾ പറയുമ്പോൾ, 14-ാം വകുപ്പിലെ ഭേദഗതി എന്തിനാണെന്ന് പറയേണ്ടതാണ്. ഞാൻ നോക്കിയിട്ട് കണ്ടില്ല. എന്തെങ്കിലും സദുദ്ദേശ്യമാണെങ്കിൽ ഞാനതിനെ സ്വാഗതം ചെയ്യുന്നു. ചാരിറ്റബിൾ സൊസൈറ്റി ആക്റ്റ് അനുസരിച്ച് ആർക്കും ഒരു സംഘടന രജിസ്റ്റർ ചെയ്യാം. അത്തരം സംഘടനകളെയെല്ലാം ബോർഡുമായി ബന്ധപ്പെടുത്താനോ, ഏതെങ്കിലുമൊരു സംഘടനയെ ഉന്നംവച്ചുകൊണ്ടോ, രൂപീകരിക്കപ്പെടാൻ പോകുന്ന ഏതെങ്കിലും പ്രസ്ഥാനങ്ങളെ ഉന്നംവച്ചുകൊണ്ടോ ഉള്ളൊരു ഭേദഗതിയാണോ ഇതെന്ന് വ്യക്തമല്ല. അതുകൊണ്ട് 14-ാം വകുപ്പിന്റെ ഭേദഗതി എന്തിനാണെന്ന് വ്യക്തമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത്രയും കാലമായി പ്രവാസി ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങൾ നമുക്ക് ചെയ്യാൻകഴിഞ്ഞുവെന്നതിൽ

ആത്മപരിശോധന നടത്തുന്നത് നല്ലതാണ്. ഞാൻ ഏതെങ്കിലും ഗവൺമെന്റുകളെ മാത്രം കുറ്റപ്പെടുത്തി പറയുകയല്ല. ക്രിയേറ്റീവായി എന്തുചെയ്യാൻ സാധിച്ചുവെന്നത് ഗൗരവതരമായ കാര്യമാണ്. പ്രവാസ ജീവിതത്തിനുശേഷം തിരിച്ചു വരുമ്പോഴുള്ള ഒരു പുനരധിവാസ പദ്ധതിയാണ് അവർ ആഗ്രഹിക്കുന്നത്. ഫലപ്രദമായിട്ടുള്ള ഒരു റീഹാബിലിറ്റേഷൻ പ്രോജക്ട് എങ്ങനെ കൊണ്ടുവരാൻ കഴിയുമെന്ന് ചിന്തിക്കണം. കച്ചവട സ്ഥാപനങ്ങൾ, ചെറുകിട വ്യവസായ സംരംഭങ്ങൾ, ബേക്കറി, സ്റ്റേഷനറി കടകൾ തുടങ്ങി ധാരാളം കാര്യങ്ങൾ അവർ ആരംഭിക്കുന്നുണ്ട്. കുറച്ച് പണം എങ്ങനെയെങ്കിലും മിച്ചംവച്ച് ചെറിയ സംരംഭങ്ങൾ തുടങ്ങുകയാണ് സാധാരണക്കാരായവർ ചെയ്യുന്നത്. അത്തരം ചെറിയ സംരംഭങ്ങൾ തുടങ്ങിയവരെല്ലാം നമ്മുടെ നാട്ടിൽ പ്രതിസന്ധിയിലാണ്. ഒരു ജീവിതകാലം മുഴുവൻ കഠിനാദ്ധ്വാനം ചെയ്തുണ്ടാക്കിയ ചെറിയ സമ്പാദ്യം നഷ്ടപ്പെട്ട് അതിനേക്കാൾ വലിയ കടക്കെണിയിലേയ്ക്ക് അവർ കൂപ്പുകുത്തുന്ന ഒരു സ്ഥിതിയാണ് ഇപ്പോഴുള്ളത്. നമ്മുടെ സംസ്ഥാനത്തെ നികുതി സമ്പ്രദായം, ബിസിനസ് നടത്തിക്കൊണ്ടുപോകാൻ പറ്റാത്ത അവസ്ഥ, അപകടകരമായ നിലയിലേയ്ക്ക് പോകുന്ന രീതിയിൽ വ്യാപാരം തുടങ്ങി തിരിച്ചുവരുന്ന ആളുകളെ സംബന്ധിച്ചിടത്തോളം നിരവധി പ്രതിസന്ധികളാണുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൾഫിൽ പോയി പതിനായിരം കോടി രൂപയുടെ പ്രോജക്ട് പ്രഖ്യാപിച്ചു. ലുലുവിന്റെ ഉടമ ശ്രീ. എം. എ. യൂസഫ് അലിയും ആസ്റ്റർ മെഡിസിറ്റി ഉടമ ഡോ. ആസാദ് മൂപ്പനുമൊക്കെ നേരത്തെ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ഭംഗിയായി, അതുകൂടി ഉൾപ്പെടുത്തി പതിനായിരം കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചു. ഉപതെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് പതിനായിരം കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് നമ്മുടെ സംസ്ഥാനത്ത് വരാൻ പോകുന്നുവെന്നുള്ളൊരു രീതിയിൽ കാര്യങ്ങൾ ചെയ്തു. അവർ ഇൻവെസ്റ്റ് ചെയ്യാൻ തുടങ്ങിയിട്ട് കുറെ നാളുകളായി. അവർ ഇൻവെസ്റ്റ് ചെയ്യുന്നത് സന്തോഷകരമായ കാര്യമാണ്. നമ്മളത് സ്വാഗതം ചെയ്യണം. ചെയ്യാൻ കഴിയുന്ന നിയമപരമായ സൗകര്യങ്ങളെല്ലാം നമ്മൾ അവർക്ക് ചെയ്തുകൊടുക്കണം. സംസ്ഥാനത്ത് ഇൻവെസ്റ്റ് ചെയ്യുന്നതിന് അവർക്ക് ആഗ്രഹമുണ്ട്. കൂടുതൽ തൊഴിലവസരങ്ങളും സംസ്ഥാനത്തിന്റെ ഖജനാവിലേയ്ക്ക് വരുമാനവും ഉണ്ടാകും. പക്ഷെ നമ്മൾ കാണുന്ന അവർ മാത്രമല്ല പ്രവാസിയെന്ന് പറയുന്നത്. ലേബർ ഫോഴ്സ് ഉൾപ്പെടെ സാധാരണക്കാരും പാവങ്ങളിൽ പാവങ്ങളുമായ വലിയൊരു ഭൂരിപക്ഷം ആ രംഗത്തുണ്ട്. അവർക്കുവേണ്ടി നമുക്ക് എന്ത് ചെയ്യാൻ കഴിയും; കഴിഞ്ഞ ദിവസം അസംബ്ലിയിൽ ബഹളമുണ്ടായപ്പോൾ 'പ്രതിപക്ഷനേതാവിന്റെ പിന്നിലിരിക്കുന്ന ആളുകൾ മൈക്ക് ഇല്ലാതെ നടത്തുന്ന ജല്പനം' എന്നൊരു രസകരമായ പദപ്രയോഗം മുഖ്യമന്ത്രി നടത്തുകയുണ്ടായി. എനിക്കതിൽ വളരെ ഇഷ്ടം

തോന്നി. ഇപ്പോൾ പ്രവാസിക്ഷേമത്തെക്കുറിച്ച് മൈക്കിൽ കൂടിയുള്ള ജല്പനങ്ങളാണ് മുഖ്യമന്ത്രി നടത്തിക്കൊണ്ടിരിക്കുന്നത്. ഒന്നും നടക്കുന്നില്ല. ഒരു കാര്യവും പ്രത്യേകമായി ചെയ്യുന്നില്ല. വലിയൊരു സംഭവം നടക്കാൻ പോകുന്നുവെന്ന ഫീലിംഗാണ് ലോക കേരള സഭ വന്നപ്പോൾ ആളുകൾക്കിടയിലുണ്ടായത്. ഒരു ലോക കേരള സഭ കഴിഞ്ഞ് രണ്ടാമത്തെ ലോക കേരള സഭ ആരംഭിക്കാൻ പോകുന്നു എന്നുപറയുന്നു. ഇതിനിടയിൽ ആദ്യത്തെ ലോക കേരള സഭയിലുണ്ടായ എന്ത് തീരുമാനങ്ങൾ നമുക്ക് നടപ്പാക്കാൻ കഴിഞ്ഞു; എന്ത് പ്രയോജനം പ്രവാസികൾക്കുണ്ടായി? ലോക കേരള സഭ എന്ന സങ്കല്പത്തെ ഞങ്ങളാരും എതിർത്തിട്ടില്ല. പക്ഷെ, അതിനുശേഷമാണ് നമ്മുടെ സംസ്ഥാനത്ത് വ്യവസായം തുടങ്ങാൻ വന്ന രണ്ട് വ്യക്തികൾ ആത്മഹത്യ ചെയ്ത സ്ഥിതിയുണ്ടായത്. പുനലൂരിലെ സുഗതന്റെ ആത്മഹത്യ, നമുക്ക് സംരക്ഷണം കൊടുക്കാൻ കഴിഞ്ഞില്ല. അതിനുശേഷം ആന്തൂരിലെ സാജന്റെ ആത്മഹത്യ, പ്രവാസി ലോകത്തെ മുഴുവൻ ഞെട്ടിച്ചതും അവരുടെ മനസ്സിൽ അരക്ഷിതത്വ ബോധമുണ്ടാക്കിയതുമായ രണ്ട് ആത്മഹത്യകളാണ്. നാട്ടിലേയ്ക്ക് തിരിച്ചുവന്നാൽ ഒരു പ്രവാസിക്കുണ്ടാകുന്ന ഗുണം ഇതാണ്. ഗവൺമെന്റിന്റെ സംരക്ഷണം ഉണ്ടാകില്ല. പൊതുജന സമൂഹത്തിന്റെ സംരക്ഷണം ഉണ്ടാകില്ല. ആന്തൂരിലെ സാജൻ ആത്മഹത്യചെയ്തശേഷമുണ്ടായ വിവാദങ്ങളാണ് അതിനെക്കാൾ ഭയങ്കരം. ആ കുടുംബത്തെപ്പോലും വിഷമിപ്പിക്കുന്ന രീതിയിൽ, അവരെക്കൂടി ആത്മഹത്യ ചെയ്യുന്നതിലേയ്ക്ക് നയിക്കുന്ന രീതിയിൽ ആ കുടുംബത്തെ മുഴുവൻ വേട്ടയാടുകയുണ്ടായി. ആ രണ്ട് പ്രവാസികളുടെ ആത്മഹത്യ, ആ കുടുംബങ്ങളുടെ ചുടുകണ്ണീർ യഥാർത്ഥത്തിൽ കേരളത്തിലുണ്ടായ പേമാരിയെക്കാൾ വലിയ തീമഴയാണെന്ന് നമ്മൾ ഓർക്കണം. അത് പ്രവാസികളുടെ മനസ്സിൽ തീമഴയാണ് പെയ്യിച്ചതെന്നുകൂടി നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ലോക കേരള സഭയിൽനിന്നും ഞങ്ങൾ പിൻവാങ്ങിയതും രാജിവച്ചതും. കാരണം, മാമാങ്കം നടത്താനും ധൂർത്ത് നടത്താനുമുള്ള ഒരു പ്ലാറ്റ്ഫോമാക്കി അതിനെ മാറ്റുന്നതിനോട് ഞങ്ങൾക്ക് അതിശക്തമായ വിയോജിപ്പുണ്ട്. അത് മാമാങ്കം നടത്താനുള്ള ഏർപ്പാടല്ല. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഗൾഫിൽ പോയോ അല്ലെങ്കിൽ തിരുവനന്തപുരത്തെ മസ്കറ്റ് ഹോട്ടലിൽ വച്ചോ പ്രവാസി വ്യവസായികളെ വിളിച്ച് പല സെക്ടറുകളായി ബിസിനസ് മീറ്റിംഗുകൾ നടത്താം; ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ച് അവരോട് ഏതെല്ലാം സെക്ടറിൽ ഇൻവെസ്റ്റ് ചെയ്യാൻ കഴിയും; ഏതെല്ലാം സെക്ടറിൽ ഗവൺമെന്റിന് ആകർഷകമായ ഓഫറുകൾ കൊടുക്കാൻ കഴിയുമെന്ന് അന്വേഷിക്കാം. അങ്ങനെയല്ലേ എല്ലാ സംസ്ഥാനങ്ങളും ചെയ്യുന്നത്; വലിയ രസകരമായ ഒരുകാര്യമാണ്, ആന്തൂരിലെ സാജന്റെ കൺവെൻഷൻ സെന്ററിന് 15 കോടി

രൂപയാണ് ചെലവായത്. പതിനഞ്ചുകോടി രൂപ ചെലവാക്കിയ ഒരു മനുഷ്യന് ആത്മഹത്യ ചെയ്യേണ്ട സ്ഥിതിയുണ്ടായതിന്റെ പ്രായശ്ചിത്തമായിട്ടാണോ പതിനാറര കോടി രൂപ ചെലവാക്കി ലോക കേരള സഭയ്ക്ക് ഒരു സ്ഥിരം വേദി ഉണ്ടാക്കുന്നതെന്ന് നമ്മൾ ആലോചിക്കേണ്ടതാണ്. അത്രയൊക്കെ ചെലവാക്കാൻ നമ്മുടെ കയ്യിൽ പണമുണ്ടോ? ധൂർത്തും മാമാങ്കവും നടത്താൻ നമ്മുടെ കയ്യിൽ പണമുണ്ടോ; സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി പരിതാപകരമായ അവസ്ഥയിലാണ്. ഏത് സമയത്തും ഈ സംസ്ഥാനത്ത് സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിക്കേണ്ടിവരുമോയെന്നുള്ള സംശയത്തിന്റെ നിഴലിലാണ് നമ്മൾ നിൽക്കുന്നത്. ഇതിന്റെ പേരിൽ ഇത്രമാത്രം ധൂർത്ത് നടത്തണോ; ഇത് വളരെ ലളിതമായി, ഭംഗിയായി നടത്താമല്ലോ; ഒരു കാര്യം നമ്മൾ മനസ്സിലാക്കണം. പ്രവാസിക്ഷേമം എന്നുപറഞ്ഞാൽ പ്രവാസികളായ കുറെ പ്രാഞ്ചിയേട്ടൻമാരെ വലിയ ആളുകളാക്കലല്ല. മുഖ്യമന്ത്രിക്ക് 'പ്രാഞ്ചിയേട്ടൻ' എന്നുപറഞ്ഞത് പിടികിട്ടിക്കാണില്ല. അദ്ദേഹം സിനിമയൊന്നും കാണുന്ന ആളാണെന്ന് എനിക്ക് തോന്നുന്നില്ല.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അദ്ദേഹം സിനിമ കാണാറുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, സിനിമ കാണാറുണ്ട്, എന്റെ തെറ്റിദ്ധാരണയാണ്. അദ്ദേഹത്തിന് മനസ്സിലായി. ആ പ്രാഞ്ചിയേട്ടന്മാരുടെ സംരക്ഷണമോ അവർക്ക് കുടപിടിച്ചുകൊടുക്കലോ അല്ലെങ്കിൽ ബോർഡ് വച്ചുകൊടുക്കുന്നതിന് സൗകര്യം ചെയ്തുകൊടുക്കലോ അല്ല പ്രവാസിക്ഷേമം. പ്രവാസിക്ഷേമത്തെക്കുറിച്ച് നമ്മൾ ആലോചിക്കുമ്പോൾ, ഒരു പദ്ധതി തയ്യാറാക്കുമ്പോൾ, ഗൾഫ് നാടുകളിൽ അല്ലെങ്കിൽ ഇതര സംസ്ഥാനങ്ങളിലുൾപ്പെടെ കഠിനാദ്ധ്വാനം ചെയ്യുന്ന, ക്യാമ്പുകളിൽ കഴിയുന്ന പാവപ്പെട്ട പ്രവാസിയാണ് നമ്മുടെ മനസ്സിലുണ്ടാകേണ്ടതെന്ന് ഞാൻ വിനയപൂർവ്വം ഓർമ്മിപ്പിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അതുകൊണ്ട് ലോക കേരള സഭയുടെ പേരിൽ നടത്തുന്ന ധൂർത്തിൽനിന്നും ഈ മാമാങ്കത്തിൽനിന്നും ഗവൺമെന്റ് പിൻവലിയണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന. ഞങ്ങൾ ഈ പദ്ധതിയുമായി ആദ്യം സഹകരിച്ചതാണ്. അതിൽനിന്നും ഞങ്ങൾ പിൻമാറാനുള്ള കാരണം, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. ആ ഉറച്ച നിലപാടിൽത്തന്നെ ഞങ്ങൾ നിൽക്കുകയാണ്. ഇതൊന്നുംകൊണ്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ലെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. പ്രവാസികളെ അഡ്രസ് ചെയ്യുന്ന ഒന്നുംതന്നെ ഈ അമെന്റ്മെന്റിൽ ഇല്ല. ഈ ഡിവിഡന്റ് പദ്ധതി ഈ രീതിയിൽ നടപ്പിലാക്കിയാൽ ഒരു ഗുണവും

പ്രവാസികൾക്ക് അതുകൊണ്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. മാത്രവുമല്ല 14-ാം വകുപ്പിന്റെ ഭേദഗതി അവ്യക്തമാണ്. അതുകൊണ്ടാണ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ഈ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്കുതന്നെ അയയ്ക്കണമെന്ന ഭേദഗതി ഞാൻ മൂവ് ചെയ്യുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പൊതുവെ ഇതിനോട് യോജിക്കുന്ന നിലപാടാണ് വിയോജിപ്പ് പ്രകടിപ്പിച്ചവരടക്കം സ്വീകരിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ഉദ്ദേശ്യം നല്ലതാണെന്നുതന്നെയാണ് എല്ലാവരും വ്യക്തമാക്കിയിട്ടുള്ളത്. ഇവിടെ ഉന്നയിച്ച ഒരു പ്രശ്നം, പ്രവാസി മരണപ്പെട്ടാൽ നിക്ഷേപിച്ച തുക അവകാശിക്ക് ലഭിക്കുന്നില്ല, അനന്തരാവകാശിക്കാണ് ലഭിക്കുന്നതെന്നുള്ളതാണ്. ജീവിതകാലം മുഴുവൻ ഡിവിഡന്റ് ലഭ്യമാകുക എന്നുതന്നെയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അതിനുവേണ്ടിയുള്ളൊരു പദ്ധതിയാണ്. നിക്ഷേപിക്കുന്ന ആൾക്ക് 10% ഡിവിഡന്റ് ഉറപ്പുനൽകുകയാണ്. 9% ഡിവിഡന്റ് കിഫ്ബിയും 1% ഡിവിഡന്റ് സർക്കാരും നൽകുന്നു. 10% ഡിവിഡന്റ് ഈ പദ്ധതിയിൽ ചേരുന്നവർക്ക് അവസാനം വരെ നൽകുമെന്ന കാര്യത്തിൽ സംശയമില്ല. ഡിവിഡന്റിന്റെ ശതമാനം കിഫ്ബി കുറയ്ക്കുകയാണെങ്കിൽ എന്തുചെയ്യുമെന്നാണ് ഇവിടെ ഒരു ചോദ്യം വന്നത്; സാധാരണ നിലയ്ക്ക് ഈ സ്കീം പരിഷ്കരിക്കാൻ ബില്ലിൽതന്നെ വ്യവസ്ഥയുണ്ട്. അതനുസരിച്ച് നടപടികൾ സ്വീകരിക്കാൻ അപ്പോൾ സാധിക്കും. അതിന് വലിയ പ്രയാസം വരുന്നതല്ല. പ്രവാസികൾക്ക് നല്ല നിലയിലുള്ള സംരക്ഷണം ഉറപ്പുവരുത്തലാണ് ഇതുകൊണ്ട് ഉദ്ദേശിച്ചത്. ഒരു പ്രവാസി, പ്രവാസ ജീവിതം കഴിഞ്ഞ് തിരികെ വരുമ്പോൾ വരുമാനമില്ലാതെ പട്ടിണിയിലും ദുരിതത്തിലുമാകുന്ന സ്ഥിതിവിശേഷമുണ്ട്. — അവർക്ക് ജീവിതകാലം മുഴുവൻ ഡിവിഡന്റ് ലഭ്യമാകുകയെന്നത് അങ്ങേയറ്റം സഹായകരമാകും. ആദ്യ മൂന്നു വർഷങ്ങളിലെ 10% നിരക്കിലുള്ള ഡിവിഡന്റ് നിക്ഷേപ തുകയോടൊപ്പം ചേർക്കും. ആ തുകയുടെ 10% നിരക്കിലുള്ള ഡിവിഡന്റാണ് നാലാം വർഷം മുതൽ നിക്ഷേപകന് ലഭിക്കുന്നത്. നിക്ഷേപിച്ച ആൾ മരണപ്പെട്ടാൽ അവരുടെ പങ്കാളിക്ക് പ്രതിമാസം ഡിവിഡന്റ് ലഭിക്കും. അവരുടേയും ജീവിത പങ്കാളിയുടേയും കാലശേഷമാണ് നിക്ഷേപ തുകയും ആദ്യ മൂന്ന് വർഷത്തെ ഡിവിഡന്റും അനന്തരാവകാശിക്ക് കൈമാറുന്നത്. അത്രയും ഭദ്രമായ ഒരു പദ്ധതിയാണിത്.

ശ്രീ. എം. ഉമ്മർ: സർ, പ്രവാസി ജീവിച്ചിരിക്കുന്ന കാലത്ത്, എത്ര ചെറുപ്രായത്തിലാണെങ്കിലും മുപ്പതോ നാൽപ്പതോ വർഷങ്ങൾ കഴിഞ്ഞാണെങ്കിലും അദ്ദേഹം മരണപ്പെടുന്നതുവരെ maturity ആകുന്നില്ല. മരണപ്പെട്ടുകഴിഞ്ഞാൽ അദ്ദേഹത്തിന്റെ ഭാര്യ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ ഭാര്യക്കും പണം കിട്ടുന്നില്ല. ഭാര്യയും ഭർത്താവും മരിച്ചാൽ പിന്നെ വരുന്ന ആശ്രിതരായ ആളുകൾക്ക് മാത്രമെ ഈ പണം തിരിച്ച് ലഭിക്കുന്നുള്ളൂ എന്നത് ഇതിന്റെ ഏറ്റവും വലിയ പോരായ്മയായി തോന്നുന്നുണ്ട്. അത് മാറ്റുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, അങ്ങ് പറയുന്നത് ഭാവി കണ്ടുകൊണ്ടുള്ള ആശങ്കയാണ്. കുറച്ചുകാലം കഴിഞ്ഞാൽ, ഇവർക്ക് പണം വേണ്ടിവന്നാൽ, ആ പണം പിൻവലിക്കാനുള്ള സൗകര്യം വേണ്ടേയെന്നുള്ളതാണ്. ഈ പദ്ധതി ആരംഭിച്ചശേഷം അങ്ങനെയൊരു പ്രശ്നം വരുന്നുണ്ടെങ്കിൽ അപ്പോൾ അതിനെക്കുറിച്ച് ആലോചിക്കാം. നിക്ഷേപത്തിൽനിന്നും വായ്പയെടുക്കാനുദ്ദേശിച്ചു കൊണ്ടല്ല ഈ പദ്ധതി കൊണ്ടുവന്നിരിക്കുന്നത്. അവരൊരു നിക്ഷേപം നൽകുന്നു, അതിന്റെ ഭാഗമായി ജീവിതകാലം മുഴുവൻ ഡിവിഡന്റിലൂടെയുള്ള സുരക്ഷ ഉറപ്പുനൽകുന്നു. ഇതിനുവേണ്ടിയാണ് ഈ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ഇതാണ് പദ്ധതിയുടെ യഥാർത്ഥ ഉദ്ദേശ്യം. അതുകഴിഞ്ഞ് വരുന്ന പ്രശ്നങ്ങൾ പിന്നീട് ആലോചിക്കാം. എല്ലാത്തിനും ഇപ്പോൾത്തന്നെ ഉത്തരം കാണേണ്ട കാര്യമില്ല. ഇവിടെ പറഞ്ഞ മറ്റൊരു പ്രശ്നം, പ്രവാസി കമ്മീഷൻ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രവർത്തനത്തിന് കുറച്ചുകൂടി ജീവനക്കാർ വേണമെന്നുള്ളതാണ്. അതിനായി ഇരുപത്തിയഞ്ച് തസ്തികകൾ സൃഷ്ടിക്കുകയെന്നൊരു നിർദ്ദേശം സർക്കാർ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. വിമാന ചാർജ്ജിന്റെ കാര്യത്തിൽ എല്ലാവർക്കും ഒരേ അഭിപ്രായമാണ്. അതിനെക്കുറിച്ച് കൂടുതൽ പറയേണ്ട കാര്യമില്ല. വിമാന ചാർജ്ജ് എല്ലാക്കാലത്തും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിൽ അധികാരത്തിൽവന്ന ഗവൺമെന്റുകളെല്ലാം പ്രവാസികളായ മലയാളി യാത്രക്കാരുടെ വിമാന ചാർജ്ജ് വർദ്ധിപ്പിക്കുന്ന നിലയാണ് സ്വീകരിക്കുന്നത്. അത് ഒരു ന്യായീകരണവു മില്ലാത്തതാണ്. എത്രയോ ഇരട്ടി ചാർജ്ജാണ് ഈടാക്കുന്നത്. പ്രവാസികൾക്കുള്ള സഹായത്തിന്റെ ഭാഗമായി ലോൺ കൊടുക്കുന്ന കാര്യത്തിൽ ബാങ്കുകൾ വളരെ കർശന നിലപാടാണ് സ്വീകരിക്കുന്നതെന്ന് അങ്ങ് പറഞ്ഞു. പക്ഷെ ഇത് നല്ലരീതിയിൽ കൂടുതൽ ബാങ്കുകളിലേയ്ക്ക് എത്തിക്കാനാണ് ഗവൺമെന്റ് ശ്രദ്ധിച്ചത്. അതിന്റെ ഭാഗമായി ഈ വർഷം പതിനാല് ബാങ്കുകൾകൂടി ഈ സ്കീമിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷം ഏഴുകോടി രൂപ ചെലവഴിക്കാനും ഇതുവരെ 550 പേർക്ക് ലോൺ കൊടുക്കാനും കഴിഞ്ഞുവെന്നാണ്

കാണാൻ സാധിക്കുന്നത്. അതുപോലെ ദുരിതങ്ങളും രോഗങ്ങളുംമറ്റും വന്നാൽ സഹായിക്കുന്ന 'സാന്ത്വന' പദ്ധതിയുടെ ഭാഗമായി 2018-19-ൽ ഇരുപത്തിയഞ്ച് കോടി രൂപ നൽകാനായിട്ടുണ്ട്. ഈ വർഷം 25 കോടി രൂപ അതിനായി വകയിരുത്തിയിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ പ്രത്യേക രീതിയിൽ ശ്രദ്ധിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ലോട്ടറി പോലെയുള്ള കാര്യങ്ങൾ ഇതിനുവേണ്ടി നടത്തണമെന്ന നല്ല നിർദ്ദേശങ്ങളൊക്കെ വന്നിട്ടുണ്ട്. അത് നമുക്ക് പിന്നീട് ആലോചിക്കാവുന്നതാണ്. ഇപ്പോൾ അത്തരമൊരു ആലോചന സർക്കാരിന്റെ മുമ്പിലില്ല. എന്നാൽ കൂടുതൽ കാര്യക്ഷമമാക്കാനുള്ള മറ്റുചില കാര്യങ്ങൾ ആലോചിക്കാൻ സാധിക്കുകയും ചെയ്യും. പ്രവാസികൾക്കുവേണ്ടി നമ്മൾ ചെയ്യുന്ന കാര്യങ്ങൾ അല്ലെങ്കിൽ പറയുന്ന വർത്തമാനം അതൊരു ജല്പനമായിട്ട് എങ്ങനെയാണ് തോന്നിയതെന്ന് അറിയില്ല. പ്രതിപക്ഷനേതാവ് പറഞ്ഞതിനെ ഞാൻ ജല്പനമെന്നുപറഞ്ഞപ്പോൾ പ്രതിപക്ഷനേതാവിനെയല്ല ഞാൻ പറഞ്ഞത്, ബഹുമാനപ്പെട്ട അംഗത്തിന് വല്ലാതെ കൊണ്ടുവെന്നാണ് തോന്നുന്നത്. അതിന്റെ ഭാഗമായി തിരിച്ചു പറയാൻവേണ്ടി പറഞ്ഞൊരു കാര്യമായിട്ടാണ് എനിക്ക് തോന്നുന്നത്. എന്നാൽ ഈ ഘട്ടത്തിൽ നടന്ന കാര്യം, രാജ്യത്തുനിന്നും വിദേശത്തേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന പ്രവാസികൾക്ക് ചില വിമാനങ്ങളിൽ ഇളവനുവദിക്കണമെന്നുള്ള ഒരു സമീപനം നോർക്ക റൂട്ട്സ് മുഖേന നടത്തി. ഒമാൻ എയർ അത് അംഗീകരിച്ചു. അതനുസരിച്ച് പ്രവാസിക്കും കുടുംബാംഗങ്ങൾക്കും ഏഴ് ശതമാനം ഇളവ് ലഭിക്കുന്ന പദ്ധതിക്കാണ് തുടക്കംകുറിച്ചിട്ടുള്ളത്. അതുപോലെതന്നെ എമിറേറ്റ്സ്, കുവൈറ്റ്, ഖത്തർ തുടങ്ങിയ എയർലൈൻസ് കമ്പനികളുമായി ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. അതൊരു ജല്പനമായി കിടക്കുകയല്ല, പ്രാവർത്തികമായിട്ടുണ്ടെന്നതാണ് അതുസംബന്ധിച്ച് പറയാനുള്ളത്.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, നമ്മൾ അങ്ങനെ അവകാശപ്പെട്ടാലും peak season ആകുമ്പോഴേയ്ക്കും എല്ലാ കമ്പനികളും ടിക്കറ്റ് നിരക്ക് മാക്സിമം ആക്കുകയാണ്. നമുക്കും ഇന്ത്യാ ഗവൺമെന്റിനും അത് കൺട്രോൾ ചെയ്യാൻ സാധിക്കില്ല. വിദേശത്തുനിന്നും വെക്കേഷൻ സമയത്തുവരുന്ന കുട്ടികളെ എല്ലാ എയർലൈൻസുകളും ചൂഷണം ചെയ്യുകയാണ്. ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിനെക്കൊണ്ട് എന്തെങ്കിലും ചെയ്യിക്കാൻ സാധിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ആ കാര്യം ശരിയാണ്. അതിനെക്കുറിച്ചാണ് അധികം പറയുന്നില്ലെന്ന് ഞാൻ പറഞ്ഞത്. ഇന്ത്യാ ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടിന്റെ ഭാഗമായാണ് ഇങ്ങനെയൊരു അവസ്ഥ വരുന്നത്. നമ്മുടെ രാജ്യത്തെ എയർലൈൻസ് നിശ്ചിത റേറ്റ് മാത്രമാണ്

ഈടാക്കുന്നതെങ്കിൽ ഈ പ്രശ്നം വരില്ല. സാധാരണ നിലയ്ക്ക് യാത്ര ചെയ്യുന്ന ദൂരത്തിനാണല്ലോ ചാർജ്ജ് ഈടാക്കേണ്ടത്. ഇത് യാത്ര ചെയ്യുന്ന ദൂരത്തിനല്ല, മോഹചാർജ്ജാണ്. മോഹചാർജ്ജ് ഉപേക്ഷിക്കുകയാണ് യഥാർത്ഥത്തിൽ വേണ്ടത്. നമുക്ക് പറയാനല്ലേ സാധിക്കൂ. അക്കാര്യത്തിൽ നമ്മൾ തമ്മിൽ ഒരഭിപ്രായ വ്യത്യാസവുമില്ല. ഐ.എം.എ.യുമായി യോജിച്ചുകൊണ്ട് പ്രവാസികൾക്കായി എമർജൻസി ആംബുലൻസ് സർവ്വീസിന് നോർക്ക ഈ ഘട്ടത്തിൽ നടപടികൾ ആരംഭിച്ചു. അതിന്റെ ഭാഗമായി നല്ല സേവനം പ്രവാസികൾക്ക് നൽകാനാകുന്നുണ്ട്. അസുഖബാധിതരായി എയർപോർട്ടിലെത്തിയാൽ അവിടെനിന്നും ആംബുലൻസിൽ എടുത്തുകൊണ്ടു പോകുന്നതാണ്. ആ സംവിധാനം കൃത്യമായി നടപ്പാക്കാനായിട്ടുണ്ട്. ഇപ്പോൾ ഡെഡ്ബോഡി കൊണ്ടുവരാനുള്ള സഹായവും ചെയ്യുന്നുണ്ട്. ഇപ്പോൾ അതെല്ലാം നടക്കുന്നുണ്ട്. നോർക്ക റൂട്ട്സ് അവരുടെ നടപടികളുടെ ഭാഗമായി സൗദി ആരോഗ്യമന്ത്രാലയവുമായി കരാർ ഒപ്പിട്ടു. അതിന്റെ ഫലമായി ഡോക്ടർമാരുടെ റിക്രൂട്ട്മെന്റിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. വിവിധ രാജ്യങ്ങളുമായി ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞുവെന്നതാണ് കാണാൻ സാധിക്കുന്നത്. ബെഹ്റിൻ, ഖത്തർ, കുവൈറ്റ്, സൗദി എന്നിവിടങ്ങളിലെ Certificate Attestation സാധിക്കുകയെന്നുള്ളത് നമുക്ക് ഏറ്റവും പ്രധാനപ്പെട്ട കാര്യമല്ലേ; അത് ആളുകൾക്ക് എത്ര സൗകര്യമാണ്. ഇങ്ങനെയുള്ള ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. 2018 സെപ്റ്റംബർ 26-ാം തീയതി മുതൽ കുവൈറ്റിലേയ്ക്കുള്ള തൊഴിൽ വിസകളുടെ സ്റ്റാംമ്പിംഗും ഇവിടെ വച്ച് നടത്താനാവുന്നതാണ്, വളരെ വലിയ പട്ടികയാണ്, സമയദൈർഘ്യം വേണമെന്നുള്ളതുകൊണ്ട് പറയുന്നില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പാവപ്പെട്ട ആളുകളാണ് ഏറ്റവും കൂടുതൽ വഞ്ചിക്കപ്പെടുന്നത്. സ്വകാര്യ ഏജൻസികൾ ഇവിടെനിന്ന് ആളുകളെ റിക്രൂട്ട് ചെയ്തുകൊണ്ടുപോകുകയാണ്. അവിടെ ചെന്നുകഴിയുമ്പോഴാണ് അവരുടെ പണിയും കൂലിയുമെല്ലാം വേറെയാണെന്നും പാസ്പോർട്ട് തിരിച്ചു കിട്ടുകയില്ലെന്നും അറിയുന്നത്. അതിനാൽ മടങ്ങിവരാനും കഴിയില്ല. ഇങ്ങനെ ഗൾഫിൽത്തന്നെ കുടുങ്ങിയിട്ടുള്ള ധാരാളം ആളുകളുണ്ട്. അങ്ങയുടെ മുൻപിലും ധാരാളം പരാതികൾ വന്നിട്ടുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്. ഞങ്ങൾക്കൊക്കെ ഇത്തരത്തിലുള്ള ധാരാളം പരാതികൾ ലഭിച്ചിട്ടുണ്ട്. പക്ഷെ, നിസ്സഹായരായി നിൽക്കുകയല്ലാതെ വേറെ മാർഗ്ഗമില്ല. ഇങ്ങനെ തട്ടിപ്പ് നടത്തിക്കൊണ്ടിരിക്കുന്ന കമ്പനികൾക്കെതിരെ നടപടി എടുക്കുന്നതിനുകൂടി എന്തെങ്കിലും നിയമം കൊണ്ടുവരുമോ?

ശ്രീ. പിണറായി വിജയൻ: സർ, തീർച്ചയായും. ഇത്തരം തട്ടിപ്പിനിരയാകാതിരിക്കാനുള്ള നടപടികൾ ഇപ്പോൾത്തന്നെ സ്വീകരിച്ചു വരികയാണ്. ബോധപൂർവ്വം തട്ടിപ്പ് നടത്തുന്ന കമ്പനികളെ ബ്ലാക്ക്‌ലിസ്റ്റിൽപ്പെടുത്താനുള്ള നടപടികൾ നമുക്ക് സ്വീകരിക്കാവുന്നതാണ്. ഇവിടെ വന്ന പ്രധാനപ്പെട്ട ഒരു പ്രശ്നം, എന്തിനാണ് പതിനാലാം വകുപ്പിന് ഭേദഗതി എന്നാണ്. പതിനാലാം വകുപ്പ് എന്താണ്? അതിൽ പറയുന്നത്, "ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി കാലാകാലങ്ങളിൽ ബോർഡ് തീരുമാനിക്കുന്ന അങ്ങനെയുള്ള നിബന്ധനകളോടും ഉപാധികളോടുംകൂടി, 1956-ലെ കമ്പനീസ് ആക്ടിൻ (1956-ലെ ഒന്നാം കേന്ദ്ര ആക്ട്) കീഴിലുള്ള പൊതു/സ്വകാര്യ ക്ലിപ്ത കമ്പനികളുടെയും അല്ലെങ്കിൽ 1969-ലെ സഹകരണ സംഘം ആക്ടിൻ (1969-ലെ 21-ാം ആക്ട്) കീഴിലുള്ള സഹകരണ സംഘങ്ങളുടെയും 1860-ലെ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ടിൻ (1860-ലെ 21-ാം കേന്ദ്ര ആക്ട്) കീഴിലുള്ള സംഘങ്ങളുടെയും/അല്ലെങ്കിൽ പ്രവാസി കേരളീയ അംഗങ്ങളും, ബോർഡും അല്ലെങ്കിൽ സർക്കാരും മുതൽമുടക്കിയിട്ടുള്ള/ഓഹരിയുള്ള മറ്റ് സ്ഥാപനങ്ങളുടെയും അപ്രകാരമുള്ള ആവശ്യങ്ങളും പ്രവർത്തനങ്ങളും വ്യാപാരവും പ്രൊമോട്ട് ചെയ്യാവുന്നതാണ്" എന്നാണ്. ഇവിടെ ഇപ്പോൾ വന്ന ഭേദഗതിയിൽ പറയുന്നത്, " 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്ടിൽ (1955-ലെ XII-ാം ആക്ട്) കീഴിലുള്ള സംഘങ്ങളുടെയും," എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ് എന്നാണ്. അതിന് പ്രവാസിക്ഷേമ പദ്ധതികൾ നേരത്തേ പറഞ്ഞതിനേക്കാൾ കൂടുതൽ വിപുലീകരിക്കുക എന്ന ഒറ്റ ഉദ്ദേശ്യം മാത്രമെയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മൾ പാസ്സാക്കിയ നിയമമാണ്, അത് പറയാൻ പാടില്ലാത്തതാണ്. എങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുതന്നെ ആ സെക്ഷൻ ഒന്ന് വായിച്ചുനോക്കിയാൽ എന്തിനുവേണ്ടിയാണ് ആ സെക്ഷൻ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് മനസ്സിലാകും. ഞാൻ ഇപ്പോഴാണ് അത് ശ്രദ്ധിച്ചത്, നമുക്ക് മനസ്സിലാകില്ല. അപ്പോഴാണ് അതിന്റെകൂടെ കമ്പനീസ് ആക്ട്, സഹകരണ സംഘം എന്നൊക്കെ പറയുന്നത്. ആ വകുപ്പിന്റെ intention പോലും ക്ലിയറല്ല. ഇത് മോശമാണ്. ഏതെങ്കിലും ഒരു അവസരത്തിൽ ഭേദഗതി വരുത്തി ഒരു ക്ലാരിറ്റി ആ വകുപ്പിൽ ഉണ്ടാക്കുന്നത് നല്ലതായിരിക്കും.

ശ്രീ. പിണറായി വിജയൻ: സർ, പതിനാലാം വകുപ്പിനെപ്പറ്റിയുള്ള കാര്യമാണിത്. അതെന്താണെന്നുള്ളത് പിന്നീട് നമുക്ക് പരിശോധിക്കാം. ഇപ്പോൾ ഇതാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇവിടെ ലോക കേരള സഭയെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ അങ്ങേയറ്റം നിർഭാഗ്യകരമായിപ്പോയി. ലോക കേരള സഭ എന്നത്

നാം ഏതെങ്കിലും തരത്തിൽ ഒരു ധൂർത്തിനുവേണ്ടി സംഘടിപ്പിച്ച ഒന്നല്ല. അത് ലോകത്താകെയുള്ള മലയാളികളിൽ ഉണ്ടാക്കിയിട്ടുള്ള ആവേശവും ആത്മവിശ്വാസവും വളരെ വലുതാണെന്നത് നാം കാണേണ്ടതായിട്ടുണ്ട്. നമ്മുടെ നാടിന്റെ എല്ലാ കാര്യങ്ങളിലും ചിലപ്പോൾ ഇവിടെ ജീവിക്കുന്ന നമ്മളേക്കാൾ താൽപ്പര്യത്തോടെ ഇടപെട്ടുകൊണ്ടിരിക്കുന്നവരാണ് പ്രവാസികളായ മലയാളികൾ. എല്ലാ കാര്യത്തിലും അവർ ഉത്കണ്ഠാകുലരാണ്. നമ്മുടെ നാടിന്റെ പൊതുവായ എല്ലാ കാര്യങ്ങളിലും നല്ല അഭിപ്രായമുള്ളവരുമാണവർ. പക്ഷെ അത്തരം അഭിപ്രായം പ്രകടിപ്പിക്കാൻ അവർക്കൊരു വേദിയില്ല. അവരിൽ പലരെയും നമുക്ക് അറിയുകയുമില്ല. നമുക്കറിയാവുന്ന ചിലർ മാത്രമല്ല അതിലുള്ളത്. പ്രമുഖരായ ശാസ്ത്രജ്ഞർ, വലിയ സാങ്കേതിക മികവുള്ളവർ, വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചവർ, വലിയ അക്കാഡമീഷ്യൻസ് ഇങ്ങനെയെല്ലാമുള്ള നമ്മുടെ സഹോദരങ്ങൾ പലയിടത്തായി പരന്നു കിടക്കുകയാണ്. സാധാരണയായി ഇവരുടെയൊക്കെ സർഗ്ഗശേഷി നമുക്ക് ഉപയോഗിക്കാൻ കഴിയാറില്ല. ലോക കേരള സഭ വന്നതോടെ ഇവരിൽ പലരെയും ബന്ധപ്പെടാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ സർക്കാരിന് ഇത്തരം ആളുകളുമായി നല്ല രീതിയിലുള്ള ഇടപെടൽ നടത്താനാകുന്നുണ്ട്. ഇത് കൂടുതൽ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രാതിനിധ്യ സ്വഭാവത്തോടുകൂടിയുള്ള ലോക കേരള സഭയുണ്ടാകുക എന്നതാണ് ഏറ്റവും പ്രധാനം. ഇവിടെ നമ്മൾ തമ്മിലൊക്കെയുള്ള ചില തർക്ക-വിതർക്കങ്ങൾ കാരണം ഒരു ഘട്ടത്തിൽ നിങ്ങൾ ഒരു നിലപാടെടുത്തു. നിങ്ങൾ അത് പുനരാലോചിക്കണമെന്നുപറഞ്ഞ് ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് കത്ത് കൊടുത്തിട്ടുണ്ട്. അത് മുൻകൂട്ടിക്കണ്ട് ആ പുനരാലോചന നടത്തിയേക്കരുത് എന്ന മട്ടിൽ ബഹുമാനപ്പെട്ട വി. ഡി. സതീശനെപ്പോലെയുള്ളവർ ഒരുമുഴം മുൻപേ എറിയുന്ന ഒരു നില സ്വീകരിക്കേണ്ടിയിരുന്നില്ല എന്നാണ് തോന്നുന്നത്. ഏതായാലും നിങ്ങളത് പുനഃപരിശോധിക്കേണ്ട കാര്യം തന്നെയാണ്, ഇന്നല്ലെങ്കിൽ നാളെ പുനഃപരിശോധിക്കേണ്ടിവരും. കാരണം ലോക കേരള സഭ എന്നുപറയുന്നത്, ഞങ്ങളുടേതോ നിങ്ങളുടേതോ അല്ല, നമ്മുടേതാണ്, ഈ നാടിന്റേതാണ്, ഈ സംസ്ഥാനത്തിന്റേതാണ്. അതിന്റെ ഭാഗമായി നമുക്കാർക്കും അതിൽനിന്ന് ഒഴിഞ്ഞുനിൽക്കാനാകില്ല. സ്വാഭാവികമായും നിങ്ങൾ നാളെ തിരുത്തേണ്ടതായി വരുമെന്ന കാര്യം ഉറപ്പാണ്. ഞങ്ങൾ ഒരു പ്രാഞ്ചിയേട്ടന്മാരെയും പ്രോത്സാഹിപ്പിക്കാനല്ല ഉദ്ദേശിക്കുന്നത്. ഒരുപാട് സർഗ്ഗധനന്മാരായ ആളുകളുണ്ട്. അവരെയടക്കം ഇതിന്റെ ഭാഗമായി അണിനിരത്താൻതന്നെയാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം പ്രവാസി സഹോദരങ്ങൾക്ക് നല്ല രീതിയിലുള്ള പ്രോത്സാഹനവും ഇതിന്റെ ഭാഗമായി ലഭിക്കുകയാണ്. ഇക്കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്. മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ, അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. വി. ഡി. സതീശൻ, അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടാം വകുപ്പ്</u>

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ജി.എ)-ൽ "പദ്ധതി പ്രകാരം" എന്നീ വാക്കുകൾക്കു ശേഷം "അംഗം" എന്ന വാക്കു ചേർക്കുക.

158. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ജി.എ)-ൽ "നിക്ഷേപിക്കപ്പെടുന്ന" എന്ന വാക്കിനു പകരം "നിക്ഷേപിക്കുന്ന" എന്ന വാക്കു ചേർക്കുക.

164. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-ൽ "നിക്ഷേപകന്" എന്ന വാക്ക് ഒഴിവാക്കുക.

168. പ്രധാന ആക്റ്റിലെ വകുപ്പ് 2(എം)-ന്റെ വിശദീകരണത്തിലെ "അല്ലോയോ" എന്ന വാക്ക് നീക്കം ചെയ്യുക.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

159. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2 (ജി.എ)-ൽ "നിക്ഷേപം" എന്ന വാക്കിനു മുൻപ് "സർക്കാർ അതാത് കാലങ്ങളിൽ നിശ്ചയിക്കുന്ന മാനദണ്ഡ പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

165. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-ൽ "നിക്ഷേപകന്" എന്ന വാക്കിന് ശേഷം "പ്രതിമാസം" എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

166. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-ൽ "ലാഭവിഹിതം" എന്ന വാക്കിനു പകരം "പ്രതിമാസ ഡിവിഡന്റ്" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

167. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-ൽ "ലാഭവിഹിതം എന്നർത്ഥമാകുന്നു" എന്നീ വാക്കുകൾക്ക് പകരം "ലാഭവിഹിതവും സർക്കാരിന്റെ വിഹിതവും ചേർന്ന തുക എന്നർത്ഥമാകുന്നു" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

173. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എംഎ)-ൽ "8 എ വകുപ്പ് പ്രകാരം" എന്നീ വാക്കുകൾക്കു ശേഷം "പ്രവാസി നിക്ഷേപകന് പ്രതിമാസ ഡിവിഡന്റ് നൽകുന്നതിനായി" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 157, 158, 164, 168 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മൂന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

174. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ-ൽ "നിക്ഷേപങ്ങൾ" എന്ന വാക്കിനുശേഷം "നിർണ്ണയിക്കപ്പെട്ട രീതിയിൽ" എന്നീ വാക്കുകൾ ചേർക്കുക.

175. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ-ൽ "സ്വീകരിക്കുന്നതിനും" എന്ന വാക്കിനുശേഷം "ഇപ്രകാരം സ്വരൂപിക്കുന്ന തുക വികസന ആവശ്യത്തിലേയ്ക്കായി കിഫ്ബിയിലും സർക്കാർ നിശ്ചയിക്കുന്ന മറ്റ് സ്ഥാപനങ്ങളിലും നിക്ഷേപിച്ചതിന്റെ" എന്നീ വാക്കുകൾ ചേർക്കുകയും "ആയത് സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരം വിനിയോഗിച്ചതിന്റെ" എന്നീ വാക്കുകൾ ഒഴിവാക്കുകയും ചെയ്യുക.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

176. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ-ൽ "ആയത് സർക്കാർ നിശ്ചയിച്ചിട്ടുള്ള" എന്നീ വാക്കുകൾക്കു പകരം "പ്രവാസി സംഘടനകളുടെ പ്രതിനിധികളുമായി സർക്കാർ ചർച്ച ചെയ്ത് അതാത് കാലങ്ങളിൽ നിശ്ചയിക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

182. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ-ൽ "തുകയും" എന്ന വാക്കിന് ശേഷം "പ്രസ്തുത തുകയുടെ പത്ത് ശതമാനത്തിൽ കുറയാത്ത" എന്നീ വാക്കുകൾ ചേർക്കുക.

187. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ-ൽ "14-ാം വകുപ്പ് പ്രകാരമുള്ള സ്ഥാപനങ്ങൾ" എന്നതിന് പകരം "14-ാം വകുപ്പ് പ്രകാരമുള്ള സ്ഥാപനങ്ങളുടെ മാതൃകയിലുള്ള സ്ഥാപനങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

177. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ-ൽ "ആയത് സർക്കാർ" എന്നീ വാക്കുകൾക്ക് ശേഷം "നിയമസഭയുടെ അംഗീകാരത്തോടെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

179. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ-ൽ "വിനിയോഗിച്ചതിന്റെ" എന്ന വാക്കിനുപകരം "വിനിയോഗിക്കുന്നതിനും" എന്ന വാക്ക് ചേർക്കുക.

180. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ-ൽ "വിനിയോഗിച്ചതിന്റെ" എന്ന വാക്കിനുശേഷം "ഇതിന്റെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

183. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ-ൽ "പ്രതിമാസ" എന്ന വാക്കിനുമുമ്പിൽ "നിശ്ചിത" എന്ന വാക്ക് ചേർക്കുക.

188. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ-യിൽ "സ്ഥാപനങ്ങൾ"എന്ന വാക്കിന് ശേഷം "," ചിഹ്നം ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

184. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ-ൽ,

i) "പ്രതിമാസ ഡിവിഡന്റ് " എന്നീ വാക്കുകൾക്ക് പകരം "ഒരു നിശ്ചിത തുക പ്രതിമാസ ഡിവിഡന്റ് ആയി" എന്നീ വാക്കുകൾ ചേർക്കുക.

ii) "നൽകുന്ന" എന്ന വാക്കിന് ശേഷം "ഒരു" എന്ന വാക്ക് ചേർക്കുക.

200. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ-യ്ക്ക് ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

" എന്നാൽ ഓരോ അംഗവും നിക്ഷേപിച്ച തുകയ്ക്ക് ആദ്യത്തെ മൂന്ന് വർഷങ്ങൾ കൊണ്ട് അതിനോട് കൂടി ചേർന്ന ഡിവിഡന്റ് ഉൾപ്പെടെ 10 ശതമാനം വാർഷിക നിരക്കിലുള്ള ഡിവിഡന്റ് അംഗത്തിന്റെ ജീവിതകാലം മുഴുവൻ പ്രതിമാസം നൽകേണ്ടതാണ്. സർക്കാർ സ്ഥാപനമായ കിഫ്ബി എന്തെങ്കിലും സാഹചര്യത്തിൽ മേൽപറഞ്ഞ 10 ശതമാനം ഡിവിഡന്റിൽ കുറവ് വരുത്തുന്ന പക്ഷം അത് സർക്കാർ നികത്തേണ്ടതാണ്."

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

194. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ-യിൽ "രൂപീകരിക്കാവുന്നതാണ്" എന്ന വാക്കിന് പകരം "രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കാവുന്നതാണ്"എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

205. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ-യ്ക്ക് ശേഷം ചുവടെ ചേർക്കുന്ന ഉപവകുപ്പുകൾ ചേർക്കുക:

" (i)-8 എ വകുപ്പ് പ്രകാരം രൂപീകരിക്കുന്ന പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപകർക്ക് ഏറ്റവും കുറഞ്ഞത് പത്ത് ശതമാനം വാർഷിക നിരക്കിൽ ഡിവിഡന്റ് നൽകുന്നത് സർക്കാർ ഉറപ്പാക്കേണ്ടതാണ്.

(ii) ഏതൊരു നിക്ഷേപകനും ഏറ്റവും കുറഞ്ഞത് മൂന്ന് ലക്ഷം രൂപ നിക്ഷേപിക്കാവുന്നതും എന്നാൽ ഒരാൾക്ക് നിക്ഷേപിക്കാവുന്ന തുക പരമാവധി അൻപത്തിയൊന്ന് ലക്ഷത്തിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

(iii) ഏതൊരംഗവും നിക്ഷേപിക്കുന്ന തുക അയാൾക്ക് താല്പ്പര്യമുള്ള പക്ഷം നിർണയിക്കപ്പെടാവുന്ന രീതിയിലുള്ള കാലയളവുകളിൽ നിക്ഷേപതുക പൂർണ്ണമായോ ഭാഗങ്ങളായോ പിൻവലിക്കാവുന്നതാണ്.

(iv) പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപം നടത്തുന്ന ഏതൊരു നിക്ഷേപകനും അയാൾ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സർട്ടിഫിക്കറ്റ് ബോർഡ് നൽകേണ്ടതും, അത് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

എന്നാൽ പ്രസ്തുത സർട്ടിഫിക്കറ്റ് യാതൊരു വിധത്തിലുള്ള വായ്പകൾക്ക് ജാമ്യമായോ മറ്റു വിധത്തിലുള്ള സെക്യൂരിറ്റിയായോ ഉപയോഗിക്കാൻ പാടില്ലാത്തതും ആയത് യാതൊരുതരത്തിലുള്ള ജപ്തി നടപടികൾക്ക് വിധേയമാക്കാൻ പാടില്ലാത്തതുമാണ്. ഇപ്രകാരം ഏതെങ്കിലും ജപ്തിക്കോ റിക്കവറികൾക്കോ വിധേയമാകുന്ന പക്ഷം ഗുണഭോക്താവിന് ഡിവിഡന്റിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(v) സർക്കാരിന് ഏതു സമയത്തും പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി അംഗങ്ങളുടെ താല്പ്പര്യം പരിരക്ഷിച്ചുകൊണ്ട് ശരിയായ നോട്ടീസ് നൽകിയശേഷം പദ്ധതി പിൻവലിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്."

ഞാൻ നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അതിൽ ഞാൻ രണ്ടുമൂന്ന് പാരഗ്രാഫ് ചേർത്തിട്ടുണ്ട്. പ്രവാസികളുടെ അവകാശ സംരക്ഷണത്തിന് ഏറ്റവും ആവശ്യമാണെന്നുള്ളതു

കൊണ്ടാണ് ചേർത്തത്. (i)-8 എ വകുപ്പ് പ്രകാരം രൂപീകരിക്കുന്ന പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപകർക്ക് ഏറ്റവും കുറഞ്ഞത് പത്ത് ശതമാനം വാർഷിക നിരക്കിൽ ഡിവിഡന്റ് നൽകുന്നത് സർക്കാർ ഉറപ്പാക്കേണ്ടതാണ് എന്നതാണ് ഭേദഗതിയുടെ ഒന്നാമത്തെ പാരഗ്രാഫിൽ പറയുന്നത്. ഇവിടെ, കിഫ്ബിയിലാണെങ്കിൽ ഗവൺമെന്റ് ഗ്യാരന്റി കൊടുക്കുന്നുണ്ട്. ഇതും അതുപോലെതന്നെ കിഫ്ബിയിലേയ്ക്ക് പോകുന്ന പണമാണ്. അതിന് യാതൊരു ഉറപ്പും കൊടുക്കുന്നില്ല. അതുകൊണ്ട് പത്ത് ശതമാനം ഗ്യാരന്റി കൊടുക്കുമെന്നുള്ളത് ആക്ടിൽ ഉറപ്പുവരുത്തണമെന്നതാണ് എന്റെ ഒരു ഭേദഗതി.

ഏതൊരു നിക്ഷേപകനും ഏറ്റവും കുറഞ്ഞത് മൂന്ന് ലക്ഷം രൂപ നിക്ഷേപിക്കാവുന്നതും എന്നാൽ ഒരാൾക്ക് നിക്ഷേപിക്കാവുന്ന തുക പരമാവധി അൻപത്തിയൊന്ന് ലക്ഷത്തിൽ കവിയാൻ പാടില്ലാത്തതുമാകുന്നു എന്നാണ് ഭേദഗതിയുടെ രണ്ടാമത്തെ പാരഗ്രാഫിൽ പറയുന്നത്. ഇവിടെ റൂളിൽ കൊണ്ടുവന്നിട്ടില്ല. ശരിക്കും കൊണ്ടുവരേണ്ടത് ആക്ടിലാണ്. ഇതിനുമുൻപ് ഓർഡിനൻസ് വന്നപ്പോൾത്തന്നെ റൂൾ വന്നിട്ടുണ്ട്. ആ റൂളിൽ ഇത് പറഞ്ഞിട്ടുണ്ട്. ആ റൂളിൽ പറഞ്ഞ കാര്യംതന്നെ ആക്ടിലും ഉറപ്പുവരുത്തണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇതിൽ കൊണ്ടുവന്നിട്ടുള്ളത്.

ഏതൊരംഗവും നിക്ഷേപിക്കുന്ന തുക അയാൾക്ക് താല്പര്യമുള്ള പക്ഷം നിർണയിക്കപ്പെടാവുന്ന രീതിയിലുള്ള കാലയളവുകളിൽ നിക്ഷേപ തുക പൂർണ്ണമായോ ഭാഗങ്ങളായോ പിൻവലിക്കാവുന്നതാണ് എന്നാണ് ഭേദഗതിയുടെ മൂന്നാമത്തെ പാരഗ്രാഫിൽ പറയുന്നത്. ഗവൺമെന്റ് തീരുമാനിക്കുന്ന രീതിയിൽ ഭാഗങ്ങളായോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ പൂർണ്ണമായോ ഭാഗികമായോ പിൻവലിക്കാൻ അവകാശം കൊടുക്കണമെന്നുള്ളതാണ് ഒരു ഭേദഗതിയായി കൊണ്ടുവന്നിട്ടുള്ളത്. നിലവിലെ രീതി അനുസരിച്ച് പ്രവാസി മരണപ്പെട്ടാൽ നയാപൈസ പിൻവലിക്കാൻ പ്രവാസിയുടെ ഭാര്യയ്ക്കുപോലും കഴിയില്ല എന്നുള്ളത് ഞാൻ നേരത്തേ സൂചിപ്പിച്ചു. അത് പിന്നീട് ലഭിക്കുന്നത് അനന്തരാവകാശിക്ക് മാത്രമാണ്. അത് വളരെ ക്രൂരമാണ്. അതുകൊണ്ട് പ്രവാസിക്ക് അത്യാവശ്യമുള്ള സമയത്ത് തുക പിൻവലിക്കാനുള്ള ഒരു പ്രൊവിഷൻ ഇതിൽ കൊടുക്കണമെന്നുള്ളതാണ് പറഞ്ഞിരിക്കുന്നത്.

പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപം നടത്തുന്ന ഏതൊരു നിക്ഷേപകനും അയാൾ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സർട്ടിഫിക്കറ്റ് ബോർഡ് നൽകേണ്ടതും, അത് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ് എന്നാണ് ഭേദഗതിയിൽ

പറയുന്നത്. ഇദ്ദേഹം പണം നിക്ഷേപിച്ചാൽ എന്ത് ഗ്യാരന്റിയാണ്, എന്ത് സർട്ടിഫിക്കറ്റാണ് കൊടുക്കുന്നതെന്നുള്ളത് ഇപ്പോൾ ഈ ആക്ടിലും റൂളിലും പറഞ്ഞിട്ടില്ല. അത് വ്യക്തമായി റൂളിൽ വരണം. ഇത് ബോർഡിലല്ല, ആക്ടിൽ വരണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: അങ്ങ് വായിക്കേണ്ടതില്ല. ഈ ഭേദഗതികളെല്ലാം നമ്മൾ സർക്കുലേറ്റ് ചെയ്തതാണ്. മൂവ് ചെയ്താൽ മതി.

ശ്രീ. എം. ഉമ്മർ: സർ, പ്രധാനപ്പെട്ട കാര്യമായതുകൊണ്ടാണ് പറയുന്നത്. "എന്നാൽ പ്രസ്തുത സർട്ടിഫിക്കറ്റ് യാതൊരു വിധത്തിലുള്ള വായ്പകൾക്ക് ജാമ്യമായോ മറ്റു വിധത്തിലുള്ള സെക്യൂരിറ്റിയായോ ഉപയോഗിക്കാൻ പാടില്ലാത്തതും ആയത് യാതൊരുതരത്തിലുള്ള ജപ്തി നടപടികൾക്ക് വിധേയമാക്കാൻ പാടില്ലാത്തതുമാണ്. ഇപ്രകാരം ഏതെങ്കിലും ജപ്തിക്കോ റിക്കവറികൾക്കോ വിധേയമാകുന്ന പക്ഷം ഗുണഭോക്താവിന് ഡിവിഡന്റിന് അർഹതയുണ്ടായിരിക്കുന്നതല്ല." എന്നുള്ളത് ഗവൺമെന്റിന്റെകൂടി താൽപ്പര്യം സംരക്ഷിക്കുന്നതിന് റൂളിൽ പറയുന്ന കാര്യമാണ്.

സർക്കാരിന് ഏതു സമയത്തും പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി അംഗങ്ങളുടെ താല്പ്പര്യം പരിരക്ഷിച്ചുകൊണ്ട് ശരിയായ നോട്ടീസ് നൽകിയശേഷം പദ്ധതി പിൻവലിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ് എന്നതാണ് അഞ്ചാമത്തെ പാരഗ്രാഫിൽ പറഞ്ഞിരിക്കുന്നത്. റൂളിൽ പറഞ്ഞിട്ടുള്ളത് ബോർഡ് എന്നാണ്. ബോർഡിന് എപ്പോൾ വേണമെങ്കിലും അവസാനിപ്പിക്കാമെന്ന് റൂളിൽ പറഞ്ഞിട്ടുണ്ട്. അത് റൂളിലല്ല പറയേണ്ടത്. മാത്രമല്ല, ബോർഡിനല്ല, ഗവൺമെന്റിനാണ് അതിനുള്ള അധികാരം നൽകേണ്ടത്.

ഈ അഞ്ച് പാരഗ്രാഫുകൾ പ്രവാസികളുടെ അവകാശ സംരക്ഷണത്തിന്, നിക്ഷേപം വിജയകരമാക്കിത്തീർക്കുന്നതിനുവേണ്ടി ഏറ്റവും അനിവാര്യമാണെന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതിന്റെ വിശദീകരണത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

2.00 pm]

ശ്രീ. എം. ഉമ്മർ: സർ, ഞാൻ അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നു, പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. അനിൽ അക്കര
5. ശ്രീ. എ. പി. അനിൽ കുമാർ
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. വി. ടി. ബൽറാം
9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ഡോ. എൻ. ജയരാജ്
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. എം. സി. കമറുദ്ദീൻ
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ

23. ശ്രീ. കെ. എസ്. ശബരീനാഥൻ
24. ശ്രീ. വി. പി. സജീന്ദ്രൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീമതി ഷാനിമോൾ ഉസ്മാൻ
28. ശ്രീ. വി. എസ്. ശിവകുമാർ
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. പി. ടി. തോമസ്
31. ശ്രീ. പി. ഉബൈദുള്ള
32. ശ്രീ. എം. ഉമ്മർ
33. ശ്രീ. എം. വിൻസെന്റ്
34. ശ്രീ. ടി. ജെ. വിനോദ്

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. ആന്റണി ജോൺ
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീ. കെ. ബാബു
6. ശ്രീമതി ഇ. എസ്. ബിജിമോൾ
7. ശ്രീ. ഇ. ചന്ദ്രശേഖരൻ
8. ശ്രീ. കെ. ദാസൻ
9. ശ്രീ. എൽദോ എബ്രഹാം
10. ശ്രീമതി ഗീതാ ഗോപി
11. ശ്രീ. സി. കെ. ഹരീന്ദ്രൻ

12. ഡോ. കെ. ടി. ജലീൽ
13. ശ്രീ. ജെയിംസ് മാത്യു
14. ശ്രീ. ഇ. പി. ജയരാജൻ
15. ശ്രീ. ജോൺ ഫെർണാണ്ടസ്
16. ശ്രീ. ഒ. ആർ. കേളു
17. ശ്രീ. കെ. കുഞ്ഞിരാമൻ
18. ശ്രീ. കോവൂർ കുഞ്ഞുമോൻ
19. ശ്രീ. കെ. ജെ. മാക്സി
20. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
21. ശ്രീ. എ. സി. മൊയ്തീൻ
22. ശ്രീ. ഡി. കെ. മുരളി
23. ശ്രീ. മുരളി പെരുനെല്ലി
24. ശ്രീ. സി. കെ. നാണു
25. ശ്രീ. എം. നൗഷാദ്
26. ശ്രീ. യു. ആർ. പ്രദീപ്
27. ശ്രീ. കെ. ഡി. പ്രസേനൻ
28. ശ്രീമതി യു. പ്രതിഭ
29. ശ്രീ. പുരുഷൻ കടലുണ്ടി
30. ശ്രീ. പി. ടി. എ. റഹീം
31. ശ്രീ. എം. രാജഗോപാലൻ
32. ശ്രീ. കെ. രാജൻ
33. ശ്രീ. ആർ. രാജേഷ്
34. ശ്രീ. റ്റി. വി. രാജേഷ്
35. ശ്രീ. രാജു എബ്രഹാം

36. ശ്രീ. ആർ. രാമചന്ദ്രൻ
37. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
38. ശ്രീ. ടി. പി. രാമകൃഷ്ണൻ
39. പ്രൊഫ. സി. രവീന്ദ്രനാഥ്
40. ശ്രീ. എസ്. ശർമ്മ
41. ശ്രീ. പി. കെ. ശശി
42. ശ്രീ. ഐ. ബി. സതീഷ്
43. ശ്രീ. ബി. സത്യൻ
44. ശ്രീ. എ. എൻ. ഷംസീർ
45. ശ്രീ. ജി. സുധാകരൻ
46. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
47. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
48. ശ്രീ. പി. ഉണ്ണി *
49. ശ്രീമതി വീണാ ജോർജ്ജ്
50. ശ്രീ. കെ. വി. വിജയദാസ്
51. ശ്രീ. ഇ. കെ. വിജയൻ
52. ശ്രീ. പിണറായി വിജയൻ

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 34

പ്രതികൂലിക്കുന്നവർ - 52

നിഷ്പക്ഷത പാലിക്കുന്നവർ - 0

205-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

---

* ശ്രീ. പി. ഉണ്ണി എം.എൽ.എ.-യുടെ കൈ തട്ടി അബദ്ധത്തിൽ പ്രതിപക്ഷത്തായിപ്പോയ വോട്ട് 14-11-2019-ന് അദ്ദേഹം നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഭരണപക്ഷത്തേക്ക് മാറ്റാൻ തീരുമാനിച്ചു.

<u>മി. സ്പീക്കർ</u>: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 174, 175 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 176, 182, 187 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 179, 180 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 183, 188 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 184, 200 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

206. ഖണ്ഡം 4-ൽ "പ്രധാന" എന്ന വാക്കിനു മുൻപിലായി "ഭേദഗതി ചെയ്യുന്ന" എന്ന വാക്കുകൾ ചേർക്കുക.

207. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14-ൽ "ധാർമ്മിക" എന്ന വാക്കിനു പകരം "ധർമ്മ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

208. ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 14-ൽ " (1955 ലെ XII-ാം ആക്റ്റ്)" എന്നതിന് പകരം"(1955 ലെ 12-ാം ആക്റ്റ് )" എന്ന് ചേർക്കുക.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 208-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 208-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 206, 207 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അഞ്ചാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

209. ഖണ്ഡം 5(2)-ൽ "കാര്യമോ" എന്ന വാക്കിനു ശേഷം "കാര്യങ്ങളോ" എന്ന വാക്ക് ചേർക്കുക.

210. ഖണ്ഡം 5(2)-ൽ "നടപടിയോ" എന്ന വാക്കിനു ശേഷം "നടപടികളോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

211. ഖണ്ഡം 5(2)-ൽ "ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 209, 210 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ശ്രീ. പിണറായി വിജയൻ: സർ, മൂന്നാം വകുപ്പിൽ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

3-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 8 എ വകുപ്പിൽ "സ്വീകരിക്കുന്നതിനും" എന്ന വാക്കിനുപകരം "സ്വീകരിച്ച്," എന്ന വാക്കും ചിഹ്നവും ചേർക്കേണ്ടതാണ്.

മി. സ്പീക്കർ: മൂന്നാം വകുപ്പ് ക്ലോസ് ചെയ്തു. (.....ബഹളം....)

ശ്രീ. പിണറായി വിജയൻ: സർ, 'സ്വീകരിക്കുന്നതിനും' എന്നുള്ളത് 'സ്വീകരിച്ച്' എന്നാക്കിയാൽ മതി.

ശ്രീ. വി. ഡി. സതീശൻ: സർ, ആ സെക്ഷൻ ക്ലോസ് ചെയ്തില്ലേ? പിന്നെ എങ്ങനെയാണ് ഭേദഗതി ചേർക്കുന്നത്?

മി. സ്പീക്കർ: ഗ്രാമർ മിസ്റ്റേക്കാണ് പറയുന്നത്. (.....ബഹളം....) വേണമെങ്കിൽ അത് റീ-ഓപ്പൺ ചെയ്യാം.

ശ്രീ. വി. ഡി. സതീശൻ: സർ, ആ സെക്ഷൻ ക്ലോസ് ചെയ്തതിനുശേഷം ഒഫിഷ്യൽ അമെന്റ്മെന്റ് കൊണ്ടുവരാൻ കഴിയുമെന്ന് അങ്ങ് റൂളിംഗ് തന്നാൽ മതി.

മി. സ്പീക്കർ: ക്ലോസ് ചെയ്തതിനുശേഷം വേണമെങ്കിൽ റീ-ഓപ്പൺ ചെയ്ത് ഭേദഗതി കൊണ്ടുവരാവുന്നതാണ്. (.....ബഹളം....) പക്ഷെ ഭാഷയിലെ ഗ്രമാറ്റിക് മിസ്റ്റേക്കാണ് അദ്ദേഹം പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അത് റീ -ഓപ്പൺ ചെയ്യണോ? (.....ബഹളം....) വേണ്ടല്ലോ?

ശ്രീ. പിണറായി വിജയൻ: സർ, റീ-ഓപ്പൺ ചെയ്യണം. (.....ബഹളം....)

ശ്രീ. വി. ഡി. സതീശൻ: സർ, ഭേദഗതി ചെയ്ത പ്രകാരം ഈ വകുപ്പ് ഒന്നുകൂടി പാസ്സാക്കാമെന്ന് അങ്ങ് പറയണം.

മി. സ്പീക്കർ: റീ-ഓപ്പൺ ചെയ്യേണ്ടതുണ്ടെങ്കിൽ ചെയ്യാമെന്നാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥന മാനിച്ച് അത് റീ-ഓപ്പൺ ചെയ്ത് സഭയുടെ അനുമതിയോടുകൂടി ഗ്രമാറ്റിക്കൽ മിസ്റ്റേക്കുകൂടി തിരുത്തിയിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ : സർ, ഭേദഗതി ചെയ്ത പ്രകാരം ഈ വകുപ്പ് പാസ്സാക്കണമെന്ന് ഒന്നുകൂടി അങ്ങ് പറയണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥന മാനിച്ച് മൂന്നാം വകുപ്പ് റീ-ഓപ്പൺ ചെയ്ത് മൂന്നാം വകുപ്പിലെ 3-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 8 എ വകുപ്പിൽ "സ്വീകരിക്കുന്നതിനും" എന്ന വാക്കിനുപകരം "സ്വീകരിച്ച്," എന്ന വാക്കും ചിഹ്നവും ചേർത്ത് ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ ...........

എന്നാണ് പറഞ്ഞത്. ഒരു അക്ഷരത്തിന്റെ മാറ്റമാണ്. ......... (ബഹളം) ........ഗ്രമാറ്റിക്കൽ മിസ്റ്റേക്കാണ്..........(ബഹളം) .....അത് റീ-ഓപ്പൺ ചെയ്താണ് എടുത്തത്. ഇത് സംബന്ധിച്ച് അപാകതയുണ്ടെങ്കിൽ പരിശോധിച്ച് റൂൾ ചെയ്യുന്നതാണ്.

മുഖ്യമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

105. ദീർഘ ശീർഷകത്തിൽ "വീണ്ടും" എന്ന വാക്ക് ഒഴിവാക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

111. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നതിനു പകരം "താഴെ കാണുന്ന " എന്നു ചേർക്കുക.

145. ഖണ്ഡം 1 (2) താഴെപറയും പ്രകാരം മാറ്റുക:

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ് ."

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

115. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നീ വാക്കുകൾക്ക് പകരം "ഇനിപ്പറയുന്ന " എന്ന് ചേർക്കുക.

<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

116. പീഠികയിൽ "വീണ്ടും" എന്ന വാക്ക് ഒഴിവാക്കുക.

125. ഖണ്ഡം 1(2)-ൽ "2018 ഒക്ടോബർ 22-ാം " എന്നതിന് പകരം "2019 ഏപ്രിൽ 1-ാം " എന്ന് ചേർക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

126. ഖണ്ഡം 1(2)-ൽ "2018 ഒക്ടോബർ 22-ാം " എന്നതിന് പകരം "2019 ജനുവരി 8-ാം " എന്ന് ചേർക്കുക.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

127. ഖണ്ഡം 1(2)-ൽ "തീയതി" എന്ന വാക്കിനു ശേഷം "മുതൽ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

136. ഖണ്ഡം 1(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്നതിനു പകരം "കണക്കാക്കപ്പെടേണ്ടതാണ്" എന്നു ചേർക്കുക.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 111, 145 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 116, 125 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഈ ഭേദഗതി ബിൽ സ്വീകാര്യമായ ഒന്നാണ്. പ്രവാസികൾക്ക് നേരിടേണ്ടിവരുന്ന പലതരത്തിലുള്ള ബുദ്ധിമുട്ടുകളാണ് ഈ ചർച്ചയിലൂടെ ഉയർന്നുവന്നത്. ഇതിൽ ഏറ്റവും പ്രധാനമായി കാണേണ്ടത്, ഗൾഫനൈസേഷൻ നടക്കുന്നതുകൊണ്ട് ധാരാളമായി തൊഴിൽ

നഷ്ടപ്പെടുന്നു എന്നതാണ്. എല്ലാ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലും നമുക്കിത് കാണാൻ കഴിയും. സാങ്കേതിക പരിജ്ഞാനമുള്ളവരും ഇല്ലാത്തവരുമായ തൊഴിലാളികളടക്കമുള്ള ധാരാളം ആളുകളുടെ ജോലി നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി ഇവിടേയ്ക്ക് തിരിച്ചുവരുന്നവരെ നമുക്ക് പുനരധിവസിപ്പിക്കാൻ കഴിയണം. ബാങ്കുകളിലൂടെ ലോൺ കിട്ടുന്നുവെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. കൊളാറ്ററൽ സെക്യൂരിറ്റിയില്ലാതെ ഒരു ബാങ്കും ലോൺ കൊടുക്കുന്നില്ലെന്നുള്ളതാണ് സത്യം. പ്രായോഗികമായി നോക്കുമ്പോൾ പലർക്കും ബാങ്കുകളിൽനിന്ന് തിക്താനുഭവങ്ങളാണുണ്ടാകുന്നത്. തിരിച്ചുവരുന്നവരുടെ പുനരധിവാസവും അവരുടെ സംരക്ഷണവുമാണ് ഏറ്റവും പ്രധാനമായി കാണേണ്ടത്. അതിനാണ് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത്. കേന്ദ്ര ഗവൺമെന്റിന്റെ സഹായംകൂടി ഇക്കാര്യത്തിൽ ആവശ്യമാണ്. കേരളത്തിൽനിന്ന് മാത്രമല്ല പഞ്ചാബ്, തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും ധാരാളം വിദഗ്ദ്ധ തൊഴിലാളികളും അവിദഗ്ദ്ധ തൊഴിലാളികളും അവിടെ പണിയെടുക്കുന്നുണ്ട്. മുൻകാലത്ത് നമ്മൾ മാത്രമായിരുന്നുവെങ്കിൽ ഇന്ന് മറ്റ് സംസ്ഥാനങ്ങളിലെ ആളുകൾകൂടി തൊഴിലെടുക്കുന്നുണ്ട്. പക്ഷെ, പലപ്പോഴും തൊഴിൽ സംരംഭകരായവർക്ക് ബില്ല് കിട്ടുന്നില്ലെന്നതാണ് എല്ലാവർക്കുമുള്ള പ്രശ്നം. ഗവൺമെന്റ് ബിൽ പേ ചെയ്യുന്നില്ല. അതിന്റെ ഫലമായി പലരും ജയിലിൽ പോകേണ്ടിവരികയാണ്. കമ്മിറ്റ്മെന്റ് നടത്താൻ കഴിയുന്നില്ല. ഗൾഫിലുണ്ടായിക്കൊണ്ടിരിക്കുന്ന ഈ പ്രതിഭാസം ചെറുതല്ല. ഓയിലിന്റെ വിലക്കുറവ് ഉൾപ്പെടെ സാമ്പത്തികമാന്ദ്യം ഗൾഫ് നാടുകളെയാകെ ബാധിച്ചിരിക്കുകയാണ്. I feel that the next destination is African countries. ഇനിയും പ്രവാസികൾക്ക് പോകാൻ കഴിയുന്നത് സൗത്ത് ആഫ്രിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിലേയ്ക്കാണ്. പുതിയ രീതിയിലേയ്ക്ക് പ്രവാസ ജീവിതം എത്തേണ്ട കാലഘട്ടം കൂടിയാണിത്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ആ രാജ്യങ്ങളിലെ ഭരണാധികാരികളുമായി സംസാരിച്ച് ആഫ്രിക്കൻ രാജ്യങ്ങൾ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. കാരണം നമുക്കിനി ഗൾഫ് നാടുകളിലേയ്ക്ക് പോകാനോ അവിടെ ജീവിക്കാനോ തൊഴിലെടുക്കാനോ ഉള്ള അവസരം കുറഞ്ഞുവന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഞാനിത് ചൂണ്ടിക്കാണിക്കുന്നത്. പ്രവാസികളുടെ മൊത്തം ക്ഷേമത്തിന്റെ കാര്യത്തിൽ എല്ലാവരും ഒറ്റക്കെട്ടാണ്. അതിന് സംശയമൊന്നുമില്ല.

പക്ഷെ, ഞങ്ങൾക്ക് ലോക കേരളസഭയുടെ കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഞങ്ങൾ അക്കാര്യങ്ങൾ പറഞ്ഞതാണ്. ഞങ്ങളുടെ നിലപാടിൽത്തന്നെ ഉറച്ചുനിൽക്കുന്നു. യു.ഡി.എഫ്. ഒറ്റക്കെട്ടായി ലോക കേരളസഭയിൽ സഹകരിക്കേണ്ടെന്നുള്ള തീരുമാനമാണെടുത്തിട്ടുള്ളത്. അതിന് അതിന്റേതായ കാരണങ്ങളുണ്ട്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കത്തുകിട്ടി, സഹകരിക്കാതിരിക്കാനുള്ള കാരണങ്ങൾ അങ്ങയേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും ഞങ്ങൾ അറിയിക്കുന്നുണ്ട്. അത് സഭയിൽ ചർച്ച ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഏതായാലും പ്രവാസികളുടെ ക്ഷേമത്തിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, നേരത്തെ പറഞ്ഞത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥനപ്രകാരം അത് റീ-ഓപ്പൺ ചെയ്ത് അമന്റ്മെന്റ് വരുത്തിയെന്നാണ്. അങ്ങനെ ചെയ്യാൻ പറ്റില്ല. അങ്ങനെ ചെയ്യാൻ റൂൾ 91(4) നമ്മളെ അനുവദിക്കുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കർക്ക് ഒരു പവറുണ്ട്. റൂൾ 93 അനുസരിച്ച് ' When a Bill is passed by the Assembly, the Speaker shall have power to correct patent errors and make such changes in the Bill as are consequential on the amendments accepted by the Assembly'. സ്പീക്കറുടെ പവർ ഉപയോഗിച്ച് ഈ പറയുന്ന പേറ്റന്റ് എറർ കറക്ട് ചെയ്യാവുന്നതേയുള്ളൂ. റൂൾ 93 അനുസരിച്ച് മാത്രമാണ് ഈ ഗ്രമാറ്റിക് മിസ്റ്റേക്ക് അങ്ങ് കറക്ട് ചെയ്യേണ്ടത്. പ്രൊസീഡ്യുവർ അനുസരിച്ച് കിടക്കട്ടെയെന്ന് വിചാരിച്ചതാണ്. ഇവിടെ വളരെ സ്ട്രിക്റ്റായിട്ടുള്ള പ്രൊസീഡ്യുവർ നോക്കുന്ന സ്ഥലമായതുകൊണ്ട് അങ്ങനെയാക്കണം. റൂൾ 91(4) അനുസരിച്ച് അത് റീ-ഓപ്പൺ ചെയ്യാൻ കഴിയില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. വി. ഡി. സതീശൻ, അങ്ങ് ഉന്നയിച്ച സമയത്ത് അങ്ങനെയുള്ളൊരു ഗ്രമാറ്റിക്കൽ മിസ്റ്റേക്ക് അംഗീകരിക്കണമെന്ന് സ്പീക്കർ എന്നുള്ള നിലയിലുള്ള പവർ ഉപയോഗിച്ചുകൊണ്ട് അപ്പോൾ പറയുകയുണ്ടായി. അങ്ങ് തന്നെയാണ് റീ-ഓപ്പൺ ചെയ്യണമെന്ന് ആവശ്യപ്പെട്ടത്. പരിണിതപ്രജ്ഞനായ അങ്ങയുടെ അഭിപ്രായം പരിഗണിച്ചാണ് അങ്ങനെ ചെയ്തത്. ഇപ്പോൾ അങ്ങ് മാറ്റി പറയുകയാണ്. അതിൽ എന്തെങ്കിലും പിശകുണ്ടെങ്കിൽ പരിശോധിച്ച് റൂൾ ചെയ്യാം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ....(മൈക്ക് ഓഫ്)... പേറ്റന്റ് എറർ അമെന്റ് ചെയ്യാം. റൂൾ 91(4) ഉപയോഗിച്ച് ചെയ്യാൻ കഴിയില്ല.

<u>മി. സ്പീക്കർ</u>: അങ്ങ് വായിച്ചതുപോലെ ഗ്രമാറ്റിക്കൽ മിസ്റ്റേക്കാണ്, അത് കറക്ട് ചെയ്യണമെന്ന് ഞാൻ പറഞ്ഞു. റൂൾ ക്വാട്ട് ചെയ്തിട്ടില്ലായെന്നേയുള്ളൂ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് അത് പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥനപ്രകാരം റീ-ഓപ്പൺ ചെയ്ത് അമെന്റ് ചെയ്യുന്നുവെന്നാണ് അങ്ങ് പറഞ്ഞത്. അങ്ങനെ ചെയ്യാൻ കഴിയില്ല.

<u>മി. സ്പീക്കർ</u>: ആദ്യം അതല്ല പറഞ്ഞത്. ആദ്യം റൂൾ ക്വാട്ട് ചെയ്തിട്ടില്ല. ഗ്രമാറ്റിക്കൽ മിസ്റ്റേക്കാണെന്നാണ് ഞാൻ പറഞ്ഞത്. അതൊരു ഗ്രമാറ്റിക്കൽ മിസ്റ്റേക്കാണ്, ദയവായി അത് കറക്ട് ചെയ്യാൻ അനുവദിക്കണമെന്നാണ് ഞാൻ പറഞ്ഞത്. അപ്പോൾ അങ്ങാണ് പറഞ്ഞത് അത് പാടില്ലായെന്ന്. ഇപ്പോൾ അങ്ങ് മാറ്റി പറയുന്നു. ഇനി ഏതാണ് ശരിയെന്നുള്ളത് നമുക്ക് പരിശോധിച്ച് റൂൾ ചെയ്യാം. (...ബഹളം...) അങ്ങയുടെ അഭിപ്രായംകൂടി പരിഗണിച്ചാണ് അത് റീ-ഓപ്പൺ ചെയ്തത്. അത് പരിശോധിക്കാം.

<u>ശ്രീ. എം. ഉമ്മർ</u>: സർ, സഭ പിരിയുന്നതിന് മുമ്പ് ഏത് സമയത്തും പോയിന്റ് ഓഫ് ഓർഡർ റെയ്സ് ചെയ്യാമല്ലോ. പേറ്റന്റ് എറർ കറക്ട് ചെയ്യാനുള്ള ബഹുമാനപ്പെട്ട സ്പീക്കർക്കുള്ള അധികാരം റീ-ഓപ്പൺ ചെയ്തിട്ടല്ല; ബിൽ പാസ്സാക്കി അവസാനം അയയ്ക്കുന്നതിനുമുമ്പ് സ്പീക്കർക്ക് വേണമെങ്കിൽ കറക്ട് ചെയ്യാം, അതല്ലാതെ റീ-ഓപ്പൺ ചെയ്തിട്ടല്ല ചെയ്യേണ്ടത്. റൂൾ 93 വായിച്ചുനോക്കിയാൽ കൃത്യമായി അറിയാം. സഭയിലല്ല, സഭ പിരിഞ്ഞതിനുശേഷവും ബഹുമാനപ്പെട്ട സ്പീക്കർക്ക് ഇതിനുള്ള അധികാരമുണ്ട്.

<u>മി. സ്പീക്കർ</u> : പരിശോധിച്ച് റൂൾ ചെയ്യാം.

2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## VIII ക്രമപ്രശ്നം

വഖഫ് ബോർഡിന്റെ റെഗുലേഷനിൽ വരുത്തിയ ഭേദഗതി

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വഖഫ് ആക്ടുമായി ബന്ധപ്പെട്ട് സഭയുടെ മേശപ്പുറത്ത് കഴിഞ്ഞ മാസം 29-ന് വച്ച ഒരു റെഗുലേഷനുമായി ബന്ധപ്പെട്ട കാര്യമാണ് ക്രമപ്രശ്നമായി ഞാൻ ഉന്നയിക്കുന്നത്. വഖഫ് ആക്ടിലെ സെക്ഷൻ 109 പ്രകാരം ഈ ആക്ടിനുള്ള റൂൾസ് ഉണ്ടാക്കാനുള്ള അധികാരം സർക്കാരിനാണ്. സെക്ഷൻ 110 പ്രകാരം റെഗുലേഷനുണ്ടാക്കാനുള്ള അധികാരം വഖഫ് ബോർഡിനാണ്. ഈ രണ്ട് സംഗതികളും- റൂൾസായാലും റെഗുലേഷനായാലും അതുണ്ടാക്കി ഏറ്റവും പെട്ടെന്ന് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് സെക്ഷൻ 111 പ്രകാരം കൃത്യമായി പറയുന്നുമുണ്ട്. സെക്ഷൻ 110 പ്രകാരം ഉണ്ടാക്കേണ്ട റെഗുലേഷനിൽ സർക്കാരിന് മാറ്റം വരുത്താൻ അധികാരമില്ല. സഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ള റെഗുലേഷൻ വഖഫ് ബോർഡ് കൊടുത്തതുപ്രകാരമുള്ളതല്ല, മാറ്റം വരുത്തിയാണ് വച്ചിട്ടുള്ളത്. അങ്ങനെയാണ് ഇതൊരു ക്രമപ്രശ്നമാകുന്നത്. ആക്ട് പ്രകാരം മാറ്റം വരുത്താൻ സർക്കാരിന് അധികാരമില്ലാത്ത ഒരു സംഗതിയിൽ മാറ്റം വരുത്തിയാണ് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ളത്. മാറ്റം വരുത്തിയ ഭാഗങ്ങൾ റിട്ടയർമെന്റുമായി ബന്ധപ്പെട്ടതാണ്. റിട്ടയർമെന്റ് പ്രായം 58 വയസ്സ് ആക്കുകയും എന്നാൽ 56 വയസ്സിനുശേഷം യാതൊരുവിധ ആനുകൂല്യങ്ങളുമില്ലാതെ 58 വയസ്സുവരെ തുടരാമെന്ന റെഗുലേഷൻ, ബോർഡ് തന്നതിന് വിരുദ്ധമായി സർക്കാർ കൂട്ടിച്ചേർത്തിരിക്കുകയുമാണ്. അതുപോലെതന്നെ conduct rules-ഉം വഖഫ് ബോർഡിലെ ജീവനക്കാർക്ക് ബാധകമാക്കിയിരിക്കുകയാണ്. കേവലം മൂന്ന് ശതമാനം ഗ്രാന്റ് മാത്രമാണ് വഖഫ് ബോർഡിന് കിട്ടുന്നതെന്നിരിക്കെ എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകർക്കു പോലുമില്ലാത്ത conduct rule വഖഫ് ബോർഡ് ജീവനക്കാർക്ക് ബാധകമാക്കിയതിനെയാണ് വഖഫ് ബോർഡ് എതിർക്കുന്നത്. അതിനുപരി ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ രണ്ട് കേസ്സുകൾ നിലനിൽക്കുന്നുണ്ട്. ഈ കേസ് തീർപ്പിന് വിധേയമായിട്ടേ ഈ റെഗുലേഷൻ ഫൈനലൈസ് ചെയ്യാവൂവെന്ന് ഒരു കേസിൽ കൃത്യമായി പറയുന്നുണ്ട്. ഈ കേസ് ഇപ്പോഴും പെന്റിംഗാണ്. കേസ് നിലനിൽക്കെയാണ് ഇതിവിടെ ഫൈനലൈസ് ചെയ്ത് ദിവസങ്ങൾക്കുമുമ്പ് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ളത്. അതുപോലെതന്നെ ഇത് 2016-ൽ ഉണ്ടാക്കിയ റെഗുലേഷനാണ്. ഏറ്റവും അടുത്ത സഭയിൽ ഇത് വയ്ക്കണമെന്ന് വഖഫ് ആക്ടിന്റെ സെക്ഷൻ 111-ൽ കൃത്യമായി പറയുന്നുണ്ട്. എന്നാൽ ഇത് സഭയിൽ വയ്ക്കുന്നത് മൂന്നര കൊല്ലം

വൈകിയിട്ടാണ്. ഒരുപക്ഷെ, ഇതിന് മറുപടി പറയുമ്പോൾ പറഞ്ഞേക്കാം ഇത് 2016 രണ്ടാം മാസം അന്നത്തെ ഗവൺമെന്റ് സഭയിൽ വയ്ക്കാതെ ഗസറ്റിൽ നോട്ടിഫൈ ചെയ്തതാണെന്ന്. ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത് ഡിപ്പാർട്ട്മെന്റ് വരുത്തിയിട്ടുള്ള വീഴ്ചയാണ്. ഏത് ഗവൺമെന്റ് എന്നുള്ളതല്ല പ്രശ്നം. ഇത് തയ്യാറാക്കി ഏറ്റവും അടുത്ത തീയതിയിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. 2016-ലെ ഒരു റെഗുലേഷനാണ് 2019 അവസാനം മേശപ്പുറത്ത് വച്ചിട്ടുള്ളതെന്ന കാര്യംകൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഈ വിഷയങ്ങളെല്ലാം ക്രമവിരുദ്ധമാണ്. ഇവിടെ സാധാരണഗതിയിൽ നമ്മൾ ഒരു ക്രമപ്രശ്നം ഉന്നയിക്കുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കറുടെ റോളും സഭയുടെ റോളുമാണ് പറയേണ്ടിവരുന്നത്. പക്ഷെ, ഇവിടെയുള്ള സംഗതിയെന്നത്, കോടതി മുമ്പാകെയുള്ള തീർപ്പുവന്നിട്ടില്ല; ആ വിഷയമാണ് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ളത്. അതുപോലെതന്നെ ആക്ട് പ്രകാരം മാറ്റം വരുത്താൻ സർക്കാരിന് അധികാരമില്ലാത്ത കാര്യത്തിൽ ഇവിടെ മാറ്റം വരുത്തിയിരിക്കുന്നു. അങ്ങനെയുള്ളൊരു സംഗതിയാണ് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ളത്. ഇത് ശരിയായ രീതിയിലുള്ളതല്ല എന്നതാണ് എന്റെ ആക്ഷേപം.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 (1) പ്രകാരമാണ് G.O (MS) No. 58/2016 RD 27-1-2016 പ്രകാരമുള്ള വിജ്ഞാപനം 4-7-2019-ന് സഭയുടെ മേശപ്പുറത്ത് വച്ചത്. എന്നാൽ സമർപ്പിക്കപ്പെട്ട വിജ്ഞാപനം 14 ദിവസം സഭാ സമ്മേളനത്തിനുമുമ്പിൽ ഉണ്ടാകണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ പ്രകാരം സമർപ്പിക്കപ്പെട്ട വിജ്ഞാപനം നിലനിൽക്കാത്ത സാഹചര്യത്തിൽ ചട്ടം 166 (2) പ്രകാരമാണ് ഇതേ വിജ്ഞാപനം 29-10-2019-ൽ വീണ്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടി വന്നത്. ബഹുമാനപ്പെട്ട അംഗം ഉയർത്തിക്കാട്ടിയ റിട്ടയർമെന്റ് പ്രായം സംബന്ധിച്ച് 17-6-2013-ൽ വഖഫ് ബോർഡ് സർക്കാരിന് സമർപ്പിച്ച റെഗുലേഷനിൽ നിർദ്ദേശിച്ചിട്ടുള്ളത് ഇപ്രകാരമാണ്. Chapter V Section 15 Sub section 11. The scale of pay and age of retirement of an employee shall be as applicable to a government servant. However, the employees of the board who are in the service of the board prior to the publication of this regulation will be allowed to continue in the service till 58 years subject to the condition that the service after 56 years will not be counted as qualifying service for

calculating pension, gratuity etc.... ഈ റെഗുലേഷൻ വിജ്ഞാപനമായി പ്രസിദ്ധപ്പെടുത്തിയപ്പോഴും ഇതേപ്രകാരം തന്നെയാണ് വിളംബരപ്പെടുത്തിയിട്ടുള്ളത്. Chapter V ഖണ്ഡിക 7, 11. വഖഫ് ബോർഡ് നിർദ്ദേശിച്ചിട്ടുള്ള റെഗുലേഷനിൽ Chapter V ഖണ്ഡിക 6 ഉപഖണ്ഡിക 11-ൽ Qualifying service for calculating pension, gratuity etc.... എന്നതിനുശേഷം വിജ്ഞാപനം പ്രസിദ്ധീകരിച്ചപ്പോൾ The period of retention എന്ന് തുടങ്ങുന്ന വാചകങ്ങളും കൂട്ടിച്ചേർത്തുവെന്നതാണ് അംഗത്തിന്റെ ആക്ഷേപം. എന്നാലിത് ഭരണ വകുപ്പിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ വിജ്ഞാപനം ഓർഡറിലാക്കുന്നതിനുള്ള വിശദീകരണം മാത്രമാണ്. വഖഫ് ബോർഡ് സമർപ്പിച്ച റെഗുലേഷന് വിരുദ്ധമായി യാതൊരു നിർദ്ദേശവും സർക്കാർ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുമാത്രമല്ല, ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ചത് അങ്ങുതന്നെ ചൂണ്ടിക്കാണിച്ചതുപോലെ 1-2-2016-ന് മുൻ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ്. ഈ സർക്കാർ വിജ്ഞാപനം ടേബിൾ ചെയ്യുക മാത്രമേ ചെയ്തിട്ടുള്ളൂ. വഖഫ് ബോർഡ് റെഗുലേഷനുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ ധനകാര്യം, നിയമം, ഉദ്യോഗസ്ഥ ഭരണപരിഷ്കാരം എന്നീ വകുപ്പുകളുടെ പരിശോധനകളുടെ അടിസ്ഥാനത്തിലാണ് കരട് റെഗുലേഷൻ മന്ത്രിസഭായോഗത്തിൽ സമർപ്പിച്ച് അംഗീകരിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽനിന്ന് നിലവിൽ സർക്കാരിന് യാതൊരു നിർദ്ദേശങ്ങളും ലഭ്യമായതായി പരിശോധനയിൽ കാണുന്നില്ല. അതിനാൽ ഇത് പരിഗണനാ വിഷയവുമല്ല. മേൽസാഹചര്യത്തിൽ കേരള വഖഫ് ബോർഡ് റെഗുലേഷൻസ് 2016 ക്രമപ്രകാരമാണെന്ന് ബോധിപ്പിക്കുന്നു.

### റൂളിംഗ്

മി. സ്പീക്കർ: 1995-ലെ 43-ാം കേന്ദ്രനിയമമായ The Waqf Act, 1995- ന്റെ section 110 പ്രകാരം കേരള സ്റ്റേറ്റ് വഖഫ് ബോർഡ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച 2016-ലെ സ്റ്റേറ്റ് വഖഫ് ബോർഡ് റെഗുലേഷൻസിലെ ഖണ്ഡിക 6 (11) -ൽ ഭേദഗതി വരുത്തിയാണ് സർക്കാർ പ്രസിദ്ധീകരിച്ചതെന്നും ഇത് ബോർഡ് ജീവനക്കാരുടെ താല്പര്യത്തിന് വിരുദ്ധവും സ്വാഭാവിക നീതിയുടെ ലംഘനമാണെന്നും സർക്കാരിന് അത്തരത്തിൽ ബോർഡ് തയ്യാറാക്കി സമർപ്പിക്കുന്ന റെഗുലേഷൻസിന്റെ കരടിൽ മാറ്റം വരുത്താൻ അധികാരമില്ലെന്നുമാണ് ശ്രീ. എൻ. ഷംസുദ്ദീൻ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

എന്നാൽ പ്രസ്തുത റെഗുലേഷൻ പ്രസിദ്ധീകരിച്ച കാര്യത്തിൽ മൂലനിയമത്തിന്റെ വ്യവസ്ഥയ്ക്ക് വിരുദ്ധമായ ഒരു നടപടിയും ഉണ്ടായിട്ടില്ലായെന്നും ബോർഡ് തയ്യാറാക്കി സമർപ്പിച്ച കരട് റെഗുലേഷൻസിൽ വ്യക്തതയ്ക്കുവേണ്ടി സർക്കാരിന്റെ ഭരണ വകുപ്പുകൾ നിർദ്ദേശിച്ചതും ആവശ്യം വേണ്ടതുമായ നിർദ്ദേശങ്ങൾകൂടി ഉൾക്കൊള്ളിച്ചാണ് പ്രസിദ്ധീകരിച്ചതെന്നുമാണ് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഇവിടെ വിശദീകരിച്ചത്.

ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു ക്രമപ്രശ്നമായി ഇക്കാര്യം സഭയിൽ ഉന്നയിക്കാൻ ശ്രീ. എൻ. ഷംസുദ്ദീന് അനുവാദം നൽകിയെങ്കിലും പൂർണ്ണ അർത്ഥത്തിൽ ഇക്കാര്യം ഒരു ക്രമപ്രശ്നത്തിന്റെ പരിധിയിൽ വരുന്ന ഒന്നല്ല എന്നാണ് കാണാൻ കഴിയുന്നത്.

മൂലനിയമത്തിലെ വകുപ്പ് 110 പറയുന്നത് " The Board may, with the previous sanction of the State Government make regulations not inconsistent with this Act or Rules made there under, for carrying out its functions under this Act" എന്നാണ്.

അതായത്, റെഗുലേഷൻസ് തയ്യാറാക്കാൻ ബോർഡിനുള്ള അധികാരം അന്തിമമല്ല. സർക്കാരിന്റെ മുൻകൂർ അനുമതിക്ക് വിധേയമായി മാത്രമെ അപ്രകാരം റെഗുലേഷൻ പുറപ്പെടുവിക്കാൻ കഴിയുകയുള്ളൂ എന്നതന്നെയാണ് നിയമവ്യവസ്ഥ. അതിൻപ്രകാരം ഇവിടെ പ്രസിദ്ധീകരിക്കപ്പെട്ട റെഗുലേഷനിലെ ഖണ്ഡിക (11)-ൽ ബോർഡ് നിർദ്ദേശിച്ച വ്യവസ്ഥയിൽ സർക്കാർ കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുണ്ട് എന്ന് കാണുന്നുണ്ട്. എന്നാൽ അത് പ്രസ്തുത വ്യവസ്ഥയുടെ വ്യക്തതയ്ക്കുവേണ്ടി യാണെന്നും കാണുന്നു. മൂലനിയമത്തിലെ വകുപ്പ് 110-ൽ അതിന് സർക്കാരിന് അധികാരം നൽകുന്നതായും കാണുന്നു. ആകയാൽ ഇക്കാര്യത്തിൽ നിയമവിരുദ്ധമായി എന്തെങ്കിലും ഉണ്ടായിട്ടുണ്ടെന്ന് പറയാനാകില്ല. അതിനാലാണ് ഇതൊരു ക്രമപ്രശ്നത്തിന്റെ പരിധിയിൽ വരുന്നില്ല എന്ന് സൂചിപ്പിച്ചത്.

എന്നാൽ 2016 ഫെബ്രുവരി ഒന്നാം തീയതി വിജ്ഞാപനം ചെയ്ത ഈ റെഗുലേഷൻ മൂന്നുവർഷത്തിലധികം കാലതാമസം വരുത്തി 04-07-2019-നാണ് ആദ്യമായി സഭയുടെ മേശപ്പുറത്തുവച്ചത്. ആ സമയത്ത് സഭയിൽ ഹാജരാക്കിയ കാലതാമസപത്രികയിൽ പറഞ്ഞിരിക്കുന്നത് "കാലതാമസം മനഃപൂർവ്വമല്ലെന്നും ഭരണപരമായ കാരണങ്ങളാലാണ് നിശ്ചിത സമയപരിധിക്കുള്ളിൽ പ്രസ്തുത റെഗുലേഷൻസ് സഭയിൽ സമർപ്പിക്കാൻ കഴിയാതെ പോയതെന്നുമാണ്".

ഇത്തരം വിശദീകരണങ്ങൾ യാതൊരു കാരണവശാലും അംഗീകരിക്കുവാൻ കഴിയുന്നതല്ല. സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ട രേഖകൾ ഇതുപോലെ അനിശ്ചിതമായ കാലതാമസം വരുത്തുന്നത് സഭയോടുള്ള അനാദരവായിക്കണ്ട് തുടർനടപടി സ്വീകരിക്കേണ്ടിവരുമെന്ന് ബന്ധപ്പെട്ടവരെ ചെയർ ഓർമ്മിപ്പിക്കുന്നു. മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി ഇക്കാര്യം വിശദമായി പരിശോധിക്കുമെന്ന് ചെയർ കരുതുന്നു. ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

(ii) 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ സംബന്ധിച്ച വിയോജനക്കുറിപ്പ് ഞാൻ അവതരിപ്പിക്കുന്നു.

ഇതൊരു വ്യക്തിക്കുവേണ്ടി കൊണ്ടുവരുന്ന ഭേദഗതിയാണെന്നുള്ളത് പരക്കെ ചർച്ച ചെയ്യപ്പെടുകയാണ്. ഈ പ്രസിഡന്റ് ഇത്രയും നാൾ അധികാരത്തിലിരുന്നിട്ട് ദേവസ്വം ബോർഡിനും ജീവനക്കാർക്കും എന്ത് പ്രയോജനമുണ്ടായി? മലബാർ ദേവസ്വത്തിൽ നടപ്പാക്കേണ്ട നിരവധി കാര്യങ്ങൾ അവശേഷിക്കുകയാണ്. മലബാറിലെ ക്ഷേത്രങ്ങൾ സ്തംഭനാവസ്ഥയിലാണ്. 2009 മാർച്ചിൽ ശമ്പള പരിഷ്കരണം നടന്നതാണ്. ശമ്പള പരിഷ്കരണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ട് മാസങ്ങളായി. അതിനൊപ്പം ബോർഡ് തീരുമാനിക്കുന്ന മുറയ്ക്ക് ഡി.എ നൽകിയാൽ മതിയെന്ന ക്ലോസ് കൂടിയുള്ളതുകൊണ്ട് ബോർഡ് ഡി.എ വേണ്ടെന്നുവച്ചാൽ അതും ലഭിക്കാത്ത അവസ്ഥയിലാണ്. ക്ഷേത്ര ജീവനക്കാരുടെ ദുരവസ്ഥ പരിഹരിക്കാൻ പ്രത്യേക കമ്മിറ്റി സമർപ്പിച്ച നിയമ പരിഷ്കരണ ബിൽ ഒരു വർഷമായി അവഗണിക്കപ്പെട്ട് കിടക്കുകയാണ്. ക്ഷേത്ര ജീവനക്കാർ എത്ര വർഷം ജോലി ചെയ്ത് വിരമിച്ചാലും പെൻഷൻ 3,000 രൂപ മാത്രമാണ്.

ക്ഷേമനിധി പെൻഷൻ നിർത്തലാക്കി സർവ്വീസ് പെൻഷൻ നടപ്പിലാക്കണമെന്നുള്ളത് ക്ഷേത്ര ജീവനക്കാരുടെ പ്രധാനപ്പെട്ട ഒരു ആവശ്യമാണ്. ശമ്പളക്കുറവും നിലവിലുള്ള ശമ്പളംതന്നെ യഥാസമയം ലഭിക്കാത്തതും മലബാർ ദേവസ്വം ബോർഡിലുള്ള ക്ഷേത്ര ജീവനക്കാരുടെ ജീവിതം ദുരിതപൂർണ്ണമാക്കുകയാണ്. ജോലിയുണ്ടെന്ന കാരണത്താൽ പലർക്കും ബി.പി.എൽ. ലിസ്റ്റിൽ ഇടം ലഭിക്കുന്നില്ലായെന്നുള്ളത് നമ്മൾ പ്രത്യേകമായി കണക്കിലെടുക്കേണ്ട കാര്യമാണ്. മലബാർ ദേവസ്വം നിയമത്തിന്റെ സമഗ്ര ഭേദഗതി ബിൽ ഉടൻ നിയമമാക്കുക, മലബാറിലെ ക്ഷേത്രങ്ങൾക്ക് കോമൺ സ്കീമും കോമൺ ഫണ്ടും നടപ്പാക്കുക, ക്ഷേത്ര ജീവനക്കാരുടെ വേതന വ്യവസ്ഥകൾ സർക്കാർ ജീവനക്കാരുടേതിന് സമാനമായി പരിഷ്കരിക്കുക തുടങ്ങിയ പ്രധാന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മലബാർ ക്ഷേത്ര ജീവനക്കാർ നാളെ സെക്രട്ടേറിയറ്റിന് മുന്നിൽ ധർണ നടത്തുന്നുണ്ട്. പ്രത്യേകമായി നമ്മളിത് പറയുമ്പോഴും ജയകുമാർ കമ്മിറ്റി റിപ്പോർട്ടും അഡ്വക്കേറ്റ് ഗോപാലകൃഷ്ണൻ കമ്മീഷന്റെ റിപ്പോർട്ടുമൊക്കെയുണ്ട്. ഈ റിപ്പോർട്ടുകളൊന്നും ഇവിടെ പരിഗണിച്ചിട്ടില്ല.

ശബരിമലയിലെ യുവതീ പ്രവേശന വിഷയത്തിൽ സർക്കാർ കാണിച്ച തിടുക്കം എന്തുകൊണ്ട് ഈ പാവപ്പെട്ട ജീവനക്കാരുടെ കാര്യത്തിൽ കാണിക്കുന്നില്ല. മണ്ഡലകാലം വരുമ്പോൾ ജനങ്ങൾക്ക് വല്ലാത്ത ആശങ്കയാണ്. ശരണം വിളിച്ച് ഭക്തജനങ്ങൾ മുന്നോട്ടുപോകുന്നത് നാടിന്റെ സമാധാനത്തിനായാണ്. 'ശരണം' എന്നുള്ള വാക്കുതന്നെ 'ശ' എന്നത് ഉച്ചാരണമാത്രയിൽത്തന്നെ ശത്രുക്കളെ ഇല്ലാതാക്കുന്നതാണ്. 'ര' എന്ന അക്ഷരം അഗ്നിയെ ജ്വലിപ്പിക്കുന്ന ജ്ഞാനത്തെ സൂചിപ്പിക്കുന്നു. 'ണം' എന്നുള്ള ശബ്ദം ഇതിനെല്ലാത്തിനും ദൈവീകത കൈവരുത്തി ശാന്തി പ്രദാനം ചെയ്യുന്നതാണ്. ശരണം വിളിയുമായി പോകുന്ന ഭക്തജനങ്ങൾക്കുപോലും എത്രത്തോളം പ്രയാസമാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതെന്ന് കഴിഞ്ഞ ശബരിമല സീസണിൽ നമ്മൾ കണ്ടതാണ്. മനുഷ്യനിൽ എളിമ വിരിയിക്കേണ്ട ഒരു സൂത്രവാക്യം കൂടിയാണ് ശരണം വിളി. പതിനെട്ടാംപടി കയറുന്നവൻ വിനയമുള്ളവനും അഹങ്കാരം നിലനിർത്താത്തവനുമായിരിക്കണമെന്നുള്ള പൊരുളും ഇതിലൂടെ വ്യക്തമാകുന്നുണ്ട്. വിശ്വാസികളെ എന്തിനാണ് വിപ്ലവംകൊണ്ട് നേരിടുന്നത്; നമ്മൾ അത് ആലോചിക്കേണ്ടിയിരിക്കുന്നു. ദേവസ്വവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ, ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട മാധുര്യത്തിന്റെ പര്യായമാണ് അമ്പലപ്പുഴ പാൽപ്പായസം. അതിന്റെ പേര് 'ഗോപാല കഷായം' എന്നാണ് മാറ്റാൻ പോകുന്നത്. ഈ

കാര്യങ്ങളിലൊക്കെ വല്ലാത്ത പ്രയാസം ഭക്തജനങ്ങൾക്കുണ്ട്. ലോകത്തിൽത്തന്നെ മാധുര്യത്തിന്റെ പര്യായമായി മാറിയിരിക്കുന്ന അമ്പലപ്പുഴ പാൽപ്പായസത്തിന്റെ പേരുപോലും മാറ്റുകയാണ്. ദേവസ്വത്തിന്റെ പല തീരുമാനങ്ങളെക്കുറിച്ചുമുള്ള ഒരുപാട് പത്രവാർത്തകൾ വന്നിട്ടുണ്ട്. 'മലബാർ ദേവസ്വം വരുമാനക്കണക്ക് വൈകി, ശമ്പളം കിട്ടാതെ ജീവനക്കാർ', 'ഒ. കെ. വാസുവിന്റെ കാലാവധി നീട്ടാൻ' ഇതുപോലെ നിരവധി വാർത്തകൾ വന്നിട്ടുണ്ട്. ഈ കാര്യത്തിൽ ജനങ്ങൾക്കാകമാനമുള്ള സംശയം, ബി.ജെ.പി.-യിൽ നിന്നുവന്ന ഒ. കെ. വാസുവിനെ വീണ്ടും കസേരയിലിരുത്തുന്നതിന് വേണ്ടിയുള്ള ഒരു തീരുമാനമായി മാത്രമെ ജനങ്ങൾ ഇതിനെ കാണുന്നുള്ളൂ. അന്തർധാര ശക്തമാക്കാനെടുക്കുന്ന ഈ തീരുമാനംകൊണ്ട് ദേവസ്വം ജീവനക്കാർക്ക് എന്ത് പ്രയോജനം? ജന്മഭൂമിയിലെ ബിഗ് സല്യൂട്ടൊക്കെ അന്തർധാരയുടെ ഭാഗമാണെന്ന് പരക്കെ സംസാരമുണ്ട്. അതുകൊണ്ട് ഈ ബില്ലിനെ ഒരുതരത്തിലും അംഗീകരിക്കാൻ കഴിയില്ല. ദേവസ്വവുമായി ബന്ധപ്പെട്ട് ജീവനക്കാർ നേരിടുന്ന നിരവധി വിഷയങ്ങൾ ഇനിയും ഗവൺമെന്റ് പരിഗണിക്കേണ്ടതായിട്ടുണ്ട്. മലബാർ ദേവസ്വവുമായി ബന്ധപ്പെട്ട് ജയകുമാർ കമ്മിറ്റി റിപ്പോർട്ട് സർക്കാർ അംഗീകരിച്ചുവെന്ന് പറയുന്നതല്ലാതെ അതിൽ പറഞ്ഞിരിക്കുന്ന ഏതൊക്കെ കാര്യങ്ങൾ നടപ്പിലാക്കിയെന്നുള്ളത് പരിശോധിച്ചുനോക്കണം. പാവപ്പെട്ട ആളുകൾ അങ്ങേയറ്റം ബുദ്ധിമുട്ടി മുന്നോട്ടുപോകുമ്പോഴും ഒ. കെ. വാസു എന്ന, ബി.ജെ.പി.-യിൽനിന്ന് വന്നിട്ടുള്ള, വെട്ടും കുത്തും കൊലപാതകവും നടക്കുമ്പോൾ അതിന് നേതൃത്വം കൊടുത്തിരുന്ന ഒരു വ്യക്തി സി.പി.ഐ.(എം.)-ലേയ്ക്ക് വന്നു എന്നുള്ള ഒറ്റക്കാരണത്താൽ അദ്ദേഹത്തെ നിലനിർത്തുന്നതിനുവേണ്ടി മാത്രം കൊണ്ടുവന്നിരിക്കുന്ന ഈ ഒരു തീരുമാനത്തെ ഒരുതരത്തിലും അംഗീകരിക്കാൻ കഴിയില്ല. അന്തർധാര ശക്തമായതുകൊണ്ട് അച്ഛൻ ഒരു വഴിക്കും മകൻ മറ്റൊരുവഴിക്കും നിൽക്കുന്നതായിട്ടാണ് നമ്മൾ മനസ്സിലാക്കുന്നത്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ബഹുമാനപ്പെട്ട അംഗം വളരെ കാര്യമാത്ര പ്രസക്തമായിട്ടാണ് ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട ബില്ലിൽ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ *********  ഇടതുപക്ഷത്തിന്റെ നയംതന്നെയാണ് വ്യക്തമാകുന്നത്. ദൈവങ്ങളോടുള്ള ഇവരുടെ നയംതന്നെ പലപ്പോഴും ചർച്ച ചെയ്യപ്പെടുന്നതാണ്. വിശ്വാസമില്ലാതെയാണ് ഇവർ മുന്നോട്ടുപോകുന്നത്. ആ വിശ്വാസത്തിന്റെ കുറവുകൊണ്ടാണ് ഇവിടെ ശബരിമല പ്രശ്നവുമായി ബന്ധപ്പെട്ട്, സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി നടപ്പാക്കാൻവേണ്ടിയുള്ള തിടുക്കം ഇവർ കാണിക്കുന്നതെന്ന കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫ.നം.6373/ഇ.ബി./2019/നി.സെ. തീയതി 14-11-2019) സഭാരേഖയിൽ നിന്നും നീക്കം ചെയ്തു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, തീർച്ചയായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുപ്രീംകോടതി വിധി വന്നതിനുശേഷം ഇവിടത്തെ ഡി.ജി.പി.-യുടെ ഒരു പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്............

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ.......പ്ലീസ് വെയ്റ്റ്...

ശ്രീ. കെ. ബാബു: സർ, സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് ബഹുമാനപ്പെട്ട എൽദോസ് പി. കുന്നപ്പിള്ളിൽ ഇവിടെ സംസാരിച്ചത്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഒരു പരിപാടിയുമായി ബന്ധപ്പെട്ട് ഗുരുവായൂർ സന്ദർശിക്കാനിടയായി. *********** ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്, മുഖ്യമന്ത്രി അത് ചോദിച്ചു എന്ന തരത്തിലേയ്ക്കുള്ള തെറ്റിദ്ധാരണയാണ് പരത്തുന്നത്. അതുകൊണ്ട് അത് സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.

ശ്രീ. പി. ടി. തോമസ്: സർ, അത് ക്ലാരിഫൈ ചെയ്യേണ്ട ആൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. ബഹുമാനപ്പെട്ട അംഗത്തെ ആരെങ്കിലും അതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; അങ്ങനെയുണ്ടെങ്കിൽ അങ്ങനെ ആയിക്കോട്ടെ. പത്രക്കാരോ, തെറ്റിദ്ധാരണയോ, ഇനി അദ്ദേഹം അങ്ങനെതന്നെ പറഞ്ഞിട്ടുണ്ടെങ്കിൽ അതിനെ സ്വാഗതം ചെയ്യാം. അതൊക്കെ വേറെ കാര്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഈ കാര്യം ക്ലാരിഫൈ ചെയ്യാൻ ബഹുമാനപ്പെട്ട അംഗത്തെ എപ്പോൾ, എവിടെവച്ച് ആര് ചുമതലപ്പെടുത്തിയെന്ന കാര്യം ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറയണം.

Mr. Deputy Speaker: Please......please....Smt. Shanimol Usman, you proceed.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഇത്തരം കാര്യങ്ങൾ സംസാരിക്കുമ്പോൾ വിശ്വാസികളെ ഒരുതരത്തിലും പ്രയാസപ്പെടുത്താൻ പാടില്ല. സുപ്രീംകോടതി വിധി വന്നയുടനെ സംസ്ഥാന പോലീസ് മേധാവി പറഞ്ഞ ഒരു വാചകം ഓർമ്മിക്കുകയാണ്. ശബരിമല ഡ്യൂട്ടിക്ക് സംസ്ഥാനത്തിന്റെ വനിതാ പോലീസുകാരെ തികഞ്ഞില്ലെങ്കിൽ തൊട്ടടുത്ത സംസ്ഥാനങ്ങളിൽനിന്നുള്ള വനിതാ പോലീസുകാരെക്കൂടി കൊണ്ടുവന്ന് യുവതികളെ പ്രവേശിപ്പിക്കുന്നതിനു വേണ്ടിയുള്ള സാഹചര്യം ഉണ്ടാക്കുമെന്ന് പറഞ്ഞത് ഞാൻ ഓർമ്മിക്കുകയാണ്. എന്തിനാണ് ഇതുപോലെ വിശ്വാസികളെ പ്രയാസപ്പെടുത്തുന്നത്; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആ വാചകം വാചകമല്ലെന്ന് പറയാൻ സാധിക്കില്ല.

അദ്ദേഹത്തിന്റെ സംശയമാണെങ്കിലും അത് പുറത്തേയ്ക്ക് വന്നത് ഒരു വാചകമായിട്ടാണ്. 0.1% ഒരു വിശ്വാസിയുണ്ടെങ്കിൽ അവരുടെ വിശ്വാസത്തെ അംഗീകരിച്ചുകൊണ്ടും ആ വിശ്വാസത്തെ ബഹുമാനിച്ചുകൊണ്ടും മുന്നോട്ടു പോകുമെന്ന് പറഞ്ഞിട്ടുള്ള ജവഹർലാൽ നെഹ്റുവിന്റെ നയങ്ങളെ പിന്തുടരുന്നവരാണ് ഞങ്ങൾ. കഴിഞ്ഞ ദിവസം പത്രത്തിൽ വനിതാ പോലീസുകാരെ ഇത്തവണ ശബരിമല ഡ്യൂട്ടിക്ക് അയയ്ക്കുന്നില്ല എന്നൊരു വാർത്ത കണ്ടു. ഏതായാലും വിശ്വാസികളുടെ തലയിലേയ്ക്ക് കയറാതെ വിശ്വാസികൾ അവരുടെ വിശ്വാസവുമായി, ശരണമന്ത്രങ്ങളുമായി മുന്നോട്ടുപോകട്ടെ, നാടിന്റെ സമാധാനത്തിനുവേണ്ടിയല്ലേ. ഒ. കെ. വാസു എന്ന ഒരു വ്യക്തിക്കുവേണ്ടി കൊണ്ടുവന്ന ഈ നിയമം..., അദ്ദേഹംതന്നെ നടത്തിയിരിക്കുന്ന ഒരു പ്രസ്താവന എന്റെ കയ്യിലുണ്ട്. മലബാർ ദേവസ്വം നിയമം ഭേദഗതി ചെയ്യാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. അതോടെ എല്ലാ പ്രയാസങ്ങളും മാറുമെന്നാണ് പറഞ്ഞിരിക്കുന്നത്. ആരുടെ പ്രയാസങ്ങളാണ് മാറുന്നത്; ജീവനക്കാരുടെ പ്രയാസമാണോ; അതോ അന്തർധാരയുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ മാറുന്നതാണോ; ഒ. കെ. വാസുവെന്ന വ്യക്തിയുടെ വ്യക്തിപരമായിട്ടുള്ള പ്രയാസങ്ങളാണോ മാറുന്നത്. ഏതായാലും മലബാർ ദേവസ്വവുമായി ബന്ധപ്പെട്ട് അവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെ ജീവിതംതന്നെ വളരെ ദുഃസ്സഹമായിരിക്കുന്ന റിപ്പോർട്ടുകളാണ് വന്നിട്ടുള്ളത്. അതിന് പരിഹാരം കാണാതെ ഇത്തരത്തിലുള്ള ഒരു ഭേദഗതിയുമായി മുന്നോട്ടുപോകുന്നത് ശരിയല്ല. അതുകൊണ്ട് ശക്തമായി ഞാൻ ഈ ഭേദഗതിയെ നിരാകരിക്കുകയാണ്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ ഈ ബില്ലിനേയും ഭേദഗതിയേയും നിരാകരിക്കുകയാണ്. മലബാർ ദേവസ്വത്തിനുവേണ്ടി ഒരു സമഗ്ര നിയമം തയ്യാറാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് തീരുമാനിക്കുകയും അഡ്വ. ഗോപാലകൃഷ്ണൻ ചെയർമാനായിട്ടുള്ള മൂന്നംഗ സമിതിയെ നിയോഗിക്കുകയും ചെയ്തിരുന്നു. ആ സമിതിയുടെ റിപ്പോർട്ടിനെക്കുറിച്ച് ആദരണീയനായ ദേവസ്വം വകുപ്പുമന്ത്രിയോട് പലപ്പോഴായി ഞാൻ ചോദിച്ചിട്ടുണ്ട്. അപ്പോൾ അദ്ദേഹം പറഞ്ഞിട്ടുള്ളത് ആ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ട് എന്നാണ്. 2017-ലാണ് സമർപ്പിക്കപ്പെട്ടത്. വെറും എട്ട് മാസംകൊണ്ട് ആ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് നിയമ പരിഷ്കാര വകുപ്പിന്റെ പരിഗണനയിലാണ്, അത് വന്നയുടനെ പാസ്സാക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അത് ശരിയായിരിക്കും, ഞാൻ അദ്ദേഹത്തെ ആക്ഷേപിക്കുകയല്ല. പക്ഷെ രണ്ട് വർഷം മുമ്പ് സമർപ്പിക്കപ്പെട്ട മലബാർ ദേവസ്വം ബില്ലിനെക്കുറിച്ചുള്ള റിപ്പോർട്ട് എന്തിനാണ് ഇത്ര സുദീർഘമായ കാലഘട്ടം നിയമപരിഷ്കാര വകുപ്പ്

പരിശോധിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. മാത്രമല്ല ഇങ്ങനെയൊരു സമിതിയെ വയ്ക്കാനും ദേവസ്വം നിയമം ഉണ്ടാക്കാനും കാരണമായത്, " Honourable Kerala High Court had ordered the State Government to form the Malabar Devaswom Board and ensure that the temple employees of the region got an equal pay for the same work they did as their counter parts in temples under Travancore and Cochin Devaswom Boards'. അവിടെ ലഭ്യമാകുന്നതുപോലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഇവിടെയും ഒരു നിയമം ഉണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതികൂടി പറഞ്ഞതിനെത്തുടർന്നാണ് ഇങ്ങനെയൊക്കെ വന്നത്.

കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള മലബാർ പ്രദേശത്ത് ആയിരത്തി അറുന്നൂറിലേറെ വലിയ ക്ഷേത്രങ്ങളും എണ്ണൂറോളം ചെറിയ ക്ഷേത്രങ്ങളുമുണ്ട്. ആ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ മാത്രം പ്രശ്നമല്ല, ക്ഷേത്രങ്ങളുടെ ഭരണത്തിൽ ട്രസ്റ്റികളുണ്ട്, ഊരാളൻമാരുണ്ട്. ട്രസ്റ്റികളും ഊരാളൻമാരും ജീവനക്കാരും തമ്മിൽ ആരോഗ്യകരമായ ബന്ധവും സമന്വയവും ആവശ്യമാണ്. അസംതൃപ്തമായ സാഹചര്യം ക്ഷേത്രങ്ങളിലുണ്ടാകാൻ പാടില്ല. അനേകലക്ഷം ഭക്തൻമാരുടേയും വിശ്വാസികളുടേയും ഏറ്റവും സുപ്രധാനമായ കേന്ദ്രങ്ങളാണ് ക്ഷേത്രങ്ങൾ. ക്ഷേത്രങ്ങളിൽനിന്നും ചർച്ചുകളിൽനിന്നും പള്ളികളിൽനിന്നുമാണ് പോസിറ്റീവ് എനർജി അന്തരീക്ഷത്തിൽ വരുന്നത്. അവിടെ ഉച്ചരിക്കപ്പെടുന്ന മന്ത്രങ്ങളുടേയും അവിടെ ഓതുന്ന ഖുർ-ആൻ-ന്റേയും അവിടെ വായിക്കുന്ന ബൈബിളിന്റേയും ആളുകളുടെ മനോഭാവത്തിന്റേയും ഒക്കെ അനന്തരഫലമായി അന്തരീക്ഷത്തിൽ പോസിറ്റീവ് എനർജി ഇംപാർട്ട് ചെയ്യുന്ന പ്രധാനപ്പെട്ടൊരു കേന്ദ്രമാണ് ക്ഷേത്രം. ശാസ്ത്രീയമായി തെളിയിച്ചാലും ഇല്ലെങ്കിലും അതൊരു സത്യസന്ധമായ കാര്യമാണ്. നമ്മൾ സെക്രട്ടേറിയറ്റിന്റെ മുന്നിൽ നടത്തുന്ന പ്രക്ഷോഭങ്ങളും സമരങ്ങളും മുദ്രാവാക്യങ്ങളും കത്തിക്കുത്തും അടിയും അക്രമങ്ങളും ബാഹുബലി പോലെയുള്ള സിനിമയും മത്സ്യമാർക്കറ്റുമൊക്കെ ഇംപാർട്ട് ചെയ്യുന്നത് നെഗറ്റീവ് എനർജിയാണ്. എന്നാൽ അതിനെയെല്ലാം കവർ ചെയ്യുന്ന പോസിറ്റീവ് എനർജി അന്തരീക്ഷത്തിൽ നിലനിൽക്കുന്നത് ഈ ക്ഷേത്രങ്ങളുടെയും പുണ്യമായി കണക്കാക്കപ്പെടുന്ന സ്ഥലങ്ങളിൽ നടക്കുന്ന മന്ത്രോച്ചാരണങ്ങളുടെയും പ്രവൃത്തികളുടെയും അനന്തരഫലമായിട്ടാണ്. അത്രയും പ്രാധാന്യമുള്ള സ്ഥലമാണിതെന്നുള്ളത് ഒരു നിയമത്തിലും ചേർക്കാൻ സാധിക്കാത്ത സത്യസന്ധമായ കാര്യമാണ്. ഗോപാലകൃഷ്ണൻ സമിതി ചില ശിപാർശകൾ മുന്നോട്ടുവച്ചിട്ടുണ്ട്. എല്ലാ ശിപാർശകളും എന്റെ പക്കലില്ല. ചില

ശിപാർശകളിലെ സുപ്രധാനമായ കാര്യങ്ങളിലൊന്ന് " 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിൽ ക്ഷേത്ര ഭരണം പാരമ്പര്യ ട്രസ്റ്റിമാരിൽ നിക്ഷിപ്തമായിക്കൊണ്ടുള്ള വ്യവസ്ഥ നിലവിലില്ലാത്തതിനാൽ പാരമ്പര്യേതര ട്രസ്റ്റിമാർ ഉൾപ്പെടെയുള്ള ട്രസ്റ്റിമാരിലാണ് നിക്ഷിപ്തമായിരിക്കുന്നത്" എന്നു തുടങ്ങി കുറേ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഞാൻ മുഴുവനും വായിക്കുന്നില്ല. ഈ സാഹചര്യത്തിൽ "ക്ഷേത്ര ഭരണം ബോർഡിൽ നിക്ഷിപ്തമാക്കിക്കൊണ്ട് നിയമത്തിൽ വ്യവസ്ഥ ചെയ്ത് എല്ലാ ക്ഷേത്രങ്ങളിലേയും വരുമാനം സഞ്ചിതനിധിയിലേയ്ക്ക് കൊണ്ടുവന്ന് ക്ഷേത്രങ്ങളിൽനിന്ന് ബോർഡിലേയ്ക്ക് അയയ്ക്കുന്ന ബഡ്ജറ്റ് അനുസരിച്ച് ഭരണ നിർവ്വഹണത്തിനാവശ്യമായ ഫണ്ട് ബോർഡിൽനിന്നും ക്ഷേത്രങ്ങളിലേയ്ക്ക് നൽകി ഭരണം നടത്താവുന്ന നിലയിൽ നിയമവ്യവസ്ഥ പരിഷ്കരിക്കാവുന്നതാണ്" എന്ന് അദ്ദേഹം ശിപാർശ ചെയ്തിട്ടുണ്ട്. അതുപോലെതന്നെ നടത്തിപ്പിനുള്ള ചുമതല ഏൽപ്പിക്കുന്ന പ്രകാരം ബോർഡ് നിർവ്വഹിക്കുവാൻ വ്യവസ്ഥ ചെയ്യാവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. എക്സിക്യൂട്ടീവ് ഓഫീസർമാരുടെ തസ്തികകൾ വയ്ക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ക്ഷേത്രങ്ങളെ പൂജാ സമയത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിക്കുവാനും അതിന് ഗ്രേഡ് നിശ്ചയിക്കുവാനും പറഞ്ഞിട്ടുണ്ട്. കമ്മീഷണർമാർ, അസിസ്റ്റന്റ് കമ്മീഷണർമാർ, ഗ്രൂപ്പ്/ഗ്രേഡ് ഓഫീസർമാർ എന്നിവരെ വച്ച് ഭരണം നല്ല രീതിയിൽ നടത്തുവാനുള്ള നിർദ്ദേശങ്ങളുമുണ്ട്. ദേവസ്വത്തിന്റെ അന്യാധീനപ്പെട്ട ഭൂസ്വത്തുക്കളിൽനിന്നുള്ള വരുമാനം ഈ ഫണ്ടിലേയ്ക്ക് പൂൾ ചെയ്യണമെന്നും അങ്ങനെ ക്ഷേത്ര ഭരണത്തെ സഹായിക്കാൻ പണം ഉണ്ടാക്കണമെന്നുമുള്ള നല്ല നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ക്ഷേത്രഭരണത്തിനായി രൂപീകരിക്കുന്ന മലബാർ ഹിന്ദുമത ധർമ്മ സ്ഥാപന ബോർഡ് എന്ന് ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും ബിൽ വരുമ്പോൾ നമുക്ക് ഭേദഗതി ചെയ്യാവുന്നതാണ്. പ്രസ്തുത മലബാർ ദേവസ്വം ബോർഡിന്റെ ഭരണസമിതിയിലുള്ള അംഗങ്ങളുടെ കാലാവധി 4 വർഷമാക്കാൻ ഗോപാലകൃഷ്ണൻ കമ്മിറ്റിയുടെ ശിപാർശയിലുണ്ട്. ഈ ബിൽ കൊണ്ടു വന്നിരിക്കുന്നത് രണ്ട് വർഷമായി ഡയറക്ടർ ബോർഡിലുള്ള അംഗങ്ങൾക്ക് കോൺസിക്യൂട്ടീവായി ഒരു തവണകൂടി അവസരം കൊടുക്കുവാൻവേണ്ടി മാത്രമാണ്. How much we worried about that? ഡയറക്ടർ ബോർഡിലുള്ള മെമ്പർമാർക്ക് ഒരിക്കൽക്കൂടി അവസരം കൊടുക്കാൻ എന്താണ് മാർഗ്ഗമെന്നാണ് 140 പേർ ചേർന്ന് രണ്ട് ദിവസമായി ആലോചിക്കുന്ന പ്രധാനപ്പെട്ട കാര്യം. ആദരണീയനായ മന്ത്രിക്ക് ഈ കാര്യങ്ങളിലൊക്കെ നല്ല അറിവുള്ളതാണ്. ജീവനക്കാരുടെ പ്രശ്നം, ട്രസ്റ്റികളുടെ പ്രശ്നം, സംഘർഷങ്ങളുടെ പ്രശ്നം, കണക്ക് കൊടുക്കാത്ത പ്രശ്നം, ശമ്പളം

കുടിശ്ശികയായ പ്രശ്നം, പട്ടിണി കിടക്കുന്ന പ്രശ്നം, വേറൊരു ജോലിക്കും പോകാൻ സാധിക്കാത്ത പ്രശ്നം ഇത്തരത്തിൽ അനേകം കാര്യങ്ങളുണ്ട്. അതുപോലെ വളരെ സേഫ് ആൻഡ് സെക്യൂർ ആയിട്ട് ഭക്തൻമാർക്ക് വന്നുപോകാൻ സാധിക്കുന്ന അചാരാനുഷ്ഠാനങ്ങൾ നന്നായി നിലനിൽക്കുന്ന വളരെ നല്ല ക്ഷേത്രങ്ങളായി ഇവയെ മാറ്റാനുള്ള ശിപാർശകളാണ് നമ്മൾ ചെയ്യേണ്ടത്. അതിനുവേണ്ടിയുള്ള സമഗ്രമായൊരു ബിൽ കൊണ്ടുവരുന്നതിന് പകരം ഇതിൽനിന്ന് ആവശ്യമുള്ള ഒറ്റക്കാര്യം നമ്മൾ എടുത്തിരിക്കുകയാണ്. രണ്ട് വർഷത്തെ അവസരം നാല് വർഷമാക്കിക്കൊടുക്കുക. രണ്ടാമതൊരു ടേം കൂടി ഇരിക്കുവാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുക. എത്ര നിസ്സാരമായിട്ടുള്ളൊരു കാര്യമാണത്. അതിനേക്കാൾ സുപ്രധാനമായ കാര്യങ്ങളൊക്കെ വഴിയിലിട്ടിട്ട് ഇങ്ങനെയൊരു ബിൽ ആവശ്യമില്ല. കോൺസിക്യൂട്ടീവായി രണ്ട് ടേം ഇരിക്കാൻ സാധിക്കുമെന്നുള്ളതിന് അനുവാദം നൽകാനായി ഒരു ബിൽ ആവശ്യമില്ല. സമഗ്ര നിയമത്തിൽ വരാൻ പോകുന്നത് 4 വർഷമാണ്. ഇതെല്ലാം മനസ്സിലാക്കി ബോർഡ് അംഗങ്ങളുടെ കാലാവധി നീട്ടിക്കൊടുക്കുന്നതിനുവേണ്ടി മാത്രം കൊണ്ടുവന്ന ഈ ബില്ലിനെ ഞാൻ നിരാകരിക്കുകയാണ്. അതിൽ ഒരുപാട് വിഷയങ്ങളുണ്ട്. വിശ്വാസികളും ജീവനക്കാരും ട്രസ്റ്റികളും ഊരാളൻമാരും തുടങ്ങി ക്ഷേത്രവുമായി ബന്ധപ്പെട്ട മറ്റുള്ളവർക്ക് ഗുണം ചെയ്യുന്ന വിധത്തിലുള്ള ശിപാർശകളാണ് നമ്മൾ നീട്ടിക്കൊണ്ടു പോയിരിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ ഇതിനു മുൻപ് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം ഈ സഭയിൽ ആ നിയമം കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നു. ശിപാർശ ചെയ്യപ്പെട്ട മലബാർ ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിൽ ക്ഷേത്രത്തിനൊരു സഞ്ചിതനിധി രൂപീകരിക്കുവാനും ബഡ്ജറ്റ് അനുസരിച്ച് ഭരണനിർവ്വഹണത്തിന് പണം കൊടുക്കാനുമുള്ള ശിപാർശകൾ വന്നിട്ടുണ്ട്. ആചാരാനുഷ്ഠാനങ്ങളുടെ സംരക്ഷണം പരമ പ്രധാനമാണ്. അതിനാലാണ് ക്ഷേത്ര ഭരണത്തിന് ഹിന്ദുമത വിശ്വാസികളുടെ ബോർഡ് രൂപീകരിക്കുന്നത്. ക്ഷേത്ര കാര്യങ്ങളിൽ വിശ്വസിക്കുന്നവരും ഹിന്ദു മതത്തിൽ വിശ്വസിക്കുന്നവരുമായ ആളുകളെയാണ് ബോർഡിൽ എടുക്കുന്നത്. വ്യവസ്ഥയില്ലെങ്കിലും മന്ത്രിയും അങ്ങനെയായിരിക്കണം എന്നാണ് ഞാൻ കരുതുന്നത്. എങ്കിൽ മാത്രമെ ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. മൂന്ന് തവണ പൂജ നടക്കുന്ന ക്ഷേത്രങ്ങൾ ഒരു വിഭാഗം, രണ്ട് തവണ പൂജ നടക്കുന്ന ക്ഷേത്രങ്ങൾ മറ്റൊരു വിഭാഗം, ഒരു തവണ പൂജ നടക്കുന്ന ക്ഷേത്രങ്ങൾ വേറൊരു വിഭാഗം എന്നെല്ലാം കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. നല്ല രീതിയിൽ ഈ ബിൽ അടിയന്തരമായി

കൊണ്ടുവരേണ്ടത് അത്യന്താപേക്ഷിതമാണ്. അതിനുള്ള സമഗ്രമായിട്ടുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. അക്കാര്യം നമ്മൾ വിസ്മരിക്കാൻ പാടില്ല. മന്ത്രിയുൾപ്പെടെ ഈ കാര്യങ്ങളിൽ സിൻസിയറായ അപ്രോച്ച്...

ശ്രീ. വി. എസ്. ശിവകുമാർ: സർ, അദ്ദേഹം പറഞ്ഞത് ശരിയാണ്. ഒരു ചെറിയ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നത്. ഇപ്പോൾത്തന്നെ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള നാനൂറോളം ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ഈ മാസം ശമ്പളം കിട്ടിയിട്ടില്ല. ദേവസ്വത്തിലെ പഴയ നിയമമനുസരിച്ച് ഒരു ക്ഷേത്രത്തിലുള്ള വരുമാനത്തിന്റെ 50 ശതമാനമാണ് ക്ഷേത്ര ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. 50 ശതമാനം സംസ്ഥാന ഗ്രാന്റാണ്. അങ്ങനെ തീരുമാനിച്ചാൽപ്പോലും ഒരു ക്ഷേത്രത്തിലുള്ള 20 ശതമാനം ആളുകൾക്ക് മാത്രമെ ശമ്പളം നൽകുവാൻ സാധിക്കുന്നുള്ളൂവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരാളിന് സമയം നീട്ടിക്കൊടുക്കുന്നതിനുപരിയായി സമഗ്രമായ ഒരു മലബാർ ദേവസ്വം ബിൽ അവതരിപ്പിക്കുവാനും ക്ഷേത്രങ്ങളും ക്ഷേത്ര ജീവനക്കാരും അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങൾ അവസാനിപ്പിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതല്ലേ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ശ്രീ. വി. എസ്. ശിവകുമാറിന്റെ നിർദ്ദേശം സ്വീകാര്യമായിട്ടുള്ള കാര്യമാണ്. ഞാൻ പറയുന്നത്, ഈ വിഷയത്തിൽ, കാലാവധി നീട്ടിക്കൊടുക്കാനുള്ള ബില്ലിനേക്കാൾ സമഗ്രമായ നിയമം വേഗം കൊണ്ടുവരുകയാണ് ചെയ്യേണ്ടത്. ഇതിനുമുൻപ് ഇതുപോലെയുള്ള ഒരു ബിൽ വന്നപ്പോൾ ഞാൻ ആ ബില്ലിനെ സംബന്ധിച്ചുള്ള ചർച്ചയിൽ പങ്കെടുത്ത് ഇന്ത്യയിലെ ക്ഷേത്രങ്ങളേയും വിശ്വാസികളേയും കുറിച്ചൊക്കെ സംസാരിച്ചത് ഈ സഭ ഓർക്കുന്നുണ്ടാകും. പക്ഷെ അന്നും ബില്ലിൽ ഉണ്ടായിരുന്നത് ഒരു കമ്മീഷണറെ നിയമിക്കുകയെന്നുള്ള ഒരു ചെറിയ കാര്യമാണ്. ഇഷ്ടമുള്ളൊരാളെ കമ്മീഷണറായി വയ്ക്കുവാൻവേണ്ടി ഒരു ബിൽ കൊണ്ടുവന്ന് നമ്മൾ വലിയ ഡിസ്കഷൻ നടത്തി. ഇപ്പോൾ രണ്ടാമതും വന്നത് സമഗ്ര ബില്ലല്ല, മറിച്ച് കാലാവധി നീട്ടിക്കൊടുക്കുന്ന ബില്ലാണ്. ആ ഒരു തരത്തിൽനിന്ന് മാറി ചിന്തിക്കുവാൻ തയ്യാറാകണം. ബഹുമാനപ്പെട്ട മന്ത്രിക്ക് വിശ്വാസപരമായ കാര്യങ്ങളിൽ കുറച്ചുകൂടി... ഇപ്പോൾ അടുത്തകാലത്തായി പാർട്ടി അങ്ങനെ തീരുമാനിച്ചിട്ടുണ്ടല്ലോ. ശബരിമലയിൽ സംഭവിച്ച വീഴ്ചകൾ ജനങ്ങളെ ബോധ്യപ്പെടുത്താനും ഞങ്ങൾ വിശ്വാസികളാണെന്ന് തെളിയിക്കാനും കാസർഗോഡ് ഒരു വിശ്വാസിയെ സ്ഥാനാർത്ഥിയാക്കി നിർത്താനുമൊക്കെ ശ്രമിച്ചിട്ടുണ്ടല്ലോ. ഗുരുവായൂർ ദേവസ്വം ബോർഡിന്റെ ചെയർമാൻമാരായിട്ടുള്ള

ഇടതുപക്ഷക്കാരായിട്ടുള്ള ആളുകൾപോലും നല്ല വിശ്വാസികളാണ്. ബഹുമാനപ്പെട്ട മന്ത്രിയൊക്കെ ബ്രാഹ്മ മുഹൂർത്തത്തിൽ എഴുന്നേറ്റ് ഗായത്രി മന്ത്രമെല്ലാം ആയിരത്തിയൊന്ന് തവണ ജപിച്ചിട്ടുവന്നാൽ അതിന്റെ ഒരു സുഖമുണ്ടാകും;

ഓം ഭൂർഭുവ: സ്വ:।

തത് സവിതുർവരേണ്യം।

ഭർഗോ ദേവസ്യ ധീമഹി।

ധിയോ യോ ന: പ്രചോദയാത്॥

എന്ന് രാവിലെ ബഹുമാനപ്പെട്ട മന്ത്രി നൂറ് തവണ ജപിച്ചിട്ട് വന്നുനോക്കൂ, മന്ത്രിസഭയിലുള്ള നിലനിൽപ്പും സുരക്ഷിതമാകും, പൊതുവെ നാടും നന്നാകും, ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ ഇതിനോടൊരു അപ്രോച്ചും ഉണ്ടാകും. ഒരു പോസിറ്റീവ് എനർജിയുണ്ടാകും. അതില്ലാത്തതുകൊണ്ടാണ്. ക്ഷേത്രങ്ങളിലൊക്കെ ഇതുപോലല്ല, പോസിറ്റീവ് എനർജി (മന്ത്രോച്ചാരണങ്ങൾ) അവിടെത്തന്നെ സർക്കുലേറ്റ് ചെയ്യുന്നതിനുവേണ്ടി ഗോപുരങ്ങളെല്ലാം വൃത്താകൃതിയിലാണ് നിർമ്മിച്ചിട്ടുള്ളത്. പോസിറ്റീവ് എനർജി പുറത്തുപോകാതിരിക്കാൻ വേണ്ടിയാണത്. അതൊന്നും ഇല്ലെന്ന് പറയുവാൻ സാധിക്കില്ല. ഒരു പള്ളിയിലോ ക്ഷേത്രത്തിലോ ചർച്ചിലോ കടന്നാൽ അവിടെ നിങ്ങൾക്ക് ഒരു കുളിരനുഭവപ്പെടും. ഞാൻ മുമ്പ് തിരുപ്പതിയിലെ ഒരു ക്ഷേത്രത്തിൽ പോയപ്പോൾ പൂജയെല്ലാം കഴിഞ്ഞ് പൂജാരി എന്റെ തലയിൽ ഒരു കിരീടംപോലെ എന്തോ വച്ചുതന്നു. ആ കിരീടത്തിന്റെ കുളിര് ഇപ്പോഴും എന്റെ തലയിൽ അനുഭവപ്പെടുന്നുണ്ട്. What is the importance of that? Something is there. വിശ്വാസമുള്ള ആളുകൾക്ക് പലതുമുണ്ട്. എത്രകാലമായി രാഷ്ട്രീയകക്ഷികൾ പലതും പ്രവർത്തിക്കുന്നു. രാഷ്ട്രീയ പാർട്ടികൾ വരുന്നു, പോകുന്നു എന്നല്ലാതെ വിശ്വാസികളുടെ അംഗസംഖ്യ കൂടിവരികയാണ്. അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പിന്നെ മതസൗഹാർദ്ദം. ദേവസ്വം ബോർഡിന്റെ ബിൽ വന്നപ്പോൾ നിരാകരണ പ്രമേയമുള്ളതുകൊണ്ട് fortunately സംസാരിക്കാനുള്ള അവസരം എനിക്കും ശ്രീമതി ഷാനിമോൾ ഉസ്മാനും ശ്രീ. ടി. എ. അഹമ്മദ് കബീറിനും ലഭിച്ചു. ഞങ്ങൾ സംസാരിക്കുന്നത് ഞങ്ങളുടെ ഒരു സഹോദര മതത്തിന്റെ സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും സംരക്ഷണത്തിനുവേണ്ടിയാണ്. That is what is India. നമ്മൾ അങ്ങനെയാണ് സംസാരിക്കേണ്ടത്. അവർക്കുവേണ്ടി ആത്മാർത്ഥമായി വാദിക്കേണ്ടത് ഞങ്ങളുടെ ചുമതലയാണ്, because we are Indians. എത്രയോ വർഷങ്ങളായി ഭാരതത്തിനുവേണ്ടി, സനാതന

ധർമ്മത്തിനുവേണ്ടി അതൊരു നിയോഗംപോലെ ഞങ്ങളിൽ വന്നു ചേരുകയാണ്. അത് നമ്മൾ നന്നായി ചെയ്യണം, യാതൊരു വിട്ടുവീഴ്ചയും ചെയ്യാൻ പാടില്ല. അതുകൊണ്ടാണ് ഈ വിഷയത്തിൽ ഞങ്ങൾ ശക്തമായി വാദിക്കുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, കഴിഞ്ഞ നബിദിന ഘോഷയാത്ര പോകുമ്പോൾ ചില ക്ഷേത്രങ്ങളിൽനിന്ന് ക്ഷേത്ര കമ്മിറ്റി ഭാരവാഹികൾ ഇറങ്ങി നബിദിന ഘോഷയാത്രയെ സ്വീകരിച്ച് സന്തോഷം പങ്കുവച്ച് മതസൗഹാർദ്ദത്തിന്റെ സന്ദേശം നൽകിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, അങ്ങനെയുള്ള സംഗതികൾ ഇന്ത്യയിൽ പല സ്ഥലത്തുമുണ്ട്. പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും വരുന്നത് മാത്രമല്ല. ഹിന്ദു മതത്തിൽപ്പെട്ട വിജേഷ് എന്ന ചെറുപ്പക്കാരന് മസ്തിഷ്ക മരണം സംഭവിച്ചപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം ദാനം നൽകാൻ രക്ഷിതാക്കളും ഭാര്യയും തീരുമാനിച്ചു. ഹൃദയം ആവശ്യമുണ്ടായിരുന്നത് ഷംസുദ്ദീൻ എന്ന വ്യക്തിക്കാണ്. വിജേഷിന്റെ ഹൃദയം, it has been transplanted inside the thoracic cavity of Shri. Shamsudheen. ശ്രീ. ഷംസുദ്ദീന്റെ thoracic cavity-യിലാണ് വിജേഷിന്റെ ഹൃദയം വച്ചുപിടിപ്പിച്ചത്. അതുകൊണ്ട് ശ്രീ. ഷംസുദ്ദീൻ അടുത്ത ദിവസം മുതൽ അമ്പലത്തിൽ പോകാൻ തുടങ്ങിയിട്ടില്ല. അസുഖം മാറി പള്ളിയിൽ നിൽക്കുമ്പോൾ പള്ളിയിലെ ആരാധനകളുമായി ബന്ധപ്പെട്ട ഖുർ ആനിലെ വചനങ്ങളെല്ലാം വരുമ്പോൾ 'ഓം... ഓം...ഓം...' എന്നുപറഞ്ഞല്ല ആ വ്യക്തിയുടെ ഹൃദയമിടിച്ചുകൊണ്ടിരുന്നത്. സാധാരണ ഹൃദയമിടിപ്പുപോലെയാണ് ആ വ്യക്തിയുടെ ഹൃദയവും മിടിച്ചുകൊണ്ടിരുന്നത്. ആശുപത്രികളിൽ പോയി നോക്കിയാൽ $A^{+ve}$, $A^{-ve}$, $O^{-ve}$ രക്തം വേണമെന്നല്ലാതെ ഇതുവരെ ഒരു ചക്കാല നായരുടെയോ, സുന്നി മുസൽമാന്റെയോ രക്തം വേണമെന്നുള്ള ഏതെങ്കിലുമൊരറിയിപ്പ് കണ്ടിട്ടുണ്ടോ? ആശുപത്രികളിൽ മതമുണ്ടോ; ഡോക്ടർമാർ, വക്കീലന്മാർ എന്നിവർ ജാതിയും മതവും നോക്കാറുണ്ടോ? നമ്മളെല്ലാവരും ഒരുപോലുള്ള ആഹാരം കഴിക്കുന്നു, ഒരേ വസ്ത്രം ധരിക്കുന്നു, പരസ്പരം സഹായിക്കാതെ ഹിന്ദുവിനും മുസൽമാനുമൊന്നും കഴിഞ്ഞുകൂടുവാൻ സാധിക്കുകയില്ല. ഇപ്പോൾ ആരാധനാലയങ്ങളുടെ വിഷയങ്ങളിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ബാബറി മസ്ജിദ് സംബന്ധിച്ച് അന്തിമ വിധി പുറപ്പെടുവിച്ചു. ആ ഒരു വിധി നിലനിൽക്കെയാണ് ഞങ്ങളൊക്കെ ഈ ക്ഷേത്രങ്ങൾക്കുവേണ്ടി വാദിക്കുന്നത്. അതാണ് ഞാൻ പറഞ്ഞത്, That must be taken into consideration. അതാണ് മനുഷ്യബന്ധങ്ങളെന്ന് പറയുന്നത്. ആ ഒരു സൗഹാർദ്ദം നിലനിൽക്കണ്ടേ. ഇസ്ലാമിക് കൺസപ്റ്റനുസരിച്ച് ദൈവം ഒന്ന് എന്നാണ്. 'തൗഹീദ് ഏക ഇലാഹ്'. ഒരേ ദൈവം. ആ ദൈവം സൃഷ്ടിക്കുകയും പരിപാലിക്കുകയും മരിപ്പിക്കുകയും പുനർജ്ജീവിപ്പിക്കുകയും ചെയ്യുന്നു. ഒരേയൊരു

ദൈവം, ബാക്കി ഡീറ്റെയിൽസെല്ലാം അനുബന്ധങ്ങളാണ്. ഹൈന്ദവ അല്ലെങ്കിൽ ഭാരതീയ സംസ്കാരമനുസരിച്ചും സാനാതന ധർമ്മമനുസരിച്ചും ഒരു ദൈവമേയുള്ളൂ. 'ഏകംഏവ ഏകംഏവ' എന്ന് വേദങ്ങളിൽ തുടർച്ചയായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. രണ്ടില്ലാത്തവിധവും മൂന്നില്ലാത്തവിധവും നാലില്ലാത്തവിധവും ഒന്നാണ്. അങ്ങനെ പത്ത് വരെ പറഞ്ഞിട്ടുണ്ട്. പത്തില്ലാത്തവിധം ഒന്നാണ്. ഒരേ ദൈവമാണ്. ഓരോ ക്ഷേത്രങ്ങളും ആരാധനാലയങ്ങളും മുപ്പത്തിമുക്കോടി ദൈവങ്ങളുമെന്നെല്ലാം പറയുന്നത് അതിന്റെ വ്യത്യസ്തമായ ഭാവങ്ങൾ മാത്രമാണ്. എല്ലാം ഒരു ദൈവം മാത്രമാണ്. 'ഏകം സത് വിപ്രാ ബഹുധാ വദന്തി' - സത്യം ഒന്ന് മാത്രമാണ്. ഏതൊന്നിൽനിന്നാണോ ജീവജാലങ്ങളെല്ലാം പിറന്നത്, പിറന്നതുകൊണ്ട് അവയെല്ലാം ഏതൊന്നിലാണോ പുലരുന്നത് പിന്നീട് അവയെല്ലാം ഏതൊന്നിലാണോ വിലയം പ്രാപിക്കുന്നത് അതാണ് ബ്രഹ്മം എന്നാണ് തൈത്തരീയ ഉപനിഷത്ത് പറഞ്ഞത്. ഞാൻ നേരത്തെ ഇസ്ലാമെന്ന് പറഞ്ഞതും ഇതുമായിട്ടെന്താണ് വ്യത്യാസം? ഇസ്ലാമിക കൺസപ്റ്റ് ഏക ദൈവത്തെക്കുറിച്ച് പറഞ്ഞതും ഇതുമായിട്ടെന്താണ് വ്യത്യാസം. 'ദൈവം വെളിച്ചമാകുന്നു, അവനിൽ ഇരുട്ട് ഒട്ടുമില്ല' എന്നാണ് ബൈബിളിന്റെ പഴയ നിയമത്തിൽ പറയുന്നത്. 'അള്ളാഹു നൂറുസ്സമാവാത്തി വൽ അർള്' എന്നാണ് ഖുർ ആൻ പറയുന്നത്. 24-ാമത്തെ അദ്ധ്യായത്തിൽ 35-ാമത്തെ വചനം. 'ദൈവം വെളിച്ചമാകുന്നു അവനിൽ ഇരുട്ട് ഒട്ടുമില്ല' എന്ന് ബൈബിൾ പറയുമ്പോൾ 'അള്ളാഹു ഭൂമിയുടേയും വാനലോകങ്ങളുടേയും പ്രകാശമാകുന്നു' എന്ന് പറയുന്നു. 'ഓം' എന്ന് പറയുന്ന 'ആ' 'ഉ', 'മ' ചേർന്ന ഓംകാരനാദം ഞങ്ങൾ 'ആമീൻ' എന്ന് പറയുന്നു, ക്രൈസ്തവർ 'ആമേൻ' എന്ന് പറയുന്നു. 'അൽഹംദുലില്ലാഹ്'- എല്ലാ സ്തുതികളും ദൈവത്തിനാണ് എന്ന് ഞങ്ങൾ പറയുന്നു. 'ഹലേലൂയ, ഹലേലൂയ' എന്ന് ക്രൈസ്തവർ പറയുന്നു. എവിടെയാണ് വ്യത്യാസം. മതങ്ങൾ തമ്മിൽ ഇവിടെ കലഹമില്ല. അതുണ്ടാക്കി രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ ശ്രമിക്കുന്നവരെ ഒറ്റപ്പെടുത്തുകയാണ് നമ്മളെല്ലാവരും കൂടി ചെയ്യേണ്ടത്. അവിടെ ഇടതുപക്ഷമെന്നോ ഐക്യജനാധിപത്യമുന്നണിയെന്നോ വ്യത്യാസമുണ്ടാകാൻ പാടില്ല. വാസ്തവത്തിൽ നമ്മൾ ഒരുമിച്ചുനിന്ന് അതിനെ നേരിടുകയാണ് വേണ്ടത്. എല്ലാ മതങ്ങളും പറഞ്ഞിട്ടുള്ളത് ഒന്നാണ്. അല്ലാതെ മതങ്ങൾ എവിടെയും കലഹിക്കുന്നില്ല. ഹിന്ദുക്കളുടെ ഇടയിലും മുസ്ലീംങ്ങളുടെ ഇടയിലും തമ്മിൽ തമ്മിൽ പല തർക്കങ്ങളുമുണ്ടാകും. ക്രൈസ്തവരുടെ ഇടയിൽ യാക്കോബായും ഓർത്തഡോക്സും നടുറോഡിൽ കുർബാനയൊക്കെ നടത്തുന്നുണ്ട്. യേശുക്രിസ്തു അവസാനം കുരിശ്ശിൽക്കിടന്ന് പറഞ്ഞതെന്താണ്; 'ഞാൻ നിങ്ങൾക്ക് ഒരു കൽപ്പന നൽകിയിട്ട് പോകുന്നു, നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ' അതവർക്ക് നടത്താൻ കഴിയുന്നുണ്ടോ? അതുതന്നെയാണ് പ്രവാചകനായ മുഹമ്മദ് നബിയും എല്ലാവരും പറഞ്ഞത്. എല്ലാ വിശ്വാസ പ്രമാണങ്ങളും

അടിസ്ഥാനപരമായി ഒന്നാണ്. മുസ്ലീങ്ങളും ഹിന്ദുക്കളും തമ്മിൽ എവിടെയാണ് അടിയുള്ളത്. അയോദ്ധ്യയിൽപ്പോലുമില്ല. സംഘട്ടനമുണ്ടോ? 1992-ൽ ബാബറി മസ്ജിദ് പൊളിക്കൽ നടന്നിട്ട് അതിനെ മറികടന്നില്ലേ നമ്മൾ; കലഹങ്ങളുണ്ടായോ; കലഹങ്ങളില്ലാതിരിക്കാൻ ഞങ്ങളാൽ ആകുന്ന രീതിയിൽ ചെയ്തില്ലേ? ഹിന്ദുക്കൾ തമ്മിലും മുസ്ലീങ്ങൾ തമ്മിലും ക്രിസ്ത്യാനികൾ തമ്മിലും ലഹളകളും തർക്കങ്ങളുമുണ്ട്. പക്ഷെ ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ ഒരു ലഹളയും വഴക്കുമില്ല. ഹിന്ദുക്കൾക്ക് മുസ്ലീമില്ലാതെയും മുസ്ലീങ്ങൾക്ക് ഹിന്ദുക്കളില്ലാതെയും ജീവിക്കാൻ സാധിക്കില്ല. അതുകൊണ്ട് give respect to temples also, we must have mutual respect. ഞങ്ങൾ ക്ഷേത്രങ്ങളെയും ചർച്ചുകളെയും ബഹുമാനിക്കുന്നു. തിരിച്ച് പള്ളികളെ അവരും ബഹുമാനിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. That is what is India. ആ ഇന്ത്യയിൽ ഒരു ക്ഷേത്രത്തിന്റെ പ്രശ്നം വരുമ്പോൾ ക്ഷേത്ര ജീവനക്കാരുടെ ആവശ്യമുന്നയിക്കേണ്ടത് ഞങ്ങളൊക്കെ തന്നെയാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഞങ്ങൾ സുവർണ്ണക്ഷേത്രത്തിൽ പോയ കാര്യം മുമ്പും പറഞ്ഞിട്ടുണ്ട്. സുവർണ്ണ ക്ഷേത്രം നടന്നുകാണുന്നതിനുവേണ്ടി അവിടത്തെ പൂജാരിയുടെ മൂത്ത മകൻ അർമീന്ദർ സിംഗാണ് എം.എൽ.എ.- മാരുടെ സംഘത്തിന് ഗൈഡായി കൂടെയുണ്ടായിരുന്നത്. പലസ്ഥലങ്ങളിലും കയറി നടന്നപ്പോൾ ഒരു സ്ഥലത്ത് പരവതാനിയുണ്ടായിരുന്നു, ആ പരവതാനിയിൽ ചവിട്ടാനുള്ള ബുദ്ധിമുട്ട് കാരണം ഞാനവിടെ നിന്നു. എനിക്കങ്ങോട്ട് കടക്കാൻ കഴിയുമോ എന്ന് ചോദിച്ചു. അപ്പോൾ അർമീന്ദർ സിംഗ് എന്നോട് പറഞ്ഞത്, खादर साहिब ये मंदिर इतना हमरा है उत्तना आप का ही है। ഈ ക്ഷേത്രം എത്രകണ്ട് ഞങ്ങളുടേതാണ് അത്രകണ്ട് നിങ്ങളുടേതാണ് എന്നാണ്. വാസ്തവത്തിൽ ഞാനും അദ്ദേഹവും ആലിംഗനബദ്ധരായി, ഞങ്ങളുടെ കണ്ണുകൾ സജലങ്ങളായി, I have seen in person physically a secular person standing in front of me, that is what is India. അതാണ് മതേതരത്വം. ഭരണം നടത്തുന്നവരും മതം പറയുന്നതും മതമല്ല. അത് മതത്തിനെ വികലമാക്കി ചിത്രീകരിക്കുകയാണ്. അത് മതമല്ല, വർഗ്ഗീയത ആർക്കുവേണ്ടിയുള്ളതാണ്; വർഗ്ഗീയത ആയുധമാക്കുന്നത് അധികാരത്തിലേയ്ക്ക് വരാനും അധികാരം നിലനിർത്താനും വേണ്ടിയാണ്. അത് ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും വേണ്ടിയല്ല. ഭരണരംഗത്തുള്ളവർ അവരുടെ ഭരണം നിലനിർത്താനും അധികാരത്തിൽ വരാനുംവേണ്ടി മതങ്ങളെ ദുരുപയോഗം ചെയ്യുന്നു. അതിന്റെ കൂടെ പബ്ലിക്കില്ല, കോടിക്കണക്കിന് വരുന്ന വിശ്വാസികളില്ല. വിശ്വാസികളുടെ അംഗസംഖ്യയെക്കുറിച്ചൊക്കെ ഞാൻ മുമ്പ് പറഞ്ഞിട്ടുള്ളതു കൊണ്ട് വീണ്ടും പറയുന്നില്ല. ഇന്ത്യയുടെ സ്ഥിതിഗതികളെല്ലാം ഞാൻ പറഞ്ഞിട്ടുണ്ട്. ഇവിടെ മഹാഭൂരിപക്ഷം വരുന്ന ഹൈന്ദവ സഹോദരന്മാർ 79.8 ശതമാനവും മുസ്ലീങ്ങൾ 13.4 ശതമാനവും ക്രൈസ്തവർ 2.3 ശതമാനവുമാണെന്നുള്ള കണക്ക് ഞാൻ മുമ്പ് പറഞ്ഞിട്ടുള്ളതുകൊണ്ട് വീണ്ടും ആവർത്തിക്കുന്നില്ല. 2011-ലെ കണക്കായതുകൊണ്ട് കുറച്ച് പഴക്കമുണ്ടാകും. പുതിയ കണക്ക് നിങ്ങളുടെ അടുത്തുണ്ടെങ്കിൽ പറഞ്ഞോളൂ, പ്രശ്നമില്ല.

3.00 pm]

ഇത്തരമൊരു സാഹചര്യത്തിലും ലോകത്തിലേയ്ക്ക് നോക്കിയാലുള്ള സ്ഥിതി എന്താണ്? മഹാഭൂരിപക്ഷംവരുന്ന ആളുകളും വിശ്വാസികളല്ലേ. പക്ഷെ, ഇന്ത്യയിലെ മഹാഭൂരിപക്ഷംവരുന്ന ഹൈന്ദവരായ ആളുകളാണ് കണ്ണിലെ കൃഷ്ണമണിപോലെ മതേതരത്വം കാത്തുസൂക്ഷിച്ചത്. ഞാനത് പറയാൻ കാരണം, മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും അതിനെ പിന്തുണയ്ക്കാനും സഹായിക്കാനും മാത്രമാണ് കഴിയുന്നത്. ഇപ്പോഴും ന്യൂനപക്ഷങ്ങളെ മർദ്ദിക്കുകയും ദളിതരെ ആക്രമിക്കുകയും മൈനോറിറ്റിയെ പീഡിപ്പിക്കുകയും ചെയ്യുന്നുണ്ട്. വർഗ്ഗീയത താണ്ഡവമാടുന്ന സന്ദർഭത്തിൽ ഇന്ത്യയിലെ main stream secular പാർട്ടികൾ അതിനെതിരെ പ്രതികരിക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. മുഖ്യധാരയിലുള്ള രാഷ്ട്രീയ കക്ഷികളും മതേതരത്വത്തിന്റെ പേരിൽ ന്യൂനപക്ഷത്തിനും ദളിതർക്കുംവേണ്ടി സംസാരിക്കുന്നവരും ഞങ്ങളെക്കാൾ മുമ്പിൽനിന്ന് വാദിക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. നിർഭാഗ്യവശാൽ അതൊന്നും കാണുന്നില്ലെന്നത് ഖേദകരവും നിസ്സഹായകരവുമായ സാഹചര്യമാണ്. നമ്മൾ വിചാരിക്കുന്നതുപോലെ അത്ര ലളിതമായ സംഭവമല്ല ഇപ്പോൾ ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്നത്. ഏത് ബിൽ വന്നാലും പരസ്പരം കലഹിക്കാനും തർക്കിക്കാനും നമുക്കിഷ്ടമാണ്. പക്ഷെ, ഇന്ത്യ വളരെ അപകടകരമായ സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നത്. ഇങ്ങനെ പോയാൽ ഏറ്റവും ചുരുങ്ങിയത് പതിനഞ്ച് മുതൽ ഇരുപത് വർഷംവരെ ഭാരതീയ ജനതാ പാർട്ടിയായിരിക്കും ഇന്ത്യയിൽ അധികാരത്തിലിരിക്കുന്നതെന്നാണ് ഞാൻ കരുതുന്നത്. പ്രതിപക്ഷം അത്രകണ്ട് ദുർബലമായിരിക്കുകയാണ്. ദേശീയാടിസ്ഥാനത്തിൽ പ്രതിപക്ഷത്തിന് വളരെ നിർഭാഗ്യകരമായ സാഹചര്യമാണുള്ളത്. അത് കോൺഗ്രസിന്റെയോ ഇടതുപക്ഷത്തിന്റെയോ പ്രാദേശിക പാർട്ടികളുടെയോ പ്രശ്നമല്ല. Everywhere you look, മഹാരാഷ്ട്രയിൽ, ശിവസേന നല്ലൊരു പാർട്ടിയായിട്ടല്ല, ശിവസേന ഹിന്ദുത്വത്തോട് ആഭിമുഖ്യമുള്ള പാർട്ടിയാണ്. പ്രാദേശികമായ പല ചിന്താഗതികളും മണ്ണിന്റെ മക്കൾവാദവും ഉയർത്തിയ പാർട്ടിയാണ് ശിവസേന. പക്ഷെ, പ്രധാന ശത്രുവായ ഭാരതീയ ജനതാ പാർട്ടിയെ അധികാരത്തിൽനിന്നും നീക്കാൻ, അവരുമായി ലോഹ്യത്തിൽനിന്നിരുന്ന പാർട്ടി മറിച്ച് ചിന്തിക്കുന്ന സാഹചര്യമുണ്ടായാൽ അപ്പോൾത്തന്നെ അതിനെ സപ്പോർട്ട് ചെയ്ത് തൽക്കാലം അവരെ അധികാരത്തിൽനിന്നും നീക്കാനുള്ള ശ്രമം നടത്താൻ വാസ്തവത്തിൽ നമുക്ക് ബാധ്യതയുണ്ടെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. But, that bus was missed; ആ ചാൻസ് നഷ്ടപ്പെട്ടുപോയി.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, സെക്കുലർ പാർട്ടികളെല്ലാം യോജിച്ച് നിൽക്കണമെന്നാണ് അങ്ങ് പറഞ്ഞത്. നിങ്ങളോട് കൂടിനിൽക്കുന്ന പ്രധാനപ്പെട്ട പാർട്ടിയാണ് കോൺഗ്രസ്. മതേതരത്വത്തിനുവേണ്ടി കോൺഗ്രസ് ഒന്നിച്ചുനിൽക്കുന്നുണ്ടോ; അതിന് നേതൃത്വം വഹിക്കാൻ കഴിയുന്നൊരു പാർട്ടിയായി ഉയരുന്നുണ്ടോ; എന്താണ് നിങ്ങളുടെ അഭിപ്രായം?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ അങ്ങയുടെ രാഷ്ട്രീയ ധാരണയുടെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. കാരണം അത്രയും പഴയൊരു ധാരണയുമായാണ് താങ്കൾ നടക്കുന്നത്. ഇപ്പോഴും നിങ്ങൾ കോൺഗ്രസിനെയും മറ്റുപാർട്ടികളെയും ആക്ഷേപിക്കുന്നതിലാണ് താൽപ്പര്യം കാണിക്കുന്നത്. Leave it, forgot it. അതൊക്കെ 15 ദിവസം പാർട്ടി ക്ലാസ്സിലിരുന്ന് പഠിച്ചതാണ്, ആ സമയമൊക്കെ പോയി. രാജ്യം വളരെ മുമ്പിലെത്തി നിൽക്കുകയാണ്. ഇന്ന് ഇന്ത്യയിലെ ജനസ്വാധീനമുള്ള biggest political party ഭാരതീയ ജനതാ പാർട്ടിയാണ്. നമുക്ക് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും സത്യമതാണ്. വലിയ നേതൃത്വമുള്ളതും കോർപ്പറേറ്റ് ഭീമൻമാരുടെയും സി.ഐ.എ. ഏജന്റുമാരുടെയും മൊസാദിന്റെയും പിന്തുണയുമുള്ള പാർട്ടിയാണത്. അവർ ബുദ്ധിപരമായും സന്ദർഭോചിതമായും കാര്യങ്ങൾ മുതലെടുത്ത് വർഗ്ഗീയം പ്രചരിപ്പിച്ച് അധികാരം നിലനിർത്താനും സാമ്പത്തികമായി നമ്മുടെ രാജ്യത്തെ തകർക്കാനും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അദാനി, അംബാനി, ടാറ്റാ, ബിർള, ഡാൽമിയ, മഫത്ത്ലാൽ, ഗോയങ്ക, സിംഗാനിയ, മഹീന്ദ്രാ ആൻഡ് മഹീന്ദ്രാ, ആൽവിൻ നിസാൻ മുതലായ കോർപ്പറേറ്റ് ഭീമൻമാർക്ക് വേണ്ടിയല്ലേ ഈ ഗവൺമെന്റ് ഭരിക്കുന്നത്? മുസോളിനി പറഞ്ഞിട്ടില്ലേ - Total merger of corporates and states ആണ്, that is what is Fascism എന്ന്. നമ്മൾ ആ നിലവാരത്തിലേയ്ക്ക് ഉയർന്നിട്ടുണ്ടോ? നിങ്ങൾ ഉയർന്നുകാണും, I am sorry. ഞാനാരെയും ആക്ഷേപിക്കുകയല്ല, ഞാൻ ഉയർന്നിട്ടില്ല. നിർഭാഗ്യവശാൽ ആ ഒരു നിലവാരം മനസ്സിലാക്കാനുള്ള യോഗ്യത എനിക്ക് കൈവന്നുവെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എങ്കിലും എന്നെ ആശങ്കപ്പെടുത്തുന്ന, ഉത്കണ്ഠാകുലനാക്കുന്ന, നമ്മുടെ രാജ്യത്തിന്റെ ഭാവിയെക്കുറിച്ച് വേവലാതിപ്പെടുത്തുന്ന അനേകം സംഭവ വികാസങ്ങൾ ഓരോ ദിവസവും ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് നമ്മൾ worried ആകണ്ടേ?

ശ്രീ. ആർ. രാജേഷ്: സർ, അങ്ങയുടെ പ്രസംഗത്തിനിടയ്ക്ക് വന്ന ഒരു പരാമർശം ഞങ്ങളെയൊക്കെ അത്ഭുതപ്പെടുത്തുന്നു. ഞങ്ങൾ ഇടതുപക്ഷമാണ്. അങ്ങ് മുസ്ലീം ലീഗിന്റെ ഭാഗമായിട്ടാണ് സംസാരിക്കുന്നത്. യു.ഡി.എഫ്.-ന്റെ ഭാഗമായി ഇവിടെ കോൺഗ്രസുമുണ്ട്. അങ്ങ് പറഞ്ഞൊരു പരാമർശം

ഇരുപതുവർഷക്കാലം ബി.ജെ.പി.-യെ അധികാരത്തിൽനിന്നും മാറ്റി നിർത്താൻ സാധിക്കില്ല എന്നാണ്. ആ ഒരു യാഥാർത്ഥ്യത്തിലേയ്ക്ക് ലീഗ് വന്നോ; അത് കോൺഗ്രസിന്റെ നിലപാടാണോ? അത്തരമൊരു നിലപാടിനോട് കടുത്ത വിയോജിപ്പ് ഞങ്ങൾ രേഖപ്പെടുത്തുകയാണ്. ഈ സമീപനം സ്വീകരിക്കുന്ന ഗവൺമെന്റിനെതിരായ പോരാട്ടത്തിൽനിന്ന് ലീഗ് പിന്മാറിയോ; കോൺഗ്രസിന് അങ്ങനെയൊരു അഭിപ്രായമുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇവർക്കത് മനസ്സിലായിട്ടുണ്ട്. പെട്ടെന്ന് പറഞ്ഞ ചെറിയ കാര്യങ്ങളെടുക്കുകയല്ല വേണ്ടത്. അതിന്റെ അർത്ഥം അങ്ങനെയല്ല മനസ്സിലാക്കേണ്ടത്, ഞാനത് വിശദീകരിക്കേണ്ട ആവശ്യമൊന്നുമില്ല, മനസ്സിലാകേണ്ടവർക്ക് മനസ്സിലായിട്ടുണ്ട്, അത്രയേയുള്ളൂ. നിങ്ങൾക്ക് അതിനപ്പുറം ചിന്തിക്കാൻ സാധിക്കാത്തതിൽ ഞാൻ ഖേദിക്കുകയാണ്. ഇവിടെ നിങ്ങൾ പറഞ്ഞത് ഞാൻ സമ്മതിക്കുന്നു, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുന്നു, ഐക്യജനാധിപത്യമുന്നണി പ്രതിപക്ഷത്താണ്, നമ്മൾ തമ്മിൽ ഏറ്റുമുട്ടുന്നുണ്ട്, ബഹളം വയ്ക്കുന്നുണ്ട്, ചെറിയ കാര്യങ്ങൾക്കുപോലും സൂക്ഷ്മമായി പരസ്പരം വിമർശിക്കുന്നുണ്ട്. ശരിയാണ്, പക്ഷെ ഈ വിമർശനമാണ് ഈ കാലഘട്ടത്തിന് ആവശ്യമായ ഒന്നെന്ന് ഞാൻ കരുതുന്നില്ല. അത് കേരളത്തിലെ ചില പ്രശ്നങ്ങളിൽ മാത്രമാണ്. നാഷണൽ ലെവലിൽ we are alike, നമ്മൾ ഒരുമിച്ച് നിൽക്കേണ്ടവരാണ്, we are together. ദേശീയ രാഷ്ട്രീയത്തിൽ നമ്മൾ ഒരുമിച്ച് നിൽക്കേണ്ടവരാണ്. ഇവിടെ നമ്മൾ ഈ കാര്യങ്ങൾക്കുവേണ്ടി തർക്കിക്കുന്നുണ്ടാകും, എന്നാൽ സെൻട്രൽ ലീഡർഷിപ്പ് ഒരുമിച്ചാകണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ദേശീയതലത്തിൽ വർഗ്ഗീയതയ്ക്കെതിരെ ഒരുമിച്ചുനിൽക്കണമെന്ന് അങ്ങ് പറയുന്നത് ആത്മാർത്ഥമായിട്ടാണെങ്കിൽ ഇരുപത് വർഷം ബി.ജെ.പി. ഭരിക്കുമെന്ന അങ്ങയുടെ അഭിപ്രായം തിരുത്തണ്ടേ? അത് അറിയാതെ പറഞ്ഞുപോയതാണ്. അത് തിരുത്തണം. അങ്ങ് അങ്ങനെ വിശ്വസിക്കുന്നുണ്ടോ; ഇരുപതുവർഷം അത് നിലനിൽക്കില്ലെന്നതു തന്നെയാണ് അങ്ങയുടെയും അഭിപ്രായം, അങ്ങ് അത് തിരുത്തിപറഞ്ഞാൽ നന്നായിരുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാനത് വിശദീകരിക്കാം, പക്ഷെ തിരുത്താൻ പറ്റില്ല. കാരണം അത് present situation assessment ആണ്. ഇന്നത്തെ ഭൗതിക സാഹചര്യങ്ങളും ചുറ്റുപാടുകളും പ്രതിപക്ഷത്തിന്റെ ശക്തിയും കോർപ്പറേറ്റ് ഭീമൻമാരും സാമ്പത്തിക പ്രശ്നങ്ങളും സാർവ്വദേശീയ സാഹചര്യവും വച്ചുനോക്കിയാൽ അങ്ങനെയൊരു നിഗമനത്തിലേയ്ക്ക് വിരൽചൂണ്ടുന്നുണ്ട്, അത്രയേയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ പറഞ്ഞത് എനിക്ക്

മനസ്സിലായി. ഇതൊരു exaggerated version ആണ്. ചിലപ്പോൾ നാളെ അല്ലെങ്കിൽ ആറുമാസംകൊണ്ട് ഭാരതീയ ജനതാ പാർട്ടിയുടെ ഗവൺമെന്റ് താഴെ പോയേക്കാം. That is another thing, that is another possibility. നിങ്ങൾ വളരെ ശാസ്ത്രീയമായി ചിന്തിക്കുന്ന മാർക്സിസവും ലെനിനിസവും വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദവും ചരിത്രപരമായ ഭൗതികവാദവും മാർക്സിയൻ സാമ്പത്തിക ശാസ്ത്രവുമൊക്കെ പഠിച്ച് വളരെ മിലിറ്റന്റായി കമ്മിറ്റി കൂടി ഡിപ്പാർട്ട്മെന്റുണ്ടാക്കി ചർച്ച ചെയ്ത് സാർവ്വദേശീയ റിപ്പോർട്ടുണ്ടാക്കുന്ന ഒരു പാർട്ടി കോൺഗ്രസിന്റെ പ്രമേയം മൂന്നുകൊല്ലം തികയുന്നതിനുമുമ്പ് കാലഹരണപ്പെടും. അപ്പോൾ അബദ്ധം പറ്റിപ്പോയി, മാപ്പാക്കണം എന്നൊക്കെ പറയാറില്ലേ; what does it mean? ആ പ്രമേയം പാസ്സാക്കിയ സമയത്തെ ഭൗതികസാഹചര്യം അങ്ങനെയായിരുന്നു. ലോകം ചലനാത്മകമായതുകൊണ്ട് അത് മാറിക്കൊണ്ടിരിക്കുകയാണ്. ഓരോ സംഭവങ്ങളും മാറിക്കൊണ്ടിരിക്കുകയാണ്, ഇന്ത്യൻ നാഷണൽ കോൺഗ്രസും ഞങ്ങളും തമ്മിലുള്ള ബന്ധത്തിൽ ഒരു ചെറിയ പോറൽപോലും വരുത്താൻ നിങ്ങളുടെ ഇടപെടലുകൾക്കാവില്ല. മാത്രമല്ല ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന പാർട്ടി, ഇന്ത്യാരാജ്യത്തിന്റെ ചരിത്രത്തിലും, ഇന്ത്യയെ ഇന്ത്യയാക്കുന്നതിലും വഹിച്ച പങ്ക് ഒരു ശതമാനംപോലും ഞാൻ കുറച്ചുകാണുന്നില്ല. Pandit Jawaharlal Nehru is the first Prime Minister of India. അദ്ദേഹം നിസ്സാരക്കാരനാണോ; മോത്തിലാൽ നെഹ്റു നിസ്സാരക്കാരനാണോ; മോത്തിലാൽ നെഹ്റു ഇന്ത്യ വിലയ്ക്ക് തരുമോയെന്ന് ചോദിച്ച ആളാണ്. ഇതൊക്കെ ഞാൻ വിശദീകരിക്കേണ്ട കാര്യമില്ലല്ലോ; ആ മോത്തിലാൽ നെഹ്റുവിന്റെ പ്രിയപ്പെട്ട പുത്രൻ, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, a demagogue, a statesman. ലോകം മുഴുവൻ ഉയർന്നുനിന്നിരുന്ന ഒരു മഹാനായ ദേശീയ നേതാവായിരുന്നു നെഹ്റു. കേനം, കഠം, മുണ്ഡകം, മാണ്ഡൂക്യം, ഛാന്ദോഗ്യം, ബൃഹദാരണ്യകം തുടങ്ങിയ ഉപനിഷത്തുകൾ, ഇതിഹാസം, പുരാണങ്ങൾ, സ്മൃതികൾ, ശ്രുതികൾ, ലോകചരിത്രം ഇതൊക്കെ അറിയാവുന്ന മഹാനായിരുന്നു പണ്ഡിറ്റ് ജവഹർലാൽ നെഹ്റു എങ്കിലും അദ്ദേഹം ക്ഷേത്രങ്ങളിലൊന്നും പോകാറുണ്ടായിരുന്നില്ല. അദ്ദേഹം ഇന്ത്യയുടെ പ്രധാനമന്ത്രിയായത് എന്തുകൊണ്ടാണ്? Because anybody can become the Prime Minister of India, secular India. വിശ്വാസമില്ല എന്ന് നമുക്ക് തോന്നിയ നെഹ്റുവിനെപ്പോലും ജനം വോട്ട് ചെയ്ത് ജയിപ്പിച്ചു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കൊണ്ടുവന്ന five year plan-ഉം മറ്റ് കാര്യങ്ങളുമാണ് ഇന്ത്യയെ ഇന്ത്യയാക്കിയതും ബ്രിട്ടീഷുകാർ ചവച്ചുതുപ്പിയ രാജ്യത്തെ ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ചാരത്തിൽനിന്ന് ഇത്തരത്തിൽ ഉയർത്തിക്കൊണ്ടുവന്നതും. പക്ഷെ നെഹ്റുവിന് ചെയ്യാൻ കഴിയുന്ന ദൗത്യത്തിന് ഒരു കാലഘട്ടമുണ്ടായിരുന്നു.

മഹാത്മാഗാന്ധി 1948-ൽ വെടിയേറ്റ് മരിച്ചു. ആ മഹാത്മാഗാന്ധിക്ക് ചരിത്രപരമായ ഒരു ദൗത്യമുണ്ടായിരുന്നു. ആ നിയോഗം പൂർത്തിയാക്കിയിട്ടാണ് അദ്ദേഹം മരണപ്പെട്ടത്. അതുപോലെ ഓരോ സന്ദർഭത്തിനനുസരിച്ചുള്ള മാറ്റങ്ങൾ വരും. But what is the action plan you have; നിങ്ങൾക്ക് എവിടെയാണ് ജനപിന്തുണയുള്ളത്? ജനപിന്തുണ വേണം. ജനങ്ങളെ സമാഹരിക്കണം. രണ്ടാമതൊരു സ്വാതന്ത്ര്യസമരം ഇവിടെ ആവശ്യമായി വരും. അതിൽ നമ്മളെല്ലാവരും ഒരുമിച്ച് നിൽക്കേണ്ടതുണ്ട്. ജനങ്ങളുടെ upsurge വേണ്ടിവരും. ഒരു വീണ്ടെടുപ്പ് വേണ്ടിവരും. ഇന്ത്യയെ വീണ്ടെടുക്കാനുള്ള ഒരു സംരംഭം വേണ്ടത്ര കാണാത്തതുകൊണ്ടുള്ള സാധാരണ ഇന്ത്യക്കാരന്റെ ശരാശരി ദുഃഖമായി മാത്രം ഇതിനെ കണ്ടാൽ മതി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അങ്ങ് നേരത്തെ നടത്തിയിട്ടുള്ള ഒരു പ്രയോഗം, അത് ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മുമ്പും താങ്കൾ സംസാരിക്കുമ്പോൾ മാർക്സിസ്റ്റുകാരെക്കാളും വിശ്വസിക്കാൻ പറ്റുന്നത് ബി.ജെ.പി.-ക്കാരെയാണെന്ന ഒരു പ്രയോഗം ഇവിടെ നടത്തി. എന്തോ ഒരു ചെറിയ സ്പെല്ലിംഗ് മിസ്റ്റേക്കുള്ളതുപോലെ എനിക്ക് തോന്നുന്നു. അപാരമായ തലത്തിൽ താങ്കൾ ചിന്തിക്കുന്നു. ആത്മീയത ഒരു ഭാഗത്ത്, വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം മറ്റൊരു ഭാഗത്ത്. എല്ലാംകൂടി ചേർന്നുള്ള വല്ലാത്തൊരു കൺഫ്യൂഷൻ. ഏതോ ഒരു തലത്തിലാണ് താങ്കളുടെ മനസ്സ് വ്യാപരിക്കുന്നത്. താങ്കൾക്ക് എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചിട്ടുള്ളത്?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, അത് ഇവരെല്ലാവരും ആസ്വദിച്ചു, പക്ഷെ ഉൾക്കൊണ്ടിട്ടില്ല. അതിനോട് വിയോജിച്ചുകൊണ്ടാണ് ഇവർ ആസ്വദിച്ചത്. അതിന് സംശയമില്ല. അത് ശ്രീ. എ. കെ. ബാലൻ മനസ്സിലാക്കിയാൽ മതി. ഇതിൽ മനസ്സിലാക്കേണ്ട ഒരു കാര്യം എന്താണെന്നുവച്ചാൽ, ഇന്നത്തെ ഭൗതിക സാഹചര്യങ്ങളെ വിശകലനം ചെയ്യാൻ, ഞാൻ മാർക്സിസം, ലെനിനിസം എന്നിവയുടെ കുഴൽക്കണ്ണാടിയിലൂടെ ഇന്ത്യയെ നോക്കിക്കണ്ടിട്ടാണ് ഇത് പറയുന്നത്. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം ലോകത്തെ നോക്കിക്കാണാനുള്ള ഒരു കുഴൽക്കണ്ണാടിയാണ്. ആ കണ്ണാടി ഇപ്പോഴും ഞാൻ തുടച്ചുവച്ചിട്ടുണ്ട്. ആ കണ്ണാടിയിലൂടെ നോക്കിക്കണ്ട് ലോകത്തെ വിശകലനം ചെയ്യേണ്ട രീതിയാണ് പറഞ്ഞത്. നിങ്ങളെ സംബന്ധിച്ച് ഇപ്പോൾ അങ്ങനെ വലിയ തിയറിയൊന്നുമില്ല. ദൈനംദിന കാര്യങ്ങളെല്ലാം അത്യാവശ്യം നടന്നുപോകണം, അന്നന്നത്തെ കഴകമെല്ലാം നിറവേറ്റണം, പൂജയെല്ലാം വേണം, അത്താഴ പൂജ വേണം, ഉച്ചപൂജ വേണം എന്നെല്ലാം പറഞ്ഞ് പാർട്ടി കുറേ കാര്യങ്ങൾ നടത്തുന്നുവെന്നല്ലാതെ

അതിന്റെ ബേസ് പോയില്ലേ ശ്രീ.എ.കെ.ബാലൻ? നിങ്ങളിൽ പഴയൊരു കമ്മ്യൂണിസ്റ്റുകാരൻ ഉണ്ടായിരിക്കും, you are a very good student leader. I remember it. നമ്മളെല്ലാം എഴുപതുകളുടെ പ്രോഡക്ടാണ്. നമുക്ക് അങ്ങനെയെല്ലാമുണ്ടാകും. അതല്ലെങ്കിൽ നമ്മൾ ഇപ്പോൾ ഈ നക്സലൈറ്റുകളെയെല്ലാം വെടിവച്ച് കൊല്ലുമോ; എന്തിനാണ് ഈ മാവോയിസ്റ്റുകളെ വെടിവച്ച് കൊന്നത്? മാവോയിസ്റ്റുകളുടെ ലൈൻ തെറ്റാണെങ്കിലും അവരുടെ ആത്മാർത്ഥതയെ നമുക്ക് ചോദ്യം ചെയ്യാൻ പറ്റില്ല. അപ്പോൾ നിങ്ങൾക്ക് വേണമെങ്കിൽ, മാവോയിസ്റ്റിന് വലിയ ആത്മാർത്ഥതയുണ്ടെന്ന് കെ. എൻ. എ. ഖാദർ പറഞ്ഞില്ലേ; അങ്ങനെ പറയാൻ പാടുണ്ടോ എന്ന് ചോദിക്കാം. അതെല്ലാം മൈനർ ക്വസ്റ്റ്യൻസാണ്. ആ ക്വസ്റ്റ്യനൊന്നും ഉത്തരം അർഹിക്കുന്നില്ല. മാവോയിസ്റ്റുകളുടെ രാഷ്ട്രീയ നിലപാടുകൾ തെറ്റാണ്. അവരുടെ മാർഗ്ഗം അതിലേറെ തെറ്റാണ്. പക്ഷെ അവരുടെ sincerity cannot be questioned. അവരുടെ ആത്മാർത്ഥത, അവർ ആഗ്രഹിക്കുന്നത് രാജ്യം നന്നാകണമെന്നാണ്. പക്ഷെ അതിനവർ സ്വീകരിക്കേണ്ട മാർഗ്ഗം ഇതല്ല. മാർഗ്ഗത്തോട് നമുക്ക് വിയോജിപ്പുണ്ട്. മാവോയിസ്റ്റാണെന്ന് പറയപ്പെടുന്ന ആളുകളെ.. why can't you utilize them against Modi? രാഷ്ട്രീയമായി സാമ്രാജ്യത്വത്തിന് അവർ എതിരല്ലേ? അവരുടെ സാമ്രാജ്യത്വ വിരോധത്തെ നമുക്ക്....

ശ്രീ. പി. ടി. തോമസ്: സർ, വളരെ സരസമായും വിജ്ഞാനപ്രദമായും അങ്ങ് നടത്തിക്കൊണ്ടിരിക്കുന്ന പ്രസംഗം ഒരു പ്രത്യേക തലത്തിൽ നിന്നുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലൻ പറയുകയുണ്ടായി. ഈ അവസരത്തിൽ ഓർമ്മിക്കുന്ന ഒരു കാര്യം, സി.പി.ഐ.(എം)-ന്റെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരിയെ സംഘപരിവാർ ശക്തികൾക്കെതിരായി പോരാടാൻവേണ്ടി രാജ്യസഭയിലേയ്ക്ക് കൊണ്ടുവരാൻ അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി തീരുമാനമെടുത്തു. ആ തീരുമാനം അട്ടിമറിക്കാൻ കൂട്ടുനിന്ന സി.പി.ഐ.(എം)-ന്റെ നിലപാട് കണ്ടിട്ടല്ലേ ചിലപ്പോൾ ഇവരെ നേരിടാൻ പത്തിരുപത് വർഷം വേണ്ടിവരുമെന്ന് ചൂണ്ടിക്കാണിച്ചത്. അതിന്റെകൂടി പശ്ചാത്തലത്തിലല്ലേ അങ്ങനെ ചൂണ്ടിക്കാണിച്ചത്?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ശ്രീ. പി. ടി. തോമസ് പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. നമ്മൾ കുറച്ചുകൂടി സങ്കുചിത മനസ്കരായിപ്പോയി. സഹോദരീ സഹോദരന്മാരെ, ഞാൻ നിങ്ങളെയാരെയും കുറ്റപ്പെടുത്തുകയല്ല. I'm criticizing myself also. സെൽഫ് ക്രിട്ടിസിസം ഇപ്പോൾ പാർട്ടിയിലില്ലല്ലോ; I'm self criticizing you എന്നാണല്ലോ; അല്ലാതെ അവനവന് ഇപ്പോൾ സെൽഫ് ക്രിട്ടിസിസം ഇല്ലല്ലോ. അതുകൊണ്ട് ഞാൻ എന്നെക്കൂടി വിമർശിച്ചുകൊണ്ടാണ്

പറയുന്നത്. ഞാൻ എല്ലാം തികഞ്ഞവനല്ല, എന്റെ അറിവുകൾ ശരിയായിരിക്കില്ല, But I'm presenting it before you. നല്ലൊരു സഭ മുമ്പാകെ, അറിവുള്ളവരുടെ മുമ്പാകെ, ഞാൻ ഇങ്ങനെയൊരു വിഷയം സമർപ്പിക്കുകയാണ്. നമ്മളെല്ലാം വേണ്ടത്ര ഉയർന്ന് ചിന്തിക്കുന്നുണ്ടോ; രാജ്യം ദയനീയമായ അപകടത്തിലല്ലേ; ആ സമയത്ത് വിശ്വാസികളെല്ലാം നമ്മുടെ കൂടെ നിൽക്കണ്ടേ; രാഷ്ട്രം കൂടെ നിൽക്കണ്ടേ.

*ഓം പൂർണ്ണമദഃ പൂർണ്ണമിദം*

*പൂർണ്ണാത് പൂർണ്ണമുദച്യതേ*

*പൂർണ്ണസ്യ പൂർണ്ണമാദായ*

*പൂർണ്ണമേവാവശിഷ്യതേ*

ഇതിൽ എവിടെയാണ് തെറ്റ്. ബ്രഹ്മം അദൃശ്യമാണ്. പ്രപഞ്ചം ദൃശ്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ, 37 മിനിട്ട് കഴിഞ്ഞു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, എന്ത് 37? ഈ മഹാപ്രപഞ്ചത്തിൽ, ഈ അനന്തകോടി അണ്ഡകടാഹങ്ങളിൽ എന്ത് 37; ഏത് 37?

ശ്രീ. എ. കെ. ബാലൻ: സർ, ഇതുകൊണ്ടാണ് എന്തോ സംഭവിച്ചിട്ടുണ്ടെന്ന് ഞാൻ പറഞ്ഞത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, എന്റെ കൈകാലുകൾ കുഴഞ്ഞുപോയി. കാരണം, ഈ 37 എല്ലാം ഞാൻ മറന്നിരുന്നു. ഈ അനന്തകോടി അണ്ഡകടാഹങ്ങളിൽ പക്ഷിമൃഗാദികളും വൃക്ഷലതാദികളും ജനിമൃതികളുമില്ലാത്ത...., മനുഷ്യന് ജനനവുമില്ല, മരണവുമില്ല. അങ്ങനെയുള്ള ലോകത്ത് ബ്രഹ്മം അദൃശ്യമാണ്, പ്രപഞ്ചം ദൃശ്യമാണ്. അദൃശ്യമായ ബ്രഹ്മത്തിൽനിന്നും ദൃശ്യമായ പ്രപഞ്ചമുണ്ടായി. അദൃശ്യമായ ബ്രഹ്മത്തിൽനിന്നും ദൃശ്യമായ പ്രപഞ്ചമുണ്ടായതിനുശേഷവും ബ്രഹ്മം പണ്ടേപോലെ പൂർണ്ണം എന്നാണ്. അത് മനസ്സിലാകും.

ശ്രീ. എ. എൻ. ഷംസീർ: സർ, ......

ശ്രീ. കെ. എൻ. എ. ഖാദർ: എന്റെ ഷംസീറേ താങ്കളോട് എനിക്ക് യാതൊരു വിരോധവുമില്ല. സന്തോഷവും ഇഷ്ടവും മാത്രമെയുള്ളൂ. കാരണം ഈ ജീവിതം തന്നെ, it is a drama wheel. അതിൽ, you are playing your part, അതാണ്. നമ്മൾ സിനിമയിലും നാടകത്തിലുമെല്ലാം പല ആളുകളെയും കാണാറില്ലേ.

അതിൽ ഓരോരുത്തരും അവരവരുടെ റോൾ അഭിനയിക്കുകയാണ്. ജീവിതത്തിൽ, unfortunately ശ്രീ. എ. എൻ. ഷംസീറിന് കിട്ടിയ റോൾ ഇതാണ്. അത് നന്നായി അഭിനയിച്ചാൽ മതി. നല്ല റോൾതന്നെ എല്ലാവർക്കും കിട്ടിക്കൊള്ളണമെന്നില്ല. ഇങ്ങനെ ആവശ്യമില്ലാതെ ഇടപെടാനും കാര്യങ്ങൾ പറയാനും ബഹളം വയ്ക്കാനുമാണ്, that is your role in the world. ആ റോൾ ശ്രീ. എ. എൻ. ഷംസീർ നിർവ്വഹിക്കുന്നുവെന്ന് മാത്രമെയുള്ളൂ. It is nothing wrong. ഞാൻ അതിനും ദൈവത്തിലാണ് ആശ്വസിക്കുന്നത്. പടച്ചോനേ, ഇങ്ങനെയുള്ള ആളുകളെയും ജനിപ്പിച്ചല്ലോ. അതുപോലെ ഓരോരുത്തർക്കും ഓരോ റോളുണ്ടാകും. എല്ലാവർക്കും ഒരുപോലെയാകാൻ പറ്റില്ല. Each and every individual is different. ഒരാളിനെപ്പോലെ വേറൊരു ആളില്ല. അപ്പോൾ നമ്മളെല്ലാം ഓരോ തരത്തിലാണ്. ആലോചിച്ചുനോക്കൂ, ഓരോ മനുഷ്യർക്കും ഓരോ റോളുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: 40 മിനിട്ടായി.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, അങ്ങയുടെ റോൾ അങ്ങ് അഭിനയിക്കുകയാണ്. അങ്ങയെ ഈ കസേരയിൽ പ്രതിഷ്ഠിച്ച ഒരു ദൈവമുണ്ട്. ആ ദൈവം അങ്ങേയ്ക്ക് തന്ന റോളാണിത്. അങ്ങ് നന്നായി അത് അഭിനയിക്കുന്നു. That is good. അത് നന്നായി അഭിനയിക്കുന്നതിൽ തെറ്റില്ല. ഞാൻ ചുരുക്കുകയാണ്.

ക്ഷേത്രങ്ങളെയും പള്ളികളെയുമൊന്നും അത്ര നിസ്സാരമായി കരുതരുത്. ആരാധനാലയങ്ങൾ, അവിടെ പോസിറ്റീവ് എനർജിയുണ്ട്. മസാറു ഇമോട്ടോ (Masaru Emoto) എന്നൊരു ജപ്പാൻ സയന്റിസ്റ്റുണ്ട്. അദ്ദേഹം, ജലത്തെക്കുറിച്ച് Hidden messages of water എന്നൊരു ബുക്ക് എഴുതിയിട്ടുണ്ട്. അദ്ദേഹം വിശ്വാസിയൊന്നുമല്ല, ശാസ്ത്രജ്ഞനാണ്. ആ ബുക്കിൽ എന്താണെന്നറിയുമോ? സ്ഫടിക പാത്രത്തിൽ കുറേ ശുദ്ധവെള്ളം നിറച്ച് അതിന്റെ പുറത്ത് സ്നേഹം, കൃതജ്ഞത, സന്തോഷം എന്നെല്ലാം എഴുതിയൊട്ടിച്ച് അതിനെ ഘനീഭവിപ്പിച്ചശേഷം അതിൽ രൂപപ്പെട്ട ക്രിസ്റ്റലുകളുടെ പടമെടുത്തു. അതാണ് അദ്ദേഹത്തിന്റെ പരീക്ഷണം. ആ പടങ്ങളിൽ അദ്ദേഹം കണ്ടത് മനോഹരമായ ഡയമണ്ടുപോലെയുള്ള ചിത്രങ്ങളാണ്. അതിനുശേഷം അദ്ദേഹം അതുപോലെയുള്ള ജലത്തിൽത്തന്നെ കൃതഘ്നത, വെറുപ്പ്, വിദ്വേഷം എന്നെല്ലാം ഒട്ടിച്ചുവച്ചപ്പോൾ അതിലുണ്ടാകുന്ന പരലുകൾ ജുഗുപ്സാവഹമായി കണ്ടു. അതിന്റെ പടങ്ങളെല്ലാം ആ ബുക്കിലുണ്ട്. It is available everywhere. ജലത്തിന് കൃതജ്ഞത, സ്നേഹം എന്നെല്ലാം വായിക്കാൻ കഴിയുമോ; കഴിയും, ജലത്തിന് അതിന് കഴിയും. അത് വായനയല്ല. ജലം വാചകങ്ങളെല്ലാം വായിക്കുമെന്ന് കെ. എൻ. എ. ഖാദർ

പറഞ്ഞുവെന്ന് പറഞ്ഞാൽ എനിക്കൊരു നിവൃത്തിയുമില്ല. ജലത്തിൽ അതുണ്ടാക്കുന്ന ഒരു ഇംപാക്റ്റുണ്ട്, എനർജിയുണ്ട്, പോസിറ്റീവ് എനർജിയുണ്ട്. അതെല്ലാം വരുന്നത് എവിടെ നിന്നാണ്? അതാണ് ആദിയിൽ വചനമുണ്ടായി, വചനം ദൈവത്തോടുകൂടെയായിരുന്നു, വചനം ദൈവമായിരുന്നു. രാജ്യത്ത് സമാധാനം തകർക്കുന്ന പ്രശ്നംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഒന്നാമത് ഇസ്ലാം മതവിശ്വാസികൾക്ക് ഇസ്ലാമെന്താണെന്ന് ശരിക്കറിയില്ല. ക്രിസ്ത്യാനികൾക്ക് ക്രിസ്റ്റ്യാനിറ്റി എന്താണെന്ന് അറിയില്ല. ഹിന്ദുക്കൾക്ക് ഹിന്ദു എന്താണെന്ന് ശരിക്ക് അറിയില്ല. അതാണ് പ്രശ്നം. മുസ്ലീങ്ങൾക്ക് ഒരു പുസ്തകമേയുള്ളൂ, പരിശുദ്ധ ഖുറാൻ. 114 സൂറത്തുകൾ. അത് പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് പഠിച്ചുമനസ്സിലാക്കിയവനാണെന്ന് ഞാൻ കരുതുന്നില്ല. ക്രിസ്ത്യാനികൾക്ക് 73 പുസ്തകങ്ങളുണ്ട്. അതിൽ ഉൽപ്പത്തി, വെളിപാട്, സഭാ പ്രസംഗി, ദിനവൃത്താന്തം, രാജാക്കന്മാർ തുടങ്ങി ധാരാളം കാര്യങ്ങളുണ്ട്. പുതിയ നിയമമുണ്ട്, മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവർ എഴുതിയ സുവിശേഷങ്ങളുമുണ്ട്. 73 പുസ്തകങ്ങളുണ്ട് അവർക്ക് പഠിക്കാൻ. ഞങ്ങൾക്ക് ഒരു പുസ്തകമേയുള്ളൂ. ഞങ്ങൾ ഒരു പുസ്തകംതന്നെ പഠിച്ചിട്ടില്ല. ക്രിസ്ത്യാനികൾ അതും പഠിച്ചിട്ടില്ല. ഹിന്ദുക്കളെ സംബന്ധിച്ച് പറയുകയാണെങ്കിൽ, എന്നോട് ക്ഷമിക്കണം ഹൈന്ദവ സഹോദരന്മാരെ, ഞാൻ കുറ്റപ്പെടുത്തുന്നതല്ല. അവർക്ക് ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവ്വവേദം, ഇതിഹാസം, പുരാണം, ശ്രുതികൾ, സ്മൃതികൾ, ഭഗവദ് ഗീത....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.. 43 മിനിട്ടായി, പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. എൻ. എ ഖാദർ: അങ്ങ് ഈ ഭാഗവതമൊക്കെ എടുത്ത് ഇടയ്ക്ക് വായിക്കണം. ഇങ്ങനെയൊന്നും പറയാൻ തോന്നില്ല. ഇത്രയധികം പുസ്തകങ്ങളുള്ളതുകൊണ്ട് അവർ അത് പഠിച്ചില്ലായെന്ന് കുറ്റപ്പെടുത്താൻ സാധിക്കില്ല. പക്ഷെ...

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, മതഗ്രന്ഥങ്ങളെപ്പറ്റി പറഞ്ഞല്ലോ, മുസ്ലീങ്ങളുടെ ഖുറാനെപ്പറ്റിയും ക്രിസ്ത്യാനികളുടെ 73 ഗ്രന്ഥങ്ങളെപ്പറ്റിയും പറഞ്ഞു. അങ്ങ് യഥാർത്ഥത്തിൽ ഭാരതീയ സംസ്കാരത്തെപ്പറ്റി പഠിച്ചിട്ടുള്ള ആളാണെങ്കിൽ ഉപനിഷത്തുകളൊക്കെ ഹിന്ദുക്കളുടേതാണെന്ന് എങ്ങനെയാണ് പറയാൻ സാധിക്കുന്നത്? ഉപനിഷത്ത് എന്നുപറയുന്നത് ഹിന്ദു എന്ന മതം നമ്മൾ പറയുന്നതിന് സഹസ്രാബ്ദങ്ങൾക്കുമുമ്പ് തന്നെ ഇവിടെയുണ്ടായിരുന്ന ഒരു കാര്യമാണ്. അതിനെ മതവത്കരിക്കരുത്. അത് ഭാരതത്തിന്റെ വിശാലമായ സംസ്കാരത്തിന്റെ ഭാഗമാണെന്ന് ഉൾക്കൊണ്ടുകൊണ്ടാണോ അങ്ങ് പറയുന്നത്?

ശ്രീ. കെ. എൻ. എ ഖാദർ: സർ, ഞാൻ അതുംകൂടി പറഞ്ഞാൽ ആദരണീയനായ ഡെപ്യൂട്ടി സ്പീക്കർ സമ്മതിച്ചില്ലെന്നുവരും. സി.പി.ഐ.യിൽ ആയതുകൊണ്ട് എന്നോട് എന്തെങ്കിലും സ്നേഹമുണ്ടാകുമെന്ന് വച്ചാണ് ഞാൻ നിൽക്കുന്നത്. ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞത് കറക്ടാണ്. അത് അതിന്റെ തിയററ്റിക്കലായ മറ്റൊരു വശമാണ്. ഹിന്ദു എന്ന പദം സംസ്കൃതത്തിൽ നിന്ന് വന്നതാണ്, സിന്ധുവെന്ന് പറയുന്നുണ്ട്. ഹിന്ദു എന്ന പദം ഭഗവദ്ഗീതയിലോ രാമായണത്തിലോ മഹാഭാരതത്തിലോ വേദങ്ങളിലോ ഇല്ല. ഹിന്ദു എന്ന പദം it is Iranian, Persian. അങ്ങനെയൊരു കൺസപ്റ്റുണ്ട്. Subject to correction, ഹൈന്ദവരായ നല്ല സഹോദരന്മാർ പൊറുക്കണം, പേർഷ്യൻ ഭാഷയിൽ 'സ' എന്ന് ആദ്യം വരുന്ന പദം 'ഹ' എന്നാണ് ഉച്ചരിക്കുന്നത്. അവർ 'സപ്ത സിന്ധു' എന്നതിനെ 'ഹപ്ത ഹിന്ദു' എന്നാണ് പറയുന്നത്. ഹിന്ദു എന്നത് ഒരു geographical name ആണ്. എല്ലാവർക്കും കൂടിയുള്ളതാണ്. സിന്ധു നദീതീരത്ത് താമസിക്കുന്ന ആളുകൾ എന്നുമാത്രമെ അതിന് അർത്ഥമുള്ളൂ. Geographical, territorial, പിന്നെ അതൊരു മതത്തിന്റെ പേരായി മാറി. നമ്മൾ എതിർക്കണ്ട. അവർ എടുത്തോട്ടെ. അതാണ് ഹിന്ദു. വേദങ്ങൾതന്നെ പുസ്തകങ്ങളാകുന്നതിനുമുമ്പ് ഇവിടെയുണ്ടായിരുന്നു, അന്തരീക്ഷത്തിലുണ്ടായിരുന്നു. അയ്യായിരമോ ഏഴായിരമോ വർഷങ്ങൾക്കുമുമ്പ് ഇവിടെ ഋഗ്വേദമുണ്ടായിരുന്നു. ആദരണീയനായ കൃഷി വകുപ്പുമന്ത്രിക്ക് ഋഗ്വേദത്തിലെ ആദ്യവരിയൊന്നു പറയാൻ കഴിയുമോ?

"അഗ്നിമീളേ പുരോഹിതം യജ്ഞസ്യ ദേവമൃത്വിജം

ഹോതാരം രത്നധാതമമം"

അഗ്നിയില്ലാതെ യാതൊരു സംഭവവുമില്ല. കരിക്കട്ടയെപ്പോലും രത്നം പോലെ ജ്വലിപ്പിക്കുന്നത് എന്നാണ്. അഗ്നിശാലയിൽ തീ കൊളുത്തിക്കഴിഞ്ഞാൽ അഗ്നി എവിടെ നിന്നാണ് വരുന്നത്? അത് കെട്ടുപോകുമ്പോൾ ആ നാളങ്ങൾ എവിടെയാണ് പോകുന്നത്? ഈ പ്രപഞ്ചത്തെക്കുറിച്ചുള്ള കൺസപ്റ്റിലെ വ്യത്യാസമാണത്. കുറേക്കാര്യങ്ങൾ നമ്മൾ അറിഞ്ഞു, ഇനി കുറച്ചുകൂടി അറിയാനുണ്ട്. ജ്ഞാതം, അജ്ഞാതം എന്നീ രണ്ടു വിഷയങ്ങളേയുള്ളൂ എന്നാണ് ആളുകൾ കരുതിയിരിക്കുന്നത്. No, absolutely wrong. ജ്ഞാതം, അജ്ഞാതം കൂടാതെ അറിയാൻ കഴിയാത്ത അജ്ഞേയം എന്നതുമുണ്ട്. അറിയാനേ കഴിയാത്തത് എന്നാണ്. അത് കുറച്ചൊക്കെ കമ്മ്യൂണിസ്റ്റുകാരെയും പിടികൂടുന്നതു കൊണ്ടാണ് രക്തസാക്ഷിമണ്ഡപവും പുഷ്പാർച്ചനയും മരിച്ചുകിടക്കുന്ന ആളെയും (മുഷ്ടി ചുരുട്ടി അഭിവാദ്യം ചെയ്യുന്നതായി ആംഗ്യം കാണിച്ചു.) ഇങ്ങനെയാക്കി കാണിക്കുന്നത്. അതൊക്കെ meaningless ആണ്. ഭൗതികമായി മാത്രം നോക്കിയാൽ, അതൊക്കെ സയന്റിഫിക്കായി വിശകലനം ചെയ്താൽ........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... കൺക്ലൂഡ്.. പ്ലീസ്.. 47 മിനിട്ടായി.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, സയന്റിഫിക്ക് എന്നുപറഞ്ഞാൽ what you mean by scientific? ശാസ്ത്രത്തിൽ how എന്ന ചോദ്യത്തിന് മാത്രമെ ഉത്തരമുള്ളൂ. Why എന്ന ചോദ്യത്തിന് ഉത്തരമില്ല. എങ്ങനെയാണ് വെള്ളമുണ്ടായതെന്നു ചോദിച്ചാൽ $H_2O$ അതായത്, ഹൈഡ്രജനും ഓക്സിജനും ചേർന്നാണ് വെള്ളമുണ്ടായതെന്ന് പറയാം. Why the water formed? എന്ന് ചോദിച്ചാൽ there is no answer. ഹൈഡ്രജനും ഓക്സിജനും ചേർന്നാൽ വെള്ളം ഉണ്ടാകുമെങ്കിൽ കോഴിക്കോട് ഒരു ഫാക്ടറി തുടങ്ങി അവിടെ ഹൈഡ്രജനും ഓക്സിജനും കയറ്റി വെള്ളം പമ്പ് ചെയ്തുകൂടെ; why we are not doing it? നമ്മൾ തമ്മിലുള്ള അഭിപ്രായവ്യത്യാസം നിലനിൽക്കണം. എന്നാലേ നമ്മൾ രണ്ട് പക്ഷത്താകുകയുള്ളൂ. അതുകൊണ്ട് നമ്മൾ നല്ല കാര്യങ്ങളും സ്വീകരിക്കണം. അത് ശാസ്ത്രം മാത്രമല്ല, മതമുണ്ട്, ആത്മീയതയുണ്ട്. മഹാഭൂരിപക്ഷം വരുന്ന ജനങ്ങൾ എന്തുകൊണ്ടോ വിശ്വാസികളാണ്. അതിന്റെ കാരണങ്ങൾ കണ്ടെത്തിയാൽ മതി. യേശുക്രിസ്തു 30 മുതൽ 33 വയസ് വരെ 3 വർഷം മാത്രമാണ് പ്രബോധനം നടത്തിയത്.

മി. ഡെപ്യൂട്ടി സ്പീക്കർ: 48 മിനിട്ടായി, പ്ലീസ്... കൺക്ലൂഡ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ആ മൂന്ന് വർഷംകൊണ്ടുള്ള യേശുക്രിസ്തുവിന്റെ അനുയായികൾ എത്ര കോടിയാണ്? 300 കോടി ആളുകൾ 3 വർഷംകൊണ്ട് യേശുവിന്റെ കൂടെ നിന്നു. 23 വർഷം പ്രബോധനം നടത്തിയ മുഹമ്മദ് നബിയുടെകൂടെ 130 കോടി ആളുകളുണ്ടായി. ഹിന്ദുക്കൾക്ക് 91 കോടി ആളുകളുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടി 1920-ൽ ഉണ്ടായതാണെങ്കിലും 1925-ൽ ഉണ്ടായതാണെങ്കിലും ഒന്നരലക്ഷം തികഞ്ഞിട്ടില്ലല്ലോ. എല്ലാ പാർട്ടികളും അമ്പതോ നൂറോ വർഷം കഴിഞ്ഞാൽ ഇല്ലാതാകുകയേയുള്ളൂ. അതിന് വേറെ കാര്യമുണ്ട്. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ നാമത്തിൽ നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പറിഞ്ഞുപോകുമെന്നാണ് യേശു പറഞ്ഞത്. ജറുസലേമേ, ജറുസലേമേ നിന്റെ നേർക്ക് അയച്ചിരിക്കുന്നവരെ കല്ലെറിയുകയും പ്രവാചകന്മാരെ കൊല്ലുകയും ചെയ്യുന്നവളെ, നിനക്ക് ഹാ, കഷ്ടം. കോഴി തന്റെ ചിറകിൻകീഴിൽ കുഞ്ഞുങ്ങളെ ചേർക്കുന്നതുപോലെ...

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... കൺക്ലൂഡ്. അറിയാവുന്നത് എല്ലാം ഇവിടെ പറഞ്ഞിട്ടേ അവസാനിപ്പിക്കൂ.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, നിന്റെ മക്കളെ ചേർത്തുകൊള്ളാൻ എനിക്ക് എന്തുകൊണ്ടും മനസ്സായിരുന്നു. പക്ഷെ നിനക്കോ മനസ്സായില്ല. നിന്റെ ആത്മാവ് ശൂന്യമായി തീരുന്നു എന്നാണ് യേശു പറഞ്ഞത്. വിശാലമായ കാര്യമാണത്. എന്നോട് മാത്രം പറഞ്ഞതല്ലല്ലോ. "ശത്രുക്കളെ സ്നേഹിപ്പിൻ, ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ, എന്തെന്നാൽ സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ് നീതിമാന്മാരുടെ മേലും നീതികെട്ടവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നല്ലവരുടെ മേലും ചീത്തവരുടെ മേലും തന്റെ മഴ വർഷിപ്പിക്കുകയും ചെയ്യുന്നവല്ലോ. അതുകൊണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ നാമും ആയിത്തീരാൻ ശത്രുക്കളെ സ്നേഹിപ്പിൻ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ" മത്തായി അഞ്ചാം അദ്ധ്യായത്തിലെ 44-ാമത്തെ വചനം. അങ്ങ് ഇതുവല്ലതും ആലോചിച്ചിട്ടുണ്ടോ? നമ്മുടെ ആളുകൾക്കൊന്നും നമ്മുടെ മതം അറിഞ്ഞുകൂടാ. എന്റെയൊരു സ്നേഹിതൻ പൗലോസ് മാസ്റ്റർ ഒരിക്കൽ ചോദിച്ചു, ഞാൻ ക്രിസ്ത്യാനികളെ കുറ്റം പറയുകയല്ല, സാർ ഇപ്പോൾ പറഞ്ഞതെല്ലാം ആ പുസ്തകത്തിലുള്ളതാണെങ്കിൽ അതൊന്നു വായിക്കണമെന്ന് പറഞ്ഞു.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ബില്ലിനെക്കുറിച്ചുള്ള ചർച്ച സഭയിൽ നടക്കുമ്പോൾ ഇങ്ങനെ ചെയറിനെ അവഹേളിക്കരുത്. അവഹേളിക്കുന്നത് ശരിയായ സമീപനമല്ല. അദ്ദേഹം അത് തിരുത്തണം.

<u>ശ്രീ. കെ. എൻ. എ ഖാദർ</u>: സർ, ഞാൻ ബഹുമാനപ്പെട്ട ചെയറിന്റെ എല്ലാവിധ അവകാശങ്ങളും അധികാരങ്ങളും ബഹുമതിയും പൂർണ്ണമായും ബഹുമാനിക്കുന്നു. എന്റെ ഭാഗത്ത് നിന്നുള്ള എന്തെങ്കിലും ഒരു വാക്കുമൂലം ചെയറിന് ചെറിയൊരു ബുദ്ധിമുട്ടെങ്കിലുമുണ്ടായിട്ടുണ്ടെങ്കിൽ ഞാൻ ദൈവനാമത്തിൽ ക്ഷമ ചോദിക്കുന്നു. ഞാൻ അവസാനിപ്പിക്കുന്നു. ഈ ബില്ലിനെ നിരാകരിക്കുന്നു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, പ്രസംഗത്തിൽ രക്തസാക്ഷികളെ അപമാനിച്ചുകൊണ്ടുള്ള പരമാർശങ്ങളുണ്ടായിട്ടുണ്ട്. അത് സഭാ രേഖയിലുണ്ടാകാൻ പാടില്ല. 307 പ്രകാരം അത് എക്സ്പഞ്ച് ചെയ്യണം. *

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അത് പരിശോധിക്കാം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫ.നം.6372/ഇ.ബി/2019/നി.സെ. തീയതി, 14-11-2019) രേഖയിൽ നിലനിർത്തി.

ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട്, പ്രത്യേകിച്ച് മലബാറിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് അവർ അനുഭവിക്കുന്ന പ്രയാസങ്ങളും ദുരിതങ്ങളുമൊക്കെ ഏറെ ചർച്ച ചെയ്തതാണ്. ഈ സഭയിൽ ഏറ്റവും കൂടുതൽ ഭേദഗതികൾ കൊണ്ടുവന്ന നിയമങ്ങളിൽ ഒന്നാണ് മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട ഈ നിയമം എന്നാണ് എനിക്ക് തോന്നുന്നത്. പക്ഷെ നിർഭാഗ്യമെന്ന് പറയട്ടെ, ഭേദഗതികളോരോന്ന് വരുമ്പോഴും ഞാനുൾപ്പെടെ ഇതിനുമുമ്പും ഈ വിഷയം ഇവിടെ സംസാരിച്ചതാണ്. ഏറ്റവും കൂടുതൽ ചർച്ചകൾ നടന്നിട്ടുള്ളതും മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട കാര്യങ്ങളിലാണ്. പക്ഷെ 'വഞ്ചി ഇപ്പോഴും തിരുനക്കരതന്നെ'യെന്ന് പറഞ്ഞതുപോലെ അവിടത്തെ ജീവനക്കാരുടെ പ്രശ്നം, ക്ഷേത്രങ്ങളുടെ ദുരവസ്ഥ ഇതൊന്നും പരിഹരിക്കുന്നതിനുള്ള യാതൊരു ശ്രമവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. സ്വന്തമായി നിലനിൽക്കാൻ വരുമാനമില്ലാത്ത 1300 ഓളം ക്ഷേത്രങ്ങളുണ്ടെന്ന് ഇവിടെ സൂചിപ്പിച്ചു, വിരലിലെണ്ണാവുന്ന ക്ഷേത്രങ്ങൾക്കാണ് സ്വന്തമായി വരുമാനമുള്ളത്. ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ വളരെ പരിമിതമാണ്. ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. ആ പരിമിതമായ ആനുകൂല്യങ്ങൾപോലും കൊടുക്കുന്നില്ല. ഇവിടെ ശ്രീ. വി. എസ്. ശിവകുമാർ സൂചിപ്പിച്ചു, അവർക്കുപോലും സമയാസമയത്ത് ശമ്പളം ലഭ്യമാക്കുന്ന സാഹചര്യം ഇന്ന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നില്ല. ഗോപാലകൃഷ്ണൻ കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് ഒരു നിയമവും കൊണ്ടുവരാൻ ഈ ഗവൺമെന്റ് തയ്യാറല്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇത്തരം കാര്യങ്ങളിലൊന്നും താല്പര്യമില്ല. സി.പി.ഐ.(എം)-നെ സംബന്ധിച്ചിടത്തോളം ക്ഷേത്രങ്ങളോട് താല്പര്യമുണ്ട്. അവരുടെ നോമിനികളെ; ഏത് ഭാഗത്തുനിന്ന് വന്നവരായാലും അവർക്കുള്ള അഭയ കേന്ദ്രങ്ങളാക്കി ക്ഷേത്രം കമ്മിറ്റികളെ മാറ്റുന്ന കാര്യത്തിൽ അവർക്ക് വലിയ താല്പര്യമുണ്ട്. ആ താല്പര്യത്തിന്റെ ഭാഗമായിട്ടാണ് ഇവിടെയും ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. അതല്ലാതെ ഈ ഗവൺമെന്റ് വന്നതിനുശേഷം ക്ഷേത്രങ്ങൾ സംരക്ഷിക്കുന്നതിന് ഒരു നിലപാടും എടുത്തിട്ടില്ല. ക്ഷേത്രങ്ങളുടെ കാര്യത്തിൽ സി.പി.ഐ.(എം) എടുക്കുന്ന നിലപാടും ബി.ജെ.പി. എടുക്കുന്ന നിലപാടും നോക്കിയാൽ നമുക്കത് മനസ്സിലാകും. ബി.ജെ.പി.-യും സി.പി.ഐ.(എം)-ഉം യഥാർത്ഥത്തിൽ ഒരു നാണയത്തിന്റെ രണ്ടുവശങ്ങളാണ്. സി.പി.ഐ.(എം)-നെ സംബന്ധിച്ചിടത്തോളം എങ്ങനെ ക്ഷേത്രങ്ങളുടെ അധികാരസ്ഥാനങ്ങളിൽ കയറിപ്പറ്റാൻ സാധിക്കും; അതല്ലെങ്കിൽ ക്ഷേത്രങ്ങളുടെ അധികാരം ബി.ജെ.പി. പിടിച്ചെടുക്കുമ്പോൾ അതെങ്ങനെ കൗണ്ടർ ചെയ്യാൻ സാധിക്കുമെന്നുള്ള

കാര്യങ്ങളെക്കുറിച്ചാണ് എപ്പോഴും ആലോചിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ബി.ജെ.പി. ശോഭായാത്ര നടത്തുമ്പോൾ അതിനെതിരായി ഒരു മതേതര കൂട്ടായ്മയ്ക്കുപകരം ഇവിടത്തെ ഹിന്ദുക്കളെ സംഘടിപ്പിച്ചുകൊണ്ട് കേരളത്തിലെ കമ്മ്യൂണിസ്റ്റുകാർ സാംസ്കാരിക ഘോഷയാത്ര നടത്തുന്നത്. ഇത് നമ്മളെയൊക്കെ വേദനിപ്പിക്കുന്ന ഒരു കാര്യമാണ്. അതുപോലെ ക്ഷേത്രം കമ്മിറ്റികളിൽ പാർട്ടിയുടെ സ്വാധീനമുണ്ടാകണം; ക്ഷേത്രം കമ്മിറ്റി തെരഞ്ഞെടുപ്പുകളിൽ പാർട്ടിയുടെ ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കണം; ക്ഷേത്രം കമ്മിറ്റികൾ പിടിച്ചെടുക്കണമെന്നുള്ള നിർദ്ദേശം കമ്മ്യൂണിസ്റ്റ് പാർട്ടി നൽകുന്നത് ചിലപ്പോൾ കേരളത്തിൽ മാത്രമായിരിക്കും. ബി.ജെ.പി.-യും ഇതാണ് ചെയ്യുന്നത്. പാർട്ടിയെ വളർത്തുന്നതിനുവേണ്ടി ബി.ജെ.പി. ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് ക്ഷേത്രങ്ങളെയാണ്. ബാബറി മസ്ജിദ്-അയോദ്ധ്യാ രാമജന്മഭൂമിയുമായി ബന്ധപ്പെട്ട വിധിയൊക്കെ വന്ന സാഹചര്യത്തിലാണ് നമ്മൾ നിൽക്കുന്നത്. 1984-ന് ശേഷമുള്ള ചരിത്രമെടുത്താൽ, 1984-ലെ തെരഞ്ഞെടുപ്പിൽ കേവലം രണ്ട് സീറ്റിൽ ഒതുങ്ങിയ ബി.ജെ.പി. പിന്നീട് അതിന്റെ വളർച്ചയ്ക്കുവേണ്ടി ഏറ്റവും കൂടുതൽ ഉപയോഗിച്ചത് രാമജന്മഭൂമി പ്രശ്നം തന്നെയാണെന്നുള്ളത് അതിന്റെ വളർച്ചയുടെ നാൾവഴികളെടുത്ത് പരിശോധിച്ചാൽ ബോദ്ധ്യമാകും. ബി.ജെ.പി.- യെ സംബന്ധിച്ചിടത്തോളം ക്ഷേത്രങ്ങൾ നന്നാക്കലൊന്നും അവരുടെ അജണ്ടയല്ല. അങ്ങനെ ക്ഷേത്രത്തിനോട് വല്ല സ്നേഹവുമുണ്ടെങ്കിൽ അയോധ്യയിലെ ശിലാന്യാസം നടക്കുന്ന ഘട്ടത്തിൽ ശിലകളും ഇഷ്ടികകളുമൊക്കെ കേരളത്തിൽനിന്ന് അങ്ങോട്ട് കൊണ്ടുപോകേണ്ട കാര്യമില്ല. നമ്മുടെ നാട്ടിൽത്തന്നെ ഒരുപാട് ക്ഷേത്രങ്ങളിൽ...., മലബാറിലെ ക്ഷേത്രങ്ങളുടെ ദുരവസ്ഥ നോക്കിക്കഴിഞ്ഞാൽ ബി.ജെ.പി.-യുടെ ഏതെങ്കിലും ഒരു കമ്മിറ്റി കേരളത്തിലെ ഒരു ക്ഷേത്രം നന്നാക്കുന്നതിന് ഒരു ഇഷ്ടികയെങ്കിലും കൊടുത്ത ചരിത്രമുണ്ടോ? ഇല്ല. അപ്പോൾ ക്ഷേത്രങ്ങൾ നന്നാക്കലല്ല ബി.ജെ.പി.-യുടെ ലക്ഷ്യം. ക്ഷേത്രത്തിലൂടെ അധികാരത്തിലെത്തുവാൻ ഇന്ത്യയിലെ ഹൈന്ദവ വർഗ്ഗീയത എങ്ങനെ വിനിയോഗിക്കാമെന്ന് ഏറ്റവും നന്നായി മനസ്സിലാക്കുകയും അത് വിനിയോഗിക്കുകയും ചെയ്തവരാണ് ഇന്ത്യയിലെ ബി.ജെ.പി.-ക്കാർ. ഓരോ കാര്യങ്ങളുമെടുത്ത് പരിശോധിച്ചാൽ നമുക്കത് ബോദ്ധ്യമാകും. ഇവിടെ സി.പി.ഐ.(എം)-ഉം ചെയ്യുന്നത് അതാണ്. കേരളത്തിൽ ഹൈന്ദവ വോട്ടുകളിൽ നല്ലൊരു ശതമാനം സി.പി.ഐ.(എം)-നോടൊപ്പം നിൽക്കുന്നവരാണെന്ന് ധരിക്കുന്നവരാണവർ. അതുകൊണ്ട് ബി.ജെ.പി. വളരുന്നത് സി.പി.ഐ.(എം)-ന് തളർച്ചയാകുമോ എന്ന് ഭയപ്പെട്ടാണ് ശോഭായാത്രയ്ക്കുപകരം സാംസ്കാരികയാത്രയും അതോടൊപ്പംതന്നെ ക്ഷേത്രം കമ്മിറ്റികൾ പിടിച്ചെടുക്കാനുമൊക്കെയുള്ള നിർദ്ദേശം നൽകുന്നത്. ആ രീതിയിൽ ഇന്ന് യഥാർത്ഥത്തിൽ രാഷ്ട്രീയ

കാര്യങ്ങൾക്കുവേണ്ടി ഇത്തരം ദേവസ്വം ബോർഡുകളെ വിനിയോഗിക്കുക എന്നതിനപ്പുറത്ത് ദേവസ്വം ബോർഡിന്റെ പ്രശ്നങ്ങളും പ്രയാസങ്ങളുമൊന്നും മനസ്സിലാക്കാനോ പരിഹരിക്കാനോ ഗവൺമെന്റ് തയ്യാറല്ല. ഈ വർഷത്തെ പ്ലാൻ ഫണ്ട് ആറുമാസക്കാലം കഴിഞ്ഞിട്ടും വേണ്ട രീതിയിൽ കൊടുത്തിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. നോൺ പ്ലാൻ ഫണ്ടും കൊടുത്തിട്ടില്ല. ഈ രീതിയിൽ ദേവസ്വം ബോർഡുകളെ നിഷ്ക്രിയമാക്കുന്ന പ്രവർത്തനങ്ങൾ ഒരു ഭാഗത്ത് നടക്കുകയും എന്നാൽ ഇതിന്റെയൊക്കെ അധികാരസ്ഥാനങ്ങളിൽ സി.പി.ഐ.(എം) നേതാക്കളെ വയ്ക്കുന്നതിനുംവേണ്ടിയാണ് ഇത്തരം ബില്ലുകളൊക്കെ ഇവിടെ ഉണ്ടാക്കിയെടുക്കുന്നത് എന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല.

കഴിഞ്ഞദിവസം സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിന്റെ ചർച്ചാവേളയിൽ, യാതൊരു കാര്യവുമില്ലാത്ത ഒരു പരാമർശം ശ്രീ. എ. എൻ. ഷംസീർ നടത്തി. ഞാൻ അതിനെക്കുറിച്ച് ഒരു മറുപടി പറയുന്നത് സഭാരേഖയിലുണ്ടാകണമെന്ന് എനിക്ക് തോന്നി. അദ്ദേഹം അന്ന് സംസാരിച്ച ഒരു കാര്യം, പന്ത്രണ്ടാം ക്ലാസിലെ കുട്ടികൾ പരാജയപ്പെട്ടുകഴിഞ്ഞാൽ സ്ഥലം വിട്ടുപോകുന്ന ഏർപ്പാട് ഞങ്ങളുടെ നാട്ടിലുണ്ട്; അതുപോലെ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട് ശ്രീ. രാഹുൽ ഗാന്ധി അധികാരം വിട്ടൊഴിഞ്ഞ് രാജ്യം വിട്ടുപോയി എന്നാണ് പറഞ്ഞത്. ശ്രീ. എ. എൻ. ഷംസീറിനെപ്പോലെയുള്ള ചെറുപ്പക്കാർ ഇങ്ങനെയൊക്കെ പറയുമ്പോൾ എനിക്ക് പ്രയാസം തോന്നാറുണ്ട്. മാവോയിസ്റ്റ് കൊലപാതകവുമായി ബന്ധപ്പെട്ട് ഏറ്റവും തീവ്രമായി സംസാരിച്ചത് ശ്രീ. എം. സ്വരാജാണ്. ഞാൻ അദ്ദേഹത്തിൽനിന്ന് അത് പ്രതീക്ഷിച്ചതല്ല. 70 വയസ്സ് കഴിഞ്ഞ അംഗങ്ങൾ അത് പറഞ്ഞാൽ മനസ്സിലാക്കാം. പക്ഷെ ചെറുപ്പക്കാരിൽനിന്ന് അതല്ല മനസ്സിലാക്കേണ്ടത്. ഗവൺമെന്റിനിടയിൽ ഒരു തിരുത്തൽ ശക്തിയായി നിൽക്കേണ്ട ചെറുപ്പക്കാർ, ആ തിരുത്തൽ ശക്തിയായി മാറുന്നില്ലെന്ന് കാണുമ്പോഴുള്ള വേദനയാണ് ഞാൻ പങ്കുവയ്ക്കുന്നത്. അത്തരം കാര്യങ്ങളിൽ ലീഡർഷിപ്പിനോട് പറഞ്ഞിട്ടാണെങ്കിലും ഞങ്ങൾ ഇതൊക്കെ പറയുമെന്ന് പറയാനെങ്കിലും നിങ്ങൾക്ക് കഴിയണം. ചെറുപ്പത്തിൽത്തന്നെ ജരാനര ബാധിച്ച്, വാർദ്ധക്യം ബാധിക്കുന്ന സാഹചര്യമുണ്ടാകുകയെന്നത് കഷ്ടമാണ്. യഥാർത്ഥത്തിൽ ശ്രീ. എ. എൻ. ഷംസീറിനും ശ്രീ. എം. സ്വരാജിനും ശ്രീ. റ്റി.വി. രാജേഷിനുമൊക്കെ ചെറുപ്പത്തിൽത്തന്നെ വാർദ്ധക്യം ബാധിച്ചുപോയോ എന്ന് സംശയിക്കേണ്ട ഒരു സ്ഥിതിയിൽ നിൽക്കുകയാണ്. പുരാണത്തിൽ യയാതി എന്ന കഥാപാത്രമുണ്ട്. മകന്റെ യൗവ്വനം വാങ്ങിക്കൊണ്ട് യുവത്വം നേടുന്നു. യഥാർത്ഥത്തിൽ ഇവരുടെയൊക്കെ യൗവ്വനം പാർട്ടിക്കും

മുഖ്യമന്ത്രിക്കും കൊടുക്കുകയാണോ എന്നാണ് എന്റെ സംശയം. ശ്രീ. എ. എൻ. ഷംസീർ പറഞ്ഞ കാര്യത്തിലേയ്ക്ക് ഞാൻ തിരിച്ചുവരികയാണ്. ശ്രീ. രാഹുൽ ഗാന്ധി രാജിവച്ചുപോയി എന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അദ്ധ്യക്ഷനായിരുന്ന അദ്ദേഹം. അദ്ദേഹം പാർട്ടിയുടെ ഭാരവാഹിയായിരുന്ന സമയത്താണ് ഒന്നാം യു.പി.എ. ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. അദ്ദേഹത്തിന് വേണമെങ്കിൽ കേന്ദ്ര മന്ത്രിയാകാമായിരുന്നു. രണ്ടാം യു.പി.എ. ഗവൺമെന്റ് വന്നപ്പോൾ ശ്രീ. രാഹുൽ ഗാന്ധി അധികാരം ഏറ്റെടുക്കണമെന്ന് പാർട്ടിയിൽ പലരും പറഞ്ഞു. വേണമെങ്കിൽ അദ്ദേഹത്തിന് ഇന്ത്യയുടെ പ്രധാനമന്ത്രിവരെ ആകാമായിരുന്നു. അദ്ദേഹം അതൊന്നുമായില്ല. അധികാരത്തിൽനിന്ന് അകന്നുനിൽക്കാനാണ് അദ്ദേഹം ശ്രമിച്ചത്. വളർന്നുവരുന്ന ഒരു നേതാവിനെ എന്തെല്ലാം ചെയ്യാൻ കഴിയുമോ; പറയാൻ കഴിയുമോ അങ്ങനെയൊക്കെ പറഞ്ഞ് ബി.ജെ.പി. ആക്ഷേപിച്ചു. നിങ്ങളും അതിന് കൂട്ടുപിടിച്ചു. പക്ഷെ ശ്രീ. രാഹുൽ ഗാന്ധി അതിനൊക്കെ അപ്പുറത്തേയ്ക്ക് വളരുന്നത് നമ്മൾ കാണുകയുണ്ടായി. പിന്നീട് ശ്രീ. രാഹുൽ ഗാന്ധി എ.ഐ.സി.സി. പ്രസിഡന്റായി. അദ്ദേഹം തെരഞ്ഞെടുപ്പിനെ നേരിട്ടു. രാജ്യം മുഴുവൻ അദ്ദേഹം സഞ്ചരിച്ച്, പ്രധാനമന്ത്രി പങ്കെടുത്ത യോഗങ്ങളെക്കാൾ കൂടുതൽ യോഗങ്ങളിൽ പങ്കെടുത്ത്, ഇന്ത്യയിലെ പ്രതിപക്ഷ ഏകോപനത്തിന് നേതൃത്വം നൽകിയതൊക്കെ നമ്മൾ കണ്ടതാണ്. തെരഞ്ഞെടുപ്പിൽ തോറ്റു, എങ്ങനെ തോറ്റുവെന്നതിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. തെരഞ്ഞെടുപ്പിൽ തോറ്റു, അത് യാഥാർത്ഥ്യമാണ്. ഇന്ത്യൻ ജനാധിപത്യത്തിൽ കാണാൻ കഴിയാത്ത കാര്യമെന്താണ്. അധികാരത്തിലെത്തിക്കഴിഞ്ഞാൽ ആ അധികാരത്തിൽ നിന്ന് പുറത്തുപോകുവാനോ അധികാരക്കസേര ഒഴിവാക്കുവാനോ ആരെങ്കിലും തയ്യാറാകാറുണ്ടോ? മരണം വരെ അധികാരം തുടരണമെന്ന് ആഗ്രഹിക്കുന്ന വർത്തമാനകാല ഇന്ത്യൻ രാഷ്ട്രീയം ഏറ്റവും അപചയത്തിൽ നിൽക്കുന്ന കാലഘട്ടത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായിരുന്ന ശ്രീ. രാഹുൽ ഗാന്ധി, ഇന്ത്യയിലെ കോൺഗ്രസിന്റെ തോൽവി, അത് ഏതെങ്കിലും സംസ്ഥാനങ്ങളിലെ നേതാക്കളുടെ ചുമലിൽ കെട്ടിവയ്ക്കാതെ ഞാൻ അതിന്റെ ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ധാർമ്മികത ഉയർത്തിപ്പിടിച്ചുകൊണ്ട് രാജിവയ്ക്കുമ്പോൾ ശ്രീ. എ. എൻ. ഷംസീറിനെപ്പോലെയുള്ള നേതാക്കൾ അതിന്റെ മൂല്യം കാണുവാൻ തയ്യാറാകണം. ജനാധിപത്യത്തിൽ എല്ലാ കാര്യങ്ങളും ഇങ്ങനെ കണ്ണടച്ച് ആക്ഷേപിക്കരുത്. ശ്രീ. രാഹുൽ ഗാന്ധിയെപ്പോലെ ഒരു നേതാവ് എ.ഐ.സി.സി. പ്രസിഡന്റ് സ്ഥാനം രാജിവയ്ക്കാൻ തയ്യാറാകുമ്പോൾ അതിനെ പരമപുച്ഛത്തോടെയാണ് നിങ്ങൾ കാണുന്നത്. അധികാര രാഷ്ട്രീയത്തിൽനിന്ന്

മാറിനിൽക്കാൻ അദ്ദേഹം തയ്യാറായി. ആ ഒരു ധാർമ്മികത രാഷ്ട്രീയത്തിന്റെ ഒരു വലിയ മൂല്യമായി കാണുന്നതിനുപകരം തിരിച്ചാണ് പറഞ്ഞത്. പിന്നീട് പറഞ്ഞത്, കോൺഗ്രസിന്റെ പരിപാടിയിൽ എവിടെയും അദ്ദേഹം വന്നില്ലെന്നാണ്. എ.ഐ.സി.സി. പ്രസിഡന്റ് സ്ഥാനം രാജിവച്ചെങ്കിലും അദ്ദേഹം ഹൈക്കമാന്റിന്റെ ഭാഗമാണ്.

ഗാന്ധിജിയുടെ 150-ാം ജയന്തി ആഘോഷിക്കുമ്പോൾ ഡൽഹിയിൽ സംഘടിപ്പിച്ച കോൺഗ്രസ് സമ്മേളനത്തിൽ അദ്ദേഹം പങ്കെടുത്തു. അങ്ങ് സഭയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഹരിയാന, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പ് യോഗങ്ങളിൽ അദ്ദേഹം പങ്കെടുത്തില്ലായെന്ന് പറഞ്ഞു. അദ്ദേഹം പോയിട്ടുണ്ടെന്നുള്ളത് അങ്ങേയ്ക്കറിയാം. ഹരിയാനയിൽ ഏതാണ്ട് അഞ്ച് യോഗങ്ങളിൽ സംസാരിച്ചിട്ടുണ്ട്. അഞ്ച് പൊതുയോഗങ്ങളിൽ ശ്രീ. രാഹുൽ ഗാന്ധി പ്രസംഗിച്ചു. മഹാരാഷ്ട്രയിലും അദ്ദേഹം പോയി. ഹരിയാനയിൽ യാതൊരു തയ്യാറെടുപ്പുമില്ലാതെ പങ്കെടുത്ത ഒരു പൊതുയോഗത്തിൽ 70000-ത്തോളം ആളുകൾ പങ്കെടുത്തുവെന്ന് വാർത്താ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. അത് യഥാർത്ഥത്തിൽ ഹരിയാനയിലുണ്ടായ മുന്നേറ്റമായി കാണാൻ കോൺഗ്രസ്സിന് പോലും കഴിഞ്ഞില്ലെന്നുള്ളത് ഞാൻ അംഗീകരിക്കുന്നു.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, അങ്ങ് മരണംവരെ അധികാര സ്ഥാനത്തിരിക്കാതെ, അധികാരമില്ലാതെ മാറി നിൽക്കുന്ന ശ്രീ. രാഹുൽ ഗാന്ധിയുടെ മൂല്യത്തെക്കുറിച്ചാണ് പറയുന്നത്. ശ്രീ. രാഹുൽ ഗാന്ധി എ.ഐ.സി.സി.-യുടെ പ്രസിഡന്റായിരുന്നു. അദ്ദേഹംകൂടി നേതൃത്വം കൊടുക്കുന്ന പാർട്ടിയുടെ കേരളത്തിലെ കെ.പി.സി.സി.-യുടെ പട്ടികയിൽ മരണാനന്തരം വരെ ഇരിക്കുന്ന ആളുകളെ ഒഴിവാക്കുന്നതിനുള്ള നടപടി അദ്ദേഹം സ്വീകരിക്കുമെന്ന് തോന്നുന്നുണ്ടോ?

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ശ്രീ. രാഹുൽ ഗാന്ധി കഴിവുകുറഞ്ഞ ആളാണെന്ന അഭിപ്രായമൊന്നും എനിക്കില്ല. Sycophancy എന്ന ഒരു വാക്ക് ഇംഗ്ലീഷിലുണ്ട്, ശ്രീ. രാഹുൽ ഗാന്ധി സ്തുതിപാഠകരുടെ തടവറയിലാണ്. ഈ രാജ്യത്ത് ബി.ജെ.പി. കഴിഞ്ഞാൽ ഏറ്റവും വലിയ പാർട്ടി കോൺഗ്രസ് തന്നെയാണ്. ആ കോൺഗ്രസ്സിന്റെ നേതൃനിരയിൽ കാലഘട്ടം ആവശ്യപ്പെടുന്ന ഘട്ടത്തിൽ നേതൃത്വം കൊടുക്കാതെ ഒളിച്ചോടിയതിനെപ്പറ്റിയാണ് ഞാൻ പരാമർശിച്ചത്. നിങ്ങൾ ഇപ്പോൾ അദ്ദേഹത്തെ ഒരു ബുദ്ധനെപ്പോലെ അവതരിപ്പിക്കാൻ ശ്രമിക്കുകയാണ്. രാജ്യം കോൺഗ്രസ്സിന്റെ നേതൃത്വം

ആവശ്യപ്പെടുന്ന ഘട്ടത്തിൽ ഒളിച്ചോടിപ്പോയ നേതാവാണ് ശ്രീ. രാഹുൽ ഗാന്ധിയെന്ന അഭിപ്രായമുണ്ട്. ആ അഭിപ്രായം ഇപ്പോൾ ഞാൻ പറഞ്ഞുവെന്നേയുള്ളൂ. അദ്ദേഹത്തെ തിരുത്തേണ്ടത് നിങ്ങളാണ്. കേരളത്തിൽ നിന്നും കോൺഗ്രസ്സിന്റെ നേതൃസ്ഥാനത്തിരിക്കുന്നവർ ഇവിടെയുണ്ട്. അദ്ദേഹത്തോട് നേതൃത്വമേറ്റെടുത്ത് ഇന്ത്യയിലെ എല്ലാ സെക്യുലർ ഫോഴ്സുകളെയും യോജിപ്പിക്കാൻ ആവശ്യപ്പെടണം. ആ സെക്യുലർ ഫോഴ്സുകളെ യോജിപ്പിക്കേണ്ട ഘട്ടത്തിൽ നിങ്ങളുടെ നിലപാട് എന്തായിരുന്നു. ഇവിടെ ഒരു മഹാഗഢ്ബന്ധൻ ഉണ്ടാക്കിക്കൊണ്ട് ബി.ജെ.പി.-യെ നേരിടാൻ പോകുന്ന ഘട്ടത്തിൽ അദ്ദേഹത്തിന് ചുറ്റുമുള്ള ആളുകൾ കൊടുത്ത തെറ്റായ ഉപദേശത്തിന്റെ ഭാഗമായി വയനാട്ടിൽ വന്ന് മത്സരിച്ചു. അതിനേറ്റ തിരിച്ചടിയല്ലേ നിങ്ങൾ തെരഞ്ഞെടുപ്പിൽ നേരിട്ട കനത്ത പരാജയം?

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, ശ്രീ. എ. പി. അനിൽ കുമാർ വിശദീകരിച്ചുകൊണ്ടിരുന്നത് ഞങ്ങളുടെ ഭാഗത്തുനിന്ന് ആരൊക്കെയോ ശ്രീ. രാഹുൽ ഗാന്ധിയെ ആക്ഷേപിച്ചുകൊണ്ട് സംസാരിച്ചുവെന്നുള്ള നിലയിലാണ്. എനിക്ക് അങ്ങനെയാണെന്ന് തോന്നിയിട്ടില്ല. സത്യത്തിൽ സങ്കടംകൊണ്ട് പറഞ്ഞതാണ്. അദ്ദേഹം കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒരു മതേതര പ്രതിപക്ഷത്തിന്റെ നേതാവായിട്ടാണല്ലോ ഇന്ത്യയിലാകെ യാത്ര ചെയ്തുവെന്ന് പറഞ്ഞത്. അദ്ദേഹത്തിന്റെ കഴിവിനനുസരിച്ച് പരമാവധി ശ്രമിച്ചിട്ടുണ്ട്. പക്ഷെ, പത്രങ്ങളിൽ വന്നത്, എന്നോടൊപ്പം കോൺഗ്രസ് നിന്നില്ല, പല നേതാക്കന്മാരും നിന്നില്ല. റാഫേൽ അഴിമതിയുടെ കാര്യത്തിൽ ഞാൻ ഒറ്റപ്പെട്ടുവെന്ന് അദ്ദേഹം ദു:ഖത്തോടെ പറഞ്ഞു എന്നാണ്. ആ ദുർബലമായ അവസ്ഥയിൽനിന്ന് കോൺഗ്രസ്സിനെ രക്ഷപ്പെടുത്താൻ ശ്രമിക്കാതെ അദ്ദേഹം ഈ ഘട്ടത്തിൽ നേതൃത്വം ഉപേക്ഷിച്ചുപോയി എന്നുള്ളതാണ് പ്രശ്നം. അദ്ദേഹം അവസാനം നടത്തിയ ശ്രമം എന്താണ്? അങ്ങ് പറഞ്ഞതുപോലെ രാജിയിലൂടെ, അധികാരം ഉപേക്ഷിച്ച് മറ്റൊരു പി.സി.സി.-യുടെ മേലെയും ഉത്തരവാദിത്തം ഏൽപ്പിക്കാതെ ഒരു മാതൃകയാകാൻ ശ്രമിച്ചെങ്കിൽ, കോൺഗ്രസ്സിന്റെതന്നെ മുന്നേറ്റത്തിന് പ്രതിബന്ധമായി നിൽക്കുന്ന ആളുകൾ ആ മാതൃക പിന്തുടരുമെന്ന് കരുതിയ അദ്ദേഹത്തെ നിങ്ങൾ വീണ്ടും പറ്റിച്ചു. തോൽവികൾ ഏറ്റുവാങ്ങാൻ മാത്രം ചന്തുവിന്റെ ജന്മം ഇനി ബാക്കിയെന്ന് പറഞ്ഞതുപോലെ അദ്ദേഹത്തെ നിങ്ങൾ എല്ലാ നിലയിലും പറ്റിച്ചു അതാണ് സംഭവിച്ചത്. അതേക്കുറിച്ച് അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങും ശ്രീ. എ. എൻ. ഷംസീറും സൂചിപ്പിച്ച കാര്യം ഒന്നുതന്നെയാണ്. അദ്ദേഹം ആരെയും കുറ്റപ്പെടുത്തിയില്ല. വാർത്തകളിലും മാധ്യമങ്ങളിലും എന്താണ് വന്നതെന്ന് അറിയില്ല. ഇത്തരത്തിൽ അദ്ദേഹം എവിടെയും പറഞ്ഞിട്ടില്ല. ഏതെങ്കിലും പത്രത്തിൽ വന്നതായി നിങ്ങൾക്ക് പറയാൻ കഴിയുമോ? അദ്ദേഹം നേരിട്ട് മാധ്യമ സുഹൃത്തിനോടോ, മാധ്യമ പ്രവർത്തകരോടോ ഒന്നും പറഞ്ഞിട്ടില്ല. ഉത്തരവാദിത്തം ഞാൻ ഏറ്റെടുക്കുന്നുവെന്നാണ് പറഞ്ഞത്. അദ്ദേഹം അത് ഏറ്റെടുത്തു, ആരെയും കുറ്റപ്പെടുത്താനും പോയിട്ടില്ല. അതുകൊണ്ട് അദ്ദേഹം രാജിവച്ചു. അദ്ദേഹം എവിടെയും പോയിട്ടില്ല. തെരഞ്ഞെടുപ്പ് കഴിഞ്ഞ് ആറ് മാസം പിന്നിട്ടതിനുശേഷം കോൺഗ്രസ് നടത്തുന്ന ഏറ്റവും പ്രധാനപ്പെട്ട പരിപാടിയായ ഗാന്ധിജിയുടെ 150-ാമത് ജയന്തിയോടനുബന്ധിച്ച് ഡൽഹിയിൽ ചേർന്ന യോഗത്തിൽ അദ്ദേഹം പങ്കെടുത്ത് സംസാരിച്ചു. പിന്നീട് വന്നത് ഹരിയാനയിലെയും മഹാരാഷ്ട്രയിലെയും പൊതു തെരഞ്ഞെടുപ്പുകളാണ്. ആ രണ്ട് തെരഞ്ഞെടുപ്പുകളിലും പൊതു യോഗങ്ങളിൽ പങ്കെടുത്തുകൊണ്ട് കോൺഗ്രസിനു വേണ്ടി, ഹൈക്കമാന്റിന്റെ ഭാഗമായി പ്രധാനമായും സംസാരിച്ചത് ശ്രീ. രാഹുൽ ഗാന്ധി ആണ്. അദ്ദേഹം രാജിവച്ചെങ്കിലും പാർട്ടിയുടെ ഭാഗമാണ്, ഹൈക്കമാന്റിന്റെ ഭാഗമാണ്. നിരന്തരം ഇത്തരം കാര്യങ്ങളിൽ ബന്ധപ്പെടുന്നുണ്ട്. അദ്ദേഹത്തിന്റെ പാർലമെന്റ് നിയോജകമണ്ഡലത്തിലും കാര്യങ്ങൾ നോക്കുന്നുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട എ. പ്രദീപ് കുമാർ പറഞ്ഞ അഭിപ്രായത്തോടല്ല എനിക്ക് യോജിപ്പുള്ളത്. കോൺഗ്രസ്സിന്റെ നേതൃത്വത്തിലേയ്ക്ക് അദ്ദേഹത്തെ കൊണ്ടുവരാൻ പാടില്ലായിരുന്നു. കാരണം അദ്ദേഹത്തിന്റെ മനസ് വളരെ ജോളി ടൈപ്പാണ്. സീരിയസായ പൊളിറ്റിക്സ് കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് പറ്റില്ല. സ്വാഭാവികമായും തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ അദ്ദേഹത്തിന് താങ്ങാൻ പറ്റാത്ത രൂപത്തിലുള്ള ബാധ്യതയാണ് ഏറ്റെടുക്കേണ്ടി വന്നത്. അദ്ദേഹം ഈ ഭാരം താങ്ങാൻ കഴിയാതെ വല്ലാത്ത മാനസികാവസ്ഥയിലായിരുന്നു. ഇത് ഞാൻ വെറുതെ പറയുന്നതല്ല. താങ്ങാൻ പറ്റാത്ത രൂപത്തിലുള്ള ടെൻഷൻ അദ്ദേഹത്തിനുണ്ടായിരുന്നു. നിങ്ങളുടെ കളക്ടീവായിട്ടുള്ള ഇടപെടലോ, സപ്പോർട്ടോ അദ്ദേഹത്തിന് ലഭിച്ചിട്ടില്ല. നേരെമറിച്ച് കുടുംബത്തിന്റെ പേരിൽ, എല്ലാം

അദ്ദേഹത്തിന്റെ തലയിൽ വച്ച് കഴിഞ്ഞാൽ രക്ഷപ്പെടുമെന്നാണ് നിങ്ങൾ വിചാരിച്ചത്. അങ്ങനെ ഇന്ത്യൻ പൊളിറ്റിക്സിൽ ഇനി രക്ഷപ്പെടാൻ പറ്റില്ല. അങ്ങാണെങ്കിൽ ദളിത് പൊളിറ്റിക്സ് വളരെ സമർത്ഥമായി കൈകാര്യം ചെയ്യുന്ന ബുദ്ധിയുള്ള കോൺഗ്രസ്സുകാരനാണെന്ന എന്റെ ധാരണയുടെ പുറത്താണ് ഞാൻ പറയുന്നത്. ഇനിയെങ്കിലും നിങ്ങൾ വളരെ ഗൗരവത്തിൽ രാഷ്ട്രീയത്തെ കാണണം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങ് തമാശ രൂപത്തിൽ പറഞ്ഞതായാലും കുറേക്കാലം ഇന്ത്യയിൽ ബി.ജെ.പി. ബോധപൂർവ്വം പറഞ്ഞ ചില കാര്യങ്ങളാണിത്. അങ്ങ് വീണ്ടും അതുതന്നെ ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ശ്രീ. രാഹുൽ ഗാന്ധി കഴിവും പ്രാഗത്ഭ്യവും തെളിയിച്ച നേതാവാണ്. അദ്ദേഹത്തിന്റെ ഒരുപാട് സന്ദർശനങ്ങളിലും സംസാരങ്ങളിലും ബോധ്യപ്പെടുത്തിയതുമാണ്. അത്തരം പ്രചരണം അങ്ങ് നടത്തുന്നത് യഥാർത്ഥത്തിൽ ബി.ജെ.പി.-യെ സഹായിക്കാൻ മാത്രമെ ഉപകരിക്കൂ. ഞാൻ പറഞ്ഞ കാര്യങ്ങളിലൊക്കെ ശ്രീ. രാഹുൽഗാന്ധി പങ്കെടുത്തതാണ്. പൊതുതെരഞ്ഞെടുപ്പിൽ കോൺഗ്രസ് പരാജയപ്പെട്ടിട്ട് ആറ് മാസമേ ആകുന്നുള്ളൂ. എല്ലാം ഇതോടുകൂടി തീർന്നുവെന്ന് പറഞ്ഞ് ഈ ആറുമാസക്കാലത്തിനിടയിൽ കോൺഗ്രസ്സിനെ പൂർണ്ണമായും തള്ളിപ്പറഞ്ഞവരാണല്ലോ നിങ്ങളൊക്കെ. നിങ്ങൾ ഹരിയാന, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് ഫലം പരിശോധിക്കണം. ആറ് മാസം കഴിഞ്ഞില്ല. മഹാരാഷ്ട്രയിൽ ഫഡ്നാവിസ് മുഖ്യമന്ത്രിയെപ്പറ്റി പറഞ്ഞത്, മഹാരാഷ്ട്രയുടെ നരേന്ദ്ര മോദി എന്നാണ്. സ്വന്തമായി ഭൂരിപക്ഷം നേടി അധികാരത്തിൽ വരുമെന്നാണ് പറഞ്ഞത്. ഇപ്പോഴത്തെ സ്ഥിതി എന്താണ്? അധികാരത്തിന് പുറത്താണ്. കോൺഗ്രസ് അവിടെയൊന്നുമുണ്ടാകില്ലെന്നാണ് പറഞ്ഞത്. ബഹുമാന്യനായ ശ്രീ. കെ.എൻ.എ. ഖാദർ അദ്ദേഹത്തിന്റെ ആശങ്കയാണ് പറഞ്ഞത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം അദ്ദേഹം ആശങ്ക പങ്കുവച്ചത് എത്രയും പെട്ടെന്ന് അധികാരത്തിൽ വരണമെന്ന് ആഗ്രഹിച്ചാണ്. ഹരിയാനയിൽ നടന്ന അഭിപ്രായ സർവ്വേയിൽ പല മാധ്യമങ്ങളും പറഞ്ഞത് കോൺഗ്രസ് രണ്ടക്കത്തിലേയ്ക്ക് പോകില്ലെന്നാണ്. അഞ്ച് ചാനലുകൾ നടത്തിയ എക്സിറ്റ് പോൾ സർവ്വേയിൽ പറഞ്ഞത് കോൺഗ്രസ് രണ്ടക്കം തികയ്ക്കില്ലായെന്നും മാക്സിമം 9 സീറ്റ് മാത്രമെ ലഭിക്കുകയുള്ളൂ എന്നുമാണ്. ഒരു പാർലമെന്റ് സീറ്റുപോലും ലഭിക്കാത്ത ഹരിയാനയിലാണ് 32 സീറ്റ് കോൺഗ്രസ് നേടിയതെങ്കിൽ, അവിടെ ഭരിക്കുന്ന ബി.ജെ.പി.-ക്ക് അധികാരം കിട്ടാത്ത സാഹചര്യമാണ്. ഒറ്റയ്ക്ക് ഭൂരിപക്ഷം നേടാൻ കഴിഞ്ഞില്ല. ഒരു അവിശുദ്ധ കൂട്ടുകെട്ടിലൂടെയാണ് ഹരിയാനയിൽ ബി.ജെ.പി. ഭരണം തുടരുന്നത്.

മഹാരാഷ്ട്രയുടെ നരേന്ദ്ര മോദി എന്ന് പറയുന്ന ഫഡ്നാവിസ് ഇന്ന് അധികാരത്തിൽനിന്ന് പുറത്താണ്. അവിടെ നൂറിലധികം സീറ്റ് എൻ.സി.പി.-യും കോൺഗ്രസ്സുംകൂടി ഒരുമിച്ച് നേടിയിട്ടുണ്ടെങ്കിൽ നിങ്ങൾക്ക് സംശയമൊന്നും വേണ്ട, കോൺഗ്രസ് അധികം വിദൂരമല്ലാത്ത സമയത്തുതന്നെ ശക്തമായ രീതിയിൽ തിരിച്ചുവരുമെന്നുള്ളതിന്റെ അടയാളങ്ങളായി നിങ്ങൾക്ക് ഇതൊക്കെ കാണേണ്ടിവരും. നിങ്ങൾ ഇങ്ങനെ ബി.ജെ.പി.-യെ പ്രകീർത്തിച്ചുകൊണ്ടിരിക്കു; ആറ് ഉപതെരഞ്ഞെടുപ്പ് നടന്ന ഗുജറാത്തിൽ മൂന്ന് സീറ്റുകളിൽ കോൺഗ്രസ് വിജയിച്ചുവെന്ന് പറഞ്ഞാൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിന്റെ മുന്നേറ്റമാണ് കാണാൻ കഴിയുന്നത്. അതുകൊണ്ട് സ്വാഭാവികമായും കോൺഗ്രസ് ശക്തമായ തിരിച്ചുവരവ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നടത്തുന്നുണ്ട്. അതിനാൽ ശ്രീ. രാഹുൽഗാന്ധി ഉൾപ്പെടുന്ന ഹൈക്കമാന്റിന്റെ നേതൃത്വത്തിൽ ത്തന്നെ മുന്നോട്ട് പോകുമെന്ന് സൂചിപ്പിക്കാൻ ഈ സന്ദർഭം വിനിയോഗിച്ചു എന്നേയുള്ളൂ.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, ബി.ജെ.പി.-ക്ക് എതിരായി കോൺഗ്രസ് കഴിയുന്നത്ര വേഗതയിൽ തിരിച്ചുവരട്ടെ. നിങ്ങൾ ഈ ബില്ലിലേയ്ക്ക് തിരിച്ചുവരണം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഈ ബില്ലിനെ സംബന്ധിച്ച് ആമുഖമായി പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ ബിൽ ക്ഷേത്രം സംരക്ഷിക്കാനുള്ള ബിൽ അല്ല. അതുകൊണ്ട് ഞാൻ അതിനകത്തുനിന്ന് എന്ത് പറയാനാണ്. എന്ത് പറഞ്ഞാലും ക്ഷേത്രങ്ങൾ സംരക്ഷിക്കാൻ ഒന്നും ചെയ്യാത്ത ഒരു മന്ത്രിക്ക് മുന്നിൽ മറ്റെന്ത് പറയാനാണ്. നിങ്ങൾക്ക് ഒ.കെ.വാസുവിനെ സംരക്ഷിക്കുവാൻ മാത്രമെ നേരമുള്ളൂ. ക്ഷേത്രം സംരക്ഷിക്കുവാൻ സമയമില്ല. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് വരുന്നില്ല.

ശ്രീ. പി. ടി. തോമസ്: സർ, ക്ഷേത്രങ്ങൾ സംരക്ഷിക്കാനായി വിശ്വരൂപം കാണിച്ച് ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്, ആർ.എസ്.എസ്.-ൽനിന്നും വന്ന ശ്രീ. ഒ. കെ. വാസുവിന് മലബാർ ദേവസ്വം ബോർഡിലെ കാലാവധി നീട്ടിക്കൊടുക്കുന്നു. എസ്.എഫ്.ഐ.-യുടെ യൂണിറ്റ് സെക്രട്ടറി മുതൽ ജില്ലാ സെക്രട്ടറിവരെ എത്തുകയും പിന്നീട് എം.എൽ.എ.-യുമായ ശ്രീ. എ. പത്മകുമാറിന് നിങ്ങൾ ഒരു ദിവസമെങ്കിലും കാലാവധി നീട്ടിക്കൊടുത്തോ; നിങ്ങൾക്ക് ആരോടാണ് സ്നേഹം; ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഒരു ബി.ജെ.പി. നേതാവ് സി.പി.ഐ.(എം)-ലേയ്ക്ക് വന്നിട്ട് അദ്ദേഹത്തെ സംരക്ഷിക്കാനായി ഒരു നിയമം സഭയിൽ കൊണ്ടുവരുന്നുവെന്ന് പറഞ്ഞാൽ സി.പി.ഐ.(എം) എവിടെ എത്തി നിൽക്കുന്നുവെന്നതിന്റെ ഏറ്റവും അപമാനകരമായ തെളിവായി നമുക്കതിനെ കാണാൻ കഴിയും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അത് വാക്കുപാലിക്കാൻവേണ്ടി അവർ ചെയ്യുന്നതാണ്. ശ്രീ. ഒ. കെ. വാസുവിന് കാലാവധി നീട്ടിക്കൊടുത്തില്ലെങ്കിൽ അദ്ദേഹം ആർ.എസ്.എസ്.-ലേയ്ക്ക് തിരിച്ചുപോകും. അദ്ദേഹത്തെ തടഞ്ഞുനിർത്തണമെങ്കിൽ ഈയൊരു മാർഗ്ഗമേയുള്ളൂ. ഈ ബില്ലിലൂടെ ശ്രീ. ഒ. കെ. വാസുവിന് രണ്ട് വർഷം നീട്ടിക്കൊടുത്തു. ഇനി രണ്ട് വർഷം കഴിഞ്ഞുമാത്രമേ ശ്രീ. ഒ. കെ. വാസു ആർ.എസ്.എസ്.-ലേയ്ക്ക് തിരിച്ചുപോകുകയുള്ളൂ. അതാണ് ഈ ബിൽ.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ബില്ലിനെക്കുറിച്ച് സംസാരിക്കണമെന്ന് പറയാനുള്ള എന്ത് ധാർമ്മികതയാണ് ബഹുമാനപ്പെട്ട മന്ത്രിക്കുള്ളത്. ദേവസ്വം ബോർഡിനുവേണ്ടി ഒന്നും ചെയ്യാത്ത അങ്ങ് ബില്ലിനെക്കുറിച്ച് സംസാരിക്കണമെന്ന് പറഞ്ഞാൽ, ഞാൻ കഴിഞ്ഞ പ്രാവശ്യം ഭേദഗതികൾ കൊണ്ടുവന്ന് അര മണിക്കൂർ സംസാരിച്ചു. പ്രതിപക്ഷത്തുള്ളവരൊക്കെ സംസാരിച്ചു. അതിനുശേഷം അങ്ങ് എന്താണ് ചെയ്തത്? മൂന്നര വർഷക്കാലം ദേവസ്വം ബോർഡിനും ക്ഷേത്രങ്ങൾക്കും വേണ്ടി അങ്ങ് എന്താണ് ചെയ്തതെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് അങ്ങയെനോക്കി സംസാരിക്കുന്നതിൽ യാതൊരു കാര്യവും ഇല്ലെന്നുള്ളതുകൊണ്ടാണ് ഞാൻ അതിലേയ്ക്ക് പോകാത്തത്. ശ്രീ. എ. എൻ. ഷംസീറിനെപ്പോലെയുള്ളവർ ചിലതൊക്കെ പറയുമ്പോൾ അതിന് മറുപടി പറയാതെ പോകുന്നത് ശരിയല്ലെന്നുള്ളതുകൊണ്ട് സംസാരിക്കുന്നതാണ്. സി.പി.ഐ.(എം) ക്ഷേത്രങ്ങളെ ഉപയോഗിക്കുന്നത് പാർട്ടിയെ വളർത്താനാണ്. കോൺഗ്രസ്സിനെ തകർക്കാൻ ഒരു കാര്യവുമില്ലാത്ത കാലഘട്ടത്തിൽ ബി.ജെ.പി. അയോദ്ധ്യയും ബാബറി മസ്ജിദും എടുത്തുകൊണ്ട് ഇതേ കാര്യം ചെയ്തു. പക്ഷെ അവർക്കും ഏറെ മുന്നോട്ടുപോകാൻ കഴിയുകയില്ല. ശ്രീ. കെ. എൻ. എ. ഖാദർ സൂചിപ്പിച്ചതുപോലെ, ഇന്ത്യയുടെ പാരമ്പര്യവും സംസ്കാരവുമൊക്കെ പറയുന്നത്, ഏറെക്കാലം വർഗ്ഗീയത നിലനിർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ ബി.ജെ.പി. അല്ല, ആര് വിചാരിച്ചാലും കഴിയുകയില്ല എന്നാണ്. ഇടക്കാലത്ത് ചില മുദ്രാവാക്യങ്ങളിൽപ്പെട്ട് ജനങ്ങൾ തിരിഞ്ഞുപോയേക്കാം. പക്ഷെ അവരൊക്കെ വളരെ പെട്ടെന്നുതന്നെ തിരിച്ചുവരുന്ന സാഹചര്യമുണ്ടാകും.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അങ്ങ് പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷെ, 20 വർഷം അവരെ (ബി.ജെ.പി.) ഇറക്കാൻ കഴിയില്ലെന്ന് പറഞ്ഞതിനെക്കുറിച്ച് അപ്പോൾ ഒന്നുംപറയാതെ ഇപ്പോൾ പറയുന്നത് ശരിയാണോ? അത് തെറ്റാണെന്ന് പറയണം. കാരണം കോൺഗ്രസ്സിന് ഭാവിയുണ്ടെങ്കിൽ അത് തെറ്റാണെന്ന് പറയണം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അദ്ദേഹം പറഞ്ഞതിനെക്കുറിച്ച് ഞാൻ സംസാരിച്ചിരുന്നു. അത് ബഹുമാനപ്പെട്ട മന്ത്രി കേൾക്കാത്തതാണ്. എത്രയും പെട്ടെന്ന് വരണമെന്നുള്ള ആഗ്രഹംകൊണ്ട് അദ്ദേഹം പറഞ്ഞതാണ്. അതിശയോക്തിയിൽ പറഞ്ഞതാണെന്ന് അദ്ദേഹം പിന്നീട് പറഞ്ഞിരുന്നു. ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇന്നത്തെ സാഹചര്യത്തെക്കുറിച്ച് പരിശോധിച്ചാൽ, ഗുജറാത്തിലും മഹാരാഷ്ട്രയിലും പൊതുതെരഞ്ഞെടുപ്പിലുണ്ടായ പരാജയം പരിശോധിച്ചാൽ, ബി.ജെ.പി. അതിവേഗം ജനങ്ങളിൽനിന്ന് ഒറ്റപ്പെടുന്ന ചിത്രം കാണാൻ കഴിയും.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സാധാരണനിലയിൽ അങ്ങ് സംസാരിക്കുമ്പോൾ മന്ത്രിമാർ ചെയ്ത കാര്യങ്ങളെ സംബന്ധിച്ച് മോശമായി പറയാറില്ല. അങ്ങയെ ഞാൻ എപ്പോഴും ശ്രദ്ധിക്കുന്നതാണ്. ഇന്ത്യാ രാജ്യത്തിന്റെ ചരിത്രത്തിലാദ്യമായി താങ്കളടക്കം ഉൾക്കൊള്ളുന്ന സമുദായത്തിലെ ദളിതനെ പൂജാരിയാക്കിയ ഒരു മന്ത്രി ഇവിടെയുണ്ടാകുമ്പോൾ അദ്ദേഹത്തിന്റെ മുഖത്തുനോക്കി എങ്ങനെയാണിത് പറയാൻ കഴിഞ്ഞതെന്നുള്ളതിൽ എനിക്ക് അത്ഭുതം തോന്നുകയാണ്. അതിനെക്കുറിച്ച് മന്ത്രി മറ്റൊന്നും വിചാരിക്കേണ്ട. അദ്ദേഹം അങ്ങനെ പറഞ്ഞുപോയതാണ്. ആ രൂപത്തിലെടുത്താൽ മതി.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ദളിതനെ പൂജാരിയാക്കിയെന്ന് പറഞ്ഞതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ആ നിയമം കേരള നിയമസഭയിൽ കൊണ്ടുവന്ന് പാസ്സാക്കിയതാരാണെന്ന് അങ്ങേയ്ക്കറിയാമോ? കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ് ആ നിയമം പാസ്സാക്കിയത്. അതിന്റെ ഭാഗമായാണ് ദളിതനെ പൂജാരിയാക്കാൻ കഴിഞ്ഞതെന്നുള്ള യാഥാർത്ഥ്യം അങ്ങ് മറക്കരുത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഏത് നിയമം?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞങ്ങൾ പാസ്സാക്കിയപ്പോൾ നിങ്ങളിവിടെ വലിച്ചുകീറി എറിഞ്ഞ നിയമം. ചരിത്രത്തിലാദ്യമായി കേരളത്തിലെ ദേവസ്വം ബോർഡിൽ സംവരണം കൊണ്ടുവന്ന ആ നിയമം ഞങ്ങൾ പാസ്സാക്കിയപ്പോൾ നിങ്ങൾ വലിച്ചുകീറി എറിഞ്ഞു. ആ നിയമം ഞങ്ങൾ പാസ്സാക്കിയതാണ്. അതിന്റെ ഭാഗമായിട്ടാണ് ദേവസ്വം ബോർഡിൽ സംവരണം വന്നതും ദളിതനെ പൂജാരിയാക്കിയതും.

ശ്രീ. എ. പി. അനിൽ കുമാർ: സർ, മറ്റൊന്നുംകൊണ്ടല്ല ഞാൻ ദേവസ്വം വകുപ്പുമന്ത്രിയോട് അങ്ങനെ പറഞ്ഞത്. ഞാൻ സംസാരിക്കുന്നതിനിടയിൽ ബില്ലിലേയ്ക്ക് വരണമെന്ന് മന്ത്രി എഴുന്നേറ്റുനിന്ന് പറയേണ്ട കാര്യമില്ല. ബില്ലിന്റെ ചർച്ചയിൽ എന്തൊക്കെ സംസാരിക്കണമെന്നുള്ളത് അല്പമൊക്കെ അറിയാവുന്ന ആളാണ് ഞാൻ. അങ്ങ് അത് പറഞ്ഞതുകൊണ്ടാണ് ഞാൻ തിരിച്ചുപറഞ്ഞത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എന്ത് പറയണമെന്നൊന്നും ഞാൻ പറഞ്ഞില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബില്ലിലേയ്ക്ക് വരണമെന്നാണ് അങ്ങ് പറഞ്ഞത്. ബില്ലിലേയ്ക്ക് തിരിച്ചുവരാനുള്ള സമയമൊക്കെ എനിക്കറിയാമല്ലോ. അതിനെക്കുറിച്ച് ചെറിയ ബോധമുള്ള ആളാണ് ഞാൻ. അങ്ങ് പറഞ്ഞതുകൊണ്ടാണ് എനിക്ക് അങ്ങനെ പറയേണ്ടിവന്നത്. ദളിത് കാര്യങ്ങളെക്കുറിച്ചൊന്നും പറയേണ്ട. ശ്രീ. വി. എസ്. ശിവകുമാർ സൂചിപ്പിച്ചതുപോലെ, അതിനൊരു തുടക്കംകുറിക്കാൻ ഞങ്ങൾ ശ്രമിച്ചതാണ്. അതല്ലാതെ ഒട്ടനവധി കാര്യങ്ങൾ ഇന്ത്യയിലുണ്ട്. ലോകത്ത് ധാരാളം ചരിത്രങ്ങളുണ്ട്. ആ ചരിത്രത്തിൽ ഇന്ത്യയിലെ സ്വാതന്ത്ര്യസമര ചരിത്രമെടുത്ത് പരിശോധിച്ചാൽ ബ്രിട്ടീഷുകാരനെതിരെയുള്ള പോരാട്ടവും ഇന്ത്യയിലെ പാർശ്വവൽക്കരിക്കപ്പെട്ട ദളിതനുവേണ്ടിയുള്ള പോരാട്ടവും ഒരുമിച്ച് ദ്വിമുഖ സമരമായി നടത്തിയ പ്രസ്ഥാനമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്. ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ എല്ലാവിധ ആനുകൂല്യങ്ങളും ഉറപ്പുനൽകുന്ന കാര്യങ്ങൾ ഭരണഘടനയുടെ ഭാഗമാക്കി കൊണ്ടുവന്നത് കോൺഗ്രസ്സാണ്. ആദ്യമായി ദളിത് വിഭാഗത്തിൽനിന്നും ഒരാളെ ഇന്ത്യൻ പ്രസിഡന്റായി കൊണ്ടുവന്നതും കോൺഗ്രസ്സാണ്. അതുകൊണ്ട് കോൺഗ്രസ്സുകാരോട് ദളിത് സ്നേഹത്തെക്കുറിച്ചൊന്നും പറയേണ്ട. അത്തരം കാര്യങ്ങളെക്കുറിച്ച് ഞങ്ങൾക്ക്

വ്യക്തമായ ബോദ്ധ്യമുണ്ടെന്ന് സൂചിപ്പിക്കാൻ മാത്രമെ ഈ സന്ദർഭം വിനിയോഗിക്കുന്നുള്ളൂ. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളെ സംരക്ഷിക്കാൻ ആത്മാർത്ഥമായ സമീപനം ഗവൺമെന്റിനുണ്ടാകണം. ഇവിടെ സൂചിപ്പിച്ച ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിന്റെ പേരുപോലും മാറ്റി അതൊന്ന് സ്ട്രെംഗ്തൻ ചെയ്യുന്നതിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞാൽ ഉപകാരമായിരിക്കും. അല്ലാതെ ഇത്തരം കാര്യങ്ങളാണ് ഇനിയും ചെയ്യാനുദ്ദേശിക്കുന്നതെങ്കിൽ ഒന്നര വർഷംകൂടി സഹിക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

ശ്രീ. രാജു എബ്രഹാമിനുവേണ്ടി <u>ശ്രീ. എം. രാജഗോപാലൻ</u>: സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

തീർത്തും യാദൃച്ഛികമായി ഈ സഭാതലത്തിൽ മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി ബില്ലും മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലും വളരെ സന്തോഷകരവും സഹകരണവും നിറഞ്ഞ ഒരു തലത്തിലാണ് വർത്തമാനകാല ഇന്ത്യയിൽ നമ്മൾ ചർച്ച ചെയ്യുന്നത്. ഇതൊരു മഹാ ഭാഗ്യമായിട്ടാണ് ഞാൻ കണക്കാക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട ഒരംഗം പ്രസംഗമദ്ധ്യേ കേരളത്തിലെ മതനിരപേക്ഷതയെക്കുറിച്ച് പറയുകയുണ്ടായി. ആ മതനിരപേക്ഷതയുടെ ശക്തമായ അടിത്തറയാണ് ഇത്രയും തുറന്ന സംവാദത്തിനുള്ള വേദിയൊരുക്കാനുള്ള സാഹചര്യം. എന്നാൽ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെ പ്രതിനിധീകരിക്കുന്ന കുഞ്ഞാലിക്കുട്ടി സാഹിബിന്, നേരത്തെ ഇവിടെ ഒരു മുസ്ലീം ലീഗ് അംഗം സൂചിപ്പിച്ച തരത്തിലുള്ള പരാമർശങ്ങളും പ്രസംഗങ്ങളും ഇന്ത്യൻ പാർലമെന്റിൽ നടത്താൻ കഴിയുമോ; വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽപ്പോയി അങ്ങനെയൊരു പ്രസംഗം നടത്താൻ കഴിയുമോ? ഇതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ഇന്ത്യയിൽ ശക്തമായൊരു മതനിരപേക്ഷ മനസ്സിന്റെ അടിത്തറ ഭദ്രമാക്കിക്കൊണ്ടും മതനിരപേക്ഷ രാഷ്ട്രീയം ശക്തിപ്പെടുത്തിക്കൊണ്ടും മുന്നോട്ടുപോകാൻ ഈ പ്രബുദ്ധ കേരളത്തിന് കഴിയുന്നുവെന്നുള്ളതിലാണ് നമുക്കേവർക്കും അഭിമാനം. അങ്ങനെയൊരു സാഹചര്യത്തിൽ ഇവിടത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ദേവസ്വം വകുപ്പുമായും മറ്റ് വിവിധ വകുപ്പുകളുമായും ബന്ധപ്പെട്ട് വളരെ ശ്രദ്ധേയമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ബിൽ

അവതരിപ്പിക്കപ്പെട്ടപ്പോൾ വളരെ സങ്കുചിതമായ അർത്ഥത്തെ പരിഗണിക്കുകയും വളരെ ലാഘവത്തോടെ പരാമർശിക്കുകയും ചെയ്തു സ്ഥിതിയാണ് ഇവിടെയുണ്ടായത്. ഒരു വ്യക്തിയെ കേന്ദ്രീകരിച്ചുകൊണ്ട് നിയമസഭയിൽ ബിൽ ഭേദഗതി ചെയ്യുന്ന എന്നുള്ളതാണ് പരക്കെയുള്ള ആക്ഷേപം. വ്യക്തി X or Y ആകട്ടെ. നാളെ ഭരണപക്ഷത്ത് ഇന്നത്തെ പ്രതിപക്ഷമായാലും അല്ലെങ്കിൽ ഇന്നത്തെ ഭരണകക്ഷിതന്നെ തുടർന്നാലും ആര് ദേവസ്വം ബോർഡ് പ്രസിഡന്റായാലും ഈ മേഖലയിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചില പ്രായോഗികതയെ അടിസ്ഥാനപ്പെടുത്തിയാണ് ഇത്തരം ഭേദഗതി അനിവാര്യമായി വന്നിരിക്കുന്നത്. കാര്യക്ഷമവും ഫലപ്രദവുമായ രീതിയിലാണ് നിലവിലുള്ള ദേവസ്വം ബോർഡിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നത്. ആ പ്രവർത്തന മികവ് തുടർന്നും നിലനിർത്തണമെങ്കിൽ കാലയളവ് അല്ലെങ്കിൽ പരിധി പല പ്രവർത്തനങ്ങൾക്കും തടസ്സമായി വരും. രണ്ട് വർഷത്തെ കാലാവധിക്കുള്ളിൽ നിൽക്കുന്ന ഭരണസമിതി ആസൂത്രണം ചെയ്യുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെവരും. അത്തരം പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയണം. നിലവിലുള്ള ദേവസ്വം ബോർഡിന്റെ ശ്രദ്ധേയമായ ധാരാളം പ്രവർത്തനങ്ങളുണ്ട്. ദേവസ്വം ബോർഡ് കാര്യക്ഷമമായി ഇടപെട്ടതുകൊണ്ടാണ് അർഹതപ്പെട്ട നാനൂറോളം ഏക്കർ ഭൂമി തിരിച്ചുപിടിക്കാൻ കഴിഞ്ഞത്. അതുപോലെ ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംശദായം പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമത, ജീർണ്ണോദ്ധാരണ ഗ്രാന്റ് വിതരണത്തിൽ നിലവിലുള്ള മലബാർ ദേവസ്വം ബോർഡ് കാണിച്ചിട്ടുള്ള ശുഷ്കാന്തി, ക്ഷേത്രകലാ അക്കാഡമി രൂപീകരിക്കാനും അതിന്റെ പ്രവർത്തനങ്ങൾ നടത്താനും കാണിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്നിവ ശ്രദ്ധേയമായ കാര്യങ്ങളാണ്.

4.00 p.m.]

ഉത്തര മലബാറിനെ സംബന്ധിച്ച് ഏറ്റവും പ്രയാസമനുഭവിക്കുന്ന ആചാരസ്ഥാനികർ, കോലധാരികൾ അല്ലെങ്കിൽ തെയ്യം കലാകാരന്മാർ എന്നിവരുടെയൊക്കെ ജീവിത പ്രയാസങ്ങളും പ്രതിസന്ധികളും മനസ്സിലാക്കി യഥാസമയം പരിഹരിച്ച് മുന്നോട്ടുപോകാനുള്ള ശക്തമായ സമ്മർദ്ദ ശക്തിയായി പ്രവർത്തിച്ചത് മലബാർ ദേവസ്വം ബോർഡാണ്. അങ്ങനെയൊരു ഇടപെടൽ അവർ നടത്തിയതുകൊണ്ടാണ് സംസ്ഥാന സർക്കാർ, പ്രത്യേകിച്ച് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമുൾപ്പെടെയുള്ളവർ അത് വളരെ അനുഭാവപൂർവ്വം പരിഗണിച്ചത്. യു.ഡി.എഫ്.-ന്റെ കാലത്ത് കേവലം 800 രൂപയും

700 രൂപയുമാണ് മലബാറിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കും സഹായധനമെന്ന നിലയിൽ നൽകിയിരുന്നത്. ആ ധനസഹായം 2018-ൽ ഒറ്റയടിക്ക് 1100 രൂപയാക്കി വർദ്ധിപ്പിച്ച് വിതരണം ചെയ്യാൻ നമുക്ക് സാധിച്ചു. കഴിഞ്ഞയാഴ്ച ഇതുസംബന്ധിച്ച് ഞാൻ ഒരു സബ്മിഷൻ ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി തന്റെ മറുപടി പ്രസംഗത്തിൽ പറഞ്ഞത്, അടുത്ത മാസം മുതൽ ഈ 1100 രൂപ 1200 രൂപയാക്കി വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചുവെന്നാണ്. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുമ്പോൾ ത്തന്നെ അത് 1500 രൂപയാക്കി വർദ്ധിപ്പിച്ച് നൽകും. അങ്ങനെ വളരെ ശ്രദ്ധേയമായിട്ടുള്ള ഇടപെടലുകളാണ് ഈ മേഖലയിൽ നടത്തി ക്കൊണ്ടിരിക്കുന്നത്. തീർച്ചയായും അനിവാര്യമായ ഒരു ഭേദഗതിയാണിത് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

ഇവിടെ ക്ഷേത്രമാഹാത്മ്യത്തെക്കുറിച്ച് ചരിത്രം രേഖപ്പെടുത്തിയ ചില കാര്യങ്ങളുണ്ട്. 'ക്ഷേത്രമാഹാത്മ്യം' എന്ന പദം വളരെ ശ്രദ്ധേയമായിട്ടുള്ള ഒന്നാണ്. ഇതുകൊണ്ട് അർത്ഥമാക്കുന്നത് ദേശക്ഷേത്രങ്ങൾ പുലർത്തിയിരുന്ന സങ്കേതങ്ങളെയും കോയ്മകളെയുമാണ്. ഇന്നുകാണുന്ന പല ക്ഷേത്രങ്ങളുടെയും സ്ഥാനത്ത് കാവുകളായിരുന്നു ഉണ്ടായിരുന്നത്. ഈ കാവുകളാണെങ്കിൽ ഉഗ്രമൂർത്തികളായ ദേവതകളുടെ ആലയങ്ങളായിരുന്നു. അതോടൊപ്പംതന്നെ ആ ദേശത്തെ സംബന്ധിച്ച, അല്ലെങ്കിൽ അതിന്റെ പരിധിയിൽ വരുന്ന ദേശത്തെ സംബന്ധിച്ച എല്ലാ ആവലാതികളും സങ്കടങ്ങളും കേട്ട് പരിഹാരം കാണുന്ന ഉന്നത സഭാസങ്കേതങ്ങൾ കൂടിയായിട്ടാണ് ജനങ്ങൾ ഈ കാവുകളെയും സങ്കേതങ്ങളെയുമെല്ലാം നോക്കിക്കണ്ടത്. അന്നും പിന്നീടും ഉണ്ടായിട്ടുള്ള തറക്കൂട്ടങ്ങൾ കാവുകളിലെ ഏതെങ്കിലും ഒരു മാമരച്ചുവട്ടിൽ വച്ചിട്ടായിരുന്നു കൂടിയിരുന്നത്. ക്ഷേത്രങ്ങൾ ഉണ്ടാകുകയും ബ്രാഹ്മണർക്ക് പ്രാമാണ്യവും പ്രാമുഖ്യവും സിദ്ധിക്കുകയും ചെയ്തതോടുകൂടി ശൈവങ്ങളും വൈഷ്ണവങ്ങളും ശാക്തങ്ങളുമായ പ്രതിഷ്ഠകൾ നടന്നു. ജൈന-ബുദ്ധമതങ്ങളുടെ വിഹാരങ്ങളും ഇവിടെ സുലഭമായി ഉണ്ടായി. ഭഗവതിക്കാവുകളുടെ തട്ടകങ്ങളിൽ നടന്നുവന്നിരുന്ന പഴയ തറക്കൂട്ടങ്ങളുടെയും ബുദ്ധ-ജൈനമത വിഹാരങ്ങളിൽ നിലനിന്നിരുന്ന സഭകളുടെയും ഒരു പരിഷ്കരിച്ച പതിപ്പായിരിക്കണം പിൽക്കാലത്തുണ്ടായിട്ടുള്ള ഈ ക്ഷേത്രസങ്കേത ഭരണം. ആ ഒരു ഘട്ടത്തിൽ സങ്കേത അതിർത്തിക്കുള്ളിലുള്ള ലൗകീകവും വൈദീകവുമായ എല്ലാ അധികാരങ്ങളും നടത്തിയിരുന്നത് സങ്കേത അധികാരികളായിരുന്നു. നാട്ടുകൂട്ടത്തിന് പുറമെ, ക്ഷേത്ര ഭരണം സംബന്ധിച്ചും

പ്രത്യേക യോഗങ്ങൾ തന്നെ നൂറ്റാണ്ടുകൾക്ക് മുമ്പ് കൂടിയിരുന്നുവെന്നാണ് ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നത്. അന്ന് ക്ഷേത്രസങ്കേതത്തിനുള്ളിൽത്തന്നെ യോഗക്കാർക്ക് സർവ്വ അധികാരങ്ങളുമുണ്ടായിരുന്നു. അക്കാലത്ത് ക്ഷേത്ര രക്ഷാസ്ഥാനം അഥവാ കോവിലധികാരി സ്ഥാനം മാത്രമെ രാജാക്കന്മാർക്ക് ഉണ്ടായിരുന്നുള്ളൂ. ആ അധികാരം വളരെ പരിമിതവുമായിരുന്നു. ക്ഷേത്രസങ്കേതം എവിടെയായിരുന്നാലും തൽസംബന്ധമായിട്ടുള്ള സകല അധികാരങ്ങളും യോഗക്കാരുടെ നിശ്ചയാനുസരണം കോവിലധികാരികളാണ് അന്ന് നിർവ്വഹിച്ചുവന്നത്. ആ ഘട്ടത്തിൽ ഭൂമി സംബന്ധമായി അവിടെയുണ്ടാകുന്ന വാദങ്ങൾ കേട്ട് തീരുമാനമെടുക്കുക, അതിന്റെയടിസ്ഥാനത്തിൽ ശിക്ഷ കല്പിക്കുക, ഇതെല്ലാം ഇവർ തന്നെ നടത്തിപ്പോന്ന ചരിത്രമാണുള്ളത്. അന്നത്തെ കാലഘട്ടത്തിൽ രാജാക്കന്മാർ പോലും ഈ യോഗത്താൽ ശിക്ഷിക്കപ്പെട്ടുന്നുണ്ടെന്ന സംഗതി ഓർക്കുമ്പോൾ അതിലെ പ്രാമാണികത്വം നമുക്ക് ഓർത്തെടുക്കാവുന്നതേയുള്ളൂ. അപ്പോൾ സങ്കേതാതിർത്തിക്കുള്ളിൽ അധികാരികളുടെ അനുവാദം കൂടാതെ ആർക്കും പ്രവേശനം ഉണ്ടായിരുന്നില്ല. ക്ഷേത്രസങ്കേതത്തെ അക്കാലത്ത് 'അമ്പലരാജ്യം' എന്നാണ് വിവരിച്ചിട്ടുള്ളത്. പോർച്ചുഗീസുകാരുടെ കാലത്തും ക്ഷേത്രസങ്കേതങ്ങൾ ഭരണാധികാരം നടത്തിയിരുന്നതായി അവർ രേഖപ്പെടുത്തിയിരിക്കുകയാണ്. പല പരാമർശങ്ങളും അതിൽ ഉന്നയിച്ചിട്ടുണ്ട്. രണോദ്യുക്തനായ സാമൂതിരി കാലുകുത്താൻ തുനിയാത്തതായ ക്ഷേത്രസങ്കേത അതിർത്തിക്കകത്ത് ഇടപ്പള്ളിക്കാവിൽ വച്ചുണ്ടായ യുദ്ധത്തിൽ പരാജിതനായ കൊച്ചി രാജാവ് അഭയം പ്രാപിച്ചെന്ന് പ്രസ്താവിച്ചതായി കാണുന്നു. ഇതുണ്ടായത് കൊല്ലവർഷം 678-ലാണ്. അതുപോലെ അന്ന് ദേവസ്വത്തിൽ ഒരു രാജാവിനെ അകക്കോയ്മയായോ പുറക്കോയ്മയായോ മേൽക്കോയ്മയായോ ആക്കിയിരുന്ന ഒരു ചരിത്രമുണ്ട്. അകക്കോയ്മ എന്നുപറയുന്നത്, ക്ഷേത്രത്തിലെ നിത്യനിദാന അടിയന്തരങ്ങൾ നടത്തിക്കുക മുതലായിട്ടുള്ള ദേവകാര്യങ്ങൾ അന്വേഷിക്കുന്ന തിനുമാത്രമെ അവർക്ക് അധികാരമുണ്ടായിരുന്നുള്ളൂ. പുറക്കോയ്മയാണെങ്കിൽ ദേവസ്വം വസ്തുക്കളെ ഭരിക്കുക എന്നുള്ള ലൗകിക കാര്യങ്ങൾക്കുമാത്രമുള്ള അധികാരമായിരുന്നു. മേൽക്കോയ്മയാണെങ്കിൽ എല്ലാ കാര്യങ്ങളുടെയും മേലധികാരമാണ് നിഷ്കർഷിച്ചിരുന്നത്. ഇതിനുപുറമെ, ചിലയിടങ്ങളിൽ പ്രത്യേക അധികാരികൾ ഉണ്ടായിരുന്നുവെന്നുള്ളതാണ് ചരിത്രം രേഖപ്പെടുത്തിയിരുന്നത്. ഒടുവിൽ കൊല്ലവർഷം 993-ഓടുകൂടി കേണൽ മൺറോയുടെ ദേവസ്വം പരിഷ്കാരത്തോടെയാണ് ഈ സങ്കേതങ്ങൾ എന്നെന്നേയ്ക്കുമായി അവസാനിക്കുന്നത്. അതാണ് ഇതിന്റെ ചരിത്രം.

1956-ലെ സംസ്ഥാന പുന:സംഘടനാ നിയമത്തിലെ 5-ാം വകുപ്പ് അനുസരിച്ച് കേരള സംസ്ഥാന രൂപീകരണം നടന്നപ്പോൾ മദിരാശി പ്രവിശ്യയുടെ ഭാഗമായിരുന്ന മുൻ മലബാർ പ്രദേശങ്ങൾ പ്രസ്തുത നിയമത്തിലെ 5(1)-ബി വകുപ്പിലെ 1, 2 ഉപവകുപ്പുകൾ പ്രകാരം വ്യക്തമാക്കപ്പെട്ടതനുസരിച്ചാണ് കേരള സംസ്ഥാനത്തിന്റെ ഭാഗമായിട്ടുള്ളത്. പ്രസ്തുത നിയമത്തിലെ 11-ാം ഭാഗത്തിലെ നിയമവ്യവസ്ഥകൾ പാലിച്ചാണ് 1951-ലെ മദ്രാസ് ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് നിർദ്ദിഷ്ട മേഖലയിൽ പ്രാബല്യത്തിൽ വന്നിട്ടുള്ളത്. പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന രൂപീകരണത്തിനുശേഷം ഹിന്ദുമത ധർമ്മ സ്ഥാപന വകുപ്പ് നിലവിൽ വരികയും മുൻ മലബാറിന് കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെയും മറ്റ് മതധർമ്മ സ്ഥാപനങ്ങളുടെയും ഭരണത്തിനും മേൽനോട്ടത്തിനുമുള്ള സർക്കാർ വകുപ്പായി പ്രവർത്തനം തുടർന്നുവരികയും ചെയ്തു. 1956-ൽ കേരള സംസ്ഥാന രൂപീകരണത്തിനുശേഷം 2008-വരെ നിയമവ്യവസ്ഥകളിൽ അടിസ്ഥാനപരമായ മാറ്റത്തിനുള്ള ഭേദഗതികളൊന്നുംതന്നെ നടന്നില്ല. അതുകൊണ്ട് നിയമം നടപ്പിലാക്കുമ്പോൾ കാലാനുസൃതമായി വരുന്ന ആവശ്യങ്ങളും നേരിടുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും പൂർണ്ണമായി നടപ്പിലാക്കാൻ നിയമവ്യവസ്ഥകൾ പര്യാപ്തമാകാതെ വരികയും ചെയ്യുന്ന സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് നിയമപരിഷ്കരണത്തെക്കുറിച്ച് ആലോചിക്കുന്നതെന്നുകൂടി ശ്രദ്ധിക്കണം. ഇവിടെ ഒരു വകുപ്പിനെമാത്രം അതായത്, ഇന്നു നടപ്പാക്കുന്ന ഭേദഗതിയെ മാത്രം ഉദ്ദേശിച്ചുകൊണ്ടല്ല. മറിച്ച്, വളരെ സമഗ്രമായ ഒരു പരിഷ്കാരം ഈ മേഖലയിൽ ഉണ്ടാകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. മഹത്തായ ചരിത്രവും സാംസ്കാരിക പൈതൃകവുമുള്ള കേരളത്തിന്റെ വടക്കൻമേഖല ഉൾക്കൊള്ളുന്ന നിരവധി ചരിത്രസംഭവങ്ങൾ എന്ന് തോന്നിക്കുന്ന കാല്പനിക കഥകൾ, അവയ്ക്ക് സാക്ഷ്യം വഹിക്കുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള ക്ഷേത്രങ്ങൾ, വൈവിദ്ധ്യമാർന്ന ക്ഷേത്രകലകൾ, ആചാരാനുഷ്ഠാനങ്ങൾ, തനിമകൾ ചോരാതെ അവയുടെ യഥാവിധിയുള്ള നിർവ്വഹണം എന്നിവയെല്ലാം ക്ഷേത്രാരാധനയുമായി ഇഴുകിച്ചേർന്ന് കിടക്കുന്ന മുൻ മലബാർ പ്രദേശം അനുഷ്ഠാന വൈവിധ്യംകൊണ്ടും പുരാവൃത്തങ്ങളുടെ ബഹുസ്വരതകൊണ്ടും സവിശേഷമായി അടയാളപ്പെടുത്തിയിട്ടുണ്ടെന്നുള്ളത് വളരെ പ്രസ്താവ്യമാണ്. പൈതൃകമായി ലഭിച്ച ഇത്തരം പാരമ്പര്യ ഘടകങ്ങളുടെ പരിപോഷണവും നിലനില്പും പ്രധാനമായും ക്ഷേത്രങ്ങളുടെ തട്ടകങ്ങളിലാണ് എന്നതുകൊണ്ടാണ് സമൂഹത്തിന്റെ ജീവിതസിരാകേന്ദ്രം ക്ഷേത്രങ്ങളായിട്ടുതന്നെ ഗണിക്കപ്പെടുന്നത്. അതുകൊണ്ട് എല്ലാ സാംസ്കാരിക സ്ഥാപനങ്ങളുടെയും വികസനവും പരിപോഷണവുംപോലെ ക്ഷേത്രങ്ങൾ

ഉൾപ്പെടെയുള്ള മതസ്ഥാപനങ്ങൾ ജനങ്ങളുടെ സമാധാനപരവും ആരോഗ്യപരവും സംതൃപ്തവുമായ വ്യക്തിജീവിതത്തിനും സാമൂഹ്യ ജീവിതത്തിനും ചാലക ശക്തിയായി വളരുന്ന ജീവിത സാഹചര്യങ്ങൾക്കും സൗകര്യങ്ങൾക്കും അനുസൃതമായി വികസിതമാകേണ്ടത് അനുപേക്ഷണീയമായിട്ടുള്ള ഒരു കാര്യമായാണ് നമ്മൾ നോക്കിക്കാണേണ്ടത്. അതിന്റെയെല്ലാം പശ്ചാത്തലത്തിലാണ് നേരത്തെ വളരെ കൃത്യമായി പലരും സൂചിപ്പിച്ചതുപോലെ, അഡ്വ. ഗോപാലകൃഷ്ണൻ കമ്മിറ്റിയുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ സംബന്ധിച്ചും കമ്മീഷനെ സംബന്ധിച്ചുമൊക്കെ ഇവിടെ പരാമർശ വിഷയമായിട്ടുള്ളത്. മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട 1951-ലെ ഹിന്ദുമത ധർമ്മസ്ഥാപന നിയമം പരിശോധനാവിധേയമാക്കി കാലോചിതമായിട്ടുള്ള പരിഷ്കാരങ്ങളും അതിനാവശ്യമായ നിർദ്ദേശങ്ങളും തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് അഡ്വ. കെ. ഗോപാലകൃഷ്ണൻ ചെയർമാനായ മൂന്നംഗ കമ്മിറ്റി രൂപീകരിച്ചതും കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ദേവസ്വം വകുപ്പ് നിയമവകുപ്പിന്റെ പരിശോധനയ്ക്ക് നൽകുകയുമുണ്ടായത്. അതേത്തുടർന്ന് കരട് ഭേദഗതി ബിൽ തയ്യാറാക്കി നിയമപരിഷ്കരണ കമ്മീഷന് നൽകിയിരിക്കുകയാണ്. ഇത് വളരെ സ്വാഗതാർഹമായിട്ടുള്ള ഒരു കാര്യമാണ്. പ്രധാന നിർദ്ദേശങ്ങളിലെ ഉള്ളടക്കത്തെക്കുറിച്ച് പറയാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ മറ്റ് മെമ്പർമാരൊക്കെ സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും വളരെ പ്രധാനപ്പെട്ട കാലിക പ്രശ്നങ്ങളെ മുൻനിർത്തിയുള്ള നിർദ്ദേശങ്ങളാണ് ഇതിനകത്ത് ഉണ്ടായിട്ടുള്ളത്. അത്തരം കാര്യങ്ങളെല്ലാം വരുംനാളുകളിൽ നമുക്ക് അനുഭവപ്പെടുമെന്ന കാര്യത്തിൽ തർക്കമില്ല. ഇവിടെ ഈ കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ പല പരാമർശങ്ങളും വരികയുണ്ടായി.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഇന്ത്യൻ രാഷ്ട്രീയത്തിൽ കോൺഗ്രസ് ഇന്ന് ഐ.സി.യു.-വിലാണ്. കാരണം സംസ്ഥാനങ്ങളിൽ നടക്കുന്ന ഉപതെരഞ്ഞെടുപ്പുകളിലെല്ലാം കോൺഗ്രസ് തോറ്റ് തുന്നംപാടിയിരിക്കുകയാണ്. 'നിങ്ങൾക്കൊന്നും വേണ്ടെങ്കിൽ എനിക്കിത് കൊണ്ടുനടക്കാൻ കഴിയില്ല, ഞാനിത് ഉപേക്ഷിച്ചു പോകുകയാണ് ' എന്ന സിംപിൾ നിലപാടാണ് ശ്രീ. രാഹുൽ ഗാന്ധിയുടേത്. ആ നിലപാടിനെ പർവ്വതീകരിക്കാനാണ് ഇവിടത്തെ ബഹുമാനപ്പെട്ട സുഹൃത്തുക്കൾ തയ്യാറായിരിക്കുന്നത്. ശബരിമല നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് ഇവിടെ ചില മെമ്പർമാർ സൂചിപ്പിക്കുകയുണ്ടായി. ഇതിൽ ഒരു കാര്യമേയുള്ളൂ. ശബരിമല വിഷയവുമായി ബന്ധപ്പെട്ട് നാളെ സുപ്രീംകോടതി വിധി വരികയാണ്. ആ വിധിക്കനുസരിച്ചുള്ള പ്രതികരണം എല്ലാ ഭാഗത്തുനിന്നുമുണ്ടാകും. സുപ്രീംകോടതി

വിധി മറികടക്കാൻ ഓർഡിനൻസോ ബില്ലോ കൊണ്ടുവരുമോയെന്ന് കോൺഗ്രസ് അംഗങ്ങളായ ശ്രീ. ശശി തരൂരും ശ്രീ. ആന്റോ ആൻഡണിയും പാർലമെന്റിൽ ചോദ്യം ചോദിച്ചപ്പോൾ വിഷയം സുപ്രീംകോടതിയുടെ പരിഗണനയിലാണെന്ന മറുപടിയാണ് നിയമ വകുപ്പുമന്ത്രിയായ ശ്രീ. രവിശങ്കർ പ്രസാദ് നൽകിയത്. ഇരുപക്ഷവും കടമ നിർവ്വഹിച്ച് തൃപ്തരാകുന്ന സ്ഥിതിവിശേഷമാണ് ഈ ഘട്ടത്തിൽ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഉണ്ടായത്. ശബരിമല വിഷയവുമായി ബന്ധപ്പെട്ട ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെ സ്വകാര്യ ബിൽ ഗൗരവത്തിലെടുക്കാൻപോലും കേന്ദ്ര ഗവൺമെന്റ് തയ്യാറായില്ല. വിശ്വാസികൾക്ക് എതിരാണ്, നിരീശ്വരവാദികളാണ് തുടങ്ങി എന്തെല്ലാം ആക്ഷേപങ്ങളാണ് ഈ സർക്കാരിനെക്കുറിച്ച് പറഞ്ഞത്; പണ്ഡിറ്റ് ജവഹർലാൽ നെഹ്റു നിരീശ്വരവാദിയായിരുന്നു. അതുകൊണ്ട് വിശ്വാസി സമൂഹത്തെ രക്ഷിക്കുന്ന നിലപാട് അദ്ദേഹം സ്വീകരിച്ചിട്ടില്ലെന്ന് നമുക്ക് പറയാൻ സാധിക്കുമോ? മതേതര ഇന്ത്യയെ പടുത്തുയർത്തുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുള്ള ദേശീയ നേതാക്കളിൽ ഒരാളാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു. കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനം ഒരു മതവിരോധ-ദൈവവിരോധ പ്രസ്ഥാനമല്ല. വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള സമര സംഘർഷം എന്നുപറയുന്നത് യുക്തിവാദമാണ്. മാർക്സിസത്തെയാണ് സി.പി.ഐ.(എം) പ്രതിനിധീകരിക്കുന്നത്. അതുകൊണ്ടാണ് വിശ്വാസികൾക്ക് ഒരു പ്രശ്നമുണ്ടാകുമ്പോൾ അവിശ്വാസികളെയും സഹകരിപ്പിച്ചുകൊണ്ട് ആ പ്രശ്നം പരിഹരിച്ച് മുന്നോട്ടുപോകാനുള്ള ആർജ്ജവം കാണിക്കുന്നത്. ബഹുമാനപ്പെട്ട ജി. സുധാകരൻ ദേവസ്വം വകുപ്പുമന്ത്രിയായിരുന്നപ്പോൾ അതിശക്തമായിട്ടുള്ള ഇടപെടലുകളാണ് ആ മേഖലകളിൽ നടത്തിയത്. അതിന്റെ തുടർച്ചയെന്നോണം പുതിയ സാഹചര്യത്തിൽ കാര്യങ്ങൾ കാലോചിതമായി മനസ്സിലാക്കിക്കൊണ്ട് നിർണ്ണായകമായ ഇടപെടലുകളാണ് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതൊക്കെ അനുഭാവപൂർവ്വം നോക്കിക്കാണാനും അംഗീകരിക്കാനുമുള്ള സന്മനസ്സും സന്നദ്ധതയുമാണ് നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. ശബരിമല വിഷയവുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ സഭാതലത്തിൽ നടന്നിട്ടുണ്ട്. അഞ്ച് വർഷം കൊണ്ട് യു.ഡി.എഫ്. സർക്കാർ 456 കോടി രൂപ നൽകിയ സ്ഥാനത്താണ് എൽ.ഡി.എഫ്. സർക്കാർ 1521.36 കോടി രൂപ വകയിരുത്തിയത്. അതിന്റെ കണക്കുകളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. വിശദമായ കണക്കുകളുണ്ട്, അത് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതുമാണ്. വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും വിശ്വാസികളുടെ താൽപ്പര്യങ്ങളും

സംരക്ഷിക്കുന്നതിനുള്ള എല്ലാ സ്വാതന്ത്ര്യവും ഉറപ്പുവരുത്തിക്കൊണ്ട് ഒരു മതനിരപേക്ഷ സമൂഹത്തിന്റെ അടിത്തറ ഭദ്രമാക്കി മുന്നോട്ടുകൊണ്ടുപോകുന്ന നിലപാടാണ് കേരളത്തിന്റെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റും ഇടതുപക്ഷവും സ്വീകരിക്കുന്നത്. ആ സാഹചര്യത്തിൽ മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമായി നടത്താനും പ്രഖ്യാപിക്കപ്പെട്ട പദ്ധതികളെല്ലാം വരുംനാളുകളിൽ ഭംഗിയായി നടത്തിക്കൊണ്ടുപോകുന്നതിനും സഹായകരമായ രീതിയിലുള്ള ഈ ഭേദഗതി അനിവാര്യമാണെന്ന തിരിച്ചറിവിന്റെ അടിത്തറയിൽനിന്ന് ഞാൻ ഈ ഭേദഗതിയെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, വളരെ ചെറിയ ഒരു ഭേദഗതിയാണ് ഞാനിവിടെ അവതരിപ്പിച്ചത്. നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള 1951-ലെ ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ 7 (എ ) 1-ാം ഉപവകുപ്പ് പ്രകാരം മലബാർ ദേവസ്വം ബോർഡ് അംഗത്തിന്റെ കാലാവധി രണ്ട് വർഷമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2-ാം ഉപവകുപ്പ് പ്രകാരം കാലാവധി പൂർത്തിയായ ഒരംഗത്തെ വീണ്ടും തെരഞ്ഞെടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള ഒരംഗത്തെ തുടർച്ചയായി വീണ്ടും തെരഞ്ഞെടുക്കാൻ പാടില്ലെന്ന് 2-ാം ഉപവകുപ്പിന്റെ പ്രൊവിസോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പ്രൊവിസോയാണ് ഈ ബില്ലിലൂടെ ഭേദഗതി ചെയ്യുന്നത്. മേൽപ്പറഞ്ഞ പ്രൊവിസോ മാറ്റി പകരം 'അപ്രകാരമുള്ള ഒരു അംഗത്തിന് രണ്ട് കാലയളവുകളിൽ കൂടുതൽ തുടർച്ചയായി വീണ്ടും തെരഞ്ഞെടുക്കപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല' എന്ന പ്രൊവിസോ ഉൾപ്പെടുത്തി നിയമം ഭേദഗതി ചെയ്യുന്നു. ഇങ്ങനെ ചെയ്യുന്നത് എന്തുകൊണ്ട് എന്നുള്ള ചോദ്യമൊക്കെയുണ്ടായിട്ടുണ്ട്. ചില വ്യക്തികളെ കണ്ടെത്തിയാണ് ഈ ഭേദഗതിയെ എതിർക്കാൻ ശ്രമിച്ചത്. ഞാൻ മലബാർ ദേവസ്വം ബില്ലിന്റെ ചരിത്രത്തിലേയ്ക്ക് കടക്കുന്നില്ല. സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പുതന്നെ ബ്രിട്ടീഷ് ഗവൺമെന്റ്, മലബാർ മേഖലയിലെ ക്ഷേത്രങ്ങളുടെ പരിപാലനത്തിനായി 1926-ലെ മദ്രാസ് ഹിന്ദുമത സ്ഥാപന നിയമം നടപ്പാക്കിയിരുന്നു. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം കേരളം രൂപീകരിക്കുന്നതിനുമുമ്പ് മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ മേഖലയിൽ ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിനായി അന്നത്തെ മദ്രാസ് സംസ്ഥാനം പാസ്സാക്കിയ നിയമമാണ് 1951-ലെ മദ്രാസ് ഹിന്ദുമത ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട്. ഈ ആക്ടിൽ അന്നത്തെ മദ്രാസ് സംസ്ഥാനത്ത്

ഉൾപ്പെട്ടിരുന്ന പ്രദേശങ്ങൾക്കായിരുന്ന പ്രാബല്യമുണ്ടായിരുന്നത്. 1956-ൽ കേരള സംസ്ഥാന രൂപീകരണത്തിനുശേഷവും Kerala Adaptation of laws order പ്രകാരം മലബാർ പ്രദേശത്തേത് പ്രാബല്യത്തിലിരിക്കുകയാണ്. ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം സംസ്ഥാന സർക്കാരുകളുടെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു. ഇതിനായി ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾക്ക് ഭരണവകുപ്പ് എന്നൊരു വകുപ്പും ഉണ്ടായിരുന്നു. എന്നാൽ 2008-ൽ ആക്ടിൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം ധർമ്മ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം സർക്കാർ വകുപ്പിൽനിന്നും എടുത്തുമാറ്റി പകരം മലബാർ ദേവസ്വം ബോർഡ് എന്ന സംവിധാനത്തിൻകീഴിലാക്കി. ഈ നിയമത്തിൽ സെക്ഷൻ 94 (എ) പ്രകാരം, മലബാർ ദേവസ്വം ബോർഡിന്റെയും മത സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള ദേവസ്വം ഭൂമി അനധികൃതമായി കയ്യേറുകയും കൃത്രിമ രേഖ ചമച്ച് നിയമവിരുദ്ധമായി കൈവശപ്പെടുത്തുകയും ചെയ്തതിനെത്തുടർന്ന് പ്രസ്തുത ഭൂമി Kerala Land Conservancy Act പ്രകാരം തിരിച്ചെടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വലിയൊരു മാറ്റമാണ് ഇതിന്റെ ഭാഗമായിട്ടുണ്ടായത്. വിപ്ലവകരമായ ഒരു നിയമനിർമ്മാണമായിരുന്നു അന്ന് നടന്നത്. അതിലൂടെ അന്യാധീനപ്പെട്ട ദേവസ്വം ഭൂമി തിരിച്ചെടുക്കുന്നതിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചു. കയ്യേറ്റത്തിന്റെ വ്യാപ്തി വളരെ വലുതായിരുന്നു. ഭൂമി കയ്യേറ്റത്തെ സംബന്ധിച്ച് ദേവസ്വം ബോർഡ് പരിശോധിക്കുമ്പോൾ, പ്രാഥമികമായിട്ടുള്ള കണക്കുകൾ പ്രകാരം 1123 ക്ഷേത്രങ്ങളുടേതായ 24693 ഏക്കർ ഭൂമി കയ്യേറിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. ഇവർ ഇപ്പോൾ ആക്ഷേപിച്ച ശ്രീ. ഒ. കെ. വാസു മലബാർ ദേവസ്വം ബോർഡ് ചെയർമാനായി വന്നശേഷം കേരളത്തിലെ ഒരു സ്വകാര്യ സ്ഥാപനം കൈവശം വച്ചിരുന്ന, പന്തല്ലൂർ ദേവസ്വത്തിന്റേതായ 325 ഏക്കറോളം ഭൂമി തിരിച്ചുപിടിച്ചു. ടി കേസ് കോടതിയിൽ നല്ല രീതിയിൽ വാദിച്ച് വിധി സമ്പാദിച്ചാണ് ആ ഭൂമി തിരിച്ചുപിടിച്ചത്. അതുപോലെ പാലക്കാട് ശ്രീകല്ലേകുളങ്ങര ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമിയും തിരിച്ചു പിടിച്ചിട്ടുണ്ട്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, പന്തല്ലൂർ ദേവസ്വത്തിന്റേതായിരുന്ന 325 ഏക്കറോളം ഭൂമി തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് കേസ് വിധിയായതാണ്. അതിപ്പോൾ ശ്രീ. ഒ. കെ. വാസു തിരിച്ചുപിടിച്ചതിൽ വലിയ കാര്യമില്ല.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> സർ, ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് കേസ് തുടങ്ങിയെന്ന് പറയുന്നത് വാസ്തവമാണ്. ആ കേസ് വളരെ ശക്തിയായിട്ട് കൊണ്ടുപോയി വിധി സമ്പാദിച്ച് ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ അപ്പീൽ പോയിട്ടുണ്ട്. അതുപോലും നിലനിൽക്കാൻ സാധിക്കാത്ത തരത്തിൽ അന്യാധീനപ്പെട്ടുപോയ 325 ഏക്കറോളം ഭൂമി മലബാർ ദേവസ്വത്തിന്റെ വകയായി തിരിച്ചുപിടിച്ചു. പാലക്കാട് ശ്രീകല്ലേകുളങ്ങര ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതും അകമലവാരം ഭൂമി എന്നറിയപ്പെടുന്നതുമായ ഏലയ്ക്ക എസ്റ്റേറ്റിന്റെ കൈവശത്തിലുള്ളതുമായ 694 ഏക്കർ ഭൂമി ദേവസ്വത്തിന് തിരികെ ലഭിക്കുന്നതിന് അനുകൂലമായി ഇപ്പോൾ കീഴ്കോടതി വിധി ഉണ്ടായിട്ടുണ്ട്. ടി വിധിക്കെതിരെ ഹൈക്കോടതിയിൽ അപ്പീൽ നൽകിയിരിക്കുകയാണ്. ഇത്തരത്തിൽ അന്യാധീനപ്പെട്ടുപോയ ഭൂമി തിരികെ പിടിക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചതുപോലെ മലബാർ ദേവസ്വത്തിന്റേതായ നിരവധി പ്രശ്നങ്ങളുണ്ട്. ഉത്തര മലബാറിലെ കാസർഗോഡ് മുതൽ പാലക്കാട് വരെയും തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, കൊടുങ്ങല്ലൂർ താലൂക്കുകൾ ഉൾപ്പെടെ 26 താലൂക്കുകളിലെയും ഫോർട്ട് കൊച്ചിയിലെ 2 ക്ഷേത്രങ്ങളുമടക്കം ആകെ 1357 പൊതുക്ഷേത്രങ്ങളുടെ ഭരണ മേൽനോട്ടമാണ് മലബാർ ദേവസ്വം ബോർഡ് നിർവ്വഹിച്ചുവരുന്നത്. പാലക്കാട്, മലപ്പുറം, കോഴിക്കോട്, തലശ്ശേരി, കാസർഗോഡ് എന്നീ അഞ്ച് ഡിവിഷനുകളിലായി 29 സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങളും 38 'എ' ഗ്രേഡ് ക്ഷേത്രങ്ങളും 110 'ബി' ഗ്രേഡ് ക്ഷേത്രങ്ങളും 203 'സി' ഗ്രേഡ് ക്ഷേത്രങ്ങളും 977 'ഡി' ഗ്രേഡ് ക്ഷേത്രങ്ങളുമായി ആകെ 1357 ക്ഷേത്രങ്ങളാണ് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ളത്. പാലക്കാട് ഡിവിഷനിൽ 1273-ഉം മലപ്പുറം ഡിവിഷനിൽ 1212-ഉം കോഴിക്കോട് ഡിവിഷനിൽ 1138-ഉം തലശ്ശേരി ഡിവിഷനിൽ 1787-ഉം കാസർഗോഡ് ഡിവിഷനിൽ 1137-മായി ആകെ 6547 ജീവനക്കാരാണ് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ളത്. മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെയും അമ്പലങ്ങളുടെയും വ്യത്യസ്തങ്ങളായ നിരവധി വിഷയങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡുപോലെ മലബാർ ദേവസ്വം ബോർഡിനും ഏകീകൃതമായ ഒരു ഭരണ സംവിധാനമുണ്ടാകണം. ജീവനക്കാർക്ക് ഏകീകൃതമായ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനുവേണ്ടിയുള്ള അവസ്ഥയുണ്ടാകണം. ഇതെല്ലാം പരിഗണിച്ചുകൊണ്ടാണ് ഗവൺമെന്റ് ശ്രീ. ഗോപാലകൃഷ്ണൻ ചെയർമാനായ ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതിന് തയ്യാറായത്. ആ കമ്മിറ്റി ഏഴെട്ട് മാസത്തിനുള്ളിൽത്തന്നെ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ആ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിലുള്ള നിയമനിർമ്മാണമാണ് നടത്തേണ്ടത്. വളരെ സമഗ്രമായ നിയമനിർമ്മാണമാണ് ആവശ്യമായി വരുന്നത്. അത് അപ്പം ചുട്ടെടുക്കുന്നതുപോലെ നടത്താൻ കഴിയുന്ന ഒന്നല്ല. വളരെ സങ്കീർണ്ണമായ നിരവധി വിഷയങ്ങൾ ഈ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് വരുന്നതുകൊണ്ട് ഇക്കാര്യത്തിൽ വളരെ ഫലപ്രദമായ ഒരു നിയമനിർമ്മാണം നടത്തുന്നതിനായി ഗവൺമെന്റ് സജീവമായി മുന്നോട്ടുപോയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരു ബിൽ തയ്യാറായിട്ടുണ്ട്. അത് നിയമ പരിഷ്കരണ കമ്മീഷന്റെ പരിഗണനയിലിരിക്കുകയാണ്. വരുന്ന ഒരു മാസത്തിനകംതന്നെ അത് വാങ്ങി അടുത്ത നിയമസഭാ സമ്മേളനത്തിലെങ്കിലും ചർച്ച നടത്തി സമഗ്രമായ നിയമമാക്കി മാറ്റണമെന്ന് ഞങ്ങൾ ആഗ്രഹിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലുള്ള പ്രശ്നങ്ങളൊക്കെ യഥാർത്ഥത്തിൽ നിലനിൽക്കുന്നുണ്ട്. ഇല്ല എന്ന് ഞാൻ പറയുന്നില്ല. ക്ഷേത്ര ജീവനക്കാരുടെ ശമ്പള വിതരണത്തിന്റെ പ്രശ്നമുണ്ട്. 20 ലക്ഷം രൂപയോ അതിൽ കുറവോ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിൽനിന്നും വരുമാനത്തിന്റെ 50 ശതമാനം തുക ശമ്പളവിതരണത്തിനായി നീക്കിവച്ചതിനുശേഷവും തികയാതെ വരുന്ന തുകയുടെ ആവശ്യകതയും കണക്കുകളും അതത് ദേവസ്വം ഭരണാധികാരികളിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് മലബാർ ദേവസ്വം ബോർഡിൽനിന്നും തുക നൽകുന്നതാണ്. സർക്കാരിൽനിന്നും ലഭിക്കുന്ന വാർഷിക ബഡ്ജറ്റ് ഗ്രാന്റിൽനിന്നാണ് ടി തുക മലബാർ ദേവസ്വം ബോർഡ് നൽകിവരുന്നത്. ഇവിടെ സൂചിപ്പിക്കുകയുണ്ടായി, നാന്നൂറോളം വരുന്ന ക്ഷേത്രങ്ങളിൽ ഈ മാസം അവരുടെ വരുമാനത്തിൽനിന്നുള്ള തുക ലഭ്യമായിട്ടുണ്ട്. അതേസമയം ക്ഷേത്രങ്ങളെ സംബന്ധിക്കുന്ന ചെലവുകൾക്കും മറ്റ് കാര്യങ്ങൾക്കുമായി തുക എങ്ങനെ ചെലവഴിക്കുന്നുവെന്നതിന്റെ കൃത്യമായ കണക്കുകൾ നൽകുന്നമുറയ്ക്കാണ് മലബാർ ദേവസ്വം ബോർഡിൽനിന്നും ശമ്പളത്തിനുവേണ്ടിയുള്ള തുക അനുവദിക്കുന്നത്. ഇപ്പോഴും അത് അനുവദിക്കുന്നതിന് യാതൊരു തടസ്സവുമില്ല. പലപ്പോഴും ട്രസ്റ്റിമാരായ ആളുകൾ കൃത്യമായ വരവുചെലവ് കണക്ക് കൊടുക്കുന്ന കാര്യത്തിൽ വരുത്തുന്ന വീഴ്ചയാണ് ദേവസ്വം ബോർഡിൽനിന്നും തുക അനുവദിക്കുന്നതിന് തടസ്സമാകുന്നത്. അത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, കരിക്കാട് ക്ഷേത്രത്തിലെ ജീവനക്കാർക്ക് നൽകാനുള്ള കുടിശ്ശിക സംബന്ധിച്ച് വിളിച്ചു ചോദിക്കാൻ അങ്ങ് ഇന്നലെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ അന്വേഷിച്ചപ്പോൾ അവിടെയുള്ള 24 ജീവനക്കാർക്ക് 20 ലക്ഷം രൂപ ഇപ്പോഴും നൽകാനുണ്ട് എന്നാണ് അറിയാൻ

കഴിഞ്ഞത്. അവർ കൃത്യമായി കണക്ക് ബോധിപ്പിച്ചിട്ടുണ്ട്. അങ്ങ് വെരിഫൈ ചെയ്യാൻ പറഞ്ഞതിൽ വളരെ സന്തോഷമുണ്ട്. ആ തുക നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഒരു പ്രത്യേക ക്ഷേത്രത്തിന്റെ കാര്യമാണ് ഇവിടെ പറഞ്ഞത്, അതുകൊണ്ടാണ് ഞാൻ അദ്ദേഹത്തോട് അതുസംബന്ധിച്ച് പ്രത്യേകിച്ച് ചോദിച്ചത്. ആ ക്ഷേത്രത്തെ സംബന്ധിച്ച് കണക്കുകൾ കൊടുക്കുന്ന കാര്യത്തിൽ ട്രസ്റ്റി വീഴ്ച വരുത്തിയതിന്റെ ഭാഗമായാണ് ശമ്പളമായി ദേവസ്വം ബോർഡ് നൽകേണ്ട വിഹിതം നൽകാത്തത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ഒരിക്കൽക്കൂടി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ ദേവസ്വം ബോർഡിന്റെ പ്രസിഡന്റ് ശ്രീ. ഒ. കെ. വാസു ഇടപെട്ട് സ്ഥലങ്ങളേറ്റെടുത്തു എന്ന പ്രസ്താവന ഇവിടെ നടത്തുകയുണ്ടായി. എനിക്ക് നേരിട്ടറിയാവുന്ന കാര്യമാണ്, 1991-96 കാലയളവിൽ അഷ്വറൻസ് കമ്മിറ്റി ചെയർമാനായിരുന്നത് യശ:ശരീരരായ കൃഷ്ണൻ കണിയാംപറമ്പിൽ, സി.എം. സുന്ദരം, ഇ. കെ. ഇമ്പിച്ചി ബാവ എന്നിവരായിരുന്നു. അവരോടൊപ്പം ഞാനും കമ്മിറ്റിയംഗമായിരുന്നു. അന്ന് മലങ്കര ഡാമിന് മറുഭാഗത്ത് കിടക്കുന്ന മലബാർ ദേവസ്വത്തിന്റെ ആയിരക്കണക്കിന് ഏക്കർ സ്ഥലം ഏമൂർ ഭഗവതി ക്ഷേത്രം ഏറ്റെടുക്കണമെന്ന് ശിപാർശ ചെയ്തത് ഞങ്ങളുടെ കമ്മിറ്റിയായിരുന്നു. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിലാണ് പിന്നീട് ഈ നടപടിക്രമങ്ങൾ മുന്നോട്ടുപോയത്. ബഹുമാനപ്പെട്ട മന്ത്രി അത് ആർ.എസ്.എസ്.-ൽനിന്നും വന്ന ശ്രീ. ഒ. കെ. വാസുവിന്റെ പേരിൽ ചാർത്തിക്കൊടുക്കുന്നത് ചരിത്രപരമായ തെറ്റാണ്. ഞാൻ ആ കമ്മിറ്റിയിൽ അംഗമായിരുന്ന ആളാണ്. ആ ഭൂമിയേറ്റെടുക്കുന്നതിന് പ്രധാന കാരണക്കാരൻ സി. എം. സുന്ദരമെന്ന പഴയ പാലക്കാട്ടുകാരനായ എം.എൽ.എ. ആണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വസ്തുതാപരമായ കാര്യമാണ് ഞാനിവിടെ പറഞ്ഞത്.അദ്ദേഹത്തിന്റെ കമ്മിറ്റിയിൽ ആയിരക്കണക്കിന് ശിപാർശകളുണ്ടാകും. ആ ശിപാർശകളൊന്നും ഇല്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. അതിനുവേണ്ടി കോടതിയിൽ ഹാജരായതും നിയമയുദ്ധത്തിൽ പങ്കെടുത്തതുമൊക്കെ മറ്റാളുകളാണ്. ഏതാണ്ട് ആ നിയമയുദ്ധത്തിന്റെ അവസാന ഘട്ടത്തിൽ അനുകൂലമായ വിധി വന്നപ്പോൾ അത് നടപ്പിലാക്കുന്നതിനുവേണ്ടി കാട്ടിയ താൽപ്പര്യമുണ്ട്. വിധി നടപ്പിലാക്കുന്ന സന്ദർഭത്തിൽ ഒരു സ്ഥാപനം കാട്ടുന്ന, അതിന്റെ നേതൃത്വം കാട്ടുന്ന താൽപ്പര്യമാണ് വളരെ പ്രധാനം. വേണമെന്നുണ്ടെങ്കിൽ അവർക്ക് സുപ്രീം

കോടതിയിൽപോയി സ്റ്റേ വാങ്ങുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കാം. കേരളത്തിലെ പ്രമുഖ പത്രസ്ഥാപനമായ മലയാള മനോരമയാണ് ആ ഭൂമി കൈവശം വച്ചിരുന്നത്. മനോരമയുമായി നിയമയുദ്ധം ചെയ്താണ് ആ സ്ഥലം കൈവശപ്പെടുത്തുന്നത്. കൈവശപ്പെടുത്തുന്ന കാര്യത്തിൽ കാണിച്ച ജാഗ്രത, അതൊന്നും ഇല്ലെന്ന് പറയാൻ സാധിക്കില്ല. അദ്ദേഹം ആർ.എസ്.എസ്.-ൽ നിന്നാണോ ബി.ജെ.പി.-യിൽ നിന്നാണോ വന്നത് എന്നല്ല ഇപ്പോൾ നിൽക്കുന്നതെവിടെയെന്നുള്ളതാണ് പ്രശ്നം. ഇപ്പോൾ നിൽക്കുന്നത് മെച്ചപ്പെട്ട സ്ഥലത്തായതുകൊണ്ടാണ് ഇത്തരം നടപടികൾ സ്വീകരിക്കാൻ അദ്ദേഹത്തിന് സാധിച്ചതെന്നുള്ള യാഥാർത്ഥ്യം നാം വിസ്മരിക്കരുത്. ബഹുമാനപ്പെട്ട ചില അംഗങ്ങൾ ദേവസ്വം വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. മന്ത്രി എന്തുചെയ്തുവെന്നാണ് നിങ്ങൾ ചോദിച്ചത്. നിങ്ങളെന്തുചെയ്തുവെന്ന് ഞാൻ ചോദിക്കുന്നില്ല. മലബാർ ദേവസ്വത്തിനുകീഴിലുള്ള ക്ഷേത്രങ്ങളുടെ അവസ്ഥ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇതിനേക്കാൾ പരിതാപകരമായി തുടരുകയായിരുന്നു. നിങ്ങൾക്ക് യാതൊന്നും ചെയ്യാൻ സാധിച്ചില്ല. കഴിഞ്ഞ മൂന്നരവർഷക്കാലമായി ഈ ഗവൺമെന്റ് എന്തുചെയ്തുവെന്ന് ചോദിച്ചാൽ, മലബാറിൽ ഒരു സമഗ്രമായ നിയമം കൊണ്ടുവന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പോലെ മലബാർ ദേവസ്വം ബോർഡിനെ അർത്ഥപൂർണ്ണമായ ഒരു സ്ഥാപനമാക്കി മാറ്റുന്നതിനും ജീവനക്കാർക്ക് ന്യായമായ സേവന-വേതന വ്യവസ്ഥകൾ ലഭ്യമാക്കുന്നതിനും ക്ഷേത്രങ്ങളുടെ പ്രവർത്തനം നന്നായി നടത്തുന്നതിനുമാവശ്യമായ നിയമനിർമ്മാണത്തിന്റെ അവസാനഘട്ടത്തിൽ നിൽക്കുകയാണ്. അത്ര എളുപ്പം സാധിക്കുന്ന കാര്യമല്ലാത്തതുകൊണ്ടാണ്, ഏതായാലും അടുത്ത സഭാസമ്മേളനത്തിൽ അത് ചെയ്യാൻ സാധിക്കുമെന്നാണ് തോന്നുന്നത്. ദേവസ്വം വകുപ്പിന്റെ നേതൃത്വത്തിൽ നടന്നതായ എല്ലാ പ്രവർത്തനങ്ങളുടെയും വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടന്നുപോകുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് കൊണ്ടുവന്നു. അതുസംബന്ധിച്ച് ഞാൻ ഈ സഭയിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ഏഴംഗങ്ങളെ കുത്തിനിറച്ച ഒരു വെള്ളാനയായിരുന്നു അത്. ആറ് വർഷത്തോളം അവരുണ്ടായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. അതിനിടയിൽ ഒരാളെപ്പോലും നിയമിക്കാൻ അവർക്ക് സാധിച്ചില്ല. ഏതാണ്ട് ലക്ഷക്കണക്കിന് രൂപ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും പറ്റുന്ന ഒരു സംവിധാനമായിട്ടാണ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് കൊണ്ടുവന്നത്. പക്ഷെ ഈ ഗവൺമെന്റ് വന്നതിനുശേഷം അതിനെ ഡിസോൾവ് ചെയ്ത് അവിടെ ഒരു ചെറിയ ബോർഡ് സ്ഥാപിച്ച് പബ്ലിക്

സർവ്വീസ് കമ്മീഷൻ നടത്തുന്ന മാതൃകയിൽ പരീക്ഷയും മുഖാമുഖവും നടത്തി നിയമനം നൽകി. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നടക്കമുള്ളവരെ നിയമിച്ചുകൊണ്ട് അബ്രാഹ്മണ ശാന്തി നിയമനം നടത്തി. രാജ്യമാകെ ശ്രദ്ധിച്ചതും രാജ്യമാകെ പ്രകീർത്തിച്ചതുമായ സാമൂഹ്യ വിപ്ലവമാണ് അബ്രാഹ്മണ ശാന്തി നിയമനം. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരടക്കമുള്ളവർ ശാന്തിമാരായി നിയമിക്കപ്പെട്ടു. അബ്രാഹ്മണരായവരും ശാന്തിമാരായി നിയമിക്കപ്പെട്ടു. 411 ശാന്തിമാരെ നിയമിച്ചപ്പോൾ അതിൽ 199 പേരും അബ്രാഹ്മണരായിരുന്നു. അതിൽ 24 പേർ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരായിരുന്നു. മാത്രമല്ല, മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ദേവസ്വം വകുപ്പിൽ സംവരണം ഏർപ്പെടുത്തുകയെന്ന വലിയ മാറ്റത്തിന് നേതൃത്വം കൊടുക്കാൻ, തുടക്കം കുറിക്കാൻ സാധിച്ചു. അതൊന്നും ചെറിയ കാര്യമല്ല. എത്രയോ കാലമായി നമ്മൾ പറയുന്നുണ്ടെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിലും അതൊന്നും എവിടെയും ചെയ്യാൻ സാധിച്ചില്ല. എന്നാൽ, തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അടുത്തകാലത്ത് തയ്യാറാക്കിയ പട്ടികയിൽ മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം നൽകാനുള്ള തീരുമാനമെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: സർ, അങ്ങയുടെ ഇടപെടൽ വേണ്ടൊരു കാര്യമാണ്. ചരിത്രപ്രസിദ്ധമായ, വിശ്വപ്രസിദ്ധമായ കൽപ്പാത്തി രഥോത്സവത്തിന്റെ തേര് നാളെ ആരംഭിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തേര് ആരംഭിക്കുമ്പോൾ സഹായമെന്ന നിലയ്ക്ക് ഒരു തുക വാർഷിക ഗ്രാന്റായി അനുവദിക്കാറുണ്ടായിരുന്നു. പക്ഷെ കഴിഞ്ഞ മൂന്ന് വർഷമായി അത് നൽകാൻ നമുക്ക് കഴിഞ്ഞിട്ടില്ല. സംഗീതോൽസവത്തിന് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി ഇടപെട്ട് കഴിഞ്ഞ മൂന്ന് വർഷവും ആവർത്തന ഗ്രാന്റ് നൽകിക്കൊണ്ടിരിക്കുന്നുണ്ട്. അത് 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്ന ഒരു നിവേദനം ബഹുമാനപ്പെട്ട മന്ത്രിയുടെ പരിഗണനയിലാണ്. ലോകത്തെമ്പാടുമുള്ള വിശ്വാസികളായ മലയാളികൾ, വിദേശികൾപോലും വന്നെത്തുന്ന കൽപ്പാത്തി രഥോത്സവത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഗ്രാന്റ് അനുവദിച്ചുകൊടുക്കുന്നതിന് അങ്ങയുടെ ഇടപെടൽ നിർബന്ധമായും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ തുക കൊടുത്തിട്ടുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സാധാരണഗതിയിൽ ഇതിനുമുമ്പ് കൊടുത്തിട്ടുള്ള ഒരു ഗ്രാന്റും അനുവദിക്കാതിരുന്നിട്ടില്ല. കൽപ്പാത്തി രഥോത്സവത്തിന്റെ കാര്യത്തിൽ കഴിഞ്ഞതിന്റെ മുമ്പത്തെ വർഷം

പ്രത്യേകമായിട്ടുള്ള ഗ്രാന്റ് ഗവൺമെന്റ് അനുവദിച്ചുവെന്നാണ് എന്റെ ധാരണ. ബഹുമാനപ്പെട്ട അംഗത്തോടൊപ്പം അവിടെ നടന്ന ഒരു ചടങ്ങിൽ ഞാൻ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം അവിടെ അത്തരത്തിലുള്ള ഉൽസവം ഉണ്ടായിരുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇപ്രാവശ്യം ഉൽസവമുണ്ട്. അതിന്റെ അപേക്ഷ കൃത്യമായി നൽകുകയാണെങ്കിൽ അതിനാവശ്യമായ നടപടി നിശ്ചയമായും സ്വീകരിക്കും. അതിലൊന്നും ഒരുതരത്തിലുള്ള വ്യത്യാസവും ഗവൺമെന്റ് വരുത്തുന്നില്ല. ഞാൻ ഇവിടെ ദീർഘമായൊന്നും സംസാരിക്കാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ നിയമ പരിഷ്കരണ ബില്ലിനെ സംബന്ധിച്ച് ഞാൻ പറഞ്ഞു. കഴിയുന്നത്ര വേഗതയിൽ, അടുത്ത സഭാസമ്മേളനത്തിൽ നമുക്കെല്ലാവർക്കും വിശദമായി സമയമെടുത്ത് ചർച്ച ചെയ്ത് കുറ്റമറ്റ തരത്തിൽ മലബാർ ദേവസ്വം ബിൽ അവതരിപ്പിച്ച് പാസ്സാക്കിയെടുക്കാൻ സാധിക്കും. സഭയാകെ ഒരുമിച്ചുനിന്ന് അത് ചെയ്യാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഇവിടെ ബഹുമാനപ്പെട്ട ഷാനിമോൾ ഉസ്മാൻ സംസാരിച്ചപ്പോൾ അമ്പലപ്പുഴ പാൽപ്പായസത്തിന്റെ പേരുമാറ്റി എന്നൊക്കെ പറയുന്നുണ്ടായിരുന്നു. ചില മാധ്യമങ്ങളിൽ വന്ന വാർത്തയെ ആസ്പദമാക്കിയിട്ടാണ് അങ്ങനെ പറഞ്ഞതെങ്കിൽ അത്തരത്തിലുള്ള ഒരു തീരുമാനവും എവിടെയും എടുത്തിരുന്നില്ല എന്നുള്ള കാര്യം മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അമ്പലപ്പുഴ പാൽപ്പായസം 'അമ്പലപ്പുഴ പാൽപ്പായസം' എന്നുതന്നെയാണ് അറിയപ്പെടുക.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ, അമ്പലപ്പുഴ പാൽപ്പായസത്തിന്റെ പേര് 'ഗോപാല കഷായം' എന്നുകൂടി ചേർക്കില്ല എന്ന് ഉറപ്പുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഉറപ്പുണ്ട്.

<u>മി. സ്പീക്കർ</u>: എങ്ങനെയാണ് ഈ ഗോപാല കഷായം എന്ന പേര് വന്നത്?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അത് എങ്ങനെയാണെന്ന് അറിയില്ല. അങ്ങനെയൊരു വാർത്ത ഇടയ്ക്ക് കേൾക്കാനിടയായി. അതിന് ഗോപാല കഷായം എന്ന് പ്രാചീനരേഖകളിലോ മറ്റോ കാണുന്നു. കഴിഞ്ഞ കുറേയേറെ വർഷങ്ങളായി അത് അമ്പലപ്പുഴ പാൽപ്പായസം എന്നുള്ള പേരിൽ തന്നെയാണ് അറിയപ്പെടുന്നത്. അമ്പലപ്പുഴ പാൽപ്പായസം എന്നുപറയുമ്പോൾ തന്നെ മാധുര്യത്തിന്റെ അങ്ങേയറ്റത്ത് നമ്മളെല്ലാവരും എത്തിച്ചേരുന്നതാണ്. അത് ഗോപാലകഷായം എന്നാക്കുമെന്ന് ആരെങ്കിലും പറഞ്ഞാൽ ഏതെങ്കിലും കുഴപ്പം പിടിച്ചവർക്കുമാത്രമെ അങ്ങനെ മാറ്റാൻ സാധിക്കുകയുള്ളൂ.

മി. സ്പീക്കർ: ഏതായാലും പാൽപ്പായസത്തെ കഷായം ആക്കാതിരിക്കുന്നതാണ് നല്ലത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പാൽപ്പായസം പാൽപ്പായസത്തിന്റെ മാധുര്യത്തോടെ തന്നെ തുടരാൻ വേണ്ട നടപടി സ്വീകരിക്കും.

ശ്രീ. പി. ടി. എ. റഹീം: സർ, പാൽപ്പായസത്തിന് പേറ്റന്റ് എടുക്കുന്നതാണ് വിഷയം. അമ്പലപ്പുഴ ഒരു സ്ഥലത്തിന്റെ പേരായതുകൊണ്ട് അതിനൊരു പേറ്റന്റ് കിട്ടില്ല എന്നുള്ള കാര്യം അങ്ങ് ഓർക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പേറ്റന്റ് വേണമെന്ന് നമുക്ക് താൽപ്പര്യമൊന്നുമില്ല. ഈ രാജ്യത്ത് ഇക്കാലമത്രയും അമ്പലപ്പുഴ പാൽപ്പായസം 'പാൽപ്പായസം' എന്നുള്ള നിലയിൽ തന്നെയാണ് പോയിട്ടുള്ളത്. അതിന് പകരം വയ്ക്കാൻ ഒന്നുമില്ല. അതിന് പ്രത്യേക പേറ്റന്റും നമുക്കാവശ്യമില്ല. ഇനി ഗോപാല കഷായം എന്നുപറഞ്ഞാൽ മാത്രമെ പേറ്റന്റ് കിട്ടുകയുള്ളൂ എങ്കിൽ അങ്ങനെയൊരു പേറ്റന്റ് വേണ്ട എന്ന് ഈ ഗവൺമെന്റ് തീരുമാനിക്കും. അക്കാര്യത്തിൽ സംശയമൊന്നുമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർക്ക് അങ്ങനെയൊരു സംശയമൊന്നും വേണ്ട. ബഹുമാനപ്പെട്ട ഒരു മെമ്പർ തന്റെ പ്രസംഗത്തിനിടയിൽ ജവഹർലാൽ നെഹ്റുവിനെ പരാമർശിക്കുന്നുണ്ടായിരുന്നു. നെഹ്റുവിനെപ്പോലുള്ള ഒരു മഹാ വ്യക്തിത്വത്തെ, ഒരു മതേതരവാദിയെ എങ്ങനെയാണ് തങ്ങളുടെ സ്ഥാപിത താൽപ്പര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഇതുപോലൊരു വേദിയിൽ അവതരിപ്പിക്കാൻ ഇവർക്ക് സാധിക്കുന്നത്; യഥാർത്ഥത്തിൽ ജവഹർലാൽ നെഹ്റുവിനെക്കുറിച്ച് പറയാനുള്ള അർഹതതന്നെ കോൺഗ്രസ് അംഗങ്ങൾക്ക് നഷ്ടപ്പെട്ടുപോയി എന്ന യാഥാർത്ഥ്യം നമുക്ക് ഇവിടെ പറയാതിരിക്കാനാവില്ല. ജവഹർലാൽ നെഹ്റു എവിടെ നിൽക്കുന്നു; ഇന്നത്തെ കോൺഗ്രസ് നേതാക്കന്മാർ എവിടെ നിൽക്കുന്നു; അദ്ദേഹം തികഞ്ഞ മതേതരവാദിയായിരുന്നു. അദ്ദേഹം അമ്പലങ്ങളിൽ കയറിയിറങ്ങി പൂജാരിമാരുടെ കാൽ പിടിക്കുന്ന ആളായിരുന്നില്ല. ഒരു മനുഷ്യദൈവത്തെയും കൊണ്ടുനടന്നിരുന്ന ആളായിരുന്നില്ല. അങ്ങനെയുള്ള അദ്ദേഹത്തെ എന്തിന് കൂട്ടുപിടിച്ചു എന്നെനിക്ക് മനസ്സിലാകുന്നില്ല. ഇപ്പോഴത്തെ കോൺഗ്രസ് നേതാക്കന്മാർ അങ്ങനെയാണോ; അവർ ബി.ജെ.പി.-ക്കാരും ആർ.എസ്.എസ്.-കാരും ചെയ്യുന്നതിനേക്കാൾ വല്ലാത്ത രൂപത്തിൽ പ്രവർത്തിക്കുന്നവരല്ലേ; നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു കാര്യമല്ലേ; ജവഹർലാൽ നെഹ്റുവിനെപ്പോലെയുള്ള മതേതരവാദിയെ ഇത്തരത്തിൽ കൂട്ടുപിടിച്ച് സംസാരിക്കാൻ ശ്രമിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

ബഹുമാനപ്പെട്ട കെ. എൻ. എ. ഖാദർ, അദ്ദേഹത്തിന്റെ സർവ്വ വിജ്ഞാനം വിളമ്പിയതിനുശേഷം പോയി. വിശ്വ വിജ്ഞാന കോശം, അണ്ഡകടാഹം... അദ്ദേഹം എന്തൊക്കെയാണ് പറഞ്ഞുപോയത്.

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്തോളൂ..

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കഴിഞ്ഞ ദിവസം ഞാനൊരു മതപ്രഭാഷണം കേൾക്കുകയുണ്ടായി. ആ മതപ്രഭാഷണത്തിനകത്ത് അവർ ബൈബിളിനെയും ഭഗവത്ഗീതയെയും വ്യാഖ്യാനിക്കുന്നുണ്ടായിരുന്നു. എല്ലാ മതങ്ങളുടെയും മതഗ്രന്ഥങ്ങളെല്ലാം പഠിച്ച് തങ്ങളുടെ സൗകര്യത്തിനനുസരിച്ച് മനോഹരമായി പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നവരാണ് മതപ്രഭാഷകന്മാർ. അതുപോലൊരു പ്രഭാഷണമാണ് ബഹുമാനപ്പെട്ട കെ. എൻ. എ. ഖാദർ നടത്തിയതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. അദ്ദേഹം പറഞ്ഞ രാഷ്ട്രീയമായിട്ടുള്ള പ്രശ്നങ്ങളുടെ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹം ഒരുപാട് വിഷയങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ രാജ്യത്ത് ഇന്ന് ഉയർന്നുവന്നിരിക്കുന്നതായ പ്രധാനപ്പെട്ട പ്രശ്നമുണ്ട്. അത് വർഗ്ഗീയതയുടെ പ്രശ്നംതന്നെയാണ്. വർഗ്ഗീയതയെ ഉയർത്തിപ്പിടിച്ചുകൊണ്ട് ബി.ജെ.പി.-യും മറ്റും സ്വീകരിക്കുന്ന നിലപാടുകൾക്കെതിരായുള്ള വിശാല മതേതര ശക്തികളുടെ ഐക്യം ഉയർന്നുവരേണ്ട ഒരുഘട്ടമാണ് ഇതെന്ന തിരിച്ചറിവോടെ പ്രവർത്തിക്കാൻ നമുക്ക് സാധിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ ശബരിമലയുടെ പ്രശ്നം തന്നെ ബഹുമാനപ്പെട്ട അംഗം പരാമർശിക്കുകയുണ്ടായി. നാളെ ശബരിമലയുടെ വിധി വരാൻ പോകുകയാണ്. വിധി എന്തായിരുന്നാലും നിയമവാഴ്ച നിലനിൽക്കുന്ന ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം അത് അംഗീകരിക്കുകയല്ലാതെ നമ്മുടെ മുമ്പിൽ വേറെ വഴിയില്ല. നാളെ വരുന്ന വിധി എന്താണെന്ന് നമുക്കറിയില്ല. വ്യക്തിപരമായി നമുക്കോരോരുത്തർക്കും ആ വിധി അനുകൂലമായിരുന്നാലും പ്രതികൂലമായിരുന്നാലും അംഗീകരിക്കേണ്ടതായി വരും. ഇപ്പോൾ അയോധ്യാ വിധി വന്നു. നമുക്കെല്ലാവർക്കും ആ വിധിയോട് യോജിപ്പുണ്ടോ; ഓരോരുത്തരും ആ വിധിയെ വ്യാഖ്യാനിക്കുന്നതും മനസ്സിലാക്കാൻ ശ്രമിക്കുന്നതും എങ്ങനെയാണ്; ആ വിധിയുടെ അന്തരാർത്ഥം എന്താണ്? പക്ഷെ രാജ്യത്തിന്റെ പരമോന്നത ന്യായപീഠം വിധിക്കുന്ന വിധിയെന്ന നിലയിൽ ആ വിധിയെ രാജ്യമാകെ സ്വീകരിക്കുകയാണുണ്ടായത്. ആ വിധി സംബന്ധിച്ച് നമുക്ക് വ്യക്തിപരമായ അഭിപ്രായ വ്യത്യാസങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ അതെല്ലാം മാറ്റിവച്ചുകൊണ്ട് നമ്മൾ സുപ്രീം കോടതി വിധിയെ മാനിക്കുന്ന ഒരു കാഴ്ചയാണ് കണ്ടത്. ഞാൻ

കഴിഞ്ഞ ദിവസം സൂചിപ്പിക്കുകയുണ്ടായി, ബി.ജെ.പി.-യുടെ നേതാക്കൾ സുപ്രീംകോടതി വിധി വരുന്നതിനുമുമ്പായി ഒരു ക്യാമ്പയിൻ നടത്തിയിരുന്നു. അവർ നിങ്ങളെ സമീപിച്ചോ എന്നെനിക്കറിയില്ല. ബി.ജെ.പി.-യുടെ രണ്ട് നേതാക്കന്മാർ എന്റെ അടുക്കൽ വന്നിരുന്നു. ബി.ജെ.പി.-ക്കാർ വന്നുവെന്ന് പറയുമ്പോൾ നിങ്ങൾ എന്തിനാണ് ബഹളം വയ്ക്കുന്നത്?

<u>മി. സ്പീക്കർ</u>: അങ്ങ് സംസാരിച്ച് അവസാനിപ്പിക്കു....പ്ലീസ്...പ്ലീസ്...

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അവരുടെ ക്യാമ്പയിന്റെ ഭാഗമായി അവർ എന്നെ കാണാൻ വന്നു. വന്നുകൂട എന്നുണ്ടോ; എന്തിനാണ് ഇങ്ങനെ അസ്വസ്ഥതപ്പെടുന്നത്; ബി.ജെ.പി.-യിലെ രണ്ട് നേതാക്കന്മാർ അവരുടെ ക്യാമ്പയിന്റെ ഭാഗമായി എന്നെ കാണാൻ വന്നു. നിങ്ങൾ എന്തിനാണ് വന്നതെന്ന് ഞാൻ അവരോട് ചോദിച്ചു. യഥാർത്ഥത്തിൽ എന്നെ കാണാൻ സമയം ചോദിച്ചപ്പോൾ ഞാൻ വിചാരിച്ചത് തിരുവനന്തപുരത്ത് നിലനിൽക്കുന്ന സംഘർഷത്തെക്കുറിച്ച് ചർച്ച ചെയ്യാനായിരിക്കും എന്നാണ്. ഞാൻ അവരോട് വീട്ടിൽ കാണുന്ന സമയം പറഞ്ഞു. അവർ ആ സമയത്ത് വന്നു. ആ സംഘർഷത്തെക്കുറിച്ച് എന്നോട് എന്തെങ്കിലും പറയാൻ വന്നുവെന്നാണ് ഞാൻ ധരിക്കുന്നത്. പക്ഷെ അവർ പറഞ്ഞത്, അടുത്ത ദിവസം (9-ാം തീയതി) അയോധ്യാ വിധി വരികയാണ്. ആ വിധിയെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്കൊരു നിലപാടുണ്ട്. ആ വിധി എന്തുകൊണ്ടും നമ്മൾ അംഗീകരിക്കേണ്ടതാണ്. ആ വിധിയുടെ ഭാഗമായി നമ്മുടെ രാജ്യത്തൊരു കലാപമുണ്ടാകാൻ പാടില്ല, ഒരു വർഗ്ഗീയ ലഹളയുണ്ടാകാൻ പാടില്ല എന്നതാണ് ആ നിലപാട്. നിങ്ങൾ സുപ്രീംകോടതി വിധിയെ അംഗീകരിക്കുന്നവരാണോ എന്ന് ഞാൻ ചോദിച്ചു. അങ്ങനെയല്ലല്ലോ നമ്മൾ മനസ്സിലാക്കിയിട്ടുള്ളത്. ശബരിമല വിധി വന്നപ്പോൾ നിങ്ങളുടെ നിലപാട് നമുക്ക് കാണാൻ സാധിച്ചല്ലോ; അതൊരു സുപ്രീംകോടതി വിധിയായിരുന്നല്ലോ; അയോധ്യാ കേസ്സിന്റെ ഭാഗമായി വരുന്ന വിധിയുടെ അടിസ്ഥാനത്തിൽ നമ്മുടെ രാജ്യത്ത് യാതൊരു തരത്തിലുള്ള സംഘർഷങ്ങളോ കലാപങ്ങളോ ഉണ്ടാകാൻ പാടില്ല എന്ന് അവർ പറഞ്ഞു. ഞാൻ ചോദിച്ചു, നിങ്ങൾ എല്ലാവരെയും കാണാൻ പോകുകയാണോ; ബി.ജെ.പി. എന്നുള്ള നിലയിൽ ഞങ്ങൾ എല്ലാവരെയും കാണുകയാണ്. എല്ലാ രാഷ്ട്രീയ കക്ഷി നേതാക്കന്മാരെയും അതുപോലെ തന്നെ പൗര പ്രമുഖരെയും ഉദ്യോഗസ്ഥ പ്രമുഖരെയും അങ്ങനെ എല്ലാ ആളുകളെയും കണ്ട് അത്തരമൊരു അന്തരീക്ഷം, വിധി എന്തായിരുന്നാലും ശരി ആ വിധിയുടെ ഭാഗമായി ഈ രാജ്യത്ത് നിലനിൽക്കുന്ന സമാധാനവും സൗഹൃദവുമൊന്നും നഷ്ടപ്പെട്ടുകൂടാ, അതിന് നമുക്കെല്ലാവർക്കും ഒരുമിച്ച് പ്രവർത്തിക്കാൻ സാധിക്കണമെന്ന് പറഞ്ഞുകൊണ്ട്

ബി.ജെ.പി.-യുടെ രണ്ട് നേതാക്കന്മാർ എന്നെ കാണാൻ വന്നിരുന്നു. അവരുടെ പേര് പറയണമെങ്കിൽ ഞാൻ പേര് പറയാം. അയോധ്യാ കേസുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള വിധിയോട് വ്യക്തിപരമായി നമുക്ക് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും ആ വിധിയെ നമ്മൾ എല്ലാവരും അംഗീകരിച്ചു. അതുപോലെ നാളെ വിധി വരികയാണ്. സുപ്രീംകോടതിയുടെ വിധി വരുമ്പോൾ സ്വാഭാവികമായും ആ വിധി അംഗീകരിക്കാനുള്ള ബാധ്യത നമുക്കുണ്ട്. അത് നാം അംഗീകരിക്കണം; സമ്മതിക്കണം; അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ നമുക്ക് സാധിക്കണം. സുപ്രീംകോടതി വിധി അംഗീകരിക്കാതെ, മാനിക്കാതെ ചില ആളുകൾ ഉയർത്തിവിട്ട വർഗ്ഗീയ ചേരിതിരിവിന് നേതൃത്വം കൊടുക്കാൻ കോൺഗ്രസ് തയ്യാറായിയെന്നുള്ളതാണ് നമ്മുടെ സംസ്ഥാനത്ത് സമീപകാലത്തുണ്ടായ ഏറ്റവും വലിയ രാഷ്ട്രീയ അപചയമെന്ന് പറയാതിരിക്കാൻ വയ്യ. ഞാൻ വസ്തുതകൾ ഉദ്ധരിച്ചാണ് പറയുന്നത്. എല്ലാക്കാലത്തും എല്ലാവരെയും പറ്റിച്ചുകൊണ്ടുപോകാൻ സാധിക്കില്ലെന്ന് മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ വിശ്വാസി സമൂഹത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ ഏത് ഗവൺമെന്റുകൾ പ്രവർത്തിച്ചതിനേക്കാളും അധികം കാര്യങ്ങൾ ചെയ്തൊരു ഗവൺമെന്റാണ് ഇതെന്ന് എനിക്ക് ഈ സഭയെ അറിയിക്കാൻ സാധിക്കും. എന്റെ കയ്യിൽ കണക്കുകളുണ്ട്. പ്രസംഗം അവസാനിപ്പിക്കണമെന്ന് അങ്ങ് പറയുന്നതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. എനിക്ക് വിശ്വാസമുണ്ടോ ഇല്ലയോയെന്നോ അല്ലെങ്കിൽ മറ്റൊരാൾക്ക് വിശ്വാസമുണ്ടോ എന്നുള്ളതല്ല, എന്റെ വിശ്വാസത്തിന്റെ ആഴമളക്കാൻ ആരും നടക്കേണ്ട കാര്യമില്ല. അതെല്ലാം ഓരോരുത്തരുടേയും വ്യക്തിപരമായ പ്രശ്നമാണ്. വിശ്വാസമെന്ന് പറയുന്നത് വ്യക്തിപരമായ വിഷയമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശ്വാസത്തിന്റെ ആഴമളക്കാൻ നടക്കുന്നവരുണ്ട്, ദേവസ്വം വകുപ്പുമന്ത്രിയുടെ വിശ്വാസത്തിന്റെ ആഴമളക്കാൻ നടക്കുന്നവരുണ്ട്. ഞങ്ങളുടെ ആഴമളക്കാൻ നിങ്ങളുടെ കയ്യിലുള്ള സ്കെയിലുംകൊണ്ട് നടക്കേണ്ട കാര്യമില്ല. വിശ്വാസികളുടെ താൽപ്പര്യം സംരക്ഷിക്കാൻ ഈ ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ട്. ബഹുമാനപ്പെട്ട എ. പി. അനിൽകുമാർ സംസാരിച്ചതിൽനിന്നും അദ്ദേഹത്തിന്റെ കാഴ്ച എത്രമാത്രം ചുരുങ്ങിച്ചുരുങ്ങി വന്നുവെന്ന് നോക്കുക, ബി.ജെ.പി.-യെയും സി.പി.ഐ.(എം.)-നെയും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളായി കാണാൻ കഴിയുന്ന തരത്തിലുള്ള മാനസികാവസ്ഥയിലേയ്ക്ക് ഒരു കോൺഗ്രസ് അംഗം ചെന്നുചേരുകയാണ്. ഇത്തരം അന്ധമായ മാർക്സിസ്റ്റ് വിരോധമാണ് കേരളത്തിൽ ഇതെല്ലാം ചെയ്യാൻ നിങ്ങളെ പ്രേരിപ്പിക്കുന്നത്. ആ കമ്മ്യൂണിസ്റ്റ് വിരോധത്തിൽനിന്നും നിങ്ങൾ മാറുകതന്നെ വേണം. ആ കാര്യത്തിൽ സംശയമില്ല. ഞാൻ കേട്ട കാര്യമാണ് പറയുന്നത്.

അദ്ദേഹത്തെപ്പോലൊരു ആൾ അങ്ങനെ പറയാൻ പാടുണ്ടോ? മലബാർ ദേവസ്വം ബോർഡിന് യു.ഡി.എഫിന്റെ 5 വർഷ ഭരണകാലത്ത് 71.458 കോടി രൂപയാണ് നൽകിയതെങ്കിൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേവലം മൂന്നര വർഷക്കാലംകൊണ്ട് 121.4760 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് മലബാർ ദേവസ്വം ബോർഡിലെ കാര്യം മാത്രമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ,എത്ര രൂപ ചെലവാക്കിയിട്ടുണ്ട്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അതൊക്കെ അവർ ചെലവാക്കിക്കൊള്ളും. മലബാർ ദേവസ്വം ബോർഡിന്റെ കയ്യിൽ കണക്കുണ്ട്. ശമ്പളം കൊടുക്കുന്നതൊക്കെ ഇതിൽനിന്നാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആചാരസ്ഥാനീയർക്കും കോലധാരികൾക്കും യഥാക്രമം 800, 700 രൂപ വീതമാണ് നൽകിയിരുന്നതെങ്കിൽ ഈ സർക്കാർ 1200 രൂപ കൊടുക്കുകയാണ്. എന്തൊക്കെയാണ് ചെയ്തതെന്ന് ശ്രീ. എ. പി. അനിൽകുമാർ ചോദിച്ചിരുന്നു. നമ്മുടെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് ചെയ്യാവുന്നതിന്റെ പരമാവധി ചെയ്യുകയാണ്. ഈ സർക്കാർ ഇനി ഒന്നര വർഷംകൂടി അധികാരത്തിൽ ഉണ്ടല്ലോ; ഈ തുക 1,500 രൂപയായി വർദ്ധിപ്പിച്ചിട്ട് തന്നെയായിരിക്കും ഞങ്ങൾ ഇറങ്ങുക. അതുപോലെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എല്ലാ പ്രശ്നങ്ങളിലേയ്ക്കും ഞാൻ പോകുന്നില്ല. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സൗകര്യം ഒരുക്കുന്നതിനായി വിവിധ വകുപ്പുകൾക്ക് കഴിഞ്ഞ സർക്കാർ കൊടുത്തതിനേക്കാൾ അധികം തുക കൊടുക്കുന്നുണ്ട്. കഴിഞ്ഞ സർക്കാരും ഈ സർക്കാരും വിവിധ വകുപ്പുകൾക്കാണ് ഇത് നൽകുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ശബരിമല തീർത്ഥാടന പ്രവർത്തനങ്ങൾക്കുവേണ്ടി 2013-14-ൽ 8.17 കോടി രൂപയും 2014-15-ൽ 8.98 കോടി രൂപയും 2015-16-ൽ 24.23 കോടി രൂപയുമാണ് നൽകിയത്. ആകെ 41.38 കോടി രൂപയാണ് യു.ഡി.എഫ്. സർക്കാരിന്റെ ആദ്യത്തെ മൂന്ന് വർഷക്കാലം ശബരിമല തീർത്ഥാടന പ്രവർത്തനങ്ങൾക്കായി കൊടുത്തത്. ഈ ഗവൺമെന്റ് 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലായി ആകെ 91.905 കോടി രൂപ ശബരിമല തീർത്ഥാടന പണികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ആ രൂപത്തിൽ സംസ്ഥാനത്ത് ശബരിമല തീർത്ഥാടനം ആരംഭിക്കുന്നതിനുമുമ്പ് വിവിധ വകുപ്പുകളിലൂടെ കഴിഞ്ഞ ഗവൺമെന്റ് ചെലവഴിച്ചതിനേക്കാൾ അധികം തുക ചെലവഴിക്കുന്നതിന് ഞങ്ങൾക്ക് സാധിച്ചിട്ടുണ്ടെന്ന കാര്യമാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ നിയമം മലബാർ

ദേവസ്വം ബോർഡിന് വേണ്ടിയിട്ടുള്ളതാണ്. തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിൽ ഒരേ നിയമമാണ് നിലവിലുള്ളത്. അതിൽനിന്നും വ്യത്യസ്തമായി മലബാർ ദേവസ്വം ബോർഡിൽ മാത്രമാണ് ഇപ്പോൾ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. എന്റെ ചോദ്യം, എന്തുകൊണ്ടാണ് തിരുവിതാംകൂറിലും കൊച്ചിയിലും ഇതേ നിലയിലുള്ള നിയമനിർമ്മാണം കൊണ്ടുവരുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കാത്തത്? അതിന്റെ കാരണമെന്താണ്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഒരു നിയമമാണ്, കൊച്ചിൻ ദേവസ്വം ബോർഡിന് വ്യത്യസ്ത നിയമമാണ്, ഗുരുവായൂർ ദേവസ്വം ബോർഡിന് വ്യത്യസ്ത നിയമമാണ്, കൂടൽമാണിക്യത്തിനും പ്രത്യേക നിയമമാണ്. മലബാർ ദേവസ്വം ബോർഡിന്റെ നിയമം ഞാൻ തുടക്കത്തിൽത്തന്നെ പറഞ്ഞു, നേരത്തെ ഉണ്ടായിരുന്നത് മദ്രാസ്സിന്റെ ഭാഗമായിട്ടുള്ള ഒരു ഡിപ്പാർട്ടുമെന്റായിരുന്നു. 2008-ൽ ശ്രീ. ജി. സുധാകരൻ ദേവസ്വം വകുപ്പുമന്ത്രിയായിരുന്നപ്പോൾ മലബാർ ദേവസ്വം ബോർഡിന് രൂപംകൊടുത്തു. അത് സമഗ്രമായിരുന്നില്ല. അത് സമഗ്രമാക്കുന്നതിനുള്ള ഒരു നിയമമാണിത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയമം എങ്ങനെയാണോ അതിന് സമാനമായ തരത്തിലുള്ള ഒരു നിയമനിർമ്മാണമാണ് ആഗ്രഹിക്കുന്നത്. ആ നിയമം അടുത്ത സഭയിൽ വളരെ വിശദമായി ചർച്ച ചെയ്ത് കൊണ്ടുവരാൻ സാധിക്കുമെന്നുതന്നെയാണ് കരുതുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു ഏകീകരണമാണല്ലോ ഈ ഗവൺമെന്റ് കാണുന്നത്. അതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരു ഏകീകൃത നിയമം വേണം. തിരുവിതാംകൂർ ദേവസ്വം ബോർഡിനും കൊച്ചിൻ ദേവസ്വം ബോർഡിനും മലബാർ ദേവസ്വം ബോർഡിനുമെല്ലാം കാലാവധി രണ്ട് വർഷമെന്ന് വച്ചു. രണ്ട് വർഷം കാലാവധി പൂർത്തിയാക്കിയ ആളുകൾക്ക് റിപ്പീറ്റ് ചെയ്യാൻ സന്ദർഭവുമില്ല. പിന്നീട് പുതിയ ആളുകളെയാണ് നിയമിക്കുന്നത്.

മി. സ്പീക്കർ: നമ്മുടെ മുന്നിലുള്ള ബിൽ അല്ലേ ചർച്ച ചെയ്യുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ ബില്ലിന്റെ കാര്യമാണ് പറയുന്നത്. മറ്റുള്ളവയിൽനിന്നും വിഭിന്നമായി മലബാർ ദേവസ്വം ബോർഡിൽ മാത്രം ഈ എക്സ്റ്റൻഷൻ കൊടുക്കുകയും തിരുവിതാംകൂർ ദേവസ്വം ബോർഡിൽപ്പെട്ട ശ്രീ. എ. പത്മകുമാറിനെ ഒഴിവാക്കുകയും ചെയ്യുന്നു. ഇത് രണ്ടിനെയും ഒരേരൂപത്തിൽ നമ്മൾ കാണുകയാണ്. ഈ ഡിസ്ക്രിമിനേഷന് കാര്യമെന്താണെന്ന് അങ്ങ് പറയുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കാലാവധിയിൽ മാറ്റമൊന്നും വന്നിട്ടില്ല. വ്യക്തിയുടെ കാര്യത്തിൽ മാത്രമെ വ്യത്യാസം വന്നിട്ടുള്ളൂ. കഴിഞ്ഞ സഭയിൽ ഞാൻ പറഞ്ഞപ്പോൾ അങ്ങ് ആക്രോശിക്കുകയും ഒച്ചപ്പാടുണ്ടാക്കുകയും ചെയ്ത വിഷയമാണിത്.

മി. സ്പീക്കർ: ഒരു ബിൽ കൂടിയുണ്ട്..... പ്ലീസ് കൺക്ലൂഡ്......

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിയമത്തിൽ ക്ലാരിറ്റി വേണം. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഒരംഗത്തിന് റിപ്പീറ്റ് ചെയ്യാൻ പറ്റില്ല. ദേവസ്വം ബോർഡ് പ്രസിഡന്റിന് റിപ്പീറ്റ് ചെയ്യാൻ പറ്റില്ല. അതേസമയം മലബാർ ദേവസ്വം ബോർഡിലും റിപ്പീറ്റ് ചെയ്യാൻ പറ്റില്ലെന്ന നിയമം എടുത്തുകളഞ്ഞ് റിപ്പീറ്റ് ചെയ്യാമെന്ന് ആക്കുകയാണ്. അതാണ് ഡിസ്ക്രിമിനേഷൻ. ഒരു സംസ്ഥാനത്തുതന്നെ രണ്ട് രൂപത്തിലുള്ള സമീപനമാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അതുകൊണ്ടാണ് നിയമം ഭേദഗതി ചെയ്യേണ്ടിവന്നത്. മിനിമം അത്രയെങ്കിലും മനസ്സിലാക്കണ്ടേ; അല്ലെങ്കിൽ നിയമ ഭേദഗതിയുടെ ആവശ്യമില്ലല്ലോ? സർ, ഞാൻ അവസാനിപ്പിച്ചേക്കാം. ബഹുമാനപ്പെട്ട കെ.എൻ.എ. ഖാദർ സംസാരിച്ച് നിർത്തുന്നതിന് തൊട്ടുമുമ്പ് അദ്ദേഹം രക്തസാക്ഷികളെ അപമാനിച്ചതായ ഒരു സന്ദർഭമുണ്ടായി. കോൺഗ്രസ്സുകാരാരും രക്തസാക്ഷിത്വത്തിന്റെ മഹത്വത്തെപ്പറ്റി ഒരു നിമിഷം ചിന്തിക്കാൻ തയ്യാറായിട്ടില്ലെന്നുള്ളത് എന്നെ സങ്കടപ്പെടുത്തുകയാണ്. കോൺഗ്രസ്സുകാർക്ക് എന്ത് സംഭവിച്ചുവെന്നാണ് ഞാൻ കുറച്ചുനേരം ആലോചിച്ചത്. രക്തസാക്ഷികളെ എത്ര പുച്ഛത്തോടെയാണ് ശ്രീ. കെ. എൻ. എ. ഖാദർ കണ്ടത്. XXXX* ഒരു രാഷ്ട്രീയക്കാരനെന്ന് ഞാൻ അദ്ദേഹത്തെ വിളിക്കുന്നതിൽ നിങ്ങൾ എന്നോട് ദേഷ്യപ്പെടരുത്. (ബഹളം..).....ഞാനൊന്ന് പറഞ്ഞോട്ടെ, നിങ്ങൾ ദേഷ്യപ്പെട്ടിട്ട് കാര്യമില്ല. .......ഞാൻ ആവർത്തിച്ച് പറയുകയാണ്, XXXX ഒരു രാഷ്ട്രീയക്കാരന്റെ ആക്ഷേപത്തിന് പാത്രമാകേണ്ടവരല്ല ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും ഈ രാജ്യത്തിനുംവേണ്ടി രക്തസാക്ഷിത്വം വരിച്ചിട്ടുള്ളവരെന്ന് ഞാൻ ശക്തിയായി പറയുകയാണ്. മഹാത്മാഗാന്ധിയും ഇന്ദിരാ ഗാന്ധിയും രാജീവ് ഗാന്ധിയും ഈ രാജ്യത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ചവരാണ്. ആ രക്തസാക്ഷികളെയാണ് ശ്രീ. കെ. എൻ. എ. ഖാദർ എന്ന XXXXX രാഷ്ട്രീയക്കാരൻ ഒരു നിയമസഭാ സാമാജികന്റെ സൗകര്യമുപയോഗിച്ച് നിയമസഭയ്ക്കകത്ത് അപമാനിച്ചത്. കയ്യൂർ സഖാക്കളും കരിവെള്ളൂർ

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

സഖാക്കളുമുൾപ്പെടെ ഈ രാജ്യത്തെ നിരവധി രക്തസാക്ഷികൾ, അവരുടെ ജീവൻ കൊടുത്തുകൊണ്ടാണ് ഈ രാജ്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് നേതൃത്വം നൽകിയത്. അങ്ങനെ രക്തസാക്ഷികൾ അപമാനിക്കപ്പെടേണ്ടവരല്ലെന്ന കാര്യം ശക്തിയായി പറയാൻ ആഗ്രഹിക്കുകയാണ്. കോൺഗ്രസ്സുകാരും ആ നിലപാട് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ : എന്താണ് പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മന്ത്രി, സഭയിലെ ഒരംഗത്തെ XXXX* വിളിച്ച് ആക്ഷേപിക്കുകയുണ്ടായി. ഈ നിയമസഭയിലെ ഒരംഗത്തെ ഒരു മന്ത്രി അങ്ങനെ വിളിക്കുന്നത് ശരിയാണോ? അത് സഭാ രേഖകളിൽനിന്നും നീക്കം ചെയ്യണം. ഒന്നുകിൽ മന്ത്രി ആ വാക്ക് പിൻവലിച്ച് മാപ്പ് പറയണം. അല്ലെങ്കിൽ സഭാരേഖയിൽനിന്നും നീക്കം ചെയ്യണം.....

മി. സ്പീക്കർ : സഭ്യേതരമായ ഒരു വാക്കും രേഖയിൽ ഉണ്ടാകില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, മഹാത്മാഗാന്ധിയും ഇന്ദിരാഗാന്ധിയും രാജീവ് ഗാന്ധിയുമൊക്കെ രക്തസാക്ഷികളല്ലേ, ആ രക്തസാക്ഷികളെ അല്ലേ അപമാനിച്ചത്? (ബഹളം....) കഷ്ടം...കഷ്ടം....കഷ്ടം...

മി. സ്പീക്കർ: നിങ്ങൾ ഒരേ കാര്യംതന്നെ വീണ്ടും ഉന്നയിക്കേണ്ട, ആ കാര്യങ്ങൾ ഉന്നയിച്ച് വ്യക്തത വന്നിട്ടുണ്ട്. ....

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. രാജഗോപാലൻ അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Shri P. Ubaidulla: Sir, I move the following amendments.

149. In section 7 A(1) of the principal Act for the words "two years" substitute with the words "five years".

169. In the proviso to section 7 A(2) proposed to be substituted in the principal Act by Clause 2 for the word "two" the word "three" shall be substituted.

Shri Manjalamkuzhi Ali: Sir, I move the following amendment.

164. In the proviso to section 7 A(2) proposed to be inserted in the principal Act by Clause 2 the words "consecutively for more than two" shall be substituted with the words "not more than two consecutive".

Shri P.T. Thomas: Sir, I move the following amendments.

180. The proviso to Section 7 A (2) proposed to be substituted in the principal Act by Clause 2 shall be recast as follows:

"Provided that such a member shall not be eligible for re-nomination or re-election consecutively for two terms".

184. After the proviso to section 7 A(2) proposed to be substituted in the principal Act by Clause 2 the following shall be added:

"Provided further that the age of the member elected should not exceed 65 years".

Shri N.Samsudheen: Sir, I move the following amendments.

152. In Section 7 A(1) of the principal Act for the words "two years" substitute with the words "five years".

168. In the proviso to section 7 A(2) proposed to be substituted in the principal Act by Clause 2 for the word "two" the word "three" shall be substituted.

181. The proviso to section 7 A (2) proposed to be substituted in the principal Act by Clause 2 shall be recast as follows:

"Provided that such a member shall not be eligible for re-nomination or re-election for more than two terms".

Shri Thiruvanchoor Radhakrishnan : Sir, I move the following amendment.

182. After the proviso to section 7 A(2) proposed to be substituted in the principal Act by Clause 2 the following shall be added:

"Provided further that the age of the member elected should not exceed 60 years".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 149, 169 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 180, 184 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 152, 168, 181 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

Shri. Manjalamkuzhi Ali: Sir, I move the following amendment.

195. In Clause 3(2), after the words "principal Act" the symbol " ," shall be inserted wherever it occurs.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതിരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

Shri P. T. Thomas : Sir, I move the following amendments.

111. In the Preamble, the word "further" shall be deleted.

145.Clause 1(2) shall be recast as follows;

" (2) It shall be deemed to have come into force at once".

Shri V. P. Sajeendran: Sir, I move the following amendment.

136. In Clause 1(2) for the numbers, letters and words " 17th day of October, 2018" the numbers, letters and words " 6th day of July, 2019" shall be inserted.

Shri V. D. Satheesan: Sir, I move the following amendment.

146. Clause 19(2) shall be recast as follows:

" (2) It shall come into force on the 13th day of November 2019".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 111, 145 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 136 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഒന്നാം വകുപ്പും പീഠികയും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ....................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജെയിംസ് മാത്യു

18. ശ്രീ. ഇ. പി. ജയരാജൻ
19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. ഒ. ആർ. കേളു
21. ശ്രീ. സി. കൃഷ്ണൻ
22. ശ്രീ. കെ. കൃഷ്ണൻകുട്ടി
23. ശ്രീ. കെ. കുഞ്ഞിരാമൻ
24. ശ്രീ. വി. കെ. സി. മമ്മത് കോയ
25. ശ്രീ. എം. എം. മണി
26. ശ്രീ. കെ. ജെ. മാക്സി
27. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
28. ശ്രീ. എ. സി. മൊയ്തീൻ
29. ശ്രീ. മുഹമ്മദ് മുഹസിൻ പി.
30. ശ്രീ. ഡി. കെ. മുരളി
31. ശ്രീ. മുരളി പെരുനെല്ലി
32. ശ്രീ. സി. കെ. നാണു
33. ശ്രീ. എം. നൗഷാദ്
34. ശ്രീ. യു. ആർ. പ്രദീപ്
35. ശ്രീ. എ. പ്രദീപ്കുമാർ
36. ശ്രീ. വി. കെ. പ്രശാന്ത്
37. ശ്രീ. കെ. ഡി. പ്രസേനൻ
38. ശ്രീമതി യു. പ്രതിഭ
39. ശ്രീ. പുരുഷൻ കടലുണ്ടി
40. ശ്രീ. പി. ടി. എ. റഹീം
41. ശ്രീ. എം. രാജഗോപാലൻ
42. ശ്രീ. കെ. രാജൻ
43. ശ്രീ. എസ്. രാജേന്ദ്രൻ

44. ശ്രീ. ആർ. രാജേഷ്

45. ശ്രീ. ടി. വി. രാജേഷ്

46. ശ്രീ. കെ. രാജു

47. ശ്രീ. ആർ. രാമചന്ദ്രൻ

48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

49. ശ്രീ. ടി. പി. രാമകൃഷ്ണൻ

50. പ്രൊഫ. സി. രവീന്ദ്രനാഥ്

51. ശ്രീ. സജി ചെറിയാൻ

52. ശ്രീ. എസ്. ശർമ്മ

53. ശ്രീ. എ. കെ. ശശീന്ദ്രൻ

54. ശ്രീ. പി. കെ. ശശി

55. ശ്രീ. വി. ശശി

56. ശ്രീ. ഐ. ബി. സതീഷ്

57. ശ്രീ. ബി. സത്യൻ

58. ശ്രീ. എ. എൻ. ഷംസീർ

59. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

60. ശ്രീ. ജി. സുധാകരൻ

61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

62. ശ്രീ. എം. സ്വരാജ്

63. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

64. ശ്രീ. പി. തിലോത്തമൻ

65. ഡോ. ടി. എം. തോമസ് ഐസക്

66. ശ്രീ. പി. ഉണ്ണി

67. ശ്രീ. കെ. വി. വിജയദാസ്

68. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. അനിൽ അക്കര
5. ശ്രീ. എ. പി. അനിൽ കുമാർ
6. ശ്രീ. അനൂപ് ജേക്കബ്
7. ശ്രീ. അൻവർ സാദത്ത്
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. എം. സി. കമറുദ്ദീൻ
13. ശ്രീ. സി. മമ്മൂട്ടി
14. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
15. ശ്രീ. രമേശ് ചെന്നിത്തല
16. ശ്രീ. റോജി എം. ജോൺ
17. ശ്രീ. കെ. എസ്. ശബരീനാഥൻ
18. ശ്രീ. വി. പി. സജീന്ദ്രൻ
19. ശ്രീ. എൻ. ഷംസുദ്ദീൻ
20. ശ്രീ. വി. ഡി. സതീശൻ
21. ശ്രീ. ഷാഫി പറമ്പിൽ
22. ശ്രീമതി ഷാനിമോൾ ഉസ്മാൻ
23. ശ്രീ. സണ്ണി ജോസഫ്

24. ശ്രീ. പി. ടി. തോമസ്

25. ശ്രീ. പി. ഉബൈദുള്ള

26. ശ്രീ. എം. ഉമ്മർ

27. ശ്രീ. എം. വിൻസെന്റ്

28. ശ്രീ. ടി. ജെ. വിനോദ്.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 68

പ്രതികൂലിക്കുന്നവർ - 28

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(iii) 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി ) ബിൽ.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച് എന്റെ വിയോജനക്കുറിപ്പ് ഞാൻ അവതരിപ്പിക്കുന്നു.

ഇന്ത്യൻ ഭരണഘടനയിൽ കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും ഭരണനിർവ്വഹണത്തിനും നികുതി സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ തുല്യ അധികാരങ്ങളോടെ മൂന്ന് പ്രത്യേക പട്ടികകളിലാണ് ഉൾപ്പെടുത്തിയിരുന്നത്. 73, 74 ഭരണഘടനാ ഭേദഗതികൾ, ത്രിതല സംവിധാനത്തിന്റെ നിർവ്വഹണ സാമ്പത്തിക അധികാരം പുന:പരിശോധിച്ച് രാജ്യത്തിന് കൂടുതൽ യുക്തിഭദ്രമായ പൊതു സാമ്പത്തിക ഭരണത്തിന് രൂപം നൽകി. എല്ലാവർക്കും തൃപ്തികരമായ വിധത്തിൽ പ്രാദേശിക ഗവൺമെന്റുകൾക്ക് അധികാരം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് ഭരണഘടനയിൽ 11-ാം പട്ടികയിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും 12-ാം പട്ടികയിൽ മുനിസിപ്പാലിറ്റികളുമെന്ന രണ്ട് ഭേദഗതികൾ വരുത്തിയത്. ഈ രണ്ട് ഭേദഗതികളേയും അവ അർഹിക്കുന്ന പ്രാധാന്യത്തോടെ ഉൾക്കൊണ്ട് മനസ്സിലാക്കുകയും പ്രാവർത്തികമാക്കുകയുമാണ് ഇതുവരെ നമ്മുടെ

സർക്കാരുകൾ ചെയ്തുവന്നിരുന്നത്. പ്ലാനിംഗിലും ഡെവലപ്മെന്റിലും ഗ്രാമങ്ങൾക്കും നഗരങ്ങൾക്കും രണ്ട് വ്യത്യസ്ത സമീപനങ്ങൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിയാണ് കേരള നിയമസഭ രണ്ട് വ്യത്യസ്ത നിയമങ്ങൾ പാസ്സാക്കിയത്. പഞ്ചായത്തുകളും നഗരസഭകളും അവരവർക്ക് യോജിച്ച തരത്തിലുള്ള ദീർഘകാല വികസന ലക്ഷ്യങ്ങൾ തയ്യാറാക്കി അതിനനുസരിച്ചുള്ള വിഭവ സമാഹരണമാണ് നടത്തിവരുന്നത്. രാജ്യത്ത് ഏകദേശം 2.5 ലക്ഷം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലും 3842 നഗര ഭരണകൂടങ്ങളിലുമായി ഏകദേശം 3,00,000 ജനപ്രതിനിധികളുണ്ട്. ലോകത്ത് മറ്റൊരു രാജ്യത്തുമില്ലാത്ത പ്രത്യേക ജനാധിപത്യ സംവിധാനമാണിത്. സ്വയംഭരണത്തിന്റെ മഹത്തായ സാധ്യതയാണ് നമ്മുടെ ഭരണഘടനയുടെ ഏറ്റവും വലിയ ശക്തി. കുറഞ്ഞ സമയംകൊണ്ട് കൂടുതൽ സേവനങ്ങൾ സമയബന്ധിതമായി ജനങ്ങളിലേയ്ക്ക് എത്തിക്കുകയെന്നുള്ളതാണ് അധികാര വികേന്ദ്രീകരണത്തിന്റെ പരമമായ ലക്ഷ്യം. സാമ്പത്തിക വികസനം, സാമൂഹ്യ നീതി എന്നീ മേഖലകളിൽ ഭരണഘടന പ്രകാരമുള്ള അസൂത്രണം നടപ്പിലാക്കുന്നതിന് പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി സ്ഥാപനങ്ങൾക്ക് വ്യത്യസ്ത പ്രാധാന്യമുണ്ട്. ഇതിലെ ജീവനക്കാരെ മുഴുവൻ ഭരണതലത്തിൽ ഒരു കുടക്കീഴിലാക്കുകവഴി അധികാര വികേന്ദ്രീകരണമെന്ന ആശയത്തെ അട്ടിമറിച്ച് അധികാര കേന്ദ്രീകരണത്തിനാണ് ഈ ബില്ലിലൂടെ സർക്കാർ ശ്രമിക്കുന്നത്. ഇപ്പോൾ നടത്തിവരുന്ന നികുതി സമാഹരണം അതുപോലെതന്നെ പദ്ധതി നിർവ്വഹണം എന്നിവയെ തകിടം മറിക്കാൻ മാത്രമെ ഇത് ഇടയാക്കുകയുള്ളൂ.

5.00 p.m.]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഒരേ വിഷയം കൈകാര്യം ചെയ്യുന്ന എന്ന കാരണത്താൽ ഭരണഘടന വിഭാവനം ചെയ്ത ആശയത്തിന് വിരുദ്ധമായി നിയമം ഉണ്ടാക്കാൻ സർക്കാരിന് കഴിയില്ല. ഒരേ വിഷയത്തിൽ വിഭിന്ന തലങ്ങളിൽ വ്യത്യസ്ത കാഴ്ചപ്പാടോടുകൂടി വികസന പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് പഞ്ചായത്തീരാജ് നഗരപാലികാ നിയമങ്ങളുടെ അന്ത:സത്ത. നിലവിൽ പഞ്ചായത്ത് വകുപ്പിൽ 13404 ജീവനക്കാരും ഗ്രാമവികസന വകുപ്പിൽ 4905 ജീവനക്കാരും നഗരകാര്യ വകുപ്പിൽ 228 ജീവനക്കാരും മുനിസിപ്പൽ കോമൺ സർവ്വീസിൽ 6202 ജീവനക്കാരും തദ്ദേശഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 5458 ജീവനക്കാരും നഗര ഗ്രാമാസൂത്രണത്തിൽ 561 ജീവനക്കാരും ഉൾപ്പെടെ 30758 ജീവനക്കാരാണ് തദ്ദേശസ്വയംഭരണ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നത്. ഇതുകൂടാതെ പാർട്ട്ടൈം സ്വീപ്പർമാരായി 203 പേരും കണ്ടിജന്റ് ജീവനക്കാരായി 8650 പേരും ജോലി ചെയ്യുന്നുണ്ട്. ഇവരെയെല്ലാം പഞ്ചായത്ത്, മുനിസിപ്പാലിറ്റി ജീവനക്കാരായി പരിഗണിക്കുകയാണ് ആദ്യം

ചെയ്യേണ്ടത്; ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ അവരെക്കുറിച്ച് എന്താണ് അങ്ങ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് പറയുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇത്രയും വിപുലമായ വകുപ്പുകൾ സംയോജിക്കുമ്പോൾ നടത്തേണ്ട യാതൊരു ശാസ്ത്രീയ പഠനവും സർക്കാർ ഇതുവരെയും നടത്തിയിട്ടില്ല എന്നതാണ് വാസ്തവം.

എന്താണ് സർ ഇത്? ഒരു ബിൽ അവതരിപ്പിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിമാർതന്നെ ഇങ്ങനെ എഴുന്നേറ്റ് നടന്നാലോ; എന്തൊക്കെയാണ് ഇവിടെ സംഭവിക്കുന്നത്; ഞാൻ പത്ത് പതിനെട്ട് വർഷം മുൻപ് ഇവിടെ വന്നൊരാളാണ്. ആ കാലഘട്ടങ്ങളിൽ ഒരു ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ബില്ലിനെക്കുറിച്ച് മാത്രമെ പറയുകയുള്ളൂ. ഇപ്പോൾ ആളുകൾക്ക് തോന്നിയതെന്തും പറയാം. ബഹുമാനപ്പെട്ട മന്ത്രിമാരടക്കം മറുപടി പറയുന്നതുകേട്ട് ഞാൻ അത്ഭുതപ്പെട്ടുപോയിട്ടുണ്ട്. എന്താണ് ഇതിന്റെ അർത്ഥം; നിങ്ങൾ എല്ലാവരും ഒരുമിച്ചുനിന്ന് എന്തൊക്കെയാണ് പറയുക; അത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രിമാരൊക്കെ മാതൃക കാണിക്കേണ്ടവരാണ്. അവരെല്ലാവരും കൂടിനിന്ന് സംസാരിച്ചാൽ എന്താണ് ചെയ്യുക?

ജീവനക്കാരോട് മതിയായ ചർച്ചകൾ നടത്താനോ അവരെ വിശ്വാസത്തിലെടുക്കാനോ സർക്കാരിന് ഇനിയും കഴിഞ്ഞിട്ടില്ല. മറ്റ് വകുപ്പുകളുടെ സംയോജനം പോലെയല്ല ഭരണഘടന അനുശാസിക്കും പ്രകാരം രൂപംകൊണ്ട ഈ സ്ഥാപനങ്ങളുടെ കൂട്ടിച്ചേർക്കൽ. ഇത് ഭരണഘടനയിലെ ആർട്ടിക്കിൾ 243-ന് വിപരീതവുമാണ്. ഇത്തരത്തിൽ മുനിസിപ്പൽ കോമൺ സർവ്വീസിനെ സർക്കാർ വകുപ്പാക്കുന്നു എന്ന് പറയുമ്പോഴും സെക്രട്ടറിക്കും ബാക്കി ഉദ്യോഗസ്ഥർക്കും രണ്ട് തരത്തിലുള്ള ശമ്പള വ്യവസ്ഥയാണ് സർക്കാർ തുടരുന്നത്. സെക്രട്ടറിമാർക്ക് സർക്കാർ ഫണ്ടിൽനിന്നും ശമ്പളവും അലവൻസുകളും നൽകുകയും മുനിസിപ്പാലിറ്റി അത് സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയും ചെയ്യണമെന്ന് പറയുകയും മറ്റ് ജീവനക്കാർക്ക് അതാത് മുനിസിപ്പാലിറ്റിതന്നെ ശമ്പളവും അലവൻസുകളും നൽകണമെന്നുമാണ് വ്യവസ്ഥ. സർക്കാർ വകുപ്പാക്കി മാറ്റുന്നുവെങ്കിൽ ഇത്തരത്തിൽ രണ്ട് വ്യവസ്ഥ വച്ചിരിക്കുന്നത് എന്തിനാണ്; സംസ്ഥാനത്ത് പുതിയതായി രൂപീകരിക്കാൻ പോകുന്ന ഗ്രാമപഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യതാ പട്ടിക സർക്കാരിന് ലഭിച്ചിരുന്നു. അത് സാമ്പത്തിക പരാധീനത കാരണം നിർത്തിവച്ചു എന്നാണ് അറിയുന്നത്. നിലവിലുള്ള ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളോ കോർപ്പറേഷനുകളോ ആക്കി മാറ്റേണ്ട കാര്യമില്ലെന്നും പുതുതായി രൂപീകരിച്ച

മുനിസിപ്പൽ കൗൺസിലുകളെ തിരിച്ച് ഗ്രാമപഞ്ചായത്തുകളാക്കി മാറ്റേണ്ട സാഹചര്യമില്ലെന്നും സർക്കാർതന്നെ സമ്മതിച്ചിട്ടുണ്ട്. ഇപ്പോൾ വാർഡ് വിഭജനം എന്നുമാത്രമാണ് അതിനെക്കുറിച്ച് പറയുന്നത്. എന്തായാലും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്ന സമയത്ത് അതുകൂടി പറയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതായത്, തദ്ദേശഭരണത്തിൽ സംസ്ഥാനത്ത് പുതുതായി യാതൊരു സാഹചര്യവും നിലനിൽക്കുന്നില്ല എന്നത് ഇതിൽത്തന്നെ വ്യക്തമാണ്. പിന്നെ എന്തിനാണ് യാതൊരു പഠനവും നടത്താതെ ധൃതിപിടിച്ച് ഇങ്ങനെയൊരു സംയോജനം നടത്തുന്നത്; ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഇതുകൊണ്ട് ഉണ്ടാകുമെന്ന് ഉറപ്പാണ്.

ഞാൻ മറ്റുള്ള കാര്യങ്ങളൊന്നും കൂടുതൽ പറയുന്നില്ല. സമയം വളരെ വൈകിയതുകൊണ്ട് കൂടുതൽ കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. മാലിന്യ പ്രശ്നവുമായി ബന്ധപ്പെട്ട വിഷയം നിരവധി തവണ നമ്മളിവിടെ ചർച്ച ചെയ്തു. വകുപ്പ് കൈകാര്യം ചെയ്യുന്നത് പുതിയ മന്ത്രിയാണ്. അതിന്റെ അടിസ്ഥാനത്തിൽ കുറേ കാര്യങ്ങളൊക്കെ അവിടെ നടക്കുന്നുണ്ടെന്നത് സത്യമാണ്. ഖരമാലിന്യങ്ങളും മറ്റ് മാലിന്യങ്ങളും കൊണ്ടുപോകുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ഉത്തരവാദിത്തം സർക്കാർ ഏറ്റെടുക്കുന്നതിന് ഉദ്ദേശിച്ചുള്ള ഈ ബിൽ 13-ാം സമ്മേളനത്തിൽ അവതരിപ്പിച്ചപ്പോൾത്തന്നെ ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. ഉറവിട മാലിന്യ സംസ്കരണമെന്ന ആശയം ഒഴിവാക്കി കേന്ദ്രീകൃത മാലിന്യ സംസ്കരണമെന്നതിലേയ്ക്ക് പൂർണ്ണമായും മാറുന്നതിൽ ഉണ്ടാകാവുന്ന പ്രശ്നങ്ങളും ഞാൻ പറഞ്ഞിരുന്നു. ഉറവിട മാലിന്യ സംസ്കരണം സാധ്യമാകുന്ന പഞ്ചായത്തുകളിൽ അതിനുള്ള സംവിധാനം തുടർന്നും ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ സർക്കാർ സഹായം നൽകുകയാണ് വേണ്ടത് എന്നാണ് ഞാൻ പറഞ്ഞത്. പഞ്ചായത്തുകളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണവും നഗരങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണവും കാര്യക്ഷമമാക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ധാരാളം നടപടികൾ സ്വീകരിച്ചിരുന്നു. ഉദാഹരണമായി, 2016 ഫെബ്രുവരി മാസത്തിൽ എറണാകുളത്ത് വേസ്റ്റ് ടു എനർജി പ്ലാന്റിന്റെ എഗ്രിമെന്റ് സൈൻ ചെയ്തിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയായിരുന്നു അന്നത്തെ മുഖ്യമന്ത്രി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത് എവിടെയുമെത്തിയിട്ടില്ല എന്നതല്ലേ സത്യം; മൂന്നര വർഷം കഴിഞ്ഞു. ഇന്നലെയാണ് ആദ്യമായി അതിന്റെ ഗ്രൗണ്ട് നേരെയാക്കുന്ന വർക്ക് തുടങ്ങിയത്. മൂന്നര വർഷം. പുതിയ ഗവൺമെന്റാണ്, ഞങ്ങൾ ഇതിനെക്കുറിച്ച് പഠിക്കട്ടെ, ഈ ടെക്നോളജി ശരിയാണോയെന്ന് ഞങ്ങൾ മനസ്സിലാക്കട്ടെ എന്നുപറഞ്ഞ് ഒരു വർഷം കാത്തുനിന്നു. രണ്ടാമത്തെ വർഷം ആരംഭിക്കാൻ ചെന്നപ്പോൾ ഈ

സ്ഥലം പാടമാണ്, അതുകൊണ്ട് അത് നികത്താൻ പെർമിഷൻ വേണം എന്ന കാരണത്താൽ വീണ്ടും ഒരു വർഷം. പിന്നീട് അതിന് ഗവൺമെന്റ് ലൈസൻസുകൾ ലഭിക്കാൻ വേറൊരു വർഷം. അങ്ങനെ വിലപ്പെട്ട മൂന്നര വർഷമാണ് നമ്മൾ ചെലവാക്കിയത്. ആ കാലഘട്ടങ്ങളിൽത്തന്നെ അത് ആരംഭിക്കാമായിരുന്നു. അതിന്റെ വർക്ക് ഇന്നലെ ആരംഭിച്ചു എന്നാണ് പറഞ്ഞുകേട്ടത്. ഒന്നര വർഷംകൊണ്ട് അതിന്റെ വർക്ക് കഴിയും. ഏകദേശം 500 ടൺ വേസ്റ്റ് പ്രോസസ് ചെയ്യാനുള്ള കപ്പാസിറ്റി ആ പ്ലാന്റിനുണ്ട്. കൊച്ചി കോർപ്പറേഷനിൽനിന്നും ഏകദേശം 100-125 ടൺ വേസ്റ്റ് മാത്രമെ ലഭിക്കുകയുള്ളൂ. തൊട്ടടുത്ത മുനിസിപ്പാലിറ്റികളിലേതുംകൂടി കളക്ട് ചെയ്താൽ 200-250 ടൺ വേസ്റ്റ് കിട്ടും. തൃശ്ശൂർ, കോട്ടയം പ്രദേശങ്ങളിൽനിന്നെല്ലാംകൂടി വേസ്റ്റ് ശേഖരിച്ച് അവിടെ പ്രോസസ് ചെയ്യുകയാണെങ്കിൽ അത് ഫീസിബിളാകും. അല്ലെങ്കിൽ അത് ഫീസിബിളാവില്ല. അഞ്ച് വർഷംകൊണ്ട് അതിന്റെ കോസ്റ്റ് ഏകദേശം ഇരട്ടിയായി. 250 കോടി രൂപയായിരുന്നു ആ കാലഘട്ടങ്ങളിൽ അതിന്റെ കോസ്റ്റ് പറഞ്ഞിരുന്നത്. ഇപ്പോഴത് കണക്ക് കൂട്ടുമ്പോൾ ഏകദേശം 500 കോടി രൂപയാണ്. തൊട്ടടുത്ത മുനിസിപ്പാലിറ്റികളെല്ലാംകൂടി വരികയാണെങ്കിൽ നമുക്കത് കൺട്രോൾ ചെയ്യാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സ്വീവേജ് സംസ്കരണത്തിൽ വലിയൊരു മാതൃക മുട്ടത്തറയിൽ ആരംഭിച്ചു. ഏകദേശം 40 ദശലക്ഷം ലിറ്റർ വെള്ളമാണ് ഇവിടെ ശുദ്ധീകരിക്കാൻ കഴിയുന്നത്. ദ്രവ മാലിന്യ സംസ്കരണത്തിൽ രാജ്യത്തിനുതന്നെ അനുകരണീയ മാതൃകയാണെന്നാണ് ഇപ്പോഴത്തെ ഭരണകക്ഷി അംഗങ്ങൾ അടക്കമുള്ളവരെല്ലാം അതിനെക്കുറിച്ച് പറഞ്ഞിരുന്നത്. ഖരമാലിന്യ സംസ്കരണത്തിൽ ഇത്തരത്തിലുള്ള മോഡൽ എടുത്തുകാണിക്കാൻ നമുക്കുണ്ടാകണം. അതിനുവേണ്ടി നമ്മുടെ വിലപ്പെട്ട മൂന്നര വർഷം നഷ്ടപ്പെടുത്തി. ഇത് കാണിച്ചുകൊടുത്താൽ ഒരു പരിധിവരെ ജനങ്ങളുടെ എതിർപ്പ് ഒഴിവാക്കാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. മാലിന്യ സംസ്കരണത്തിന് ശാശ്വത പരിഹാരം നമുക്കിനിയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെങ്കിൽ ഡൽഹിയിൽ ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ ഇടയാക്കിയ തരത്തിലുള്ള സാഹചര്യങ്ങൾ നമ്മുടെ നാട്ടിലും അതിവിദൂരമല്ല.

കഴിഞ്ഞ തവണ ഈ വിഷയത്തിൽ ഞാൻ സംസാരിച്ചപ്പോൾ മാലിന്യം ഉപയോഗിച്ചുള്ള ലാൻഡ് ഫില്ലിംഗിനെക്കുറിച്ച് പറഞ്ഞിരുന്നു. ഉപയോഗശൂന്യമായ പാറമടകളിലും പ്ലാറ്റ്ഫോം നിർമ്മാണത്തിനുമായി ഈ മാലിന്യം ഉപയോഗിക്കുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണെന്ന് അന്ന് ഞാൻ പറഞ്ഞിരുന്നു. പക്ഷെ, ഇപ്പോൾ പല പഞ്ചായത്തുകളും നഗരസഭകളും അവർ നീക്കം ചെയ്യുന്ന മാലിന്യംകൊണ്ട് നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുകയാണ്. തിരുവനന്തപുരം നഗരസഭയുടെ ഇത്തരമൊരു നീക്കം

പോലീസും ജനങ്ങളും ചേർന്ന് തടഞ്ഞ വാർത്ത പത്രങ്ങളിൽ വന്നിരുന്നു. ഇത് പരിസ്ഥിതി വിരുദ്ധരുടെ കാഴ്ചപ്പാടാണ്. മാലിന്യം നീക്കം ചെയ്യുന്നതോടെ ഉത്തരവാദിത്തം അവസാനിക്കുന്നില്ല. അവ സംസ്കരിക്കുന്നത് നിയമാനുസൃതമാണെന്ന് ഉറപ്പ് വരുത്തുകതന്നെ ചെയ്യണം.

ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. IBPMS സോഫ്റ്റ്‌വെയറിനെക്കുറിച്ചോ പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ഭേദഗതിയെക്കുറിച്ചോ ലൈഫ് പദ്ധതിയുടെ കൺസൾട്ടൻസിയെക്കുറിച്ചോ അമൃത് പദ്ധതി 21 ശതമാനം മാത്രം ചെലവാക്കിയതിനെക്കുറിച്ചോ പദ്ധതി വിഹിതം ഇതുവരെ 29 ശതമാനം മാത്രം ചെലവാക്കിയതിനെക്കുറിച്ചോ ഞാനിപ്പോൾ ഒന്നും പറയുന്നില്ല. എന്റെ വിയോജിപ്പ് ഞാനിവിടെ രേഖപ്പെടുത്തുകയാണ്.

<u>ശ്രീ. അനിൽ അക്കര</u>: സർ, 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനോടുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്.

അധികാരവികേന്ദ്രീകരണം രാജ്യത്തിന് മാതൃകയായ ഒരു സംസ്ഥാനമാണ് കേരളം. 1997-ലെ ജനകീയാസൂത്രണവും അതിനുശേഷമുള്ള നടപടികളുമൊക്കെ രാജ്യത്തിന് മാതൃകയായി മാറുകയും അധികാര വികേന്ദ്രീകരണ രംഗത്തുള്ള പ്രവർത്തനങ്ങൾക്ക് നിരവധി അവാർഡുകൾ ലഭിക്കുകയും ചെയ്ത സംസ്ഥാനമാണ് കേരളം. പക്ഷെ, കഴിഞ്ഞ കുറച്ച് നാളുകളായി അധികാര വികേന്ദ്രീകരണത്തോടും പഞ്ചായത്ത് സംവിധാനത്തോടും നഗരപാലികാ ബില്ലിനോടുമൊക്കെ വലിയ രീതിയിലുള്ള അവഗണന പ്രകടിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഓരോ വർഷവും ഓരോ തരത്തിലുള്ള നിയമങ്ങൾ കൊണ്ടുവന്ന് എല്ലാ അധികാരങ്ങളും ഗവൺമെന്റ് തട്ടിയെടുക്കുകയാണ്. പഞ്ചായത്തുകളെയും നഗരസഭകളെയും സംബന്ധിച്ചിടത്തോളം സാമ്പത്തികമായി വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടാണ് മുന്നോട്ട് പോകുന്നത്. പ്ലാൻ ഫണ്ടിനേക്കാളും നമ്മുടെ പഞ്ചായത്തുകളും നഗരസഭകളും മുന്നോട്ട് പോകുന്നത് അവർക്ക് അധികാരങ്ങളുടെ ഭാഗമായുണ്ടായിരുന്ന കെട്ടിട നികുതിയും വിനോദ നികുതിയും അതുപോലെയുള്ള മറ്റ് പരസ്യ നികുതിയിൽനിന്നും ലഭിക്കുന്ന വരുമാനവുംകൊണ്ടാണെന്ന് നമുക്കറിയാം. ഈ ഗവൺമെന്റിന്റെ മാത്രം കുഴപ്പംകൊണ്ടല്ല, കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ വലിയ രീതിയിലുള്ള സാമ്പത്തിക നഷ്ടമാണ് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഉണ്ടായിട്ടുള്ളത്. തിരുവനന്തപുരം കോർപ്പറേഷനാണെങ്കിലും തൃശ്ശൂർ കോർപ്പറേഷനാണെങ്കിലും എറണാകുളം കോർപ്പറേഷനാണെങ്കിലും വിനോദ നികുതിയിൽനിന്നും ലഭിക്കുന്ന കോടിക്കണക്കിന് രൂപയിൽ ഗണ്യമായ ഇടിവാണ് ഉണ്ടായിട്ടുള്ളത്. ഈ നഷ്ടം സർക്കാർ ഓരോ വർഷവും നികത്തി നൽകുമെന്ന് പറഞ്ഞെങ്കിലും, അതിൽനിന്ന്

പിന്നോട്ട് പോകുകയും പിന്നീട് 10 ശതമാനം നികുതി പിരിക്കാനുള്ള നടപടികൾ കൊണ്ടുവരികയും ചെയ്തു. ഇപ്പോൾ കോടതി ഇടപെടലിന്റെ ഭാഗമായി അതും വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ഓരോ ഘട്ടത്തിലും അത്തരത്തിലുള്ള വിഷയങ്ങൾ വരുന്നതിനിടയിലാണ് കുനിൻമേൽ കുരു എന്നു പറഞ്ഞതുപോലെ പുതിയ നിയമങ്ങൾ കൊണ്ടുവരുന്നത്. നഗരസഭകളുടെ ഭൂമി ഒരു തത്വദീക്ഷയുമില്ലാതെ സർക്കാർ തിരിച്ചെടുക്കുന്ന ഒരു നിയമമാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് വരുന്നത്. അതുപോലെയാണ് ജീവനക്കാരുടെ ശമ്പളവുമായി ബന്ധപ്പെട്ട കാര്യങ്ങളും വരുന്നത്. ഇതിനോടൊരു സീരിയസ് അപ്രോച്ച് ഒരു ഘട്ടത്തിലുമില്ലെന്നുള്ളതാണ് ഈ നിയമങ്ങളൊക്കെ ഓരോ സമയത്ത് മാറി വരുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത്. അതുപോലെതന്നെയാണ് കെട്ടിട നിർമ്മാണ ഭേദഗതിയുമായി ബന്ധപ്പെട്ടും വരുന്നത്. സർക്കാർ അധികാരങ്ങൾ കൊണ്ടുപോകുകയാണ്. ഇക്കാര്യങ്ങൾ നേരത്തെതന്നെ നിരവധി ചർച്ചകൾക്ക് വിധേയമായതുമാണ്. വളരെപ്പെട്ടെന്ന് റെഗുലറൈസ് ചെയ്യാൻ വേണ്ടി ചില ഇടപാടുകൾ ഇതുമായി ബന്ധപ്പെട്ട് വരികയാണ്. 2020-ൽ കേരളത്തിലെ പഞ്ചായത്തുകളിലേയ്ക്കും നഗരസഭകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ് നടക്കുകയാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർ പട്ടിക തയ്യാറാക്കേണ്ടതുൾപ്പെടെ ഒരുപാട് പ്രശ്നങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിന്റെ തെരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കുന്ന വോട്ടർ പട്ടിക, കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ പട്ടികയുമായി വലിയ വ്യത്യാസമുള്ളതാണ്. നമ്മൾ തയ്യാറാക്കുന്ന വോട്ടർ പട്ടികയിൽ ഫോട്ടോ പതിച്ച കാർഡ് കിട്ടണമെങ്കിൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ പട്ടിക കൊണ്ടുവന്നാൽ മാത്രമെ കഴിയുകയുള്ളൂ. അതിന് ധാരാളം സമയം വേണം. എന്റെ കയ്യിലുള്ളത്, 08-11-2019-ലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഒരു സർക്കുലറാണ്. ഇതിൽ വളരെ കൃത്യമായി പറഞ്ഞിരിക്കുകയാണ്, ' 2020 ഒക്ടോബർ മാസത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. തെരഞ്ഞെടുപ്പിന് ഒരു വർഷംപോലും അവശേഷിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് വിഭജനവും വാർഡ് വിഭജനവും വോട്ടർ പട്ടിക തയ്യാറാക്കലും ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നത് പ്രായോഗികമായി പ്രയാസമുള്ളതാണ്.' ഇത് പറയുന്നത് അഡീഷണൽ ചീഫ് സെക്രട്ടറിയാണ്. അഞ്ചാറുമാസം കഴിഞ്ഞാൽ നമ്മളൊക്കെ പഞ്ചായത്ത് നഗരസഭാ തെരഞ്ഞെടുപ്പിലേയ്ക്ക് പോകുകയാണ്. ആ തെരഞ്ഞെടുപ്പിലേയ്ക്ക് പോകുന്ന സമയത്ത് നമ്മുടെ വോട്ടർ പട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ഏറ്റവും അടിസ്ഥാനപരമായി വരുന്നത് ഡീലിമിറ്റേഷൻ കമ്മിറ്റി തയ്യാറാക്കുന്ന വാർഡ് വിഭജനമാണ്.

അഡീഷണൽ ചീഫ് സെക്രട്ടറി തന്നെ പഞ്ചായത്ത് പ്രിൻസിപ്പൽ സെക്രട്ടറിക്കും പഞ്ചായത്ത് ഡയറക്ടർക്കും ഗ്രാമവികസന കമ്മീഷണർക്കും നഗരകാര്യ ഡയറക്ടർക്കും അയച്ച സർക്കുലറാണ്. ഇനി പഞ്ചായത്ത് വിഭജനവും വാർഡ് വിഭജനവും വോട്ടർ പട്ടിക തയ്യാറാക്കലും ഒരു വർഷത്തിൽത്തന്നെ പൂർത്തീകരിക്കുന്നത് പ്രായോഗികമായി പ്രയാസമുള്ളതാണെന്നാണ് ഈ സർക്കുലറിനകത്ത് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നുവച്ചാൽ തെരഞ്ഞെടുപ്പിനെപ്പോലും ലാഘവ ബുദ്ധിയോടുകൂടിയാണ് കാണുന്നത് എന്നുള്ളത് വളരെ സ്പഷ്ടമാണ്.

മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തെക്കുറിച്ച് ഇവിടെ ശ്രീ. കടകംപള്ളി സുരേന്ദ്രൻ വാചാലമായി സംസാരിക്കുന്നത് കേട്ടപ്പോൾ എനിക്ക് അതിശയോക്തിയാണ് തോന്നിയത്. 1995 ഒക്ടോബർ 2-ാം തീയതിയാണ് 73, 74 അമെന്റ്മെന്റുകളുടെ ഭാഗമായി കേരളത്തിൽ ആദ്യത്തെ ഗ്രാമപഞ്ചായത്തുകളും നഗരസഭകളുമൊക്കെ അധികാരത്തിൽ വന്നത്. അതിനുശേഷം ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിലിരുന്ന ഏതെങ്കിലും ഒരു സമയത്ത് ഒക്ടോബർ 2-ാം തീയതി അധികാരം കൈമാറാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? കൈമാറാൻ കഴിഞ്ഞിട്ടില്ല. അതിൽ ധാരാളം മാറ്റങ്ങൾ വരുത്തി, അവസാനം വീണ്ടും മാറ്റങ്ങൾ വരുത്തേണ്ട അവസ്ഥയിലേയ്ക്ക് മാറിയിരിക്കുകയാണ്. ഒക്ടോബർ 2-ാം തീയതി കഴിഞ്ഞാൽ പിന്നീട് 5 വർഷം വരണ്ടേ, 5 വർഷത്തിന് മുൻപ് പഞ്ചായത്തുകളെ പിരിച്ചുവിടാൻ കഴിയുമോ? ഒരു തവണ മാറ്റിയാൽ പിന്നെ തുടർച്ചയായി മാറ്റേണ്ടതായി വരും. 5 വർഷത്തേയ്ക്കാണ് ഒരു ഭരണസമിതിയെ തെരഞ്ഞെടുക്കുന്നത്. 2000 ഒക്ടോബർ 2-ന് ഞാൻ പഞ്ചായത്ത് പ്രസിഡന്റായ ആളാണ്. ഈ ഗവൺമെന്റിനെ 5 വർഷം പൂർത്തിയാകാതെ പിരിച്ചുവിടാൻ കഴിയുമോ? പിരിച്ചുവിടാൻ കഴിയില്ലല്ലോ! 1995 ഒക്ടോബർ 2-ാം തീയതി അധികാരത്തിൽ വന്ന ആ ഭരണസമിതിയെ 2000-ത്തിൽ കൃത്യസമയത്ത് തെരഞ്ഞെടുപ്പ് നടത്തിയിരുന്നെങ്കിൽ പിരിച്ചുവിടാമായിരുന്നു. അത് നീണ്ടുപോയതു കൊണ്ടാണ്. 5 വർഷം കഴിഞ്ഞപ്പോൾ തുടർച്ചയില്ലാതെ വന്നതുകൊണ്ടാണ് ഓരോ വർഷവും നീണ്ടുപോകുന്നത്. അതുകൊണ്ടാണ് കഴിഞ്ഞ വർഷവും അത് സംഭവിച്ചത്. ഇപ്പോഴത്തെ അവസ്ഥയിൽ ഞാൻ ചോദിക്കുന്നത്, ഞാൻ തയ്യാറാക്കിയ ഉത്തരവല്ലല്ലോ, കെ.പി.സി.സി. ഓഫീസിൽനിന്ന് അച്ചടിച്ച ഉത്തരവല്ലല്ലോ, ഇത് സംസ്ഥാന സർക്കാരിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി അയച്ചു കൊടുത്ത കത്താണ്. നവംബർ മാസം 8-ാം തീയതി, അധിക ദിവസങ്ങളൊന്നും ആയിട്ടില്ല. ഇതിലാണ് പറയുന്നത് വോട്ടർ പട്ടിക തയ്യാറാക്കാനും വാർഡ് വിഭജനം നടത്താനും പഞ്ചായത്ത് വിഭജനം നടത്താനും

പ്രയാസമാണെന്ന്. അതുകൊണ്ട് രണ്ടുമാസത്തിനകം പഞ്ചായത്ത് വിഭജനം അസാദ്ധ്യമാണെന്ന് പറഞ്ഞിരിക്കുകയാണ്. എന്നുവച്ചാൽ തെരഞ്ഞെടുപ്പിനെപ്പോലും സീരിയസ്സായി കാണാത്ത ഒരു മുന്നണിയാണ്, ഒരു സംവിധാനമാണ് ഇതുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകുന്നതെന്ന് സൂചിപ്പിക്കുകയാണ്. ബഹുമാന്യനായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇവിടെയുണ്ട്, അദ്ദേഹം വടക്കാഞ്ചേരി അസംബ്ലി മണ്ഡലത്തിലെ തെക്കുംകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന ആളാണ്. അദ്ദേഹത്തിനുപോലും ഇതിനകത്ത് സീരിയസ്നെസ്സില്ലെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നത്. പഞ്ചായത്ത് തെരഞ്ഞെടുപ്പിലേയ്ക്ക് പോകുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്താണ്, വോട്ടർ പട്ടികയാണ്. വോട്ടർ പട്ടിക തയ്യാറാക്കണമെങ്കിൽ കൃത്യമായി പഞ്ചായത്ത് വിഭജനം നടപ്പിലാക്കണം. നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ അത് പറഞ്ഞോട്ടെ, പക്ഷെ, ഉത്തരവാദിത്തമുള്ള അഡീഷണൽ ചീഫ് സെക്രട്ടറി ഇത് പ്രയാസകരമാണെന്ന് പറഞ്ഞാൽ ഈ വിഷയത്തിൽ എത്രമാത്രം seriousness ഉണ്ടെന്ന് വ്യക്തമാക്കേണ്ടത് സർക്കാരാണ്. അത് കൃത്യമായി പറയണമെന്ന് സൂചിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇതിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്താണ്? 73, 74 അമെന്റ്മെന്റുകളുടെ അടിസ്ഥാനമെന്താണ്? രാജ്യത്തെ തദ്ദേശഭരണ സ്ഥാപനങ്ങളെ സ്വയംപര്യാപ്തമാക്കുക എന്നുള്ളതാണ് 73, 74 അമെന്റ്മെന്റുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. സ്വയംപര്യാപ്തമാക്കുകയെന്നു വച്ചാൽ അവിടെ വിഭവം സ്വയം ശേഖരിക്കാൻ കഴിയണം. ആ വിഭവം നാട്ടിലെ ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ, അവർക്ക് self reliant-ആയ രീതിയിൽ, സ്വാശ്രയത്വം കൈവരിക്കാൻ കഴിയുന്നരീതിയിൽ, വിതരണം ചെയ്യാൻ കഴിയണം. ആ രീതിയിലേയ്ക്കാണ് നമുക്ക് പോകേണ്ടത്. അതിനുവേണ്ടിയാണ് 73, 74 അമെന്റ്മെന്റുകൾ തയ്യാറാക്കിയത്. ഇവിടെ എന്താണ് നടക്കുന്നത്? ഇവിടെ എല്ലാ അധികാരവും തിരിച്ചെടുക്കുകയാണ്.

മാലിന്യ സംസ്കരണം, അത് പഞ്ചായത്തിന്റെ ഏറ്റവും വലിയ ഉത്തരവാദിത്തങ്ങളിൽ ഒന്നാണ്. എന്തുകൊണ്ടാണ് മാലിന്യസംസ്കരണം പഞ്ചായത്തിന്റെ ഉത്തരവാദിത്തത്തിലേയ്ക്ക് കൊടുത്തത്? അത് കൊടുത്തത് മഹാത്മാഗാന്ധിയുടെ കൺസെപ്റ്റാണ്. ശുചിത്വമെന്നുള്ളത് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നടപ്പിലാക്കണമെന്നുള്ളതുകൊണ്ടു തന്നെയാണ് അത് കൊടുത്തത്. അതിന്റെ മോഡൽ എന്താണ്? അതിന്റെ മോഡലാണ് 'സേവാഗ്രാമം മോഡൽ' എന്നു പറയുന്നത്. നിങ്ങൾ പഞ്ചായത്തീരാജിന്റെ ഗൈഡ് തുറന്നുനോക്കിയാൽ അതിനകത്ത് നാഗ്പൂർ മോഡലിനെക്കുറിച്ചും മാർത്താണ്ഡം മോഡലിനെക്കുറിച്ചും

സേവാഗ്രാമം മോഡലിനെക്കുറിച്ചും പറയുന്നുണ്ട്. സേവാഗ്രാമം മോഡലാണ് ഇന്ന് രാജ്യത്തെ മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ ഏറ്റവും മാതൃകാപരമായി നിൽക്കുന്നത്. ബഹുമാന്യനായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും എല്ലാവരും സേവാഗ്രാമത്തിൽ പോയി അവിടത്തെ മാലിന്യ സംസ്കരണ പദ്ധതികൾ കാണണമെന്നാണ് ഈ പദ്ധതികളൊക്കെ നടപ്പിലാക്കുന്ന സമയത്ത് എനിക്ക് വ്യക്തിപരമായും ജനപ്രതിനിധിയെന്ന നിലയിലും പറയാനുള്ളത്. ഞാൻ സൂചിപ്പിക്കുന്നത് മാലിന്യസംസ്കരണം എന്തിനാണ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നത്? മാലിന്യസംസ്കരണം സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ടതല്ലെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. അതല്ല, നിർബന്ധമാണെങ്കിൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെകൂടി പങ്കാളിത്തമുറപ്പിച്ച് ചെയ്യണം. അതിന് നിരവധി മോഡലുകളുണ്ട്. സംസ്ഥാനത്തെ കുട്ടികൾക്ക് പഠിക്കാൻവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ജില്ലയിൽ ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ വിജ്ഞാൻ സാഗർ എന്ന മോഡൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതല്ല. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് മെമ്പർ ആയിരുന്ന ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ഇവിടെ ഇരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെകൂടി കാലഘട്ടത്തിലാണ് അത് പൂർത്തീകരിച്ചത്. വിജ്ഞാൻ സാഗർ പദ്ധതിക്കാവശ്യമായ സ്ഥലം നൽകിയത് സംസ്ഥാന സർക്കാരാണ്. ഡയറ്റിന്റെ സ്ഥലം തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് സംസ്ഥാന സർക്കാർ കൊടുത്തു. സംസ്ഥാന സർക്കാരും തൃശ്ശൂർ ജില്ലാ പഞ്ചായത്തും ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളും ചേർന്ന് ഒരു വലിയ കമ്മിറ്റിയുണ്ടാക്കി, അതിന്റെ നേതൃത്വത്തിൽ മാതൃകാപരമായി നടത്തുകയാണ്. ഞാൻ ചോദിക്കട്ടെ, തൃശ്ശൂർ ജില്ലയിലെ മാലിന്യം അല്ലെങ്കിൽ കേരളത്തിലെ 14 ജില്ലകളിലെ മാലിന്യത്തിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാരും നഗരസഭകളും പഞ്ചായത്തും ചേർന്ന് ഒരു പദ്ധതിയുണ്ടാക്കിയാൽ എല്ലാവർക്കും ചേർന്ന് മാന്യമായ രീതിയിൽ മാലിന്യ സംസ്കരണം നടത്താമല്ലോ? എന്തുകൊണ്ടാണ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നത്? സംസ്ഥാന സർക്കാർ ഏറ്റെടുത്ത ഏത് കാര്യമാണ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളത്? കേരളത്തിലെ പഞ്ചായത്തുകളുമായി ബന്ധപ്പെട്ടുകൊണ്ടോ, നഗരസഭകളുമായി ബന്ധപ്പെട്ടുകൊണ്ടോ ഏത് കാര്യമാണ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളത്.

നമ്മുടെ പ്രധാനപ്പെട്ട കാര്യമാണല്ലോ ലൈഫ് മിഷൻ. ആ പദ്ധതി സംസ്ഥാന ഗവൺമെന്റ് നേരിട്ട് നടപ്പിലാക്കാൻ തീരുമാനിച്ചതല്ലേ; അതിൽ സംസ്ഥാന സർക്കാരിന് എന്തുചെയ്യാൻ കഴിയുന്നു? ആ പദ്ധതിക്കാവശ്യമായ തുക മുഴുവൻ പഞ്ചായത്തിന്റെ Plan Fund-ൽ നിന്നും Own Fund-ൽനിന്നും

എടുത്തുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ഇന്ന് പൂർണ്ണമായും ലൈഫ് മിഷനെ സർക്കാർ കയ്യൊഴിയുകയും പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടുപയോഗിച്ചുകൊണ്ട് മുന്നോട്ടുപോകുകയുമാണ്. ആർദ്രം പദ്ധതി വളരെ മാതൃകാപരമായി, നമ്മളെല്ലാം ഏറ്റവും സ്വാഗതാർഹമായി ഏറ്റെടുത്തതാണ്. ആർദ്രം പദ്ധതിയിലേയ്ക്കാവശ്യമായ 14 -15 ലക്ഷം രൂപ കഴിഞ്ഞാൽ ആ പദ്ധതി നടപ്പിലാക്കണമെങ്കിൽ സ്വാഭാവികമായും 35 ലക്ഷം രൂപയോളം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായി വരികയാണ്. ഈ പദ്ധതിയിലേയ്ക്ക് ആവശ്യമായി വരുന്ന ഡോക്ടർമാർക്കും ലാബുകളിലെ ജീവനക്കാർക്കും ശമ്പളം കൊടുക്കുന്നത് ആരാണ്? അത് ചെയ്യുന്നത് പഞ്ചായത്തും നഗരസഭകളുമാണ്. ഇവിടെ, തുടങ്ങിയ കാര്യങ്ങൾ മുഴുവൻ ഇപ്പോൾ നടപ്പിലാക്കുന്നത് പഞ്ചായത്തും നഗരസഭകളുമാണ്. ആർദ്രം പദ്ധതിയുടെ ഭൂരിഭാഗവും നടപ്പിലാക്കുന്നത് പഞ്ചായത്തുകളാണ്. പഞ്ചായത്തുകളുടെ അധികാരം തിരിച്ചുപിടിക്കുക എന്ന ലക്ഷ്യത്തിലേയ്ക്കാണ് ഇപ്പോൾ പോകുന്നതെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ചില purpose, പദ്ധതി മുൻകൂട്ടികണ്ടുകൊണ്ട് നടപ്പിലാക്കാൻ പോകുകയാണ്. ഐ.എം. വിജയൻ ഇന്റർനാഷണൽ സ്റ്റേഡിയം തൃശ്ശൂർ നഗരത്തിലെ ഒരു പ്രധാന പദ്ധതിയായിരുന്നു. തൃശ്ശൂരിലെ ലാലൂരിലുള്ള അതേ പദ്ധതി സ്ഥലത്തുതന്നെ മാലിന്യ സംസ്കരണ പദ്ധതിയും തീരുമാനിച്ചിരിക്കുകയാണ്. സ്പോർട്സ് വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ വന്ന് സ്റ്റേഡിയത്തിന്റെ തറക്കല്ലിടൽ നടത്തി. ഇരുപത്തിയഞ്ച് ശതമാനത്തോളം പണി നടന്നു. പണി നിർത്തലാക്കണമെന്നും അവിടെ മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കേണ്ടതാണെന്നും കാണിച്ച് ഇപ്പോൾ ചീഫ് സെക്രട്ടറി തൃശ്ശൂർ കോർപ്പറേഷന് കത്തെഴുതിയിരിക്കുകയാണ്. ഇപ്പോൾ ആ പദ്ധതി വേറെ സ്ഥലത്തേയ്ക്ക് കൊണ്ടുപോകാൻ ശ്രമിക്കുകയാണ്. ചില പദ്ധതികൾ നടപ്പിലാക്കണമെന്ന താൽപ്പര്യംമാത്രം നോക്കി ഒരു ഏകോപനവുമില്ലാത്ത രീതിയിലാണ് മുന്നോട്ടുപോകുന്നത്. ഇത് ഒരു കാരണവശാലും ഗുണകരമായ രീതിയല്ല. സംസ്ഥാനത്തിനോ, പഞ്ചായത്തിനോ, നഗരങ്ങൾക്കോ ഇത് ഗുണകരമല്ല. ആർക്കും ഗുണകരമല്ലാത്ത രീതിയിൽ പദ്ധതികൾ ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്ന ഘട്ടത്തിലേയ്ക്ക് പോകുകയാണ്. നേരത്തേ സൂചിപ്പിച്ച 30 കിഫ്ബി പദ്ധതികൾ പൂട്ടിയതുപോലെ ഈ പദ്ധതികളും പൂട്ടേണ്ട അവസ്ഥയിലേയ്ക്കെത്തും. പഞ്ചായത്തുകളെയും നഗരസഭകളെയും നഗരങ്ങളെയും ശാക്തീകരിക്കുകയല്ല ഈ ഗവൺമെന്റിന്റെ ലക്ഷ്യം എന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. 1997 നവംബർ 1-ാം തീയതി ഇ.എം.എസ്. നമ്പൂതിരിപ്പാട് ജനകീയാസൂത്രണത്തിന് തിരികൊളുത്തിയശേഷം പറഞ്ഞത് 'തോറ്റവനും ജയിച്ചവനും ഒരുമിച്ച് ചേരുമ്പോഴുണ്ടാകുന്ന സമന്വയമാണ് വികസനം' എന്നാണ്. ഇ.എം.എസ്.-ന്റെ ആത്മാവിനോടുപോലും

ആത്മാർത്ഥതയില്ലാത്ത ഒരു സർക്കാരായി ഇത് മാറുകയാണ്. മഹാത്മാ ഗാന്ധിയുടെ സ്വപ്നങ്ങളോടുപോലും പുറംതിരിഞ്ഞു നിൽക്കുന്ന ഗവൺമെന്റായി മാറുകയാണ്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളോട് യാതൊരു താത്പര്യവുമില്ലാതെ പോകുകയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, നിലവിൽ പഞ്ചായത്തുകളിൽ റിസർവേഷനുണ്ട്. ആ റിസർവേഷൻ തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ, അല്ലെങ്കിൽ മാറ്റംവരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? അത്തരത്തിൽ പല ചർച്ചകളും കേൾക്കുന്നുണ്ട്. പ്രത്യേകിച്ചും റിസർവേഷൻ വാർഡുകൾ. ഡീലിമിറ്റേഷൻ കാര്യത്തിൽ എന്താണ് ഗവൺമെന്റിന്റെ തീരുമാനമെന്ന് വ്യക്തമായി അറിയാൻ സാധിച്ചിട്ടുണ്ടോ; ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അനിൽ അക്കര: സർ, എന്റെ ശ്രദ്ധയിൽപ്പെട്ടതുകൊണ്ടും സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവാദിത്തമുള്ള ആളുകളുടെ ശ്രദ്ധയിൽപ്പെടാത്തതു കൊണ്ടുമാണ് ഞാൻ തുടക്കത്തിൽത്തന്നെ അതുസംബന്ധിച്ച ഓർഡർ കയ്യിൽ പിടിച്ച് നിൽക്കുന്നത്. ഞാൻ ഒരു പഞ്ചായത്ത് ജീവിയായി രാഷ്ട്രീയ പ്രവർത്തനം നടത്തുന്നയാളാണ്. എനിക്ക് അതിനോട് ആത്മാർത്ഥതയുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്. എന്റെ കയ്യിൽ ഈ സർക്കുലർ ഇരിക്കുകയാണ് (പേപ്പർ ഉയർത്തിക്കാട്ടി). അഡീഷണൽ ചീഫ് സെക്രട്ടറി പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും അയച്ച സർക്കുലറാണിത്. ഈ സർക്കുലറിൽ പറയുന്നത്, ഈ രീതിയിൽ തെരഞ്ഞെടുപ്പ് പ്രായോഗികമായി നടത്തുകയെന്നത് പ്രയാസകരമാണെന്നാണ്. തെരഞ്ഞെടുപ്പുതന്നെ നടത്താൻ ഉദ്ദേശിക്കാത്ത ആളുകളോട് റിസർവേഷന്റെ കാര്യത്തെപ്പറ്റി എന്തുപറയാനാണ്. തെരഞ്ഞെടുപ്പുപോലും നടത്താൻ കഴിയില്ല എന്നരീതിയിലുള്ള ഒരു രേഖയാണിത്. ഇത്രയും ലാഘവത്തോടുകൂടി പോകുന്ന ഗവൺമെന്റാണിത്. അതുകൊണ്ട് ബഹുമാന്യനായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും വടക്കാഞ്ചേരിയിൽ നിന്നുള്ള അംഗവും മുൻപഞ്ചായത്ത് പ്രസിഡന്റുമായ ശ്രീ. എ. സി. മൊയ്തീനോട് എനിക്ക് സൂചിപ്പിക്കാനുള്ളത്, ഈ വകുപ്പിനെ സീരിയസായി കാണണം എന്നാണ്. ഇത്തരത്തിലുള്ള ഉത്തരവുകൾ പുറത്തേയ്ക്ക് വന്നാൽ, നാളെ വാർഡ് വിഭജന നടപടികളിലേയ്ക്ക് പോകുമ്പോൾ ആർക്കെങ്കിലും അതൃപ്തിയുണ്ടെങ്കിൽ കോടതിയിലേയ്ക്ക് പോയാൽ കേരളത്തിലെ ഇലക്ഷൻ പ്രൊസീഡ്യുവർ മുഴുവനായും നിൽക്കുന്ന സാഹചര്യത്തിലേയ്ക്ക് പോകും. അതുകൊണ്ട് തെരഞ്ഞെടുപ്പിനെയെങ്കിലും ഈ ഗവൺമെന്റ് സീരിയസായി കാണണം എന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനോടുള്ള എന്റെ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി ഗസറ്റ് വിജ്ഞാപനത്തിലൂടെ സർക്കാർ ഏറ്റെടുത്ത് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. ഇത് യഥാർത്ഥത്തിൽ അധികാര വികേന്ദ്രീകരണത്തിനുപകരം അധികാര കേന്ദ്രീകരണത്തിന് ഇടയാക്കുന്നതാണ്. മറ്റൊരു ഭേദഗതി അഞ്ച് വ്യത്യസ്ത വകുപ്പുകളിലായി നിലകൊള്ളുന്ന ഗ്രാമവികസനം, നഗരവികസനം, എഞ്ചിനീയറിംഗ് വിഭാഗം, ടൗൺ പ്ലാനിംഗ്, പഞ്ചായത്ത് എന്നീ വകുപ്പുകളെ സംയോജിപ്പിക്കുവാൻ എടുത്തിരിക്കുന്ന നടപടികളാണ്. ഇത് തികച്ചും അശാസ്ത്രീയമാണ്, യാതൊരു പഠനവും നടത്താതെയാണ് ഇത്തരമൊരു തീരുമാനം ഗവൺമെന്റ് എടുത്തിട്ടുള്ളത്. 73, 74 വകുപ്പുകളുടെ ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്തീരാജ്, നഗരപാലികാ സംവിധാനം നിലവിൽവന്നു. അധികാര വികേന്ദ്രീകരണത്തിനുവേണ്ടി പുരപ്പുറത്ത് കയറി പ്രസംഗിക്കുന്നവർ സംസ്ഥാനം ഭരിക്കുമ്പോൾ ലോക്കൽ സെൽഫ് ഗവൺമെന്റ് എന്ന തത്വം അപ്പാടെ അട്ടിമറിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരവും ഫണ്ടും നൽകുന്നതിനുപകരം ഒരോദിവസവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുന്നു, അധികാരങ്ങൾ ഒന്നൊന്നായി കവർന്നെടുത്തുകൊണ്ടിരിക്കുകയാണ്. ജി.എസ്.ടി. വന്നതോടുകൂടി മുനിസിപ്പാലിറ്റികൾക്ക് അവരുടെ വിനോദ നികുതി, പരസ്യ നികുതി മുതലായവ ലഭിക്കാത്ത അവസ്ഥയുണ്ടായി. മുനിസിപ്പാലിറ്റികളുടെ വരുമാനം കുറഞ്ഞു കൊണ്ടിരിക്കുകയാണ്. ലോക്കൽ സെൽഫ് ഗവൺമെന്റിന് സ്വന്തമായി ഒരു ഭവന പദ്ധതി ആവിഷ്കരിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അതിനുപോലും സർക്കാർ വിഘാതം നിൽക്കുകയാണ്. പാവപ്പെട്ട വിധവകൾക്ക് ലഭിച്ചിരുന്ന ഭവനനിർമ്മാണ പദ്ധതികൂടി ലൈഫ് മിഷന്റെ ഭാഗമാക്കിയതോടുകൂടി വീടില്ലാത്ത പാവങ്ങൾക്ക് വീട് നൽകാനും കഴിയാത്ത സ്ഥിതിയാണ്. മദ്യ നിരോധനാധികാരം നേരത്തേ പഞ്ചായത്തിനുണ്ടായിരുന്നു. പഞ്ചായത്ത് വകുപ്പുമന്ത്രി ഭേദഗതി കൊണ്ടുവന്ന് ആ അധികാരവും എടുത്തുകളഞ്ഞു. വീര്യം കുറഞ്ഞ മദ്യം കാർഷിക വിളകളിൽനിന്നും ഉത്പാദിപ്പിക്കുന്നതിനെക്കുറിച്ചാണ് ഗവൺമെന്റ് പഠനം നടത്തിക്കൊണ്ടിരിക്കുന്നത്. മദ്യം വ്യാപകമാക്കാനുള്ള ശ്രമം നടക്കുകയാണ്. മദ്യനിരോധനാധികാരം പഞ്ചായത്തുകളിൽനിന്നും എടുത്തു കളഞ്ഞതിനെതിരായി, മദ്യനിരോധനാധികാരം പഞ്ചായത്തുകൾക്ക് തിരിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇന്നും സെക്രട്ടേറിയറ്റിന് മുമ്പിൽ ലഹരി

നിർമ്മാർജ്ജന സമിതിയുടെ ആഭിമുഖ്യത്തിൽ വലിയ പ്രക്ഷോഭം നടക്കുന്നുണ്ട്. തികച്ചും വ്യത്യസ്തമായ ജോലികൾ ചെയ്തുകൊണ്ടിരുന്ന അഞ്ച് വകുപ്പുകൾ സംയോജിപ്പിക്കുന്നതിലൂടെ കൂടുതൽ സങ്കീർണ്ണതകൾ ഉണ്ടാകാൻ പോകുകയാണ്. മുനിസിപ്പൽ ആക്ട് അനുസരിച്ച് ജോലിചെയ്യുന്നവരാണ് മുനിസിപ്പാലിറ്റി ജീവനക്കാർ. പഞ്ചായത്ത് ആക്ട് അനുസരിച്ച് ജോലി ചെയ്യുന്നവരാണ് പഞ്ചായത്ത് ജീവനക്കാർ. എന്നാൽ ഈ അഞ്ചു വകുപ്പുകളും സംയോജിപ്പിച്ചാൽപ്പോലും ഒരു പഞ്ചായത്ത് ജീവനക്കാരന് പ്രത്യേകമായി ടെസ്റ്റ് എഴുതി പാസ്സായാൽ മാത്രമെ മുനിസിപ്പാലിറ്റിയിൽ ജോലി ചെയ്യാൻ സാധിക്കൂ. പഞ്ചായത്തിലെയും മുനിസിപ്പാലിറ്റിയിലെയും ജീവനക്കാർക്ക് ഇപ്പോഴും ശമ്പളം കൊടുക്കുന്നത് Own Fund -ൽ നിന്നാണ്. എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം, ടൗൺ പ്ലാനിംഗ്, റൂറൽ ഡെവലപ്മെന്റ് തുടങ്ങിയ വകുപ്പുകളിലെ ജീവനക്കാർക്ക് സർക്കാർ നേരിട്ടാണ് ശമ്പളം കൊടുക്കുന്നത്. ഈ അഞ്ച് വകുപ്പുകളുടെയും സംയോജനം നടന്നാൽപ്പോലും ഇതേ രൂപത്തിൽത്തന്നെ ശമ്പളം നൽകുന്ന രീതി തുടരാൻ പോകുകയാണ്. ജീവനക്കാരുടെ സീനിയോരിറ്റി, പ്രൊമോഷൻ എന്നിവ സംബന്ധിച്ച പ്രശ്നങ്ങളും ഇതുമൂലം ഉയർന്നുവരാൻ സാധ്യതയുണ്ട്. പഞ്ചായത്ത് ഡിപ്പാർട്ടുമെന്റിനെയും പഞ്ചായത്ത് ജീവനക്കാരെയും സംയോജിപ്പിക്കാൻ ഇരുപത് കൊല്ലം മുമ്പ് തീരുമാനിക്കുകയുണ്ടായി. പഞ്ചായത്ത് ജീവനക്കാരും ഡിപ്പാർട്ടുമെന്റ് ജീവനക്കാരും തമ്മിലുള്ള സീനിയോരിറ്റി പ്രശ്നവും പ്രൊമോഷൻ സംബന്ധമായ കേസുകളും 20 കൊല്ലമായി കോടതിയിൽ തീർപ്പാകാതെ കിടക്കുകയാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, സീനിയോരിറ്റിയുടെയും പ്രൊമോഷന്റെയും പ്രശ്നം പറയുമ്പോൾ മറ്റൊരു കാര്യമുള്ളത്, പാവപ്പെട്ട ശുചീകരണത്തൊഴിലാളികളെ സംബന്ധിച്ചാണ്. അവർ പത്തുമുപ്പത് വർഷം പണിയെടുത്താലും എവിടെ തുടങ്ങിയോ അവിടെത്തന്നെയാണ് അവരുടെ തൊഴിൽ അവസാനിപ്പിക്കുന്നത്. അവർക്ക് മറ്റൊരു ജോലിയിലേയ്ക്ക് പ്രൊമോഷൻ എന്നുള്ളത് സാധ്യമാണോയെന്നാണ് നമ്മൾ പെട്ടെന്ന് ചിന്തിക്കുന്നത്. യഥാർത്ഥത്തിൽ നമുക്കറിയാം, വർക്കിംഗ് അറേഞ്ച്മെന്റ് എന്ന രീതിയിൽ അവരെക്കൊണ്ട് പല ജോലികളും ചെയ്യിപ്പിക്കാറുണ്ട്. ഓഫീസ് അറ്റൻഡന്റ്, വാച്ച്മാൻ, ഡ്രൈവർ തുടങ്ങി 30-ഓളം പൊസിഷനുകളിൽ പല ജോലികളും അവർ ചെയ്യുന്നുണ്ട്. എല്ലാവരെയും ഒരുമിച്ച് പ്രൊമോട്ട് ചെയ്യുക എന്നത് ഒരുപക്ഷെ സാധിക്കില്ലായിരിക്കാം. അവരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് ഒരു നിശ്ചിത ശതമാനം വച്ചെങ്കിലും നൽകണം. ഇപ്പോൾ ഡിഗ്രി പാസ്സായവർവരെ

മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും ശുചീകരണ തൊഴിലാളികളുടെ ലിസ്റ്റിൽ ഉണ്ട്. നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടി എത്രയോ പതിറ്റാണ്ടുകൾ ജോലി ചെയ്തവർക്ക് മാനുഷിക പരിഗണനയെങ്കിലും നൽകി അവരെക്കൂടി ഉയർത്തിക്കൊണ്ടുവരാനുള്ള നടപടി ആവശ്യമാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട മെമ്പർ ഷാഫി പറമ്പിൽ വളരെ പ്രസക്തമായ കാര്യമാണ് പറഞ്ഞത്. പട്ടണങ്ങളിൽ ചെന്നാൽ മൂക്ക് പൊത്താതെ നമുക്ക് നടക്കാൻ കഴിയുന്നത് ശുചീകരണ തൊഴിലാളികൾ ആത്മാർത്ഥമായി സേവനം ചെയ്യുന്നതുകൊണ്ട് മാത്രമാണ്. അങ്ങനെ വർഷങ്ങളായി മുനിസിപ്പാലിറ്റികളിൽ പാർട്ട്-ടൈം കണ്ടിജന്റായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന അടിസ്ഥാന തൊഴിലാളി വിഭാഗത്തിന് ഇന്നേവരെ ജോലിക്കനുസരിച്ചുള്ള വേതനം ലഭ്യമാകുന്നില്ല. അത് പരിഹരിക്കപ്പെടേണ്ട പ്രശ്നമാണ്. മുനിസിപ്പൽ കോമൺ സർവ്വീസ് വരുന്നതോടുകൂടി കണ്ടിജന്റ് ജീവനക്കാരെക്കൂടി സർക്കാർ ജീവനക്കാരായി അംഗീകരിച്ച് അവർക്ക് എല്ലാവിധ ആനുകൂല്യങ്ങളും നൽകാനുള്ള സംവിധാനംകൂടി ഉണ്ടാകണം. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണത്തോടെ പഞ്ചായത്ത് വകുപ്പ് നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് 19-08-2019-ന് ആറ് പേജുള്ള കത്താണ് പഞ്ചായത്ത് ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയിട്ടുള്ളത്. അത് നൽകാൻ ഇടയായത്, ഇത്തരമൊരു സംയോജനം നടക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട കാര്യമായ ചർച്ച വകുപ്പുമേധാവികൾ തമ്മിലോ സർവ്വീസ് സംഘടനകളുമായിട്ടോ നടന്നിട്ടില്ല എന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. കൂടുതൽ സങ്കീർണ്ണതകൾ, നേരത്തെ പറഞ്ഞതുപോലെ സീനിയോറിറ്റി - പ്രൊമോഷൻ സംബന്ധമായിട്ടുള്ള കൂടുതൽ കേസുകൾ കോടതിയിൽ വരാനും ജീവനക്കാർക്ക് കോടതിയിൽ കയറിയിറങ്ങാനുമുള്ള സാഹചര്യത്തിലേയ്ക്കാണ് പോകുന്നത്. നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ സാമൂഹ്യപ്രശ്നം മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ടതാണ്. കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും അവയൊന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്. മാലിന്യ പ്രശ്നം കീറാമുട്ടിയായി നിൽക്കുമ്പോഴും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നിലനിൽക്കുമ്പോഴും അത് പരിഹരിക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുവാൻ സർക്കാർ സംവിധാനങ്ങൾക്ക് ഇതുവരേയും കഴിഞ്ഞിട്ടില്ല. 44 നദികൾ, ആയിരക്കണക്കിന് കുളങ്ങൾ, ലക്ഷക്കണക്കിന് കിണറുകൾ, എണ്ണമറ്റ തോടുകൾ എന്നിങ്ങനെ

ജലസ്രോതസ്സുകളാൽ സമ്പന്നമായ സംസ്ഥാനമാണ് കേരളം. എന്നാൽ ഫാക്ടറികൾ, ഹോട്ടലുകൾ, മത്സ്യ-പച്ചക്കറി മാർക്കറ്റുകൾ, അറവുശാലകൾ, കോഴിവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽനിന്നുള്ള ആയിരക്കണക്കിന് ടൺ മാലിന്യങ്ങൾ സംസ്കരിക്കപ്പെടാതെ റോഡുകളിലും പൊതുസ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും വലിച്ചെറിയപ്പെടുകയാണ്. ദ്രുതഗതിയിലുള്ള നഗരവത്ക്കരണവും പുതിയ ജീവിതശൈലിയുടെ ഭാഗമായി ഗ്രാമങ്ങളിൽ നിന്ന് ഫ്ലാറ്റുകളിലേയ്ക്കുള്ള കുടിയേറ്റവും മാലിന്യം വളരെയേറെ വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. നെൽ വയലുകൾ മണ്ണിട്ട് നികത്തി, തെങ്ങിൻ തോപ്പുകൾ വെട്ടി നശിപ്പിച്ച് ബഹുനിലക്കെട്ടിടങ്ങളും ഫ്ലാറ്റ് സമുച്ചയങ്ങളും മാളുകളും നിർമ്മിച്ചതോടെ പരിസ്ഥിതി സന്തുലനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വികസിത ലോകത്തിന് തുല്യമായ ജീവിത നിലവാര സൂചിക അവകാശപ്പെടുമ്പോഴും മാലിന്യനിർമ്മാർജ്ജനത്തിന് ശാസ്ത്രീയ രീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നമുക്ക് ഇന്നേവരെ കഴിഞ്ഞിട്ടില്ല. ഹോട്ടലുകൾ, അറവുശാലകൾ, മത്സ്യമാർക്കറ്റുകൾ, പഴവർഗ്ഗ-പച്ചക്കറിശാലകൾ എന്നിവയിൽനിന്ന് പ്രതിദിനം ടൺ കണക്കിന് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് കരാർ എടുത്തിട്ടുള്ള സ്വകാര്യ ഏജൻസികളുണ്ട്. ആ സ്വകാര്യ ഏജൻസികൾ മാലിന്യങ്ങൾ എവിടെ കൊണ്ടുപോകുന്നുവെന്നോ എന്തു ചെയ്യുന്നുവെന്നോ ഉള്ള യാതൊരുവിധ അന്വേഷണവും ആരും നടത്തുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണത്തിനായി പുറംകരാർ നൽകുമ്പോൾ മാലിന്യം നിക്ഷേപിക്കുന്ന സ്ഥലം മുതലായ കാര്യങ്ങളിൽ വ്യക്തത ഉറപ്പുവരുത്തേണ്ടതുണ്ട്. മാലിന്യം നീക്കംചെയ്യുന്നതിനുള്ള ടെണ്ടർ വിളിക്കുമ്പോൾ മാലിന്യം നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നേരിട്ട് സന്ദർശിച്ച് ബോധ്യപ്പെട്ടതിനുശേഷം മാത്രമെ ടെണ്ടർ നൽകാൻ പാടുള്ളൂ. പൊതുസ്ഥലങ്ങളിൽനിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കാൻ ഒരു വാർഡിൽ ഒരു പ്ലാന്റെങ്കിലും സ്ഥാപിച്ച് വീടുകളിൽനിന്നും കടകളിൽ നിന്നും കൊണ്ടുവരുന്ന മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുവാനുള്ള സംവിധാനമുണ്ടാക്കണം. കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് കൊണ്ടുവന്നതുകൊണ്ട് മാലിന്യം പരിപൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യാൻ കഴിയില്ല. വാഹനങ്ങളിൽ യാത്ര ചെയ്യുന്ന ആളുകൾ റോഡിലേയ്ക്ക് മാലിന്യങ്ങൾ വലിച്ചെറിയുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. വിദേശ രാജ്യങ്ങളിൽ യാത്രക്കാരുടെ സൗകര്യാർത്ഥം ടാക്സി-ഓട്ടോറിക്ഷകളിൽ വേസ്റ്റ് ബിൻ ഘടിപ്പിച്ചിട്ടുണ്ട്. അതുപോലെയുള്ള ശാസ്ത്രീയമായ സംവിധാനം നമ്മുടെ നാട്ടിലും കൊണ്ടുവരാൻ ശ്രമിച്ചാൽ ഓടുന്ന വാഹനങ്ങളിൽനിന്ന് മാലിന്യങ്ങൾ

വലിച്ചെറിയുന്നത് ഒഴിവാക്കാൻ സാധിക്കും. ഉപയോഗ രഹിതമായിട്ടുള്ള ട്യൂബ്‌ലൈറ്റ്, സി.എഫ്.ലാമ്പ്, എൽ.ഇ.ഡി. ലാമ്പ്, സാധാരണ ബൾബുകൾ എന്നിങ്ങനെയുള്ള ഇ-വേസ്റ്റുകളുടെ സംസ്കരണത്തിന് ഫലപ്രദമായ സംവിധാനം ഇതുവരെ ഉണ്ടാക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല. ഇത്തരം സാധനങ്ങൾ വിൽപ്പന നടത്തുന്ന വ്യാപാര സ്ഥാപനങ്ങൾതന്നെ ഉപയോഗരഹിതമാകുന്ന ഇ-വേസ്റ്റുകൾ തിരികെയെടുക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും അത്തരം സ്ഥാപനങ്ങളെ നിർബന്ധിതമാക്കുന്നതിനുള്ള നിയമനിർമ്മാണംകൂടി ഉണ്ടാകേണ്ടതുണ്ട്. നഗരസഭകളിലെ മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങളെക്കാൾ ഗുരുതരമാണ് ഗ്രാമപഞ്ചായത്തുകളിലെ മാലിന്യനിർമ്മാർജ്ജന പ്രശ്നം. മാലിന്യ നിർമ്മാർജ്ജന രംഗത്ത് പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, വ്യവസായ വകുപ്പ്, ടൂറിസം വകുപ്പ് തുടങ്ങിയ എല്ലാ ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള ഒരു മാലിന്യ നിർമ്മാർജ്ജന അതോറിറ്റി രൂപീകരിക്കണം. ഈ ഗവൺമെന്റ് വന്നശേഷം കഴിഞ്ഞ മൂന്നരക്കൊല്ലമായി മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. എന്നാൽ ഒരു പദ്ധതിക്കും രൂപം നൽകാൻ ഇതുവരെയും സാധിച്ചിട്ടില്ല. ഈ ഭേദഗതികളൊക്കെ കൊണ്ടുവന്നാലും പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും കൈവശമുള്ള ഭൂമി സർക്കാർ ഏറ്റെടുത്ത് എന്നത്തേയ്ക്ക് നടപ്പിലാക്കുവാൻ കഴിയുമെന്ന് ഇപ്പോൾ നമുക്ക് ഒരു വ്യക്തതയില്ല. വിദേശ രാജ്യങ്ങളിലൊക്കെ ടൗണിന്റെ മധ്യഭാഗത്താണ് സംസ്കരണ പ്ലാന്റ് ഉണ്ടാക്കിയിരിക്കുന്നത്. ആർക്കും ഒരു ശല്യവുമില്ല. വിദേശത്തൊക്കെ പോകുന്ന മന്ത്രിമാരടക്കം അത്തരം കാര്യങ്ങളെക്കുറിച്ചൊക്കെ പഠിച്ച് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് മാലിന്യ സംസ്കരണ പ്ലാന്റുകൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കാനുള്ള ശ്രമം കൂടി നടത്തണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഒരിക്കൽക്കൂടി ഈ ഭേദഗതിയോടുള്ള വിയോജിപ്പ് രേഖപ്പെടുത്തി നിർത്തുന്നു.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിൻമേലുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്. ഈ ബില്ലുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക്, പ്രത്യേകിച്ച് മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പ്രവർത്തനങ്ങൾക്ക് സഹായകരമായ ഒരു നിലപാട് ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. യശ:ശരീരനായ രാജീവ്ഗാന്ധി പ്രധാനമന്ത്രിയായിരിക്കുമ്പോഴാണ് രാജ്യത്ത് നടത്തുന്ന വികസന പ്രവർത്തനങ്ങൾ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ എത്തുന്നില്ല

എന്നൊരു കാഴ്ചപ്പാടോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കി, കൂടുതൽ അധികാരങ്ങൾ നൽകി മുന്നോട്ടു കൊണ്ടുവരണമെന്നുള്ള ആശയം മുന്നോട്ടുവച്ചത്. ഒരു രൂപ വികസനത്തിനുവേണ്ടി മുടക്കുമ്പോൾ അതിൽ 40 പൈസപോലും യഥാർത്ഥത്തിൽ അവിടെ എത്തുന്നില്ല എന്നൊരു കാഴ്ചപ്പാടാണ് അദ്ദേഹം അന്ന് പങ്കുവച്ചത്. അങ്ങനെയാണ് ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്ന നടപടിയുമായി മുന്നോട്ടുപോയത്. അത്തരമൊരു തീരുമാനത്തെ ഈ ഭേദഗതി നടപ്പിലാക്കുന്നതിലൂടെ ഗവൺമെന്റ് അട്ടിമറിക്കുന്നുവെന്നുള്ള ആക്ഷേപമാണ് ഈ ബില്ലിൻമേൽ വിയോജിപ്പ് രേഖപ്പെടുത്തിയ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ എനിക്കും സൂചിപ്പിക്കാനുള്ളത്. കേരള മുനിസിപ്പാലിറ്റീസ് ആക്ട് 48-ാം വകുപ്പും 222-ാം വകുപ്പും 224-ാം വകുപ്പും 326-ാം വകുപ്പും അങ്ങനെ നാല് വകുപ്പുകളാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടമെന്നുള്ള നിലയിൽ കേരളത്തിലെ ആറ് പൊതുസർവ്വീസുകൾ ഏകീകരിക്കുകയെന്നുള്ളതാണ്. പഞ്ചായത്ത്, മുനിസിപ്പൽ കോമൺ സർവ്വീസ്, നഗരകാര്യ ഡയറക്ടറേറ്റ്, എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ്, ഗ്രാമവികസന വകുപ്പ്, നഗരാസൂത്രണം എന്നീ ആറ് വകുപ്പുകൾകൂടി സംയോജിപ്പിക്കുമ്പോൾ ജനങ്ങൾക്ക് എങ്ങനെയാണ് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ആറ് വകുപ്പുകളും ഏകോപിപ്പിക്കുമ്പോൾ, പഞ്ചായത്തിൽ ജോലി ചെയ്യുന്ന ഒരു ജീവനക്കാരൻ നഗരസഭയിലെ ഒരു ജീവനക്കാരനായി കടന്നുവരുമ്പോൾ, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം നഗരപാലിക നിയമത്തെക്കുറിച്ച് അവ്യക്തത നിലനിൽക്കുന്ന കാലഘട്ടത്തിൽ എങ്ങനെ ജനങ്ങളുമായി സംവദിച്ച് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വിശദീകരിച്ചാൽ കൊള്ളാമെന്നാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. നഗരസഭയിൽ വർക്ക് ചെയ്യുന്ന ഒരു ജീവനക്കാരൻ പഞ്ചായത്തിൽ പോയാലുണ്ടാകുന്ന അവസ്ഥയും ഇതുതന്നെയാണ്. പഞ്ചായത്ത് നിയമവും നഗരപാലിക നിയമവും രണ്ടും രണ്ടാണ്. പഞ്ചായത്തിൽ വർക്ക് ചെയ്യുന്ന ഒരു ജീവനക്കാരൻ നഗരസഭയിൽ വരുമ്പോൾ അതുവരെയുണ്ടായിട്ടുള്ള അനുഭവസമ്പത്ത് പഞ്ചായത്ത് നിയമങ്ങളാണെങ്കിൽ അദ്ദേഹം നഗരസഭയിൽ വരുമ്പോഴുണ്ടാകുന്ന നിയമ നടപടിക്രമങ്ങൾ നേരെ വ്യത്യസ്തമാകുന്നു. സ്വാഭാവികമായും ജനങ്ങളുടെ ഇടയിൽ ഇതുമായി ബന്ധപ്പെട്ട് വലിയ കൺഫ്യൂഷനുണ്ടാകാനിടയുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഈ ആറു വകുപ്പുകൾ

സംയോജിപ്പിക്കുമ്പോൾ ജീവനക്കാരെത്തന്നെ രണ്ടായി തിരിക്കുകയാണ്. ഒരു വിഭാഗം ആളുകൾക്ക് ശമ്പളം കൊടുക്കുന്നത് ഗവൺമെന്റാണ്, ഒരു വിഭാഗം ജീവനക്കാർക്ക് ശമ്പളം കൊടുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകിച്ച്, 93 മുനിസിപ്പാലിറ്റികളും 6 നഗരസഭകളും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം ജീവനക്കാരുടെ ശമ്പളവും അവരുടെ പെൻഷനും റിട്ടയർ ചെയ്യുമ്പോൾ കൊടുക്കുന്ന ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളാണ്. കേരളത്തിൽ 93 മുനിസിപ്പാലിറ്റികളിൽ 40-ലധികം മുനിസിപ്പാലിറ്റികൾ ശമ്പളം കൊടുക്കാൻപോലും പണമില്ലാത്ത രീതിയിൽ മുമ്പോട്ടുപോകുന്ന സാഹചര്യമാണ്. ആറ് ഡിപ്പാർട്ടുമെന്റുകൾ സംയോജിപ്പിക്കുമ്പോൾ അവർക്കുള്ള ശമ്പളവും പെൻഷനും മറ്റാനുകൂല്യങ്ങളും ഗവൺമെന്റ് കൊടുക്കുന്ന രീതിയിൽനിന്ന് മാറ്റിയെടുക്കുന്നതിനുള്ള നടപടിയാണ് യഥാർത്ഥത്തിൽ സ്വീകരിക്കേണ്ടത്. ഇപ്പോൾ ആറ് ഡിപ്പാർട്ടുമെന്റുകൾ സംയോജിപ്പിക്കുമ്പോൾ അവർക്കുള്ള ശമ്പളം കൊടുക്കേണ്ടത് മുനിസിപ്പാലിറ്റികളാണ്. സ്വാഭാവികമായി എന്ത് പ്രയോജനമാണ് ഇതുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റികൾക്കും നഗരസഭകൾക്കും ലഭ്യമാക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ വിശദീകരിച്ചാൽ കൊള്ളാമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. നഗരകാര്യ ഡയറക്ടറേറ്റ്, എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ്, ഗ്രാമവികസന വകുപ്പ്, നഗരാസൂത്രണം എന്നീ നാല് ഡിപ്പാർട്ടുമെന്റുകൾക്ക് ശമ്പളം കൊടുക്കുന്നത് ട്രഷറി മുഖാന്തിരമാണ്. സ്വാഭാവികമായും മുനിസിപ്പൽ കോമൺ സർവ്വീസിലും പഞ്ചായത്തിലെ ജീവനക്കാരുടെ പെൻഷൻ ഒഴികെ ശമ്പളമുൾപ്പെടെയുള്ള കാര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം കൊടുക്കേണ്ടതായി വരുന്നു. അതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം സാമ്പത്തിക ഭദ്രത വലിയ പ്രശ്നമാണ്. ജി.എസ്.ടി. വന്നതോടുകൂടി പരസ്യ നികുതിയും എന്റർടെയിൻമെന്റ് ടാക്സും പൂർണ്ണമായി ഇല്ലാതായിരിക്കുകയാണ്. പത്ത് ശതമാനം ടാക്സ് പിരിക്കാമെന്നതിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം മന്ത്രി സൂചിപ്പിക്കുകയുണ്ടായി. പക്ഷെ നഗരസഭകളെ സംബന്ധിച്ച്, ജി.എസ്.ടി. വരുമ്പോൾ കോമ്പൻസേറ്റ് ചെയ്യുമെന്ന് പറഞ്ഞിട്ട് കഴിഞ്ഞ രണ്ടുവർഷമായി ഒരു ഗഡു പണമല്ലാതെ ബാക്കി ഇതുവരെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. നഗരസഭകളെ സംബന്ധിച്ചിടത്തോളം അവരുടെ നിത്യനിദാന ചെലവുകൾ പരസ്യ എന്റർടെയിൻമെന്റ് ടാക്സിലൂടെയാണ് നടന്നുപോകുന്നതെന്ന വസ്തുത മനസ്സിലാക്കണമെന്നാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഈ അധികാരം ഗവൺമെന്റ് മനഃപൂർവ്വം എടുത്തുകളഞ്ഞതാണെന്ന ആക്ഷേപമാണ് എനിക്കുള്ളത്. ജി.എസ്.ടി. നിലവിൽ വന്ന സാഹചര്യങ്ങൾ പരിഗണിച്ച്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിനോദ നികുതി ഈടാക്കേണ്ടതില്ലെന്ന് സംസ്ഥാന സർക്കാർ 24-06-2017-ൽ ഉത്തരവ് പുറപ്പെടുവിച്ചതിനെത്തുടർന്ന് നഗരസഭകളിൽ നിലവിലിരുന്ന വിനോദ നികുതി ഈടാക്കുന്നില്ല. എന്നാൽ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയിരുന്ന വിനോദ നികുതിയിൽനിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കിവരുന്ന വിനോദ നികുതി ഒഴിവാക്കുന്നത് 101-ാം ഭരണഘടനാ ഭേദഗതി നിയമത്തിൽ ഏഴാം ഷെഡ്യൂളിൽ സ്റ്റേറ്റ് ലിസ്റ്റിൽ 2, ക്രമനമ്പർ 62 ആയി പ്രത്യേകം പരാമർശിക്കുന്നുണ്ട്. അതുകൊണ്ട് സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾ ജി.എസ്.ടി. നിയമത്തിലെ വ്യവസ്ഥകളെ സംബന്ധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ളവയിൽ ടി പരാമർശം പ്രത്യേകം ഉൾപ്പെടുത്തിയതായി കാണാം. ഭരണഘടനാപരമായി സംസ്ഥാന ഗവൺമെന്റിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പരസ്യ നികുതി പിരിക്കുന്നതിന് രണ്ട് നിയമമാണ്. സ്വാഭാവികമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിക്കുന്ന പരസ്യ നികുതിയും എന്റർടെയിൻമെന്റ് ടാക്സും പിരിക്കുന്നതിന് തടസ്സമില്ലായെന്ന് ജി.എസ്.ടി. നിയമത്തിൽ വ്യക്തമായി പറഞ്ഞിട്ടുപോലും 24-06-2017-ൽ സംസ്ഥാന ഗവൺമെന്റ് ഉത്തരവിറക്കിയതിലൂടെ ജി.എസ്.ടി. പിരിക്കാൻ കഴിയുന്നില്ല. ഇത് പുനഃസ്ഥാപിച്ചുകൊടുത്താൽ മാത്രമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനനഷ്ടം ഇല്ലാതാക്കാൻ കഴിയുകയുള്ളൂ. ജീവനക്കാരെ സംബന്ധിച്ച് വലിയ ആശങ്കയുണ്ട്. ഈ നിയമം വരുമ്പോൾ അവരുടെ പ്രൊമോഷൻ സാധ്യതകൾ എങ്ങനെയാണ്? അഡീഷണൽ റവന്യൂ ആഫീസർ തസ്തികയിൽ ഒഴിവ് വന്നാൽ ഏത് ഡിപ്പാർട്ടുമെന്റിൽനിന്ന്, ഏത് കാറ്റഗറിയിൽനിന്ന് എങ്ങനെ ആ പോസ്റ്റിലേയ്ക്ക് ആളെ നിയമിക്കുമെന്നതിനെ സംബന്ധിച്ച് വ്യക്തത വരുത്തണം. ഇത്തരം നിയമം നടപ്പാക്കുമ്പോൾ ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ചതുപോലെ ജീവനക്കാരുമായി ചർച്ച ചെയ്ത് അവരുടെ ആശങ്കകൾ പരിഹരിക്കുകയെന്നുള്ളത് സാമാന്യമായി ഗവൺമെന്റിന്റെ ബാധ്യതയായി കണക്കാക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. അതുകൊണ്ട് ആറു ഡിപ്പാർട്ടുമെന്റുകളുടെ സംയോജനം നഗരസഭാ പ്രവർത്തനങ്ങളെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ ഒരു കാരണവശാലും കഴിയാത്ത സാഹചര്യമുണ്ടാക്കു മെന്നുള്ളതാണ് പ്രധാന ആക്ഷേപമായി സൂചിപ്പിക്കാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട വിഷയം, നഗരസഭകളുടെ സ്ഥലങ്ങൾ ഒരു വിജ്ഞാപനത്തിലൂടെ സർക്കാർ ഏറ്റെടുത്ത് അവിടെ മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മിക്കുമെന്നുള്ളതാണ്. അത് നിർമ്മിക്കുന്നതിന് ഞാൻ എതിരല്ല. പക്ഷെ വിജ്ഞാപനത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വത്തുക്കൾ

ഗവൺമെന്റ് ഏറ്റെടുക്കുകയെന്നുള്ളത് സാമാന്യനീതിക്ക് ചേർന്നതല്ല. ഏറ്റവും കുറഞ്ഞത് കൗൺസിലിന്റെ അംഗീകാരമെങ്കിലും വാങ്ങി ആ നല്ല പ്രവൃത്തി അവരെ പറഞ്ഞ് ബോധ്യപ്പെടുത്തി, ആശയത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ഒരു സുപ്രഭാതത്തിൽ ഒരു വിജ്ഞാപനമിറക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥലങ്ങൾ ഗവൺമെന്റ് കൈക്കലാക്കി പ്ലാന്റ് നിർമ്മിക്കുമെന്ന ആശയത്തോട് ഒരിക്കലും യോജിക്കാൻ കഴിയില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തേണ്ടതിന് പകരം അവരെ ദുർബലപ്പെടുത്തുന്ന നടപടികളാണ് ഈ ഭേദഗതിയിലൂടെ ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന ആക്ഷേപത്തിൽ ഞാൻ ഉറച്ചുനിൽക്കുകയാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളോട് ഒരു കാരണവശാലും യോജിക്കാൻ കഴിയില്ല. അതുകൊണ്ട് ഈ ഭേദഗതികളോട് ഞങ്ങൾക്കുള്ള വിയോജിപ്പ് ശക്തമായി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ പി. ചുമതലപ്പെടുത്തിയതു പ്രകാരം ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 326-ാം വകുപ്പ്, മൂന്നാം ഉപവകുപ്പിനാണ്, പൊതുസ്ഥലത്തുനിന്നോ സ്വകാര്യസ്ഥലത്തുനിന്നോ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് ഭേദഗതി കൊണ്ടുവരുന്നത്. നാലാം ഉപവകുപ്പാണ് അതിൽ ചേർത്തിരിക്കുന്നത്. കരാർ ഏറ്റെടുക്കുന്ന ആളുകൾ കയ്യൊഴിയുകയെന്നുള്ളതാണ് അതിൽ പറഞ്ഞിരിക്കുന്ന വളരെ ഗൗരവതരമായിട്ടുള്ള കാര്യം. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് വേസ്റ്റ് കൊണ്ടുപോകുന്ന പ്രശ്നം വിചാരിക്കുന്നതിനെക്കാൾ വളരെ ഗുരുതരമായ കാര്യമാണ്. ടെണ്ടർ എടുക്കുന്ന ആളുകൾ എവിടെയാണ് ഇത് നിക്ഷേപിക്കുന്നതെന്നുള്ളത് സംബന്ധിച്ച് വളരെ വ്യക്തമായ ധാരണയുണ്ടാകണം. ടെണ്ടർ വ്യവസ്ഥകളിൽ വ്യക്തതയുണ്ടാകണം. തുമ്പൂർമൂഴി മോഡൽ സംസ്ഥാനത്താകമാനം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മോയിസ്ചർ കണ്ടന്റ് വളരെക്കൂടുതലായതുകൊണ്ട് പീരുമേട് നിയോജക മണ്ഡലത്തിൽ തുമ്പൂർമൂഴി മോഡൽ വേണ്ടത്ര വിജയിപ്പിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് മറ്റ് മാർഗ്ഗങ്ങളിലേയ്ക്ക് പോകുന്നു. അതും വേണ്ടത്ര വിജയിക്കുന്നുണ്ടോയെന്ന് ചോദിച്ചാൽ അതിനൊക്കെ ഒരുപാട് ശ്രമം വേണ്ടിവരുന്നുണ്ട്. ഇവിടെയാണ് ടെക്നോളജി പ്രൊവൈഡേഴ്സായി എത്തുന്ന ആളുകൾ നമുക്ക് നൽകുന്ന ഉപദേശത്തിന്റെ പ്രസക്തി. പല ഓഡിറ്റ് റിപ്പോർട്ടുകളും

നമ്മുടെ മുമ്പിലേയ്ക്ക് വരുമ്പോൾ അതിൽ ഗൗരവതരമായി കാണുന്ന പ്രശ്നമുണ്ട്. ഹൈമാസ്റ്റ് ലൈറ്റുകൾ, ഇ-ടോയ്‌ലെറ്റുകൾ തുടങ്ങിയവ വിവിധ ടെക്നോളജി പ്രൊവൈഡേഴ്സ് നൽകുന്ന ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപിച്ചിട്ടുള്ളത്. പക്ഷെ പല ഓഡിറ്റ് റിപ്പോർട്ടുകളിലും പഞ്ചായത്തിന് ബാധ്യതയായി, അറവുശാലകൾ മാറുകയാണ്. പരാജയപ്പെട്ടുപോകുന്ന സാഹചര്യങ്ങളാണുള്ളത്. വേസ്റ്റ് മാനേജ്മെന്റിൽ നിരവധി ടെക്നോളജി പ്രൊവൈഡർമാർ എത്തിയെങ്കിലും പരാജയപ്പെടുന്ന സാഹചര്യങ്ങളുണ്ടാകുന്നു. ടെക്നോളജി പ്രൊവൈഡേഴ്സ് ഗവൺമെന്റുമായി ചർച്ച ചെയ്തിട്ടാണ് എത്തുന്നതെങ്കിലും പലപ്പോഴും ഇതിന്റെ ഉത്തരവാദിത്തം പഞ്ചായത്ത് ഭരണസമിതി ഏറ്റെടുക്കേണ്ട സാഹചര്യമുണ്ടാകുന്നുണ്ട്. അതുകൊണ്ട് ടെക്നോളജി പ്രൊവൈഡർമാരായി പഞ്ചായത്തിൽനിന്നും പോകുന്ന ആളുകൾ ഗവൺമെന്റ് ചുമതലപ്പെടുത്തുന്ന അധികാരപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമെ അവരെ പഞ്ചായത്തുകളിലിടപെടാൻ അനുവദിക്കാവൂവെന്ന് ടെണ്ടർ വ്യവസ്ഥകളിൽ വ്യക്തതയുണ്ടാകണം. ടെണ്ടർ ഏറ്റെടുക്കുന്ന ആളുകൾക്ക് മുനിസിപ്പാലിറ്റികളിൽ നിന്നുള്ള വേസ്റ്റ് സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനങ്ങളില്ലാതെ മുഴുവൻ ഇടുക്കിയിലേയ്ക്ക് എത്തുന്ന സാഹചര്യമുണ്ടായി. പീരുമേട് നിയോജക മണ്ഡലത്തിലെ വിവിധ കേന്ദ്രങ്ങളിൽ ആളുകൾ ഇടപെട്ട് വണ്ടിപിടിക്കാനും തടയാനും പ്രശ്നമുണ്ടാക്കാനും തുടങ്ങിയപ്പോഴാണ് ഇത് തമിഴ്നാട്ടിലേയ്ക്ക് പോയത്. അതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളൊന്നും സഭയിൽ ആവർത്തിക്കുന്നില്ല. ഉറവിട മാലിന്യ സംസ്കരണമാണ് ഹരിത കേരളം മിഷനുമായി ബന്ധപ്പെട്ട് ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നത്. അതിനുള്ള സാധ്യതകളടക്കം വ്യാപകമായ ബോധവൽക്കരണ പരിപാടികൾ ഈ രംഗത്ത് ആരംഭിക്കണം. നിയോജക മണ്ഡലാടിസ്ഥാനത്തിൽ അത് ഇവിടെനിന്നുതന്നെ ആരംഭിക്കാൻ കഴിയുമെങ്കിൽ അതിനുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അങ്ങനെയല്ലെങ്കിൽ ഇതുമായി നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ല. നമ്മൾ തന്നെ നിർമ്മിച്ച നിയമത്തിൽ, നിയമങ്ങൾ കുറേക്കൂടി കർശനമാക്കിയിട്ടുണ്ട്, പിഴ കൂട്ടിയിട്ടുമുണ്ട്. മാലിന്യം വലിച്ചെറിയുന്നതടക്കമുള്ള കാര്യങ്ങളിൽ നിയമത്തിലൂടെ ഇടപെടൽ നടത്തിയാലും ഇത് നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥർ സെക്രട്ടറിമാരാണ്. പഞ്ചായത്ത് യൂസർ ഫീ തീരുമാനിച്ചാൽപ്പോലും പലരും അത് കൊടുക്കുന്നില്ല. പഞ്ചായത്ത് പൊതുവായി ഒരു തീരുമാനമെടുത്തുകഴിഞ്ഞാൽപ്പോലും യൂസർ ഫീ ഒരാളും കൊടുക്കാൻ തയ്യാറല്ല. പല വ്യാപാരി-വ്യവസായികളുടെയും

സ്ഥാപനങ്ങളിൽ, അവരുടെ വേസ്റ്റ് ശേഖരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്തുകൾ യൂസർ ഫീ തീരുമാനിച്ചത്. അങ്ങനെ തീരുമാനിച്ച യൂസർ ഫീ അടക്കം കൊടുക്കാതിരുന്ന് ഇതിനോട് നിസ്സഹകരിക്കുന്ന ധാരാളമാളുകളുണ്ട്. അങ്ങനെ വന്നാൽ അതിൽ ഇടപെടുന്നതിനുള്ള ഒരു സാഹചര്യംകൂടി അതിന്റെ ഭാഗമായി ഉണ്ടാകണം. അതുകൊണ്ട് സെക്രട്ടറിമാർ ആക്ട് ചെയ്യുന്നില്ല എന്നുള്ളത് നാം മനസ്സിലാക്കണം. നമ്മൾ നിയമം പാസ്സാക്കിയതിനുശേഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്രപേർക്ക് പിഴ ചുമത്തിയിട്ടുണ്ട്? നാമമാത്രമായി അവിടെയുമിവിടെയുമായി ഒന്നോ രണ്ടോ കാര്യങ്ങൾ പറയാൻ കഴിയും എന്നുള്ളതൊഴിച്ചാൽ കാര്യമായിട്ടുള്ള ഇടപെടൽ സെക്രട്ടറിമാരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. വേസ്റ്റ് എന്നത് ഒരു ആഗോള പ്രതിഭാസമാണ്. കടൽ ഇതെല്ലാം സ്വീകരിച്ചുകൊള്ളും എന്ന മട്ടിൽ ഇതുമുഴുവൻ ആളുകൾ കടലിലേയ്ക്ക് തള്ളിയെങ്കിൽ ഇന്ന് കടൽ അതുമുഴുവൻ തിരിച്ച് കരയിൽ കൊണ്ടുവയ്ക്കുന്ന സാഹചര്യം നമ്മുടെ മുൻപിലുണ്ട്. അതുകൊണ്ട് ഈ നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ ശക്തമായി ഇടപെടാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം കൊടുക്കണം. നിയമം നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. അതോടൊപ്പംതന്നെ, ശിക്ഷയുമായി ബന്ധപ്പെട്ട് ചില അവ്യക്തതകൾ നിലനിൽക്കുന്നുണ്ട്. ചട്ടം ഒന്നുകൂടി വ്യക്തമാക്കിക്കഴിഞ്ഞാൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വ്യക്തത വരുത്താൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസ് ചട്ടങ്ങളും സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളും പുറപ്പെടുവിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്ന എന്നുള്ളതാണ് നമ്മൾ അഞ്ചാമത്തെ പാരഗ്രാഫിന്റെ ഭാഗമായി പറഞ്ഞിട്ടുള്ളത്. അധികാര വികേന്ദ്രീകരണമാണ് നമ്മൾ മുന്നോട്ടുവയ്ക്കുന്ന മുദ്രാവാക്യം. ഏതെങ്കിലും തരത്തിൽ ഉന്നത ഉദ്യോഗസ്ഥരുടെ കയ്യിൽ അധികാര കേന്ദ്രീകരണം വരുന്നതിനുള്ള ഒരു സാഹചര്യവും അതിലില്ല എന്ന് ഉറപ്പാക്കാൻ ഗവൺമെന്റിന് കഴിയണം. ശുചീകരണത്തൊഴിലാളികളായി പ്രവർത്തിക്കുന്നവരിൽ ഭൂരിഭാഗവും കുടുംബശ്രീ പ്രവർത്തകരായ സ്ത്രീകളാണ്. പഞ്ചായത്തിൽ ശുചീകരണത്തൊഴിലാളികളായി ജോലി ചെയ്യുന്ന ആളുകൾ സ്ഥിരം തൊഴിലാളികളായിക്കഴിഞ്ഞാൽപ്പിന്നെ ഈ ജോലി ഞങ്ങളെക്കൊണ്ട് പറ്റില്ല എന്നുപറഞ്ഞ് അവർ ഓഫീസിൽ ഇരിക്കുകയും ശുചീകരണ ജോലിക്കായി മറ്റ് ആളുകളെ പോസ്റ്റ് ചെയ്യുകയും ചെയ്യുന്ന ഒരു സാഹചര്യം നമ്മുടെ മുൻപിലുണ്ട്. അങ്ങനെയുള്ളവരുടെ പേരിൽ കർശന നടപടികളെടുക്കണം. ഇന്നുരാവിലെ ഇക്കാര്യം നിയമസഭയിൽ ചർച്ച ചെയ്തതാണ്. തോടുകളും നദികളും നിറയുന്നതിന്റെ ഭാഗമായുണ്ടായ പ്രശ്നങ്ങളുമായി

ബന്ധപ്പെട്ട വിഷയങ്ങൾ നമ്മുടെ മുൻപിലുണ്ട്. സർക്കാർ, പഞ്ചായത്തിന്റെ കയ്യിലുള്ള സ്ഥലം അധികാരവും നിയമവും ഉപയോഗിച്ച് ഏറ്റെടുക്കുമ്പോൾ പഞ്ചായത്തിന് കിട്ടേണ്ടതായ സ്ഥലമുണ്ട്. തോട്ടം പ്രദേശങ്ങൾ മാത്രമുള്ള ചില പഞ്ചായത്തുകളുണ്ട്. ഉദാഹരണമായി, വണ്ടിപ്പെരിയാർ, പീരുമേട്, ഏലപ്പാറ തുടങ്ങിയ പഞ്ചായത്തുകൾ എസ്റ്റേറ്റിന്റെ നടുക്ക് സ്ഥിതി ചെയ്യുന്ന പഞ്ചായത്തുകളാണ്. ആ പഞ്ചായത്തുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി കൊടുത്തിട്ടുള്ള ഒന്നോ രണ്ടോ ഏക്കർ സ്ഥലം മാറ്റിയാൽ ബാക്കി എസ്റ്റേറ്റാണ്. ഒരു ടൗൺ ഡെവലപ്മെന്റ് ആവശ്യമായി വന്നുകഴിഞ്ഞാൽ ഒരു കാരണവശാലും ഒരിഞ്ച് സ്ഥലംപോലും മാനേജ്മെന്റ് വിട്ടുകൊടുക്കാൻ തയ്യാറാകില്ല. പീരുമേട് നിയോജകമണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകൾ പരിശോധിച്ചാൽ ഏറ്റവും കൂടുതൽ ഭൂരഹിത-ഭവനരഹിതരുള്ളത് വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലാണെന്ന് കാണാൻ കഴിയും. പീരുമേട് നിയോജക മണ്ഡലത്തിൽ ആകെ കണക്കാക്കുമ്പോൾ ആറായിരത്തിലധികം പേർ ഭൂരഹിത-ഭവനരഹിതരായുണ്ട്. ഒരിഞ്ച് സ്ഥലം പോലുമില്ലാതെ, ഇപ്പോഴും ലയങ്ങളുടെ കുളിമുറികളിലും ചായ്പ്പുകളിലുമൊക്കെ താമസിക്കേണ്ട, ഗതികെട്ട ആളുകൾ എന്ന് പറയേണ്ട ഒരു സാഹചര്യം നമ്മുടെ മുന്നിലുണ്ട്. അങ്ങനെയുള്ള ആളുകളുടെ പ്രശ്നംകൂടി പരിഗണിക്കണം. പഞ്ചായത്തിന്റെ ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂരഹിത-ഭവനരഹിതരായിട്ടുള്ള ആളുകളെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഗവൺമെന്റിന്റെ മുന്നിലുണ്ടാകണം. ഇതുമായി ബന്ധപ്പെട്ട് ഒരു പ്ലാന്റേഷൻ സ്റ്റഡി കമ്മിറ്റി പഠനം നടത്തിയിരുന്നതാണ്. നാൽപ്പതും അൻപതും വർഷങ്ങളായി തോട്ടങ്ങളിൽ ജോലി ചെയ്തതിനുശേഷം ഒരു ടോയ്‌ലറ്റുപോലും ഇല്ലാത്ത അവസ്ഥയിലാണ് അവർ ജീവിക്കുന്നത്. നമ്മൾ കേരളത്തെ വെളിയിട വിസർജ്ജ്യ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ചുവെന്ന് പറയുമ്പോഴും നമുക്കുതന്നെ ഉള്ളിൽ തോന്നുന്ന ഒരു കുറ്റബോധമുണ്ട്. തോട്ടം മേഖലയിൽ ഒട്ടനവധി ആളുകൾക്ക്, ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ടോയ്‌ലറ്റ് സംവിധാനമില്ലാതെ ശ്വാസംമുട്ടുന്ന ഒരു സാഹചര്യമുണ്ട്. ടീ ആക്ട് അല്ലെങ്കിൽ പ്ലാന്റേഷൻ ആക്ട് പ്രകാരം തോട്ടം മാനേജ്മെന്റാണ് അത്തരം സൗകര്യങ്ങൾ ഒരുക്കേണ്ടതെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. പക്ഷെ, ബ്രിട്ടീഷുകാരുടെ കാലത്തുണ്ടാക്കിയ ഈ ആക്ട് മാത്രമായി നമുക്ക് മുന്നോട്ടുപോകാൻ കഴിയുന്ന സാഹചര്യമില്ല. അങ്ങനെവന്നു കഴിഞ്ഞാൽ ഈ തോട്ടം പ്രതിസന്ധിക്കിടയിൽ, ഇവർക്ക് ടോയ്‌ലറ്റ് ഉണ്ടാകുക എന്നുപറയുന്നത് വിദൂര സ്വപ്നമായി നിലനിൽക്കുന്ന സാഹചര്യമുണ്ടാകും.

അതുകൊണ്ട് ഈയൊരു പ്രശ്നത്തിൽ, ഗവൺമെന്റിന്റെ മുൻപിലുള്ള പ്രശ്നമാണ്, ചീഫ് സെക്രട്ടറി ചെയർമാനായ, പ്രിൻസിപ്പൽ സെക്രട്ടറിമാരടക്കമുള്ള ഒരു സബ് കമ്മിറ്റിയെ ഗവൺമെന്റ് നിയോഗിച്ചിരുന്നു. പ്ലാന്റേഷൻ സ്റ്റഡി കമ്മിറ്റിയുടെ റിപ്പോർട്ടുകൾ നടപ്പാക്കുന്നത് സംബന്ധിച്ച് ക്യാബിനറ്റ് ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇവിടെ പ്രമേയത്തിലൂടെ അക്കാര്യങ്ങൾ അവതരിപ്പിച്ചതാണ്. ഭാഗികമായി അക്കാര്യങ്ങൾ നടപ്പിലാക്കിയെങ്കിലും തൊഴിലാളികളുടെ ഭവന നിർമ്മാണം, ടോയ്‌ലറ്റ് നിർമ്മാണം എന്നിവ അടക്കമുള്ള കാര്യങ്ങൾ ഇപ്പോഴും പ്രതിസന്ധിയിലാണ്. മൂന്ന് മുഖ്യമന്ത്രിമാർ മാറിമാറി ചർച്ച ചെയ്തിട്ടുപോലും, ലൈഫ് മിഷൻ അടക്കമുള്ള പദ്ധതികൾക്കുവേണ്ടി ഒരു സെന്റ് സ്ഥലംപോലും തോട്ടം മാനേജ്മെന്റുകൾ പഞ്ചായത്തുകൾക്ക് നൽകുന്നില്ല. ഈ തോട്ടം മാനേജുമെന്റിൽനിന്ന് ഭൂമി വാങ്ങി ഭൂരഹിത-ഭവനരഹിതരായിട്ടുള്ള തോട്ടം തൊഴിലാളികൾക്ക് വീടുവച്ച് കൊടുക്കാനുള്ള ശ്രമം സഖാവ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കാലത്ത് തുടങ്ങിയതാണ്. മൂന്നും നാലും അഞ്ചും തലമുറകൾക്ക് മുൻപ് തമിഴ്നാട്ടിൽനിന്നും ഇതര സംസ്ഥാനങ്ങളിൽനിന്നും ഇവിടെ എത്തിച്ചേർന്ന ആളുകളിൽ, നാലോ അഞ്ചോ തലമുറകൾക്കുശേഷം അവരുടെ കൂട്ടത്തിൽനിന്ന് ഒരാൾ തോട്ടത്തിൽ ജോലിയില്ലെന്ന കാരണത്താൽ ലയം വിട്ട് പുറത്തേയ്ക്ക് പോകേണ്ട ഒരു സാഹചര്യം ഉണ്ടാകുകയാണ്. അവർ ഭൂരഹിത-ഭവനരഹിതരായി, അസ്വസ്ഥരായി പെരുവഴിയിലേയ്ക്ക് എറിയപ്പെടുന്ന ഒരു സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുണ്ടാകണം. അത് ആളുകളുടെ ഇടയിലുണ്ടാക്കുന്ന അസ്വസ്ഥതകൾ വളരെ വലുതാണ് എന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുന്നു. മറ്റൊരു കാര്യം ഇതിന്റെ ഭാഗമായി സൂചിപ്പിക്കാനുള്ളത്, പഞ്ചായത്തിന്റെ വസ്തു ഏറ്റെടുക്കുമ്പോൾ റോഡുകളുൾപ്പെടെയുള്ള അവരുടെ ആസ്തികൾ സംബന്ധിച്ച് വ്യക്തമായ ധാരണ അവരുടെ ആസ്തി രജിസ്റ്ററുകളിൽ ഉണ്ടാകുന്നില്ലെന്നുള്ളതാണ്. ഇത് നിർഭാഗ്യകരമായ ഒരു സാഹചര്യമാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവരികയും ബഹുമാന്യനായ വകുപ്പുമന്ത്രി അതിന് മറുപടി പറയുകയും ചെയ്തതാണ്. ഈ ആസ്തികളെ സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടാക്കും എന്നതായിരുന്നു അന്ന് പറഞ്ഞിരുന്ന ഉറപ്പ്. ആ ധാരണയുടെ അടിസ്ഥാനത്തിൽ എം.എൽ.എ. ഫണ്ടോ പി.എം.ജി.എസ്.വൈ. ഫണ്ടോ നബാർഡ് ഫണ്ടോ അല്ലെങ്കിൽ സി.ആർ.എഫ്.(സെൻട്രൽ റോഡ് ഫണ്ട്) പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയിലുള്ള ഫണ്ടോ ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ പഞ്ചായത്തിന്റെ ആസ്തിയിലേയ്ക്കാണ് പോകുന്നതെന്നുള്ളതുകൊണ്ട്

ഈ റോഡുകളുടെ മെയിന്റനൻസ് അതിന്റെ ഗാരന്റി പിരീഡ് കഴിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റേതായിരിക്കും. ഗ്രാമപഞ്ചായത്തിന്റെയോ ജില്ലാ പഞ്ചായത്തിന്റെയോ ആസ്തിയിൽ ഈ റോഡ് ഉൾപ്പെടുന്നില്ല എന്നുണ്ടെങ്കിൽ, സ്വാഭാവികമായും ഈ റോഡുകളുടെ മെയിന്റനൻസിനാവശ്യമായ തുക ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിൽനിന്ന് ലഭിക്കാതെ വരുന്ന സാഹചര്യമുണ്ട്. ഇത് വളരെ ഗുരുതരമായിട്ടുള്ള ഒരു പ്രശ്നമാണ്. ഈ നിയമസഭയിലെ എല്ലാ എം.എൽ.എ.-മാരും ഒരുപോലെ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണിത്. എം.എൽ.എ. റോഡ് എന്നുപറയുമെങ്കിലും റോഡിന്റെ ശോചനീയാവസ്ഥമൂലം എം.എൽ.എ.-മാർ പഴി കേൾക്കേണ്ടതായ സാഹചര്യമാണുണ്ടാകുന്നത്. പഞ്ചായത്തുകളുടെ ആസ്തികളിൽ ജില്ലാ പഞ്ചായത്തുകൾ ആരംഭിച്ച വ്യവസായ എസ്റ്റേറ്റുകൾ, സ്ത്രീ സാംസ്കാരിക നിലയങ്ങൾ, കോടിക്കണക്കിന് രൂപ ചെലവഴിച്ച് നടപ്പിലാക്കിയിട്ടുള്ള വിവിധ കുടിവെള്ള പദ്ധതികൾ തുടങ്ങി ഒട്ടനവധി സംവിധാനങ്ങളുണ്ട്. എന്നാൽ ഇന്ന് അവയെല്ലാം നിഷ്ക്രിയ ആസ്തിയാണെന്നുള്ളതുകൊണ്ട് അവർക്ക് നോട്ടീസ് കൊടുക്കുകയോ ആഡിറ്റ് ഒബ്ജക്ഷൻ വരികയോ ചെയ്യുന്നതുകൊണ്ടുമാത്രം അത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നില്ല. അതുകൊണ്ട് ഇത്തരം ആസ്തികളുമായി ബന്ധപ്പെട്ട് ഒരു വ്യക്തമായ ധാരണയുണ്ടാക്കുന്നതിനും പഞ്ചായത്തുകളുടെ വെബ്സൈറ്റുകളിൽ, ധാരാളം നവീന ആശയങ്ങൾ പഞ്ചായത്തുമായി ബന്ധപ്പെട്ട് നമ്മൾ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്; അവരുടെ ആസ്തിയെ സംബന്ധിച്ച് പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടി കൂടിയുണ്ടാകണം. ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾക്ക് ഹാൻഡ് ഓവർ ചെയ്തിട്ടുള്ള ആസ്തികളിൽ നമുക്ക് ഇടപെടാൻ കഴിയുമോ, കൃഷിവകുപ്പിന്റെ ഒരേക്കർ ഭൂമി ഈ ബില്ലിന്റെ ഭാഗമായി നമുക്ക് ഏറ്റെടുക്കാൻ കഴിയുമോ എന്നുള്ളതുമൊക്കെ പരിശോധിക്കണം. അത് ഗ്രാമപഞ്ചായത്തിന് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതാണ്. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ഇറങ്ങിയിട്ടുള്ള ഒരുത്തരവിൽ പറഞ്ഞിട്ടുള്ളത്, ഗ്രാമപഞ്ചായത്തോ അല്ലെങ്കിൽ ത്രിതല പഞ്ചായത്തുമായി ബന്ധപ്പെട്ടോ ഏതെങ്കിലും തരത്തിലുള്ള ഫണ്ട് പി.എച്ച്.സി.-യിലോ സി.എച്ച്.സി.-യിലോ ഉപയോഗിക്കുന്നതിന് തീരുമാനിച്ചാൽ ഡയറക്ടറുടെ പ്രത്യേക അനുവാദം വാങ്ങിയതിനുശേഷം മാത്രമെ നിർമ്മാണ പ്രവർത്തനങ്ങളിലേയ്ക്ക് പോകാവൂ എന്നാണ്. അത്തരത്തിലൊരു ഉത്തരവ് ഇറങ്ങിയിരിക്കുന്ന സാഹചര്യത്തിൽ ഏത് രീതിയിലായിരിക്കും അത്തരം സാഹചര്യങ്ങളിൽ ഇടപെടാൻ കഴിയുക എന്നുള്ളതിനെ സംബന്ധിച്ചുകൂടി ഗവൺമെന്റിന്റെ അഭിപ്രായം അറിയണമെന്ന ഒരാഗ്രഹം ഇതിന്റെ ഭാഗമായിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഈ ഉത്തരവിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തരുതെന്നുള്ള അർത്ഥമില്ല. അതായത്, അവിടെ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മാത്രമെ ആരോഗ്യവകുപ്പിന്റെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ചെയ്യാൻ പാടുള്ളൂവെന്ന് നേരത്തെ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നുതന്നെ ഇറങ്ങിയ ഉത്തരവുണ്ട്. ചില സ്ഥലങ്ങളിൽ അങ്ങനെ അല്ലാതെ വരുമ്പോഴാണ് ക്ലാരിഫിക്കേഷൻ എന്നുള്ള നിലയിൽ ഡി.എച്ച്.എസ്. കൂടി അറിഞ്ഞിട്ട് ചെയ്യണമെന്ന് വന്നിട്ടുള്ളത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, വേസ്റ്റിന്റെ പ്രശ്നം പറയുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി വരുന്നത്, പ്ലാസ്റ്റിക് കിറ്റുമായി ബന്ധപ്പെട്ടാണ്. പ്ലാസ്റ്റിക് കിറ്റ് നമ്മുടെ സംസ്ഥാനത്തുടനീളം ഒരുമിച്ച് നിരോധിക്കാനുള്ള ഒരു നടപടിയെടുക്കാൻ കഴിയുമോ? ഇതുസംബന്ധിച്ച് എന്താണ് അഭിപ്രായം?

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ചില പഞ്ചായത്തുകളിൽ മാത്രം പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. അതുസംബന്ധിച്ചാണ് ബഹുമാന്യനായ ഇ. ടി. ടൈസൺ മാസ്റ്റർ ഇവിടെ സൂചിപ്പിച്ചത്. എന്നാൽ ഒരു പഞ്ചായത്തിൽ മാത്രം നിരോധിക്കുന്നതുകൊണ്ട് പ്ലാസ്റ്റിക് നിരോധനം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്ത ഒരു സാഹചര്യമാണുള്ളത്. പകരം സംവിധാനങ്ങളില്ലാതെ ഒരിക്കലും നമുക്ക് ഇത്തരം കാര്യങ്ങളിലേയ്ക്ക് പോകാൻ കഴിയില്ല. എം.എൽ.എ. ഹോസ്റ്റലിൽ ആദ്യഘട്ടത്തിൽ കുപ്പിവെള്ളം തന്നിരുന്നു. എന്നാലിപ്പോൾ ജാറിലെ വെള്ളമാണ് പ്രൊവൈഡ് ചെയ്യുന്നത്. ഡസൺ കണക്കിന് കുപ്പികൾ ഒഴിവാക്കുന്നതിനുവേണ്ടിയുള്ള ഒരു സാഹചര്യമാണ് അവിടെ ഒരുക്കിയത്.

ശ്രീ. റോജി എം. ജോൺ: സർ, മൺകലത്തിലെ വെള്ളം നല്ലതാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, മൺകലത്തിലെ വെള്ളം നല്ല വെള്ളമാണ്. അതിന്റെ മറ്റ് ശാസ്ത്രീയമായ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല.

06.00 p.m.]

ഇതുമായി ബന്ധപ്പെട്ട മറ്റൊരു വിഷയം, ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ ഭൂമി വിട്ടുകൊടുക്കാൻ നിലവിൽ നയമില്ലെന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് ഒരു മാലിന്യ സംസ്കരണ യൂണിറ്റ് ആരംഭിക്കണമെന്നുണ്ടെങ്കിൽ സർക്കാരിന്റെ കയ്യിലിരിക്കുന്ന 50 സെന്റ് ഭൂമി വിട്ടുകൊടുക്കാൻ വഴിയില്ല. അവർ അപേക്ഷ സമർപ്പിച്ചാൽ ആദ്യം ഒരു സൊസൈറ്റി രൂപീകരിക്കാനും അതിനുശേഷം

ആ സൊസൈറ്റിയെക്കൊണ്ട് അപേക്ഷ സമർപ്പിക്കാനുമാണ് പറയുന്നത്. പഞ്ചായത്തിന്റെ ഭൂമി ഏറ്റെടുക്കുന്നതോടൊപ്പം അവർക്ക് ഏതെങ്കിലും തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ ആവശ്യമായി വരുമ്പോൾ അവർക്ക് ഭൂമി ലഭ്യമാക്കുന്നതിനുംകൂടിയുള്ള പരിഗണന ഈ ബില്ലിന്റെ ഭാഗമായി ഉണ്ടാകുന്നത് നന്നായിരിക്കും. ചട്ടമുണ്ടാക്കുന്ന സമയത്തെങ്കിലും അത്തരം കാര്യങ്ങൾകൂടി ഏറ്റെടുക്കുന്നതിനുള്ള ഒരു സംവിധാനമുണ്ടാകണം. നെഗറ്റീവ് പഞ്ചായത്തുകളുടെ കാര്യം നമ്മൾ പലപ്പോഴും ചർച്ച ചെയ്തിട്ടുള്ളതാണ്. നെഗറ്റീവ് പഞ്ചായത്തുകൾക്കുള്ള ധനസഹായം ഒരിക്കൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. പലപ്പോഴും ശമ്പളം കൊടുക്കാൻപോലും നിവൃത്തിയില്ലാത്ത, സിറ്റിംഗ് ഫീസ് പോലും എടുക്കാൻ നിവൃത്തിയില്ലാത്ത നെഗറ്റീവായിട്ടുള്ള പല പഞ്ചായത്തുകളുണ്ട്. അത്തരം പഞ്ചായത്തുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നും അവരെ എങ്ങനെ സഹായിക്കാൻ കഴിയുമെന്നും ഒറ്റത്തവണയെങ്കിലും അവർക്ക് ധനസഹായം കൊടുത്തുകൊണ്ട് സഹായിക്കാൻ കഴിയുമോയെന്നും ആലോചിക്കണം. മുമ്പ് റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി റോഡുകളും പാലങ്ങളുമെല്ലാം ചോദ്യോത്തരവേളയിൽ ചർച്ചയുടെ ഭാഗമായി വന്നിട്ടുണ്ട്. 2018-19 കാലഘട്ടത്തിൽ തകർന്നുപോയ പഞ്ചായത്തിന്റെ ആസ്തിയിലുള്ള പാലങ്ങളുടെയും റോഡുകളുടെയും പുനർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പുമന്ത്രിയെ സമീപിച്ചാൽ അത് പൊതുമരാമത്ത് വകുപ്പിന്റേതല്ലെങ്കിൽ അദ്ദേഹമത് അറ്റന്റ് ചെയ്യില്ല. പ്രസ്തുത കാലയളവിൽ തകർന്നുപോയ പാലങ്ങളുടെയും റോഡുകളുടെയും പേരുകളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. പഞ്ചായത്തിന്റെ ആസ്തിയിൽപ്പോലുമില്ലാത്ത റോഡുകൾ റീബിൽഡ് കേരളയുടെ ലിസ്റ്റിന്റെ ഭാഗമായി ഡി.ഡി.സി. (ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റി) മീറ്റിംഗിൽ കൊണ്ടുവന്ന് ഞങ്ങൾക്ക് കോപ്പി തരുമ്പോൾ അത് ഞങ്ങളെ അമ്പരപ്പിക്കുന്ന കാഴ്ചയായിരുന്നു. തകർന്നുപോയ റോഡുകളെയും പാലങ്ങളെയും സംബന്ധിച്ച് ഒരു പരാമർശവുമില്ല. ഇത് ആരാണ് എവിടെയാണ് തീരുമാനിച്ചതെന്ന് അറിയാനും കഴിഞ്ഞിട്ടില്ല. രണ്ട് വർഷക്കാലമായി വളരെ ഒറ്റപ്പെട്ടുകഴിയുന്ന ധാരാളം പ്രദേശങ്ങളുണ്ട്. ഇക്കാര്യത്തിൽ ഗൂഗിൾ ഉപയോഗിച്ചാണ് അന്വേഷണം നടത്തിയിട്ടുള്ളതെങ്കിൽപ്പോലും ഞാൻ അക്കാര്യങ്ങളിലൊന്നും തർക്കം പറയുന്നില്ല. പക്ഷെ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുംവഴി തന്നിട്ടുള്ള തകർന്നുപോയ റോഡുകളും പാലങ്ങളും നന്നാക്കുന്നതിന് മുൻഗണനയുണ്ടാകണം. ചർച്ചയുടെ ഭാഗമെന്ന നിലയിൽത്തന്നെ പറയുകയാണ്, ഇടുക്കി പാക്കേജിന്റെ ഭാഗമായി 250 കോടി രൂപ ഈ വർഷത്തെ

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആ തുക ഉപയോഗിച്ചെങ്കിലും തകർന്നുപോയ റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിനുള്ള പ്രത്യേക പരിഗണന നൽകണം. ധാരാളംപേരുടെ വീടുകളുടെ സംരക്ഷണഭിത്തി ഇടിഞ്ഞുപോയിട്ടുണ്ട്. ഒരു മഴകൂടി പെയ്താൽ അവരുടെ വീടുകൾ തകരുന്ന സാഹചര്യമാണുള്ളത്. റവന്യൂ വകുപ്പുമായും മറ്റ് വകുപ്പുകളുമായും ബന്ധപ്പെട്ടാൽ അവർക്ക് ചെയ്യാൻ സാധിക്കില്ലെന്ന മറുപടിയാണ് കിട്ടുന്നത്. പീരുമേട് നിയോജകമണ്ഡലത്തിൽ മാത്രം സംരക്ഷണഭിത്തി ഇടിഞ്ഞുപോയ നൂറുകണക്കിന് കുടുംബങ്ങളാണുള്ളത്. NREGA (National Rural Employment Guarantee Act)-ൽ ഉൾപ്പെടുത്തി ഇവർക്ക് സംരക്ഷണഭിത്തി നിർമ്മിച്ചുനൽകാൻ കഴിയുമോയെന്ന് പരിശോധിക്കണം. കാരണം, ഇവ പുനർനിർമ്മിക്കാൻ വലിയ തുക വേണ്ടിവരുന്ന എന്നുള്ളതുകൊണ്ട് ആ കുടുംബങ്ങൾക്ക് അത് താങ്ങാൻ കഴിയില്ല. ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. രാജേഷ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 326-ാം വകുപ്പിന്റെ ഭേദഗതിയാണ്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലാണ് സഭ ചർച്ച ചെയ്യുന്നത്. സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി പരിശോധിച്ചിട്ടുണ്ടാകും. ചില അംഗങ്ങൾ വിയോജനക്കുറിപ്പ് നൽകിയതിന്റെ ഭാഗമായാണ് സംസാരിച്ചത്. 326-ാം വകുപ്പിന്റെ ഭേദഗതിയെ സംബന്ധിച്ചാണ് വിയോജനക്കുറിപ്പ് അവതരിപ്പിച്ചിട്ടുള്ളത്. 326-ാം വകുപ്പിന്റെ ഭേദഗതി നഗരപ്രദേശങ്ങളിലും മുനിസിപ്പാലിറ്റികളിലും ഖരമാലിന്യവും ചവറുമടക്കമുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ടെന്നതാണ്. നഗരങ്ങളിലെ മാലിന്യം സംസ്കരിക്കാൻ നഗരപ്രദേശങ്ങളിൽ ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാരിന് പ്രത്യേകമായ അധികാരമുണ്ടെന്നുള്ളതാണ് ഈ ഭേദഗതി. ഇങ്ങനെ ഭൂമി ഏറ്റെടുത്താൽ അത് വിളപ്പിൽശാല പോലെയായിപ്പോകും, അത് അധികാര വികേന്ദ്രീകരണത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതാണ്, ജനാധിപത്യത്തെ തകർക്കുന്നതാണ് എന്നൊക്കെയാണ് വിയോജനക്കുറിപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു ഭൂപ്രദേശത്തെയാകെ മാലിന്യം ഒരു പ്രത്യേക സ്ഥലത്ത് കൊണ്ടുവന്ന് നിക്ഷേപിക്കുന്നതിനെതിരെയായിരുന്ന വിളപ്പിൽശാല സമരവും അതിന്റെ ഭാഗമായുണ്ടായ പ്രശ്നങ്ങളുമെല്ലാം. ഇവിടെ ഭൂമി ഏറ്റെടുക്കുന്നത് കൃത്യമായ നിയമത്തിന്റെ

പിൻബലത്തിലാണ്. ഇതുസംബന്ധിച്ച് വിമർശനമുന്നയിച്ചവർ ആ നിയമപരമായ നടപടികളെക്കുറിച്ച് ചൂണ്ടിക്കാണിച്ചിട്ടില്ല. ഗവൺമെന്റ് എങ്ങനെയാണ് ഭൂമി ഏറ്റെടുക്കുന്നത്? ഭൂമി ഏറ്റെടുക്കാനാവശ്യമായ നിലവിലുള്ള നിയമപരമായ നടപടികൾ പൂർത്തീകരിച്ചുകൊണ്ടാണ് ഗവൺമെന്റ് ഭൂമി ഏറ്റെടുക്കുക. ജനാധിപത്യപരമല്ലാതെ ഭൂമി ഏറ്റെടുക്കാനാകില്ല, അധികാര വികേന്ദ്രീകരണത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കാനുമാകില്ല. അത് പറയുമ്പോൾ ഒരുദാഹരണമുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ശ്രീമതി യു. പ്രതിഭ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. ആലപ്പുഴ ജില്ലയിൽ എന്റെ നിയോജകമണ്ഡലത്തിലെ പൂർണ്ണമായും ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുണ്ടായിരുന്ന തഴക്കര ജില്ലാ കൃഷിത്തോട്ടം സ്റ്റേറ്റ് ഗവൺമെന്റ് ഏറ്റെടുത്തപ്പോൾ ഞങ്ങളതിനെ വിമർശിക്കുകയും വിയോജിപ്പ് പ്രകടിപ്പിക്കുകയും ചെയ്തു. പക്ഷെ സംസ്ഥാന സർക്കാർ അവരുടെ അധികാരം ഉപയോഗിച്ചുകൊണ്ട് ആ ഭൂമി ഏറ്റെടുത്തു. ആ നടപടി അധികാര വികേന്ദ്രീകരണത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതായിരുന്നില്ലേ? ഭൂമി ഏറ്റെടുക്കുന്നതിന് പ്രത്യേക നിയമങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അതിന് പാരിസ്ഥിതികാഘാത പഠനമടക്കം നടത്തേണ്ടതായിട്ടുണ്ട്. സംസ്ഥാനതലത്തിൽ 1986-ലെ സെക്ഷൻ 3 അനുസരിച്ചുള്ള Environmental Impact Assessment Authority നടത്തുന്ന പാരിസ്ഥിതികാഘാത പഠനം പൂർത്തീകരിച്ചതിനുശേഷം മാത്രമാണ് നമുക്ക് ഈ ഭൂമി ഏറ്റെടുത്ത് അവിടെ മാലിന്യസംസ്കരണത്തിനാവശ്യമായ ഒരു പ്ലാന്റ് സ്ഥാപിക്കാൻ സാധിക്കുക. വ്യവസ്ഥകൾക്ക് വിധേയമായി മാത്രമെ അത് സാധിക്കുകയുള്ളൂ. അതിന് നിയമങ്ങളുണ്ട്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 2006-ൽ പുറപ്പെടുവിച്ച വിജ്ഞാപനമനുസരിച്ച് രണ്ട് കാറ്റഗറിയായി ഭൂമിയെ നമുക്ക് കാണാം. ഒന്ന് കാറ്റഗറി 'എ'-യിൽപ്പെടുന്ന, കേന്ദ്രത്തിന്റെ മുൻകൂർ അനുമതി വാങ്ങേണ്ട ഭൂമി ഏറ്റെടുക്കൽ നടപടി. രണ്ട് കാറ്റഗറി 'ബി'-യിൽപ്പെടുന്ന സംസ്ഥാന പാരിസ്ഥിതികാഘാത പഠന അതോറിറ്റി നൽകുന്ന അനുമതിയുടെ ഭാഗമായ ഭൂമി ഏറ്റെടുക്കൽ. ഇവിടെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്ലാന്റ് സ്ഥാപിക്കാനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നത് കാറ്റഗറി 'ബി'-യുടെ പരിധിയിൽ വരുന്നതാണ്. സംസ്ഥാന പാരിസ്ഥിതികാഘാത പഠന അതോറിറ്റി നടത്തുന്ന പഠനങ്ങൾക്ക് വിധേയമായി നമുക്ക് ഭൂമി ഏറ്റെടുക്കാം. പ്രാഥമിക പരിശോധന, സാധ്യതാ പഠനം, പബ്ലിക് കൺസൾട്ടേഷൻ, അപ്രൈസൽ എന്നീ നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചു കൊണ്ടാണ് ഭൂമി ഏറ്റെടുക്കുന്നത്. അപ്പോൾ അത് ജനാധിപത്യപരവും നിയമങ്ങൾക്ക് വിധേയവുമാണ്. അധികാര വികേന്ദ്രീകരണത്തിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ കടന്നുകയറ്റമായി വരികയുമില്ല. പബ്ലിക് ഹിയറിംഗ് നടത്തി ജനങ്ങളുടെ ആശങ്കകൾ

പരിഹരിക്കാനും പരാതി സ്വീകരിക്കാനും അവ പഠിക്കുന്നതിനുമായി മലിനീകരണ നിയന്ത്രണ ബോർഡിനെ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി കൊച്ചിയിൽ ബ്രഹ്മപുരത്ത് ഒരു പ്ലാന്റ് സ്ഥാപിക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. വിയോജനക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുള്ള പൊതുജന താൽപര്യം സംരക്ഷിക്കുന്നില്ല എന്ന ആക്ഷേപം ഭേദഗതിയിൽ നിലനിൽക്കുന്നതേയല്ല.

ശ്രീമതി യു. പ്രതിഭ: സർ, ബഹുമാനപ്പെട്ട അംഗം പറയുന്ന ഈ വിഷയത്തിൽ, യു.ഡി.എഫ്. അധികാരത്തിലിരുന്ന സമയത്ത് ഞാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ബഹുമാനപ്പെട്ട അംഗം എം.എൽ.എ.യുമായിരിക്കുമ്പോൾ മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിൽ ഒരു ഇ.എസ്.ഐ. ഹോസ്പിറ്റൽ സ്ഥാപിക്കുമെന്ന് പറയുകയും അതിനുവേണ്ടി യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ നിരന്തരമായി സമരം നടത്തുകയും പിന്നീട് വന്ന എല്ലാ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലും അവിടെ ഹോസ്പിറ്റൽ സ്ഥാപിക്കാതിരുന്നത് ഞങ്ങൾ അട്ടിമറിച്ചതുകൊണ്ടാണെന്ന് പ്രചരണം നടത്തുകയും ചെയ്തു. എന്നാലിപ്പോൾ അധികാര വികേന്ദ്രീകരണത്തിൽ നമ്മൾ കൈകടത്തുന്നുവെന്ന് പറഞ്ഞ് പ്രചരണം നടത്തുന്നതിലുള്ള വൈജാത്യം അങ്ങേയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, അത്തരത്തിൽ തെരഞ്ഞെടുപ്പ് വിജയിക്കാനാവശ്യമായ തന്ത്രങ്ങളും കുതന്ത്രങ്ങളും ഇറക്കാറുണ്ട്. നമ്മൾ അതിനെ നേരിട്ടിട്ടുണ്ട്. ഞങ്ങൾ വ്യക്തമായി പറയുകയാണ്, ഇ.എസ്.ഐ. മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ ഞങ്ങൾ എതിരല്ല. അന്ന് ഞാൻ എം.എൽ.എ. ആയിരുന്നു. ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഞങ്ങളുടെ മണ്ഡലത്തിൽ സ്ഥാപിക്കുന്നതിനോ ഏതെങ്കിലും സ്ഥലത്ത് സ്ഥാപിക്കുന്നതിനോ ഞങ്ങൾ എതിരുനിന്നിട്ടില്ല. പക്ഷെ, ഇല്ലാത്ത മെഡിക്കൽ കോളേജ് പ്രഖ്യാപിച്ചുവെന്നതാണ് ഞങ്ങളുടെ ആക്ഷേപം. കേന്ദ്രം അനുവദിക്കാത്ത ഒരു മെഡിക്കൽ കോളേജ്, അങ്ങനെയൊരു ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഗവൺമെന്റ് അനുവദിച്ചിട്ടുണ്ടോയെന്ന് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉമ്മൻ ചാണ്ടി സാറിനോട് ഞാൻ രേഖാമൂലം ചോദിക്കുകയും അന്ന് തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഷിബു ബേബി ജോണിനോട് നിയമസഭാ ചോദ്യത്തിലൂടെയും കത്തെഴുതിയും ചോദിക്കുകയും ചെയ്തു. അപ്പോൾ എനിക്ക് നൽകിയ മറുപടി കേന്ദ്രം ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിക്കാനാവശ്യമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല, അതിന് ഭൂമി ഏറ്റെടുത്തുകൊടുക്കാൻ സംസ്ഥാന സർക്കാരിനോട് പറഞ്ഞിട്ടില്ല എന്നാണ്. എന്റെ

മണ്ഡലത്തിലെ തഴക്കരയിൽ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിക്കാൻ കേന്ദ്രം തീരുമാനിച്ചുവെന്നും അതിന് ഭൂമി കൊടുക്കാത്തതുകൊണ്ട് ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിക്കുന്നില്ല എന്നുമൊക്കെയാണ് എന്റെ നാട്ടിലുണ്ടായ പ്രചരണം. ഇല്ലാത്ത മെഡിക്കൽ കോളേജ് തെരഞ്ഞെടുപ്പിന്റെ തൊട്ടുമുമ്പ് പ്രഖ്യാപിക്കുകയും അതിന്റെ പേരിൽ രാഷ്ട്രീയമായി വിജയിക്കാനാവശ്യമായ പരിശ്രമങ്ങൾ നടത്തുന്നതിനെയുമാണ് അന്ന് ഞങ്ങൾ ചെറുത്തത്.

ഇവിടെ ചില വിമർശനങ്ങൾ വന്നു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട യു.ഡി.എഫ്.-ന്റെ ആശങ്കകളൊന്നും നിലനിൽക്കുന്നതല്ല. മാലിന്യ നിർമ്മാർജ്ജനത്തിന് സമഗ്രവും വ്യത്യസ്തവുമായ പദ്ധതികൾ ആവിഷ്കരിച്ചു കൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. വ്യത്യസ്തമായ സംവിധാനങ്ങളുണ്ട്. ഉറവിട മാലിന്യ സംസ്കരണം, അജൈവ മാലിന്യ ശേഖരണം, Material Collection Facility (MCF), Resource Recovery Facility (RRF)-കൾ സ്ഥാപിക്കുക, തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ് ഉൾപ്പെടെയുള്ള മാലിന്യ സംസ്കരണത്തിന്റെ വ്യത്യസ്തമായ പദ്ധതികൾ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കാൻ ഈ സർക്കാരിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് 701 പഞ്ചായത്തുകളിലും 87 നഗരസഭകളിലും ഹരിത കർമ്മസേനകൾ ആരംഭിക്കാൻ ഈ സർക്കാരിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞിട്ടുണ്ട്. Material Collection Facility (MCF) 757 സ്ഥലത്തും Resource Recovery Facility (RRF) 120 സ്ഥലത്തും സ്ഥാപിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. MCF-ഉം RRF-ഉം വഴി നമ്മുടെ നാട്ടിലുണ്ടാകുന്ന മാലിന്യത്തിന്റെ നല്ലൊരു ശതമാനം സംസ്കരിക്കാനാവശ്യമായ വ്യത്യസ്തവും നൂതനവുമായ നടപടികളിലേയ്ക്ക് ഗവൺമെന്റ് മാറുകയാണ്. 646 മെട്രിക് ടൺ മാലിന്യം ഷ്രഡ്ഡ് സംവിധാനത്തിലേയ്ക്ക് മാറ്റാൻ ഈ പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞിട്ടുണ്ട്. 193 മെട്രിക് ടൺ മാലിന്യം ഉപയോഗപ്പെടുത്തി ആധുനിക നിലവാരത്തിലുള്ള റോഡുകൾ നിർമ്മിക്കാനും 284 മെട്രിക് ടൺ മാലിന്യം ലോക്കൽ ബോഡീസ് നിർമ്മിക്കുന്ന റോഡുകളുടെ ഭാഗമായി ഉപയോഗപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. ക്ലീൻ കേരള പദ്ധതിവഴി 1319 ടൺ ഇ-വേസ്റ്റാണ് റീ-സൈക്കിൾ ചെയ്ത് മാലിന്യ നിർമ്മാർജ്ജന പ്രക്രിയയുടെ ഭാഗമായി ഏജൻസിക്ക് കൈമാറിയിട്ടുള്ളത്. 32,84,286 വീടുകളിൽ കമ്പോസ്റ്റിംഗ് നടപടികൾ പൂർത്തീകരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 78,830 വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു. അതിന്റെ ഭാഗമായി 3140 ടൺ ജൈവ മാലിന്യമാണ് ഉറവിടങ്ങളിൽത്തന്നെ സംസ്കരിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. നമ്മുടെ

നാട്ടിലെ കണക്കനുസരിച്ച് 7734 ടൺ മാലിന്യം നഗരപ്രദേശങ്ങൾ കൂടിച്ചേരുമ്പോൾ ഉൽപ്പാദിപ്പിക്കുന്നതായി കാണാൻ കഴിയും. അതിൽ 3140 ടൺ മാലിന്യം മാത്രമാണ്, അതായത് നിലവിലുണ്ടാകുന്ന മാലിന്യത്തിന്റെ 45% മാത്രമാണ് സംസ്കരിക്കാൻ ആവശ്യമായ നടപടികളിലേയ്ക്ക് പോകാൻ കഴിയുക. അതിനോടൊപ്പം സെപ്റ്റേജ് വേസ്റ്റ്, ഇ-വേസ്റ്റ് അടക്കമുള്ള വേസ്റ്റുകൾ കൂടുതലായി വരുമ്പോൾ കൂടുതൽ മാലിന്യ സംസ്കരണത്തിനാവശ്യമായ പദ്ധതികളുടെ ആവശ്യകതയും സാധ്യതയും നമ്മുടെ നാട്ടിൽ നിലനിൽക്കുന്നുണ്ട്. ഞാൻ മറ്റ് വിഷയങ്ങളിലേയ്ക്കൊന്നും ഈ ഘട്ടത്തിൽ പോകുന്നില്ല. നമ്മുടെ ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ കർശന നടപടി ഗവൺമെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. നിലവിൽ നിരവധി നിയമങ്ങളുണ്ട്, മുനിസിപ്പൽ ആക്ട്, പബ്ലിക് ഹെൽത്ത് ആക്ട്, ദേശീയ ഹരിത ട്രിബ്യൂണൽ, കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ ആക്ട്, പോലീസ് ആക്ട്, ഖരമാലിന്യ പരിപാലന ചട്ടം തുടങ്ങിയവയൊക്കെയുണ്ടെങ്കിലും നമ്മുടെ പുഴകളും ജലാശയങ്ങളുമൊക്കെ മലിനമാക്കുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ നമുക്കാവണം. അതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. ആ അധികാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് തദ്ദേശഭരണ ഗവൺമെന്റുകൾ തുടർച്ചയായി മോണിറ്ററിംഗ് നടത്തേണ്ടതായിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, പ്ലീസ്....

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ വിഷയത്തിൽനിന്നും പോകുന്നില്ല, അഞ്ചുമിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. അവിടെനിന്ന് യു.ഡി.എഫ്. എന്നെ ചൂണ്ടുമ്പോൾ അവർ ഭൂമിയെക്കുറിച്ചും സോളാർ സിസ്റ്റത്തെക്കുറിച്ചും യൂണിവേഴ്സിനെക്കുറിച്ചും അണ്ഡകടാഹവും കഴിഞ്ഞ് ബ്രഹ്മത്തിൽവരെ പോയപ്പോൾ നിങ്ങളെല്ലാവരും കയ്യടിച്ചവരല്ലേ? ഞാൻ വിഷയത്തിൽനിന്ന് അപ്പുറത്തേയ്ക്കൊന്നും പോകുന്നില്ലല്ലോ. ഈ സർക്കാരിന്റെ കാലത്ത് ഹരിതകേരളം മിഷന്റെ ഭാഗമായി 'മാലിന്യത്തിൽനിന്ന് സ്വാതന്ത്ര്യം' എന്ന ബൃഹത്തായ പദ്ധതി ആരംഭിച്ച് മുപ്പതിനായിരം വോളന്റിയർമാർ 1034 തദ്ദേശസ്ഥാപനങ്ങളിലും 68,66,332 വ്യാപാര സ്ഥാപനങ്ങളിലും വീടുകളിലും പോകുകയും മാലിന്യ സംസ്കരണം സംബന്ധിച്ച് അവബോധം നൽകുകയും ചെയ്തിട്ടുണ്ട്. വരട്ടാർ, കുട്ടംപേരൂരാർ, തിരുവനന്തപുരത്തെ പാർവതി പുത്തനാർ തുടങ്ങി നിരവധി നദികൾ പുനരുജ്ജീവിപ്പിക്കുകയാണ്. തെരഞ്ഞെടുപ്പ് ദിവസം മഹാപ്രളയത്തിൽ കൊച്ചി മുങ്ങുന്നത് നമ്മൾ കണ്ടു. എന്നാൽ തിരുവനന്തപുരം മഹാപ്രളയത്തെ അതിജീവിക്കുന്നത് ഹരിത കേരള മിഷൻ നടത്തിയ, ഗവൺമെന്റ് നടത്തിയ ഈ പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ്. വരട്ടാറും

കുട്ടൻപേരൂരാറും എന്റെ മണ്ഡലത്തിലാണ്. എന്റെ മണ്ഡലമെന്നുപറഞ്ഞാൽ ഞാൻ മാവേലിക്കരയിലാണെങ്കിലും എന്റെ വീട് ചെങ്ങന്നൂരാണ്. ചെങ്ങന്നൂരിൽ കെ. കെ. രാമചന്ദ്രൻ നായരും ശ്രീ. സജി ചെറിയാനും ഈ ഗവൺമെന്റുമെല്ലാം നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായാണ് വരട്ടാറും കുട്ടൻപേരൂരാറും പുനരുജ്ജീവിച്ചത്. ആ പുനരുജ്ജീവിപ്പിച്ച നദിയിൽ കഴിഞ്ഞ മാസം എട്ടാം തീയതി ഒരു വള്ളംകളി നടന്നു. അപ്പോൾ നദികൾ എങ്ങനെയാണ് പുനരുജ്ജീവിപ്പിക്കാൻ കഴിയുക മാലിന്യത്തിൽനിന്ന് ജലാശയങ്ങളെ എങ്ങനെയാണ് രക്ഷപ്പെടുത്താൻ കഴിയുക എന്ന കാര്യത്തിൽ ഈ സർക്കാർ ഒരു മാതൃകയാണ്.

വകുപ്പ് ഏകോപനത്തിന്റെ ഭാഗമായി വലിയ ആശങ്കയുണ്ടെന്ന് യു.ഡി.എഫ്.-ലെ പല അംഗങ്ങളും പറഞ്ഞു. ആശങ്കയുണ്ടാകുന്നത് ഞങ്ങൾക്കല്ല. വകുപ്പ് ഏകോപിപ്പിക്കുന്നത് ഉദ്യോഗസ്ഥരുടെ ഏതെങ്കിലും തരത്തിലുള്ള സ്വാതന്ത്ര്യത്തെയോ അവകാശത്തെയോ അവരുടെ പ്രൊമോഷനെയോ ഒന്നും ബാധിക്കുന്നതല്ല. എന്നാൽ ജീവനക്കാർക്കിടയിൽ പ്രൊമോഷന്റെ ഭാഗമായി നിയമപരമായ ചില അസന്തുലിതാവസ്ഥകളുണ്ട്. ആ അസന്തുലിതാവസ്ഥ പരിഹരിക്കാൻ അഞ്ച് വകുപ്പുകൾ ഏകീകരിച്ച് തദ്ദേശസ്വയംഭരണ പൊതുസിവിൽ സർവ്വീസ് എന്നാക്കുന്നതോടുകൂടി ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാനും നിയമപരമായി ഒരു പ്രൊമോഷന്റെയും സാധ്യതകൾ അടയ്ക്കാതെ ഭരണം മുന്നോട്ടുകൊണ്ടുപോകാനും കഴിയും. വകുപ്പ് ഏകോപനത്തിൽ ആശങ്കയുള്ളത് യു.ഡി.എഫ്.-നാണ്. കാരണം പാലിനൊരു വകുപ്പ്, പശുവിനൊരു വകുപ്പ്, ചാണകത്തിനൊരു വകുപ്പ് അങ്ങനെയാക്കിയെങ്കിൽ മാത്രമെ ചാണകത്തിനൊരു മന്ത്രിയും പശുവിനൊരു മന്ത്രിയും പാലിനൊരു മന്ത്രിയുമാക്കി ചില ആളുകളെ സംരക്ഷിക്കാനും സഹായിക്കാനുമാകൂ. ഇടതുപക്ഷത്തെ സംബന്ധിച്ച് ആ നയമല്ല ഉള്ളത്. തദ്ദേശസ്വയംഭരണ സംവിധാനത്തെ എങ്ങനെയാണ് ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാനും അതിൽ ഇടപെടാനും കഴിയുക എന്നതാണ് ഞങ്ങൾ നോക്കുന്നത്.

പഞ്ചായത്ത് വിഭജനത്തെക്കുറിച്ച് ആശങ്കയുണ്ടെന്ന് യു.ഡി.എഫ്. പറഞ്ഞു. പഞ്ചായത്ത് വിഭജനത്തെക്കുറിച്ച് എൽ.ഡി.എഫ്.-ന് ഒരാശങ്കയുമില്ല. 69 പഞ്ചായത്തുകൾ യു.ഡി.എഫ്.-ന്റെ കാലത്ത് വിഭജിച്ചത് നടപ്പിലായില്ലെന്ന് പറഞ്ഞു. യു.ഡി.എഫ്.-ന്റെ കാലത്ത് വിഭജിക്കപ്പെട്ട പഞ്ചായത്തുകൾ നടപ്പിലാക്കാത്തതിന്റെ ഉത്തരവാദിത്തം നിങ്ങൾക്കാണ്. കാരണം സാമാന്യ

ബോധമില്ലാതെ അടിസ്ഥാനപരമായ നടപടികൾപോലും സ്വീകരിക്കാതെ പഞ്ചായത്തുകൾ വിഭജിച്ചതിന്റെ ഭാഗമായാണ് ഇങ്ങനെ വന്നത്. അന്ന് പ്രഖ്യാപിക്കപ്പെട്ട പഞ്ചായത്തുകളിൽ ഒരു പഞ്ചായത്ത് എന്റെ മണ്ഡലത്തിലുണ്ട്. അത് ഞങ്ങളെല്ലാവരും സ്വാഗതം ചെയ്തതാണ്. ചാരുമൂട് പഞ്ചായത്ത് ഏറ്റവും ആവശ്യമുള്ളതാണ്. പക്ഷെ എന്താണ് പ്രശ്നം? ഒരു പഞ്ചായത്ത് രൂപീകരിക്കുമ്പോൾ വില്ലേജ് നോട്ടിഫൈ ചെയ്യണം. അതിനുശേഷം പഞ്ചായത്ത് രൂപീകരണത്തിലേയ്ക്ക് വരണം. അങ്ങനെ നിയമപരമായി നടപ്പിലാക്കേണ്ട ഏറ്റവും സാമാന്യവും അടിസ്ഥാനപരവുമായ നടപടികൾപോലും ചെയ്യാത്തതിന്റെ ഭാഗമായിട്ടാണ് അന്ന് കോടതി 69 പഞ്ചായത്തുകൾ രൂപീകരിക്കാനാവശ്യമായ നടപടിയെ വിമർശിച്ചതും പഞ്ചായത്ത് രൂപീകരിക്കാൻ കഴിയാതെ പോയതും. പഞ്ചായത്ത് രൂപീകരണം എന്നത് ജനങ്ങളുടെ മുമ്പാകെ കൊടുക്കുകയും എന്നാൽ രൂപീകരിക്കണ്ട എന്ന താല്പര്യത്തിന്റെ ഭാഗമായിട്ടാണോ അന്ന് യു.ഡി.എഫ്. അത് ചെയ്തതെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. ആ സ്ഥലത്തെല്ലാം പഞ്ചായത്തുകൾ ആവശ്യമുള്ളതാണ്. പക്ഷെ ആവശ്യമുള്ള സ്ഥലത്തുകൊടുക്കാൻ അടിസ്ഥാനപരമായ നടപടികൾപോലും യു.ഡി.എഫ്.-ന്റെ കാലത്ത് സ്വീകരിച്ചിട്ടില്ല. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഒരു പൊതുസർവ്വീസാക്കണമെന്നുള്ളത് 1957 മുതലുള്ള ആവശ്യമാണ്. 1957-ൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് ചെയർമാനായ ഭരണപരിഷ്കാര കമ്മിറ്റിയുടെ കാലം മുതൽ ആരംഭിച്ച നിയമപരമായ രാഷ്ട്രീയ ഇടപെടലിന്റെ ഭാഗമായാണ് തദ്ദേശസ്വയംഭരണ പൊതുവകുപ്പെന്ന നിലയിലേയ്ക്ക് ഇന്ന് മാറിയിട്ടുള്ളത്. ഇ.എം.എസ്.-ന് മുന്നിൽ ഇത്തരം വിഷയങ്ങൾ വരുമ്പോൾ അദ്ദേഹം പറഞ്ഞ മറുപടിയെല്ലാം നമ്മുടെ മുമ്പിലുണ്ട്. ഒരു മുഖ്യമന്ത്രിയെന്ന നിലയിൽ, ഒരു ലാസ്റ്റ്ഗ്രേഡ് ജീവനക്കാരനെപ്പോലും നേരിട്ട് നിയമിക്കാൻ എനിക്ക് അധികാരമില്ല. എന്നാൽ, സംസ്ഥാനത്തെ സർക്കാർ ജീവനക്കാരെ നിയന്ത്രിക്കാനാവശ്യമായ അധികാരം എനിക്കുണ്ട്. അതേ അധികാരം മതി നഗരസഭകൾക്കും. നിയമനമല്ല പ്രശ്നം, നിയന്ത്രണമാണ്. പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും ജീവനക്കാരെ നിയന്ത്രിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തി കേരളത്തിന്റെ വികസനത്തിൽ വലിയ കുതിപ്പുണ്ടാക്കാനാണ് ഈ സർക്കാർ തീരുമാനിക്കുന്നത്. നഗര ജനസംഖ്യ വർദ്ധിച്ചുവരികയാണ്. നഗര മേഖലാ ജനസംഖ്യ 1.59 കോടിയിലേയ്ക്ക് മാറി. ജനസംഖ്യയുടെ 47.7 ശതമാനം ഇന്ന് നഗരങ്ങളിലാണ്. മാലിന്യപ്രശ്നവുംമറ്റും കൈകാര്യം ചെയ്യുന്നതിൽ നഗരസഭകൾക്ക് പ്രാധാന്യം കൊടുക്കേണ്ട ഒരു ഘട്ടത്തിലാണ് പ്രത്യേക വകുപ്പ് ബാധകമാക്കി പൊതുസർവ്വീസ് രൂപീകരിക്കപ്പെടുന്നത്. ഒരു പൊതുസർവ്വീസ് രൂപീകരിച്ച് മാലിന്യ പ്രശ്നത്തിന് ഫലപ്രദമായ പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്ന സർക്കാരാണിത്.

ഇവിടെ ശ്രീ. കെ. എൻ. എ. ഖാദർ ചൂണ്ടിക്കാണിച്ച ഒരു വിഷയമുണ്ട്. ഇന്ത്യയിൽ ഒരു പൊതുവേദിയിൽ ബി.ജെ.പി.-യുടെ ശ്രീ. അമിത് ഷായും ശ്രീ. നരേന്ദ്ര മോദിയും പറയാത്ത പരാമർശമാണ് ശ്രീ. കെ. എൻ. എ. ഖാദർ നടത്തിയത്. വരാനിരിക്കുന്ന ഇരുപത് വർഷക്കാലത്തേയ്ക്ക് ബി.ജെ.പി. ഭരിക്കുമെന്ന് എങ്ങനെയാണ് അപ്പുറത്തുനിന്ന് ഒരു ലീഗ് നേതാവിന് പറയാൻ സാധിക്കുന്നത്? അങ്ങനെ പറയുമ്പോൾ കോൺഗ്രസ് നിശബ്ദമായിരിക്കുകയാണ്. ഇന്ത്യയെ രക്ഷിക്കാൻ വന്ന ശ്രീ. രാഹുൽ ഗാന്ധി ഇന്ന് ഇൻഡോനേഷ്യയിലാണ്. ഇരുപത് വർഷക്കാലം ബി.ജെ.പി. ഇന്ത്യ ഭരിക്കുമെന്ന് ശ്രീ. കെ. എൻ. എ. ഖാദർ പറയുകയാണ്. ലീഗിന്റെ ഈ അഭിപ്രായത്തോട് കോൺഗ്രസ് യോജിക്കുന്നുണ്ടോ; ഞങ്ങൾ യോജിക്കുന്നില്ല. അത് അദ്ദേഹം തിരുത്തേണ്ടതാണ്. ശ്രീ. കെ. എൻ. എ. ഖാദർ ഇവിടെ ശ്രീ. എ. എൻ. ഷംസീറിനെ ആക്ഷേപിച്ചു. ശ്രീ. എ. എൻ. ഷംസീർ ഇവിടെ ഇങ്ങനെയൊക്കെ ഇരിക്കാൻവേണ്ടി മാത്രം വന്ന ആളാണെന്നാണ് ശ്രീ. കെ. എൻ. എ. ഖാദർ പറഞ്ഞത്. അദ്ദേഹം ശ്രീ. എ. എൻ. ഷംസീറിനെ ആൽബർട്ട് ഐൻസ്റ്റീനിനോടാണ് ഉപമിച്ചത്. അദ്ദേഹത്തിന്റെ Theory of Relativity (ആപേക്ഷിക സിദ്ധാന്തം) ഉണ്ട്. നമ്മൾ ഒരാളിനെ മറ്റൊരാളുമായി താരതമ്യം ചെയ്യുമ്പോഴാണ് ആ ആൾ മോശമാണോ വലുതാണോയെന്ന് കണക്കാക്കേണ്ടത്. നിങ്ങൾ ഒരു വാഹനത്തിൽ ഒരേ ഡയറക്ഷനിൽ ഒരേ വെലോസിറ്റിയിൽ പോയാൽ നിങ്ങൾ നിശ്ചലമായിരിക്കുന്നതായി തോന്നും. നിങ്ങൾ ഒരു കാറിൽ യാത്ര ചെയ്യുമ്പോൾ ഒരു മയിൽക്കുറ്റി അവിടെയുണ്ടെങ്കിൽ ആ മയിൽക്കുറ്റി നിശ്ചലമായിരിക്കുന്നത് ആപേക്ഷിക സിദ്ധാന്തംമൂലമാണ്. നിങ്ങൾ ആകാശത്തേയ്ക്ക് നോക്കുമ്പോൾ ഭൂമിയോടൊപ്പം മയിൽക്കുറ്റികൂടി കറങ്ങുകയാണ്. അതാണ് ആപേക്ഷിക സിദ്ധാന്തം. ശ്രീ. കെ. എൻ. എ. ഖാദർ മഹാരഥൻമാരായ ആൽബർട്ട് ഐൻസ്റ്റീനോടും വ്ലാഡിമിർ ലെനിനോടും ശ്രീ. എ. എൻ. ഷംസീറിനെ ഉപമിക്കുമ്പോൾ ചിലപ്പോൾ അദ്ദേഹം അവരെക്കാൾ എത്രയോ ചെറുതാകാം. എന്നാൽ അപ്പുറത്തിരിക്കുന്ന നിങ്ങളുടെ സഹപ്രവർത്തകരോട് ശ്രീ. എ. എൻ. ഷംസീറിനെ ഉപമിക്കുമ്പോൾ അദ്ദേഹം എത്രയോ ഉയരങ്ങളിലാണെന്നുകൂടി ശ്രീ. കെ. എൻ. എ. ഖാദർ മനസ്സിലാക്കുന്നത് നല്ലതാണ്. അണ്ഡകടാഹത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഗാന്ധിജിക്കൊപ്പമാണോ, ഇന്ദിരാഗാന്ധിക്കൊപ്പമാണോ, രാജീവ് ഗാന്ധിക്കൊപ്പമാണോ അതോ ആ രക്തസാക്ഷിത്വത്തെ അപമാനിച്ച ശ്രീ. കെ. എൻ. എ. ഖാദറിനോടൊപ്പമാണോയെന്ന് കോൺഗ്രസ് തീരുമാനിക്കണം. നിങ്ങൾ ആരുടെ പക്ഷത്താണ്, ആർക്കുവേണ്ടിയാണ് ശബ്ദിച്ചത്? രക്തസാക്ഷിത്വത്തിന്റെ

പരിപാവനതയിൽ ഉയർന്നുവന്ന മഹത്തായ ഇന്ത്യാ രാജ്യത്ത് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി എത്രയോ ധീരരക്തസാക്ഷികൾ ഉണ്ടായി. ഞങ്ങൾ മറ്റാരേയും പറയുന്നില്ല. ആ രക്തസാക്ഷികളെ ..........

ശ്രീ. റ്റി. വി. രാജേഷ്: സർ, അക്കാര്യങ്ങളെല്ലാം പറഞ്ഞ് ശ്രീ. കെ. എൻ. എ. ഖാദർ ഇവിടെനിന്ന് പോകുകയും ചെയ്തു. അദ്ദേഹം ഒരു പാർട്ടി വിട്ടിട്ടാണ് മുസ്ലീംലീഗിൽ ചേർന്നത്. അദ്ദേഹം വേറെയൊരു ലാവണം തേടുന്നതിന്റെ സൂചനയാണോ ഈ പ്രസംഗം? അങ്ങേയ്ക്ക് എന്ത് തോന്നുന്നു?

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ അങ്ങനെ കരുതേണ്ടതില്ലെന്ന് തീരുമാനിച്ച ആളാണ്. പക്ഷെ ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിയുടെ അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ഞങ്ങളുടെ പാർട്ടിക്കൊപ്പം നിൽക്കുകയും പിന്നീട് കോൺഗ്രസിന്റെ ഭാഗമായി മാറുകയും ഇവിടെയിരുന്നുകൊണ്ട് ഞങ്ങളെ അതിനിശിതമായി വിമർശിക്കുകയും ചെയ്ത ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി ഇന്ന് നിൽക്കുന്നത് ശ്രീ. നരേന്ദ്ര മോദിയുടെ കോട്ടിന്റെ കീഴെയാണ്. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി പോയ വഴിയേ നടന്നുപോകുന്ന ഒരാളായി ശ്രീ. കെ. എൻ. എ. ഖാദർ മാറാൻ പാടില്ലെന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. അദ്ദേഹത്തെ തിരുത്താൻ കോൺഗ്രസ്സും ലീഗും തയ്യാറാകണം. മതനിരപേക്ഷതയ്ക്കുവേണ്ടിയല്ല അദ്ദേഹം ശബ്ദിക്കുന്നത്. അതിനാൽ പൊതുസർവ്വീസ് രൂപീകരിക്കാനാവശ്യമായതും മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പ്ലാന്റുകൾ സ്ഥാപിക്കാൻ ഭൂമി ഏറ്റെടുക്കാൻവേണ്ടിയുള്ളതുമായ ഈ ഭേദഗതികളെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48, 222, 224, 326 എന്നീ വകുപ്പുകളുടെ ഭേദഗതികൾക്കായാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതിൽ തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് എന്നത് സർക്കാരിന്റെ പ്രഖ്യാപിതമായ നയമാണ്. അത് 2016-ൽ ഈ ഗവൺമെന്റിന്റെ ആദ്യഘട്ടത്തിൽത്തന്നെ നയപ്രഖ്യാപനത്തിൽ സൂചിപ്പിച്ചിരുന്നു. 1994-ൽ നിലവിൽ വന്ന കേരള മുനിസിപ്പാലിറ്റി ആക്ട്, നഗരസഭകൾക്ക് ഭരണപരവും ആസൂത്രണപരവും ധനപരവുമായ അധികാരങ്ങൾ നൽകി ജനാധിപത്യപരമായ പ്രാദേശിക ഭരണ സംവിധാനം ശക്തമാക്കിയിട്ടുണ്ട്. എന്നാൽ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭാവം വിവിധ തലങ്ങളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വിഘാതമായി നിൽക്കുന്ന സാഹചര്യമാണ്. സ്വാഭാവികമായും ഒരു മന്ത്രിക്ക് കീഴിലുള്ള ഈ അഞ്ച്

വകുപ്പുകൾ പരസ്പരം യോജിച്ച് പ്രവർത്തിക്കാത്തത് പലപ്പോഴും പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുവെന്ന് നിരവധി ഘട്ടങ്ങളിൽ ചർച്ച ചെയ്തതാണ്. അതിനാലാണ് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗരാസൂത്രണം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ വിഭാഗങ്ങളെ സംയോജിപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് എന്ന കാര്യം നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയത്. ഒരു ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽ വരുന്നതിന്റെ സാധ്യതകളും അതിന്റെ സാധുതയും പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ഒരു ലോക്കൽ സെൽഫ് ഗവൺമെന്റ് കമ്മീഷനെയും സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. അതിനാവശ്യമായ പ്രിൻസിപ്പൽ ഡയറക്ടറേറ്റും രൂപീകരിച്ചിട്ടുണ്ട്. ലോക്കൽ സെൽഫ് ഗവൺമെന്റ് കമ്മീഷൻ സർക്കാരിന് സമർപ്പിച്ച കരട് സ്പെഷ്യൽ റൂൾ പ്രിൻസിപ്പൽ ഡയറക്ടറേറ്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആരുടെയും അഭിപ്രായം അറിയാതെ ഏകപക്ഷീയമായാണ് ചെയ്തത് എന്നൊക്കെയുള്ള പരാതികൾ ഇവിടെയുണ്ടായി. ലഭിച്ച പരാതികളൊക്കെ ലോക്കൽ സെൽഫ് ഗവൺമെന്റ് കമ്മീഷനുമായി ചർച്ച നടത്തി അപാകതകൾ പരിഹരിച്ച് ഭേദഗതി ചെയ്ത ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസുകളുടെ കരട് വിശേഷാൽ ചട്ടങ്ങൾ 29-05-2018, 04-08-2018 എന്നീ തീയതികളിൽ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഈ ഘട്ടത്തിൽ സർവ്വീസ് സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ചകൾ സംഘടിപ്പിക്കുകയുണ്ടായി. വകുപ്പുകളുടെ സംയോജനം സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേർന്നു. അതിലെ ചട്ടങ്ങളുടെ അപാകതകൾ വിശദമായി പരിശോധിക്കുന്നതിനും വകുപ്പുതല അദ്ധ്യക്ഷൻമാരുടെ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പ്രിൻസിപ്പൽ ഡയറക്ടർ, ലോക്കൽ സെൽഫ് ഗവൺമെന്റ് കമ്മീഷൻ ചെയർമാൻ എന്നിവരടങ്ങുന്ന മൂന്നംഗ സമിതിയെ സർക്കാർ ഉത്തരവുപ്രകാരം നിയമിക്കുകയും ചെയ്തു. ഈ സമിതി വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായ പരാതികളും അഭിപ്രായങ്ങളും കേട്ടശേഷം 2019 നവംബർ 17, 18 തീയതികളിൽ സിറ്റിംഗ് നടത്തി എല്ലാവരുടെയും അഭിപ്രായങ്ങൾ നേരിട്ട് കേൾക്കുകയും ചെയ്തു. ഇക്കാര്യങ്ങളെ സംബന്ധിച്ച വിശദമായ പഠനം ഇതിന്റെ ഭാഗമായി കമ്മീഷന്റെ നേതൃത്വത്തിൽ നടന്നിട്ടുണ്ട്, ചുമതലപ്പെട്ട ഉദ്യോഗസ്ഥരും അക്കാര്യത്തിൽ സഹകരിച്ചിട്ടുണ്ട്. സർവ്വീസ് സംഘടനകളിലെ എല്ലാവരുമായി ചർച്ച ചെയ്തിട്ടുണ്ട്.

ഈ സമിതിയുടെ തീരുമാനം അന്തിമമായി സർക്കാരിന് ലഭിക്കുന്ന മുറയ്ക്ക് ചട്ടം അന്തിമമാക്കാനുള്ള നടപടികൾ സ്വീകരിക്കും. ഇപ്പോൾ അത് അന്തിമമാക്കിയിട്ടില്ല. ഇങ്ങനെയൊരു തദ്ദേശസ്വയംഭരണ പൊതുവകുപ്പ് രൂപീകരിക്കുന്നതിന്റെ മുന്നോടിയായി കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്രട്ടറിയെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ അടങ്ങുന്ന 48-ാം വകുപ്പ്, പൊതുമുനിസിപ്പൽ സർവ്വീസിന്റെ രൂപീകരണം സംബന്ധിച്ച 222-ാം വകുപ്പ്, നിയമനാധികാരികളെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ അടങ്ങുന്ന 224-ാം വകുപ്പ് എന്നിവ ഭേദഗതി ചെയ്യുന്നതിനാണ് ബിൽ ചർച്ച ചെയ്യുന്നത്. പഞ്ചായത്ത് ജീവനക്കാരെ 1987-ൽ ഇതുപോലൊരു ഉത്തരവിന്റെ ഭാഗമായി സർക്കാർ ജീവനക്കാരാക്കുകയാണ് ചെയ്തത്. അത് ഇവിടെ പരാമർശിക്കുകയുണ്ടായി. തുടർന്ന് പഞ്ചായത്തിലെ ജീവനക്കാർക്കുള്ള ശമ്പളം പഞ്ചായത്തുവകുപ്പിൽ നിന്നുതന്നെയാണ് നൽകിവരുന്നത്, അങ്ങനെയാണ് അന്ന് നിയമം ഉണ്ടാക്കിയത്. ഇത് കൃത്യമായി അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഇടയാക്കിയിട്ടുണ്ടെന്നാണ് പിൽക്കാലത്തെ അനുഭവങ്ങൾ സൂചിപ്പിക്കുന്നത്. നഗരസഭകളുടെ ഉദ്യോഗസ്ഥർ രണ്ട് തട്ടുകളായിട്ടാണ് ഇതുവരെ ഇരുന്നത്. സർക്കാർ സർവ്വീസ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്ന രണ്ട് തലങ്ങളിലായി വേർതിരിക്കപ്പെട്ടാണ് ഇരുന്നത്. നിലവിൽ നഗരകാര്യവകുപ്പിൽ 228 ഉദ്യോഗസ്ഥരും മുനിസിപ്പൽ കോമൺ സർവ്വീസിൽ 6431 ഉദ്യോഗസ്ഥരുമാണുള്ളത്. അതുതന്നെ രണ്ടായി ഇരിക്കുകയാണ്. 6431 ഉദ്യോഗസ്ഥരെ സർക്കാർ ഉദ്യോഗസ്ഥരായി പരിവർത്തനപ്പെടുത്തിയിട്ടുള്ള സമഗ്രമായ മാറ്റമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ജീവനക്കാരുടെ മനോവീര്യവും ജോലിസുരക്ഷിതത്വവും വർദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ ഒരേ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്കിടയിലെ വിവേചനം അവസാനിപ്പിക്കുന്നതിനും നഗരസഭകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും നമുക്ക് ഇതിന്റെ ഭാഗമായി കഴിയും. ആദ്യകാലത്ത് പഞ്ചായത്ത് വകുപ്പിലും ഇതുപോലെ സർക്കാർ ജീവനക്കാരും പഞ്ചായത്ത് കോമൺസർവ്വീസ് ജീവനക്കാരും എന്നുള്ള വേർതിരിവ് ഉണ്ടായിരുന്നതിന്റെ ഭാഗമായിട്ടാണ് 1987-ൽ അത് മാറ്റിയത്. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഇടയാക്കിയിട്ടുണ്ടെന്നുള്ളതാണ് അതിന്റെ അനുഭവം. ഇതും അങ്ങനെയാകുമെന്നാണ് സർക്കാർ കരുതുന്നത്. പ്രസ്തുത സർവ്വീസിലെ ജീവനക്കാരുടെ ഭരണപരമായ നിയന്ത്രണം, നിലവിലെ മാതൃകയിൽ നഗരകാര്യവകുപ്പിന്റെ കീഴിലും അവരുടെ പ്രവർത്തനം സംബന്ധിച്ച നിയന്ത്രണം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുമാകുന്ന രീതിയിലാണ് ആലോചിക്കുന്നത്. ഇത് 73, 74 ഭരണഘടനാ ഭേദഗതികൾക്കെതിരായിട്ടുള്ള ഒരു നിലപാടാണെന്ന വിമർശനം ഇവിടെ ഉന്നയിക്കുകയുണ്ടായി. അത്

വാസ്തവവിരുദ്ധവും തെറ്റിദ്ധാരണാജനകവുമായ കാര്യമാണ്. സർക്കാരിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനും സമയബന്ധിതമായ സേവനം സാധാരണ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുമായാണ് തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണംകൊണ്ട് ഉദ്ദേശിക്കുന്നത്. ഭരണഘടനയുടെ 243, 244 അനുച്ഛേദങ്ങളിൽ പ്രതിപാദിക്കുന്ന പഞ്ചായത്ത്‌രാജ് സംവിധാനവും നഗരപാലികാ സംവിധാനവും പ്രത്യേകം പ്രത്യേകമായി നിലനിൽക്കുകതന്നെയാണ് ചെയ്യുന്നത്. രണ്ടുവിഭാഗമായി നിൽക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനാൽ കൂട്ടിച്ചേർക്കപ്പെടുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ ഭരണഘടന വിഭാവന ചെയ്യുന്ന വിധം തുടരുകയാണ്. ഒരു സ്ഥാപനങ്ങളുടെയും അധികാരം സർക്കാർ ഏറ്റെടുക്കുന്നില്ല. പകരം ഓരോ തദ്ദേശസ്വയംഭരണ പ്രദേശത്തിനും ഭരണഘടനാപരമായി അനുവദിച്ചിരിക്കുന്ന എല്ലാ അവകാശങ്ങളും അധികാരങ്ങളും നിലനിർത്തിക്കൊണ്ടുതന്നെ സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ ഏകജാലകത്തിലൂടെ കാര്യക്ഷമമായി, സമയബന്ധിതമായി നടപ്പാക്കാനാണ് ശ്രമിക്കുന്നത്. അതിനായി പ്രത്യേകം പ്രത്യേകം നിലനിൽക്കുന്ന വകുപ്പുകളുടെ ഉദ്യോഗസ്ഥ സംവിധാനത്തെ കാര്യക്ഷമമായി വിന്യസിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇത്തരം ഒരു സംവിധാനത്തിലൂടെ പ്രാദേശിക ഭരണസമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കാൻ കഴിയുമെന്നാണ് സർക്കാർ കണക്കുകൂട്ടുന്നത്. അധികാര വികേന്ദ്രീകരണം ഫലപ്രദവും കാര്യക്ഷമവുമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും കൂടുതൽ വ്യവസ്ഥാപിതമായി മാറുന്നതിനും സംസ്ഥാന സർക്കാരിന്റെ നിരന്തര പിന്തുണയും സഹായങ്ങളും ഉറപ്പാക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പുകളിലൂടെയാണ്. എന്നാൽ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭാവം വിവിധ തട്ടുകളിലുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെയും നഗരസഭകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകമായിട്ടാണ് സർക്കാർ കാണുന്നത്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗമായി നിലവിൽ ഏകോപിത സ്വഭാവത്തിലല്ലാതെ പ്രവർത്തിച്ചുവരുന്ന ഉദ്യോഗസ്ഥ സംവിധാനത്തിന് പ്രാദേശിക വികസന ഭരണത്തിൽ പൊതുവായ കാഴ്ചപ്പാടും കാര്യക്ഷമതയും വളർത്തുന്നതിന് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ രൂപീകരണം അത്യന്താപേക്ഷിതമാണെന്ന് കരുതുന്നു. ഫലപ്രദമായ പ്രാദേശിക ഭരണസംവിധാനം രൂപപ്പെടുത്തുന്നതിന് തദ്ദേശഭരണവുമായി ബന്ധപ്പെട്ട പൊതുഭരണ സംവിധാനം രൂപപ്പെടേണ്ടതും വികേന്ദ്രീകരണം നടപ്പിലാക്കുന്നതിന് അനിവാര്യവുമാണ്. തദ്ദേശസ്വയംഭരണ

പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനമെടുത്തതിന്റെ യുക്തിയും ഇതുതന്നെയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ അധികാരങ്ങൾ വിനിയോഗിച്ച് നടപ്പാക്കുന്ന ഫലപ്രദമായ നടപടികളും തീരുമാനങ്ങളും സാധാരണ ജനങ്ങളിലേയ്ക്ക് എത്തിക്കാനായി ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും കാര്യക്ഷമവും ആത്മാർത്ഥവുമായ സേവനവും അനിവാര്യമാണ്. നിലവിൽ വിവിധ വകുപ്പുകളിലായി നിലകൊള്ളുന്ന ഉദ്യോഗസ്ഥരിലൂടെയാണ് ഇക്കാര്യങ്ങൾ നടപ്പാക്കുന്നത്. അവരുടെ സേവനം സംബന്ധിച്ച സ്പെഷ്യൽ റൂളുകളും വ്യത്യസ്തമാണ്. അവരെ ഏകോപിപ്പിക്കാൻ ഒരു സ്പെഷ്യൽ റൂളിന്റെ കീഴിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ പരിശ്രമം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളിലുള്ള അധികാരത്തെ മെച്ചപ്പെടുത്തി കൂടുതൽ മികച്ച പ്രവർത്തനങ്ങളും സേവനങ്ങളും ജനങ്ങൾക്ക് നൽകാൻ സഹായിക്കുന്ന ഭേദഗതിയാണ് അതിന്റെ ഭാഗമായി വരുന്നത്. ഇതാണ് പൊതുസർവ്വീസിലുള്ള ഇവരെ സർക്കാർ ഉദ്യോഗസ്ഥരായി മാറ്റുന്ന ഭേദഗതിയെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. ഇതിലെ സ്ഥാനക്കയറ്റവും അതുപോലെ നിയമനവുമായി ബന്ധപ്പെട്ടുള്ള ആശങ്കകളും ഒരുപാട് പ്രചരിപ്പിക്കപ്പെടുന്നുണ്ട്. അതിനൊന്നും അടിസ്ഥാനമില്ല. അധികാരങ്ങളും കടമകളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവ കൈകാര്യം ചെയ്യുന്നതിനും സമയബന്ധിതമായ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും ഓരോ ജില്ലയിലും പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പോരായ്മകൾ എളുപ്പത്തിൽ കണ്ടെത്തി പരിഹരിക്കുന്നതിനും ഏകജാലക സംവിധാനം നിലവിൽ വരുന്നതോടുകൂടി കഴിയും. സന്തുലിതമായ ഒരു വികസന സംസ്കാരം കെട്ടിപ്പെടുക്കുന്നതിനും ഈ ഏകീകരണത്തിലൂടെ കഴിയും. നിലവിൽ എല്ലാ വകുപ്പുകളിലും ലഭ്യമാക്കി ക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾക്ക് യാതൊരു തടസ്സവും നേരിടാതെയും ലഭ്യമാകുമായിരുന്ന അവസരം ഉദ്യോഗസ്ഥർക്ക് നിഷേധിക്കാതെയും വിശദമായ പരിശോധനകൾ നടത്തി മാത്രമെ വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുകയുള്ളൂ. അവരുടെ അഭിപ്രായങ്ങളൊക്കെ കേട്ടിട്ടുണ്ട്. ഇനിയും എന്തെങ്കിലും പരാതികളുണ്ടെങ്കിൽ അവയൊക്കെ കേൾക്കാൻ സർക്കാർ തയ്യാറാണ്. ജീവനക്കാരെ സംബന്ധിച്ച് അവരുടെ പ്രൊമോഷനെയോ ശമ്പളത്തെയോ മറ്റ് ആനുകൂല്യങ്ങളെയോ സംബന്ധിക്കുന്ന ഒരു പ്രശ്നങ്ങളും ഉണ്ടാകാതെ ഇത് കൈകാര്യം ചെയ്യാനാണ് ശ്രമിക്കുന്നത്. അസന്തുലിതമായ പ്രൊമോഷനുകളുടെ അവസ്ഥയൊക്കെ ഈ ഏകീകരണത്തിലൂടെ പരിഹരിക്കാൻ കഴിയുമെന്നു തന്നെയാണ് കരുതുന്നത്. ജീവനക്കാർക്ക് അർഹമായതും നിയമപരമായിട്ടുള്ളതുമായ എല്ലാ ഉദ്യോഗക്കയറ്റങ്ങളും ലഭിക്കുമെന്നുള്ള കാര്യം

ഉറപ്പാക്കാനും കമ്മീഷന്റെ ഭാഗമായിട്ടുള്ള ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ കഴിയും. ഇതാണ് മുനിസിപ്പൽ ജീവനക്കാരെ സർക്കാർ ഉദ്യോഗസ്ഥരായി മാറ്റുന്ന 48, 222, 224 എന്നീ മൂന്ന് വകുപ്പുകളിലെ ഭേദഗതികളുടെ ഉദ്ദേശ്യത്തെക്കുറിച്ച് ഇവിടെ വന്ന വിമർശനങ്ങൾക്ക് മറുപടിയായി പറയാനുള്ളത്.

മറ്റൊന്ന് 326-ാം വകുപ്പിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ട കാര്യമാണ്. കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടി 326-ാം വകുപ്പിന്റെ ഒരു ഭാഗം ഭേദഗതി ചെയ്ത് 326(4) എന്ന ഉപവകുപ്പ് ചേർത്തതാണ്. അത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള സംവിധാനം എന്നുള്ള നിലയ്ക്ക് അത്തരം സ്ഥലങ്ങളിൽ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ ആ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയാണ് 326(4)-നുശേഷം 326(5) എന്ന ഉപവകുപ്പ് ചേർക്കാനുള്ള ഭേദഗതി ഉണ്ടായിട്ടുള്ളത്. ഇവിടെ വളരെ പ്രധാനപ്പെട്ട വിമർശനങ്ങളായി വന്നത്, മാലിന്യ സംസ്കരണം കേന്ദ്രീകൃത സംസ്കരണത്തിലേയ്ക്ക് മാത്രമായി സംസ്ഥാന സർക്കാർ കൊണ്ടുപോകുന്നു എന്നുള്ളതാണ്. അങ്ങനെയൊരു നിലപാട് സർക്കാർ സ്വീകരിച്ചിട്ടില്ല. ഈ ബില്ലിന്റെ അവതരണവേളയിൽ ഞാൻ അത് വ്യക്തമാക്കിയതാണ്. ഞാൻ കൂടുതൽ സമയം ആ കാര്യത്തിന് എടുക്കുന്നില്ല. ജൈവമാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുക, അജൈവ മാലിന്യം കൃത്യമായ ഇടവേളകളിൽ തദ്ദേശസ്വയം ഭരണസ്ഥാപന തലത്തിൽ ശേഖരിച്ച് സംസ്കരണ കേന്ദ്രത്തിലേയ്ക്ക് മാറ്റുക, ഉറവിടത്തിൽ സംസ്കരിക്കാൻ കഴിയാത്ത ജൈവമാലിന്യം തുമ്പൂർമൂഴി മോഡൽ പ്ലാന്റുകളിൽ അല്ലെങ്കിൽ കേന്ദ്രീകൃത വേസ്റ്റ് ടു എനർജി പ്ലാന്റുകളിൽ സംസ്കരിക്കുക തുടങ്ങിയവയാണ് മാലിന്യസംസ്കരണം യാഥാർത്ഥ്യമാക്കാൻ സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന കാര്യങ്ങൾ. അതിലൊന്നും ഒരുമാറ്റവുമില്ല. വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതി തുടരണമെന്നുതന്നെയാണ് സർക്കാർ കരുതുന്നത്. കേരളത്തിൽ ഇപ്പോൾത്തന്നെ സംസ്കരിക്കാൻ കഴിയുന്നത് ഏകദേശം 3140 ടൺ മാലിന്യമാണ്. ആകെ ഉൽപ്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ 45 ശതമാനത്തിൽ താഴെ മാത്രമാണത്. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ ബാക്കിയുള്ള മാലിന്യങ്ങൾ സംസ്കരിക്കാൻ കഴിയാതെ, തോടുകളിലും നദികളിലും മറ്റ് സ്ഥലങ്ങളിലുമൊക്കെ കൊണ്ടുപോയി വലിച്ചെറിയുന്നതിന്റെ ഭാഗമായി ആരോഗ്യപ്രശ്നവും വികസനപ്രശ്നവും ഉണ്ടാകുന്ന അന്തരീക്ഷം നമ്മൾക്കെല്ലാവർക്കും അറിയാം. തുമ്പൂർമൂഴി മോഡലിൽതന്നെ ഒരു പ്ലാന്റ് ഒരു സ്ഥലത്ത് സ്ഥാപിക്കുമ്പോൾ ഉണ്ടാകാവുന്ന മനുഷ്യരുടെ അവസ്ഥകളും ചില സ്ഥലത്തുണ്ടാകുന്ന പ്രത്യേക പ്രൊട്ടസ്റ്റുകളും നമ്മൾ മനസ്സിലാക്കിയിട്ടുണ്ട്. അത്തരം ഒരു ഘട്ടത്തിലാണ് ഈ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുവേണ്ടിയുള്ള കേന്ദ്രീകൃത

മാലിന്യ പ്ലാന്റുകൾ വേണമെന്നുള്ള കാര്യം നമ്മൾ പരിഗണിച്ചത്. കേരളത്തിൽ, തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കൊല്ലം, മലപ്പുറം തുടങ്ങിയ ഏഴ് സ്ഥലങ്ങളിലായി ഈ പ്ലാന്റുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിൽ കോഴിക്കോട് ഇപ്പോൾ ആരംഭിക്കാൻ പോകുന്ന പ്ലാന്റിൽ കെ.എസ്.ഐ.ഡി.സി.-യെ നോഡൽ ഏജൻസിയാക്കി, അതിന്റെ ആഗോള ടെണ്ടർ നടപടികൾ സ്വീകരിച്ച്, ഒരു ഏജൻസി വന്ന് നിയമാനുസൃത നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ആ കോർപ്പറേഷനും കൂടിച്ചേർന്നാണ് ആ കരാർ ഒപ്പിട്ടിട്ടുള്ളത്. ആ പ്ലാന്റിന്റെ എഗ്രിമെന്റ് വച്ച് അതിന്റെ നടപടികൾ ആരംഭിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രത്യേകിച്ച് പട്ടണങ്ങളെ കോർപ്പറേഷൻപോലുള്ള സ്ഥലങ്ങളെ മാലിന്യപ്രവർത്തനത്തിൽ, അത് സംസ്കരിക്കുന്ന പ്രവർത്തനത്തിൽ സഹായിക്കുകയെന്നുള്ള നിലപാടിലേയ്ക്കാണ് ഗവൺമെന്റ് പോകുന്നത്. അല്ലാതെ അവരുടെ അധികാരം പിടിച്ചെടുക്കുക എന്ന നിലപാടിലേയ്ക്കല്ല. അങ്ങനെ വ്യാഖ്യാനിക്കേണ്ട കാര്യമില്ല. ഇങ്ങനെ എടുക്കുന്നതിന് കൃത്യമായ വ്യവസ്ഥകൾ ഉണ്ട്. ആ വ്യവസ്ഥകൾ ഒരുപാട് നീണ്ടതാണ്, ഞാൻ ഇവിടെ പറയുന്നില്ല. ഡിസൈൻ, ബിൽഡ്, ഫിനാൻസ്, ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ എന്ന മാതൃകയിലാണ് ഈ പദ്ധതി. ഇതിനുള്ള ഡിസൈനുണ്ടാക്കണം, ഫിനാൻസ് ഉണ്ടാകണം, സാങ്കേതികവിദ്യ അവരുടേതായിരിക്കണം. മാലിന്യവുമായി ബന്ധപ്പെട്ട കാര്യങ്ങളിലെല്ലാം കൃത്യമായ എഗ്രിമെന്റ് പ്രസ്തുത കോർപ്പറേഷനുമായാണ്. കോഴിക്കോട്ടും ഇപ്പോൾ അങ്ങനെയാണ് എഗ്രിമെന്റ് ഉണ്ടാക്കിയിരിക്കുന്നത്. കൊച്ചിയിലെ ബ്രഹ്മപുരത്തെ പ്ലാന്റിലും ഇതേ പദ്ധതി നടപ്പിലാക്കാൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്. കൊച്ചി കോർപ്പറേഷനകത്തല്ല, മറിച്ച് പുത്തൻകുരിശ് പഞ്ചായത്തിലാണ് മാലിന്യ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത്. അവിടെ പ്ലാന്റിനെതിരെ പ്രതിഷേധമുണ്ട്. അവിടെ ശാസ്ത്രീയമായിട്ടല്ലാതെ ഇക്കാര്യങ്ങൾ ചെയ്യുന്നതിന്റെ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മെമ്പർ ടി. ജെ. വിനോദിനറിയാവുന്നതാണ്. അനേകം തവണ അവിടെ തീപിടുത്തമുണ്ടായി. കോർപ്പറേഷന് പ്രസ്തുത പ്ലാന്റ് പരിപാലിക്കുവാൻ കഴിയുന്നില്ല. സാമ്പത്തികം മാത്രമല്ല സാങ്കേതിക പ്രശ്നങ്ങളിലും അവർക്ക് ഇടപെടാൻ കഴിയാത്ത സാഹചര്യം കൊച്ചിയിൽ ബ്രഹ്മപുരത്ത് ഒട്ടനവധി തവണയുണ്ടായി. എത്രയോ തവണ നമ്മൾ ഒരുമിച്ചിരുന്ന് അക്കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. അത്തരമൊരു ഘട്ടത്തിൽ അവിടെയും ഇത് വരികയാണ്. അവിടെയിപ്പോൾ പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്; കരാർ വയ്ക്കാൻ പോകുകയാണ്. മറ്റുള്ള സ്ഥലങ്ങളിലും ഇതുതന്നെയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. സ്ഥലത്തിനെ സംബന്ധിച്ച് ഇവിടെ ആക്ഷേപം പറഞ്ഞു. തിരുവനന്തപുരത്ത് സ്ഥലത്തിനെ സംബന്ധിച്ച് ആക്ഷേപം വന്നു. സർക്കാർ വേറെ സ്ഥലം

നോക്കുകയാണ്. ജനങ്ങളുടെ അതിശക്തിയായ പ്രതിഷേധവും ഇതിനെക്കുറിച്ച് തെറ്റിദ്ധാരണ പരത്തുന്ന രീതിയിലുള്ള പ്രവർത്തനവുമുണ്ടായി. സ്ഥലത്തിന്റെ കാര്യത്തിൽ പിടിവാശി കാണിക്കുകയല്ല സർക്കാർ ചെയ്തത്. തിരുവനന്തപുരം പോലൊരു പട്ടണത്തിൽ നമുക്ക് മാലിന്യം സംസ്കരിക്കാതിരിക്കാൻ കഴിയില്ല. പക്ഷെ അതിന് ഒരു സ്ഥലം കണ്ടെത്തണം. അതിനുള്ള നടപടികളിലേയ്ക്ക് പോകുകയാണ്. അവിടെ ആരൊക്കെ സമരത്തിനുണ്ടായിരുന്നുവെന്നുള്ള കാര്യമല്ല ഞാൻ പറയുന്നത്. അത്തരത്തിലൊരു സമീപനം സ്വീകരിക്കുമ്പോൾ എങ്ങനെയാണ് മാലിന്യസംസ്കരണം നടക്കുന്നത്? തൃശ്ശൂരിന്റെ പ്രശ്നം ഇവിടെ ബഹുമാനപ്പെട്ട മെമ്പർ അനിൽ അക്കര പറഞ്ഞു, മുൻപ് ലാലൂരാണ് മാലിന്യം സംസ്കരിച്ചിരുന്നത്. അവിടെയിപ്പോൾ സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണം നടക്കുകയാണ്. മാലിന്യ സംസ്കരണത്തിന് വേണ്ടിയെടുത്ത സ്ഥലം മാലിന്യ സംസ്കരണത്തിനായി ഉപയോഗിക്കണമെന്നത് ന്യായമല്ലേ? പക്ഷെ അവിടത്തെ പ്രത്യേക പരിതസ്ഥിതി മനസ്സിലാക്കി അവിടത്തെ കോർപ്പറേഷൻ പുതിയ സ്ഥലം വാങ്ങിക്കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു. അതിന്റെ പരിശോധനയിലാണ്. അതിനെയെന്തിനാണ് തെറ്റായി വ്യാഖ്യാനിക്കുന്നത്. കോർപ്പറേഷൻ തന്നെ ചർച്ച ചെയ്ത് വേറെ 15 ഏക്കർ സ്ഥലം ഏറ്റെടുത്ത് തരാൻ തയ്യാറാകുകയാണ്. നിലവിലുണ്ടായിരുന്ന സ്ഥലത്ത് 70 കോടിയോളം രൂപ മുടക്കി ശ്രീ. ഐ. എം. വിജയന്റെ പേരിലുള്ള സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണം നടക്കുകയാണ്. പ്രസ്തുത സ്പോർട്സ് കോംപ്ലക്സിന്റെ 25 ശതമാനത്തോളം നിർമ്മാണം കഴിഞ്ഞിട്ടുണ്ട്. മാലിന്യ പ്ലാന്റ് അവിടെനിന്ന് മാറ്റി വേറൊരു സ്ഥലത്തേയ്ക്ക് സ്ഥാപിക്കുകയാണ്. ഈ പറഞ്ഞ ഏഴ് സ്ഥലങ്ങളിൽ മറ്റൊരു സ്ഥലത്തും തർക്കത്തിന്റെ പ്രശ്നമില്ല. ഇതിന്റെ മറ്റ് നടപടിക്രമങ്ങളുടെ ടെണ്ടർ നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഈ സംസ്കരണ പരിപാടിക്ക് വേണ്ടിയുള്ള സ്ഥല ഏറ്റെടുത്ത് ആവശ്യമായ ഉപകരണങ്ങൾ ഉൾപ്പെടെ കൈമാറിക്കഴിഞ്ഞാലാണ് നമുക്ക് നിർവ്വഹിക്കാൻ കഴിയുക. ഇത് കഴിഞ്ഞ തവണയും നമ്മൾ ചർച്ച ചെയ്തതാണ്. വേസ്റ്റ് ടു എനർജി പ്ലാന്റുകൾക്ക് ആവശ്യമായ സംവിധാനമൊരുക്കുന്നതിന് വേണ്ടിയാണ് ഇത് ചെയ്യുന്നത്. ഇതുസംബന്ധിച്ച് ഇവിടെയുണ്ടായ പ്രശ്നങ്ങളിലൊന്ന് ഇത് വളരെ പെട്ടെന്ന് നിർവ്വഹിക്കുമോ എന്നുള്ളതാണ്. അതുതന്നെയാണ് ഞാൻ പറഞ്ഞത്. കോഴിക്കോട് പാരിസ്ഥിതിക പ്രശ്നങ്ങളെല്ലാം പരിശോധിച്ചിട്ടുണ്ട്. 1986-ലെ എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ആക്ടിന്റെ സെക്ഷൻ 3 (3) പ്രകാരം സംസ്ഥാന തലത്തിൽ സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് അസ്സസ്സ്മെന്റ് അതോറിറ്റി പരിശോധിക്കും. അവർ പരിശോധിക്കുന്നതിൽ പ്രാഥമിക പരിശോധനയുണ്ട്, സാധ്യതാ പഠനമുണ്ട്,

പൊതുജനാഭിപ്രായം തേടലുണ്ട്, വിദഗ്ദ്ധ പരിശോധനയുണ്ട്. ഇതൊക്കെ കഴിഞ്ഞാണ് ഒരു പദ്ധതി നിലവിൽ വരുന്നത്. അങ്ങനെയാണ് ഇപ്പോൾ കോഴിക്കോട്ടും കൊച്ചിയിലും വന്നത്. പഴയ ഞെളിയൻപറമ്പും ബ്രഹ്മപുരവും വിളപ്പിൽശാലയും കണ്ട് മാലിന്യ സംസ്കരണത്തിന് അതുമാത്രമാണ് മാർഗ്ഗമെന്ന് നമ്മൾ കരുതണ്ട. പുതിയ ടെക്നോളജികൾ വരികയാണ്. അതിലൊരു ടെക്നോളജിയാണിത്. ഇനിയും ആധുനിക ടെക്നോളജിയുണ്ടാകും. നമുക്ക് കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിലേയ്ക്ക് പോകാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഹരിതകർമ്മ സേനയും Resource Recovery Facility (R.R.Fs)-കളും Material Collection Facility(M.C.F.)-കളും ഒക്കെയായി വിപുലമായ സംവിധാനമൊരുക്കിയിട്ടുണ്ട്. 751 പഞ്ചായത്തുകളുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. ആ സംവിധാനം തുടരുകയാണ്. ജനങ്ങളിൽ അവബോധം വളർത്താൻ കഴിയുന്ന ക്ലീൻ കേരള കമ്പനിയുടെ ഇടപെടലുണ്ട്. ക്ലീൻ കേരള കമ്പനി ഇ-വേസ്റ്റ് ഉൾപ്പെടെയുള്ള സാധനങ്ങൾ ശേഖരിക്കാൻ ആരംഭിച്ചിട്ടുണ്ട്. അവ തരംതിരിച്ച് ഉപയോഗയോഗ്യമായ സാധനങ്ങൾ വിറ്റഴിക്കാൻ വേണ്ടിയുള്ള സംവിധാനമുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ആ സംവിധാനം രൂപപ്പെടുത്താൻ നമ്മൾ എല്ലാവരും ചേർന്ന് വലിയ പരിശ്രമം നടത്തുന്നുണ്ട്. പോരായ്മകൾ നമുക്ക് ഇനിയും പരിഹരിക്കേണ്ടതായിട്ടുണ്ട്. ടെക്നോളജി മാറുമ്പോൾ ആളുകളെ ഭീതിപ്പെടുത്തേണ്ടതില്ല. ഈ കാര്യത്തിൽ അധികാരം ആരുടെ കയ്യിൽനിന്ന് എടുക്കുന്നുവെന്നല്ല, ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സർക്കാർ സഹായിക്കുകയാണെന്നുള്ള നിലപാട് സ്വീകരിക്കാൻ ഇതിന്റെ ഭാഗമായി കഴിയണം. അതിനു വേണ്ടിയുള്ളതാണ് ഈ നിയമഭേദഗതി എന്നു മാത്രമാണ് ഞാൻ സൂചിപ്പിക്കുന്നത്.

പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉന്നയിച്ച ഒരു കാര്യത്തെക്കുറിച്ചുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. പഞ്ചായത്തുകളിൽ നടപ്പാക്കേണ്ട ഓരോ കാര്യങ്ങളെക്കുറിച്ചും ഇവിടെ വന്ന കാര്യങ്ങളിൽ മറുപടി പറയാൻ ഈ സന്ദർഭം ഞാൻ ഉപയോഗിക്കുന്നില്ല. ശുചീകരണത്തൊഴിലാളികളെ സംബന്ധിച്ച് പറയുകയാണെങ്കിൽ, നിലവിൽ പഞ്ചായത്തിലെ ശുചീകരണത്തൊഴിലാളികളെ നമ്മൾ നിയമിച്ചിട്ടില്ല. അതിന് കാരണം അവരെ നിയമിക്കുന്നത് അതാത് കൗൺസിലുകളാണെന്നുള്ളതാണ്. താത്കാലികമായിട്ടാണ് അവരെ നിയമിക്കുന്നത്. അവരെ നമുക്ക് ഇതിന്റെ ഭാഗമായി ഉൾപ്പെടുത്താൻ കഴിയില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാത്രമല്ല എല്ലാ സർവ്വീസിലും പതിനായിരക്കണക്കിന് താത്കാലിക ജീവനക്കാരുണ്ട്. അവരുടെ മാനുഷിക പ്രശ്നങ്ങളൊക്കെയുണ്ട്. അത്

പരിശോധിക്കണം. അവരുടെ ശമ്പള വർദ്ധനവ്, ജോലിസ്ഥിരത ഇക്കാര്യങ്ങളിലൊക്കെ തീരുമാനമുണ്ടാകണം. പഞ്ചായത്തിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കുന്ന സന്ദർഭത്തിലും അവിടത്തെ ശുചീകരണത്തൊഴിലാളികളെ നമ്മൾ ഉൾപ്പെടുത്തിയിട്ടില്ല. ഈ ഘട്ടത്തിലും അത് ചെയ്യുന്നില്ല.

ശ്രീ. ഷാഫി പറമ്പിൽ: സർ, മുനിസിപ്പാലിറ്റികളിൽ ഇത്തരത്തിൽ ജോലിയെടുക്കുന്ന ആളുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി വരുന്ന നിരവധിയാളുകളുണ്ട്. 30 വർഷത്തെ സർവ്വീസ് കഴിയുന്ന ആളുകളുണ്ട്, വിദ്യാഭ്യാസ യോഗ്യതയുള്ള ആളുകളുമുണ്ട്. വർക്കിംഗ് അറേഞ്ച്മെന്റിന്റെ ഭാഗമായി മുപ്പതോളം പൊസിഷനുകളിൽ അവരെക്കൊണ്ട് ജോലിയെടുപ്പിക്കുന്നുണ്ട്. അവരുടെ കരിയർ എവിടെ തുടങ്ങിയോ അവിടെ അവസാനിക്കുകയാണ്. മുനിസിപ്പൽ ജീവനക്കാരെ ഇത്തരത്തിൽ പരിഗണിക്കുന്ന കാര്യത്തിൽ സർക്കാർ സീരിയസായി ഇടപെടുകയും അവർക്കൊരു മാനുഷിക പരിഗണന നൽകുകയും ചെയ്യേണ്ടതല്ലേ?

ശ്രീ. എ. സി. മൊയ്തീൻ: സർ, തീർച്ചയായും. അവർ ചെയ്യുന്ന സേവനം സർക്കാർ വിലമതിക്കുന്നതുതന്നെയാണ്. ആയിരക്കണക്കിന് തൊഴിലാളികളുണ്ട്. അവരുടെ കാര്യം പരിഗണിക്കണം. മാനുഷിക പരിഗണന നൽകണം. അവർ ഇന്ന് ചെയ്യുന്ന ജോലിയുടെ പശ്ചാത്തലത്തിൽനിന്ന് വൃത്തിയുള്ള യന്ത്രങ്ങളുടെ സഹായത്തോടുകൂടി അവർക്ക് പ്രവർത്തിക്കുവാൻ ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കണമെന്ന കാര്യത്തിലൊന്നും സർക്കാരിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടാകാൻ സാധ്യതയില്ല. ഇപ്പോഴത്തെ ഘട്ടത്തിൽ അതിനെക്കുറിച്ച് ഇതിന്റെ ഭാഗമായി ആലോചിക്കുന്നില്ല. എന്നാലത് ഉന്നയിക്കപ്പെടേണ്ട, പരിഹരിക്കപ്പെടേണ്ട പ്രശ്നം തന്നെയാണെന്നുള്ള അഭിപ്രായം തന്നെയാണ് സർക്കാരിനുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിൽ കാര്യക്ഷമത കാണിച്ചില്ല, സീരിയസായി ഇടപെടുന്നില്ലായെന്നുള്ള പ്രശ്നങ്ങളും ഇവിടെ പറഞ്ഞു. അതിന് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഒരു സർക്കുലർ, കത്ത് എന്നാണ് ശ്രീ. അനിൽ അക്കര സൂചിപ്പിച്ചത്. നമ്മൾ കഴിഞ്ഞ ഒരു വർഷം നേരിട്ടത് എന്തൊക്കെയാണ്? അതിനുമുൻപ് നേരിട്ട പ്രളയത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വെറുതേയിരിക്കുകയായിരുന്നില്ല. 2019-ലെ പ്രളയം, ഈ പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിലുണ്ടായ പ്രശ്നം, അതിനുശേഷം നടന്ന 6

ഉപതെരഞ്ഞെടുപ്പുകൾ ഇവയൊക്കെ നമ്മുടെ കേരളത്തിലാണ് നടന്നത്. അതിന്റെ ഭാഗമായിട്ടുള്ള പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടുള്ള സാങ്കേതിക പ്രശ്നങ്ങൾ മാത്രമല്ല, പ്രളയവും മറ്റും ഉണ്ടാക്കിയിട്ടുള്ള ഇന്നത്തെ കേരളത്തിന്റെ പശ്ചാത്തലത്തിൽ പുതിയ ബാധ്യതകൾ ഏറ്റെടുക്കാൻ നമുക്ക് കഴിയില്ല. അതിനാലാണ് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുകയെന്നുള്ള കാര്യം ഇപ്പോൾ നടക്കില്ലെന്ന് തീരുമാനിച്ചത്. അല്ലാതെ ആലോചിക്കാതെയെടുത്ത തീരുമാനമല്ല ഇത്. പുതിയ സാമ്പത്തിക ബാധ്യത ഏറ്റെടുക്കാൻ സർക്കാരിനാവില്ല. മുമ്പത്തെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വില്ലേജ് നോട്ടിഫിക്കേഷൻ നടത്താതെ പഞ്ചായത്ത് പ്രഖ്യാപിക്കാൻ പോയതിനെ തുടർന്നാണ് കോടതിയിൽ പോയപ്പോൾ അത് നടപ്പാകാതെ പോയത്. പ്രളയം നേരിട്ട കേരളത്തിൽ, സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന കേരളത്തിൽ, പുതിയ കുറേ പഞ്ചായത്തുകൾ ഉണ്ടാക്കി പുതിയ ബാധ്യതയിലേയ്ക്ക് പോകുവാൻ കഴിയില്ല. 27 മുനിസിപ്പാലിറ്റികൾ ഉണ്ടാക്കിയെങ്കിലും ഇപ്പോഴും പൂർണ്ണമായും ജീവനക്കാരെ നൽകുവാൻ കഴിഞ്ഞിട്ടില്ല. അത്തരം പ്രശ്നങ്ങളുള്ളതുകൊണ്ടാണ് ആ വിഷയം എടുക്കാത്തത്. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്തിൽ പറയുന്നതും അതാണ്. ഇത്രയും ബാധ്യത ഇപ്പോൾ ഏറ്റെടുക്കാൻ സർക്കാരിന് കഴിയില്ല. വാർഡുകളിലെ നിയോജകമണ്ഡലങ്ങളുടെ പുനർനിർവ്വചനത്തിന് ഡീലിമിറ്റേഷൻ കമ്മീഷനെ വച്ച്, അത് നടക്കും. 2021-ലെ സെൻസസ് നടക്കാൻ പോവുകയാണ്, അതിനാൽ ഇത് ഫ്രീസ് ചെയ്യണം, ഇപ്പോൾ നടത്താൻ പാടില്ലായെന്ന് കേന്ദ്ര സെൻസസ് കമ്മീഷൻ പറഞ്ഞു. ആ പ്രശ്നവും വന്നു. പുതിയ സെൻസസ് വരുമ്പോൾ പുതിയ പഞ്ചായത്തുകളുടെ അതിർത്തിയൊക്കെ മാറ്റി നിശ്ചയിക്കുന്നത് ശരിയല്ലായെന്ന അഭിപ്രായമാണ് കേന്ദ്ര സെൻസസ് കമ്മീഷൻ അറിയിച്ചത്. ഇതുമായി ബന്ധപ്പെട്ട പ്രശ്നംകൂടി വന്നപ്പോഴാണ് പുതിയ പഞ്ചായത്തുകൾ വേണ്ടായെന്ന് തീരുമാനിച്ചത്. അവ്യക്തതയുള്ളതുകൊണ്ട്, അലസതയുടെ ഭാഗമായി, കാര്യക്ഷമതയില്ലായ്മയുടെ ഭാഗമായി, എന്തോ അറിയാതെ പറ്റിയതാണ് എന്നുള്ള അർത്ഥത്തിലല്ല. ഗൗരവപൂർവ്വം ഗവൺമെന്റ് പരിശോധിച്ചുതന്നെയാണ് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്തിട്ടുള്ളത്. നിയോജകമണ്ഡലങ്ങളുടെ ഡീലിമിറ്റേഷൻ നടക്കും. ഇലക്ഷൻ കമ്മീഷൻ ചെയർമാനായി ഗവൺമെന്റ് സെക്രട്ടറിമാരടങ്ങുന്ന കമ്മീഷനെ ഇപ്പോൾ സർക്കാർ ഉത്തരവിലൂടെ നിയമിച്ചുകഴിഞ്ഞിട്ടുണ്ട്. അവർ ഡീലിമിറ്റേഷന്റെ മറ്റ് പ്രോസസ്സുകൾ നടത്തുന്നു. സംവരണം, വാർഡുകളുടെ എണ്ണം തുടങ്ങിയ കാര്യത്തിലൊക്കെ ഇതിന്റെ ഭാഗമായി തീരുമാനം ഉണ്ടാകുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇടുക്കിയിലെ ഭവനരഹിതരായ തോട്ടം തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മുൻപ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട തൊഴിൽവകുപ്പ് മന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരുമെല്ലാം ചർച്ച ചെയ്തതാണ്. കൃഷ്ണൻ നായർ കമ്മിറ്റിയുടെ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചുതുടങ്ങിയതാണ്. അവിടത്തെ തോട്ടമുടമകളുമായി സംസാരിച്ച് ഭൂമിയുടെ കാര്യത്തിൽ അവരുടെ അനുമതികൂടി ലഭിച്ചതിനുശേഷമാണ് നമുക്കിത് ചെയ്യുവാൻ കഴിയുമെന്ന് തീരുമാനിച്ച് ചർച്ച നടക്കുന്നത്. ആ കാര്യങ്ങളൊക്കെ വരുമ്പോൾ ഭവനരഹിതർക്ക് വീടുകൾ നൽകുവാനും പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്ന ടോയ്ലറ്റുകൾ നേരെയാക്കാനും കഴിയും. എൻ.ആർ.ഇ.ജി. പദ്ധതിപ്രകാരമുള്ള വർക്കുകൾ വ്യക്തിഗത കാര്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിയില്ലെന്ന് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമുണ്ട്. പ്രസ്തുത വർക്കുകൾ ഒരു കമ്മ്യൂണിറ്റിക്കുവേണ്ടി, ഇടുക്കിയിൽ വീട് നഷ്ടപ്പെട്ടവരുടെ കാര്യത്തിൽ എങ്ങനെ ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ടാക്സിന്റെ കാര്യത്തിൽ, ജി.എസ്.ടി. വന്നപ്പോൾ സ്വാഭാവികമായ പ്രതിഭാസമാണ് എന്റർടെയിൻമെന്റ് ടാക്സിന്റെ കാര്യത്തിലുണ്ടായത്. 28 ശതമാനമുണ്ടായിരുന്ന എന്റർടെയിൻമെന്റ് ടാക്സ് 18 ശതമാനമായപ്പോൾ വ്യത്യാസം വന്ന 10 ശതമാനം ഇപ്പോൾ എന്റർടെയിൻമെന്റ് ടാക്സ് ആയി പിരിക്കാൻവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബിൽ കൊണ്ടുവരികയും നമ്മൾ പാസ്സാക്കുകയും ചെയ്തതാണ്. അതുമായി ബന്ധപ്പെട്ട് ഇന്നലെ സബ്മിഷനുണ്ടായിരുന്നു. അത് പിരിക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സബ്മിഷനും സഭയിൽ വന്നു. എന്നാൽ അത് പിരിക്കണമെന്നുള്ള നിലപാടാണ് സർക്കാരിനുള്ളത്, 10 ശതമാനത്തിൽ കൂടാത്ത രീതിയിലാണ് അത് ചെയ്യുന്നത്. എന്റർടെയിൻമെന്റ് ടാക്സിന്റെ മുകളിൽ ജി.എസ്.ടി.കൂടി വരുമ്പോൾ 10 ശതമാനത്തിൽ കൂടുതൽ വരുമെന്നുള്ള ആക്ഷേപം പറഞ്ഞു. സംഘടനകളെ വിളിച്ച് ചർച്ച ചെയ്തതിന്റെ ഭാഗമായിട്ടാണ് ആ കാര്യം ചെയ്തത്. മറ്റ് കാര്യങ്ങളോരോന്നും ഞാൻ എടുത്ത് പറയുന്നില്ല, ഇപ്പോൾ തന്നെ സമയം അധികമായി. വകുപ്പുമായി ബന്ധപ്പെട്ട് ഇവിടെ ഉന്നയിക്കപ്പെട്ട കാര്യങ്ങളിൽ ആവശ്യമായത് ചെയ്യാം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വാർഡ് വിഭജനത്തെപ്പറ്റി പറഞ്ഞു. ചില പഞ്ചായത്തുകളിൽ മാക്സിമം 23 വാർഡുകളാണ്. അതുപോലെതന്നെ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അതിന്റെ മാക്സിമത്തിൽ എത്തിയിട്ടുണ്ട്. അത്തരത്തിലുള്ള പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും എങ്ങനെ വാർഡ് വർദ്ധിപ്പിക്കാൻ കഴിയും; എന്തായിരിക്കും അതിന്റെ സ്ഥിതി?

ശ്രീ. എ. സി. മൊയ്തീൻ: സർ, 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിലാണ് ഇനി വാർഡുകൾ വിഭജിക്കേണ്ടത്. നിലവിലുള്ളത് 2001-ലെ സെൻസസിന്റെ അടിസ്ഥാനത്തിലാണ്. പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിലും അതിന്റെ ഭാഗമായി മാറ്റംവന്ന പ്രദേശങ്ങളിലുംമാത്രമാണ് അങ്ങനെയല്ലാത്തത്. ആ സെൻസസിന്റെ അടിസ്ഥാനത്തിൽ എത്ര ജനസംഖ്യ വരുമെന്ന് ആനുപാതികമായി നോക്കാം. ആക്ടിൽ പഞ്ചായത്തുകളുടെ കാര്യത്തിൽ 23-ഉം 13-ഉം എന്നാണ് പറഞ്ഞിട്ടുള്ളത്. ഇപ്പോൾ 23-ൽ എത്തി നിൽക്കുന്നിടത്ത് 24 ആക്കണമെങ്കിൽ ആക്ടിൽ ഭേദഗതി വേണമെന്നുള്ള പ്രശ്നം നമ്മുടെ മുമ്പിലുണ്ട്. അതുകൊണ്ട് അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. മറ്റ് നടപടികൾ നടക്കും.

ശ്രീ. പി. കെ. ബഷീർ: സർ, പഞ്ചായത്തിലെ വാർഡ് വിഭജനത്തിൽ 23 വാർഡുകൾ എന്നാണ് നിലവിലെ ആക്ടിലുള്ളത്. ആക്ട് ഭേദഗതി ചെയ്യുകയാണെങ്കിൽ പരമാവധി എത്രവരെ പോകാമെന്നുള്ളതാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ ആക്ട് ഭേദഗതി ചെയ്യുമെന്ന് പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി എന്താണ് സ്ഥിതി എന്ന് ചോദിച്ചപ്പോൾ 23 എന്നതിൽ മാറ്റം വരുത്തണമെങ്കിൽ ആക്ട് ഭേദഗതി ചെയ്യണം, അത് പരിശോധിക്കാമെന്നാണ് ഞാൻ പറഞ്ഞത്. എങ്ങനെയാണ് ചെയ്യേണ്ടതെന്ന ഫൈനൽ രൂപത്തിൽ സർക്കാർ എത്തിയിട്ടില്ല. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

156. ഖണ്ഡം 2-ൽ "സർക്കാർ" എന്ന വാക്ക് വരുന്നിടത്തെല്ലാം അതിന് മുൻപായി "സംസ്ഥാന" എന്ന വാക്ക് ചേർക്കുക.

191. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3)-ൽ "മുനിസിപ്പാലിറ്റി" എന്ന വാക്കിനുശേഷം "മുനിസിപ്പൽ കോർപ്പറേഷൻ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2 (1) ഒഴിവാക്കുക.

197. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48 (3)-ൽ "മാസംതോറും" എന്ന വാക്കുകൾക്കുപകരം "പ്രതിമാസം" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

168. ഖണ്ഡം 2 (2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48 (3)-ൽ "നിശ്ചയിക്കുന്ന" എന്ന വാക്കിനുപകരം "നിശ്ചയിക്കാവുന്ന" എന്നും "കൊടുക്കേണ്ടതാണ്" എന്ന വാക്കിനുപകരം "നൽകേണ്ടതാണ് "എന്നും ചേർക്കുക.

170. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3)ൽ

i) "ഒന്നാമതായി"എന്ന വാക്ക് ഒഴിവാക്കുക.

ii) "കൊടുക്കുന്ന ശമ്പളവും" എന്ന വാക്കിന് ശേഷം "മറ്റ്" എന്ന വാക്ക് ചേർക്കുക.

iii) "അംശദായങ്ങൾ" എന്ന വാക്കിന് ശേഷം "അതത്" എന്ന വാക്ക് ചേർക്കുക.

183. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3)ൽ -

i) "കൊടുക്കേണ്ടതായ" എന്നതിനുപകരം "നൽകേണ്ടതായ" എന്നും

ii) "അടയ്ക്കേണ്ടതാണ്" എന്നതിനുപകരം "നൽകേണ്ടതാണ്"എന്നും ചേർക്കുക.

214. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48 (3 എ)-ൽ "ആവശ്യമെന്ന്" എന്ന വാക്കിനുപകരം "യുക്തമെന്ന്" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

172. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3)-ൽ "സംസ്ഥാന ഫണ്ടിൽ" എന്നതിനുപകരം "സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ" എന്ന് ചേർക്കുക.

173. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3)ൽ "കൊടുക്കേണ്ടതാണ്" എന്നതിനുപകരം "നൽകേണ്ടതാണ്" എന്ന് ചേർക്കുക.

192. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3)-ൽ "സംസ്ഥാന ഫണ്ടിലേയ്ക്ക്" എന്നതിനുപകരം "സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക്" എന്നത് ചേർക്കുക.

199. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3)-ൽ "അടയ്ക്കേണ്ടതാണ്" എന്നതിനുപകരം "ഒടുക്കേണ്ടതാണ്" എന്ന് ചേർക്കുക.

208. ഖണ്ഡം 2 (2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3 എ)യിൽ "സമ്പ്രദായങ്ങൾ" എന്ന വാക്കിനുപകരം "വ്യവസ്ഥകൾ"എന്ന് ചേർക്കുക.

212. ഖണ്ഡം 2 (2)പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3 എ)യിൽ "അച്ചടക്കം" എന്ന വാക്കിനുപകരം "അച്ചടക്കനടപടികൾ"എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

176. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3)-ൽ "പെൻഷൻ" എന്ന വാക്കിനുശേഷം "ആന്വിറ്റി" എന്ന വാക്ക് ചേർക്കുക.

193. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3)-ൽ "മാസംതോറും" എന്ന വാക്കിനുപകരം "എല്ലാ മാസവും 15-ാം തീയതിയ്ക്കു മുൻപായി" എന്ന് ചേർക്കുക.

200. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3 എ)-ൽ "ഉണ്ടാക്കപ്പെട്ടിട്ടുള്ള" എന്ന വാക്കിനുപകരം "ഉണ്ടാക്കപ്പെടുന്ന" എന്ന വാക്ക് ചേർക്കുക.

201. ഖണ്ഡം 2 (2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3 എ)-യിൽ "ഉണ്ടാക്കപ്പെട്ടിട്ടുള്ള" എന്ന വാക്കിനുശേഷം "തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസ്" എന്നീ വാക്കുകൾ ചേർക്കുക.

209. ഖണ്ഡം 2 (2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3 എ)-യിൽ "സേവന വ്യവസ്ഥകൾ" എന്നീ വാക്കുകൾക്കുശേഷം "സ്ഥാനക്കയറ്റം,"എന്ന വാക്ക് ചേർക്കുക.

210. ഖണ്ഡം 2 (2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3 എ)-യിൽ "ശമ്പളവും ബത്തയും" എന്നീ വാക്കുകൾക്കുശേഷം "പെൻഷനും ആന്വിറ്റിയും," എന്നീ വാക്കുകൾ ചേർക്കുക.

217. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48 (3 എ)-ൽ "ഉൾപ്പെടുത്തി" എന്ന വാക്കിനുശേഷം "4-ാം വകുപ്പുപ്രകാരമുള്ള മുനിസിപ്പൽ പൊതു സർവ്വീസിനു കീഴിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

185. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3)-ൽ "അംശദായങ്ങൾ" എന്നതിനുപകരം "അംശാദായങ്ങളും" എന്ന് ചേർക്കുക.

207. ഖണ്ഡം 2 (2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3 എ)യിൽ "സമ്പ്രദായങ്ങൾ" എന്നതിനുപകരം "രീതികൾ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

186. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3)ൽ "അംശദായങ്ങൾ" എന്ന വാക്കിനുപകരം "ആനുകൂല്യങ്ങൾ" എന്ന വാക്ക് ചേർക്കുക.

220. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48(3 എ)-ൽ "സംസ്ഥാനത്തിനൊട്ടാകെയോ അല്ലെങ്കിൽ ഓരോ ജില്ലയ്ക്കുമായോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

213. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48 (3 എ)-ൽ "സർക്കാരിനു" എന്ന വാക്കിനുപകരം "സർക്കാരിന്" എന്ന വാക്ക് ചേർക്കുക

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

223. ഖണ്ഡം 2 (2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 48-ാം വകുപ്പിൽ 48 (3 എ) ഉപവകുപ്പിനുശേഷം പുതിയ ഉപവകുപ്പായി താഴെപ്പറയുന്നത് ചേർക്കുക.

"3(ബി) മേൽപറഞ്ഞ പ്രത്യേക സർവീസോ കേഡറോ രൂപീകരിക്കുമ്പോൾ സീനിയോറിറ്റി സംബന്ധിച്ച് ജീവനക്കാരോട് കൂടിയാലോചന ചെയ്തു ശേഷം മാത്രമെ തീരുമാനിക്കാൻ പാടുള്ളതുള്ളൂ"

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 156, 191 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 157, 197 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 168, 170, 183, 214 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 172, 173, 192, 199, 208, 212 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 176, 193, 200, 201, 209, 210, 217 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 185, 207 എന്നീ നമ്പർ ഭേദഗതികൾ

സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 186, 220 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 223-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

227. ഖണ്ഡം 3(1)-ൽ "മുനിസിപ്പാലിറ്റി" എന്ന വാക്കിനുപകരം "മുൻസിപ്പൽ കോർപ്പറേഷൻ" എന്നീ വാക്കുകൾ ചേർക്കുക.

240. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 222(1 എ)-ൽ "മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥർക്കും" എന്ന വാക്കുകൾക്ക് പകരം "മുനിസിപ്പാലിറ്റിയിലെയും കോർപ്പറേഷനിലെയും ഉദ്യോഗസ്ഥർക്ക്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

235. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 222(1)-ൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

262. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-ൽ "നിയമന സമ്പ്രദായങ്ങൾ" എന്നതിനുപകരം "നിയമന രീതികൾ" എന്ന് ചേർക്കുക.

267. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-ൽ "ജീവനക്കാരെയോ" എന്ന വാക്കിനുശേഷം "ഉൾപ്പെടുത്തി" എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

239. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 222(1) താഴെപറയും പ്രകാരം മാറ്റുക.

"(1) കണ്ടിജന്റ് ജീവനക്കാർ ഒഴികെ ഒരു മുനിസിപ്പാലിറ്റിയിലെ എല്ലാ ഉദ്യോഗസ്ഥരും സർക്കാർ ജീവനക്കാർ ആയിരിക്കുന്നതാണ്".

271. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-ൽ "സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

241. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 222(1 എ)-ൽ "അലവൻസുകളും" എന്ന വാക്കിനുശേഷം "അതത്" എന്ന വാക്ക് ചേർക്കുക.

244. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 222(1 എ)- ൽ "പെൻഷൻ" എന്ന വാക്കിനു ശേഷം "ആന്വിറ്റി," എന്ന വാക്ക് ചേർക്കുക.

259. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 222(1 എ)-ൽ "നൽകേണ്ടതുമാണ്" എന്ന വാക്കിനുശേഷം "മുനിസിപ്പാലിറ്റികളിലെ ജീവനക്കാരുടെ റിക്രൂട്ട്മെന്റ്, മറ്റ് സർക്കാർ വകുപ്പുകളിലേതിന് സമാനമായി സർക്കാരിന് ക്രമീകരിക്കാവുന്നതാണ്" എന്ന് ചേർക്കുക.

260. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-ൽ "ഉണ്ടാക്കപ്പെട്ടിട്ടുള്ള" എന്ന വാക്കിനു പകരം "ഉണ്ടാക്കപ്പെടുന്ന" എന്ന വാക്ക് ചേർക്കുക.

261. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-ൽ "ഉണ്ടാക്കപ്പെട്ടിട്ടുള്ള" എന്ന വാക്കിനുശേഷം "തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ്" എന്നീ വാക്കുകൾ ചേർക്കുക.

264. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-ൽ "സേവന വ്യവസ്ഥകൾ" എന്നീ വാക്കുകൾക്ക് ശേഷം "സ്ഥാനക്കയറ്റം," എന്ന വാക്കും ചിഹ്നവും ചേർക്കുക.

265. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-ൽ "ശമ്പളവും ബത്തയും" എന്നീ വാക്കുകൾക്കു ശേഷം "പെൻഷനും ആന്വിറ്റിയും" എന്നീ വാക്കുകൾ ചേർക്കുക.

268. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-ൽ "ജീവനക്കാരെയോ" എന്ന വാക്കിനുശേഷം "4-ാം വകുപ്പു പ്രകാരമുള്ള തദ്ദേശസ്വയംഭരണവകുപ്പ് പൊതുസർവ്വീസിനു കീഴിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

245. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 222(1 എ)- ൽ "പ്രോവിഡന്റ് ഫണ്ട്" എന്നത് നീക്കം ചെയ്യുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

257. ഖണ്ഡം 3 (2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 222(1 എ)യിൽ

(i)"അംശദായങ്ങൾ" എന്ന വാക്കിനു ശേഷം "മുനിസിപ്പാലിറ്റി, സംസ്ഥാന ഫണ്ടിലേയ്ക്ക് മാസംതോറും" എന്നീ വാക്കുകൾ ചേർക്കുക.

(ii)"നൽകേണ്ടതുമാണ്" എന്ന വാക്കിന് പകരം "നൽകേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

273. ഖണ്ഡം 3 (2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 222 (1 ബി)-ൽ

i) "സംസ്ഥാനത്തിനൊട്ടാകെയോ" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ" എന്ന വാക്ക് ചേർക്കുക.

ii) "പ്രത്യേക സർവ്വീസായി" എന്ന വാക്കുകൾക്ക് ശേഷം "പ്രത്യേക സർവ്വീസായോ കേഡറായോ" എന്നീ വാക്കുകൾ ചേർക്കുക.

iii) "രൂപീകരിക്കുന്നതിനുകൂടി" എന്നതിനുപകരം "രൂപീകരിക്കുന്നതിന് കൂടി" എന്ന് ചേർക്കുക.

ശ്രീ. എം ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

263. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-ൽ "സമ്പ്രദായങ്ങൾ" എന്ന വാക്കിനുപകരം "രീതി" എന്ന വാക്ക് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 227, 240 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 235, 262, 267 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 239, 271 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 241, 244, 259, 260, 261, 264, 265, 268 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 245-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 257, 273 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം ഉമ്മർ അവതരിപ്പിച്ച 263-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

277. ഖണ്ഡം 4-ൽ "തദ്ദേശസ്വയംഭരണവകുപ്പ് പൊതു സർവ്വീസിൽ" എന്നത് "തദ്ദേശസ്വയംഭരണവകുപ്പ് സർവ്വീസിൽ" എന്നു മാറ്റുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

281. പ്രധാന ആക്ടിൽ വകുപ്പ് 224(2)-ൽ "അവർ" എന്ന വാക്കിനുപകരം "സർക്കാർ" എന്ന വാക്ക് ചേർക്കുക.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി <u>(ശ്രീ. എ. സി. മൊയ്തീൻ)</u>: സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 277-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 281-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

286. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326 (5)-ൽ "നിയമത്തിലോ" എന്ന വാക്കിനു ശേഷം "ഡിക്രിയിലോ ഉത്തരവിലോ" എന്നീ വാക്കുകൾ ചേർക്കുക.

297. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(5)-ൽ "ഏതെങ്കിലും ഭൂമി" എന്ന വാക്കുകൾക്ക് ശേഷം "സ്ഥലവാസികളുടെ അഭിപ്രായം കൂടി ആരാഞ്ഞതിന് ശേഷം" എന്നീ വാക്കുകൾ ചേർക്കുക.

303. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(5)-ൽ "ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ഒരു" എന്നീ വാക്കുകൾക്ക് പകരം "ഒരു സർക്കാർ ഗസറ്റ്" എന്നീ വാക്കുകൾ ചേർക്കുക.

318. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 326(5)-ന്റെ ക്ലിപ്ത നിബന്ധനയായി താഴെ പറയുന്നത് ചേർക്കുക.

"എന്നാൽ ഇപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് മുൻപ് പ്രസ്തുത പ്രദേശവാസികളുടെ ഇടയിൽ റഫറണ്ടം നടത്തി അവരുടെ അംഗീകാരം കൂടി വാങ്ങേണ്ടതാണ്."

320. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326 (5)-ന്റെ ക്ലിപ്തനിബന്ധനയായി താഴെ പറയുന്നത് ചേർക്കുക.

"എന്നാൽ ഇപ്രകാരം ഏറ്റെടുക്കുന്നതിനു മുൻപ് പ്രസ്തുത പ്രദേശത്തെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരം സർക്കാർ നേടിയെടുക്കേണ്ടതാണ്"

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

287. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(5)-ൽ "നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി", എന്നതിനുപകരം "നടപ്പിലാക്കുന്നതിനായി" എന്ന് ചേർക്കുക.

302. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(5)-ൽ "ഔദ്യോഗിക ഗസറ്റിൽ", എന്നതിനുപകരം "സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ" എന്ന് ചേർക്കുക.

335. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(5)ന്റെ ക്ലിപ്ത നിബന്ധനയായി താഴെ പറയുന്നത് ചേർക്കുക.

"എന്നാൽ ഇപ്രകാരം ഏറ്റെടുക്കുന്ന ഭൂമി വിദ്യാലയങ്ങളോ, ആശുപത്രികളോ, ദേവാലയങ്ങളോ എന്നിവയ്ക്ക് സമീപവും ജനനിബിഡമോ ആയ സ്ഥലമോ ആയിരിക്കാൻ പാടുള്ളതല്ല."

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

288. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326 (5)-ൽ "സർക്കാരിന്" എന്ന വാക്കിനുശേഷം "ഒരു വിദഗ്ദ്ധ സമിതിയുടെ ഉപദേശ പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

290. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326 (5)-ൽ "തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ" എന്നീ വാക്കുകൾക്ക് പകരം "മുനിസിപ്പാലിറ്റിയുടെ" എന്ന വാക്ക് ചേർക്കുക.

337.ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(5)ന്റെ ക്ലിപ്ത നിബന്ധനയായി താഴെ പറയുന്നത് ചേർക്കുക;

"എന്നാൽ, മുനിസിപ്പാലിറ്റി അതിന്റെ തനത് പദ്ധതികളേതെങ്കിലും നടപ്പിലാക്കുന്നതിനായി മാറ്റി വച്ചിട്ടുള്ളതോ തീരുമാനമെടുത്തിട്ടുള്ളതോ നടപ്പിലാക്കിവരുന്നതോ ആയ യാതൊരു ഭൂമിയും ഇപ്രകാരം ഏറ്റെടുക്കാൻ പാടില്ലാത്തതുമാകുന്നു."

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

298. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(5)-ൽ "ഏതെങ്കിലും ഭൂമി," എന്നതിനുശേഷം "പ്രസ്തുത സ്ഥാപനത്തിന്റെ അനുമതിയോടെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

305. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326 (5)-ന്റെ ക്ലിപ്തനിബന്ധനയായി താഴെ പറയുന്നത് ചേർക്കുക.

"എന്നാൽ ഇപ്രകാരം ഏറ്റെടുക്കുന്ന ഭൂമി ഒരു വർഷത്തിനുള്ളിൽ ഏതു കാര്യത്തിനുവേണ്ടിയാണോ ഏറ്റെടുത്ത് ആ പറഞ്ഞ കാര്യത്തിനായി വിനിയോഗിച്ചില്ല എങ്കിൽ ഭൂമി തിരികെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഒരു ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി നൽകേണ്ടതാണ്."

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

336. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(5)ന്റെ ക്ലിപ്ത നിബന്ധനയായി താഴെ പറയുന്നത് ചേർക്കുക.

"എന്നാൽ ഏറ്റെടുക്കുന്ന ഭൂമിയിൽ 4-ാം ഉപവകുപ്പ് പ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നതിനു മുൻപായി പദ്ധതി സംബന്ധിച്ച് സാമൂഹികാഘാത പഠനവും പാരിസ്ഥിതികാഘാത പഠനവും നടത്തി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തേണ്ടതാണ്."

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 286, 297, 303, 318, 320 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി തോമസ് അവതരിപ്പിച്ച 287, 302, 335 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 288-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 290, 337 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 298-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 305-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 336-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

111. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നീ വാക്കുകൾക്കു പകരം "താഴെ പറയുന്ന" എന്നീ വാക്കുകൾ ചേർക്കുക.

145. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2)ഇത് 2019 നവംബർ 12-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്"

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

112. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നീ വാക്കുകൾക്കു പകരം "ഇനിപ്പറയുന്ന"" എന്ന വാക്ക് ചേർക്കുക.

133. ഖണ്ഡം 1(2)-ൽ "ശേഷിക്കുന്ന"എന്ന വാക്കിനു പകരം "മറ്റ്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എം. സി. കമറുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

117. പീഠികയിൽ "വീണ്ടും" എന്ന വാക്ക് ഒഴിവാക്കുക.

142. ഖണ്ഡം 1(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്ന വാക്കിനുപകരം "കണക്കാക്കപ്പെടേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

147. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2)ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്."

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

127. തത്വപ്രഖ്യാപന വാക്യത്തിൽ "താഴെപ്പറയും" എന്ന വാക്കിന് പകരം "ഇനിപ്പറയും" എന്ന വാക്ക് ചേർക്കുക.

154. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഇത് സംസ്ഥാന ഗസറ്റിൽ പ്രഖ്യാപിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്".

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

128. ഖണ്ഡം 1(2)-ൽ "മാർച്ച് 2-ാം തീയതിയും" എന്നതിനുപകരം "മാർച്ച് 2-ാം തീയതി മുതലും" എന്നും "മാർച്ച് 6-ാം തീയതിയും" എന്നതിനു പകരം "മാർച്ച് 6-ാം തീയതി മുതലും" എന്നും ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

134. ഖണ്ഡം 1(2)-ൽ "ശേഷിക്കുന്ന" എന്ന വാക്കിനുപകരം "മറ്റുള്ള" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

135. ഖണ്ഡം 1(2)-ൽ "2019 മാർച്ച് 6" എന്നതിനുപകരം "2019 ഏപ്രിൽ 1" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

155. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഈ ആക്ട് ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്".

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി <u>(ശ്രീ. എ. സി. മൊയ്തീൻ)</u>: സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 111, 145 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 112, 133 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. സി. കമറുദ്ദീൻ അവതരിപ്പിച്ച 117, 142, 147 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 127, 154 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## IX അറിയിപ്പ്

### 1. ബോധവൽക്കരണ പരിപാടി

മി. ഡെപ്യൂട്ടി സ്പീക്കർ: ലോക പ്രമേഹ ദിനാചരണത്തോടനുബന്ധിച്ച് ഇന്ന് നടന്ന മെഡിക്കൽ ക്യാമ്പിന്റെ തുടർച്ചയായി ഒരു ബോധവൽക്കരണ പരിപാടി 5-എ കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചിട്ടുണ്ട്. താൽപ്പര്യമുള്ളവർക്ക് അതിൽ പങ്കെടുക്കാം.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 നവംബർ 14-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 7.2-ന് പിരിഞ്ഞു.)